ശ്രീമദ്ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

SRIMAD BHAGAVATHAM

(Malayalam)

Skandam - 11



M.N. RAMASWAMY IYER MEMORIAL EDITION

SRI RAM PUBLISHERS

North Village

MELARKODE - 678 703

ശ്രീമദ് ഭാഗവതം

(പതിനൊന്നാം സ്കന്ധം)

(അന്വയക്രമ പരിഭാഷാസഹിതം)

By

S. V. PARAMEŚWARAN SAHITHYA SIROMANI
(സാഹിത്യ വിശാരദ)

M. N. RAMASWAMY IYER MEMORIAL EDITION

Editor: M. R. NARASIMHAN

Published by:

SRI RAM PUBLISHERS,
NORTH VILLAGE,
MELARKODE.
Pin - 678 701

1st Edition
May 1994.

Price Rs. 650/- Per set

Distributors:

Sree Guruvayoorappan
Sankeerthana Trust (Regd.)
Narayanalayam
Guruvayoor - 680 101

Printed at Narendra Printers,
Mannadiar Lane, Thrissur – 1

പതിനൊന്നാം സ്കന്ധം

" വിഷയാനുക്രമണികാ "

ശ്രീ ഗണേശായ നമഃ

ഓം നമോ ഭഗവതേ വാസുദേവായ



ശ്രീമദ് ഭാഗവതേ മഹാപുരാണേ ഏകാദശഃ സ്കന്ധഃ

യം പ്രവ്രജന്തമനുപേതമപേതകൃത്യം
ദ്വൈപായനോ വിരഹകാതര ആജുഹാവ

പുത്രേതി തന്മയതയാ തരവോഽഭിനേദു-
സ്തം സർവ്വഭൂതഹൃദയം മുനിമാനതോഽസ്മി.

നാരായണം നമസ്കൃത്യ നരം ചൈവ നരോത്തമം
ദേവീം സരസ്വതീം വ്യാസം തതോ ജയമുദീരയേത്.

പ്രഥമോഽധ്യായഃ = അധ്യായം ഒന്ന്

യാദവന്മാർക്കു വന്നുകൂടപ്പെട്ട വിപ്രശാപം.

ശ്രീമദ് ഭാഗവത മഹാപുരാണത്തിൽ ഏകാദശസ്കന്ധം ഇതരസ്കന്ധങ്ങളെ അപേക്ഷിച്ച് അത്യന്തം ഗഹനവും വിശിഷ്ടവും ശ്രേഷ്ഠവുമാകുന്നു. സംസാരനിർമ്മുക്തിക്കുതകുന്ന ഭാഗവതധർമ്മങ്ങളെ സംഗ്രഹിച്ചും വിസ്തരിച്ചും പ്രതിപാദിക്കുന്നത് ഈ സ്കന്ധത്തിലത്രെ. 38 അദ്ധ്യായങ്ങളുള്ളതിൽ ആദ്യത്തേത് യാദവ വംശവിനാശത്തിന്നു കളമൊരുക്കുന്ന മൗസല വൃത്താന്തത്തിന്റെ അവതരണവും തുടർന്നുള്ള നാലദ്ധ്യായങ്ങൾ

ശ്രീ നാരദ വാസുദേവക്ക് നിമിജായന്തേയ സംവാദത്തെ മുൻനിർത്തി ഭാഗവത ധർമ്മങ്ങളെ സംഗ്രഹിച്ചുപദേശിക്കുന്ന ഭാഗവുമാകുന്നു. പിന്നെ ആറിൽ ഭഗവദുദ്ധവ സംഘട്ടത്തിന്റെ പ്രസ്താവനയും 7 മുതൽ 29 വരെയുള്ള 23 അധ്യായങ്ങൾ ഭഗവദുദ്ധവസംവാദവുമാണ്. ഭഗവാൻ ശ്രീകൃഷ്ണൻ സ്വഭക്തോത്തമനായ ഉദ്ധവക്ക് ഭാഗവത ധർമ്മങ്ങളെ താത്വികമായി സവിസ്തരം പ്രതിപാദിച്ച് ഉദാഹരണങ്ങളാലും ഉപാഖ്യാനങ്ങളാലും ചമൽക്കരിച്ച് ഉപദേശിക്കുന്നു. 30-ാമധ്യായത്തിൽ യാദവ വംശ വിനാശവും 31-ൽ ഭഗവാന്റെ പരമധാമ ഗമനവും വർണ്ണിച്ച് ഈ സ്കന്ധം ഉപസംഹരിച്ചിരിക്കുന്നു.

''അത്ര തു പ്രഥമേऽധ്യായേ യദുവംശസ്യ സംക്ഷയഃ
ഉപേക്ഷിതസ്താ വിരാഗായ മൗസലവ്യപദേശതഃ''

മൗസലകഥാകഥനവ്യാജേന ഭക്തജനഹൃദയത്തിൽ വൈരാഗ്യമുണ്ടാക്കുവാൻ വേണ്ടി ഒന്നാമധ്യായത്തിൽ യദുവംശവിനാശ വൃത്താന്തം അവതരിപ്പിക്കുന്നു.

ദശമസ്കന്ധത്തിൽ ഭഗവൽകൃതങ്ങളായ ദുഷ്ടനിഗ്രഹ ശിഷ്ടരക്ഷണാദി ലീലകളെ വിസ്തരിച്ചു പറഞ്ഞതുകേട്ടിട്ട് പരീക്ഷിത്ത് മഹാരാജാവ് ശ്രീശുക ബ്രഹ്മർഷിയോട് ഭഗവാന്റെ സങ്കല്പം പിന്നീട് എന്തായിരുന്നുവെന്നു ചോദിക്കുന്നു.

ശ്രീബാദരായണിരുവാച = ശ്രീശുക ബ്രഹ്മർഷി പറഞ്ഞു.

1. കൃത്വാ ദൈത്യവധം കൃഷ്ണഃ സരാമോ യദുഭിർവൃതഃ
ഭുവോऽവതാരയദ് ഭാരം ജവിഷ്ഠം ജനയൻ കലിം.

സരാമഃ	ബലരാമസഹിതനായും	കലിം	ആഭ്യന്തരകലഹത്തെ
യദുഭിഃ	യാദവന്മാരാൽ	ജനയൻ	ഉണ്ടാക്കിത്തീർത്തുകൊണ്ട്
വൃതഃ	പരിവൃതനായും, സ്ഥിതിചെയ്യുന്ന	ദൈത്യവധം കൃത്വാ	അസുരന്മാരെയും അസുരാംശജാതരായ രാജാക്കന്മാരെയും കൊന്നൊടുക്കി,
കൃഷ്ണഃ	ശ്രീകൃഷ്ണ ഭഗവാൻ	ഭുവഃ ഭാരം	ഭൂമിയുടെ ഭാരത്തെ
ജവിഷ്ഠം	വേഗമേറിയ (ലഘുവിൽ യുദ്ധത്തിൽ ചെന്നു കലാശിക്കുന്ന)	അവതാരയത്	ഇറക്കി.

ഇതു പറഞ്ഞതിനെ ഇനി ഒന്നുകൂടി വിവരിക്കുന്നു —

2 യേ കോപിതാഃ സുബഹു പാണ്ഡുസുതാഃ സപത്നൈർ-
ദുർദ്യൂതഹേലനകചഗ്രഹണാദിഭിസ്താൻ
കൃത്വാ നിമിത്തമിതരേതരതഃ സമേതാൻ
ഹത്വാ നൃപാൻ നിരഹരത് ക്ഷിതിഭാരമീശഃ

ദുർദ്യൂത-ഹേലനകച-ഗ്രഹണാദിഭിഃ	കള്ളച്ചൂത്, അവഹേളനം, കേശഗ്രഹണം മുതലായ നീചകർമ്മങ്ങൾ കൊണ്ട്	താൻ	അവരെ
		നിമിത്തം	നിമിത്തമാക്കി
		കൃത്വാ	വെച്ചിട്ട്
		ഇതരേതരതഃ	ഇരുഭാഗത്തും
സപത്നൈഃ	ശത്രുക്കളായ ദുര്യോധനാദികളാൽ	സമേതാൻ	വന്നുകൂടിയ
		നൃപാൻ	(അസുരവിത്തുകളായ) നാടുവാഴികളെ
സുബഹു	പല തവണ		
കോപിതാഃ	കോപിപ്പിക്കപ്പെട്ടിരുന്ന	ഹത്വാ	കൊന്ന്
യേ	യാവചിലർ	ഈശഃ	ഭഗവാൻ
പാണ്ഡുസുതാഃ	പാണ്ഡുപുത്രന്മാർ ഉണ്ടായിരുന്നുവോ,	ക്ഷിതിഭാരം	ഭൂഭാരത്തെ
		നിരഹരത്	പരിഹരിച്ചു.

3. **ഭൂഭാരരാജപൃതനാ യദുഭിർനിരസ്യ**
ഗുപ്തൈഃ സ്വബാഹുഭിരചിന്തയദപ്രമേയഃ
മന്യേƒവനേർനനു ഗതോƒപ്യഗതം ഹി ഭാരം
യദ്യാദവം കുലമഹോ അവിഷഹ്യമാസ്തേ.

സ്വബാഹുഭിഃ	തന്റെ ചതുർബാഹുക്കളാൽ	(ഭാരഃ)	ഭാരം (ലോകരുടെ കാഴ്ചപ്പാടിൽ)
ഗുപ്തൈഃ	സുരക്ഷിതരായ	ഗതഃ അപി	തീർന്നുപോയെന്നിരിക്കിലും
യദുഭിഃ	യാദവന്മാരെ നിമിത്തീകരിച്ച്,	തം ഭാരം	ആ ഭാരത്തെ
ഭൂഭാരരാജ-പൃതനാഃ	ഭൂമിക്കു ഭാരമായിത്തീർന്ന രാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും	അഗതം ഹി	തികച്ചും തീർന്നുപോകാത്തതായിട്ടുതന്നെ
		മന്യേ	ഞാൻ കരുതുന്നു.
നിരസ്യ	നശിപ്പിച്ചിട്ട്,	യത്	എന്തെന്നാൽ
അപ്രമേയഃ	ആക്കമേ അറിഞ്ഞുകൂടാത്ത ഇംഗിതത്തോടുകൂടിയ ഭഗവാൻ	യാദവം കുലം	യാദവവംശം
		അവിഷഹ്യം	അസഹനീയമായിട്ട്
അചിന്തയത്	ഇങ്ങനെ പര്യാലോചിച്ചു	ആസ്തേ	ഇന്നും നിലകൊള്ളുന്നുണ്ട്.
നനു	"ഒരു പക്ഷേ		
അവനേഃ	ഭൂമിയുടെ	അഹോ	അമ്പോ!

* 'യാദവം കുലം' എന്നു പ്രത്യേകം എടുത്തുപറഞ്ഞുകൊണ്ട് തന്റെ വംശത്തെ താൻ തന്നെ നശിപ്പിക്കുന്നതിലുള്ള അനൗചിത്യത്തെ സൂചിപ്പിച്ചു.

എന്നാൽ "അന്യരെക്കൊണ്ട് ആ കൃത്യം നടത്തിക്കാമല്ലോ" എന്നാണെങ്കിൽ അവിടെയുള്ള വൈഷമ്യം ഇനി പറയുന്നു—

4. നൈവാന്യതഃ പരിഭവോഽസ്യ ഭവേത് കഥഞ്ചി-
ന്മത്സംശ്രയസ്യ വിഭവോന്നഹനസ്യ നിത്യം
അന്തഃകലിം യദുകുലസ്യ വിധായ വേണു-
സ്തംബസ്യ വഹ്നിമിവ ശാന്തിമുപൈമി ധാമ.

മത്സംശ്രയസ്യ	"എന്നെ ആശ്രയിച്ചിട്ടുള്ളതും	അസ്യ	ഈ യദുവംശത്തിന്ന്
		അന്യതഃ	അന്യരിൽ നിന്ന്
നിത്യം	എന്നെന്നും	പരിഭവഃ	അവഗണനപോലും
വിഭവോന്നഹനസ്യ	വീര്യൈശ്വര്യാദികളാൽ കെട്ടിലൊതുങ്ങാത്തതുമായ	കഥംചിത്	ഏതെങ്കിലും തരത്തിൽ
		ന ഭവേത് ഏവ	സംഭവിക്കുവാനുള്ള സാധ്യതതന്നെയില്ല.
(അതഃ)	ആകയാൽ	വിധായ	ഉണ്ടാക്കിത്തീർത്ത്
വേണുസ്തംബസ്യ	മുളങ്കാട്ടിന്നിടയിൽ	ശാന്തിം	മതഃ സമാധാനത്തെ
വഹ്നിം ഇവ	തീയിടുന്നപോലെ	ഉപൈമി	പ്രാപിച്ചുകൊള്ളാം;
യദുകുലസ്യ	യദുവംശക്കാർക്കിടയിൽ	(തതഃ) ധാമ	അതുകഴിഞ്ഞാൽ സ്വസ്ഥാനത്തെയും"—
അന്തഃ കലിം	ഉൾപ്പോരിനെ		

5. ഏവം വ്യവസിതോ രാജൻ സത്യസങ്കല്പ ഈശ്വരഃ
ശാപവ്യാജേന വിപ്രാണാം സംജഹ്രേ സ്വകുലം വിഭുഃ

രാജൻ	ഹേ രാജൻ! പരീക്ഷിത്തേ!	ഏവം	ഇപ്രകാരം
		വ്യവസിതഃ	കൃതനിശ്ചയനായിട്ട്
വിഭുഃ	സർവ്വവ്യാപിയും	വിപ്രാണാം	വിപ്രർഷിമാരുടെ
സത്യസങ്കല്പഃ	യഥാർത്ഥമായ മനോഗതത്തോടുകൂടിയവനുമായിരിക്കുന്ന	ശാപവ്യാജേന	ശാപമെന്ന കപടോപായം വഴിക്ക്
		സ്വകുലം	തന്റെ വംശത്തെ
ഈശ്വരഃ	ശ്രീകൃഷ്ണഭഗവാൻ	സംജഹ്രേ	സംഹരിച്ചു.

ഇങ്ങനെ സ്വാവതാരപ്രയോജനം തികച്ചും നിറവേറ്റിയ ശേഷം ഭഗവാൻ സ്വസ്ഥാനമായ വൈകുണ്ഠലോകത്തിലേക്ക് എഴുന്നള്ളിയെന്ന് ഇനിയുള്ള രണ്ട് ശ്ലോകങ്ങളിൽ സംക്ഷിപ്തമായി പറയുന്നു—

6. സ്വമൂർത്ത്യാ ലോകലാവണ്യനിർമുക്ത്യാ ലോചനം നൃണാം
ഗീർഭിസ്താഃ സ്മരതാം ചിത്തം പദൈസ്താനീക്ഷതാം ക്രിയാഃ

7. ആച്ഛിദ്യ കീർത്തിം സുശ്ലോകാം വിതത്യ ഹ്യഞ്ജസാ നു കൗ
തമോഽനയാ തരിഷ്യന്തീത്യഗാത് സ്വം പദമീശ്വരഃ

ലോകലാവണ്യ-നിർമ്മുക്ത്യാ	ലോകങ്ങൾക്കാകെയും സൗന്ദര്യത്തെ വിതരണം ചെയ്യുന്ന
സ്വമൂർത്ത്യാ	തന്റെ തിരുവുടലിനാൽ
നൃണാം	മനുഷ്യരുടെ
ലോചനം	നേത്രത്തെയും,
ഗീർഭിഃ	തിരുവായ്മൊഴികളാൽ
താഃ	അവയെ
സ്മരതാം	സ്മരിക്കുന്നവരുടെ
ചിത്തം	ചിത്തത്തെയും,
പാദൈഃ	തൃപ്പാദചിഹ്നങ്ങളാൽ
താൻ	അവയെ
ഈക്ഷതാം	നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവരുടെ
ക്രിയാഃ	ചേഷ്ടകളെയും
ആച്ഛിദ്യ	തന്നിടത്തിലേക്ക് ആകർഷിച്ച്
കൗ	ഭൂതലത്തിൽ
സുശ്ലോകാം	കവികളുടെ ശോഭന സൂക്തികളിൽ തങ്ങുന്ന
കീർത്തിം	കീർത്തിയെ
വിതത്യ	പരത്തി,
അനയാ ഹി	"ഇതുകൊണ്ടുതന്നെ
തമഃ നു	അവിദ്യാമൂലമായ സംസാരത്തെ നിശ്ചയമായും
തരിഷ്യന്തി	(ജനങ്ങൾ) തരണം ചെയ്തുകൊള്ളും"
ഇതി	എന്നു നിർണ്ണയിച്ചിട്ട്,
ഈശ്വരഃ	ശ്രീകൃഷ്ണ ഭഗവാൻ
സ്വം പദം	സ്വസ്ഥാനമായ വൈകുണ്ഠലോകത്തിലേക്ക്
അഗാത്	ഗമിച്ചു.

ഭഗവാൻ അക്കാലത്തുണ്ടായിരുന്നവരുടെയെല്ലാം കണ്ണും, കരളും, കർമ്മങ്ങളും ആകർഷിച്ചു തന്നിൽ മാത്രമായൊതുക്കിനിർത്തി അവരെ അനുഗ്രഹിച്ചു. കവികളുടെ സൂക്തിരത്നങ്ങളായി മാറുന്ന തന്റെ കീർത്തിയെ ഭൂമിയിലെങ്ങും പരത്തി, ഭാവി ജനതയ്ക്കു തൽകീർത്തനാദികളാൽ സംസാരസാഗരം തരണം ചെയ്യുവാനുള്ള വഴിയൊരുക്കി അനന്തരം തന്റെ ആവാസമായ വൈകുണ്ഠത്തിലേക്കു ഗമിച്ചു.

ബ്രാഹ്മണഭക്തന്മാരും, ദാനശീലന്മാരും, വലിയവരെ ആദരിക്കുന്നവരുമായ യാദവന്മാർക്ക് ബ്രാഹ്മണശാപം സിദ്ധിക്കുവാൻ സംഗതിയായതെങ്ങനെയാണെന്നറിയുവാനുള്ള ആഗ്രഹത്തോടെ രാജാവു ചോദിക്കുന്നു —

രാജാവാച —

8. ബ്രഹ്മണ്യാനാം വദാന്യാനാം നിത്യം വൃദ്ധോപസേവിനാം
വിപ്രശാപഃ കഥമഭൂദ് വൃഷ്ണീനാം കൃഷ്ണചേതസാം.

ബ്രഹ്മണ്യാനാം	ബ്രാഹ്മണഭക്തിയുള്ളവരും,
വദാന്യാനാം	അതിദാനശീലമുള്ളവരും
നിത്യം	നിരന്തരം
വൃദ്ധോപ-സേവിനാം	മഹാജനങ്ങൾക്ക് സേവനമനുഷ്ഠിക്കുന്നവരും,
കൃഷ്ണചേതസാം	ശ്രീകൃഷ്ണ പരമാത്മാവിൽ മനസ്സൂന്നിയവരുമായ
വൃഷ്ണീനാം	യാദവന്മാർക്ക്
വിപ്രശാപഃ	ബ്രാഹ്മണശാപം
കഥം അഭൂത്	എങ്ങനെയുണ്ടായി?

9. **യന്നിമിത്തഃ സ വൈ ശാപോ യാദൃശോ ദ്വിജസത്തമ**
കഥമേകാത്മനാം ഭേദ ഏതത് സർവ്വം വദസ്വ മേ.

ദ്വിജസത്ത	ഹേ ബ്രഹ്മണോത്തമ!	ഏകാത്മനാം	ഒരേ മനസ്സോടെ വർത്തിച്ചിരുന്നവർക്കിടയിൽ
സഃ ശാപഃ	ആ ശാപം	കഥം ഭേദഃ	എങ്ങനെ ഭിന്നിപ്പുണ്ടായി?
യന്നിമിഃ	യാതൊരു നിമിത്തത്താലുണ്ടായതാണ്?	ഏതത് സർവ്വം	ഇതിനെയെല്ലാം
യാദൃശഃ വൈ	യാതൊരു തരത്തിലുള്ളതാണ്?	മേ വദസ്വ	എനിക്കു ചൊല്ലിത്തന്നാലും.

'നിമിത്തം ഈശ്വരേച്ഛതന്നെ' എന്ന അഭിപ്രായത്തിൽ ശ്രീശുകൻ തുടർന്നു മറുപടി പറയുന്നു—

ശ്രീശുക ഉവാച —

10. **ബിഭ്രദ്വപുഃ സകലസുന്ദര സന്നിവേശം**
കർമ്മാചരൻ ഭുവി സുമംഗലമാപ്തകാമഃ
ആസ്ഥായ ധാമ രമമാണ ഉദാരകീർത്തിഃ
സംഹർത്തുമൈച്ഛത കുലം സ്ഥിതകൃത്യശേഷഃ

ഉദാരകീർത്തിഃ	മഹാകീർത്തിശാലിയും	കർമ്മ	കർമ്മത്തെ
ആപ്തകാമഃ	പൂർണ്ണകാമനമാണെങ്കിലും	ആചരൻ	അനുഷ്ഠിച്ചുകൊണ്ടും,
സ്ഥിതകൃത്യശേഷഃ	ഭൂഭാരം തീർക്കുക എന്ന സ്വകൃത്യം പിന്നെയും അവശിഷ്ടമായിരിക്കുന്ന ഭഗവാൻ	ധാമ	തന്റെ ആസ്ഥാനമായ ദ്വാരകാപുരിയെ
		ആസ്ഥായ	അധിവസിച്ച്
സകലസുന്ദര സന്നിവേശം	എല്ലാ അവയവങ്ങളുടെയും സമ്മോഹനമായ സംസ്ഥിതിയോടുകൂടിയ	രമമാണഃ	രമിച്ചുകൊണ്ടും (ഇരിക്കെ,)
		കുലം	സ്വന്തം യാദവകുലത്തെ
വപുഃ	ശരീരത്തെ	സംഹർത്തും	സംഹരിക്കുവാൻ (സംഹരിച്ചു ഭൂഭാരം തീർക്കുവാൻ)
ബിഭ്രത്	ധരിച്ചുകൊണ്ടും,		
ഭുവി	ഭൂമിയിൽ		
സുമംഗലം	അത്യന്തം ക്ഷേമകരമായ	ഐച്ഛത	ഇച്ഛിച്ചു.

11. **കർമ്മാണി പുണ്യനിവഹാനി സുമംഗലാനി**
ഗായജ്ജഗത് കലിമലാപഹരാണി കൃത്വാ
കാലാത്മനാ നിവസതാ യദുദേവഗേഹേ
പിണ്ഡാരകം സമഗമൻ മുനയോ നിസൃഷ്ടാഃ

പുണ്യനിവഹാനി	പുണ്യലോകങ്ങളിലേക്ക എത്തിക്കുന്നവയും,	കാലാത്മനാ	സംഹാരശക്തിയുടെ സ്വരൂപത്തോടെ
സുമംഗലാനി	അതിസുഖാത്മകങ്ങളും,	നിവസതാ	സന്നിധാനം ചെയ്യുന്ന ശ്രീകൃഷ്ണനാൽ
ഗായജ്ജഗത്കലിമലാപഹരാണി	കീർത്തിക്കുന്ന ജനസമൂഹത്തിൻെറ കലികല്മഷങ്ങളെ നീക്കിക്കളയുന്നവയുമായ	വിസൃഷ്ടാഃ	തിരികെ യാത്രയാക്കപ്പെട്ട (i)
കർമ്മാണി	കർമ്മങ്ങളെ	മുനയഃ	മുനിമാർ
കൃത്വാ	അനുഷ്ഠിച്ച്.	പിണ്ഡാരകം	'പിണ്ഡാരകം' എന്ന തീർത്ഥസ്ഥലത്തേക്ക് (ii)
ദേവഗഹേ	യാദവോത്തമനായ വാസുദേവൻെറ ഗൃഹത്തിൽ	സമഗമൻ	ചെന്നുചേർന്നു.

(i) കർമ്മാനുഷ്ഠാനാർത്ഥം ക്ഷണിച്ചുവരുത്തി തൽകൃത്യം നിറവേററിയശേഷം ശ്രീകൃഷ്ണനാൽ തിരികെ യാത്രയാക്കപ്പെട്ടവർ (ii) ദ്വാരകയുടെ പൂർവ്വോത്തര ദിശയിൽ അധികം അകലത്തല്ലാതെ കിടക്കുന്ന തീർത്ഥസ്ഥലം.

മുനിമാർ ആരെല്ലാമാണെന്ന് ഇനി പറയുന്നു.

12. വിശ്വാമിത്രോഽസിതഃ കണ്വോ ദുർവ്വാസാ ഭൃഗുരംഗിരാഃ
കശ്യപോ വാമദേവോഽത്രിർവ്വസിഷ്ഠോ നാരദാദയഃ

വിശ്വാമിത്രൻ, അസിതൻ, കണ്വൻ, ദുർവ്വാസാവ്, ഭൃഗു, അംഗിരസ്സ്, കശ്യപൻ, വാമദേവൻ, അത്രി, വസിഷ്ഠൻ, നാരദൻ മുതലായവരായിരുന്നു അവർ.

13. ക്രീഡന്തസ്താനുപവ്രജ്യ കുമാരാ യദുനന്ദനാഃ
ഉപസംഗൃഹ്യ പപ്രച്ഛുരവിനീതാ വിനീതവത്

(തത്ര)	അവിടെ — തീർത്ഥപരിസരത്തിൽ	സ്ത്രീവേഷൈഃ	സ്ത്രീവേഷങ്ങൾകൊണ്ട്
ക്രീഡന്തഃ	കളിച്ചുകൊണ്ടിരുന്ന	വേഷയിത്വാ	ചമയിച്ച്,
(യേ)	യാവചില	താൻ	ആ മുനിമാരെ
യദുനന്ദനാഃ	യദുകുല സന്താനങ്ങളായ	ഉപവ്രജ്യ	സമീപിച്ച്,
കുമാരാഃ	കുമാരന്മാരുണ്ടായിരുന്നുവോ,	അവിനീതാഃ	വാസ്തവത്തിൽ വിനയമില്ലാത്തവരാണെങ്കിലും
തേ	അവർ	വിനീതവത്	വിനയനമ്രന്മാരായി ഭാവിച്ചുകൊണ്ട്
ജാംബവതീസുതം സാംബം	ജാംബവതിയുടെ പുത്രനായ സാംബനെ	ഉപസംഗൃഹ്യ	കാൽപിടിച്ചുവണങ്ങി
		പപ്രച്ഛു	ചോദിച്ചു.

14. തേ വേഷയിത്വാ സ്ത്രീവേഷൈഃ സാംബം ജാംബവതീസുതം
ഏഷാ പൃച്ഛതി വോ വിപ്രാ അന്തർവ്വത്ന്യസിതേക്ഷണാ

15. **പ്രഷ്ടും വിലജ്ജന്തീ സാക്ഷാത് പ്രബ്രൂതാമോഘദർശനാഃ**
പ്രസോഷ്യന്തീ പുത്രകാമാ കിംസ്വിത് സംജനയിഷ്യതി

വിപ്രാഃ	''വേദജ്ഞന്മാരേ!	സാക്ഷാത്	നേരെനിന്നു്
അമോഘ-ദർശനാഃ	ദർശനത്തിന്നു സാഫല്യമുള്ളവരേ!	പ്രഷ്ടും	ചോദിക്കുവാൻ
അന്തർവ്വത്നീ	ഗർഭവതിയും	വിലജ്ജന്തീ	ലജ്ജിച്ചുകൊണ്ടു്
അസിതേ-ക്ഷണാഏഷാ	നീലലോചന (സുന്ദരി) യുമായ ഇവരം	പൃച്ഛതി	(ഞങ്ങരം മുഖാന്തരം) ചോദിക്കുകയാണു്.
പ്രസോഷ്യന്തീ	ആസന്നപ്രസവയും	കിംസ്വിത്	ഏതു പ്രജയെ (ആണിനെയോ, പെണ്ണിനെയോ)
പുത്രകാമാ	പുത്രാർത്ഥിനിയുമാകുന്നു;	സംജനയിഷ്യതി	ഇവരം പ്രസവിക്കുവാൻ പോകുന്നു.
വഃ	ഭവാന്മാരോടു്		

16. **ഏവം പ്രലബ്ധാ മുനയസ്താനൂചുഃ കുപിതാ നൃപ**
ജനയിഷ്യതി വോ മന്ദാ മുസലം കുലനാശനം.

നൃപ	രാജാവേ!	താൻ ഊചുഃ	അവരോടു പറഞ്ഞു.
ഏവം	ഇത്തരത്തിൽ ചോദിച്ചു്	മന്ദാഃ വഃ	''മൂഢരേ! നിങ്ങളുടെ
പ്രലബ്ധാഃ	കളിയാക്കപ്പെട്ട	കുലനാശനം	വംശത്തെ കെടുത്തുന്ന
മുനയഃ	മാമുനിമാർ	മുസലം	ഒരു ഉലക്കയെ
കുപിതാഃ	കുപിതരായിട്ടു്	ജനയിഷ്യതി	പ്രസവിച്ചേക്കും.''

17. **തച്ഛ്രുത്വാ തേഽതിസന്ത്രസ്താ വിമുച്യ സഹസോദരം**
സാംബസ്യ ദദൃശുസ്തസ്മിൻ മുസലം ഖല്വയസ്മയം

തത് ശ്രുത്വാ	അതുകേട്ടു്	വിമുച്യ	തുറന്നപ്പോരം
അതിസന്ത്രസ്താഃ	അധികം ഭീതികലർന്ന	തസ്മിൻ	അതിന്നുള്ളിൽ
തേ	അവർ (യാദവന്മാർ)	അയസ്മയം	ഇരുമ്പുകൊണ്ടുള്ള
സഹസാ	വേഗത്തിൽ	മുസലം ഖലു	ഉലക്കയെത്തന്നെ
സാംബസ്യ	സാംബന്റെ	ദദൃശുഃ	കണ്ടു.
ഉദരം	ഉദരത്തെ		

18. **കിം കൃതം മന്ദഭാഗ്യൈർന്നഃ കിം വദിഷ്യന്തി നോ ജനാഃ**
ഇതി വിഹ്വലിതാ ഗേഹാനാദായ മുസലം യയുഃ

മന്ദഭാഗ്യൈഃ	ഭാഗ്യം കുറഞ്ഞ	ജനാഃ നഃ	ജനങ്ങരം നമ്മെ
നഃ	നമ്മളാൽ	കിം	എന്തു്
കൃതം കിം	ചെയ്യപ്പെട്ടതു് എന്തൊന്നു ?	വദിഷ്യന്തി	പറയുമോ !''
		ഇതി	ഈവിധം ചിന്തിച്ചു്

വിഹ്വലിതാഃ	വിവശരായിട്ട്	ഗേഹാൻ	സ്വഭവനങ്ങളിലേക്ക്
മുസലം	ആ ഉലയ്ക്കയെയും		
ആദായ	എടുത്ത് (യദുകുമാരന്മാർ)	യയുഃ	പോയി.

19. **തച്ചോപനീയ സദസി പരിമ്ലാനമുഖശ്രിയഃ**
രാജ്ഞ ആവേദയാംചക്രുഃ സർവ്വയാദവസന്നിധൗ

തത് ച	അതിനെത്തന്നെ	സർവ്വയാദവ-സന്നിധൗ	എല്ലാ യാദവന്മാരുടെയും സാന്നിദ്ധ്യത്തിൽ
സദസി	രാജസഭയിൽ		
ഉപനീയ	കൊണ്ടുവന്ന്	രാജ്ഞേ	രാജാവായ ഉഗ്രസേനന്ന്
പരിമ്ലാന-മുഖശ്രിയഃ	വാടിത്തളർന്ന വദനകാന്തിയോടുകൂടിയവരായിട്ട്,	ആവേദയാം-ചക്രുഃ	വേണ്ടുംവിധം അറിവു കൊടുത്തു.

20. **ശ്രുത്വാऽമോഘം വിപ്രശാപം ദൃഷ്ട്വാ ച മുസലം നൃപ**
വിസ്മിതാ ഭയസന്ത്രസ്താ ബഭൂവുർദ്വാരകൗകസഃ

നൃപ	അല്ലയോ രാജാവേ!	ദൃഷ്ട്വാ ച	കാണുകയും ചെയ്തിട്ട്
ദ്വാരകൗകസഃ	ദ്വാരകാപുരവാസികൾ		
അമോഘം	വിഫലമായിഭവിക്കാത്ത	വിസ്മിതാഃ	അദ്ഭുതാധീനരായും
വിപ്രശാപം	വിപ്രശാപത്തെ കുറിച്ച്	ഭയസന്ത്രസ്താഃ	ഭയത്താൽ നടുക്കം കൊണ്ടവരായും
ശ്രുത്വാ	കേട്ടിട്ട്,		
മുസലം	ഇരിമ്പുലയ്ക്കയെ	ബഭൂവുഃ	ഭവിച്ചു.

21. **തച്ചൂർണ്ണയിത്വാ മുസലം യദുരാജഃ സ ആഹുകഃ**
സമുദ്രസലിലേ പ്രാസ്യല്ലോഹം ചാസ്യാവശേഷിതം.

യദുരാജഃ	യാദവരാജാവായ	പ്രാസ്യത്	എറിഞ്ഞു.
സഃ ആഹുകഃ	ആ ഉഗ്രസേനൻ	അസ്യ	ഇതിൻെറത്തന്നെ
മുസലം	ഉലക്കയെ		
ചൂർണ്ണയിത്വാ	തവിടുപൊടിയാക്കിച്ച്	അവശേഷിതം	അവശിഷ്ടമായ
തത്	അതിനെ	ലോഹം ച	ലോഹഖണ്ഡത്തെയും
സമുദ്രസലിലേ	സമുദ്ര ജലത്തിൽ	(പ്രാസ്യത്)	എറിഞ്ഞു.

22. **കശ്ചിന്മത്സ്യോऽഗ്രസീല്ലോഹം ചൂർണ്ണാനി തരളൈസ്തതഃ**
ഉഹ്യമാനാനി വേലായാം ലഗ്നാന്യാസൻ കിലൈരകാഃ

തതഃ	അവിടെ (സമുദ്രത്തിൽ) വെച്ച്	തരംഗൈഃ	കടലിലെ അലകളാൽ
കശ്ചിത്	ഒരു	ഉഹ്യമാനാനി	വഹിക്കപ്പെട്ട്
മത്സ്യഃ	മൽസ്യം	വേലായാം	കടൽക്കരയിൽ
ലോഹം	ലോഹഖണ്ഡത്തെ	ലഗ്നാനി	അടിഞ്ഞുകൂടി
അഗ്രസീത്	വിഴുങ്ങി	ഏരകാഃ	ഏരകപ്പുല്ലുകളായിട്ട്
ചൂർണ്ണാനി	പൊടികൾ	ആസൻ കില	മുളച്ചുണ്ടായിപോൽ,

23. **മത്സ്യോ ഗൃഹീതോ മത്സ്യഘ്നൈർജ്ജാലേനാന്യൈഃ സഹാർണ്ണവേ**
തസ്യോദരഗതം ലോഹം സ ശല്യേ ലുബ്ധകോഽകരോത്

അർണ്ണവേ	കടലിൽ	തസ്യ	അതിന്റെ
മത്സ്യഘ്നൈഃ	മീൻ കൊലികളാൽ	ഉദരഗതം	വയററിൽപെട്ടുപോയ
അന്യൈഃ സഹ	മററനേകം മത്സ്യങ്ങളോട് കൂടെ	ലോഹം	ഇരുമ്പുകഷണത്തെ
സഃ മത്സ്യഃ	ആ മൽസ്യവും	ലുബ്ധകഃ	ഒരു വേടൻ
ജാലേന	വലകൊണ്ട്	ശല്യേ	അമ്പിന്റെ മുനയ്ക്കുവേണ്ടി
ഗൃഹീതഃ	പിടിക്കപ്പെട്ട	അകരോൽ	ശരിപ്പെടുത്തി

വേടൻ മീൻപിടുത്തക്കാരിൽനിന്നു വാങ്ങിയവയിൽ ഒരു മൽസ്യത്തെ കീറിയപ്പോഴം അതിന്റെ വയററിൽ നിന്നു് ഒരു ഇരിമ്പുകഷണം കിട്ടി. അവൻ അതിനെ തന്റെ അമ്പിനു് മുനയുണ്ടാക്കാൻ ഉപയോഗിച്ചു.

24. **ഭഗവാൻ ജ്ഞാതസർവ്വാർത്ഥ ഈശ്വരോഽപി തദന്യഥാ**
കർത്തും നൈച്ഛദ്വിപ്രശാപം കാലരൂപ്യന്വമോദത.

ജ്ഞാത— സർവ്വാർത്ഥഃ	എല്ലാ സംഗതികളും അറിഞ്ഞുവച്ചിരിക്കുന്ന	ഈശ്വരഃ അപി	ആയതിനു സർവ്വഥാ കഴിവുള്ളവനാണെന്നിരിക്കിലും
ഭഗവാൻ	സർവ്വജ്ഞാനനിധിയായ ശ്രീകൃഷ്ണൻ	ന ഐച്ഛത്	ആഗ്രഹിച്ചില്ല.
		കാലരൂപീ	കാലസ്വരൂപനായ അവിടുന്നു്
തത്	അതിനെ	വിപ്രശാപം	വിപ്രശാപത്തെ
അന്യഥാ	മറെറാരു പ്രകാരത്തിൽ	അന്വമോദത	അനുമോദിക്കയാണു് ചെയ്തത്
കർത്തും	ആക്കിത്തീർക്കുവാൻ,		

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ
ഏകാദശസ്കന്ധേ
വിപ്രശാപോ നാമ പ്രഥമോഽധ്യായഃ
ആദിതഃ ശ്ലോകാഃ 24
ഏകാദശസ്കന്ധത്തിൽ ഒന്നാമധ്യായം കഴിഞ്ഞു

ദ്വിതീയോऽധ്യായഃ = അധ്യായം രണ്ട്

നാരദ വസുദേവസംവാദം

" ദ്വിതീയേ നിമിജായന്തസംവാദേനാഹ നാരദഃ
ധർമ്മാൻ ഭാഗവതാൻ ഭക്ത്യാ വസുദേവായ പൃച്ഛതേ "

ശ്രീ നാരദൻ, നിമിയും ജായന്തന്മാരും തമ്മിലുണ്ടായ സംവാദത്തെ ഉദ്ധരിച്ചുകൊണ്ട് വസുദേവർക്ക് ഭാഗവതധർമ്മങ്ങളെ ഉപദേശിച്ചതു് ഈ രണ്ടാമദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1. **ഗോവിന്ദഭുജഗുപ്തായാം ദ്വാരവത്യാം കുരൂദ്വഹ**
അവാത്സീന്നാരദോऽഭീക്ഷ്ണം കൃഷ്ണോപാസനലാലസഃ

കുരൂദ്വഹ	കുരുവംശോത്തമനായ പരീക്ഷിത്തേ!	കൃഷ്ണോപാസനലാലസഃ	ശ്രീകൃഷ്ണഭഗവാന്റെ ഉപാസനയിലുള്ള ഔത്സുക്യത്തോടു കൂടിയവനായിട്ട്
ഗോവിന്ദഭുജഗുപ്തായാം	ശ്രീകൃഷ്ണന്റെ ബാഹുവീര്യത്താൽ സുരക്ഷിതമായ	അഭീക്ഷ്ണം	ഇടവിടാതെ വന്നു്
ദ്വാരവത്യാം	ദ്വാരകാപുരിയിൽ	അവാത്സീത്	വസിച്ചിരുന്നു.
നാരദഃ	ശ്രീനാരദൻ		

ഒരിടത്തും ഇടവിടാതെ തങ്ങുവാൻ സാധിക്കയില്ലെന്നുള്ള ദക്ഷശാപം കൃഷ്ണസാന്നിധ്യത്താൽ നാരദനെ ബാധിച്ചില്ലെന്നു ധരിക്കണം.

നാരദനെപ്പോലുള്ള മുക്തന്മാർക്കുപോലും ഈ വിധം കൃഷ്ണഭജനൗത്സുക്യമുണ്ടെന്നുവരുമ്പോൾ പിന്നെ ആർക്കുതന്നെ അതു് ഉണ്ടാകേണ്ടതില്ല, എന്ന അഭിപ്രായത്തോടെ ഇനി പറയുന്നു—

2. **കോനു രാജന്നിന്ദ്രിയവാൻ മുകുന്ദചരണാംബുജം**
ന ഭജേത് സർവ്വതോമൃത്യുരുപാസ്യമമരോത്തമൈഃ

രാജൻ	രാജാവേ!	സർവ്വതോമൃത്യുഃ	എല്ലാദിക്കിലും മരണം പതിയിരിക്കുന്നവനും
അമരോത്തമൈഃ	ബ്രഹ്മാദിദേവശ്രേഷ്ഠന്മാരാൽപോലും	ഇന്ദ്രിയവാൻ	പഞ്ചേന്ദ്രിയയുക്തനുമായ
ഉപാസ്യം	ഉപാസിക്കപ്പെടുവാൻ യോഗ്യമായ	കഃ നരഃ	ഏതൊരുവനാണ്
മുകുന്ദചരണാംബുജം	ശ്രീകൃഷ്ണഭഗവാന്റെ തൃപ്പാദകമലത്തെ	ന ഭജേത്	ഭജിക്കാതിരിക്കുക ?

3. **തമേകദാ തു ദേവർഷിം വസുദേവോ ഗൃഹാഗതം**
അർച്ചിതം സുഖമാസീനമഭിവാദ്യേദമബ്രവീത്.

ഏകദാ തു	ഒരിക്കൽ	സുഖം	സുഖമാകുംവണ്ണം
വസുദേവഃ	വസുദേവൻ	ആസീനം	ഇരുന്നരുളുന്നവനുമായ
ഗൃഹാഗതം	സ്വവസതിയിലേക്ക് ആഗമിച്ചവനും,	തം ദേവർഷിം	ആ ദേവർഷിയെ
		അഭിവാദ്യ	അഭിവാദ്യം ചെയ്ത്
അർച്ചിതം	ആദരിച്ച് ആരാധിക്കപ്പെട്ടവനും,	ഇദം	ഇങ്ങനെ
		അബ്രവീത്	പറഞ്ഞു

വസുദേവ ഉവാച = വസുദേവർ പറഞ്ഞു.

4. **ഭഗവൻ ഭവതോ യാത്രാ സ്വസ്തയേ സർവ്വദേഹിനാം**
കൃപണാനാം യഥാ പിത്രോരുത്തമശ്ലോകവർത്മനാം

ഭഗവൻ	ഹേ ഭഗവൻ!	കൃപണാനാം	ദീനന്മാർക്കു
ഭവതഃ	ഭവാന്റെ		
യാത്രാ	ആഗമനം	യഥാ	ക്ഷേമത്തിനുതകുന്നപോലെ
പിത്രോഃ	മാതാപിതാക്കന്മാരുടെ (ആഗമനം)		
(അപത്യാനാം)	മക്കൾക്കു,	സർവ്വദേഹിനാം	സമസ്തശരീരികളുടെയും
ഉത്തമശ്ലോകവർത്മനാം	പുണ്യകീർത്തിമാനായ ശ്രീകൃഷ്ണന്റെ മാർഗ്ഗമായ മഹാന്മാരുടെ (ആഗമനം)	സ്വസ്തയേ	ക്ഷേമത്തിനുതകുന്നു.

ഭാഗവതന്മാരായ മഹാന്മാരെ ദേവന്മാരോട് സാദൃശ്യപ്പെടുത്തുന്നതുപോലും അനുചിതമാണെന്നു സൂചിപ്പിച്ചുകൊണ്ട് ഇനി പറയുന്നു —

5. **ഭൂതാനാം ദേവചരിതം ദുഃഖായ ച സുഖായ ച**
സുഖായൈവ ഹി സാധൂനാം ത്വാദൃശാമച്യുതാത്മനാം

ദേവചരിതം	ഇന്ദ്രാദിദേവന്മാരുടെ ആചരണം (പ്രവൎത്തനം)	അച്യുതാത്മനാം	നിർവികാരാത്മാവായ ഈശ്വരനിൽ മനസ്സൎപ്പിച്ച
ഭൂതാനാം	പ്രാണികളുടെ	ത്വാദൃശാം	അങ്ങയെപ്പോലുള്ള
ദുഃഖായ ച	ദുഃഖത്തിനും	സാധൂനാം	മഹാപുരുഷന്മാരുടെ ആചരണം
സുഖായ ച	സുഖത്തിനും ഉതകുന്നു.	സുഖായ ഏവ	സുഖത്തിന്ന് മാത്രം ഉതകിയതാകുന്നു.
ഹി	എന്നാൽ		

ഇന്ദ്രാദിദേവന്മാർ സുവൃഷ്ട്യാദികളാൽ ചിലപ്പോൾ പ്രാണികൾക്ക ക്ഷേമൈശ്വര്യം വരുത്തുന്നു; മററു ചിലപ്പോൾ അതിവൃഷ്ട്യാദികൾകൊണ്ട് ആപത്തുണ്ടാക്കുന്നു. എന്നാൽ സത്പുരുഷന്മാർ ആചരണംകൊണ്ട് എക്കാലവും ഒരുപോലെയാണ്. ''ദേവന്മാർ പ്രാണികൾക്ക ക്ഷേമമേകുന്നത് അവരെ സേവിക്കുന്നതിന്നനുസരിച്ചാണ്. സത്തുക്കളാകട്ടെ അങ്ങനെയല്ല''. എന്നാണ് അടുത്ത ശ്ലോകംകൊണ്ടു പറയുന്നത്.

6. ഭജന്തി യേ യഥാ ദേവാൻ ദേവാ അപി തഥൈവ താൻ
ഛായേവ കൎമ്മസചിവാഃ സാധവോ ദീനവത്സലാഃ

യേ	ഏതൊരുവർ	(ദേവാഃ)	ദേവന്മാരാകട്ടെ
യഥാ	ഏതൊരു പ്രകാരത്തിൽ	ഛായാ ഇവ	പ്രതിരൂപമെന്നപോലെ
ദേവാൻ	ദേവന്മാരെ	കൎമ്മസചിവാഃ	രൂപത്തിന്റെ പ്രവൃത്തിയെ അനുസരിക്കുന്നവരത്രേ.
ഭജന്തി	സേവിക്കുന്നുവോ,		
തഥാ ഏവ	അതേപ്രകാരത്തിൽ തന്നെ		
ദേവാഃ അപി	ദേവന്മാരും	സാധവഃ	സത്തുക്കൾ (ഭക്തന്മാർ)
താൻ	അവരെ	ദീനവത്സലാഃ	പാവങ്ങളോട് വാത്സല്യമുള്ളവരാകുന്നു.
ഭജന്തി	സേവിക്കുന്നു.		

സത്തുക്കൾ ചെയ്യുന്ന സേവനം വാത്സല്യപ്രേരിതവും പ്രത്യുപകാര നിരപേക്ഷവുമാണെന്നു സാരം.

7. ബ്രഹ്മാസ്തഥാപി പൃച്ഛാമോ ധൎമ്മാൻ ഭാഗവതാംസ്തവ
യാൻ ശ്രുത്വാ ശ്രദ്ധയാ മൎത്ത്യോ മുച്യതേ സൎവതോഭയാത്

തഥാപി	എന്നിരിക്കിലും (ഭവദ്ദൎശനത്താൽത്തന്നെ ഞങ്ങൾ കൃതാൎത്ഥരായെങ്കിലും)	യാൻ	യാതൊന്നുകളെ
		ശ്രദ്ധയാ	ശ്രദ്ധയോടുകൂടി
		മൎത്ത്യഃ	മനുഷ്യൻ
ബ്രഹ്മൻ	ഹേ ബ്രഹ്മസ്വരൂപ!	ശ്രുത്വാ	കേട്ടുധരിച്ച്

സവ്തോ_ ഭയാത്	എല്ലാവശത്തുനിന്നും ഭീതിയുളവാക്കുന്ന സംസാരത്തിൽ നിന്നു്	ഭാഗവതാൻ	ഭഗവൽപ്രീതികരങ്ങളായ
		ധർമ്മാൻ	ധർമ്മങ്ങളെപ്പററി
മുച്യതേ	മോചിക്കപ്പെടുന്നുവോ,	ത്വാ	അങ്ങയോടു്
(താൻ)	അങ്ങനെയുള്ള	പൃച്ഛാമഃ	ചോദിച്ചുകൊള്ളുന്നു.

8. അഹം കില പുരാനന്തം പ്രജാർത്ഥോ ഭുവി മുക്തിദം
അപൂജയം ന മോക്ഷായ മോഹിതോ ദേവമായയാ

അഹം പുരാ	ഞാൻ പൂർവ്വജന്മത്തിൽ	മുക്തിദം	മുക്തിദാതാവും
ദേവ-മായയാ	ഭഗവാൻെറ മായാ വൈഭവത്താൽ	അനന്തം	അപരിച്ഛിന്നമൂർത്തിയുമായ ശ്രീഹരിയെ
മോഹിതഃ	മോഹിതനായിട്ട്	അപൂജയം കില	ആരാധിച്ചിരുന്നുവത്രേ *
ഭുവി	ഭൂമിയിൽ		
പ്രജാർത്ഥഃ	പുത്രലാഭത്തെ മാത്രം പ്രയോജനമാക്കിക്കൊണ്ടു്	മോക്ഷായ ന	മോക്ഷത്തിനുവേണ്ടിയല്ലായിരുന്നു അതു്.

* ഭഗവാൻ സൂതികാഗൃഹത്തിൽവച്ചു് അരുളിച്ചെയ്തതിനെ അനുസ്മരിച്ചുകൊണ്ടു പറഞ്ഞതാണിതു്.

9. യഥാ വിചിത്രവ്യസനാദ് ഭവദ്ഭിർവിശ്വതോഭയാത്
മുച്യേമ ഹ്യഞ്ജസൈവാദ്ധാ തഥാ നഃ ശാധി സുവ്രത

സുവ്രത	നല്ല വ്രതനിഷ്ഠയുള്ള മഹാമുനേ!	വിശ്വതോ-ഭയാത്	എല്ലാ വശത്തുനിന്നും ഭയം ജനിപ്പിക്കുന്നതുമായ സംസാരത്തിൽ നിന്നു്
യഥാ	ഏതുവിധം	അഞ്ജസാ	അനായാസേന
ഭവദ്ഭിഃ	താങ്കൾ ഹേതുവായി,	മുച്യേമഹി	ഞങ്ങൾ മോചിക്കപ്പെടുമോ,
വിചിത്ര-വ്യസനാത്	നാനാതരത്തിലുള്ള ക്ലേശങ്ങളോടുകൂടിയതും	തഥാദ്ധാ	ആവിധ ചൊവ്വിൽ
		നഃ ശാധി	ഞങ്ങളെ ഉപദേശിച്ചാലും.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

10. രാജന്നേവം കൃതപ്രശ്നോ വസുദേവേന ധീമതാ
പ്രീതസ്തമാഹ ദേവർഷിർഹരേഃ സംസ്മാരിതോ ഗുണൈഃ

രാജൻ	പരീക്ഷിത്തു് രാജാവേ!	കൃതപ്രശ്നഃ	അഭ്യർത്ഥിതനായ
ധീമതാ	ബുദ്ധിശാലിയായ	ദേവർഷിഃ	ശ്രീനാരദൻ
വസുദേവേന	വസുദേവനാൽ	പ്രീതഃ	സന്തുഷ്ടനായിട്ട്

ഗുണൈഃ	വർണ്ണനീയങ്ങളായ തൽഗുണങ്ങളാൽ
ഹരേഃ	ശ്രീഹരിയെ
സംസ്മാരിതഃ	സമ്യക്കായി സ്മരിപ്പിച്ച്
തം ആഹ	അദ്ദേഹത്തോട് പറഞ്ഞു.

നാരദ ഉവാച = ശ്രീനാരദൻ പറഞ്ഞു.

11. സമ്യഗേതദ് വ്യവസിതം ഭവതാ സാത്വതർഷഭ
യത് പൃച്ഛസേ ഭാഗവതാൻ ധർമ്മാംസ്ത്വം വിശ്വഭാവനാൻ

സാത്വതർഷഭ	ഹേ സാത്വതകുലോത്തമ!
ത്വം യത്	അങ്ങുന്ന്, യാതൊരു കാരണത്താൽ
വിശ്വഭാവനാൻ	സകല ലോകങ്ങളെയും ശുദ്ധീകരിക്കുന്ന
ഭാഗവതാൻ ധർമ്മാൻ	ഭാഗവത ധർമ്മങ്ങളെ കുറിച്ച്
പൃച്ഛസേ	ചോദിക്കുന്നുവോ,
(തത്)	അക്കാരണത്താൽ
ഏതത്	ഇത്
സമ്യക്	നല്ലവഴിക്ക്
ഭവതാ	അങ്ങയാൽ
വ്യവസിതം	നിശ്ചയിക്കപ്പെട്ടതാകുന്നു.

12. ശ്രുതോഽനുപഠിതോ ധ്യാത ആദൃതോ വാനുമോദിതഃ
സദ്യഃ പുനാതി സദ്ധർമ്മോ ദേവ വിശ്വദ്രുഹോഽപി ഹി

ദേവ	ഹേ വസുദേവ!
സദ്ധർമ്മഃഹി	ഭഗവതധർമ്മമാകട്ടെ
ശ്രുതഃ	ഗുരുമുഖത്തിൽനിന്ന് കേൾക്കപ്പെട്ടതോ,
അനുപഠിതഃ	കേട്ടശേഷം സ്വയം ചൊല്ലപ്പെട്ടതോ,
ധ്യാതഃ	ധ്യാനിക്കപ്പെട്ടതോ,
ആദൃതഃ	ശ്രദ്ധാപൂർവ്വം ഗ്രഹിക്കപ്പെട്ടതോ,
അനുമോദിതഃ വാ	അന്യർ ചെയ്യുന്നത് അനുമോദിക്കപ്പെട്ടതോ ആയാലും വേണ്ടതില്ല.
വിശ്വദ്രുഹഃ അപി	വിശ്വദ്രോഹികളെക്കൂടി
പുനാതി	ശുദ്ധീകരിക്കുന്നു.

13. ത്വയാ പരമകല്യാണഃ പുണ്യശ്രവണകീർത്തനഃ
സ്മാരിതോ ഭഗവാനദ്യ ദേവോ നാരായണോ മമ

പരമകല്യാണ	മഹത്തരമായ മംഗള സ്വരൂപമെഴുന്നവനും
പുണ്യശ്രവണ കീർത്തനഃ	പുണ്യമുളവാക്കുന്ന ശ്രവണകീർത്തനങ്ങളോട് കൂടിയവനും
ഭഗവാൻ	സമഗ്രൈശ്വരാദി ഷഡ്ഗുണങ്ങളോട് കൂടിയവനും
ദേവ	സ്വയം പ്രകാശാത്മകനുമായ
നാരായണഃ	ശ്രീനാരായണൻ
ത്വയാ അദ്യ	അങ്ങയാൽ ഇന്ന്
മമ	എനിക്ക്
സ്മാരിതഃ	സ്മരിക്കപ്പെട്ടവനുമായി

14. **അത്രാപ്യുദാഹരന്തീമമിതിഹാസം പുരാതനം**
ആർഷഭാണാം ച സംവാദം വിദേഹസ്യ മഹാത്മനഃ

അത്രാപി	ഈ വിഷയത്തെ അധികരിച്ച്	സംവാദം	സംഭാഷണമാവുന്ന
ആർഷഭാണാം	ഋഷഭദേവന്റെ പുത്രന്മാർക്കും	ഇമം	ഇങ്ങനെ
മഹാത്മനഃ	മഹാത്മാവായ	പുരാതനം	ഒരു പഴയ
വിദേഹസ്യച	നിമി ചക്രവർത്തിക്കും തമ്മിലുണ്ടായ	ഇതിഹാസം	ചരിത്രത്തെ
		ഉദാഹരന്തി	ഉദാഹരിക്കമാറുണ്ട്.

ഇനി ഏഴു ശ്ലോകങ്ങൾകൊണ്ട് ആർഷഭന്മാരുടെ വംശചരിത്രം പറയുന്നു.

15. **പ്രിയവ്രതോ നാമ സുതോ മനോഃ സ്വായംഭുവസ്യ യഃ**
തസ്യാഗ്നീധ്രസ്തതോ നാഭിരൃഷഭസ്തത്സുതഃ സ്മൃതഃ

സ്വായംഭുവസ്യ	സ്വായംഭുവനെന്ന	അഗ്നീധ്രഃ	അഗ്നീധ്രനും,
മനോഃ	മനുവിന്ന്	തതഃ	അവനിൽനിന്ന്
പ്രിയവ്രതഃ നാമ യഃ	പ്രിയവ്രതനെന്നു പേരായ യാതൊരു	നാഭിഃ	നാഭിയെന്നവനും,
സുതഃ (ആസീത്)	പുത്രനുണ്ടായിരുന്നുവോ,	തത്സുതഃ	ആ നാഭിയുടെ പുത്രൻ
തസ്യ (സുതഃ)	അവന്റെ പുത്രൻ	ഋഷഭഃ	ഋഷഭനമാണെന്ന്
		സ്മൃതഃ	അറിയപ്പെടുന്നു.

16. **തമാഹുർ വാസുദേവാംശം മോക്ഷധർമ്മവിവക്ഷയാ**
അവതീർണ്ണം സുതശതം തസ്യാസീദ് ബ്രഹ്മപാരഗം

തം	അദ്ദേഹത്തെ (ഋഷഭദേവനെ)	വാസുദേവാംശം	വൈഷ്ണവാംശമായിട്ട്
		ആഹുഃ	പറയാറുണ്ട്.
മോക്ഷധർമ്മ-വിവക്ഷയാ	മോക്ഷധർമ്മങ്ങളെ പ്രാവർത്തികമാക്കുവാനുള്ള താൽപര്യത്താൽ	തസ്യ	അദ്ദേഹത്തിന്ന്
		ബ്രഹ്മപാരഗം	വേദപാരാഗതന്മാരായ
		സുതശതം	നൂറു പുത്രന്മാർ
അവതീർണ്ണം	അവതരിച്ച	ആസീത്	ഉണ്ടായി.

17. **തേഷാം വൈ ഭരതോ ജ്യേഷ്ഠോ നാരായണപരായണഃ**
വിഖ്യാതം വർഷമേതദ് യന്നാമ്നാ ഭാരതമദ്ഭുതം

തേഷാം വൈ	അവരുടെ ഇടയിൽ	വിഖ്യാതം	(ആദിയിൽ 'അജനാഭ' മെന്ന പേരിൽ)
ജ്യേഷ്ഠഃ	ഏററവും മൂത്തപുത്രനായ		സുപ്രസിദ്ധമായിരുന്ന
ഭരതഃ	ഭരതൻ	ഏതത് വർഷം	ഈ ഭൂവിഭാഗം
		യന്നാമ്നാ	യാതൊരു ഈ ഭരതന്റെ പേരിനോട് ബന്ധപ്പെട്ട്
നാരായണ-പരായണഃ	സർവ്വാന്തര്യാമിയായ ഭഗവാനെ പരമാശ്രയമായി സങ്കല്പിച്ചവനായിരുന്നു.	ഭാരതം	''ഭാരതം'' എന്നിങ്ങനെ
		അദ്ഭുതം	അദ്ഭുതകരമാംവിധം
		(വിഖ്യാതം)	വിശ്രുതമായിത്തീർന്നു.

18. **സ ഭുക്തഭോഗാം ത്യക്ത്വേമാം നിർഗ്ഗതസ്തപസാ ഹരിം**
ഉപാസീനസ്തത് പദവീം ലേഭേ വൈ ജന്മഭിസ്ത്രിഭിഃ

സഃ	അദ്ദേഹം (ഭരതചക്രവർത്തി)	തപസാ	തപസ്സിനാൽ
ഭുക്തഭോഗാം	അനുഭവിക്കപ്പെട്ട ഭോഗങ്ങളോടുകൂടിയ	ഉപാസീനഃ	ഉപാസിച്ചുകൊണ്ട്
		ത്രിഭിഃ	മൂന്ന്
ഇമാം	ഈ ഭൂമിയെ (രാജ്യത്തെ)	ജന്മഭിഃ	ജന്മങ്ങളാൽ
ത്യക്ത്വാ	ഉപേക്ഷിച്ച്	തത്-പദവീം	തന്തിരുവടിയുടെ ദിവ്യലോകത്തെ
നിർഗത	ഗൃഹംവിട്ടു പുറത്തിറങ്ങി,		
ഹരിം	ശ്രീഹരിയെ	ലേഭേ വൈ	പ്രാപിച്ചുപോൽ

19. **തേഷാം നവ നവദ്വീപപതയോഽസ്യ സമന്തതഃ**
കർമ്മതന്ത്രപ്രണേതാര ഏകാശീതിർദ്വിജാതയഃ

തേഷാം	അവരുടെ ഇടയിൽ	ഏകാശീതിഃ	എൺപത്തൊന്നുപേർ
നവ	ഒമ്പതുപേർ		
അസ്യ	ഈ ഭാരതവർഷത്തിന്റെ	കർമ്മതന്ത്ര-പ്രണേതാരഃ	കർമ്മമാർഗ്ഗത്തിന്റെ പ്രവർത്തകന്മാരായ
സമന്തതഃ	ചുററിലും കിടക്കുന്ന		
നവദ്വീപ-പതയഃ	ഒമ്പതു ദ്വീപുകളുടെ അധിപതികളായിരുന്നു.	ദ്വിജാതയഃ	ബ്രാഹ്മണരായിരുന്നു.

ഋഷഭദേവന്റെ നൂറു പുത്രന്മാരിൽ ജ്യേഷ്ഠനായ ഭരതൻ ഭാരതചക്രവർത്തിയായി. അദ്ദേഹത്തിന്റെ 99 അനുജന്മാരിൽ 9 പേർ ഭാരതത്തിന്റെ ചുററുകിടക്കുന്ന കുശാവർത്താദി ഉപഭൂഖണ്ഡങ്ങളുടെ പാലകന്മാരായി 81 പേർ കർമ്മമാർഗ്ഗപ്രവർത്തകരായി ബ്രാഹ്മണ്യം നേടി. പിന്നെ അവശേഷിക്കുന്ന ഒമ്പതുപേർ യോഗീശ്വരന്മാരായെന്നു ഇനി പറയുവാൻ പോകുന്നു.

20 **നവാഭവൻ മഹാഭാഗാ മുനയോ ഹ്യർത്ഥശംസിനഃ**
ശ്രമണാ വാതരശനാ ആത്മവിദ്യാവിശാരദാഃ

നവ	ഒമ്പതുപേർ	വാതരസനാഃ	ദിഗംബരൻമാരും,
മഹാഭാഗാഃ	സൗഭാഗ്യശാലികളും,		
അത്ഥശംസിനഃ	പരമാത്ഥതത്ത്വനിരൂപകന്മാരും,	ആത്മവിദ്യാവിശാരദാഃ	ആത്മവിജ്ഞാനത്തിൽ നൈപുണ്യമുള്ളവരും
ശ്രമണാഃ	ആധ്യാത്മികമായി പരിശ്രമം ചെയ്യുന്നവരും,	മുനയഃ	മനനശീലന്മാരും ആയിരുന്നു.

അവരുടെ പേരുകൾ പറയുന്നു.

21. **കവിർഹരിരന്തരിക്ഷഃ പ്രബുദ്ധഃ പിപ്പലായനഃ**
ആവിർഹോത്രോഽഥ ദ്രുമിളശ്ചമസഃ കരഭാജനഃ

കവി, ഹരി, അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിർഹോത്രൻ, ദ്രുമിളൻ, ചമസൻ, കരഭാജനൻ.

ഇനി രണ്ടു ശ്ലോകങ്ങൾകൊണ്ട് ഈ ഒമ്പതുപേരുടേയും ആദ്ധ്യാത്മിക ജീവിതചര്യയെ വിവരിക്കുന്നു.

22. **ത ഏതേ ഭഗവദ്രൂപം വിശ്വം സദസദാത്മകം**
ആത്മനോഽവ്യതിരേകേണ പശ്യന്തോ വ്യചരന്മഹീം

തേ ഏതേ	ആ ഈ യോഗിവര്യന്മാർ	അവ്യതിരേകേണ	ഭിന്നമായതല്ലെന്ന ബോധത്തോടുകൂടെയും
സദസദാത്മകം	സ്ഥൂലങ്ങളും സൂക്ഷ്മങ്ങളും ഉൾക്കൊള്ളുന്നതായ	പശ്യന്തഃ	ദർശിച്ചുകൊണ്ട്
വിശ്വം	ഈ പ്രപഞ്ചത്തെ		
ഭഗവദ്രൂപം	ഭഗവത്സ്വരൂപമായും,	മഹീം	ഭൂമിയിൽ
ആത്മനഃ	തന്നിൽനിന്ന്	വ്യചരൻ	നിരന്തരം സഞ്ചരിച്ചു.

23. **അവ്യാഹതേഷ്ടഗതയഃ സുരസിദ്ധസാദ്ധ്യ-**
ഗന്ധർവയക്ഷനരകിന്നരനാഗലോകാൻ
മുക്താശ്ചരന്തി മുനിചാരണഭൂതനാഥ-
വിദ്യാധരദ്വിജഗവാം ഭുവനാനി കാമം

അവ്യാഹതേഷ്ടഗതയഃ	പ്രതിബന്ധമില്ലാത്ത ഇഷ്ടസഞ്ചാരത്തോടുകൂടിയവരും	സുരസിദ്ധസാധ്യഗന്ധർവ്വയക്ഷനരകിന്നരനാഗലോകാൻ	ദേവന്മാർ, സിദ്ധദേവന്മാർ, സാധ്യന്മാർ, ഗന്ധർവ്വന്മാർ, യക്ഷന്മാർ, നരന്മാർ, കിന്നരന്മാർ, നാഗന്മാർ എന്നിവരുടെ ലോകങ്ങളിലേക്കും
മുക്താഃ	യാതൊന്നിലും ആസക്തിയില്ലാത്തവരുമായ ഈ യോഗിവര്യന്മാർ		

മുനിചാരണ- ഭൂതനാഥ- വിദ്യാധര- ദ്വിജഗവാം	മുനിമാർ, ചാരണന്മാർ, ഭൂതനാഥന്മാർ, വിദ്യാധരന്മാർ, ബ്രാഹ്മണന്മാർ ഗോക്കൾ എന്നിവരുടെ	ഭുവനാനി	വാസകേന്ദ്രങ്ങളിലേക്കു
		കാമം	യഥേഷ്ടം
		ചരന്തി	സഞ്ചരിച്ചിരുന്നു.

24. ത ഏകദാ നിമേഃ സത്രമുപജഗ്മുര്യദൃച്ഛയാ
വിതായമാനമൃഷിഭിരജനാഭേ മഹാത്മനഃ

ഏകദാ തേ	ഒരിക്കൽ, അവർ	നിമേഃ	നിമി ചക്രവർത്തിയുടെ
അജനാഭേ	ഭാരതവർഷത്തിൽ	സത്രം	സത്രയാഗത്തിലേക്കു
ഋഷിഭിഃ	ഋഷിമാരാൽ	യദൃച്ഛയാ	യാദൃച്ഛികമായി
വിതായമാനം	നടത്തപ്പെടുന്ന		
മഹാത്മനഃ	മഹാത്മാവായ	ഉപജഗ്മുഃ	വന്നുചേർന്നു.

25. താൻ ദൃഷ്ട്വാ സൂര്യസങ്കാശാൻ മഹാഭാഗവതാൻ നൃപഃ
യജമാനോഽഗ്നയോ വിപ്രാഃ സർവ ഏവോപസ്ഥിരേ

നൃപ	രാജാവേ!		
സൂര്യ-സങ്കാശാൻ	സൂര്യനെപ്പോലെ അതി തേജസ്വികളും	അഗ്നയഃ	ആഹവനീയാദിത്രേതാഗ്നികളും,
മഹാഭാഗ-വതാൻ	മഹത്ത്വമുള്ള ഭഗവദ്ഭക്തന്മാരുമായ	വിപ്രാഃ	ഋത്വിക്കുകളായ ബ്രാഹ്മണരും,
താൻ	അവരെ		
ദൃഷ്ട്വാ	കണ്ടു്,	സർവേ ഏവ	മറ്റെല്ലാവരും തന്നെ
യജമാനഃ	യജ്ഞദീക്ഷിതനായ നിമി ചക്രവർത്തിയും,	ഉപതസ്ഥിരേ	എതിരേറ്റു സ്വീകരിച്ചു.

26 വിദേഹസ്താനഭിപ്രേത്യ നാരായണപരായണാൻ
പ്രീതഃ സംപൂജയാഞ്ചക്രേ ആസനസ്ഥാൻ യഥാർഹതഃ

വിദേഹഃ	വിദേഹാധിപനായ നിമി	ആസനസ്ഥാൻ	ആസനോപവിഷ്ടന്മാരാക്കി,
താൻ	അവരെ		
നാരായണ-പരായണാൻ	ശ്രീനാരായണനിൽ ആസക്തചിത്തന്മാരെന്നു്	യഥാർഹതഃ	യഥോചിതം (ജ്യേഷ്ഠക്രമത്തിൽ)
അഭിപ്രേത്യ	അറിഞ്ഞു്	സംപൂജയാം-ചക്രേ	വിധിയാംവണ്ണം ആരാധിച്ചു.
പ്രീതഃ	സന്തോഷവാനായിട്ടു്		

27. താൻ രോചമാനാൻ സ്വരുചാ ബ്രഹ്മപുത്രോപമാൻ നവ
പപ്രച്ഛ പരമപ്രീതഃ പ്രശ്രയാവനതോ നൃപഃ

സ്വരുചാ	സ്വകാന്തിയാൽത്തന്നെ	പരമപ്രീതഃ	ഏററവും സന്തുഷ്ടനായും
രോചമാനാൻ	പ്രശോഭിക്കുന്നവരും	പ്രശ്രയാ-വനതഃ	വിനയാവനമ്രനായും ഭവിച്ച
ബ്രഹ്മപുത്രോ-പമാൻ	ബ്രഹ്മാവിന്റെ പുത്രന്മാരായ സനകാദികൾക്ക സദൃശന്മാരുമായ	നൃപഃ	നിമിചക്രവർത്തി
താൻ നവ	ആ ഒമ്പതുമുനിമാരോട്	പപ്രച്ഛ	ചോദിച്ചു.

വിദേഹ ഉവാച = നിമി പറഞ്ഞു

28. മന്യേ ഭഗവതഃ സാക്ഷാത് പാർഷദാൻ വോ മധുദ്വിഷഃ
വിഷ്ണോർഭൂതാനി ലോകാനാം പാവനായ ചരന്തി ഹി

വഃ	നിങ്ങളെല്ലാവരെയും	ഹി	എന്തെന്നാൽ
സാക്ഷാത്	സാക്ഷാൽ	വിഷ്ണോഃ	വിഷ്ണുഭഗവാന്റെ
ഭഗവതഃ	ഭഗവാനായ	ഭൂതാനി	പാർഷദന്മാർ
മധുദ്വിഷഃ	ശ്രീ മഹാവിഷ്ണുവിന്റെ	ലോകാനാം	ലോകങ്ങളുടെ
പാർഷദാൻ	പാർഷദന്മാരായിട്ട്	പാവനായ	വിശുദ്ധിക്കുവേണ്ടി
മന്യേ	ഞാൻ കരുതുന്നു.	ചരന്തി	സഞ്ചരിക്കാറുണ്ട്.

29. ദുർലഭോ മാനുഷോ ദേഹോ ദേഹിനാം ക്ഷണഭംഗുരഃ
തത്രാപി ദുർലഭം മന്യേ വൈകുണ്ഠപ്രിയദർശനം

ദേഹിനാം	പല ശരീരങ്ങളും ധരിക്കേണ്ടതായിവരുന്ന ജീവാത്മാക്കൾക്ക്	തത്ര അപി	അതിലും (ദുർല്ലഭമായ മനുഷ്യജന്മത്തിന്റെ ലബ്ധിയിലും)
ക്ഷണഭംഗുരഃ	ക്ഷണനേരംകൊണ്ട് തകരുന്നതാണെങ്കിലും	വൈകുണ്ഠ-പ്രിയദർശനം	വിഷ്ണുഭഗവാന്ന് ഇഷ്ടമായവരുടെ (വിഷ്ണുഭക്തന്മാരുടെ) ദർശനം
മാനുഷഃ	മനുഷ്യന്റേതായ		
ദേഹഃ	ശരീരം		
ദുർല്ലഭഃ	ലഭിക്കാൻ പ്രയാസമുള്ളതാണ്.	ദുർല്ലഭം	ലഭിക്കാൻ പ്രയാസമത്രേ

30. അത ആത്യന്തികം ക്ഷേമം പൃച്ഛാമോ ഭവതോഽനഘാഃ
സംസാരേഽസ്മിൻ ക്ഷണാർദ്ധോഽപി സത്സംഗഃ ശേവധിർനൃണാം

അനഘാഃ	പാപം തീണ്ടാത്തവരേ!	ആത്യന്തികം	എന്നെന്നും നിലനില്ക്കുന്ന
അതഃ	ആകയാൽ	ക്ഷേമം	ക്ഷേമത്തെക്കുറിച്ച്
ഭവതഃ	ഭവാൻമാരോട്	പൃച്ഛാമഃ	ചോദിച്ചുകൊള്ളുന്നു.

അസ്മിൻ	ഈ	ക്ഷണാർദ്ധഃ അപി	അരക്ഷണത്തേക്ക് മാത്രം ലഭിച്ചതായാലും കൂടി
സംസാരേ	സംസാരത്തിൽ	നൃണാം	മനുഷ്യർക്ക്
സത്സംഗഃ	സജ്ജനസംസർഗ്ഗം	ശേവധി	അതു നിധിപോലെയാണ്

31. **ധർമ്മാൻ ഭാഗവതാൻ ബ്രൂത യദി നഃ ശ്രുതയേ ക്ഷമം**
യൈഃ പ്രസന്നഃ പ്രപന്നായ ദാസ്യത്യാത്മാനമപ്യജഃ

യൈഃ	യാതൊന്നുകളാൽ	ധർമ്മാൻ	ആ ധർമ്മങ്ങളെ (അനുഷ്ഠാനങ്ങളെ)
പ്രസന്നഃ	സന്തുഷ്ടനായി ഭവിച്ച		
അജഃ	ശ്രീഹരി		
പ്രപന്നായ	സ്വഭക്തന്ന്	നഃ ശ്രുതയേ	ഞങ്ങളുടെ ശ്രവണത്തിന്ന് (ഞങ്ങൾക്ക കേൾക്കവാൻ)
ആത്മാനം അപി	തന്നെപ്പോലും		
ദാസ്യതി	കൊടുത്തേക്കമോ,	ക്ഷമം യദി	ഉചിതമായതെങ്കിൽ
ഭാഗവതാൻ	ഭഗവൽ പരിതോഷകരങ്ങളായ	ബ്രൂത	ചൊല്ലിത്തരുവിൻ

ശ്രീ നാരദ ഉവാച = ശ്രീ നാരദൻ പറഞ്ഞു—

32 **ഏവം തേ നിമിനാ പൃഷ്ടാ വസുദേവ മഹത്തമാഃ**
പ്രതിപൂജ്യാബ്രുവൻ പ്രീത്യാ സസദസ്യർത്വിജം നൃപം.

വസുദേവ	ഹേ വസുദേവ!	സസദസ്യർത്വിജം	സദസ്യരോടും ഋത്വിക്കുകളോടും കൂടിയ
ഏവം	ഇപ്രകാരം		
നിമിനാ	നിമി ചക്രവർത്തിയാൽ	നൃപം	ആ രാജാവിനെ
പൃഷ്ടാഃ	ചോദിക്കപ്പെട്ട	പ്രതിപൂജ്യ	സാദരം പ്രശംസിച്ച്
മഹത്തമാഃ	മഹാപുരുഷന്മാരായ	പ്രീത്യാ	സന്തോഷത്തോടെ
തേ	അവർ	അബ്രുവൻ	പറഞ്ഞു.

ആദ്യം 'ആത്യന്തികക്ഷേമം' എന്തെന്നു വിശദീകരിക്കുന്നു.

കവിരുവാച = 'കവി'യെന്ന യോഗി പറഞ്ഞു—

33. **മന്യേഽകുതശ്ചിദ് ഭയമച്യുതസ്യ**
പാദാംബുജോപാസനമത്ര നിത്യം
ഉദ്വിഗ്നബുദ്ധേരസദാത്മഭാവാദ്
വിശ്വാത്മനാ യത്ര നിവർത്തതേ ഭീഃ

അത്ര	ഈ ലോകത്തിൽ	അകുതശ്ചിദ്ഭയം	എങ്ങുനിന്നും ഭീതിയുണ്ടാകാത്തതായിട്ട് (സകല ഭയനിവർത്തകമായിട്ട്)
അസദാത്മഭാവാത്	വാസ്തവികമല്ലാത്ത ദേഹേന്ദ്രിയാദികളിൽ ആത്മാഭിമാനം ജനിക്കുക നിമിത്തം	മന്യേ	ഞാൻ വിചാരിക്കുന്നു.
നിത്യം	എപ്പോഴും	യത്ര	യാതൊന്നിൽ— യാതൊരു ഈ ഭഗവദുപാസന ചെയ്തുകൊണ്ടിരിക്കുമ്പോൾ
ഉദ്വിഗ്നബുദ്ധേഃ	(താപത്രയത്താൽ) ഭീതിമുഴുത്ത ചിത്തത്തോടു കൂടിയവന്ന്		
അച്യുതസ്യ	നിർവികാരത്മാവായ ഭഗവാന്റെ	ഭീഃ	സംസൃതിഭയം
		വിശ്വാത്മനാ	സർവ്വപ്രകാരേണ
പാദാംബുജോപാസനം	തൃപ്പാദപത്മങ്ങളെ ഉപാസിക്കുക എന്നത്	നിവർത്തതേ	നീങ്ങിപ്പോകുന്നു.

ഭഗവാനെ ഉപാസിക്കുക എന്നതാണ് സർവ്വഭയനിവർത്തകവും ആത്യന്തികവുമായ ക്ഷേമത്തിന്ന്— സുസ്ഥിരമായ ശ്രേയസ്സിന്ന് നിദാനമെന്നു സാരം. ഇനി ഭാഗവത ധർമ്മ ലക്ഷണം പറഞ്ഞുധരിപ്പിക്കുന്നു

34. യേ വൈ ഭഗവതാ പ്രോക്താ ഉപായാ ഹ്യാത്മലബ്ധയേ
അഞ്ജഃ പുംസാമവിദുഷാം വിദ്ധി ഭാഗവതാൻ ഹി താൻ

അവിദുഷാം	അജ്ഞരായ	ഉപായാഃ	മാർഗ്ഗങ്ങൾ
പുംസാം	ജനങ്ങൾക്ക്	ഭഗവതാഹി	ഭഗവാനാൽ തന്നെ
അഞ്ജഃ	അനായാസേന	പ്രോക്താഃ	ഉപദേശിക്കപ്പെട്ടിരിക്കുന്നുവോ,
ആത്മലബ്ധയേ	ആത്മലാഭത്തിന്നായി (തന്നെ ലഭിക്കുന്നതിന്നായി)	താൻ	അവയെ
		ഭാഗവതാൻ	ഭാഗവധർമ്മങ്ങളായിട്ട്
യേ വൈ	യാവചില	വിദ്ധി	അറിഞ്ഞുകൊണ്ടാലും

മനു മുതലായ ധർമ്മാചാര്യൻമാർ മുഖേന വർണ്ണാശ്രമാദി ധർമ്മങ്ങളെ ഉപദേശിച്ച ശേഷം അത്യന്തം രഹസ്യമാകയാൽ അറിവില്ലാത്തവർക്കുകൂടി ആയാസം കൂടാതെ ആത്മലബ്ധി കൈവരുവാനുതകുന്ന ചില മാർഗ്ഗങ്ങൾ (ഭഗവദ്ഗീതാദികളിൽ പ്രസിദ്ധങ്ങളായ ശ്രവണകീർത്തനാദികൾ) ഭഗവാൻ തന്നെ ഉപദേശിക്കുകയുണ്ടായല്ലോ. പരമഫലഹേതുഭൂതങ്ങളായ ആ മാർഗ്ഗങ്ങളാണ് ഭാഗവത ധർമ്മങ്ങൾ.

''അഞ്ജഃ'' എന്ന പദംകൊണ്ടു സൂചിപ്പിച്ച ഭാഗവത ധർമ്മങ്ങളുടെ സുകരത്വം ഇനി വ്യക്തമാക്കുന്നു—

35. യാനാസ്ഥായ നരോ രാജൻ ന പ്രമാദ്യേത കർഹിചിത്
ധാവൻ നിമീല്യ വാ നേത്രേ ന സ്ഖലേന്ന പതേദിഹ

രാജൻ	അല്ലയോ രാജാവേ!	നേത്രേ	കണ്ണുരണ്ടും
യാൻ	യാതൊരു ഈ ഭാഗവത ധർമ്മങ്ങളെ	നിമീല്യ	അടച്ച്
ആസ്ഥായ	അവലംബിച്ച് (അനുഷ്ഠിച്ചുകൊണ്ട്)	ധാവൻവാ	പാഞ്ഞുകൊണ്ടിരുന്നാലും
നരഃ	മനുഷ്യൻ	ഇഹ	ഇവിടെ (ഭാഗവത ധർമ്മാനുഷ്ഠാനത്തിൽ
കഥിചിത്	ഒരിക്കലും, ഒരിടത്തും	ന സ്ഖലേത്	കാലിടറുകയില്ല;
ന പ്രമാദ്യേത	അബദ്ധത്തിൽപ്പെടുകയില്ല.	ന പതേത്	വീഴുകയില്ല

ശ്രവണകീർത്തനാദികളായ ഭാഗവത ധർമ്മങ്ങളുടെ അനുഷ്ഠാനത്തിന്ന് ഇടയ്ക്കുവച്ചു മുടക്കങ്ങൾ നേരിട്ടാലും കുഴപ്പമില്ല. മററു യോഗകർമ്മ തപോനുഷ്ഠാനാദികളുടെ സ്ഥിതിയതല്ലല്ലൊ അതിന്നും പുറമെ ഈ ഭാഗവത ധർമ്മാചരണത്തിൽ കണ്ണടച്ചു കൊണ്ടുള്ള ഓട്ടം — അതായത്, അലസതയാലൊ, അനാരോഗ്യത്താലൊ പൂജാപാഠാദികളിൽ ചിലതെല്ലാം വിട്ടുകളഞ്ഞുകൊണ്ടുള്ള ശീഘ്രഗാമിത്വവും ഹാനികരമാകയില്ല. അവശ്യം അനുഷ്ഠേയങ്ങളായ വർണ്ണധർമ്മങ്ങളെയും ആശ്രമധർമ്മങ്ങളെയും അവഗണിച്ചുകൊണ്ട് ഭാഗവതധർമ്മങ്ങളെ അനുഷ്ഠിച്ചാലും തൽഫലം സിദ്ധിക്കുന്നതാണ്. ആകയാൽ അനുഷ്ഠാന വിഷയത്തിൽ ഇത്രയും വൈഷമ്യമല്ലാത്ത സാർവ്വജനീനമായ ധർമ്മം വേറെയില്ല.

എന്നാൽ, ഈ ഭാഗവത ധർമ്മങ്ങൾ ഏവ? പറയുന്നു—

36. **കായേനവാചാ മനസേന്ദ്രിയൈർവാ**
ബുദ്ധ്യാത്മനാ വാനുസൃതിസ്വഭാവാത്
കരോതി യദ്യത് സകലം പരസ്മൈ
നാരായണായേതി സമർപ്പയേത്തത്

കായേന	ശരീരംകൊണ്ടോ,	യത് യത്	എന്തെല്ലാം
വാചാ	വാക്കുകൊണ്ടോ,	കരോതി	പ്രവർത്തിക്കുന്നുവോ.
മനസാ വാ	മനസ്സുകൊണ്ടോ,	തത് സകലം	അതെല്ലാം
ഇന്ദ്രിയൈഃ	ഇന്ദ്രിയങ്ങൾകൊണ്ടോ,	പരസ്മൈ	"പരമാത്മാവായ
ബുദ്ധ്യാ	ബുദ്ധികൊണ്ടോ,	നാരായണായ	ശ്രീമന്നാരായണനായിക്കൊണ്ട്"
ആത്മനാ	ചിത്തംകൊണ്ടോ,	ഇതി	എന്ന സങ്കല്പത്തോടെ
അനുസൃതിസ്വഭാവാത് വാ	പരമ്പരാപ്രാപ്തമായ സ്വഭാവംകൊണ്ടോ,	സമർപ്പയേത്	സമർപ്പിക്കണം.

ഈശ്വരാർപ്പിതങ്ങളായ സമസ്തകർമ്മങ്ങളും ഭാഗവത ധർമ്മങ്ങളാണെന്നു സാരം

''സംസാരഭയം അജ്ഞാനകല്പിതമാകയാൽ ജ്ഞാനംകൊണ്ടു മാത്രമേ അതു നിവൎത്തിതമാകയുള്ളു'' എന്നിരിക്കെ, ഈശ്വരഭജനത്തിന്നു പ്രസക്തിയെന്തെന്നുള്ള ആശങ്കയെ ഇനി നിരാകരിക്കുന്നു.

37. ഭയം ദ്വിതീയാഭിനിവേശതഃ സ്യാ-
ദീശാദപേതസ്യ വിപൎയ്യയോऽസ്മൃതിഃ
തന്മായയാതോ ബുധ ആഭജേത്തം
ഭക്ത്യൈകയേശം ഗുരുദേവതാത്മാ

ഈശാത്	ഭഗവാനിൽ നിന്നു്	(ഭവതി	സംജാതമായിത്തീരുന്നു.
അപേതസ്യ	അകന്നുനിൽക്കുന്നവന്നു്	അതഃ)	ആയതിനാൽ
തന്മായയാ	ഭഗവാന്റെ മായകൊണ്ടു്	ബുധഃ	വിവേകമുള്ളവൻ
അസ്മൃതിഃ	ആത്മസ്വരൂപവിസ്മരണം	ഗുരുദേവതാത്മാ	ഗുരു തന്നെയാണ് ആരാധ്യനെന്നും ആത്മാവിനെപ്പോലെ സൎവ്വാധികം പ്രിയപ്പെട്ടവനെന്നും ഉള്ളിലുറച്ചുകൊണ്ടു്
സ്യാത്	സംഭവിക്കും;		
(തതഃ)	തന്നിമിത്തമായിട്ടു്		
വിപൎയ്യയഃ	ദേഹത്തിൽ ആത്മത്വാഭിമാനമുണ്ടാകും.		
(തതശ്ച)	തന്നിമിത്തം	തം ഈശം	ആ സൎവ്വേശ്വരനെ
ദ്വിതീയാഭിനിവേശതഃ	ഒന്നിൽ രണ്ടെന്നതോന്നൽ (സൎവ്വാത്മകമായ ഏകന ബ്രഹ്മത്തിൽ ഞാനെന്നും നീയെന്നുമുള്ള ഭേദബുദ്ധി) ഉണ്ടാവുകയാൽ	ഏകയാ	അചഞ്ചലമായ
		ഭക്ത്യാ	ഭക്തിയോടെ
ഭയം	സംസൃതിഭയം	ആഭജേത്	മുക്തിസിദ്ധിക്കുവോളം ഭജിച്ചുകൊള്ളണം.

വിഷയദൂഷിതമായ മനസ്സിൽ അചഞ്ചലമായ ഭക്തിക്കു സ്ഥാനമെവിടെ?- ഈ ചോദ്യത്തെ ആശങ്കിച്ചു പറയുന്നു.

38. അവിദ്യമാനോऽപ്യവഭാതി ഹി ദ്വയോ
ധ്യാതുൎദ്ധിയാ സ്വപ്നമനോരഥൌ യഥാ
തത് കൎമ്മസങ്കല്പവികല്പകം മനോ
ബുധോ നിരുന്ധ്യാദഭയം തതഃ സ്യാത്

ദ്വയഃ	ദ്വൈതപ്രപഞ്ചം	ധ്യാതുഃ	മനുഷ്യന്നു്
അവിദ്യമാനഃ അപി	ഉള്ളതല്ലെന്നിരിക്കിലും കൂടി	ധിയാ	മനസ്സിനാൽ

സ്വപ്നമനോ-രഥൗയഥാ	സ്വപ്നത്തിൽ കണ്ട വസ്തു പോലെയും, മനോരാജ്യത്തിൽ നിഴലിച്ച വസ്തു പോലെയും	മനഃ	മനസ്സിനെ
അപബോതിഹി	തോന്നുന്നുണ്ടല്ലോ.	ബുധഃ	വിവേകമുള്ളവൻ
തത്	അതുകൊണ്ട്	നിരുന്ധ്യാത്	നിയന്ത്രിക്കണം
കർമ്മസങ്കല്പ-വികല്പകം	കർമ്മങ്ങളെ സങ്കല്പിക്കുകയും വികല്പിക്കുകയും ചെയ്യുന്ന (ദ്വൈതപ്രപഞ്ചത്തെ സത്യമായും ബഹുവായും തോന്നിക്കുന്ന)	തതഃ	അതിനാൽ, (ആ ഏകാന്ത
		തിഭയ	ഭക്തിയോഗത്താൽ
		അഭയം	ഭയനിവൃത്തി
		സ്യാത്	ഉണ്ടാകും

മനോനിയന്ത്രണം ചെയ്ത് നിശ്ചലമാക്കിയ ഭക്തിയോഗത്താൽ സംസൃതിവൃക്ഷത്തിന്റെ ആണിവേരായ മായ നീങ്ങുകയും അപ്പോൾ സംസൃതി ഭയം ഇല്ലാതാവുകയും ചെയ്യുമെന്നു സാരാർത്ഥം

ഈ മനോനിയന്ത്രണം പറയുംപോലെ എളുപ്പമല്ലല്ലോ എന്നാണെങ്കിൽ എളുപ്പമായ വഴി വേറെയുള്ളതു കാട്ടിക്കൊടുക്കുന്നു.

39. **ശൃണ്വൻ സുഭദ്രാണി രഥാംഗപാണേ-**
ർജ്ജന്മാനി കർമ്മാണി ച യാനി ലോകേ
ഗീതാനി നാമാനി തദർത്ഥകാനി
ഗായൻ വിലജ്ജോ വിചരേദസംഗഃ

ലോകേ	ലോകത്തിൽ	കർമ്മാണി	പ്രവർത്തനങ്ങളും
ഗീതാനി	വാഴ്ത്തപ്പെട്ടവരുന്നവയും	നാമാനി	തിരുനാമങ്ങളും ഉണ്ടോ,
സുഭദ്രാണി	അത്യന്തം മംഗളകരങ്ങളും	(താനി)	അവകളെ
തദർത്ഥകാനി	അവിടത്തെ ജന്മകർമ്മങ്ങളെത്തന്നെ ഉള്ളടക്കമായവയുമായ	ശൃണ്വൻ	ശ്രവിച്ചുകൊണ്ടും
		വിലജ്ജഃ	ലജ്ജവിട്ടവനായിട്ട്
രഥാംഗപാണേഃ	ചക്രപാണി ഭഗവാന്റെ	ഗായൻ ച	പാടിക്കൊണ്ടും
യാനി	യാവചില	അസംഗഃ	നിഃസംഗനായി
ജന്മാനി	അവതാരങ്ങളും	വിചരേത്	സഞ്ചരിച്ചുകൊള്ളണം

ഇങ്ങനെ നിരന്തര ശ്രവണകീർത്തനങ്ങളാൽ വിഷയാസക്തിവിട്ടു ഭഗവാനെ ഭജിച്ചു പ്രേമലക്ഷണമായ ഭക്തിയോഗത്തിൽ എത്തിച്ചേർന്നവന്റെ അസാധാരണമായ ജീവിതത്തെ ഇനി ചിത്രീകരിക്കുന്നു.

40. ഏവംവ്രതഃ സ്വപ്രിയനാമകീർത്ത്യാ
ജാതാനുരാഗോ ദ്രുതചിത്ത ഉച്ചൈഃ
ഹസത്യഥോ രോദിതി രൗതി ഗായ-
ത്യുന്മാദവന്നൃത്യതി ലോകബാഹ്യഃ

ഏവം വ്രതഃ	ഈവിധം നിഷ്ഠയുറച്ചവൻ
സ്വപ്രിയനാമ കീർത്ത്യാ	തന്റെ പ്രിയനായ ഭഗവാന്റെ തിരുനാമങ്ങളെ കീർത്തിക്കുക നിമിത്തം
ജാതാനുരാഗഃ	ഉണ്ടായ പ്രേമഭക്തിയോടു കൂടിയവനായി,
ദ്രുതചിത്തഃ	(തന്മൂലം) മനസ്സലിഞ്ഞ്
ഉന്മാദവത്	പേപ്പിശാചു പിടിച്ചവൻ കണക്കെ
ലോകബാഹ്യഃ	ലോകവ്യവഹാരങ്ങളിൽ വിലക്ഷണസ്വഭാവം കാണിച്ചുകൊണ്ട്
അഥോ	ഓരോരോ സമയങ്ങളിൽ
ഉച്ചൈഃ	ഉറക്കെ
ഹസതി	ചിരിക്കുന്നു;
രോദിതി	കരയുന്നു;
രൗതി	ബഹളം വയ്ക്കുന്നു;
ഗായതി	പാട്ടുപാടുന്നു;
നൃത്യതി	നൃത്തംചവിട്ടുന്നു.

ഏകാന്തഭക്തൻ ലോകചിന്ത വെടിഞ്ഞു ഭ്രാന്തനെപ്പോലെയായിത്തീരുന്നു. അവൻ ചിലപ്പോൾ ഭക്തദാസനായ ഭഗവാന്റെ ലീലകളെ നിനച്ച് ഉച്ചത്തിൽ ചിരിച്ചുതുടങ്ങും. ചിലപ്പോൾ ഇത്രയും കാലം ഭഗവാൻ തന്നോട് ഉപേക്ഷ കാണിച്ചതിൽ പരാതിപ്പെട്ടു കരഞ്ഞുതുടങ്ങും. ചിലപ്പോൾ ഭഗവദ്ദർശനൗത്സുക്യത്താൽ മുറവിളി കൂട്ടും. മററു ചിലപ്പോൾ ''ഹരേ, ഹരേ! എന്നെ രക്ഷിക്കണേ!'' ഇത്യാദി പാടിത്തുടങ്ങും; ''ജയ ജയ കൃഷ്ണ'' ഇത്യാദി ചൊല്ലിക്കൊണ്ടു നൃത്തമാടും. ഇതിനും പുറമെ —

41 ഖം വായുമഗ്നിം സലിലം മഹീം ച
ജ്യോതീംഷി സത്ത്വാനി ദിശോ ദ്രുമാദീൻ
സരിത്സമുദ്രാംശ്ച ഹരേഃ ശരീരം
യത് കിംച ഭൂതം പ്രണമേദനന്യഃ

ഖം	ആകാശത്തെയും,
വായും,	വായുവിനെയും,
അഗ്നിം	അഗ്നിയെയും,
സലിലം	ജലത്തെയും,
മഹീം ച	ഭൂമിയെയും,
ജ്യോതീംഷി	ജ്യോതിർഗോളങ്ങളെയും,
സത്ത്വാനി	ജന്തുക്കളെയും,
ദിശഃ	ദിക്കുകളെയും,
ദ്രുമാദീൻ	വൃക്ഷലതാദികളെയും,
സരിത്-സമുദ്രാൻ ച	നദികളെയും, സമുദ്രങ്ങളെയും
യത് കിം ച ഭൂതം	ഇങ്ങനെയും മററുമായുള്ള ചരാചരനിവഹത്തെയെല്ലാം
ഹരേഃ	ഭഗവാന്റെ
ശരീരം	ശരീരമായിക്കരുതി,
അനന്യഃ	താനും ഭഗവച്ഛരീരത്തിൽ നിന്നു വേറെയല്ലെന്നുറപ്പിച്ചുകൊണ്ട്, ഭക്തൻ
പ്രണമേത്	പ്രണമിച്ചേക്കാം.

യോഗാരൂഢന്മാർക്കുപോലും ദുഃസാധമായ ഈ സ്ഥിതിവിശേഷം നാമകീർത്തനം കൊണ്ടുമാത്രം ഒരേ ജന്മത്തിൽ സാധിക്കുന്നതെങ്ങനെയെന്ന് ആശങ്കിക്കാതിരിപ്പാൻ പറയുന്നു —

42 **ഭക്തിഃ പരേശാനുഭവോ വിരക്തി–**
രന്യത്ര ചൈഷ ത്രിക ഏകകാലഃ
പ്രപദ്യമാനസ്യ യഥാശ്നതഃ സ്യു–
സ്തുഷ്ടിഃ പുഷ്ടിഃ ക്ഷുദപായോഽനുഘാസം.

പ്രപദ്യ-മാനസ്യ	നിഷ്കപടമായി ഭഗവാനെ ഭജിക്കുന്ന വ്യക്തിക്ക്
ഭക്തിഃ	പ്രേമലക്ഷണമായ ഭക്തിയും,
പരേശാ-നുഭവഃ	പ്രേമഭക്തിക്ക് ആസ്പദമായ സർവ്വേശ്വരന്റെ സ്വരൂപസ്ഫുരണവും.
അന്യത്ര	മററുള്ളവയിൽ
വിരക്തിഃ ച	വിരക്തിയും എന്നിങ്ങനെയുള്ള
ഏഷഃ ത്രികഃ	ഈ മൂന്നും
ഏകകാലികഃ	ഒരേ കാലത്തിലുണ്ടാവുന്നതാണ്
യഥാ	എപ്രകാരമെന്നാൽ
അശ്നതഃ	ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നവന്ന്
അനുഘാസം	ഓരോ ഉരുള അകത്തു ചെല്ലുമ്പോഴും
തുഷ്ടിഃ	മനഃസംതൃപ്തിയും,
പുഷ്ടിഃ	ഉദരപൂർത്തിയും,
ക്ഷുദപായഃ	വിശപ്പടങ്ങലും
സ്യുഃ	ഏകകാലത്തിൽ സംഭവിക്കുമല്ലോ.

അപ്രകാരം ഓരോ ഭജനത്തിലൂടെ പ്രേമാദിത്രികം വളർന്നുവന്ന് അതിന്റെ പാരമ്യത്തിൽ എത്തിച്ചേരുന്നു. ഓരോ ഉരുളയായി ഭക്ഷിച്ച് എല്ലാം അകത്താകുമ്പോഴും സംതൃപ്ത്യാദിത്രികം അതിന്റെ പാരമ്യത്തിലെത്തുന്നപോലെയാണിത്.

43 **ഇത്യച്യുതാങ്ഘ്രിം ഭജതോഽനുവൃത്ത്യാ**
ഭക്തിർവിരക്തിർഭഗവത്പ്രബോധഃ
ഭവന്തി വൈ ഭാഗവതസ്യ രാജം–
സ്തതഃ പരാം ശാന്തിമുപൈതി സാക്ഷാത്

രാജൻ	അല്ലയോ രാജാവേ!
ഇതി	ഇപ്രകാരം
അച്യുതാംഘ്രിം	ശ്രീഹരിയുടെ തൃപ്പാദത്തെ
അനുവൃത്ത്യാ	തുടർച്ചയോടെ
ഭജതഃ	ഭജിക്കുന്ന
ഭാഗവതസ്യ	ഭഗവദ് ഭക്തന്ന്
ഭക്തിഃ	പ്രേമഭക്തിയും
വിരക്തിഃ	വൈരാഗ്യവും
ഭഗവത്-പ്രബോധഃ	ഭഗവത് സാക്ഷാത്കാരവും
ഭവന്തിവൈ	ഉണ്ടാവുന്നു; തീർച്ചയാണ്
തതഃ	ആ ഭക്ത്യാദിത്രികത്താൽ
സാക്ഷാത്	ശരിക്കും
പരാം	സർവ്വോൽകൃഷ്ടമായ
ശാന്തിം (സഃ)	മുക്തിയെ അവൻ
ഉപൈതി	പ്രാപിക്കുന്നു.

''ഭവന്തി വൈ ഭാഗവതസ്യ'' എന്നു പറഞ്ഞതിൽ 'ഭാഗവതൻ' ആരെന്നും അവന്റെ ലക്ഷണമെന്തെന്നും അറിയുവാനുള്ള ആഗ്രഹത്തോടെ നിമി മഹാരാജാവ് ചോദിക്കുന്നു.

രാജോവാച–

44. **അഥ ഭാഗവതം ബ്രൂത യദ്ധർമ്മോ യാദൃശോ നൃണാം**
യഥാ ചരതി യദ് ബ്രൂതേ യൈർല്ലിംഗൈർ ഭഗവത് പ്രിയഃ

അഥ	ഇനി		
ഭാഗവതം	ഭഗവദ്ഭക്തനെക്കുറിച്ച്	യഥാ	ഏതുവിധം
ബ്രൂത	ചൊല്ലിത്തരുവിൻ	ചരതി	പെരുമാറുന്നു ?
യദ്ധർമ്മഃ	(അവൻ) ഏതുതരം ധർമ്മമുള്ളവനാണ്?	യത് ബ്രൂതേ	എന്തു പറയുന്നു ?
		യൈഃ	ഏതു തരത്തിലുള്ള
യാദൃശഃ	ഏതുതരം സ്വഭാവമുള്ളവനാണ്?	ലിംഗൈഃ	ലക്ഷണങ്ങളാൽ
നൃണാം	ജനതാമധ്യത്തിൽ	ഭഗവത്-പ്രിയഃ	ഭഗവാനു് ഇഷ്ടപ്പെട്ടവനായി ഭവിക്കുന്നു?

ഭഗവത്ഭക്തന്റെ ധർമ്മം, സ്വഭാവം, ആചാരണം, വാക്ക്, ലക്ഷണം എന്നീ അഞ്ചു സംഗതികളെപ്പറ്റിയാണ് നിമി ചക്രവർത്തി യഥാക്രമം ചോദിക്കുന്നത്.

ഹരിരുവാച : ഹരിയെന്ന യോഗി ഉത്തരം പറയുന്നു.

45. **സർവ്വഭൂതേഷു യഃ പശ്യേദ് ഭഗവദ്ഭാവമാത്മനഃ**
ഭൂതാനി ഭഗവത്യാത്മന്യേഷ ഭാഗവതോത്തമഃ

യഃ	യാതൊരുവൻ		താനാവുന്ന
സർവ്വ-ഭൂതേഷു	സമസ്തചരാചര പ്രാണികളിലും	ഭഗവതി	ബ്രഹ്മസ്വരൂപത്തിൽ
		ഭൂതാനി	സമസ്തചരാചരങ്ങളെയും
ആത്മനഃ	തന്റെ യഥാർത്ഥമായ	പശ്യേത്	ദർശിച്ചേക്കുമോ,
ഭഗവദ്-ഭാവം	പരബ്രഹ്മസദ്ഭാവത്തെയും (സ്വരൂപത്തെയും)	(സഃ) ഏഷ	അങ്ങനെയുള്ളവൻ
ആത്മനി	(അതുപോലെ)	ഭാഗവതോ-ത്തമഃ	ഭഗവദ്ഭക്തന്മാരിൽ വച്ച് ഉത്തമനാകുന്നു.

46. **ഈശ്വരേ തദധീനേഷു ബാലിശേഷു ദ്വിഷത്സു ച**
പ്രേമമൈത്രീകൃപോപേക്ഷാ യഃ കരോതി സ മധ്യമഃ

ഈശ്വരേ	ഈശ്വരനിലും	പ്രേമമൈത്രീ-കൃപോപേക്ഷാഃ	(യഥാക്രമം) പ്രേമഭക്തിയെയും, സൗഹൃദത്തെയും, കാരുണ്യത്തെയും,
തദധീനേഷു	ഈശ്വരഭക്തന്മാരിലും		
ബാലിശേഷു	അജ്ഞന്മാരിലും,		
ദ്വിഷത്സു ച	സജ്ജനദ്വേഷികളിലും		ഔദാസീന്യത്തെയും

യഃ	യാതൊരുവൻ	മധ്യമഃ	ഭഗവദ്ഭക്തന്മാരിൽ ഇടത്തരക്കാരനാണ്
കരോതി	പ്രകടിപ്പിക്കുന്നുവോ,		
സഃ	അവൻ		

ഈശ്വരനിൽ പ്രേമം, തൽഭക്തന്മാരിൽ മൈത്രി, ദീനന്മാരിൽ കൃപ, ഈശ്വരവിരോധികളിൽ ഉപേക്ഷ എന്നീപ്രകാരം ഭേദവിചാരജന്യമായ പൃഥഗ്ഭാവം പ്രദർശിപ്പിക്കുന്ന ഭക്തനെ മധ്യമനായിട്ട് കണക്കാക്കണം.

47. അർച്ചായാമേവ ഹരയേ പൂജാം യഃ ശ്രദ്ധയേഹതേ
ന തദ്ഭക്തേഷു ചാന്യേഷു സ ഭക്തഃ പ്രാകൃതഃ സ്മൃതഃ

യഃ	യാതൊരുവൻ	അന്യേഷു ച	മററുള്ളവരിലും (ഗോബ്രാഹ്മണാദികളിൽ)
ഹരയേ	ശ്രീഹരിയെ ഉദ്ദേശിച്ച്		
അർച്ചായാം	വിഗ്രഹത്തിൽ	ന (ഈഹതേ)	അതു നടത്താതിരിക്കുകയും ചെയ്യുന്നുവോ,
ഏവ	മാത്രം		
ശ്രദ്ധയാ	ശ്രദ്ധയോടെ	സഃ	അവൻ
പൂജാം	പൂജയെ	പ്രാകൃതഃ	പ്രാരംഭദശയിലുള്ള
ഈഹതേ	നിറവേററുകയും,		
തദ്ഭക്തേഷു	തന്തിരുവടിയുടെ ഭക്തന്മാരിലും	ഭക്തഃ സ്മൃതഃ	ഭക്തനായിട്ട കരുതപ്പെടുന്നു.

ഒരുവൻെറ ഭക്തിവിശ്വാസങ്ങൾ അർച്ചനാ ബിംബത്തിൽ മാത്രം ഒതുങ്ങിയതാണെങ്കിൽ അവൻ ഭക്തനാകാനുള്ള ഉദ്യമത്തിലുള്ളവനാണെന്നേ കരുതേണ്ടതുള്ളു.

ഉത്തമനായ ഭാഗവതൻെറ ലക്ഷണം ആദ്യം ഒരു ശ്ലോകംകൊണ്ട് നിർവചിച്ചു പിന്നെ ആനുഷംഗികമായി മധ്യമ-പ്രാകൃതഭക്തന്മാരുടെ സ്വഭാവം രണ്ടു ശ്ലോകങ്ങളാൽ വേർതിരിച്ചുകാണിച്ചു. ഇനി എട്ടു ശ്ലോകങ്ങൾകൊണ്ട് ഉത്തമഭക്തൻെറ ലക്ഷണങ്ങളെത്തന്നെ വിവരിക്കുന്നു.

48. ഗൃഹീത്വാപീന്ദ്രിയൈരർത്ഥാൻ യോ ന ദ്വേഷ്ടി ന ഹൃഷ്യതി
വിഷ്ണോർമായാമിദം പശ്യൻ സ വൈ ഭാഗവതോത്തമഃ

യഃ	യാതൊരുവൻ	വിഷ്ണോഃ	ശ്രീവിഷ്ണുവിൻെറ
ഇന്ദ്രിയൈഃ	ഇന്ദ്രിയങ്ങളാൽ	മായാം	മായയായിട്ട്
അർത്ഥാൻ	വിഷയങ്ങളെ	പശ്യൻ	കണ്ട്
ഗൃഹീത്വാ അപി	ഗ്രഹിച്ചെന്നിരിക്കിലും (ശ്രീവാസുദേവനാൽ ആവിഷ്ടചിത്തനായി അവയെ ഗ്രഹിക്കാതെയും ഇരുന്നുകൊണ്ട്)	ന ദ്വേഷ്ടി	വെറുക്കുന്നില്ലയോ,
		ന ഹൃഷ്യതി	(എന്നാൽ) ആദരിച്ചാനന്ദിക്കുന്നതുമില്ലയോ,
		സഃ വൈ	അവൻ തികച്ചും
ഇദം	ഈ വിശ്വത്തെ	ഭാഗവതോത്തമഃ	ഭഗവദ് ഭക്തന്മാരിൽ ഉത്തമനാകുന്നു.

49. ദേഹേന്ദ്രിയ പ്രാണമനോധിയാം യോ
ജന്മാപ്യയക്ഷുദ് ഭയതർഷകൃച്ഛ്രൈഃ
സംസാരധർമ്മൈരവിമുഹ്യമാനഃ
സ്മൃത്യാ ഹരേർഭാഗവതപ്രധാനഃ

യഃ	യാതൊരുവൻ
ഹരേഃ സ്മൃത്യാ:	ഹരിസ്മരണയാൽ
ദേഹേന്ദ്രിയ-പ്രാണമനോ-ധിയാം	ശരീരം, ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ്സ്, ബുദ്ധി, എന്നിവക്ക്
സംസാര-ധർമ്മൈഃ	സാംസാരികതയുടെ പ്രത്യേകസ്വഭാവങ്ങളായ
ജന്മാപ്യയക്ഷുദ്ഭയതർഷ കൃച്ഛ്രൈഃ	ജനനം, മരണം വിശപ്പ്, പേടി, തൃഷ്ണാശ്രമം എന്നിവകളാൽ
അവിമുഹ്യ-മാനഃ	മോഹം പ്രാപിക്കുന്നില്ലയോ, (ജന്മാദികളായ ദേഹധർമ്മങ്ങൾ ആത്മാവിന്റെയാണെന്നു കരുതാതിരിക്കുന്നുവോ.
(സഃ)	അവൻ
ഭാഗവത-പ്രധാനഃ	ഉത്തമനായ ഭഗവദ്ഭക്തനാകുന്നു.

50. ന കാമകർമ്മബീജാനാം യസ്യ ചേതസി സംഭവഃ
വാസുദേവൈകനിലയഃ സ വൈ ഭാഗവതോത്തമഃ

യസ്യ	യാതൊരുവന്റെ
ചേതസി	മനസ്സിൽ
കാമകർമ്മ-ബീജാനാം	ഭോഗേച്ഛകൾ, തന്നിമിത്തമായ ദൈഹികചേഷ്ടകൾ, പുനരുത്പത്തിക്കു ഹേതുഭൂതങ്ങളായ വാസനകൾ എന്നിവയുടെ
സംഭവഃ ന	ഉത്പത്തിയില്ലയോ,
വാസുദേവൈകനിലയഃ	ശ്രീവാസുദേവനാവുന്ന ഏകാശ്രയത്തോടുകൂടിയ
സഃ വൈ ഭാഗവതോ-ത്തമഃ	അവനാകട്ടെ ഭഗവദ്ഭക്തന്മാരിൽ ഉത്തമനാകുന്നു.

ഇച്ചൊല്ലിയ മൂന്നു ശ്ലോകങ്ങളാൽ ഭക്തന്റെ ആചരണം ഏതുവിധമാണെന്നതിന്നുള്ള ഉത്തരമായി. ഇനി ഭക്തന്റെ ലക്ഷണങ്ങൾ പറയുന്നു.

51. ന യസ്യ ജന്മകർമ്മഭ്യാം ന വർണ്ണാശ്രമജാതിഭിഃ
സജ്ജതേഽസ്മിന്നഹംഭാവോ ദേഹേ വൈ സ ഹരേഃ പ്രിയഃ

യസ്യ	യാതൊരുവന്ന്
ജന്മകർമ്മഭ്യാം	നല്ല കുടുംബത്തിൽ ജനിച്ചതുകൊണ്ടും, നല്ല പ്രവൃത്തികളിൽ ഏർപ്പെട്ടതുകൊണ്ടും
അസ്മിൻ	ഈ
ദേഹേ	ശരീരത്തിൽ
അഹംഭാവഃ	അഹങ്കാരം
ന സജ്ജതേ	വന്നുചേരുന്നില്ലയോ,

വർണ്ണാശ്രമ-ജാതിഭിഃ ന	വർണ്ണം (ബ്രാഹ്മണാദി), ആശ്രമം (ബ്രഹ്മചര്യാദി), ജാതി എന്നിവകൊണ്ടും അതുണ്ടാകുന്നില്ലയോ	സഃ വൈ	അവനത്രേ
		ഹരേഃ	ശ്രീഹരിക്ക്
		പ്രിയഃ	ഇഷ്ടനായവൻ

ഭക്തൻ ഏതുതരം സ്വഭാവമുള്ളവനാണെന്ന (യാദൃശഃ ?) ചോദ്യത്തിന സമാധാനമായി ഇനി പറയുന്നു.

52. ന യസ്യ സ്വ പര ഇതി വിത്തേഷ്വാത്മനി വാ ഭിദാ
സർവ്വഭൂതസമഃ ശാന്തഃ സ വൈ ഭാഗവതോത്തമഃ

വിത്തേഷു	ധനാദികളിലും,		
ആത്മനി വാ	ശരീരത്തിലും	ശാന്തഃ	രാഗദ്വേഷാദികളകന്നിരിക്കുന്ന
സ്വഃ പരഃ ഇതി ഭിദാ	തൻേറതെന്നും അന്യൻേറതെന്നുമുള്ള ഭേദബുദ്ധി		
യസ്യ ന	യാതൊരുവന്നില്ലയോ,	സഃ വൈ	അവനത്രേ
സർവ്വഭൂത-സമഃ	സകലചരാചരപ്രാണികളിലും ഏകാത്മബുദ്ധിയായി	ഭാഗവതോ-ത്തമഃ	ഭഗവദ്ഭക്തന്മാരിൽ അഗ്രഗണ്യൻ

53. ത്രിഭുവനവിഭവഹേതവേƒപ്യകുണ്ഠ-
സ്മൃതിരജിതാത്മസുരാദിഭിർവിമൃഗ്യാത്
ന ചലതി ഭഗവദ്പാദാരവിന്ദാ-
ല്ലവനിമിഷാർദ്ധമപി യഃ സ വൈഷ്ണവാഗ്ര്യഃ

അജിതാത്മ-സുരാദിഭിഃ	ശ്രീഹരിയിൽ മനസ്സർപ്പിച്ച ദേവാദികളാൽപ്പോലും	ലവനിമിഷാ-ർദ്ധം അപി	ലവലേശംപോലും അരനിമിഷംപോലും
		യഃ	യാതൊരുവൻ
വിമൃഗ്യാത്	തേടിനോക്കപ്പെടേണ്ടുന്ന	ന ചലതി	ഇളകുകയില്ലയോ,
ഭഗവത്-പാദാര-വിന്ദാത്	ഭഗവാൻേറചെന്താരടിയെ വെടിഞ്ഞ്	അകുണ്ഠ-സ്മൃതിഃ സഃ	വ്യതിചലിക്കാത്ത ഭഗവൽസ്മൃതിയോടുകൂടിയ അവൻ
ത്രിഭുവന-വിഭവ-ഹേതവേƒപി	മൂന്നു ലോകങ്ങളുടെയും പ്രഭുത്വത്തിന്നുവേണ്ടിയായാൽക്കൂടി	വൈഷ്ണവാഗ്ര്യഃ	വിഷ്ണുഭക്തരിൽ അഗ്രഗണ്യനാണ്.

54. ഭഗവത ഉരുവിക്രമാങ്ഘ്രിശാഖാ-
നഖമണിചന്ദ്രികയാ നിരസ്തതാപേ
ഹൃദി കഥമുപസീദതാം പുനഃ സ
പ്രഭവതി ചന്ദ്ര ഇവോദിതേƒർക്കതാപഃ

ഭഗവതഃ	ഭഗവാന്റെ	ഹൃദി	ഹൃദയത്തിൽ
ഉരുവിക്രമാങ്ഘ്രിശാഖാനഖമണിചന്ദ്രികയാ	അധികരിച്ച വിന്യാസത്തോടുകൂടിയ തൃപ്പാദങ്ങളികളിലെഴുന്ന നഖങ്ങളാവുന്ന പൂംതിങ്കൾക്കലകളുടെ കുളിർന്നിലാവിനാൽ	സഃ	ആ ഉൾച്ചൂട്
		ചന്ദ്രേ	ചന്ദ്രൻ
		ഉദിതേ	ഉദിച്ചപ്പോൾ
		അർക്കതാപഃ	സൂര്യാതപം
നിരസ്തതാപേ	അകററപ്പെട്ട ഉൾച്ചൂടോടുകൂടിയ	ഇവ	എന്നപോലെ
		പുനഃ കഥം	വീണ്ടും എങ്ങനെ
ഉപസീദതാം	ഉപാസകന്മാരുടെ	പ്രഭവതി	സംഭവിക്കുന്നു?

കഴിഞ്ഞ മൂന്നു ശ്ലോകങ്ങളാൽ ''യാദൃശഃ?'' എന്നതിന്റെ ഉത്തരമായി. ഭക്തൻ പറയുന്നതെന്തു? (''കിം ബ്രൂതേ?'') എന്ന ചോദ്യത്തിന്റെ ഉത്തരം അവശേഷിക്കുന്നു. ഹരിനാമങ്ങളല്ലാതെ ഭക്തന്നു മറെറാന്നും ചൊല്ലുവാനില്ലെന്നു ഉത്തരശ്ലോകത്തിൽ നിന്നു അറിഞ്ഞുകൊള്ളണം.

55. **വിസൃജതി ഹൃദയം ന യസ്യ സാക്ഷാ-**
ദ്ധരിരവശാഭിഹിതോऽപ്യഘൗഘനാശഃ
പ്രണയരശനയാ ധൃതാങ്ഘ്രിപദ്മഃ
സ ഭവതി ഭാഗവതപ്രധാന ഉക്തഃ

അവശാഭിഹിതഃ അപി	ഏതെങ്കിലും വശക്കേടുള്ളവനാൽ ഉച്ചരിക്കപ്പെട്ടവനായാൽക്കൂടി	സാക്ഷാത്	താൻതന്നെ
അഘൗഘനാശഃ	അവന്റെ പാപസമൂഹത്തെ നശിപ്പിക്കുന്ന	യസ്യ	യാതൊരുവന്റെ
		ഹൃദയം	ഹൃദയത്തെ
ഹരിഃ	ഭഗവാൻ ശ്രീഹരി	ന വിസൃജതി	വിട്ടുപിരിയുന്നില്ലയോ,
പ്രണയരശനയാ	പ്രേമഭക്തിയാവുന്ന പാശത്താൽ	സഃ	അവൻ
		ഭാഗവതപ്രധാനഃ	ഭഗവത്ഭക്തന്മാരിൽ പ്രമുഖനായിട്ട്
ധൃതാങ്ഘ്രിപദ്മഃ	ഹൃദയത്തിൽ ബന്ധിക്കപ്പെട്ട തൃപ്പാദകമലത്തോടുകൂടിയവനായി ഭവിച്ച്	ഉക്തഃ ഭവതി	പരിഗണിക്കപ്പെട്ടിരിക്കുന്നു.

ശാരീരികമോ മാനസികമോ ആയ വല്ല അവശതയുമുണ്ടാവുമ്പോൾ ഉള്ളറിയാതെ ഉച്ചരിക്കപ്പെടുന്ന ''ഹരേ കൃഷ്ണാ'' ഇത്യാദിതിരുനാമംപോലും സമസ്തപാപക്ഷയമാണ്. എന്നിരിക്കെ, സ്വഹൃദയാന്തരത്തിൽ ഭഗവാന്റെ പാദകമലത്തെ പ്രേമപാശത്താൽ നിബന്ധിച്ച് അനവരതം നാമകീർത്തനം ചെയ്യുന്ന യാതൊരു ഭഗവാൻ തന്നെ സ്വയം വിട്ടുപോകയില്ലയോ, ആ ഭക്തനത്രേ ഭാഗവതോത്തമൻ.

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ ഏകാദശസ്കന്ധേ

നാരദവസുദേവ സംവാദേ
ദ്വിതീയോऽധ്യായഃ
ആദിതഃ ശ്ലോകാഃ 79

ഏകാദശസ്കന്ധത്തിൽ രണ്ടാമധ്യായം കഴിഞ്ഞു.

തൃതീയോऽധ്യായഃ = അധ്യായം മൂന്ന്

മായാസന്തരണോപായാദിവർണ്ണനം

''മായാ തത്തരണബ്രഹ്മകർമ്മപ്രശ്നചതുഷ്ടയേ
തൃതീയേ ഉത്തരം ദത്തമാഷ്ഭിർമ്മുനിഭിഃ പൃഥക്''

മായയെന്നാലെന്ത്?; മായയെ മറികടക്കാനുള്ള മാർഗ്ഗമെന്ത്?; ബ്രഹ്മമെന്ത്?; കർമ്മമെന്ത്? എന്നിങ്ങനെ നാലു ചോദ്യങ്ങൾക്കുള്ള നവയോഗികളുടെ ഉത്തരമാണ് ഈ മൂന്നാമദ്ധ്യായത്തിൽ പറയുന്നത്.

'വിഷ്ണോർമായാമിദം പശ്യൻ' എന്നു പൂർവ്വാധ്യായത്തിൽ പറഞ്ഞതിനെ അനുസ്മരിച്ചുകൊണ്ടു നിമി മഹാരാജാവ് യോഗിമാരോടു ചോദിക്കുന്നു.

രാജോവാച—

1. **പരസ്യ വിഷ്ണോരീശസ്യ മായിനാമപി മോഹിനീം**
മായാം വേദിതുമിച്ഛാമോ ഭഗവന്തോ ബ്രുവന്തു നഃ

മായിനാം അപി	മായാവികളുടെ മനസ്സിലും കൂടി	മായാം	മായയെ
മോഹിനീം	മായാമോഹത്തെ ജനിപ്പിക്കുന്ന	വേദിതും	അറിവാനായിക്കൊണ്ട്
പരസ്യ	മായാതീതനായ	ഇച്ഛാമഃ	ആഗ്രഹിക്കുന്നു.
വിഷ്ണോഃ ഈശസ്യ	ശ്രീ മഹാവിഷ്ണു ഭഗവാന്റെ	ഭഗവന്തഃ	ഹേ സർവ്വജ്ഞന്മാരേ!
		(ഭവന്തഃ) നഃ	ഭവാന്മാർ ഞങ്ങൾക്ക്
		ബ്രുവന്തു	ഉപദേശിച്ചുതന്നാലും

പൂർവ്വോക്തലക്ഷണങ്ങളോടുകൂടിയ ഭാഗവതോത്തമനായി ഭവിച്ചു കൃതാർത്ഥനാകുന്നതോ? എന്തിനു് പിന്നെയും ഓരോന്നു ചോദിച്ചുകൊണ്ടിരിക്കുന്നു?– എന്നാണെങ്കിൽ

2. **നാനുതൃപ്യേ ജുഷൻ യുഷ്മദ്വചോ ഹരികഥാമൃതം**
സംസാരതാപനിസ്തപ്തോ മർത്ത്യസ്തത്താപഭേഷജം

സംസാരതാപ-നിസ്തപ്തഃ	സംസാരദുഃഖത്തിന്റെ കൊടുംചൂടിനാൽ ചുട്ടെരിയുന്ന	ഹരികഥാ-മൃതം	ശ്രീഹരിയുടെ സൽക്കഥയാകുന്ന സുധാരസം ഊറിയൊഴുന്ന
മർത്ത്യഃ	മർത്ത്യനായുള്ള ഞാൻ	യുഷ്മദ്വചഃ	ഭവാന്മാരുടെ വചനത്തെ
തത്താപ-ഭേഷജം	ആ കൊടുംചൂടിന്റെ പ്രശമനത്തിനുള്ള ഔഷധമായ	ജുഷൻ	ആസ്വദിച്ചിരുന്നുകൊണ്ട്
		ന അനു-തൃപ്യേ	സംതൃപ്തനായി ഭവിക്കുന്നില്ല.

എത്രതന്നെ കേട്ടിരുന്നാലും മതിവരുന്നില്ലെന്നു സാരം. മായയുടെ സാക്ഷാൽ സ്വരൂപ നിരൂപണം അശക്യമായതുകൊണ്ടു മായാകാര്യങ്ങളായ വിശ്വസൃഷ്ട്യാദികളുടെ നിരൂപണം വഴിക്കു തത്സ്വരൂപത്തെ പരിചയപ്പെടുത്തുവാൻ നവയോഗികൾ ഉദ്യമിക്കുന്നു.

അന്തരിക്ഷ ഉവാച = അന്തരിക്ഷനെന്ന യോഗി പറഞ്ഞു.

3. ഏഭിർഭൂതാനി ഭൂതാത്മാ മഹാഭൂതൈർമഹാഭുജ
സസർജ്ജോച്ചാവചാന്യാദ്യഃ സ്വമാത്രാത്മപ്രസിദ്ധയേ

മഹാഭുജ	മഹാബാഹുവായ രാജാവേ!	സ്വമാത്രാത്മ പ്രസിദ്ധയേ	സ്വാംശങ്ങളായ ജീവാത്മാക്കൾക്ക് വിഷയാനുഭവത്തിനും വിഷയനിർമ്മുക്തിക്കുംവേണ്ടി
ആദ്യഃ	ആദിപുരുഷനായ ഈശ്വരൻ		
(യയാശക്ത്യാ)	യാതൊരു ശക്തി വിശേഷത്താൽ	ഉച്ചാവചാനി	ഉൽകൃഷ്ടാപകൃഷ്ടഭേദേന വിവിധ രൂപത്തിലുള്ള
ഭൂതാത്മാ	പഞ്ചമഹാഭൂതങ്ങൾക്കു കാരണാത്മാവായി വർത്തിച്ച്	ഭൂതാനി	ശരീരങ്ങളെ
		സസർജ്ജ	സൃഷ്ടിച്ചുവോ,
ഏഭിഃ	ഇവയെക്കൊണ്ട് (സ്വസൃഷ്ടങ്ങളായ ഈ മഹാഭൂതങ്ങളെക്കൊണ്ട്)	* (ഏഷാ	ഈ ശക്തിവിശേഷമാണ്
		ഭഗവതഃ	ഈശ്വരന്റെ
		മായാ)	മായയെന്നത്

* 16-ാം ശ്ലോകത്തിലുള്ള ''ഏഷാ മായാ ഭാഗവതഃ'' എന്ന വാക്യം ഈ ശ്ലോകത്തിലും തുടർന്നുള്ള ശ്ലോകങ്ങളിലും സംബന്ധിപ്പിച്ചുകൊള്ളണം.

4. ഏവം സൃഷ്ടാനി ഭൂതാനി പ്രവിഷ്ടഃ പഞ്ചധാതുഭിഃ
ഏകധാ ദശധാത്മാനം വിഭജൻ ജുഷതേ ഗുണാൻ

ഏവം	ഇങ്ങനെ ജീവോപകാരാർത്ഥം	സൃഷ്ടാനി	സൃഷ്ടിക്കപ്പെട്ട
പഞ്ചധാതുഭിഃ	പഞ്ചഭൂതങ്ങളാൽ	ഭൂതാനി	ശരീരങ്ങളിലേക്ക്

പ്രവിഷ്ടഃ	അന്തര്യാമിയായി പ്രവേശിച്ച ഈശ്വരൻ	ആത്മാനം	തന്നെത്തന്നെ
		വിഭജൻ	വിഭജിച്ചുകൊണ്ട്
ഏകധാ	അന്തഃകരണ രൂപത്വേന ഒരുതരത്തിലും	ഗുണാൻ	ശബ്ദസ്പർശാദിവിഷയങ്ങളെ
ദശധാ	ജ്ഞാനകർമ്മേന്ദ്രിയത്വേന പത്തുതരത്തിലും	ജുഷതേ	അനുഭൂതിവിഷയങ്ങളാക്കുന്നു.

5. **ഗുണൈർഗുണാൻ സ ഭുഞ്ജാന ആത്മപ്രദ്യോതിതൈഃ പ്രഭുഃ**
മന്യമാന ഇദം സൃഷ്ടമാത്മാനമിഹ സജ്ജതേ

സഃ പ്രഭുഃ	(ദേഹാഭിമാനിയായ) ആ ജീവൻ	ഭുഞ്ജാനഃ	അനുഭവിച്ച്,
		സൃഷ്ടം	ഉണ്ടാക്കപ്പെട്ടതായ
ആത്മപ്രദ്യോതിതൈഃ	അന്തര്യാമിയായ ആത്മാവിനാൽ പ്രകാശിപ്പിക്കപ്പെട്ട	ഇദം	ഈ ശരീരത്തെ
		ആത്മാനം	ആത്മാവെന്ന്
		മന്യമാനഃ	കരുതികൊണ്ട്
ഗുണൈഃ	ഇന്ദ്രിയങ്ങൾകൊണ്ട്	ഇഹ	ഇതിൽ
ഗുണാൻ	വിഷയങ്ങളെ	സജ്ജതേ	ആസക്തനായിമേവുന്നു.

6. **കർമ്മാണി കർമ്മഭിഃ കുർവൻ സനിമിത്താനി ദേഹഭൃത്**
തത്തത്കർമ്മഫലം ഗൃഹ്ണൻ ഭ്രമതീഹ സുഖേതരം

ദേഹഭൃത്	ദേഹാഭിമാനിയായ ജീവൻ	കുർവൻ	ചെയ്തുകൊണ്ട്
		സുഖേതരം	സുഖദുഃഖാത്മകമായ
കർമ്മഭിഃ	കർമ്മേന്ദ്രിയങ്ങൾ കൊണ്ട്	തത്തത്-കർമ്മഫലം	പൂർവ്വജന്മകൃതങ്ങളായ അതാതുകർമ്മങ്ങളുടെ ഫലത്തെ
സനിമിത്താനി	വീണ്ടും ദേഹസന്ധാരണത്തിന്ന് ഹേതുഭൂതങ്ങളായ കർമ്മവാസനകളോട് കൂടിയ	ഗൃഹ്ണൻ	അനുഭവിച്ചുകൊണ്ട്
		ഇഹ	ഈ സംസാരചക്രത്തിൽ
കർമ്മാണി	കർമ്മങ്ങൾ	ഭ്രമതി	വട്ടംകറങ്ങുന്നു.

ജീവൻ എത്രകാലം ഈ സംസാരചക്രത്തിൽ ഇങ്ങനെ ഭ്രമണം ചെയ്തുകൊണ്ടിരിക്കും? ഭ്രമണത്തിന് വല്ല അവധിയുമുണ്ടോ? മഹാപ്രളയമാണ് അതിനുള്ള അവധിയെന്ന് ഇനി പറയുന്നു.

7. **ഇത്ഥം കർമ്മഗതീർഗച്ഛൻ ബഹ്വഭദ്രവഹാഃ പുമാൻ**
ആഭൂതസംപ്ലവാത് സർഗ്ഗപ്രലയാവശ്നുതേഽവശഃ

ഇത്ഥം	ഇപ്രകാരം	അവശഃ	കർമ്മപരതന്ത്രനായ
ബഹ്വഭദ്ര—വഹാഃ	അനേകം ദുഃഖങ്ങളിലേക്ക് വലിച്ചിഴക്കുന്ന	പുമാൻ	ജീവൻ
കർമ്മഗതീഃ	കർമ്മഫലസ്വരൂപങ്ങളായ നാനായോനികളെ	ആഭൂത—സംപ്ലവാത്	മഹാപ്രളയകാലം വരെയ്ക്കും
ഗച്ഛൻ	പ്രാപിച്ചുകൊണ്ട്	സർഗ്ഗപ്രളയൌ	ജനനമരണങ്ങളെ
		അശ്നുതേ	അനുഭവിക്കുന്നു

ഇങ്ങനെ മായാമയമായ വിശ്വസൃഷ്ടിയുടെ സ്വഭാവം പറഞ്ഞതിൽപിന്നെ വിശ്വപ്രളയത്തിന്റെ സ്വഭാവം വർണ്ണിച്ചുപറയുന്നു.

8. ധാതുവിപ്ലവ ആസന്നേ വ്യക്തം ദ്രവ്യഗുണാത്മകം
അനാദിനിധനഃ കാലോ ഹ്യവ്യക്തായാപകർഷതി

ധാതു—വിപ്ലവേ	പഞ്ചഭൂതങ്ങളുടെ വിനാശത്തിന്നു കാരണമായ പ്രളയകാലം	ദ്രവ്യഗുണാ—ത്മകം	സ്ഥൂലങ്ങളായും സൂക്ഷ്മങ്ങളായും രൂപംകൊണ്ടതായ
ആസന്നേ	സമീപിക്കുമ്പോൾ	വ്യക്തം	പ്രപഞ്ചത്തെ
അനാദി—നിധനഃ	ആദിയും അവസാനവും ഇല്ലാത്ത	അവ്യക്തായ	മൂലപ്രകൃതിയിലേക്ക്
കാലഃ	കാലശക്തി	ആകർഷതി	വലിച്ചെടുക്കുന്നു

9. ശതവർഷാ ഹ്യനാവൃഷ്ടിർഭവിഷ്യത്യുല്ബണാ ഭുവി
തത്കാലോപചിതോഷ്ണാർക്കോ ലോകാംസ്ത്രീൻ പ്രതപിഷ്യതി

ഹി	തത്സമയത്താകട്ടെ	ഭവിഷ്യതി	സംഭവിക്കുന്നതാണ്
ഭുവി	ഭൂമിയിൽ	തത്കാലോ—പചിതോഷ്ണാർക്കഃ	ആ കാലഘട്ടത്താൽ വളർത്തപ്പെട്ട കൊടുംചൂടോടുകൂടിയ സൂര്യൻ
ഉല്ബണാ	ദുഃസഹവും		
ശതവർഷാ	നൂററാണ്ടുകാലത്തോളം നിലകൊള്ളുന്നതുമായ	ത്രീൻ	മൂന്ന്
		ലോകാൻ	ലോകങ്ങളെയും
അനാവൃഷ്ടിഃ	വർഷക്കെടുതി	പ്രതപിഷ്യതി	എരിപൊരിക്കൊള്ളിക്കും

10. പാതാളതലമാരഭ്യ സങ്കർഷണമുഖാനലഃ
ദഹന്നൂർദ്ധ്വശിഖോ വിഷ്വഗ്വർദ്ധതേ വായുനേരിതഃ

സങ്കർഷണ—മുഖാനല	സങ്കർഷണമൂർത്തിയുടെ (ആദിശേഷന്റെ) മുഖങ്ങളിൽനിന്നുണ്ടായ അഗ്നി	ഊർദ്ധ്വശിഖഃ	മേലോട്ടുയർന്ന ജ്വാലാമാലകളോടുകൂടിയതായി
		വായുനാ	കാററിനാൽ

ഈരിതഃ	അഴിച്ചുലയ്ക്കപ്പെട്ട്	വിഷ്വക്	എല്ലാടവും
പാതാളതലം ആരഭ്യ	പാതാളലോകത്തിൽ നിന്നു തുടങ്ങി	ദഹൻ	എരിയിച്ചുകൊണ്ട്
		വർദ്ധതേ	വളരുന്നു.

11. സാംവർത്തകോ മേഘഗണോ വർഷതി സ്മ ശതം സമാഃ
ധാരാഭിർഹസ്തിഹസ്താഭിർല്ലീയതേ സലിലേ വിരാട്

സാംവർത്തകഃ	പ്രളയത്തെ ഉളവാക്കുന്ന	വർഷതി	ഇടവിടാതെ പെയ്യുന്നു.
മേഘഗണഃ	മേഘനിര	(തതഃ) സ്മ	തന്മൂലം തീർച്ചയായും
ഹസ്തിഹസ്താഭിഃ	ആനയുടെ തുമ്പിക്കൈയിനോടൊത്ത	വിരാട്	ബ്രഹ്മാണ്ഡമാകെ
ധാരാഭിഃ	വർഷധാരകളോടെ	സലിലേ	വെള്ളത്തിൽ
ശതം സമാഃ	നൂറു സംവത്സരം	ലീയതേ	ലയിച്ചുചേരുന്നു.

12 തതോ വിരാജമുത്സൃജ്യ വൈരാജഃ പുരുഷോ നൃപ
അവ്യക്തം വിശതേ സൂക്ഷ്മം നിരിന്ധന ഇവാനലഃ

നൃപ	രാജാവേ!	ഉത്സൃജ്യ	വെടിഞ്ഞ്
തതഃ	അതിനാൽ (ഉപാധിഭൂതമായ ബ്രഹ്മാണ്ഡത്തിന്റെ ലയത്താൽ)	നിരിന്ധനഃ	വിറകില്ലാതെയായിത്തീർന്ന
		അനലഃ ഇവ	അഗ്നിയെന്നപോലെ
വൈരാജഃ പുരുഷഃ	ഹിരണ്യഗർഭാഖ്യനായ സമഷ്ടിജീവൻ	സൂക്ഷ്മം	സൂക്ഷ്മമായ
		അവ്യക്തം	കാരണസത്തയിലേക്ക് (ബ്രഹ്മത്തിലേക്ക്)
വിരാജം	ബ്രഹ്മാണ്ഡമെന്ന സ്ഥൂലശരീരത്തെ	വിശതേ	എത്തിച്ചേരുന്നു.

ഇപ്രകാരം ബ്രഹ്മത്തിൽ ബ്രഹ്മാണ്ഡത്തിന്റെ വിലയത്തെപ്പററി പ്രസ്താവിച്ചശേഷം അതിന്റെ കാരണങ്ങളായ മഹത്തത്ത്വം തൊട്ട് പൃഥിവിവരെയുള്ള തത്ത്വങ്ങൾ ക്രമത്തിൽ ആവുന്ന പ്രാതിലോമ്യലയത്തെ പറഞ്ഞുതുടങ്ങുന്നു—

13. വായുനാ ഹൃതഗന്ധാ ഭൂഃ സലിലത്വായ കല്പതേ
സലിലം തദ്ധൃതരസം ജ്യോതിഷ്ട്വായോപകല്പതേ

വായുനാ	(പ്രളയകാലീനൻ) വായുവിനാൽ	കല്പതേ	ഉതകുന്നു (1)
		തദ്ധൃതരസം	ആ തേപ്രളയകാലീനവായുവാൽ ആകർഷിക്കപ്പെട്ട രസത്തോടുകൂടിയ
ഹൃതഗന്ധാ	തന്റെ ഗന്ധഗുണം ആകർഷിച്ചെടുക്കപ്പെട്ട	സലിലം	ജലം
ഭൂഃ	പൃഥിവി	ജ്യോതിഷ്ട്വായ	ജ്യോതിഃസ്വരൂപത്തിന്ന്
സലിലത്വായ	ജലത്വത്തിന്ന്	ഉപകല്പതേ	ഉതകുന്നു. (2)

(1) ഇതരഭൂതങ്ങളിൽനിന്നുതന്നെ വ്യാവർത്തിപ്പിക്കുന്ന ഗന്ധഗുണം ഇല്ലാതായപ്പോൾ പൃഥിവി സ്വകാരണമായ ജലത്തിൽ ലയിക്കുന്നു.

(2) ഇതരഭൂതങ്ങളിൽ നിന്ന് തന്നെ വ്യവർത്തിക്കുന്ന 'രസ'മെന്ന ഗുണം ഇല്ലാതായപ്പോൾ ജലം സ്വകാരണമായ ജ്യോതിസ്സിൽ ലയിക്കുന്നു.

14. ഹൃതരൂപം തു തമസാ വായൗ ജ്യോതിഃ പ്രലീയതേ
ഹൃതസ്പർശോऽവകാശേന വായുർനഭസി ലീയതേ

തമസാ	പ്രളയകാലത്തുള്ള ഗാഢാന്ധകാരത്താൽ	അവകാശേന	ആകാശത്താൽ
ഹൃതരൂപം	രൂപഗുണം ആകർഷിച്ചെടുക്കപ്പെട്ട	ഹൃതസ്പർശഃ	സ്പർശഗുണം ആകർഷിച്ചെടുക്കപ്പെട്ട
ജ്യോതിഃ തു	ജ്യോതിസ്സാകട്ടെ	വായുഃ	ആ വായു
വായൗ	വായുവിൽ	നഭസി	ആകാശത്തിലും
പ്രലീയതേ	ലയിക്കുന്നു.	ലീയതേ	ലയം പ്രാപിക്കുന്നു.

15. കാലാത്മനാ ഹൃതഗുണം നഭ ആത്മനി ലീയതേ
പ്രവിശന്തി ഹ്യഹംകാരം സ്വഗുണൈരഹമാത്മനി

കാലാത്മനാ	കാലസ്വരൂപനായ ഈശ്വരനാൽ	വൈകാരി-കൈഃ സഹ	വൈകാരികങ്ങളായ ദേവതകളോടുകൂടെ
ഹൃതഗുണം	ആകർഷിച്ചെടുക്കപ്പെട്ട ശബ്ദഗുണത്തോടുകൂടിയ	മനഃ ഹി	മനസ്സും
		അഹംകാരം	അഹംകാരത്തിലേക്ക്
നഭഃ	ആകാശം	പ്രവിശന്തി	ചെന്നുചേരുന്നു (അഹങ്കാരത്തിൽ ലയിക്കുന്നു)
ആത്മനി	(തനിക്കു കാരണമായ) താമസാഹങ്കാരത്തിൽ	അഹം	അഹംകാരമാകട്ടെ
ലീയതേ	ലയിക്കുന്നു	സ്വഗുണൈഃ	തന്റെ മൂന്നുവിധം ഗുണ (കാര്യ)ങ്ങളോടുകൂടി
നൃപ	രാജാവേ!	ആത്മനി	സ്വകാരണമായ മഹത്തത്വത്തിലും
ഇന്ദ്രിയാണി	ഇന്ദ്രിയങ്ങളും		
ബുദ്ധിഃ	ബുദ്ധിയും	(ലീയതേ)	ലയം പ്രാപിക്കുന്നു.

ഈ മഹത്തത്വം മൂലപ്രകൃതി(മായ)യിലും, ആയതു സർവകാരണമായ ബ്രഹ്മത്തിലും ലയിക്കുന്നുവെന്ന് ബോധിച്ചുകൊള്ളണം.

ഇന്ദ്രിയാദികൾ അഹങ്കാരത്തിൽ ലയിക്കുന്നുവെന്നു പൊതുവിൽ പറഞ്ഞതും വിവേചിച്ചറിയണം. ആകാശം അതിന്നു കാരണമായ താമസാഹങ്കാരത്തിൽ ലയിക്കുന്നുവെന്നു പറഞ്ഞതുപോലെ ഇന്ദ്രിയങ്ങളും ബുദ്ധിയും അവയുടെ കാരണമായ രാജസാഹങ്കാരത്തിലും, വൈകാരികസഹിതമായ മനസ്സ് തൽക്കാരണമായ സാത്വികാഹങ്കാരത്തിലും ലയിക്കുന്നു.

16. **ഏഷാ മായാഭഗവതഃ സർഗസ്ഥിത്യന്തകാരിണീ**
ത്രിവർണ്ണാ വർണ്ണിതാസ്മാഭിഃ കിം ഭൂയഃ ശ്രോതുമിച്ഛസി

ഏഷാ	ഇങ്ങനെ മഹത്തത്ത്വത്തിനുകൂടി കാരണമായും,	ഭഗവതഃ	സർവേശ്വരന്റെ ശക്തിസ്വരൂപമായ
		മായാ	മായ_പ്രകൃതി, പ്രധാനം, അവ്യക്തം എന്നീ നാമാന്തരങ്ങളുള്ളമായ
ത്രിവർണ്ണാ	രജഃസത്വതമോഗുണങ്ങളുടെ പ്രതീകങ്ങളായ ചുവപ്പ്, വെളുപ്പ്, കറുപ്പ് എന്നീ മൂന്നു നിറങ്ങളിണങ്ങിയതായും,	അസ്മാഭിഃ	നമ്മാൽ
		വർണ്ണിതാ	അതിന്റെ കാര്യങ്ങളുടെ നിരൂപണം വഴിക്ക് വിസ്തരിക്കപ്പെട്ടു.
സർഗസ്ഥിത്യന്തകാരിണീ	ഇവകൊണ്ടു യഥാക്രമം സൃഷ്ടിസ്ഥിതി സംഹാരങ്ങളെ നടത്തുന്നതുമായും വർത്തിക്കുന്ന	ഭൂയഃ കിം	ഇനിയും എന്തെല്ലാം
		ശ്രോതും	കേട്ടുധരിപ്പാൻ
		ഇച്ഛസി	ആഗ്രഹിക്കുന്നു !

രാജോവാച = നിമി മഹാരാജാവ് ചോദിച്ചു.

17. **യഥൈതാമീശ്വരീം മായാം ദുസ്തരാമകൃതാത്മഭിഃ**
തരന്ത്യഞ്ജഃ സ്ഥൂലധിയോ മഹർഷ ഇദമുച്യതാം.

മഹർഷേ	ഹേ മഹാനായ ഋഷേ!	സ്ഥൂലധിയഃ	സ്ഥൂലമായ ദേഹാദിയിൽ ഞാനെന്നു തോന്നലുള്ളവർ
അകൃതാത്മഭിഃ	വശീകരിക്കപ്പെടാത്ത ചിത്തത്തോടുകൂടിയവരാൽ (മനോനിയന്ത്രണം സിദ്ധിക്കാത്തവരാൽ)	യഥാ	എപ്രകാരമാണ്, ഏതുപായത്താലാണ്
ദുസ്തരാം	തരണംചെയ്യുവാനാവാത്ത		
ഏതാം	ഇപ്പറഞ്ഞ	അഞ്ജഃ	അനായാസേന
ഈശ്വരീം	ഈശ്വരീയമായ	തരന്തി	തരണം ചെയ്യുന്നതു ?
മായാം	മായയെ (ശക്തിവിശേഷത്തെ)	ഇദം	ഇതു്
		ഉച്യതാം	ഉപദേശിക്കപ്പെട്ടാലും.

പ്രബുദ്ധ ഉവാച = പ്രബുദ്ധനെന്ന യോഗി പറഞ്ഞു.

18. **കർമ്മാണ്യാരഭമാണാനാം ദുഃഖഹത്യൈ സുഖായ ച**
പശ്യേത് പാകവിപര്യാസം മിഥുനീചാരിണാം നൃണാം

ദുഃഖഹത്യൈ	ദുഃഖനിവൃത്തിക്കും		
സുഖായ ച	സുഖപ്രാപ്തിക്കുംവേണ്ടി	ആരഭമാണാനാം	തുടങ്ങിവച്ചുകൊണ്ടു നടത്തുന്നവരും
കർമ്മാണി	നാനാകർമ്മങ്ങളെ		

മിഥുനീ- ചാരിണാം	സ്ത്രീപുരുഷന്മാർ ഒന്നിച്ചും ചേർന്ന് ജീവിതം നയിക്കുന്നവരുമായ	പാക- വിപര്യാസം	കർമ്മഫലത്തിന്റെ വൈപരീത്യത്തെ
നൃണാം	മനുഷ്യർക്കുവന്നകപ്പെടുന്ന	പശ്യേത്	ശ്രദ്ധിച്ചുനോക്കുക

സാംസാരികന്മാർക്ക് ഭഗവന്മായയെ തരണം ചെയ്യുവാനുള്ള ഏകോപായം ഭഗവദ്ഭക്തി മാത്രമാണ്. അതിന്ന് വിഷയവിരക്തിയോടെ സദ്ഗുരുവിനെ സമീപിക്കണം. ഈ വിഷയവിരക്തിയുണ്ടാകുന്നതിനുള്ള ഉപദേശമാണ് ഇതുമുതൽ 4 ശ്ലോകങ്ങളിൽ അടങ്ങിയിരിക്കുന്നത്. മനുഷ്യൻ ദുഃഖനിവൃത്തിക്കും സുഖപ്രാപ്തിക്കും വേണ്ടി ചെയ്യുന്ന പ്രവൃത്തികളെല്ലാം പ്രായേണ വിപരീതഫലപ്രദങ്ങളായിട്ടാണ് പരിണമിക്കുന്നതെന്ന് കാണാം. മാത്രമല്ല, ധനാദികൾ സ്വകർമ്മസാധിതങ്ങളായിരുന്നാലും ദുഃഖഹേതുക്കളാണെന്ന് കണ്ടുകൊള്ളണമെന്ന് ഇനി തുടർന്ന് പറയുന്നു

19. നിത്യാർത്തിദേന വിത്തേന ദുർല്ലഭേനാത്മമൃത്യുനാ
ഗൃഹാപത്യാപ്തപശുഭിഃ കാ പ്രീതിഃ സാധിതൈശ്ചലൈഃ

നിത്യാർത്തിദേന	നിത്യദുഃഖപ്രദവും		
ദുർല്ലഭേന	അത്യായാസലഭ്യവും	ചലൈഃ	ചഞ്ചലങ്ങളുമായ
ആത്മമൃത്യുനാ	തന്റെ മരണത്തിന്നുപോലും ഹേതുവായിത്തീരാവുന്നതുമായ	ഗൃഹാപത്യാ- പ്തപശുഭിഃ	ഗൃഹങ്ങൾ-സന്താനങ്ങൾ-ബന്ധുജനങ്ങൾ-നാൽക്കാലികൾ എന്നിവകൊണ്ടും
വിത്തേന	ധനംകൊണ്ടും.		
സാധിതൈഃ	ഈ ധനംകൊണ്ടു നേടിവച്ചുപ്പെട്ടവയും	കാ പ്രീതിഃ	എന്തു മനഃസുഖമാണുണ്ടാവുക ?

20. ഏവം ലോകം പരം വിദ്യാന്നശ്വരം കർമ്മനിർമ്മിതം
സതുല്യാതിശയധ്വംസം യഥാ മണ്ഡലവർത്തിനാം

ഏവം	ഇപ്രകാരം		
മണ്ഡല- വർത്തിനാം	പ്രാദേശിക ഭരണാധികാരികളുടെ	കർമ്മനിർമ്മിതം	പുണ്യപാപകർമ്മങ്ങളാൽ ഉണ്ടാക്കപ്പെട്ടതുമായ
യഥാ	(സ്ഥാനമാനങ്ങൾ) എന്നപോലെ	പരംലോകം	പരലോകത്തെയും
സതുല്യാതി- ശയധ്വംസം	സമം, ആധിക്യം, നാശം എന്നീ അവസ്ഥകളോടു കൂടിയതും *	നശ്വരം	നാശമുള്ളതായിട്ട്
		വിദ്യാത്	അറിയേണ്ടതാകുന്നു.

* പ്രാദേശികാധികാരികൾ കർമ്മാർജ്ജിതങ്ങളായ അവരവരുടെ സ്ഥാനമാനങ്ങൾ ഒപ്പത്തിനൊപ്പമായാൽ അന്യോന്യം മൽസരിക്കുന്നു; ചിലർക്ക് കൂടുതലായാൽ അസൂയ

പ്പെടുന്നു; നാശോന്മുഖങ്ങളാവുമ്പോഴും ഭയന്നുപോകുന്നു. ഇതുപോലെ കർമ്മസാധിതമായ പരലോകവും തുല്യാധികൃവിനാശങ്ങളിലമർന്ന് അനിത്യമായി, ദുഃഖപ്രദമായിത്തീരുന്നു.

21. തസ്മാദ്ഗുരും പ്രപദ്യേത ജിജ്ഞാസുഃ ശ്രേയ ഉത്തമം
ശാബ്ദേ പരേ ച നിഷ്ണാതം ബ്രഹ്മണ്യുപശമാശ്രയം

തസ്മാത്	അതിനാൽ	പരേ (ബ്രഹ്മണി)ച	പരബ്രഹ്മത്തിലും (അപരോക്ഷാനുഭവത്തിലൂടെ
ഉത്തമം	അത്യുത്കൃഷ്ടമായ		
ശ്രേയഃ	ശ്രേയസ്സിനെ	നിഷ്ണാതം	തത്ത്വം ഗ്രഹിച്ചവനും
ജിജ്ഞാസുഃ	അറിവാൻ ആഗ്രഹിക്കുന്നവൻ	ഉപശമാശ്രയം	പ്രശാന്തിക്കിരിപ്പിടമായുള്ളവനുമായ
ശാബ്ദേ ബ്രഹ്മണി	വേദത്തിലും (വേദാർത്ഥജ്ഞാപകങ്ങളായ മീമാംസാദികളിലും)	ഗുരും	ഗുരുവിനെ
		പ്രപദ്യേത	ശരണം ഗമിക്കണം

22 തത്ര ഭാഗവതാൻ ധർമ്മാൻ ശിക്ഷേദ്ഗുർവാത്മദൈവതഃ
അമായയാനുവൃത്ത്യാ യൈസ്തുഷ്യേദാത്മാത്മദോ ഹരിഃ

തത്ര	അവിടെ, ഗുരുസന്നിധിയിൽ	ആത്മദഃ	ഭക്തന്മാർക്ക് ആത്മാവിനെത്തന്നെ ദാനം ചെയ്യുന്നവനുമായ
ഗുർവാത്മദൈവതഃ	ഗുരുവിനെത്തന്നെ ആത്മാവായും ദൈവമായും സങ്കല്പിച്ചുകൊണ്ട്	ഹരിഃ	ശ്രീഹരി
		തുഷ്യേത്	സന്തുഷ്ടനായി ഭവിക്കുമോ
അമായയാ	നിഷ്കപടമായ	ഭാഗവതാൻ	ആ ഭാഗവതങ്ങളായ (ഭഗവദ് ഭക്തിയോഗസംബന്ധങ്ങളായ)
അനുവൃത്ത്യാ	സേവനത്തോടെ,		
യൈഃ	യാതൊന്നുകളാൽ	ധർമ്മാൻ	ധർമ്മങ്ങളെ (മുറകളെ)
ആത്മാ	സർവ്വാത്മാവും	ശിക്ഷേത്	അഭ്യസിക്കണം.

ഭാഗവത ധർമ്മങ്ങളെ ഇനി ഓരോന്നായി എടുത്തുപറയുന്നു.

23. സർവ്വതോ മനസോഽസംഗമാദൗ സംഗം ച സാധുഷു
ദയാം മൈത്രീം പ്രശ്രയം ച സമത്വം ദ്വന്ദ്വസംജ്ഞയോഃ

ആദൗ	ഒന്നാമതായി	സാധുഷു	സജ്ജനങ്ങളിൽ
സർവ്വതഃ	സ്വദേഹാദികളായ എല്ലാററിലും	സംഗം ച	ആസക്തിയെയും (സമ്പർക്കത്തെയും)
അസംഗം	അനാസക്തിയെയും	(ശിക്ഷേത്)	പരിശീലിക്കുക.

ഭൂതേഷു	ജീവരാശികളിൽ	യഥോചിതം	ഉചിതംപോലെ
ദയാം	ദയയെയും,	അഥാ	ശരിയായ വിധം
മൈത്രീം	സ്നേഹത്തെയും,	(ശിക്ഷേത്)	പരിശീലിക്കുക.
പ്രശ്രയം ച	വിനയത്തെയും		

തന്നെക്കാൾ താണവരിൽ ദയയും, തനിക്കൊത്തവരിൽ സ്നേഹവും തന്നെക്കാൾ വലിയവരിൽ വിനയവും ഉണ്ടാകുവാൻ ശീലിക്കണം. 'യഥോചിതം' എന്നുപറഞ്ഞതിന്റെ താത്പര്യം ഇതാണ്—

24. **ശൗചം തപസ്തിതിക്ഷാംച മൗനം സ്വാധ്യായമാർജ്ജവം**
ബ്രഹ്മചര്യമഹിംസാം ച സമത്വം ദ്വന്ദ്വസംജ്ഞയോഃ

ശൗചം	ബാഹ്യാഭ്യന്തരശുചിത്വത്തെയും,	ബ്രഹ്മചര്യം	സ്വദാരനിയമത്തെയും,
തപഃ	സ്വധർമ്മാനുഷ്ഠാനത്തെയും,	അഹിംസാം	ദ്രോഹബുദ്ധിയില്ലായ്മയെയും.
തിതിക്ഷാം	സഹനശക്തിയെയും,		
മൗനം	വചോനിയന്ത്രണത്തെയും,	ദ്വന്ദ്വസംജ്ഞയോഃ	ദ്വന്ദ്വങ്ങളെന്നു പറയപ്പെടുന്ന ശീതോഷ്ണസുഖ ദുഃഖാദികളിൽ
സ്വാധ്യായം	വേദാധ്യയനത്തെയും,		
ആർജ്ജവം ച	മനോവാക്കുകളുടെ സ്വച്ഛതയെയും	സമത്വം ച	തുല്യബുദ്ധിയെയും
(ശിക്ഷേത്)	പരിശീലിക്കുക.	(ശിക്ഷേത്)	പരിശീലിക്കുക.

25. **സർവ്വത്രാത്മേശ്വരാന്വീക്ഷാം കൈവല്യമനികേതതാം**
വിവിക്തചീരവസനം സന്തോഷം യേന കേനചിത്

സർവ്വത്ര	സകല ചരാചരപ്രാണികളിലും	അനികേതതാം	ഗൃഹാദികളിൽ അഭിമാനമില്ലായ്മയെയും,
ആത്മേശ്വരാന്വീക്ഷാം	സച്ചിദ്രൂപേണ ആത്മാവും തന്നിയന്താവായി ഈശ്വരനും ഉണ്ടെന്നുള്ള ബോധത്തെയും,	വിവിക്തചീരവസനം	വിശുദ്ധമായ വല്ക്കല (വസ്ത്ര)ഖണ്ഡങ്ങൾ ധരിക്കുന്ന ശീലത്തെയും,
കൈവല്യം	ഏകാന്തവാസത്തെയും,	യേന കേനചിത് സന്തോഷം	യദൃച്ഛയാ ലബ്ധമായ അന്നവസ്ത്രാദിയാലുള്ള മനഃസംതൃപ്തിയെയും
		(ശിക്ഷേത്)	പരിശീലിച്ചുകൊള്ളണം.

26. **ശ്രദ്ധാം ഭാഗവതേ ശാസ്ത്രേऽനിന്ദാമന്യത്ര ചാപി ഹി**
മനോവാക്കർമ്മദണ്ഡം ച സത്യം ശമദമാവപി.

ഭാഗവതേ	ഭഗവന്മഹിമയെ പ്രതിപാദിക്കുന്ന
ശാസ്ത്രേ	ശാസ്ത്രത്തിൽ
ശ്രദ്ധാം	അത്യാദരത്തെയും,
അന്യത്ര ച അപി ഹി	മററുള്ളവയിൽ (മററുദേവന്മാരുടെ മഹിമയെ പ്രതിപാദിക്കുന്ന ശാസ്ത്രങ്ങളിൽ) ഒരുതരത്തിലും
അനിന്ദാം	അനാദരമില്ലായ്മയെയും
മനോവാക്കർമ്മദണ്ഡം ച	മനസ്സ്, വാക്ക്, കർമ്മം, എന്നിവയുടെ നിയന്ത്രണത്തെയും
സത്യം	യഥാർത്ഥകഥനത്തെയും,
ശമദമൗ അപി	അന്തഃകരണനിയന്ത്രണമായ ശമത്തെയും, ബാഹ്യേന്ദ്രിയ നിയന്ത്രണമായ ദമത്തെയും
(ശിക്ഷേത്)	പരിശീലിക്കുക.

27. **ശ്രവണം കീർത്തനം ധ്യാനം ഹരേരദ്ഭുത കർമ്മണഃ**
ജന്മകർമ്മ ഗുണാനാം ച തദർത്ഥേഽഖിലചേഷ്ടിതം

അദ്ഭുത കർമ്മണഃ	അദ്ഭുതകരങ്ങളായ അനേകം കർമ്മങ്ങളോടു കൂടിയ
ഹരേഃ	ശ്രീഹരിയുടെ
ജന്മകർമ്മ ഗുണാനാം	ജന്മങ്ങളേയും, കർമ്മങ്ങളേയും, ഗുണങ്ങളേയും.
ശ്രവണം	കേൾക്കുന്നതും.
കീർത്തനം	ഗാനം ചെയ്യുന്നതും.
ധ്യാനം	ധ്യാനിക്കുന്നതും.
തദർത്ഥേ	ആ ശ്രീഹരിക്കായ്ക്കൊണ്ടുതന്നെ
അഖില ചേഷ്ടിതം ച	സകല പ്രവൃത്തികളേയും അഭ്യസിച്ചുകൊള്ളണം.

28. **ഇഷ്ടം ദത്തം തപോ ജപ്തം വൃത്തം യച്ചാത്മനഃ പ്രിയം**
ദാരാൻ സുതാൻ ഗൃഹാൻ പ്രാണാൻ യത് പരസ്മൈ നിവേദനം

ഇഷ്ടം	യാഗം
ദത്തം	ദാനം
തപഃ	തപസ്സ്
ജപ്തം	ജപം
വൃത്തം	സദാചാരം
യത് ആത്മനഃ പ്രിയം	തനിക്കു പ്രിയമായ ചന്ദനം മുതലായവ ഏതൊന്നുണ്ടോ അതും
ദാരാൻ	ഭാര്യ
സുതാൻ	മക്കൾ
ഗൃഹാൻ	ഗൃഹങ്ങൾ
പ്രാണാൻ ച	പ്രാണങ്ങളേയും.
പരസ്മൈ	പരമാത്മാവിനായ്ക്കൊണ്ട്
നിവേദനം യത്	സമർപ്പിക്കുക എന്നു യാതൊന്നുണ്ടോ, അതിനേയും അഭ്യസിച്ചുകൊള്ളണം.

29. **ഏവം കൃഷ്ണാത്മനാഥേഷു മനുഷ്യേഷു ച സൗഹൃദം**
പരിചര്യാഞ്ചോഭയത്ര മഹത്സു നൃഷു സാധുഷു

ഏവം	ഇപ്രകാരം
കൃഷ്ണാത്മനാഥേഷു	ശ്രീകൃഷ്ണനെത്തന്നെ ആത്മാവായിട്ടും നാഥനായിട്ടും
മനുഷ്യേഷു	മനുഷ്യന്മാരോട്
സൗഹൃദം ച	സ്നേഹത്തേയും
ഉഭയത്ര	ചരങ്ങളും അചരങ്ങളുമായ ജീവരാശികളിലും

നൃഷു	അതിൽവെച്ച് മനുഷ്യന്മാരോടും	മഹത്സു	അവർകളിൽ വെച്ച് ഭഗവത്ഭക്തന്മാരേ
സാധുഷു	അതിലും ധർമ്മൈകനിഷ്ഠന്മാരായ സാധുക്കളോടും	പരിചര്യാം ച	പരിചരിക്കുവാൻ അഭ്യസിക്കണം

30. **പരസ്പരാനുകഥനം പാവനം ഭഗവദ്യശഃ**
മിഥോ രതിർമിഥസ്തുഷ്ടിർനിവൃത്തിർമിഥ ആത്മനഃ

പാവനം	പരിശുദ്ധമാക്കുന്ന	മിഥഃ തുഷ്ടി	പരസ്പരം സന്തോഷിക്കുന്നതും
ഭഗവദ്യശഃ	ഭഗവാന്റെ യശസ്സിനെപ്പറ്റി		
പരസ്പരാനുകഥനം	തമ്മിൽത്തമ്മിൽ സംസാരിക്കുന്നതുകൊണ്ട്	മിഥഃ	പരസ്പരം
		ആത്മനഃ	അഹംകാരത്തിന്റെ
മിഥഃ	പരസ്പരം	നിവൃത്തിഃ	നിവൃത്തിയേയും
രതി	സുഖം അനുഭവിക്കുന്നതും		അഭ്യസിക്കണം

31. **സ്മരന്തഃ സ്മാരയന്തശ്ച മിഥോഽഘൌഘഹരം ഹരിം**
ഭക്ത്യാ സഞ്ജാതയാ ഭക്ത്യാ ബിഭ്രൻ ഉത്പലകാം തനും.

ഭക്ത്യാ	മുമ്പ് വിവരിച്ച സാധനഭക്തികൊണ്ട്	ഹരിം	ശ്രീ ഹരിയേ
		സ്മരന്തഃ	സ്മരണം ചെയ്തും
സഞ്ജാതയാ	ഉണ്ടായ	മിഥഃ	പരസ്പരം
ഭക്ത്യ	പ്രേമഭക്തിയാൽ	സ്മാരയന്തഃ	സ്മരിച്ചുകൊണ്ടും.
അഘൌഘഹരം	അവിദ്യാദികളായ സകല ദോഷങ്ങളേയും	ഉത്പുളകാം	രോമാഞ്ചം കൊള്ളുന്ന
		തനും	ദേഹത്തെ
	നശിപ്പിക്കുന്ന	ബിഭ്രതി	ധരിക്കുന്നു.

32. **ക്വചിദ്രുദന്ത്യച്യുത ചിന്തയാ ക്വചിൽ**
ഹസന്തി നന്ദന്തി വദന്ത്യലൌകികാഃ
ഗായന്തി നൃത്യന്ത്യനുശീലയന്ത്യജം
ഭവന്തി തൂഷ്ണീം പരമേത്യ നിർവൃതാഃ

അലൌകികാഃ	ലോകാതീതന്മാരായ് ഭവിച്ച്	രുദന്തി	കരയുന്നു
		ക്വചിത്	ചിലസമയം
അച്യുത ചിന്തയാ	ശ്രീകൃഷ്ണനേയും അവന്റെ ലീലാവിലാസങ്ങളേയും ചിന്തിച്ച്	ഹസന്തി	ചിരിക്കുന്നു
		നന്ദന്തി	ആനന്ദം പ്രാപിക്കുന്നു
		വദന്തി	ഇഷ്ടാനുസാരം സംസാരിക്കുന്നു
ക്വചിത്	ചിലപ്പോൾ		

ഗായന്തി	പാടുന്നു	പരം ഏത്യ	പരമാത്മാവിനെ പ്രാപിച്ച്
നൃത്യന്തി	നൃത്തം ചെയ്യുന്നു		
അനുശീലയന്തി	ഭഗവല്ലീലകളെ അഭിനയിക്കുന്നു;	തൂഷ്ണീംഭവന്തി	ഒന്നും മിണ്ടാതിരിക്കുന്നു

33. **ഇതി ഭാഗവതാൻ ധർമ്മാൻ ശിക്ഷൻ ഭക്ത്യാ തദുത്ഥയാ**
നാരായണ പരോ മായാമഞ്ജസ്തരതി ദുസ്തരാം

ഇതി	ഈ വിധങ്ങളായ	തദുത്ഥയാ ഭക്ത്യാ	ഭാഗവത ധർമ്മങ്ങളെ അനുഷ്ഠിക്കുന്നതുകൊണ്ടുണ്ടാകുന്ന ഭക്തിയാൽ
ഭാഗവതാൻ ധർമ്മാൻ	ഈശ്വരഭക്തിയെ ഉണ്ടാക്കുന്ന ഭാഗവത ധർമ്മങ്ങളെ	ദുസ്തരാം മായാം	തരണം ചെയ്യാനാവാത്ത മായയേ
ശിക്ഷൻ	അഭ്യസിച്ചുകൊണ്ട്		
നാരായണപരഃ	നാരായണനേ ഗതി എന്നുള്ള ഒരു വ്യക്തി	അഞ്ജഃ	എളുപ്പത്തിൽ
		അതി	കടന്നു ചെല്ലുന്നു.

രാജോവാച — രാജാപറഞ്ഞു

34. **നാരായണാഭിധാനസ്യ ബ്രഹ്മണഃ പരമാത്മനഃ.**
നിഷ്ഠാമർഹഥ നോവക്തും യൂയാംഹിബ്രഹ്മവിത്തമാഃ.

നാരായണാഭിധാനസ്യ	നാരായണൻ എന്നപേരോടുകൂടിയ	വക്തും	പറയുവാൻ
		അർഹഥ ഹി	നിങ്ങൾ അർഹിക്കുന്നവർ കാരണം
പരമാത്മനഃ	പരമാത്മാവായ		
ബ്രഹ്മണഃ നിഷ്ഠാം	ബ്രഹ്മസ്വരൂപത്തേ	യൂയം	നിങ്ങൾ
		ബ്രഹ്മവിത്തമാഃ	ബ്രഹ്മജ്ഞാനികളിൽ ശ്രേഷ്ഠന്മാർ.
നഃ	ഞങ്ങൾക്ക്		

പിപ്പലായന ഉവാച–പിപ്പലായനൻ പറഞ്ഞു

35. **സ്ഥിത്യുത്ഭവപ്രളയ ഹേതുരഹേതുരസ്യയത്**
സ്വപ്നജാഗരസുഷുപ്തിഷു സദ് ബഹിശ്ച
ദേഹേന്ദ്രിയാ സുഹൃദയാനി ചരന്തി യേന
സഞ്ജീവിതാനി തദവേഹി പരം നരേന്ദ്ര.

നരേന്ദ്ര	ഹേ രാജൻ	യത്	യാതൊന്ന്
അഹേതുഃ	തന്റെ ഉദ്ഭവത്തിനു മററി കാരണങ്ങൾ ഇല്ലാത്തതും	സ്വപ്നജാഗരസുഷുപ്തിഷു	സ്വപ്നം, ജാഗ്രത, സുഷുപ്തി എന്ന് അവസ്ഥാത്രയങ്ങളിലും
അസ്യാ	ഈ ലോകത്തിന്റെ		
സ്ഥിത്യുത്ഭവപ്രളയഹേതുഃ	സൃഷ്ടി സ്ഥിതിസംഹാരങ്ങൾക്ക് കാരണമായതും	ബഹിഃ	പുറത്തും (സമാധിയിലും)

സത് ച	അസ്യൂതമായ് പ്രകാശി ക്കുന്നുവോ	ചരന്തി	തങ്ങളം തങ്ങളം കാര്യങ്ങ ളെ ചെയ്യുന്നുവോ
യേന	ഏതാൽ	തത്	അതു്
ദേഹേന്ദ്രിയാ-സുഹൃമയാനി	ദേഹം, ഇന്ദ്രിയങ്ങളം, പ്രാണങ്ങളം, മനസ്സ് ഇവകളം	പരം	പരമാത്മാവ് എന്നു്
സഞ്ജീവിതാനി	പുനരുജ്ജീവിക്കപ്പെട്ടു്	അവേഹി	അറിയുക

36. നേതന്മനോ വിശതി വാഗുത ചക്ഷുരാത്മാ
പ്രാണേന്ദ്രിയാണി ചയഥാനലമർച്ചിഷഃ സ്വാഃ-
ശബ്ദോപി ബോധക നിഷേധയാssത്മമൂല-
മർത്ഥോക്തമാഹ യദൃതെ ന നിഷേധസിദ്ധിഃ-

അനലം	അഗ്നിയെ	ആത്മമൂലം	ആത്മാവ് ഉണ്ടു് എന്ന വിഷയത്തിങ്കൽ പ്രമാണ മായ് വേിച്ച്
സ്വാഃ അർചിഷഃ	അതിന്റെ ജ്വാലകളം	ബോധകനിഷേധതയാ	ആത്മബോധത്തെയും ചെയ്തു് അതുതന്നെ നിഷേധരൂപമായി നേതി നേതി എന്നതുകൊണ്ടു്
യഥാ	എങ്ങിനെ (പ്രകാശിപ്പിക്കുന്നില്ലയോ) അങ്ങിനെ		
ഏതത്	ഈ പരമാത്മാവിനെ		
മനഃ	മനസ് (ജന്മരങ്ങളായമനോവൃത്തികളെ പ്രകാശിപ്പിക്കുന്ന ആത്മാആവൃത്തികളംക്ക് വിഷയമല്ല)	അർത്ഥോക്തം	വ്യക്തമായി വിവരിച്ചു പറയാതെ താൽപര്യ വിഷയമായ് പ്രതിപാദിച്ചതായ്
നവിശതി	പ്രകാശിപ്പിക്കുന്നില്ല.	ആഹ	പറയുന്നു.
വാക് ചക്ഷുഃ ഉത;	വാക്കം കൺകളം പ്രകാശിപ്പിക്കുന്നില്ല	യത് ഋതേ	നിഷേധത്തിനു് അവധിഭൂതമായ ആ പരമാത്മാവില്ലെങ്കിൽ
പ്രാണേന്ദ്രിയാണി	പ്രാണനും ഇന്ദ്രിയങ്ങളം		
ആത്മാ ച	ബുദ്ധിയും പോലും പ്രകാശിപ്പിക്കുന്നില്ല	നിഷേധസിദ്ധിഃ ച	നിഷേധംതന്നെ (നേതി നേതി) സംഭവിക്കുകയില്ലതന്നെ
ശബ്ദഃ അപി	ഉപനിഷദ്വാക്യങ്ങളം		

* ഉപനിഷദ് വാക്യം അതിനു മൂലകരണമായ പരമാത്മാവിനെ ഏതിനെ അറിയിക്കുവാൻ ഒന്നുമില്ലയോ അതാണ് പരമാത്മാവ് എന്നു് താൽപര്യം വഴിയായി പറഞ്ഞു എന്നല്ലാതെ ഇതുതന്നെയാണ് പരമാത്മാവ് എന്ന് പ്രത്യക്ഷമായി പറഞ്ഞിട്ടില്ല.

37. സത്വം രജസ്തമ ഇതി ത്രിവൃദേകമാദൌ
സൂത്രം മഹാനഹമിതി പ്രവദന്തി ജീവം
ജ്ഞാനക്രിയാർത്ഥ ഫലരൂപതയോരുശക്തി
ബ്രഹ്മൈവ ഭവതി സദസച്ച തയോഃ പരം യത്

ആദൌ	സൃഷ്ടിയുടെ ആരംഭത്തിൽ
ഏകം	ഒരേ ബ്രഹ്മത്തിനെ
സൂത്രം	ക്രിയാശക്തി പ്രധാനമായ സൂത്രാത്മാവെന്നും
സത്വം രജഃ തമഃ ഇതി ത്രിവൃത്	സത്വം രജസ് തമസ് എന്ന ത്രിവൃത് എന്നത് പ്രധാനമായും
മഹാൻ	ജ്ഞാനശക്തി പ്രധാനമായ മഹത്തത്വമായിട്ടും
അഹം ജീവം	ജീവോപാധികമായ അഹം തത്വമെന്നും
പ്രവദന്തി	ശാസ്ത്രങ്ങൾ പറയുന്നു
ബ്രഹ്മ ഏവ	പരബ്രഹ്മം തന്നെ
ഉരുശക്തി	മഹത്തായ മായാ എന്ന ശക്തിയോടുകൂടിയതായ
ജ്ഞാനക്രിയാർത്ഥഫല രൂപതയാ	ദേവതകൾ, ഇന്ദ്രിയങ്ങൾ, വിഷയങ്ങൾ അതിന്റെ പ്രകാശം അഥവാ സുഖം മുതലായവകളുടെ രൂപമായി ഇരുന്നുകൊണ്ട്
സത്	സ്ഥൂലമായ കാര്യമായിട്ടും
അസത് ച	സൂക്ഷ്മമായ കാരണമായിട്ടും
ഭാതി	ഭാസിക്കുന്നു.
യത്	എന്നതുകൊണ്ട്
തയോഃ	കാര്യകാരണങ്ങൾക്ക്
പരം	കാരണമായിരിക്കുന്നു.

38. നാത്മാ ജജാന നമരിഷ്യതി നൈധതേസൌ
നക്ഷീയതേ സവനവിദ് വ്യഭിചാരിണാം ഹി
സർവ്വത്ര ശശ്വദനപായ്യുപലബ്ധിമാത്രം
പ്രാണോയഥേന്ദ്രിയ ബലേന വികല്പിതം സത്.

ആത്മാ	പരമാത്മാ
ന ജജാന	ഉണ്ടായില്ല
ന ഏധതേ	വർദ്ധിക്കുന്നില്ല
ന ക്ഷീയതേ	ക്ഷയിക്കുകയില്ല
ന മരിഷ്യതി	നശിക്കുന്നില്ല
ഹി	കാരണം എന്തെന്നാൽ
പ്രാണഃ യഥാ	പ്രാണൻപോലെ

(എങ്ങിനെ പ്രാണൻ പശു പക്ഷി മുതലായ ശരീരങ്ങളേ ആശ്രയിച്ചിട്ടും ആ ശരീരധർമ്മങ്ങളേ പ്രാപിക്കുന്നില്ലയോ അതു പ്രകാരം)

വ്യഭിചാരിണാം	ഉത്പത്തി വിനാശം ഇവയുള്ള ബാലൻ, യുവാവ് മുതൽപേരുടെ ശരീരങ്ങളിൽ
സവനവിത്	കാലത്തെ അറിയുന്ന സാക്ഷിയായിരിക്കുന്നു
ഇന്ദ്രിയബലേന വികല്പിതം സത്	ഇന്ദ്രിയ ബലത്താൽ പലവിധമായ കല്പിക്കപ്പെട്ട
ഉപലബ്ധിമാത്രം	കേവല ജ്ഞാനസ്വരൂപിയായ്
സർവ്വത്ര	എല്ലാസ്ഥലത്തിലും
ശശ്വത്	എപ്പോഴും
അനപായി	ഇടവിടാതെ പ്രകാശിച്ചുകൊണ്ടും ഇരിക്കുന്നു.

39. അണ്ഡേഷു പേശിഷു തരുഷ്വവിനിശ്ചിതേഷു
പ്രാണോ ഹി ജീവമുപധാവതി തത്ര തത്ര
സന്നേ യദിന്ദ്രിയഗണേഽഹമി ച പ്രസുപ്തേ
കൂടസ്ഥ ആശയമൃതേ തദനുസ്മൃതിർനഃ

അണ്ഡേഷു	മുട്ടയിൽ നിന്നും ഉണ്ടാകുന്നതും
പേശിഷു	ഗർഭപ്പയ്യിൽ നിന്നുമുണ്ടാകുന്നതും
തരുഷു	ഭൂമിയെ പിളർന്ന് മുളക്കുന്ന വൃക്ഷങ്ങളിലും
അവിനിശ്ചിതേഷു	ഏതിൽ നിന്നും ഉണ്ടാകുന്നു എന്ന് നിശ്ചിതമായി പറയാനാവാത്ത വിയർപ്പിൽ നിന്നുമുണ്ടാകുന്നതും.
തത്ര തത്ര	അതാതു ശരീരത്തിങ്കൽ
പ്രാണഃ	പ്രാണൻ
ജീവഃ	ജീവാത്മാവിനെ
അനുധാവതി ഹി	അനുഗമിക്കുന്നതുപോൽ
ഇന്ദ്രിയഗണേ	നേത്രം തുടങ്ങിയ ഇന്ദ്രിയങ്ങളും
അഹമി	അഹങ്കാരവും
യത്	യാതൊന്ന്
പ്രസുപ്തേ	സുഷുപ്താവസ്ഥയിൽ
സന്നേ	ലയം പ്രാപിക്കുന്നുവോ അപ്പോഴും
ആശയം ഋതേ	വികാരത്തിനു കാരണവും ഉപാധിഭൂതവുമായ ലിംഗശരീരം ഇല്ലാത്തതാൽ
കൂടസ്ഥഃ	ആത്മവികാരമില്ലാതെ വിലസിക്കുന്നു.
തദനുസ്മൃതിഃ	വികാരരഹിതനും ആനന്ദസ്വരൂപനും സുഷുപ്തിക്ക് സാക്ഷിയുമായ ആത്മസ്മൃതി നമുക്കുണ്ടാകുന്നു.

40. യർഹ്യബ്ജനാഭചരണൈഷണയോരുഭക്ത്യാ
ചേതോമലാനി വിധമേദ് ഗുണകർമ്മജാനി
തസ്മിൻ വിശുദ്ധ ഉപലഭ്യത ആത്മതത്ത്വം
സാക്ഷാത് യഥാമലദൃശോഃ സവിതൃപ്രകാശഃ

അബ്ജനാഭചരണൈഷണയാ	പത്മനാഭന്റെ തിരുവടി സേവകൊണ്ടുണ്ടായ
ഉരുഭക്ത്യാ	ഭക്ത്യാധിക്യം കൊണ്ട്
ചേതഃ	മനസ്സ്
ഗുണകർമ്മജാനി	സത്വാദി ഗുണങ്ങളാലും കർമ്മങ്ങളാലും ഉണ്ടായ
മലാനി	പുണ്യപാപാദി ദോഷങ്ങളെ
യർഹിവിധമേത്	എപ്പോൾ നശിപ്പിക്കുമോ അപ്പോൾ
വിശുദ്ധേ	നിർമ്മലമായ
തസ്മിൻ	ആ മനസ്സിൽ
അമലദൃശോഃ	ദോഷരഹിതമായ നേത്രങ്ങളിൽ
സവിതൃപ്രകാശഃ	സൂര്യകിരണപ്രകാശം
യഥാ	എങ്ങിനെ പ്രകാശിക്കുമോ അങ്ങിനെ
സാക്ഷാത്	തടസ്ഥരഹിതമായി
ആത്മതത്ത്വം	ആത്മസ്വരൂപം
ഉപലഭ്യതേ	വിളങ്ങുന്നു.
രാജോവാച	രാജാവ് ചോദിച്ചു;

41. **കർമ്മയോഗം വദത നഃ പുരുഷോ യേന സംസ്കൃതഃ**
വിധൂയേ ഹാശു കർമ്മാണി നൈഷ്കർമ്മ്യം ലഭതേ പരം.

യേന	ഏതു കർമ്മയോഗം കൊണ്ട്
പുരുഷഃ	പുരുഷൻ
ഇഹ	ഈ ജന്മത്തിൽ
ആശു	ഉടൻ
കർമ്മാണി	കർമ്മങ്ങളേ കർമ്മഫലങ്ങളേ
വിധൂയ	ത്യജിച്ച്
സംസ്കൃത:	പരിശുദ്ധനായ്
പരം	ഉത്തമമായ
നൈഷ്കർമ്മ്യം	ജ്ഞാനത്തെ
വിരുതെ	പ്രാപിക്കുന്നുവോ
കർമ്മയോഗം	ആ കർമ്മയോഗത്തെ
നഃ വദത	ഞങ്ങൾക്ക് ഉപദേശിച്ച് അനുഗ്രഹിക്കുക.

42. **ഏവം പ്രശ്നമൃഷീൻ പൂർവ്വമപൃച്ഛം പിതുരന്തികെ**
നാബ്രുവൻ ബ്രഹ്മണഃ പുത്രാസ്തത്ര കാരണമുച്യതാം.

ഏവം	ഈ വിധമായ
പ്രശ്നം	ചോദ്യം
പൂർവ്വം	മുമ്പൊരിക്കൽ
പിതുഃ അന്തികെ	എന്റെ പിതാവായ ഇക്ഷ്വാകു രാജനിടം വന്ന
ഋഷീൻ	സനകാദികളോട്
അപൃച്ഛം	ചോദിച്ചു.
ബ്രാഹ്മണഃ പുത്രാഃ	ബ്രാഹ്മ പുത്രന്മാരായ അവർ (സർവ്വജ്ഞന്മാരായിരുന്നിട്ടും)
ന അബ്രുവൻ	ഉത്തരം പറഞ്ഞില്ല.
തത്ര കാരണം	അതിനെന്താണ് കാരണം എന്നും
ഉച്യതാം	അറിയിക്കപ്പെട്ടാലും

ആവിർഹോത്ര ഉവാച: ആവിർഹോതാവ് പറഞ്ഞു.

43. **കർമ്മാ കർമ്മ വികർമ്മേതി വേദവാദോ ന ലൌകികഃ**
വേദസ്യ ചേശ്വരാത്മത്വാത് തത്ര മുഹ്യന്തി സൂരയഃ

കർമ്മ	വിഹിതമായ കർമ്മം
അകർമ്മ	നിഷിദ്ധകർമ്മം
വികർമ്മ	വിഹിത കർമ്മത്തെ അനുഷ്ഠിക്കാതിരിക്കുക
ഇതി	എന്ന മൂന്നും
വേദവാദഃ	വേദം മൂലമാത്രമേ അറിയുവാൻ സാധിക്കുള്ളു
നലൌകികഃ	ലോക വ്യവഹാരങ്ങൾ വഴി അറിയുവാൻ സാധ്യമല്ല.
വേദസ്യ	വേദമോ എങ്കിൽ
ഈശ്വരാത്മത്വാത്	ഈശ്വരനിൽ നിന്നുമുണ്ടായതുകൊണ്ട്
തത്ര	കർമ്മ, അകർമ്മ, വികർമ്മ എന്ന മൂന്നുവിഷയങ്ങളിൽ
സൂരയഃ ച	വിദ്വാന്മാർ പോലും
മുഹ്യന്തി	മുഗ്ദ്ധന്മാരായിരിക്കുന്നു.

(ആ വിധം ഉള്ളതുകൊണ്ട് അന്യരെപ്പററി പറയേണ്ടതുണ്ടോ ആ കാലങ്ങളിൽ നിങ്ങൾ ബാലന്മാരായിരുന്നതുകൊണ്ട് സർവ്വജ്ഞന്മാരായിരുന്നിട്ടും ആ ഋഷികൾ നിങ്ങൾക്ക് പറഞ്ഞില്ല)

44. **പരോക്ഷവാദോ വേദോഽയം ബാലാനാമനുശാസനം**
കർമ്മമോക്ഷായ കർമ്മാണി വിധത്തേഹ്യഗദം യഥാ.

അയം വേദഃ	കർമ്മങ്ങളേ വിധിക്കുന്ന ഈ വേദം	ബാലാനാം അനുശാസനം	അജ്ഞാനികൾക്ക് ഫലാകാംക്ഷയോടെ കർമ്മത്തെ ഉപദേശിക്കുന്നു.
പരോക്ഷ വാദഃ	പ്രദിപാദ്യങ്ങളായവയേ പ്രത്യക്ഷമായി പ്രദിപാദിക്കാതെ രഹസ്യമായി പ്രദിപാദിക്കുന്നു.	കർമ്മാണി	പക്ഷേ വാസ്തവത്തിൽ കർമ്മങ്ങൾ
അഗദം യഥാ ഹി	ഔഷധം എന്ന പോലെ	കർമ്മമോക്ഷായ	കർമ്മബന്ധമോചനത്തിനായ്ക്കൊണ്ടാണ്
		വിധത്തേ	വിധിക്കുന്നത്

45 **നാചരേത് യസ്തു വേദോക്തം സ്വയമജ്ഞോഽജിതേന്ദ്രിയഃ**
വികർമ്മണാ ഹ്യധർമ്മേണ മൃത്യോർമൃത്യുമുപൈതി സഃ

സ്വയം	സ്വയം	വികർമ്മണാ	വിഹിതകർമ്മങ്ങളെ അനുഷ്ഠിച്ചില്ല
അജ്ഞഃ	അജ്ഞനും (മൂഢനും)		
അജിതേന്ദ്രിയ	ഇന്ദ്രിയങ്ങളേ നിഗ്രഹിക്കാത്തവനും ആയ	അധർമ്മേണ	എന്ന അധർമ്മം കൊണ്ട്
		സഃ	ആ വ്യക്തി
യഃ	ഒരു വ്യക്തി	മൃത്യോഃ	മരണാനന്തരം
വേദോക്തം	വേദോക്തമായ കർമ്മങ്ങളേ	മൃത്യും	മരണത്തെ
ന ആചരേത് ഇ	അനുഷ്ഠിക്കാതിരിക്കുന്നു (വോ)	ഉപൈതി	പ്രാപിക്കുന്നു (ജനനമരണരൂപമായ സംസാരദുഃഖത്തെ പ്രാപിക്കുന്നു.)
ഹി	അതു ഹേതുവായ്		

46.വേദോക്തമേവ കുർവ്വാണോ നിഃസംഗോഽർപ്പിതമീശ്വരേ.
നൈഷ്കർമ്മ്യാം ലഭതേ സിദ്ധിം രോചനാർത്ഥാ ഫലശ്രുതിഃ

നിഃ സംഗഃ	(ചെയ്യുന്നവൻ ഞാൻഫലം എൻേറതാണ്) അഭിമാനരഹിതനായ്	നൈഷ്കർമ്മ്യാം സിദ്ധിം ലഭതേ	സർവ്വകർമ്മ നിവൃത്തനായ് മോക്ഷം പ്രാപിക്കുന്നു
വേദോക്തം	വേദവിഹിതകർമ്മങ്ങളെ	ഫലശ്രുതിഃ	വേദപ്രോക്തമായ ഫലശ്രുതി
ഈശ്വരേ അർപ്പിതം ഏവ	ഈശ്വരാർപ്പണം	രോചനാർത്ഥാ	കർമ്മങ്ങളെ അനുഷ്ഠിപ്പാനാഗ്രഹിക്കണം എന്നുദ്ദേശിച്ചാകുന്നു.
കുർവ്വാണഃ	ചെയ്യുന്നവൻ		

47. **യ ആശു ഹൃദയ ഗ്രന്ഥിംഃ നിർജിഹീർഷുഃ പരാത്മനഃ**
വിധിനോപചരേദ്ദേവം തന്ത്രോക്തേന ച കേശവം !

യഃ	ഏതൊരു വ്യക്തി
പരാത്മനഃ	പരമാത്മസ്വരൂപിയായ ജീവാത്മാവിന്റെ
ഹൃദയഗ്രന്ഥിഃ	അഹങ്കാര ബന്ധത്തെ
ആശു	ഉടനെ (വേഗത്തിൽ)
നിർജിഹീർഷുഃ	നശിപ്പിപ്പാനാഗ്രഹിക്കുന്നവോ അവൻ
തന്ത്രോക്തേന	ആശ്രമ ശാസ്ത്രങ്ങളിൽ പ്രതിപാദിക്കപ്പെട്ട
വിധിനാ	ക്രമത്തിലും, വേദോക്തക്രമത്തിലും
കേശവം ദേവം	കേശവാദിരൂപങ്ങളിൽ പ്രകാശിക്കുന്നഈശ്വരനെ
ഉപചരേത്	പൂജിക്കണം

48. **ലബ്ധാനുഗ്രഹ ആചാര്യാത് തേന സന്ദർശിതാഗമഃ**
മഹാപുരുഷമഭ്യർചേന്മൂർത്ത്യാഭിമതയാഽഽത്മനഃ

ആചാര്യാത് ലബ്ധാനുഗ്രഹ	ആചാര്യനിൽ നിന്നും അനുഗ്രഹീതനായിട്ട്
തേന	ആ ആചാര്യനാൽ
സന്ദർശിതാഗമഃ	ഉപദേശിക്കപ്പെട്ട പൂജാക്രമത്തോടുകൂടി
ആത്മനഃ	തനിക്ക്
അഭിമതയാ	ഇഷ്ടപ്പെട്ട
മൂർത്ത്യാ	വിഗ്രഹം വഴിയായി
മഹാപുരുഷം	പുരുഷോത്തമനായ വിഷ്ണുവിനെ
അഭ്യർച്ചേത്	ആരാധിക്കേണ്ടതാണ്

49. **ശുചിഃ സമ്മുഖാസീനഃ പ്രാണസംയമനാദിഭിഃ**
പിണ്ഡം വിശോധ്യ സന്ന്യാസകൃതരക്ഷോഽർച്ചയേദ്ധരിം

50. **അർചാദൌ ഹൃദയേ ചാപി യഥാലബ്ധോപചാരകൈഃ**
ദ്രവ്യക്ഷിത്യാത്മലിംഗാനി നിഷ്പാദ്യ പ്രോക്ഷ്യ ചാസനം

51. **പാദ്യാദീനുപകല്പ്യാഥ സന്നിധാപ്യ സമാഹിതഃ**
ഹൃദാദിഭിഃ കൃതന്യാസോ മൂലമന്ത്രേണ ചാർചയേത്

ശുചിഃ	സ്നാനസന്ധ്യാദികൾ അനുഷ്ഠിച്ച് ത്രികരണ ശുദ്ധനായി ഭവിച്ച്
സമ്മുഖം ആസീനഃ	വിഗ്രഹത്തിന് എതിരെ ഉപവിഷ്ടനായി
പ്രാണസംയമനാദിഭിഃ	പ്രാണായാമം ഭൂതശുദ്ധി മുതലായവയാൽ
പിണ്ഡം വിശോധ്യ	ശരീരശോധന ചെയ്ത്
സന്ന്യാസ—കൃതരക്ഷ	മാതൃകാന്യാസംകൊണ്ട് രക്ഷചെയ്ത്
യഥാലബ്ധോപചാരകൈഃ	യഥാലബ്ധോപചാരങ്ങളാൽ
അർച്ചാദൌ ച	വിഗ്രഹങ്ങൾ മുതലായവയിലും
ഹൃദയേ	ഹൃദയത്തിലും ധ്യാനം
അപി	ചെയ്ത്

ഹരിം	ശ്രീ മഹാവിഷ്ണുവിനെ
അർച്ചയേത്	ആരാധിക്കണം
ദ്രവ്യക്ഷിത്യമലിംഗാനി	പൂക്കളിൽ പുഴക്കളോ മറേറാ ഇല്ലാതേയും പൂജാസ്ഥലം ശുദ്ധമാക്കി സ്ഥിരചിത്തനായ് അഭിഷേകം മുതലായവകളാൽ
നിഷ്പാദ്യ	ആരാധനാർഹമാക്കിക്കൊണ്ട്
പാദ്യാദീൻ	അർഘ്യപാദ്യാദികളെ
ഉപകല്പ്യാഥ	അതാതു പാത്രങ്ങളിൽ സജ്ജമാക്കിക്കൊണ്ട്
ആസനം ച	ആസനത്തേയും
പ്രോക്ഷ്യ	പ്രോക്ഷിച്ച്
അഥ	അനന്തരം
സമാഹിതഃ	ഏകാഗ്രചിത്തനായിഭവിച്ച്
സന്നിധാപ്യഃ	ഹൃദയത്തിൻ ധ്യാനം ചെയ്ത ഈശ്വരനെ വിഗ്രഹത്തിൽ ധ്യാനം ചെയ്ത്
ഹൃദാദിഭിഃ	ഹൃദയായ നമഃ, ശിരസേ സ്വാഹാ, ശിഖായൈ
കൃതന്യാസഃ	വഷട് കവചായ ഹും, നേത്രത്രയായ വൌഷട്
	എന്നീമന്ത്രങ്ങളാൽ ന്യാസം ചെയ്ത്
മൂലമന്ത്രേണ ച	മൂലമന്ത്രം കൊണ്ടും വേദമന്ത്രം കൊണ്ടും
അർച്ചയേത്	ആരാധിക്കേണം

52, 53. സാംഗോപാംഗം സപാർഷദാം താംതാം മൂർത്തീം സ്വമന്ത്രതഃ!
പാദ്യാർഘ്യാചമനീയാദ്യൈഃ സ്നാന വാസോവിഭൂഷണൈഃ!
ഗന്ധമാല്യാക്ഷതസ്രഗ്ഭിഃ ധൂപദീപോപഹാരകൈഃ!
സാംഗം സംപൂജ്യ വിധിവത് സ്തവൈഃ സ്തുത്വാനമേദ്ധരിം!

സാംഗോപാംഗം	കൈയ്യ്, കാല് മുതലായ അവയവങ്ങളോടും ശംഖ് ചക്രം മുതലായവയോടും
സർ പാർഷദാം	പരിവാരങ്ങളോടുകൂടിയതും ആയ
താംതാംമൂർത്തിം	അതാതു മൂർത്തികളെ
സ്വതന്ത്രതഃ	അതാതു മൂർത്തികളുടെ മൂലമന്ത്രങ്ങളാൽ
പാദ്യാർഘ്യാചമനീയാദ്യൈഃ	പാദ്യം, അർഘ്യം, അചമനീയം മുതലായവകളാലും
സ്നാനവാസോവിഭൂഷണൈ	സ്നാനം, വസ്ത്രം, അലങ്കാരം ഇവകളാലും
ഗന്ധമാല്യാക്ഷതസ്രക്ഭി	ചന്ദനം, പുഷ്പം, അക്ഷതാതിലകം പുഷ്പമാലാ
ധൂപദീപോപഹാരകൈഃ	ദീപം നൈവേദ്യം ഇവകളാലും
വിധിവത് സംപൂജ്യ	ക്രമമായി പൂജചെയ്ത്
സാംഗംഹരിം	സപരിവാരം മഹാവിഷ്ണുവിനെ
സ്തവൈഃ സ്തുത്വാ	സ്തോത്രങ്ങളാൽ സ്തുതിചെയ്ത്
നമേത്	നമസ്കരിക്കണം

54. ആത്മാനാം തന്മയംധ്യായൻ മൂർത്തിം പൂജയേദ്ധരേഃ!
ശേഷാമാധായ ശിരസി സ്വധാമ്ന്യുദ്വാസ്യ സത്കൃതം.

ആത്മാനം	തന്നെ	ശിരസി	തലയിൽ (ശിരസ്സിൽ)
തന്മയം	ആ ദേവതാസ്വരൂപമായ്	ആധായ	ചൂടി (ധരിച്ച്)
ധ്യായൻ	ധ്യാനിച്ച്	സത്കൃതം	പൂജിക്കപ്പെട്ട ദേവതയേ
ഹരേഃ മൂർത്തിം സംപൂജയേത്	ശ്രീഹരിയിൽ മൂർത്തിയെ പൂജിക്കണം	സ്വധാമ്നി	തന്റെ വാസസ്ഥലമായ ഹൃദയത്തിൽ
ശേഷാം	പ്രസാദത്തെ (നിർമ്മാല്യത്തെ)	ഉദ്വാസ്യ	ഉദ്വാസനം ചെയ്തു് പൂജയേ സാപ്തി ചെയ്യണം.

55. ഏവമഗ്ന്യർക്കതോയാ ദാവതിഥൌ ഹൃദയേ ച യഃ।
യജതീശ്വരമാത്മാന മചിരാന്മുച്യതെ ഹി സഃ॥

ഏവം	ഇപ്രകാരം	ഈശ്വരം	ഈശ്വരനെ
അഗ്ന്യർക്കതോയാദൌ	അഗ്നി, ആദിത്യൻ, ജലം മുതലായവയിലും	യഃ	ആരു്
		യജതി	പൂജിക്കുന്നുവോ
അതിഥൌ	അതിഥിയിലും	സഃ	അവർ (ആ വ്യക്തി)
ഹൃദയേ ച	ഹൃദയത്തിലും	അചിരാത്	ശീഘ്രമായ്
ആത്മാനം	പരമാത്മാവായ	മുച്യതെ	മുക്തനാകുന്നു.

ഇതി ശ്രീമത് ഭാഗവതെ മഹാപുരാണെ
ഏകാദശസ്കന്ധെ തൃതീയോऽധ്യായഃ!
ശ്രീമത് ഭാഗവത മഹാപുരാണത്തിൽ പതിനൊന്നാംസ്കന്ധത്തിൽ
മൂന്നാമത്തെ അധ്യായം സംപൂർണ്ണം

ആദിയിൽ നിന്നും ശ്ലോകങ്ങൾ	12300	പതിനൊന്നാം സ്കന്ധത്തിൽ ഇതുവരേയുള്ള ശ്ലോകങ്ങൾ	134

ചതുർത്ഥോऽധ്യായഃ = അധ്യായം നാല്

ശ്രീമത് ഭാഗവതെ ഏകാദശസ്കന്ധെ ചതുർത്ഥോऽധ്യായഃ
ശ്രീമത് ഭാഗവതത്തിൽ പതിനൊന്നാം സ്കന്ധം നാലാമത്തെ അദ്ധ്യായം.

ഭഗവതോऽവതാരവർണനം.
ഭഗവതവതാരങ്ങളെ വർണ്ണിക്കുന്നത്.
രാജോവാച — രാജാവ് ചോദിച്ചു.

1 യാനി യാനീഹ കർമ്മാണി യൈര്യൈഃ സ്വച്ഛന്ദജന്മഭിഃ
ചക്രേ കരോതി കർത്താ വാ ഹരിസ്താനി ബ്രുവന്തു നഃ

യൈഃ യൈഃ	ഏതേതു പ്രകാരത്തിൽ
സ്വച്ഛന്ദജന്മഭിഃ	സ്വേച്ഛയായ് എടുത്ത അവതാരങ്ങളാൽ
ഇഹ	ഈ ലോകത്തിൽ
ഹരിഃ	ശ്രീഹരി
യാനിയാനി	ഏതുപ്രകാരമായ ലീലകൾ (കാര്യങ്ങൾ)
ചക്രേ	ചെയ്തുവോ
കരോതി	ചെയ്യുന്നുവോ
കർത്താ വാ	ചെയ്യുവാൻ പോകുന്നുവോ
താനി	അപ്രകാരമായ ലീലകളെ
വഃ	ഞങ്ങൾക്ക്
ബ്രുവന്തു	ഉപദേശിച്ച് അനുഗ്രഹിക്കണം.

2\. **യോ വാ അനന്തസ്യ ഗുണാനനന്താന–**
നുക്രമിഷ്യൻ സതു ബാല ബുദ്ധിഃ
രജാംസി ഭൂമേർഗണയേത്കഥഞ്ചിത്
കാലേന നൈവാഖില ശക്തി ധാമ്നഃ

യഃ	ആര്
അനന്തസ്യ	അനന്തനായ ഭഗവാന്റെ
അനന്താൻ	അസംഖ്യമായ
ഗുണാൻ	ഗുണഗണങ്ങളെ
അനുക്രമിഷ്യൻ	കണക്കിടാൻ ആഗ്രഹിക്കുന്നുവോ
സഃ	അവൻ
ബാലബുദ്ധിർവാ	ബാലൻ തന്നെ
ഭൂമേ	ഭൂമിയുടെ
രജാംസി	ധൂളികളെ
കാലേന	കാലക്രമം കൊണ്ട്
കഥഞ്ചിത്	എങ്ങിനെ എങ്കിലും
ഗണയേത്	കണക്കിടാൻ സാധിക്കും
തു	പക്ഷേ
അഖില ശക്തി ധാമ്ന	സർവ്വശക്തികൾക്കും ഉറവിടമായ ഭഗവത് ഗുണങ്ങളെ മാത്രം
ന ഏവ	കണക്കിടുന്നതു എന്നത് അസാധ്യമാകുന്നു.

3\. **ഭൂതൈര്യദാ പഞ്ചഭിരാത്മസൃഷ്ടൈഃ**
പുരം വിരാജം വിരചയ്യ തസ്മിൻ.
സ്വാംശേന വിഷ്ടഃ പുരുഷാഭിധാന–
മവാപനാരായണ ആദിദേവഃ!

ആത്മസൃഷ്ടൈഃ	താൻ സൃഷ്ടിച്ച
പഞ്ചഭിഃഭൂതൈ	പഞ്ചഭൂതങ്ങളാൽ
വിരാജം	ബ്രഹ്മാണ്ഡം എന്ന
പുരം	ശരീരത്തെ
വിരചയ്യ	സൃഷ്ടിച്ച്
ആദിദേവഃ	ആദിദേവനായ
നാരായണഃ	നാരായണൻ
യദാ	എപ്പോൾ
തസ്മിൻ	അതിൽ
സ്വാംശേന	തന്റെ അംശമായ്
വിഷ്ടഃ	പ്രവേശിച്ചപ്പോൾ
പുരുഷാഭിധാന	പുരുഷൻ എന്ന നാമത്തെ
അവാപ	പ്രാപിച്ചു.

4. **യത്കായ ഏഷ ഭുവനത്രയ സന്നിവേശോ**
യസ്യേന്ദ്രിയൈസ്തനുഭൃതാമുഭയേന്ദ്രിയാണി
ജ്ഞാനം സ്വതഃ ശ്വസനതോ ബലമോജോ ഈഹാ
സത്വാദിഭിഃ സ്ഥിതിലയോദ്ഭവ ആദികർത്താ

യത് കായെ	ഏതു പുരുഷന്റെ ശരീരത്തിൽ
ഏഷ ഭുവന ത്രയ-സന്നിവേശഃ	ഈ ലോകത്രയങ്ങളും സ്ഥിതി ചെയ്യുന്നുവോ
യസ്യ	ഏവന്റെ
ഇന്ദ്രിയൈ:	ഇന്ദ്രിയങ്ങളാൽ
തനുഭൃതാ,	പ്രാണികളുടെ
ഉഭയേന്ദ്രിയാണി	കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും രണ്ടും ഉണ്ടാകുന്നുവോ
സ്വതഃ ജ്ഞാനം	ചൈതന്യത്തിലിരുന്നു ജ്ഞാനവും
ശ്വസനതഃ	പ്രാണവായുവിലിരുന്ന്
ബലം	ശരീരബലവും
ഓജഃ	മനോബലവും
ഈഹാ	ചേഷ്ടയും ഉണ്ടാകുന്നുവോ ആ പുരുഷൻ തന്നെ
സത്വാദിഭി	സത്വഗുണം മുതലായവയെ കൊണ്ട്
സ്ഥിതി ലയോദ്ഭവൈ	സൃഷ്ടി, സ്ഥിതി, ലയം ഇവകൾക്ക്
ആദികർത്താ	മൂലകർത്താവാകുന്നു.

5. **ആദാവഭൂച്ഛതധൃതീ രജസാസ്യ സർഗ്ഗേ**
വിഷ്ണും സ്ഥിതൗക്രതു പതിർദ്വിജ ധർമ്മ സേതുഃ
രുദ്രോട്സ്യയായ തമസാ പുരുഷഃ സ ആദ്യ
ഇത്യുദ്ഭവ സ്ഥിതിലയാഃ സതതം പ്രജാസു

സഃ ആദ്യഃ പുരുഷഃ	ആ ആദിപുരുഷൻ
അസ്യ സർഗ്ഗേ	ഈ ലോകസൃഷ്ടി വിഷയത്തിങ്കൽ
ആദൌ	ആദ്യം
രജസാ	രജോഗുണം കൊണ്ട്
ശതധൃതിഃ	ബ്രഹ്മദേവനായ്
അഭൂത	അവതാരം ചെയ്തു.
സ്ഥിതൌ	സ്ഥിതിവിഷയത്തിൽ
ദ്വിജധർമ്മ സേതുഃ	ബ്രാഹ്മണരേയും അവരുടെ ധർമ്മങ്ങളേയും രക്ഷിക്കുന്നവനും
ക്രതു പതി	കർമ്മഫലം നൽകുന്നവനുമായ
വിഷ്ണുഃ	(സത്വഗുണം കൊണ്ട്) ശ്രീവിഷ്ണു ഭഗവാനായും
അപ്യയായ	പ്രളയത്തിനുവേണ്ടി
തമസാ	തമോഗുണത്താൽ
രുദ്രഃ	ശ്രീരുദ്രനായും ഭവിക്കുന്നു
ഇതി	ഇങ്ങനെ ഈ ത്രിമൂർത്തികൾ കാരണം
സതതം	എപ്പോഴും
പ്രജാസു	പ്രാണികളിൽ
ഉദ്ഭവ സ്ഥിതി ലയാഃ	സൃഷ്ടിസ്ഥിതി ലയങ്ങൾ ഉണ്ടാകുന്നു.

6. ധർമ്മസ്യ ദക്ഷദുഹിതര്യജനിഷ്ട മൂർത്ത്യാ
നാരായണോ നര ഋഷിപ്രവരഃ പ്രശാന്തഃ
നൈഷ്കർമ്മ്യലക്ഷണമുവാച ചചാര കർമ്മ
യോഽദ്യാപി ചാസ്ത ഋഷിവര്യ നിഷേവിതാംഘ്രിഃ

ദക്ഷദുഹിതരി	ദക്ഷപ്രജാപതി പുത്രി	കർമ്മ	കർമ്മയോഗത്തെ
മൂർത്ത്യാ	മൂർത്തി എന്ന കന്യകയിൽ വഴിയായ്	ഉവാച	(നാരദർ മുതൽപേർക്ക്) ഉപദേശിച്ചു.
ധർമ്മസ്യ	ധർമ്മപ്രജാപതിക്ക്	ചചാര ച	താൻതന്നെ അനുഷ്ഠിക്കുകയും ചെയ്തു.
ഋഷിപ്രവരഃ	ഋഷിശ്രേഷ്ഠനും		
പ്രശാന്തഃ	പരമശാന്തനുമായ	യഃ	അന്തനാരായണഋഷി
നരഃ നാരായണഃ	നരൻ എന്നും നാരായണൻ എന്നും	ഋഷിവര്യ നിഷേവിതാംഘ്രി	മുനിശ്രേഷ്ഠന്മാരാൽ തിരുവടികൾ സേവിക്കപ്പെട്ട്
അജനിഷ്ട	രണ്ടുമൂർത്തികളായി അവതരിച്ചു.	അദ്യ അപി	എന്നും
നൈഷ്കർമ്മ്യ ലക്ഷണം	ആത്മസ്വരൂപത്തെ വിവരിക്കുന്ന	ആസ്തെ	ബദ്രികാശ്രമത്തിൽ ഇരുന്നു

7. ഇന്ദ്രോ വിശങ്ക്യ മമ ധാമ ജിഘൃക്ഷതീതി
കാമം ന്യയുങ്ക്ത സഗണം സ ബദര്യുപാഖ്യം
ഗത്വാപ്സരോഗണവസന്തസുമന്ദവാതൈഃ
സ്ത്രീപ്രേക്ഷണേഷുഭിരവിധ്യദതന്മഹിജ്ഞഃ

മമ ധാമ	എന്റെ ഇരിപ്പിടത്തെ (ഇന്ദ്രലോകത്തെ)	സഃ	ആ മന്മഥൻ
ജിഘൃക്ഷതി ഇതി	നാരായണമുനി ആഗ്രഹിക്കുന്നു എന്നകാരണത്താൽ	അപ്സരോഗണ വസന്തസുമന്ദഃ വാതൈഃ	അപ്സരഗണങ്ങളോടും വസന്തൻ, മന്ദമാരുതൻ ഇവർകളോടുകൂടി
ഇന്ദ്രഃ	ഇന്ദ്രൻ	ബദര്യുപാഖ്യം	ബദരീവൃക്ഷങ്ങൾക്ക് പ്രസിദ്ധമായ ബദരികാശ്രമം
വിശങ്ക്യ	ശങ്കിച്ച്		
സഗണം	പരിവാരങ്ങളോടു കൂടിയ		
കാമം	മന്മഥനെ	ഗത്വാ	പ്രാപിച്ച്
ന്യയുങ്ക്ത	കൽപിച്ചു	സ്ത്രീപ്രേക്ഷണേഷുഭിഃ	സ്ത്രീകളും അപാംഗവീക്ഷണബാണങ്ങളാൽ
അതന്മഹിജ്ഞഃ	അദ്ദേഹത്തിന്റെ മാഹാത്മ്യം അറിയാത്ത	അവിധ്യത്	വേധിച്ചു.

8. വിജ്ഞായ ശക്രകൃതക്രമമാദിദേവഃ
പ്രാഹ പ്രഹസ്യ ഗതവിസ്മയ ഏജമാനാൻ
മാ ഭൈഷ്ട ഭോ മദന മാരുത ദേവവധ്വോ
ഗൃഹ്ണീത നോ ബലിമശൂന്യമിമം കുരുധ്വം!

ആദിദേവഃ	ആദിദേവനായ നാരായണഋഷി
ശക്രകൃതം	ദേവേന്ദ്രൻചെയ്ത
അക്രമം	അപരാധത്തെ
വിജ്ഞാ	അറിഞ്ഞ്
പ്രഹസ്യ	പുഞ്ചിരിയോടെ
ഗതവിസ്മയം	ഗർവ്വരഹിതനായി
ഏജമാനാൻ	(ശപിക്കും എന്നുള്ള ഭീതിയാൽ) കിടുകിടെ നടുങ്ങിയവരേ നോക്കി
പ്രാഹ	ഇപ്രകാരം പറഞ്ഞു
ഭോ മദന	ഹേ മന്മഥ
മാരുത	ഹേ മാരുത
ദേവവധ്വഃ	ഹേ ദേവസ്ത്രീകളെ
മാ ഭൈഷ്ട	ഭയം വേണ്ട
നഃ	ഞങ്ങളുടെ
ബലിം	ആതിഥ്യം (പൂജ)
ഗൃഹ്ണീത	സ്വീകരിക്കുക
ഇമം	ഈ എന്റെ ആശ്രമത്തെ
അശൂന്യം കുരുധ്വം	ശൂന്യരഹിതമാക്കുക (സമൃദ്ധമായ് ചെയ്യുക)

9. **ഇത്ഥം ബ്രുവത്യഭയദെ നരദേവദേവാഃ**
സവ്രീഡനമ്രശിരസഃ സഘൃണം തമൂചുഃ
നൈതത് വിഭോത്വയി പരേƒവികൃതെ
വിചിത്രം സ്വാരാമധീര നികരാനത പാദപദ്മെ

നരദേവ	ഓ രാജൻ
അഭയം	അഭയമരുളിയ ഭഗവാൻ
സഘൃണം	ദയയായ്
ഇത്ഥം ബ്രുവതി	ഇപ്രകാരം പറഞ്ഞപ്പോഴ്
ദേവാഃ	ദേവന്മാർ
സവ്രീഡനമ്ര ശിരസഃ	ലജ്ജകൊണ്ട് അധോമുഖരായി
തം ഊചുഃ	ആ ഭഗവാനോട് അപേക്ഷിച്ചു
വിഭോ	ഹേ പ്രഭോ
പരേ	മായാതീതനും
അവികൃതെ	വികാരരഹിതനും
സ്വാരാമധീര നികരാനത പാദപദ്മെ	ആത്മാരാമനായ് ജിതേന്ദ്രിയന്മാരാൽ വന്ദനാർഹമായ തൃപ്പാദപദ്മങ്ങളോടുകൂടിയ
ത്വയി	അങ്ങയുടെ തിരുവടി വിഷയത്തിങ്കൽ
ഏതത്	ഇത് (കുറ്റം ചെയ്ത ഞങ്ങൾക്ക് അഭയം നൽകുന്നു എന്നത്)
ന വിചിത്രം	അത്ഭുതമല്ല.

10. **ത്വാം സേവതാം സുരകൃതാ ബഹവോന്തരായാഃ**
സ്വൗകോ വിലംഘ്യ പരമം വ്രജതാം പദം തെ
നാന്യസ്യ ബർഹിഷി ബലീൻ ദദതഃ സ്വഭാഗാൻ
ധത്തെ പദം ത്വമവിതാ യദി വിഘ്നമൂർധ്നി

സ്വൗകഃ	തങ്ങളുടെ ഇരിപ്പിടമായ സ്വർഗ്ഗം
വിലംഘ്യ	കടന്ന്
പരമം	വളരെ ശ്രേഷ്ഠമായ
തെ പദം	തങ്ങളുടെ തിരുവടി സ്ഥാനത്തിലേക്ക്

പ്രജതാം	പോകുന്ന
ത്വാം	അങ്ങയെ സേവിക്കുന്ന
സേവനാം	ഭക്തന്മാർക്കു്
ബഹവഃ	ബഹുതരങ്ങളായ
അന്തരായാ	തടസ്ഥങ്ങൾ
സുരകൃതാം	ദേവന്മാർ ചെയ്യുന്ന
ബർഹിഷി	യജ്ഞത്തിങ്കൽ
സ്വഭാഗാൻ	തങ്ങളുടെ ഭാഗങ്ങളായ
പുബലിൻ	പുരോഡാശങ്ങളെ
ദദതഃ	നൽകുന്ന
അന്യസ്യ	അന്യൻ ഒരുവന്നു്
ന	തഥാവിധ വിഘ്നങ്ങൾ ചെയ്യപ്പെടുന്നില്ല
ത്വം അവിതായദി	ദേവൻ രക്ഷിക്കുന്നവയ് ഇരിക്കുമ്പോൾ
വിഘ്നമൂർധ്നി	വിഘ്നങ്ങളുടെ ശിരസ്സിൽ
പദം ധത്തെ	അവൻ കാൽവെയ്ക്കുന്നു.

(നിൻ പദം പ്രാപിക്കുവാൻ ആ വിഘ്നത്തെത്തന്നെ ഒരു പദമായി ഭാവിക്കുന്നു.)

11. **ക്ഷുത്തൃട് ത്രികാലഗുണമാരുത ജൈഹ്വ്യശൈശ്ന്യാൻ**
അസ്മാനപാരജലധീനതിതീര്യ കേചിത്
ക്രോധസ്യയാന്തി വിഫലസ്യ വശം പദെ ഗോർ–
മജ്ജന്തി ദുശ്ചര തപശ്ച വൃഥോത്സൃജന്തി

കേചിത്	ചിലർ
ക്ഷുത്തൃട്ത്രികാലഗുണമാരുതജൈഹ്വ്യശൈശ്ന്യാൻ	വിശപ്പ്, ദാഹം, ശൈത്യം, ഉഷ്ണം, മഴ, പ്രാണൻ കാററ് നാവിനാൽ ആസ്വാദാർഹമായഭോഗങ്ങൾ പുമാഅനുഭവിക്കത്തക്കഭോഗങ്ങൾ ഇവകളേയും
അപാര ജലധീൻ	അക്കരെ ഇല്ലാത്ത സമുദ്രം പോലെ
അസ്മാൻ	നമ്മെ
അതിതീര്യ	കടന്നു്
വിഫലസ്യ	നിഷ്ഫലമായ
ക്രോധസ്യ	ക്രോധത്തിന്നു്
വശം യാന്തി	അധീനന്മാരായ് ഭവിക്കുന്നു.
ഗോഃപദെ	ഗോഷ്പദത്തിങ്കൽ
മജ്ജന്തി	മുങ്ങുന്നു.
ച	ആയതുകൊണ്ടു്
ദുശ്ചരതപഃ	അതികഠിനമായ തപസ്സിനെ
വൃഥാ ഉത്സൃജന്തി	വൃഥാവാക്കിത്തീർക്കുന്നു

12. **ഇതിപ്രഗുണതാം തേഷാം സ്ത്രീയോऽത്യദ്ഭുത ദർശനാഃ**
ദർശയാമാസ ശുശ്രൂഷാം സ്വർച്ചിതാഃ കുർവതീർവ്വിഭുഃ

ഇതി	ഈ വിധം
പ്രഗുണതാം	സ്തുതിയേതുകൊണ്ടിരിക്കുന്ന
തേഷാം	അവർക്കു്
സ്വർച്ചിതാ	നല്ലവണ്ണം അലങ്കരിക്കപ്പെട്ടവരും
ശുശ്രൂഷാം കുർവ്വതീഃ	തനിയ്ക്കു് സേവകം ചെയ്യുന്നവരും
അത്യദ്ഭുതഃ ദർശനാം	അദ്ഭുതകരമായ് കാണപ്പെടുന്നവരും ആയ
സ്ത്രിയ	സ്ത്രീകളെ
ദർശയാമാസ	കാണിച്ചു

13. **തേ ദേവാനുചരാ ദൃഷ്ട്വാ സ്ത്രിയഃ ശ്രീരിവരൂപിണീഃ**
ഗന്ധേന മുമുഹുസ്താസാം രൂപൌദാര്യഹതശ്രിയഃ

തേ ദേവാനുചരാഃ	ആ ഇന്ദ്രന്റെ അനുചരന്മാരായ മന്മഥൻ മുതൽപേർ	രൂപൌദാര്യ ഹതശ്രിയ	അവരുടെസൌന്ദര്യാധിക്യംകൊണ്ട് കാന്തി കുറഞ്ഞവരായ്
ശ്രീഃഇവ	ശ്രീദേവിയെപോലെ		
രൂപിണീ	സുന്ദരികളായ	താസാം ഗന്ധേന	അവരുടെ സുഗന്ധം കാരണം
സ്ത്രിയഃ ദൃഷ്ട്വാ	സ്ത്രീകളെക്കണ്ട്	മുമുഹു	മോഹിച്ചു

14. **താനാഹ ദേവ ദേവേശഃ പ്രണതാൻ പ്രഹസന്നിവ!**
ആസാമേകതമാം വൃങ്ധ്വം സവർണ്ണാം സ്വർഗ്ഗഭൂഷണാം

ദേവദേവേശഃ	ദേവന്മക്കെല്ലാം ദേവനായ ബ്രഹ്മദേവനെന്നും ഈശ്വ നാരായണൻ	ആഹ	തിരുവായ് മലന്ന് അരുളിച്ചെയ്തു
		സവർണ്ണാം	നിങ്ങളോടൊത്ത രൂപമുള്ളവളും ആയ
പ്രണതാൻ താൻ	വന്ദിച്ചുനിന്നഅവരേ നോക്കി	ആസാം ഏകതമാം	ഇവരിൽ ഒരുത്തിയെ
പ്രഹസന്നിവ	പുഞ്ചിരിതൂകിയവരായ്	വൃങ്ധ്വം	വരിച്ചുകൊള്ളുക.

15. **ഓമിത്യാദേശമാദായ നത്വാ തം സുരവന്ദിനഃ**
ഉർവ്വശീമപ്സരശ്രേഷ്ഠാം പുരസ്കൃത്യ ദിവം യയുഃ

സുരവന്ദിനഃ	ഇന്ദ്രന്റെ സേവകന്മാരായ കാമാദികൾ	അപ്സരഃ ശ്രേഷ്ഠാം	അപ്സരസ്സുകളിൽ ശ്രേഷ്ഠയായ
ആദേശം	അവരുടെ ആദേശങ്ങളെ	ഉർവ്വശീം	ആ ഉർവ്വശിയെ
ഓം ഇതി ആദായ	ശരി എന്ന് അങ്കീകരിച്ച്	പുരസ്കൃത്യ	(ആദരവോടെ) മുൻനിറുത്തി
തം നത്വാ	അവരെ വണങ്ങി	ദിവം യയുഃ	സ്വർഗ്ഗലോകം പോയ്ചേർന്നു.

16. **ഇന്ദ്രായാനമ്യ സദസി ശൃണ്വതാം ത്രിദിവൌകസാം**
ഊചുർനാരായണ ബലം ശക്രസ്തത്രാസ വിസ്മിതഃ

സദസി	സഭയിൽ	ത്രിദിവൌകസാം ശൃണ്വതാം	ദേവന്മാർ ശ്രവണം ചെയ്തുകൊണ്ട് ഇരിയ്ക്കുമ്പോൾ
ഇന്ദ്രായ ആനമ്യ	ഇന്ദ്രനെ വന്ദിച്ച്		

നാരായണ ബലം ഊചുഃ	നാരായണ ഋഷിയുടെ മാഹാത്മ്യം പററി പറഞ്ഞു.
തത്ര	അപ്പോൾ
ശക്രഃ	ഇന്ദ്രൻ
വിസ്മിതഃ ആസ	അത്ഭുതപ്പെട്ടു.

(വിസ്മിത ശക്രഃ തത്രാസ ഗർവ്വംതീർന്ന ഇന്ദ്രൻ നടുങ്ങിവിറച്ചു.)

17. **ഹംസസ്വരൂപ്യവദദച്യുത ആത്മയോഗം**
ദത്തഃ കുമാര ഋഷഭോ ഭഗവാൻ പിതാ നഃ
വിഷ്ണുഃ ശിവായ ജഗതാം കലയാവതീർണ്ണ-
സ്തേനാഹൃതാ മധുഭിദാ ശ്രുതയോ ഹയാസ്യേ.

ജഗതാം ശിവായ	ലോകക്ഷേമത്തിന്നായ്
കലയാ	തന്റെ അംശമായ്
അവതീർണ്ണഃ അച്യുത	അവതരിച്ച അച്യുതൻ
വിഷ്ണുഃ	ശ്രീ മഹാവിഷ്ണുതന്നെ
ഹംസസ്വരൂപ	ഹംസ സ്വരൂപിയായിട്ടും
ദത്തഃ	ദത്താത്രേയനായിട്ടും
സനൽകുമാരഃ	സനത്കുമാരനായിട്ടും
നഃ പിതാ	ഞങ്ങളെ പിതാവായ
ഭഗവാൻഋഷഭഃ	ഋഷഭദേവനായും
ആത്മയോഗം	ആത്മ തത്വത്തെ
അവദത്	ഉപദേശിച്ചരുളിച്ചെയ്തു
ഹയാസ്യേ	ഹയഗ്രീവാവതാരത്തിൽ
മധുഭിദാ	മധു എന്ന അസുരനെ വധം ചെയ്ത
തേന	അവനാൽ
ശ്രുതയഃ	വേദങ്ങൾ
ആഹൃതാഃ	തിരിച്ചുകൊണ്ടുവരപ്പെട്ടു,

18. **ഗുപ്തോഽപ്യയേ മനുരിളൌഷധയശ്ച മാത്സ്യേ**
ക്രൌഡേ ഹതോ ദിതിജ ഉദ്ധരതാംഭസഃ ക്ഷ്മാം
കൗർമ്മേ ധൃതോഽദ്രിരമൃതോന്മഥനെ സ്വപൃഷ്ഠേ
ഗ്രാഹാത് പ്രപന്നമിഭരാജമമുഞ്ചദാർത്തം

മാത്സ്യേ	മത്സ്യാവതാരത്തിൽ
അപ്യയേ	പ്രളയകാലത്തിൽ
മനുഃ	സത്യവ്രതമനു
ഗുപ്തഃ	രക്ഷിക്കപ്പെട്ടു
ഇളാ	ഭൂമിയും
ഔഷധയഃ	സസ്യങ്ങളും
ച	അപ്രകാരംതന്നെ രക്ഷിക്കപ്പെട്ടു
ക്രൌഡെ	വരാഹാവതാരത്തിൽ
അംഭസഃ	ജലത്തിൽ നിന്നും
ക്ഷ്മാം	ഭൂമിയെ
ഉദ്ധരതാ	ഉയരെ തൂക്കിക്കൊണ്ടു വരുന്ന സമയം
ദിതിജഃ	ദിതിസുതനായ ഹിരണ്യാക്ഷൻ
ഹതഃ	ഇവരാൽ കൊല്ലപ്പെട്ടു.
കൗർമ്മേ	കൂർമ്മാവതാരത്തിൽ
അമൃതോന്മഥനെ	അമൃതമഥനം സമയത്തിങ്കൽ
അദ്രി	മന്ദരപർവ്വതം

പൃഷ്ഠേ	തന്റെ പൃഷ്ഠഭാഗത്തിങ്കൽ		
ധൃതഃ	ചുമന്നു.	ഇഭരാജം	ഗജേന്ദ്രനെ
ആർത്തേ	ദുഃഖിക്കുന്നവനും	ഗ്രാഹാത്	മുതലയിൽനിന്നു്
പ്രപന്നം	ശരണാഗതിയടഞ്ഞവനുമായ	അമുഞ്ചത്	മോചിപ്പിച്ചു.

19. **സംസ്തുന്വതോऽബ്ധിപതിതാഞ്ഛ്രമണാൻഋഷീംശ്ച**
ശക്രം ച വൃത്രവധതസ്തമസി പ്രവിഷ്ടം
ദൈവസ്ത്രീയോऽസുരഗൃഹേ പിഹിതാ അനാഥാ
ജഘ്നേऽസുരേന്ദ്രമഭയായ സതാം നൃസിംഹേ

അബ്ധിപതിതാൻ	സമുദ്രത്തിൽ വീണവരും	ച	അപ്രകാരം രക്ഷിച്ചു
		അനാഥഃ	അനാഥരും
ശ്രമണാൻ	കഷ്ടപ്പെടുന്നവരും	അസുരഗൃഹെ	അസുരഗൃഹത്തിൽ
സംസ്തുന്വതഃ	തന്നെസ്തുതിചെയ്യുന്നവരുമായ	പിഹിതാഃ	അടച്ചുവെച്ചവരുമായ
ഋഷീൻ	വാലഖില്യഋഷികളേയും	ദേവസ്ത്രീയ	ദേവസ്ത്രീകളേയും രക്ഷിച്ചു
ച	അപ്രകാരംതന്നെരക്ഷിച്ചു		
വൃത്രവാധ	വൃത്രാസുരവധം കാരണം	നൃസിംഹ	നരസിംഹാവതാരത്തിൽ
തമസി	ബ്രഹ്മഹത്യഎന്ന ഇരുട്ടിൽ	സതാം	സാധുക്കൾക്ക്
		അഭയായ	അഭയംനല്കി
പ്രവിഷ്ടം	പ്രവേശിച്ചു	അസുരേന്ദ്രം	ഹിരണ്യകശിപുവിനെ
ശക്രം,	ഇന്ദ്രനേയും	ജഘ്നെ	വധിച്ചു.

(ശ്യ മഹർഷിക്കുവേണ്ടി സമിത് കൊണ്ടുവരാൻ പോയ ക്രതു ക്രതു ഋഷിയുടെ പുത്രന്മാരായ 60000 വാലഖില്യർ എന്നറിയപ്പെടുന്ന ഋഷികൾ ഗോഷ്പദത്തിങ്കൽ തേങ്ങിനിൽക്കുന്ന വെള്ളത്തിൽ വീഴുന്നു് അത് അവർക്ക് സമുദ്രതുല്യമായിരുന്നതിനാൽ ഇന്ദ്രനാൽ പരിഹാസ്യ പാത്രമാരായ് ഭവിച്ചു.)

20. **ദേവാസുരേ യുധി ച ദൈത്യ പതീൻ സുരാർത്ഥേ**
ഹത്വാന്തരേഷു ഭുവനാന്യദധാത് കലാഭിഃ
ഭൂത്വാഥ വാമന ഇമാമഹരേദ് ബലേഃ
ക്ഷ്മാം യാഞ്ചാച്ഛലേന സമദാദദിതേഃ സുതേഭ്യഃ

ദേവാസുരയുധി	ദേവാസുരയുദ്ധത്തിൽ	അന്തരേഷു	അതാതു മന്വന്തരങ്ങളിൽ
സുരാർത്ഥേ	ദേവന്മാർക്കായ്ക്കൊണ്ട്	കലാഭിഃ	തന്റെ അംശംകൊണ്ടു്
ദൈത്യപതീൻ ഹത്വാ	അസുരരാജാക്കന്മാരെ കൊന്നു്	ഭുവനാനി	ലോകങ്ങളെ

അഭധാത്	രക്ഷിച്ചു	ഇമാം ക്ഷ്മാം	ഈ ഭൂമിയെ
അഥ	പിന്നീട്	അഹരത്	അപഹരിച്ചു.
വാമനഃ ഭൂത്വാ	വാമനാവതാരമെടുത്ത്		
യാച്ഞാച്ഛലേന	യാചിക്കുക എന്ന വ്യാജമായ്	അദിതേഃ സുതേഭ്യഃ	അദിതിപുത്രന്മാരായ ദേവന്മാർക്ക്
ബലേഃ	ബലിചക്രവർത്തിയിൽ നിന്നും	അദദാത്	അതിനെ നൽകി.

21. നിഃക്ഷത്രിയാമകൃത ഗാം ച ത്രിഃ സപ്തകൃത്വോ
രാമസ്തു ഹൈഹയകുലാപ്യയ ഭാർഗ്ഗവാഗ്നിഃ
സോബ്ധിം ബബന്ധ ദശവക്ത്ര മഹൻ സലങ്കം
സീതാപതിർജ്ജയതി ലോകമലഘ്ന കീർത്തിഃ

ഹൈഹയകുലാപ്യയ ഭാർഗ്ഗവാഗ്നി	ഹൈഹയകുലത്തെ നശിപ്പിക്കുവാൻ വേണ്ടി ഭൃഗുമഹർഷിയുടെ കുലത്തിൽ അവതരിച്ച അഗ്നിസദൃശനായ	അബ്ധിം ബബന്ധ	ആര് സമുദ്രത്തിൽ അണക്കെട്ടുകെട്ടിയോ
		സലങ്കം	ലങ്കാപുരിയോടുകൂടി
		ദശവക്ത്രം	രാവണനെ
		അഹൻ	വധം ചെയ്തു
രാമഃ തു	പരശുരാമനും	സഃ ലോകമലഘ്നകീർത്തിഃ	ആ ലോകജനങ്ങളുടെ പാപങ്ങളെനശിപ്പിക്കുന്ന യശസ്സോടുകൂടി
ത്രിഃ സപ്തകൃത്വഃ	ഇരുപത്തൊന്നുപ്രാവശ്യം		
ഗാം ച	ഭൂമി മുഴുവനും	സീതാപതി	സീതാപതിയായശ്രീരാമൻ
നിഃക്ഷത്രിയാം അകൃത	ക്ഷത്രിയന്മാർ ഇല്ലാതതായ് ചെയ്തു	ജയതി	പ്രകാശിക്കുന്നു

22. ഭൂമേർഭാരാവതരണായ യദുഷ്വജന്മാ
ജാതഃകരിഷ്യതി സുരൈരപി ദുഷ്കരാണി,
വാദൈർവിമോഹയതി യജ്ഞകൃതോऽതദർഹാൻ
ശൂദ്രാൻ കലൗക്ഷിതിഭുജോ ന്യഹനിഷ്യദന്തേ

അജന്മാ വസ്തുത	ജന്മരഹിതനായ ഭഗവാൻ	കരിഷ്യതി	ചെയ്യുവാൻ പോകുന്നു.
ഭൂമേഃ ഭാരാവതരണായ	ഭൂഭാരം കുറയ്ക്കാൻ വേണ്ടി	അതദർഹാൻ	യാഗം ചെയ്യുവാൻ അനർഹരായ
യദുഷു	യദുകുലത്തിൽ	യജ്ഞകൃതഃ	യാഗംചെയ്യുന്ന അസുരന്മാരെ
ജാതഃ	അവതരിച്ചു		
സുരൈഃ അപി ദുഷ്കരാണി	ദേവന്മാർ പോലും ചെയ്യാൻ അസാധ്യമായ കാര്യങ്ങളെ	വാദൈഃ	വാദങ്ങളാൽ

വിമോഹയതി മോഹിപ്പിക്കുവാൻ പോകുന്നു,

കലൌ അന്തെ കലിയുഗ അന്ത്യത്തിൽ (കല്കി അവതാരം ചെയ്ത്)

ശൂദ്രാൻ ക്ഷിതിഭുജഃ } ഭൂവിപരിപാലിക്കുന്ന ശൂദ്രന്മാരെ

ന്യഹനിഷ്യത് കൊല്ലുവാൻ പോകുന്നു.

23. **ഏവം വിധാനി കർമ്മാണി ജന്മാനി ച ജഗത്പതേഃ!**
ഭൂരീണി ഭൂരി യശസോ വർണിതാനി മഹാഭുജഃ!

മഹാ ഭുജഃ } പെരുത്തുയന്ന തോളുകളോടുകൂടിയ രാജൻ

ഭൂരിയശസഃ വളരേ യശസ്വിയായ

ജഗത്പതേ ലോകാധിപതിയായ ഈശ്വരൻെറ

ഏവം വിധാനി ഏവം വിധങ്ങളായ

ഭൂരീണി ജന്മാനി } അനേക അവതാരങ്ങളും

കർമ്മാണി ച കർമ്മങ്ങളും

വർണിതാനി വിവരിക്കപ്പെട്ടു.

ഇതി ശ്രീമത്ഭാഗവതം പതിനൊന്നാം സ്കന്ധം

നാലാമത്തെ അദ്ധ്യായം

ആദ്യംമുതൽ ശ്ലോകസംഖ്യ 12323

പതിനൊന്നാം സ്കന്ധത്തിൽ ഇതുവരെ ശ്ലോകസംഖ്യ 157

പഞ്ചമോഽധ്യായഃ = അധ്യായം അഞ്ച്

ഭക്തിഹീനപുരുഷാണാം നിഷ്ഠായാഃ പൂജാവിധാനഭേദസ്യ ച വർണനം

ഭക്തിരഹിതരായ ജനങ്ങൾ അടുത്ത അനുഭവങ്ങളേ ഓരോയുഗത്തിലും ഭഗവത് പൂജാവിധികളേയും വിവരിക്കുന്നത്.

രാജോവാച രാജാവ് ചോദിച്ചു,

1. **ഭഗവന്തം ഹരീം പ്രായോ ന ഭജന്ത്യാത്മവിത്തമാഃ**
തേഷാമശാന്തകാമാനാം കാ നിഷ്ഠാ വിജിതാത്മനാം!

ആത്മവിത്തമാ ഹേ ആത്മജ്ഞാനികളെ

ഭഗവന്തംഹരിം ശ്രീ ഹരിപരമാത്മാവിനെ

പ്രായഃ മിക്കവാറും

ന ഭജന്തി ആരു് ഭജിക്കുന്നില്ലയോ

അവിജിതാത്മനാം } ഇന്ദ്രിയങ്ങളേയും മനസ്സിനേയും നിഗ്രഹിക്കാത്തവരും

അശാന്തകാമാനാം	ആശാപാശങ്ങൾ അടങ്ങാത്തവരും ആയ	തേഷാം	അവർ
		കാ നിഷ്ഠാ	നേടേണ്ടിയവ ഏത്

2. മുഖബാഹൂരുപാദേഭ്യഃ പുരുഷസ്യാശ്രമൈഃ സഹ।
ചത്വാരോ ജജ്ഞിരെ വർണാ ഗുണൈർവിപ്രാദയഃ പൃഥക്॥

പുരുഷസ്യ	വിരാട പുരുഷന്റെ	ഗുണൈഃ	സത്വം, രജസ്, തമസ് എന്ന ത്രിഗുണങ്ങളോടും
മുഖബാഹൂരുപാദേഭ്യഃ	മുഖം, കൈകൾ, തൊടകൾ കാൽകൾ ഇവകളിൽനിന്ന്	വിപ്രാദയഃ	ബ്രാഹ്മണപ്രഭൃതി
		ചത്വാരഃ വർണാ	നാലു വർണങ്ങളും
ആശ്രമൈഃ സഹ	ബ്രഹ്മചര്യം, ഗാർഹസ്ഥ്യം വാനപ്രസ്ഥം, സന്യാസം എന്ന ആശ്രമചതുഷ്ടയങ്ങളോടും	പൃഥക്	പ്രത്യേകമായി
		ജജ്ഞിരെ	ഉത്ഭവിച്ചു.

3. യ ഏഷാം പുരുഷം സാക്ഷാദാത്മപ്രഭവമീശ്വരം
ന ഭജന്ത്യവജാനന്തി സ്ഥാനാത് ഭ്രഷ്ടാഃ പതന്ത്യധഃ॥

ഏഷാം	ഇവരിൽ	ഈശ്വരം	സർവ്വനിയന്താവായ ഭഗവാനെ
യേ	ഏവർ	ന ഭജന്തി	സേവിക്കുന്നില്ലയോ
സാക്ഷാത് ആത്മപ്രഭവം പുരുഷം	തങ്ങളുടെ ഉൽപത്തിക്ക് സാക്ഷാത് കാരണഭൂതനും തങ്ങളുടെ ദേഹത്തിൽ അന്തർയാമിയായി ഇരിക്കുന്നവനും	അവജാനന്തി	അപമാനിക്കുകയും ചെയ്യുന്നുവോ അവർ
		സ്ഥാനാത് ഭ്രഷ്ടാഃ	സ്ഥാനഭ്രഷ്ടന്മാരായ് ഭവിച്ച്
		അധഃ പതന്തി	അധഃപതിക്കുന്നു.

4. ദൂരേ ഹരികഥാഃ കേചിത് ദൂരേ ചാച്യുത കീർത്തനാഃ।
സ്ത്രിയഃ ശൂദ്രാദയശ്ചൈവ തേനുകമ്പ്യാ ഭവാദൃശാം॥

ദൂരേ ഹരികഥാ	ഭഗവത് ഗുണഗണങ്ങൾ ശ്രവണം ചെയ്യാത്തവരും	ശൂദ്രാദയഃ ഏവ	ശൂദ്രന്മാരുമുണ്ടോ
ച ദൂരേ അച്യുത കീർത്തനാ	അതു കാരണം ഭഗവത് ഗുണങ്ങളെ കീർത്തനം ചെയ്യാത്തവരുമായ	തേ	അവർ
കേചിത്	ചില ബ്രാഹ്മണ, ക്ഷത്രിയ വൈശ്യജാതി പുരുന്മാരും	ഭവാദൃശാം	തങ്ങളെപ്പോലെ ഭഗവത് ഭക്തന്മാരായ രാജാക്കന്മാരുടെ
സ്ത്രിയഃ ച	വേദം അഭ്യസിപ്പാൻ അനർഹരായ സ്ത്രീകളും	അനുകമ്പാഃ	ദയക്ക് പാത്രീഭൂതരായ് തീരുന്നു

5. **വിപ്രോ രാജന്യ വൈശ്യൌ ച ഹരേഃ പ്രാപ്താഃ പദാന്തികം**
ശ്രൌതേന ജന്മനാഥാപിമുഹ്യന്ത്യാമ്നായ വാദിനഃ

വിപ്രഃ	ബ്രാഹ്മണനും	തഥാപി	എങ്കിലും
രാജന്യ വൈശ്യൌച	ഉപനയനം, അദ്ധ്യയനാദികളിൽ വേദോക്തമായ കർമ്മങ്ങളിൽ അധികാരമുള്ള ജന്മം ആയതുകൊണ്ട്	ആമ്നായവാദിനഃ	വേദോക്ത അർത്ഥവാദങ്ങളെ പരമാർത്ഥമായി വിചാരിച്ച് അതു സംബന്ധിച്ച് സംസാരിച്ച്
ഹരേഃ പദാന്തികം പ്രാപ്താഃ	ശ്രീ ഹരിചരണാരവിന്ദങ്ങളെ പ്രാപിക്കുവാൻ അധികാരം ഉള്ളവരായ് ഭവിക്കുന്നു.	മുഹ്യന്തി	അതിന്റെ വസ്തുതത്വം അറിയാതെ മോഹിച്ചു പോകുന്നു.

6. **കർമ്മണ്യകോവിദാഃ സ്തബ്ധാഃ മൂർഖാഃ പണ്ഡിതമാനിനഃ**
വദന്തി ചാടുകാൻ മൂഢാ യയാ മാധ്വ്യാ ഗിരോൽസുകഃ

മൂർഖാ	അജ്ഞന്മാരും	യയാ ഗിരാ	ആ വേദവാക്യങ്ങളാൽ
പണ്ഡിതമാനിന	പണ്ഡിതാഭിമാനികളും	ഉൽസുകാഃ	(ആ വേദത്തിൽ പ്രതിപാദ്യമായ സ്വർഗ്ഗാദിഭോഗങ്ങളിൽ) ആഗ്രഹമുള്ളവരായ്
സ്തബ്ധാഃ	ഗർവ്വിഷ്ഠരും		
കർമ്മാണി അകോവിദാ	സംസാരബന്ധവിമുക്തരായ് കർമ്മാനുഷ്ഠാനം ചെയ്യാൻ അറിയാത്തവരും	ചാടുകാഃ	പ്രിയമുള്ള (അപാമസോമമൃതാനഭൂമ) വാക്യങ്ങളെ
മൂഢാഃ	മൂന്നജ്ഞന്മാർ		
മാധ്വ്യാ	ശ്രവണമധുരമായ	വദന്തി	പറയുന്നു.

7. **രജസാ ഘോര സങ്കല്പാഃ കാമുകാ അഹിമന്യവഃ**
ദാംഭികാ മാനിനഃ പാപാ വിഹസന്ത്യച്യുതപ്രിയാൻ

രജസാ	രജോഗുണംകൊണ്ട്	ദാംഭികാഃ	അന്യരേ ചതിയ്ക്കുവാൻ വേണ്ടി ധർമ്മങ്ങളെ അനുഷ്ഠിക്കുന്നവരും
കാമുകാഃ	നാനാവിധ വിഷയ സുഖങ്ങളെ അനുഭവിക്കാനാഗ്രഹിച്ച്	മാനിനഃ	ദുരഹംകാരികളും
ഘോരസംകല്പാഃ	അതിന്നുവേണ്ടി ഹിംസാത്മകമായ ഭാവംകൊണ്ടും	പാപാഃ	പാപികളുമായ ജനങ്ങൾ
		അച്യുതപ്രിയാൻ	ഭഗവത് ഭക്തന്മാരെ
അഹിമന്യവഃ	സർപ്പങ്ങൾക്ക് തുല്യമായ കോപിഷ്ഠന്മാരും	വിഹസന്തി	പരിഹസിക്കുന്നു.

8. വദന്തി തേऽന്യോന്യമുപാസിതസ്ത്രിയോ
ഗൃഹേഷു മൈഥുന്യപരേഷു ചാശിഷഃ
യജന്ത്യസൃഷ്ടാന്നവിധാന ദക്ഷിണം
വൃത്ത്യൈ പരം ഘ്നന്തി പശൂനതദ്വിദഃ

മൈഥുന്യപരേഷു	സ്ത്രീഭോഗം പ്രധാനമായ കരുതുന്ന	അസൃഷ്ടാന്നവിധാനദക്ഷിണം	അന്നവിധാനം അറിയാതെയും ദക്ഷിണനേടാതെയും
ഗൃഹേഷു	ഗൃഹങ്ങളിൽ		
		യജന്തി	യാഗമനുഷ്ഠിക്കുന്നു.
ഉപാസിതസ്ത്രിയഃ	സ്ത്രീസ്തുതി പാടുന്നവരായ	അതദ്വിദഃ	യാഗാനുഷ്ഠാനവും ഹിംസാദോഷം അറിയാത്തവരും
തേ ച	അവർ		
അന്യോന്യം	പരസ്പരം	വൃത്ത്യൈ പരം	വൃത്തിക്കുവേണ്ടി മാത്രം
ആശിഷഃ വദന്തി	ആശീർവ്വാദം ചെയ്തുകൊള്ളുന്നു.	പശൂൻ	പശുക്കളെ
		ഘ്നന്തി	കൊല്ലുന്നു.

9. ശ്രിയാ വിഭൂത്യാഭിജനേന വിദ്യയാ
ത്യാഗേന രൂപേണ ബലേന കർമ്മണാഃ
ജാതസ്മയേനാന്ധധിയാ സഹേശ്വരാൻ
സതോऽവമന്യന്തി ഹരിപ്രിയാൻ ഖലാഃ

ശ്രിയാ	ധനസമ്പത്ത് കൊണ്ടും	ജാതസ്മയേന	ഉണ്ടായ ഗർവ്വം കാരണം
വിഭൂത്യാ	ഐശ്വര്യം കൊണ്ടും	അന്ധധിയഃ	ബുദ്ധിഹീനന്മാരായ്
അഭിജനേന	സത്കാലജനനം കൊണ്ടും	ഖലാഃ	ദുഷ്ടന്മാർ
വിദ്യയ	വേദവിദ്യയാലും	ഹരിപ്രിയൻ	വിഷ്ണുഭക്തന്മാരായ
ത്യാഗേന	ത്യാഗം കൊണ്ടും	സതഃ	സാധുജനങ്ങളെ
രൂപേണ	സൌന്ദര്യം കൊണ്ടും	സഹേശ്വരാൻ	ഈശ്വരസഹിതം
ബലേന	ശരീരബലം കൊണ്ടും	അവമന്യന്തി	അവമാനിക്കുന്നു.
കർമ്മണാ	യാഗാദികർമ്മം കൊണ്ടും		

10. സർവ്വേഷു ശശ്വത്തനുഭൃത്സ്വവസ്ഥിതം
യഥാ ഖമാത്മാനമഭീഷ്ടമീശ്വരം
വേദോപഗീതഞ്ച ന ശൃണ്വതേऽബുധാഃ
മനോരഥാനാം പ്രവദന്തി വാർത്തയാ

സർവ്വേഷു തനുഭൃത്സു	സമസ്തജീവരാശികളിലും	ആത്മാനാം	അന്തരാമിയായിട്ട്
ശശ്വത്	എപ്പോഴും	ഖം യഥാ	ആകാശം പോലെ

അവസ്ഥിതം	ബന്ധരഹിതനായ് ഇരിക്കുന്നവനും
അഭീഷ്ടം	(സമസ്ത പുരുഷസ്വരൂപനും സർവ്വപ്രിയനും)
ഈശ്വരം	സർവ്വനിയന്ത്രിതാവുമായ
വേദോപഗീതം ച	വേദപ്രതിപാദ്യനായ ഭഗവാനെ
അബുധാഃ	അജ്ഞന്മാർ
ന ശൃണ്വതെ	ശ്രവണം ചെയ്യുന്നില്ല.
മനോരഥാനാം വാർത്തയാ	മനസ്സങ്കല്പിതമായ സ്ത്രീസുഖം, മാംസഭക്ഷണം മദ്യപാനം ഇവസംബന്ധപ്പെട്ട വാർത്തകളാൽ
പ്രവദന്തി	കാലക്ഷേപം ചെയ്യുന്നു.

11. **ലോകേ വ്യവായാമിഷമദ്യസേവാ**
നിത്യാസ്തു ജന്തോഃ ന ഹി തത്ര ചോദനാ
വ്യവസ്ഥിതിസ്തേഷു വിവാഹയജ്ഞ–
സുരാഗ്രഹൈരാസു നിവൃത്തിരിഷ്ടാ!

ലോകെ	ലോകത്തിങ്കൽ ജീവിക്കുന്ന
ജന്തോഃ	പ്രാണിസാമാന്യത്തിനും
വ്യവായാമിഷമദ്യസേവ	സ്ത്രീസംഭോഗം, മാംസഭക്ഷണം മദ്യപാനം ഇവകൾ
നിത്യാഃ	നിത്യങ്ങളാകുന്ന (രാഗപ്രാപ്തങ്ങൾ)
തു	ആയതുകൊണ്ട്
തത്ര	അതുസംബന്ധിച്ച
ചോദനാ	വിധിവാക്കുകൾ
ന ഹി	ഇല്ല
തേഷു	സ്ത്രീഭോഗം മാംസഭക്ഷണം മദ്യപാനം ഇവകൾ
വിവാഹയജ്ഞസുരാഗ്രഹൈഃ	വിവാഹം, യാഗം, സൌത്രാമണി, (സ്ത്രീഭോഗം മാംസഭക്ഷണം മദ്യപാനം) ഇവകളാൽ
വ്യവസ്ഥിതിഃ	*വ്യവസ്ഥചെയ്തിരിക്കുന്നു
ആസു	ഉപര്യുക്ത വിഷയങ്ങളിൽ
നിവൃത്തി	നിവൃത്തിതന്നെ
ഇഷ്ടാ	ശാസ്ത്രങ്ങളുടെ താൽപര്യം

യഥാവിധി വിവാഹം ചെയ്തഭാര്യയിൽ മാത്രം കാമോദ്ദേശം കൊണ്ടല്ലാതെ പ്രസോൽപത്തിക്കായ്ക്കൊണ്ടുവിധിക്കപ്പെട്ട സമയം സ്ത്രീഭോഗം ചെയ്യുക എന്നതും യാഗത്തിൽ ദേവതകൾക്ക് ഹവിർഭാഗംകൊടുത്ത് അവശിഷ്ടമാംസഭക്ഷണവും അതുപോലെ സൌത്രാമണിയാഗവിധിയനുസരിച്ച് മദ്യപാനം ചെയ്യുക എന്നും വ്യവസ്ഥചെയ്തിരിക്കുന്നു.)

12. **ധനം ച ധർമ്മൈകഫലം യതോവൈ**
ജ്ഞാനം സവിജ്ഞാനമനു പ്രയാന്തി
ഗൃഹേഷു യുഞ്ജന്തി കലേബരസ്യ
മൃത്യും ന പശ്യന്തി ദുരന്ത വീര്യം!

യയഃവൈ	ഏതു ധർമ്മത്തിൽനിന്നും
അനു പ്രശാന്തി	അടുത്തക്ഷണം (മോക്ഷം എന്ന)ശാന്തിയോടുകൂടിയതും
സവിജ്ഞാനം	അപരോക്ഷജ്ഞാനത്തോടുകൂടിയതുമായ
ജ്ഞാനം	പരോക്ഷജ്ഞാനം ഉണ്ടാകുന്നുവോ

ധർമ്മൈക ഫലം	ആവിധമായധർമ്മം മാത്രം ഫലമായിട്ടുള്ളതുമായ	കളേബരസ്യ	ശരീരസ്വഭാവമായ
ധനം ച	ആ ധനത്തെ	ദുരന്തവീര്യം	അവസാനമില്ലാത്ത ശക്തിയോടുകൂടിയ
ഗൃഹേഷു	ശരീരസുഖങ്ങൾക്കമാത്രമായി	മൃത്യും	മരണത്തെ
യുഞ്ജന്തി	ഉപയോഗിക്കുന്നവർ	പശ്യന്തി	അറിയുന്നില്ല

13. **യത് ഘ്രാണഭക്ഷോ വിഹിതഃ സുരായാസ്തഥാ-**
പശോരാലഭനം ന ഹിംസാ
ഏവം വ്യവായഃ പ്രജയാ ന രത്യാ
ഇമം വിശുദ്ധം ന വിദുഃ സ്വധർമ്മം

യത്	കാരണം		ച്ചിട്ടില്ല
സുരായാഃ	മദ്യപാനം	ഏവം	ഇപ്രകാരം
ഘ്രാണ ഭക്ഷ	ഘ്രാണം (മൂക്ക്) വഴിമുകരുക എന്നുമാത്രമേ	പ്രജയാ	പുത്രസന്താനലാഭത്തിന്നായി
വിഹിതഃ	വിധിക്കപ്പെട്ടിട്ടുള്ള	വ്യവായഃ	സ്ത്രീ സംഭോഗം വിധിക്കപ്പെട്ടിരിക്കുന്നു.
തഥാ	ആ വിധംതന്നെ	ന രത്യൈ	സുരത സുഖം ഉദ്ദേശിച്ച് വിധിക്കപ്പെട്ടില്ല
പശോഃ ആലഭനം	ദേവതാ ഉദ്ദേശമായ് പശുഹനനംവിധിക്കപ്പെട്ടു എന്നല്ലാതെ	വിശുദ്ധം	എന്നപ്രകാരമായ പരിശുദ്ധമായ
ഹിംസാ ന	തനിക്ക് മാംസഭക്ഷണം ചെയ്യുവാൻ വേണ്ടിവിധി	ഇമം സ്വധർമ്മം	ഈ സ്വധർമ്മത്തെ
		ന വിദുഃ	അവർ അറിഞ്ഞിട്ടില്ല.

14. **യേ ത്വനേവം വിദോഽസന്തഃ സ്തബ്ധാഃ സദഭിമാനിനഃ**
പശൂൻ ദ്രുഹ്യന്തി വിസ്രബ്ധാഃ പ്രേത്യ ഖാദന്തി തേ ച താൻ

അനേവം വിദഃ	ഇപ്രകാരം ധർമ്മതത്വം അറിയാത്തവരും	പശൂൻ	പശുക്കളെ
സ്തബ്ധാഃ	ഗർവ്വിഷ്ഠരും	ദ്രുഹ്യന്തി	ഹിംസിക്കുമ്പോൾ
അസന്തഃ	കഠിനഹൃദയന്മാരും	ച	ആയതുകൊണ്ട്
സദഭി മാനിനഃ	തങ്ങളെ സജ്ജനങ്ങൾ എന്ന് അഭിമാനിക്കുന്നവരും	പ്രേത്യ	അവർ മരണാനന്തരം
		തേ	ആ പശുക്കൾ
വിസ്രബ്ധാഃ	അന്ധവിശ്വാസികളുമായ	താൻ	അവരെ
യേ	ഏവർ	ഖാദന്തി	ഭക്ഷിക്കുന്നു.

15. **ദ്വിഷന്തഃ പരകായേഷു സ്വാത്മാനം ഹരിമീശ്വരം|**
മൃതകേ സാനുബന്ധേऽസ്മിൻ ബദ്ധസ്നേഹാഃ പതന്ത്യധഃ

സാനുബന്ധെ	പുത്രമിത്രകളത്രാദികളോടു കൂടിയ	സ്വാത്മാനം	അന്തര്യാമിയായിരിക്കുന്ന
അസ്മിൻ മൃതകെ	ഈ ശവതുല്യമായശരീരത്തിൽ	ഈശ്വരം ഹരിം	ശ്രീഹരി പരമാത്മാവിനെ
ബദ്ധസ്നേഹാഃ	അഗാധമായ സ്നേഹത്തോടുകൂടി	ദ്വിഷന്തഃ	ദ്വേഷിക്കുന്നവരായ്
പരകായേഷു	അന്യശരീരങ്ങളിൽ	അധഃ പതന്തി	അധം പതിക്കുന്നു. (നരകത്തിൽ വീഴുന്നു)

16. **യേ കൈവല്യമസംപ്രാപ്താ യേ ചാതീതാശ്ച മൂഢതാം**
ത്രൈവർഗ്ഗികാ ഹ്യക്ഷണികാ ആത്മാനം ഘാതയന്തി തേ|

യേ	ഏവർ	അക്ഷണികാഃ	ശരീരം ഇന്ദ്രിയങ്ങൾ ഇവകൾവഴിയുണ്ടാകുന്നസുഖം ക്ഷണികമാത്രമെ അറിയാത്തവരായ്
കൈവല്യം	തത്ത്വജ്ഞാനവും അതിനാൽ മോക്ഷവും		
അസംപ്രാപ്താഃ	പ്രാപിക്കാത്തവർ		
യേ ച	ഏവർ	ത്രൈവർഗ്ഗിക	അതിനാൽ ധർമ്മാർത്ഥകാമങ്ങളേ പ്രധാനമായ് വിചാരിക്കുന്നവരുമായ അവർ
മൂഢതാം അതീതാഃ	പരിപൂർണ്ണമായ മൂഢതയെകടന്ന് ശാസ്ത്രംപഠിച്ച് അതിന്റെ വിഷയങ്ങൾ അറിഞ്ഞിരുന്നിട്ടും അതിന്റെ സത്യംഅറിയാത്തതിനാൽ അറിവുകുറഞ്ഞവരായുമിരിക്കുന്നുവോ	ഹി	തീർച്ചയായും
		ആത്മാനം	ആത്മാവിനെ (തന്നെത്താൻ)
തേ ച	അവരെല്ലാം	ഘാതയന്തി	ദൂഷിപ്പിച്ചുകൊള്ളുന്നു.

(ശാസ്ത്രതത്ത്വങ്ങളെ വിചാരം ചെയ്തു് അറിഞ്ഞുകൊൾവാൻ സമയം ഇല്ലാത്തവരായ്)

17. **ഏത ആത്മഹനോऽശാന്താ അജ്ഞാനേ ജ്ഞാനമാനിനഃ|**
സീദന്ത്യ കൃതകൃത്യാവൈ കാലധ്വസ്തമനോരഥാഃ|

അജ്ഞാനെ	അജ്ഞാനത്തിനു വിഷയമായ കർമ്മത്തിലും കർമ്മഫലത്തിലും	ആത്മഹനഃ	ആയതുകൊണ്ടു് ആത്മഹത്തിചെയ്യുവരും (തന്നത്താനേ ദൂഷിച്ചവരും) ആയ
ജ്ഞാനമാനിന	ജ്ഞാനമെന്നു് അഭിമാനിക്കുന്നവരും	ഏതെ	ഇവർ

അശാന്താഃ	മനശ്ശാന്തിയില്ലാത്തവരായ്
കാലധ്വസ്ത മനോരഥാഃ	കാലത്താൽ നാശമായ മനോരഥത്തോടുകൂടിയവരായ്
അകൃതകൃത്യാഃ യേ	കർത്തവ്യമായആത്മാനുസന്ധാനത്തെ ചെയ്യാതെ
സീദന്തി	കഷ്ടപ്പെടുന്നു.

18. ഹിത്വാത്യായാസരചിതാ ഗൃഹാപത്യസുഹൃച്ഛ്രിയഃ
തമോ വിശന്ത്യനിച്ഛന്തോ വാസുദേവപരാങ്മുഖാഃ

വാസുദേവ പരാങ്മുഖാഃ	വാസുദേവഭക്തി ഇല്ലാത്ത അവർ
അത്യായാസ-രചിതാഃ	വളരേ കഷ്ടപ്പെട്ട് നേടിയ
ഗൃഹാപത്യ സുഹൃച്ഛ്രിയഃ	വീട്, പുത്രന്മാർ, സുഹൃത്തുക്കൾ, ഐശ്വര്യം ഇവകളെ
അനിച്ഛന്തഃ	ത്യജിപ്പാൻ ഇഷ്ടമില്ലാഞ്ഞിട്ടും
ഹിത്വാ	ത്യജിച്ച്
തമഃവിശന്തി	നരകം പ്രാപിക്കുന്നു.
രാജോവാച	രാജാവ് ചോദിച്ചു

19. കസ്മിൻ കാലെ സ ഭഗവാൻ കിം വർണഃ കീദൃശോ നൃഭിഃ
നാമ്നാ വാ കേന വിധിനാ പൂജ്യതെ തദിഹോച്യതാം

സഃ ഭഗവാൻ	ആ ഭഗവാൻ
കസ്മിൻ കാലെ	ഏതു സമയത്തിൽ
കിം വർണ്ണഃ	എന്താണ് നിറം
കീദൃശഃ	എപ്രകാരമായരൂപമുള്ളവൻ
നൃഭി	മനുഷ്യന്മാരാൽ
കേനനാമ്നാ	എന്ന നാമധേയംകൊണ്ട്
വിധിനാ വാ	ഏതു വിധാനം കൊണ്ട്
പൂജ്യതെ	പൂജിക്കപ്പെടുന്നു.
തത് ഇഹ ഉച്യതാം	അതു് ഇപ്പോൾ പറയപ്പെടണം
കരഭാജന ഉവാച	കരഭാദ്രി പറഞ്ഞു

20. കൃതം ത്രേതാ ദ്വാപരം ച കലിരിത്യേഷു കേശവഃ
നാനാവർണ്ണാഭിധാകാരോ നാനൈവ വിധിനേജ്യതെ

കൃതം	കൃതം
ത്രേതാ	ത്രേതാ
ദ്വാപരം	ദ്വാപരം
കലിഃ ച	കലി എന്ന
ഏഷു	ഈ നാലു് യുഗങ്ങളിലും
കേശവഃ	ശ്രീ മഹാവിഷ്ണു
നാനാവർണ്ണാഭിധാകാരഃ	പലവിധമായ, നിറം, പേരു്, രൂപം ഇവയോടു കൂടി
നാനാവിധിനാ ഏവ	പലക്രമത്തിലുള്ള പൂജാവിധാനം കൊണ്ട്
ഇജ്യതെ	പൂജിക്കപ്പെടുന്നു.

21. കൃതെ ശുക്ലശ്ചതുർബാഹുർജടിലോ വൽകലാംബരഃ
കൃഷ്ണാജിനോപവീതാക്ഷാൻ ബിഭ്രദ്ദണ്ഡകമണ്ഡലൂഃ

കൃതെ	കൃതയുഗത്തിൽ	കൃഷ്ണാജിനോ പവീതാ ക്ഷാൻ	മാൻതോൽ, യജ്ഞോപവീതം അക്ഷമാലാ
ശുക്ലഃ	വെളുത്തനിറത്തോടുകൂടിയും		
ചതുർബാഹുഃ	ചതുർഭുജനായിട്ടും	ദണ്ഡകമണ്ഡലൂ	ദണ്ഡകമണ്ഡലങ്ങൾ ഇവകളെ
ജടിലഃ	ജടാധാരിയായും		
വൽകലാംബരഃ	മരവുരിധരിച്ചവനായും	ബിഭ്രത്	ധരിച്ചുകൊണ്ടുമിരിക്കുന്നു.

(ഇതുകൊണ്ട് ബ്രഹ്മചാരി വേഷം പറയപ്പെട്ടു.)

22. മനുഷ്യാസ്തു തദാ ശാന്താ നിർവൈരാഃ സുഹൃദഃ സമാഃ
യജന്തി തപസാ ദേവം ശമേന ച ദമേന ച॥

തദാ	അപ്പോൾ	സമാഃ	എല്ലാവരോടും സമഭാവനയോടും
മനുഷ്യാഃ	മനുഷ്യന്മാർ	ശമേന ച	മനസ്സിനെ വശമാക്കിയും
ശാന്താഃ	ശാന്തന്മാരായും	ദമേന ച	ഇന്ദ്രിയങ്ങളെ അടക്കിയും
നിർവൈരാഃ	വിരോധഭാവമില്ലാത്തവരായും	തപസാ	തപസ്സുകൊണ്ടും
		ദേവം	വാസുദേവനെ
സുഹൃദഃ	സൌഹാർദ്ദമായും	യജന്തി	പൂജിക്കുന്നു.

23. ഹംസഃ സുപർണ്ണോ വൈകുണ്ഠോ ധർമ്മോ യോഗേശ്വരോഽമലഃ
ഈശ്വരഃ പുരുഷോഽവ്യക്തഃ പരമാത്മേതി ഗീയതേ॥

ഹംസഃ	ഹംസൻ എന്നും (ഈ കൃതയുഗത്തിൽ അജ്ഞാനം നീക്കി(അഹംസഃ) ഞാൻ പരമാത്മാവാകുന്നു എന്ന് ധ്യാനിക്കുന്നവന്നു് സംസാരദുഃഖനാശം ചെയ്യുന്നതിനാലും സർവ്വശരീരഗാമിയുമായതിനാൽഹംസൻ)	യോഗേശ്വരഃ	(അഷ്ടാംഗയോഗങ്ങൾക്ക് ഈശ്വരനായതിനാൽ) യോഗേശ്വരൻ എന്നും
		മനുഃ	(മനനരൂപിയായതിനാൽ) മനുവെന്നും
		ഈശ്വരഃ	(അഖണ്ഡ ഐശ്വര്യമുള്ളതിനാൽ ഈശ്വരൻ എന്നും
സുപർണ്ണഃ	(ധർമ്മം, അധർമ്മം എന്നു് രണ്ടു് ഭംഗിയായ ചിറകുകൾ ഉള്ളതിനാൽ) സുപർണ്ണൻ എന്നും	പുരുഷഃ	(സകല പ്രാണികളിലും അന്തർയാമിയായതിനാൽ)പുരുഷൻ എന്നും
		അവ്യക്തഃ	(ഇന്ദ്രിയങ്ങൾക്ക് അഗോചരമായതിനാൽ) അവ്യക്തൻ എന്നും
വൈകുണ്ഠഃ	(പലവിധമായ മായകൾ ഉള്ളതുകൊണ്ടു്) വൈകുണ്ഠൻ എന്നും	പരമാത്മാ ഇതി	പരമാത്മാ എന്നും
ധർമ്മഃ	(സർവ്വലോകങ്ങളേയും ധരിക്കുന്നതിനാൽ) ധർമ്മൻ എന്നും	ഗീയതേ	പറയപ്പെടുന്നു.

24. ത്രേതായാം രക്തവർണ്ണോऽസൌ ചതുർ ബാഹുർസ്ത്രിമേഖലഃ
ഹിരണ്യകേശസ്ത്രയ്യാത്മാ സ്രുക്‌സ്രുവാദ്യുപലക്ഷണം

ത്രേതായാം	ത്രേതായുഗത്തിൽ	ഹിരണ്യകേശഃ	പൊന്നിറതലമുടിയോടും
അസൌ	ഇവർ	ത്രയ്യാത്മാ	ത്രിവേദസ്വരൂപിയായും
രക്തവർണ്ണം	ചുവന്നനിറത്തോടുകൂടിയും	സ്രുക്‌സ്രുവാദ്യുപലക്ഷണം	സ്രുക്, സ്രുവം എന്ന യാഗപാത്രങ്ങളോടു കൂടിയും ഇരിക്കുന്നു.
ചതുർബാഹു	ചതുർഭുജങ്ങളോടും		
ത്രിമേഖലഃ	മുപ്പിരിയായ മേഖലയോടും (അരഞ്ഞാൺ)		

25. തം തദാ മനുജാ ദേവം സർവ്വദേവമയം ഹരിഃ!
യജന്തി വിദ്യയാ ത്രയ്യാ ധർമ്മിഷ്ഠാ ബ്രഹ്മവാദിനഃ

തദാ	ആ ത്രേതായുഗത്തിൽ	ധർമ്മിഷ്ഠാഃ	ധർമ്മിഷ്ഠന്മാരായ്
മനുജാഃ	മനുഷ്യന്മാർ	ബ്രഹ്മവാദിനഃ	വേദമന്ത്രങ്ങളെ ഉച്ചരിച്ചുകൊണ്ട്
ദേവം	സ്വയം പ്രകാശരൂപിയും	ത്രയ്യാവിദ്യയാ	വേദത്രയോക്തമായ യാഗാദികർമ്മങ്ങളാൽ
സർവ്വദേവമയം	സകലദേവതാരൂപിയും	യജന്തി	പൂജിക്കുന്നു.
തം ഹരിം	ആ ശ്രീ ഹരിപരമാത്മാവിനെ		

26. വിഷ്ണുര്യജ്ഞഃ പൃശ്നി ഗർഭഃ സർവ്വദേവ ഉരുക്രമഃ
വൃഷാകപിർ ജയന്തശ്ച ഉരുഗായ ഇതീര്യതെ

വിഷ്ണുഃ	(സർവ്വവ്യാപിയായതിനാൽ) വിഷ്ണു എന്നും	വൃഷാകപിഃ	(ആഗ്രഹിച്ചവയെ മഴപോലെ പൊഴിഞ്ഞും ദുഃഖനാശം ചെയ്യുതിനാലും) വൃഷാകപി എന്നും
യജ്ഞഃ	(യജ്ഞസ്വരൂപിയായതിനാൽ) യജ്ഞൻ എന്നും		
പൃശ്നി ഗർഭഃ	(സുതപസ് എന്ന പ്രജാപതീപത്നി പൃശ്നിപുത്രനായ് ജനിച്ചതുകൊണ്ട്) പൃശ്നി ഗർഭൻ എന്നും	ജയന്തഃ	(സദാസർവ്വദാജയശീലനായതിനാൽ) ജയന്തൻ എന്നും
സർവ്വദേവഃ	(സർവ്വദേവസ്വരൂപിയായതിനാൽ) സർവ്വദേവൻ എന്നും	ഉരുഗായഃ ഇതി ച	(എല്ലാവരും എപ്പോഴും ഗാനം ചെയ്യുന്നതിനാൽ) ഉരുഗായൻ എന്നും
ഉരുക്രമഃ	(വാമനാവതാരത്തിൽ ഈ ഭൂമിയെ ഒററയടിയായ് അളന്നതിനാൽ) ഉരുക്രമൻ എന്നും	ഈര്യതെ	വിളിക്കപ്പെടുന്നു.

27. ദ്വാപരെ ഭഗവാൻ ശ്യാമഃ പീതവാസാ നിജായുധഃ
ശ്രീവത്സാദിഭിരങ്കൈശ്ച ലക്ഷണൈരുപലക്ഷണഃ

ദ്വാപരെ	ദ്വാപരയുഗത്തിൽ
ഭഗവാൻ	ഭഗവാൻ
ശ്യാമഃ	ശ്യാമളവർണ്ണനായും
പീതവാസാഃ	പീതവസ്ത്രധാരിയായും
നിജായുധഃ	ശംഖചക്രാദികളായ ആയുധങ്ങളോടും
ശ്രീവത്സാദിഭിഃ അങ്കൈ	ശ്രീവത്സം മുതലായ അംഗങ്ങടയാളങ്ങളോടും
ലക്ഷണൈ	കൌസ്തുഭം വനമാലാ മുതലായ ആഭരണങ്ങളോടും കൂടി
ഉപലക്ഷിതഃ	ധ്യാനിക്കപ്പെടുന്നു.

28. തം തദാ പുരുഷം മർത്ത്യാ മഹാരാജോപലക്ഷണം
യജന്തി വേദ തന്ത്രാഭ്യാം പരം ജിജ്ഞാസവോ നൃപ

നൃപ	ഹേ രാജൻ
ജിജ്ഞാസവഃ	ജിജ്ഞാസുക്കളായ
മർത്ത്യാഃ	മനുഷ്യന്മാർ
മഹാരാജോപലക്ഷണം	കുട, ചാമരം മുതലായ രാജോപചാരത്തോടുകൂടി
തം പരം പുരുഷം	ആ പരമപുരുഷനെ
വേദ തന്ത്രാഭ്യാം	വേദമാർഗ്ഗത്തിലും, ആഗമമാർഗ്ഗത്തിലും
യജന്തി	ആരാധിക്കുന്നു.

29. നമസ്തേ വാസുദേവായ നമഃസംകർഷണായ ച
പ്രദ്യുമ്നായാനിരുദ്ധായ തുഭ്യം ഭഗവതെ നമഃ
30. നാരായണായ ഋഷയെ പുരുഷായ മഹാത്മനെ
വിശ്വേശ്വരായ വിശ്വായ സർവ്വഭൂതാത്മനെ നമഃ

വാസുദേവായ	വാസുദേവസുതനായ
തെ	നിങ്ങൾക്ക്
നമഃ	നമസ്കാരങ്ങൾ
സംകർഷണായ	(പ്രളയകാലത്തിൽ എല്ലാററിനേയും തൻപാൽ ആകർഷിക്കുന്നതുകൊണ്ട്) സങ്കർഷണമൂർത്തിയായ അങ്ങേക്ക്
നമഃ	നമസ്കാരം
പ്രദ്യുമ്നായ	പ്രദ്യുമ്നസ്വരൂപിയായ അങ്ങയെ
ച	നമസ്കരിക്കുന്നു
ഭഗവതെ	സർവ്വശക്തനായ
അനിരുദ്ധായ	അനിരുദ്ധസ്വരൂപിയായ
തുഭ്യം നമഃ	നിങ്ങൾക്ക് നമസ്കാരം
ഋഷയെ	സർവ്വജ്ഞനും
നാരായണായ	നാരായണനും
പുരുഷായ	സർവ്വശരീരങ്ങളിലും അന്തർയാമിയായിരിക്കുന്നവനും
മഹാത്മനെ	മഹാത്മാവും
വിശ്വേശ്വരായ	അഖിലലോകേശ്വരനും
വിശ്വായഃ	വിശ്വരൂപിയും
സർവ്വഭൂതാത്മനെ	സർവ്വപ്രാണികളിലും വ്യാപിച്ചിരിക്കുന്നതങ്ങൾക്ക്
നമഃ ഇതി	നമസ്കാരം എന്നീപ്രകാരം

31. ഇതി ദ്വാപര ഉർവ്വീശ സ്തുവന്തി ജഗദീശ്വരം
നാനാതന്ത്ര വിധാനേന കലാവപി യഥാശ്രുണു

കലൌ അപി	കലിയുഗത്തിലും	ശ്രുണു	കേൾക്കുക.
നാനാതന്ത്ര വിധാനേന	പലവിധമായ തന്ത്രഗ്രന്ഥങ്ങളിൽ പ്രതിപാദ്യമായ ക്രമത്തിൽ	ഉർവ്വീശ	ഹേ രാജൻ
യഥാ	എങ്ങിനെ ആരാധിക്കപ്പെടുന്നു എന്നതിനെ	ദ്വാപരെ	ദ്വാപരയുഗത്തിൽ
		ജഗദീശ്വരം	ജഗദീശ്വരനെ
		സ്തുവന്തി	സ്തുതിക്കുന്നു.

32. കൃഷ്ണവർണ്ണം ത്വിഷാകൃഷ്ണം സാംഗോപാംഗാസ്ത്രപാർഷദം
യജ്ഞൈഃ സങ്കീർത്തന പ്രായൈർയജന്തി ഹി സുമേധസഃ

സാംഗോപാംഗാസ്ത്ര പാർഷദം	കരചരണാദ്യവയവങ്ങളോടും കൌസ്തുഭം മുതലായ ഉപാംഗങ്ങളോടും ചക്രം മുതലായ അസ്ത്രങ്ങളോടും സുനന്ദൻ മുതലായ പാർഷദന്മാരോടും	കൃഷ്ണം	ശ്രീകൃഷ്ണനായ് അവതരിച്ച ഈശ്വരനെ
		സുമേധസഃ	വിവേകികൾ
		സങ്കീർത്തന പ്രായൈഃ	നാമസംകീർത്തനം പ്രധാനമായ്
ത്വിഷാകൃഷ്ണം	കാന്തിയാൽകറുനിറത്തോടും കൂടിയ	യജ്ഞൈഃ	പൂജകളാൽ
		യജന്തി ഹി	ആരാധിക്കുന്നു.

33. ധ്യേയം സദാ പരിഭവഘ്നമഭീഷ്ടദോഹം
തീർത്ഥാസ്പദം ശിവവിരിഞ്ചിനുതം ശരണ്യം
ഭൃത്യാർത്തിഹം പ്രണതപാല ഭവാബ്ധിപോതം
വന്ദെ മഹാപുരുഷ തേ ചരണാരവിന്ദം

പ്രണതപാല	തന്നെ വന്ദിച്ചവരേ രക്ഷിക്കുന്ന	ശിവവിരിഞ്ചിനുതം	പരമേശ്വരനാലും ബ്രഹ്മദേവനാലും സ്തുതി ചെയ്യപ്പെടുന്നതും
മഹാപുരുഷ	ഹേ പുരുഷോത്തമ		
സദാ	എപ്പോഴും	ഭൃത്യാർത്തിഹം	ഭൃത്യന്മാരുടെ ദുഃഖങ്ങളെ നാശം ചെയ്യുന്നതും
പരിഭവഘ്നം	പരാജയത്തെ ഇല്ലാതാക്കുന്നതും	ഭവാബ്ധി പോതം	സംസാരസാഗരതരണം ചെയ്യുവാൻ ഒരു കപ്പൽ പോലെ ഉള്ളതും
അഭീഷ്ട ദോഹം	അഭീഷ്ടങ്ങളെനൽകുന്നതും	സദാ ധ്യേയം	എപ്പോഴും ധ്യാനയോഗ്യവും ആയ
തീർത്ഥാസ്പദം	ഗംഗാദിതീർത്ഥങ്ങൾക്ക് ഇരിപ്പിടമായതും	തേ ചരണാരവിന്ദം	തങ്ങളുടെ തിരുവടിത്താമരയേ
ശരണ്യം	ശരണയോഗ്യവും	വന്ദെ	ഞാൻ വന്ദിക്കുന്നു.

34. **ത്യക്ത്വാ സുദുസ്ത്യജസുരേപ്സിത രാജ്യലക്ഷ്മീം**
ധർമ്മിഷ്ഠ ആര്യ വചസാ യദഗാദരണ്യം
മായാ മൃഗം ദയിതേപ്സിത മന്വധാവത്
വന്ദെ മഹാപുരുഷതെ ചരണാരവിന്ദം

ധർമ്മിഷ്ഠ	ധർമ്മത്തിങ്കൽ സ്ഥിരബുദ്ധിയോടുകൂടിയ	അരണ്യം	വനം
മഹാപുരുഷ	ഹേ പുരുഷോത്തമ!	അഗാത്	പ്രാപിച്ചുവോ,
ആര്യവചസാ	പിതൃവാക്യപരിപാലന ധർമ്മംകൊണ്ട്	ദയിതേപ്സിതം	തന്റെ പ്രാണതുല്യയായ സീതയാൽ ആഗ്രഹിക്കപ്പെട്ട
സുദുസ്ത്യജ സുരേപ്സിത രാജ്യലക്ഷ്മീം	മററവരാൽ ത്യജിക്കാൻ അസാധ്യവും, ദേവന്മാരാൽ ആഗ്രഹിക്കപ്പെട്ടതുമായ രാജ്യലക്ഷ്മിയെ	മായാമൃഗം	മായാമൃഗത്തെ
		അന്വധാവത്	അനുഗമിച്ചുവോ
		തെ	തങ്ങളുടെ
ത്യക്ത്വാ	ത്യാഗം ചെയ്ത്	ചരണാരവിന്ദം	തൃപ്പാദകമലങ്ങളെ
യത്	ഏതു തൃപ്പാദങ്ങൾ	വന്ദെ	ഞാൻ നമസ്കരിക്കുന്നു.

35. **ഏവം യുഗാനുരൂപാഭ്യാം ഭഗവാൻ യുഗവർത്തിഭിഃ**
മനുജൈരിജ്യതെ രാജൻ ശ്രേയസാമീശ്വരോ ഹരി

രാജൻ	ഹേ രാജൻ	യുഗാനുരൂപാഭ്യാം	അതാതു യുഗങ്ങൾക്ക് അനുരൂപമായ നാമരൂപങ്ങളാലും
ഏവം	ഈ വിധം		
ശ്രേയസാം	സകലവിധമായ ശ്രേയസ്സുകൾക്കും	യുഗവർത്തിഭി	അതാത യുഗങ്ങളിൽ ഇരിക്കുന്ന
ഈശ്വര:	ഈശ്വരനായ	മനുജൈഃ	മനുഷ്യന്മാരാൽ
ഹരി:	ശ്രീ ഹരി	ഇജ്യതെ	പൂജിക്കപ്പെടുന്നു.

36. **കലിം സഭാജയന്ത്യാര്യാ ഗുണജ്ഞാഃ സാരഭാഗിനഃ**
യത്ര സംകീർത്തനേനൈവ സർവ്വഃ സ്വാർത്ഥോഽഭിലഭ്യതെ

യത്ര	ഏതു് യുഗത്തിൽ	ഗുണജ്ഞാഃ	കലിയുഗത്തിന്റെ ഗുണത്തിനെ അറിഞ്ഞവരും
സംകീർത്തനേന ഏവ	നാമസംകീർത്തനം കൊണ്ടു തന്നേ	സാരഭാഗിനഃ	കലിയുഗത്തിന്റെ ഗുണാംശം മാത്രം ഗ്രഹിക്കുന്നവരുമായ
സർവ്വ: സ്വാർത്ഥ	പുരുഷാർത്ഥങ്ങൾ എല്ലാം		
അഭിലഭ്യതെ	മുഴുവൻ ലഭിക്കുന്നുവോ	ആര്യാ	ശ്രേഷ്ഠന്മാർ
കലിം	ആ കലിയുഗത്തിനെ	സഭാജയന്തി	പോററിപ്പുകഴുന്നു.

37. നഹ്യതഃ പരമോ ലാഭോ ദേഹിനാം ഭ്രാമ്യതാമിഹ
യതോ വിന്ദേത പരമാം ശാന്തിം നശ്യതി സംസൃതിഃ

യതഃ	ഏതു് നാമസങ്കീർത്തനം കൊണ്ടു്	ഹി	ആ കാരണംകൊണ്ടു്
പരമാം ശാന്തിം	ശ്രേഷ്ഠമായ മോക്ഷം എന്ന ശാന്തി	അതഃ	നാമസങ്കീർത്തനത്തെക്കാൾ
വിന്ദേത	ലഭിക്കുമോ	ഭ്രമ്യതാം	ചുററിയലയുന്ന
സംസൃതിഃ	ജനന മരണ രൂപമായ സംസാരം	ദേഹിനാം	ശരീരികൾക്കു്
നശ്യതി	നശിച്ചുപോകുമോ	പരമഃ ലാഭഃ ന	ശ്രേഷ്ഠമായ ലാഭം(ഫലം) ഇല്ല

38. കൃതാദിഷു പ്രജാരാജൻ കലാവിച്ഛന്തി സംഭവം
കലൌ ഖലു ഭവിഷ്യന്തി നാരായണപരായണാഃ

39. ക്വചിത് ക്വചിന്മഹാരാജ ദ്രവിഡേഷു ച ഭൂരിശഃ
താമ്രപർണീ നദീ യത്ര കൃതമാലാ പയസ്വിനീ

രാജൻ	ഹേ രാജൻ!	താമ്രപർണീ നദീ	താമ്രപർണീ നദിയും
കൃതാദിഷു	കൃതം മുതലായ യുഗങ്ങളിൽ ജീവിച്ച	കൃതമാലാ	കൃതമാലാനദിയും
പ്രജാഃ	ജനങ്ങൾ	പയസ്വിനീ	പയസ്വിനീ എന്നപാലാറും
കലൌ	കലിയുഗത്തിൽ		
സംഭവം	ജനിക്കുവാൻ	മഹാപുണ്യാ കാവേരീ ച	വളരേ പവിത്രമായ കാവേരി നദിയും
ഇച്ഛന്തി	ഇച്ഛിക്കുന്നു.		
മഹാരാജ	മഹാരാജൻ	പ്രതീചീ മഹാനദീ ച	പശ്ചിമാഭിമുഖമായി പ്രവഹിക്കുന്ന മഹാനദിയോടു കൂടിയ
ഖലു	എന്തുകൊണ്ടെന്നാൽ(കാരണം എന്തെന്നാൽ		
കലൌ	കലിയുഗത്തിൽ	ദ്രവിഡേഷു	ദ്രവിഡദേശത്തിൽ
ക്വചിത് ക്വചിത്	ചില ചില സ്ഥലങ്ങളിൽ	ഭൂരിശഃ	എല്ലാവരും അധികപക്ഷമായു്
ച	പ്രത്യേകിച്ചു്	നാരായണ പരായണാഃ	നാരായണ ഭക്തന്മാരായു്
യത്ര	എവിടെ	ഭവിഷ്യന്തി	ഭവിക്കും

40. കാവേരീ ച മഹാപുണ്യാ പ്രതീചീ ച മഹാനദീ
യേ പിബന്തി ജലം താസാം മനുജാ മനുജേശ്വര
പ്രായോ ഭക്താ ഭഗവതി വാസുദേവേഽമലാശയാഃ

മനുജേശ്വര	ഹേ രാജൻ
യേ മനുജാ	ഏതു മനുഷ്യന്മാർ
താസാംജലം	ആ നദികളുടെ ജലം
പിബന്തി	കുടിക്കുന്നുവോ അവർ
വാസുദേവേ	വാസുദേവന്റെ
ഭക്താഃ	ഭക്തന്മാരായിട്ടും, ആയതു കൊണ്ട്
അമലാശയാഃ	നിർമ്മലമനസ്സോടു കൂടിയും
ഭവിഷ്യന്തി	ഭവിക്കും

41. ദേവർഷിഭൂതാപ്തനൃണാം പിതൄണാം
നകിംകരോ നായമൃണീ ച രാജൻ
സർവ്വാത്മനാ യഃ ശരണം ശരണ്യം
ഗതോമുകുന്ദം പരിഹൃത്യ കർത്തം

രാജൻ	ഹേ രാജൻ
കർത്തം	അഹങ്കാരം
പരിത്യജ്യ	പരിത്യജിച്ച്
സർവ്വാത്മനാ	പരിപൂർണ്ണമായി
യഃ	ഏതു മനുഷ്യൻ
ശരണ്യം	ശരണാർഹനായ
മുകുന്ദ	മോക്ഷദാതാവായ ഭഗവാനെ
ശരണം ഗതഃ	ശരണാഗതി പ്രാപിക്കുന്നുവോ
അയം ച	അവൻതന്നേയാണ്
ദേവർഷിഭൂതാത്മനൃണാം	ദേവന്മാർ, ഋഷികൾ, ഭൂതങ്ങൾ, മനുഷ്യന്മാർ ഇവക്കും
പിതൄണാം	പിതൃക്കൾക്കും
ഋണീ ന	കടപ്പാടുള്ളവനാകുന്നില്ല
കിംകര ന	കിംകരനായിട്ടും ഭവിക്കുന്നില്ല.

42. സ്വപാദമൂലം ഭജതഃ പ്രിയസ്യ
ത്യക്താന്യഭാവസ്യ ഹരി പരേശഃ
വികർമ്മയച്ചോത്പതിതം കഥഞ്ചിത്
ധുനോതി സർവ്വം ഹൃദി സന്നിവിഷ്ടഃ

ത്യക്താന്യഭാവസ്യ	ഭഗവാനല്ലാതെ അന്യദേഹത്തിലോ അഥവാ ദേവതയിങ്കലോ മനസ്സുവെയ്ക്കാത്തവനും
പ്രിയസ്യ	തനിക്ക് പ്രിയമായവനും
സ്വപാദമൂലം ഭജതഃ	തന്റെ തൃപ്പാദങ്ങളെ ശരണം പ്രാപിച്ച് ഭക്തനും
വികർമ്മയത്	നിഷിദ്ധകർമ്മം ഏതെങ്കിലും
കഥഞ്ചിത്	എങ്ങിനെയെങ്കിലും
ഉത്പതിതം	സംഭവിക്കുമെങ്കിൽ
സർവ്വം	അവയെല്ലാം
ഹൃദി സന്നിവിഷ്ടഃ	ഹൃദയകുഹരത്തിൽ പ്രവേശിച്ചിട്ടുള്ളവനും
പരേശഃ	പരമാത്മാവുമായ
ഹരിഃ	ശ്രീ ഹരി
ധുനോതി	നശിപ്പിച്ചുകളയുന്നു.
നാരദ ഉവാച :	നാരദൻ പറഞ്ഞു.

43. ധർമ്മാൻ ഭാഗവതാനിത്ഥം ശ്രുത്വാഥ മിഥിലേശ്വരഃ
ജായന്തേയാൻ മുനീൻ പ്രീതഃ സോപാദ്ധ്യായോഹ്യ പൂജയത്

മിഥിലേശ്വരഃ	മിഥിലാധിപതി
ഇത്ഥം	ഇപ്രകാരം
ഭാഗവതാൻ ധർമ്മാൻ	ഭാഗവത ധർമ്മങ്ങളെ
ശ്രുത്വാ	കേട്ടിട്ട്
പ്രീതഃ	ആനന്ദിച്ച്.
ഹി	ആയതുകൊണ്ട്
ജായന്തേയാൻ	ജയന്തീദേവിയുടെ പുത്രന്മാരായ
മുനീൻ	മുനികളെ
സോപാധ്യായ ച	ഉപാധ്യായന്മാരോട് കൂടി
അപൂജയത്	പൂജിച്ചു

44. തതോന്തർദധിരേ സിദ്ധാഃ സർവ്വലോകസ്യ പശ്യതഃ
രാജാ ധർമ്മാനുപാതിഷ്ഠന്നവാപ പരമാം ഗതിം

തതഃ സിദ്ധാഃ	അനന്തരം ആസിദ്ധന്മാർ
സർവ്വലോകസ്യ പശ്യതഃ	ജനങ്ങളെല്ലാവരും നോക്കിക്കൊണ്ടിരിക്കുമ്പോൾ തന്നെ
അന്തർദധിരെ	അപ്രത്യക്ഷരായി
രാജാ	രാജാവ്
ധർമ്മാൻ	ഭാഗവതധർമ്മങ്ങളെ
ഉപാതിഷ്ഠൻ	അനുഷ്ഠിച്ചുകൊണ്ട്
പരമാം ഗതി	ഉത്തമമായ മോക്ഷം
അവാപ	പ്രാപിച്ചു.

45. ത്വമപ്യേതാൻ മഹാഭാഗ ധർമ്മാൻ ഭാഗവതാൻ ശ്രുതാൻ
ആസ്ഥിതഃ ശ്രദ്ധയാ യുക്തോ നിഃസംഗോ യാസ്യസേ പരം

മഹാഭാഗ	മഹാഭാഗ്യവാനായ ഹേ രാജൻ
ത്വം അപി	താങ്കളും
ശ്രുതാൻ	ഇപ്പോൾ കേൾക്കപ്പെട്ട
ഏതാൻ ഭാഗവത ധർമ്മാൻ	ഈ ഭാഗവത ധർമ്മങ്ങളെ
നിഃസംഗ	നിഷ്കാമനായ് (ഫലേച്ഛ ഇല്ലാത്തവനായ്)
യുക്തഃ	ഏകാഗ്രചിത്തനായ്
ശ്രദ്ധയാ	ശ്രദ്ധയോടുകൂടി
ആസ്ഥിതഃ	അനുഷ്ഠിച്ച്
പരം യാസ്യസെ	പരമാത്മാവിനെ പ്രാപിച്ചാലും.

46. യുവയോഃ ഖലു ദമ്പത്യോര്യശസാ പൂരിതം ജഗത്
പുത്രതാമഗമത് യത് വാം ഭഗവാനീശ്വരോ ഹരിഃ

ഈശ്വരഃ	സർവ്വേശ്വരനും
ഭഗവാൻ	സർവ്വശക്തനുമായ
ഹരിഃ	ശ്രീ ഹരി
വാം	നിങ്ങൾ രണ്ടുപേരുടെയും
പുത്രതാം	പുത്രഭാവത്തെ
അഗമത്	പ്രാപിച്ചു
യത്	ആ കാരണം കൊണ്ട്
ദമ്പത്യോം	ദമ്പതികളായ

യുവയോഃ	നിങ്ങളുടെ
യശസാ	യശസ്സുകൊണ്ട്
ജഗത്	സമഗ്രമായ ജഗത്തും
പൂരിതം ഖലു	പൂരിതമാക്കപ്പെട്ടുവല്ലൊ

47. ദർശനാലിംഗനാലാപൈഃ ശയനാസനഭോജനൈഃ
ആത്മാ വാം പാവിതഃ കൃഷ്ണേ പുത്രസ്നേഹം പ്രകുർവ്വതോഃ

ദർശനാലിംഗനാലാപൈഃ	ദർശനം, ആലിംഗനം, സംഭാഷണം എന്നിവകളാലും
ശയനാസനഭോജനൈഃ	ശയനം, ആസനം, ഭോജനം ഇവകളാലും
കൃഷ്ണേ	ശ്രീ കൃഷ്ണനിൽ
പുത്രസ്നേഹം പ്രകുർവ്വതോഃ	പുത്രവാത്സല്യയോട് ഇരിക്കുന്ന
വാം	നിങ്ങളുടെ
ആത്മാ	ആത്മാവ്
പാവിതഃ	പവിത്രമാക്കപ്പെട്ടതായി ഭവിക്കുന്നു.

48. വൈരേണ യം നൃപതയഃ ശിശുപാല പൌണ്ഡ്ര
ശാല്വാദയോ ഗതിവിലാസ വിലോകനാദ്യൈഃ
ധ്യായന്ത ആകൃതധിയഃ ശയനാസനാദൌ
തത്സാമ്യമാപുരനുരക്തധിയാം പുനഃ കിം

ശിശുപാല പൌണ്ഡ്രശാല്വാദയഃ	ശിശുപാലൻ, പൌണ്ഡ്രൻ, ശാല്വൻ, മുതലായ
നൃപതയഃ	രാജാക്കന്മാർ
യം	ആ ശ്രീകൃഷ്ണഭഗവാനെ
വൈരേണ	വിരോധഭാവംകൊണ്ട്
ഗതിവിലാസവിലോകനാദ്യൈഃ	നടക്കുക, കളിക്കുക, ദൃഷ്ടി മുതലായവകളാലും
ശയനാസനാദൌ	ശയനം, ആസനം ഇവകളാലും
ധ്യായന്തഃ	ധ്യാനിച്ചുകൊണ്ട്
ആകൃതധിയഃ	അതാതു ആകൃതികളായ് മാറിയ മനസ്സോടുകൂടി
തത്സാമ്യം	ആ ഭഗവാന്റെ സാരൂപ്യം എന്ന മോക്ഷത്തെ
ആപുഃ	പ്രാപിച്ചു
അനുരക്തധിയാം പുനഃ	(അതുപോലെ ദ്വേഷബുദ്ധി ഇല്ലാത്ത) പ്രേമയാൽ ബന്ധപ്പെട്ടബുദ്ധിയോടു കൂടിയവർക്ക്
കിം	സാരൂപ്യം കിട്ടുന്നതിനെപ്പററി പറയേണ്ടതുണ്ടോ

49. മാപത്യബുദ്ധിമകൃഥാഃ കൃഷ്ണേ സർവ്വാത്മനീശ്വരേ
മായാ മനുഷ്യഭാവേന ഗൂഢൈശ്വര്യേ പരേऽവ്യയേ

പരേ	പരമാത്മാവും
അവ്യയേ	നാശമില്ലാത്തവനും
ഈശ്വരേ	സർവ്വേശ്വരനും
സർവ്വാത്മനി	സർവ്വാന്തർയാമിയും
മായാമനുഷ്യഭാവേന	മായയാൽ മനുഷ്യധർമ്മത്തെ പ്രാപിച്ചതിനാൽ
ഗൂഢൈശ്വര്യേ	ഗൂഢമായ ഈശ്വരധർമ്മത്തോടുകൂടിയ
കൃഷ്ണേ	ശ്രീകൃഷ്ണഭഗവാനിൽ
അപത്യബുദ്ധിം മാ അകൃഥാഃ	സാധാരണമായ ശിശു എന്നു വിചാരിക്കരുത്

50. **ഭൂഭാരാസുര രാജന്യഹന്തവെ ഗുപ്തയെ സതാം**
അവതീർണ്ണസ്യ നിർവ്വൃത്യൈ യശോ ലോകെ വിതന്യതെ

ഭൂഭാരാസുര രാജന്യഹന്തവെ	ഭൂഭാരമായ അസുരന്മാരേയും ദുഷ്ടരാജാക്കന്മാരേയും വധംചെയ്യുവാനും	യശഃ	കീർത്തി
സതാംഗുപ്തയെ	സാധുജനങ്ങളെ രക്ഷിപ്പാനും	ലോകെ	ലോകത്തിൽ
അവതീർണസ്യ	അവതരിച്ച ഭഗവാന്റെ	നിർവ്വൃത്യൈ	മോക്ഷാർത്ഥം
		വിതന്യതെ	വിശദമായി ഉപദേശിക്കപ്പെടുന്നു.

ശ്രീ ശുക ഉവാച—: ശ്രീ ശുകർ പറഞ്ഞു.

51. **ഏതച്ഛ്രുത്വാ മഹാഭാഗോ വസുദേവോഽതിവിസ്മിതഃ**
ദേവകീ ച മഹാഭാഗാ ജഹതുർമോഹമാത്മനഃ

ഏതത് ശ്രുത്വാ	ഇതുകേട്ടിട്ട്	മഹാഭാഗാ	മഹാഭാഗ്യവതിയായ
മഹാഭാഗഃ	മഹാഭാഗ്യവാനായ	ദേവകീ ച	ദേവകിയും (വിസ്മയിച്ച്)
വസുദേവഃ	വസുദേവൻ	ആത്മനഃ	തങ്ങളുടെ
അതിവിസ്മിതഃ	വളരെ ആശ്ചര്യത്തോടുകൂടിയവനായ്	മോഹം	അജ്ഞാനം
		ജഹതുഃ	വെടിഞ്ഞു (ത്യജിച്ചു)

52. **ഇതിഹാസമിമം പുണ്യം ധാരയേത് യത്സമാഹിതഃ**
സ വിധൂയേഹ ശമലം ബ്രഹ്മഭൂയായ കല്പതെ

യഃ	ആര്		
പുണ്യം	വളരെ പുണ്യമായ	സഃ	അവൻ
ഇമം ഇതിഹാസം	ഈ ചരിത്രത്തെ	ഇഹ	ഈ ജന്മത്തിങ്കൽതന്നെ
		ശമലംവിധൂയ	അജ്ഞാനം കളഞ്ഞ്
സമാഹിതഃ	ഏകാഗ്രചിത്തത്തോട്	ബ്രഹ്മഭൂയായ	ബ്രഹ്മത്വം പ്രാപിക്കുവാൻ
ധാരയേത്	മനസ്സിൽധരിക്കുന്നുവോ	കല്പതെ	അർഹനായി ഭവിക്കുന്നു.

ഇതി ശ്രീമത്ഭാഗവതമഹാപുരാണേ പതിനൊന്നാംസ്കന്ധം അഞ്ചാമദ്ധ്യായം.

ആദിതശ്ശ്ലോകാങ്കം 12375—ഏകാദശസ്കന്ധത്തിൽ ആകെ ശ്ലോകങ്ങൾ 209

ഷഷ്ഠോഽധ്യായഃ = അധ്യായം ആറ്

ശ്രീകൃഷ്ണ ഉദ്ധവസംവാദാരംഭം

ശ്രീകൃഷ്ണഭഗവാനും ഉദ്ധവരും കൂടി സംസാരിക്കുന്നത്.

ശ്രീ ശുക ഉവാച — ശ്രീശുകർ പറയുന്നു

1. **അഥ ബ്രഹ്മാത്മജൈർദേവൈഃ പ്രജേശൈരാവൃതോഽഭ്യഗാത്**
ഭവശ്ച ഭൂതഭവ്യേശോ യയൗ ഭൂതഗണൈർവൃതഃ

2. **ഇന്ദ്രോ മരു മരുത്ഭിർഭഗവാനാദിത്യാ വസവോഽശ്വിനൗ**
ഋഭവോംഽഗിരസോ രുദ്രാ വിശ്വേ സാധ്യാശ്ച ദേവതാഃ

3 **ഗന്ധർവ്വാപ്സരസോ നാഗാഃ സിദ്ധചാരണ ഗുഹ്യകാഃ**
ഋഷയഃ പിതരശ്ചൈവ സവിദ്യാധര കിന്നരാഃ

4 **ദ്വാരകാമുപസംജഗ്മുഃ സർവ്വേ കൃഷ്ണദിദൃക്ഷവഃ**
വപുഷാ യേന ഭഗവാൻ നരലോകമനോരമഃ
യശോ വിതേനെ ലോകേഷു സർവ്വലോകമലാപഹം

അഥ	അപ്പോൾ
ബ്രഹ്മാ	ബ്രഹ്മാവ്
ആത്മജൈഃ	തന്റെ പുത്രന്മാരായ സനകാദികളാലും
ദേവൈഃ	ദേവന്മാരാലും
പ്രജേശൈഃ	പ്രജാപതികളാലും
ആവൃതഃ	ആവൃതനായ്
ദ്വാരകാം	ദ്വാരകക്ക്
അഭ്യഗാത്	വന്നുചേർന്നു.
ഭൂതഭവ്യേശഃ	ഭൂതഭവിഷ്യത്തിന്ന് ഈശ്വരനായ
ഭവഃ ച	പരമേശ്വരനും
ഭൂതഗണൈഃ വൃതഃ	ഭൂതഗണങ്ങളാൽ ആവൃതനായ്
യയൗ	വന്നുചേർന്നു.
മരുത്ഭിഃ	മരുത്തുക്കളോടുകൂടി
ഭഗവാൻ ഇന്ദ്രഃ	ദേവേന്ദ്രനും
ആദിത്യാഃ	ആദിത്യന്മാരും
വസവഃ	വസുക്കളും
അശ്വിനൗ	അശ്വിനീദേവന്മാരും
ഋഭവഃ	ഋഭുക്കളും
അംഗിരസഃ	അംഗിരസ്സുകളും
രുദ്രാഃ	രുദ്രന്മാരും
വിശ്വേ	വിശ്വേദേവന്മാരും
സാധ്യാഃ	സാധ്യരും
ദേവതാഃ ച	അന്യഗണദേവതകളും

ഗന്ധർവ്വാപ്സരസഃ	ഗന്ധർവ്വന്മാരും അപ്സരസ്സുകളും	നരലോകമനോരമഃ	നരലോകവാസികളുടെ മനസ്സിനെ സന്തോഷപ്പെടുത്തുന്നവനായ്
നാഗാഃ	നാഗവും	ലോകേഷു	ലോകങ്ങളിൽ
സിദ്ധചാരണഗുഹ്യകാഃ	സിദ്ധരും, ചാരണരും, ഗുഹ്യകരും	സർവ്വലോകമലാപഹം	സകലജനങ്ങളുടെയും പാപം കളയുന്ന
ഉപസംജഗ്മുഃ	വന്നുചേർന്നു.	യശഃ	യശസ്സിനെ
സർവ്വേ	എല്ലാവരും	വിതേനേ	വിസ്തരിപ്പിച്ചുവോ
ഭഗവാൻ	ഭഗവാൻ	കൃഷ്ണദിദൃക്ഷവഃ	ശ്രീകൃഷ്ണഭഗവാന്റെ തിരുമേനി കാണാൻ കൊതിച്ചുകൊണ്ടിരുന്നു.
യേന വപുഷാ	ഏതു ശരീരംകൊണ്ട്		

5. തസ്യാം വിഭ്രാജമാനായാം സമൃദ്ധായാം മഹർദ്ധിഭിഃ
വ്യചക്ഷതാവിതൃപ്താക്ഷാഃ കൃഷ്ണമദ്ഭുതദർശനം

മഹർദ്ധിഭിഃ	മഹത്തായ ഐശ്വര്യംകൊണ്ട്	അദ്ഭുതദർശനം	ആശ്ചര്യകരമായ രൂപത്തോടുകൂടിയ
സമൃദ്ധിഭിഃ	നിറഞ്ഞതും	കൃഷ്ണം	ശ്രീകൃഷ്ണ ഭഗവാനെ
വിഭ്രാജമാനായാം	ആയതുകൊണ്ടുതന്നെ വിശേഷമായ് പ്രകാശിക്കുന്നതുമായ	അവിതൃപ്താക്ഷാഃ	പലപ്രാവശ്യം കണ്ടിട്ടും തൃപ്തിപ്പെടാത്ത കണ്ണുകളോടുകൂടിയ
തസ്യാം	ആ ദ്വാരകയിൽ	വ്യചക്ഷത	വരായ് നോക്കി

6. സ്വർഗ്ഗോദ്യാനോപഗൈർമാല്യൈശ്ഛാദയന്തോ യദൂത്തമം.
ഗീർഭിശ്ചിത്രപദാർത്ഥാഭിസ്തുഷ്ടുവുർജഗദീശ്വരം

സ്വർഗ്ഗോദ്യാനോപഗൈഃ മാല്യൈഃ	സ്വർഗ്ഗലോകത്തിൽ ഇരിക്കുന്ന ഉദ്യാനങ്ങളിൽ ഉള്ള പൂക്കളാൽ	ചിത്രപദാർത്ഥാഭിഃ	വിചിത്രങ്ങളായ പദങ്ങളോടും അർത്ഥങ്ങളോടും കൂടിയ
ജഗദീശ്വരം	ജഗദീശ്വരനായ	ഗീർഭിഃ	വാക്കുകളിനാൽ
യദൂത്തമം	ശ്രീകൃഷ്ണനെ	തുഷ്ടുവുഃ	സ്തുതിച്ചു.
ഛാദയന്തഃ	മറച്ചുംകൊണ്ട്	ദേവാ ഊചുഃ	ദേവന്മാർ പറഞ്ഞു.

7. നതാഃ സ്മതെ നാഥ പദാരവിന്ദം
ബുദ്ധീന്ദ്രിയ പ്രാണമനോവചോഭിഃ
യച്ചിന്ത്യതേഽന്തർഹൃദി ഭാവയുക്തൈർ
മുമുക്ഷുഭിഃ കർമ്മമയോരുപാശാത്

നാഥ	ഹേ നാഥ	ചിന്ത്യതെ	ധ്യാനിക്കപ്പെടുന്നവോ
കർമ്മമയോരു പാശാത്	കർമ്മമയമായ മഹാപാശത്തിൽനിന്നും	തേ പാദാരവിന്ദം	തങ്ങളുടെ ആ ചരണാരവിന്ദങ്ങളെ
മുമുക്ഷുഭിഃ	മോക്ഷേച്ഛുക്കളായ	ബുദ്ധീന്ദ്രിയ പ്രാണമനോ വചോഭിഃ	ബുദ്ധി, ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ്സ് വാക്ക് ഇവകളാൽനേരിട്ട്
ഭാവയുക്തൈഃ	ഭക്തന്മാരാൽ		
അന്തർഹൃദി	ഉൾമനസ്സിൽ		
യത്	ഏതു ചരണാരവിന്ദം	നതഃസ്മ	നമസ്കരിക്കുന്നു.

8. ത്വം മായയാ ത്രിഗുണയാത്മനി ദുർവ്വിഭാവ്യം
വ്യക്തംസൃജസ്യവസി ലുമ്പസി തദ്ഗുണസ്ഥഃ
നൈതൈർഭവാനജിത കർമ്മഭിരജ്യതെ വൈയത്
സ്വെ സുഖേഽവ്യവഹിതേഽഭിരതോഽനവദ്യഃ

അജിത	ആരാലും ഏതു ആയുധം കൊണ്ടും ദുർജയനായ ഹേ ഈശ	സൃജസി	സൃഷ്ടിക്കുന്നു
		അവസി	രക്ഷിക്കുന്നു.
		ലുമ്പസി	നശിപ്പിക്കുന്നു.
ത്വം	താങ്കൾ	ഭവാൻ	താങ്കൾ
ത്രിഗുണയ യാമായയാ	സത്വം, രജസ്, തമസ് എന്ന മൂന്ന് ഗുണസ്വരൂപമായ മായയാൽ	ഏതൈഃ കർമ്മഭിഃ	ലോകസൃഷ്ടി മുതലായ ഈ കർമ്മങ്ങളാൽ
തദ്ഗുണസ്ഥഃ	ആ ഗുണങ്ങളിൽ അന്തർയാമിയായ് ഇരുന്നുകൊണ്ട്	ന അജ്യതെ വൈ	ബന്ധപ്പെടുന്നില്ല.
		യത	എന്തുകൊണ്ടെന്നാൽ
ആത്മനി	തന്നിൽത്തന്നെ	അനവദ്യഃ	രാഗാദിദോഷരഹിതനായ താങ്കൾ
വ്യക്തം	മഹത്തത്വം മുതലായ പ്രപഞ്ചത്തെ	അവ്യവഹിതെ	ആവരണമില്ലാത്ത
ദുർവ്വിഭാവ്യം	അന്യരാൽ ഇപ്രകാരം എന്ന് ഊഹിക്കുവാൻ അസാധ്യമായവിധം	സ്വെ സുഖെ	ആത്മസുഖത്തിൽ
		അഭിരതഃ	രമിച്ചുകൊണ്ടിരിക്കുന്നു.

9. ശുദ്ധിർന്നൃണാം ന തു തഥേഡ്യ ദുരാശയാനാം
വിദ്യാ ശ്രുതാധ്യയന ദാന തപഃ ക്രിയാഭിഃ
സത്വാത്മനാമൃഷഭ തേ യശസി പ്രവൃദ്ധ
സച്ഛ്രദ്ധയാ ശ്രവണ സംഭൃതയാ യഥാ സ്യാത്

ഇഡ്യ	സകലജനങ്ങൾക്കും സ്തുത്യർഹനായ	ദുരാശയാനാം	രാഗാദികൾ നിറഞ്ഞ ചിത്തത്തോടു കൂടിയവർക്ക്
ഋഷഭ	ഹേ പുരുഷോത്തമ		

ശ്രവണസംഭൃതയാ	ഭഗവല്ലീലാഗുണങ്ങളെശ്രവണം ചെയ്തു വൃദ്ധിയടഞ്ഞ
തെ യശസി പ്രവൃദ്ധ സത് ശ്രദ്ധയാ	താങ്ങളുടെ കീർത്തികൊണ്ട് സാത്വീകാധിക്യം കാരണം ഉണ്ടായ ശ്രദ്ധയാൽ
സത്വത്മനാം നൃണാം	സത്വഗുണം നിറഞ്ഞമനസ്സോടുകൂടിയമനുഷ്യർക്ക്
ശുദ്ധി	ചിത്തശുദ്ധി
യഥാസ്യാത്	എങ്ങിനെ ഉണ്ടാകുമോ
തഥാ	അതുപ്രകാരം
വിദ്യശ്രുതാധ്യാനദാനതപഃ ക്രിയാഭി	വേദാന്തവിദ്യ, ശാസ്ത്രാധ്യയനം, ദാനം, തപസ്സ് കർമ്മാനുഷ്ഠാനം ഇവകളാൽ
ന തു	ഉണ്ടാകുന്നില്ല.

10. സ്യാന്നസ്തവാംഘ്രിരശുഭാശയ ധൂമകേതുഃ
ക്ഷേമായ യോ മുനിഭിരാർദ്ര ഹൃദോഹ്യമാനം
യഃ സാത്വതൈഃ സമവിഭൂതയ ആത്മവത്ഭിഃ
വ്യൂഹേടർചിതഃ സവനശഃ സ്വരതിക്രമായ

യഃ	ഏതൊരു തൃപ്പാദം
മുനിഭി	മുനികളാൽ
ആർദ്രഹൃദാ	കനിഞ്ഞമനസ്സോടു
ക്ഷേമായ	മോക്ഷത്തിന്നായ് കൊണ്ട്
ഉഹ്യമാനഃ	ധ്യാനിക്കപ്പെടുന്നുവോ
യഃ	ഏതൊരു തൃപ്പാദം
ആത്മവിത്ഭിഃ	ആത്മജ്ഞാനികളായ
സാത്വതൈഃ	ഭക്തന്മാരാൽ
സ്വരതിക്രമായ	സ്വർഗ്ഗം കടന്നു വൈകുണ്ഠം പ്രാപിക്കുവാനം
സമവിഭൂനയെ	അവിടെ സാരൂപ്യമുക്തി പ്രാപിയ്ക്കുവാനം
വ്യൂഹൈ	വാസുദേവാദി വ്യൂഹത്തികൾ
സവനശഃ	മൂന്നുസവനങ്ങ(കാലങ്ങ)ളിലും
അർച്ചിതഃ	പൂജിക്കപ്പെട്ടുവോ
തവ	തഥാവിധമായ താങ്ങളുടെ
അംഘ്രിഃ	തൃപ്പാദങ്ങൾ
നഃ	ഞങ്ങളുടെ
അശുഭാശയ ധൂമകേതുഃ	അശുഭവാസനകളെ നശിപ്പിക്കുന്ന അഗ്നിയായി
സ്യാത്	ഭവിക്കട്ടെ

11. യശ്ചിന്ത്യതെ പ്രയതപാണിഭിരധ്വരാഗ്നൌ
ത്രയ്യാനിരുക്തവിധിനേശ ഹവിർഗൃഹീത്വാ
അധ്യാത്മയോഗ ഉത യോഗിഭിരാത്മമായാം
ജിജ്ഞാസുഭിഃ പരമഭാഗവതൈഃ പരീഷ്ടഃ

12. പർയ്യുഷ്ടയാ തവ വിഭോ വനമാലയേയം
സംസ്പർധിനീ ഭഗവതീ പ്രതിപത്നിവച്ഛ്രീഃ
യഃ സുപ്രണീത മമുയാർഹണ മാദദന്നോ
ഭൂയാത് സദാംഘ്രിരശുഭാശയ ധൂമകേതുഃ

ഈശ	ഹേ ഈശ്വര
യഃ	ഏതൊരു ചരണം
പ്രയത പാണിഭിഃ	പരിശുദ്ധമായ കരങ്ങളോടുകൂടിയ ദീക്ഷിതന്മാരാൽ
ത്രയ്യാ നിരുക്തവിധിനാ	വേദത്രയങ്ങളാൽ ഉപദേശിക്കപ്പെട്ട. യഥാവിധി
ഹവിഃ ഗൃഹീത്വാ	ഹവിസ്സിനെ എടുത്ത്
അധ്വരാഗ്നൗ	ഗാർഹപത്യം മുതലായ യാഗാഗ്നികളിൽ
ചിന്ത്യതേ	ധ്യാനിക്കപ്പെടുന്നുവോ
അധ്യാത്മ യോഗേ	ആത്മജ്ഞാനയോഗത്തിൽ
ആത്മമായാം	തങ്ങളുടെ മായാസ്വരൂപത്തെ
ജിജ്ഞാസുഭിഃ	അറിയുവാനാഗ്രഹിക്കുന്ന
പരമഭാഗവതൈഃ	ഉത്തമഭക്തന്മാരാലും
യോഗിനഃഉത	യോഗികളാലും
പരീഷ്ടഃ	ധ്യാനിക്കപ്പെടുന്നുവോ
വിഭോ	ഹേ പ്രഭോ
തവ	തങ്ങളുടെ
പര്യുഷ്ടയാ	വളരെദിവസങ്ങളായതിനാൽ വാടിപ്പോയ
വനമാലയാ	വനമാലയോടെ
ഇയം ഭഗവതീ ശ്രീ	ഈ പൂജ്യയായ ലക്ഷ്മീദേവി ഞാൻ എവിടെവാസം ചെയ്യുന്നുവോ അവിടെഈ വനമാലയും ഇരിക്കുന്നു. എന്ന കാരണത്താൽ
പ്രതിപത് നിവത്	ദ്വിതീയ ഭാര്യയോട് എന്നപോലെ
സംസ്പർദ്ധിനീ	മത്സരിക്കുന്നുവോ
അമുയാ	തത്സദൃശമായ വനമാലയാൽ
യഃ	ഏതൊരുചരണം
സുപ്രണീതം	സുപ്രണീതമായ് (നല്ലവണ്ണം)
അർഹണം	പൂജയെ
ആദദത്	സ്വീകരിച്ചുവോ
അംഘ്രി	തങ്ങളുടെ ആ ചരണയുഗ്മം
സദാ നഃ	എപ്പോഴും ഞങ്ങൾക്ക്
അശുഭാശയ ധൂമകേതുഃ	അശുഭമായ വാസനകളെ നശിപ്പിക്കുന്ന അഗ്നിയായ്
ഭൂയാത്	ഭവിക്കട്ടെ

13 **കേതുസ്ത്രിവിക്രമയുതസ്ത്രിപതത്പതാകോ**
യസ്തേ ഭയാഭയകരോഽസുരദേവചമ്വോഃ
സ്വർഗ്ഗായ സാധുഷു ഖലേഷ്വിതരായ ഭൂമൻ
പാദഃ പുനാതു ഭഗവൻ ഭജതാമഘം നഃ

യഃ	യാതൊരു ചരണം
ത്രിവിക്രമ യുതഃ	ത്രിവിക്രമാവതാരത്തിൽ മൂന്നുലോകങ്ങളേയും അളക്കുന്നവിഷയത്തിൽ മൂന്നടികളോടുകൂടിയ
ത്രിപതത് പതാകഃ	(സ്വർഗ്ഗത്തിലും, ഭൂമിയിലും പാതാളത്തിലും) പിരിഞ്ഞൊഴുകുന്ന ഗംഗയോടുകൂടിയ
കേതുഃ	കൊടിമരംപോലെ
അസുരദേവ ചമ്വോഃ	അസുരസൈന്യത്തിനും ദേവസൈന്യത്തിനും
ഭയാഭയകരഃ	ക്രമത്തിൽ ഭയാഭയങ്ങളെ നൽകുന്നുവോ
സാധുഷു	സാധുക്കൾക്ക്
സ്വർഗ്ഗായ	സ്വർഗ്ഗപ്രദമോ
ഖലേഷു	ദുഷ്ടന്മാർക്ക്
ഇതരായ	നരകത്തെനല്കുന്നുവോ
ഭൂമൻ	എല്ലായിടങ്ങളിലും വ്യാപിച്ച

ഭഗവൻ	ഹേ ഈശ്വര	ഭജതാം നഃ	തങ്ങളെ സേവിക്കുന്ന ഞങ്ങളുടെ
തേ പാദഃ	അപ്രകാരമായ നിങ്ങളുടെ ചരണയുഗളങ്ങൾ	അഘം	പാപമില്ലാതാക്കി
		പുനാതു	പരിശുദ്ധമാക്കട്ടെ.

14. **നസ്യോത ഗാവഇവയസ്യവശേ ഭവന്തി**
ബ്രഹ്മാദയസ്തനുഭൃതോമിഥുരർദ്ദ്യമാനാഃ
കാലസ്യതേ പ്രകൃതി പുരുഷയോഃ പരസ്യ ശ
നസ്തനോതു ചരണഃ പുരുഷോത്തമസ്യ

മിഥുഃ അർദ്യമാനാഃ	പരസ്പരം യുദ്ധം മുതലായവകളാൽ പീഡിതനായ	കാലസ്യ	കാലരൂപിയും
ബ്രഹ്മാദ്യാഃ	ബ്രഹ്മദേവൻ മുതലായ	പ്രകൃതി പുരുഷയോഃ	പ്രകൃതിപുരുഷന്മാരേക്കാൾ
തനുഭൃതഃ	ജീവികൾ	പരസ്യ	ശ്രേഷ്ഠനാരും
നസ്യോത ഗാവഃ ഇവ	മൂക്കുകുത്തി കയറുകൊണ്ട് ഇഴക്കപ്പെട്ട കാളകൾപോലെ	പുരുഷോത്തമസ്യ	പുരുഷോത്തമനുമായ
യസ്യ	ഏവരുടെ	തെ ചരണഃ	താങ്കളുടെ തൃപ്പാദങ്ങൾ
വശേ ഭവന്തി	അധീനനായ് ഭവിക്കുന്നുവോ	നഃ	ഞങ്ങൾക്ക്
		ശം തനോതു	ക്ഷേമം നൽകുമാറാകട്ടെ.

15. **അന്യാസി ഹേതു രുദയസ്ഥിതിസംയമാനാം**
അവ്യക്ത ജീവമഹതാമപികാലമാഹുഃ
സോഽയം ത്രിണാഭിരഖിലാപചയേ പ്രവൃത്തഃ
കാലോ ഗഭീരസ്യ ഉത്തമപൂരുഷസ്ത്വം

അസ്യ	ഈ പ്രപഞ്ചത്തിന്റെ	ഗഭീരസ്യ അഖിലാപചയേ	വളരെ വേഗമുള്ളതും എല്ലാവററിനേയും നശിപ്പിപ്പാനായ്
ഉദയസ്ഥിതി സംയമാനാം	സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക്	പ്രവൃത്തഃ	പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നവനും
ഹേതുഃ അസി	കാരണമായി ഇരിക്കുന്ന		
അവ്യക്ത ജീവമഹതാമപി	പ്രകൃതി, ജീവൻ, മഹത്തത്വം ഇവകൾക്ക്	ത്രിണാഭിഃ	ചാതുർമാസ്യത്രയങ്ങളെ നാഭിയായിവെച്ചുകൊണ്ടിരിക്കുന്ന
കാലം ആഹുഃ	നിയമകൻ എന്ന് (വേദങ്ങൾ) പറയുന്നു(ഘോഷിക്കുന്നു)	കാലഃ	സംവത്സരരൂപിയായ കാലരൂപിയായി ഭവിക്കുന്നു.
		ത്വം	ആയതിനാൽ താങ്കൾ
സഃ അയം	തഥാവിധനായ താങ്കൾ	ഉത്തമപൂരുഷഃ	പുരുഷോത്തമൻ

16. ത്വത്തഃ പുമാൻ സമധിഗമ്യ യയാ സ്വവീര്യം
ധത്തേ മഹാന്തമിവ ഗർഭമമോഘവീര്യഃ
സോƒയം തയാനുഗത ആത്മന ആണ്ഡകോശം
ഹൈമം സസർജ്ജ ബഹിരാവരണൈരുപേതം

ത്വത്തഃ	താങ്കളിൽ നിന്നു്	സഃ അയം	ആ പുരുഷൻ
പുമാൻ	പുരുഷൻ	തയാ അനുഗതഃ	ആ മായാ ശക്തിയാൽ അനുസരിക്കപ്പെട്ടു്
വീര്യം	ശക്തി	ആത്മനഃ	തന്റെടുക്കൽനിന്നു്
സമധിഗമ്യ	ലഭിച്ചു്	ബഹിരാവരണൈഃ ഉപേതം	(മനസ്സ് അഹങ്കാരം പഞ്ചഭൂതങ്ങൾ എന്ന ഏഴു്)ബാഹ്യാവരണങ്ങളോടുകൂടിയ
യയാ	ആയതിനാൽ	ഹൈമം	സ്വർണ്ണമയമായ
അമോഘവീര്യഃ	വ്യർത്ഥമാകാത്തശക്തിയോടുകൂടി	അണ്ഡകോശം	ബ്രഹ്മാണ്ഡകോശം
അസ്യ ഗർഭഃ ഇവ	ഈ പ്രപഞ്ചത്തിന്റെ ഗർഭം പോലെ	സസർജ്ജ	സൃഷ്ടിച്ചു.
മഹാന്തം	മഹത്തത്ത്വത്തെ		
ധത്തേ	ധരിക്കുന്നു.		

17. തത്തസ്ഥുഷശ്ച ജഗതശ്ച ഭവാനധീശോ
യന്മായയോത്ഥഗുണവിക്രിയയോപനീതാൻ
അർത്ഥാഞ്ജുഷന്നപി ഹൃഷീകപതേ ന ലിപ്തോ
യേƒന്യേ സ്വതഃ പരിഹൃതാദപി ബിഭ്യതി സ്മ

തത്	ആയതുകൊണ്ടു്	അർത്ഥാൻ	ശബ്ദം മുതലായ വിഷയങ്ങളെ
തസ്ഥുഷഃ ച	സ്ഥാവരമായതും	ജുഷന്നപി	ദൂരെ സാക്ഷിയായി ഇരുന്നു് അനുഭവിച്ചുകൊണ്ടിരുന്നിട്ടും
ജഗതഃ ച	ജംഗമരൂപമായതുമായ പ്രപഞ്ചത്തിനു്	ന ലിപ്തഃ	താങ്കൾ അവയോടു്ബന്ധപ്പെട്ടില്ല
ഭവാൻ അധീശഃ	താങ്കൾ നിയാമകനായ് ഭവിക്കുന്നു.	അന്യേ യേ	വേറെ ജീവികൾ
ഹൃഷീകപതെ	ഇന്ദ്രിയങ്ങൾക്കു് അധിപതിയായ ഹേ ഈശ	സ്വതഃ പരിഹൃതാത് അപി	സ്വയം പരിഹരിക്കപ്പെട്ട വിഷയാനുഭവത്തിൽനിന്നും
യത്	എന്തുകൊണ്ടെന്നാൽ	ബിഭ്യതി സ്മ	ഭയപ്പെടുന്നു.
മായയോത്ഥഗുണവിക്രിയയോപനീതാൻ	മായകാരണം ഉത്ഥിതമായഇന്ദ്രിയവൃത്തികളാൽ അരുകിൽ കൊണ്ടുവരപ്പെട്ട		

18. സ്വായാവലോകലവദർശിതഭാവഹാരി
ഭ്രൂമണ്ഡലപ്രഹിതസൌരതമന്ത്രശൌണ്ഡൈഃ
പത്ന്യസ്തു ഷോഡശസഹസ്രമനംഗബാണൈ
ര്യസ്യേന്ദ്രിയം വിമഥിതും കരണൈർ നവിഭ്വ്യഃ

സ്വായാവലോകലവദർശിതഭാവഹാരിഭ്രൂമണ്ഡലപ്രഹിതസൌരതമന്ത്രശൌണ്ഡൈഃ	മന്ദഹാസത്തോടുകൂടമിഴിക്കോണുകളാൽ വെളിയിട്ട അഭിപ്രായം കൊണ്ട് മനോഹാരിയായഭ്രൂവിക്ഷേപത്താൽപ്രേഷിതമായ സുരതോപയോഗവാക്കുപറയുന്നതിൽ സാമർത്ഥ്യമുള്ള	കരണൈഃ	കാമകലകളാൽ
		യസ്യ	ഏതൊരു അങ്ങയുടെ
		ഇന്ദ്രിയം	ചിത്തം
		വിമഥിതും	കലക്കുവാൻ(മയക്കുവാൻ)
അനംഗബാണൈഃ	മന്മഥബാണരൂപങ്ങളായ	ഷോഡശസഹസ്രം പത്ന്യഃ	പതിനാറായിരം ഭാര്യമാർക്കും കൂടി
		വിഭ്വ്യഃ	ശക്തരായില്ല.

19. വിഭ്വ്യസ്തവാമൃതകഥോദവഹാസ്ത്രിലോക്യാഃ
പാദാവനേജസരിതഃ ശമലാനി ഹന്തും
ആനുശ്രവം ശ്രുതിഭിരംഘ്രിജമംഗസംഗൈ
സ്തീർത്ഥദ്വയം ശുചിഷദസ്ത ഉപസ്പൃശന്തി

തവാമൃതകഥോദവഹാഃ	തങ്ങളുടെ അമൃതമയമായ കീർത്തിയാകുന്ന ജലംകൊണ്ട് പ്രവഹിക്കുന്നകീർത്തിനദികളും	ആനുശ്രവം	വേദങ്ങളാൽ പ്രകാശിപ്പിക്കപ്പെട്ടതും
		തേ അംഘ്രിജ	തങ്ങളുടെ തൃപ്പാദങ്ങളിൽ നിന്നുത്ഭവിച്ച
പാദാവനേജസരിതഃ	തങ്ങളുടെ തൃപ്പാദങ്ങളെ പ്രക്ഷാളനജലമായ ഗംഗാനദികളും	തീർത്ഥദ്വയം	തീർത്ഥദ്വയങ്ങളേയും
		ശ്രുതിഭി	ശ്രോത്രേന്ദ്രിയങ്ങളാലും
ത്രിലോക്യാഃ	ലോകത്രയവാസികളുടെയും	അംഗസംഗൈഃ	അംഗങ്ങളുടെ സംബന്ധങ്ങളാൽ
ശമലാനി	പാപങ്ങളെ		
ഹന്തും	നശിപ്പിക്കുവാൻ	ഉപസ്പൃശന്തി	വഴിവാടുചെയ്യുന്നു
വിഭ്വ്യഃ	ശക്തങ്ങളാകുന്നു.		
ശുചിഷദഃ	ആത്മശുദ്ധ്യർത്ഥം പ്രയത്നിക്കുന്ന ജനങ്ങൾ	ബാദരായണ ഉവാച–:	ശ്രീശുകർ പറഞ്ഞു

20. ഇത്യഭിഷ്ടൂയ വിബുധൈഃ സേശഃ ശതധൃതിർ ഹരിം
അഭ്യഭാഷത ഗോവിന്ദം പ്രണമ്യാംബരമാശ്രിതഃ

സേശ്വരഃ	പരമേശ്വരനുടെ കൂടെ	പ്രണമ്യ	നമസ്കരിച്ച്
ശതധൃതിഃ	ബ്രഹ്മദേവൻ	അംബരം ആശ്രിത്യ	ആകാശത്തെ ആശ്രയിച്ച്
വിബുധൈഃ	ദേവന്മാരോടുകൂടി		
ഇതി	ഇങ്ങനെ	ഗോവിന്ദം	ഗോവിന്ദനെ നോക്കി
ഹരിം	ശ്രീഹരിയെ	അഭ്യഭാഷത	ഇപ്രകാരം പറഞ്ഞു
അഭിഷ്ടൂയ	സ്തുതിചെയ്ത്	ബ്രഹ്മോവാച	ബ്രഹ്മദേവൻ പറഞ്ഞു

21. **ഭൂമേർഭാരാവതാരായ പുരാ വിജ്ഞാപിതഃ പ്രഭോ**
ത്വമസ്മാഭിരശേഷാത്മം സ്തത്തഥൈവോപപാദിതം

പ്രഭോ	ഹേ പ്രഭുവെ	ത്വം	താങ്കൾ
ആശേഷാത്മൻ	സർവ്വാന്തരാത്മാവായ ഹേ ഭഗവൻ	വിജ്ഞാപിതഃ	പ്രാർത്ഥിക്കപ്പെട്ട
പുരാ	മുമ്പ്	തത്	അത്
ഭൂമേ	ഭൂമിയുടെ	തഥാ ഏവ	അപ്രകാരം തന്നെ
ഭാരാവതാരായ	ഭാരംകുറയ്ക്കുവാനായ്	ഉപപാദിതം	താങ്കളാൽ അനുഷ്ഠിക്കപ്പെട്ടു.
അസ്മാഭി	ഞങ്ങളാൽ		

22. **ധർമ്മശ്ച സ്ഥാപിതഃ സത്സു സത്യസന്ധേഷു വൈത്വയാ**
കീർത്തിശ്ച ദിക്ഷു വിക്ഷിപ്താ സർവ്വലോകമലാപഹാ

സത്സു	സാധുക്കളായ	സർവ്വലോകമലാപഹാ	സകലലോകജനങ്ങളുടെയും പാപമപഹരിക്കുന്ന
സത്യസന്ധേഷുവൈ	സത്യസന്ധന്മാരിൽത്തന്നെ		
ത്വയാ	താങ്കളാൽ	കീർത്തി ച	കീർത്തിയും
ധർമ്മഃ ച	ധർമ്മവും	ദിക്ഷു	ദിക്കുകളിൽ
സ്ഥാപിതഃ	സ്ഥാപിക്കപ്പെട്ട	വിക്ഷിപ്താ	വിസ്തരിക്കപ്പെട്ട

23 **അവതീര്യ യദോർവ്വംശേ ബിഭ്രത് രൂപമനുത്തമം**
കർമ്മാണ്യുദ്ദാമവൃത്താനി ഹിതായ ജഗതോടകൃഥാ

അനുത്തമം	വളരേ ഉത്തമമായ	ജഗതഃ ഹിതായ	ലോകക്ഷേമത്തിന്നായ് കൊണ്ട്
വപുഃ	രൂപം		
ബിഭ്രത്	ധരിച്ച്	ഉദ്ദാമവൃത്താനി	വളരെ പരാക്രമമേറിയ
യദോഃ വംശെ	യദുവംശത്തിങ്കൽ	കർമ്മാണി	കർമ്മങ്ങളെ
അവതീര്യ	അവതരിച്ച്	അകൃഥാഃ	ചെയ്തു

24. യാനി തേ ചരിതാനീശ മനുഷ്യാഃ സാധവഃ കലൌ
ശൃണ്വന്തഃ കീർത്തയന്തശ്ച തരിഷ്യന്ത്യഞ്ജസാ തമഃ

ഈശ	ഹേ ഈശ്വര	ച	ആയതുകൊണ്ട്
സാധവഃ മനുഷ്യാ	സാധുജനങ്ങൾ	കലൌ	കലിയുഗത്തിൽ
യാനിതെ ചരിതാനി	അങ്ങയുടെ ആ ചരിത്രങ്ങളെ	തമഃ	സംസാരകാരണമായ അജ്ഞാനത്തെ
ശൃണ്വന്തഃ	ശ്രവണംചെയ്തും	അംജസാ	അനായാസമായി
കീർത്തനം	കീർത്തനം ചെയ്തുകൊണ്ടും	തരിഷ്യന്തി	തരണം ചെയ്യും

25. യദുവംശേƒവതീർണ്ണസ്യ ഭവതഃ പുരുഷോത്തമ
ശരച്ഛതം വ്യതീയായ പഞ്ചവിംശാധികം പ്രഭോ

പ്രഭോ	ഹേ പ്രഭോ	ഭവതഃ	തങ്ങൾക്ക്
പുരുഷോത്തമ	പുരുഷോത്തമ	പഞ്ചവിംശാധികം ശരച്ഛതം	നൂററിഇരുപത്തഞ്ചു വർഷങ്ങൾ
യദുവംശെ	യദുവംശത്തിൽ		
അവതീർണ്ണസ്യ	അവതരിച്ച	വ്യതീയായ	കഴിഞ്ഞുപോയി

26. നാധുനാ തേƒഖിലാധാര ദേവകാര്യാവശേഷിതം
കുലം ച വിപ്രശാപേന നഷ്ടപ്രായമഭൂദിദം

അഖിലാധാര	സർവ്വത്തിന്നും ആധാരഭൂതനായ ഹേ ഈശ്വര	ന	ഇല്ല
		ച	മേലും
അധുനാ	ഇപ്പോൾ	ഇദം കുലം	ഈ യാദവകുലവും
ദേവകാര്യാവശേഷിതം	ദേവകാര്യങ്ങളിൽ ശേഷിച്ചത്	വിപ്രശാപേന	ബ്രാഹ്മണ ശാപംകാരണം
തേ	തങ്ങൾക്ക്	നഷ്ടപ്രായം അഭൂത്	തികഞ്ഞു നശിച്ചുപോയതായ് ഭവിച്ചു

27. തതഃ സ്വധാമ പരമം വിശസ്വ യദി മന്യസേ
സലോകാൻ ലോകപാലാൻ നഃ പാഹി വൈകുണ്ഠ കിംകരാൻ

വൈകുണ്ഠ	ഹേ വൈകുണ്ഠനെ	സ്വധാമ	തങ്ങളുടെ വാസസ്ഥലമായ വൈകുണ്ഠത്തിങ്കലേക്ക്
തതഃ	ആയതുകൊണ്ട്		
യദി മന്യസേ	നിങ്ങൾ ഇഷ്ടപ്പെട്ടുവെങ്കിൽ	വിശസ്വ	എഴുന്നു് അരുളിക്കുക
		സലോകാൻ	ലോകങ്ങളോട് കൂടിയ
പരമം	പരമമായ	കിംകരാൻ	താങ്കളുടെ കിംകരന്മാരായ

ലോകപാലാൻ	ലോകപാലന്മാരായ	പാഹി	കാത്തു രക്ഷിക്കേണം
നഃ	ഞങ്ങളെ	ശ്രീ ഭഗവാനുവാച	ശ്രീ ഭഗവാൻ പറഞ്ഞു

28. അവധാരിതമേതന്മേ യദാത്ഥ വിബുധേശ്വര
കൃതം വഃ കാര്യമഖിലം ഭൂമേർഭാരോഽവതാരിതഃ

വിബുധേശ്വര	ഹേ ദേവദേവോത്തമ	വഃ അഖിലം കാര്യം	നിങ്ങളുടെ സകലകാര്യങ്ങളും
യദ് ആത്ഥ	താങ്ങൾ എന്തു പറഞ്ഞുവോ	കൃതം	അനുഷ്ഠിക്കപ്പെട്ടു
ഏതത്	ഇതു്	ഭൂമേഃ ഭാരഃ	ഭൂഭാരം
മേ അവധാരിതം	എന്നാൽ പൂർവ്വമേവ നിശ്ചയിക്കപ്പെട്ടതാകുന്നു.	അവതാരിതഃ	കുറക്കപ്പെട്ടു

29. തദിദം യാദവകുലം വീര്യശൌര്യശ്രിയോദ്ധതം
ലോകം ജിഘൃക്ഷദ് രുദ്ധം മേ വേലയേവ മഹാർണ്ണവഃ

വീര്യശൌര്യശ്രിയോദ്ധതം	വീര്യം, ശൌര്യം ഇവയോടുകൂടിയ ഐശ്വര്യത്താൽ ഗർവ്വംകൊണ്ടതും	ഇദം	അതു്
		മഹാർണവം	മഹാസമുദ്രം
ലോകം ജിഘൃക്ഷത്	ലോകത്തെ നശിപ്പിപ്പാൻ ആഗ്രഹിച്ച	വേലയാ ഇവ	കരയാൽ തടുക്കപ്പെട്ടതു പോലെ
യത് യാദവകുലം	ഏതൊരു യാദവവംശമുണ്ടോ	മേ രുദ്ധം	എന്നാൽ തടുക്കപ്പെട്ടു് ഇരിക്കുന്നു

30. യദ്യസംഹൃത്യ ദൃപ്താനാം യദൂനാം വിപുലം കുലം
ഗന്താസ്മ്യനേന ലോകോഽയമുദ്വേലേന വിനംക്ഷ്യതി

ദൃപ്താനാം	ഗർവ്വിഷ്ഠന്മാരായ	ഗന്താ അസ്മി യദി	ഞാൻ പോകുമെങ്കിൽ
യദൂനാം	യാദവന്മാരുടെ	ഉദ്വേലേന	കരകടന്ന
വിപുലം കുലം	വളരെ വിശാലമായ കുലത്തെ	അനേന	ഈ യാദവവംശത്താൽ
		അയം ലോകഃ	ഈ ലോകം
അസംഹൃത്യ	സംഹാരം ചെയ്യാതെ	വിനംക്ഷ്യതി	നശിച്ചുപോകും

31. ഇദാനീം നാശ ആരബ്ധഃ കുലസ്യ ദ്വിജശാപതഃ
യാസ്യാമി ഭവനം ബ്രഹ്മന്നേതദന്തേ തവാനഘ

ഇദാനീം	ഇപ്പോഠം	ഏതദന്തെ	ഈ കുലം നശിച്ചതിന്നു ശേഷം
ദ്വിജശാപതഃ	ബ്രാഹ്മണശാപത്താൽ	തവ ഭവനം	നിങ്ങളുടെ ലോകത്തിലേക്ക്
കുലസ്യ നാശഃ	യാദവകുലത്തിന്നു് നാശം	യാസ്യാമി	ഞാൻ വരാം
ആരബ്ധഃ	ആരംഭിച്ചിരിക്കുന്നു	ശ്രീ ശുക ഉവാച	ശ്രീ ശുകൻ പറഞ്ഞു
അനഘ	നിഷ്കളങ്കനായ		
ബ്രഹ്മൻ	ഹേ ബ്രഹ്മദേവ		

32. ഇത്യുക്തോ ലോകനാഥേന സ്വയംഭൂഃ പ്രണിപത്യതം
സഹ ദേവഗണൈർദേവഃ സ്വധാമ സമപദ്യത

ലോകനാഥേന	ലോകനാഥനായ ശ്രീകൃഷ്ണനാൽ	തം പ്രണിപത്യ	അവരെ നമസ്കരിച്ച്
ഇതി ഉക്തഃ	ഇപ്രകാരം പറയപ്പെട്ട	ദേവഗണൈഃ സഹ	ദേവഗണങ്ങളോടുകൂടി
സ്വയംഭൂഃ ദേവ	ബ്രഹ്മദേവൻ	സ്വധാമ	തന്റെ ലോകത്തെ
		സമപദ്യത	പ്രാപിച്ചു

33. അഥ തസ്യാം മഹോത്പാതാൻ ദ്വാരവത്യാം സമുത്ഥിതാൻ
വിലോക്യ ഭഗവാനാഹ യദുവൃദ്ധാൻ സമാഗതാൻ

അഥ	ബ്രഹ്മദേവൻ പോയതിൽ പിന്നീട്	സമാഗതാൻ	തന്റെ അടുക്കൽ വന്നിരുന്ന
തസ്യാം ദ്വാരവത്യാം	ആ ദ്വാരകയിൽ	യദുവൃദ്ധാൻ	യാദവകുലവൃദ്ധന്മാരെ നോക്കി
സമുത്ഥിതാൻ	ഉണ്ടായ	ഭഗവാൻ	ഭഗവാൻ
മഹോത്പാതൻ	വലിയ അശുഭസൂചകങ്ങളെ	ആഹ	പറഞ്ഞു
വിലോക്യ	കണ്ടിട്ട്	ശ്രീ ഭഗവാനുവാച	ശ്രീ ഭഗവാൻ പറഞ്ഞു

34. ഏതേ വൈ സുമഹോത്പാതാ വ്യുത്തിഷ്ഠന്തീഹ സർവ്വതഃ
ശാപശ്ച നഃ കുലസ്യാസീത് ബ്രാഹ്മണേഭ്യോ ദുരത്യയഃ

നഃ കുലസ്യ	നമ്മുടെ കുലത്തിന്	ഇഹ	ഇവിടെ
ബ്രാഹ്മണേഭ്യഃ	ബ്രാഹ്മണന്മാരിൽനിന്നു്	സർവ്വതഃ വൈ	ചുററുപാടുകളിലെല്ലാം
ദുരത്യയഃ	കടക്കുവാൻഅസാധ്യമായ	ഏതെ സുമഹോത്പാതാഃ	ഈ വലിയ അശുഭസൂചകങ്ങളും
ശാപഃ	ശാപം		
ആസീത്	സംഭവിച്ചിരിക്കുമല്ലോ		
ഹി	ആയതുകൊണ്ടു്	ഉത്തിഷ്ഠന്തി	ഉണ്ടാകുന്നു.

35. ന വസ്തവ്യമിഹാസ്മാഭിർജിജീവിഷുഭിരാര്യകാഃ
പ്രഭാസം സുമഹത്പുണ്യം യാസ്യാമോഽദ്യൈവ മാ ചിരം

ആര്യകാഃ	ഹേ മഹാന്മാരേ	സുമഹത് പുണ്യം	വളരേ പുണ്യമേറിയ
ജിജീവിഷുഭിഃ	ജീവിപ്പാൻ ഇച്ഛിക്കുന്ന	പ്രഭാസം	പ്രഭാസതീർത്ഥത്തിലേക്ക്
അസ്മാഭിഃ	നമ്മാൽ	അദ്യ ഏവ	ഇപ്പോൾ തന്നെ
ഇഹ	ഇവിടെ	യാസ്യാമഃ	പോകാം
ന വസ്തവ്യം	വസിക്കുവാൻ യോഗ്യമായതല്ല	മാ ചിരം	താമസിക്കേണ്ട

36. യത്രസ്നാത്വാ ദക്ഷശാപാത് ഗൃഹീതോയക്ഷ്മണോഡുരാട്
വിമുക്തഃ കിൽബിഷാത് സദ്യോ ഭേജേഭൂയഃ കലോദയം

ദക്ഷശാപാത്	ദക്ഷപ്രജാപതിയുടെ ശാപത്താൽ	കിൽബിഷാത്	പാപത്തിൽനിന്നും
യക്ഷ്മണാ	ക്ഷയരോഗം	സദ്യഃവിമുക്തഃ	ഉടൻതന്നെവിമുക്തനായ്
ഗൃഹീത	പീഡിക്കപ്പെട്ട	ഭൂയഃ	വീണ്ടും
ഉഡുരാട്	നക്ഷത്രരാജനായ ചന്ദ്രൻ	കലോദയം ഭേജേ	കലകളുടെ വൃദ്ധിയേപ്രാപിച്ചു
യത്രസ്നാത്വാ	അതിൽ കുളിച്ച്		

37. വയഞ്ച തസ്മിന്നാപ്ലുത്യ തർപയിത്വാ പിതൃൻ സുരാൻ
ഭോജയിത്വോശിജോ വിപ്രാൻ നാനാ ഗുണവതാന്ധസാ

38. തേഷു ദാനാനി പാത്രേഷു ശ്രദ്ധയോപ്ത്വാ മഹാന്തി വൈ
വൃജിനാനി തരിഷ്യാമോ ദാനൈർനൗഭിരിവാർണവം

വയം ച	ഞങ്ങളും	ഉശിജഃ വിപ്രാൻ	ബ്രാഹ്മണോത്തമന്മാരെ
തസ്മിൻ	അതിൽ	ഭോജയിത്വാ	ഭുജിപ്പിച്ച്
ആപ്ലുത്യ	കുളിച്ച്	തേഷുപാത്രേഷു	പാത്രീഭൂതരായ അവർക്ക്
പിതൄൻ	പിതൃക്കളേയും		
സുരാൻ ച	ദേവന്മാരേയും		
തർപയിത്വാ	തൃപ്തിപ്പെടുത്തി	മഹാന്തി ദാനാനി	വിലപ്പിടിച്ച ദാനങ്ങളെ
നാനാഗുണവതാ	പലവിധമായഗുണങ്ങളോടുകൂടിയ	ശ്രദ്ധയാ	ശ്രദ്ധയോടെ
അന്ധസാ	ആനന്ദത്താൽ	ഉപ്ത്വാ	നല്കി

ഭാനൈഃയൈഃ	ആ ഭാനം എന്ന	വൃജിനാനി	പാപങ്ങളെ
നൗഭിഃ	കപ്പൽകൾ വഴി	തരിഷ്യാമഃ	പരിഹരിക്കാം
അർണവം ഇവ	സമുദ്രതരണം എന്ന പോലെ	ശ്രീ ശുക ഉവാച	ശ്രീ ശുകൻ പറഞ്ഞു

39. ഏവം ഭഗവതാഽഽദിഷ്ടാ യാദവാഃ കുലനന്ദന
ഗന്തും കൃതധിയസ്തീർത്ഥം സ്യന്ദനാൻ സമയൂയുജൻ

കുലനന്ദന	ഹേ പരീക്ഷിത രാജൻ	തീർത്ഥ	പ്രഭാസ തീർത്ഥത്തിലേയ്ക്ക്
ഏവം	ഈ വിധം	ഗന്തും	പോകുവാൻ
ഭഗവതാ	ഭഗവാനാൽ	കൃതധിയഃ	തീരുമാനിച്ച്
ആദിഷ്ടാഃ	ഉപദേശിക്കപ്പെട്ടവരായ്	സ്യന്ദനാൻ	രഥങ്ങളെ
യാദവാഃ	യാദവന്മാർ	സമയൂയുജൻ	യോജിപ്പിച്ചു

40. തന്നിരീക്ഷ്യോദ്ധവോ രാജൻ ശ്രുത്വാ ഭഗവതോദിതം
ദൃഷ്ട്വാരിഷ്ടാനി ഘോരാണി നിത്യം കൃഷ്ണമനുവ്രതഃ

41. വിവിക്ത ഉപസംഗമ്യ ജഗതാമീശ്വരേശ്വരം
പ്രണമ്യ ശിരസാ പാദൗ പ്രാഞ്ജലിസ്തമഭാഷത

രാജൻ	ഹേ രാജൻ	ജഗതാം	സകലലോകങ്ങൾക്കും
ഘോരാണി	ഘോരമായ	ഈശ്വരേശ്വരം	ഈശ്വരേശ്വരനായ ശ്രീകൃഷ്ണനെ
അരിഷ്ടാനി	അശുഭസൂചകങ്ങളെ	വിവിക്തെ	ഏകാന്തമായ സ്ഥലത്തിൽവെച്ച്
ദൃഷ്ട്വാ	കണ്ട്		
ഭാഗവതാ	ഭഗവാനാൽ	ഉപസംഗമ്യ	പ്രാപിച്ച്
ഉദിതം	പറയപ്പെട്ടതിനെ	പാദൗ	തൃപ്പാദങ്ങളെ
ശ്രുത്വാ	കേട്ടും	പ്രണമ്യ	വന്ദിച്ച്
തത്	യാദവന്മാർ പുറപ്പെടുന്നതിനെ	ശിരസാ	ശിരസ്സുകൊണ്ട്
നിരീക്ഷ്യ	നോക്കിയും	പ്രാഞ്ജലിഃ	ഇരുകൈകൂപ്പി
കൃഷ്ണം	ശ്രീ കൃഷ്ണനെ	തം	അവരെ നോക്കി
നിത്യം അനുവ്രതഃ	എപ്പോഴും അനുസരിക്കുന്ന	അഭാഷത	പറഞ്ഞു
		ഉദ്ധവ ഉവാച	ഉദ്ധവർ പറഞ്ഞു

42. ദേവദേവേശ യോഗേശ പുണ്യശ്രവണകീർത്തന
സംഹൃത്യൈതത് കുലം നൂനം ലോകം സന്ത്യക്ഷ്യതേ ഭവാൻ
വിപ്രശാപം സമർത്ഥോഽപി പ്രത്യഹന്ന യദീശ്വര

ദേവദേവേശ	ബ്രഹ്മാദി ദേവന്മാർക്കും ദേവനായ ഹേ ഈശ്വര
യോഗേശ	കർമ്മയോഗം മുതലായവയ്ക്ക് ഫലം നൽകുന്നവനേ
പുണ്യശ്രവണകീർത്തന	പുണ്യങ്ങളായ ശ്രവണകീർത്തനങ്ങളോടു കൂടിയവനേ
യത്	ഏതൊരു കാരണംകൊണ്ട്
ഈശ്വരഃ	സർവ്വേശ്വരനായ
ഭവാൻ സമർഥഃ അപി	താങ്കൾ ശക്തനായ് ഇരുന്നാലുംകൂടി
വിപ്രശാപം	ബ്രാഹ്മണശാപം
ന പ്രത്യഹൻ	പരിഹരിച്ചില്ലയോ
ഏതത് കുലം	ആയതിനാൽ ഈ കുലത്തെ
സംഹൃത്യ	സംഹരിച്ച്
ലോകം	ഈ ലോകത്തെ
സംത്യക്ഷ്യതെ	ത്യജിക്കുവാൻ പോകുന്നു
നൂനം	ഇത് നിശ്ചയമാകുന്നു.

43\. **നാഹം തവാങ്ഘ്രികമലം ക്ഷണാർദ്ധമപി കേശവ**
ത്യക്തും സമുത്സഹേ നാഥ സ്വധാമ നയ മാമപി

കേശവ	ഹേ കേശവ
നാഥ	ഹേ നാഥ
തവ അംഘ്രികമലം	നിൻചരണകമലങ്ങളെ
ക്ഷണാർദ്ധമപി	അരക്ഷണവും
ത്യക്തും	വിടാൻ
അഹം ന ഉത്സഹേ	ഞാൻ ശക്തനല്ല
അതഃ	ആയതുകൊണ്ട്
മാം അപി	എന്നേയും കൂടി
സ്വധാമ	താങ്കളുടെ ലോകത്തിങ്കലേക്ക്
നയ	നയിച്ചാലും

44\. **തവ വിക്രീഡിതം കൃഷ്ണ നൄണാം പരമമംഗലം**
കർണ്ണപീയൂഷമാസ്വാദ്യ ത്യജത്യന്യസ്പൃഹാം ജനഃ

45\. **ശയ്യാസനാടനസ്ഥാന സ്നാനക്രീഡാശനാദിഷു**
കഥം ത്വാം പ്രിയമാത്മാനം വയം ഭക്താസ്ത്യജേമഹി

കൃഷ്ണ	ഹേ കൃഷ്ണ
നൄണാം	മനുഷ്യന്മാർക്ക്
കർണ്ണപീയൂഷം	കർണ്ണാമൃതവും
പരമമംഗളം	വളരേ മംഗളവുമായ
തവ വിക്രീഡിതം	നിന്തിരുവടിയുടെ ലീലാവിനോദങ്ങളെ
ആസ്വാദ്യ	ആസ്വദിച്ച്
ജനഃ	സാധാരണജനം
അന്യസ്പൃഹാം	ഇതര ഇച്ഛകളെ
ത്യജതി	ത്യജിച്ചുകളയുന്നു
ഹി	അങ്ങിനെ ഇരിക്കുമ്പോൾ
ശയ്യാസനാടനസ്ഥാനസ്നാനക്രീഡാശനാദിഷു	ശയനം, ആസനം, സഞ്ചരിക്കുക ഒരേസ്ഥലത്തിൽ വസിക്കുക, സ്നാനം, വിഹാരം, ആഹാരം മുതലായവകളിൽ
ഭക്താഃ	സദാസേവിക്കുന്ന ഭക്തന്മാരായ
വയം	ഞങ്ങൾ
പ്രിയം ആത്മാനം	വളരേ പ്രിയനും, ആത്മാവുമായ
ത്വാം	താങ്കളെ
കഥം ത്യജേമ	എങ്ങിനെ ത്യജിക്കും

46. ത്വയോപഭുക്തസ്രഗ്ഗന്ധവാസോഽലങ്കാരചർച്ചിതാഃ
ഉച്ഛിഷ്ടഭോജിനോ ദാസാസ്തവ മായാം ജയേമഹി

ത്വയോപഭു ക്തസ്രഗ് ഗന്ധവാ സോഽലങ്കാര ചർച്ചിതാഃ	താങ്കളാൽ അനുഭവിക്കപ്പെട്ട ഹാരം, ചന്ദനം, വസ്ത്രം അലങ്കാരം, ഇവകളെ അണിഞ്ഞവരായും	ദാസാഃ	ഞങ്ങളുടെ ദാസന്മാരായും ഇരുന്നുകൊണ്ട്
		ഹി	തീർച്ചയായും
ഉച്ഛിഷ്ടഭോ ജിനഃ	താങ്കൾ ഭുജിച്ചു അവശിഷ്ടങ്ങളെ ഭുജിക്കുന്നവരായും	തവ മായാം	താങ്കൾ മായയെ
		ജയേമഹി	ഞങ്ങൾ ജയിക്കും

47. വാതരശനാ യ ഋഷയഃ ശ്രമണാ ഊർദ്ധ്വമന്ഥിനഃ
ബ്രഹ്മാഖ്യം ധാമ തേ യാന്തി ശാന്താഃ സംന്യാസിനോഽമലാഃ

വാതരശനാഃ	വാതരശനന്മാരും	ശാന്താഃ	ശാന്തന്മാരും
ശ്രമണാഃ	ആത്മധ്യാനത്തിങ്കൽ ശ്രമപ്പെട്ടവരും	അമലാഃ	പാപരഹിതന്മാരും ആയ
		ഋഷയഃ	ഋഷികൾ
ഊർദ്ധ്വമന് ഥിനഃ	ഊർദ്ധ്വരേതസ്സുകളും	ബ്രഹ്മാഖ്യം	ബ്രഹ്മം എന്നറിയപ്പെടുന്ന
		തേ ധാമ	നിൻ ഇരിപ്പിടത്തെ
സംന്യാസിന	സന്ന്യാസിമാരും	യാന്തി	പ്രാപിക്കുന്നു

48. വയം ത്വിഹ മഹായോഗിൻ ഭ്രമന്തഃ കർമ്മവർത്മസു
ത്വദ്വാർത്തയാ തരിഷ്യാമസ്താവകൈർദുസ്തരം തമഃ

49. സ്മരന്തഃ കീർത്തയന്തസ്തേ കൃതാനി ഗദിതാനി ച
ഗത്യുത്സ്മിതേക്ഷണക്ഷ്വേലി യന്നൃലോകവിഡംബനം

മഹായോഗിൻ	ഹേ മഹായോഗിൻ	യത്	ഏതൊരു
വയം	ഞങ്ങൾ	ഗത്യുത്സ്	നട പുഞ്ചിരിപ്പ്, ദൃഷ്ടി
ഇഹ കർമ്മ വർത്മസു	ഇഹലോകത്തിൽ കർമ്മമാർഗ്ഗത്തിൽ	മിതേക്ഷണ	പരിഹാസം ഇവകളുണ്ടോ അവകളെ
ഭ്രമന്തഃ	ചുററി ത്തിരിയുന്നവരായ്	സ്മരന്തഃ	സ്മരിച്ചുകൊണ്ടും
ഇ	ഇരുന്നിട്ടും	കീർത്തയന്തഃ ച	പാടികൊണ്ടും
താവകൈഃ	ഞങ്ങളുടെ ഭക്തന്മാരോടു കൂടി	ദുസ്തരം	അന്യന്മാരാൽ ദുസ്തരണമായ
തേ	ഞങ്ങളുടെ	തമഃ	അജ്ഞാനകാരണമായ
കൃതാനി	കർമ്മങ്ങളേയും (ലീലകളേയും)	ത്വദ്വാ ർത്തയാ	നിന്തിരുവടി സംബന്ധിച്ച വാർത്തകളാൽതന്നെ
ഗദിതാനി	ഉപദേശങ്ങളേയും	തരിഷ്യാമഃ	ഞങ്ങൾ തരണം ചെയ്യും
നൃലോകവി ഡംബനം	മനുഷ്യലോകത്തെ അനുസരിച്ച്	ശ്രീ ശുക ഉവാച	ശ്രീ ശുകൻ പറഞ്ഞു.

50. ഏവം വിജ്ഞാപിതോ രാജൻ ഭഗവാൻ ദേവകീസുതഃ
ഏകാന്തിനം പ്രിയം ഭൃത്യമുദ്ധവം സമഭാഷത

രാജൻ	ഹേ രാജൻ	ഏകാന്തിനം	തന്നെയേവിശ്വസിച്ചവനും
ഏവം വിജ്ഞാപിതഃ	ഇപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടവരും	പ്രിയം	പ്രിയനും
		ഭൃത്യം	ഭക്തനുമായ (കിംകരൻ)
ദേവകീസുതഃ ഭഗവാൻ	ദേവകീസുതനായ ശ്രീകൃഷ്ണഭഗവാൻ	ഉദ്ധവം	ഉദ്ധവനെ നോക്കി
		സമഭാഷത	പറയുവാൻ തുടങ്ങി

ഇതി ശ്രീമദ് ഭാഗവതമഹാപുരാണം പതിനൊന്നാംസ്കന്ധം
ആറാമദ്ധ്യായം സമാപ്തം 11611
ആദിതശ്ലോകങ്ങൾ– 12425
പതിനൊന്നാം സ്കന്ധം ആദിത ശ്ലോകങ്ങൾ-259

സപ്തമോഽധ്യായഃ = അധ്യായം ഏഴ്

ഈ ഏഴാമദ്ധ്യായത്തിൽ ഉദ്ധവന്ന് ആത്മജ്ഞാനസിദ്ധ്യർത്ഥം സാക്ഷാത് ശ്രീഹരി അവധൂത ഇതിഹാസം പറയുന്നു.

ശ്രീ ഭഗവാനുവാച— ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു.

1. യദാത്ഥ മാം മഹാഭാഗ തച്ചികീർഷിതമേവ മേ
ബ്രഹ്മാ ഭവോ ലോകപാലാഃ സ്വർവ്വാസം മേഽഭികാംക്ഷിണഃ

മഹാഭാഗ	മഹാഭാഗ്യവാനെ	ബ്രഹ്മാ	ബ്രഹ്മദേവനും
മാം	മത്സംബന്ധമായ്	ഭവഃ	പരമേശ്വരനും
യത്	ഏത്	ലോകപാലാഃ	ലോകപാലന്മാരും
ആത്ഥ	നീ പറഞ്ഞുവോ	മേ	എനിയ്ക്ക്
തത്	അത്	സ്വർവ്വാസം	വൈകുണ്ഠവാസത്തെ
മേ ചികീർഷിതം	എന്നാൽ ചെയ്യുവാൻ ആഗ്രഹിക്കപ്പെട്ടതാണ്	അഭികാംക്ഷിണഃ	ആഗ്രഹിക്കുന്നു

2. മയാ നിഷ്പാദിതം ഹ്യത്ര ദേവകാര്യമശേഷതഃ
യദർത്ഥമവതീർണ്ണോഽഹമംശേന ബ്രഹ്മണാർത്ഥിതഃ

ബ്രഹ്മണാ	ബ്രഹ്മദേവനാൽ	ദേവകാര്യം	ആ ദേവകാര്യം
അർത്ഥിതഃ	അർത്ഥിക്കപ്പെട്ട്	അശേഷതഃ	പരിപൂർണ്ണമായി
യദർത്ഥം	ഏതിനുവേണ്ടി	അത്ര	ഈ സ്ഥലത്തിൽ
അഹം	ഞാൻ	മയാ	എന്നാൽ
അംശേന	എൻെറ അംശമായ ആദിശേഷനോടുകൂടി	നിഷ്പാദിതം ഹി	ചെയ്യപ്പെട്ട് സമാപ്തിയാക്കപ്പെട്ടുവല്ലോ
അവതീർണ്ണം	അവതരിച്ചുവോ		

3. കുലം വൈ ശാപനിർദ്ദഗ്ധം നംക്ഷ്യത്യന്യോന്യവിഗ്രഹാത്
സമുദ്രഃ സപ്തമേഹ്യന്യേ താം പുരീം ച പ്ലാവയിഷ്യതി

കുലം	യാദവകുലം	ച	അതോടെ
ശാപനിർദഗ്ധം	ബ്രാഹ്മണശാപത്താൽ എരിക്കപ്പെട്ടതായിട്ട്	സപ്തമെ അഹ്നി	ഏഴാമത്തെ ദിവസം
അന്യോന്യവിഗ്രഹാത്	പരസ്പരം തല്ലികൊണ്ട്	സമുദ്രഃ	സമുദ്രം
		ഏതാം പുരീം	ഈ ദ്വാരകയെ
നംക്ഷ്യതി വൈ	നശിക്കുവാൻ പോകുന്നു ഇതു തീർച്ചയാണ്.	പ്ലാവയിഷ്യതി	വെള്ളം കയറിമുങ്ങുവാൻ പോകുന്നു.

4. യർഹ്യേവായം മയാ ത്യക്തോ ലോകോഽയം നഷ്ടമംഗലഃ
ഭവിഷ്യത്യചിരാത് സാധോ കലിനാപി നിരാകൃതഃ

സാധോ	ഹേ സാധുവേ	കലിനാ	കലിയിനാൽ
അയാ ലോകഃ	ഈ ജഗത്ത്	നിരാകൃതഃ	തികച്ചും ആക്രമിക്കപ്പെട്ടതായും
യർഹി ഏവ	എപ്പോഴം		
മയാ ത്യക്തഃ	എന്നാൽ ഉപേക്ഷിക്കപ്പെട്ടതായ് ആകുന്നുവോ	നഷ്ടമംഗലഃ അപി	മംഗളങ്ങളും നശിച്ചതായിട്ടും
അചിരാത്	അപ്പോഴം		
അയം	ഈ ലോകം	ഭവിഷ്യതി	ഭവിക്കും

5. ന വസ്തവ്യം ത്വയൈവേഹ മയാ ത്യക്തേ മഹീതലേ
ജനോഽധർമ്മരുചിർഭദ്ര ഭവിഷ്യതി കലൗ യുഗേ

കലൗ യുഗേ	കലിയുഗത്തിൽ	ജനഃ	ജനങ്ങളും
മഹീതലേ	ഭൂലോകം	അധർമ്മരുചിഃ	അധർമ്മാസക്തരായി
മയാ ത്യക്തെ	എന്നാൽ ത്യജിക്കപ്പെട്ടപ്പോഴം	ഭവിഷ്യതി	ഭവിക്കും
		ഭദ്ര	ഹേ പുണ്യവാനെ

ഇഹ	ഈ ലോകം	ന വസ്തവ്യം ഏവ	വസിക്കുവാൻ അർഹതയുള്ളതല്ല.
ത്വയാ	നീ		

6. **ത്വം തു സർവ്വം പരിത്യജ്യ സ്നേഹം സ്വജനബന്ധുഷു**
മയ്യാവേശ്യ മനഃ സമ്യക് സമദൃഗ്വിചരസ്വ ഗാം

തു	ആയതുകൊണ്ട്	മയി	എന്നിൽ
ത്വം	നീ	സമ്യക്	നല്ലപോലെ
സ്വജന ബന്ധുഷു	സ്വജനങ്ങളോടും ബന്ധുക്കളോടും ഉള്ള സ്നേഹസകലവും	ആവേശ്യ	പ്രവേശിപ്പിച്ച്
		സമദൃക്,	സമദൃഷ്ടിയോടെ
പരിത്യജ്യ	പരിത്യജിച്ചിട്ട്	ഗാം വിചരസ്വ	ഭൂമിയിൽ സഞ്ചരിക്കുക.
മനഃ	മനസ്സിനെ		

7. **യദിദം മനസാ വാചാ ചക്ഷുർഭ്യാം ശ്രവണാദിഭിഃ**
നശ്വരം ഗൃഹ്യമാണം ച വിദ്ധി മായാ മനോമയം

മനസാ	മനസ്സുകൊണ്ടും	യദ് ഇദം ച	ഇവസർവ്വവും
വാചാ	വാക്കുകൊണ്ടും	നശ്വരം	നശിച്ചുപോകുന്നതാകുന്നു.
ചക്ഷുർഭ്യാം	കണ്ണുകൾ കൊണ്ടും	മയാമനോമയം	ആയതുകൊണ്ട് മായയുടെ ആഭാസം എന്ന്
ശ്രവണാദിഭിഃ	ശ്രോത്രം മുതലായവകളാലും		
ഗൃഹ്യമാണം	ഗ്രഹിക്കപ്പെടുന്ന	വിദ്ധി	അറിഞ്ഞാലും

8. **പുംസോഽയുക്തസ്യ നാനാർത്ഥോ ഭ്രമഃ സ ഗുണദോഷഭാക്**
കർമ്മാകർമ്മവികർമ്മേതി ഗുണദോഷധിയോ ഭിദാ

അയുക്തസ്യ	ചിത്തവിക്ഷേപമുള്ള (ആത്മേതരവിഷയങ്ങളിൽ വ്യാപിച്ചമനസ്സോടുകൂടിയ)	ഗുണദോഷ ഭാക്	ഗുണദോഷങ്ങളെ പ്രാപിക്കുന്നു
		ഗുണദോഷ ധിയഃ	ഗുണദോഷം എന്നബുദ്ധിയുള്ളവൻ
പുംസഃ	പുരുഷന്മാർക്ക്	കർമ്മ	വിഹിതകർമ്മമെന്നും
നാനാർത്ഥഃ	പലവിധമായ അർത്ഥങ്ങളേപ്പററി	അകർമ്മ	അതു വെടിയുക എന്നും
ഭ്രമഃ	ഭ്രമമുണ്ടാകുന്നു.	വികർമ്മ ഇതി	നിഷിദ്ധകർമ്മമെന്നും
സഃ	ആ ഭ്രമം	ഭിദാ	ഭേദമുണ്ടാകുന്നു.

9. **തസ്മാത് യുക്തേന്ദ്രിയഗ്രാമോ യുക്തചിത്ത ഇദം ജഗത്**
ആത്മനീക്ഷസ്വ വിതതമാത്മാനം മയ്യധീശ്വരേ

തസ്മാത്	ആ യത്നംകൊണ്ട്
യുക്തേന്ദ്രിയഗ്രാമഃ	നിരോധം ചെയ്യപ്പെട്ട ഇന്ദ്രിയസമൂഹങ്ങളോടുകൂടിയവനായിട്ടും
യുക്തചിത്തഃ	നിരോധം ചെയ്യപ്പെട്ട ചിത്തത്തോടുകൂടിയവനായിട്ടും
ഇദം ജഗത്	(ദേഹേന്ദ്രിയം മുതലായ) ഈ ജഗത്തിനെ
ആത്മനി ഈക്ഷസ്വ	ജീവാത്മാവിങ്കൽ കാണുക (അഭ്യാസം കൊണ്ട് ഉണ്ടായതാണ് എന്നറിഞ്ഞുകൊൾക)
വിതതം	വിരിഞ്ഞുപരന്ന
ആത്മാനം	ജീവാത്മാവിനെ
അധീശ്വരേ	നിയന്താവായ
മയി	എന്നിൽ കാണുക (ഞാനല്ലാതെ അന്യൻ ഒരുത്തൻ അല്ല എന്ന് അറിഞ്ഞുകൊൾക)

10. **ജ്ഞാന വിജ്ഞാനസംയുക്ത ആത്മഭൂതഃ ശരീരിണാം**
ആത്മാനുഭവതുഷ്ടാത്മാ നാന്തരായൈർവിഹന്യസേ

ജ്ഞാനവിജ്ഞാനസംയുക്തഃ	വേദതാത്പര്യ നിശ്ചയരൂപമായ വിജ്ഞാനത്തോടെയും അതിന്റെ അർത്ഥാനുഭവരൂപമായ വിജ്ഞാനത്തോടുകൂടിയവനായിട്ടും
ശരീരിണാം ആത്മഭൂതഃ	ദേവാദികളായ ശരീരികൾക്ക് ആത്മഭൂതനായിട്ടും
ആത്മാനുഭവതുഷ്ടാത്മാ	ആത്മാനുഭവംകൊണ്ട് തൃപ്തനായ മനസ്സോടുകൂടിയവനാകുമെങ്കിൽ
അന്തരായൈഃ	തടസ്ഥങ്ങളാൽ
ന വിഹന്യസേ	നീ ദൂഷിക്കപ്പെടില്ല.

11. **ദോഷബുദ്ധ്യോഭയാതീതോ നിഷേധാന്ന നിവർത്തതേ**
ഗുണബുദ്ധ്യാ ച വിഹിതം ന കരോതി യഥാർഭകഃ

ഉഭയാതീതഃ	ഗുണം ദോഷം എന്ന ബുദ്ധിയെ കടന്ന
അർഭകഃ യഥാ	കുഞ്ഞ് എന്നപോലെ
നിഷേധാത്	നിഷിദ്ധകർമ്മത്തിൽനിന്ന്
ദോഷബുദ്ധ്യാ	ദോഷബുദ്ധിയിനാൽ
ന നിവർത്തതേ	നിവർത്തിക്കുന്നില്ല.
ച	അതുപോലെ
വിഹിതം	വിഹിതകർമ്മത്തെ
ഗുണബുദ്ധ്യാ	ഗുണബുദ്ധിയിനാൽ
നകരോതി	ചെയ്യുന്നില്ല.

12. **സർവ്വഭൂതസുഹൃച്ഛാന്തോ ജ്ഞാനവിജ്ഞാനനിശ്ചയഃ**
പശ്യൻ മദാത്മകം വിശ്വം ന വിപദ്യേത വൈ പുനഃ

സവ്വഭൂതസുഹൃദ്	സകലപ്രാണികൾക്കും നല്ലതു് ചെയ്യുന്നവനും
ശാന്തഃ	മനോനിയന്ത്രണം ഉള്ളവനും
ജ്ഞാനവിജ്ഞാന നിശ്ചയഃ	ജ്ഞാനം, വിജ്ഞാനം ഇവകളുടെ നിശ്ചയത്തോടു കൂടിയവനും
വിശ്വം	പ്രപഞ്ചത്തിനെ
മദാത്മകം പശ്യൻ	എന്റെ സ്വരൂപമായ് വിചാരിക്കുന്നജ്ഞാനി
പുനഃ	വീണ്ടും
ന വിപദ്യേത വൈ	സംസാര ദുഃഖഭാക് ആകുന്നതേ ഇല്ല
ശ്രീ ശുക ഉവാച	ശ്രീ ശുകൻ പറഞ്ഞു.

13. **ഇത്യാദിഷ്ടോ ഭഗവതാ മഹാഭാഗവതോ നൃപ**
ഉദ്ധവഃ പ്രണിപത്യാഹ തത്വജിജ്ഞാസുരച്യുതം

നൃപ	ഹേ രാജൻ
ഭഗവതാ	ഭഗവാനാൽ
ഇതി	ഇപ്രകാരം
ആദിഷ്ടഃ	ഉപദേശിക്കപ്പെട്ട
മഹാഭാഗവതഃ	ഭക്തന്മാരിൽവെച്ച് ഉത്തമനായ
ഉദ്ധവഃ	ഉദ്ധവർ
തത്വജിജ്ഞാസുഃ	തത്വമറിയുവാൻ ആഗ്രഹിച്ച്
അച്യുതം പ്രണപത്യ	ശ്രീകൃഷ്ണനെ നമസ്കരിച്ച്
ആഹ	സംസാരിക്കുവാൻ ആരംഭിച്ചു
ഉദ്ധവ ഉവാച	ഉദ്ധവർ പറഞ്ഞു.

14. **യോഗേശ യോഗവിന്യാസ യോഗാത്മൻ യോഗസംഭവ**
നിഃശ്രേയസായ മേ പ്രോക്തസ്ത്യാഗഃ സംന്യാസലക്ഷണഃ

യോഗേശ	ഹേ യോഗത്തിനു ബലം നൽകുന്നവനേ
യോഗവിന്യാസ	അഷ്ടാംഗയോഗങ്ങളേയും സമപ്പിക്കുവാൻ അഹിക്കുന്നവനേ
യോഗാത്മൻ	യോഗത്തിങ്കൽ പ്രകാശിക്കുന്ന ആത്മാവോടു കൂടിയവനേ
യോഗസംഭവ	യോഗത്തിനു് ഉൽഭവസ്ഥാനമായവനേ
സംന്യാസലക്ഷണഃ	സന്യാസരൂപമായ
ത്യാഗഃ	ത്യാഗം എന്നതു്
നിഃശ്രേയസായ	മോക്ഷം പ്രാപിക്കുവാൻ
മേ	എനിക്കു്
പ്രോക്തഃ	തങ്ങളാൽ ഉപദേശിക്കപ്പെട്ടു

15. **ത്യാഗോഽയം ദുഷ്കരോ ഭൂമൻ കാമാനാം വിഷയാത്മഭിഃ**
സുതരാം ത്വയി സവ്വാത്മന്നഭക്തൈരിതി മേ മതിഃ

ഭൂമൻ	സവ്വവ്യാപിൻ
സർവ്വാത്മൻ	സവ്വാന്തരാത്മൻ.
വിഷയാത്മഭി	വിഷയങ്ങളിൽ ലയിച്ച മനസ്സോടു കൂടിയവരും

ത്വയി അഭക്തൈഃ	ആയതുകൊണ്ടു് തങ്ങളിൽ ഭക്തിഇല്ലാത്ത ജനങ്ങളാൽ	ദുഷ്കരഃ ഇതി	ചെയ്യുവാൻ സാദ്ധ്യമല്ല എന്നു്
കാമാനാം	കാമങ്ങളേ(വിഷയങ്ങളെ		
അയം ത്യാഗഃ	ത്യജിക്കുക എന്നതു്	മമ മതിഃ	എന്റെ അഭിപ്രായമാകുന്നു. സിദ്ധാന്തം),
സുതരാം	നിശ്ചയമായിട്ടും		

16. **സോഽഹം മമാഹമിതി മൂഢമതിർവ്വിഗാഢ-**
സ്ത്വന്മായയാ വിരചിതാത്മനി സാനുബന്ധേ
തത്വഞ്ജസാ നിഗദിതം ഭവതാ യഥാഹം
സംസാധയാമി ഭഗവന്നനുശാധി ഭൃത്യം

ഭഗവൻ	ഹേ ഭഗവൻ	തത്	ആയതുകൊണ്ടു്
സാനുബന്ധേ	പുത്രാദികളോടു കൂടിയതും	ഭവതാ നിഗദിതം	തങ്ങളാൽ ഉപദേശിക്കപ്പെട്ടതിനെ
ത്വന്മായയാ	നിൻ മായയാൽ	യഥാ	എങ്ങിനെ
വിരചിതാത്മനി	സൃഷ്ടിക്കപ്പെട്ടതായ ദേഹത്തിങ്കൽ	അഞ്ജസാ	കഷ്ടപ്പെടാതെ
അഹം മമ ഇതി	ഞാൻ 'എന്റേതു്' എന്ന (അഹംകാരമഹംകാരങ്ങളാൽ)	അഹം സംസാധയാമി	ഞാൻ സാധിക്കുമോ അങ്ങിനെ
വിഗാഢഃ	വിചാരത്തിൽ മുങ്ങിയവനായ	ഭൃത്യം	തങ്ങളുടെ ഭക്തനായ എനിക്കു്
സഃ അഹം	ആ ഞാൻ	അനുശാധി	ഉപദേശിച്ചു് അനുഗ്രഹിക്കേണം
മൂഢമതിഃ	മൂഢൻ		

17. **സത്യസ്യ തേ സ്വദൃശ ആത്മന ആത്മനോഽന്യം**
വക്താരമീശ വിബുധേഷ്വപി നാനുചക്ഷേ
സർവ്വേ വിമോഹിതധിയസ്തവ മായയേമേ
ബ്രഹ്മാദയസ്തനുഭൃതോ ബഹിരർത്ഥഭാവാഃ

തനുഭൃതഃ	ശരീരികളായ	ബഹിരർത്ഥഭാവാഃ	ബാഹ്യവിഷയങ്ങളായ ശരീരാദികളിൽ അഹങ്കാര മമകാര ഭാവത്തോടുകൂടിയവർ ആകുന്നു
ഇമേ ബ്രഹ്മാദയഃ	ഈ ബ്രഹ്മദേവൻമുതലായ		
സർവ്വേ	എല്ലാവരും	സത്യസ്യ	കാലത്രയങ്ങളിലും നാശം ഇല്ലാത്തവനും
തവ മായയാ	നിൻ മായയാൽ		
വിമോഹിതധിയഃ	മോഹിതമായ ബുദ്ധിയോടുകൂടിയവരായ്	ആത്മനഃ	പരമാത്മാവുമായ
		തേ	തങ്ങളെപ്പററി
		ആത്മനഃ	ആത്മഭൂതനായ എനിക്കു്

വക്താരം — വക്താവ്
സ്വാദൃശം അന്യം — സ്വാതന്ത്ര്യസിദ്ധമായ ജ്ഞാനത്തോടുകൂടിയതാങ്കളേക്കാഠം അന്യൻഒരുവ്യക്തിയെ
വിബുധേഷ്വ അപി — ദേവന്മാരിലും കൂടി
ന അനുചക്ഷേ — ഞാൻ കാണുന്നില്ല.

18. തസ്മാത് ഭവന്തമനവദ്യമനന്തപാരം
സർവ്വജ്ഞമീശ്വരമകുണ്ഠവികുണ്ഠധിഷ്ണ്യം
നിർവ്വിണ്ണധീരഹമുഹ വൃജിനാഭിതപ്തോ
നാരായണം നരസഖം ശരണം പ്രപദ്യേ

തസ്മാത് — ആയതുകൊണ്ട്
വൃജിനാഭി തപ്തഃ — ദുഃഖങ്ങളാൽ വളരേശോകതപ്തനും
നിർവ്വിണ്ണധീഃ — വൈരാഗ്യസമ്പന്നമായ ബുദ്ധിയോട്ക്കൂടിയ
അഹം — ഞാൻ
അനവദ്യം — ഏതു തരത്തിലും നിർദ്ദോഷനും
അനന്തപാരം — കാലദേശാതീതനും
സർവ്വജ്ഞം — എല്ലാമറിഞ്ഞവനും
ഈശ്വരം — ഈശ്വരനും
അകുണ്ഠ വികുണ്ഠ ധിഷ്ണ്യം — കാലാദികളാൽനാശംപ്രാപിക്കാത്ത വൈകുണ്ഠത്തെ ഇരിപ്പിടമായ് കൊണ്ടവനും
നരസഖം — നരസഖാവും
നാരായണം — നാരായണനുമായ
ഭവന്തം ഹ — താങ്ങളെത്തന്നെ
ശരണം പ്രപദ്യേ — ശരണം പ്രാപിക്കുന്നു.
ശ്രീ ഭഗവാനുവാച — ശ്രീ ഭഗവാൻ പറഞ്ഞു

19. പ്രായേണ മനുജാ ലോകേ ലോകതത്ത്വവിചക്ഷണാഃ
സമുദ്ധരന്തി ഹ്യാത്മാനമാത്മനൈവാശുഭാശയാത്

ലോകേ — ലോകത്തിങ്കൽ
ലോകതത്ത്വവിചക്ഷണാഃ — ജഗത്തത്ത്വങ്ങളെ പരീക്ഷിച്ചറിയുന്ന
മനുജാഃ — മനുഷ്യന്മാർ
പ്രായേണ — മിക്കവാറും
ആത്മനാ ഏവ — സ്വയം
ആത്മാനം — തന്നെ (ആത്മാവിനെ)
അശുഭാശയാത് — വിഷയവാസനകളിൽനിന്നു.
സമുദ്ധരന്തി ഹി — തന്നത്താൻ ഉദ്ധരിച്ചുകൊള്ളുന്നുവല്ലോ

20. ആത്മനോ ഗുരുരാത്മൈവ പുരുഷസ്യ വിശേഷതഃ
യത് പ്രത്യക്ഷാനുമാനാഭ്യാം ശ്രേയോഽസാവനുവിന്ദതേ

ആത്മനഃ — പശു മുതലായ മൃഗശരീരങ്ങളിൽ ഉറയുന്ന ആത്മാവിനുംകൂടി
ഗുരുഃ — ഹിതാഹിതങ്ങളുടെ ജ്ഞാനദാതാവായഗുരു

ആത്മാ ഏവ	ആത്മാവുതന്നേയാകുന്നു
വിശേഷതഃ	വിശേഷിച്ചും
പുരുഷസ്യ	മനുഷ്യന്നു് ആത്മാവു് തന്നേയാണ് ഗുരു
യത്	കാരണം
അസൌ	ഈ മനുഷ്യൻ
പ്രത്യക്ഷാനുമാനാഭ്യാം	പ്രത്യക്ഷാനുമാനങ്ങളെ കൊണ്ടു്
ശ്രേയഃ	തന്റെ ശ്രേയസ്സിനെ
അനുവിന്ദതേ	തന്നത്താൻഅറിഞ്ഞുകൊള്ളുന്നു.

21. പുരുഷത്വേ ച മാം ധീരാഃ സാംഖ്യയോഗവിശാരദാഃ
ആവിസ്തരാം പ്രപശ്യന്തി സർവ്വശക്ത്യുപബൃംഹിതം

പുരുഷത്വേ ച	മാനുഷശരീരത്തിൽ തന്നെ
സാംഖ്യയോഗവിശാരദാഃ	സാംഖ്യ, യോഗശാസ്ത്രവിദഗ്ധന്മാരായ
ധീരാഃ	(ബുദ്ധിമാന്മാർ) ധീരന്മാർ
സർവ്വശക്ത്യുപബൃംഹിതം	ജ്ഞാനൈശ്വര്യാദിശക്തികളും നിറഞ്ഞ
മാം	എന്നെ
ആവിസ്തരാം	പ്രത്യക്ഷമായു്
പ്രപശ്യന്തി	കാണുന്നു.

22. ഏകദ്വിത്രിചതുഷ്പാദോ ബഹുപാദസ്തഥാപദഃ
ബഹ്വ്യഃ സന്തിപുരഃ സൃഷ്ടാസ്താസാം മേ പൌരുഷീപ്രിയാ

ഏകദ്വിത്രിചതുഷ്പാദഃ	ഏകപാദം, ദ്വിപാദങ്ങളും ത്രിപാദങ്ങളും, ചതുഷ്പാദങ്ങളും
ബഹു പാദ	അനേകം പാദങ്ങൾഉള്ളവ
തഥാ അപദഃ	അതുപോലെപാദങ്ങളെ ഇല്ലാത്തവ എന്നു്
ബഹ്വ്യഃ പുരഃ	അനേകം ശരീരങ്ങളും
സൃഷ്ടാഃ സന്തി	എന്നാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു
താസാം	അവകളിൽ വെച്ചു്
മേ	എനിക്കു്
പൌരുഷീ	മാനുഷശരീരം .
പ്രിയാ	വളരേ പ്രിയമുള്ളതാകുന്നു

23. അത്രമാം മൃഗയന്ത്യദ്ധാ യുക്താ ഹേതുഭിരീശ്വരം
ഗൃഹ്യമാണൈർ ഗുണൈർല്ലിംഗൈരഗ്രാഹ്യമനുമാനതഃ

അത്ര	ഈ മനുഷ്യശരീരത്തിൽ
യുക്താഃ	ഏതിലും തെറ്റുപറ്റാത്ത മനുഷ്യന്മാർ
ഗൃഹ്യമാണൈഃ	ജ്ഞാനവിഷയങ്ങളായ
ഗുണൈഃ	ബുദ്ധിമുതലായ ഗുണങ്ങളായ
ലിംഗൈഃ	ലിംഗങ്ങളാൽ
അഗ്രാഹ്യം	അറിയുവാൻ അസാധ്യനും
ഈശ്വരം മാം	ബുദ്ധിമുതലായവസ്തു് പ്രവർത്തകനുമായ എന്നെ
ഹേതുഭിഃ	കാരണങ്ങളെക്കൊണ്ടു്
അനുമാനതഃ	അനുമാന പ്രമാണം കൊണ്ടു്
അദ്ധാമൃഗയന്തി	സാക്ഷാൽ അന്വേഷിക്കുന്നു.

24. അത്രാപ്യുദാഹരന്തീമമിതിഹാസം പുരാതനം
അവധൂതസ്യ സംവാദം യദോരമിതതേജസഃ

അത്ര അപി	ഈ വിഷയസംബന്ധമായിട്ട്	സംവാദം	ഉണ്ടായ സംവാദരൂപമായ
അവധൂതസ്യ	അവധൂതക്കും	ഇമം പുരാതനം	വളരേ പഴമയേറിയ
		ഇതിഹാസം	കഥയെ
അമിത തേജസഃ	മഹാവിവേകിയായ	ഉദാഹരന്തി	ദൃഷ്ടാന്തമായിമഹാന്മാർ പറയുന്നു.
യദോഃ	യദുമഹാരാജന്നും തമ്മിൽ		

25. അവധൂതം ദ്വിജം കഞ്ചിച്ചരന്തമകുതോഭയം
കവിം നിരീക്ഷ്യ തരുണം യദുഃ പപ്രച്ഛ ധർമ്മവിത്

അവധൂതം	ദിഗംബരനും		
കവിം	ജ്ഞാനിയും	ധർമ്മവിത്	അവധൂതധർമ്മങ്ങളെ അറിഞ്ഞ
അകുതോഭയം ചരന്തം	എല്ലാഇടങ്ങളിലും നിർഭയനായിട്ട് സഞ്ചരിക്കുന്നവനും	യദുഃ	യദുമഹാരാജൻ
തരുണം	യുവാവുമായ	പപ്രച്ഛ	ചുവടെ കാണും പ്രകാരം ചോദിച്ചു
കഞ്ചിത് ദ്വിജം	ഒരു ബ്രാഹ്മണനെക്കണ്ടിട്ട്	യദുരുവാച	യദുമഹാരാജൻ പറഞ്ഞു.

26. കുതോ ബുദ്ധിരിയം ബ്രഹ്മന്നകർത്തുഃ സുവിശാരദാ
യാമാസാദ്യ ഭവാംല്ലോകം വിദ്വാംശ്ചരതി ബാലവത്

ബ്രഹ്മൻ	ഹേ ബ്രഹ്മൻ		
അകർത്തുഃ	ഇന്ദ്രിയതൃപ്തിക്കായിക്കൊണ്ട് യാതൊരു പ്രവൃത്തിയും ചെയ്യാത്ത അങ്ങയുടെ	ആസാദ്യ	ലഭിച്ചിട്ട്
		വിദ്വാൻ	ലോകംഅറിഞ്ഞിരുന്നിട്ടും
		ഭവാൻ	താങ്കൾ
സുവിശാരദാ	വളരേ സൂക്ഷ്മമായ	ബാലവത്	ബാലൻ എന്നപോലെ
ഇയം ബുദ്ധിഃ	ഈ ബുദ്ധി	ലോകം ചരതി	ലോകത്തിൽ സഞ്ചരിക്കുന്നു.
കുതഃ	എങ്ങിനെ ഉണ്ടായി		
യാം	ആ ബുദ്ധിയെ		

27. പ്രായോ ധർമ്മാർത്ഥകാമേഷു വിവിത്സായാം ച മാനവാഃ
ഹേതുനൈവ സമീഹന്തേ ആയുഷോ യശസഃ ശ്രിയഃ

മാനവാഃ	മനുഷ്യന്മാർ
പ്രായഃ	മിക്കവാറും
ധർമ്മാർത്ഥ കാമേഷു	ധർമ്മം, അർത്ഥം, കാമം ഇവകളിൽ
വിവിത്സായാം ച	അവകളെ പ്രാപിക്കുവാൻ വേണ്ടി ഉപായങ്ങളെ അന്വേഷിക്കുന്നതിലും
ആയുഷഃ	ആയുസ്സ്
യശസഃ	കീർത്തി
ശ്രിയഃ	ഐശ്വര്യം
ഹേതുനാ ഏവ	ഇവകൾ നിമിത്തമായിട്ടും
സമീഹന്തേ	പ്രവർത്തിക്കുന്നു.

28. ത്വം തു കല്പഃ കവിർദക്ഷഃ സുഭഗോഽമൃതഭാഷണഃ
ന കർത്താ നേഹസേ കിഞ്ചിജ്ജഡോന്മത്തപിശാചവത്

ത്വം തു	പക്ഷേ താങ്കൾ
കൽപഃ	ശക്തൻ
കവിഃ	വിദ്വാൻ
ദക്ഷഃ	സമർത്ഥൻ
സുഭഗഃ	സുന്ദരൻ
അമൃത ഭാഷണഃ	അമൃതം പോലെ മധുരമായ് സംസാരിക്കുന്നവൻ എങ്കിലും
ജഡോന്മത്തപിശാചവത്	അചേതനൻ പോലെയും ഭ്രാന്തൻപോലെയും, പിശാചുപോലെയും ഇരിക്കുന്നു.
കിഞ്ചിത് ഈഹസെ	ഒന്നിനേയും ആഗ്രഹിക്കുന്നുമില്ല
ന കർത്താ	ഒന്നും ചെയ്യുന്നുമില്ല.

29. ജനേഷു ദഹ്യമാനേഷു കാമലോഭദവാഗ്നിനാ
ന തപ്യസേഽഗ്നിനാ മുക്തോ ഗംഗാംഭസ്ഥഃ ഇവ ദ്വിപഃ

കാമലോഭദവാഗ്നിനാ	കാമം, ലോഭം എന്ന കാട്ടുതീയാൽ
ജനേഷു	ജനങ്ങൾ
ദഹ്യമാനേഷു	ദഹിപ്പിക്കപ്പെട്ടപ്പോൾ
അഗ്നിനാ മുക്തഃ	തീയിൽനിന്നും വേർപെട്ട്
ഗംഗാംഭസ്ഥഃ	ഗംഗാജലത്തിലിരിക്കുന്ന
ദ്വിപഃ ഇവ	ആന എന്നപോലെ
ന തപസ്യേ	തപം പ്രാപിക്കാതെ ഇരിക്കുന്നു

30. ത്വം ഹി നഃ പൃച്ഛതാം ബ്രഹ്മന്നാത്മന്യാനന്ദകാരണം
ബ്രൂഹി സ്പർശവിഹീനസ്യ ഭവതഃ കേവലാത്മനഃ

ബ്രഹ്മൻ	ഹേ ബ്രഹ്മൻ
സ്പർശവിഹീനസ്യ	വിഷയഭോഗരഹിതനും
കേവലാത്മനഃ	ഏകനായിരിക്കുന്നവനുമായ
യദുനാ	യദുമഹാരാജാവിനാൽ
ഭവതഃ	താങ്കൾക്ക്
ആത്മനി	മനസ്സിലുണ്ടായിരിക്കുന്ന
ആനന്ദ കാരണം	ആനന്ദത്തിന്റെ കാരണത്തെ

പൃച്ഛതാം നഃ	ചോദിക്കുന്ന ഞങ്ങൾക്ക്	ബ്രൂഹി	പറഞ്ഞാലും
ത്വം ഹി	താങ്കൾ	ശ്രീ ഭഗവാനുവാച	ശ്രീ ഭഗവാൻ പറഞ്ഞു

31. **യദുനൈവം മഹാഭാഗോ ബ്രഹ്മണ്യേന സുമേധസാ**
പൃഷ്ടഃ സഭാജിതം പ്രാഹ പ്രശ്രയാവനതം ദ്വിജഃ

ബ്രഹ്മണ്യേന	ബ്രാഹ്മണരോടുഭക്തിയുള്ളവനും	ദ്വിജഃ	ബ്രാഹ്മണൻ
മേധസാ	നല്ലമേധാവിയുമായ	പ്രശ്രയാവനതം	വിനയം കാരണം അതിവിനീതനായരാജാവിനെ നോക്കിക്കൊണ്ട്
യദുനാ	യദുമഹാരാജാവിനാൽ		
ഏവം	ഇപ്രകാരം	പ്രാഹ	ഇപ്രകാരം പറഞ്ഞു
സഭാജിതഃ	പൂജിക്കപ്പെട്ട്	ബ്രാഹ്മണ ഉവാച	ബ്രാഹ്മണൻ പറഞ്ഞു.
പൃഷ്ടഃ	ചോദിക്കപ്പെട്ട		

32. **സന്തി മേ ഗുരവോ രാജൻ ബഹവോ ബുദ്ധ്യുപാശ്രിതാഃ**
യതോ ബുദ്ധിമുപാദായ മുക്തോഽടാമീഹ താൻ ശൃണു

രാജൻ	ഹേ രാജൻ	ഉപാദയ	ലഭിച്ച്
ബുദ്ധ്യുപാശ്രിതാഃ	എന്റെ ബുദ്ധിയാൽ സമ്പാദിതരായ	ഇഹ	ഈ ലോകത്തിങ്കൽ
ബഹവഃ ഗുരവഃ	പല ഗുരുക്കൾ	മുക്തഃ	രാഗാദികളിൽനിന്നു മുക്തനായ്
മേ സന്തി	എനിക്കുണ്ട്	അടാമി	സഞ്ചരിക്കുന്നുവോ
യതഃ	ഏതു ഗുരുക്കളിൽനിന്നും	താൻ	അവരെപറ്റി
ബുദ്ധിം	ഈ ബുദ്ധിയെ	ശൃണു	കേൾക്കുക

33. **പൃഥിവീ വായുരാകാശമാപോഽഗ്നിശ്ചന്ദ്രമാ രവിഃ**
കപോതോഽജഗരഃ സിന്ധുഃ പതംഗോ മധുകൃത് ഗജഃ

34. **മധുഹാ ഹരിണോ മീനഃ പിംഗലാ കുരരോഽർഭകഃ**
കുമാരീ ശരകൃത് സർപ്പ ഊർണനാഭിഃ സുപേശകൃത്

35. **ഏതേ മേ ഗുരവോ രാജംശ്ചതുർവ്വിംശതിരാശ്രിതാഃ**
ശിക്ഷാ വൃത്തിഭിരേതേഷാമന്വശിക്ഷമിഹാത്മനഃ

പ്രഥിവീ	ഭൂമി
വായുഃ	കാററ്
ആകാശം	ആകാശം
ആപഃ	ജലം
അഗ്നി	തീ
ചന്ദ്രമാഃ	ചന്ദ്രൻ
രവിഃ	സൂര്യൻ
കപോതഃ	പ്രാവ്
അജഗരഃ	മലം പാമ്പ്
സിന്ധുഃ	സമുദ്രം
പതംഗഃ	വിളക്കവെട്ടിൽപൂച്ചി
മധുകൃത്	തേനീച്ച
ഗജഃ	ആന
മധുഹാ	തേൻ ശേഖരിക്കുന്നവൻ
ഹരിണഃ	മാൻ
മീനഃ	മീൻ
പിംഗളാ	പിംഗളാ എന്ന ദാസി
കുരരഃ	കുരരപക്ഷി
അർഭകഃ	ചെറിയ കുഞ്ഞ്
കുമാരീ	ചെറിയപെൺകുട്ടി
ശരകൃത്	ബാണം ഉണ്ടാക്കുന്നവൻ
സർപ്പഃ	സർപ്പം
ഊർണനാഭി	എട്ടുകാലിപ്പൂച്ചി
സുപേശകൃത്	കുളവി വണ്ട്
ഏതേ ചതുർവിംശതി	എന്ന ഈ ഇരുപത്തിനാലും
മേ ആശ്രിതാഃ	എന്റെ ബുദ്ധികൊണ്ട് ലഭിച്ച
ഗുരവഃ	ഗുരുക്കൾ
ഏതേഷാം	ഇവരുടെ
വൃത്തിഭിഃ	പ്രവൃത്തികൊണ്ട്
ഇഹ	ഈ ലോകത്തിൽ
ആത്മനഃ	എനിക്ക്
ശിക്ഷാഃ	പഠിക്കേണ്ട വിദ്യകളെ
അന്വശിക്ഷം	അഭ്യസിച്ചു.

36. യതോ യദനുശിക്ഷാമി യഥാ വാ നാഹുഷാത്മജ
തത്തഥാ പുരുഷവ്യാഘ്ര നിബോധ കഥയാമി തേ

നാഹുഷാ	നഹുഷമഹാരാജാവിന്റെ
ത്മജ	പുത്രനായ
പുരുഷ വ്യാഘ്ര	ഹേ പുരുഷശ്രേഷ്ഠ
യതഃ	ഏതിന്റെ അടുക്കൽനിന്നും
യത്	ഏതിനെ
യഥാവാ	എങ്ങിനെ
അനുശിക്ഷാമി	അഭ്യസിച്ചുവോ
തത്	അതിനെ
തഥാ	അങ്ങിനെ
തേ	നിങ്ങൾക്ക്
കഥയാമി	ഉപദേശിക്കാം
നിബോധ	അറിഞ്ഞുകൊള്ളുക.

37. ഭൂതൈരാക്രമ്യമാണോഽപി ധീരോ ദൈവവശാനുഗൈഃ
തദ്വിദ്വാൻ ന ചലേന്മാർഗ്ഗാദന്വശിക്ഷം ക്ഷിതേർവ്രതം

ദൈവവശാനുഗൈഃ	അവരവരുടെ പുണ്യപാപവശത്താൽ ചുററി അലയുന്ന
ഭൂതൈ	പ്രാണികളാൽ
ആക്രമ്യമാണഃ അപി	ആക്രമിക്കപ്പെട്ടിട്ടും
തദ്വിദ്വാൻ	പ്രാണികൾ അതാതിന്റെ പുണ്യപാപകർമ്മങ്ങൾക്ക് അധീനങ്ങൾ എന്നത് അറിഞ്ഞിട്ട്
ധീരഃ	ധീരനായ്

മാർഗ്ഗാത്	തന്റെ ധർമ്മമാർഗ്ഗത്തിൽ നിന്നും	ക്ഷിതേഃ	ഭൂമിയിൻ നിന്നു്
		വ്രതം	ആ വ്രതം
ന ചലേത്	ഇളകുവാൻ പാടില്ലഎന്നു്	അനപശിക്ഷം	അഭ്യസിച്ച

38\. ശശ്വത് പരാർത്ഥ സർവ്വേഹഃ പരാർത്ഥൈകാന്തസംഭവഃ
സാധുഃ ശിക്ഷേത ഭൂഭൃത്തോ നഗശിഷ്യഃ പരാത്മതാം

ശശ്വത്	എപ്പോഴും	ഭൂഭൃതഃ	മലയിൽനിന്നു്
പരാർത്ഥ സർവ്വേഹ	പരോപകാരത്തിന്നായി കൊണ്ടു് സകലകാര്യങ്ങളേയും ചെയ്യുന്നവനായ്	പരാത്മതാം	അന്യന്നു് അധീനമായിരിക്കുക എന്നതിനെ
പരാർത്ഥൈകാന്തസംഭവം	അന്യന്മാർക്കു് വേണ്ടി മാത്രംതന്റെ ഉൽപത്തിഇരിക്കേണം എന്ന നിശ്ചയത്തോടുകൂടി	നഗശിഷ്യഃ	മരത്തിന്റെ ശിഷ്യനായ് ഭവിച്ചു്
		സാധുഃ	സാധു
		ശിക്ഷേത	അഭ്യസിക്കേണം.

39\. പ്രാണവൃത്ത്യൈവ സന്തുഷ്യേന്മുനിർന്നൈവേന്ദ്രിയ പ്രിയൈഃ
ജ്ഞാനം യഥാ ന നശ്യേത നാവകീര്യേത വാങ്മനഃ

യഥാ	എങ്ങിനെ ചെയ്താൽ	പ്രാണവൃത്യ ഏവ	പ്രാണരക്ഷണാർത്ഥമായ ആഹാരംകൊണ്ടുമാത്രം
ജ്ഞാനം ന നശ്യേത	ജ്ഞാനം നശിക്കില്ലയോ	സന്തുഷ്യേത്	സന്തുഷ്ടനാകണം
വാക് മനഃ	വാക്കും മനസ്സും	ന ഇന്ദ്രിയ പ്രിയൈഃ ഏവ	ഇന്ദ്രിയങ്ങൾക്കു് ഇഷ്ടമായരൂപം രസം ഇവകളിൽ സന്തുഷ്ടനാകരുതു്
ന അവകീര്യേത	സ്ഥിരമായിരിക്കുമോ		
മുനി	മുനി(അപ്രകാരം)		

40\. വിഷയേഷ്വാവിശൻ യോഗീ നാനാധർമ്മേഷു സർവ്വതഃ
ഗുണദോഷവ്യപേതാത്മാ ന വിഷജ്ജേത വായുവത്

സർവ്വതഃ	നാലുഭാഗങ്ങളിലും	ഗുണദോഷ വ്യപേതാത്മാ	ഗുണദോഷങ്ങളെ വിട്ടുപിരിഞ്ഞ മനസ്സോടുകൂടിയ
നാനാ ധർമ്മേഷു	നാനാവിധങ്ങളായ ധർമ്മങ്ങളുടെ	യോഗീ	യോഗി
വിഷയേഷു	വിഷയങ്ങളിൽ	വായുവത്	കാററു് എന്ന പോലെ
ആവിശൻ	പ്രവേശിച്ചവനായ് ഇരുന്നിട്ടും	ന വിഷജ്ജേത	അവകളിൽ സംബന്ധപ്പെടരുത്

41\. പാർത്ഥിവേഷ്വിഹ ദേഹേഷു പ്രവിഷ്ടസ്തദ്ഗുണാശ്രയഃ
ഗുണൈർനയുജ്യതേ യോഗീ ഗന്ധൈർവ്വായുരിവാത്മദൃക്

ആത്മദൃക്	ആത്മജ്ഞാനിയായ
യോഗീ	യോഗി
പാർത്ഥിവേഷു	പാർത്ഥിവങ്ങളായ
ഇഹദേഹേഷു	ഈ ശരീരങ്ങളിൽ
പ്രവിഷ്ടഃ	പ്രവേശിച്ച്
തദ്ഗുണാശ്രയഃ	ശരീരധർമ്മങ്ങളെ ആശ്രയിച്ചിട്ടും കൂടി
വായുഃ ഗന്ധൈഃ ഇഹ	കാററ് ഗന്ധങ്ങളോട് ചേരാത്തതുപോലെ
ഗുണൈഃ	ശരീരധർമ്മങ്ങളോട്
ന യുജ്യതേ	സംബന്ധപ്പെടുന്നില്ല.

42. അന്തർഹിതശ്ച സ്ഥിരജംഗമേഷു
ബ്രഹ്മാത്മഭാവേന സമന്വയേന
വ്യാപ്ത്യാവ്യവച്ഛേദമസംഗമാത്മനോ
മുനിർന്നഭസ്ത്വം വിതതസ്യ ഭാവയേത്

മുനി	മുനി
അന്തർഹിതഃ ച	ദേഹത്തിൽ ഇരുന്നാലും കൂടി
സ്ഥിരജംഗമേഷു	സ്ഥാവരജംഗമങ്ങളായ വസ്തുക്കളിൽ
സമന്വയേന	സമന്വയത്താൽ (സംബന്ധത്താൽ) ഉണ്ടാകുന്ന
വ്യാപ്ത്യാ	വ്യാപ്തിയാൽ
ബ്രഹ്മാത്മഭാവേന	ബ്രഹ്മസ്വരൂപഭാവേന ഉണ്ടാവുന്നതുകൊണ്ട്
വിതതസ്യ	എവിടെയും പൂർണ്ണമായിരിക്കുന്ന (സർവ്വഗതനായ)
ആത്മനഃ	ആത്മാവിന്
നഭസ്ത്വം	ആകാശതുല്യതയും
അസംഗം	രാഗരഹിതത്വവും
അവ്യവച്ഛേദം	ഭേദരാഹിത്യവും
ഭാവയേത്	ഭാവിക്കണം

43. തേജോഽബന്നമയൈർഭാവൈർമ്മേഘാദ്യൈർവ്വായുനേരിതൈഃ
ന സ്പൃശ്യതേ നഭസ്തദ്വത് കാലസൃഷ്ടൈർഗ്ഗുണൈഃ പുമാൻ

വായുനാ	കാററാൽ
ഈരിതൈഃ	പ്രേരിപ്പിക്കപ്പെട്ട
മേഘാദ്യൈഃ	മേഘങ്ങളോട്
നഭഃ	ആകാശം
ന സ്പൃശ്യതേ	എങ്ങിനെ ബന്ധപ്പെടുന്നില്ലയോ
കാലസൃഷ്ടൈഃ	കാലസൃഷ്ടങ്ങളും
ഗുണൈഃ	സത്വാദി ഗുണകാര്യങ്ങളായ
തേജോഽബന്നമയൈഃ ഭാവൈഃ	തേജസ്, ജലം, പൃഥ്വീരൂപങ്ങളായ ദേഹങ്ങൾ മുതലായ ദ്രവ്യങ്ങളോടും
പുമാൻ	ആത്മാ
തദ്വത്	അതുപോലെ ബന്ധപ്പെടുന്നില്ല.

44. സ്വച്ഛഃ പ്രകൃതിതഃ സ്നിഗ്ദ്ധോ മാധുര്യസ്തീർത്ഥഭൂർന്നൃണാം
മുനിഃ പുനാത്യപാം മിത്രമീക്ഷോപസ്പർശകീർത്തനൈഃ

മുനിഃ	മുനി	നൃണാം തീർത്ഥഭൂഃ	മനുഷ്യന്റെ പരിശുദ്ധത്തിന്ന് കാരണമായും ഇരുന്നുകൊണ്ട്,
അപാം മിത്രം	ജലത്തിന്ന് സുഹൃത്തായ് ഇരുന്നുകൊണ്ട് (ജലതുല്യനായിരുന്നുകൊണ്ട്)	ഈക്ഷോപസ്പർശ കീർത്തനൈഃ	ദർശനം, സ്പർശം, കീർത്തനം ഇവകളാൽ
സ്വച്ഛഃ	നിർമ്മലനായും		
പ്രകൃതിതഃ	പ്രകൃത്യാ		
സ്നിഗ്ധഃ	പ്രേമംഉള്ളവനായിട്ടും		
മാധുര്യാഃ	മധുരമായ് സംസാരിക്കുന്നവനായും	പുനാതി	(ജഗത്തിനെ) പരിശുദ്ധപ്പെടുത്തുന്നു.

45. തേജസ്വീ തപസാ ദീപ്തോ ദുർദ്ധർഷോദരഭാജനഃ
സർവ്വഭക്ഷോഽപിയുക്താത്മാ നാദത്തേ മലമഗ്നിവത്

യുക്താത്മാ	യോഗി	ഉദരഭാജനഃ	വയറേ (ഉദരം) ഭിക്ഷാപാത്രമായി വെച്ചിരിക്കുന്നവനും
അഗ്നിവത്	അഗ്നിയെപ്പോലെ		
തേജസ്വീ	തേജസ്വിയായും	സർവ്വഭക്ഷഃ അപി	സർവ്വവും ഭക്ഷിച്ചിട്ടും (കൂടി)
തപസാ ദീപ്തഃ	തപസ്സുകൊണ്ട് ദീപ്തനായും	മലം	അതുകൊണ്ട് ഉണ്ടായദോഷത്തെ
ദുർദ്ധർഷഃ	ആരാലും, സമീപിക്കാനാവാത്തവനായിട്ടും	ന ആദത്തെ	പ്രാപിക്കുന്നില്ല

46. ക്വചിച്ഛന്നഃ ക്വചിത്സ്പഷ്ടഃ ഉപാസ്യഃ ശ്രേയ ഇച്ഛതാം
ഭുങ്ക്തേ സർവ്വത്ര ദാതൄണാം ദഹൻ പ്രാഗുത്തരാശുഭം

ക്വചിത് ഛന്നഃ	ചിലസ്ഥലങ്ങളിൽ മറഞ്ഞിട്ടും	പ്രാഗുത്തരാശുഭം	(ജ്ഞാനപ്രാപ്തിക്ക്) പൂർവ്വവും പിന്നീടും ചെയ്ത പാപത്തെ
ക്വചിത് സ്പഷ്ടഃ	ചിലസ്ഥലങ്ങളിൽ വ്യക്തനായും		
ശ്രേയഃ ഇച്ഛതാം	മോക്ഷേച്ഛുക്കൾക്ക്	ദഹൻ	ദഹിപ്പിക്കുന്നവനായ്
ഉപാസ്യഃ	ഉപാസനാർഹനായും	സർവ്വത്ര	എല്ലാസ്ഥലങ്ങളിലും
ദാതൄണാം	ഹോമം മുതലായവ കളെ ചെയ്യുന്നവരുടെ	ഭുങ്ക്തേ	(കൊടുക്കപ്പെടുന്ന ദ്രവ്യങ്ങളെ) ഭുജിക്കുന്നു.

47. സ്വമായയാ സൃഷ്ടമിദം സദസല്ലക്ഷണം വിഭുഃ
പ്രവിഷ്ട ഈയതേ തത്തത്സ്വരൂപോഽഗ്നിരിവൈധസി

വിഭുഃ	പരമാത്മാവ്
സ്വമായയാ	തന്റെ മായയാൽ
സൃഷ്ടം	സൃഷ്ടിക്കപ്പെട്ട
സദസല്ലക്ഷണം	ദേവതിര്യഗാദിരൂപമായ
ഇദം	ഈ ശരീരത്തിങ്കൽ
പ്രവിഷ്ട	പ്രവേശിച്ച്
ഏധസി	വിറകിൽ പ്രവേശിച്ച
അഗ്നിഃ ഇവ	തീ പോലെ
തത്തത് സ്വരൂപഃ	അതതിന് സദൃശമായ സ്വരൂപത്തോട് കൂടിയവനായിട്ട്
ഈയതേ	അറിയപ്പെടുന്നു.

48. **വിസർഗ്ഗാദ്യാഃ ശ്മശാനാ ന്താ ഭാവാ ദേഹസ്യ നാത്മനഃ**
കലാനാമിവചന്ദ്രസ്യ കാലേനാവ്യക്തവർത്മനാ

അവ്യക്ത വർത്മനാ	സ്പഷ്ടമായ് അറിയുവാൻ സാധിക്കാത്ത വേഗതയുള്ള
കാലേന	കാലത്താൽ
വിസർഗ്ഗാദ്യാഃ	ഉൽപത്തിതുടങ്ങി
ശ്മശാനാന്താഃ	മരണാന്തം
ഭാവാഃ	അവസ്ഥകൾ
ചന്ദ്രസ്യ	ചന്ദ്രന്റെ
കലാനാം ഇവ	കലകൾ എന്നപോലെ
ദേഹസ്യ	ശരീരത്തിന്നു മാത്രമാണ്
ന ആത്മനഃ	ആത്മാവിന്നല്ല.

49. **കാലേന ഹ്യോഘ വേഗേന ഭൂതാനാം പ്രഭവാപ്യയൌ**
നിത്യാവപി ന ദൃശ്യേതേ ആത്മനോഽഗ്നേര്യഥാർച്ചിഷാം

ഓഘവേഗേന	നദീതുല്യമായ വേഗത്തോടുകൂടിയ
കാലേന	കാലംകൊണ്ടുണ്ടാകുന്ന
പ്രഭവാപ്യയൌ	ഉൽപത്തിയും നാശവും
അഗ്നേഃ	അഗ്നിയുടെ
അർച്ചിഷാം യഥാ	ജ്വാലകളെപ്പോലെ
ഭൂതാനാം ഹി	ശരീരത്തിന്നുതന്നെ
നിത്യൌ ദൃശ്യേതേ	തുടർന്നുവരുന്നതായ്ക്കാണുന്നു.
ആത്മനഃ ന	ആത്മാവിന്ന് കാണപ്പെടുന്നില്ല

50. **ഗുണൈർ ഗുണാനുപാദത്തേ യഥാകാലം വിമുഞ്ചതി**
ന തേഷു യുജ്യതേ യോഗീ ഗോഭിർഗാ ഇവ ഗോപതിഃ

ഗോപതി	സൂര്യൻ
ഗോഭിഃ	കിരണങ്ങളാൽ
ഗാഃ ഇവ	വെള്ളം പോലെ (വേനൽ കാലങ്ങളിൽ വെള്ളം ഗ്രഹിച്ച് മഴരൂപത്തിൽ വന്നത്)
യോഗീ	യോഗീ
ഗുണൈഃ	ഇന്ദ്രിയങ്ങളാൽ
ഗുണാന്	വിഷയങ്ങളെ
ഉപാദത്തേ	ഗ്രഹിക്കുന്നു
യഥാകാലം	അവയെ ആഗ്രഹിക്കുന്നവൻ വരുമ്പോൾ
വിമുഞ്ചതി	വിടുന്നു.
തേഷു	അവകളിൽ
ന യുജ്യതേ	ഒട്ടുന്നില്ല (യുക്തനാകുന്നില്ല)

51. ബുധ്യതേ സ്വേന ഭേദേന വ്യക്തിസ്ഥ ഇവ തദ്ഗതഃ
ലക്ഷ്യതേ സ്ഥൂലമതിഭിരാത്മാ ചാവസ്ഥിതോऽർക്കവത്

അർക്കവത്	സൂര്യൻ പോലെ
അവസ്ഥിതഃ	ഇരിക്കുന്ന
ആത്മാ	ആത്മാവ്
വ്യക്തിസ്ഥഃ	ഉപാധികളിൽപ്രതിബിംബിച്ച്
സ്ഥൂലമതിഭിഃ	സ്ഥൂലമായ ബുദ്ധിയോടു കൂടിയവരാൽ
തത് ഗതഃ ഇവ	ഉപാധികളിൽ ഇരിക്കുന്നവൻ പോലേ
ലക്ഷ്യതെ	ഗണിക്കപ്പെടുന്നു.
സ്വേന ഭേദേന ച	സ്വരൂപഭേദത്തോടും
ബുധ്യതെ	അറിയപ്പെടുന്നു.

52. നാതി സ്നേഹഃ പ്രസംഗോ വാ കർത്തവ്യഃ ക്വാപി കേനചിത്
കുർവ്വൻ വിന്ദേത സന്താപം കപോത ഇവ ദീന ധീഃ

അതിസ്നേഹഃ	അധികമായ പ്രീതിയോ
പ്രസംഗഃ വാ	അവയേ വളർക്കുന്നതിൽ ബന്ധമോ
ക്വാപി	ഒരു വസ്തുവിങ്കലും
കേനചിത്	ഒരുത്തനോടും (ഒരുത്തനാൽ)
ന കർത്തവ്യ	വെക്കരുതു്
ദീന ധീ	വിവേകരഹിതനായ്
കുർവ്വൻ	ബാന്ധവ്യം വെക്കുന്നവൻ
കപോതഃ ഇവ	കപോതം (പ്രാവ്) പോലെ
സന്താപം വിന്ദേത	ദുഃഖിക്കുന്നതാകുന്നു,

53. കപോതഃകശ്ചനാരണ്യേ കൃതനീഡോ വനസ്പതൌ
കപോത്യാ ഭാര്യയാ സാദ്ധമുവാസ കതിചിത്സമാഃ

ആരണ്യേ	ഒരു കാട്ടിൽ
വനസ്പതൌ	ഒരു മരത്തിൽ
കൃതനീഡഃ	കൂടുനിർമ്മാണിച്ചു്
കശ്ചന കപോതഃ	ഒരു പ്രാവ്
ഭാര്യയാ കപോത്യാ സാദ്ധം	തന്റെ ഭാര്യപെൺപ്രാവോടുകൂടി
കതിചിത് സമാഃ	ചിലവർഷങ്ങൾ
ഉവാസ	വസിച്ചുവന്നു,

54. കപോതൌ സ്നേഹഗുണിതഹൃദയൌ ഗൃഹധർമ്മിണൌ
ദൃഷ്ടിം ദൃഷ്ട്യാംഗമംഗേന ബുദ്ധിം ബുദ്ധ്യാ ബബന്ധതുഃ

കപോതൌ	ആ രണ്ടു കപോതങ്ങളും
സ്നേഹഗുണിത ഹൃദയൌ	പരസ്പരം പ്രേമബദ്ധമായ മനസ്സോടുകൂടി
ഗൃഹധർമ്മിണൌ ദൃഷ്ടിം ദൃഷ്ട്യാ	ഗൃഹസ്ഥധർമ്മങ്ങളെ അനുഷ്ഠിച്ചുംകൊണ്ടു് ദൃഷ്ടിയെ ദൃഷ്ടികൊണ്ടും

അംഗം / അംഗേന — ദേഹത്തെ ദേഹത്തോടും

ബുദ്ധ്യാ / ബുദ്ധ്യാ — ബുദ്ധിയെ ബുദ്ധിയോടും

ബബന്ധതുഃ — ഒന്നാക്കി ജീവിച്ചു.

55. ശയ്യാസനാട്നസ്ഥാനവാർത്താ ക്രീഡാശനാദികം
മിഥുനീഭൂയവിസ്രബ്ധൌ ചേരതുർവനരാജിഷു

വിസ്രബ്ധൌ — നിർഭയമായി

മിഥുനീഭൂയ — ദമ്പതികളായി ഇരുന്നുംകൊണ്ട്

ശയ്യാസനാട നസ്ഥാന വാർത്താം ക്രീഡാശ നാദികം — കിടക്കുക, ഇരിക്കുക, സഞ്ചരിക്കുക, നില്ക്കുക, സംസാരിക്കുക, ഊണുകഴിക്കുക, മുതലായവയെ

വനരാജിഷു — മരങ്ങൾ അടർന്ന കാടുകളിൽ

ചേരതുഃ — ചെയ്തുവന്നു.

56. യം യം വാഞ്ഛതിസാ രാജംസ്തർപ്പയന്ത്യനുകംപിതാ
തം തം സമനയത് കാമം കൃച്ഛ്രേണാപ്യജിതേന്ദ്രിയഃ

രാജൻ — ഹേ രാജൻ

തർപ്പയന്തീ — തനിക്കു തൃപ്തിയെ ചെയ്യുന്ന

സാ — ആ പെൺപ്രാവ്

അനുകംപിതാ — ദയക്ക് പാത്രീഭൂതയായ്

യം യം കാമം വാഞ്ഛതി — ഏതേതു് ആഗ്രഹങ്ങളെ ആഗ്രഹിക്കുന്നുവോ

തം തം കാമം — അതാതു് ആഗ്രഹങ്ങളെ

അജിതേന്ദ്രിയഃ — ജിതേന്ദ്രിയനല്ലാത്ത ആൺപ്രാവ്

കൃച്ഛ്രേണ അപി — വളരെകഷ്ടപ്പെട്ടിട്ട്

സമനയത് — പൂർത്തിചെയ്തു.

57. കപോതീ പ്രഥമംഗർഭം ഗൃഹ്ണതീകാല ആഗതേ
അണ്ഡാനി സുഷുവേനീഡെസ്വപത്യുഃ സന്നിധൌസതീ

പ്രഥമം ഗർഭം — ആദ്യഗർഭം

ഗൃഹ്ണതീ സതീ കപോതീ — ധരിച്ചപതിവ്രതയായ ആ പെൺപ്രാവ്

കാലെ ആഗതെ — പ്രസവസമയം വന്നതും

നീഡെ — കൂട്ടിൽ

സ്വപത്യുഃ — തന്റെ ഭർത്താവിന്റെ

സന്നിധൌ — മുന്നിലയിൽ

അണ്ഡാനി — മുട്ടകളെ

സുഷുവെ — ഇട്ടു.

58. തേഷു കാലേഷു വ്യജായന്ത രചിതാവയവാ ഹരേഃ
ശക്തിഭിർദുർവിഭാവ്യാഭിഃ കോമളാംഗതനൂരുഹാഃ

തേഷു	ആ മുട്ടകളിൽ
ദുർവിഭാവ്യാഭിഃ	ഊഹിച്ചറിയുവാൻ അസാധ്യമായവയെ
ഹരേഃ ശക്തിഭിഃ	ശ്രീ ഹരിയിൽ ശക്തിയിനാൽ
രചിതാവയവാഃ	സൃഷ്ടിക്കപ്പെട്ട അവയവങ്ങളോടുകൂടിയവയും
കോമളാംഗതനൂരുഹാഃ	മൃദുവായ അംഗങ്ങളും രോമങ്ങളും ഇവകളോടുകൂടിയ പക്ഷികൾ
കാലെ	തക്കസമയത്തിങ്കൽ
വ്യജായത	ഉണ്ടായി. (ജനിച്ചു)

59. പ്രജാഃ പുപുഷതുഃ പ്രീതൌ ദമ്പതീപുത്രവത്സലൌ
ശൃണ്വന്തൌ കൂജിതം താസാം നിർവൃതൌ കലഭാഷിതൈഃ

താസാം കൂജിതഃ	അവയുടെ ശബ്ദത്തെ
ശൃണ്വന്തൌ	കേൾക്കുന്നവരും
കലഭാഷിതൈഃ	മധുരമായ വാക്കുകളാൽ
നിർവൃതൌ	സുഖം പ്രാപിച്ചവരും
പ്രീതൌ	സന്തോഷപ്പെട്ടവകളും
പുത്രവത്സലൌ	പുത്രവാത്സല്യത്തോടുകൂടിയവരുമായ
ദംപതീ	ആ കപോതദമ്പതികൾ
പ്രജാഃ	കുഞ്ഞുകളെ
പുപുഷതുഃ	വളർത്തുന്നു.

60 താസാം പതത്രൈഃ സുസ്പർശൈഃ കൂജിതൈഃ മുഗ്ധചേഷ്ടിതൈഃ
പ്രത്യുദ്ഗമൈരദീനാനാം പിതരൌ മുദമാപതുഃ

അദീനാനാം	സന്തുഷ്ടിയോടുകൂടിയവയായ
താസാം	അവയുടെ
സുസ്പർശൈഃ	മൃദുവായ
പതത്രൈഃ	പക്ഷങ്ങളാലും
കൂജിതൈഃ	ശബ്ദങ്ങളാലും
മുഗ്ധചേഷ്ടിതൈഃ	മനോഹരങ്ങളായ ചേഷ്ടകളാലും
പ്രത്യുദ്ഗമൈഃ	തങ്ങളെ നോക്കിഓടിവരുന്നതാലും
പിതരൌ	മാതാവും പിതാവും
മുദം ആപതുഃ	ആനന്ദം പ്രാപിച്ചു.

61. സ്നേഹാനുബദ്ധഹൃദയാവന്യോന്യം വിഷ്ണുമായയാ
വിമോഹിതൌ ദീനധിയൌ ശിശൂൻ പുപുഷതുഃ പ്രജാഃ

വിഷ്ണുമായയാ	ശ്രീ വിഷ്ണുവിന്റെ മായയാൽ
വിമോഹിതൌ	മോഹിതകളായും
അന്യോന്യം	തമ്മിൽതമ്മിൽ
സ്നേഹാനുബദ്ധഹൃദയൌ	സ്നേഹബദ്ധമായ മനസ്സോടുകൂടിയവരും
ദീനധിയൌ	ആർദ്രമായ ബുദ്ധിയോടുകൂടിയ ആ ദമ്പതികൾ
ശിശൂൻ പ്രജാഃ	ചെറിയ കുഞ്ഞുകളെ
പുപുഷതുഃ	വളർത്തിവന്നു.

62. ഏകദാ ജഗ്മതു സ്താസാമന്നാർത്ഥം തൌ കുടുംബിനൌ
പരിതഃ കാനനേ തസ്മിന്നർത്ഥിനൌ ചേരതുശ്ചിരം

ഏകദാ	ഒരു സമയം (ഒരിക്കൽ)	ജഗ്മതുഃ	പുറത്തുചെന്നു.
തൌ കുടുംബിനൌ	ആ കുടുംബിനികൾ	തസ്മിൻ കാനനെ	ആ കാട്ടിൽ
താസാം	ആ കുഞ്ഞുകളുടെ	അർത്ഥിനൌ	ഇരയെ ആഗ്രഹിച്ച്
അന്നാർത്ഥം	ആഹാരത്തിന്നായ്ക്കൊണ്ട്	പരിതഃ	നാലുഭാഗങ്ങളിലും
		ചിരം ചേരതുഃ	വളരേ നേരം ചുററി അലഞ്ഞു.

63. ദൃഷ്ട്വാ താം ല്ലുബ്ധകഃ കശ്ചിത് യദൃച്ഛാതോ വനേചരഃ
ജഗ്രഹെ ജാലമാതത്യ ചരതഃ സ്വാലയാന്തികേ

വനേചരഃ	കാട്ടിൽ സഞ്ചരിക്കുന്ന	ചരതഃ	സഞ്ചരിക്കുന്ന
കശ്ചിത്	ഒരു വ്യാധൻ	താൻ	ആ പ്രാക്കുഞ്ഞുങ്ങളെ
ലുബ്ധകഃ		ദൃഷ്ട്വാ	കണ്ടിട്ട്
യദൃച്ഛയാ	യാദൃച്ഛികമായ്	ജാലം	വലയെ
സ്വാലയാന്തികെ	തന്റെ കൂട്ടിൽ അരുകിൽ	ആതത്യ	വിരിച്ച്
		ജഗ്രഹെ	പിടിച്ചു.

64. കപോതശ്ച കപോതീ ച പ്രജാപോഷെ സദോത്സുകൌ
ഗതൌ പോഷണമാദായ സ്വനീഡമുപജഗ്മതുഃ

പ്രജാപോഷെ	കുഞ്ഞുങ്ങളെ വളർക്കുന്നതിൽ	കപോതഃ ച	ആൺപ്രാവും
		കപോതീ ച	പെൺപ്രാവും
സദാ	എപ്പോഴും	പോഷണം ആദായ	ഇരയെ എടുത്തുകൊണ്ട്
ഉത്സുകൌ	ഉത്സുകമുള്ളവയും	സ്വനീഡം	തന്റെ കൂട്ടിലേക്ക്
ഗതൌ	ഇരതേടാൻപോയവയുമായ	ഉപജഗ്മതുഃ	തിരിച്ചുവന്നു.

65. കപോതീ സ്വാത്മജാൻ വീക്ഷ്യ ബാലകാൻ ജാലസംവൃതാൻ
താനഭ്യധാവത് ക്രോശന്തീ ക്രോശതോ ഭൃശദുഃഖിതാ

കപോതീ	പെൺ പ്രാവ്	വീക്ഷ്യ	കണ്ട്
ബാലകാൻ	ചെറിയപ്രായമുള്ള		
സ്വാത്മജാൻ	തൻകുഞ്ഞുങ്ങളെ	ഭൃശദുഃഖിതാ	വളരേ ദുഃഖിച്ച്
ജാലസംവൃതാൻ	വലയിൽ കുടുങ്ങിയതായും	ക്രോശന്തീ	കത്തിക്കരഞ്ഞുകൊണ്ട്
ക്രോശതഃ	വലിയഒച്ചയിൽ കരയുന്നവയായും	താൻ അഭ്യധാവത്	അവകളുടെ അരികിൽ ചെന്നു.

66. സാസകൃത് സ്നേഹഗുണിതാ ദീനചിത്താജമായയാ
സ്വയംചാബധ്യത ശിചാ ബദ്ധാൻ പശ്യന്ത്യപസ്മൃതിഃ

അജമായയാ	ഭഗവാന്റെ മായയാൽ	ദീനചിത്താ	ആപത്തുകൊണ്ട് ഇരങ്ങിയ മനസ്സോടുകൂടിയതും
അസകൃത് സ്നേഹഗുണിതാ	തുടർന്നുണ്ടാകുന്ന സ്നേഹത്താൽബദ്ധമായതും	അപസ്മൃതിഃ	തന്റെ സ്മരണ ഇല്ലാത്തതായ
		സാ ച	ആ പെൺ പ്രാവും
		സ്വയം	തന്നത്താൻ
ബദ്ധാൻ പശ്യന്തി	വലയിൽ പെട്ടുകുടുങ്ങിയ തന്റെ കുഞ്ഞുങ്ങളെ നോക്കിക്കൊണ്ടും	ശിചാ ആബദ്ധ്യത	വലയിൽ പെട്ടു.

67. കപോതശ്ചാത്മജാൻ ബദ്ധാനാത്മനോഽപ്യധികാൻ പ്രിയാൻ
ഭാര്യാം ചാത്മസമാം ദീനോ വിലലാപാതി ദുഃഖിതഃ

കപോതഃ ച	ആൺ പ്രാവും	ആത്മസമാം	സ്വാത്മതുല്യയായ
ആത്മനഃ അപി	തന്റെ ആത്മാവിനേക്കാൾ	ഭാര്യാം ച	(കുടുങ്ങിയിരിക്കുന്ന) ഭാര്യയേയും കണ്ടിട്ട്
അധികാൻ പ്രിയാൻ	വളരേ അധികം പ്രിയമുള്ളവയായ		
ആത്മജാൻ ബദ്ധാൻ	കുഞ്ഞുങ്ങൾ വലയിൽ കുടുങ്ങിയിരിക്കുന്നതിനേയും	അതിദുഃഖിതഃ	വളരേ ദുഃഖത്തോടെ
		ദീനഃ	വളരേ ദൈന്യത്തോടെ
		വിലലാപ	വിലപിച്ചു.

68. അഹോമേ പശ്യതാപായമല്പപുണ്യസ്യ ദുർമ്മതേഃ
അതൃപ്തസ്യാകൃതാർത്ഥസ്യ ഗൃഹസ്ത്രൈവർഗ്ഗികോഹതഃ

അഹോ	കഷ്ടം	അകൃതാർത്ഥസ്യ	വേണ്ടപോലെ ഫലം ലഭിക്കാത്തവനും;
ദുർമ്മതേഃ മേ	ദുർബ്ബുദ്ധിയോടുകൂടിയ എനിക്കു നേരിട്ട	അതൃപ്തസ്യ	അതൃപ്തനമായ എന്റെ
അപായം	അപകടത്തെ	ത്രൈവർഗ്ഗികഃ	ധർമ്മാർത്ഥകാമങ്ങൾക്കു കാരണമായ
പശ്യത	നോക്കുക.	ഗൃഹഃ	ഗൃഹം(ഭാര്യയും കുഞ്ഞുങ്ങളും)
അല്പപുണ്യസ്യ	അല്പപുണ്യത്തോടുകൂടിയും	ഹതഃ	നശിച്ചുപോയല്ലോ.

69. അനുരൂപാനുകൂലാ ച യസ്യമേ പതിദേവതാ
ശൂന്യേ ഗൃഹേ മാം സന്ത്യജ്യ പുത്രൈഃ സ്വര്യാതി സാധുഭിഃ

70. **സോഽഹം ശൂന്യേ ഗൃഹേ ദീനോ മൃത ദാരോ മൃത പ്രജഃ**
ജിജീവിഷേ കിമർത്ഥം വാ വിധുരോ ദുഃഖജീവിതഃ

യസ്യ മെ	എപ്രകാരമുള്ള എനിക്ക്
അനുരൂപാ	അനുരൂപയും
പതിദേവതാ	പതിയെ ദൈവമായി വിചാരിക്കുന്നവളും
അനുകൂലാ	അനുകൂലയും
ഭാര്യാ ച	ഭാര്യ
ശൂന്യേ ഗൃഹെ	ശൂന്യമായ വീട്ടിൽ
മാം സന്ത്യജ്യ	എന്നെ ത്യജിച്ച്
സാധുഭിഃ പുത്രൈഃ	സാധുക്കളായ കുഞ്ഞുങ്ങളോടുകൂടി
സ്വഃ യാതി	സ്വർഗ്ഗം പ്രാപിക്കുന്നുവോ
സഃ അഹം	അപ്രകാരമായ ഞാൻ
മൃത ദാരഃ	മരിച്ചുപോയ ഭാര്യയോടു കൂടിയവനായിട്ടും
മൃത പ്രജഃ	മരിച്ചുപോയ സന്താനങ്ങളോടുകൂടിയവനായിട്ടും
വിധുരഃ	ഭാര്യാരഹിതനായും
ദീനഃ	ദീനനായും
ദുഃഖജീവിതഃ	ദുഃഖമായ ജീവിതത്തോടു കൂടി
ശൂന്യേ ഗൃഹേ	ശൂന്യമായ വീട്ടിൽ
കിമർത്ഥം വാ	എന്തിനുവേണ്ടി
ജിജീവിഷേ	ജീവിച്ചിരിക്കേണം.

71. **താംസ്തഥൈവാവൃതാൻ ശിഗ്ഭിർമൃത്യുഗ്രസ്താൻ വിചേഷ്ടതഃ**
സ്വയം ച കൃപണം ശിക്ഷു പശ്യന്നപ്യബുധോഽപതത്

ശിഗ്ഭിഃ	വലകളാൽ
ആവൃതാൻ	ആവൃതമായും
മൃത്യുഗ്രസ്താൻ	മൃത്യുഗ്രസ്തനും
വിചേഷ്ടതഃ	ഉരുടിക്കുന്നവയുമായ
താൻ	അവയെ
പശ്യൻ അപി	നോക്കിക്കൊണ്ടേ
കൃപണം	ദയാലുവും
അബുധഃ	അറിവ് നഷ്ടപ്പെട്ടതും ആയ ആൺപ്രാവും
തഥാ ഏവ	ആ വിധം തന്നെ
ശിക്ഷു	വലകളിൽ
സ്വയം ച അപതത്	സ്വയം വീണു.

72. **തം ലബ്ധ്വാ ലുബ്ധകഃ ക്രൂരഃ കപോത ഗൃഹമേധിനം**
കപോതകാൻ കപോതീം ച സിദ്ധാർത്ഥഃ പ്രയയൌ ഗൃഹം

ക്രൂരഃ	ക്രൂരനായ
ലുബ്ധകഃ	ആ വ്യാധൻ
ഗൃഹമേധിനം	ഗൃഹസ്ഥനായ
തം കപോതം	ആ ആൺപ്രാവിനേയും
കപോതകാൻ	പ്രാക്കുഞ്ഞുങ്ങളേയും
കപോതീം ച	പെൺപ്രാവിനേയും
ലബ്ധ്വാ	ലഭിച്ചവനായ്
സിദ്ധാർത്ഥഃ	തൻകാര്യസിദ്ധിയോടു കൂടി
ഗൃഹം പ്രയയൌ	ഗൃഹം പോയ്ച്ചേർന്നു.

73. **ഏവം കുടുംബ്യശാന്താത്മാ ദ്വന്ദ്വാരാമഃ പതത്രിവത്**
പുഷ്ണൻ കുടുംബം കൃപണഃ സാനുബന്ധോഽവസീദതി

ഏവം പതത്രിവത്	ഇങ്ങിനെ പ്രാവുപോലെ	കൃപണം	ദയാലുവായ്
കുടുംബീ	കുടുംബസ്ഥൻ	കുടുംബം പുഷ്ണൻ	കുടുംബഭാരം നിർവ്വഹിച്ച്
അശാന്താത്മാ	അശാന്തിയോടുകൂടിയ മനസ്സോടെ	സാനുബന്ധഃ	പരിവാരങ്ങളോടുകൂടി
ദ്വന്ദ്വാരാമഃ	സുഖദുഃഖരൂപങ്ങളായ ദ്വന്ദ്വാദികളിൽ ലയിച്ചിട്ട്	അവസീദതി	നശിച്ചുപോകുന്നു.

74. യഃ പ്രാപ്യ മാനുഷം ലോകം മുക്തിദ്വാരമപാവൃതം
ഗൃഹേഷു ഖഗവത് സക്തസ്തമാരൂഢച്യുതം വിദുഃ

അപാവൃതം	തുറന്നുവയ്ക്കപ്പെട്ട	ഖഗവത്	പ്രാവുപോലെ
മുക്തിദ്വാരം	മോക്ഷരൂപമായ വാതിലുകളോടുകൂടിയ	ഗൃഹേഷു	വീട്ടിൽതന്നെ
മാനുഷം	മാനവജന്മം	സക്തഃ	ബന്ധപ്പെട്ടിരിക്കുന്നവോ
ലോകം		തം	അവനെ
പ്രാപ്യ	പ്രാപിച്ച്	ആരൂഢച്യുതം	ആരൂഢപതിതനായ്
യഃ	ഏവൻ	വിദുഃ	വിചാരിക്കുന്നു.

ഇതി ശ്രീമത് ഭാഗവതപുരാണത്തിൽ പതിനൊന്നാംസ്കന്ധം ഏഴാമദ്ധ്യായം സമാപ്തം.

ആദിത ശ്ലോകങ്ങൾ—12499 പതിനൊന്നാംസ്കന്ധം
ആദിത ശ്ലോകങ്ങൾ- 333

അഷ്ടമോധ്യായഃ = അധ്യായം എട്ട്

അവധൂതസ്യാജഗരാദി നവഗുരൂണാം വർണനം അവധൂതൻ മലമ്പാമ്പ് മുതലായ ഒമ്പതു് ഗുരുനാഥന്മാരെ വർണിക്കുന്നതു്.

അഷ്ടമേऽജഗരാദിഭ്യോ നവഭ്യഃ ശിക്ഷിതം ഹരിഃ
അവധൂതഗിരാപ്രാഹ വിവേകായോദ്ധവം പ്രതി

എട്ടാമത്തെ അദ്ധ്യായത്തിൽ ശ്രീകൃഷ്ണഭഗവാൻ ഉദ്ധവന്ന് വിവേകം ഉണ്ടാകുവാനായി അവധൂതന്റെ വാക്കുകളാൽ മലമ്പാമ്പ് മുതലായ ഒമ്പതു വ്യക്തികളിൽ നിന്നും പഠിച്ചതിനെ ഉപദേശിക്കുന്നു.

ബ്രാഹ്മണ ഉവാച:— ബ്രാഹ്മണൻ പറഞ്ഞു.

1. സുഖമൈന്ദ്രിയകം രാജൻ സ്വർഗ്ഗേ നരക ഏവച
ദേഹിനാം യത് യഥാ ദുഃഖം തസ്മാന്നേച്ഛേത തൽബുധഃ

രാജൻ	ഹേ രാജൻ
ദേഹിനാം	ശരീരികൾക്ക്
സ്വർഗ്ഗേ	സ്വർഗ്ഗത്തിങ്കൽ (മനുഷ്യശരീരത്തിൽ)
ഐന്ദ്രികം	ഇന്ദ്രിയം വഴി ലഭിക്കുന്ന
സുഖം	സുഖം
യത്	ഏതൊന്നുണ്ടോ അത്
ദുഃഖംയഥാ	ദുഃഖംഉണ്ടാകുന്നതുപോലെ തന്നെ
നരകെ ഏവ ച	നരകത്തിലും (തിര്യക് യോനിയിലും) ഉണ്ടാകുക തന്നെ ചെയ്യുന്നു
തസ്മാത്	ആയതുകൊണ്ട്
ബുധഃ	വിവേകി
തത്	അതിനെ (ഇന്ദ്രിയസുഖത്തെ)
ന ഇച്ഛേത	ആഗ്രഹിക്കരുത്

2. ഗ്രാസം സുമൃഷ്ടം വിരസം മഹാന്തം സ്തോകമേവവാ
യദൃച്ഛയൈവാപതിതം ഗ്രസേദാജഗരോऽക്രിയഃ

ആജഗരഃ	മലമ്പാമ്പിന്റെ അവസ്ഥയെ അനുകരിച്ച്
അക്രിയം	ഉദാസീനനായ്
സുമൃഷ്ടം	നല്ല സ്വാദുള്ളതോ
വിരസം വാ	സ്വാദില്ലാത്തതോ ആയതും
മഹാന്തം	വലിയതോ
സ്തോകം ഏവ	അഥവാ അല്പമോ ആയതും
യദൃച്ഛയാ	യാദൃച്ഛികമായ്
ആപതിതം	ലഭിച്ചതും ആയ
ഗ്രാസം ഏവ	ആഹാരത്തേയോ
ഗ്രസേത്	ഭുജിക്കണം

3. ശയീതാഹാനി ഭൂരിണി നിരാഹാരോऽനുപക്രമഃ
യദി നോപനമേദ് ഗ്രാസോ മഹാഹിരിവ ദിഷ്ടഭുക്

ഗ്രാസഃ	(ഒരുമുഷ്ടി)ആഹാരമായതു്
ന ഉപനമേത് യദി	ഒരുപക്ഷേ ലഭിച്ചില്ലെങ്കിൽ
മഹാഹി ഇവ	വലിയ പാമ്പുപോലെ
ദിഷ്ടഭുക്	പ്രാപ്തമായതിനെ ഭുജിച്ച് (ആഹാരപ്രതിബന്ധകമായ പൂർവ്വജന്മകൃതകർമ്മങ്ങളെ അനുഭവിക്കുന്നവനായ്)
നിരാഹാരഃ	ഭക്ഷണം ഇല്ലാതെ
അനുപക്രമഃ	അതിനുവേണ്ടി പ്രയത്നിക്കാത്തവനായ്
ഭൂരിണി അഹാനി	വളരെ ദിവസങ്ങളും
ശയീത	ശയിച്ചിരിക്കേണ്ടതാകുന്നു. (കിടന്നുകൊണ്ടുതന്നെ ഇരിക്കേണ്ടതാകുന്നു.

4. ഓജസ്സഹോബലയുതം ബിഭ്രത് ദേഹസകർമ്മകം
ശയാനോ വീതനിദ്രശ്ച നേഹേതേന്ദ്രിയവാനപി

ഓജഃ സഹോ ബലയുതം	ഇന്ദ്രിയബലം, മനോബലം, ദേഹബലം. ഇവയോടുകൂടി ഇരുന്നിട്ടും
ദേഹം	ദേഹത്തെ
അകർമ്മകം ബിഭ്രത്	യാതൊരു ജോലിയും ചെയ്യാതെ ധരിക്കുന്നവനായ്
ശയാനഃ	കിടന്നുംകൊണ്ട്
അപി	ഇരുന്നിട്ടും
വീതനിദ്രഃ	ഉറക്കമില്ലാത്തവനായ് (സ്വപ്രയോജനലക്ഷ്യനായ്)
ഇന്ദ്രിയവാൻ ച	ഇന്ദ്രിയങ്ങളോടുകൂടി ഇരുന്നാലും
ന ഈഹേത	ഇന്ദ്രിയവ്യാപാരങ്ങളെ ചെയ്യുവാൻ പാടില്ല. (ദർശനം, ശ്രവണം മുതലായവയെ)

5. **മുനിഃ പ്രസന്നഗംഭീരോ ദുർവ്വിഗാഹ്യോ ദുരത്യയ**
അനന്തപാരോ ഹ്യക്ഷോഭ്യഃ സ്തിമിതോദ ഇവാർണ്ണവഃ

മുനിഃ	മുനിയായവൻ
സ്തിമിനോദഃ	ചലിക്കാത്ത ജലത്തോടുകൂടിയ
അർണവഃ ഇവ	സമുദ്രം പോലെ
പ്രസന്നഗംഭീരഃ	പുറമെ തെളിഞ്ഞവനായും ഉള്ളിൽ ഗംഭീരമായ വിചാരത്തോടും
ദുർവ്വിഗാഹ്യഃ	അഭിപ്രായം അറിയുവാൻ സാധിക്കാത്തവനായ് ഇരിക്കുന്നതിനാൽ ഈ വിധനായവൻ എന്ന് ആരാലും അറിയുവാൻ സാധിക്കാത്തവനായും
ദുരത്യയഃ	തേജസ്വിയായി ഇരിക്കുന്നതിനാൽ ആരാലും അവിധേയനായ് ഇരിക്കുവാൻ അസാധ്യനും
അനന്തപാരഃ	ദേശത്താലും കാലത്താലും ഗണിക്കുവാൻ സാധിക്കാത്തവനായും
അക്ഷോഭ്യഃ ഹി	രാഗരഹിതനായി ഇരിക്കുന്നതിനാൽ വികാരപ്പെടുത്താൻ സാധിക്കാത്തവനായ് ഇരിക്കേണ്ടതാണ്

6. **സമൃദ്ധകാമോ ഹീനോ വാ നാരായണപരോമുനിഃ**
നോത്സർപ്പേത ന ശുഷ്യേത സരിദ്ഭിരിവ സാഗരഃ

സരിദ്ഭിഃ	നദികളാൽ
സാഗരഃ ഇവ	സമുദ്രം മാറാത്തതുപോലെ
മുനിഃ	മുനിയായവൻ
സമൃദ്ധകാമഃ	കാമം തൃപ്തനായിട്ടോ
ഹീനഃ വാ	അഥവാ ന്യൂനതയുള്ളവനായ് ഇരുന്നിട്ടും കൂടി
നാരായണപരഃ	നാരായണനെ ധ്യാനിക്കുന്നവനായ്
ന ഉത്സർപ്പേത	ഉയരുവാനും (സന്തോഷപ്പെടുന്നതും) പാടില്ല.
ന ശുഷ്യേത	(ദുഃഖിക്കുവാനും) വീഴാനും പാടില്ല.

7 **ദൃഷ്ട്വാസ്ത്രീയം ദേവമായാം തദ്ഭാവൈരജിതേന്ദ്രിയഃ**
പ്രലോഭിതഃ പതത്യന്ധേതമസ്യഗ്നൌ പതംഗവത്

ദേവമായാം	ദേവന്റെ മായാരൂപമായ	അഗ്നൌ	അഗ്നിയിൽ
സ്ത്രീയം ദൃഷ്ട്വാ	സ്ത്രീയെ കണ്ട്	പതംഗവത്	വിളക്കവെട്ടിൽ പൂച്ചി പോലെ (വീഴുന്നു.)
തത് ഭാവൈ	അവളുടെ ശൃംഗാര ചേഷ്ടകളാൽ	അന്ധേ തമസി	അന്ധതമസ് എന്ന നരകത്തിൽ (അജ്ഞാതമാകുന്ന ഇരുട്ടിൽ)
പ്രലോഭിതഃ	മോഹിച്ചവനും		
അജിതേന്ദ്രിയഃ	ഇന്ദ്രിയങ്ങളെ ജയിക്കാത്തവനുമായ മനുഷ്യൻ	പതതി	വീഴുന്നു.

8. യോഷിദ്ധിരണ്യാഭരണാംബരാദിദ്രവ്യേഷു മായാരചിതേഷു മൂഢഃ
പ്രലോഭിതാത്മാ ഹ്യുപഭോഗബുദ്ധ്യാ പതംഗവന്നശ്യതിനഷ്ടദൃഷ്ടിഃ

മായാരചിതേഷു	മായയാൽ സൃഷ്ടിക്കപ്പെട്ട	പ്രലോഭിതാത്മാ	വഞ്ചിക്കപ്പെട്ട മനസ്സോടു കൂടിയവനും
യോഷിദ്ധിരണ്യാഭരണാംബരാദി ദ്രവ്യേഷു	സ്ത്രീ, സ്വർണ്ണം, ആഭരണം വസ്ത്രം, മുതലായ വസ്തുക്കളിൽ	ഹി	ആയതുകൊണ്ട്
		നഷ്ടദൃഷ്ടിഃ	ദൃഷ്ടിഹീനനുമായ മനുഷ്യൻ (വിവേകമില്ലാത്തവനും)
മൂഢഃ	മോഹിതനും		
ഉപഭോഗബുദ്ധ്യാ	സുഖസാധനമെന്നു കരുതി	പതംഗവത്	വീട്ടിൽ പൂച്ചിപോലെ
		നശ്യതി	നാശം പ്രാപിക്കുന്നു.

9. സ്തോകം സ്തോകം ഗ്രസേത് ഗ്രാസം ദേഹോവർത്തേത യാവതാ
ഗൃഹാനഹിംസന്നാതിഷ്ഠേദ് വൃത്തിം മാധുകരിം മുനിഃ

സ്തോകം സ്തോകം	അല്പാല്പമായ്	ദേഹഃ	ശരീരം
ഗൃഹാൻ	ഗൃഹസ്ഥന്മാരെ	വർത്തേത	ജീവിച്ചിരിക്കുമോ അത്ര
അഹിംസൻ	ഹിംസിക്കാത്തവനായ്	ഗ്രസേത്	ഭക്ഷിക്കേണം
മുനിഃ	മുനി	മാധുകരി	വണ്ടിന്റെ
ഗ്രാസം	ഭക്ഷണം	വൃത്തിഃ	വൃത്തിയെ
യാവതാ	എത്ര കഴിച്ചാൽ (ഭക്ഷിച്ചാൽ)	ആശ്രയേത്	ആശ്രയിക്കേണം

(വണ്ടുകൾ പുഷ്പങ്ങൾക്ക് യാതൊന്നു കേടുപററാതെ എങ്ങിനെ അവയിലുള്ള മധുമാത്രം ലേശം ലേശമായ് ശേഖരിക്കുന്നുവോ, അതുപോലെ)

10. അണുഭ്യശ്ച മഹദ്ഭ്യശ്ച ശാസ്ത്രേഭ്യഃ കുശലോ നരഃ
സർവ്വതഃ സാരമാദദ്യാത് പുഷ്പേഭ്യഃ ഇവ ഷട്പദഃ

ഷട്പദഃ	വണ്ട്
പുഷ്പേഭ്യഃഇവ	ചെറിയതും വലിയതുമായ പൂക്കളിൽനിന്നും തേൻ ശേഖരിക്കുന്നതുപോലെ
കുശലഃ നരഃ	ബുദ്ധിമാനായ മനുഷ്യൻ
അണുഭ്യഃ	ചെറിയതായും (സംഗ്രഹമായും)
മഹദ്ഭ്യഃ	വലിയതുമായ (വിശാലമായതും)
ശാസ്ത്രേഭ്യഃ	ശാസ്ത്രങ്ങളിൽനിന്നും
സർവ്വതഃ ച	എല്ലാസ്ഥലങ്ങളിൽനിന്നും
സാരം	സാരമായവയെ (പ്രധാനമായവയെ)
ആദദ്യാത്	ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു.

11. **സായന്തനം ശ്വസ്തനം വാ ന സംഗൃഹ്ണീത ഭിക്ഷിതം**
പാണിപാത്രോദരാമത്രോ മക്ഷികേവ ന സംഗ്രഹീ

ഭിക്ഷിതം	ഭിക്ഷ എടുത്തുലഭിച്ച അന്നം മുതലായവയെ
സായന്തനം	ഇതു് വൈകുന്നേരം ഭക്ഷിക്കേണ്ടതാകുന്നു എന്നോ
ശ്വസ്തനം വാ	ഇതു് നാളെ രാവിലെ ഭക്ഷിക്കേണ്ടതാകുന്നു എന്നോ
ന സംഗൃഹ്ണീത	ശേഖരിച്ചുവെക്കുവാൻ പാടില്ല.
പാണിപാത്രഃ	സ്വ കരങ്ങളെ ഭിക്ഷാപാത്രമായിട്ടും
ഉദരാമത്രഃ	ഭിക്ഷ എടുത്തുകിട്ടിയവയെ സൂക്ഷിക്കുന്ന സ്ഥലം തന്റെ ഉദരം മാത്രം എന്നും കരുതേണ്ടതാകുന്നു.
മക്ഷികാ ഇവ	മധുകരങ്ങൾ പോലെ
സംഗ്രഹീന	ശേഖരിച്ചുസൂക്ഷിക്കുന്നവനായ് ഇരിക്കരുത്

12 **സായന്തനം ശ്വസ്തനം വാ ന സംഗൃഹ്ണീത ഭിക്ഷുകഃ**
മക്ഷികാ ഇവ സംഗൃഹ്ണൻ സഹതേന വിനശ്യതി

ഭിക്ഷുകഃ	യാചിച്ച് ഭക്ഷിക്കുന്നവൻ
മക്ഷികാ ഇവ	മധുകരങ്ങൾപോലെ
സായന്തനം	വൈകുന്ന സമയം കഴിക്കാം എന്നോ
ശ്വസ്തനം വാ	നാളെ വേണ്ടതാണു് എന്നോ
ന സംഗൃഹ്ണീത	ശേഖരിച്ച് സൂക്ഷിച്ചുവെക്കരുതു്
സംഗൃഹ്ണൻ	അങ്ങനെ ശേഖരിച്ചു സൂക്ഷിക്കുന്നവൻ
തേന സഹ	അതോടുകൂടി
വിനശ്യതി	നശിക്കുന്നതാകുന്നു.

13 **പദാപി യുവതീം ഭിക്ഷുർ ന സ്പൃശേത് ദാരവീമപി**
സ്പൃശൻ കരീവ ബദ്ധ്യേത കരിണ്യാ അംഗസംഗതഃ

ഭിക്ഷുഃ — സന്ന്യാസി
ദാരവീം അപി — മരത്തിൽ ചെയ്യതായിതന്നാലും
യുവതീം — സ്ത്രീരൂപത്തെ
പദാ അപി — പാദങ്ങളിനാലും കൂടി
ന സ്പൃശേത് — തോടരുതു് (സ്പർശിക്കവാൻ പാടില്ല.
സ്പൃശൻ — ഒരുപക്ഷേ തൊട്ടവെങ്കിൽ
കരിണ്യാഃ — പെട്ട ആനയുടെ
അംഗസംഗതഃ — അംഗസ്പർശം ചെയ്ത
കരീ ഇവ — ആൺആനപോലെ
ബദ്ധ്യേത — ബദ്ധനായ് ഭവിക്കുന്നതാകുന്നു.

14. **നാധിഗച്ഛേത് സ്ത്രിയം പ്രാജ്ഞഃ കർഹിചിന്മൃത്യുമാത്മനഃ**
ബലാധികൈഃ സ ഹന്യേത ഗജൈരന്യൈർഗജോ യഥാ

പ്രാജ്ഞഃ — ബുദ്ധിമാൻ
ആത്മനഃ മൃത്യും — തൻമരണകാരണമായ
സ്ത്രിയം — സ്ത്രീയെ
കർഹിചിത് — ഒരിക്കലും
ന അധിഗച്ഛേത് — ആഗ്രഹിക്കരുതു്
ഗജഃ — (പിടിആനയോടു് സംഗമിക്കവാൻ ആഗ്രഹിച്ച ആൺ ആന)
അന്യൈഃ ഗജൈഃ യഥാ — ഇതരഗജങ്ങളാൽ വധിക്കപ്പെടുന്നതുപോലെ
ബലാധികൈഃ — ബലം അധികം ഉള്ളവരാൽ
സഃ — അവൻ
ഹന്യേത — കൊല്ലപ്പെടും

15. **നദേയം നോപഭോഗ്യം ലുബ്ധൈര്യദ്ദുഃഖസഞ്ചിതം**
ഭുങ്‌ക്തേ തദപി തച്ചാന്യോ മധുഹേവാർത്ഥവിന്മധു

ലുബ്ധൈഃ — ലോഭികളാൽ
യത് — ഏതൊരു സാധനം
ദുഃഖസഞ്ചിതം — കഷ്ടപ്പെട്ടു് ശേഖരിക്കപ്പെട്ട
ന ഉപഭോഗ്യം — താൻ അനുഭവിക്കാതെയും
ന ദേയം ച — അന്യന്മാർക്കു് നൽകപ്പെടാതേയും ഇരിക്കുന്നുവോ
തത് — അതിനേയും
തത് ച — (അതിനെ എടുത്തവൻ അനുഭവിക്കാത്തവിഷയത്തിൽ) അതിനേയും
മധുഹാ — തേൻ ശേഖരിക്കുന്നവൻ
മധു ഇവ — തേൻ എടുത്തു് അനുഭവിക്കുന്നതുപോലെ
അർത്ഥവിത് — ധനം ഇരിക്കുന്നതിനേയും അതിനെ അപഹരിക്കേണ്ട വഴിയെ അറിഞ്ഞവനമായ
അന്യഃ അപി — അന്യൻ ഒരുത്തൻ
ഭുങ്‌ക്തേ — അനുഭവിക്കുന്നു.

16. **സുദുഃഖോപാർജിതൈർവിത്തൈരാശാസാനാം ഗൃഹാശിഷഃ**
മധുഹേവാഗ്രതോ ഭുങ്‌ക്തേ യതിർവൈ ഗൃഹമേധിനാം

സുദുഃഖോപാർജിതൈഃ	വളരേ കഷ്ടപ്പെട്ടു് സമ്പാദിക്കപ്പെട്ട
വിത്തൈഃ	ധനങ്ങളെക്കൊണ്ടു്
ഗൃഹാശിഷഃ	ഗൃഹസംബന്ധമായ വിഷയസുഖങ്ങളെ
ആശാസാനാം	ഇച്ഛിക്കുന്ന
ഗൃഹമേധിനാം	ഗൃഹസ്ഥന്മാരുടെഅന്നന്നന്നം
മധുഹാ ഇവ	(വളരെ കഷ്ടപ്പെട്ട് തേൻ എടുത്തു് അതിനെ ഒരു സ്ഥലത്തിൽ ശേഖരിച്ച് വെച്ച തേനീച്ചകൾ തേൻ കുടിക്കുന്നതിനുമുമ്പേതന്നെ) തേൻ ശേഖരിക്കുന്നത് എടുത്തുകുടിക്കുന്നതുപോലെ
യതിഃ	സന്യാസി
അഗ്രതഃ	ആദ്യം
ഭുംക്തേ	ഭുജിക്കുന്നു.

17. **ഗ്രാമ്യഗീതം ന ശൃണുയാത് യതിർവനചരഃ ക്വചിത്**
ശിക്ഷേത ഹരിണാദ് ബദ്ധാന്മൃഗയോർഗീതമോഹിതാത്

വനചരഃ	വനത്തിൽ സഞ്ചരിക്കുന്നവനായ
യതിഃ	യതി
ക്വചിത്	ഒരുസ്ഥലത്തിലും ഒരു സമയത്തിലും
ഗ്രാമ്യഗീതം	ഗ്രാമ്യജനങ്ങളുടെ (വിഷയബന്ധത്തിനെ) നല്കുന്ന ഗീതത്തിനെ
ന ശൃണുയാത്	കേൾക്കാൻ പാടില്ല എന്ന വസ്തുതയെ
മൃഗയോഃ	വേടന്റെ
ഗീതമോഹി	പാട്ടുകൊണ്ടു് മോഹം
താത്	പ്രാപിച്ചു്
ബദ്ധാത്	ആയതിനാൽ ബന്ധനത്തിൽ ആയ
ഹരിണാത്	മാൻ എന്ന മൃഗത്തിൽ നിന്നും
ശിക്ഷേത	പഠിക്കേണ്ടതാകുന്നു.

18. **നൃത്യവാദിത്രഗീതാനി ജുഷൻ ഗ്രാമ്യാണി യോഷിതാം**
ആസാം ക്രീഡനകോ വശ്യഃ ഋഷ്യശൃംഗോ മൃഗീസുതഃ

ഗ്രാമ്യാണി	മനോഹരങ്ങളായ
യോഷിതാം	സ്ത്രീകളുടെ
നൃത്ത്യവാദിത്ര	നൃത്ത്യം, വാദ്യം, ഗീതം
ഗീതാനി	ഇവകളെ
ജുഷൻ	അനുഭവിച്ചു്
മൃഗീസുതഃ	മാനിൽ ജനിച്ചവനമായ
ഋഷ്യശൃംഗഃ	ഋഷ്യശൃംഗമഹർഷി
ആസാം	അവകൾക്കു്
ക്രീഡനകഃ	കളിക്കോപ്പായ് വേച്ചു്
വശ്യഃ	വശീകൃതനായ്

19. **ജിഹ്വയാതിപ്രമാഥിന്യാ ജനോ രസവിമോഹിതഃ**
മൃത്യുമൃച്ഛത്യസദ്ബുദ്ധിർമീനസ്തു ബഡിശൈര്യഥാ

രസവിമോഹിതഃ	രസത്തിൽ അധികം മോഹം പ്രാപിച്ച
അസത് ബുദ്ധിഃ	വാസ്തവം അറിയാത്ത ബുദ്ധിയോടുകൂടിയ
ജനഃ	മനുഷ്യൻ
അതിപ്രമാഥിന്യാ	വളരെയധികം ക്ലേശത്തിനെ നൽകുന്ന

ജിഹ്വയാ ഇതി	നാക്കിൻ കാരണത്താൽ	മീനഃ യഥാ	മത്സ്യം എന്നപോലെ
ബഡിശൈഃ	ബഡിശംകൊണ്ട് (മീൻപിടിക്കുന്നി)	മൃത്യും ഋച്ഛതി	മരണം പ്രാപിക്കുന്നു.

20. ഇന്ദ്രിയാണി ജയന്ത്യാശു നിരാഹാരാ മനീഷിണഃ
വർജയിത്വാ തു രസനം തന്നിരന്നസ്യ വർദ്ധതേ

മനീഷിണഃ	ബുദ്ധിമാന്മാർ	ഇന്ദ്രിയാണി	മറ്റ് ഇന്ദ്രിയങ്ങളെ
നിരാഹാരാഃ	ആഹാരം കഴിക്കാതെ ഇരുന്നുംകൊണ്ട്	ആശു	സുലഭമായ്
		ജയന്തി	ജയിക്കുന്നു.
രസനം	രസനേന്ദ്രിയത്തിനെ (നാവിനെ)	നിരന്നസ്യ	ആഹാരം ഇല്ലാത്തവന്
		തത് തു	ആ രസനേന്ദ്രിയം മാത്രം
വർജയിത്വാ	വർജിച്ചിട്ട്	വർദ്ധതേ	വർദ്ധിക്കുന്നു.

21. താവജ്ജിതേന്ദ്രിയോ ന സ്യാത് വിജിതാന്യേന്ദ്രിയഃ പുമാൻ
ന ജയേത് രസനം യാവജ്ജിതം സർവ്വം ജിതേ രസേ

വിജിതാന്യേന്ദ്രിയഃ	മറ്റു ഇന്ദ്രിയങ്ങളെ ജയിച്ച	ജിതേന്ദ്രിയഃ	ജിതേന്ദ്രിയനായ്
		ന സ്യാത്	ഭവിക്കുകയില്ല.
പുമാൻ	പുരുഷൻ	രസേ ജിതേ	രസനേന്ദ്രിയം ജയിക്കപ്പെട്ടുവെങ്കിൽ
യാവത്	എത്രകാലം		
രസനം ന	രസനേന്ദ്രിയത്തിനെ		
ജയേത്	ജയിച്ചില്ലയോ	സർവ്വം ജിതം	അന്യത് സർവ്വവും ജയിക്കപ്പെട്ടതായി ഭവിക്കുന്നു.
താവത്	അത്രയുംകാലം		

22 പിംഗളാ നാമവേശ്യാഽഽസീദ്‌വിദേഹനഗരേ പുരാ
തസ്യാ മേ ശിക്ഷിതം കിഞ്ചിന്നിബോധ നൃപനന്ദന

നൃപനന്ദന	ഹേ രാജകുമാര!	വേശ്യാ ആസീത്	ദാസി ഉണ്ടായിരുന്നു.
വിദേഹനഗരേ	വിദേഹനഗരത്തിൽ	തസ്യാഃ	അവളിൽനിന്നും
		മേ ശിക്ഷിതം	എന്നാൽ അഭ്യസിക്കപ്പെട്ട
പുരാ	പണ്ടൊരു കാലത്തിൽ	കിഞ്ചിത്	ചെറിയ വിഷയത്തിനെ
പിംഗളാ നാമ	പിംഗള എന്ന് പേരായ	നിബോധ	നീ അറിഞ്ഞുകൊള്ളുക.

23. സാ സ്വൈരിണ്യേകദാകാന്തം സങ്കേത ഉപനേഷ്യതി
അഭൂത് കാലേ ബഹിർദ്വാരി ബിഭ്രതീ രൂപമുത്തമം

സ്വൈരിണീ സാ	വ്യഭിചാരിയായ അവൾ
ഏകദാ	ഒരിക്കൽ
കാന്തം	തന്റെ മനസ്സിന് ഇഷ്ടമായ നായകനെ
സങ്കേതേ	കിടപ്പുമുറിക്ക് (ശയനഗൃഹത്തിൽ)
ഉപനേഷ്യതി	കൂട്ടിക്കൊണ്ടുപോകുവാനാഗ്രഹിച്ച്
ഉത്തമം രൂപം ബിഭ്രതി	ഭംഗിയായ് അലങ്കരിച്ച്
കാലേ	രാത്രി സമയം
ബഹിഃ	പുറത്ത്
ദ്വാരി അഭ്രത്	ഉമ്മറപ്പടിയിങ്കൽനിന്നും

24. **മാർഗ്ഗ ആഗച്ഛതോ വീക്ഷ്യ പുരുഷാൻ പുരുഷർഷഭ**
താഞ്ഛുല്കദാൻ വിത്തവതഃ കാന്താൻ മേനേഽർത്ഥകാമുകാ

പുരുഷർഷഭ	ഹേ പുരുഷോത്തമ
അർത്ഥകാമുകാ	ധനാഗ്രഹിയായ അവൾ
മാർഗ്ഗേ	വഴിയിൽ
ആഗച്ഛതഃ	വരുന്ന
പുരുഷാൻ വീക്ഷ്യ	പുരുഷന്മാരെ നോക്കി
വിത്തവതഃ	ധനവാന്മാരും
ശുല്കദാൻ	ആയതുകൊണ്ട് താൻ ആഗ്രഹിക്കുന്ന സാധനങ്ങളെ നല്കുന്നവരുമായ
താൻ	അവന്മാരെ
കാന്താൻ	ഭോഗയോഗ്യന്മാർഎന്ന്
മേനേ	വിചാരിച്ചു

25. **ആഗതേഷ്വപയാതേഷു സാ സങ്കേതോപജീവിനീ**
അപ്യന്യോ വിത്തവാൻ കോഽപി മാമുപൈഷ്യതി ഭൂരിദഃ

26. **ഏവം ദുരാശയാ ധ്വസ്തനിദ്രാ ദ്വാര്യവലംബതീ**
നിർഗ്ഗച്ഛന്തീ പ്രവിശതീ നിശീഥം സമപദ്യത

ആഗതേഷു	ആഗതന്മാർ എല്ലാവരും
അപയാതേഷു	പോയ്ക്കഴിഞ്ഞപ്പോൾ
സങ്കേതോപജീവിനീ	ഗോപ്യമായ് അന്യപുരുഷന്മാരോട് ക്രീഡിച്ച് ലഭിക്കുന്ന ധനംകൊണ്ട് ഉപജീവനം നടത്തുന്ന
സാ	അവൾ
വിത്തവാൻ	ധനസമ്പന്നനും
ഭൂരിദഃ	ആയതുകൊണ്ട് അധികസമ്പത്തുകളെ നല്കുന്നവനുമായ
അന്യഃ കോഽപി	ആരോ ഒരു വ്യക്തി
മാം ഉപൈഷ്യതി	എന്നെ പ്രാപിക്കില്ലയോ?
ഏവം	എന്നിപ്രകാരങ്ങളായ
ദുരാശയാ	ദുരാഗ്രഹത്താൽ
ധ്വസ്തനിദ്രാ	ഉറക്കം ഇല്ലാത്തവളായ്
ദ്വാരി അവലംബിനീ	ഉമ്മറപ്പടിയിൽ നിൽക്കുന്നവളായും
പ്രവിശതീ	അകത്ത് പോകുന്നവളായിട്ടും
നിർഗ്ഗച്ഛന്തീ	പുറത്തു വന്നും പോയും
നിശീഥഃ സമപദ്യത	അർദ്ധരാത്രിയെ പ്രാപിച്ചു.

27. തസ്യാ വിത്താശയാ ശുഷ്യദ്വക്ത്രായാ ദീനചേതസഃ
നിർവ്വേദഃ പരമോ ജജ്ഞേ ചിന്താഹേതുഃ സുഖാവഹഃ

വിത്താശയാ	ധനേച്ഛകൊണ്ട്	സുഖാവഹഃ	സുഖത്തിനെ നൽകുന്നതുമായ
ശുഷ്യത് വക്ത്രായ	മ്ലാനമുഖത്തോടുകൂടിയ		
തസ്യാഃ	അവൾക്ക്	പരമഃ	ഉത്തമമായ
ചിന്താഹേതുഃ	വിചാരത്തിനു കാരണഭൂതവും	നിർവ്വേദഃ ജജ്ഞേ	വൈരാഗ്യം ഉദയമായി (ജനിച്ചു)

28. തസ്യാഃ നിർവ്വിണ്ണചിത്തായാഃ ഗീതം ശൃണു യഥാമമ
നിർവ്വേദ ആശാപാശാനാം പുരുഷസ്യ യഥാ ഹ്യസിഃ

നിർവ്വിണ്ണ-ചിത്തായാഃ	വൈരാഗ്യം സിദ്ധിച്ച മനസ്സോടുകൂടിയ	പുരുഷസ്യ	മനുഷ്യന്റെ
തസ്യാഃ	അവളുടെ	ആശാപാശാനാം	ആശാപാശങ്ങൾക്ക്
ഗീതം യഥാ	വാസ്തവമായ വാക്കുകളെ	നിർവ്വേദഃ	വൈരാഗ്യം എന്നതു
മമ ശൃണു	എന്നിൽനിന്നും കേൾക്കുക	അസിഃ യഥാ	പിശാങ്കത്തിപോലെ നാശകരമാകുന്നു.
ഹി	കാരണം		

29. ന ഹ്യംഗാ ജാതനിർവ്വേദോ ദേഹബന്ധം ജിഹാസതി
യഥാ വിജ്ഞാന രഹിതോ മനുജോ മമതാം നൃപ

അംഗ	ഓമനെ	ന ജിഹാസതി	വിട്ടുകളയുവാൻ സാധിക്കാത്തവനായ് ഇരിക്കുന്നുവോ
നൃപ	ഹേ രാജൻ		
വിജ്ഞാന-രഹിതഃ	ആത്മജ്ഞാനമില്ലാത്ത	ഹി	അങ്ങിനെത്തന്നെ
		അജാതനിർവ്വേദഃ	വൈരാഗ്യം സിദ്ധിക്കാത്തവൻ
മനുജഃ	മനുഷ്യൻ		
യഥാ	എങ്ങിനെ	ദേഹബന്ധം	ശരീരബന്ധത്തിനെ വിടുവാൻ ആഗ്രഹിക്കുന്നില്ല.
മമതാം	മമതയെ (മമ എന്ന അഭിമാനം)	പിംഗളോവാച	പിംഗള പറഞ്ഞു

30. അഹോ മേ മോഹ വിതതിം പശ്യതാവിജിതാത്മനഃ
യാ കാന്താദസതഃ കാമം കാമയേ യേന ബാലിശാ

അവിജിതാത്മനഃ	മനോജയരഹിതയായ
മെ	എന്റെ
മോഹവിതതിം	അജ്ഞാനാധിക്യത്തിനെ
പശ്യത	നോക്കുക
യേന	ആ അജ്ഞാനത്താൽ
ബാലിശാ യാ	മൂഢയായ ഞാൻ
അസതഃ	സത്തില്ലാത്ത (ഉപയോഗമില്ലാത്ത)
കാന്താത്	കാമുകനിൽനിന്ന്
കാമം	കാമസുഖത്തെ
കാമയെ	ആഗ്രഹിച്ചു.
അഹോ	കഷ്ടം

31. **സന്തം സമീപെ രമണം രതി പ്രദം**
വിത്തപ്രദം നിത്യമിമം വിഹായ
അകാമദം ദുഃഖഭയാധിശോകമോഹപ്രദം
തുച്ഛമഹം ഭജേഽജ്ഞാ

രതിപ്രദം	കാമസുഖം നല്കുന്നവനും
വിത്തപ്രദം	ആവശ്യമായ ധനം നല്കുന്നവനും
നിത്യം	എപ്പോഴും
സമീപെ സന്തം	സമീപത്തിൽതന്നെ ഇരിക്കുന്നവനുമായ
ഇമം രമണം	ഈ പതിയെ
വിഹായ	വിട്ടിട്ട്
അകാമദം	കാമസുഖം നല്കുന്നവനും
ദുഃഖഭയാധിശോകമോഹപ്രദം	ദുഃഖം, ഭയം, മനോവിചാരം, ശോകം മോഹം ഇതുകളെ നല്കുന്നവനും
തുച്ഛം ഭജേ	വളരെ തുച്ഛനുമായ വേറൊരുത്തനെ ഞാൻ അനുഭവിക്കുന്നുവല്ലോ
അഹം അജ്ഞാ	ഞാൻ അറിവില്ലാത്തവൾ.

32. **അഹോ മയാഽഽത്മാ പരിതാപിതോ വൃഥാ**
സാംകേത്യവൃത്ത്യാതിവിഗർഹ്യവാർത്തയാ
സ്ത്രൈണാന്നരാത് യാർത്ഥതൃഷോഽനുശോച്യാത്
ക്രീതേന വിത്തം രതിമാത്മനേച്ഛതി

യാ	ഏതൊരു ഞാൻ
സ്ത്രൈണാന്നരാത്	സ്ത്രീലോലനും
അർത്ഥതൃഷഃ	ധനാഗ്രഹിയും
അനുശോച്യാത്	ഓരോ ക്ഷണവും ദുഃഖാർഹനുമായ
നരാത്	മനുഷ്യനിൽനിന്നും
ക്രീതേന	വിലക്കു വില്ക്കപ്പെട്ട
ആത്മനാ	ശരീരത്താൽ
വിത്തം	ധനത്തിനേയും
രതിം	കാമസുഖത്തിനേയും
ഇച്ഛതി	ആഗ്രഹിച്ചുവോ
അതിവിഗർഹ്യവാർത്തയാ	വളരെ നികൃഷ്ടമായ ഉപജീവനത്തോടുകൂടിയ
സാംകേത്യവൃത്ത്യാ	ഗോപ്യമായ് പരപുരുഷന്മാരോട് രതിക്രീഡ ചെയ്യുക എന്ന തൊഴിലാൽ
മയാ	എന്നാൽ
ആത്മാ	ദേഹം
വൃഥാ	വ്യർത്ഥമായ്
പരിതാപിതഃ	കഷ്ടപ്പെടുത്തപ്പെട്ടു.
അഹോ	കഷ്ടം..

33. യദസ്ഥിഭിർനിർമ്മിതവംശവംശ്യ-
സ്ഥൂണം ത്വചാരോമനഖൈഃ പിനദ്ധം
ക്ഷരന്നവദ്വാരമഗാരമേതത്
വിൺമൂത്രപൂർണ്ണം മദുപൈതി കാന്യാ

അസ്ഥിഭിഃ	എല്ലുകൾ കൊണ്ട്	പിനദ്ധം	നിർമ്മിക്കപ്പെട്ടതും
നിർമ്മിതവംശ വംശ്യസ്ഥൂണം	നിർമ്മിക്കപ്പെട്ട ഉത്തരമായും തിരാക്കായും കഴുക്കോൽ മുളകളോടും തൂണുകളോടും കൂടിയതും	വിൺമൂത്ര-പൂർണ്ണം	മലമൂത്രങ്ങളാൽ പൂരിതമായതും
ത്വചാ	ത്വക്കാലും	ക്ഷരന്നവ...	ഒഴുകുന്ന ഒമ്പതു ദ്വാരങ്ങളോടു കൂടിയതും ആയ
രോമനഖൈഃ	രോമങ്ങളാലും നഖങ്ങളാലും	ഏതത് അഗാരം	ഈ മനുഷ്യന്റെ ശരീരം എന്ന വീട്ടിനെ
		മത് അന്യാ കാ ഉപൈതി	ഞാനല്ലാതെ അന്യയായ ആരാണ് പ്രാപിക്കുക

34. വിദേഹാനാം പുരേഹ്യസ്മിൻ അഹമേകൈവ മൂഢധീഃ
യാന്യമിച്ഛന്ത്യസത്യസ്മാദാത്മദാത് കാമമച്യുതാത്

വിദേഹാനാം	വിദേഹരാജാക്കളുടെ	യാ അസതീ	വളരെ അധികം ദുഷിച്ചു പോയ ഞാൻ
അസ്മിൻ പുരെ	ഈ പട്ടണത്തിൽ	ആത്മദാത് അസ്മാത് അച്യുതാത്	ആത്മാവിനെ നല്കുന്ന ഈ അച്യുതനേക്കാരം
മൂഢധീഃ	മൂഢബുദ്ധിയായവരം		
അഹം ഏകാ ഏവ	ഞാൻ ഒരുത്തിതന്നെയാകുന്നു	അന്യം കാമം	വേർപെട്ട കാമഭോഗത്തിനെ
ഹി	കാരണം	ഇച്ഛന്തി	ആഗ്രഹിച്ചു.

35. സുഹൃത് പ്രേഷ്ഠതമോ നാഥ ആത്മാ ചായം ശരീരിണാം
തം വിക്രീയാത്മനൈവാഹം രമേഽനേന യഥാ രമാ

അയം അച്യുതഃ	ഈ അച്യുതനോ	ആത്മാ	ആത്മാവായും ഇരിക്കുന്നു.
		തം	ആ അച്യുതനെ
ശരീരിണാം	ശരീരത്തോടുകൂടിയ ജീവന്മാർക്കൊക്കെ	അഹം ആത്മനാ വിക്രീയ	എന്റെ ആത്മാവുകൊണ്ട് വിലക്ക് വാങ്ങി
സുഹൃത്	സുഹൃത്തായിട്ടും	രമാ യഥാ	ലക്ഷ്മീദേവിയെപോലെ
പ്രേഷ്ഠതമഃ	വളരേ പ്രിയനായും	അനേന രമേ	ഈ അച്യുതനോട് കൂടി രമിക്കും
നാഥഃ	നാഥനായും		

36. കിയത് പ്രിയം തേ വ്യഭജൻ കാമാ യേ കാമദാ നരാഃ
ആദ്യന്തവന്തോ ഭാര്യായാ ദേവാ വാ കാലവിദ്രുതാഃ

ആദ്യന്തവന്തഃ	ഉൽപത്തിവിനാശങ്ങളോടു കൂടിയ	ദേവാഃ വാ	ദേവന്മാർ ആരോ
യേ കാമാഃ	ഏതുവിഷയങ്ങൾ ഇരിക്കുന്നുവോ.	തേ	അവർ
		ഭാര്യായാഃ	ഭാര്യക്ക്
കാമദാഃ	കാമത്തിനെ നല്കുന്ന	കിയത്	എത്രത്തോളമാണ് പ്രിയ
നരാഃ	മനുഷ്യന്മാർ ആരോ	പ്രിയം	ത്തെ
കാലവിദ്രുത :	കാലത്തിനാൽ നശിപ്പിക്കപ്പെട്ട	വ്യഭജൻ	നല്കിയിട്ടുള്ളത്

37. നൂനം മേ ഭഗവാൻ പ്രീതോ വിഷ്ണുഃ കേനാപി കർമ്മണാ
നിർവ്വേദോƒയം ദുരാശായാ യന്മേ ജാതഃ സുഖാവഹഃ

ദുരാശായാഃ	ദുരാശയോടുകൂടിയ	മേ കേന അപി	ഏതൊ ഒരു എന്റെ കർമ്മവശാൽ
മേ	എനിക്ക്		
സുഖാവഹഃ	സുഖം നല്കുന്ന	ഭഗവാൻ വിഷ്ണുഃ	ഭഗവാനായ വിഷ്ണു
അയം നിർവ്വേദഃ	ഈ വൈരാഗ്യം എന്നതു്	പ്രീതഃ	(എന്നെ സംബന്ധിച്ച്) സന്തുഷ്ടനായ് ഭവിച്ചിരിക്കുന്നു.
ജാതഃ	സിദ്ധിച്ചിരിക്കുന്നു. (ജനിച്ചിരിക്കുന്നു)		
യത്	ആയതുകൊണ്ടു്	നൂനം	നിശ്ചയം (തീർച്ചതന്നെ)

38. മൈവം സ്യുർമന്ദഭാഗ്യായാഃ ക്ലേശാ നിർവ്വേദഹേതവഃ
യേനാനുബന്ധം നിർഹൃത്യ പുരുഷഃ ശമമൃച്ഛതി

യേന	ഏതൊരു വൈരാഗ്യം കൊണ്ടു്	ശമം ഋച്ഛതി	മോക്ഷം പ്രാപിക്കുന്നുവോ
പുരുഷഃ	പുരുഷൻ	നിർവ്വേദഹേതവഃ	അപ്രകാരമായ വൈരാഗ്യ കാരണങ്ങളായ
അനുബന്ധം	ദേഹം, ഗൃഹം മുതലായവകളിൽ അഹങ്കാരമമകാരത്തോടുകൂടിയ അഭിമാനത്തിനെ	ക്ലേശാഃ	ക്ലേശങ്ങൾ
		മന്ദഭാഗ്യായാഃ	ഭാഗ്യഹീനയായ എനിക്ക്
		ഏവം	ഇപ്രകാരം (ഈ വിധം)
നിർഹൃത്യ	തീരേ ത്യജിച്ച്	മാ സ്യുഃ	ഉണ്ടാകുക ഇല്ല.

39. തേനോപകൃതമാദായ ശിരസാ ഗ്രാമ്യസംഗതാഃ
ത്യക്ത്വാ ദുരാശാഃ ശരണം വ്രജാമി തമധീശ്വരം

തേന	ആ ദേവനാൽ	ദുരാശാഃ ത്യക്ത്വാ	ദുരാശയെ വിട്ടിട്ട്
ഉപകൃതം	അനുഗ്രഹിക്കപ്പെട്ട ആ വൈരാഗ്യത്തിനെ	അധീശ്വരം നം	സർവ്വനിയന്താവായ ആ വിഷ്ണുവിനെ
ശിരസാ ആദായ	ശിരസാ വഹിച്ചുകൊണ്ട്	ശരണം വ്രജാമി	ശരണം പ്രാപിക്കുന്നു.
ഗ്രാമ്യസംഗതാഃ	ഗ്രാമ്യവിഷയങ്ങളാൽ സംബന്ധപ്പെട്ടവയായ		

40. സന്തുഷ്ടാ ശ്രദ്ദധത്യേതത് യഥാ ലാഭേന ജീവതീ
വിഹരാമ്യമുനൈവാഹമാത്മനാ രമണേന വൈ

ഏതത്	ഈ പരമാത്മതത്ത്വത്തിൽ	ആത്മനാ	ആത്മഭൂതനും
ശ്രദ്ദധതീ	ശ്രദ്ധയുള്ളവളും	രമണേന	സന്തോഷം നൽകുന്ന (ഭർത്താവുമായ)
യഥാലാഭേന	യാദൃച്ഛികമായ് ലഭിച്ചവകൊണ്ട്	അമുനാ ഏവ	ഈ വിഷ്ണുദേവനോടുകൂടി
സന്തുഷ്ടാ	സന്തോഷപ്പെട്ടവളായിട്ടും	അഹം	ഞാൻ ക്രീഡിക്കും.
ജീവതീ	ജീവിക്കുന്നവളായിട്ടും	വിഹരാമി	

41. സംസാരകൂപേ പതിതം വിഷയൈർമുഷിതേക്ഷണം
ഗ്രസ്തം കാലാഹിനാത്മാനം കോഽന്യസ്ത്രാതുമധീശ്വരഃ

സംസാരം	സംസാരം എന്ന	കാലാഹിനാ	കാലനായ സർപ്പത്തിനാൽ
കൂപേ	കിണററിൽ	ഗ്രസ്തം	വിഴുങ്ങപ്പെട്ടവനുമായ
പതിതം	പതിതനും (വീണവനും)	ആത്മാനം	ആത്മാവിനെ
വിഷയൈഃ	ഇന്ദ്രിയസുഖഭോഗങ്ങളിനാൽ	ത്രാതും	രക്ഷിക്കുന്നവൻ
മുഷിതേക്ഷണം	അപഹരിക്കപ്പെട്ട ഇന്ദ്രിയങ്ങളോടുകൂടിയവനും	അന്യഃ കഃ	വിഷ്ണുവല്ലാതെ അന്യനൊരുത്തൻ
		അധീശ്വരഃ	ശക്തനാകുമോ?

42. ആത്മൈവ ഹ്യാത്മനോ ഗോപ്താ നിർവ്വിദ്യേത യദാഖിലം
അപ്രമത്ത ഇദം പശ്യേത് ഗ്രസ്തം കാലാഹിനാ ജഗത്

ഇദം ജഗത്	ഈ ജഗത്തിനെ	നിർവിദ്യേത	വൈരാഗ്യം ലഭിക്കുന്നു.
കാലാഹിനാ ഗ്രസ്തം	കാലം എന്ന പാമ്പ് വിഴുങ്ങപ്പെട്ടതായ്	ഹി	കാരണം
അപ്രമത്തഃ	വളരെ ശ്രദ്ധയോടുകൂടി	ആത്മനഃ ഗോപ്താ	ആത്മാവിനെ രക്ഷിക്കുന്നവൻ
യദാ പശ്യേത്	എപ്പോൾ നോക്കുന്നുവോ അപ്പോൾ	ആത്മാ ഏവ	ആത്മാവുതന്നെയാണ്
അഖിലാത്	സമസ്തമായ പ്രപഞ്ചത്തിൽനിന്നും	ബ്രാഹ്മണ ഉവാച	ബ്രാഹ്മണൻ പറയുന്നു.

43. ഏവം വ്യവസിതമതിർദുരാശാം കാന്തതർഷജാം
ഛിത്വോപശമമാസ്ഥായ ശയ്യാമുപവിവേശ സാ

ഏവം	ഇപ്രകാരം	ദുരാശാം	ദുരാശയെ
വ്യവസിത-മതി സാ	നിശ്ചയബുദ്ധിയോടു കൂടിയ അവൾ	ഛിത്വാ	വിട്ടു് കളഞ്ഞിട്ടു്
		ഉപശമം ആസ്ഥായ	ശാന്തിയോടുകൂടി
കാന്തതർഷജാം	ഭർത്തൃപരമായ ആശകളാലുണ്ടായ	ശയ്യാം ഉപ. വിവേശ	കിടക്കയിൽ ശയിച്ചു.

44. ആശാ ഹി പരമം ദുഃഖം നൈരാശ്യം പരമം സുഖം
യഥാ സംഛിദ്യ കാന്താശാം സുഖം സുഷ്വാപ പിംഗളാ

ഹി	ആയതുകൊണ്ടു്	യഥാ	എങ്ങിനെ എങ്കിൽ
ആശാ	ആഗ്രഹം എന്നതു്	പിംഗളാ	പിംഗളാ എന്ന വേശ്യാ
പരമം ദുഃഖം	അധികമായ ദുഃഖം നല്കുന്നതാകുന്നു	കാന്താശാം	കാമകവിഷയമായ ആശയെ
നൈരാശ്യം	ആശ എന്നതു് നിശ്ശേഷം പരിഹരിക്കപ്പെടുമ്പോഴം	സംഛിദ്യ	തീരേ ഒഴിച്ചു്
പരമം സുഖം	ഉത്തമമായ സുഖം നൽകുന്നതാകുന്നു.	സുഖം സുഷ്വാപ	സുഖമായ് ഉറങ്ങി

ഇതി ശ്രീമദ് ഭാഗവതം ഏകാദശസ്കന്ധം എട്ടാമദ്ധ്യായം

''സമാപ്തം''

ആദിതഃശ്ലോകാഃ 12543 ഏകാദശസ്കന്ധാ ദിതശ്ലോകാഃ 377

നവമോഽദ്ധ്യായഃ

ഒമ്പതാമദ്ധ്യായം

കുരരാദി സപ്തഗുണോം വർണ്ണനം

കുരർപ്പക്ഷിമുതലായ ഒമ്പതു ഗുരുക്കളെ വർണ്ണിക്കുന്നതു്.

നവമേ കുരരാദിഭ്യോ ദേഹതശ്ചോപശിക്ഷിതം
ശ്രുത്വാ യദുഃ കൃതാർത്ഥോഽഭൂദിതി കൃഷ്ണേന വർണ്യതേ

ഈ ഒമ്പതാം അദ്ധ്യായത്തിങ്കൽ കുരരപ്പക്ഷി മുതലായവയേയും ശരീരത്തിനെയും സംബന്ധിച്ച് ഉപദേശത്തിനെ കേട്ട് യദുമഹാരാജാവ് കൃതാർത്ഥനായ് ഭവിച്ചു എന്നു് ശ്രീകൃഷ്ണ പരമാത്മാവിനാൽ വർണ്ണിക്കപ്പെടുന്നു.

ബ്രാഹ്മണ ഉവാച — ബ്രാഹ്മണൻ പറയുന്നു.

1. പരിഗ്രഹോ ഹി ദുഃഖായ യദ്യത് പ്രിയതമം നൃണാം
അനന്തം സുഖമാപ്നോതി തദ് വിദ്വാൻ യസ്ത്വകിഞ്ചനഃ

നൃണാംയത് യത് പ്രിയതമം	മനുഷ്യന്മാർക്ക് ഏതേതു പ്രിയമായതോ	ഹി	ആയതുകൊണ്ടു്
		യഃ ഇ	ഏതൊരുത്തൻ
		തത് വിദ്വാൻ	അതിനെ അറിഞ്ഞിട്ടു്
പരിഗ്രഹഃ	അവയെ സമ്പാദിക്കുക എന്നത്	അകിഞ്ചനഃ	ഏതിലും ബന്ധപ്പെടാത്തവനായ് ഭവിക്കുന്നുവോ അവൻ
ദുഃഖായ	ദുഃഖത്തിനു ഹേതുവായിത്തീരും	അനന്തം സുഖം	അന്തം ഇല്ലാത്ത സുഖം
		പ്രാപ്നോതി	പ്രാപിക്കുന്നു.

2. സാമിഷം കുരരം ജഘ്നുർബലിനോ യേ നിരാമിഷാഃ
തദാമിഷം പരിത്യജ്യ സ സുഖം സമവിന്ദത

സാമിഷം	മാംസത്തോടുകൂടിയ	ജഘ്നുഃ	കൊത്തി
കുരരം	കുരരം എന്ന പക്ഷിയെ	സഃ	ആ കുരരപ്പക്ഷി
നിരാമിഷാഃ	മാംസമില്ലാത്തവയും	തത് മാംസം	ആ മാംസത്തിനെ
ബലിനഃ യെ	ബലിഷ്ഠകളുമായ (പരുന്തു് കഴുകൻ) യാതൊരു അന്യപക്ഷികൾ ഉണ്ടോ അവകൾ	പരിത്യജ്യ	ത്യാഗം ചെയ്തു് പിന്നീടു്
		സുഖം	സുഖം
		സമവിന്ദത	പ്രാപിച്ചു.

3. ന മേ മാനാവമാനൌ സ്തോ ന ചിന്താ ഗേഹപുത്രിണാം
ആത്മക്രീഡ ആത്മരതിർവിചരാമീഹ ബാലവത്

മേ	എനിക്കു്	ചിന്താ	ഏതു പ്രകാരമായ വിചാരം ഉണ്ടോ അതു് എനിക്കില്ല
മാനാവമാനൌ	മാനാവമാനം രണ്ടും	ആത്മക്രീഡഃ	ആത്മാവിങ്കൽതന്നെ ക്രീഡിച്ചുംകൊണ്ടു്
ന സ്തഃ	ഇല്ല.		
ഗേഹപുത്രിണാം	വീടു്, പുത്രൻ മുതലായവർ ഉള്ളവർക്കു്	ആത്മരതിഃ	ആത്മാവിങ്കൽതന്നെ പ്രിയത്തോടുകൂടി

ഇഹ	ഈ ലോകത്തിൽ	വിചരാമി	ഞാൻ സഞ്ചരിക്കുന്നു,
ബാലവത്	കുഞ്ഞുകുട്ടികളെപ്പോലെ		

4. ഭാവേ ചിന്തയാ മുക്തൌ പരമാനന്ദ ആപ്ലുതൌ
യോ വിമുഗ്ധോ ജഡോ ബാലോ യോ ഗുണേഭ്യഃ പരംഗതഃ

യഃ വിമുഗ്ധഃ	ആത്മാനാവമാനങ്ങളെ അറിയുന്നില്ലയോ അവനും	ഗുണേഭ്യഃ പരം	ഗുണാതീതനായ ഈശ്വരനിൽ
ജഡഃ	ഏതു വിധമായ പ്രയത്നവും ഇല്ലാത്തവനും	ഗതഃ	ഐക്യത്തെ പ്രാപിച്ചിരിക്കുന്നുവോ
ബാലഃ	ബാലനായും ഇരിക്കുന്നവോ	ദ്വൌ ഏവ	ഈ രണ്ടുപേരും ആണ്
യഃ	എവൻ	ചിന്തയാ മുക്തൌ	വിചാരരഹിതരായ്
		പരമാനന്ദെ ആപ്ലുതൌ	പരമാനന്ദത്തിൽ നിമഗ്നരായ് ഭവിച്ചവർ

5. കദാചിത് കുമാരീ ത്വാത്മാനം വൃണാനാൻ ഗൃഹമാഗതാൻ
സ്വയം തനേഹയാമാസ ക്വാപി യാതേഷു ബന്ധുഷു

കദാചിത്	ഒരു ദേശത്തിൽ	ഗൃഹം ആഗതാൻ താൻ	തന്റെ വീട്ടിലേക്ക് വന്നവരുമായ അവരെ
ബന്ധുഷു	തന്റെ മാതാ പിതാ മുതലായ ബന്ധുക്കൾ	കുമാരീ	ഒരു കന്യക
ക്വാപി	മറ്റൊരു സ്ഥലത്തിലേക്ക്	സ്വയം	താൻതന്നേ
യാതേഷു	പോയിരുന്നപ്പോൾ	അർഹയാമാസ	വിരുന്നുവെച്ചുപചരിച്ച് ബഹുമാനിച്ചു
ആത്മാനം വൃണാനാൻ	തന്നെ വിവാഹാർത്ഥം വരിക്കുന്നവരും		

6. തേഷാമഭ്യവഹാരാർത്ഥം ശാലീൻ രഹസി പാർത്ഥിവ
അവഘ്നന്ത്യാഃ പ്രകോഷ്ഠസ്ഥാശ്ചക്രുഃ ശംഖാഃ സ്വനം മഹത്

പാർത്ഥിവ	ഹേ രാജൻ!	ശാലീൻ അവഘ്നന്ത്യാഃ	നെല്ല് കുത്തുന്ന അവളുടെ
തേഷാം	അവരുടെ	പ്രകോഷ്ഠസ്ഥാഃ	കൈമണിക്കട്ടിൽനിന്ന്
അഭ്യവഹാരാർത്ഥം	ആഹാരത്തിനായ്ക്കൊണ്ട്	ശംഖാഃ	ശംഖുവളകൾ
രഹസി	ഒളിച്ചിരുന്ന്	മഹത് സ്വനം ചക്രുഃ	വലിയ ശബ്ദം ശബ്ദിച്ചു.

7. സാ തജ്ജുഗുപ്സിതം മത്വാ മഹതീ വ്രീഡിതാ തതഃ
ബഭഞ്ജൈകൈകശഃ ശംഖാൻ ദ്വൗ ദ്വൗ പാണ്യോ-
രശേഷയത്

മഹതീ	ഉത്തമ കുലത്തിൽ ജനിച്ച	തതഃ	ആയതിനാൽ
സാ	അവൾ	വ്രീഡിതാ	ലജ്ജിച്ച്
തത്	നെല്ല് കുത്തുന്നതിനെ (സ്വയം നെൽകുത്തുന്നതുകൊണ്ട് ഇവൾ വളരെ ദരിദ്രയാണ് എന്ന് വിചാരിക്കുമെന്നതുകൊണ്ട്)	ശംഖാൻ	ശംഖുവളകളെ
		ഏകൈകശഃ	ഓരോന്നായ്
		ബഭഞ്ജ	ഉടച്ചു
		ദ്വൗ ദ്വൗ	രണ്ട് രണ്ടുവളകളെ മാത്രം
ജുഗുപ്സിതം	വളരെ നിന്ദ്യമെന്ന് വിചാരിച്ച്	പാണ്യോഃ	രണ്ടുകരങ്ങളിലും
		അശേഷയത്	ബാക്കിവെച്ചു.

8. ഉഭയോരപ്യഭൂദ് ഘോഷോ ഹ്യവഘ്നന്ത്യാഃ സ്മ ശംഖയോഃ
തത്രാപ്യേകം നിരഭിദദേകസ്മാന്നാഭവദ് ധ്വനിഃ

അവഘ്നന്ത്യാഃ	വീണ്ടും നെല്ലുകുത്തുന്ന അവളുടെ	ഹി	ആയതുകൊണ്ട്
		തത്ര അപി	ആ രണ്ടിലും
ഉഭയോഃ ശംഖയോഃ അപി	രണ്ടുശംഖുവളകളിലും	ഏകം	ഒന്നിനെ
		നിരഭിദത്	ഉടച്ചു.
		ഏകസ്മാത്	ഒന്നിൽനിന്ന്
ഘോഷഃ	ശബ്ദം ഉണ്ടായി	ധ്വനിഃ	ശബ്ദം
അഭൂത്		ന അഭവത്	ഉണ്ടായില്ല.

9. അന്വശിക്ഷമിമം തസ്യാ ഉപദേശമരിന്ദമ
ലോകാനനുചരന്നേതാം ലോകതത്ത്വ വിവിത്സയാ

അരിന്ദമ	ശത്രുക്കളെ ജയിക്കുന്നവനേ	അനുചരൻ	സഞ്ചരിക്കുന്നവനായ്
ലോകതത്ത്വ-വിവിത്സയാ	ലോകസ്വഭാവങ്ങളെ അറിയുവാൻ ഇച്ഛിച്ചുകൊണ്ട്	തസ്യാഃ	ആ കന്യകയിൽനിന്ന്
ഏതാൻ ലോകാൻ	ഈ ലോകങ്ങളിൽ	ഇമം ഉപദേശം	ഈ ഉപദേശത്തിനെ
		അന്വശിക്ഷം	പഠിച്ചു.

10. വാസേ ബഹൂനാം കലഹോ ഭവേത് വാർത്താ ദ്വയോരപി
ഏക ഏവ ചരേത്തസ്മാത് കുമാര്യാ ഇവ കങ്കണഃ

ബഹൂനാം വാസെ	അനേകരോട്ട് വസിക്കുന്നത്
കലഹം ഭവേത്	കലഹത്തിനെ ഉണ്ടാക്കുന്നതാണ്
ദ്വയോഃ	രണ്ടാളുകളോടുകൂടി വസിക്കുക എന്നത്
വാർത്താ അപി	വായ്ച്ചങ്ങ ഉണ്ടാക്കുന്നതാകുന്നു.
തസ്മാത്	ആയതുകൊണ്ട്
കുമാര്യാഃ കങ്കണ ഇവ	കന്യകയുടെ വള എന്നപോലെ
ഏകഃ ഏവ	ഒരുത്തൻ തനിച്ചായിട്ടുതന്നെ
സഞ്ചരേത്	സഞ്ചരിക്കേണം

11. **മനഃ ഏകത്ര സംയുഞ്ജ്യാജ്ജിതശ്വാസോ ജിതാസനഃ**
വൈരാഗ്യാഭ്യാസയോഗേന ധ്രിയമാണമതന്ദ്രിതഃ

ജിതാസനഃ	ആസനജയം സിദ്ധിച്ചവനും
ജിതശ്വാസഃ	പ്രാണവൃത്തികളെ ജയിച്ചവനായിട്ടും
അതന്ദ്രിതഃ	ആലസ്യമില്ലാത്തവനായും
വൈരാഗ്യാഭ്യാസയോഗേന	വൈരാഗ്യംകൊണ്ടും അഭ്യാസവിശേഷംകൊണ്ടും
ധ്രിയമാണം	ആത്മനിയന്ത്രണത്തോടുകൂടിയ
മനഃ	മനസ്സിനെ
ഏകത്ര	ഒരേലക്ഷ്യത്തിങ്കൽ
സംയുഞ്ജ്യാത്	യോജിപ്പിക്കേണ്ടതാകുന്നു.

12. **യസ്മിൻ മനോ ലബ്ധപദം യദേത–**
ച്ഛനൈഃ ശനൈർമ്മുഞ്ചതി കർമ്മരേണൂൻ
സത്ത്വേന വൃദ്ധേന രജസ്തമശ്ചവിധൂയ
നിർവ്വാണമുപൈത്യനിന്ധനം

ഏതത് മനഃ	ലയവിക്ഷേപാത്മകമായ ഈ മനസ്സ്
ശനൈഃ ശനൈഃ	മന്ദം മന്ദം
ലബ്ധപദം	സ്ഥാനത്തിനെ പ്രാപിച്ചതായ്
രജഃ	രജോഗുണത്തിനേയും
തമഃ ച	തമോഗുണത്തിനേയും
വിധൂയ	ഉപേക്ഷിച്ച്
വൃദ്ധേന സത്ത്വേന	വൃദ്ധിയായ സത്വഗുണം കൊണ്ട്
യത്	ഏതൊരു കാരണത്താൽ
കർമ്മരേണൂൻ	കർമ്മവാസനകളെ
മുഞ്ചതി	വിടുന്നുവോ ആ കാരണത്താൽ
അനിന്ധനം	ഗുണകാര്യങ്ങൾ ഏതും ഇല്ലാത്തതായിട്ട്
നിർവ്വാണം ഉപൈതി	ശാന്തമായ് ഭവിക്കുന്നു.

13. തദേവമാത്മന്യവരുദ്ധചിത്തോ
ന വേദ കിഞ്ചിദ്ബഹിരന്തരം വാ
യഥേഷുകാരോ നൃപതിം വ്രജന്തമിഷൗ
ഗതാത്മാ ന ദദർശ പാർശ്വേ

തത്	ആയത്തുകൊണ്ട്
ഇഷൌ	അമ്പിൽ മനസ്സിനെ
ഗതാത്മാ	യോജിപ്പിച്ച
ഇഷുകാരഃ	അമ്പ് പണിയുന്നവൻ
പാർശ്വേ	തൽസമീപം പോയ്
വ്രജന്തം	ക്കൊണ്ടിരുന്ന
നൃപതിം ന ദദർശ	രാജാവിനെ കണ്ടില്ലയോ
ഏവം	ഇപ്രകാരം
ആത്മനി അവരുദ്ധചിത്തഃ	ആത്മാവിങ്കൽ നിലനിർത്തിയ മനസ്സോടുകൂടിയവനായ്
ബഹിഃ അനന്തരം വാ	പുറത്തും അകത്തും സ്ഥിതിചെയ്യുന്ന
കിഞ്ചിത്	ഒന്നിനേയും
ന വേദ	അറിയുക ഇല്ല.

14. ഏകചാര്യനികേതഃ സ്യാദപ്രമത്തോ ഗുഹാശയഃ
അലക്ഷ്യമാണ ആചാരൈർമ്മുനിരേകോൽപഭാഷണഃ

മുനിഃ	മുനി(മൌനവ്രതം അനുഷ്ഠി)ക്കുന്നവൻ
ഏകചാരീ	ഏകനായ് സഞ്ചരിക്കുന്നവനായും
അനികേതഃ	തനിക്ക് വസിപ്പാൻ സ്വന്തമായിട്ട് ഒരു ഇരിപ്പിടം ഇല്ലാത്തവനായിട്ടും
അപ്രമത്തഃ	സ്വസ്വരൂപവിഷയത്തിൽ ചതിപറ്റാത്തവനായിട്ടും
ഗുഹാശയഃ	ഗുഹയിൽ വസിക്കുന്നവനും
ആചാരൈഃ	തന്റെ അനുഷ്ഠാനങ്ങളെക്കൊണ്ട്
അലക്ഷ്യമാണഃ	അന്യരാൽ അറിയപ്പെടാത്തവനായും
അല്പഭാഷണഃ	മിതഭാഷിയായും
ഏകഃ	ഒരുത്തനായും ഇരിക്കേണ്ടതാണ്

15. ഗൃഹാരംഭോഽതിദുഃഖായ വിഫലശ്ചാധ്രുവാത്മനഃ
സർപ്പഃ പരകൃതം വേശ്മ പ്രവിശ്യ സുഖമേധതേ

അധ്രുവാത്മനഃ	അശാശ്വതമായ ശരീരത്തിനായ്ക്കൊണ്ട്
ഗൃഹാരംഭഃ	വീടുപണിയുക എന്നത്
വിഫലഃ	നിഷ്പ്രയോജനമാകുന്നു.
അതിദുഃഖായ ച	മാത്രമല്ല വളരേ ദുഃഖഹേതുമായിത്തീരുന്നു
സർപ്പഃ	പാമ്പ്
പരകൃതം	അന്യനാൽ നിർമ്മിതമായ
വേശ്മ	വീട്ടിൽ
പ്രവിശ്യ	പ്രവേശിച്ച്
സുഖം ഏധതേ	സസുഖം ജീവിക്കുന്നു.

[മുനി താൻ പാമ്പിൽനിന്നും പഠിച്ചതിനെപ്പററി പറയുന്നു— പാമ്പ് മനുഷ്യനെ ഭയന്ന് തന്നത്താനായ് സഞ്ചരിച്ചുകൊണ്ട് ഒരു സ്ഥലത്തിൽ നിയതമായ് താമസിക്കാതെ സദാ സ്വ ശരീരപുഷ്ടിയെ സശ്രദ്ധം സൂക്ഷിച്ചുകൊണ്ട് തനിയെത്തന്നെ ജീവിച്ചുകൊണ്ട് അതു ചലിക്കുമ്പോൾ വിഷമുള്ളതോ ഇല്ലാത്തതോ എന്ന് അറിയുവാൻ സാധിക്കാത്തവിധം അന്യസഹായം പ്രതീക്ഷിക്കാതെ നിശ്ശബ്ദമായിട്ട് എപ്രകാരം ജീവിക്കുന്നുവോ അതുപോലെ മുനിയും ജീവിക്കേണ്ടതാകുന്നു.]

16. **ഏകോ നാരായണോ ദേവഃ പൂർവ്വ സൃഷ്ടം സ്വമായയാ**
സംഹൃത്യ കാലകലയാ കല്പാന്ത ഇദമീശ്വരഃ

ഏകഃ	അന്യസഹായം പ്രതീക്ഷിക്കാത്തവനും	പൂർവ്വസൃഷ്ടം ഇദം	മുമ്പുസൃഷ്ടിക്കപ്പെട്ട ഈ പ്രപഞ്ചത്തിനെ
ദേവഃ	സൃഷ്ടിസ്ഥിതിമുതലായ ക്രീഡകളെ ചെയ്യുന്നവനും	കല്പാന്തെ	കല്പകാലാന്ത്യത്തിൽ
ഈശ്വരഃ	സർവ്വനിയാമകനുമായ	കാലകലയാ	കാലം എന്ന പേരോടു കൂടിയ ശക്തിയാൽ
നാരായണഃ	ശ്രീമന്നാരായണൻ		
സ്വമായയാ	സ്വമായാശക്തിയാൽ	സംഹൃത്യ	സംഹരിച്ച്

17. **ഏക ഏവാദ്വിതീയോഽഭൂദാത്മാധാരോഽഖിലാശ്രയഃ**
കാലേനാത്മാനുഭാവേന സാമ്യം നീതാസു ശക്തിഷു
സത്വാദിഷ്വാദി പുരുഷഃ പ്രധാന പുരുഷേശ്വരഃ

18. **പരാവരാണാം പരമ ആസ്തേ കൈവല്യ സംജ്ഞിതഃ**
കേവലാനുഭവാനന്ദസന്ദോഹോ നിരുപാധികഃ

അഖിലാശ്രയഃ	പ്രപഞ്ചസർവ്വത്തിനും ആചാര്യനായും	പ്രധാനപുരുഷേശ്വരഃ	പ്രധാനത്തിനും പുരുഷനും നിയാമകനും
ആത്മാധാരഃ	തനിക്ക് താൻതന്നെ ആധാരഭൂതനും	പരാവരാണാം	ബ്രഹ്മാവ് മുതലായവർക്കും മററു ജീവാത്മാക്കൾക്കും
സത്വാദിഷു ശക്തിഷു	സത്വം മുതലായ ശക്തികൾ	അദ്വിതീയഃ	അദ്വിതീയനായും
ആത്മാനുഭാവേന	തന്റെ വിശേഷശക്തിയായ	ഏകഃ ഏവ	ഏകനായും
		അഭൂത്	ഇരുന്നു.
കാലേന	കാലത്താൽ	പരമഃ	പ്രാപിക്കുവാൻ അർഹനും
സാമ്യം	സാമ്യാവസ്ഥയെ	നിരുപാധികഃ	സത്വം മുതലായ ഉപാധികൾ ഇല്ലാത്തവനും
നീതാസു	നയിപ്പിക്കപ്പെട്ടപ്പോൾ		

കേവലാനുഭവാനന്ദസന്ദോഹഃ	സ്വപ്രകാശമായ ജ്ഞാനം ആനന്ദം ഇവകൾക്ക് സമൂഹഭൂതനായ
ആദിപുരുഷഃ	ആദിപുരുഷൻ
കൈവല്യസംജ്ഞിതഃ	മോക്ഷം എന്ന പേരോടു കൂടി
ആസ്തേ	ഇരിക്കുന്നു.

19. **കേവലാത്മാനുഭാവേന സ്വമായാം ത്രിഗുണാത്മികാം**
സംക്ഷോഭയൻ സൃജത്യാദൌ തയാ സൂത്രമരിന്ദമ

അരിന്ദമ	അരിഷഡ്വർഗ്ഗജേതാവേ
കേവലാത്മാനുഭാവേന	തനിക്കുമാത്രമായ തന്റെ കാലശക്തിയാൽ
ത്രിഗുണാത്മികാം	ത്രിഗുണരൂപിയായ
സ്വമായാം	തന്റെ മായാശക്തിയെ
സംക്ഷോഭയൻ	ക്ഷോഭിപ്പിച്ചുംകൊണ്ട്
തയാ	ആ മായയാൽ
ആദൌ	പ്രഥമം
സൂത്രം	മഹത്തത്വത്തിനെ
സൃജതി	സൃഷ്ടിച്ചു.

20. **തമാഹുഃ ത്രിഗുണവ്യക്തിം സൃജന്തീം വിശ്വതോമുഖം**
യസ്മിൻ പ്രോതമിദം വിശ്വം യേന സംസരതേ പുമാൻ

വിശ്വതോമുഖം	പലപ്രകാരത്തിലും ഉള്ള ജഗത്തിനെ
സൃജന്തീം	സൃഷ്ടിക്കുന്ന
താം	ക്രിയാശക്തിപ്രധാനമായ മഹത്തത്വത്തിനെ
ത്രിഗുണവ്യക്തിം	ത്രിഗുണാത്മകമായ മായയുടെ കാര്യം എന്ന്
ആഹുഃ	വേദങ്ങൾ പറയുന്നു.
ഇദം വിശ്വം	ഈ ലോകം
യസ്മിൻ	ആ സൂത്രാത്മാവിങ്കൽ
പ്രോതം	കോർക്കപ്പെട്ടിരിക്കുന്നു.
യേന	ആ സൂത്രാത്മാവുകൊണ്ട്
പുമാൻ	പുരുഷനായ ജീവൻ
സംസരതേ	സംസാരത്തെ പ്രാപിക്കുന്നു.

21. **യഥോർണ്ണനാഭിഹൃദയാദൂർണ്ണാം സന്തത്യവക്ത്രതഃ**
തയാ വിഹൃത്യ ഭൂയസ്താം ഗ്രസത്യേവം മഹേശ്വരഃ

ഊർണ്ണനാഭി	എട്ടുകാൽപൂച്ച
യഥാ	എങ്ങിനെ
ഹൃദയാത്	ഹൃദയത്തിൽനിന്ന്
ഊർണ്ണാം	നൂലിനെ
വക്ത്രഃ	വായ്‌വഴിയായ്
സന്തത്യ	വിസ്തരിച്ച്
തഥാ വിഹൃത്യ	അതു വഴി വിഹരിച്ച്
ഭൂയഃ	വീണ്ടും
ഗ്രസതി	വിഴുങ്ങുന്നുവോ
ഏവം	അങ്ങിനെതന്നെ
മഹേശ്വരഃ	സർവ്വേശ്വരനും ജഗത്തിനെ സൃഷ്ടിച്ച് രക്ഷിച്ച് പിന്നീട് സംഹരിക്കുന്നു

22. യത്ര യത്ര മനോ ദേഹീ ധാരയേത് സകലം ധിയാ
സ്നേഹാദ് ദ്വേഷാദ് ഭയാദ് വാപി യാതി തത്തത്സ്വരൂപതാം

ദേഹീ	ദേഹിയായവൻ
ധിയാ	നിശ്ചയാത്മകമായ ബുദ്ധിയാൽ
യത്ര യത്ര	ഏതേതുവിഷയത്തിൽ
സ്നേഹാത്	സ്നേഹംകൊണ്ടോ
ദ്വേഷാത് വാ	അല്ലെങ്കിൽ കോപം കൊണ്ടോ
ഭയാത് അപി	അല്ലെങ്കിൽ ഭയം കൊണ്ടോ
മനഃ	മനസ്സ്
സകലം	മുഴുക്കെ (പൂർണ്ണമായ്)
ധാരയേത്	സ്ഥിരമായ് ധരിക്കുന്നുവോ
തത്തത്സ്വരൂപതാം	അതാതിന്ന് തുല്യമായ രൂപത്തിനെ
യാതി	പ്രാപിക്കുന്നു.

23. കീടഃ പേശസ്കൃതം ധ്യായൻ കുഡ്യാം തേന പ്രവേശിതഃ
യാതി തത്സാത്മതാം രാജൻ പൂർവ്വരൂപമസന്ത്യജൻ

രാജൻ	ഹേ രാജൻ!
തേന	കളവിയാൽ
കുഡ്യാം	കൂട്ടിൽ
പ്രവേശിതഃ	പ്രവേശിപ്പിക്കപ്പെട്ട
കീടഃ	പുഴ
പേശസ്കൃതം	ആ കളവിയെ
ധ്യായൻ	ധ്യാനിച്ചുകൊണ്ട്
പൂർവ്വരൂപം	മുൻപിരുന്ന രൂപത്തിനെ
അസന്ത്യജൻ	വിടാതെകണ്ട്
തത്സാത്മ്യതാം	ആ കളവിക്കൊത്തതായ രൂപത്തിനെ
യാതി	പ്രാപിക്കുന്നു.

24 ഏവം ഗുരുഭ്യ ഏതേഭ്യ ഏഷാ മേ ശിക്ഷിതാ മതിഃ
സ്വാത്മോപശിക്ഷിതാം ബുദ്ധിം ശൃണു മേ വദതഃ പ്രഭോ

ഏവം	ഈ വിധം
ഏതേഭ്യഃ ഗുരുഭ്യഃ	ഈ ഗുരുക്കന്മാരിൽനിന്നും
ഏഷാ മതിഃ	ഈ ജ്ഞാനം
മേ ശിക്ഷിതാ	എന്നാൽ അഭ്യസിക്കപ്പെട്ട
പ്രഭോ	ഹേ പ്രഭോ!
സ്വാത്മോപശിക്ഷിതാം	സ്വദേഹത്തിൽനിന്നേ അഭ്യസിക്കപ്പെട്ട
ബുദ്ധിം	ജ്ഞാനത്തിനെപ്പററി
വദതഃ മേ ശൃണു	പറയുന്ന എന്നിൽനിന്നു് കേട്ടാലും.

25. ദേഹോ ഗുരുർമ്മമ വിരക്തി വിവേകഹേതു
ബിഭ്രത് സ്മ സത്വനിധനം സതതാർത്ത്യുദർക്കം
തത്വാന്യനേന വിമൃശാമി യഥാ തഥാപി
പാരക്യമിത്യവസിതോ വിചരാമ്യസംഗഃ

മമ — എനിക്ക്
വിരക്തിവിവേകഹേതുഃ — വിരക്തിക്കും വിവേകത്തിനും കാരണമായ
ദേഹഃ — ഈ ശരീരം
ഗുരുഃ — ഒരു ഗുരുവാകുന്നു.
സതതാർത്ത്യുദർക്കം — ഭാവിയിൽ തുടർന്ന് ദുഃഖം ഹേതുവായ
സത്വനിധനം — ജനനമരണങ്ങളെ
ബിഭ്രത് സ്മ — ധരിക്കുന്നു.
അനേന — ഈ ദേഹംകൊണ്ട്
തത്വാനി — തത്വങ്ങളെ
യഥാ — വാസ്തവമാതിരി.
വിമൃശാമി — ചിന്തിക്കാം
തഥാപി — എങ്കിലും
പാരക്യം ഇതി — ഇത് നായ, കുറുക്കൻ മുതലായവക്ക് ഭക്ഷണയോഗ്യമായതാകുന്നു എന്ന്
അവസിതഃ — തീരുമാനിച്ചവനായ്ക്കൊണ്ട്
അസംഗഃ — അതിൽ അഭിമാന രാഹിത്യത്തോട് കൂടിയവനായ്
വിചരാമി — (ഞാൻ) സഞ്ചരിക്കുന്നു.

26 ജായാത്മജാർത്ഥ പശുഭൃത്യഗൃഹാപ്തവർഗ്ഗാൻ
പുഷ്ണാതി യത് പ്രിയ ചികീർഷയാ വിതന്വൻ
സ്വാന്തേ സകൃച്ഛ്രമവരുദ്ധധനഃ സ ദേഹഃ
സൃഷ്ട്വാസ്യ ബീജമവസീദതി വൃക്ഷധർമ്മാ

യത് പ്രിയ ചികീർഷയാ — ഏതുശരീരത്തിന് പ്രിയം ചെയ്യണമെന്നാഗ്രഹംകൊണ്ട്
സകൃച്ഛ്രം — വളരെ കഷ്ടപ്പെട്ട്
അവരുദ്ധധന — സമ്പാദിക്കപ്പെട്ട സമ്പത്തുക്കളോടുകൂടിയവനായിട്ട്
ജായാത്മജാർത്ഥ പശുഭൃത്യഗൃഹാപ്തവർഗ്ഗാൻ — ഭാര്യ, മക്കൾ, ധനം, കന്നുകാലികൾ, ഭൃത്യന്മാർ വീട്, ബന്ധുക്കൾ ഇവരെ
വിതന്വാൻ — അധികമാക്കിക്കൊണ്ട്
പുഷ്ണാതി — പോഷിപ്പിക്കുന്നുവോ
സഃ ദേഹഃ — ആ ശരീരം
സ്വാന്തേ — തന്റെ അന്ത്യകാലത്തിൽ
അസ്യ ബീജം സൃഷ്ട്വാ — ഈ പുരുഷന് ശരീരാന്തരപ്രാപ്തിക്ക് കാരണമായ പുണ്യപാപങ്ങളെ ചെയ്ത്
വൃക്ഷധർമ്മാ — മരത്തിന്റെ ധർമ്മം ഏതുപോലെ ആ ധർമ്മത്തോടുകൂടി
അവസീദതി — നശിക്കുന്നു.

27. **ജിഹ്വൈകതോഽമുമപകർഷതി കർഹി തർഷാ
ശിശ്നോഽന്യതസ്ത്വഗുദരം ശ്രവണം കുതശ്ചിത്
ഘ്രാണോഽന്യതശ്ചപലദൃക് ക്വ ച കർമ്മശക്തിർ
ബഹ്വ്യഃ സപത്ന്യ ഇവ ഗേഹപതിം ലുനന്തി**

അമും	ഈ ശരീരാഭിമാനിയായ മനുഷ്യനെ
കർഹി	ചിലപ്പോൾ
ജിഹ്വാ	നാവ്
ഏകതഃ	ഒരു സ്ഥലത്തിലേക്ക് (സ്വാദറിവാൻ)
അപകർഷതി	ആകർഷിക്കുന്നു.
തർഷ	ദാഹം
ശിശ്നഃ	ആൺകുറി
ത്വക്	ചർമ്മം (തോല്)
ഉദരം	വയറ് ഇവകൾ
അന്യതഃ	സ്ഥലാന്തരത്തിലേക്കും അതാതിന്റെ വിഷയങ്ങൾക്ക്)
ശ്രവണം	ചെവികൾ
കുതശ്ചിത്	മറെറാരു സ്ഥലത്തിലേക്കും (ശബ്ദം അറിയുവാൻ
ഘ്രാണഃ	മൂക്കും
ചപലദൃക്	ചഞ്ചലമായ കണ്ണുകളും
അന്യതഃ ച	അതാതിന്റെ വിഷയങ്ങൾക്കു
കർമ്മശക്തി	കർമ്മേന്ദ്രിയങ്ങൾ
ക്വ ച	വേറൊരു സ്ഥലത്തിലേക്കും (അതാതിന്റെ വിഷയത്തിനും)
ഗേഹപതി	ഒരു ഭർത്താവിനെ
ബഹ്വ്യഃ പത്നിഃ ഇവ	അനേകം ഭാര്യമാർ നാലു ഭാഗങ്ങളിലും വലിച്ച് ഉപദ്രവിക്കുന്നതുപോലെ
ലുനന്തി	ആകർഷിച്ച് ഹിംസിക്കുന്നു.

28. **സൃഷ്ട്വാ പുരാണി വിവിധാന്യജയാത്മശക്ത്യാ
വൃക്ഷാൻ സരീസൃപപശൂൻ ഖഗദംശമത്സ്യാൻ
തൈസ്തൈരതുഷ്ടഹൃദയഃ പുരുഷം വിധായ
ബ്രഹ്മാവലോകധിഷണം മുദമാപ ദേവഃ**

ദേവഃ	ഭഗവാൻ
ആത്മശക്ത്യാ	തന്റെ ശക്തി രൂപമായ
അജയാ	മായയാൽ
വിവിധാനി	വിവിധങ്ങളായ
പുരാണി	ജീവന്നിരിപ്പിടമായിട്ട് (ശരീരങ്ങളായ്)
വൃക്ഷാൻ	മരങ്ങളേയും
സരീസൃപപശൂൻ	പാമ്പുകളേയും പശുക്കളേയും
ഖഗദംശമത്സ്യാൻ	പക്ഷികളേയും ഈച്ചകളേയും മത്സ്യങ്ങളേയും
സൃഷ്ട്വാ	സൃഷ്ടിച്ച്
തൈഃ തൈഃ	അവകളേക്കൊണ്ട്
അതുഷ്ട ഹൃദയഃ	അസന്തുഷ്ടമായ ഹൃദയത്തോട് കൂടിയവനായ്
ബ്രഹ്മാവലോകധിഷണം	ബ്രഹ്മസാക്ഷാത്കാരത്തിന് പര്യാപ്തമായ ബുദ്ധിയോടുകൂടിയ
പുരുഷം	മനുഷ്യശരീരത്തിനെ
വിധായ	സൃഷ്ടിച്ച്
മുദം ആപ	സന്തോഷം പ്രാപിച്ചു (സന്തുഷ്ടനായ് ഭവിച്ചു)

29. ലബ്ധ്വാ സുദുർലഭമിദം ബഹുസംഭവാന്തേ
മാനുഷ്യമർത്ഥദമനിത്യമപീഹ ധീരഃ
തൂർണ്ണം യതേത ന പതേദനുമൃത്യു യാവ-
ന്നിശ്രേയസായ വിഷയഃ ഖലു സർവ്വതഃ സ്യാത്

ഇദം മാനുഷ്യം	ഈ മനുഷ്യശരീരം എന്നതു്	ഇഹ	ഈ ജന്മത്തിൽതന്നെ
അർത്ഥദം അപി	പുരുഷാർത്ഥപ്രദങ്ങളായു് ഇരുന്നാലും	യാവത് ന	ഈ ശരീരം വീഴുന്നതിനു
അനിത്യം	അശാശ്വതം	പതേത്	മുമ്പേ
അനുമൃത്യു	ജനിക്കുമ്പോഴുംതന്നെ മരണധർമ്മത്തോടു കൂടിയതു്	തൂർണ്ണം	ഉടനെ
ബഹുസംഭ-വാന്തേ	അനേകജന്മാക്കൾക്കു് ശേഷം	നിഃശ്രേയ-	ക്ഷേമത്തിന്നായു്
സുദുർലഭമിദം	ലഭിക്കുവാൻ അസാദ്ധ്യമായ ഈ ശരീരം	സായ	കൊണ്ടു്
ലബ്ധ്വാ	ലഭിച്ചു്	യതേത	പ്രയത്നിക്കേണ്ടതാണു്;
		ഖലു	എന്തുകൊണ്ടെന്നാൽ
		വിഷയഃ	വിഷയസുഖം എന്നതു്
		സർവ്വതഃ	നായ, പന്നി, മുതലായ ജന്മാന്തരങ്ങളിലും
		സ്യാത്	ലഭിക്കുന്നതാണല്ലോ

30. ഏവം സഞ്ജാത വൈരാഗ്യോ വിജ്ഞാനാലോക ആത്മനി
വിചരാമി മഹീമേതാം മുക്തസംഗോഽനഹംകൃതി

ഏവം	ഇപ്രകാരം അനേകം ഗുരുക്കന്മാരിൽ നിന്നും	ആത്മനി	ആത്മസ്വരൂപത്തിൽ തന്നെ ലയിച്ചിരിക്കുന്നവനായും
സംജാത വൈരാഗ്യഃ	സിദ്ധിച്ച വൈരാഗ്യത്തോടുകൂടിയവനായു്	മുക്തസംഗഃ	പത്നീപുത്രാദികളിൽ മമകാരമില്ലാത്തവനായും
വിജ്ഞാനാ-ലോകഃ	ആത്മസാക്ഷാൽകാരം എന്ന ദീപത്തോടുകൂടിയവനായും	അനഹം കൃതിഃ	ദേഹാദികളിൽ അഹംകാരമില്ലാത്തവനായും
		ഏതാം മഹീം	ഈ ലോകത്തിൽ
		വിചരാമി	ഞാൻ ചുററിത്തിരിയുന്നു.

31. ന ഹ്യേകസ്മാത് ഗുരോർജ്ഞാനം സുസ്ഥിരം സ്യാത്
സുപുഷ്കലം
ബ്രഹ്മൈതദദ്വിതീയം വൈ ഗീയതേ ബഹുധർഷിഭിഃ

ഏതത് ബ്രഹ്മ	ഈ ബ്രഹ്മം
അദ്വിതീയം	അദ്വിതീയം (രണ്ടാമത്തേത് ഇല്ലാത്തത്)
ഹി	എങ്കിലും
ഋഷിഭിഃ	ഋഷികളാൽ
ബഹുധാ	പലവിധമായ്
ഗീയതേ	പറയപ്പെടുന്നു.
ഏകസ്മാത് ഗുരോഃ	ഒരു ഗുരുവിൽ നിന്നും
ജ്ഞാനം	ജ്ഞാനം എന്നത്
സുപുഷ്കലം	പൂർണ്ണമായിട്ടും
സുസ്ഥിരം	സുസ്ഥിരമായും
ന സ്യാത് ഹി	ഭവിക്കുക ഇല്ലല്ലോ

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു.

32. ഇത്യുക്ത്വാ സ യദും വിപ്രസ്തമാമന്ത്ര്യ ഗഭീരധീഃ
വന്ദിതോഽഭ്യർത്ഥിതോ രാജ്ഞാ യയൌ പ്രീതോ യഥാഗതം

ഗഭീരധീഃ	അഗാധമായ ജ്ഞാനത്തോടുകൂടിയ
സഃ വിപ്രഃ	ആ ബ്രാഹ്മണൻ
യദും	യദുമഹാരാജാവിനെ
ഇതി ഉക്ത്വാ	ഇപ്രകാരം പറഞ്ഞതിനു ശേഷം
തം ആമന്ത്ര്യ	അവരോട് ഉത്തരവു വാങ്ങിക്കൊണ്ട്
രാജ്ഞാ	രാജാവിനാൽ
വന്ദിതഃ	വണങ്ങി
അഭ്യർത്ഥിതഃ	പ്രാർത്ഥിക്കപ്പെട്ടവനായ്ക്കൊണ്ട്
പ്രീതഃ	സന്തോഷപ്പെട്ട്
യഥാഗതം	വന്നവഴിക്കുതന്നെ
യയൌ	മടങ്ങിച്ചെന്നു.
നഃ	നമ്മുടെ പൂർവ്വികന്മാരക്കും
പൂർവ്വജഃ സഃ	പൂർവ്വികനായ ആ യദുമഹാരാജൻ
അവധൂതവചഃ ശ്രുത്വാ	അവധൂതന്റെ വാക്കുകേട്ട്
സമചിത്തഃ	ലക്ഷ്മീസമേതനായ ഭഗവാനിങ്കൽ മനസ്സിനെ ലയിപ്പിച്ച്
സർവ്വസംഗവിനിർമ്മുക്തഃ	സർവ്വവിരക്തനായ്
ബഭൂവ	ഭവിച്ചു.
ഹ	അത്ഭുതം !

ഇതി ശ്രീമത് ഭാഗവതപുരാണം പതിനൊന്നാം സ്കന്ധം ഒമ്പതാമദ്ധ്യായം സമാപ്തം.

ആദിതഃ ശ്ലോകാഃ 12576 ഏകാദശസ്കന്ധം ആദിതഃ ശ്ലോകാഃ 410

ദശമോഽധ്യായഃ = അധ്യായം പത്ത്

ആത്മനഃ സംസാരബന്ധോ ദേഹാദ്ധ്യാസാദസ്തീതി
ബോധനം ജഗതോ മിഥ്യാത്വ നിരൂപണം ച

ശരീരത്തിനെ (ആത്മാ) ഞാൻ എന്ന് വിചാരിക്കുന്നതു കൊണ്ടുതന്നെയാണ് ആത്മാവിന് സംസാരബന്ധമുണ്ടാകുന്നത് എന്ന ജ്ഞാനത്തിനെ നൽകി ഈ ജഗത് (മിഥ്യാ) ഇല്ലാത്തത് എന്ന് നിരൂപണം ചെയ്യുന്നു.

ശ്രീ ഭഗവാനുവാച — ഭഗവാൻ പറഞ്ഞു.

1. **മയോദിതേഷ്വവഹിതഃ സ്വധർമ്മേഷു മദാശ്രയഃ**
വർണ്ണാശ്രമ കുലാചാരമകാമാത്മാ സമാചരേത്

മയാ	എന്നാൽ	മദാശ്രയഃ	എന്നെയേ ആശ്രയിച്ചവനായും
ഉദിതേഷു	ഗീതാ മുതലായവകളിൽ ഉപദേശിക്കപ്പെട്ട	അകാമാത്മാ	ഫലേച്ഛ ഇല്ലാത്തവനായും
സ്വധർമ്മേഷു	പൂജാ മുതലായ വൈഷ്ണവ ധർമ്മങ്ങളിൽ	വർണ്ണാശ്രമ കുലാചാരം	ആശ്രമം, വർണ്ണം, കുലം ഇവകൾക്ക തുല്യമായ കർമ്മങ്ങളെ
അവഹിതഃ	ജാകരൂകനായ്	സമാചരേത്	അനുഷ്ഠിക്കേണം.

2. **അന്വീക്ഷേത വിശുദ്ധാത്മാ ദേഹിനാം വിഷയാത്മനാം**
ഗുണേഷു തത്ത്വധ്യാനേന സർവ്വാരംഭ വിപര്യയം

തത്ത്വധ്യാനേന	(വിഷയങ്ങൾ) സത്യമയവയാണ് എന്ന അഭിനിവേശം കൊണ്ടുണ്ടായ	ഗുണേഷു	വിഷയങ്ങളിൽ
വിഷയാത്മനാം	വിഷയാദികളിൽ വ്യപൃതനായ മനസ്സോടുകൂടിയ	സർവ്വാരംഭവിപര്യയം	സകല യത്നങ്ങളുടേയും വിപരീതമായ ഫലത്തിനെ
ദേഹിനാം	ജനങ്ങളുടെ	അന്വീക്ഷേത	നോക്കി അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

3. **സുപ്തസ്യ വിഷയാലോകോ ധ്യായതോ വാ മനോരഥഃ**
നാനാത്മകത്വാത് വിഫലസ്തഥാ ഭേദാത്മധീർഗുണൈഃ

സുപ്തസ്യ	ഉറങ്ങുന്നവന്റ് (സ്വപ്നം കാണുന്നവന്റ്)	നാനാത്മകത്വാത്	പലവിധങ്ങളിൽ ഇരിക്കുന്നതിനാൽ
വിഷയാലോകഃ	പലവിധമായ പദാർത്ഥങ്ങളെ കാണുന്നതും	വിഫലഃ	വിഫലമോ (ഭ്രമിയോ)
		ഗുണൈഃ	മനുഷ്യാദി ശരീരങ്ങളാൽ
ധ്യായതഃ	രാജാവ് മുതലായവരുടെ ചരിത്രങ്ങളെ ധ്യാനം ചെയ്യുന്നവന്റ്	ഭേദാത്മധീഃ	പൃഥക്കായ് തോന്നുന്ന ഞാൻ എന്ന ജ്ഞാനവും
മനോരഥഃ വാ	അതു സംബന്ധിച്ച മനോരഥങ്ങളും	തഥാ	അതുപോലെ ഭ്രമം തന്നേയാണ്.

4. **നിവൃത്തം കർമ്മ സേവേത പ്രവൃത്തം മത്പരഃ ത്യജേത്**
ജിജ്ഞാസായാം സംപ്രവൃത്തോ നാദ്രിയേത് കർമ്മചോദനാം

മത്പരഃ	എന്നിൽ നിമഗ്നനായ്	ജിജ്ഞാസായാം	ആത്മതത്വവിചാരത്തിങ്കൽ
പ്രവൃത്തം കർമ്മ	കാമ്യകർമ്മത്തിനെ	സംപ്രവൃത്തഃ	നല്ലപോലെ ഈടുപ്പെട്ട്
ത്യജേത്	ത്യജിക്കണം	കർമ്മചോദനാം	നിത്യകർമ്മവിധിയെ
നിവൃത്തം	നിഷ്കാമ്യ കർമ്മത്തിനെ	ന ആദ്രിയേത്	അത്രത്തോളം ആദരിക്കേണ്ടതില്ല.
സേവേത	സേവിക്കണം		

5. **യമാനഭീക്ഷ്ണം സേവേത നിയമാൻ മത്പരഃ ക്വചിത്**
മദഭിജ്ഞം ഗുരും ശാന്തം ഉപാസീത മദാത്മകം

മത്പരഃ	എന്നെത്തന്നെ പരമപുരുഷാർത്ഥമായ് വിചാരിച്ച്	ക്വചിത്	സന്ദർഭം ലഭിക്കുമ്പോഴും ചെയ്യണം.
യമാൻ	അഹിംസ, സത്യം മുതലായ യമങ്ങളെ	മദഭിജ്ഞം	എന്നെ അറിഞ്ഞവനും
		ശാന്തം	വളരെ ശാന്തനും (രാഗലോഭാദിദോഷരഹിതനും)
അഭീക്ഷ്ണം	വീണ്ടും വീണ്ടും ആദരവോടെ	മദാത്മകം	എന്റെ സ്വരൂപം സിദ്ധിച്ചവനുമായ
സേവേത	അനുഷ്ഠിക്കേണം.		
നിയമാൻ	ശൗചം, ദാനം മുതലായവയെ	ഗുരും	ഗുരുവിനെ
		ഉപാസീത	ഉപാസിക്കേണ്ടതാകുന്നു.

6. **അമാന്യ മത്സരോ ദക്ഷോ നിർമ്മമോ ദൃഢസൗഹൃദഃ**
അസത്വരോऽർത്ഥ ജിജ്ഞാസുരനസൂയുരമോഘവാക്

അമാനീ	താൻ ഉത്തമൻ എന്ന അഭിമാനം ഇല്ലാത്തവനും	അസത്വരഃ	അവസരപ്പെടാത്തവനും
അമത്സരഃ	അസൂയ ഇല്ലാത്തവനും	അർത്ഥജിജ്ഞാസുഃ	പരബ്രഹ്മത്തെ അറിയുവാൻ കൌതുകം ഉള്ളവനും
ദക്ഷഃ	ആലസ്യം ഒഴിഞ്ഞവനും	അനസൂയുഃ	അസൂയാരഹിതനും
നിർമ്മമഃ	മമത ഇല്ലാത്തവനും	അമോഘവാക്	വൃഥാകണ്ഠക്ഷോഭം ചെയ്യാത്തവനായും ഇരിക്കേണ്ടതാകുന്നു.
ദൃഢസൗഹൃദഃ	ഈശ്വരനിങ്കലും ഗുരുവിങ്കലും അചഞ്ചലഭക്തിയോടു കൂടിയവനും		

7. **ജായാപത്യ ഗൃഹക്ഷേത്ര സ്വജനദ്രവിണാദിഷു**
ഉദാസീനഃ സമം പശ്യൻ സർവ്വേഷ്വർത്ഥമിവാത്മനഃ

ജായാപത്യഗൃഹക്ഷേത്രസ്വജനദ്രവിണാദിഷു	ഭാര്യ, പുത്രൻ, വീട്, കൃഷി, സ്വബന്ധുക്കൾ, ധനം മുതലായവയിൽ	സർവ്വേഷു	എല്ലാവററിലും
		സമം പശ്യൻ	സമദൃഷ്ടിയോടുകൂടി
ആത്മനഃ അർത്ഥം ഇവ	സ്വസുഖം മുതലായവ പോലെ	ഉദാസീനഃ	ഉദാസീനനായിരിക്കേണം.

8. **വിലക്ഷണഃ സ്ഥൂലസൂക്ഷ്മാത് ദേഹാദാത്മേക്ഷിതാ സ്വദൃക്**
യഥാഗ്നിർദാരുണോ ദാഹ്യാത്ദാഹകോഽന്യ പ്രകാശകഃ

ദാഹകഃ	എരിക്കുന്നവനും	ഈക്ഷിതാ	ദ്രഷ്ടാവുമായ
പ്രകാശകഃ	പ്രകാശിപ്പിക്കുന്നവനുമായ	ആത്മാ	ആത്മാ
അഗ്നിഃ	അഗ്നി	സ്ഥൂലസൂക്ഷ്മാത്	(ബുദ്ധി ഇന്ദ്രിയം, മനസ്സ്, പ്രാണൻ എന്നീ സൂക്ഷ്മവും, പൃഥിവി, അപ്, തേജസ്സ്, വായു, ആകാശം ഇവകളാൽ നിർമ്മിതമായ സ്ഥൂലവുമായ
ദാഹ്യാത്	ദഹനയോഗ്യമായ		
ദാരുണഃ	മരക്കട്ടയേക്കാൾ		
അന്യഃ യഥാ	വേറായിട്ട് എങ്ങിനെ ഇരിക്കുന്നുവോ അതുപോലെ	ദേഹാത്	ദേഹത്തിനേക്കാൾ
സ്വദൃക്	സ്വയം പ്രകാശിയും	വിലക്ഷണഃ	വേറുപെട്ടതാകുന്നു.

9. **നിരോധോത്പത്ത്യണുബൃഹന്നാനാത്വം തത്കൃതാൻ ഗുണാൻ**
അന്തഃപ്രവിഷ്ട ആധത്ത ഏവം ദേഹഗുണാൻ പരഃ

അന്തഃ പ്രവിഷ്ടഃ	മരക്കട്ടയിൽ പ്രവേശിച്ച അഗ്നി	ഗുണാൻ	ഗുണങ്ങളായ
തൽകൃതാൻ	ആ കട്ടകൊണ്ട് പണിയപ്പെട്ട	നിരോധോത്പത്ത്യണുബൃഹന്നാനാത്വം	നാശം, ഉത്ഭവം ലഘുത്വം മഹത്ത്വം പലവിധമായ പരിണമിക്കുക എന്ന്

ആധാരേ	എങ്ങിനെ ഭവിക്കുന്നുവോ	ദേഹഗുണാൻ	ശരീരത്തിന്റെ ഉൽപത്തി നാശം മുതലായ ഗുണങ്ങളെ പ്രാപിക്കുന്നു.
ഏവം	അതുപോലെ		
പരഃ	പരമാത്മാവും		

10. **യോഽസൌ ഗുണൈർവ്വിരചിതോ ദേഹോഽയം പുരുഷസ്യ ഹി**
സംസാരസ്തന്നിസന്ധോഽയം പുംസോ വിദ്യാച്ഛിദാത്മനഃ

പുരുഷസ്യ	പരമേശ്വരന്റെ	അയം സംസാരഃ	ഈ ജനനമരണാത്മകമായ സംസാരം ഉണ്ടാകുന്നതു്.
ഗുണൈഃ	മായാഗുണങ്ങളുടെ പരിണാമത്താൽ	ഹി	സംസാരം അവിദ്യാകൃതമാകയാൽ
യഃ അസൌ	ഏതൊരു സൂക്ഷ്മവും		
അയം	സ്ഥൂലവുമായ		
ദേഹഃ രചിതഃ	ശരീരം സൃഷ്ടിക്കപ്പെട്ടുവോ	ആത്മനഃ വിദ്യ	ആത്മജ്ഞാനം എന്നതു്
തന്നിബന്ധഃ	അദ്ദേഹത്തിൽ ആത്മാധ്യാസംനിമിത്തമായ് തന്നെ	ഛിദ്	ആ സംസാരത്തിനെ ഇല്ലാതാക്കിത്തീർക്കുന്നു.
പുംസഃ	ജീവന്നു് (പുരുഷന്നു്)		

11. **തസ്മാജ്ജിജ്ഞാസയാഽഽത്മാനമാത്മസ്ഥം കേവലം പരം**
സംഗമ്യ നിരസേദേതദ് വസ്തുബുദ്ധിം യഥാക്രമം

തസ്മാത്	അതുകൊണ്ടു്	ഏതദ്വസ്തുബുദ്ധിം	ഈ ശരീരംതന്നെയാണ് ആത്മാ എന്ന വിചാരത്തിനെ
ജിജ്ഞാസയാ	ആത്മവിചാരത്താൽ		
ആത്മസ്ഥം	കാര്യാകാര്യസംഘാതരൂപമായ ദേഹത്തിസ്ഥിതനും	യഥാക്രമം	സ്ഥൂലസൂക്ഷ്മാദിക്രമമായിട്ടു്
		നിരസേത്	ഉപേക്ഷിക്കണം
		ആചാര്യഃ	ആചാര്യൻ
കേവലം	നിസ്സംഗനും	ആദ്യഃ അരണി സ്യാത്	ആധാര അരണിയാകുന്നു;
പരം	ദേഹത്തേക്കാൾ അന്യവുമായ		
		അന്തേവാസി	ശിഷ്യൻ
ആത്മാനം	പരമാത്മാവിനെ	ഉത്തരാരണിഃ	ഉത്തരാരണിയാകുന്നു;
സംഗമ്യ	നല്ലപോലെ അറിഞ്ഞു്	പ്രവചനം	ഉപദേശം എന്നതു്

12. **ആചാര്യോഽരണിരാദ്യഃ സ്യാദന്തേവാസ്യുത്തരാരണിഃ**
തത്സന്ധാനം പ്രവചനം വിദ്യാസന്ധിഃ സുഖാവഹഃ

തത്സന്ധാനം	ആ രണ്ടിനും നടുവിൽ ഉള്ള കട്ടയാകുന്നു.;
വിദ്യാ	വിദ്യാ എന്നത്
സന്ധിഃ	നടുവിൽ ഉത്ഭവിക്കുന്ന
	അഗ്നിപോലെ
സുഖാവഹഃ	സുഖപ്രദമായതായ്
	ഭവിക്കുന്നു.

13. വൈശാരദീ സാതിവിശുദ്ധബുദ്ധിർ
ധുനോതി മായാം ഗുണസംപ്രസൂതാം
ഗുണാംശ്ച സംദഹ്യ യദാത്മമേതത്
സ്വയം ച ശാമ്യത്യസമിദ് യഥാഗ്നിഃ

വൈശാരദീ	ഉത്തമ ഗുരുവിനാൽ ഉപദേശിക്കപ്പെട്ട
സാ അതി വിശുദ്ധ ബുദ്ധിഃ	വളരേ വിശുദ്ധമായ ആ ബുദ്ധി
ഗുണസംപ്ര. സൂതാനാം	സത്വം മുതലായ ഗുണകാര്യരൂപങ്ങളായ
മായാം	മായയേയും
ഗുണാൻ ച	അതിന്റെ ഗുണങ്ങളേയും
ധുനോതി	നശിപ്പിച്ചുകളയുന്നു.
യദാത്മം	ആ ഗുണങ്ങൾ നിമിത്തമായി ഉണ്ടായ
ഏതത്	പുരുഷന്റെ ബന്ധനരൂപമായ സംസാരത്തിനെയും
സംദഹ്യ	നശിപ്പിച്ച്
സ്വയം ച	താനും
അസമിത്	വിറകില്ലാത്ത
അഗ്നിഃ യഥാ	തീ എന്നപോലെ
ശാമ്യതി	ശമിച്ചുപോകുന്നു

14. അഥൈഷാം കർമ്മ കർത്തൃണാം ഭോക്തൃണാം സുഖദുഃഖയോഃ
നാനാത്വമഥ നിത്യത്വം ലോകകാലാഗമാത്മനാം

15. മന്യസേ സർവ്വഭാവാനാം സംസ്ഥാ ഹ്യൗത്പത്തികീ യഥാ
തത്തദാകൃതിഭേദേന ജായതേ ഭിദ്യതേ ച ധീഃ

അഥ	ഒരു പക്ഷെ
കർമ്മകർത്തൃണാം	കർമ്മങ്ങളെ അനുഷ്ഠിക്കുന്നവരും
സുഖദുഃഖയോഃ	അവകളുടെ ഫലമാകുന്ന സുഖദുഃഖങ്ങളെ
ഭോക്തൃണാം	അനുഭവിക്കുന്നവരുമായ
ഏഷാം	ഈ ജീവൻമാർ
നാനാത്വം	പലർ എന്നു്
മന്യസേ	(നീ) വിചാരിക്കുന്നുവോ
അഥ ലോക് കാലാഗമാത്മനാം	അതും അല്ലാതെ സുഖം അനുഭവിക്കേണ്ടുന്ന ലോകം, അതിനു വേണ്ടുന്ന കാലം, ആയതിന് ഉപായമായ കർമ്മാവിനെ ബോധിക്കുന്ന ശാസ്ത്രം, ഭോക്താവായ ആത്മാ ഇവക്ക്
നിത്വത്വം	നിത്യത്വത്തിനേയും വിചാരിക്കുന്നുവോ
സർവ്വഭാവാനാം	സ്രക്, ചന്ദനം മുതലായ സകല വസ്തുക്കളുടേയും

സംസ്ഥാ ഹി	സ്ഥിരത്വം എന്നത്
ഔത് പത്തികീ	പ്രവാഹരൂപമായ നിത്യം എന്നും
യഥാ	സത്യം എന്നും (മായാ അല്ല എന്നും
ധീഃ	ജ്ഞാനം
തത്തദാകൃതി ഭേദേന	ആ രൂപങ്ങളുടെ വ്യത്യാസം സംബന്ധിച്ചാകുന്ന ഉണ്ടാകുന്നത്
വിദ്യതേ ച	ആയതുകൊണ്ട് വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും വിചാരിക്കുന്നുവോ?

16. ഏവമപ്യംഗ സർവ്വേഷാം ദേഹിനാം ദേഹയോഗതഃ
കാലവയവതഃ സന്തി ഭാവാ ജന്മാദയോऽസകൃത്

അംഗ	ഹേ ഉദ്ധവ
ഏവം അപി	അപ്രകാരമായാലും
സർവ്വേഷാം ദേഹിനാം	സകല ജീവന്മാർക്കും
ദേഹ യോഗതഃ	ദേഹസംബന്ധം ഇരിക്കുന്നതിനാൽ
കാലാ	സംവത്സരം മുതലായ
വയവതഃ	കാലാവയവങ്ങളാൽ
അസകൃത്	തുടന്ന്
ജന്മാദയഃ	ജനനം മുതലായ
ഭാവഃ	വികാരങ്ങൾ
സന്തി	ഉണ്ടാകുന്നു.

17. അത്രാപി കർമ്മണാം കർത്തുരസ്വാതന്ത്ര്യം ച ലക്ഷ്യതേ
ഭോക്തുശ്ച ദുഃഖസുഖയോഃ കോന്വർത്ഥോ വിവശം ഭജേത്

അത്ര അപി	നിന്റെ സിദ്ധാന്തത്തിലും
കർമ്മണാം കർത്തുഃ	കർമ്മങ്ങളെ അനുഷ്ഠിക്കുന്നവനും
അസ്വാതന്ത്ര്യം	സ്വാതന്ത്ര്യ രഹിതനായിരിക്കുക എന്നത്
ദുഃഖസുഖയോഃ ഭോക്തു ച	ദുഃഖസുഖങ്ങളെ അനുഭവിക്കുന്നവനും
ലക്ഷ്യതേ	കാണപ്പെടുന്നു
വിവശം ച	വിവശനായവനും (കാലകർമ്മാദികൾക്ക് അധീനൻ)
കഃ അർത്ഥഃ നു	ഏതു വിഷയസുഖങ്ങളാണ്
ഭജേത്	സുഖിയായി വെക്കുവാൻ സാധിക്കുക.

18. ന ദേഹിനാം സുഖം കിഞ്ചിദ്വിദ്യതേ വിദുഷാമപി
തഥാ ച ദുഃഖം മൂഢാനാം വൃഥാഹംകരണം പരം

വിദുഷാം അപി	കർമ്മാനുഷ്ഠാന വിധികൾ അറിഞ്ഞിരുന്നാലും
ദേഹിനാം	ദേഹികൾക്ക് (ജീവന്മാർക്ക്)
കിഞ്ചിത്	കുറച്ചെങ്കിലും
സുഖം ന വിദ്യതേ	സുഖം ലഭിക്കുന്നില്ല.
തഥാ	അതുപോലെ
മൂഢാനാം	ആ വിധിയറിയാത്ത മൂഢന്മാർക്ക്
ദുഃഖം ച	ദുഃഖവുമില്ല.
വൃഥാഹംകരണം പരം	ഞങ്ങൾ കർമ്മാനുഷ്ഠാനങ്ങളിൽ സമർത്ഥരായതിനാൽ സുഖമായി ഇരിക്കുന്നു എന്ന വൃഥാഹംകാരം മാത്രം ഉണ്ടാകുന്നു.

[സുഖദുഃഖാദികൾ അന്തഃകരണ ധർമ്മമായതുകൊണ്ട്; ഞാൻ സുഖി, ദുഃഖി എന്നു വിചാരിക്കുന്നത് വൃഥാവാകുന്നു.]

19. യദി പ്രാപ്തിം വിഘാതം ച ജാനന്തി സുഖദുഃഖയോ
തേഽപ്യദ്ധാ ന വിദുഃയോഗം മൃത്യുർന പ്രഭവേദ്യഥാ

സുഖദുഃഖയോഃ പ്രാപ്തിം വിഘാതംച	സുഖം അനുഭവിക്കുവാനുള്ള ഉപായത്തിനേയും ദുഃഖം പരിഹരിക്കാൻ ഉള്ള ഉപായത്തിനേയും	മൃത്യുഃ	മരണം എന്നത്
		യഥാ ന പ്രഭവേത്	ഏതു് ഉപായത്തിനെ അനുഷ്ഠിക്കുന്നതിനാൽ സംഭവിക്കുകയില്ലയോ
ജാനന്തി യദി	ചിലർ അറിയുമെങ്കിൽ		
തേ അപി	അവരും	യോഗം	ആ ഉപായം
അദ്ധാ	നേരിൽ	ന വിദുഃ	അറിയില്ല.

20. കോനാമർത്ഥഃ സുഖയത്യേനം കാമോ വാ മൃത്യുരന്തികേ
ആഘാതം നീയമാനസ്യ വധ്യസ്യേവ ന ഇഷ്ടിദഃ

ഏനം	ഈ ദേഹിയെ	ആഘാതം നീയമാനസ്യ	വധ്യസ്ഥലത്തിലേക്ക് നയിക്കപ്പെടുന്ന
കഃ അർത്ഥഃ ന	ഏതു ഭോഗ്യവസ്തു (ധനം) ആണ്		
കാമോ വാ	അഥവാ ശബ്ദാദി വിഷയങ്ങൾതന്നെ	വധ്യസ്യ ഇവ	വധാർഹനായ അപരാധിക്ക് മാലചാർത്തുന്ന മുതലായ (സന്തോഷപ്രദമായ) വപോലെ
സുഖയതി	സന്തോഷപ്പെടുത്തുന്നു?		
അന്തികേ മൃത്യുഃ	അരികെ ഉള്ള മരണം	ന ഇഷ്ടിദഃ	സന്തോഷം നൽകുന്നല്ലത

ഇപ്രകാരം ഇഹലോകത്തിൽ സുഖം ഇല്ല എന്ന് പറഞ്ഞിട്ട് പരലോകത്തിലും അതില്ല എന്നു പറയുന്നു.

21. ശ്രുതഞ്ച ദൃഷ്ടവദ് ദുഷ്ടം സ്പർദ്ധാസൂയാത്യയവ്യയൈഃ
ബഹ്വന്തരായ കാമത്വാത് കൃഷിവച്ചാപി നിഷ്ഫലം

		സ്പർദ്ധാസൂയാത്യയവ്യയൈഃ	അന്യരുടെ സുഖത്തിൽ അസൂയാഗുണത്തിൽ കുറ്റം കാണുക അന്യവസ്തുവിന്റെ ശ്രൈഷ്ഠ്യംകണ്ട് അതുലഭിക്കാത്തതിനാൽ ദുഃഖം, നാശം ഇവകളാൽ
ദൃഷ്ടവദ്	ഈ ലോകത്തിൽ കാണപ്പെട്ട സുഖംപോലെ തന്നെ		
ശ്രുതം ച	ചെവിയാൽ കേട്ട		

ദുഷ്ടം	ദോഷയുക്തമായ് ഭവിക്കുന്നു.
അപി	മാത്രമല്ല
കൃഷിവത് ച	കൃഷിപോലെ
ബഹ്വന്തരായ കാമതാത്	പല തടസ്ഥങ്ങളോട് കൂടിയ സുഖമായിരിക്കുന്നതുകൊണ്ട്
നിഷ്ഫലം	അപ്രയോജനമായും ഭവിക്കുന്നു.

22. **അന്തരായൈരവിഹതോ യദി ധർമ്മഃ സ്വനുഷ്ഠിതഃ**
തേനാപി നിർജിതം സ്ഥാനം യഥാ ഗച്ഛതി തച്ഛൃണു.

ധർമ്മഃ	ധർമ്മം (ഒരുവനാൽ)
അന്തരായൈഃ	
അവിഹതഃ	വിഘ്നങ്ങളാൽ ഭ്രഷ്ടിക്കപ്പെടാതെ
സ്വനുഷ്ഠിതഃ യദി	നല്ലപോലെ അനുഷ്ഠിക്കപ്പെട്ടവെങ്കിൽ
തേന	ആ ധർമ്മത്താൽ
നിർജിതം	സമ്പാദിക്കപ്പെട്ട
സ്ഥാനം അപി	സ്വർഗ്ഗാദി ലോകവും (സ്വർഗ്ഗാദിലോകത്തിനെ
യഥാ ഗച്ഛതി	എങ്ങിനെ നശിക്കുന്നുവോ (എങ്ങിനെ അവൻ പ്രാപിക്കുന്നുവോ)
തത് ശൃണു	അതിനെ കേൾക്കുക

23. **ഇഷ്ട്വേഹ ദേവതാ യജ്ഞൈഃ സ്വർലോകം യാതി യാജ്ഞികഃ**
ഭുഞ്ജീത ദേവവത്തത്ര ഭോഗാൻ ദിവ്യാൻ നിജാർജിതാൻ

യാജ്ഞികഃ	യാഗം അനുഷ്ഠിക്കുന്നവൻ
ഇഹ	ഈ ലോകത്തിൽ
യജ്ഞൈഃ	യാഗങ്ങളാൽ
ദേവതാഃ	ഇന്ദ്രാദിദേവതകളെ
ഇഷ്ട്വാ	പൂജിച്ച് തൃപ്തിപ്പെടുത്തി
സ്വർലോകം യാതി	സ്വർഗ്ഗലോകം പോകുന്നു.
തത്ര	അവിടെ
നിജാർജിതാൻ	സ്വകർമ്മംകൊണ്ട് സമ്പാദിക്കപ്പെട്ട
ദിവ്യാൻ ഭോഗാൻ	ദിവ്യഭോഗങ്ങളെ
ഭുഞ്ജീത	അനുഭവിക്കുന്നു.

24. **സ്വപുണ്യോപചിതേ ശുഭ്രേ വിമാന ഉപഗീയതേ**
ഗന്ധർവ്വൈർവ്വിഹരന്മധ്യേ ദേവീനാം ഹൃദ്യവേഷധൃക്

സ്വപുണ്യോപചിതേ	തന്റെ പുണ്യത്താൽ സകല ഭോഗങ്ങളും നിറഞ്ഞ
ശുഭ്രേ	ശ്രേഷ്ഠമായ (വെള്ളയായ)
വിമാനേ	വിമാനത്തിൽ
ദേവീനാം മധ്യേ ഹൃദ്യവേഷധൃക്	അപ്സരസ്ത്രീകളുടെനടുവിൽ അവരുടെ മനസ്സിനെ ആകർഷിക്കുന്ന വേഷങ്ങളേ ധരിച്ച്
വിഹരൻ	വിഹരിച്ചുകൊണ്ടിരിക്കുമ്പോൾ
ഗന്ധർവൈഃ	ഗന്ധർവ്വന്മാരാൽ
ഉപഗീയതേ	പ്രശംസിക്കപ്പെടുന്നു.

25. സ്ത്രീഭിഃ കാമഗയാനേന കിംകിണീ ജാലമാലിനാ
ക്രീഡൻ ന വേദാത്മപാതം സുരാക്രീഡേഷു നിർവൃതഃ

കിംകിണീ-ജാലമാലിനാ	അനേകം കിങ്ങിണിമാല കെട്ടിയ	ക്രീഡൻ	ക്രീഡിച്ചുകൊണ്ടു
കാമഗയാനേന	ഇഷ്ടംപോലെ ചെല്ലുന്ന വിമാനത്തിൽ കയറി	നിർവൃതഃ	ആനന്ദം സിദ്ധിച്ചവനായ്
സുരാക്രീഡേഷു	ദേവോദ്യാനങ്ങളിൽ	ആത്മപാതം	(സ്വർഗ്ഗത്തിൽ നിന്നും) തന്റെ പതനത്തിനെ
സ്ത്രീഭിഃ	സ്ത്രീകളോടേ	ന വേദ	അറിയുന്നില്ല.

26. താവത് പ്രമോദതേ സ്വർഗ്ഗേ യാവത് പുണ്യം സമാപ്യതേ
ക്ഷീണ പുണ്യഃ പതത്യർവ്വാഗനിച്ഛൻ കാലചാലിതഃ

യാവത്	എത്രത്തോളം	ക്ഷീണ പുണ്യഃ	പുണ്യം തീൎന്ന ഉടനെ തന്നെ
പുണ്യം	പുണ്യം	അനിച്ഛൻ	താൻ ഇഷ്ടപ്പെട്ടില്ലെങ്കിലും
സമാപ്യതേ	തീൎന്നുപോകുന്നുവോ (സമാപ്തിയെ പ്രാപിക്കുന്നുവോ)	കാലചാലിതഃ	(സുഖാനുഭവസമാപ്തിയെ അറിയിക്കുന്ന) കാലത്താൽ പ്രക്ഷിപ്തനായ്
താവത്	അത്രത്തോളം		
സ്വർഗ്ഗേ പ്രമോദതേ	സ്വർഗ്ഗത്തിൽ സന്തോഷം അനുഭവിക്കുന്നു.	അർവ്വാക്	ചുവട്ടിൽ
		പതതി	വീഴുന്നു.

27. യദ്യധൎമ്മരതഃ സംഗാത് അസതാം വാ ജിതേന്ദ്രിയഃ
കാമാത്മാ കൃപണോ ലുബ്ധഃ സ്ത്രൈണോ ഭൂതവിഹിംസകഃ

28. പശൂനവിധിനാഽഽലഭ്യ പ്രേതഭൂതഗണാൻ യജൻ
നരകാനവശോ ജന്തുർ ഗത്വാ യാത്യുൽബണം തമഃ

യദി വാ	അഥവാ	കൃപണഃ	ആയതിനാൽ ദൈന്യത്തെ പ്രാപിച്ചവനായ്
അസതാം സംഗാത്	ദുഷ്ടന്മാരുടെ കൂട്ടുകെട്ടാൽ		
അധൎമ്മരതഃ	അധൎമ്മാസക്തനായ്	ലുബ്ധഃ	ആയതുകൊണ്ടു് സുഖാനുഭവ ആശ കാരണം വ്യാകുലനായ്
അജിതേന്ദ്രിയഃ	ആയതിനാൽ ഇന്ദ്രിയങ്ങളെ ജയിക്കാത്തവനായിട്ട്		
കാമാത്മാ	ആയതുകൊണ്ടു് ഭോഗവിഷയങ്ങളിൽ വ്യാപ്തനായ്	സ്ത്രൈണഃ	ആയതുകൊണ്ടു് സ്ത്രീവിഷയലോലനായ്

ഭൂതവിഹിംസകഃ	അതിനുവേണ്ടി പ്രാണിഹിംസ ചെയ്യുന്നവനായ്	ജന്തുഃ	മനുഷ്യൻ
പശൂൻ	പശുക്കളെ	അവശഃ	വിവശനായ്
അവിധിനെ	വിധി പിഴച്ച്	നരകാൻ ഗത്വാ	നരകങ്ങളെ പ്രാപിച്ച് (അനുഭവിച്ച്)
ആലഭ്യ	കൊന്നു്	ഉല്സണം തമഃ	അജ്ഞാനം നിറഞ്ഞതു കൊണ്ട് ഭയങ്കരമായ സ്ഥാവരജന്മത്തിനെ
പ്രേതഭൂതഗണാൻ	പ്രേതങ്ങളേയും ഭൂതഗണങ്ങളേയും		
യജൻ	ആരാധിക്കുന്നു	യാതി	പ്രാപിക്കുന്നു.

29. കർമ്മാണി ദുഃഖോദർക്കാണി കുർവ്വൻ ദേഹേന തൈഃ പുനഃ
ദേഹമാഭജതേ തത്ര കിം സുഖം മർത്ത്യധർമ്മിണഃ

ദുഃഖോദർക്കാണി	ഉപര്യുപരി ദുഃഖഫലത്തോടുകൂടിയ (ദുഃഖഫലം നൽകുന്ന)	ദേഹം ആഭജതേ	ദേഹപ്രാപ്തി ഉണ്ടാകുന്നു
കർമ്മാണി	കർമ്മങ്ങളെ	തത്ര	അതിലും കർമ്മങ്ങളെ ചെയ്യുന്നതിലും ദേഹത്തിങ്കലും
ദേഹേന	ഈ ദേഹംമൂലം		
കുർവ്വൻ	ചെയ്തു്		
തൈഃ	ആ കർമ്മങ്ങൾ കാരണമായ്	മർത്ത്യധർമ്മിണഃ	മരണസ്വഭാവത്തോടുകൂടിയ മനുഷ്യനു്
പുനഃ	വീണ്ടും	കിം സുഖം	സുഖം എവിടെ?

30. ലോകാനാം ലോകപാലാനാം മദ്ഭയം കല്പജീവിനാം
ബ്രഹ്മണോപി ഭയം മത്തോ ദ്വിപരാർദ്ധപരായുഷഃ

ലോകാനാം	ലോകങ്ങൾക്കും	ദ്വിപരാർദ്ധപരായുഷഃ	രണ്ടു പരാർദ്ധങ്ങൾ പരമായുസ്സോടുകൂടിയ
കല്പജീവിനാം	കല്പകാലം വരെ ജീവിച്ചിരിക്കുന്ന	ബ്രഹ്മണഃ അപി	ബ്രഹ്മദേവനുപോലും
ലോകപാലാനാം	ലോകപാലന്മാർക്കും	മത്തഃ	എന്നിൽ
മദ്ഭയം	എന്നിൽ ഭയമുള്ളവരാകുന്നു.	ഭയം	ഭയമുണ്ട്.

ആത്മാവാണ് കർത്താവും ഭോക്താവും എന്നതിനെ നിഷേധിക്കുന്നു.

31. ഗുണാം സൃജന്തി കർമ്മാണി ഗുണോഽനുസൃജതേ ഗുണാൻ
ജീവസ്തു ഗുണസംയുക്തോ ഭുംക്തേ കർമ്മഫലാന്യസൌ

ഗുണാഃ — ഇന്ദ്രിയങ്ങൾ
കർമ്മാണി — പ്രവൃത്തികളെ
സൃജന്തി — ചെയ്യുന്നു (ആത്മാവ് അല്ല)
ഗുണാഃ — സത്വാദി ഗുണങ്ങൾ
ഗുണാൻ — ഇന്ദ്രിയങ്ങളെ
അനുസൃജതേ — പ്രവൃത്തിപ്പിക്കുന്നു; (ആത്മാ അല്ല ആയതിനാൽ ആത്മാ കർത്താവല്ല)
അസൌ ജീവഃ — ഈ ജീവൻ
ഗുണസംയുക്തഃ — ദേഹേന്ദ്രിയാദികളോട് താദാത്മ്യത്തിനെ അഭ്യാസം ചെയ്തുകൊണ്ടുതന്നെ
കർമ്മഫലാനി — കർമ്മഫലങ്ങളെ
ഭുംക്തേ — അനുഭവിക്കുന്നു. (ആയതുകൊണ്ട് ആത്മാവ് ഭോക്താവുമല്ല.

32. യാവത്സ്യാത് ഗുണ വൈഷമ്യം താവന്നാനാത്വമാത്മനഃ
നാനാത്വമാത്മനോ യാവത് പാരതന്ത്ര്യം തദൈവ ഹി

യാവത് — ഏതുവരെ
ഗുണവൈഷമ്യം സ്യാത് — ദേഹേന്ദ്രിയാദികളിൽ അഹംകാരാദി കാര്യമായ നാനാത്വം (ഭേദം) ഇരിക്കുമോ
താവത് — അതുവരെ
ആത്മനഃ — ആത്മാവിന്
നാനാത്വം — ഭേദം ഉണ്ട്
ആത്മനഃ — ആത്മാവിന്ന്
യാവത് — ഏതുവരെ
നാനാത്വം — ഭേദം ഉണ്ടോ
തദാ ഏവ — അപ്പോഴും തന്നെ
ഹി — നിശ്ചയമായും
പാരതന്ത്ര്യം — പരതന്ത്രതയും ഉണ്ട്. (അന്യാധീനത എന്നർത്ഥം)

33. യാവദസ്യാസ്വാതന്ത്ര്യം താവദീശ്വരതോ ഭയം
യ ഏതത് സമുപാസീരംസ്തേ മുഹ്യന്തി ശുചാർപ്പിതാഃ

അസ്യ — ഈ ആത്മാവിന്ന്
യാവത് — ഏതുവരെ
അസ്വാതന്ത്ര്യം — സ്വാതന്ത്ര്യം ഇല്ലയോ
താവത് — അതുവരെ
ഈശ്വരതഃ — ഈശ്വരനിൽ നിന്നും
ഭയം — ഭയം ഉണ്ട്;
യേ — ഏവർ
ഏതത് — ഈ ഗുണവൈഷമ്യം, അതുകൊണ്ട് ഉണ്ടായ ഭോഗം കർമ്മം ഇവകളെ
സമുപാസീരൻ — സേവിക്കുന്നുവോ
തേ — അവർ
ശുചാർപിതാഃ — ദുഃഖം നിറഞ്ഞവരായ് ഭവിച്ച്
മുഹ്യന്തി — മോഹം പ്രാപിക്കുന്നു.

34. കാല ആത്മാഽഽഗമോ ലോക സ്വഭാവോ ധർമ്മ ഏവ ച
ഇതി മാം ബഹുധാ പ്രാഹുർ ഗുണവ്യതികരേ സതി

ഗുണവ്യതികരേ സതി	മായയുടെ ക്ഷോഭം സംഭവിക്കുമ്പോൾ
മാം ഏവ	എന്നെത്തന്നെ
കാലം	ഭോഗകാലം എന്നും
ആത്മാ	ഭോക്താ എന്നും
ആഗമഃ	ഭോഗഉപായങ്ങളെ ഉണർത്തുന്ന ശാസ്ത്രം എന്നും,
ലോകഃ സ്വഭാവഃ	ഭോഗസ്ഥാനമായ സ്വർഗ്ഗലോകം എന്നും ദേവതാം മുതലായ പരിണാമത്തിന് കാരണമായ സ്വഭാവം എന്നും.
ഭോഗഃ ച	ഭോഗകാരണമായ കർമ്മാവ് എന്നും
ഇതി ബഹുധാ പ്രാഹുഃ	പലവിധമായിട്ട് പറയുന്നു.

ഉദ്ധവ ഉവാച — ഉദ്ധവർ ചോദിച്ചു.

35. **ഗുണേഷു വർത്തമാനോഽപി ദേഹജേഷ്വനപാവൃതഃ**
ഗുണൈർ ന ബദ്ധ്യതേ ദേഹീ ബദ്ധ്യതേ വാ കഥം വിഭോ

വിഭോ	പ്രഭുവെ!
ദേഹീ	ജീവൻ
ഗുണേഷു	ഗുണങ്ങളിലും (ദേഹാദികളിലും)
ദേഹജേഷു	ദേഹത്തിൽ നിന്നും ഉണ്ടാകുന്ന പ്രവൃത്തികളിലും സുഖം ദുഃഖം മുതലായവകളിലും
വർത്തമാനഃ അപി	സ്ഥിതിചെയ്യുന്നു എങ്കിലും
ഗുണൈഃ	ദേഹാദികളാൽ
കഥം ന ബദ്ധ്യതേ	എന്തുകൊണ്ട് ബന്ധിക്കപ്പെടുന്നില്ല?
അനപാവൃതം	ആകാശം പോൽ ആച്ഛാദിതമായിരിക്കുന്നില്ലെങ്കിൽ
കഥം വാ ബാദ്ധ്യതേ	എങ്ങിനെ ബദ്ധനായ് തീരുന്നു?

36. **കഥം വർത്തേത വിഹരേത് കൈർവ്വാ ജ്ഞായേത ലക്ഷണൈഃ**
കിം ഭുഞ്ജീതോത വിസൃജേച്ഛയീതാസീത യാതി വാ

കഥം വർത്തേത	ബദ്ധനായോ മുക്തനായോ എങ്ങിനെ ഇരിക്കും
വിഹരേത് വാ	എങ്ങിനെ സഞ്ചരിക്കും?
കൈഃ ലക്ഷണൈഃ ജ്ഞായേത	എന്തുലക്ഷണംകൊണ്ട് അറിയപ്പെടും?
കിം ഭുഞ്ജീത	എങ്ങിനെ ഭുജിക്കും
ഉത വിസൃജേത്	അഥവാ എങ്ങിനെ മല വിസർജ്ജനം ചെയ്യും
ശയീത	എങ്ങിനെ കിടക്കും?
ആസീത	ഇരിക്കും
യാതി വാ	അഥവാ നടക്കും?

37. **ഏതദച്യുത മേ ബ്രൂഹി പ്രശ്നം പ്രശ്നവിദാം വര**
നിത്യമുക്തോ നിത്യബദ്ധ ഏക ഏവേതി മേ ഭ്രമഃ

അച്യുത	ഹേ കൃഷ്ണ!	നിത്യബദ്ധഃ	നിത്യബദ്ധൻ
പ്രശ്ന. വിദാം വര	ചോദ്യങ്ങളെ അറിയുന്നവരിൽ ശ്രേഷ്ഠനെ	നിത്യമുക്തഃ	നിത്യമുക്തൻ
മേ ഏതത് പ്രശ്നം	എന്റെ ഈ ചോദ്യത്തിനു്	ഇതി	എന്നു് സമ്മതിക്കേണ്ടിയതായു് ഭവിക്കുന്നു.
ബ്രൂഹി	ഉത്തരം പറഞ്ഞാലും	മേ ഭ്രമഃ	അതിൽ എനിക്കു് ഭ്രമം ഉണ്ടു്
ഏകഃ	ഒരുത്തൻമാത്രം		

ഇതി ശ്രീമത് ഭാഗവത മഹാപുരാണം പതിനൊന്നാംസ്കന്ധം

പത്താമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകാഃ 12613 ഏകാദശസ്കന്ധേ ആദിതഃ ശ്ലോകാഃ 417

* * * * *

ഏകാദശോऽധ്യായഃ = അധ്യായം പതിനൊന്ന്

ബദ്ധമുക്തയോഃ സാധൂനാം ച ലക്ഷണ കഥനം ॥

ജനനമരണരൂപിയായ സംസാരബന്ധത്തിൽ ബദ്ധന്മാരായവരുടേയും, അതിൽ മുക്തന്മാരായവരുടേയും സാധുക്കളുടേയും ലക്ഷണങ്ങളെ പറയുക എന്നതു്—

ശ്രീഭഗവാനുവാച = ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു—

1. **ബദ്ധോ മുക്ത ഇതി വ്യാഖ്യാ ഗുണതോ മേ ന വസ്തുതഃ**
ഗുണസ്യ മായാ മൂലത്വാന്ന മേ മോക്ഷോ ന ബന്ധനം

ബദ്ധഃ	(ആത്മാ) ബദ്ധൻ	ഗുണസ്യ	ആ ഗുണവും
മുക്തഃ ഇതി	മുക്തൻ എന്നു	മായാമൂലത്വാത്	മായകാരണം സംഭവിക്കുന്നതിനാൽ
വ്യാഖ്യാ	പറയുന്നതു്	മേ	ആ മായക്കു് നിയന്താവായ എനിക്കു്
മേ	എനിക്കധീനമായ	മോക്ഷഃ ന	മോക്ഷവുമില്ല;
ഗുണതഃ	സത്വം മുതലായ ഗുണത്തിന്നധീനമായിട്ടു് സംഭവിക്കുന്നു എന്നതല്ലാതെ	ബന്ധനം ന	ബന്ധവുമില്ല.
ന വസ്തുതഃ	വാസ്തവത്തിൽ സംഭവിക്കുന്നതല്ല.		

2. **ശോകമോഹൗ സുഖം ദുഃഖം ദേഹോപത്തിശ്ച മായയാ**
സ്വപ്നോ യഥാഽത്മനഃ ഖ്യാതിഃ സംസൃതിർന തു വാസ്തവീ

സ്വപ്നഃ	സ്വപ്നം
യഥാ	എപ്രകാരം
ആത്മനഃ	ബുദ്ധിയുടെ അസത്യമായ
ഖ്യാതിഃ	ദൃശ്യമോ
സംസൃതി	അപ്രകാരം സംസാരവും
ന വാസ്തവീ തു	സത്യം അല്ല.
ശോകമോഹൗ	ശോകം മോഹം
സുഖം ദുഃഖം	സുഖം ദുഃഖം
ദേഹോപത്തി:	ശരീരഉൽപത്തി ഇവയും
മായയാ	മായതന്നേയാണ് കാരണം

3. **വിദ്യാവിദ്യേ മമ തനൂ വിദ്ധ്യുദ്ധവ ശരീരിണാം**
മോക്ഷബന്ധകരീ ആദ്യേ മായയാ മേ വിനിർമ്മിതേ

ഉദ്ധവ	ഹേ ഉദ്ധവ !
വിദ്യാ വിദ്യേ	വിദ്യാ അവിദ്യാ
ശരീരിണാം	ജീവന്മാക്ക് (ഇവകളെ)
മോക്ഷ ബന്ധകരീ	മോക്ഷത്തിനേയും ബന്ധത്തിനേയും നൽകുന്നവ എന്നും
ആദ്യേ	അനാദികഠം എന്നും
മേ മായയാ	എന്റെ മായയാൽ
വിനിർമ്മിതേ	നിർമ്മിക്കപ്പെട്ടതാകുന്നു എന്നും
മമ തനൂ	എന്റെ ശക്തികഠം എന്നും
വിദ്ധി	അറിഞ്ഞുകൊള്ളുക.

4. **ഏകസ്യൈവ മമാംശസ്യ ജീവസ്യൈവ മഹാമതേ**
ബന്ധോഽസ്യാവിദ്യയാനാദിർവ്വിദ്യയാ ച തഥേതരഃ

മഹാമതേ	ഹേ ബുദ്ധിമാനെ!
ഏകസ്യ	ഒരുത്തനും എന്റെ അംശ
മമ ഏവ	ഭൂതനുമായ
അസ്യ ജീവസ്യ ഏവ	ഈ ജീവാത്മാവിനു തന്നേയാണ്
അവിദ്യയാ	അവിദ്യയാൽ
അനാദി: ബന്ധ:	അനാദിയായ ബന്ധവും
തഥാ	അപ്രകാരം തന്നെ
വിദ്യയാ	വിദ്യയാൽ
ഇതര:	അനാദിയായ മോക്ഷവും സംഭവിക്കുന്നു

5. **അഥ ബദ്ധസ്യ മുക്തസ്യ വൈലക്ഷണ്യം വദാമി തേ**
വിരുദ്ധ ധർമ്മിണോസ്താത സ്ഥിതയോരേകധർമ്മിണി

താത	ഹേ ഉദ്ധവ
അഥ	ഇപ്പോഠം
വിരുദ്ധ ധർമ്മിണോ	ഒന്നിനൊന്ന് വിരുദ്ധമായ ശോകം ആനന്ദം എന്ന ധർമ്മങ്ങഠം ഉള്ളവരും
ഏകധർമ്മിണി	ഒരേ ശരീരത്തിങ്കൽ
സ്ഥിതയോഃ	നിയാമകനായും നിയന്താവായും ഇരിക്കുന്നവരുമായ ജീവേശ്വരന്മാരുടേയും
ബദ്ധസ്യ	ബദ്ധനും
മുക്തസ്യ	മുക്തനുമായ ജീവന്മാരുടേയും
വൈലക്ഷണ്യം	വ്യത്യാസത്തിനെ
തേ വദാമി	നിനക്ക് പറയാം

6. സുപർണ്ണാവേതൌ സദൃശൌ സഖായൌ
യദൃച്ഛയൈതൌ കൃതനീഡൌ ച വൃക്ഷേ
ഏകസ്തയോഃ ഖാദതി പിപ്പലാന്ന-
മന്യോ നിരന്നോഽപി ബലേന ഭൂയാൻ

ഏതൌ	ഈ ജീവേശ്വരന്മാർ	തയോഃ	ആ രണ്ടുപേരിൽ
സദൃശൌ	ജ്ഞാനസ്വരൂപികളായതുകൊണ്ട് തുല്യന്മാരും	ഏകഃ	ഒരുവനായ ജീവൻ എന്ന പക്ഷി
സഖായൌ	തമ്മിൽ തമ്മിൽ വിട്ടുപിരിഞ്ഞു പോകാഞ്ഞതാലും ഒരേവിധമായ ജ്ഞാനവാന്മാരായതിനാലും പരസ്പരം സഖാക്കളുമായ	പിപ്പലാന്നം ഖാദതി	അശ്വത്ഥവൃക്ഷതുല്യമായ ശരീരത്തിലുണ്ടാകുന്ന കർമ്മഫലങ്ങളെ അനുഭവിക്കുന്നു.
സുപർണ്ണൌ	രണ്ടു പക്ഷികളും	അന്യഃ	പരമാത്മാവായ മറ്റൊരു പക്ഷി
ഏതൌ	ഇവ		
വൃക്ഷേ	പ്രകൃത്യാ നശിച്ചുപോകുന്ന ശരീരം എന്ന മരത്തിൽ	നിരന്നഃ അപി	നിരാഹാരിയായിരുന്നാലും
യദൃച്ഛയാ	ഇപ്രകാരം എന്നു പറയുവാൻ സാധിക്കാത്ത മായയാൽ	ബലേന	ജ്ഞാനം മുതലായ ശക്തിയാൽ
കൃതനീഡൌ	നിർമ്മിക്കപ്പെട്ട ഹൃദയം എന്ന കൂട് ഉള്ളവരാകുന്നു.	ഭൂയാൻ	മേലും മേലും പ്രകാശിക്കുന്നു.

7. ആത്മാനമന്യം ച സ വേദ വിദ്വാൻ
അപിപ്പലാദോ ന തു പിപ്പലാദഃ
യോഽവിദ്യയാ യുക് സ തു നിത്യബദ്ധോ
വിദ്യാമയോ യഃ സ തു നിത്യമുക്തഃ

അപിപ്പലാദഃ സഃ	കർമ്മഫലം അനുഭവിക്കാത്ത പരമാത്മാവ്	ന	(തന്നേയും പരമാത്മാവിനേയും) അറിയുന്നില്ല
വിദ്വാൻ	ജ്ഞാനിയായതുകൊണ്ട്	യഃ	ആയതുകൊണ്ട്, ഏതൊരുത്തൻ
ആത്മാനം	തന്നേയും		
അന്യം	അന്യനായ ജീവനേയും	അവിദ്യയാ യുക്	അവിദ്യയോടു കൂടിയവനോ
വേദ	അറിയുന്നു.		
തു	പക്ഷേ	സഃ	അവൻ
പിപ്പലാദഃ	കർമ്മഫലം അനുഭവിക്കുന്ന ജീവൻ	നിത്യബദ്ധഃ	ശാശ്വതമായ് (ബദ്ധൻ) ബന്ധിതൻ ആകുന്നു

തു — പക്ഷേ
യഃ — ഏവൻ
വിദ്യാമയഃ — ജ്ഞാനസ്വരൂപിയോ
സഃ — അവൻ
നിത്യമുക്തഃ — ശാശ്വതമായ് (മോചിക്കപ്പെട്ടവൻ) മുക്തൻ

ചുവട്ടിൽ വരുന്ന 10 ശ്ലോകങ്ങളാൽ ബദ്ധന്മാരും മുക്തന്മാരുമായ ജീവന്മാരുടെ പരസ്പരമുള്ള വ്യത്യാസത്തിനെ പറയുന്നു.

8. ദേഹസ്ഥോപി ന ദേഹസ്ഥോ വിദ്വാൻ സ്വപ്നാത് യഥോത്ഥിതഃ
അദേഹസ്ഥോപി ദേഹസ്ഥഃ കുമതിഃ സ്വപ്നദൃക് യഥാ

വിദ്വാൻ — ജ്ഞാനി (ജീവന്മുക്തൻ)
ദേഹസ്ഥഃ അപി — സംസ്കാരവശത്താൽ ശരീരത്തിൽ ഇരിക്കുന്നുവെങ്കിലും
സ്വപ്നാത് ഉത്ഥിതഃ യഥാ — സ്വപ്നത്തിൽ നിന്നും ഉണർന്നവൻ ജാഗ്രത്തിൽ വന്നു് സ്വപ്നദേഹത്തിൽ ഇരുന്നപ്പോഴ് ആ സ്വപ്നദേഹത്തിൽ എങ്ങിനെ ഇരിക്കുന്നില്ലയോ
ദേഹസ്ഥഃ — അതുപോലെ ദേഹത്തിൽ ഇരിക്കുന്നതായ് കരുതുന്നില്ല.
കുമതിഃ — അജ്ഞാനിയായവൻ
അദേഹസ്ഥഃ അപി — (വസ്തുത) ദേഹത്തിങ്കൽ ഇല്ലാതെകണ്ടു് ഇരുന്നാലും കൂടി
സ്വപ്നദൃക് യഥാ ദേഹസ്ഥഃ — സ്വപ്നശരീരത്തിൽ ഇരിക്കുന്നവനെപോലെ ദേഹനിമിത്തമായ സുഖദുഃഖങ്ങളെ അനുഭവിക്കുന്നു

9. ഇന്ദ്രിയൈരിന്ദ്രിയാർത്ഥേഷു ഗുണൈരപി ഗുണേഷു ച
ഗൃഹ്യമാണേഷ്വഹം കുര്യാത് ന വിദ്വാൻ യസ്ത്വവിക്രിയഃ

യഃ — ഏതൊരുത്തൻ
വിദ്വാൻ — ജ്ഞാനിയോ അവൻ
ഇന്ദ്രിയൈഃ — ഇന്ദ്രിയങ്ങളാൽ
ഇന്ദ്രിയാർത്ഥേഷു — ഇന്ദ്രിയങ്ങളുടെ വിഷയങ്ങളായ ശബ്ദം മുതലായവ
ഗൃഹ്യമാണേഷു — ഗ്രഹിക്കപ്പെട്ടപ്പോഴ്
ന അഹം കുര്യാത് — 'ഞാൻ ഗ്രഹിക്കുന്നു' എന്നു് അഹംകാരപ്പെടുന്നില്ല.
ഗുണൈഃ — ഗുണകാര്യങ്ങളായ ഇന്ദ്രിയങ്ങളാൽ
ഗുണേഷു അപി ച — ശബ്ദാദി വിഷയങ്ങളും ഗ്രഹിക്കപ്പെടുന്നു എന്നു്
അവിക്രിയഃ തു — വികാരരഹിതനായ് തന്നെ ഇരിക്കുന്നു.

10. ദൈവാധീനേ ശരീരേസ്മിൻ ഗുണഭാവ്യേന കർമ്മണാ
വർത്തമാനോഽബുധസ്തത്ര കർത്താസ്മീതി നിബദ്ധ്യതേ

ദൈവാധീനേ	പൂർവ്വജന്മകൃതമായ കർമ്മവശാൽ ഉണ്ടായ
അസ്മിൻ ശരീരേ	ഈ ശരീരത്തിൽ
വർത്തമാനഃ	ജീവിക്കുന്ന (സ്ഥിതി ചെയ്യുന്ന)
അബുധഃ	അജ്ഞാനി
ഗുണഭാവ്യേന	ഇന്ദ്രിയങ്ങളാൽ ചെയ്യപ്പെട്ട
കർമ്മണാ	പ്രവൃത്തി കാരണം
കർത്താ അസ്മി ഇതി	'ഞാൻ കർത്താ' എന്ന അഭിമാനം കൊണ്ട്
തത്ര	ആ ദേഹാദികളിൽ
നിബദ്ധ്യതേ	ബന്ധിക്കപ്പെടുന്നു. (ബദ്ധനായ് ഭവിക്കുന്നു)

പൂർവ്വോക്തമായ ശ്ലോകത്രയങ്ങളാൽ മുക്തൻ എങ്ങിനെ ഇരിക്കും (ജീവിക്കുന്നു) എന്ന ചോദ്യത്തിന് സുഖദുഃഖ രഹിതനും അഭിമാനമില്ലാത്തവനും ആയിട്ട് ദേഹത്തിൽ ഇരിക്കുന്നു എന്ന് ഉത്തരം നൽകപ്പെട്ടു. വേറൊരു വ്യത്യാസത്തിനെ പറയുന്ന വ്യാജേന എങ്ങിനെ ഭോജനം കഴിക്കുന്നു. എന്നീപ്രകാരമായ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു—

11. ഏവം വിരക്തഃ ശയന ആസനാടന മജ്ജനേ
ദർശന സ്പർശന ഘ്രാണ ഭോജന ശ്രവണാദിഷു

12. ന തഥാ ബദ്ധ്യതേ വിദ്വാംസ്തത്ര തത്രാദയൻ ഗുണാൻ
പ്രകൃതിസ്ഥോऽപ്യസംസക്തോ യഥാ ഖം സവിതാ നിലഃ

ഏവം വിരക്തഃ	ഈപ്രകാരം വേറൊന്നിൽ ഇരിക്കുന്ന കർമ്മം തന്നെയാണ് തന്നെ ബദ്ധനാക്കുന്നത് എന്നറിഞ്ഞ് വൈരാഗ്യം സിദ്ധിച്ച
വിദ്വാൻ	ജ്ഞാനി
ശയനേ ആസനാടന മജ്ജനേ	കിടക്കുക, ഇരിക്കുക, സഞ്ചരിക്കുക, കളിക്കുക
ദർശനസ്പർശന-ഘ്രാണഭോജന ശ്രവണാദിഷു	കാണുക, തൊടുക, മണത്തുനോക്കുക, ഊണുകഴിക്കുക കേൾക്കുക മുതലായ
തത്ര തത്ര	അതാതു വിഷയങ്ങളിൽ
ഗുണാൻ	ഇന്ദ്രിയങ്ങളെ
ആദയൻ	അനുഭവിപ്പിച്ചുകൊണ്ട്
പ്രകൃതിസ്ഥഃ അപി	പ്രകൃതികാര്യമായ ശരീരത്തിൽ സ്ഥിതനായാലും കൂടി
ഖം	(എല്ലാ സ്ഥലങ്ങളിലും വ്യാപ്തമായിരുന്നാലും) ആകാശവും
സവിതാ	(ജലത്തിൽ പ്രതിബിംബിച്ചിരുന്നാലും) സൂര്യനും
അനിലഃ	(എല്ലാസ്ഥലങ്ങളിലും സഞ്ചരിച്ചാലും) കാററ്
യഥാ തഥാ	എപ്രകാരം ഏതിലും ബന്ധപ്പെടുന്നില്ലയോ അപ്രകാരം
അസംസക്തഃ	അസംസക്തനായിട്ട്
ന ബദ്ധ്യതേ	ബദ്ധനായ് ഭവിക്കുന്നില്ല

13. വൈശാരദ്യേക്ഷയാസംശിതയാ ഛിന്നസംശയഃ
പ്രതിബുദ്ധ ഇവ സ്വപ്നാന്നാനാത്വാദ് വിനിവർത്തതേ

അസംഗശിതയാ	വൈരാഗ്യത്താൽ വളരേ തീക്ഷ്ണമായ
വൈശാരാദ്യം ഈക്ഷയാ	സൂക്ഷ്മമായ അറിവാൽ
ഛിന്നസംശയഃ	സംശയ രഹിതന്നായ്
സ്വപ്നാത്	സ്വപ്നത്തിൽ നിന്നും
പ്രതിബുദ്ധഃ ഇവ	ഉണർന്നവൻ എന്ന പോലെ
നാനാത്വാത്	ദേഹാദിസംഘാതത്തിൽ നിന്നും
വിനിവർത്തതേ	നിവൃത്തിയെ പ്രാപിക്കുന്നു.

എങ്ങിനെ സഞ്ചരിക്കുന്നു എന്നതിന് ഉത്തരം പറയുന്നതുകൊണ്ട് വേറൊരു വ്യത്യാസത്തെ പറയുന്നു—

14. യസ്യ സ്യുർവ്വീതസങ്കല്പാഃ പ്രാണേന്ദ്രിയ മനോധിയാം
വൃത്തയഃ സ വിനിർമ്മുക്തോ ദേഹസ്ഥോഽപി ഹി
തത്ഗുണൈഃ

യസ്യ	എവന്റെ
പ്രാണേന്ദ്രിയ മനോധിയാം	പ്രാണൻ, ഇന്ദ്രിയങ്ങൾ, മനസ്, ബുദ്ധി ഇവകളുടെ പ്രവൃത്തികൾ
വീതസംകല്പാഃ സ്യുഃ	ഫലേച്ഛ ഇല്ലാതെ ഇരിക്കുന്നുവോ
സഃ ഹി	അവൻ തന്നേയാണ്
ദേഹസ്ഥഃ അപി	ശരീരത്തിങ്കൽ ഇരുന്നാലും
തദ്ഗുണൈഃ വിനിർമുക്തഃ	ശരീരത്തിന്റെ ഗുണങ്ങളിൽനിന്നുംവിമുക്തനായ്

ഇപ്രകാരം ബദ്ധനും മുക്തനും താൻ മാത്രം അറിയുവാൻ കഴിയുന്ന വ്യത്യാസത്തിനെ പറഞ്ഞ് 'ഏതുലക്ഷണം കൊണ്ട് അവരേ അറിയുവാൻ കഴിയും' എന്ന ചോദ്യത്തിനു് അന്യന്മാരാൽ അറിയുവാൻ കഴിയുന്ന വ്യത്യാസത്തിനെ പറയുന്നു.

15. യസ്യാത്മാ ഹിംസ്യതേ ഹിംസ്രൈര്യേന കിഞ്ചിത് യദൃച്ഛയാ
അർച്ച്യതേ വാ ക്വചിത്തത്ര ന വ്യതിക്രിയതേ ബുധഃ

യസ്യ ആത്മാ	ആരുടെ ശരീരം
ഹിംസ്രൈഃ	ഹിംസിക്കുന്ന സ്വഭാവമുള്ള മനുഷ്യന്മാരാൽ
ഹിംസ്യതേ	ഹിംസിക്കപ്പെടുന്നുവോ
യേന	ഏതെങ്കിലും ഒരുത്തനാൽ
ക്വചിത്	എപ്പോഴെങ്കിലും
കിഞ്ചിത്	അല്പമെങ്കിലും
യദൃച്ഛയാ	അവൻ പ്രതീക്ഷിക്കാതേ
അർച്ച്യതേ വാ	പൂജിക്കപ്പെടുന്നുവോ
തത്ര	അപ്പോഴും
ന വ്യതിക്രിയതേ	വികിരം പ്രാപിക്കുന്നില്ലയോ അവൻ തന്നെ
ബുധഃ	ജ്ഞാനി.

16. ന സ്തുവീത ന നിന്ദേത കുർവ്വതഃ സാധ്വസാധു വാ
വദതോ ഗുണദോഷാഭ്യാം വർജ്ജിതഃ സമദൃങ്മുനിഃ

സാധു	നല്ലതോ
അസാധു വാ	അഥവാ ചീത്തയോ (നിന്ദ്യമോ)
വദതഃ	പറയുന്നവരേയും
കുർവ്വതഃ	ചെയ്യുന്നവരേയും
ന സ്തുവീത	സ്തുതിക്കുകയുമില്ല.
ന നിന്ദേത	നിന്ദിക്കുകയുമില്ല.
ഗുണദോഷാഭ്യാം	ഗുണദോഷങ്ങളാൽ
വിവർജ്ജിതഃ	വിമുക്തനായും
സമദൃക്	സർവ്വത്തിനേയും സമമായി (ബ്രഹ്മസ്വരൂപമായ്) നോക്കുന്നവനായും
മുനിഃ	മൗനവ്രതം അനുഷ്ഠിക്കുന്നവനായിരിക്കും.

17. ന കുര്യാന്ന വദേത് കിഞ്ചിന്ന ധ്യായേത് സാധ്വസാധുവാ
ആത്മാരാമോഽനയാ വൃത്ത്യാ വിചരേജ്ജഡവന്മുനിഃ

മുനി	മൗനിയായും
ആത്മാരാമഃ	ആത്മാരാമനായും ഇരുന്നുകൊണ്ട്
സാധു അസാധു വാ	നല്ലതോ ചീത്തയോ ആയ
കിഞ്ചിത്	ഒന്നിനേയും
ന കുര്യാത്	ചെയ്യുക ഇല്ല;
ന വദേത്	പറയുക ഇല്ല
ന ധ്യായേത്	വിചാരിക്കുക ഇല്ല.
അനയാ വൃത്ത്യാ	ഉപര്യുക്ത സ്വഭാവത്തോടെ
ജഡവത്- വിചരേത്	ജഡം എന്നപോലെ സഞ്ചരിക്കും.

പ്രകൃതത്തിൽ 'ന സ്തുവീത ന നിന്ദേത എന്ന് ''ലിങ്ങ്'' ലകാരം പ്രയുക്തമായതുകൊണ്ട് ഈ വിധമായ് ജീവിക്കേണ്ടതാകുന്നു എന്ന് മുമുക്ഷുവിന് (ആര് മോക്ഷം വേണം എന്ന് ആഗ്രഹിക്കുന്നുവോ അവന്ന്, അഥവാ അവർക്ക്) സാധനമായ് ഇവ ഉപദേശിക്കപ്പെട്ടു എന്ന് അറിയുക.

18. ശബ്ദ ബ്രഹ്മണി നിഷ്ണാതോ ന നിഷ്ണായാത് പരേ യദി
ശ്രമസ്തസ്യ ശ്രമഫലോ ഹ്യധേനുമിവ രക്ഷതഃ

ശബ്ദബ്രഹ്മണി	ഉപനിഷദിൽ (അദ്ധ്യാത്മശാസ്ത്രത്തിൽ)
നിഷ്ണാതഃ	സമർത്ഥനായ ഒരുത്തൻ
പരേബ്രഹ്മണി	പരബ്രഹ്മത്തിങ്കൽ
ന നിഷ്ണായാത് യദി	ധ്യാനം മുതലായവയെ അഭ്യസിക്കാതെ ഇരുന്നുവെങ്കിൽ
തസ്യ ശ്രമഃ	അവൻ ശാസ്ത്രം അഭ്യസിക്കുവാൻ ചെയ്ത പരിശ്രമം
അധേനും രക്ഷതഃ ഇവ	കറവ വററിയ പശുവിനെ രക്ഷിക്കുന്നതിനു തുല്യമാകുന്നു.
ശ്രമഫലഃ	പരിശ്രമഫലം മാത്രമേ പ്രയോജനമുള്ളതായ് ഭവിക്കുന്നു.

19. ഗാം ദുഗ്ധദോഹാമസതീം ച ഭാര്യാം
ദേഹം പരാധീനമസത് പ്രജാം ച
വിത്തം ത്വതീർത്ഥീകൃതമംഗ വാചം
ഹീനാം മയാ രക്ഷതി ദുഃഖദുഃഖീ

അംഗ	ഹേ ഉദ്ധവ!
ദുഗ്ധദോഹാം	പാൽ കറന്നു (ഇനി കറക്കാത്ത)
ഗാം	പശുവിനേയും
അസതീം	ദുഷ്ടയായ
ഭാര്യാം ച	ഭാര്യയും
പരാധീനം	അന്യന്നു് അധീനമായ
ദേഹം	ശരീരത്തിനേയും
അസത് പ്രജാം	ഇഹലോകത്തിന്നും പരലോകത്തിന്നും ഉപയോഗമില്ലാത്ത പ്രജയേയും
അതീർത്ഥീകൃതം	സത്പാത്രങ്ങളിൽ ദാനം നൽകപ്പെടാത്ത
വിത്തം ച	ധനത്തിനേയും
മയാഹീനാം	എന്റെ സംബന്ധമില്ലാത്ത
വാചം ച	വാക്കിനേയും
ദുഃഖദുഃഖീ	ഉപര്യുപരി ദുഃഖിച്ചുകൊണ്ടുതന്നെ
രക്ഷതി	രക്ഷിക്കുന്നു.

20. യസ്യാം ന മേ പാവനമംഗ കർമ്മ
സ്ഥിത്യുദ്ഭവ പ്രാണ നിരോധമസ്യ
ലീലാവതാരേപ്സിത ജന്മ വാ സ്യാത്
വന്ധ്യാം ഗിരം താം ബിഭൃയാന്ന ധീരഃ

അംഗ	ഉദ്ധവ!
അസ്യ	ഈ പ്രപഞ്ചത്തിന്റെ
സ്ഥിത്യുദ്ഭവ പ്രാണ നിരോധം	സൃഷ്ടി, സ്ഥിതി, പ്രളയങ്ങൾക്കു കാരണമായതും
പാവനം	ജഗത്തിനെ പുനിതമാക്കിത്തീർക്കുന്നതുമായ
മേ കർമ്മ	എന്റെ ചരിത്രം എന്നത്
ലീലാവതാരേപ്സിത ജന്മവാ	ലീലാവതാരങ്ങളിൽ വെച്ച് വളരേ പ്രേമാസ്പദമായ രാമകൃഷ്ണാദി അവതാരങ്ങൾ
യസ്യാം	ഏതുവാക്കിൽ
ന സ്യാത്	ഇരിക്കുന്നില്ലയോ
താം വന്ധ്യാം ഗിരം	അപ്രകാരമായ ഉപയോഗമില്ലാത്ത വാക്കിനെ
ധീരഃ	ബുദ്ധിമാൻ
ന ബിഭൃയാത്	ധരിക്കുവാൻ പാടില്ല.

21. ഏവം ജിജ്ഞാസയാപോഹ്യ നാനാത്വഭ്രമമാത്മനി
ഉപാരമേത വിരജം മനോ മയ്യർപ്പ്യ സർവ്വഗേ

ഏവം	ഇപ്രകാരം
ജിജ്ഞാസയാ	വിചാരത്തിനാൽ (അദ്ധ്യാത്മവിചാരംമൂലം)
ആത്മനി	ആത്മാവിങ്കൽ
നാനാത്വഭ്രമം	ദേഹാദി അദ്ധ്യാസങ്ങളെ
അപോഹ്യ	പരിഹരിച്ച്

സർവ്വഗേ	എല്ലാ ഇടങ്ങളിലും നിറഞ്ഞിരിക്കുന്ന.
മയി	എന്നിൽ
വിരജം മനഃ	നിർമ്മലമായ മനസ്സിനെ
അർപ്യ	സമർപ്പിച്ച്
ഉപാരമേത	നിവൃത്തിയെ പ്രാപിക്കേണം. (മോക്ഷം പ്രാപിക്കണം)

22. **യദ്യനീശോ ധാരയിതും മനോ ബ്രഹ്മണി നിശ്ചലം**
മയി സർവ്വാണി കർമ്മാണി നിരപേക്ഷഃ സമാചര

ബ്രഹ്മണി മയി	പരബ്രഹ്മ സ്വരൂപനായ എന്റെ അടുക്കൽ
മനഃ	മനസ്സിനെ
നിശ്ചലം	സ്ഥിരമായി
ധാരയിതും	നിലനിറുത്തുവാൻ
അനീശഃ യദി	കഴിവില്ലാത്തവനായി ഭവിക്കുന്നു എങ്കിൽ
സർവ്വാണി കർമ്മാണി	സകല കർമ്മങ്ങളേയും
നിരപേക്ഷഃ	ഫലകാംക്ഷ ഇല്ലാത്തവനായി
സമാചര	നീ അനുഷ്ഠിക്കുക

23. **ശ്രദ്ധാലുർമേ കഥാഃ ശൃണ്വൻ സുഭദ്രാ ലോകപാവനീഃ**
ഗായന്നനുസ്മരൻ കർമ്മ ജന്മ ചാഭിനയന്മുഹുഃ

24. **മദർത്ഥേ ധർമ്മകാമാർത്ഥാനാചരൻ മദപാശ്രയഃ**
ലഭതേ നിശ്ചലാം ഭക്തിം മയ്യുദ്ധവ സനാതനേ

ശ്രദ്ധാലുഃ	വളരെ ശ്രദ്ധയോടെ
സുഭദ്രാഃ	മംഗളങ്ങളെ ചെയ്യുന്നവയും
ലോകപാവനീഃ	ജഗത്തിനെ പരിശുദ്ധമാക്കിത്തീർക്കുന്നതുമായ
മേ കഥാഃ	എന്റെ ചരിത്രങ്ങൾ
ശൃണ്വൻ	ശ്രവണം ചെയ്തുകൊണ്ട്
കർമ്മ ഗായൻ	എന്റെ ചരിത്രങ്ങളെ പാടിക്കൊണ്ടും
ജന്മ അനുസ്മരൻ	അവതാരങ്ങളെ സ്മരിച്ചുകൊണ്ടും
അഭിനയൻ	അഭിനയിച്ചുകൊണ്ടും
മദർത്ഥേ	എനിക്കായ്ക്കൊണ്ടു തന്നെ (എന്നിൽ അർപ്പിക്കുവാനായ്ക്കൊണ്ടുതന്നെ)
ധർമ്മകാമാർത്ഥാൻ	ധർമ്മാർത്ഥകാമങ്ങളെ
ആചരൻ	അനുഷ്ഠിച്ചുകൊണ്ടും
മദപാശ്രയഃ	എന്നെത്തന്നെ ആശ്രയിച്ചവൻ
ഉദ്ധവ	ഹേ ഉദ്ധവ!
സനാതനേ	ആദിപുരുഷനായ
മയി	എന്നിൽ
നിശ്ചലാം ഭക്തിം	അചഞ്ചലമായ ഭക്തിയെ
ലഭതേ	പ്രാപിക്കുന്നു.

25. **സത്സംഗലബ്ധയാ ഭക്ത്യാ മയി മാം സ ഉപാസിതാ**
സ വൈ മേ ദർശിതം സദ്ഭിരഞ്ജസാ വിന്ദതേ പദം

സത്സംഗ- ലബ്ധയാ	സജ്ജന സംസർഗ്ഗത്താൽ ലഭിച്ച	സഃ വൈ	അവൻ തീർച്ചയായും
മയി ഭക്ത്യാ	എന്റെ വിഷയമായ ഭക്തിയാൽ	സദ്ഭിഃ ദർശിതം	സാധുജനങ്ങളാൽ ഉപദേശിക്കപ്പെട്ട
മാം യഃ ഉപാസിതാ	എന്നെ എവൻ ഉപാസിക്കുന്നുവോ	മേ പദം	എന്റെ രൂപത്തിനെ
		അഞ്ജസാ	എളുപ്പത്തിൽ
		വിന്ദതെ	പ്രാപിക്കുന്നു.

മുൻപറഞ്ഞ ശ്ലോകത്തിൽ 'സത്സംഗലബ്ധയാ ഭക്ത്യാ' എന്നു പറയപ്പെട്ടതിനാൽ സാധു ജനങ്ങളുടേയും ഭക്തിയുടേയും ലക്ഷണം ചോദിക്കുന്നു:—

ഉദ്ധവ ഉവാച — ഉദ്ധവർ പറയുന്നു.

26. **സാധുസ്തവോത്തമശ്ലോക മതഃ കീദൃഗ്വിധഃ പ്രഭോ**
ഭക്തിസ്ത്വയ്യുപയുജ്യേത കീദൃശീ സദ്ഭിരാദൃതാ

ഉത്തമശ്ലോക	അജ്ഞാനത്തിനെ ഇല്ലാതാക്കുന്ന കീർത്തിയോടു കൂടിയ	സദ്ഭിഃ ആദൃതാ	നാരദപ്രഭൃതി സജ്ജനങ്ങളാൽ ആദരിക്കപ്പെട്ട്
പ്രഭോ	ഹേ പ്രഭോ!	ത്വയി	നിന്നിൽ
തവ മതഃ	താങ്കൾക്ക് സമ്മതനായ	ഉപയുജ്യേത	ഉപയോഗപ്പെടുന്ന
സാധുഃ	സാധു	ഭക്തിഃ ച	ഭക്തിയും
കീദൃഗ്വിധഃ	ഏതു പ്രകാരമാണ്?	കീദൃശീ	ഏതുപ്രകാരമായതാകുന്നു.

27. **ഏതന്മേ പുരുഷാദ്ധ്യക്ഷ ലോകാദ്ധ്യക്ഷ ജഗത് പ്രഭോ**
പ്രണതായാനുരക്തായ പ്രപന്നായ ച കഥ്യതാം

പുരുഷാദ്ധ്യക്ഷ	ബ്രഹ്മാദികൾക്ക് നിയാമകനും	പ്രണതായ	നമസ്കരിച്ച
ലോകാദ്ധ്യക്ഷ	ലോകങ്ങളെ അടക്കി നിയന്ത്രിക്കുന്നവനുമായ	അനുരക്തായ	ഭക്തനായ
ജഗൽ പ്രഭോ	ഹേ ജഗദീശ്വര!	മേ	എനിക്ക്
പ്രപന്നായ	തങ്ങളെ ശരണം പ്രാപിച്ച്	ഏതത് ച	ഇവ എല്ലാം
		കഥ്യതാം	പറയപ്പെട്ടാലും.

28. **ത്വം ബ്രഹ്മ പരമം വ്യോമ പുരുഷഃ പ്രകൃതേഃ പരഃ**
അവതീർണ്ണോഽസി ഭഗവൻ സ്വേച്ഛോപാത്ത പൃഥഗ്വപുഃ

ഭഗവൻ	ഹേ ഭഗവാനേ!
പരമം ബ്രഹ്മ	താങ്കൾ പരബ്രഹ്മസ്വരൂപിയും
വ്യോമ	ആകാശംപോലെ
പ്രകൃതേഃ പരഃ	പ്രകൃതിയേക്കാൾ ശ്രേഷ്ഠനും
പുരുഷഃ	പുരുഷശബ്ദവാച്യനുമായ
ത്വം	താങ്കൾ
സ്വച്ഛോപാത്തപൃഥഗ്വപു	തന്നിച്ഛയാൽ ധരിക്കപ്പെട്ട പരിമിതമായ ശരീരത്തോടു കൂടിയവനായിട്ട്
അവതീർണഃ അസി	അവതരിച്ചിരിക്കുന്നു.

ശ്രീ ഭഗവാനുവാച — ശ്രീ ഭഗവാൻ പറഞ്ഞു.

മുപ്പതു ലക്ഷണങ്ങൾകൊണ്ട് സാധുവിനെ നിരൂപിക്കുന്നു.

29. കൃപാളുരകൃതദ്രോഹസ്തിതിക്ഷുഃ സർവ്വദേഹിനാം
സത്യസാരോഽനവദ്യാത്മാ സമഃ സർവ്വോപകാരകഃ

30 കാമൈരഹതധീർദാന്തോ മൃദുഃ ശുചിരകിഞ്ചനഃ
അനീഹോ മിതഭുക് ശാന്തഃ സ്ഥിരോ മച്ഛരണോ മുനിഃ

31. അപ്രമത്തോ ഗഭീരാത്മാ ധൃതിമാൻ ജിതഷഡ്ഗുണഃ
അമാനീ മാനദഃ കല്യോ മൈത്രഃ കാരുണികഃ കവിഃ

32. ആജ്ഞായൈവം ഗുണാൻ ദോഷാൻ മയാദിഷ്ടാനപി സ്വകാൻ
ധർമ്മാൻ സന്ത്യജ്യ യഃ സർവ്വാൻ മാം ഭജേത സ സത്തമഃ

കൃപാളുഃ	അന്യരുടെ ദുഃഖം സഹിക്കാത്തവനും
സർവ്വദേഹിനാം	സമസ്തപ്രാണികൾക്കുള്ളിൽ
അകൃതദ്രോഹഃ	ഒരൊററ പ്രാണിയേയുംകൂടി ഹിംസിക്കാത്തവനും
തിതിക്ഷുഃ	സഹനശക്തിയുള്ളവനും
സത്യസാരഃ	സത്യം ഒന്നിനേയേ സാര (ബല) മായ് കരുതിയവനും
അനവദ്യാത്മാ	അസൂയാദി കളങ്കരഹിതനും
സമഃ	സുഖദുഃഖങ്ങളേ സമമായ് കരുതുന്നവനും
സർവ്വോപകാരകഃ	യഥാശക്തി സർവ്വോപകാരിയും
കാമൈഃ അഹതധീ	ആഗ്രഹങ്ങളാൽ മനക്ഷോഭം സംഭവിക്കാത്തവനും
ദാന്തഃ	ബാഹ്യേന്ദ്രിയങ്ങളെ ജയിച്ചവനും
മൃദുഃ	കാഠിന്യമില്ലാത്തവനും
ശുചിഃ	നല്ല ചാരിത്ര്യമുള്ളവനും
അകിഞ്ചനഃ	ദരിദ്രനും
അനീഹഃ	ദൃഷ്ടഫലപ്രദമായ കർമ്മങ്ങളിൽ പ്രവൃത്തി ഇല്ലാത്തവനും
മിതഭുക്	മിതാഹാരിയും
ശാന്തഃ	മനോനിയന്ത്രനും
സ്ഥിരഃ	സ്വധർമ്മനിഷ്ഠനും
മച്ഛരണഃ	എന്നേത്തന്നെ ആശ്രയിച്ചവനും

മുനി:	മനനശീലനും
അപ്രമത്തഃ	മുൻജാഗ്രതയോടുകൂടിയവനും
ഗഭീരാത്മാ	വികാരരഹിതനും
ധൃതിമാൻ	അപകടത്തിലും മനസ്സ് ക്ഷോഭിക്കാത്തവനും
ജിതഷഡ്-ഗുണഃ	വിശപ്പ്, ദാഹം, ശോകം, മോഹം, ജരാ മരണം എന്ന ആറു ദുഃഖങ്ങളും ഇല്ലാത്തവനും
അമാനീ	അന്യന്മാർ ബഹുമാനിക്കണം എന്ന ഇച്ഛ ഇല്ലാത്തവനും
മാനദഃ	അന്യരേ ബഹുമാനിക്കുന്നവനും
കല്പഃ	അന്യർക്ക് ഉപദേശം നൽകുന്നതിൽ സമർത്ഥനും
മൈത്രഃ	അന്യനെ ചതിക്കാത്തവനും
കാരുണികഃ	ദൃഷ്ടഫലത്തിൽ ആഗ്രഹമില്ലാത്ത കരുണ ഒന്നുകൊണ്ടുമാത്രം പ്രവർത്തിക്കുന്നവനും
കവിഃ	സൂക്ഷ്മജ്ഞാനിയും

യഃ	ഏതൊരു വ്യക്തി
ഗുണാൻ	ധർമ്മാനുഷ്ഠാനം കൊണ്ടുണ്ടാകുന്ന ചിത്ത ശുദ്ധി മുതലായ ഗുണങ്ങളേയും
ദോഷാൻ	അധർമ്മാനുഷ്ഠാനത്താലുണ്ടാകുന്ന നരകപ്രാപ്തി മുതലായ ദോഷങ്ങളേയും
ആജ്ഞായ	അറിഞ്ഞ്, അവ എന്നെ ധ്യാനിക്കുവാൻ തടസ്ഥങ്ങളാണ് എന്ന് അറിഞ്ഞു് എൻറടുക്കൽ ഉള്ള ഭക്തി ഒന്നുകൊണ്ടുതന്നേ എല്ലാം സിദ്ധമാകുമെന്നു് ദൃഢനിശ്ചയത്തോടെ
മയാ ആദിഷ്ടാൻ അപി	എന്നാൽ ഉപദേശിക്കപ്പെട്ടതായിട്ടിരുന്നാലും
സർവ്വാൻ സ്വകാൻ ധർമ്മാൻ	സ്വധർമ്മങ്ങളും എല്ലാം
സന്ത്യജ്യ	ഒട്ടാകെ വിട്ടുകളഞ്ഞിട്ട്
മാം ഭജേത	എന്നെ സേവിക്കുന്നുവോ
സഃ ഏവം-സത്തമഃ	അവനു പൂർവ്വോക്തപ്രകാരം ശ്രേഷ്ഠനായ സാധു ആകുന്നു.

33. **ജ്ഞാത്വാജ്ഞാത്വാഥ യേ വൈ മാം യാവാൻ യശ്ചാസ്മി യാദൃശഃ**
ഭജന്ത്യനന്യ ഭാവേന തേ മേ ഭക്തതമാ മതാഃ

അസ്മി	ഞാൻ ഏതുവിധമായ യോഗ്യതയോടുകൂടിയവൻ (ദേശകാല മര്യാദാരഹിതൻ)
യഃ ച	ഏവൻ (സർവ്വാത്മാ)
യാദൃശഃ	എന്തു ഗുണമുള്ളവൻ (സച്ചിദാനന്ദരൂപൻ എന്നും)
മാം	എന്നെ
യെ	എവർ

ജ്ഞാത്വാ, ജ്ഞാത്വാ അഥ	ശാസ്ത്രങ്ങളാലും ഗുരുവിൻെറ ഉപദേശത്താലും അറിഞ്ഞ് പിന്നീട്
അനന്യ-ഭാവേന	ഏകാന്തഭക്തിയോടെ
ഭജന്തി	ഭജിക്കുന്നുവോ
തെ	അവർ
ഭക്തതമാഃ	ഉത്തമഭക്തന്മാർ എന്നു്
മേ മതാഃ	എന്നാൽ കരുതപ്പെടുന്നു.

ജ്ഞാത്വാ - അറിഞ്ഞോ, അജ്ഞാത്വാ അറിയാതെയോ അത എങ്ങിനെ എങ്കിലും സാധുക്കളുടെ ലക്ഷണങ്ങൾ പറയപ്പെട്ടു. അടുത്ത എട്ടു ശ്ലോകങ്ങളാൽ ഭക്തിയുടെ ലക്ഷണം പറയുന്നു—

34. **മല്ലിംഗ മദ്ഭക്തജന ദർശനസ്പർശനാർച്ചനം**
പരിചര്യാ സ്തുതി പ്രഹ്വ ഗുണകർമ്മാനുകീർത്തനം

35. **മത്കഥാ ശ്രവണേ ശ്രദ്ധാ മദനുധ്യാനമുദ്ധവ**
സർവ്വലാഭോപഹരണം ദാസ്യേനാത്മനിവേദനം

36. **മജ്ജന്മകർമ്മകഥനം മമ പർവ്വാനുമോദനം**
ഗീത താണ്ഡവവാദിത്ര ഗോഷ്ഠീഭിർമദ് ഗൃഹോത്സവഃ

37. **യാത്രാ ബലിവിധാനം ച സർവ്വവാർഷിക പർവ്വസു**
വൈദികീ താന്ത്രികീ ദീക്ഷാ മദീയ വ്രതധാരണം

38. **മമാർച്ചാ സ്ഥാപനേ ശ്രദ്ധാ സ്വതഃ സംഹത്യ ചോദ്യമഃ**
ഉദ്യാനോ പവനാക്രീഡ പുരമന്ദിര കർമ്മണി

39. **സമ്മാർജ്ജനോപലേപാഭ്യാം സേകമണ്ഡലവർത്തനൈഃ**
ഗൃഹ ശുശ്രൂഷണം മഹ്യം ദാസവദ് യദമായയാ

40 **അമാനിത്വമദംഭിത്വം കൃതസ്യാ പരികീർത്തനം**
അപി ദീപാവലോകം മേ നോപയുഞ്ജ്യാന്നിവേദിതം

41. **യദ് യദിഷ്ടതമം ലോകേ യച്ചാതി പ്രിയമാത്മനഃ**
തത്തന്നിവേദയേന്മഹ്യം തദാനന്ത്യായ കല്പതേ

ഉദ്ധവ	ഹേ ഉദ്ധവ!
മല്ലിംഗ മദ്-ഭക്തജനദർശന സ്പർശനാർച്ചനം	എന്റെ ബിംബം, എന്റെ ഭക്തന്മാരായ ജനങ്ങൾ, ഇവരെ ദർശിക്കുകയും, സ്പർശിക്കുകയും, പൂജിക്കുകയും
പരിചര്യാം	പരിചാരം ചെയ്യുകയും
സ്തുതിഃ	സ്തുതിക്കുകയും
പ്രഹ്വഗുണ-കർമ്മാനു കീർത്തനം	വന്ദിക്കുകയും, ഗുണങ്ങളേയും ചരിത്രങ്ങളേയും പറയുകയും
മത്കഥാ-ശ്രവണേ ശ്രദ്ധാ	എന്റെ കഥകളെ കേൾക്കുന്നതിൽ ശ്രദ്ധയും
മദനുധ്യാനം	എന്നെ ധ്യാനിക്കുന്നതും
സർവ്വലാഭോ-പഹരണം	തനിക്കു ലഭിച്ച എല്ലാററിനേയും എനിക്കു സമർപ്പിക്കുന്നതും
ദാസ്യേന ആത്മ നിവേദനം	ദാസൻ, അടിമ എന്നു വിചാരത്തോടെതന്നെ അർപ്പിക്കുന്നതും
മജ്ജന്മകർമ്മ കഥനം	എന്റെ അവതാരം, ചരിത്രം ഇവകളെ പറയുന്നതു്
മമ പർവ്വാനു മോദനം	ജന്മാഷ്ടമി മുതലായ എന്റെ പർവ്വകാലങ്ങളേ ആഘോഷിക്കുന്നതും
ഗീതതാണ്ഡവവാദിത്ര ഗോഷ്ഠീഭിഃ	പാട്ടു്, നൃത്തം, വാദ്യം ഭക്തഗോഷ്ഠി ഇവകളോടെ

മദ്ഗൃഹോത്സവഃ	എന്റെ ആലയങ്ങളിൽ ഉത്സവം ആഘോഷിക്കുന്നതും
യാത്രാ	എന്റെ ക്ഷേത്രങ്ങൾക്ക് തീർത്ഥയാത്ര ചെയ്യുന്നതും
സർവ്വവാർഷിക പർവ്വസു ബലിവിധാനം ച	വർഷകാലത്തിൽ വരുന്ന എല്ലാ ചാതുർമ്മാസ്യങ്ങളിലും, എല്ലാ ഏകാദശികളിലും പുഷ്പങ്ങൾ നൈവേദ്യങ്ങൾ ഇവയെ സമർപ്പിക്കുന്നതും
വൈദികീ	വേദോക്തമായതും
താന്ത്രികീ	പാഞ്ചരാത്രം മുതലായവയിൽ പറയപ്പെട്ടതും ആയ
ദീക്ഷാ	ദീക്ഷയെ എടുക്കുന്നതും
മദീയവ്രത-ധാരണം	ഏകാദശി മുതലായ എന്റെ വ്രതങ്ങളെയനുഷ്ഠിക്കുന്നതും
മമ അർച്ചാ-സ്ഥാപനേ	എന്റെ വിഗ്രഹ പ്രതിഷ്ഠയിൽ
ശ്രദ്ധാ	ശ്രദ്ധയും
ഉദ്യാനോപവനാക്രീഡപുരമന്ദിരകർമ്മണി ച	പൂന്തോട്ടം, പഴത്തോട്ടം ക്രീഡാസ്ഥാനം, പ്രാകാരം ആലയം ഇവകളെ നിർമ്മിക്കുന്നതിൽ
സ്വതഃ	ശക്തനായാൽ തനിച്ചോ
സംഹത്യ	അഥവാ മററുള്ളവരോടു ചേർന്നോ
ഉദ്യമഃ	ഉദ്യമിക്കുന്നതും
സമ്മാർജ്ജനോപലേപാഭ്യാം	ചൂലുകൊണ്ട് അടിച്ചുവാരിയും ചാണകംകൊണ്ട് മെഴുകിയും ജലംതെളിച്ചും സർവ്വതോഭദ്രം മുതലായ കോലങ്ങൾ ഇട്ടും
ദാസവത്	ദാസൻ എന്നപോലെ
അമായയാ	ഫലാകാംക്ഷയില്ലാതെ കപടമില്ലാതെ
മഹ്യം ഗൃഹശുശ്രൂഷണം	എന്റെ ആലയത്തിൽ പണി ചെയ്യുന്നതും
അമാനിത്വം	അഭിമാനം ഇല്ലാതേയും
അദംഭിത്വം	വ്യഥാ പടാടോപങ്ങൾ ഇല്ലാതേയും
കൃതസ്യ അപരികീർത്തനം	സ്വയം അനുഷ്ഠിച്ചതിനെ വായ് തുറന്ന് പറയാതേയും ഇരിക്കേണ്ടതാകുന്നു.
നിവേദിതം	ദേവതാന്തരങ്ങൾക്ക് നിവേദിക്കപ്പെട്ടവയെ
മേ ന ഉപയുഞ്ജ്യാത്	എനിക്ക് നിവേദനം ചെയ്യരുത്
ദീപാവലോകനം അപി	അന്യ ദൈവങ്ങൾക്ക സമർപ്പിതമായ ദീപങ്ങളേയുംകൂടി എനിക്ക് അർപ്പിക്കരുത്
ലോകേ	ലോകത്തിൽ
യത് യത്	ഏതേതു
ഇഷ്ടതമം ആത്മനഃ	വളരേ ഇഷ്ടമായതോ
യത്	തനിക്ക്
അതിപ്രിയം ച	ഏതു് അധികംപ്രിയമുള്ളതു്
തത് തത്	അവ എല്ലാററിനേയും
മഹ്യം നിവേദയത്	എനിക്ക് നിവേദിക്കേണ്ടതാകുന്നു.
തത് ആനന്ത്യായ കല്പതേ	അത് അസീമമായ ഫലപ്രദമായ് ഭവിക്കുന്നു.

ഭഗവാനെ പൂജിക്കുവാൻ അർഹമായ പതിനൊന്നു സ്ഥലങ്ങളെ പറയുന്നു—

42 **സൂര്യോഽഗ്നിർ ബ്രാഹ്മണോ ഗാവോ വൈഷ്ണവഃ ഖം മരുജ്ജലം**
ഭൂരാത്മാ സർവ്വഭൂതാനി ഭദ്ര പൂജാ പദാനി മേ

ഭദ്ര	ഹേ ഉദ്ധവ!
സൂര്യഃ	സൂര്യൻ
അഗ്നിഃ	അഗ്നി
ബ്രാഹ്മണഃ	ബ്രാഹ്മണൻ
ഗാവഃ	പശുക്കൾ
വൈഷ്ണവഃ	വിഷ്ണുഭക്തൻ
ഖം	ആകാശം
മരുത്	കാററ്
ജലം	ജലം
ഭൂഃ	ഭൂമി
ആത്മാ	ആത്മാ
സർവ്വഭൂതാനി	സകല പ്രാണികൾ ഇവ
മേ പൂജാപദാനി	എന്റെ പൂജാർഹമായ സ്ഥാനങ്ങൾ

അധിഷ്ഠാന ഭേദത്താൽ പൂജാഭേദത്തിനെ പറയുന്നു__

43. സൂര്യേതു വിദ്യയാ ത്രയ്യാഹവിഷാഗ്നൗ യജേത മാം
ആതിഥ്യേന തു വിപ്രാഗ്ര്യേ ഗോഷ്വംഗയവസാദിനാ

അംഗ	ഓമനേ
സൂര്യേ	സൂര്യനിൽ
ത്രയ്യാ വിദ്യയാ തു	വേദത്രയങ്ങളാലും
അഗ്നൗ	അഗ്നിയിൽ
ഹവിഃ	ഹവിസ്സുകൊണ്ടും
വിപ്രാഗ്ര്യേ	ഉത്തമബ്രാഹ്മണനിങ്കൽ
ആതിഥ്യേന	അതിഥിസല്ക്കാരം കൊണ്ടും
ഗോഷു	പശുക്കളിൽ
യവസാദിനാ	പുൽതളിരുകളാലും
മാം യജേത	എന്നെ പൂജിക്കേണ്ടതാകുന്നു.

44. വൈഷ്ണവേ ബന്ധുസത്കൃത്യാ ഹൃദി ഖേ ധ്യാനനിഷ്ഠയാ
വായൗ മുഖ്യാ ധിയാ തോയേ ദ്രവ്യൈസ്തോയ പുരസ്കൃതൈഃ

45. സ്ഥണ്ഡിലേ മന്ത്രഹൃദയൈർഭോഗൈരാത്മാനമാത്മനി
ക്ഷേത്രജ്ഞം സർവ്വ ഭൂതേഷു സമത്വേന യജേത മാം

വൈഷ്ണവേ	വിഷ്ണുഭക്തനിങ്കൽ
ബന്ധുസത്കൃത്യ	ബന്ധു എന്നപോലെ ബഹുമാനിച്ചും
ഹൃദി ഖേ	ഹൃദയാകാശത്തിൽ
ധ്യാനനിഷ്ഠയാ	ധ്യാനനിഷ്ഠയാലും
വായൗ മുഖ്യധിയാ	വായുവിൽ പ്രാണൻ എന്നു വിചാരിച്ചും
തോയേ	ജലത്തിൽ
തോയപുരസ്കൃതൈഃ	ജലം മുതലായ
ദ്രവ്യൈഃ	ദ്രവ്യങ്ങളെക്കൊണ്ടു തർപ്പണം ചെയ്യുന്നതു കൊണ്ടും
സ്ഥണ്ഡിലേ	ഭൂമിയിൽ
മന്ത്രഹൃദയൈഃ	രഹസ്യമന്ത്രന്യാസങ്ങളാലും
ആത്മനി	ശരീരത്തിൽ
ആത്മാനം	ജീവാത്മാവിനെ
ഭോഗൈഃ	സുഖാനുഭവത്താലും
സർവ്വഭൂതേഷു	സകലപ്രാണികളിലും
ക്ഷേത്രജ്ഞം മാം സമത്വേന	ക്ഷേത്രജ്ഞനായ് ഇരിക്കുന്ന എന്നെ എല്ലാവരോടും സമൻ എന്ന വിചാരത്താലും
യജേത	പൂജിക്കേണ്ടതാകുന്നു.

46. ധിഷ്ണ്യേഷ്വേഷ്വിതി മദ്രൂപം ശംഖചക്ര ഗദാംബുജൈഃ
യുക്തം ചതുർഭുജം ശാന്തം ധ്യായന്നർച്ചേത് സമാഹിതഃ

സമാഹിതഃ	ഏകാഗ്രചിത്തനായിട്ട്	ചതുർഭുജം	നാലുകൈകളുള്ളതും
ഏഷു ധിഷ്ണ്യേഷു	ഉപര്യുക്തസ്ഥാനങ്ങളിൽ	ശാന്തം	വളരെ ശാന്തവുമായ
ശംഖചക്ര ഗദാംബുജൈഃ യുക്തം	ശംഖ്, ചക്രം, ഗദ, താമരപ്പൂ, ഇവകളോട് കൂടിയതും	മദ്രൂപം ധ്യായൻ	എന്റെ രൂപത്തിനെ ധ്യാനിച്ചുകൊണ്ട്
		അർച്ചേത്	പൂജിക്കേണ്ടതാകുന്നു.

47. ഇഷ്ടാപൂർത്തേന മാമേവ യോ യജേത സമാഹിതഃ
ലഭതേ മയി സദ്ഭക്തിം മത്സ്മൃതിഃ സാധുസേവയാ

യഃ	ഏതൊരുവ്യക്തി	മയി	എന്നിൽ
സമാഹിതഃ	ഏകാഗ്രചിത്തത്തോടെ	സദ്ഭക്തിം	ഉത്തമമായ ഭക്തിയെ
ഏവം	മുൻപറഞ്ഞതുപോലെ	ലഭതേ	പ്രാപിക്കുന്നു.
ഇഷ്ടാപൂർത്തേന	അഗ്നിഹോത്രം മുതലായ യാഗങ്ങളാലും കിണറ്, കുളം കുഴിക്കുക മുതലായ പൂർത്തികർമ്മങ്ങളാലും	സാധുസേ	ഇപ്രകാരം ഭക്തിലഭിച്ചു
		വയാ	വന്ന് സാധുജനങ്ങളെ സേവിക്കുന്നതിനാൽ
മാം യജേത	എന്നെ പൂജിക്കുന്നുവോ അവൻ	മത്സ്മൃതിഃ	എന്റെ സാക്ഷാൽകാരം ഉണ്ടാകുന്നു.

48. പ്രായേണ ഭക്തിയോഗേന സത്സംഗേന വിനോദ്ധവ
നോപായോ വിദ്യതേ സധ്ര്യങ് പ്രായണം ഹി സതാമഹം

ഉദ്ധവ	ഹേ ഉദ്ധവ !	ഉപായഃ	സംസാരതരണോപായം
സത്സംഗേന	സജ്ജനങ്ങളെ സേവിക്കുന്നതുകൊണ്ടുണ്ടാകുന്ന	ന വിദ്യതേ	ഇല്ല;
		ഹി	എന്തുകൊണ്ടെന്നാൽ
ഭക്തിയോഗേനവിനാ	ഭക്തിസിദ്ധിക്കുന്ന എന്നു മാത്രമല്ല	അഹം	ഞാൻ തന്നെ
പ്രായേണ	അധികപക്ഷവും	സതാം	സാധുജനങ്ങൾക്ക്
സധ്ര്യങ്	ഉത്തമമായ	പ്രായണം	ഉത്തമമായ ആശ്രയം

സാംഖ്യം യോഗം മുതലായവ മററു സാധനങ്ങളെ അപേക്ഷിക്കുന്നു; ഫലം നൽകുമെന്ന് തീർച്ചയില്ല. സാധുസംഗമം തീർച്ചയായും ഫലം നൽകും എന്നു് വർണ്ണിക്കുവാൻ തുടങ്ങുന്നു—

49 അഥൈതത് പരമം ഗുഹ്യം ശൃണ്വതോ യദുനന്ദന
സുഗോപ്യമപി വക്ഷ്യാമി ത്വം മെ ഭൃത്യഃ സുഹൃത്സഖഃ

യദുനന്ദന	ഹേ യാദവ	സുഗോപ്യം	വളരേ രഹസ്യമായിട്ടുള്ളതാണെങ്കിലും
അഥ	ഇപ്പോൾ	അപി	കൂടി
ഏതത്	പറയുവാൻ പോകുന്ന	വക്ഷ്യാമി	പറയാം
പരം	വളരെ ഉത്തമമായതാകുന്നു.	ത്വം	നീ
ഗുഹ്യം	വളരെ രഹസ്യമായതാകുന്നു.	മേ	എനിക്ക്
		ഭൃത്യഃ	ദാസൻ;
അതഃ	ആയതിനാൽ	സുഹൃത്	നല്ല മനസ്സുള്ളവനായും
ശൃണു	കേൾക്കുക.	സഖാ	സഖാവ്

ഇതി ശ്രീമന്മഹാഭാഗവതേ മഹാപുരാണേ

ഏകാദശസ്കന്ധേ ഏകാദശോഽധ്യായഃ സമാപ്തഃ

ആദിതഃ ശ്ലോകങ്ങൾ 12662 ഏകാദശാദ്ധ്യായേ 496

ദ്വാദശോഽധ്യായഃ = അധ്യായം പന്ത്രണ്ട്

സത്സംഗമഹിമാ കർമ്മാനുഷ്ഠാന കർമ്മത്യാഗവ്യവസ്ഥാവർണ്ണനം ച

സത്സംഗമാഹാത്മ്യം (സാധുസംഗമത്താൽ ലഭിക്കുന്ന ഗുണങ്ങൾ) കർമ്മാനുഷ്ഠാനം കർമ്മത്യാഗം ചെയ്യുക ഇവകളെ വർണ്ണിക്കുന്നു.

ദ്വാദശേ സാധുസംഗസ്യ മഹിമാ വർണ്ണിതഃ പുരാ
കർമ്മാനുഷ്ഠാന ത്യാഗ വ്യവസ്ഥാ ചതതഃ പരം

പന്ത്രണ്ടാമദ്ധ്യായത്തിൽ സാധുസംഗമമാഹാത്മ്യവും കർമ്മാനുഷ്ഠാനത്തിന്റേയും അതിനെ ത്യാഗം ചെയ്യുന്ന വ്യവസ്ഥയും പറയപ്പെടുന്നു.

ശ്രീ ഭഗവാനുവാച = ശ്രീകൃഷ്ണപരമാത്മാവ് പറഞ്ഞു.

1. ന രോധയതി മാം യോഗോ ന സാംഖ്യം ധർമ്മ ഏവ ച
ന സ്വാധ്യായസ്തപസ്ത്യാഗോ നേഷ്ടാപൂർത്തം ന ദക്ഷിണാ

2. വ്രതാനി യജ്ഞഃ ഛന്ദാംസി തീർത്ഥാനി നിയമാ യമാഃ
യഥാവരുന്ധേ സത്സംഗഃ സർവ്വസംഗാപഹോ ഹി മാം

യഥാ സത്സംഗഃ	എങ്ങിനെ സാധുസംഗം
മാം അവരുന്ധതേ	എന്നെ വശീകരിക്കുന്നുവോ അങ്ങിനെ
യോഗഃ	ആസനം പ്രാണായാമം മുതലായ യോഗം
മാം ന നിരോധയതി	എന്നെ വശീകരിക്കുന്നില്ല.
സാംഖ്യം ച	തത്വജ്ഞാനവും
ധർമ്മഃ ഏവ	അഹിംസാ മുതലായ ധർമ്മവും
ന	വശീകരിക്കുന്നില്ല.
സ്വാധ്യായഃ	വേദാധ്യയനവും
തപഃ	കൃച്ഛ്രാദിരൂപമായ തപസ്സും
ത്യാഗഃ	സന്യാസവും
ന	വശീകരിക്കുന്നില്ല.
ഇഷ്ടാപൂർത്തം ന	അഗ്നിഹോത്രം മുതലായ വൈദിക കർമ്മവും കിണറ്, കുളം കുഴിക്കുക മുതലായ സ്മാർത്തകർമ്മവും
ദക്ഷിണാ	ദക്ഷിണാദാനവും
വ്രതാനി	ഏകാദശി മുതലായ വ്രതങ്ങളും
യജ്ഞഃ	യാഗവും
ഛന്ദാംസി	രഹസ്യമന്ത്രങ്ങളും
തീർത്ഥാനി	പുണ്യമന്ത്രങ്ങളും
നിയമാഃ	ശൌചാദി നിയമങ്ങളും
യമാഃ	ശരീര നിയന്ത്രണവും
ന	വശീകരിക്കുന്നില്ല.
ഹി	എന്തുകൊണ്ടെന്നാൽ സാധുസംഗമം എന്നത്
സർവ്വസംഗാപഹഃ	സകലവിധമായ ബന്ധങ്ങളേയും ഇല്ലാതാക്കുന്നതിൽ ഉത്തമമായതാകുന്നു.

3\. സത്സംഗേന ഹി ദൈതേയാ യാതുധാനാ മൃഗാഃ ഖഗാഃ
ഗന്ധർവ്വാപ്സരസോ നാഗാഃ സിദ്ധാശ്ചാരണ ഗുഹ്യകാഃ

4\. വിദ്യാധരാ മനുഷ്യേഷു വൈശ്യാഃ ശൂദ്രാഃ സ്ത്രിയോന്ത്യജാഃ
രജസ്തമഃ പ്രകൃതയസ്തസ്മിംസ്തസ്മിൻ യുഗേനഘ

5\. ബഹവോ മത്പദം പ്രാപ്താ സ്ത്വാഷ്ട്രകായാധവാദയഃ
വൃഷപർവ്വാ ബലിർബാണോ മയശ്ചാഥ വിഭീഷണഃ

6\. സുഗ്രീവോ ഹനുമാനൃക്ഷോ ഗജോ ഗൃധ്രോ വണിക്പഥഃ
വ്യാധഃ കുബ്ജാ വ്രജേ ഗോപ്യോയജ്ഞപത്ന്യസ്തഥാപരേ

രജസ്തമഃ പ്രകൃതയഃ	രജോഗുണ പ്രധാനന്മാരും തമോഗുണ പ്രധാനന്മാരുമായ
ബഹവഃ	അസംഖ്യം
ദൈതേയാഃ	അസുരന്മാരും
യാതു ധാനാഃ	രാക്ഷസന്മാരും
മൃഗാഃ	മൃഗങ്ങളും
ഖഗാഃ	പക്ഷികളും
ഗന്ധർവ്വാപ്സരസഃ	ഗന്ധർവ്വന്മാരും അപ്സരസ്സുകളും
നാഗാഃ	നാഗന്മാരും
സിദ്ധാഃ	സിദ്ധന്മാരും
ചാരണഗുഹ്യകാഃ	ചാരണരും ഗുഹ്യകരും
വിദ്യാധരാഃ	വിദ്യാധരന്മാരും
മനുഷ്യേഷു	മനുഷ്യരിൽ
വൈശ്യാഃ	വൈശ്യന്മാരും
ശൂദ്രാഃ	ശൂദ്രന്മാരും
സ്ത്രിയഃ	സ്ത്രീകളും
അന്ത്യജാഃ	താഴ്ത്തപ്പെട്ടവരും

ത്വാഷ്ട്രകാ- യാധവാദയഃ	വൃത്രാസുരൻ, പ്രഹ്ലാദൻ മുതൽപേരും	കുബ്ജാ	കൂനിയും
വൃഷപർവ്വാ	വൃഷപർവ്വാവും	വ്രജേ	ഗോകുലവാസികളായ
ബലിഃ	ബലിയും	ഗോപ്യഃ	ഗോപിമാരും
ബാണഃ ച	ബാണനും	യജ്ഞപത്ന്യഃ	ദീക്ഷിതന്മാരും പത്നികളും
മയഃ	മയനും	തഥാ പരേ	അപ്രകാരം മററുള്ളവരും
അഥ വിഭീഷണഃ	അതുപോലെ വിഭീഷണനും	അനഘ	ഹേ നിഷ്കളങ്കനായ ഉദ്ധവ!
സുഗ്രീവഃ ഹനുമാൻ	സുഗ്രീവനും ഹനുമാനും	തസ്മിൻ തസ്മിൻ യുഗേ	അതാതു യുഗങ്ങളിൽ
ഋക്ഷഃ	ജാംബവാനും	സത്സംഗേന ഹി	സാധുജന സംസർഗ്ഗം കൊണ്ടു മാത്രം
ഗജഃ	ആനയും	മത്പദം പ്രാപ്താഃ	എന്റെ സ്ഥാനം പ്രാപിച്ചിരിക്കുന്നു.
ഗൃധ്രഃ	ജടായു എന്ന കഴുകനും		
വണിക്പഥഃ	തുലാധരൻ എന്ന വൈശ്യനും		
വ്യാധഃ	ധർമ്മവ്യാധനും		

അവർക്ക് സാധുസംഗം അല്ലാതെ അന്യസാധനങ്ങൾ ഇല്ല എന്നു പറയുന്നു.

7. തേ നാധീത ശ്രുതിഗണാ നോപാസിത മഹത്തമാഃ
അവ്രതാതപ്ത തപസഃ സത്സംഗാന്മാമുപാഗതാഃ

തേ	അവർ	അവ്രതാതപ്ത തപസഃ	വ്രതങ്ങൾ അനുഷ്ഠിച്ചവരല്ല, തപസ് ചെയ്തവരല്ല.
അധീത ശ്രുതിഗണാഃ ന	വേദങ്ങൾ അഭ്യസിച്ചവർ അല്ല.	സത്സംഗാത്	സാധുജനങ്ങളുടെ സംഗമത്താൽ
ഉപാസിത മഹത്തമാഃ ന	മഹാത്മാക്കളെ സേവിച്ചവരും അല്ല	മാം ഉപാഗതാഃ	എന്നെ പ്രാപിച്ചിരിക്കുന്നു.

വൃത്രൻ മുതൽപേർക്ക് അന്യ സാധനങ്ങൾ ഉണ്ടായിരിക്കാം. പക്ഷേ ഗോപികമാർക്ക് സാധു സംഗമമല്ലാതെ അന്യസാധനങ്ങൾ ഇല്ല എന്നു പറയുന്നു.

8 കേവലേന ഹി ഭാവേന ഗോപ്യോ ഗാവോ നഗാ മൃഗാഃ
യേഽന്യേ മൂഢധിയോ നാഗാഃ സിദ്ധാമാമീയുരഞ്ജസാ

9. യം ന യോഗേന സാംഖ്യേന ദാന വ്രത തപോഽധ്വരൈഃ
വ്യാഖ്യാ സ്വാധ്യായ സംന്യാസൈഃ പ്രാപ്നുയാദ് യത്നവാനപി

ഗോപ്യഃ	ഗോപികമാരും	ദാന വ്രത തപോധ്വരൈഃ	ദാനം, തപസ്, വ്രതം, യാഗം ഇവകളാലും
ഗാവഃ	പശുക്കളും	വ്യാഖ്യാ സ്വാധ്യായ സംന്യാസൈ	ശാസ്ത്രങ്ങളെ ഉപദേശിക്കുക വേദാധ്യയനം, സന്യാസം ഇവകളാലും
നഗാഃ	യമളാർജ്ജുനം മുതലായ മരങ്ങളും	യതവാനപി	പ്രയത്നം ചെയ്യുന്നവൻ പോലും
അന്യേ മൃഗ മൂഢധിയഃ	ജ്ഞാനമില്ലാത്ത അന്യ പ്രാണികൾ ഏവ ഉണ്ടോ അവകളും	യം	ഈ എന്നെ
കേവലേന ഭാവേന ഹി	സാധുസംഗമംകൊണ്ടു ലഭിച്ച പ്രേമം ഒന്നുകൊണ്ടു മാത്രം	ന പ്രാപ്നുയാത്	പ്രാപിക്കുവാൻ സാധിക്കുക ഇല്ലയോ
സിദ്ധാഃ	കൃതാർത്ഥരായി ഭവിച്ച്	മാം	ആ എന്നെ
യോഗേന	യോഗത്താലും	അഞ്ജസാ	വളരേ എളുപ്പത്തിൽ
സാംഖ്യേന	സാംഖ്യത്താലും	ഈയുഃ	പ്രാപിച്ചുപോയ്

ഗോപികമാരുടെ പ്രേമയെ വിവരിക്കുന്നു.

10. രാമേണ സാർദ്ധം മധുരാം പ്രണീതേ
ശ്വാഫൽകിനാ മയ്യനുരക്തചിത്താഃ
വിഗാഢ ഭാവേന ന മേ വിയോഗ തീവ്രാധയോഽന്യം
ദദൃശുഃ സുഖായ

ശ്വാഫല്കിനാ	അക്രൂരനാൽ	അനുരക്ത ചിത്താഃ	അനുരക്തമായ ചിത്തത്തോടു കൂടിയവരായ്
രാമേണ സാർദ്ധം	ബലരാമനോടുകൂടി	മേ വിയോഗ തീവ്രാധയഃ	എന്റെ വിയോഗത്താൽ കഠിനമായ മനോവേദനയോട്
മയി	ഞാൻ		
മധുരാം പ്രണീതേ	മധുരക്ക് നയിക്കപ്പെട്ടപ്പോൾ	അന്യം	എന്നെവിട്ട് അന്യൻ ഒരുത്തനെ
വിഗാഢ ഭാവേന	എന്നിൽ ദൃഢമായ പ്രേമയാൽ	സുഖായ	സുഖത്തിനു കാരണമായ്
		ന ദദൃശുഃ	കണ്ടില്ല.

11. താസ്താഃ ക്ഷപാഃ പ്രേഷ്ഠതമേന നീതാ
മയൈവ ബൃന്ദാവനഗോചരേണ
ക്ഷണാർദ്ധവത്താഃ പുനരംഗ താസാം
ഹീനാ മയാ കല്പസമാ ബഭൂവുഃ

അംഗ	ഉദ്ധവ	പ്രേഷ്ഠതമേന	വളരേ പ്രിയനായ
ബൃന്ദാവന ഗോചരേണ	ബൃന്ദാവനത്തിൽ ഇരുന്ന	മയാ ഏവ	എന്നോടുകൂടി

താഃ താഃ ക്ഷപാഃ — ഉത്തമമായ ആ രാത്രികൾ
ക്ഷണാർദ്ധവത് — അരക്ഷണംപോലെ
നീതാഃ — നയിക്കപ്പെട്ടു (കഴിഞ്ഞുപോയ്)
താഃ പുനഃ — ആ രാത്രികൾതന്നെ വീണ്ടും
മയാഹീനാഃ — ഞാൻ ഇല്ലാതെ
താസാം — അവർക്ക്
കല്പസമാ ബഭൂവുഃ — കല്പകാലത്തിന് സമമായ് തോന്നി (ഭവിച്ചു)

12. **താനാവിദൻ മയ്യനുഷംഗ ബദ്ധധിയഃ**
സ്വമാത്മാനമദസ്തഥേദം
യഥാ സമാധൗ മുനയോബ്ധിതോയേ
നദ്യഃ പ്രവിഷ്ടാ ഇവ നാമരൂപേ

മയി — എന്നിൽ
അനുഷംഗ ബദ്ധധിയഃ — പ്രേമംകൊണ്ട് ബന്ധിക്കപ്പെട്ടമനസ്സോടുകൂടിയ
താഃ — ആ ഗോപികമാർ
മുനയഃ — മുനിമാർ
സമാധൗ — സമാധിയിൽ
നാമരൂപേ യഥാ — നാമരൂപങ്ങളെ എപ്രകാരം അറിയുന്നില്ലയോ അതുപോലെ:
സ്വം — (മമതാസ്പദമായ) പതിപുത്രൻമുതലായവകളേയും
ആത്മാനം അദഃ — (അഹംകാരാസ്പദമായ) ദേഹത്തെയും ദൂരത്തിൽ ഇരിക്കുന്നതിനേയും (പരലോകത്തെയും)
ഇദം — അരുകിൽ ഇരിക്കുന്നതിനേയും (ഇഹലോകത്തിനേയും)
ന അവിദൻ — അറിഞ്ഞിട്ടില്ല.
അബ്ധിതോയെ — (പക്ഷെ) സമുദ്രജലത്തിൽ
നദ്യഃ ഇവ — നദികൾ സംഗമമാകുന്നതുപോലെ
പ്രവിഷ്ടാഃ — എന്നോട് ഐക്യമായി ഭവിച്ചു.

13. **മത്കാമാ രമണം ജാരമസ്വരൂപവിദോഽബലാഃ**
ബ്രഹ്മ മാം പരമം പ്രാപുഃ സംഗാച്ഛതസഹസ്രശഃ

ശതസഹസ്രശഃ — ആയിരക്കണക്കായ
അബലാഃ — സ്ത്രീകൾ
മത്കാമാഃ — എന്നെ ആഗ്രഹിക്കുന്നവരായ്
അസ്വരൂപവിദഃ — എന്റെ സ്വരൂപം അറിയാത്തവരായ് ഇരുന്നിട്ടും
സംഗാത് — സത്സംഗത്താൽ
രമണം ജാരം — സുഖം നൽകുന്ന ചോരപുരുഷൻ എന്നു മാത്രം അറിയപ്പെടുന്നവനായ് ഇരുന്നിട്ടും
പരമം ബ്രഹ്മ — പരബ്രഹ്മസ്വരൂപിയായ
മാം പ്രാപുഃ — എന്നെ പ്രാപിച്ചു.

14. **തസ്മാത്ത്വമുദ്ധവോത്സൃജ്യ ചോദനാം പ്രതിചോദനാം**
പ്രവൃത്തം ച നിവൃത്തം ച ശ്രോതവ്യം ശ്രുതമേവ ച

15. **മാമേകമേവ ശരണമാത്മാനം സർവ്വദേഹിനാം**
യാഹി സർവ്വാത്മഭാവേന മയാ സ്യാഹ്യകുതോഭയഃ

ഉദ്ധവ	ഉദ്ധവ!
തസ്മാത്	ആകയാൽ (എന്നെ ഭജിക്കുന്നതു എത്രമഹാത്മ്യം ഉള്ളതാകുന്നു എന്നതുകൊണ്ട്)
ത്വം	നീ
ചോദനാം	വിധിയേയും
പ്രതിചോദനാം ച	നിഷേധത്തിനേയും
പ്രവൃത്തം	ഗൃഹസ്ഥധർമ്മത്തിനേയും
നിവൃത്തം ച	സന്യാസി ധർമ്മത്തിനേയും
ശ്രുതം ച	കേട്ടതിനേയും
ശ്രോതവ്യം ഏവ	കേൾക്കവേണ്ടിയവയേയും
ഉത്സൃജ്യ	വിട്ടൊഴിഞ്ഞ്
സർവ്വദേഹിനാം	സകല പ്രാണികൾക്കും
ആത്മാനം	ഒരേ ആത്മാവായിട്ടിരിക്കുന്ന
ഏകം	
മാം ഏവ	എന്നെത്തന്നെ
സർവ്വാത്മഭാവേന	സർവ്വാത്മഭാവനയോടെ
ശരണം യാഹി	ശരണം പ്രാപിക്കുക.
അകുതോ ഭയഃ സ്യാഃ	നീ എവിടേയും ഭയമില്ലാത്തവനായ് ഭവിക്കും (മുക്തനാകും)

ഉദ്ധവ ഉവാച — ഉദ്ധവൻ പറഞ്ഞു.

16. **സംശയഃ ശൃണ്വതോ വാചം തവ യോഗേശ്വരേശ്വര**
ന നിവർത്തത ആത്മസ്ഥോ യേന ഭ്രാമ്യതി മേ മനഃ

യോഗേശ്വര	യോഗേശ്വരന്മാരുടെ
ഈശ്വര	ഹേ ഈശ്വര!
തവ വാചം	താങ്കളുടെ തിരുവാക്കിനെ
ശൃണ്വതഃ	കേൾക്കുന്ന എനിക്ക്
ആത്മസ്ഥഃ	എന്റെ മനസ്സിൽ ഇരിക്കുന്ന
സംശയഃ	(കർമ്മാവിനെ ചെയ്യേണമോ അഥവാ വിട്ടുകളയണമോ എന്ന സംശയം
ന നിവർത്തതേ	നിവൃത്തിയെ പ്രാപിച്ചില്ല (തീർന്നില്ല)
യേന	ആയതിനാൽ
മേ മനഃ	എന്റെ മനസ്സ്
ഭ്രാമ്യതി	ഭ്രമിക്കുന്നു.

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു.

17. **സ ഏഷ ജീവോ വിവരപ്രസൂതിഃ**
പ്രാണേന ഘോഷേണ ഗുഹാം പ്രവിഷ്ടഃ
മനോമയം സൂക്ഷ്മമുപേത്യ രൂപം
മാത്രാ സ്വരോ വർണ്ണ ഇതിസ്ഥവിഷ്ഠഃ

സ ഏഷഃ	അപരോക്ഷനായ
ജീവഃ	ആ പരമാത്മാ
വിവര പ്രസൂതി	ആധാരചക്രം മുതലായ സ്ഥാനങ്ങളിൽ വെളിപ്പെടുന്നവനായ്
ഘോഷേണ	'പരാ' എന്ന പേരുള്ള നാദത്തോടുകൂടിയ
പ്രാണേന	പ്രാണവായുവോടുകൂടി
ഗുഹാം	ആധാര ചക്രത്തോടു
പ്രവിഷ്ടഃ	കൂടിയവനായ്
മനോമയം	പിന്നീട് മണിപൂരകചക്രത്തിൽ 'പശ്യന്തീ' എന്ന പേരോടുകൂടിയതും
സൂക്ഷ്മം രൂപം ഉപേത്യ	വിശുദ്ധിചക്രത്താൽ 'മദ്ധ്യമാ' എന്നറിയപ്പെടുന്ന രൂപത്തിനെ പ്രാപിച്ച്
സ്വരഃ	മുഖത്തിങ്കൽ ഹ്രസ്വം മുതലായ മാത്രകളും ഉദാത്തം മുതലായ സ്വരമായിട്ടും
വർണ്ണഃ	കകാരം മുതലായ വർണ്ണമായിട്ടും
ഇതിസ്ഥവിഷ്ഠഃ	എന്നിങ്ങനെ 'വൈഖരീ' എന്ന പേരോടുകൂടി അതിസ്ഥൂലമായ പല വേദശാഖാദി രൂപമായ് ഭവിക്കുന്നു.

18. **യഥാനലഃ ഖേടനിലബന്ധുരൂഷ്മാ**
ബലേന ദാരുണ്യധിമഥ്യമാനഃ
അണുഃ പ്രജാതോ ഹവിഷാ സമിധ്യതേ
തഥൈവ മേ വ്യക്തിരിയം ഹി വാണീ

യഥാ	എങ്ങിനെ
ഖേ	ആകാശത്തിൽ
ഊഷ്മാ	അവ്യക്തമായ ചൂടുള്ള
അനലഃ	അഗ്നി
ബലേന അധിമഥ്യമാനഃ	ബലമായ് നല്ലപോലെ കടയപ്പെടുന്നതായ്
അനിലബന്ധുഃ	കാററിനെ സഹായമായ് വെച്ച്
ദാരുണി	അരണിക്കട്ടയിൽ
അണുഃ	വളരെ ചെറിയതായി
പ്രജാതഃ	ഇരുന്ന തീപൊരി
ഹവിഷാ	നെയ്യ് മുതലായ ഹവിസ്സു കൊണ്ട്
സമിധ്യതേ	വർദ്ധിക്കുന്നുവോ
തഥാ ഏവ	അതുപോലെത്തന്നെ
ഇയം വാണീ ഹി	ഈ വേദരൂപമായ വാക്കു
മേ വ്യക്തി	എന്റെ അഭിവ്യക്തിയാകുന്നു.

19. **ഏവം ഗതിഃ കർമ്മഗതിർവ്വിസർഗ്ഗോ**
ഘ്രാണോ രസോ ദൃക്സ്പർശഃ ശ്രുതിശ്ച
സംകല്പവിജ്ഞാനമഥാഭിമാനഃ
സൂത്രം രജഃ സത്വതമോവികാരഃ

20. **അയം ഹി ജീവസ്ത്രിവൃദബ്ജയോനി**
രവ്യക്ത ഏകോ വയസാ സ ആദ്യഃ
വിശ്ലിഷ്ടശക്തിർബഹുധേവ ഭാതി
ബീജാനി യോനിം പ്രതിപദ്യ യദ്വത്

21. യസ്മിന്നിദം പ്രോതമശേഷമോതം
പടോ യഥാ തന്തുവിതാനസംസ്ഥഃ
യ ഏഷ സംസാരതരുഃ പുരാണഃ
കർമ്മാത്മകഃ പുഷ്പഫലേ പ്രസൂതേ

ഏവം	ഈ വിധം തന്നെ
ഗദി	സംഭാഷണവും
കർമ്മ	കൈകളുടെ വ്യാപാരമായ കർമ്മങ്ങളും
ഗതിഃ	കാൽകളുടെ ജോലിയായ നടക്കുക എന്നതും
വിസർഗ്ഗഃ	ഗോപ്യസ്ഥാനങ്ങളുടെ വിസർജ്ജനാദികർമ്മങ്ങളും
ഘ്രാണഃ	മുകരുന്നതും
രസഃ	സ്വാദും
ദൃക്	കാഴ്ചയും
ശ്രുതി	കേൾക്കുന്നതും
സംകല്പ വിജ്ഞാനം	മനോവ്യാപാരമായ സങ്കല്പവും ബുദ്ധികളുടെ വ്യാപാരമായ ജ്ഞാനവും
അഭിമാനഃ	അഹംകാരത്തിന്റെ വ്യാപാരമായ അഭിമാനവും
അഥസൂത്രം	അതുപോലെ പ്രധാനത്തിന്റെ വികാരമായ സൂത്രാത്മാവും
രജഃ സത്വ- തമോ വികാരഃ ച	രജസ്, സത്വം, തമസ് ഇവകളുടെ വികാരമായ ആധിദൈവം, ആധിഭൂതം, ആധ്യാത്മം എന്ന മൂന്നുവിധ പ്രപഞ്ചവും ആയിട്ട്
അയം	ഈ
ജീവഃ	ഈശ്വരൻ
അവ്യക്തഃ	സൃഷ്ടിക്കുമുമ്പ് അവ്യക്തനായും
ഏകഃ	ഒരുത്തനായിട്ടും ഇരുന്നുകൊണ്ട്
വിശിഷ്ട ശക്തിഃ	വേറാക്കപ്പെട്ട വാക്ക് മുതലായ ഇന്ദ്രിയരൂപങ്ങളായ ശക്തികളോടു കൂടിയ അഥവാ മായാശക്തിയെ സ്വീകരിച്ചുംകൊണ്ടതിനെ
ബീജാനി	വിത്തുകൾ
യോനിം പ്രതിപദ്യ	കൃഷി ക്ഷേത്തിങ്കൽ നട്ട്
യദ്വത്	എങ്ങിനെ ചെടി കൊടികൾ വള്ളികൾ എന്ന് പലവിധമായ് (മുളക്കുന്നുവോ) വെളിപ്പെടുന്നുവോ
ബഹുധാ ഇവ ഭാതി	അതുപോലെ പലവിധമായ് പ്രത്യക്ഷപ്പെടുന്നു.
ഹി സഃ	എന്തുകൊണ്ടെന്നാൽ ഈശ്വരൻ
ആദ്യഃ	സർവ്വത്തിന്നും ആദിയാകുന്നു.
ത്രിവൃത്	സത്വരജസ്തമോ ഗുണങ്ങൾക്ക് ആശ്രയഭൂതൻ
അബ്ജ- യോനിഃ	ലോകം എന്ന താമരക്ക് കാരണമായവൻ
തന്തുവിതാന സംസ്ഥഃ	നൂലിന്റെ സമൂഹത്തിനെ ഊടുവായും വിലങ്ങനേയും നെയ്ത
പടം യഥാ ഇദം	വസ്ത്രം എന്നപോലെ ഈ പ്രപഞ്ചം
അശേഷം	മുഴുവനും
യസ്മിൻ	ആ ഈശ്വരനിൽ
ഓതം പ്രോതം	ഊടുവായും കുറുകേയും ആയിട്ട് തോന്നുന്നു.

പുരാണഃ കർമ്മാത്മകഃ	അനാദിയും പ്രവൃത്തി സ്വഭാവത്തോട് കൂടിയതുമായ	പുഷ്പഫലേ	സ്വർഗ്ഗത്തിനേയും, മോക്ഷത്തിനേയും, അഥവാ കർമ്മത്തിനേയും അതിന്റെ ഫലത്തിനേയും
യഃ സംസാര തരുഃ വൃക്ഷഃ	ഏതൊരു സംസാര വൃക്ഷം ഉണ്ടോ അത്	പ്രസൂതേ	ഉണ്ടാകുന്നു. (ജനിപ്പിക്കുന്നു.)

22. ദ്വേ അസ്യ ബീജേ ശതമൂലസ്ത്രിനാളഃ
പഞ്ചസ്കന്ധഃ പഞ്ചരസപ്രസൂതിഃ
ദശൈകശാഖോ ദ്വിസുപർണ്ണനീഡ-
സ്ത്രിവല്കലോ ദ്വിഫലോഽർക്കം പ്രവിഷ്ടഃ

അസ്യ	ഈ സംസാരവൃക്ഷത്തിന്ന്	പഞ്ചരസപ്രസൂതിഃ	ശബ്ദം മുതലായ പഞ്ചരസങ്ങൾ സ്രവിക്കുന്നതാകുന്നു.
ബീജേ ദ്വേ	പുണ്യം പാപം എന്ന രണ്ട് വിത്തുക്കൾ	ദശൈകശാഖഃ	പതിനൊന്ന് ഇന്ദ്രിയങ്ങളായ ശാഖകളോട് കൂടിയതാകുന്നു.
ശതമൂലഃ	ആ സംസാരവൃക്ഷവും കണക്കിൽ അടങ്ങാത്ത 'വാസനകൾ' എന്ന വേരോട്കൂടിയതാകുന്നു.	ദ്വിസുപർണ്ണനീഡഃ	ജീവാത്മാ, പരമാത്മാക്കളായ രണ്ട് പക്ഷികളുടെ കൂടുകളോട് കൂടിയതാകുന്നു.
ത്രിനാളഃ	മൂന്നു ഗുണങ്ങളോട്കൂടിയ മരത്തടികളോട്കൂടിയതാകുന്നു.	ദ്വിഫലഃ	സുഖം, ദുഃഖം എന്ന രണ്ട് പഴങ്ങളോട്കൂടിയതാകുന്നു.
പഞ്ചസ്കന്ധഃ	പഞ്ചഭൂതങ്ങൾ എന്ന അഞ്ചു ശാഖകളോട് കൂടിയതാകുന്നു.	അർക്കം പ്രവിഷ്ടഃ	സൂര്യമണ്ഡലം വരെ വ്യാപിച്ചിരിക്കുന്നു.

23. അത്തി ചൈകം ഫലമസ്യ ഗൃദ്ധ്രാ
ഗ്രാമേ ചരാ ഏകമരണ്യവാസാഃ
ഹംസാ യ ഏകം ബഹുരൂപമിജ്യൈർ
മായാമയം വേദ സ വേദ വേദം

ഗൃദ്ധ്രഃ	ഫലം ആഗ്രഹിക്കുന്ന	ഹംസാഃ	വിവേകികളായ
ഗ്രാമേചരാഃ	ഗൃഹസ്ഥന്മാർ	അരണ്യവാസാഃ	സന്യാസികൾ
അസ്യ	ഈ സംസാരവൃക്ഷത്തിന്റെ	ഏകം	സുഖരൂപമായ ഒരു (പഴത്തേയും)ഫലത്തേയും
ഏകം ഫലം	ദുഃഖരൂപമായ ഒരു (പഴത്തിനേയും) ഫലത്തേയും	അദന്തി	അനുഭവിക്കുന്നു.
		മായാമയം	മായാമയനും.

ബഹുരൂപം	ആയതുകൊണ്ട് പലവിധ രൂപത്തോടു കൂടിയവനും ആയ
ഏകം	പരമാത്മാവിനെ
ഇജ്യൈഃ	ഗുരുക്കന്മാരാൽ (ഗുരൂപദേശങ്ങളാൽ)
യഃ വേദ	ഏവൻ അറിയുന്നുവോ
സഃ	അവൻതന്നേ
വേദം വേദ	വേദത്തിന്റെ തത്ത്വം അറിഞ്ഞവൻ

24. ഏവം ഗുരൂപാസനയൈക ഭക്ത്യാ
വിദ്യാകുഠാരേണ ശിതേന ധീരഃ
വിവൃശ്ച്യ ജീവാശയമപ്രമത്തഃ
സംപദ്യ ചാത്മാനമഥ ത്യജാസ്ത്രം

ഏവം	ഈവിധം
ധീരഃ	ബുദ്ധിമാനായ നീയും
അപ്രമത്തഃ	ബുദ്ധിഭ്രമമില്ലാതെ
ഗുരൂപാസനയാ	ഗുരുവിനെ ഉപാസിക്കുന്നതുകൊണ്ടും
ഏക ഭക്ത്യാ	ഏകാന്തഭക്തിയാലും
ശിതേന	കൂർമ്മയായ (മൂർച്ചയുള്ള)
വിദ്യാകുഠാരേണ	ജ്ഞാനം എന്ന കോടാലിയാൽ
ജീവാശയം	ജീവോപാധിയായ ലിംഗശരീരത്തെ
വിവൃശ്ച്യ	മുറിച്ചെറിഞ്ഞ്
ആത്മാനം സംപദ്യ	ആത്മാവിനെ പ്രാപിച്ച്
അഥ	പിന്നീട്
അസ്ത്രം	അസ്ത്രത്തിനെ
ത്യജ	വിട്ടുകളയുക.

ഇതി ശ്രീമദ്ഭാഗവത മഹാപുരാണേ പതിനൊന്നാംസ്കന്ധം
പന്ത്രണ്ടാമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകങ്ങൾ 12686 ഏകാദശസ്കന്ധം ആദിതഃ ശ്ലോകങ്ങൾ 520

ത്രയോദശോഽധ്യായഃ = അധ്യായം പതിമൂന്ന്

ഭഗവതാ ഹംസരൂപേണ ബ്രഹ്മണേ ജ്ഞാനോപദേശഃ

ഭഗവാൻ ഹംസരൂപധാരിയായി ബ്രഹ്മാവിന് ജ്ഞാനോപദേശം ചെയ്യുന്നത്.

ത്രയോദശേഽഥ സത്വസ്യ വൃദ്ധ്യാ വിദ്യോദയക്രമഃ
ഹംസേതിഹാസതശ്ചിത്ത വിശ്ലേഷ വർണ്ണനം

പതിമൂന്നാമദ്ധ്യായത്തിൽ സത്വഗുണവൃത്തികൊണ്ട് ജ്ഞാനോൽപത്തിയുടെ ക്രമവും, ഹംസേതിഹാസത്താൽ ചിത്തഗുണങ്ങളുടെ നിവൃത്തിയും ഉപദേശിക്കപ്പെടുന്നു.

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു.

1. **സത്വം രജസ്തമ ഇതി ഗുണാ ബുദ്ധേർ ന ചാത്മനഃ**
സത്വേനാന്യതമൌ ഹന്യാത് സത്വം സത്വേന ചൈവ ഹി

സത്വം രജഃ തമഃ ഇതി	സത്വം, രജസ്, തമസ് എന്നിവ	അന്യതമൌ	രജസ്, തമസ് എന്ന ഇതരഗുണങ്ങളെ
ബുദ്ധേഃ	പ്രകൃതിയുടെ	ഹന്യാത്	ജയിക്കേണ്ടതാകുന്നു
ഗുണാഃ	ഗുണങ്ങൾ	സത്വേന	ഉപദേശരൂപസത്വ ഗുണത്താൽ
ആത്മനഃ ന ച	ആത്മാവിന്റെ ഗുണങ്ങളല്ല	സത്യം ച ഏ	സത്യാദിവൃത്തിരൂപമായ സത്വഗുണത്തിനേയും ജയിക്കേണ്ടതാകുന്നു.
ഹി	ആയതുകൊണ്ട്		
സത്വേന	സത്വഗുണംകൊണ്ട്		

2. **സത്വാദ്ധർമ്മോ ഭവേദ് വൃദ്ധാത് പുംസോ മദ്ഭക്തി ലക്ഷണഃ**
സാത്വികോപാസയാ സത്വം തതോ ധർമ്മഃ പ്രവർത്തതേ

വൃദ്ധാത് സത്വാത്	വൃദ്ധിയായ സത്വഗുണത്തിൽനിന്ന്	സത്വം	സത്വഗുണം വർദ്ധിക്കുന്നു
പുംസഃ	പുരുഷന്ന്	തതഃ	അങ്ങിനെ വൃദ്ധിയായ സത്വഗുണത്തിൽനിന്ന്
മദ്ഭക്തി ലക്ഷണഃ	എന്നിൽ ഭക്തിരൂപമായ		
ധർമ്മഃ ഭവേത്	ധർമ്മം ഉണ്ടാകും	ധർമ്മഃ	എന്നിൽ ഭക്തിരൂപമായ ധർമ്മം
സാത്വികോപാസയാ	സാത്വികമായ പദാർത്ഥങ്ങളെ സേവിപ്പതുകൊണ്ട്	പ്രവർത്തതേ	ഉണ്ടാകുന്നു.

3. ധർമ്മോ രജസ്തമോ ഹന്യാത് സത്വവൃദ്ധിരനുത്തമഃ
ആശു നശ്യതി തന്മൂലോ ഹ്യധർമ്മ ഉഭയേ ഹതേ

സത്വവൃദ്ധിഃ	സത്വഗുണത്തിൽനിന്നു് വൃദ്ധിയെ പ്രാപിച്ചതും	ഉഭയേഹതേ	രജസ്, തമസ് എന്ന രണ്ടും നശിക്കുമ്പോഴ
അനുത്തമഃ	അതുല്യവുമായ	തന്മൂലഃ	അവ കാരണമായ
ധർമ്മഃ	ധർമ്മം എന്നത്	അധർമ്മഃ	അധർമ്മവുംകൂടി
രജഃ തമഃ	രജസ്തമോ ഗുണങ്ങളെ	ആശു നശ്യതി ഹി	ഉടൻ നാശം പ്രാപിക്കുന്നുവല്ലോ
ഹന്യാത്	നശിപ്പിക്കും		

4. ആഗമോƒപഃ പ്രജാദേശഃ കാലഃ കർമ്മ ച ജന്മ ച
ധ്യാനം മന്ത്രോƒഥ സംസ്കാരോ ദശൈതേ ഗുണഹേതവഃ

ആഗമഃ	ശാസ്ത്രം	ധ്യാനം	ദേവതാവിഷയമായ ധ്യാനം
അപഃ	തീർത്ഥം		
ദേശഃ	കൃഷ്ണമൃഗം സഞ്ചരിക്കുന്ന ദേശം	മന്ത്രഃ	ഗായത്രീ മുതലായ മന്ത്രങ്ങൾ
കാലഃ	വസന്തം മുതലായ കാലങ്ങൾ	സംസ്കാരഃ	ഗർഭാധാനം മുതലായ സംസ്കാരം
കർമ്മഃ	വർണ്ണാശ്രമങ്ങൾക്കുവിധിക്കപ്പെട്ട കർമ്മങ്ങൾ	ഏതേ ദശ	എന്ന ഈ പത്തും
ജന്മ ച	ശുദ്ധമായ മാതൃപിതൃവംശത്തിൽ ജനനം	ഗുണഹേതവഃ	സാമാന്യമായ് മൂന്നുഗുണങ്ങളോടെ വൃത്തിക്ക് കാരണമായ് ഭവിക്കുന്നു.

5. തത്തത്സാത്വികമേവൈഷാം യദ് യദ് വൃദ്ധാഃ പ്രചക്ഷതേ
നിന്ദന്തി താമസം തത്തദ് രാജസം തദുപേക്ഷിതം

ഏഷാം	ഇവകളിൽ	യത് നിന്ദന്തി	ഏതിനെ നിന്ദിക്കുന്നുവോ
വൃദ്ധാഃ	വൃദ്ധന്മാർ		
യത് യത്	ഏതേതിനെ	തത് താമസം	അത് താമസം;
പ്രചക്ഷതേ	ശ്രേഷ്ഠമായിട്ട് പറയുന്നുവോ	ഉപേക്ഷിതം	(ഏതു് നിന്ദിക്കാതേയും സ്തുതിക്കാതേയും ഉപേക്ഷിക്കപ്പെടുന്നുവോ
തത് തത് ഏവ	അതാതുതന്നെയാണു്	തത്	അതു്
സാത്വികം	സത്വികം;	രാജസം	രാജസം

6 സാത്വികാന്യേവ സേവേത പുമാൻ സത്വ വിവൃദ്ധയേ
തതോ ധർമ്മസ്തതോ ജ്ഞാനം യാവത്സമൃതിരപോഹനം

സത്ത്വവിവൃദ്ധയേ	സത്ത്വഗുണത്തിന്റെ വൃദ്ധിക്കായ്	തതഃ സ്മൃതിഃ	ആ ഭക്തിയിൽനിന്ന് ആത്മവിഷയമായ അപരോക്ഷസാക്ഷാൽകാരവും
പുമാൻ	പുരുഷൻ		
സാത്ത്വികാനി ഏവ	സാത്ത്വികമായവയെ	അപോഹനം	സ്ഥൂലസൂക്ഷ്മശരീരങ്ങളുടെയും അവക്ക് കാരണമായ ത്രിഗുണങ്ങളുടെ നാശവും
സേവേത	സേവിക്കേണ്ടതാണ്		
തതഃ ധർമ്മഃ	ആ സത്ത്വഗുണത്തിൽനിന്ന് ഭഗവത് ഭക്തിരൂപമായ ധർമ്മവും	യാവത് ജ്ഞാനം	സംഭവിക്കുന്നതുവരേ ജ്ഞാനം ഉദിക്കുന്നു.

7. വേണുസംഘർഷജോ വഹ്നിർദഗ്ധ്വാ ശാമ്യതി തദ്വനം
ഏവം ഗുണവ്യത്യയജോ ദേഹഃ ശാമ്യതി തത്ക്രിയഃ

വേണുസംഘർഷജഃ	മുളകൾ ഒന്നോടൊന്നു ഉരയുന്നതുകൊണ്ട് ഉണ്ടാകുന്ന	ഏവം	ഈ വിധംതന്നെ
വഹ്നിഃ	തീ	ഗുണവ്യത്യയജഃ	ത്രിഗുണങ്ങളുടെ പരസ്പരസംബന്ധം കൊണ്ടുണ്ടായ
തത് വനം	ആ കാടിനെ	ദേഹഃ	ദേഹവും
ദഗ്ധ്വാ	എരിച്ച്	തത്ക്രിയഃ	അഗ്നിസദൃശമായ കാര്യത്തോടുകൂടിയതായിട്ട്
ശാമ്യതി	അണഞ്ഞുപോകുന്നു. (ശമിക്കുന്നു.	ശാമ്യതി	ശാന്തമായ്ത്തീരുന്നു.

ഉദ്ധവ ഉവാച — ഉദ്ധവർ പറഞ്ഞു

8. വിദന്തി മർത്ത്യാഃ പ്രായേണ വിഷയാൻ പദമാപദാം
തഥാപി ഭുംജതേ കൃഷ്ണ തത് കഥം ശ്വഖരാജവത്

കൃഷ്ണ	ഹേ ശ്രീകൃഷ്ണ	തഥാപി	എങ്കിലും
പ്രായേണ	മിക്കവാറും	ശ്വഖരാജവത്	നായ, കഴുത, ആട് ഇവയേപോലെ
മർത്ത്യാഃ	മനുഷ്യന്മാർ		
വിഷയാൻ	വിഷയങ്ങൾ		
ആപദാം പദം	ആപത്തുകൾക്ക് ആധാരഭൂതമായതു് എന്നു്	തത് ഭുഞ്ജതേ	ആ വിഷയസുഖങ്ങളെ അനുഭവിക്കുന്നുവല്ലോ
വിദന്തി	വിചാരിക്കുന്നു (അറിയുന്നു.)	കഥം	അതു് എന്തുകൊണ്ട് ?

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു.

9. അഹമിത്യന്യഥാബുദ്ധിഃ പ്രമത്തസ്യ യഥാ ഹൃദി
ഉത്സർപതി രജോഘോരം തതോ വൈകാരികം മനഃ

പ്രമത്തസ്യ	അവിവേകിയായ മനുഷ്യന്റ്
അഹം ഇതി	ദേഹാദികളിൽ അഹം (ഞാൻ) എന്ന
അന്യഥാ ബുദ്ധിഃ	മിഥ്യാജ്ഞാനം (ഇല്ലാത്ത ഒന്നിനെ ഉള്ളതായ് വിചാരിക്കുന്നത്)
ഹൃദി	മനസ്സിൽ
യഥാ ഉത്സർപതി	വാസ്തവമായ് ഉണ്ടാകുന്നു. (ഉദിക്കുന്നു)
തതഃ	ആ ഞാൻ എന്ന ഭാവത്തിൽനിന്ന്
വൈകാരികം	സത്വഗുണപ്രധാനമായിരുന്നാലും
മനഃ	മനസ്സിൽ
ഘോരം രജഃ	ദുഃഖരൂപമായ രജോഗുണം വ്യാപിക്കുന്നു.

10. **രജോയുക്തസ്യ മനസഃ സങ്കല്പഃ സവികല്പഃ**
തതഃ കാമോ ഗുണധ്യാനാത് ദുഃസഹഃ സ്യാദ്ധി ദുർമ്മതേഃ

ദുർമ്മതേഃ	അവിവേകിക്ക്
രജോയുക്തസ്യ	രജോഗുണത്തോടുകൂടിയ
മനസഃ	മനസ്സിൽ
സവികല്പഃ	'ഇതു് ഈ വിധമായത്' ഇതിനെ ഇപ്രകാരം അനുഭവിക്കണം എന്ന പലവിധ മനോരഥത്തോടുകൂടിയ
സങ്കല്പഃ	സങ്കല്പം ഉണ്ടാകുന്നു;
തതഃ	അതിൽനിന്ന്
ഗുണധ്യാനാത്	എന്തുരൂപം എന്നാണ് ക്രിയകരം എന്ന് ഗുണങ്ങളെവിചാരിക്കുന്നതിനാൽ
ദുഃസഹഃ	സഹിക്കുവാൻ സാധിക്കാത്ത
കാമഃ ഹി	ആഗ്രഹവും
സ്യാത്	ഉണ്ടാകും

11. **കരോതി കാമവശഗഃ കർമ്മാണ്യവിജിതേന്ദ്രിയഃ**
ദുഃഖോദർക്കാണി സംപശ്യൻ രജോവേഗവിമോഹിതഃ

കാമവശഗഃ	കാമത്തിന്ന് അധീനനും
അജിതേന്ദ്രിയഃ	ആയതിനാൽ ഇന്ദ്രിയങ്ങളെജയിക്കാത്തവനുമായ മനുഷ്യൻ
ദുഃഖോദർക്കാണി	ഭാവിയിൽ ദുഃഖം നൽകുന്നവ എന്ന് അറിഞ്ഞിരുന്നിട്ടും കൂടി
സംപശ്യൻ	അറിഞ്ഞിരുന്നിട്ടും കൂടി
രജോവേഗവിമോഹിതഃ	രജോഗുണത്തിന്റെ ഉദ്വേഗത്താൽ മോഹിതനായ്
കർമ്മാണി കരോതി	വിഷയസുഖങ്ങളെ അനുഭവിക്കുന്നതിനായിത്തന്നെയാണ് കർമ്മങ്ങളെ അനുഷ്ഠിക്കുന്നതു്.

12. **രജസ്തമോഭ്യാം യദപി വിദ്വാൻ വിക്ഷിപ്തധീഃ പുനഃ**
അതന്ദ്രിതോ മനോ യുഞ്ജൻ ദോഷദൃഷ്ടിർന സജ്ജതേ

വിദ്വാൻ	വിവേകി
യദപി	ഒരുപക്ഷേ
രജസ്തമോഭ്യാം	രജോഗുണതമോഗുണങ്ങളാൽ

ദോഷദൃഷ്ടിഃ	വിഷയങ്ങളിൽ ദോഷദൃഷ്ടിയോടുകൂടിയവനായ്	മനഃ യുഞ്ജൻ	മനോനിയന്ത്രണം ചെയ്ത്
അതന്ദ്രിതഃ	ആലസ്യമില്ലാത്തവനായ്	ന സജ്ജതേ	ആ വിഷയങ്ങളിൽ ബന്ധപ്പെടുന്നില്ല.
പുനഃ	വീണ്ടും		

13. **അപ്രമത്തോഽനുയുഞ്ജീത മനോ മയ്യർപ്പയഞ്ഛനൈഃ**
അനിർവ്വിണ്ണോ യഥാ കാലം ജിതശ്വാസോ ജിതാസനഃ

അപ്രമത്തഃ	പിഴ (തെററ്) ചെയ്യാത്തവനും	അനിർവ്വിണ്ണഃ	ആലസ്യ (മടി) മില്ലാത്തവനും
യഥാകാലം	ത്രികാലങ്ങളിലും	മയി	എന്നിൽ
ജിതാസനഃ	ആസനസിദ്ധിയോടുകൂടിയവനും	മനഃ	മനസ്സിനെ
		ശനൈഃ	പതുക്കെ (മന്ദം മന്ദം)
ജിതശ്വാസഃ	ശ്വാസോച്ഛ്വാസനിയന്ത്രണസിദ്ധിയോടുകൂടിയവനും	അർപ്പയൻ	സമർപ്പിച്ചുകൊണ്ട്
		അനുയുഞ്ജീത	അനുസന്ധാനം ചെയ്യേണം

14. **ഏതാവാൻ യോഗ ആദിഷ്ടോ മച്ഛിഷ്യൈഃ സനകാദിഭിഃ**
സർവ്വതോ മന ആകൃഷ്യ മയ്യദ്ധാഽഽവേശ്യതേ യഥാ

സർവ്വതഃ	സർവ്വവിഷയങ്ങളിൽനിന്നും	ഏതാവാൻ	എന്ന ഇതുതന്നെയാകുന്ന
		യോഗഃ	'യോഗം' എന്ന്
മനഃ ആകൃഷ്യ	മനസ്സിനെ ആകർഷിച്ച്	മച്ഛിഷ്യൈഃ	എന്റെ ശിഷ്യന്മാരായ
മയി	എന്നിൽ	സനകാദിഭിഃ	സനകാദികളാൽ
യഥാ	സത്യമായ്	ആദിഷ്ടഃ	(അന്യക്ക്) ഉപദേശിക്കപ്പെട്ടിട്ടുണ്ട്.
അദ്ധാ ആവേശ്യതേ	സാക്ഷാൽ പ്രവേശിപ്പിക്കപ്പെടുന്ന.		

ഉദ്ധവ ഉവാച — ഉദ്ധവൻ ചോദിച്ചു.

15. **യദാ ത്വം സനകാദിഭ്യോ യേന രൂപേണ കേശവ**
യോഗമാദിഷ്ടവാനേതത് രൂപമിച്ഛാമി വേദിതും

കേശവ	ഹേ കേശവ!	യോഗം	യോഗത്തിനെ
ത്വം	താങ്കൾ	ആദിഷ്ടവാൻ	ഉപദേശിച്ചുവോ
സനകാദിഭ്യഃ	സനകാദികൾക്ക്	ഏതത് രൂപം	ആ രൂപത്തിനെ
യദാ	ഏതു കാലത്തിൽ	വേദിതും	അറിയുവാൻ
യേന രൂപേണ	ഏതു രൂപത്തിൽ	ഇച്ഛാമി	ആഗ്രഹിക്കുന്നു.

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു

16. **പുത്രാ ഹിരണ്യ ഗർഭസ്യ മാനസാഃ സനകാദയഃ**
പപ്രച്ഛുഃ പിതരം സൂക്ഷ്മാം യോഗസ്യൈകാന്തികീം ഗതിം

ഹിരണഗർഭസ്യ	ബ്രഹ്മദേവന്റെ	സൂക്ഷ്മാം	അറിയുവാൻ അസാധ്യമായ
മാനസാഃ പുത്രാഃ	മാനസ പുത്രന്മാരായ	യോഗസ്യ ഏകാന്തികീം ഗതിം	യോഗത്തിന്റെ ഏകാന്തമായ അവസാനത്തെപ്പററി
സനകാദയഃ	സനകാദികൾ	പപ്രച്ഛുഃ	ചോദിച്ചു.
പിതരം	സ്വപിതാവായ ബ്രഹ്മദേവനോട്		

സനകാദയഃ ഊചുഃ — സനകാദികൾ ചോദിച്ചു.

17. **ഗുണേഷ്വാവിശതേ ചേതോ ഗുണാശ്ചേതസി ച പ്രഭോ**
കഥമന്യോന്യ സന്ത്യാഗോ മുമുക്ഷോ രതിതിതീർഷോഃ

പ്രഭോ	ഹേ പ്രഭോ	അതിതിതീർഷോഃ മുമുക്ഷോഃ	വിഷയങ്ങളെ ഉപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന മുമുക്ഷുക്കൾക്ക്
ചേതഃ	മനസ്സ് (രാഗാദികൾക്ക വശമായിട്ട്)	അന്യോന്യ സംത്യാഗഃ	മനസ്സിനെ വിട്ട് വിഷയങ്ങളേയും വിഷയങ്ങളെ വിട്ട് മനസ്സിനേയും ഹരിക്കുക എന്നത്
ഗുണേഷു	വിഷയങ്ങളിൽ		
ആവിശതേ	ബന്ധപ്പെടുന്നു.		
ചേതസി ച	വാസനാരൂപമായ മനസ്സിലും പ്രവേശിക്കുന്നു.	കഥം	എങ്ങിനെ സാധ്യമാകും.

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു.

18. **ഏവം പൃഷ്ടോ മഹാദേവഃ സ്വയംഭൂർഭൂതഭാവനഃ**
ധ്യായമാനഃ പ്രശ്ന ബീജം നാഭ്യപദ്യത കർമധീഃ

ഭൂതഭാവനഃ	സൃഷ്ടികർത്താവായിരുന്നാലും	കർമധീഃ	കർമ്മങ്ങളിൽ നിമഗ്നമായ ബുദ്ധിസഹിതനായ്
മഹാദേവഃ	ദേവന്മാരിൽ ഉത്തമനായിരുന്നാലും		
സ്വയംഭൂഃ	ബ്രഹ്മദേവൻ	പ്രശ്ന ബീജം	ഏതിനെ അറിയാഞ്ഞതിനാൽ ഈ ചോദ്യം ഉദിച്ചുവോ അതിന്റെ കാരണം
ഏവം പൃഷ്ടഃ	ഇപ്രകാരം ചോദിക്കപ്പെട്ട്		
ധ്യായമാനഃ	അതിനെപ്പററി ചിന്തിച്ചിട്ടും കൂടി	ന അഭ്യപദ്യത	അറിഞ്ഞില്ല.

**19. സ മാമചിന്തയദ്ദേവഃ പ്രശ്നപാരതിതീഷയാ
തസ്യാഹം ഹംസരൂപേണ സകാശമഗമം തദാ**

സഃ ദേവഃ	ആ ബ്രഹ്മദേവൻ	തദാ അഹം	അപ്പോഴ് ഞാൻ
പ്രശ്നപാരതിതീഷയാ	ആ ചോദ്യത്തിന്ന് ഉത്തരം പറയുവാൻ പോകുന്നതിനാൽ	ഹംസരൂപേണ	ഹംസരൂപത്തിൽ
മാം അചിന്തയത്	എന്നെ ധ്യാനിച്ചു.	തസ്യ സകാശം	അവരുടെ സമീപം
		അഗമം	ചെന്നു.

(എങ്ങിനെ ഹംസം വെള്ളം പാൽ ഇവയെ വേർതിരിച്ചു ഹരിക്കുവാൻ ശക്തിയുള്ളതോ അതുപോലെ ഞാനും ഗുണങ്ങളെയും മനസ്സിനേയും ഹരിക്കുവാൻ ശക്തിയുള്ളവൻ എന്ന് കാണിക്കുവാൻ ഹംസരൂപം ധരിച്ചു.)

**20. ദൃഷ്ട്വാ മാം ത ഉപവ്രജ്യ കൃത്വാ പാദാഭിവന്ദനം
ബ്രഹ്മാണമഗ്രതഃ കൃത്വാ പപ്രച്ഛുഃ കോ ഭവാനിതി**

തേ മാം ദൃഷ്ട്വാ	അവർ എന്നെ കണ്ട്	പാദാഭിവന്ദനം കൃത്വാ	പാദങ്ങളിൽ വന്ദിച്ച്
ബ്രഹ്മാണം	ബ്രഹ്മദേവനെ	കഃ ഭവാനിതി	നീ ആര്? എന്ന്
അഗ്രതഃ കൃത്വാ	മുമ്പാകെ വെച്ച്	പപ്രച്ഛുഃ	ചോദിച്ചു.
ഉപവ്രജ്യ	എന്റെ സമീപം വന്ന്		

**21. ഇത്യഹം മുനിഭിഃ പൃഷ്ടസ്തത്വജിജ്ഞാസുഭിസ്തദാ
യദവോചമഹം തേഭ്യസ്തദുദ്ധവ നിബോധ മേ**

തദാ	അപ്പോഴ്	അഹം	ഞാൻ
തത്വജിജ്ഞാസുഭിഃ	തത്വത്തിനെ അറിയുവാനാഗ്രഹിച്ച	യത് അവോചം	ഏതിനെ ഉപദേശിച്ചുവോ
മുനിഭിഃ	മുനികളാൽ	മേ തത്	എന്റെ ആ ഉപദേശവാക്കുകളെ
അഹം	ഞാൻ		
ഇതി പൃഷ്ടഃ	ഇപ്രകാരം ചോദിക്കപ്പെട്ട	ഉദ്ധവ !	ഹേ ഉദ്ധവ !
തേഭ്യഃ	അവക്ക്	നിബോധ	നീ അറിഞ്ഞുകൊണ്ടാലും

**22. വസ്തുതോ യദ്യനാനാത്വമാത്മനഃ പ്രശ്ന ഈദൃശഃ
കഥം ഘടേത വോ വിപ്രാ വക്തുർ വാ മേ ക ആശ്രയഃ**

വിപ്രാ	ഹേ ബ്രാഹ്മണന്മാരേ !		
ആത്മനഃ	പരമാത്മഭൂതമായ ആത്മ	അനാനാത്വം	ഏകത്വം തന്നെ ഇരിക്ക
വസ്തുതഃ	വസ്തുവിന്ന്	യദി	മെങ്കിൽ

ഈദൃശഃ	അനേകങ്ങളിൽ ഒന്നിനെ നിർദ്ധാരണയോഗ്യമായ 'നീ ആര്' എന്നിപ്രകാരമായ
വഃ പ്രശ്നഃ	നിങ്ങളുടെ ചോദ്യം
കഥം ഘടേത	എങ്ങിനെ ഉചിതമാകും?
വാ	അല്ലെങ്കിൽ
വക്തുഃ മേ	ഉത്തരം പറയുന്ന എനിക്ക്
ആശ്രയഃ കഃ	ആശ്രയം ഏതാണ്? (നിർവ്വിശേഷമായ ആത്മാവിങ്കൽ ഏതുവിധമായ ജാതിഗുണങ്ങളെ ആശ്രയിച്ച് ഉത്തരം നൽകും)

23. **പഞ്ചാത്മകേഷു ഭൂതേഷു സമാനേഷു ച വസ്തുതഃ**
കോ ഭവാനിതി വഃ പ്രശ്നോ വാചാരംഭോ ഹ്യനർത്ഥകഃ

ഭൂതേഷു	ദേവമനുഷ്യാദിശരീരങ്ങൾ
പഞ്ചാത്മകേഷു	പഞ്ചഭൂതാത്മങ്ങളും, ആയതുകൊണ്ട്
വസ്തുതഃ	വാസ്തവത്തിൽ
സമാനേഷു ച	തുല്യങ്ങളായ് ഇരിക്കുന്നതുകൊണ്ടും
കോ ഭവാനിതി	'നീ ആര്' എന്ന
വഃ പ്രശ്നഃ	നിങ്ങളുടെ ചോദ്യം
വാചാരംഭഃ	വാക്കുകൊണ്ട് മാത്രം ആരംഭിക്കപ്പെട്ടു
ഹി	ആയതുകൊണ്ട്
അനർത്ഥകഃ	അതു് നിരർത്ഥകമാകുന്നു.

24. **മനസാ വചസാ ദൃഷ്ട്യാ ഗൃഹ്യതേഽന്യൈരപീന്ദ്രിയൈഃ**
അഹമേവ ന മത്തോഽന്യദിതി ബുധ്യധ്വമഞ്ജസാ

മനസാ	മനസ്സാലും
വചസാ	വാക്കാലും
ദൃഷ്ട്യാ	കണ്ണുകളാലും
അന്യൈഃ ഇന്ദ്രിയൈഃ അപി	വേറെ ഇന്ദ്രിയങ്ങളാലും
ഗൃഹ്യതേ	ഏതു ഗ്രഹിക്കപ്പെടുന്നുവോ അതെല്ലാം
അഹം ഏവ	'ഞാനാകുന്നു' എന്നും
മത്തഃ	എന്നേക്കാൾ വേറൊന്നില്ല
അന്യത് ന	
ഇതി	എന്നും
അഞ്ജസാ	തത്ത്വവിചാരംകൊണ്ട്
ബുധ്യധ്വം	അറിഞ്ഞുകൊള്ളുക.

25. **ഗുണേഷ്വാവിശതേ ചേതോ ഗുണാശ്ചേതസി ച പ്രജാഃ**
ജീവസ്യ ദേഹ ഉഭയം ഗുണാശ്ചേതോ മദാത്മനഃ

പ്രജാഃ	ഹേ പ്രജകളെ
ഗുണേഷു	വിഷയങ്ങളിൽ
ചേതഃ	മനസ്സ്
ആവിശതേ	പ്രവേശിക്കുന്നു.
ഗുണാഃ	വിഷയങ്ങളും
ചേതഃ	മനസ്സിൽ (വാസനാരൂപത്തിൽ) പ്രവേശിക്കുന്നു.
ഗുണാഃ ചേതഃ	ഗുണങ്ങൾ മനസ്സ്

ഉഭയം	ഈ രണ്ടും	ദേഹഃ	അധ്യാസംകൊണ്ട് ഉണ്ടായ ഉപാധിയാകുന്നു. (സ്വരൂപമല്ല)
മദാത്മനഃ	ബ്രഹ്മസ്വരൂപിയായ		
ജീവസ്യ	ജീവൻെറ		

26. ഗുണേഷു ചാവിശച്ചിത്തമഭീക്ഷ്ണം ഗുണസേവയാ
ഗുണാശ്ച ചിത്തപ്രഭവാ മദ്രൂപ ഉഭയം ത്യജേത്

അഭീക്ഷ്ണം	വീണ്ടും വീണ്ടും (തുടന്ന്)	ചിത്തപ്രഭവാഃ	ചിത്തത്തിൽ വാസനാരൂപത്തിൽ പ്രത്യക്ഷപ്പെടുന്ന
ഗുണസേവയാ	ഗുണങ്ങളെ സേവിക്കുന്നതിനാൽ	ഗുണാഃ ച	ഗുണങ്ങൾ എന്ന
ഗുണേഷു	ഗുണങ്ങളിൽ	ഉഭയം ച	രണ്ടിനേയും
ആവിശത്	പ്രവേശിക്കുന്ന	മദ്രൂപ	എന്നിൽ അഭേദഭാവം സിദ്ധിച്ചവനായ്
ചിത്തം	ചിത്തം	ത്യജേത്	ത്യജിക്കേണ്ടതാകുന്നു.

27. ജാഗ്രത് സ്വപ്നം സുഷുപ്തം ച ഗുണതോ ബുദ്ധിവൃത്തയഃ
താസാം വിലക്ഷണോ ജീവഃ സാക്ഷിത്വേന വിനിശ്ചിതഃ

ജാഗ്രത്	ജാഗ്രത്തും (ഉണരലും)	ബുദ്ധിവൃത്തയഃ	ബുദ്ധിവൃത്തികൾ ആകുന്നു.
സ്വപ്നഃ	സ്വപ്നവും	ജീവഃ	ജീവനേ എങ്കിൽ
സുഷുപ്തം ച	സുഷുപ്തിയും (നല്ല ഉറക്കവും)	താസാം	ആ വൃത്തികൾക്ക്
		സാക്ഷിത്വേന	സാക്ഷിയായിരിക്കുന്നതിനാൽ
ഗുണതഃ	ക്രമത്തിൽ സത്വം, രജസ്, തമസ് എന്ന ഗുണങ്ങളാലുണ്ടാകുന്ന	വിലക്ഷണഃ വിനിശ്ചിതഃ	ആ അവസ്ഥാരഹിതനായ് നിശ്ചയിക്കപ്പെട്ടവനായിഭവിക്കുന്നു.

28. യർഹി സംസൃതി ബന്ധോഽയമാത്മനോ ഗുണവൃത്തിദഃ
മയി തുര്യേ സ്ഥിതോ ജഹ്യാത് ത്യാഗസ്തത്ഗുണചേതസാം

അയം സംസൃതി ബന്ധഃ	ഭക്തിയോടുകൂടി ഉണ്ടാകുന്ന ഈ ബന്ധം	മയി സ്ഥിതഃ	എന്നിൽ ഇരുന്നുകൊണ്ട്
ആത്മനഃ	ആത്മാവിന്ന്	ജഹ്യാത്	ബുദ്ധികാരണം ഉണ്ടാകുന്ന ബന്ധത്തെ ത്യജിക്കേണ്ടതാകുന്നു.
ഗുണവൃത്തിദഃ	ഉണരുക മുതലായ ഗുണവൃത്തികളെ നൽകുന്നു.	തത്	അപ്പോൾ
യർഹി	ആയതുകൊണ്ട്	ഗുണചേതസാം	ഗുണങ്ങൾക്കും ചിത്തത്തിന്നും
തുര്യേ	ഗുണവൃത്തികൾക്ക് സാക്ഷിയായിരിക്കുന്ന തുരീയനായ	ത്യാഗഃ	പരസ്പരം ത്യാഗം ഉണ്ടാകുന്നു.

29. **അഹംകാരകൃതം ബന്ധമാത്മനോഽർത്ഥ വിപര്യയം**
വിദ്വാൻ നിർവിദ്യ സംസാര ചിന്താം തുര്യേ സ്ഥിതസ്ത്യജേത്

അഹംകാര കൃതം	അഹംകാരംകൊണ്ട് ഉണ്ടായ
ബന്ധം	ബന്ധത്തിനെ
ആത്മനഃ	ആത്മാവിന്റെ
അർത്ഥവിപര്യയം	ആനന്ദാദികളെ ആവരണം ചെയ്യുന്നതിനാൽ അനർത്ഥാദികൾക്ക് കാരണം എന്നു്
വിദ്വാൻ	അറിഞ്ഞു്
നിർവിദ്യ	വെറുത്ത്
തുര്യേ സ്ഥിതഃ	തുരീയമായ സ്വരൂപത്തിൽ ഇരുന്നുംകൊണ്ട്
സംസാര ചിന്താം	ബുദ്ധിയിൽ അഭിമാനത്തിനേയും ആയതുകൊണ്ട് ഉണ്ടാകുന്ന ഭോഗചിന്തയേയും
ത്യജേത്	വിട്ടുകളയണം (ത്യജിക്കേണം)

30. **യാവന്നാനാർത്ഥധീഃ പുംസോ ന നിവർത്തേത യുക്തിഭിഃ**
ജാഗർത്ത്യപി സ്വപന്നജ്ഞഃ സ്വപ്നേ ജാഗരണം യഥാ

പുംസഃ യാവത്	പുരുഷന് ഏതുവരെ
നാനാർത്ഥധീഃ	ശരീരാദികളിൽ 'ഞാൻ' 'എന്റേതു്' എന്ന വിചാരം
യുക്തിഭിഃ	യുക്തികളാൽ
ന നിവർത്തേത	നിവൃത്തിയാകുന്നില്ലയോ അതുവരെ
അജ്ഞഃ	(ആത്മ) ജ്ഞാനമില്ലാത്തവൻ
ജാഗർത്തി അപി	വിഴിച്ചുകൊണ്ടിരുന്നാലും കൂടി
സ്വപ്നേ	ഉറക്കത്തിൽ
ജാഗരണം യഥാ	ഉണർന്നിരിക്കുന്നതായ് തോന്നുന്നതുപോലെ
സ്വപൻ	സ്വപ്നം കാണുന്നവ സദൃശമായ്തന്നെ ഭവിക്കുന്നു.

31. **അസത്വാദാത്മനോഽന്യേഷാം ഭാവാനാം തത്കൃതാ ഭിദാ**
ഗതയോ ഹേതവശ്ചാസ്യ മൃഷാ സ്വപ്നദൃശോ യഥാ

ആത്മനഃ	ആത്മാവിനെ വിട്ട്
അന്യേഷാം ഭാവാനാം	മററു ദേഹാദിവസ്തുക്കൾ
അസത്വാത്	മിത്ഥ്യാവായതുകൊണ്ട്
തത്കൃതാ ഭിദാ	ദേഹാദികാരണം ഉണ്ടായ വർണ്ണാശ്രമധർമ്മഭേദവും
ഗതയഃ	സ്വർഗ്ഗാദിഫലങ്ങളും
ഹേതവഃ ച	അവക്കുകാരണങ്ങളായ കർമ്മങ്ങളും
സ്വപ്നദൃശഃ	സ്വപ്നം കാണുന്നവന്ന്
യഥാ	എങ്ങിനെ മിത്ഥ്യഭൂതമോ അങ്ങിനെതന്നെ
അസ്യ മൃഷാ	ഈ ആത്മാവിന്ന് മിത്ഥ്യാത്മകങ്ങൾ തന്നെയാകുന്നു.

32. യോ ജാഗരേബഹിരനുക്ഷണധർമ്മിണോऽർത്ഥാൻ
ഭുങ്ക്തേസമസ്തകരണൈർഹൃദി തത്സദൃക്ഷാൻ
സ്വപ്നേസുഷുപ്തഉപസംഹരതേ സ ഏകഃ
സ്മൃത്യന്വയാത്ത്രിഗുണവൃത്തിദൃഗിന്ദ്രിയേശഃ

യഃ	ഏതൊരുവ്യക്തി
ജാഗരേ	ജാഗ്രദവസ്ഥയിൽ
അനുക്ഷണ ധർമ്മിണഃ	ക്ഷണികങ്ങളായ ബാല്യം മുതലായ ധർമ്മങ്ങളോടു കൂടിയ
അർത്ഥാൻ	സ്ഥൂലാദിദേഹങ്ങളെ
ബഹിഃ	പുറത്ത്
സമസ്തകരണൈ	നേത്രാദി സമസ്ത ഇന്ദ്രിയങ്ങളാലും
ഭുങ്ക്തെ	അനുഭവിക്കുന്നുവോ
സ്വപ്നെ	സ്വപ്നാവസ്ഥയിൽ
തത്സദൃക്ഷാൻ	ജാഗ്രദവസ്ഥയിൽ കണ്ടവക്ക് തുല്യമായവയെ
ഹൃദി	ഹൃദയത്തിങ്കൽ അനുഭവിക്കുന്നുവോ
സുഷുപ്തേ	സുഷുപ്ത്യവസ്ഥയിൽ
ഉപസം ഹരതേ	ഉപസംഹാരം ചെയ്യുന്നുവോ
സ്മൃത്യന്വ- യാത്	സ്മരണത്തിന്റെ തുടർച്ച കൊണ്ട്
ത്രിഗുണവൃ- ത്തിദൃക്	അവസ്ഥാത്രയങ്ങളിലും സാക്ഷിയായുമായിരിക്കുന്ന
ഇന്ദ്രിയേശഃ	ഇന്ദ്രിയങ്ങൾക്ക് നിയാമകനായ
സഃ	ആ ആത്മാ
ഏകഃ	ഒരേ ഒത്തനാകുന്നു

33. ഏവം വിമൃശ്യ ഗുണതോ മനസസ്ത്ര്യവസ്ഥാ
മന്മായയാ മയി കൃതാ ഇതി നിശ്ചിതാർത്ഥാഃ
സംഛിദ്യ ഹാർദമനുമാനസദുക്തിതീക്ഷ്ണ–
ജ്ഞാനാസിനാ ഭജത മാഖിലസംശയാധിം

ഏവം	ഇപ്രകാരം
വിമൃശ്യ	നല്ലപോലെ ആലോചിച്ച്
ഗുണതഃ	സത്വരമോഗുണങ്ങൾ മൂലം
മനസഃ ത്ര്യവസ്ഥാഃ	മനസ്സിനുണ്ടായ മൂന്നു അവസ്ഥകളെ (എന്റെ സ്വരൂപം അറിയാഞ്ഞതാൽ)
മന്മായയാ	എന്റെ മായയാൽ
മയി	എന്നിൽ
കൃതാഃ ഇതി	കല്പിക്കപ്പെട്ടവ എന്ന്
നിശ്ചിതാർത്ഥാഃ	ആത്മനിശ്ചയം ലഭിച്ചവരായ്
അനുമാനസദുക്തിതീക്ഷ്ണജ്ഞാനാസിനാ	അനുമാനം കൊണ്ടും, മഹത്തുക്കളുടെ ഉപദേശത്താലും, ഉപനിഷത്തുക്കളാലും സിദ്ധമായ ജ്ഞാനം എന്ന മൂർച്ചയായ കത്തിയാൽ
അഖിലസംശയാധിം	സകലസംശയങ്ങൾക്കും ആധാരമായ അഹങ്കാരത്തിനെ
സംഛിദ്യ	വേരോട് മുറിച്ച് (നശിപ്പിച്ച്)
ഹാർദം	ഹൃദയത്തിൽ പ്രകാശിക്കുന്ന
മാ	എന്നെ
ഭജത	ഉപാസിക്കുവിൻ.

34. **ഈക്ഷേത വിഭ്രമമിദം മനസോ വിലാസം**
ദൃഷ്ടം വിനഷ്ടമതിലോലമലാതചക്രം
വിജ്ഞാനമേകമുരുധേവ വിഭാതി മായാ
സ്വപ്നസ്ത്രിധാ ഗുണവിസർഗ്ഗകൃതോ വികല്പഃ

മനസഃ വിലാസം	മനസ്സിൽ വിലസിക്കുന്നതും
ദൃഷ്ടം	ദൃഷ്ടിഗോചരവും
സ്വപ്നഃ	സ്വപ്നവത് നാശം
വിനഷ്ടം	പ്രാപിച്ചതും
അലാതചക്രം	വളരെ വേഗതയോടെ ചുററിക്കറങ്ങുന്ന കൊള്ളിക്കട്ടചക്രംപോലെ (തീക്കത്തിഎരിയുന്ന മരച്ചക്രം പോലെ)
അതിലോലം	വളരെ ചഞ്ചലമായ
ഇദം	ഈ ജഗത്തിനെ
വിഭ്രമം	ഭ്രമം എന്നു്
ഈക്ഷേത	കാണേണ്ടതാകുന്നു. (അറിയണം)
വിജ്ഞാനം	അറിവു്
ഏവ	മാത്രമേ (മനസ്സംകല്പമായ്)
ഉരുധാ	പലവിധമായതുപോലെ
വിഭാതി	ഭാസിക്കുന്നു (തോന്നുന്നു)
ഗുണവിസർഗ്ഗകൃതഃ	ഗുണപരിണാമം കൊണ്ടുണ്ടായ
ത്രിധാ	ആത്മാവു്, ഇന്ദ്രിയം, അന്തഃക്കരണം എന്നു് ത്രിവിധമായ
വികല്പഃ	ഭേദങ്ങൾ
മായാ	മായയാകുന്ന (അവിദ്യാകല്പിതം

35. **ദൃഷ്ടിം തതഃ പ്രതിനിവർത്ത്യ നിവൃത്തതൃഷ്ണഃ**
തൂഷ്ണീം ഭവേന്നിജസുഖാനുഭവോ നിരീഹഃ
സംദൃശ്യതേ ക്വ ച യദീദമവസ്തുബുദ്ധ്യാ
ത്യക്തം ഭ്രമായ ന ഭവേത് സ്മൃതിരാനിപാതാത്

തതഃ	(ദേഹാദികൾ ആത്മാവിങ്കൽ കല്പിതമായതിനാൽ) ആ ദേഹം
ദൃഷ്ടിം	'ഞാൻ' എന്റേതു്' എന്ന അഭിമാനത്തിനെ
പ്രതിനിവർത്ത്യ	വിട്ടുകളഞ്ഞു്
നിജസുഖാനുഭവ	പരമാനന്ദരൂപിയായ ആത്മാവിനെ അനുസന്ധാനം ചെയ്തുകൊണ്ടു്
ഭവേത്	ഇരിക്കേണ്ടതാകുന്നു.
നിവൃത്തതൃഷ്ണഃ	അതു അചഞ്ചലമായിരിക്കുന്നതിനുവേണ്ടി അവയിൽ ആഗ്രഹം തീരെ ഇല്ലാത്തവനായിട്ടു്
തൂഷ്ണീം	മൌനിയായി
നിരീഹഃ	ഏതുവിധമായ ചേഷ്ടകളും ഇല്ലാതെ ഇരിക്കേണ്ടതാകുന്നു (നിസ്പൃഹനായിരിക്കേണം)
ക്വ ച	ആഹാരാദി വിഷയങ്ങളിൽ

ഇദം	ഈ ശരീരാദികൾ	ഭൂമായ ന ഭവേൽ	വീണ്ടും ഭ്രമത്തിന്ന കാരണമായി ഭവിക്കുക ഇല്ല.
സംദൃശ്യതേ യദി	പ്രത്യക്ഷപ്പെടുന്നു എങ്കിലും		
അവസ്തു ബുദ്ധ്യാ	'ആത്മാവിനേക്കാൾ അന്യം' എന്ന വിചാരം കൊണ്ട്	സ്മൃതിഃ	പക്ഷേ അതിന്റെ ഉപസ്ഥിതി
ത്യക്തം	ഉപേക്ഷിക്കപ്പെട്ടു, എന്ന കാരണത്താൽ	ആനിപാം. താത്	ഈ ശരീരം നശിക്കുന്നേതു വരെ ഇരിക്കുന്നതാകുന്നു.

36. ദേഹം ച നശ്വരമവസ്ഥിതമുത്ഥിതം വാ
സിദ്ധോ ന പശ്യതിയതോऽധ്യഗമത് സ്വരൂപം
ദൈവാദപേതമുത ദൈവശാദുപേതം
വാസോ യഥാ പരികൃതം മദിരാ മദാന്ധ

സിദ്ധഃ	ആത്മജ്ഞാനി	അപേതം	ബഹിർഗതമായോ (പുറത്തുപൊന്നുവോ)
യതഃ	ഏതു ശരീരംകൊണ്ട്		
സ്വരൂപം	ആത്മസ്വരൂപത്തിനെ	ഉതദൈവ വശാത്	അഥവാ പ്രാപ്തകർമ്മവശത്താൽ
അധ്യഗമത്	അറിഞ്ഞുവോ		
ഉത്ഥിതം	ആസനത്തിൽനിന്നും ഉത്ഥിതമായോ	ഉപേതം	തിരിച്ചുവന്നുവോ
		നശ്വരം	നശിക്കുന്ന സ്വഭാവത്തോടുകൂടിയതുമായ
അവസ്ഥിതം വാ	അഥവാ അവിടെത്തന്നെ സ്ഥിതമോ	ദേഹം ച	ആ ദേഹത്തിനേയും കൂടി
		ന പശ്യതി	അറിയുന്നില്ല. (കാണുന്നില്ല.)
ദൈവാത്	പ്രാപ്തകർമ്മവശത്താൽ		

37. ദേഹോപി ദൈവവശഗഃ ഖലു കർമ്മ യാവത്
സ്വാരംഭകം പ്രതി സമീക്ഷത ഏവ സാസുഃ
തം സപ്രപഞ്ചമധിരൂഢസമാധിയോഗഃ
സ്വപ്നം പുനർന്ന ഭജതേ പ്രതിബുദ്ധവസ്തുഃ

ദൈവവശഗഃ ഖലു	പ്രാപ്തകർമ്മത്തിന്ന് അധീനമായതിനാൽ	സ്വാരംഭകം	തന്റെ ജനനകാരണമായ
		കർമ്മയാവത്	കർമ്മം ഇരിക്കുന്നതുവരെ
ദേഹഃ അപി സാസുഃ	ഈ ദേഹവും, പ്രാണൻ ഇന്ദ്രിയങ്ങൾ ഇവകളോടു കൂടിയതായ്	പ്രതിസമീക്ഷതേ ഏവ	ജീവിച്ചുതന്നെ ഇരിക്കുന്ന

അധിരൂഢസമാധിയോഗഃ	സമാധിവരെയുള്ള യോഗം സിദ്ധിച്ചവനും
പ്രതിബുദ്ധവസ്തുഃ	അതുകൊണ്ട് ആത്മതത്വത്തിനെ അറിഞ്ഞവനുമായ സിദ്ധൻ
സപ്രപഞ്ചം	പ്രാണൻ, ഇന്ദ്രിയങ്ങൾ മുതലായവയോടുകൂടിയതും
സ്വാപ്നം	സ്വപ്നത്തിന്നുതുല്യവുമായ
തം	ആ ശരീരത്തിങ്കൽ
പുനഃ	വീണ്ടും
ന ഭജതേ	ബന്ധപ്പെടുന്നില്ല.

38. **മയൈതദുക്തം വോ വിപ്രാ ഗുഹ്യം യത് സാംഖ്യയോഗയോഃ**
ജാനീത മാഽഽഗതം യജ്ഞം യുഷ്മദ്ധർമ്മവിവക്ഷയാ

വിപ്രാഃ	ഹേ ബ്രാഹ്മണരേ
സാംഖ്യയോഗയോഃ	ജ്ഞാനത്തിന്റെയും അഷ്ടാംഗയോഗത്തിന്റേയും
യത് ഗുഹ്യം	രഹസ്യം ഏതോ
ഏതത്	അതു്
മയാ	എന്നാൽ
വഃ ഉക്തം	നിങ്ങൾക്ക് ഉപദേശിക്കപ്പെട്ടു
യുഷ്മദ്ധർമ്മവിവക്ഷയാ	നിങ്ങൾക്ക് ധർമ്മം ഉപദേശിക്കുവാൻ ഉള്ള ആഗ്രഹത്താൽ
ആഗതം	ഇവിടെ വന്നിരിക്കുന്ന
മാ	എന്നെ
യജ്ഞം	വിഷ്ണു എന്നു്
ജാനീത	അറിഞ്ഞാലും.

39. **അഹം യോഗസ്യ സാംഖ്യസ്യ സത്യർതസ്യ തേജസഃ**
പരായണം ദ്വിജശ്രേഷ്ഠാഃ ശ്രിയഃ കീർത്തേർദമസ്യ ച

ദ്വിജശ്രേഷ്ഠാഃ	ഹേ ബ്രാഹ്മണോത്തമന്മാരെ
യോഗസ്യ	അഷ്ടാംഗയോഗത്തിന്നും
സാംഖ്യസ്യ	ജ്ഞാനത്തിന്നും
സത്യസ്യ	അനുഷ്ഠിക്കപ്പെടുന്ന ധർമ്മത്തിന്നും
ഋതസ്യ	ബ്രാഹ്മണങ്ങളാൽ അറിയപ്പെടുന്ന ധർമ്മത്തിന്നും
തേജസഃ	പ്രഭാവത്തിന്നും
ശ്രിയഃ	ഐശ്വര്യത്തിന്നും
കീർത്തേഃ	കീർത്തിക്കും
ദമസ്യ	ഇന്ദ്രിയ നിഗ്രഹത്തിന്നും
പരായണം	പ്രധാന ഫലം
അഹം	ഞാനേയാണ്.

40. **മാം ഭജന്തി ഗുണാഃ സർവ്വേ നിർഗ്ഗുണം നിരപേക്ഷകം**
സുഹൃദം പ്രിയമാത്മാനം സാമ്യാസംഗാദയോഽഗുണാഃ

നിർഗ്ഗുണഃ	മായാത്മകമായ ഗുണങ്ങളെ കടന്നവനും
നിരപേക്ഷകം	മായാമയ ഗുണനിരപേക്ഷനും,
സുഹൃദം	തൻഭക്തന്മാർക്ക് ഹിതം നൽകുന്നവനും,
പ്രിയം	അവരുടെ പ്രേമക്ക് ഭാജനമായവനും

ആത്മാനം മാം	ആത്മാവുമായ എന്നെ	സാമ്യാസംഗമയഃ	സാമ്യം അസംഗം മുതലായ
അഗുണാഃ	ഗുണപരിണാമങ്ങളല്ലാത്ത നിത്യങ്ങളായ	ഗുണാഃ	ഗുണങ്ങൾ
		മാം ഭജന്തി	എന്നെ പ്രാപിക്കുന്നു

41. **ഇതി മേ ഛിന്നസന്ദേഹാ മുനയഃ സനകാദയഃ**
സഭാജയിത്വാ പരയാ ഭക്ത്യാഗൃണത സംസ്തവൈഃ

സനകാദയഃ	സനകർ മുതലായ	പരയാ ഭക്ത്യാ	ശ്രേഷ്ഠമായ ഭക്തിയോടെ
മുനയഃ	മുനിമാർ	സഭാജയിത്വാ	എന്നെ പൂജിച്ച്
ഇതി	ഈ വിധം	സംസ്തവൈഃ	സ്തോത്രങ്ങളാൽ
മേ	എന്നാൽ	അഗൃണത	സ്തുതിച്ചു
ഛിന്നസന്ദേഹാഃ	സംശയനിവൃത്തരായി ഭവിച്ച്		

42. **തൈരഹം പൂജിതഃ സമ്യക് സംസ്തുതഃ പരമർഷിഭിഃ**
പ്രത്യേയായ സ്വകം ധാമ പശ്യതഃ പരമേഷ്ഠിനഃ

തൈഃ പരമർഷിഭിഃ	ആ പരമർഷികളാൽ	പരമേഷ്ഠിനഃ	ബ്രഹ്മദേവൻ
സമ്യക്	നല്ലപോലെ	പശ്യതഃ	നോക്കിക്കൊണ്ടിരിക്കുമ്പോൾ തന്നെ
പൂജിതഃ	പൂജിക്കപ്പെട്ട്	സ്വകം ധാമ	എന്റെ വൈകുണ്ഠലോകത്തിലേക്ക്
സംസ്തുതഃ	സ്തുതിക്കപ്പെട്ട		
അഹം	ഞാൻ	പ്രത്യേയായ	തിരിച്ചുപോയി.

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം ഏകാദശസ്കന്ധം
പതിമൂന്നാമദ്ധ്യായം സമാപ്തം.

ആദിതഃ ശ്ലോകാഃ 12728   ഏകാദശസ്കന്ധം ആദിതഃ ശ്ലോകാഃ 562

*****

ചതുർദശോഽധ്യായഃ — അധ്യായം പതിനാല്

ഭക്തേർമഹത്വം ധ്യാനയോഗവർണ്ണനം ച
ഭക്തിയുടെ മാഹാത്മ്യവും ധ്യാനയോഗത്തിനേയും വർണ്ണിക്കുന്നതു്

ചതുർദശേപരേശ്രേയോ ഭക്തിരേവ ന ചേതരത്
ഇത്യേതദ്വർണ്ണ്യതേ ധ്യാനയോഗശ്ച സഹസാധനൈഃ

പതിനാലാം അദ്ധ്യായത്തിൽ ഭക്തിയൊന്നുമാത്രമേ ശ്രേയസ്സിനു കാരണമെന്നും സാധനകളോടു കൂടിയ ധ്യാനയോഗവും പറയപ്പെടുന്നു

ഉദ്ധവ ഉവാച — ഉദ്ധവർ പറഞ്ഞു

1. **വദന്തി കൃഷ്ണശ്രേയാംസി ബഹൂനി ബ്രഹ്മവാദിനഃ**
തേഷാം വികല്പപ്രാധാന്യമുതാഹോ ഏകമുഖ്യതാ

കൃഷ്ണ	ഹേ ശ്രീകൃഷ്ണ	തേഷാം	അവകളിൽ
ബ്രഹ്മവാദിനഃ	ബ്രഹ്മവാദികൾ (വേദം ഓതുന്നവർ)	വികല്പപ്രാധാന്യം ഉത	എല്ലാററിനും ഒന്നുപോലെ പ്രത്യേകം പ്രത്യേകമായി മുഖ്യത്വമോ
ബഹൂനി	പലതിനെ		
ശ്രേയാംസി	മോക്ഷസാധനങ്ങളായി	അഹോ	അഥവാ ഒന്നിനുമാത്രം
വദന്തി	പറയുന്നു.	ഏകമുഖ്യതാ	മുഖ്യത്വമോ?

2. **ഭവതോദാഹൃതഃ സ്വാമിൻ ഭക്തിയോഗോനപേക്ഷിതഃ**
നിരസ്യ സർവ്വതഃ സംഗം യേന ത്വയ്യാവിശേന്മനഃ

സ്വാമിൻ	ഹേ സ്വാമിൻ	ആവിശേത്	പ്രവേശിക്കുമോ
സർവ്വതഃ	എല്ലാററിനും	അനപേക്ഷിതഃ	ഫലാപേക്ഷാരഹിതമായ
സംഗം	ബന്ധം	ഭക്തിയോഗഃ	ഭക്തിയോഗം (മോക്ഷസാധനം എന്നു്)
നിരസ്യ	പരിഹരിച്ച്		
യേന	ഏതിനാൽ	ഭവതാ	ഭവാനാൽ
ത്വയി	തങ്ങളിൽ	ഉദാഹൃതഃ	ഉപദേശിക്കപ്പെട്ടിരിക്കുന്നു
മനഃ	മനസ്സ്		

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു.

3. **കാലേന നഷ്ടാ പ്രളയേ വാണീയം വേദസംജ്ഞിതാ**
മയാऽऽദൌ ബ്രഹ്മണേ പ്രോക്താ ധർമ്മോ യസ്യാം മദാത്മകഃ

യസ്യാം	ഏതു വേദവാക്കിൽ	പ്രളയേ	പ്രളയകാലത്തിൽ
മദാത്മകഃ	എന്നിൽ മനസിനെ ഈടുപ്പെടുത്തുന്ന	കാലേന	മഹാകാലത്തിനാൽ
ധർമ്മഃ	ധർമ്മം പറയപ്പെട്ടിരിക്കുന്നുവോ	നഷ്ടാ	നശിച്ചു;
ഇയം	ആ	മയാ	(അത്) എന്നാൽ
വേദസം-ജ്ഞിതാ	വേദമെന്ന പേരോടുകൂടിയ	ആദൌ	ബ്രഹ്മകൽപത്തിന്റെ ആദിയിൽ
		ബ്രഹ്മണേ	ബ്രഹ്മദേവന്
വാണീ	വാക്ക്	പ്രോക്താ	ഉപദേശിക്കപ്പെട്ടു.

4. **തേന പ്രോക്താ ച പുത്രായ മനവേ പൂർവ്വജായ സാ**
തതോ ഭൃഗ്വാദയോऽഗൃഹ്ണൻ സപ്ത ബ്രഹ്മമഹർഷയഃ

സാ ച	ആ വേദവാക്യം	തതഃ	അവരിൽനിന്ന്
തേന	ആ ബ്രഹ്മദേവനാൽ	ഭൃഗ്വാദയഃ	ഭൃഗു മുതലായ
പൂർവ്വജായ പുത്രായ	തന്റെ ജ്യേഷ്ഠപുത്രനായ	സപ്തബ്രഹ്മർ-ഷയഃ	ഏഴുബ്രഹ്മർഷികളും
മനവേ	മനുവിന്		
പ്രോക്താഃ	ഉപദേശിക്കപ്പെട്ടു;	അഗൃഹ്ണൻ	ഗ്രഹിച്ചറിഞ്ഞു.

5. **തേഭ്യഃ പിതൃഭ്യസ്തൽപുത്രാ ദേവദാനവ ഗുഹ്യകാഃ**
മനുഷ്യാഃ സിദ്ധഗന്ധർവ്വാഃ സവിദ്യാധരചാരണാഃ

6. **കിം ദേവാ കിന്നരാ നാഗാ രക്ഷഃ കിം പുരുഷാദയഃ**
ബഹ്വസ്തേഷാം പ്രകൃതയോ രജഃ സത്വതമോ ഭുവഃ

7. **യാഭിർഭൂതാനി ഭിദ്യന്തേ ഭൂതാനാം മതയസ്തഥാ**
യഥാ പ്രകൃതി സർവ്വേഷാം ചിത്രാ വാചഃ സ്രവന്തി ഹി

പിതൃഭ്യഃ തേഭ്യഃ	പിതൃക്കളായ അവരിൽ നിന്നും	മനുഷ്യാഃ	മനുഷ്യന്മാരും
		സിദ്ധ-ഗന്ധർവ്വാഃ	സിദ്ധന്മാരും ഗന്ധർവ്വന്മാരും
തത് പുത്രാഃ	അവരുടെ പുത്രന്മാരായ		
ദേവദാനവ-ഗുഹ്യകാഃ	ദേവന്മാരും, അസുരന്മാരും ഗുഹ്യരും	സവിദ്യാ-ധരചാരണാഃ	വിദ്യാധരന്മാരോടുകൂടിയ ചാരണരും

കിംദേവാഃ കിന്നരാഃ	കിംദേവരും കിന്നരന്മാരും
നാഗാഃ	നാഗന്മാരും
രക്ഷഃ	രാക്ഷസരും
കിംപുരുഷാദയഃ	കിംപുരുഷന്മാരും ഗ്രഹിച്ചു.
തേഷാം	ആ ദേവന്മാർ മുതലായവരുടെ
രജസ്സത്വതമോഭുവഃ	രജോഗുണം, തമോഗുണം സത്വഗുണം ഇവകളിൽ നിന്നുമുണ്ടായ
പ്രകൃതയഃ	വാസനകൾ
ബഹ്വ്യഃ	പലവിധമായവ
യാഭിഃ	അവകളാൽ
ഭൂതാനി	ദേവന്മാർ മുതലായവർ
ഭിദ്യന്തേ	വ്യത്യാസപ്പെടുന്നു
ഭൂതാനാം	ആ ദേവന്മാർ മുതലായവരുടെ
മതയഃ	ബുദ്ധികളും
തഥാ	അപ്രകാരംതന്നെ വ്യത്യാസപ്പെടുന്നു.
സർവ്വേഷാം ഹി	എല്ലാവരുടേയും
യഥാ പ്രകൃതി	അതാത് വാസനയെ അനുസരിച്ച്
ചിത്രാഃ	വിചിത്രങ്ങളായ
വാചഃ	വേദവ്യാഖ്യാനരൂപത്തിലുള്ള വാക്കുകൾ
സ്രവന്തി	വെളിപ്പെടുന്നു. (പ്രകാശിക്കുന്നു)

8. ഏവം പ്രകൃതി വൈചിത്ര്യാത് ഭിദ്യന്തേ മതയോ നൃണാം
പാരംപര്യേണ കേഷാംചിത് പാഖണ്ഡമതയോപരേ

ഏവം	ഇപ്രകാരം
പ്രകൃതിവൈചിത്ര്യാത്	വാസനാവിശേഷം കൊണ്ട്
കേഷാംചിത് നൃണാം	ചില മനുഷ്യരുടെ
മതയഃ	ബുദ്ധി
പാരംപര്യേണ	പരംപരയായിത്തന്നെ
ഭിദ്യന്തേ	ഭിന്നമായി ഭേദിച്ചിട്ടുണ്ട്.
അപരേ	മറ്റുചിലർ
പാഖണ്ഡ മതയഃ	വേദവിരുദ്ധമായ അർത്ഥങ്ങളിൽ മനസ്സുള്ളവരായിരിക്കുന്നു.

9. മന്മായാമോഹിതധിയഃ പുരുഷാഃ പുരുഷർഷഭ
ശ്രേയോ വദന്ത്യനേകാന്തം യഥാ കർമ്മ യഥാ രുചി

പുരുഷർഷഭ	ഹേ പുരുഷോത്തമ !
മന്മായാമോഹിതധിയഃ	എന്റെ മായയിൽ ബുദ്ധി ഭ്രമിച്ച
പുരുഷാഃ	പുരുഷന്മാർ
യഥാകർമ്മ	അവരവരുടെ കർമ്മാനുസാരമായും
യഥാരുചി	രുചിക്കനുസരിച്ചും
ശ്രേയഃ	ഫലത്തിനേയും അതിന്റെ
അനേകാന്തം	സാധനത്തിനേയും പലവിധത്തിൽ
വദന്തി	പറയുന്നു.

10. ധർമ്മമേകേ യശശ്ചാന്യേ കാമം സത്യം ദമം ശമം
അന്യേ വദന്തി സ്വാർത്ഥം വാ ഐശ്വര്യം ത്യാഗഭോജനം
കേചിത് യജ്ഞ തപോദാനം വ്രതാനി നിയമാൻ യമാൻ

ഏകേ	ചിലർ (മീമാംസകർ)
ധർമ്മം	നിത്യനൈമിത്തികമായ കർമ്മാനുഷ്ഠാനത്തിനെ
വദന്തി	പുരുഷാർത്ഥമെന്നുപറയുന്നു;
അന്യേ	അന്യർ ചിലർ
യശഃ	കീർത്തിയേയും
അന്യേ	മററുചിലർ (വാത്സ്യായനൻ മുതലായവർ)
കാമം	കാമത്തിനേയും (സ്ത്രീസുഖത്തിനേയും)
സത്യം	(യോഗശാസ്ത്രവിദ്വാന്മാർ) സത്യത്തിനേയും
ദമം	ബാഹ്യേന്ദ്രിയങ്ങളെ നിഗ്രഹിക്കുന്നതിലും
ശമം	അന്തരിന്ദ്രിയങ്ങളെ അടക്കുന്നതിലും
അന്യേ	വേറെ ചിലർ (ദണ്ഡനീതികളെ ചെയ്യുവർ)
ഐശ്വര്യം വാ	ഐശ്വര്യത്തിനേയും
ത്യാഗഭോജനം	(ലോകായതികം) ദാനത്തിനേയും താൻ അനുഭവിക്കുന്ന വിഷയസുഖത്തിനേയും
കേചിത്	വേറെചിലർ
യജ്ഞം	യാഗത്തിനേയും
തപഃ	തപസ്സിനേയും
ദാനം	ദാനത്തിനേയും
വ്രതാനി	വ്രതങ്ങളേയും
നിയമാൻ	നിയമങ്ങളേയും
യമാൻ	ഇന്ദ്രിയനിഗ്രഹത്തേയും
വദന്തി	പുരുഷാർത്ഥമെന്നുപറയുന്നു.

11. **ആദ്യന്തവന്ത ഏവൈഷാം ലോകാഃ കർമ്മവിനിർമ്മിതാഃ**
ദുഃഖോദർക്കാസ്തമോനിഷ്ഠാ ക്ഷുദ്രാനന്ദാഃ ശുചാർപിതാഃ

ഏഷാം	ഉപര്യുക്തമായവകളുടെ
ലോകാഃ	ഫലം
കർമ്മവിനിർമ്മിതാഃ	കർമ്മാനുഷ്ഠാനംകൊണ്ടു് ഉണ്ടായവ
ആദ്യന്തവന്തഃ	ആയതിനാൽ ആദിയും അന്തവും ഉള്ളവ;
ദുഃഖോദർക്കാഃ	അവസാനം ദുഃഖഫലപ്രദമായവയാകുന്നു.
തമോനിഷ്ഠാഃ	മോഹാവസാനഫലത്തോടുകൂടിയവയാണ്
മയി	സച്ചിദാനന്ദരൂപിയായ എന്നിൽ
ക്ഷുദ്രാനന്ദാഃ	അല്പാനന്ദത്തോടുകൂടിയവ
ശുചാർപിതാഃ ഏവ	അനുഭവിക്കുന്ന കാലത്തിൽ അസൂയ മുതലായദുഃഖങ്ങളാൽ നിറഞ്ഞവയാകുന്നു.

12. **മയ്യർപിതാത്മനഃ സഭ്യ നിരപേക്ഷസ്യ സർവ്വതഃ**
മയാത്മനാ സുഖം യത്തത് കുതഃ സ്യാദ് വിഷയാത്മനാം

സഭ്യ	സഭായോഗ്യരെ!
മയി	സച്ചിദാനന്ദരൂപിയായ എന്നിൽ
അർപിതാത്മനഃ	അർപ്പിക്കപ്പെട്ട മനസ്സോടുകൂടിയവനും
സർവ്വതഃ	ആയതിനാൽ എല്ലാവിഷയസുഖങ്ങളിലും
നിരപേക്ഷസ്യ	ഒരുസ്ഥിരചിത്തനു്
ആത്മനാ	പരമാനന്ദരൂപിയായി പ്രകാശിക്കുന്ന

മയാ	എന്നാൽ	വിഷയാത്മനാം	വിഷയസുഖങ്ങളിൽ ലയിച്ച മനസ്സോടു കൂടിയവൎക്ക്
യത് സുഖം	ഏതൊരുസുഖം ഉണ്ടാകുന്നുവോ അതു്	കുതഃ സ്യാത്	എങ്ങിനെ ഉണ്ടാകും ?
തത്			

13. അകിഞ്ചനസ്യ ദാന്തസ്യ ശാന്തസ്യ സമചേതസഃ
മയാ സന്തുഷ്ടമനസഃ സൎവ്വാഃ സുഖമയാദിശഃ

അകിഞ്ചനസ്യ	ദരിദ്രനും	മയാ സന്തുഷ്ട മനസഃ	പരമാനന്ദസ്വരൂപിയായ എന്നാൽ സന്തുഷ്ടമായ മനസ്സോടുകൂടിയവനു്
ദാന്തസ്യ	ആയത്തുകൊണ്ടു് ഇന്ദ്രിയനിഗ്രഹം ചെയ്യുവനും		
ശാന്തസ്യ	മനോനിയന്ത്രണത്തോടു കൂടിയവനും	സൎവ്വാഃ ദിശഃ	എല്ലാദിക്കുകളും
സമചേതസഃ	സമമായ ചിത്തത്തോടു കൂടിയവനും	സുഖമയാഃ	ഒരേ സുഖമയങ്ങളായി ഭവിക്കുന്നു.

14. ന പാരമേഷ്ഠ്യം ന മഹേന്ദ്രധിഷ്ണ്യം
ന സാർവ്വഭൌമം ന രസാധിപത്യം
ന യോഗസിദ്ധീരപുനർഭവം വാ
മയ്യർപ്പിതാത്മേച്ഛതി മദ്വിനാന്യത്

മയി അർപ്പിതാത്മാ	എന്നിൽ മനസ്സിനെ അർപ്പിച്ചവൻ	സാൎവ്വഭൌമം ന	അഖണ്ഡഭൂമണ്ഡലാധിപതിയായിരിക്കുന്നതിനേയും ആഗ്രഹിക്കുന്നില്ല.
മദ്വിനാ അന്യത്	ഞാൻ അല്ലാതെ		
പാരമേഷ്ഠ്യം ന ഇച്ഛതി	ബ്രഹ്മപദം ഇച്ഛിക്കുന്നില്ല	യോഗസിദ്ധീഃ	അന്തിമാദിയോഗസിദ്ധികളേയും
മഹേന്ദ്രധിഷ്ണ്യം ന	ഇന്ദ്രലോകവും ആഗ്രഹിക്കുന്നില്ല.	അപുനർഭവം വാ	മോക്ഷത്തിനേയും കൂടി ആഗ്രഹിക്കുന്നില്ല.

15. ന തഥാ മേ പ്രിയതമ ആത്മയോനിർ ന ശംകരഃ
ന ച സംകർഷണോ ന ശ്രീർന്നൈവാത്മാ ച യഥാ ഭവാൻ

യഥാ	എങ്ങിനെ (ഭക്തനായനീ)	തഥാ	അങ്ങിനെ
മേ പ്രിയതമഃ	എനിക്ക് വളരെ പ്രിയമായവനോ	ആത്മയോനിഃ ന	പുത്രനായ ബ്രഹ്മദേവനു പ്രിയമായവനല്ല;

ശങ്കരഃ ന	ശങ്കരനും അല്ല;
സങ്കർഷണഃ ച	അഗ്രജനായ സങ്കർഷണനുമല്ല.
ശ്രീഃ ന	പത്നിയായ ലക്ഷ്മിയുമല്ല
ആത്മാ ച ന ഏവ	ശരീരവും കൂടി പ്രിയമായതല്ല.

16. **നിരപേക്ഷം മുനിം ശാന്തം നിർവൈരം സമദർശനം**
അനുവ്രജാമ്യഹം നിത്യം പൂയേയേത്യങ്‌ഘ്രിരേണുഭിഃ

നിരപേക്ഷം	നിരപേക്ഷനും (അഹം) ഏതുമില്ലാത്തവൻ
ശാന്തം	ആയതിനാൽ ശാന്തനും
നിർവൈരം	ഏതിലും ശത്രുത ഇല്ലാത്തവനും
സമദർശനം	ഏതിനേയും സമദൃഷ്ടിയോടെ നോക്കുന്നവനും ആയ
മുനിം	മുനിയെ
അംഘ്രിരേണുഭിഃ	പാദധൂളികളാൽ
അഹം പൂയേയ	ഞാൻ പരിശുദ്ധനായ് ഭവിക്കേണം
ഇതി	എന്ന വിചാരത്താൽ
നിത്യം	എന്നും
അനുവ്രജാമി	ഒപ്പം പോകുന്നു.

17. **നിഷ്കിഞ്ചനാ മയ്യനുരക്തചേതസഃ**
ശാന്താ മഹാന്തോഽഖില ജീവവത്സലാഃ
കാമൈരനാലബ്ധധിയോ ജുഷന്തി യത്
തന്നൈരപേക്ഷ്യം ന വിദുഃ സുഖം മമ

നിഷ്കിഞ്ചനാഃ	ദരിദ്രന്മാരും
മയി അനുരക്തചേതസഃ	ആയതുകൊണ്ട് എന്നിൽ അനുരക്തമായ മനസ്സോടുകൂടിയവരും
ശാന്താഃ	ആയതുകൊണ്ട് ശാന്തന്മാരും
മഹാന്തഃ	ആയതിനാൽ അഹംകാരരഹിതരും
അഖിലജീവവത്സലാഃ	സകല പ്രാണികളിലും പ്രിയമുള്ളവനും
കാമൈഃ	കാമങ്ങളാൽ (ആഗ്രഹം)
അനാലബ്ധധിയഃ	പീഡിക്കപ്പെടാത്ത മനസ്സോടുകൂടിയവരും ആയ
മമ	എന്റെ ഭക്തന്മാർ
നൈരപേക്ഷ്യം	ആഗ്രഹമില്ലാതിരിക്കുക എന്നുള്ള ഗുണംകൊണ്ട്
യത് സുഖം ജുഷന്തി	യാതൊരു സുഖം ലഭിക്കുന്നുവോ
തത്	ആ സുഖം
ന വിദുഃ	അന്യർക്ക് ലഭിക്കുന്നില്ല (അറിയുന്നുകൂടിഇല്ല.)

18. **ബാധ്യമാനോഽപി മദ്ഭക്തോ വിഷയൈരജിതേന്ദ്രിയഃ**
പ്രായഃ പ്രഗൽഭയാ ഭക്ത്യാ വിഷയൈർന്നാഭിഭൂയതേ

മത് ഭക്തഃ	എന്റെ ഭക്തൻ	പ്രഗല്ഭയ	ഓരോരോക്ഷണത്തിലും ഉപര്യുപരിവൃദ്ധിയെ പ്രാപിച്ച
അജിതേന്ദ്രിയഃ	ഇന്ദ്രിയങ്ങളെ ജയിക്കാത്തവനായ്		
വിഷയൈ	വിഷയസുഖങ്ങളാൽ		
ബാദ്ധ്യമാനഃ അപി	ബാധിക്കപ്പെടുന്നവനായ് ഇരുന്നാലും	ഭക്ത്യാ	ഭക്തിനിമിത്തം
പ്രായഃ	അധികപക്ഷമായ (മിക്കവാറും)	ന അഭിഭൂയതേ	വിഷയസുഖങ്ങളാൽ ബാധിക്കപ്പെടുന്നില്ല.

19. യഥാഗ്നിഃ സുസമൃദ്ധാർച്ചിഃ കരോത്യേധാംസി ഭസ്മസാത്
തഥാ മദ്വിഷയാ ഭക്തിരുദ്ധവൈനാംസി കൃത്സ്നശഃ

ഉദ്ധവ	ഹേ ഉദ്ധവ !	ഭസ്മസാത്	എങ്ങിനെ ഭസ്മമാക്കി
സുസമൃദ്ധാർച്ചിഃ	നല്ലപോലെ ജ്വലിക്കുന്ന ജ്വാലയോടുകൂടിയ	കരോതി	തീർക്കുന്നുവോ
		മദ്വിഷയാ	എന്നിൽ വെച്ച
അഗ്നിഃ	അഗ്നി	ഭക്തിഃ	ഭക്തി
ഏധാംസി	വിറകുകളെ	ഏതാംസി	പാപങ്ങളെ
കൃത്സനശഃ	ബാക്കി ഇല്ലാതെ നിശ്ശേഷമായ് മുഴുവനും	തഥാ	അപ്രകാരം തന്നെ മുഴുവനും നശിപ്പിക്കുന്നു.

20. ന സാധയതി മാം യോഗോ ന സാംഖ്യം ധർമ്മ ഉദ്ധവ
ന സ്വാദ്ധ്യായസ്തപസ്ത്യാഗോ യഥാ ഭക്തിർമമോർജിതാ

ഉദ്ധവ	ഉദ്ധവ !	സാംഖ്യം ന	സാംഖ്യവും ഇല്ല;
ഊർജിതാ	വളരേ വർദ്ധിച്ച (സ്ഥിരമായ)	ധർമ്മഃ	ധർമ്മവും
		സ്വാധ്യായഃ	വേദാധ്യയനവും
മമ ഭക്തിഃ	എന്നിൽ വെച്ച ഭക്തി		
യഥാ മാം സാധയതി	എങ്ങിനെ എന്നെ വശീകരിക്കുന്നുവോ അങ്ങിനെ	തപഃ	തപസ്സും
		ത്യാഗഃ	ത്യാഗവും
യോഗഃ ന	യോഗവും	ന	വശീകരിക്കുന്നില്ല,

21. ഭക്ത്യാഹമേകയാ ഗ്രാഹ്യഃ ശ്രദ്ധയാऽऽത്മാ പ്രിയഃ സതാം
ഭക്തിഃ പുനാതി മന്നിഷ്ഠാ ശ്വപാകാനപി സംഭവാത്

സതാം	സാധുജനങ്ങൾക്ക്	ഏകയാ	ഏകാന്ത
പ്രിയഃ	പ്രിയമായവനും	ഭക്ത്യ	ഭക്തിയൊന്നുകൊണ്ടു മാത്രമെന്ന്
ആത്മാ അഹം	ആത്മഭൂതനുമായ ഞാൻ		

ഗ്രാഹ്യഃ	ലഭിക്കുന്നവൻ	സംഭവാത്	ജാത്യുത്ഭവ ദോഷങ്ങളിൽനിന്നും
മന്നിഷ്ഠാ	എന്നിൽ സ്ഥിരമായ		
ഭക്തിഃ	ഭക്തി താഴ്ത്തപ്പെട്ട		
ശ്വപാകാനപി	വരേപോലും	പുനാതി	പുനിതമാക്കിത്തീർക്കുന്നു.

22. ധർമ്മഃ സത്യദയോപേതോ വിദ്യാ വാ തപസാന്വിതാ
മദ്ഭക്ത്യാപേതമാത്മാനം ന സമ്യക് പ്രപുനാതി ഹി

സത്യദയോപേതോ	സത്യം, ദയ ഇവയോടു കൂടിയ	മദ്ഭക്ത്യപേതം	എന്നിൽ ഭക്തിയില്ലാത്ത
ധർമ്മഃ	ധർമ്മമോ	ആത്മാനം	ചിത്തത്തിനെ
തപസാ അന്വിതാ	തപസ്സോടുകൂടിയ	ഹി	തീർച്ചയായും (നിശ്ചയമായും)
വിദ്യാ വാ	വിദ്യയോ	ന സമ്യക് പ്രപുനാതി	നല്ലവണ്ണം പരിശുദ്ധമാക്കുന്നില്ല.

23. കഥം വിനാ രോമഹർഷം ദ്രവതാ ചേതസാ വിനാ
വിനാഽഽനന്ദാശ്രുകലയാ ശുദ്ധ്യേദ് ഭക്ത്യാ വിനാഽഽശയഃ

ഭക്ത്യാ വിനാ	ഭക്തി ഇല്ലാതെ	ആനന്ദാശ്രു കലയാ വിനാ	ആയതിനാൽ ആനന്ദാശ്രു മോചനവുമില്ലാതെ
ദ്രവതാ ചേതസാ വിനാ	മനസ്സ് ഉരുകാതെ	ആശയഃ	മനസ്സ്
രോമഹർഷം വിനാ	രോമാഞ്ചം ഉണ്ടാകാതെ	കഥം	എങ്ങിനെ
		ശുദ്ധ്യേത്	ശുദ്ധമാകും?

24. വാഗ്ഗദ്ഗദാ ദ്രവതേ യസ്യ ചിത്തം രുദത്യഭീക്ഷ്ണം
ഹസതി ക്വചിച്ച
വിലജ്ജ ഉദ്ഗായതി നൃത്യതേ ച മദ്ഭക്തിയുക്തോ
ഭുവനം പുനാതി

യസ്യ	ആരുടെ	രുദതി	(എന്നെ പിരിഞ്ഞതു കൊണ്ട്) കരയുന്നുവോ
വാക്	വാക്ക് (എന്നോടുള്ള പ്രേമം കൊണ്ട്)	ക്വചിത് ച	ചിലപ്പോൾ
ഗദ്ഗദാ	ഗദ്ഗദമായ് ഭവിക്കുന്നുവോ	ഹസതി	ചിരിക്കുന്നുവോ
		വിലജ്ജഃ	ലജ്ജയെവിട്ട്
ചിത്തം	മനസ്		
ദ്രവതേ	ദ്രവിക്കുന്നുവോ	ഉദ്ഗായതി	(എന്റെ ചരിത്രങ്ങളെ) ഗാനം ചെയ്യുന്നുവോ
അഭീക്ഷ്ണം	വീണ്ടും വീണ്ടും		

നൃത്യതേ ച	നൃത്തം വെക്കുന്നുവോ	ഭുവനം	ലോകത്തിനെ മുഴുവനും
മദ്ഭക്തി	തഥാവിധനായ	പുനാതി	പരിശുദ്ധമാക്കി
യുക്തഃ	എന്റെ ഭക്തൻ		ത്തീർക്കുന്നു.

25. യഥാഗ്നിനാ ഹേമ മലം ജഹാതി
ധ്മാതം പുനഃ സ്വം ഭജതേ ച രൂപം
ആത്മാ ച കർമ്മാനുശയം വിധൂയ
മദ്ഭക്തിയോഗേന ഭജത്യഥോ മാം

ഹേമ	സ്വർണ്ണം	ആത്മാ ച	(അതുപോലെ) ജീവനും
അഗ്നിനാ	തീയിൽ	മദ്ഭക്തി	എന്റെ ഭക്തിയോഗം
ധ്മാതം	ഉരുക്കുമ്പോൾ	യോഗേന	കൊണ്ട്
യഥാ	എങ്ങിനെ		
മലം ജഹാതി	കറയെ കളയുന്നുവോ	കർമ്മാനുശയം	കർമ്മവാസനയെ
സ്വം	തന്റെ വാസ്തവമായ	വിധൂയ	നിരാകരിച്ച്
സ്വരൂപം	രൂപത്തിനെ	അഥോ	അതിനുശേഷം
പുനഃ ഭജതേ	വീണ്ടും പ്രാപിക്കുന്നുവോ	മാം ഭജതി	എന്നെ പ്രാപിക്കുന്നു.

26. യഥാ യഥാഽഽത്മാ പരിമൃജ്യതേഽസൌ
മത്പുണ്യഗാഥാ ശ്രവണാഭിധാനൈഃ
തഥാ തഥാ പശ്യതി വസ്തു സൂക്ഷ്മം
ചക്ഷുര്യ്യഥൈവാഞ്ജന സംപ്രയുക്തം

മത്പുണ്യ-ഗാഥാശ്രവ-ണാഭിധാനൈഃ	എന്റെ പുണ്യകഥകളെ ശ്രവണം ചെയ്യുന്നതിനാലും, പറയുന്നതിനാലും	തഥാ തഥാ	അത്രത്തോളം
		അഞ്ജന സംപ്രയുക്തം	മൈ എഴുതപ്പെട്ട
ആത്മാ	അന്തഃകരണം	ചക്ഷു യഥാ ഏവ	കണ്ണ് സൂക്ഷ്മവസ്തുക്കളെ ഗ്രഹിക്കുന്നതു പോലെ
യഥാ യഥാ	എത്രത്തോളം	സൂക്ഷ്മം വസ്തു	വളരെ സൂക്ഷ്മമായ ആത്മതത്വത്തിനെ
പരിമൃജ്യതേ	ശുദ്ധമാക്കിത്തീർക്കപ്പെടുന്നുവോ	പശ്യതി	ഗ്രഹിച്ചുകൊള്ളുന്നു.

27. വിഷയാൻ ധ്യായതശ്ചിത്തം വിഷയേഷു വിഷജ്ജതേ
മാമനുസ്മരതശ്ചിത്തം മയ്യേവ പ്രവിലീയതേ

വിഷയാൻ	വിഷയങ്ങളെ
ധ്യായതഃ	ധ്യാനം ചെയ്യുന്നവന്റെ
ചിത്തം	മനസ്സ്
വിഷയേഷു	വിഷയങ്ങളിൽതന്നെ
വിഷജ്ജതേ	ബന്ധപ്പെടുന്നു;
മാം	എന്നെത്തന്നെ
അനുസ്മരതഃ	ധ്യാനിക്കുന്നവന്റെ
ചിത്തം	മനസ്സ്
മയി ഏവ	എന്നിൽത്തന്നെ
പ്രവിലീയതേ	നല്ലപോലെ ലയിച്ചുപോകുന്നു.

28. **തസ്മാദസദഭിധ്യാനം യഥാ സ്വപ്നമനോരഥം**
ഹിത്വാ മയി സമാധത്സ്വ മനോ മദ്ഭാവ ഭാവിതം

തസ്മാത്	(വിഷയധ്യാനം സംസാരത്തിനും എന്നെ ധ്യാനിക്കുന്നതു്. എന്നെ പ്രാപിക്കുന്നതിനും കാരണമാകുന്നതിനാൽ
സ്വപ്ന മനോരഥാൻ	സ്വപ്നവും മനോരഥവും
യഥാ	പോലെ
അസദഭി ധ്യാനം	അസത്തായ ദേഹേന്ദ്രിയാദികളിൽ നിരുപയോഗമായ അന്യസാധനങ്ങളിൽ) ബന്ധചിത്തനായ,
മദ്ഭാവ ഭാവിതം മനഃ	എന്നോടുള്ള ഭക്തിയാൽ ശുദ്ധമായ മനസ്സിനെ
മയി സമാധത്സ്വ	എന്നിൽ സ്ഥിരപ്പെടുത്തിനിറുത്തുക.

29. **സ്ത്രീണാം സ്ത്രീസംഗിനാം സംഗം ത്യക്ത്വാ ദൂരത ആത്മവാൻ**
ക്ഷേമേ വിവിക്ത ആസീനശ്ചിന്തയേന്മാമതന്ദ്രിതഃ

ആത്മവാൻ	ജിതേന്ദ്രിയനായി, ധീരനായ് ഭവിച്ചു്
സ്ത്രീണാം	സ്ത്രീകളുടേയും
സ്ത്രീസംഗിനാം	സ്ത്രീകളോടു രാഗം ഉള്ളവന്റെയും
സംഗം ത്യക്ത്വാ	സംഗം ഉപേക്ഷിച്ചു്
ക്ഷേമേ	ഭയമില്ലാത്തതും
വിവിക്തേ	ഏകാന്തവുമായ ഒരു സ്ഥലത്തിൽ
ആസീനഃ	ഇരുന്നുകൊണ്ടു്
അതന്ദ്രിതഃ	ആലസ്യമില്ലാതെ
മാം ചിന്തയേത്	എന്നെ ധ്യാനിക്കണം.

30. **ന തഥാസ്യ ഭവേത് ക്ലേശോ ബന്ധശ്ചാസ്യപ്രസംഗതഃ**
യോഷിത്സംഗാദ്യഥാ പുംസോ യഥാ തത്സംഗിസംഗതഃ

പുംസഃ യോഷിത്സംഗാത്	പുരുഷന്നു് സ്ത്രീസംഗമത്താൽ എങ്ങിനെ കഷ്ടങ്ങളും സംഭവിക്കുന്നുവോ
തത്സംഗിസംഗതഃ	സ്ത്രീകളോടുള്ള രാഗമുള്ളവരുടെ സംസർഗ്ഗംകൊണ്ടു്
യഥാ	എങ്ങിനെ കഷ്ടങ്ങളും സംഭവിക്കുന്നുവോ
തഥാ	അങ്ങിനെ
ക്ലേശഃ ബന്ധഃ ച	കഷ്ടവും ബന്ധവും

അസ്യ	ഇവന്നു്
അന്യ	അന്യന്മാരുടെ
പ്രസംഗതഃ	സംസർഗ്ഗത്താൽ
ന ഭവേത്	സംഭവിക്കുന്നില്ല.

ഉദ്ധവ ഉവാച — ഉദ്ധവർ ചോദിച്ചു

31. യഥാ ത്വാമരവിന്ദാക്ഷ യാദൃശം വാ യദാത്മകം
ധ്യായേന്മുമുക്ഷുരേതന്മേ ധ്യാനം ത്വം വക്തുമർഹസി

അരവിന്ദാക്ഷ	അരവിന്ദാക്ഷ !
മുമുക്ഷുഃ	മോക്ഷേച്ഛു
യഥാ	എങ്ങിനെയാണു്
ത്വാം	താങ്ങളെ
ധ്യായേത്	ധ്യാനിക്കേണ്ടതു്.
യാദൃശം	ഏതു് വിശേഷഗുണങ്ങളോടുകൂടി ധ്യാനിക്കണം
യദാത്മകം വാ	ഏതു സ്വരൂപത്തേയാണു് ധ്യാനിക്കേണ്ടതു്
ഏതത് മേ ധ്യാനം	ഇതു തന്നെയാണു് എന്റെ ധ്യാനം എന്നു
മേ വക്തും മർഹസി	എനിക്കു് താങ്കൾ ഉപദേശിച്ചു് അനുഗ്രഹിക്കേണം.

ശ്രീ ഭഗവാനുവാച — ശ്രീ ഭഗവാൻ പറഞ്ഞു

32. സമ ആസന ആസീനഃ സമകായോ യഥാസുഖം
ഹസ്താവുത്സംഗ ആധായ സ്വനാസാഗ്രകൃതേക്ഷണഃ

33. പ്രാണസ്യ ശോധയേന്മാർഗ്ഗം പൂരകുംഭകരേചകൈഃ
വിപര്യയേണാപി ശനൈരഭ്യസേന്നിർജ്ജിതേന്ദ്രിയഃ

സമേ	അധികം താഴ്ന്നതും ഉയർന്നതും അല്ലാതെ സമമായ് ഇരിക്കുന്ന
ആസനേ	ആസനത്തിൽ
സമകായഃ	സമമായ ശരീരത്തോടുകൂടി
യഥാസുഖം	സുഖസൌകര്യമായിട്ടു്
ആസീനഃ	ഇരുന്നുകൊണ്ടു്
ഉത്സംഗേ	മടിയിങ്കൽ
ഹസ്തൌ	കരങ്ങളെ വെച്ചും
ആധായ	കൊണ്ടു്
സ്വനാസാഗ്രകൃതേക്ഷണഃ	തന്റെ നാസികയുടെ അഗ്രത്തിൽ ദൃഷ്ടികളെ പതിച്ചു്
നിർജ്ജിതേന്ദ്രിയഃ	ജിതേന്ദ്രിയനായ്
പൂരകുംഭകരേചകൈഃ	പൂരകം, കുംഭകം, രേചകം ഇവകളെക്കൊണ്ടു്
പ്രാണസ്യ മാർഗ്ഗം	പ്രാണവായുവിന്റെ വഴിയെ
ശോധയേത്	ശോധിക്കേണം;
വിപര്യയേണ അപി	രേചകം, കുംഭകം, പൂരകം എന്ന വിപരീതക്രമത്തിലെങ്കിലും
ശനൈഃ	പതുക്കെ
അഭ്യസേത്	അഭ്യസിക്കേണ്ടതാകുന്നു.

പ്രാണായാമം — അഗർഭം, സഗർഭം എന്നു് രണ്ടു വിധം അതിൽ ഉത്തമമായതാൽ പ്രണവഗർഭമായ പ്രാണായാമത്തിനെ പറയുന്നു.

34. ഹൃദ്യവിച്ഛിന്നമോംകാരം ഘണ്ടാനാദം ബിസോർണവത്
പ്രാണേനോദീര്യ തത്രാഥ പുനഃ സംവേശയേത് സ്വരം

അവിച്ഛിന്നം	മൂലാധാരത്തിൽനിന്നും അവിച്ഛിന്നമായി തുടർന്നു വരുന്നതും	അഥ പുനഃ	പിന്നീടു് ബിന്ദുവോടു കൂടിയതായ് ചെയ്യേണ്ടതാകുന്നു;
ഘണ്ടാനാദം	ഘണ്ടാനാദത്തിനു് തുല്യമായതും	തത്ര	അങ്ങനെ പന്ത്രണ്ടു മാത്രകൾക്കു് ഉപരി നയിക്കപ്പെട്ട ഓംകാരത്തിൽ
ഹൃദി	ഹൃദയത്തിൽ ഇരിക്കുന്നതുമായ		
ഓംകാരം	ഓംകാരത്തിനെ		
പ്രാണേന	പ്രാണവായുകൊണ്ടു്	സ്വരം	പതിനഞ്ചാമത്തെ ബിന്ദുരൂപമായ അനുസ്വാരത്തിനെ
ബിസോർണവത്	താമരത്തണ്ടിന്റെ നൂലുപോലെ		
ഉദീര്യ	ദ്വാദശാന്തം (പന്ത്രണ്ടുമാത്രകൾ) വരെ മുകളിൽ കൊണ്ടുപോയിട്ടു്	സംവേശയേത്	ചേർക്കണം. (യോജിപ്പിക്കണം)

35. ഏവം പ്രണവസംയുക്തം പ്രാണമേവ സമഭ്യസേത്
ദശകൃത്വസ്ത്രിഷവണം മാസാദർവ്വാഗ് ജിതാനിലഃ

ഏവം	ഇപ്രകാരം	സമഭ്യസേത്	അഭ്യസിക്കേണ്ടതാകുന്നു;
പ്രണവ സംയുക്തം	പ്രണവത്തോടുകൂടിയ	മാസാത് അർവ്വാക് ഏവ	അപ്രകാരം അഭ്യസിക്കുന്നവൻ ഒരു മാസത്തിൽ തന്നെ
പ്രാണം	പ്രാണായാമത്തിനെ		
ത്രിഷവണം	ഓരോ ദിവസവും മൂന്നുനേരം	ജിതാനിലഃ	പ്രാണനെ ജയിച്ചവനായി ഭവിക്കുന്നു.
ദശകൃത്വഃ	പത്തു പ്രാവിശ്യം		

36. ഹൃത്പുണ്ഡരീകമന്തഃസ്ഥമൂർധ്വനാളമധോമുഖം
ധ്യാത്വോർധ്വമുഖമുന്നിദ്രമഷ്ടപത്രം സകർണ്ണികം

37. കർണ്ണികായാം ന്യസേത് സൂര്യസോമാഗ്നീനുത്തരോത്തരം
വഹ്നിമദ്ധ്യേ സ്മരേദ് രൂപം മമൈതദ് ധ്യാനമംഗളം

അന്തഃസ്ഥം	ശരീരത്തിനുള്ളിൽ ഇരിക്കുന്നതും
ഊർദ്ധ്വനാളം	മേൽഭാഗത്തിൽ കാമ്പോടുകൂടിയതും
അധോമുഖം	(വാഴപ്പൂപോലെ) അധോമുഖമായതുമായ
ഹൃദ് പുണ്ഡരീകം	താമരമൊട്ടുപോലുള്ള ഹൃദയത്തിനെ
ഉന്നിദ്രം	മലർന്നതായും (വികസിച്ചതായും)
ഊർദ്ധ്വമുഖ്	ഊർദ്ധ്വമുഖമുള്ളതായും
സകർണ്ണികം	താമരവിത്തോടു കൂടിയതായും
ധ്യാത്വാ	ധ്യാനിച്ച്
കർണ്ണികായാം	താമരക്കൊട്ടയിൽ
സൂര്യസോമാഗ്നീൻ	സൂര്യൻ, ചന്ദ്രൻ, അഗ്നി ഇവരെ
ഉത്തരോത്തരം	ഉപര്യുപരിയായിട്ട്
ന്യസേത്	ധ്യാനിക്കേണ്ടതാണ്
വഹ്നിമദ്ധ്യേ	അഗ്നിമദ്ധ്യത്തിൽ
ധ്യാനമംഗളം	ധ്യാനത്തിന് മംഗളകരമായ വിഷയമായ
ഏതത്	പക്ഷ്യമാണപ്രകാരമായ (ചുവടെ പറയുവാൻ പോകുന്ന)
മമ രൂപം സ്മരേത്	എന്റെ സ്വരൂപത്തിനെ ധ്യാനിക്കേണ്ടതാകുന്നു.

38. സമം പ്രശാന്തം സുമുഖം ദീർഘചാരുചതുർഭുജം
സുചാരു സുന്ദരഗ്രീവം സുകപോലം ശുചിസ്മിതം

39. സമാനകർണ്ണവിന്യസ്തസ്ഫുരന്മകരകുണ്ഡലം
ഹേമാംബരഘനശ്യാമം ശ്രീവത്സശ്രീനികേതനം

40. ശംഖചക്രഗദാപത്മ വനമാലാ വിഭൂഷിതം
നൂപുരൈർവ്വിലസത്പാദം കൌസ്തുഭപ്രഭയായുതം

41. ദ്യുമത്കിരീടകടകകടിസൂത്രാംഗദായുതം
സർവ്വാംഗസുന്ദരം ഹൃദ്യം പ്രസാദസുമുഖേക്ഷണം
സുകുമാരമഭിധ്യായേത് സർവ്വാംഗേഷു മനോ ദധത്

സമം	സമമായ അവയവങ്ങളോടു കൂടിയതും
പ്രശാന്തം	വളരെ ശാന്തമായതും
സുമുഖം	സുന്ദരമായ മുഖത്തോടു കൂടിയതും
സുചാരുസുന്ദരഗ്രീവം	വളരേ സൌന്ദര്യമുള്ളതും സുന്ദരമായ കഴുത്തോടു കൂടിയതും
സുകപോലം	സുന്ദരമായ കവിൾത്തടങ്ങളോടു കൂടിയതും
ശുചിസ്മിതം	ഭംഗിയായ് പുഞ്ചിരി തൂകിയതും
സമാനകർണ്ണവിന്യസ്തസ്ഫുരന്മകരകുണ്ഡലം	സമമായ ചെവികളിൽ അണിഞ്ഞ് പ്രകാശിക്കുന്ന മകരകുണ്ഡലങ്ങളോടു കൂടിയതും
ഹേമാംബരം	പൊന്നിൻനിറവസ്ത്രങ്ങളോടുകൂടിയതും
ഘനശ്യാമം	ഇരുണ്ട് മേഘംപോലെ ശ്യാമവും

ശ്രീവത്സനികേതനം	വലതുവക്ഷസ്ഥലം ശ്രീവത്സത്തിനും ഇടതുഭാഗം ലക്ഷ്മീദേവിക്കുമിരിപ്പിടമായതും
ശംഖചക്രഗദാപദ്മവനമാലാവിഭൂഷിതം	ശംഖു, ചക്രം, ഗദാ, താമര, വനമാലാ ഇവകളാൽ അലംകൃതമായതും
നൂപുരൈഃ	കാൽചിലങ്കകളാൽ
വിലസത് പാദം	വിലസിക്കുന്ന തൃപ്പാദങ്ങളോടുകൂടിയതും
കൗസ്തുഭപ്രഭയായുതം	കൗസ്തുഭമണിയുടെ പ്രകാശത്തോടുകൂടിയതും
ദ്യുമത് കിരീടകടകകടിസൂത്രാംഗദായുതം	പ്രകാശിക്കുന്ന കിരീടം, വള, അരഞ്ഞാൺ, തോൾവള ഇവകളോടുകൂടിയതും
സർവാംഗസുന്ദരം	എല്ലാ അവയവങ്ങളിലും സൗന്ദര്യമുള്ളതും
ഹൃദ്യം	മനസ്സിനെ ആകർഷിക്കുന്നതും
പ്രസാദസുമുഖേക്ഷണം	കടാക്ഷാനുഗ്രഹത്താൽ അഴകേറിയ മിഴിക്കോണുകളോടുകൂടിയതും
സുകുമാരം	വളരേ കോമളവുമായ എന്റെ രൂപത്തിനെ
സർവ്വാംഗേഷു മനോ ദധത് അഭിധ്യായേത്	സകല അവയവങ്ങളിലും മനസ്സിനെ ലയിപ്പിച്ച് ധ്യാനിക്കേണ്ടതാകുന്നു.

42. **ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യഃ മനസാഽഽകൃഷ്യ തന്മനഃ**
ബുദ്ധ്യാ സാരഥിനാ ധീരഃ പ്രണയേന്മയി സർവ്വതഃ

ധീരഃ	മനോധൈര്യത്തോടുകൂടി
ഇന്ദ്രിയാർത്ഥേഭ്യഃ	ശബ്ദം മുതലായ വിഷയങ്ങളിൽനിന്ന്
മനസാ	മനസിനാൽ
ഇന്ദ്രിയാണി	ഇന്ദ്രിയങ്ങളേ
ആകൃഷ്യ	ആകർഷിച്ച്
തത് മനഃ	(സങ്കല്പവികല്പാത്മകമായ) ആ മനസ്സിനെ
സാരഥിനാ	സാരഥിപോലെ സഹായഭൂതമായ
ബുദ്ധ്യാ	നിശ്ചയാത്മകമായ ബുദ്ധിയാൽ
സർവ്വതഃ	സകല അവയവങ്ങളോടുംകൂടിയ
മയി	എന്നിൽ
പ്രണയേത്	ലയിപ്പിക്കേണ്ടതാകുന്നു.

43. **തത്സർവ്വവ്യാപകം ചിത്തമാകൃഷ്യൈകത്ര ധാരയേത്**
നാന്യാനി ചിന്തയേത് ഭൂയഃ സുസ്മിതം ഭാവയേന്മുഖം

സർവ്വവ്യാപകം	അങ്ങിനെ എന്റെ സകല അവയവങ്ങളിലും വ്യാപ്തമായ
തത് ചിത്തം	ആ ചിത്തത്തിനെ
ആകൃഷ്യ	വലിച്ച്
ഏകത്ര	ഒരു അവയവത്തിൽ
ധാരയേത്	നിറുത്തേണ്ടതാകുന്നു;
അന്യാനി	അന്യ അവയവങ്ങളേ
ഭൂയഃ	വീണ്ടും
ന ചിന്തയേത്	ചിന്തിക്കരുത്
സുസ്മിതം	സുന്ദരമായ പുഞ്ചിരിതൂകിയ മുഖത്തിനെ
ഭാവയേത്	ധ്യാനിക്കേണം;

44. **തത്രലബ്ധപദം ചിത്തമാകൃഷ്യവ്യോമ്നി ധാരയേത്**
തച്ചത്യക്ത്വാ മദാരോഹോ ന കിഞ്ചിദപി ചിന്തയേത്

തത്ര	ആമുഖത്തിൽ
ലബ്ധപദം	നിലനിർത്തിയ
ചിത്തം ആകൃഷ്യ	ചിത്തത്തിനെ അവിടെ നിന്നും ആകർഷിച്ച്
വ്യോമ്നി	സർവ്വകാരണ രൂപിയായ എന്നിൽ
ധാരയേത്	നിറുത്തേണം;
തത് ച ത്യക്ത്വാ	ആ സർവ്വകാരണത്വത്തിനേയും വിട്ട്
മദാരോഹ:	ശുദ്ധബ്രഹ്മരൂപിയായ എന്നോട്ട് ഐക്യം പ്രാപിച്ചവനായ്
കിഞ്ചിത് അപി	താൻ ധ്യാതാ, ഈശ്വരൻ ധ്യേയൻ എന്ന പിരിവിനേയും പൃഥക്ത്വം
ന ചിന്തയേത്	ചിന്തിക്കുവാൻ പാടില്ല.

45. **ഏവം സമാഹിതമതിർ മാമേവാത്മാനമാത്മനി**
വിചഷ്ടേ മയി സർവ്വാത്മൻ ജ്യോതിർ ജ്യോതിഷി സംയുതം

ഏവം	ഇങ്ങനെ
സമാഹിത മതി	നിലനിന്നമനസ്സോടു കൂടിയവൻ
ആത്മനി	തന്റെ ആത്മാവിങ്കൽ
മാം	എന്നേയും
ജ്യോതിഷി	മഹാഭൂതതേജസ്സിൽ
സംയുതം ജ്യോതി:	ഐക്യം പ്രാപിച്ച ദീപതേജസ്സ് പോലെ
ആത്മാനം ഏവ	തന്നേത്തന്നെ
സർവ്വാത്മൻ മയി	സർവ്വാത്മാവായ എന്നിൽ
വിചഷ്ടേ	കാണുന്നു.

46. **ധ്യാനേനേത്ഥം സുതീവ്രേണ യുഞ്ജതോ യോഗിനോ മന:**
സംയാസ്യത്യാശു നിർവ്വാണം ദ്രവ്യജ്ഞാന ക്രിയാഭ്രമ:

സുതീവ്രേണ	വളരെ തീവ്രമായ
ധ്യാനേന	ധ്യാനത്താൽ
ഇത്ഥം	ഇപ്രകാരം
മന: യുഞ്ജത:	മനസ്സിനെ നിലനിറുത്തുന്ന
യോഗിന:	യോഗിക്ക്
ദ്രവ്യജ്ഞാന ക്രിയാഭ്രമ	അദ്ധ്യാത്മം, അധിഭൂതം, അധിദൈവം, എന്ന ത്രിവിധഭ്രമം, അഥവാ ദ്രഷ്ടാദൃശ്യ ദർശനമെന്ന ഭ്രമം
ആശു	എളുപ്പത്തിൽ
നിർവ്വാണം	നല്ലപോലെ ശാന്തിയെ
സംയാസ്യതി	പ്രാപിക്കുന്നു.

ഇതി ശ്രീമദ്ഭാഗവതം പതിനൊന്നാം സ്കന്ധം
പതിനാലാമദ്ധ്യായം സമാപ്തം.

ആദിത: ശ്ലോകാ: 12774 ഏകാദശസ്കന്ധേ ആദിത: ശ്ലോകാ: 608

പഞ്ചദശോഽധ്യായഃ = അധ്യായം പതിനഞ്ച്

അഷ്ടാദശ സിദ്ധിവർണ്ണനം

പതിനെട്ടു വിധമായ സിദ്ധികളെ വർണ്ണിക്കുന്നതു്.

ശ്രീഭഗവാനുവാച — ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു.

1. **ജിതേന്ദ്രിയസ്യ യുക്തസ്യ ജിതശ്വാസസ്യ യോഗിനഃ**
മയി ധാരയതശ്ചേത ഉപതിഷ്ഠന്തി സിദ്ധയഃ

ജിതേന്ദ്രിയസ്യ	ജിതേന്ദ്രിയനും	ചേതഃ മയി ധാരയതഃ	ചിത്തത്തിനെ എന്നിൽ ഉറപ്പിച്ചവനുമായ
ജിതശ്വാസസ്യ	പ്രാണവായുവിനെ ജയിച്ചവനും	യോഗിനഃ	യോഗിക്കു്
യുക്തസ്യ	ഒരേ നിലയിൽ നിറുത്തപ്പെട്ട മനസ്സോടു കൂടിയവനും	സിദ്ധയഃ	(അണിമ മുതലായ) സിദ്ധികൾ
		ഉപതിഷ്ഠന്തി	സ്വയം സിദ്ധിക്കുന്നു

ഉദ്ധവ ഉവാച — ഉദ്ധവർ പറഞ്ഞു —

2. **കയാ ധാരണയാ കാസ്വിത് കഥം സ്വിത് സിദ്ധിരച്യുത**
കതി വാ സിദ്ധയോ ബ്രൂഹി യോഗിനാം സിദ്ധിദോ ഭവാൻ

അച്യുത	ഹേ കൃഷ്ണ!	കതി വാ	എത്രയാണു് എന്നുള്ള വിവരം
കയാ ധാരണയാ	ഏതൊരു ധാരണ കൊണ്ടു്	ബ്രൂഹി	ഉപദേശിച്ച് അനുഗ്രഹിച്ചാലും
കാസ്വിത് സിദ്ധിഃ	സിദ്ധിക്കുന്ന സിദ്ധിയുടെ പേർ എന്താണു് ?	ഭവാൻ	(എന്തുകൊണ്ടെന്നാൽ) താങ്കൾ തന്നെയാണു്
കഥം വാ	ഏതു വിധമായ സിദ്ധി ലഭിക്കുന്നു.	യോഗിനാം	യോഗികൾക്കു്
സിദ്ധയഃ	ആ സിദ്ധികൾ	സിദ്ധിദഃ	സിദ്ധികളെ നല്കുന്നവൻ

ശ്രീ ഭഗവാനുവാച — ശ്രീ ഭഗവാൻ പറഞ്ഞു.

3. **സിദ്ധയോഽഷ്ടാദശ പ്രോക്താ ധാരണായോഗ പാരഗൈഃ**
താസാമഷ്ടൗ മത് പ്രധാന ദശൈവ ഗുണഹേതവഃ

യോഗ പാരഗൈഃ	യോഗത്തിന്റെ കരകണ്ടവരാൽ
സിദ്ധയഃ ധാരണാഃ	സിദ്ധികളും അതിനു കാരണങ്ങളായ ധാരണകളും
അഷ്ടാദശ പ്രോക്താഃ	പതിനെട്ട് എന്നു പറയപ്പെട്ടിരിക്കുന്നു.
താസാം	അവയിൽ
അഷ്ടൌ	(അണിമാദികൾ) എട്ടുസിദ്ധികൾ
മത് പ്രധാനാഃ	എന്നെയേ ആശ്രയിച്ചിരിക്കുന്നവയാണ്;
ദശ	(അനൂർമിമത്വം മുതലായ) പത്തുസിദ്ധികൾ
ഗുണ ഹേതവഃ	സത്വഗുണത്തിന്റെ മാഹാത്മ്യത്തിനെ
ഏവ	കാരണമായ് കൊണ്ടവകൾ ആകുന്നു.

4. **അണിമാ മഹിമ മൂർത്തേർലഘിമാ പ്രാപ്തിരിന്ദ്രിയൈഃ**
പ്രാകാമ്യം ശ്രുത ദൃഷ്ടേഷു ശക്തി പ്രേരണമീശിതാ

5. **ഗുണേഷ്വസംഗൊ വശിതാ യത്കാമസ്തദവസ്യതി**
ഏതാ മേ സിദ്ധയഃ സൌമ്യ അഷ്ടാ വൌത്പത്തികാ മതാഃ

അണിമ	യോഗിയുടെ ശരീരം കല്ലിലു പ്രവേശിക്കുന്നതിനു അഹ്തയെ നല്കുന്ന അണുത്വം എന്നു പേരുള്ള ഗുണമായ് ''അണിമാ'' ശക്തിയും
മഹിമാ	അതിനു തന്നെ സർവ്വത്ര വ്യാപിക്കുന്ന ശക്തി ''മഹിമയും''
ലഘിമാ	ഏതിനാൽ സൂര്യരശ്മികളെ ആശ്രയിച്ച് ഈ ശരീരം സൂര്യലോക പ്രാപ്യമായി ഭവിക്കുന്നുവോ അപ്രകാരമായ ''ലഘുത്വം'' എന്ന സിദ്ധിയും
മൂർത്തേഃ	ഈ ശരീരത്തിന്റെ മൂന്നു സിദ്ധികൾ
ഇന്ദ്രിയൈഃ	എല്ലാ പ്രാണികളുടെയും ഇന്ദ്രിയങ്ങയങ്ങളോട്
പ്രാപ്തിഃ	ആ വിഷയത്തിനെ പ്രാപിക്കുക എന്ന ''പ്രാപ്തി'' സിദ്ധിയും
ശ്രുത ദൃഷ്ടേഷു പ്രാകാംശ്യം	കേൾക്കപ്പെട്ടവകളായ പരലോകത്തിങ്കൽ സ്ഥിതിചെയ്യുന്നവയെ അനുഭവിക്കുന്നതും, ദൃശ്യമായവ മറഞ്ഞിരുന്നാലും അവയെ കാണുന്ന ശക്തി ''പ്രാകാംശ്യം'' എന്ന സിദ്ധി
ശക്തി പ്രേരണം	ഈശ്വരനിങ്കൽ മായയേയും അന്യരിൽ അവിദ്യയേയും പ്രേരിപ്പിക്കുന്ന
ഈശിതാ	''ഈശിത്വം'' എന്ന സിദ്ധി
ഗുണേഷു അസംഗഃ	വിഷയസുഖങ്ങളിൽ രാഗമില്ലായ്മ
വശിതാ	''വശിത്വം'' എന്ന സിദ്ധി
യത് കാമഃ	ഏതേതിനെ ആഗ്രഹിക്കുന്നുവോ
തത്	അതതിനെ
അവസ്യതി	പ്രാപിക്കുക എന്നതു് ''കാമാവശായിതാ'' അഥവാ ''പ്രാകാമ്യം'' എന്ന സിദ്ധി

സൌമ്യ	ഹേ സൌമ്യ
ഏതാഃ അഷ്ടൗ സിദ്ധയഃ	ഈ എട്ടു സിദ്ധികളും
മേ ഔത്പത്തികാഃ മതാഃ	എനിക്കു സ്വാഭാവികമായ്ത്തന്നെ ഉണ്ടായവ എന്നു് കരുതപ്പെടുന്നവയാണു്.

ഇനി ഗുണ സിദ്ധികളെ പറയുന്നു.

6. **അനൂർമിമത്വം ദേഹേƒസ്മിൻ ദൂരശ്രവണ ദർശനം**
മനോജവഃ കാമരൂപം പരകായപ്രവേശനം

7. **സ്വച്ഛന്ദമൃത്യുർദേവാനാം സഹക്രീഡാനുദർശനം**
യഥാ സങ്കല്പസംസിദ്ധിരാജ്ഞാ പ്രതിഹതാ ഗതിഃ

അസ്മിൻ ദേഹേ	ഈശരീരത്തിൽ
അനൂർമിമത്വം	വിശപ്പ്, ദാഹം ഇവ ഇല്ലാതിരിക്കുന്ന ഉണർവ്വ്
ദൂരശ്രവണ ദർശനം	വളരെ അകലെ ഇരിക്കുന്നവയെ കേൾക്കുക, കാണുക
മനോജവഃ	മനോവേഗത്തിൽ ശരീരം പോകുന്നതു്
കാമരൂപം	ഇഷ്ടമായ രൂപം ധരിക്കുക
പരകായ പ്രവേശനം	അന്യശരീരത്തിൽ പ്രവേശിക്കുക;
സ്വച്ഛന്ദ മൃത്യുഃ	താൻ ആഗ്രഹിക്കുമ്പോൾ മരിക്കുക;
ദേവാനാം സഹക്രീഡാനു ദർശനം	അപ്സരസ്സുകളോടു് ദേവന്മാരുടെ ക്രീഡകളെ പ്രാപിക്കുക;
യഥാസംകല്പ സംസിദ്ധി	മനസ്സിൽ വിചാരിച്ചതിനെ പ്രാപിക്കുക
അപ്രതിഹതാഗതിഃ ആജ്ഞാ	തടസ്ഥമില്ലാതെ സ്വച്ഛന്ദ ഗമനസാമർത്ഥ്യമുള്ള ആജ്ഞാ എന്ന ഈ പത്തു സിദ്ധികളും സത്വഗുണത്തിന്റെ മഹിമയാൽ ഉണ്ടാകുന്നവയാകുന്നു.

8. **ത്രികാലജ്ഞത്വമദ്വന്ദ്വം പരചിത്താദ്യഭിജ്ഞതാ**
അഗ്ന്യർക്കാംബുവിഷാദീനാം പ്രതിഷ്ടംഭോ പരാജയ

ത്രികാലജ്ഞത്വം	മൂന്നുകാലങ്ങളെ അറിയുക
അദ്വന്ദ്വം	ശീതോഷ്ണം, വിശപ്പ്, ദാഹം ഇവകളെ സഹിക്കുക
പരചിത്താദ്യഭിജ്ഞാ	അന്യമനസ്സറിയുക;
അഗ്ന്യർക്കാംബുവിഷാദീനാം പ്രതിഷ്ടംഭ	അഗ്നി, സൂര്യൻ, ജലം, വിഷം മുതലായവയുടെ ശക്തിയെ തടുക്കുക;
അപരാജയ	തോററുപോകാതെ ഇരിക്കുക; എന്നിവ അല്പസിദ്ധികൾ

9. **ഏതാശ്ചോദ്ദേശതഃ പ്രോക്താ യോഗധാരണ സിദ്ധയഃ**
യയാ ധാരണയാ യാ സ്യാദ് യഥാ വാ സ്യാന്നിബോധ മേ

യോഗധാരണസിദ്ധയഃ	യോഗധാരണയാൽ ഉണ്ടാകുന്ന സിദ്ധികൾ	യയാ ധാരണയാ	ഏതു ധാരണയാൽ
ഏതാഃ ച	ഈ	യാ സ്യാത്	ഏതു സിദ്ധി ലഭിക്കുമോ
ഉദ്ദേശതഃ പ്രോക്താഃ	ചുരുക്കത്തിൽ ലക്ഷണങ്ങളോട് പേരോടു കൂടി പറയപ്പെട്ടു	യഥാ വാ സ്യാത്	ഏതു വിധം സംഭവിക്കുമോ അതിനെ
		മേ നിബോധ	എന്നിൽ നിന്നും അറിഞ്ഞുകൊള്ളുക

10 **ഭൂതസൂക്ഷ്മാത്മനി മയി തന്മാത്രം ധാരയേന്മനഃ**
അണിമാനമവാപ്നോതി തന്മാത്രോപാസകോ മമ.

ഭൂതസൂക്ഷ്മാത്മനി	ഭൂതസൂക്ഷ്മങ്ങളെ (പൃഥ്വീ മുതലായ പഞ്ചഭൂതങ്ങളെ) ശരീരമായ് ധരിച്ച	ധാരയേത്	ധരിക്കണം;
മയി	എന്നിൽ	തന്മാത്രോപാസകഃ	ഭൂതസൂക്ഷ്മാകാരമായ് ഉപാസിക്കുന്നവൻ
മനഃ	മനസ്സിനെ	മമ അണിമാനം	എന്റെ അണിമാ എന്ന സിദ്ധിയെ
തന്മാത്രം	ഭൂതസൂക്ഷ്മാകാരമായ് (പരമാണു രൂപമായ്	അവാപ്നോതി	പ്രാപിക്കുന്നു.

11. **മഹത്യാത്മന്മയി പരേ യഥാസംസ്ഥം മനോ ദധത്**
മഹിമാനമവാപ്നോതി ഭൂതാനാം ച പൃഥക് പൃഥക്

മഹതി ആത്മൻ	ജ്ഞാനശക്തിരൂപമായ മഹത്തത്വം ശരീരമായിട്ടുള്ള	പൃഥക് - പൃഥക്	പൃഥക് പൃഥക്കായി അതാതുഭൂതങ്ങൾ ശരീരമായിട്ടുള്ള എന്നിലും
പരേമയി	പരമേശ്വരനായ എന്നിലും	മനഃ ദധത്	മനസ്സിനെ വെക്കുന്നവൻ
യഥാ സംസ്ഥം	മഹത്തത്വരൂപമായ മഹിമയേയും	മഹിമാനം ച	അതാതു ഭൂതങ്ങളുടെ മഹിമയേയും (മഹിമാ എന്ന സിദ്ധിയെ)
ഭൂതാനാം	ആകാശാദികളായ പഞ്ചഭൂതങ്ങൾക്കുള്ളിൽ	അവാപ്നോതി	പ്രാപിക്കുന്നു.

12. **പരമാണുമയേ ചിത്തം ഭൂതാനാം മയി രഞ്ജയൻ**
കാലസൂക്ഷ്മാർത്ഥതാം യോഗീ ലഘിമാനമവാപ്നുയാത്

ഭൂതാനാം	വായുമുകതായ പഞ്ചഭൂതങ്ങളുടെ	യോഗീ	യോഗിയായവൻ
പരമാണുമയേ	പരമാണുരൂപിയായ	കാലസൂക്ഷ്മാർത്ഥതാം	കാലപരമാണു രൂപമായ
മയി	എന്നിൽ	ലഘിമാനം	''ലഘിമാ'' എന്ന സിദ്ധിയെ
ചിത്തം രംജയൻ	ചിത്തത്തിനെ വെക്കുന്ന	അവാപ്നുയാത്	പ്രാപിക്കും

13. ധാരയൻ മയ്യഹം തത്ത്വേ മനോ വൈകാരികേഽഖിലം
സർവ്വേന്ദ്രിയാണാമാത്മത്വം പ്രാപ്തിം പ്രാപ്നോതി മന്മനാഃ

വൈകാരികേ അഹം തത്ത്വേ	സാത്വികാഹംകാര രൂപിയായ	സർവ്വേന്ദ്രിയാണാം	സകലപ്രാണികളുടേയും ഇന്ദ്രിയങ്ങൾക്ക്
മയി.	എന്നിൽ	ആത്മത്വം	അധിഷ്ഠാവായ് ഇരിക്കുന്ന എന്ന
അഖിലം മനഃ	ഏകാഗ്രചിത്തനായ്		
ധാരയൻ	ഭവിച്ച്	പ്രാപ്തിം	"പ്രാപ്തി" സിദ്ധിയെ
മന്മനാഃ	എന്നെ ഉപാസിക്കുന്നവൻ	പ്രാപ്നോതി	പ്രാപിക്കുന്നു.

14. മഹത്യാത്മനി യഃ സൂത്രേ ധാരയേന്മയി മാനസം
പ്രാകാമ്യം പാരമേഷ്ഠ്യം മേ വിന്ദതേഽവ്യക്ത ജന്മനഃ

മഹത്യാത്മനി	ക്രിയാശക്തി പ്രധാനമായ മഹത്തത്ത്വം എന്ന	അവ്യക്ത ജന്മനഃ	അവ്യക്തത്തിൽ നിന്നുണ്ടായ സൂത്രാത്മാവായ
സൂത്രേ മയി	സൂത്രാത്മാവായ എന്നിൽ	മേ പാരമേഷ്ഠ്യം	എന്റെ സർവ്വോത്കൃഷ്ടമായ
യഃ	ഏവൻ ഒരുത്തൻ	പ്രാകാശ്യം	"പ്രാകാശ്യം" എന്ന സിദ്ധിയെ
മാനസം	മനസ്സിനെ വെക്കുന്നുവോ		
ധാരയേത്	അവൻ	വിന്ദതേ	പ്രാപിക്കുന്നു.

15. വിഷ്ണൌ ത്ര്യധീശ്വരേ ചിത്തം ധാരയേത് കാലവിഗ്രഹേ
സ ഈശിത്വമവാപ്നോതി ക്ഷേത്ര ക്ഷേത്രജ്ഞചോദനാം

ത്ര്യധീശ്വരേ	ഗുണത്രയാത്മകമായ മായയെ നിയന്ത്രിക്കുന്നവനും	ക്ഷേത്ര ക്ഷേത്രജ്ഞ ചോദനാം	ദേഹത്തേയും ജീവനേയും പ്രേരിപ്പിക്കുന്ന എന്ന
കാലവിഗ്രഹേ	അന്തര്യാമിയും		
വിഷ്ണൌ	സർവ്വത്ര വ്യാപിച്ചിരിക്കുന്ന എന്നിൽ	ഈശിത്വം	ഈശിത്വം എന്ന സിദ്ധിയെ
ചിത്തം	മനസ്സിനെ		
ധാരയേത്	ധരിപ്പിക്കണം	അവാപ്നോതി	പ്രാപിക്കുന്നു.

16. നാരായണേ തുരീയാഖ്യേ ഭഗവച്ഛബ്ദശബ്ദിതേ
മനോമയ്യാദധദ് യോഗീ മദ്ധർമ്മാ വശിതാമിയാത്

തുരീയാഖ്യേ	തുരീയൻ എന്ന പേരോടു കൂടിയവനും	മനഃ ആദധത് യോഗ	മനസ്സിനെ വെക്കുന്ന യോഗീ
ഭഗവച്ഛബ്ദ ശബ്ദിതേ	ഭഗവാൻ എന്ന പദത്താൽ പറയപ്പെട്ട	മദ്ധർമ്മാ	എന്റെ ധർമ്മങ്ങളോടുകൂടി
നാരായണേ	നാരായണനെന്ന	വശിതാം	വശിത്വം എന്ന സിദ്ധിയെ
മയി	എന്നിൽ	ഇയാത്	പ്രാപിക്കും.

17. **നിർഗ്ഗുണേ ബ്രഹ്മണി മയി ധാരയൻ വിശദം മനഃ**
പരമാനന്ദമാപ്നോതി യത്ര കാമോഽവസീയതേ

നിർഗ്ഗുണേ	നിർഗ്ഗുണനും	യത്ര	ഏതു പരമാനന്ദം ലഭിച്ചപ്പോഴം
ബ്രഹ്മണി	സർവ്വ വ്യാപിയുമായ	കാമഃ	കാമം (ആശാ)
മയി	എന്നിൽ	അവസീയതേ	അവസാനിക്കുന്നുവോ
വിശദം	പ്രാണായാമാദികളാൽ ശുദ്ധമായ	പരമാനന്ദം	'കാമാവസായിതാ' പ്രാകാമ്യം എന്ന സിദ്ധിയെ
മനഃ ധാരയാൻ	മനസ്സിനെ ധരിക്കുന്നവൻ	ആപ്നോതി	പ്രാപിക്കുന്നു.

18. **ശ്വേതദ്വീപപതൌ ചിത്തം ശുദ്ധേ ധർമ്മമയേ മയി**
ധാരയൻശ്വേതതാം യാതി ഷഡൂർമ്മിരഹിതോ നരഃ

ശുദ്ധേ	ശുദ്ധസത്വരൂപനും	ശ്വേതതാം	ശുദ്ധരൂപനായ് ഇരിക്കുന്ന ഭാവത്തിനെ
ധർമ്മമയേ	ധർമ്മരൂപിയും	യാതി	പ്രാപിക്കുന്നു;
ശ്വേത ദ്വീപ-പതൌ	ശ്വേതദ്വീപാധിപതിയായ അനിരുദ്ധ രൂപിയുമായ	ഷഡൂർമ്മി-രഹിതഃ	ശോകം, മോഹം, വിശപ്പ്, ദാഹം, ജരാ, മരണം എന്ന ദുഃഖങ്ങളും ഇല്ലാത്തവനായും ഭവിക്കുന്നു.
മയി	എന്നിൽ		
ചിത്തം ധാരയൻ നരഃ	മനസ്സിനെ ഉറപ്പെടുത്തുന്ന മനുഷ്യൻ		

19. **മയ്യാകാശാത്മനി പ്രാണേ മനസാ ഘോഷമുദ്വഹൻ**
തത്രോപലബ്ധാ ഭൂതാനാം ഹംസോ വാചഃ ശൃണോത്യസൌ

ആകാശാ-ത്മനി	നിർമ്മലമായ ആകാശം പോലെ സർവ്വത്ര വ്യാപിച്ചിരിക്കുന്ന രൂപത്തോടു കൂടിയ	പ്രാണേ	സമഷ്ടി പ്രാണരൂപിയായ
		മയി	എന്നിൽ
		മനസാ	മനസ്സിൽ

ഘോഷം	നാദത്തിനെ	ഉപലബ്ധാഃ	കേൾക്കുന്നു
ഉദാഹൻ	ചിന്തിക്കുന്ന	ഭൂതാനാം	പ്രാണികളുടെ
അസൗ	ഈ ജീവൻ	വാചഃ	വാക്കുകളെ
ഹംസഃ		ശൃണോതി	അകലെനിന്നും
തത്ര	ആ ആകാശത്തിൽ		കേൾക്കുന്നു.

20. ചക്ഷുസ്ത്വഷ്ടരി സംയോജ്യ ത്വഷ്ടാരമപി ചക്ഷുഷി
മാം തത്ര മനസാ ധ്യായൻ വിശ്വം പശ്യതി സൂക്ഷ്മദൃക്

ത്വഷ്ടരി	സൂര്യനിൽ	മാം മനസാ	എന്നെ മനസ്സിനാൽ
ചക്ഷുഃ	ദൃഷ്ടികളെ നല്ലവണ്ണം	ധ്യായൻ	ധ്യാനിക്കുന്ന
സംയോജ്യ	പതിച്ച്		
ചക്ഷുഷി	കണ്ണിൽ	സൂക്ഷ്മദൃക്	സൂക്ഷ്മദൃഷ്ടിയോട്
ത്വഷ്ടാരം	സൂര്യനേയും നല്ലവണ്ണം		കൂടിയവൻ
അപി	പതിച്ച്		
തത്ര	ആ രണ്ടിന്റെയും ഐക്യത്തിങ്കൽ	വിശ്വം പശ്യതി	പരിപൂർണ്ണമായ് പ്രപഞ്ചത്തിനെ നോക്കുന്നു.

21. മനോ മയി സുസംയോജ്യ ദേഹം തദനു വായുനാ
മദ്ധാരണാനുഭാവേന തത്രാത്മാ യത്ര വൈ മനഃ

മനഃ	മനസ്സിനേയും	മദ്ധാരണാനു	എന്നെ ധരിച്ചതിനാൽ
ദേഹം	ശരീരത്തിനെയും	ഭാവേന	ഉണ്ടായ പ്രഭാവത്താൽ
തദനു	അതിനെ അനുസരിക്കുന്ന	യത്ര മനഃ	മനസ്സ് എവിടെ പോകുന്നുവോ
വായുനാ	വായുവോട്	തത്ര	ആ ഇടത്തിൽ ദേഹവും
മയി	എന്നിൽ നല്ലപോലെ	ആത്മാ	പോകുന്നു.
സംയോജ്യ	യോജിപ്പിച്ച്	വൈ	

22. യദാ മന ഉപാദായ യദ് യദ് രൂപം ബുഭൂഷതി
തത്തദ് ഭവേന്മനോ രൂപം മദ്യോഗബലമാശ്രയഃ

മനഃ	മനസ്സിനെ	തത് തത്	അതാത്
ഉപാദായ	ഉപാദാനകാരണമായ് വെച്ചുകൊണ്ട്	മനോരൂപം	മനോഭീഷ്ടമായ രൂപം
		ഭവതി	ഉണ്ടാകുന്നു.
യദാ	എപ്പോൾ	മദ്യോഗ ബലം	അചിന്ത്യമായ ശക്തിയും പലവിധമായ രൂപങ്ങളോട് കൂടിയ എന്നെ ധാരണയിൽ വെച്ചതിന്റെ ഫലം ആകുന്നു
യത് യത് രൂപം	ഏതു ഏതു രൂപമായ്		
ബുഭൂഷതി	ഭവിക്കുവാനാഗ്രഹിക്കുന്നുവോ	ആശ്രയഃ	അതിനു കാരണം

23. പരകായം വിശൻ സിദ്ധ ആത്മാനം തത്ര ഭാവയേത്
പിണ്ഡം ഹിത്വാ വിശേത് പ്രാണോ വായുഭൂത: ഷഡംഘ്രിവത്

സിദ്ധഃ	പ്രാണനേയും ഇന്ദ്രിയങ്ങളേയും അടക്കി തൻവശമാക്കിയ സിദ്ധൻ	പ്രാണ:	അതിനുശേഷം പ്രാണൻ
		പിണ്ഡം ഹിത്വാ	തന്റെ ശരീരം വിട്ട്
		വായുഭൂതഃ	പുറവായുവിൽ കലൎന്ന്
പരകായം വിശൻ	അന്യന്റെ ഏതു ശരീരത്തിൽ പ്രവേശിക്കുവാനാഗ്രഹിക്കുന്നുവോ	ഷഡംഘ്രിവത്	വണ്ട് ഒരു പൂവിൽ നിന്നും മറ്റൊരു പൂവിലേക്ക് ചെല്ലുന്നതുപോലെ
തത്ര	ആ അന്യശരീരത്തിൽ		
ആത്മാനം	മനസ്സിനെ	വിശേത്	എളുപ്പത്തിൽ പ്രവേശിക്കും
ഭാവയേത്	പതിക്കേണ്ടതാകുന്നു.		

24. പാർഷ്ണ്യാഽഽപീഡ്യ ഗുദം പ്രാണം ഹൃദുര: കണ്ഠമൂർദ്ധസു
ആരോപ്യ ബ്രഹ്മരന്ധ്രേണ ബ്രഹ്മ നീത്വോത്സൃജേത്തനും

പാർഷ്ണ്യാ	കുതികാലുകൊണ്ട്	ആരോപ്യ	ആരോപിച്ച് (കയററിവെച്ച്)
ഗുദം	ഗുദദ്വാരത്തിനെ		
ആപീഡ്യ	അടച്ച് (ഞെരുക്കി)	ബ്രഹ്മരന്ധ്രേണ	ബ്രഹ്മരന്ധ്രം വഴി
പ്രാണം	പ്രാണോപാധിയായ ആത്മാവിനെ	ബ്രഹ്മ നീത്വാ	ബ്രഹ്മത്തിങ്കൽ പ്രാപിപ്പിച്ച്
ഹൃദുര: കണ്ഠമൂർദ്ധസു	ഹൃദയം, മാറ്, (ഉരസ്) കഴുത്ത് തല ഇവകളിൽ	തനും ഉത്സൃജേത്	ശരീരം വെടിയണം (വിട്ടുകളയണം)

25. വിഹരിഷ്യൻ സുരാക്രീഡേ മത്സ്ഥം സത്വം വിഭാവയേത്
വിമാനേനോപതിഷ്ഠന്തി സത്വവൃത്തീ: സുരസ്ത്രിയ:

സുരാക്രീഡേ	ദേവന്മാരുടെ ഉദ്യാനത്തിൽ	വിഭാവയേത്	ധ്യാനിക്കേണം
		സത്വവൃത്തീ:	സത്വാംശഭൂതന്മാരായ
വിഹരിഷ്യൻ	കളിക്കുവാനാഗ്രഹിക്കുന്ന	സുരസ്ത്രീയഃ	അപ്സരസ്ത്രീകൾ
മത്സ്ഥം	എന്റെ മൂർത്തിയായ	വിമാനേന	വിമാനത്തിൽ കയറി
സത്വം	സത്വഗുണത്തിനെ	ഉപതിഷ്ഠന്തി	അവന് സമീപം വരുന്നു

26. യഥാ സംകല്പയേത് ബുദ്ധ്യാ യദാ വാ മത് പര: പുമാൻ
മയി സത്യേ മനോയുഞ്ജംസ്തഥാ തത് സമുപാശ്നുതേ

മത്പരഃ	എന്നിൽ ഭക്തിയുള്ള	ബുദ്ധ്യാ	ബുദ്ധികൊണ്ട്
പുമാൻ	മനുഷ്യൻ	സംകല്പയേത്	സംകല്പിക്കുന്നുവോ
സത്യേ	സത്യ സംകല്പനായ		
മയി	എന്നിൽ	തഥാ	ആ വിധം
മനഃ യുഞ്ജൻ	മനസ്സിനെ യോജിപ്പിച്ച്	തത്	അതിനെ
യദാ വാ	എപ്പോഴം വേണമെങ്കിലും	സമുപാശ്നുതേ	പ്രാപിക്കുന്നു.
യഥാ	ഏതു വിധം		

27. **യോ വൈ മദ്ഭാവമാപന്ന ഈശിതുർവശിതുഃ പുമാൻ**
കുതശ്ചിന്ന വിഹന്യേത തസ്യ ചാജ്ഞാ യഥാ മമ

28. **മദ്ഭക്ത്യാ ശുദ്ധസത്ത്വസ്യ യോഗിനോ ധാരണാവിദഃ**
തസ്യ ത്രൈകാലികീ ബുദ്ധിർജന്മമൃത്യൂപബൃംഹിതാ

യഃ പുമാൻ വൈ	ഏതു മനുഷ്യൻ	ആത്മമൃത്യൂപബൃംഹിത.	തന്റെ ജനന മരണങ്ങളോടു കൂടിയതും
ഈശിതു	സർവ്വ നിയാമകനും		
വശിതുഃ മത്	സ്വതന്ത്രനുമായ എന്റെ	ത്രൈകാലികീ	കാലത്രയാത്മക വിഷയ
തസ്യ യോഗിതഃ	ആ യോഗിക്ക്	ബുദ്ധിഃ	ളിൽ അറിവുണ്ടാകുന്നു

29. **അഗ്ന്യാദിഭിർന ഹന്യേത മുനേര്യോഗമയം വപുഃ**
മദ്യോഗ ശ്രാന്തചിത്തസ്യ യാദസാമുദകം യഥാ

മദ്യോഗ-	എന്നെ ധ്യാനിക്കുന്നതിൽ	വപുഃ	ശരീരം
ശ്രാന്ത-	തന്നെ വ്യാപൃതമായ	യാദസാം	ജലജന്തുക്കൾക്ക്
ചിത്തസ്യ	മനസ്സോടുകൂടിയ	ഉദകം യഥാ	ജലം പോലെ
മുനേഃ	മുനിയുടെ	അഗ്നിഭിഃ	അഗ്നി മുതലായവയാൽ
യോഗമയം	യോഗമയമായ	ന ഹന്യതേ	കേടു പറ്റുന്നില്ല.

30. **മദ്വിഭൂതീരഭിധ്യായൻ ശ്രീവത്സാസ്ത്രവിഭൂഷിതാഃ**
ധ്വജാതപത്രവ്യജനൈഃ സ ഭവേദപരാജിതഃ

ധ്വജാതപത്ര വ്യജനൈഃ	ധ്വജം, കുട, വിശറി ഇവകളോട്	അഭിധ്യായൻ	ധ്യാനിക്കുന്ന
ശ്രീവത്സാസ്ത്ര വിഭൂഷിതൈഃ	ശ്രീവത്സം, ചക്രം, ഇവ കളാൽ അലംകൃതമായ	സഃ	ആ യോഗി
മദ്വിഭൂതീഃ	എന്റെ തിരു അവതാര ങ്ങളെ	അപരാജിതഃ ഭവേത്	അന്യന്മാരാൽ ജയിക്ക പ്പെടാതെ കണ്ട് ഭവിക്കും

31. ഉപാസകസ്യ മാമേവം യോഗധാരണയാ മുനേഃ
സിദ്ധയഃ പൂർവ്വ കഥിതാ ഉപതിഷ്ഠന്ത്യശേഷതഃ

ഏവം	ഈ വിധം മുൻ പറഞ്ഞ	പൂർവ്വകഥിതാഃ	പൂർവ്വോക്തമായ
യോഗ-ധാരണയാ	യോഗധാരണയാൽ	സിദ്ധയഃ	സിദ്ധികൾ
മാം ഉപാസകസ്യ	എന്നെ ഉപാസിക്കുന്ന	അശേഷതഃ	സകലവും
മുനേഃ	മുനിക്ക്	ഉപതിഷ്ഠന്തി	അവ തന്നത്താൽ വന്നു ചേരുന്നു.

32. ജിതേന്ദ്രിയസ്യ ദാന്തസ്യ ജിതശ്വാസാത്മനോ മുനേഃ
മദ് ധാരണം ധാരയതഃ കാ സാ സിദ്ധിഃ സുദുർലഭാ

ദാന്തസ്യ	തന്നടക്കം ഉള്ളവനും	മദ്ധാരണാം ധാരയതഃ	എന്നെ ധ്യാനിക്കുന്നവനുമായ
ജിതേന്ദ്രിയസ്യ	ജിതേന്ദ്രിയനും	മുനേഃ	മുനിക്ക്
		സുദുർലഭാ സാ സിദ്ധിഃ	ദുർലഭമായ ആ സിദ്ധി
ജിതശ്വാസാത്മനഃ	ശ്വാസത്തിനേയും, മനസ്സിനേയും ജയിച്ചവനും	കാ	ഏതാണ് ? (ഒന്നും തന്നെ ഇല്ല)

33. അന്തരായാൻ വദന്ത്യേതാ യുംജ്യതോ യോഗമുത്തമം
മയാ സംപദ്യമാനസ്യ കാലക്ഷപണ ഹേതവഃ

ഉത്തമം	എന്നെ ഉപാസിക്കുക എന്ന ഉത്തമമായ	അന്തരായാൻ വദന്തി	തടസ്ഥങ്ങൾ എന്ന് അനുഭവസ്ഥന്മാർ പറയുന്നു.
യോഗം യുഞ്ജതഃ	ശ്രേഷ്ഠമായ യോഗത്തിനെ അനുഷ്ഠിക്കുന്നവന്ന്	മയാ സംപദ്യമാനസ്യ	എന്തുകൊണ്ടെന്നാൽ ഈ സിദ്ധികൾ എന്നെ പ്രാപിക്കുവാൻ പോകുന്നവന്ന്
ഏതാഃ	മുമ്പ് പറയപ്പെട്ട സിദ്ധികളെ	കാലക്ഷപണ ഹേതവഃ	വൃഥാ കാലക്ഷേപത്തിന്നു കാരണമായ് ഭവിക്കുന്നു.

34. ജന്മൌഷധി തപോമന്ത്രൈര്യാവതീരിഹ സിദ്ധയഃ
യോഗേനാപ്നോതി താഃ സർവ്വാ നാന്യൈര്യോഗഗതിം വ്രജേത്

ജന്മൌഷധിതപോമന്ത്രൈഃ	ജന്മം, മരുന്ന്, തപസ്, മന്ത്രം ഇവകളാൽ സിദ്ധിക്കേണ്ടുന്ന	യാവതീഃ സിദ്ധയഃ	എത്ര സിദ്ധികൾ
		ഇഹ	ഈ ലോകത്തിൽ ഉണ്ടോ

താഃ സർവ്വാഃ	അവ എല്ലാററിനേയും	യോഗ ഗതിം	യോഗം വഴി സിദ്ധി ക്കേണ്ട എൻെറ സാലോക്യം മുതലായവകളെ
യോഗേന	മുൻ വിവരിച്ചയോഗം കൊണ്ടു്		
ആപ്നോതി	പ്രാപിക്കുന്നു.		
അന്യൈ	ജന്മം മുതലായ അന്യ സാധനകളാൽ	ന വ്രജേത്	പ്രാപിക്കുന്നില്ല.

35. സർവ്വാസാമപി സിദ്ധീനാം ഹേതുഃ പതിരഹം പ്രഭുഃ
അഹം യോഗസ്യ സാംഖ്യസ്യ ധർമ്മസ്യ ബ്രഹ്മവാദിനാം

അഹം	ഞാൻ	സാംഖ്യസ്യ	അതിൻെറ സാധനയാകുന്ന ജ്ഞാനത്തിന്നും
സർവ്വാസാം സിദ്ധീനാം	സകല സിദ്ധികൾക്കും		
ഹേതുഃ	കാരണ ഭൂതൻ	ധർമ്മസ്യ	അതിൻെറ സാധനയാകുന്ന ധർമ്മത്തിന്നും
പതിഃ	രക്ഷിക്കുന്നവൻ;		
പ്രഭുഃ	സ്വാമി;	ബ്രഹ്മവാദിനാം	അതിനെ ഉപദേശിക്കുന്ന വേദവിത്തുകൾക്കും
അപി	എന്നുമാത്രമല്ല,		
യോഗസ്യ	മോക്ഷത്തിന്നും	അഹം	ഞാൻ തന്നെയാണു് പ്രഭു

36. അഹമാത്മാഽന്തരോ ബാഹ്യോഽനാവൃതഃ സർവ്വദേഹിനാം
യഥാ ഭൂതാനി ഭൂതേഷു ബഹിരന്തഃ സ്വയം തഥാ

അഹം	ഞാൻ	ഭൂതേഷു	ഭൌതികങ്ങളായ വസ്തുക്കളിൽ
സർവ്വ ദേഹിനാം	സകല പ്രാണികൾക്കും		
		യഥാ	എപ്രകാരം
ആന്തരഃ	അന്തര്യാമിയായും		
ആത്മാ	ആയതിനാൽ ആത്മാവായും	ഭൂതാനി	ആകാശം പൃഭൃതി പഞ്ചഭൂതങ്ങൾ
ബാഹ്യഃ	സർവ്വത്ര വ്യാപ്തനും	അന്തഃ; ബഹി	പുറത്തും അകത്തും
അനാവൃതഃ	ആയതുകൊണ്ടു് ഏതു കൊണ്ടും അനാച്ഛിനതാനായും ഇരിക്കുന്നു.	തഥാ	അപ്രകാരം
		സ്വയം	ഞാനും വ്യാപിച്ചിരിക്കുന്നു.

ഇതി ശ്രീമദ്ഭാഗവതം മഹാപുരാണം പതിനഞ്ചാമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകാഃ 12810 ഏകാദശസ്കന്ധേ ആദിതഃ ശ്ലോകാഃ 644

* * *

ഷോഡശോऽധ്യായഃ = അധ്യായം പതിനാറ്

ഭഗവതോ വിഭൂതീനാം വർണ്ണനം

ഭഗവാൻെറ തിരു അവതാരങ്ങളെ (വിഭൂതികളെ) വർണ്ണിക്കുന്നതു്

ഉദ്ധവ ഉവാച—: ഉദ്ധവർ പറഞ്ഞു:—

1. ത്വം ബ്രഹ്മ പരമം സാക്ഷാദനാദ്യന്തമപാവൃതം
സർവ്വേഷാമപി ഭാവാനാം ത്രാണസ്ഥിത്യപ്യയോദ്ഭവ:

ത്വം	താങ്കൾ	സർവ്വേഷാം ഭാവാനാം	സകലവസ്തുക്കളുടേയും
അനാദ്യന്തം	ആദ്യന്തരഹിതനും		
അപാവൃതം	അനാച്ഛാദിതനുമായ	ത്രാണസ്ഥിത്യപ്യയോദ്ഭവഃ	പാലനം, സ്ഥിതി, മരണം, ഉൽപത്തി ഇവകൾക്ക് കാരണനായും ഭവിക്കുന്ന
സാക്ഷാത് പരമം ബ്രഹ്മ	സാക്ഷാത് പരബ്രഹ്മം തന്നെയാകുന്നു;		

2. ഉച്ചാവചേഷു ഭൂതേഷു ദുർജ്ഞേയമകൃതാത്മഭി:
ഉപാസതേ ത്വാം ഭഗവൻ യാഥാതഥ്യേന ബ്രാഹ്മണാ:

ഭഗവൻ	ഹേ ഭഗവാനെ.	ദുർജ്ഞേയം	അറിയുവാൻ സാധിക്കാത്തവനുമായ
ബ്രാഹ്മണാ:	വേദങ്ങളുടെ സാരമറിഞ്ഞ ബ്രാഹ്മണർ		
ഉച്ചാവചേഷു ഭൂതേഷു	ഉയർന്നതും താഴ്ന്നതുമായ പ്രാണികളിൽ സ്ഥിതി ചെയ്യുന്നവനും	ത്വാം	താങ്ങളെ
		യാഥാതഥ്യേന	പരമാത്മ രൂപമായ് തന്നെ
അകൃതാത്മഭി:	ചിത്ത ശുദ്ധി ഇല്ലാത്തവരാൽ	ഉപാസതേ	ഉപാസിക്കുന്നു

3. യേഷു യേഷു ച ഭാവേഷു ഭക്ത്യാ ത്വാം പരമർഷയ:
ഉപാസീനാ: പ്രപദ്യന്തേ സംസിദ്ധിം തത് വദസ്വ മേ

യേഷു യേഷു	ഏതേതു	സംസിദ്ധിം	സിദ്ധിയെ നല്ലപോലെ
ഭാവേഷു ച	പദാർത്ഥങ്ങളിൽ		
പരമർഷയഃ	പരമജ്ഞാനികൾ	പ്രപദ്യന്തേ	പ്രാപിക്കുന്നുവോ
ഭക്ത്യാ	ഭക്തിയോടെ	തത്	അതിനെ
ത്വാം ഉപാസീനാഃ	താങ്കളെ ഉപാസിക്കുന്നവരായി	മേ വദസ്വ	എനിക്കു ഉപദേശിച്ചാലും

4. **ഗൂഢശ്ചരസി ഭൂതാത്മാ ഭൂതാനാം ഭൂതഭാവന**
ന ത്വാം പശ്യന്തി ഭൂതാനി പശ്യന്തം മോഹിതാനി തേ

ഭൂത ഭാവന	ഭൂതങ്ങളെ സൃഷ്ടിച്ചവനെ!	മോഹിതാനി	തങ്ങളാൽ മോഹം പ്രാപി ക്കപ്പെട്ട
ഭൂതാത്മാ	സമസ്തപ്രാണികളിലും അന്തര്യാമിയായ താങ്കൾ	തേ ഭൂതാനി	ആപ്രാണികൾ
ഭൂതാനാം	സമസ്ത പ്രാണികളിലും	പശ്യന്തം	എല്ലാവററിനേയും
ഗൂഢ:	ഗോപ്യമായ്	ത്വാം	നോക്കുന്ന താങ്കളെ
ചരതി	സഞ്ചരിക്കുന്നു,	ന പശ്യന്തി	കാണുന്നില്ല.

5. **യാ: കാശ്ച ഭൂമൌ ദിവി വൈ രസായാം**
വിഭൂതയോ ദിക്ഷു മഹാ വിഭൂതേ
താ മഹ്യമാഖ്യാഹ്യനു ഭാവിതാസ്തേ
നമാമിതേ തീർത്ഥ പദാംഘ്രി പദ്മം

മഹാ വിഭൂതെ	അപരിമിതമായ ഐശ്വ ര്യത്തോട്ടു കൂടിയവനെ!	വിഭൂതയ:	വിഭൂതികൾ ഉണ്ടോ
		താ:	അവ
ഭൂമൌ	ഭൂമിയിലും	മഹ്യം	എനിക്ക്
ദിവി	ദേവ ലോകത്തിലും	ആഖ്യാഹി	ഉപദേശിക്കേണം
രസായാം	രസാതലത്തിലും		
ദിക്ഷു	ദിക്കുകളിലും	തേ തീർത്ഥ പദാംഘ്രി പദ്മം	ഗംഗാതീർത്ഥങ്ങൾക്ക് ഇരിപ്പിടമായ തങ്ങളുടെ തിരുമലരടിയെ
തെ അനു ഭാവിതാ:	തങ്ങളെ വിശേഷ ശക്തി കളോട്ടു കൂടിയ		
യാ: കാ: ച	യാദൃശമായ	നമാമി	നമസ്കരിക്കുന്നു,

ശ്രീ ഭഗവാനു വാച— ശ്രീ ഭഗവാൻ പറഞ്ഞു

6. **ഏവ മേതദഹം പൃഷ്ട: പ്രശ്നം പ്രശ്നവിദാം വര**
യുയുത്സുനാ വിനശനെ സപത്നൈരജ്ജുനേന വൈ

പ്രശ്നവിദാം വര	ചോദ്യം ചോദിക്കുന്നതിൽ ശ്രേഷ്ഠനായ ഹേ ഉദ്ധവ!	യുയുത്സുനാ	യുദ്ധം ചെയ്യുവാനാ ഗ്രഹിച്ച
		അജ്ജുനേന	അജ്ജുനനാൽ
ഏവം	ഇങ്ങനെ	ഏതത് പ്രശ്നം	ഈ ചോദ്യം
വിനശനെ	കുരുക്ഷേത്രത്തിൽ	അഹം പൃഷ്ട:	ഞാൻ ചോദിക്കപ്പെട്ടു,
സപത്നൈ	ശത്രുക്കളോട്	വൈ	

7. ജ്ഞാത്വാ ജ്ഞാതിവധം ഗർഹ്യമധർമ്മം രാജ്യഹേതുകം
തതോ നിവൃത്തോഹന്താഹം ഹതോഽയമിതി ലൌകികഃ

അഹം ഹന്താ	'ഞാൻ കൊല്ലുന്നവൻ'	ജ്ഞാതി വധം	ബന്ധുക്കളുടെ വധത്തിനെ
അയം ഹത:	'ഇവൻ കൊല്ലപ്പെടുന്നവൻ'	അധർമ്മം	അധർമ്മം എന്നും
ഇതി	എന്ന്	ഗർഹ്യം	ആയതിനാൽ അതു നിന്ദ്യം
ലൌകികഃ	പ്രാകൃതി ബുദ്ധിയോടു കൂടിയ അർജ്ജുനൻ	ജ്ഞാത്വാ	എന്നു വിചാരിച്ച്
രാജ്യഹേതുകം	രാജ്യനിമിത്തമായി ഉണ്ടായ	തതഃ	ആയുദ്ധത്തിൽ നിന്ന്
		നിവൃത്തഃ	പിൻവലിച്ചു.

8. സ തദാ പുരുഷവ്യാഘ്രോ യുക്ത്യാ മേ പ്രതിബോധിത:
അഭ്യഭാഷത മാമേവം യഥാ ത്വം രണമൂർദ്ധനി

തദാ	അപ്പോൾ	ത്വം തഥാ	നീ എങ്ങിനെ ചോദിക്കുന്നുവോ
മേയുക്ത്യാ	എന്നാൽ (ഉചിതമായ) യുക്തിയുക്തമായ്	ഏവം	ഇതു പോലെ തന്നെ
പ്രതി ബോധിതഃ	ഉപദേശിക്കപ്പെട്ട	രണമൂർദ്ധനി	യുദ്ധക്ഷേത്രത്തിൽ
സ: പുരുഷ വ്യാഘ്ര:	ആ പുരുഷശ്രേഷ്ഠൻ	മാം അഭ്യഭാഷത	എന്നോടു് ചോദ്യം ചെയ്തു.

9. അഹമാത്മോദ്ധവാമീഷാം ഭൂതാനാം സുഹൃദീശ്വരഃ
അഹം സർവ്വാണി ഭൂതാനി തേഷാം സ്ഥിത്യുത്ഭവാപ്യയഃ

ഉദ്ധവ!	ഉദ്ധവ	സർവ്വാണി ഭൂതാനി	സകല പ്രാണികളും
അമീഷാം ഭൂതാനാം	ഈ പ്രാണികൾക്ക്	തേഷാം	അവയുടെ
ആത്മാ	ആത്മാവും	സ്ഥിത്യുത് ഭവാപ്യയഃ	സൃഷ്ടി, സ്ഥിതി, സംഹാരം ഇവക്ക് 'കാരണവും
സുഹൃത്	സുഹൃത്തും		
ഈശ്വരഃ അഹം	ഈശ്വരനും ഞാനേ.	അഹം	ഞാൻ തന്നെ

10. അഹം ഗതിർഗ്ഗതിമതാം കാലഃ കലയതാമഹം
ഗുണാനാം ചാപ്യഹം സാമ്യം ഗുണിന്യൗത്പത്തികോ ഗുണഃ

അഹം	ഞാൻ
ഗതിമതാം ഗതിഃ	നടക്കുന്നവരുടെ നടയായി ഇരിക്കുന്നു;
അഹം	ഞാൻ
കാലയതാം	വശീകരിക്കുന്നവരിൽ
കാലഃ	കാലമായിരിക്കുന്നു;
ഗുണാനാം	ഗുണങ്ങളിൽ
സാമ്യം ച	സമത്വം എന്ന ഗുണമായിരിക്കുന്നു.
ഗുണിനി ഔത്-പത്തികഃ	ഗുണമുള്ള വസ്തുക്കളിൽ സ്വാഭാവികമായ
ഗുണഃ അപി അഹം	ഗുണമായിട്ടും ഇരിക്കുന്നു.

11. ഗുണിനാമപ്യഹം സൂത്രം മഹതാം ച മഹാനഹം
സൂക്ഷ്മാണാമപ്യഹം ജീവോ ദുർജയാനാമഹം മനഃ

ഗുണിനാം	ഗുണമുള്ളവയിൽ
അഹം സൂത്രം	ഞാൻ സൂത്രാത്മാവായും
മഹതാം	മഹത്തായവകളിൽ
അഹം മഹാൻ ച	ഞാൻ മഹത്തത്ത്വമായും
സൂക്ഷ്മാണാം അപി	സൂക്ഷ്മമായവകളിൽ
അഹം ജീവഃ	ഞാൻ ജീവനായും
ദുർജയാനാം	ജയിക്കുവാൻ സാധിക്കാത്തവയിൽ
അഹം മനഃ	മനസ്സായുമിരിക്കുന്നു.

12. ഹിരണ്യഗർഭോ വേദാനാം മന്ത്രാണാം പ്രണവസ്ത്രിവൃത്
അക്ഷരാണാമകാരോഽസ്മി പദാനി ഛന്ദസാമഹം

വേദാനാം	വേദം ഉപദേശിക്കുന്ന വക്കിടയിൽ
ഹിരണ്യഗർഭഃ	ഹിരണ്യഗർഭനായും
മന്ത്രാണാം	മന്ത്രങ്ങളിൽ
ത്രിവൃത് പ്രണവഃ	അകാര, ഉകാര, മകാര രൂപമായ (ഓം എന്ന) പ്രണവമായും
അക്ഷരാണാം	അക്ഷരങ്ങളിൽ
അകാരഃ	'അ' എന്ന ആദ്യാക്ഷരമായും
ഛന്ദസാം	ഛന്ദസ്സുകളിൽ
പദാനി	പാദത്രയങ്ങളോടുകൂടിയ 'ഗായത്രി' ഛന്ദസ്സായും
അഹം അസ്മി	ഞാൻ ഇരിക്കുന്നു.

13. ഇന്ദ്രോഹം സർവ്വദേവാനാം വസൂനാമസ്മി ഹവ്യവാട്
ആദിത്യാനാമഹം വിഷ്ണു രുദ്രാണാം നീലലോഹിതഃ

സർവ്വദേവാനാം	ദേവന്മാർ എല്ലാവരിലും വെച്ച്
ഇന്ദ്രഃ അഹം	ഞാൻ ഇന്ദ്രനായും
വസൂനാം	വസുക്കളിൽ
ഹവ്യവാട് അസ്മി	ഹവ്യവാട് (അഗ്നി) എന്ന വസുവായും ഇരിക്കുന്നു;
ആദിത്യാനാം	ആദിത്യന്മാരിൽ
അഹം വിഷ്ണുഃ	വിഷ്ണുവായും
രുദ്രാണാം	രുദ്രന്മാരിൽ
നീലലോഹിതഃ	ഞാൻ നീലലോഹിതനായും ഇരിക്കുന്നു.

14. **ബ്രഹ്മർഷീണാം ഭൃഗുരഹം രാജർഷീണാമഹം മനുഃ**
ദേവർഷീണാം നാരദോഽഹം ഹവിർധാന്യസ്മി ധേനുഷു

ബ്രഹ്മർഷീണാം	ബ്രഹ്മർഷികളിൽ	അഹം നാരദഃ	ഞാൻ നാരദനായും
അഹം ഭൃഗുഃ	ഞാൻ ഭൃഗുവായും	ധേനുഷു	പശുക്കളിൽ
രാജർഷീണാം	രാജർഷികളിൽ		
അഹം മനുഃ	ഞാൻ മനുവായും	ഹവിർധാനീ അസ്മി	കാമധേനുവായുമിരിക്കുന്നു.
ദേവർഷീണാം	ദേവർഷികളിൽ		

15. **സിദ്ധേശ്വരാണാം കപിലഃ സുപർണോഽഹം പതത്രിണാം**
പ്രജാപതീനാം ദക്ഷോഽഹം പിതൃണാമഹമര്യമാ

സിദ്ധേശ്വരാണാം	സിദ്ധേശ്വരന്മാരിൽ	പ്രജാപതീനാം	പ്രജാപതികളിൽ
കപിലഃ	കപിലനായും	അഹം ദക്ഷഃ	ഞാൻ ദക്ഷനായും
പതത്രിണാം	പക്ഷികളിൽ	പിതൃണാം	പിതൃക്കളിൽ
അഹം സുപർണഃ	ഞാൻ ഗരുഡനായും	അഹം അര്യമാ	ഞാൻ അര്യമാവായും ഇരിക്കുന്നു.

16. **മാം വിദ്ധ്യുദ്ധവ ദൈത്യാനാം പ്രഹ്ലാദമസുരേശ്വരം**
സോമം നക്ഷത്രൌഷധീനാം ധനേശം യക്ഷരക്ഷസാം

ഉദ്ധവ !	ഹേ ഉദ്ധവ!	സോമം	ചന്ദ്രനായും
ദൈത്യാനാം	അസുരന്മാരിൽ	യക്ഷരക്ഷസാം	യക്ഷരാക്ഷസന്മാരിൽ
അസുരേശ്വരം പ്രഹ്ലാദം	അസുര ചക്രവർത്തിയായ പ്രഹ്ലാദനായും	ധനേശം	കുബേരനായും
നക്ഷത്രൌഷധീനാം	നക്ഷത്രങ്ങൾക്കും ഔഷധികൾക്കും അധിപതിയായ	മാം വിദ്ധി	എന്നെ അറിഞ്ഞുകൊള്ളുക.

17. **ഐരാവതം ഗജേന്ദ്രാണാം യാദസാം വരുണം പ്രഭും**
തപതാം ദ്യുമതാം സൂര്യം മനുഷ്യാണം ച ഭൂപതിം

ഗജേന്ദ്രാണാം	ഉത്തമമായ ആനകളിൽ	ദ്യുമതാം	പ്രകാശിക്കുന്നവരിലും
ഐരാവതം	ഐരാവതം എന്നും	സൂര്യം	സൂര്യനായും
യാദസാം	ജലജന്തുക്കളിൽ	മനുഷ്യാണാം	മനുഷ്യന്മാരിൽ
പ്രഭും വരുണം	അവർക്ക് രാജാവായ വരുണൻ എന്നും	ഭൂപതിം	രാജാവായും
തപതാം	തപിക്കുന്നവരിലും	ച	എന്നെ അറിഞ്ഞുകൊൾക

18. **ഉച്ചൈഃ ശ്രവാസ്തുരംഗാണാം ധാതൂനാമസ്മി കാഞ്ചനം**
യമഃ സംയമതാം ചാഹം സർപാണാമസ്മി വാസുകിഃ

തുരംഗാണാം	കുതിരകളിൽ
ഉച്ചൈഃ ശ്രവാഃ	ഉച്ചൈശ്ശ്രവസായും
ധാതൂനാം	ധാതുക്കളിൽ
കാഞ്ചനം	സ്വർണ്ണമായും
അസ്മി	ഞാൻ ഇരിക്കുന്നു.
സംയമതാം	അച്ചടക്കം ഉള്ളവരിൽ (ദണ്ഡിക്കുന്നവരിൽ)
യമഃ ച അഹം	യമനായും ഞാൻ ഇരിക്കുന്നു
സർപ്പാണാം	സർപ്പങ്ങളിൽ
വാസുകിഃ അസ്മി	വാസുകിയായിട്ടുമിരിക്കുന്നു.

19. **നാഗേന്ദ്രാണാമനന്തോഽഹം മൃഗേന്ദ്ര ശൃംഗിദംഷ്ട്രിണാം**
ആശ്രമാണാമഹം തുര്യോ വർണ്ണാനാം പ്രഥമോഽനഘ

നാഗേന്ദ്രാണാം	നാഗ ശ്രേഷ്ഠന്മാരിൽ
അനന്തഃ	അനന്തനായും,
ശൃംഗി ദംഷ്ട്രിണാം	ശൃംഗങ്ങൾ ഉള്ളവ, ദംഷ്ട്രങ്ങൾ ഉള്ളവയിൽ
അഹം മൃഗേന്ദ്രഃ	ഞാൻ സിംഹമായും
ആശ്രമാണാം	ആശ്രമങ്ങളിൽ
തുര്യഃ	ചതുർത്ഥാശ്രമമായ സന്യാസാശ്രമമായും ഇരിക്കുന്നു
അനഘ	നിഷ്കളങ്കനെ!
വർണ്ണാനാം	വർണ്ണങ്ങളിൽ
പ്രഥമഃ	ആദ്യവർണ്ണമായി (ബ്രാഹ്മണ)ട്ടും
അഹം	ഞാനിരിക്കുന്നു

20. **തീർത്ഥാനാം സ്രോതസാം ഗംഗാ സമുദ്രഃ സരസാമഹം**
ആയുധാനാം ധനുരഹം ത്രിപുരഘ്നോ ധനുഷ്മതാം

സ്രോതസാം	പ്രവഹിക്കുന്ന
തീർത്ഥാനാം	തീർത്ഥങ്ങളിൽ
ഗംഗാ	ഗംഗയായും
സരസാം	തേങ്ങിനിൽക്കുന്ന കുളങ്ങളിൽ (ജലാശയം)
അഹം സമുദ്രഃ	ഞാൻ സമുദ്രമായിട്ടും
ആയുധാനാം	ആയുധങ്ങളിൽ
ധനുഃ	വില്ലായിട്ടും
ധനുഷ്മതാം	വില്ലാളികളിൽ
ത്രിപുരഘ്നഃ	ത്രിപുരസംഹാരം ചെയ്ത പരമേശ്വരനായും
അഹം	ഞാൻ ഇരിക്കുന്നു.

21. **ധിഷ്ണ്യാനാമഹം മേരുർ ഗഹനാനാം ഹിമാലയഃ**
വനസ്പതീനാമശ്വത്ഥ ഓഷധീനാമഹം യവഃ

ധിഷ്ണ്യാനാം	വാസയോഗ്യമായ സ്ഥലങ്ങളിൽ
മേരുഃ	മേരു മലയായും
ഗഹനാനാം	പ്രവേശിപ്പാൻ സാധിക്കാത്തവയിൽ
ഹിമാലയഃ	ഹിമാലയമായും

അഹം അസ്മി	ഞാൻ ഇരിക്കുന്നു;
വനസ്പതീനാം	വനസ്പതികളിൽ
അശ്വത്ഥ:	അശ്വത്ഥ വൃക്ഷമായും
ഓഷധീനാം	ധാന്യങ്ങളിൽ
യവ: അഹം	''യവം'' എന്ന ധാന്യമായും ഞാൻ ഇരിക്കുന്നു.

22. പുരോധസാം വസിഷ്ഠോഽഹം ബ്രഹ്മിഷ്ഠാനാം ബൃഹസ്പതി:
സ്കന്ദോഽഹം സർവ്വസേനാന്യാമഗ്രണ്യാം ഭഗവാനജഃ

പുരോധസാം	പുരോഹിതന്മാരിൽ
വസിഷ്ഠ:	വസിഷ്ഠനായും
ബ്രഹ്മിഷ്ഠാനാം	ബ്രഹ്മിഷ്ഠന്മാരിൽ (വേദാർത്ഥജ്ഞാനികളിൽ)
അഹം ബൃഹസ്പതി	ഞാൻ ബൃഹസ്പതിയായും
സർവ്വസേനാന്യാം	സകലസേനാനായകന്മാരിലുംവെച്ച്
സ്കന്ദ:	സ്കന്ദനായും
അഗ്രണ്യാം	സന്മാർഗ്ഗ പ്രവർത്തകന്മാരിൽ
ഭഗവാൻ അജഃ	സർവ്വജ്ഞനായ ബ്രഹ്മദേവനായും
അഹം	ഞാൻ ഇരിക്കുന്നു

23. യജ്ഞാനാം ബ്രഹ്മയജ്ഞോഽഹം വ്രതാനാമവിഹിംസനം
വായ്വഗ്ന്യർക്കാംബുവാഗാത്മാ ശുചീനാമപ്യഹം ശുചിഃ

യജ്ഞാനാം	യജ്ഞങ്ങളിൽ
ബ്രഹ്മയജ്ഞഃ	ബ്രഹ്മയജ്ഞമായും,
വ്രതാനാം	വ്രതങ്ങളിൽ
അവിഹിംസനം	ഹിംസിക്കാതിരിക്കുക എന്ന വ്രതമായും
അഹം	ഞാൻ ഇരിക്കുന്നു.
ശുചീനാമപി	ശുദ്ധിചെയ്യുന്നവകളിലും
വായ്വഗ്ന്യർക്കാംബുവാഗാത്മാ ശുചി:	കാററ്, അഗ്നി, സൂര്യൻ, ജലം, വാക്ക് എന്ന ശുദ്ധി ചെയ്യുന്ന പദാർത്ഥങ്ങളായും
അഹം	ഞാൻ ഇരിക്കുന്നു.

24. യോഗാനാമാത്മസംരോധോ മന്ത്രോഽസ്മി വിജിഗീഷതാം
ആന്വീക്ഷികീ കൗശലാനാം വികല്പഃ ഖ്യാതിവാദിനാം

യോഗാനാം	അഷ്ടയോഗങ്ങളിൽ
ആത്മസംരോധ:	സമാധിയായും
വിജിഗീഷതാം	വിജയേച്ഛുക്കളിൽ
മന്ത്രഃ	മന്ത്രാലോചനയായും (നീതി)
കൗശലാനാം	വിവേകം മുതലായ സാമർത്ഥ്യങ്ങളിൽ
ആന്വീക്ഷികീ	ആത്മവിദ്യയായും
ഖ്യാതിവാദിനാം	ഖ്യാതിവാദികളിൽ
വികല്പഃ	വികല്പനായും
അസ്മി	ഞാൻ ഇരിക്കുന്നു.

25. സ്ത്രീണാം തു ശതരൂപാഹം പുംസാം സ്വായംഭുവോ മനുഃ
നാരായണോ മുനീനാം ച കുമാരോ ബ്രഹ്മചാരിണാം

സ്ത്രീണാം	സ്ത്രീകളിൽ
ശതരൂപാ	ശതരൂപയായും
പുംസാം	പുരുഷന്മാരിൽ
സ്വായംഭുവഃ മനുഃ	സ്വായംഭുവമനുവായും
അഹം തു	ഞാനേ ഇരിക്കുന്നു.
മുനീനാം	മുനിവന്മാരിൽ
നാരായണഃ	നാരായണ ഋഷിയായും
ബ്രഹ്മചാരിണാം	ബ്രഹ്മചാരികളിൽ
കുമാരഃ ച	സനത്കുമാരനായും ഇരിക്കുന്നു.

26. **ധർമ്മാണാമസ്മി സന്യാസഃ ക്ഷേമാണാമബഹിർമതിഃ**
ഗുഹ്യാനാം സൂനൃതം മൌനം മിഥുനാനാമജസ്ത്വഹം

ധർമ്മാണാം	ധർമ്മങ്ങളിൽ
സന്യാസഃ	സന്യാസധർമ്മമായും
ക്ഷേമാണാം	അഭയസ്ഥാനങ്ങളിൽ
അബഹിർമതിഃ	അന്തർനിഷ്ഠയായും
അസ്മി	ഇരിക്കുന്നു.
ഗുഹ്യാനാം	മറച്ചുവെക്കേണ്ടുന്നവയിൽ
സൂനൃതം	മധുരവാക്കായും
മൌനം	മൌനമായും
മിഥുനാനാം	സ്ത്രീ പുരുഷൻ എന്ന ദ്വന്ദ്വങ്ങളിൽ
അജഃ	പ്രജാപതിയായും
അഹം തു	ഞാനേ ഇരിക്കുന്നു.

27. **സംവത്സരോഽസ്മ്യനിമിഷാമൃതൂനാം മധുമാധവൌ**
മാസാനാം മാർഗ്ഗശീർഷോഽഹം നക്ഷത്രാണാം തഥാഭിജിത്

അനിമിഷതാം	ഇമകൾ അടക്കാത്തവരിൽ
സംവത്സരഃ	സംവത്സരമായും
ഋതൂനാം	ഋതുക്കളിൽ
മധു മാധവൌ	മേഷം, വൃഷഭം, (മേടം ഇടവം) എന്ന വസന്ത ഋതുവായും
അസ്മി	ഇരിക്കുന്നു;
മാസാനാം	മാസങ്ങളിൽ
മാർഗ്ഗശീർഷഃ അഹം	മാർഗ്ഗശീർഷം എന്ന മാസമായിരിക്കുന്നു.
തഥാ നക്ഷത്രാണാം	അപ്രകാരം തന്നെ നക്ഷത്രങ്ങളിൽ
അഭിജിത്	അഭിജിത് എന്ന നക്ഷത്രമായും ഇരിക്കുന്നു.

ഉത്രാടം നക്ഷത്രത്തിന്റെ 4-ാം പാദത്തിനും തിരുവോണം നക്ഷത്രത്തിന്റെ പ്രഥമ പാദത്തിനും 'അഭിജിത്' എന്നു് പേർ.

28. **അഹം യുഗാനാം ച കൃതം ധീരാണാം ദേവലോഽസിതഃ**
ദ്വൈപായനോഽസ്മി വ്യാസാനാം കവീനാം കാവ്യ ആത്മവാൻ

യുഗാനാം	യുഗങ്ങളിൽ
അഹം കൃതം	ഞാൻ കൃതയുഗമായും
ധീരാണാം	ധീരന്മാരിൽ
ദേവലഃ	ദേവലനായും,
അസിതഃ ച	അസിതനായും
വ്യാസാനാം	വേദവ്യാസന്മാരിൽ

ദ്വൈപായനഃ	കൃഷ്ണദ്വൈപായനനായും	കാവ്യഃ	} ശുക്രാചാര്യനായും
കവീനാം	വിദ്വാന്മാരിൽ	അസ്മി	} ഇരിക്കുന്നു.
ആത്മവാൻ	ജ്ഞാനിയായ		

29. വാസുദേവോ ഭഗവതാം ത്വം തു ഭാഗവതേഷ്വഹം
കിംപുരുഷാണാം ഹനുമാൻ വിദ്യാധ്രാണാം സുദർശനഃ

ഭഗവതാം	{ ജ്ഞാനം മുതലായ ഷഡ് ഗുണങ്ങളും ഉള്ളവരിൽ	ഹനുമാൻ	ഹനുമാനായും
വാസുദേവഃ	വാസുദേവനായും	വിദ്യാ-ധ്രാണാം	വിദ്യാധരന്മാരിൽ
ഭാഗവതേഷു	ഭഗവത്ഭക്തന്മാരിൽ		
ത്വം തു	നീയായും	സുദർശനഃ	സുദർശനനായും
കിം	കിം പുരുഷന്മാരിൽ		
പുരുഷാണാം		അഹം	ഞാൻ ഇരിക്കുന്നു.

30. രത്നാനാം പദ്മരാഗോഽസ്മി പദ്മകോശഃ സുപേശസാം
കുശോഽസ്മി ദർഭജാതീനാം ഗവ്യമാജ്യം ഹവിഃഷ്വഹം

രത്നാനാം	രത്നങ്ങളിൽ	കുശഃ അസ്മി	കുശം എന്ന പുല്ലായി
പദ്മരാഗം	പദ്മരാഗമായും		ഞാൻ ഇരിക്കുന്നു;
സുപേശസാം	{ സൌന്ദര്യമുള്ള പദാർത്ഥങ്ങളിൽ	ഹവിഃഷു	ഹവിസ്സുകളിൽ
പദ്മകോശഃ	താമരപ്പൂവായിട്ടു		
അസ്മി	മിരിക്കുന്നു;	ഗവ്യം	} പശുവിന്റെ നെയ്യായി
ദർഭജാതീനാം	ദർഭ മുതലായ	ആജ്യം	} ഞാൻ ഇരിക്കുന്നു.
	പുൽജാതികളിൽ	അഹം	

31. വ്യവസായിനാമഹം ലക്ഷ്മീഃ കിതവാനാം ഛലഗ്രഹഃ
തിതിക്ഷാസ്മി തിതിക്ഷൂണാം സത്വം സത്വവതാമഹം

വ്യവസായിനാം	പ്രയത്നം ചെയ്യുന്നവർക്ക്	തിതിക്ഷൂണാം	ക്ഷമയുള്ളവർക്ക്
ലക്ഷ്മീഃ	ധനം മുതലായ സമ്പത്തുകളായും	തിതിക്ഷാ അസ്മി	ക്ഷമയായും ഇരിക്കുന്നു
കിതവാനാം	ചതിക്കുന്നവരിൽ	സത്വവതാം	സത്വഗുണമുള്ളവർക്ക്
ഛലഗ്രഹഃ അസ്മി	ദ്യൂത ക്രീഡയായും ഇരിക്കുന്നു.	സത്വം	സത്വഗുണമായിട്ടും
		അഹം	ഞാൻ ഇരിക്കുന്നു.

32. ഓജഃ സഹോ ബലവതാം കർമ്മാഹം വിദ്ധി സാത്വതാം
സാത്വതാം നവമൂർത്തീനാമാദിമൂർത്തിരഹം പരാ

ബലവതാം	ബലവാന്മാർക്ക്
ഓജഃ	മനോബലമായിട്ടും
സഹഃ	ഇന്ദ്രിയബലമായിട്ടും
സാത്വതാം	ഭഗവത് ഭക്തന്മാർക്ക്
കർമ്മ	ഭക്തിയോടു കൂടിയ കർമ്മമായും
അഹം വിദ്ധി	ഞാൻ ഇരിക്കുന്നു എന്ന് അറിഞ്ഞു കൊള്ളുക;
സാത്വതാം	ഭക്തന്മാരുടെ നവവ്യൂഹങ്ങളെ പൂജിക്കുന്നതിൽ
നവമൂർത്തീനാം	വാസുദേവൻ, സംഘർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ, നാരായണൻ, ഹയഗ്രീവൻ, വരാഹം, നരസിംഹം, ബ്രഹ്മദേവൻ എന്ന നവ മൂർത്തികളിൽ
പരാ ആദി മൂർത്തിഃ	എല്ലാററിന്നും കാരണമായ ആദിമൂർത്തിയായ വാസുദേവനായും
അഹം	ഞാൻ ഇരിക്കുന്നു

33. **വിശ്വാവസുഃ പൂർവ്വചിത്തിഃ ഗന്ധർവ്വാപ്സരസാമഹം**
ഭൂധരാണാമഹം സ്ഥൈര്യം ഗന്ധമാത്രമഹം ഭുവഃ

ഗന്ധർവ്വാപ്സരസാം	ഗന്ധർവന്മാരിലും അപ്സരസ്സുകളിലും
വിശ്വാവസുഃ	വിശ്വാവസുവായും
പൂർവ്വചിത്തിഃ	പൂർവ്വചിത്തിയായും;
അഹം	ഞാൻ ഇരിക്കുന്നു;
ഭൂധരാണാം	പർവ്വതങ്ങളുടെ
സ്ഥൈര്യം അഹം	സ്ഥിരമായ് ഇരിക്കുക (അചലം) എന്ന ഗുണമായിട്ടും ഞാൻ ഇരിക്കുന്നു;
ഭുവഃ	ഭൂമിയുടെ
ഗന്ധമാത്രം അഹം	സുഗന്ധം എന്ന ഗുണമായിട്ടും ഞാൻ ഇരിക്കുന്നു

34. **അപാം രസശ്ച പരമസ്തേജിഷ്ഠാനാം വിഭാവസുഃ**
പ്രഭാ സൂര്യേന്ദുതാരാണാം ശബ്ദോഽഹം നഭസഃ പരഃ

അപാം	ജലത്തിന്റെ
പരമഃ രസഃ ച	മധുര രസമായും
തേജിഷ്ഠാനാം	തേജസ്സുള്ളവരിൽ
വിഭാവസുഃ	അഗ്നിയായും
സൂര്യേന്ദുതാരാണാം	സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇവയുടെ
പ്രഭാ	പ്രഭയായും
നഭസഃ പരഃ ശബ്ദഃ	ആകാശത്തിന്റെ 'പരാ' എന്ന ശബ്ദമായിട്ടും
അഹം	ഞാൻ ഇരിക്കുന്നു.

35. **ബ്രഹ്മണ്യാനാം ബലിരഹം വീരാണാമഹമർജ്ജുനഃ**
ഭൂതാനാം സ്ഥിതിരുത്പത്തിരഹം വൈ പ്രതിസംക്രമഃ

ബ്രഹ്മണ്യാനാം	ബ്രാഹ്മണഭക്തന്മാരിൽ
അഹം ബലി	ഞാൻ ബലിയായിട്ടും
വീരാണാം	വീരന്മാരിൽ
അഹം അർജ്ജുനഃ	ഞാൻ അർജ്ജുനനായിട്ടും
ഭൂതാനാം	പ്രാണികളുടെ
ഉൽപത്തിഃ	സൃഷ്ടിയും
സ്ഥിതിഃ	സ്ഥിതിയും
പ്രതി സംക്രമഃ	പ്രളയമായും
അഹം വൈ	ഞാൻ തന്നെയാണിരിക്കുന്നത്".

36. ഗത്യുക്ത്യുത്സർഗ്ഗോപാദാനമാനന്ദസ്പർശലക്ഷണം
ആസ്വാദശ്രുത്യവഘ്രാണമഹം സർവ്വേന്ദ്രിയേന്ദ്രിയം

ഗത്യുക്ത്യുത്സർഗ്ഗോപാദനം — ഗതി, വാക്ക്, ജല മല വിസർജ്ജനം ആദാനം മുതലായവ

ആനന്ദസ്പർശലക്ഷണം — ആനന്ദം എന്ന കർമ്മേന്ദ്രിയ വ്യാപാരമായും

ആസ്വാദശ്രുത്യവഘ്രാണം — സ്പർശിക്കുക, നോക്കുക, രുചിക്കുക, കേൾക്കുക മുകർന്നുനോക്കുക എന്ന ജ്ഞാനേന്ദ്രിയ വ്യാപാരമായിട്ടും

സർവ്വേന്ദ്രിയേന്ദ്രിയം — സകലഇന്ദ്രിയങ്ങളുടേയും വിഷയങ്ങളെ ഗ്രഹിക്കുന്ന ശക്തിയായും

അഹം — ഞാനിരിക്കുന്നു.

37. പ്രഥിവീ വായുരാകാശ ആപോ ജ്യോതിരഹം മഹാൻ
വികാരഃ പുരുഷോവ്യക്തം രജഃ സത്വം തമഃ പരം

പ്രഥിവീ	ഭൂമി
വായുഃ	വായു
ആകാശ:	ആകാശം
ആപ:	ജലം
ജ്യോതി:	ഇവകളുടെ സൂക്ഷ്മമാത്രകളായും
അഹം	അഹങ്കാരം
മഹാൻ	മഹത്തത്വം
വികാര:	പഞ്ചമഹാഭൂതങ്ങൾ പതിനൊന്നു ഇന്ദ്രിയങ്ങളാകുന്ന ഷോഡശവികാരം
പുരുഷഃ	ജീവൻ.
അവ്യക്തം	പ്രകൃതി എന്ന 25 തത്വങ്ങൾ
രജഃ സത്വം തമഃ	രജസ്, സത്വം, തമസ് എന്നു് പ്രകൃതിയുടെ ഗുണങ്ങൾ
പരം	പരബ്രഹ്മമാവു ഞാനേ.

38. അഹമേതത് പ്രസംഖ്യാനം ജ്ഞാനം തത്വവിനിശ്ചയ:
മയേശ്വരേണ ജീവേന ഗുണേന ഗുണിനാ വിനാ
സർവ്വാത്മനാപി സർവ്വേണ ന ഭാവോ വിദ്യതേ കചചിത്

ഏതത്	ഇവ സർവ്വവും ഇവയെ
പ്രസംഖ്യാനം	ഗണിക്കുകയും
ജ്ഞാനം	ലക്ഷണങ്ങളെ കൊണ്ടു് ഇവകളുടെ ജ്ഞാനവും
തത്വവിനിശ്ചയഃ	അതിന്റെ ഫലമായ തത്വനിശ്ചയവും
അഹം	ഞാനേ.
ഈശ്വരേണ	ഈശ്വരനും
ജീവേന	ജീവനും
ഗുണേന	ഗുണവും
ഗുണിനാ	ഗുണിയും
സർവ്വാത്മനാ	ക്ഷേത്രജ്ഞനും
സർവ്വേണ	ക്ഷേത്രവുമായ

മയാ വിനാ — ഞാനില്ലാതെ (എന്നെ വിട്ട്)
ക്വചിദപി — ഒരു സ്ഥലത്തിലും
ഭാവ: — ചേതനം, അചേതനം ചേതനാ-ചേതനവുമായ ഒരു പദാർത്ഥവും
ന വിദ്യതേ — ഇല്ല.

39. സംഖ്യാനം പരമാണൂനാം കാലേന ക്രിയതേ മയാ
ന തഥാ മേ വിഭൂതീനാം സൃജതോഽണ്ഡാനി കോടിശ:

കാലേന — വളരെക്കാലം
മയാ — എന്നാൽ
പരമാണൂനാം — പരമാണുക്കളെ
സംഖ്യാനം ക്രിയതേ — കണക്കെടുക്കുവാൻ സാധിക്കാം;
തഥാ — അതുപോലെ
അണ്ഡാനി — ബ്രഹ്മാണ്ഡങ്ങളെ
കോടിശ: — കോടിക്കണക്കായി
സൃജത: മേ — സൃഷ്ടിക്കുന്ന എന്റെ
വിഭൂതീനാം ന — വിഭൂതികളെ കണക്കെടുക്കുവാൻ സാധ്യമല്ല

40. തേജ: ശ്രീ: കീർത്തിരൈശ്വര്യം ഹ്രീസ്ത്യാഗ: സൌഭഗം ഭഗ:
വീര്യം തിതിക്ഷാ വിജ്ഞാനം യത്ര യത്ര സ മേംഽശക:

തേജ: — പ്രഭാവം
ശ്രീ: — സമ്പത്ത്
കീർത്തി: — കീർത്തി
ഐശ്വര്യം — ഐശ്വര്യം
ഹ്രീ: — ലജ്ജാ
ത്യാഗ: — ത്യാഗം
സൌഭഗം — മനസിനും, കണ്ണിനും ആനന്ദം നല്കുന്നത്
ഭഗ: — ഭാഗ്യം
വീര്യ: — വീര്യം
തിതിക്ഷാ — സഹനശക്തി
വിജ്ഞാനം — വിജ്ഞാനം ഇവ
യത്ര യത്ര — ഏതേത് സ്ഥലത്തിൽ ഇരിക്കുന്നുവോ
സ: — അത്
മേ അംശക: — എന്റെ വിഭൂതിയാകുന്നു

41. ഏതാസ്തേ കീർത്തിതാ: സർവ്വാ: സംക്ഷേപേണ വിഭൂതയ:
മനോ വികാരാ ഏവൈതേ യഥാ വാചാഭിധീയതേ

തേ — നിനക്ക്
ഏതാ: സർവ്വാ: വിഭൂതയ: — ഈ വിഭൂതികൾ സർവ്വവും
സംക്ഷേപേണ — ചുരുക്കമായ്
കീർത്തിതാ: — പറയപ്പെട്ട
ഏതേ — ഇവകൾ
യഥാ വാചാ — 'ആകാശപുഷ്പം' എങ്ങിനെ വാക്കുകൊണ്ട്
അഭിധീയതേ — പറയപ്പെടുന്നതല്ലാതെ വാസ്തവത്തിൽ ഇല്ലാത്തതോ
മനോ വികാരാ: ഏവ — അപ്രകാരം മനസ്സാൽ കൽപിതമായവകൾ തന്നെയാണ്

42. വാചം യച്ഛ മനോ യച്ഛ പ്രാണാൻ യച്ഛേന്ദ്രിയാണി ച
ആത്മാനമാത്മനാ യച്ഛ ന ഭൂയ: കല്പസേഽധ്വനേ

വാചം യച്ഛ	വാക്കടക്കുക.	ആത്മനാ	സത്വഗുണത്തോടു കൂടിയ ബുദ്ധിയാൽ
മനോ യച്ഛ	മനസ്സിനെ നിയന്ത്രിക്കുക	യച്ഛ	നിയന്ത്രിക്കുക;
പ്രാണാൻ ഇന്ദ്രിയാണി ച	പ്രാണങ്ങളേയും ഇന്ദ്രിയങ്ങളേയും	ഭൂയഃ	(അപ്രകാരം ചെയ്യു വെങ്കിൽ) വീണ്ടും
യച്ഛ	നിയന്ത്രിക്കുക;	അധ്വനേ	സംസാരമാർഗ്ഗത്തിനെ
ആത്മാനം	ബുദ്ധിയെ	ന കല്പസേ	നീ പ്രാപിക്കുക ഇല്ല.

43. യോ വൈ വാങ്മനസീ സമ്യഗസംയച്ഛൻ ധിയാ യതി:
തസ്യ വ്രതം തപോ ദാനം സ്രവത്യാമഘടാംബുവത്

യോ യതിഃ	ഏതൊരു യതി	വ്രതം തപ:, ജ്ഞാനം	തപസ്സ്, വ്രതം, ജ്ഞാനം ഇവ
ധിയാ	ബുദ്ധികൊണ്ട്	ആമഘടാംബുവത്	ചുടാത്ത (ഈറമുള്ള) മൺകുടത്തിൽ വെച്ച ജലം പോലെ
വാങ്മനസീ	വാക്കിനേയും മനസ്സിനേയും		
സമ്യക്	നല്ലപോലെ		
അസംയച്ഛൻ	അടക്കുന്നില്ലയോ;		
തസ്യ	അവന്റെ	സ്രവതി	ഒഴുകിപ്പോകുന്നു.

44. തസ്മാന്മനോവച: പ്രാണാൻ നിയച്ഛേത് മത്പരായണ:
മദ്ഭക്തിയുക്തയാ ബുദ്ധ്യാ തതഃ പരിസമാപ്യതേ

തസ്മാത്	ആ യത്നുകൊണ്ട്	മദ്ഭക്തി യുക്തയാ	എന്നിൽ ഭക്തിയോടു കൂടിയ
മനോ വചഃ	മനസ്സ്, വാക്ക്	ബുദ്ധ്യാ	ബുദ്ധിയാൽ
പ്രാണാൻ	പ്രാണൻ ഇവകളെ	നിയച്ഛേത്	അടക്കേണ്ടതാകുന്നു.
		തതഃ	അപ്പോൾ
മത് പരായണഃ	എന്നെത്തന്നേ മേലായ ആശ്രയസ്ഥലമായി വെച്ച്	പരിസമാപ്യതേ	അവൻ കൃതകൃത്യനായി ഭവിക്കുന്നു.

ഇതി ശ്രീമദ്ഭാഗവതം മഹാപുരാണം പതിനൊന്നാംസ്കന്ധം

പതിനാറാമദ്ധ്യായം സമാപ്തം.

ആദിതഃ ശ്ലോകാഃ 12854 ഏകാദശസ്കന്ധേ ആദിതഃ ശ്ലോകാഃ 688

* * *

സപ്തദശോഽധ്യായഃ = അധ്യായം പതിനേഴ്

വർണ്ണധർമ്മ നിരൂപണം, ആശ്രമേഷു ബ്രഹ്മചാരി ഗൃഹസ്ഥധർമ്മവർണ്ണനം ച

അതാതു വർണ്ണങ്ങൾക്കൊത്ത ധർമ്മങ്ങളേയും ബ്രഹ്മചര്യാ ഗൃഹസ്ഥാശ്രമങ്ങൾക്കു തക്കതായ ധർമ്മങ്ങളേയും വർണ്ണിക്കുന്നതു്

ഉദ്ധവ ഉവാച— ഉദ്ധവൻ ചോദിച്ചു:—

1. യസ്ത്വയാഽഭിഹിതഃ പൂർവ്വം ധർമ്മസ്ത്വദ്ഭക്തി ലക്ഷണഃ
വർണ്ണാശ്രമാചാരവതാം സർവ്വേഷാം ദ്വിപദാമപി

2. യഥാനുഷ്ഠീയമാനേന ത്വയി ഭക്തിർന്നൃണാം ഭവേത്
സ്വധർമ്മേണാരവിന്ദാക്ഷ തത് സമാഖ്യാതുമർഹസി

വർണ്ണാശ്രമാ ചാരവതാം	വർണ്ണാശ്രമാചാരത്തോടു കൂടിയവരും	അരവിന്ദാക്ഷ	ഹേ അരവിന്ദാക്ഷ!
		യഥാ	എങ്ങിനെ
സർവ്വേഷാ മപി ദ്വിപദാം	അതില്ലാത്തവരായ സർവ്വമനുഷ്യന്മാർക്കും	അനുഷ്ഠീയ മാനേന	അനുഷ്ഠിക്കപ്പെടുന്ന
		സ്വധർമ്മണ	സ്വധർമ്മത്താൽ
ത്വദ്ഭക്തി ലക്ഷണഃ	നിങ്ങളിൽ ഭക്തിയെ ഉണ്ടാക്കുന്ന	നൃണാം ത്വയി	മനുഷ്യർക്ക് താങ്കളിൽ (ഭവാനിൽ)
യഃ ധർമ്മ	ഏതൊരു ധർമ്മം	ഭക്തിഃ ഭവേത്	ഭക്തി ഉണ്ടാകുമോ
ത്വയാ	നിങ്ങളാൽ	തത്	അതിനെ
പൂർവ്വം അഭിഹിതഃ	കല്പാദ്യത്തിൽ ഉപദേശിക്കപ്പെട്ടുവോ	സമാഖ്യാതും അർഹസി	ഉപദേശിക്കേണം

3. പുരാ കില മഹാബാഹോ ധർമ്മം പരമകം പ്രഭോ
യത്തേന ഹംസരൂപേണ ബ്രഹ്മണേഭ്യാഽത്ഥ മാധവ

4. സ ഇദാനീം സുമഹതാ കാലേനാമിത്രകർശന
ന പ്രായോ ഭവിതാ മർത്ത്യലോകേ പ്രാഗനുശാസിതഃ

മഹാബാഹോ പ്രഭോ	ആജാനബാഹുവും, പ്രഭുവും	പുരാ	മുമ്പൊരിക്കൽ
		ബ്രഹ്മണേ	ബ്രഹ്മദേവനു്
അമിത്ര കർശന മാധവ	ശത്രുക്കളെ സംഹാരം ചെയ്യുന്ന ഹേ മാധവ!	തേന ഹംസ രൂപേണ	ആ പ്രസിദ്ധമായ ഹംസരൂപത്തോടുകൂടിയ

യത് പരമകം ധർമ്മം	ഏതൊരു ശ്രേഷ്ഠമായ ധർമ്മത്തിനെ
അഭ്യധാ	ഭവാൻ ഉപദേശിച്ചുവോ
പ്രാക് അനുശാസിതഃ സഃ	അപ്രകാരം ഉപദേശിക്കപ്പെട്ട ആ ധർമ്മം
മഹതാ കാലേന	വളരെക്കാലം കഴിഞ്ഞുപോയതുകൊണ്ട്
മർത്ത്യലോകേ	മാനുഷലോകത്തിങ്കൽ
പ്രായഃ	മിക്കവാറും
ന ഭവിതാ	ഇരിക്കുക ഇല്ല.

5. വക്താ കർത്താവിതാ നാന്യോ ധർമ്മസ്യാച്യുത തേ ഭുവി
സഭായാമപി വൈരിഞ്ച്യാം യത്ര മൂർത്തിധരാഃ കലാഃ

അച്യുത	ഹേ അച്യുത
യത്ര	എവിടെ
കലാഃ	വേദാദി വിദ്യകൾ
മൂർത്തിധരാഃ	ശരീരം ധരിച്ചുകൊണ്ടിരിക്കുന്നുവോ
വൈരിഞ്ച്യാം സഭായാമപി	ആ ബ്രഹ്മസദസ്സിൽ പോലും
ധർമ്മസ്യ	ധർമ്മത്തിനെ
വക്താ	ഉപദേശിക്കുന്നവനും
കർത്താ	അനുഷ്ഠിക്കുന്നവനും
അവിതാ	രക്ഷിക്കുന്നവനും
തേ അന്യഃ ന	ഭവാനല്ലാതെ അന്യൻ ഒരുത്തൻ ഇല്ല
ഭുവി	എന്നിരിക്കുമ്പോൾ ഈ ഭൂലോകത്തിൽ ചോദിക്കേണ്ടതുണ്ടോ?

6. കർത്ത്രാവിത്രാപ്രവക്ത്രാ ച ഭവതാ മധുസൂദന
ത്യക്തേ മഹീതലേ ദേവ വിനഷ്ടം കഃ പ്രവക്ഷ്യതി

ദേവ മധുസൂദന	മധു എന്ന രാക്ഷസവധം ചെയ്ത ഹേ ദേവ!
കർത്ത്രാ	ധർമ്മത്തിനെ അനുഷ്ഠിക്കുന്നവനും
അവിത്രാ	രക്ഷിക്കുന്നവനും
പ്രവക്ത്രാ	ഉപദേശിക്കുന്നവനുമായ ഭവാനാൽ
മഹീതലേ ത്യക്തേ	ഭൂലോകം ത്യജിക്കപ്പെട്ടപ്പോൾ
വിനഷ്ടം	നശിച്ചുപോയ ധർമ്മത്തിനെ
കഃ പ്രവക്ഷ്യതി	ആരാണ് ഉപദേശിക്കുക

7. തത്ത്വം നഃ സർവ്വധർമ്മജ്ഞ ധർമ്മസ്ത്വദ്ഭക്തിലക്ഷണഃ
യഥാ യസ്യ വിധീയേത തഥാ വർണ്ണയ മേ പ്രഭോ

തത്	അതിനാൽ
സർവ്വധർമ്മജ്ഞ	സകല ധർമ്മവേത്താവായ
പ്രഭോ	ഹേ പ്രഭോ!
ത്വദ്ഭക്തി ലക്ഷണഃ	ഭവദ്ഭക്തിസാധനമായ
ധർമ്മഃ	ധർമ്മം
നഃ	മനുഷ്യരായ ഞങ്ങളിൽ
യസ്യ	ഏവന്ന് (ആർക്ക്)
യഥാ	എങ്ങിനെ
വിധീയേത	വിധിക്കാമോ
തഥാ	അങ്ങിനെ
മേ വർണ്ണയ	എനിക്കുപദേശിക്കേണം.

ശ്രീ ശുക ഉവാച— ശ്രീ ശുകൻ പറഞ്ഞു:—

8. ഇത്ഥം സ്വഭൃത്യമുഖ്യേന പൃഷ്ടഃ സ ഭഗവാൻ ഹരിഃ
പ്രീതഃ ക്ഷേമായ മർത്ത്യാനാം ധർമ്മാനാഹ സനാതനാൻ

ഇത്ഥം	ഇപ്രകാരം	പ്രീതഃ	പ്രീതനായിട്ട്
സ്വഭൃത്യ-	തന്റെ ഭക്തന്മാരിൽ	മർത്ത്യാനാം	മനുഷ്യന്മാരുടെ
മുഖ്യേന	ശ്രേഷ്ഠനായ ഉദ്ധവനാൽ	ക്ഷേമായ	ക്ഷേമത്തിന്നായി
പൃഷ്ടഃ	ചോദിക്കപ്പെട്ട്		
സ ഭഗവാൻ	ആ സർവ്വജ്ഞനായ	സനാതനാൻ	സനാതനങ്ങളായ
ഹരിഃ	ശ്രീകൃഷ്ണൻ	ധർമ്മാൻ ആഹ	ധർമ്മങ്ങളെ ഉപദേശിച്ചു.

ശ്രീ ഭഗവാനുവാച— ശ്രീ ഭഗവാൻ അരുളിചെയ്തു:—

9. ധർമ്മ്യ ഏഷ തവ പ്രശ്നോ നൈഃശ്രേയസകരോ നൃണാം
വർണ്ണാശ്രമാചാരവതാം തമുദ്ധവ നിബോധ മേ

ഉദ്ധവ	ഹേ ഉദ്ധവ!	ശ്രേയസകരഃ	ഉണ്ടാക്കുന്നതായും
ഏഷ തവ പ്രശ്നഃ	നിന്റെ ഈ ചോദ്യം	ധർമ്മ്യഃ	ധർമ്മത്തിൽനിന്നും മാറാത്തതായും ഇരിക്കുന്നു;
വർണ്ണാശ്രമാചാരവതാം	വർണ്ണാശ്രമധർമ്മങ്ങളെ അനുഷ്ഠിക്കുന്ന	തം	ആ ധർമ്മത്തിനെ
നൃണാം നൈഃ	മനുഷ്യന്മാർക്ക് ഭക്തിയെ	മേ നിബോധ	എന്റെടുക്കൽ നിന്നും നീ അറിഞ്ഞുകൊള്ളുക

10. ആദൗ കൃതയുഗേ വർണ്ണോ നൃണാം ഹംസ ഇതി സ്മൃതഃ
കൃതകൃത്യാഃ പ്രജാ ജാത്യാ തസ്മാത് കൃതയുഗം വിദുഃ

ആദൗ	കല്പത്തിന്റെ ആദിയിൽ	പ്രജാഃ	പ്രജകൾ
കൃതയുഗേ	കൃതയുഗത്തിൽ	ജാത്യാ	ജന്മനാൽ
നൃണാം വർണ്ണഃ	മനുഷ്യന്റെ വർണ്ണം (ജാതി)	കൃത കൃത്യാഃ	കൃതാർത്ഥന്മാരായിരുന്നു;
		തസ്മാത്	ആയതുകൊണ്ട്
ഹംസ ഇതി സ്മൃതി	ഹംസം എന്ന് അറിയപ്പെട്ടിരുന്നു;	കൃത യുഗം	അതിനെ കൃതയുഗം എന്ന്
		വിദുഃ	അറിഞ്ഞു (പറഞ്ഞു)

11. വേദഃ പ്രണവ ഏവാഗ്രേ ധർമ്മോഽഹം വൃഷരൂപധൃക്
ഉപാസതേ തപോനിഷ്ഠാ ഹംസം മാം മുക്തകിൽബിഷാഃ

അഗ്രേ	ആദിയിൽ
വേദഃ	വേദം
പ്രണവഃ	പ്രണവ രൂപമായി
ഏവ	തന്നെ ഇരുന്നു;
ധർമ്മ:	ധർമ്മവും (മനസ്സിന്നു മാത്രം ഗോചരമായി)
വൃഷ രൂപധൃക്	നാലുപാദങ്ങളോടു് വൃഷഭ രൂപം ധരിച്ച
അഹം	ഞാൻ
തപോനിഷ്ഠാഃ	തപസ്സിനെ അനുഷ്ഠിക്കുന്നവരും
മുക്ത കില്ബിഷാഃ	ആയതുകൊണ്ടു് പാപം തീർന്നവരുമായ ജനങ്ങൾ
ഹംസം മാം	ഹംസ രൂപിയായ എന്നെ
ഉപാസതേ	ഉപാസിക്കുന്നു.

12. **ത്രേതാമുഖേ മഹാഭാഗ പ്രാണാന്മേ ഹൃദയാത്ത്രയീ**
വിദ്യാ പ്രാദുരഭൂത്തസ്യാ അഹമാസം തൃവൃന്മഖ:

മഹാഭാഗ	മഹാഭാഗ്യവാനെ!
ത്രേതാമുഖേ	ത്രേതാമുഖത്തിൽ ആരംഭത്തിൽ
മേ ഹൃദയാത്	എന്റെ ഹൃദയത്തിൽ നിന്നും
പ്രാണാത്	പ്രാണനിമിത്തമായി (ഉച്ഛ്വാസനിശ്വാസ-രൂപത്തിൽ)
ത്രയീ വിദ്യാ	ഋഗ്, യജുസ്, സാമം എന്ന മൂന്നു് വേദ വിദ്യാ
പ്രാദുരഭൂത്	ആവിർഭവിച്ചു.
തസ്യാ:	ആ വേദത്തിൽനിന്നും
തൃവൃത്	ഹൌത്രം, ആധ്വര്യം, ഔത്ഗാത്രം എന്ന മൂന്നു രൂപത്തിലുള്ള
മഖ:	യജ്ഞമായി
അഹം ആസം	ഞാൻ തന്നെ ഭവിച്ചു.

13. **വിപ്രക്ഷത്രിയവിട്ശൂദ്രാ മുഖബാഹൂരുപാദജാഃ**
വൈരാജാത് പുരുഷാജ്ജാതാ യ ആത്മാചാരലക്ഷണാഃ

വൈരാജാത് പുരുഷാത് ജാതാ:	വിരാട് പുരുഷനിൽ നിന്നും ജനിച്ച
വിപ്രക്ഷത്രിയ വിട് ശൂദ്രാഃ	ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഇവർ
മുഖബാഹൂരു-പാദജാഃ	ക്രമത്തിൽമുഖം, കൈകൾ, തൊടകൾ, കാൽകൾ ഇവകളിൽനിന്നും ജനിച്ച
യേ	അവർ
ആത്മാചാര ലക്ഷണാഃ	അവരവരുടെ ആചാരങ്ങളാൽ അറിയുവാൻ അർഹർ

14. **ഗൃഹാശ്രമോ ജഘനതോ ബ്രഹ്മചര്യം ഹൃദോ മമ**
വക്ഷഃസ്ഥാനാദ് വനേ വാസോ ന്യാസഃ ശീർഷണി സംസ്ഥിതഃ

മമ ജഘനതഃ	എന്റെ ഗുഹ്യപ്രദേശത്തിൽ നിന്നു്
ഗൃഹാശ്രമഃ	ഗൃഹസ്ഥാശ്രമവും
ഹൃദഃ	ഹൃദയത്തിൽനിന്നു്

ബ്രഹ്മചര്യേ	ബ്രഹ്മചര്യാശ്രമവും	സന്ന്യാസ	സന്ന്യാസാശ്രമം
വക്ഷഃസ്ഥാ	വക്ഷസ്ഥലത്തിൽനിന്നും	ശീർഷ്ണി	ശിരസ്സിലും
നാത്		സംസ്ഥിതഃ	ഉൽഭവിച്ചു.
വനേ വാസഃ	വാനപ്രസ്ഥാശ്രമവും		

15. വർണ്ണാനാമാശ്രമാണാഞ്ച ജന്മഭൂമ്യനുസാരിണീഃ
ആസൻ പ്രകൃതയോ നൃണാം നീചൈർനീചോത്തമോത്തമാഃ

വർണ്ണാനാമാശ്രമാണാം ച നൃണാം	വർണ്ണാശ്രമധർമ്മങ്ങളോടു കൂടിയ മനുഷ്യർക്ക്	ഉത്തമൈഃ ഉത്തമാഃ	ഉത്തമസ്ഥാനത്താൽ ഉത്തമങ്ങളും
		ജന്മഭൂമ്യനുസാരിണീഃ	ജനിച്ച സ്ഥലമനുസരിച്ച്
നീചൈഃ	നീചമായ സ്ഥാനത്താൽ		
നീചാഃ	നീചമായും	പ്രകൃതയഃ	സ്വഭാവങ്ങൾ
		ആസൻ	ഉണ്ടായി

16. ശമോ ദമസ്തപഃ ശൗചം സന്തോഷഃ ക്ഷാന്തിരാർജ്ജവം
മത്ഭക്തിശ്ച ദയാ സത്യം ബ്രഹ്മപ്രകൃതയസ്ത്വിമാഃ

ശമഃ	മനോനിയന്ത്രണം	ആർജ്ജവം	ഋജുത
ദമഃ	ബാഹ്യേന്ദ്രിയനിയന്ത്രണം	മദ്ഭക്തിഃ	എന്നിൽ ഭക്തി
തപഃ	തപസ്സ് (തത്ത്വാലോചന)	ദയാ	അനുകമ്പാ
ശൗചം	അകവും പുറവും ശുദ്ധമായിരിക്കുക	സത്യം ച	സത്യം പറയുക
		ഇമാഃ	എന്നിവ
സന്തോഷഃ	സന്തോഷം	ബ്രഹ്മ പ്രകൃതയഃ	ബ്രാഹ്മണന്റെ സ്വഭാവങ്ങൾ.
ക്ഷാന്തി	ക്ഷമ		

17. തേജോ ബലം ധൃതിഃ ശൗര്യം തിതിക്ഷൗദാര്യമുദ്യമഃ
സ്ഥൈര്യം ബ്രഹ്മണ്യതൈശ്വര്യം ക്ഷത്രപ്രകൃതയസ്ത്വിമാഃ

തേജഃ	പരാക്രമം (അന്യരാൽ ജയിക്കപ്പെടാതിരിക്കുന്നതു്)	ഔദാര്യം	ദാനശീലം
		ഉദ്യമഃ	പ്രയത്നം
		സ്ഥൈര്യം	സ്ഥിരമായ് ഇരിക്കുക
ബലം	അന്യരെ ജയിക്കുന്ന സാമർത്ഥ്യം	ബ്രഹ്മണ്യതാ	ബ്രാഹ്മണ ഭക്തി
ധൃതിഃ	ധൈര്യം	ഐശ്വര്യം	ഐശ്വര്യം
ശൗര്യം	നിർഭയനായ് ഇരിക്കുക	ഇമാഃ	ഇവ
തിതിക്ഷാ	അന്യൻ ചെയ്ത കുററം ക്ഷമിക്കുന്നഗുണം	ക്ഷത്ര പ്രകൃതയഃ	ക്ഷത്രിയസ്വഭാവങ്ങൾ

18. **ആസ്തിക്യം ദാനനിഷ്ഠാ ച അദംഭോ ബ്രഹ്മസേവനം**
അതുഷ്ടിരർത്ഥോപചയൈഃ വൈശ്യ പ്രകൃതയസ്ത്വിമാഃ

ആസ്തിക്യം	ഗുരു ശാസ്ത്ര വാക്യങ്ങളിൽ വിശ്വാസം	അർത്ഥോപചയൈ: അതുഷ്ടിഃ ച	ധനസംചയത്തിൽ അലംബുദ്ധി ഇല്ലാതിരിക്കൽ
ദാന നിഷ്ഠാ	ദാനത്തിൽ താൽപര്യം		
അദംഭഃ	അന്യരേ ചതിക്കാതിരിക്കുക	ഇമാഃ വൈശ്യ പ്രകൃതയഃ	എന്നിവ വൈശ്യ സ്വഭാവങ്ങൾ
ബ്രഹ്മ സേവനം	ബ്രാഹ്മണരേ സേവിക്കുക		

19. **ശുശ്രൂഷണം ദ്വിജഗവാം ദേവാനാം ചാപ്യമായയാ**
തത്ര ലബ്ധേന സന്തോഷഃ ശൂദ്രപ്രകൃതയസ്ത്വിമാഃ

അമായയാ	കപടരഹിതമായി	തത്ര	അതുവഴി
ദ്വിജഗവാം	ബ്രാഹ്മണരേയും പശുക്കളേയും	ലബ്ധേന	ലഭിച്ചധനത്താൽ
		സന്തോഷഃ	സന്തോഷപ്പെടുക.
ദേവാനാം ച	ദേവന്മാരേയും	ഇമാഃ ശൂദ്ര പ്രകൃതയഃ	ഇവ ശൂദ്രസ്വഭാവങ്ങൾ
ശുശ്രൂഷണം	സേവിക്കുക		

20. **അശൗചമനൃതം സ്തേയം നാസ്തിക്യം ശുഷ്കവിഗ്രഹഃ**
കാമഃ ക്രോധശ്ച തർഷശ്ച സ്വഭാവോഽന്തേവസായിനാം

അശൗചം	അശുദ്ധത	കാമഃ	വിഷയസുഖത്തിൽ ആഗ്രഹം
അനൃതം	അസത്യം പറയുക		
സ്തേയം	കളവു ചെയ്യുക (കക്കുക)	ക്രോധഃ ച	ദ്വേഷ്യം
നാസ്തിക്യം	ഈശ്വരൻ എന്നൊരു ശക്തിയില്ല എന്നു സിദ്ധാന്തിക്കുക	തർഷഃ ച	അത്യാഗ്രഹം ഇവ
		അന്തേവസായിനാം	വർണ്ണാശ്രമമില്ലാത്ത നീചന്മാരിൽ
ശുഷ്കവിഗ്രഹഃ	വൃഥാകലഹം	സ്വഭാവഃ	സ്വഭാവം

21. **അഹിംസാ സത്യമസ്തേയമകാമക്രോധലോഭതാ**
ഭൂതപ്രിയഹിതേഹാ ച ധർമ്മോഽയം സാർവ്വവർണ്ണികഃ

അഹിംസ	അഹിംസാ (അന്യരേ ഹിംസിക്കാതിരിക്കുക)	അസ്തേയം	കക്കാതിരിക്കുക
സത്യം	സത്യം (സംസാരിക്കുക)	അകാമക്രോധ	കാമക്രോധലോഭ രഹിതനായിരിക്കുക

ഭൂതപ്രിയ ഹിതേഹാ	പ്രാണികൾക്ക് പ്രിയവും ഹിതവും ചെയ്യുവാൻ പ്രവർത്തിക്കുക
അയം ച സാർവവർണ്ണികഃ ധർമ്മഃ	എന്നിവ എല്ലാം സകല വർണ്ണങ്ങൾക്കും പൊതുവായ ധർമ്മം

22. ദ്വിതീയം പ്രാപ്യാനുപൂർവ്യാജ്ജന്മോപനയനം ദ്വിജഃ
വസൻ ഗുരുകുലേ ദാന്തോ ബ്രഹ്മാധീയീത ചാഹൂതഃ

ദ്വിജഃ	ആദ്യത്തെ വർണ്ണത്രയങ്ങളെ ചേർന്നവൻ
ആനുപൂർവ്യാത്	സംസാരക്രമത്താൽ
ഉപനയനം	ഉപനയനം എന്ന
ദ്വിതീയം ജന്മ	രണ്ടാമത് ജന്മം
പ്രാപ്യ	എടുത്ത്
ഗുരുകുലേ	ഗുരുകുലത്തിൽ
വസൻ	വസിച്ചുകൊണ്ട്
ദാന്തഃ	ഇന്ദ്രിയങ്ങളെ അടക്കിക്കൊണ്ട്
ആഹൂതഃ	ഗുരുവാൽ വിളിക്കപ്പെട്ട്
ബ്രഹ്മ	വേദം
അധീയീത ച	അഭ്യസിക്കേണം; അർത്ഥ വിചാരവും ചെയ്യേണ്ടതാകുന്നു.

23. മേഖലാജിനദണ്ഡാക്ഷ ബ്രഹ്മസൂത്ര കമണ്ഡലൂൻ
ജടിലോഽധൗതദദ്വാസോഽരക്തപീഠഃ കുശാൻ ദധത്

മേഖലാജിന ദണ്ഡാക്ഷ ബ്രഹ്മസൂത്ര കമണ്ഡലൂൻ	മിഞ്ജിക്കയറ്, മാൻതോൽ പ്ലാശ് മുതലായ ദണ്ഡം, ജപമാലാ, യജ്ഞോപവീതം, കമണ്ഡലു ഇവകളേയും
കുശാൻ	ദർഭങ്ങളേയും
ദധത്	ധരിച്ചും (വെച്ചുകൊണ്ട്)
ജടിലഃ	ജടാധാരിയായിട്ടും
അധൗത ദദ്വാസോഽ രക്തപീഠഃ	ദന്തങ്ങളേയും വസ്ത്രങ്ങളേയും ശുദ്ധം ചെയ്യാത്തവനായും രക്തനിറമില്ലാത്ത പീഠം ഉള്ളവനായും ഇരിക്കണം

24. സ്നാനഭോജനഹോമേഷു ജപോച്ചാരേ ച വാഗ്യതഃ
ന ഛിന്ദ്യാന്നഖരോമാണി കക്ഷോപസ്ഥഗതാന്യപി

സ്നാനഭോജന ഹോമേഷു	സ്നാനം, ഭോജനം, ഹോമം ഇവകളിൽ
ജപോച്ചാരേ	ജപത്തിലും; മലമൂത്ര വിസർജ്ജനത്തിലും
വാഗ്യതഃ ച	മൗനിയായി ഇരിക്കേണ്ടതാണ്
നഖരോമാണി	നഖങ്ങളേയും തലമുടിയേയും
ന ഛിന്ദ്യാത്	വെട്ടാൻ പാടില്ല, (എടുക്കാൻ)
കക്ഷോപസ്ഥ ഗതാ പി അപി	രണ്ടു കക്ഷങ്ങളിലും ഗുഹ്യപ്രദേശത്തിലുള്ള രോമങ്ങളേയും വെട്ടാൻ പാടില്ല. (എടുക്കാൻ)

25. **രേതോ നാവകിരേജ്ജാതു ബ്രഹ്മവ്രതധരഃ സ്വയം**
അവകീർണ്ണേഽവഗാഹ്യാപ്സു യതാസുസ്ത്രിപദീം ജപേത്

ബ്രഹ്മവ്രതധരഃ	വേദോക്തവ്രതങ്ങളെ യനുഷ്ഠിക്കുന്നവൻ ബ്രഹ്മചാരി)	അവകീർണ്ണേ	(അതു്) അറിയാതെ പുറത്തു് പോയാൽ
സ്വയം	സ്വയമായി	അപ്സു അവഗാഹ്യ	ജലത്തിൽ മുങ്ങിക്കുളിച്ചു്
ജാതു	ഒരിക്കലും	യതാസുഃ	പ്രാണായാമം ചെയ്തു്
രേതഃ	രേതസ്സിനെ (വീര്യത്തെ)	ത്രിപദീഃ	ഗായത്രിയെ
ന അവകിരേത്	പുറത്താക്കരുതു്; (സ്ഖലനം പാടില്ല)	ജപേത്	ജപിക്കേണ്ടതാണു്

26. **അഗ്ന്യർക്കാചാര്യഗോവിപ്രഗുരുവൃദ്ധ സുരാഞ്ഛുചിഃ**
സമാഹിത ഉപാസീത സന്ധ്യേ ച യതവാക്ജപൻ

ശുചിഃ	സ്നാനം മുതലായവയാൽ ശുദ്ധനായിട്ടു്	സമാഹിതഃ	ഏകാഗ്രചിത്തത്തോടെ
അഗ്ന്യർക്കാചാര്യഗോവിപ്രഗുരുവൃദ്ധസുരാൻ	അഗ്നിയെ ഹോമത്താലും സൂര്യനെ അർഘ്യംകൊണ്ടും, ആചാര്യൻ ബ്രാഹ്മണൻ, ഗുരു, വൃദ്ധന്മാർ, ദേവന്മാർ നമസ്കരിച്ചും പശുക്കളെ പുല്ലു് മുതലായവയാലും	ഉപാസീത	ഉപാസിക്കേണ്ടതാകുന്നു;
		സന്ധ്യേ ച	രണ്ടു സന്ധ്യകളിലും
		യതവാക് ജപൻ	മൌനിയായിട്ടു് ഗായത്രിയെ ജപിച്ചുകൊണ്ടിരിക്കേണ്ടതാണു്

27. **ആചാര്യം മാം വിജാനീയാന്നാവമന്യേത കർഹിചിത്**
ന മർത്ത്യബുദ്ധ്യാസൂയേത സർവ്വദേവമയോ ഗുരുഃ

ആചാര്യം	ഉപനയനം ചെയ്തു് വേദത്തിനെ ഉപദേശിക്കുന്ന ആചാര്യനെ	മർത്ത്യബുദ്ധ്യാ ന അസൂയേത	സാധാരണമനുഷ്യൻ എന്നു് വിചാരിച്ചു് അസൂയ കാണിക്കരുതു് (ദോഷാരോപണം ചെയ്യരുതു്)
മാം വിജാനീയാത്	ഞാൻ വിഷ്ണു എന്നു് അറിയേണ്ടതാകുന്നു;	ഗുരുഃ	(എന്തുകൊണ്ടെന്നാൽ) ഗുരു
കർഹിചിത്	ഒരിക്കലും	സർവ്വദേവമയഃ	സർവ്വദേവസ്വരൂപി
ന അവമന്യേത	അപമാനിക്കരുതു്.		

28. **സായം പ്രാതരുപാനീയ ഭൈക്ഷ്യം തസ്മൈ നിവേദയേത്**
യച്ചാന്യദപ്യനുജ്ഞാതമുപയുഞ്ജീത സംയതഃ

സായം	(സായം കാലം) വൈകുന്നേരത്തിലും
പ്രാതഃ	പ്രഭാതകാലത്തിലും
ഭൈക്ഷ്യം	ഭിക്ഷയേയും
അന്യത്	വേറു വിധമായ്
അപി യത് ച	ലഭിച്ചതിനേയും
ഉപാനീയ	അരുകിൽ കൊണ്ടുവന്ന്
തസ്മൈ	അദ്ദേഹത്തിന് (ഗുരുവിന്)
നിവേദയേത്	അറിയിക്കേണ്ടതാകുന്നു;
അനുജ്ഞാതം	അവരാൽ അനുമതി നല്കപ്പെട്ടന്നവയെ
സംയതഃ	വിനയത്തോടുകൂടി
ഉപയുഞ്ജീത	ഉപയോഗിക്കേണ്ടതാണ്

29. **ശുശ്രൂഷമാണ ആചാര്യം സദോപാസീത നീചവത്**
യാന ശയ്യാസനസ്ഥാനൈർനാതിദൂരേ കൃതാഞ്ജലി

നാതി ദൂരേ	സമീപത്തിൽ
യാന ശയ്യാ- സന സ്ഥാനൈഃ	അവർ പോകുമ്പോൾ പിന്നെ പോയും, കിടക്കുമ്പോൾ അരുകിൽ കിടന്നും, ഇരിക്കുമ്പോൾ ഇരുന്നും, നില്ക്കുമ്പോൾ നിന്നും
നീചവത്	ദാസനേപോലെ
ആചാര്യം	ആചാര്യന് ശുശ്രൂഷകം
ശുശ്രൂഷമാണഃ	ചെയ്തുകൊണ്ട്
കൃതാഞ്ജലിഃ	അഞ്ജലിബന്ധംചെയ്ത് (കൈകൂപ്പി)
സദാ ഉപാസീത	എപ്പോഴും ഉപാസിക്കേണ്ടതാകുന്നു

30. **ഏവം വൃത്തോ ഗുരുകുലേ വസേത് ഭോഗവിവർജ്ജിതഃ**
വിദ്യാസമാപ്യതേ യാവത് ബിഭ്രത് വ്രതമഖണ്ഡിതം

ഏവം വൃത്തഃ	മുൻപറയപ്പെട്ട അനുഷ്ഠാനങ്ങളോട്
ഭോഗവിവർജ്ജിതഃ	ഭോഗങ്ങളെ ത്യജിച്ചവനായി
വിദ്യാസമാ- പ്യതെ യാവത്	വിദ്യാസമാപ്തിയാകുന്നതു വരെ
അഖണ്ഡിതം വ്രതം ബിഭ്രത്	എന്തുകൊണ്ടും ഭംഗം വരാത്ത (പൂർണ്ണമായ) വ്രതം അനുഷ്ഠിച്ചുകൊണ്ട്
ഗുരുകുലേ	ഗുരുകുലവാസം ചെയ്യേണ്ടതാകുന്നു

31. **യദ്യസൌ ഛന്ദസാം ലോകമാരോക്ഷ്യൻ ബ്രഹ്മവിഷ്ടപം**
ഗുരവേ വിന്യസേദ്ദേഹം സ്വാദ്ധ്യായാർത്ഥം ബൃഹദ്വ്രതഃ

അസൌ	ഈ ബ്രഹ്മചാരി
ഛന്ദസാം ലോകം	വേദങ്ങളുടെ ലോകമായ
ബ്രഹ്മ വിഷ്ടപം	ബ്രഹ്മലോകത്തിനെ
ആരോക്ഷ്യൻ യദി	പ്രാപിക്കുവാൻ ആഗ്രഹിച്ചാൽ
ബൃഹദ്വ്രതഃ	ജീവനുള്ളവരെ ബ്രഹ്മചര്യവ്രതം കൈക്കൊണ്ട്

സ്വാദ്ധ്യായാർത്ഥം	അധികം വേദാദ്ധ്യയനത്തിനായിട്ട്
ദേഹം	തന്റെ ശരീരത്തെ
ഗുരവേ വിന്യസേത്	ഗുരുവിന്ന് സമർപ്പിക്കേണ്ടതാകുന്നു.

32. അഗ്നൌ ഗുരാവാത്മനി ച സർവ്വഭൂതേഷു മാം പരം
അപൃഥക്ധീരുപാസീത ബ്രഹ്മവർച്ചസ്വ്യകൽമഷഃ

അപൃഥക്ധീഃ	ഭേദബുദ്ധിരഹിതനായ്
ബ്രഹ്മവർച്ചസ്വീ	വേദാദ്ധ്യയനം കൊണ്ടുണ്ടായ തേജസ്സോടുകൂടിയവനായി
അകല്മഷഃ	പാപരഹിതനായി
അഗ്നൌ	അഗ്നിയിലും
ഗുരൌ	ഗുരുവിങ്കലും
ആത്മനി	തന്നിലും
സർവ്വഭൂതേഷു ച	സകല പ്രാണികളിലും
പരം മാം	പരമാത്മാവായ എന്നെ
ഉപാസീത	ഉപാസിക്കേണ്ടതാണ്

33. സ്ത്രീണാം നിരീക്ഷണസ്പർശസംലാപക്ഷ്വേളനാദികം
പ്രാണിനോ മിഥുനീഭൂതാനഗൃഹസ്ഥോഽഗ്രതസ്ത്യജേത്

അഗൃഹസ്ഥഃ	ഗൃഹസ്ഥൻ അല്ലാത്തവൻ (ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്യാസി)
സ്ത്രീണാം	സ്ത്രീകളെ
നിരീക്ഷണസ്പർശ സംലാപക്ഷ്വേളനാദികം	നോക്കുന്നതും അവരെ തൊടുന്നത്, അവരോട് സംസാരിക്കുക, പരിഹസിക്കുക മുതലായവയെയും
മിഥുനീഭൂതാൻ	സംഭോഗം ചെയ്തുകൊണ്ടിരിക്കുമ്പോഴും
പ്രാണിനഃ	പ്രാണികളെയും
അഗ്രതഃ ത്യജേത്	വളരെ അകലെ ത്യജിക്കേണ്ടതാണ്

34. ശൗചമാചമനം സ്നാനം സന്ധ്യോപാസനമാർജ്ജവം
തീർത്ഥസേവാ ജപോഽസ്പൃശ്യാഭക്ഷ്യാസംഭാഷ്യവർജ്ജനം

35. സർവ്വാശ്രമപ്രയുക്തോഽയം നിയമഃ കുലനന്ദന
മത്ഭാവഃ സർവ്വഭൂതേഷു മനോവാക്കായസംയമഃ

കുലനന്ദന	കുലനന്ദന
ശൗചം	ശൗചം
ആചമനം	ആചമനം
സ്നാനം	സ്നാനം
സന്ധ്യോപാസനം	സന്ധ്യോപാസനം
ആർജ്ജവം	ഋജുതാ
തീർത്ഥസേവാ	പുണ്യതീർത്ഥസേവനം
ജപഃ	ഗായത്രീ ജപം
അസ്പൃശ്യാഭക്ഷ്യാ സംഭാഷ്യ വർജ്ജനം	തൊടാൻ പാടില്ലാത്തവരേയും ഉണ്ണാൻ അനർഹമായവയേയും സംഭാഷണ അനർഹരേയും ഉപേക്ഷിക്കുക

സർവ്വഭൂതേഷു	സമസ്തപ്രാണികളിലും
മദ്ഭാവം	എന്നെ ധ്യാനിക്കുക
മനോ വാക്കായ സംയമഃ	മനം, വാക്ക്, ശരീരം ഇവയെ നിയന്ത്രിക്കുക
അയം നിയമഃ	എന്ന ഈ നിയമം
സർവ്വാശ്രമ പ്രയുക്തഃ	എല്ലാ ആശ്രമങ്ങൾക്കും പൊതുവാകുന്നു.

36. **ഏവം ബൃഹദ്വ്രതധരോ ബ്രാഹ്മണോഽഗ്നിരിവ ജ്വലൻ**
മദ്ഭക്തസ്തീവ്രതപസാ ദഗ്ധകർമ്മാശയോഽമലഃ

ഏവം ബൃഹദ് വ്രത ധരഃ	ഇപ്രകാരം നൈഷ്ഠിക ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കുന്നവനും
ബ്രാഹ്മണഃ	വേദാർത്ഥ വിചാരം ചെയ്ത ബ്രാഹ്മണൻ
അഗ്നിഃ ഇവ ജ്വലൻ	അഗ്നിവത് ജ്വലിക്കുന്നവനായി
തീവ്രവ്രത തപസാ	തീവ്രമായ തപസ്സാൽ
ദഗ്ധ കർമ്മാശയഃ	ദഹിക്കപ്പെട്ട അന്തഃകരണത്തോടുകൂടിയവനായി
അമലഃ	ആയതിനാൽ നിഷ്കാമനായി
മദ്ഭക്തഃ	എന്നിൽ ഭക്തിയുള്ളവനായിത്തീരുന്നു
ഉപകുർവ്വാണകന്ന്	സമാവർത്തന വിധി ക്രമത്തെ പറയുന്നു

37. **അഥാനന്തരമാവേക്ഷ്യൻ യഥാജിജ്ഞാസിതാഗമഃ**
ഗുരവേ ദക്ഷിണാം ദത്വാ സ്നായാദ് ഗുർവ്വനുമോദിതഃ

യഥാജിജ്ഞാസിതാഗമഃ	വിധിപ്രകാരം വേദാർത്ഥ വിചാരം ചെയ്യുവൻ
അഥ	അതിനുശേഷം
അനന്തരം	രണ്ടാമത്തേതായ ഗൃഹസ്ഥാശ്രമത്തിൽ
ആവേക്ഷ്യൻ	പ്രവേശിക്കുവാനാഗ്രഹിച്ചുവെങ്കിൽ
ഗുരവേ ദക്ഷിണാം ദത്വാ	ഗുരുവിന് ദക്ഷിണ നല്കി
ഗുർവ്വനുമോദിതഃ	ഗുരുവിനാൽ സമ്മതിക്കപ്പെട്ട്
സ്നായാത്	സമാവർത്തനം ചെയ്യണം

38. **ഗൃഹം വനം വോപവിശേത് പ്രവ്രജേദ്വാ ദ്വിജോത്തമഃ**
ആശ്രമാദാശ്രമം ഗച്ഛേത് നാന്യഥാ മത്പരശ്ചരേത്

ഗൃഹം	(ആഗ്രഹം ഉള്ളവനെങ്കിൽ) ഗൃഹസ്ഥാശ്രമത്തിനേയോ
വനം വാ	(ചിത്തശുദ്ധിയേ ആഗ്രഹിക്കുന്നുവെങ്കിൽ) വാനപ്രസ്ഥാശ്രമത്തിനേയോ
ഉപവിശേത്	പ്രവേശിക്കണം (സ്വീകരിക്കണം)
ദ്വിജോത്തമഃ	ചിത്തശുദ്ധിസിദ്ധിച്ചവനാണെങ്കിൽ ബ്രാഹ്മണൻ
പ്രവ്രജേത് വാ	സന്യാസാശ്രമത്തിനേയോ സ്വീകരിക്കാം;

ആശ്രമാത്	അഥവാ ഒരു ആശ്രമത്തിൽ നിന്നു്	അന്യഥാ ന	അനാശ്രമിയായി ഇരിക്കുവാൻ പാടില്ല അഥവാ ഈ ക്രമത്തിനു വിപരീതമായി നടക്കരുതു്;
ആശ്രമം	ആശ്രമാന്തരം	മത്പരഃ ചരേത്	എന്നിൽ ഭക്തിയോടെ ഇരിക്കേണ്ടതാണു്
ഗച്ഛേത്	പ്രവേശിക്കാം;		

39. ഗൃഹാർത്ഥീ സദൃശീം ഭാര്യ്യാമുദ്വഹേദജുഗുപ്സിതാം
യവീയസീം തു വയസാ താം സവർണ്ണാമനുക്രമാത്

ഗൃഹാർത്ഥീ	ഗൃഹസ്ഥാശ്രമത്തിനെ ആഗ്രഹിക്കുന്നവൻ	ഭാര്യാം	ഭാര്യയെ
സദൃശീം	തനിക്കനുരൂപയും	ഉദ്വഹേത്	വിവാഹം ചെയ്തുകൊള്ളേണ്ടതാണു്
അജുഗുപ്സിതാം	കുലംകൊണ്ടും ലക്ഷണം കൊണ്ടും ഇഷ്ടപ്പെട്ടവളായും	താം തു	വേറൊരുത്തിയെ കാമഭോഗത്തിന്നായി വിവാഹിക്കുന്നുവെങ്കിൽ
സവർണ്ണാം	സ്വജാതിയിൽ ജനിച്ചവളും	അനുക്രമാത്	സ്വജാതി സ്ത്രീയെ വിവാഹിച്ചു് ക്രമത്തിൽ ക്ഷത്രിയ, വൈശ്യ, ശൂദ്ര-കന്യകളെ വിവാഹം ചെയ്യേണ്ടതാകുന്നു
വയസായവീയസീം	വയസ്സു് കുറഞ്ഞവളും ആയ		

40. ഇജ്യാധ്യയനദാനാനി സർവ്വേഷാം ച ദ്വിജന്മനാം
പ്രതിഗ്രഹോഽധ്യാപനം ച ബ്രാഹ്മണസ്യൈവ യാജനം

ഇജ്യാധ്യയനദാനാനി	യാഗം, വേദാധ്യയനം, ദാനം ഇവ	അധ്യാപനം	വേദം പറഞ്ഞു കൊടുക്കുന്നതും
സർവ്വേഷാം ദ്വിജന്മനാം ച	ബ്രാഹ്മണക്ഷത്രിയ വൈശ്യന്മാർ എല്ലാവർക്കും മുഖ്യധർമ്മങ്ങളാം	യാജനം ച	യാഗം ചെയ്യിപ്പിക്കുന്നതും (ഉപജീവനമാർഗ്ഗം
പ്രതിഗ്രഹഃ	പ്രതിഗ്രവും	ബ്രാഹ്മണസ്യ ഏവ	അതു ബ്രാഹ്മണന്നു് മാത്രമാണു്

41. പ്രതിഗ്രഹം മന്യമാനസ്തപസ്തേജോയശോനുദം
അന്യാഭ്യാമേവ ജീവേത ശിലൈർവ്വാ ദോഷദൃക്തയോഃ

പ്രതിഗ്രഹം	പ്രതിഗ്രഹം	മന്യമാനഃ	വിചാരിക്കുന്നവൻ
തപസ്തേജോയശോനുദം	തപസ്സ്, തേജസ്സ്, കീർത്തി ഇവയെ നാശം ചെയ്യുന്നതായിട്ടു്	അന്യാഭ്യാമേവ	അധ്യാപനം, യാജനം, എന്ന അന്യദ്വയങ്ങളാം കൊണ്ടുതന്നെ

ജീവേത — ജീവിക്കേണ്ടതാകുന്നു
തയോ: — അവയിലും
ദോഷദൃക് — കാർപ്പണ്യം മുതലായ കുററങ്ങളെ കാണുന്നവൻ
ശിലൈ വാ — ക്ഷേത്രങ്ങളിൽ ഉപേക്ഷിക്കപ്പെട്ട് ഇറഞ്ഞു കിടക്കുന്ന ധാന്യം കൊണ്ട് ജീവിക്കണം

42. ബ്രാഹ്മണസ്യ ഹി ദേഹോऽയം ക്ഷുദ്രകാമായ നേഷ്യതേ
കൃച്ഛ്റായ തപസേ ചേഹ പ്രേത്യാനന്തസുഖായ ച

ഹി — എന്തുകൊണ്ടെന്നാൽ
ബ്രാഹ്മണസ്യ — ബ്രാഹ്മണൻെറ
അയം ദേഹ: — ഈ ദേഹം
ക്ഷുദ്രകാമായ — അല്പമായ വിഷയസുഖത്തിനുവേണ്ടി
ന ഈഷ്യതേ — ഇച്ഛിക്കപ്പെടുന്നില്ല.
ഇഹകൃച്ഛ്റായ തപസേ — ഈ ലോകത്തിൽ കഷ്ടപ്പെടുവാനും തപസ്സുചെയ്യുവാനും (തത്വമറിയുവാനും)
പ്രേത്യ — ആയതിനാൽ മരണം സംഭവിച്ചും
അനന്ത — മോക്ഷം പ്രാപിക്കുവാന
സുഖായ ച — മായി ആഗ്രഹിക്കപ്പെടുന്നു

43. ശിലോഞ്ഛവൃത്ത്യാ പരിതുഷ്ടചിത്തോ
ധർമ്മം മഹാന്തം വിരജം ജുഷാണ:
മയ്യർപിതാത്മാ ഗൃഹ ഏവതിഷ്ഠ-
ന്നാതി പ്രസക്ത: സമുപൈതി ശാന്തിം

ശിലോഞ്ഛവൃത്ത്യാ — പാടങ്ങളിൽ ഇറഞ്ഞുകിടക്കുന്ന നെല്ല് ശേഖരിച്ചും അങ്ങാടിയിൽ ചിതറിക്കിടക്കുന്ന ധാന്യം പെറുക്കിയും ജീവിക്കുന്നതിനാൽ
പരിതുഷ്ട — മനസ്സന്തുഷ്ടി പ്രാപിച്ച
ചിത്ത: — വനായി
വിരജം — നിഷ്കാമമായി
മഹാന്തം ധർമ്മം — ഉത്തമമായ ആതിത്ഥ്യം മുതലായ ധർമ്മങ്ങളെ
ജുഷാണ: — അനുഷ്ഠിക്കുന്നവൻ
മയി അർപി — എന്നിൽ മനസ്സിനെ
താത്മാ — ചെലുത്തി
നാതി — സ്വപുത്രപുത്രികളോട്
പ്രസക്ത: — അധികം രാഗമില്ലാത്തവനായി
ഗൃഹേ ഏവ തിഷ്ഠൻ — ഗൃഹസ്ഥാശ്രമത്തിൽ ഇരുന്നുകൊണ്ടുതന്നെ
ശാന്തിം സമുപേതി — മോക്ഷം പ്രാപിക്കുന്നു.

ഇപ്രകാരം ധനമില്ലാത്തവർക്ക് വലിയ പ്രയോജനത്തിനെ പറഞ്ഞിട്ട് ധനമുള്ളവർക്ക് പ്രയോജനത്തിനെ പറയുന്നു.

44. സമുദ്ധരന്തി യേ വിപ്രം സീദന്തം മത്പരായണം
താനുദ്ധരിഷ്യേ ന ചിരാദാപദ്ഭ്യോ നൗരിവാർണ്ണവാത്

വിപ്രം	വിപ്രനെ എങ്കിലും
മത്പരായണം	എന്നിൽ ഭക്തിയുള്ളവനും
സീദന്തം	ഉപജീവനമാർഗ്ഗമില്ലാതെ ദുഃഖിക്കുന്ന അന്യൻ ഒരുത്തനെ എങ്കിലും
യേ സമുദ്ധരന്തി	ആര് രക്ഷിക്കുന്നുവോ
താൻ	അവരെ
അർണ്ണവാത് നൌ: ഇവ	സമുദ്രത്തിൽ നിന്നും കപ്പൽ രക്ഷിക്കുന്നതു പോലെ
ആപദ്ഭ്യ:	അപകടങ്ങളിൽ നിന്നും
ന ചിരാത്	താമസിക്കാതെ
ഉദ്ധരിഷ്യേ	ഞാൻ രക്ഷിക്കും

45. സർവ്വാ: സമുദ്ധരേത് രാജാ പിതേവ വ്യസനാത് പ്രജാ:
ആത്മാനമാത്മനാ ധീരോ യഥാ ഗജപതിർഗജാൻ

പിതാ	ഒരു പിതാവ്
പ്രജാ: ഇവ	തന്റെ മക്കളെ രക്ഷിക്കുന്നതുപോലെ
രാജാ	രാജാവ്
സർവ്വാ	എല്ലാ പ്രജകളേയും
വ്യസനാത്	ദുഃഖങ്ങളിൽ നിന്നും
സമുദ്ധരേത്	രക്ഷിക്കേണ്ടതാണ്
യഥാ ഗജപതി	എങ്ങിനെ ഗജയൂഥത്തിൽ യൂഥപതി
ഗജാൻ	വേറെ ആനകളേ രക്ഷിക്കുന്നുവോ അതു പോലെ
ധീര: ആത്മനാ	വിവേകിയായി ഭക്തി ജ്ഞാനങ്ങളാൽ സംസാരം പ്രാപിച്ച
ആത്മാനം	തന്നെ
സമുദ്ധരേത്	ഉദ്ധരിച്ചുകൊള്ളേണ്ടതാകുന്നു

46. ഏവംവിധോ നരപതിർ വിമാനേനാർക്കവർച്ചസാ
വിധൂയേഹാശുഭം കൃത്സ്നമിന്ദ്രേണ സഹ മോദതേ

ഏവം വിധ:	ഇപ്രകാരമായ കാര്യങ്ങളോടുകൂടിയ
നരപതി:	രാജാവ്
ഇഹ	ഈലോകത്തിൽ
കൃത്സേന	സകല പാപങ്ങളേയും
അശുഭം വിധൂയ	നശിപ്പിച്ചിട്ട്
അർക്കവർച്ചസാ	സൂര്യനെ പോലെ പ്രകാശിക്കുന്ന
വിമാനേന	വിമാനത്തിൽ ആരൂഢനായി (സ്വർഗ്ഗാരോഹണം ചെയ്ത്)
ഇന്ദ്രേണ സഹ	ഇന്ദ്രനോടുകൂടി
മോദതേ	സന്തോഷം പ്രാപിക്കുന്നു

47. സീദൻ വിപ്രോ വണിഗ്വൃത്ത്യാ പണ്യൈരേവാപദം തരേത്
ഖഡ്ഗേന വാഽഽപദാക്രാന്തോ ന ശ്വവൃത്ത്യാ കഥഞ്ചന

സീദൻ	ഉപര്യുക്തമായ വൃത്തികളാൽ ജീവിക്കുവാൻ സാധിക്കാതെ ദുഃഖിക്കുന്ന
വിപ്ര:	ബ്രാഹ്മണൻ
വണിഗ്	വൈശ്യവൃത്തിയെ
വൃത്ത്യാ	ആശ്രയിച്ച്

പണ്യ: ഏവ	വിക്രയയോഗ്യമായ ദ്രവ്യങ്ങൾ കൊണ്ടുതന്നെ	ഖഡ്ഗേന വാ	ക്ഷത്രിയവൃത്തിയെ ആശ്രയിക്കേണ്ടതാകുന്നു.
ആപദം തരേത്	ആപത്തിനെ കടക്കേണ്ടതാണ്;	കഥഞ്ചന ശ്വവൃത്ത്യാ ന	നീചന്മാരെ സേവിച്ച് ഒരിക്കലും ജീവിക്കുവാൻ പാടില്ല.
ആപദാ ആക്രാന്ത:	അതിലും അപകടം ഉണ്ടാകുമെങ്കിൽ		

48. വൈശ്യവൃത്ത്യാ തു രാജന്യോ ജീവേന്മൃഗയയാഽപദി
ചരേത് വാ വിപ്രരൂപേണ ന ശ്വവൃത്ത്യാ കഥഞ്ചന

രാജന്യഃ	ക്ഷത്രിയൻ	വിപ്ര രൂപേണവാ	അഥവാ ബ്രാഹ്മണ വൃത്തിയിലും
ആപദി	ആപത്തു കാലത്തിങ്കൽ	ചരേത്	ജീവിക്കാം;
വൈശ്യ വൃത്ത്യാ	വൈശ്യവൃത്തികൊണ്ടെങ്കിലും	കഥഞ്ചന	ഏതു വിധത്തിലും
മൃഗയയാ തു	അഥവാ വേട്ടയാടി എങ്കിലും	ശ്വ വൃത്ത്യാ ന	ദാസവൃത്തികൊണ്ട് ജീവിക്കരുത്
ജീവേത്	ജീവിക്കാം.		

49. ശൂദ്രവൃത്തിം ഭജേത് വൈശ്യഃ ശൂദ്രഃ കാരു കടക്രിയാം
കൃച്ഛ്രാന്മുക്തോ ന ഗർഹ്യേണ വൃത്തിം ലിപ്സേത കർമ്മണാ

വൈശ്യഃ	വൈശ്യൻ	കൃച്ഛ്രാത് മുക്തഃ	ആപത്തിൽനിന്നും മുക്തനായവൻ
ശൂദ്രവൃത്തിം ഭജേത്	ശൂദ്രവൃത്തിയെ ആശ്രയിക്കാം;	ഗർഹ്യേണ കർമ്മണാ	ഗാർഹ്യമായ തൊഴിലാൽ
ശൂദ്ര	ശൂദ്രൻ	വൃത്തിം ന ലിപ്സേത	ജീവിക്കുവാൻ ആഗ്രഹിക്കരുത്.
കാരു കട ക്രിയാം	തൊഴിലാളികളുടെ തൊഴിലായ പായ മെടയുക മുതലായവയേ ആശ്രയിക്കാം;		

50. വേദാദ്ധ്യായ സ്വധാസ്വാഹാ ബല്യന്നാദ്യൈര്യഥോദയം
ദേവർഷി പിതൃഭൂതാനി മദ്രൂപാണ്യന്വഹം യജേത്

വേദാദ്ധ്യായ സ്വധാ സ്വാഹാ ബല്യന്നാദ്യൈഃ	ബ്രഹ്മയജ്ഞം, സ്വധാകാരം, സ്വാഹാകാരം, ബലിഹരണം, അന്നം മുതലായവകളാൽ	മദ്രൂപാണി	എന്റെ രൂപങ്ങളായ
യഥോദയം	വിഭവങ്ങൾക്കൊത്ത പ്രകാരം	ദേവർഷി പിതൃ ഭൂതാനി	ദേവന്മാർ, ഋഷികൾ, പിതൃക്കൾ ഭൂതങ്ങൾ (മനുഷ്യർ) ഇവരെ
		അന്വഹം യജേത്	ഓരോ ദിവസവും പൂജിക്കേണം.

51. **യദൃച്ഛയോപപന്നേന ശുക്ലേനോപാർജിതേന വാ**
ധനേനാപീഡയൻ ഭൃത്യാൻ ന്യായേനൈവാഹരേത് ക്രതൂൻ

യദൃച്ഛയാ	ഉദ്യമിക്കാതേ യാദൃച്ഛികമായി	ശുക്ലേന ധനേന	ശുദ്ധമായ ധനം കൊണ്ട്
ഉപപന്നേന വാ	ലഭിച്ചതോ അഥവാ	ഭൃത്യാൻ	താൻ ഭരിക്കേണ്ടവരേ
		അപീഡയൻ	ഉപദ്രവിക്കാതെ
ഉപാർജിതേന	തന്റെ വൃത്തികൊണ്ട് സമ്പാദിക്കപ്പെട്ടതോ ആയ	ന്യായേന	വിധിക്രമത്തിൽ
		ക്രതൂൻ ആഹരേത്	യാഗങ്ങളെ ചെയ്യേണ്ടതാണ്.

52. **കുടുംബേഷു ന സജ്ജേത ന പ്രമാദ്യേത് കുടുംബ്യപി**
വിപശ്ചിന്നശ്വരം പശ്യേദദൃഷ്ടമപി ദൃഷ്ടവത്

കുടുംബീ അപി	കുടുംബിയായി ഇരുന്നിട്ടും	ദൃഷ്ടവത്	ദൃഷ്ടിഗോചരമായ വസ്തുവിനെപോലെത്തന്നെ
കുടുംബേഷു	കുടുംബങ്ങളിൽ	അദൃഷ്ടമപി	ദൃഷ്ട്യഗോചരമായ സ്വർഗ്ഗാദികളേയും
ന സജ്ജേത	ബന്ധപ്പെടരുത്;		
ന പ്രമാദ്യേത	ഈശ്വര ധ്യാനത്തിൽ വഞ്ചിക്കരുത്.	നശ്വരം പശ്യേത്	നശിക്കുന്നതായിത്തന്നേ അറിയേണ്ടതാകുന്നു.

53. **പുത്രദാരാപ്തബന്ധൂനാം സംഗമഃ പാന്ഥ സംഗമഃ**
അനുദേഹം വിയന്ത്യേതേ സ്വപ്നോ നിദ്രാനുഗോ യഥാ

പുത്രദാരാപ്തബന്ധൂനാം	പുത്രൻ, ഭാര്യ, സഖാവ് ബന്ധുക്കൾ ഇവരോടുള്ള	സ്വപ്നഃ	സ്വപ്നം
സംഗമഃ	സംഗമം	നിദ്രാനുഗഃ യഥാ	നിദ്രയെ അനുസരിച്ച് എപ്രകാരം ഇരിക്കുന്നുവോ
പാന്ഥ സംഗമഃ	(തണ്ണീർ പന്തലിൽ) വഴിപോക്കന്മാരുടെ സംഗമം പോലെയാകുന്നു;	ഏതേ	അപ്രകാരം തന്നെ ഇവർ
		അനുദേഹം	ഓരോ ശരീരത്തിലും
		വിയന്തി	വിട്ടുപിരിയുന്നു.

54. **ഇത്ഥം പരിമൃശൻ മുക്തോ ഗൃഹേഷ്വതിഥിവദ് വസൻ**
ന ഗൃഹൈരനുബദ്ധ്യേത നിർമ്മമോ നിരഹംകൃതഃ

ഇത്ഥം	ഇപ്രകാരം	നിരഹംകൃതഃ	ദേഹാത്മ ബുദ്ധി ഇല്ലാതെ
പരിമൃശൻ	പരാമർശിച്ചുകൊണ്ട്	ഗൃഹേഷു	ഗൃഹത്തിൽ
നിർമ്മമഃ	എന്റെത് എന്ന അഭിമാനരഹിതനായി	അതിഥിവത്	അതിഥിയെ പോലെ
		വസൻ	വസിക്കുന്നവൻ

ഗൃഹൈഃ	ഗൃഹകൃത്യങ്ങളാൽ	മുക്തഃ	എന്നുമാത്രമല്ല ജീവന്മുക്ത നായും ഭവിക്കുന്നു.
ന ബദ്ധ്യേത	ബന്ധിക്കപ്പെടുന്നില്ല;		

55. കർമ്മഭിർഗൃഹമേധീയൈരിഷ്ട്വാ മാമേവ ഭക്തിമാൻ
തിഷ്ഠേദ്വനം വോപവിശേത് പ്രജാവാൻ വാ പരിവ്രജേത്

ഭക്തിമാൻ	എന്നിൽ ഭക്തിയുള്ളവ നെങ്കിൽ	തിഷ്ഠേത്	ഇരിക്കാം;
		വാ	അഥവാ
ഗൃഹമേധീ യൈഃ	ഗൃഹസ്ഥന്നു യോഗ്യമായ	വനം ഉപവിശേത്	വനത്തിൽ പോകാം
കർമ്മഭിഃ	കർമ്മങ്ങളാൽ	വാ	അഥവാ പുത്രവാനായിരു
മാം ഇഷ്ട്വാ	എന്നെ ആരാധിച്ച് ഗൃഹ	പ്രജവാൻ	ന്നാൽ (പുത്രിയായി)
ഏവ	സ്ഥാശ്രമത്തിൽ തന്നെ	പരിവ്രജേത്	സന്യസിക്കാം.

56. യസ്ത്വാസക്തമതിർഗേഹേ പുത്രവിത്തൈഷണാതുരഃ
സ്ത്രൈണഃ കൃപണധീർമൂഢോ മമാഹമിതി ബദ്ധ്യതേ

ഗേഹേ	ഗൃഹത്തിൽ	യഃ	ഏതൊരുത്തൻ
ആസക്തമതി:	ആസക്തനായ്		
പുത്ര വിത്തൈ ഷണാതുരഃ	പുത്രന്മാരിലും ധനത്തിലും ഉള്ള ആഗ്രഹത്താൽ ഉണ്ടാ യ ദുഃഖത്തോടുകൂടിയവനും	മമ അഹം ഇതി	"എന്റേതു" എന്നും "ഞാൻ" എന്നും
		മൂഢഃ	മോഹം പ്രാപിക്കുന്നവോ അവൻ
സ്ത്രൈണഃ	സ്ത്രീകൾക്ക് വശ്യനായി		
കൃപണധീഃ	ആയതിനാൽ ദുഃഖിക്കുന്ന മനസ്സോടു കൂടിയവനായി	ബദ്ധ്യതേ	ബന്ധം പ്രാപിക്കുന്നു.

57. അഹോ മേ പിതരൗ വൃദ്ധൗ ബാലാത്മജാഽഽത്മജാഃ
അനാഥാ മാമൃതേ ദീനാഃ കഥം ജീവന്തി ദുഃഖിതാഃ

58. ഏവം ഗൃഹാശയാക്ഷിപ്ത ഹൃദയോ മൂഢധീരയം
അതൃപ്തസ്താനനുധ്യായൻ മൃതോഽന്ധം വിശതേ തമഃ

അഹോ മേ	അയ്യോ, വൃദ്ധരായ	ആത്മജാഃ	മക്കളും
വൃദ്ധൗ	എന്റെ അച്ഛനും	മാം ഋതേ	ഞാനില്ലാതെ
പിതരൗ	അമ്മയും	അനാഥാഃ	അനാഥകളായി
ബാലാ- ത്മജാ	ബാലന്മാരായ കുഞ്ഞു കളോടുകൂടിയ	ദീനാഃ	ദരിദ്രന്മാരായി
		ദുഃഖിതാഃ	ദുഃഖിച്ചവരായി
ഭാര്യാ	ഭാര്യയും	കഥം ജീവന്തി	എങ്ങിനെ ജീവിക്കും;

ഏവം	എന്നിപ്രകാരം	അതൃപ്തഃ	വിഷയഭോഗ സുഖങ്ങളിൽ അതൃപ്തനായി
ഗൃഹാശയാ	ഗൃഹത്തിൽ ആശകൊണ്ട്	താൻ അനുധ്യായൻ	ഗൃഹാദികളെ ധ്യാനിച്ചുകൊണ്ടുതന്നെ
ആക്ഷിപ്ത ഹൃദയഃ	വിക്ഷിപ്തമായ മനസ്സോടുകൂടിയവനായി	മൃതഃ	മരണം പ്രാപിച്ച്
മൂഢധീഃ	ആയത്തുകൊണ്ട് ബുദ്ധിമയങ്ങിയവനായി	അന്ധം തമഃ വിശതേ	തമോഗുണപൂർണ്ണമായ ജന്മം എടുക്കുന്നു,

ഇതി ശ്രീമത്ഭാഗവതം മഹാപുരാണം പതിനൊന്നാം സ്കന്ധം
പതിനേഴാമദ്ധ്യായം സമാപ്തം.
ആദിതഃ ശ്ലോകാഃ 12912 ഏകാദശസ്കന്ധം ആദിതഃ ശ്ലോകാഃ 746

അഷ്ടാദശോഽധ്യായഃ = അധ്യായം പതിനെട്ട്

വാനപ്രസ്ഥ സന്യാസാശ്രമധർമ്മ നിരൂപണം

വാനപ്രസ്ഥസന്യാസാശ്രമധർമ്മങ്ങളെ നിരൂപിക്കുന്നത്.

ശ്രീ ഭഗവാനുവാച — ശ്രീ ഭഗവാൻ പറഞ്ഞു:—

1. വനം വിവിക്ഷുഃ പുത്രേഷു ഭാര്യാം ന്യസ്യ സഹൈവ വാ
വന ഏവ വസേച്ഛാന്തസ്തൃതീയം ഭാഗമായുഷഃ

വനം	വാനപ്രസ്ഥാശ്രമം	ശാന്തഃ	ശാന്തനായി
വിവിക്ഷുഃ	സ്വീകരിക്കുവാനാഗ്രഹിക്കുന്നവനു്	ആയുഷഃ തൃതീയം ഭാഗം	തന്റെ ആയുസ്സിൽ മൂന്നാമത്തെ ഭാഗം (അതായത് 75 വയസ്സ്)അവസാനം വരെ
പുത്രേഷു	പുത്രന്മാരുടെ അടുക്കൽ		
ഭാര്യാം ന്യസ്യ	ഭാര്യയെ വിട്ടിട്ട്		
സഹ ഏവ വാ	അല്ലെങ്കിൽ തന്റെ കൂടെ കൂട്ടിക്കൊണ്ടോ	വനേ ഏവ വസേത്	വനത്തിൽ തന്നെ വസിക്കേണ്ടതാകുന്നു.

2. കന്ദമൂലഫലൈർവന്യൈർമേധ്യൈർവൃത്തിം പ്രകല്പയേത്
വസീത വല്കലം വാസസ്തൃണപർണ്ണാജിനാനി ച

വന്യൈഃ	കാട്ടിൽ ഉണ്ടായതും	വല്കലം	മരവുരിയും
മേധ്യൈഃ	പരിശുദ്ധവുമായ	തൃണപർണ്ണാജിനാനി ച	പുല്ല്, ഇല, മാൻതോൽ ഇവകളെ
കന്ദമൂലഫലൈഃ	കന്ദമൂലഫലങ്ങളാൽ	വാസഃ	വസ്ത്രമായ്
വൃത്തിം പ്രകല്പയേത്	ഉപജീവനം നടത്തേണ്ടതാണ്	വസീത	ഉടുക്കേണ്ടതാകുന്നു

3. കേശരോമനഖശ്മശ്രുമലാനി ബിഭൃയാത് ദതഃ
ന ധാവേദപ്സു മജ്ജേത ത്രികാലം സ്ഥണ്ഡിലേശയഃ

കേശരോമനഖശ്മശ്രുമലാനി	തലമുടി, ശരീരരോമം, നഖങ്ങൾ, മീശ, അഴുക്ക് ഇവയെ	സ്ഥണ്ഡിലേശയഃ	തറയിൽ തന്നെ കിടക്കേണ്ടതാണ്
ബിഭൃയാത്	വളർത്തികൊള്ളണം	ത്രികാലം	മൂന്നുനേരവും
ദതഃ ന ധാവേത്	പല്ല് തേക്കരുത്	അപ്സു മജ്ജേത	മുങ്ങികുളിക്കണം

4. ഗ്രീഷ്മേ തപ്യേത പഞ്ചാഗ്നീൻ വർഷാസ്വാസാരഷാഡ്ജലേ
ആകണ്ഠമഗ്നഃ ശിശിരേ ഏവം വൃത്തസ്തപശ്ചരേത്

ഗ്രീഷ്മേ	വേനൽ കാലത്തിൽ	ശിശിരേ	മഞ്ഞുകാലത്തിൽ
പഞ്ചാഗ്നീൻ തപ്യേത	ഉയരെ സൂര്യനും നാലുദിക്കുകളിൽ അഗ്നിയേയും വെച്ചുകത്തിച്ച് ദേഹത്തിനെ തപിപ്പിക്കേണ്ടതാണ്	ജലേ	ജലത്തിൽ
		ആകണ്ഠ മഗ്നഃ	കഴുത്തുവരെ മുങ്ങി ഇരിക്കേണ്ടതാകുന്നു;
വർഷാസു	മഴക്കാലത്തിൽ	ഏവം വൃത്തഃ	ഉപര്യുക്തപ്രകാരം
ആസാരഷാട്	മഴയിൽ നിന്നുകൊണ്ട് അതിനെ സഹിച്ചുകൊള്ളേണ്ടതാകുന്നു	തപഃ ചരേത്	തപസ്സുചെയ്യേണം

5. അഗ്നിപക്വം സമശ്നീയാത് കാലപക്വമഥാപി വാ
ഉലൂഖലാശ്മകുട്ടോ വാ ദന്തോലൂഖല ഏവ വാ

അഗ്നിപക്വം വാ	അഗ്നിയിൽ യാഗം ചെയ്തതിനേയോ	അഥ കാലപക്വം അപി	അഥവാ യഥാസമയം പഴുത്തതിനേയോ

അശ്നീയാത്	ഭക്ഷിക്കേണ്ടതാകുന്നു
ഉലൂഖലാശ്മ കുട്ടഃ വാ	ഉരലിലോ, അമ്മിയിലോ അരച്ച് ഉണ്ണുന്നവനായിട്ടോ
ദന്തോലൂഖലഃ വാ ഏവ	അഥവ പല്ലിനെ ഉലൂഖലമായി ഉപയോഗിക്കുന്നവനായിരിക്കേണം.

6. സ്വയം സഞ്ചിനുയാത്സർവ്വമാത്മനോ വൃത്തികാരണം
ദേശകാലബലാഭിജ്ഞോ നാദദീതാന്യദാഹൃതം

ദേശകാല	ദേശം, കാലം ഇവയുടെ
ബലാഭിജ്ഞഃ	ബലം അറിഞ്ഞവനായി
ആത്മനഃ	തന്റെ ഉപജീവനത്തിനു
വൃത്തികാരണം	വേണ്ടതിനെ
സർവ്വം സ്വയം	എല്ലാററിനേയും താൻ
സംചിനുയാത്	തന്നെ സമ്പാദിക്കണം;
അന്യദാ ആഹൃതം	ഒരുകാലത്തിൽ സമ്പാദിച്ചതിനെ മറെറാരു കാലത്തിൽ
ന ആദദീത	സ്വീകരിക്കരുത്

7. വന്യൈശ്ചരുപുരോസാശൈർനിർവപേത് കാലചോദിതാൻ
ന തു ശ്രൗതേന പശുനാ മാം യജേത വനാശ്രമീ

വനാശ്രമീ	വാനപ്രസ്ഥൻ
വന്യൈഃ	കാട്ടിൽ ഉണ്ടായവയെ
ചരുപുരോസാശൈഃ	ചരുപുരോസാശങ്ങളെ കൊണ്ട്
കാലചോദിതാൻ നിർവ്വപേത്	അതാതു കാലങ്ങളിൽ വിധിക്കപ്പെട്ട ആഗ്രയണം മുതലായവയെ ചെയ്യേണ്ടതാണ്
തു	അല്ലാതെ
ശ്രൗതേന പശുനാ	വേദത്തിൽ പറഞ്ഞ പശുവിനെക്കൊണ്ട്
മാം ന യജേത	എന്നെ പൂജിക്കരുതു്

8. അഗ്നിഹോത്രഞ്ച ദർശശ്ച പൂർണ്ണമാസശ്ച പൂർവ്വവത്
ചാതുർമ്മാസ്യാനി ച മുനേരാമ്നാതാനി ച നൈഗമൈഃ

പൂർവ്വവത്	ഗൃഹസ്ഥനെപോലെ തന്നെ
അഗ്നിഹോത്രം ച	അഗ്നിഹോത്രവും
ദർശഃ ച	ദർശവും.
പൂർണ്ണമാസഃ ച	പൂർണ്ണമാസവും
ചാതുർമ്മാസ്യാനി ച	ചാതുർമ്മാസ്യങ്ങളും.
മുനേഃ ച	വാനപ്രസ്ഥനും.
നൈഗമൈഃ	വേദവിത്തുക്കളാൽ
ആമ്നാതാനി	വിധിക്കപ്പെട്ടിരിക്കുന്നു

9. ഏവം ചീർണ്ണേന തപസാ മുനിർധമനിസന്തതഃ
മാം തപോമയമാരാധ്യ ഋഷിലോകാദുപൈതി മാം

ഏവം	ഇപ്രകാരം	തപോമയം	തപോമയനായ്
ചീർണ്ണേന	വിധിക്കപ്പെട്ട	മാം ആരാദ്ധ്യ	എന്നെ ആരാധിച്ച്
തപസാ	തപസ്സുകൊണ്ട്	ഋഷി ലോകത്	ഋഷിലോകത്തിൽ നിന്ന്
മുനിഃ	വാനപ്രസ്ഥൻ	മാം ഉപൈതി	എന്നോട് വന്നു ചേരുന്നു.
ധമനി	ഞരമ്പുകൾ (ധമനികൾ)		
സന്തതഃ	അടന്ന്		

10. **യസ്ത്വേതത് കൃച്ഛ്രതശ്ചീർണ്ണം തപോ നിശ്ശ്രേയസം മഹത്**
കാമായാൽപീയസേ യുഞ്ജ്യാത് ബാലിശഃ കോഽപരസ്തതഃ

നിഃശ്രേയസം	മോക്ഷം നല്കുന്നതും	അല്പീയസേ	വളരെ തുച്ഛമായ
കൃച്ഛ്രതഃ	കഷ്ടപ്പെട്ട് അനുഷ്ഠിക്ക	കാമായ	ഫലത്തിന്നായ്
ചീർണ്ണം	പ്പെട്ടതുമായ	യുഞ്ജ്യാത്	ഉപയോഗിക്കുന്നുവോ
ഏതത് മഹത് തപഃ	ഈ മഹാ തപസ്സിനെ	തതഃ	അവനേക്കാൾ
		അപരഃ കഃ	വേറെ ആരാണ്
യഃ	ഏതൊരുത്തൻ	ബാലിശഃ	മൂഢൻ

11. **യദാസൌ നിയമേഽകല്പോ ജരയാ ജാതവേപഥുഃ**
ആത്മന്യഗ്നീൻ സമാരോപ്യ മച്ചിത്തോഽഗ്നിം സമാവിശേത്

അസൌ	ഈ വാനപ്രസ്ഥൻ	ആത്മനി	തന്നിൽത്തന്നെ
ജരയാ	വാർദ്ധക്യംകൊണ്ട്	സമാരോപ്യ	സമാരോപണം കൊണ്ട്
ജാത വേപഥുഃ	ദേഹം വിറച്ചുകൊണ്ട്		
നിയമേ	നിയമങ്ങളെ അനുഷ്ഠിക്കുന്നതിൽ	മച്ചിത്തഃ	എന്നിൽ മനസ്സിനെ ഏകാഗ്രമായ്
അകല്പഃ യദാ	അശക്തനാകുമ്പോൾ	അഗ്നിം സമാവിശേത്	അഗ്നി പ്രവേശം ചെയ്യണം.
അഗ്നീൻ	ത്രേതാഗ്നികളെ		

12. **യദാ കർമ്മവിപാകേഷു ലോകേഷു നിരയാത്മസു**
വിരാഗോ ജായതേ സമ്യക് ന്യസ്താഗ്നിഃ പ്രവ്രജേത്തതഃ

കർമ്മവിപാകേഷു	നരകതുല്യങ്ങളുമായ	വിരാഗഃ	വൈരാഗ്യത്തോട് കൂടിയവനായ്
നിരയാത്മസു	കർമ്മഫലങ്ങളും	ജായതേ	ഭവിക്കുന്നുവോ
ലോകേഷു	സ്വർഗ്ഗം മുതലായ ലോകങ്ങളിൽ	ന്യസ്താഗ്നിഃ	അഗ്നികളെ ത്യജിച്ച്
		തതഃ	ആ ആശ്രമത്തിൽനിന്നും
യദാ	എപ്പോൾ	പ്രവ്രജേത്	സന്യാസം സ്വീകരിക്കേണ്ടതാകുന്നു.
സമ്യക്	ദൃഢമായ		

13. **ഇഷ്ട്വാ യഥോപദേശം മാം ദത്വാ സർവ്വസ്വമൃത്വിജേ**
അഗ്നീൻ സ്വപ്രാണ ആവേശ്യ നിരപേക്ഷഃ പരിവ്രജേത്

യഥോ പദേശം	ശാസ്ത്രങ്ങളിൽ വിധിച്ച എട്ടുവിധ ശ്രാദ്ധങ്ങളെ ചെയ്ത്	ഋത്വിജെ	ഋത്വിക്കിന്ന്
		ദത്വാ	ദാനം ചെയ്ത്
		അഗ്നീൻ	അഗ്നികളെ
മാം	എന്നെ	സ്വപ്രാണേ	തന്റെ ആത്മാവിങ്കൽ
ഇഷ്ട്വാ	പ്രാജാപത്യേഷ്ടിയാൽ പൂജച്ചെയ്ത്	ആവേശ്യ	സമാരോപണം ചെയ്ത്
		നിരപേക്ഷഃ	നിരപേക്ഷനായ്
		പരിവ്രജേത്	സന്യാസം സ്വീകരിച്ചു കൊള്ളണം
സർവ്വസ്വം	സകല സ്വത്തുകളേയും		

14. **വിപ്രസ്യ വൈ സന്യസതോ ദേവാ ദാരാദിരൂപിണഃ**
വിഘ്നാൻ കുർവ്വന്ത്യയം ഹ്യസ്മാനാക്രമ്യ സമിയാത് പരം

സന്യസതഃ	സന്യാസം സ്വീകരിക്കുന്ന	പരം	പരബ്രഹ്മത്തിനെ
		സമിയാത്	പ്രാപിച്ചുകളയുന്നു
വിപ്രസ്യ വൈ	ബ്രാഹ്മണന്ന്	ഹി	എന്നതിനാൽ
ദേവാഃ	ദേവന്മാർ	ദാരാദി	ഭാര്യ, മക്കൾ മുതലായ
അയം	ഇവൻ	രൂപിണഃ	രൂപത്തിൽ
അസ്മാൻ ആക്രമ്യ	നമ്മെകടന്ന്	വിഘ്നാൻ കുർവ്വന്തി	തടസ്ഥം ഉണ്ടാക്കുന്നു

15. **ബിഭൃയാച്ചേന്മുനിർവാസഃ കൌപീനാച്ഛാദനം പരം**
ത്യക്തം ന ദണ്ഡപാത്രാഭ്യാമന്യത് കിഞ്ചിദനാപദി

മുനി	സന്യാസി	ദണ്ഡപാത്രാ ഭ്യാം	ദണ്ഡം, കമണ്ഡലു ഇവയല്ലാതെ
പരം വാസഃ	കൌപീനമല്ലാതെ അന്യവസ്ത്രം	ത്യക്തം	പ്രൈഷോച്ചാരണത്തിനു മുമ്പ് ത്യജിച്ച
ബിഭൃയാത് ചേത്	ധരിക്കുമെങ്കിൽ	അന്യത് കിഞ്ചിത്	വേറൊന്നിനേയും
കൌപീനാ ച്ഛാദനം	എതു് ഗുഹ്യപ്രദേശത്തിനെ മറക്കുമോ അതിനെ മാത്രം ധരിക്കേണം	അനാപദി	അപകടം ഇല്ലാത്ത സമയം
		ന	സ്വീകരിക്കരുത്

പരമഹംസൻ വിധി നിഷേധങ്ങൾക്ക് അതീതനായതിനാൽ
പക്വതൻ മുതലായവരുടെ ധർമ്മങ്ങളെ പറയുന്നു: —

16. ദൃഷ്ടിപൂതം ന്യസേത് പാദം വസ്ത്രപൂതം പിബേജ്ജലം
സത്യപൂതാം വദേത് വാചം മനഃ പൂതം സമാചരേത്

ദൃഷ്ടിപൂതം	കണ്ണുകൾ കൊണ്ട് നല്ല പോലെ നോക്കി പരിശുദ്ധം എന്ന് അറിഞ്ഞിട്ട്
പാദം ന്യസേത്	കാലടി എടുത്തു വെക്കേണ്ടതാണ്
വസ്ത്രപൂതം	വസ്ത്രത്തിനാൽ അരിച്ച് ശുദ്ധമായ
ജലം പിബേത്	ജലം കുടിക്കേണ്ടതാകുന്നു;
സത്യപൂതാം	സത്യത്തിനാൽ പൂതമായ
വാചം	വാക്കിനെ
വദേത്	പറയണം;
മനഃപൂതം	മനസ്സിനാൽ ചിന്തിച്ചറിഞ്ഞ് നിഷ്കല്മഷമായ കാര്യങ്ങളെ
സമാചരേത്	അനുഷ്ഠിക്കേണ്ടതാണ്.

17. മൌനാനീഹാനിലായാമാ ദണ്ഡാ വാഗ്ദേഹചേതസാം
ന ഹ്യേതേ യസ്യ സന്ത്യംഗ വേണുഭിർന ഭവേദ്യതിഃ

മൌനാനീഹാനിലായാമാഃ	മൌനം, കാമ്യകർമ്മങ്ങളെ ത്യജിക്കുക, പ്രാണായാമം ഇവകളെ ക്രമത്തിൽ
വാഗ്ദേഹചേതസാം	വാക്ക്, ദേഹം, മനസ്സ്, ഇവക്ക്
ദണ്ഡാഃ	ദണ്ഡമായ് (നിഗ്രഹകാരണമായ്) ഭവിക്കുന്നു;
ഏതേ	ഉപര്യുക്തമായ ഇവ
യസ്യ ന സന്തി	ഏവന്ന് ഇല്ലയോ അവൻ
അംഗ	ഹേ ഉദ്ധവ!
വേണുഭിഃ	കൈയ്യിൽ ധരിച്ച മുളകൾ ദണ്ഡമായി വെച്ചു കൊണ്ടിരിക്കുന്നതിനാൽ മാത്രം
യതിഃ	സന്യാസിയായി
ന ഭവേത്	ഭവിക്കുന്നില്ല

18. ഭിക്ഷാം ചതുർഷു വർണ്ണേഷു വിഗർഹ്യാൻ വർജ്ജയംശ്ചരേത്
സപ്താഗാരാനസംക്ലുപ്താൻസ്തുഷ്യേല്ലബ്ധേന താവതാ

വിഗർഹ്യാൻ	പതിതൻ മുതലായ ഗർഹ്യന്മാരെ
വർജ്ജയൻ	പരിഹരിച്ച്
ചതുർഷു വർണ്ണേഷു	വൃത്തിഭേദംകൊണ്ട് നാലു വിധ ഭേദത്തോടുകൂടിയ ബ്രാഹ്മണരിൽ
അസംക്ലുപ്താൻ	ഇവിടെ ഈ ദ്രവ്യം കിട്ടുമെന്ന് മുൻ പ്രതീക്ഷിക്കാത്ത
സപ്ത അഗാരാൻ	ഏഴു വീടുകളിൽ
ഭിക്ഷാം ചരേത്	ഭിക്ഷയാചിക്കേണ്ടതാണ്;
താവതാ ലബ്ധേന	എത്ര ലബ്ധമോ അതിനെക്കൊണ്ട്
തുഷ്യേത്	തൃപ്തിപ്പെടണം.

19. ബഹിർജലാശയം ഗത്വാ തത്രോപസ്പൃശ്യ വാഗ്യതഃ
വിഭജ്യ പാവിതം ശേഷം ഭുംജീതാശേഷമാഹൃതം

ബഹിഃ	ഗ്രാമത്തിന്നു പുറമെയുള്ള	പാവിതം ആഹൃതം വിഭജ്യ	പ്രോക്ഷണത്താൽ ശുദ്ധമാക്കപ്പെട്ടതും ഭിക്ഷ എടുത്തു വരപ്പെട്ടതുമായ അന്നത്തിനെ ബ്രഹ്മാ, വിഷ്ണു, സൂര്യൻ മററു പ്രാണികൾ ഇവക്ക് വിഭജിച്ചു കൊടുത്തു്
ജലാശയം	കുളത്തിലേക്ക്		
ഗത്വാ	പോയിട്ട്		
തത്ര	ആ സ്ഥലത്തിൽ		
ഉപസ്പൃശ്യ	ആചമനം ചെയ്തു്	ശേഷം	ശേഷത്തിനെ
വാഗ്യതഃ	മൌനിയായിട്ട്	അശേഷം	ബാക്കിവെക്കാതെ
		ഭുംജീത	ഭുജിക്കേണ്ടതാണ്.

20. ഏകശ്ചരേന്മഹീമേതാം നിസ്സംഗഃ സംയതേന്ദ്രിയഃ
ആത്മക്രീഡ ആത്മരത ആത്മവാൻ സമദർശനഃ

ഏകഃ	ഏകാകിയായി	ആത്മ രതഃ	ആത്മാവിൽതന്നെ സന്തോഷത്തോടു കൂടിയവനായി
സംയതേന്ദ്രിയഃ	ഇന്ദ്രിയങ്ങളെ അടക്കിയവനായിട്ട്	സമദർശനഃ	എല്ലാററിനേയും ഒന്നായി തന്നെ നോക്കുന്നവനായി
നിസ്സംഗഃ	രാഗരഹിതനായിട്ട്		
ആത്മവാൻ	ധീരനായ്	ഏതാം മഹീം ചരേത്	ഈ ലോകത്തിൽ സഞ്ചരിക്കേണ്ടതാകുന്നു.
ആത്മക്രീഡഃ	ആത്മാരാമനായ്		

21. വിവിക്തക്ഷേമശരണോ മദ്ഭാവവിമലാശയഃ
ആത്മാനം ചിന്തയേദേകമഭേദേന മയാ മുനിഃ

മുനിഃ	സന്യാസി	അഭേദേന	വ്യത്യാസമില്ലാതെ
വിവിക്ത ക്ഷേമ ശരണഃ	ഏകാന്തവും ഉപദ്രവമില്ലാത്തതുമായ സ്ഥലത്തിൽ ഇരുന്നുകൊണ്ട്	മയാ ഏകം	എന്നോട് ഒന്നായി ലയിച്ച്
മദ്ഭാവ വിമ ലാശയഃ	എന്നെ ധ്യാനിക്കുന്നതിനാൽ പരിശുദ്ധമായ മനസ്സോടുകൂടിയവനായി	ആത്മാനം	ആത്മാവിനെ
		ചിന്തയേത്	ചിന്തിക്കേണ്ടതാണ്.

22. അനചീക്ഷേതാത്മനോ ബന്ധം മോക്ഷം ച ജ്ഞാന നിഷ്ഠയാ
ബന്ധ ഇന്ദ്രിയവിക്ഷേപോ മോക്ഷ ഏഷാം ച സംയമഃ

ജ്ഞാനനിഷ്ഠാ	തത്ത്വവിചാരത്താൽ
ആത്മനഃ ബന്ധം	തനിക്ക് എന്നുകൊണ്ട് ബന്ധം എന്നും
മോക്ഷം ച	എന്നുകൊണ്ട് മോക്ഷം എന്നതിനേയും
അന്വീക്ഷേത	വിചാരം കൊണ്ട് അറിയണം
ഇന്ദ്രിയ വിക്ഷേപഃ ബന്ധഃ	ഇന്ദ്രിയങ്ങൾക്ക് വിഷയങ്ങളോടുണ്ടാകുന്ന രാഗം ബന്ധത്തിന്ന് കാരണമായിത്തീരുന്നു.
ഏഷാം സംയമഃ	ഈ ഇന്ദ്രിയങ്ങളെ അടക്കുക എന്നത്
മോക്ഷഃ ച	മോക്ഷത്തിന്ന കാരണമായിത്തീരുന്നു.

23. **തസ്മാന്നിയമ്യ ഷഡ്വർഗ്ഗം മദ്ഭാവേന ചരേന്മുനിഃ**
വിരക്തഃ ക്ഷുല്ലകാമേഭ്യോ ലബ്ധ്വാത്മനി സുഖം മഹത്

തസ്മാത്	ആയതുകൊണ്ട്
മുനിഃ	മുനി
ഷഡ്വർഗ്ഗം	കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം എന്ന ആറുവിധമായ ശത്രുക്കളെ
നിയമ്യ	അടക്കിക്കൊണ്ട്
ക്ഷുല്ലകേഭ്യഃ	അല്പങ്ങളായ
കാമേഭ്യഃ	വിഷയസുഖങ്ങളിൽ നിന്നും
വിരക്തഃ	വിരക്തനായി
മദ്ഭാവേന	എന്നോടുള്ള ഭക്തിയാൽ
ആത്മനി	മനസ്സിൽ
മഹത്	വലിയ
സുഖം ലബ്ധ്വാ	സുഖം അനുഭവിച്ച്
ചരേത്	സഞ്ചരിക്കണം

24. **പുരഗ്രാമവ്രജാൻ സാർത്ഥാൻ ഭിക്ഷാർത്ഥം പ്രവിശംശ്ചരേത്**
പുണ്യദേശസരിച്ഛൈലവനാശ്രമവതീം മഹീം

പുരഗ്രാമ വ്രജാൻ	പട്ടണം, ഗ്രാമം, ഗോശാല ഇവകളിലും
സാർത്ഥാൻ	യാത്രികന്മാരുടെ കൂട്ടത്തിലും
ഭിക്ഷാർത്ഥം	ഭിക്ഷക്കുവേണ്ടി
പ്രവിശത്	അടനം ചെയ്ത്
പുണ്യദേശ സരിച്ഛൈല വനാശ്രമ വതി	പുണ്യദേശം, പുണ്യനദികൾ, പുണ്യപർവ്വതം, പുണ്യവനം, പുണ്യാശ്രമം ഇവകളുള്ള
മഹീം	ഭൂമിയിൽ
ചരേത്	സഞ്ചരിക്കണം

25. **വാനപ്രസ്ഥാശ്രമപദേഷ്വഭീക്ഷ്ണം ഭൈക്ഷ്യമാചരേത്**
സംസിദ്ധ്യത്യാശ്വസമ്മോഹഃ ശുദ്ധസത്വഃ ശിലാന്ധസാ

ശിലാന്ധസാ	പാപരഹിതമായ 'ശിലം' എന്ന വൃത്തിയാൽ സമ്പാദിച്ച വാനപ്രസ്ഥന്മാരുടെ അന്നത്താൽ
ശുദ്ധസത്വഃ	ചിത്തം ശുദ്ധിപ്രാപിച്ചവനായി
അസംമോഹഃ	ആയതുകൊണ്ട് മോഹരഹിതനായി

ആശു	ഉടനെ
സംസിദ്ധ്യതി	മോക്ഷം പ്രാപിക്കുന്നു
വാനപ്രസ്ഥാ ശ്രമപദേഷു	ആയതിനാൽ വാനപ്രസ്ഥന്മാരുടെ ആശ്രമങ്ങളിൽ
അഭീക്ഷ്ണം	വീണ്ടും വീണ്ടും
ഭിക്ഷാം ചരേത്	ഭിക്ഷ യാചിക്കണം

26. **നൈതത് വസ്തുതയാ പശ്യേത് ദൃശ്യമാനം വിനശ്യതി**
അസക്തചിത്തോ വിരമേദിഹാമുത്ര ചികീർഷിതാത്

ദൃശ്യമാനം	നേരിൽ കാണപ്പെടുന്ന
ഏതത്	മിഷ്ടാന്നം മുതലായതു്
വിനശ്യതി	നശിച്ചുപോകുന്നു;
വസ്തുതയാ	ആയതിനാൽ അതിനെ സത്യം എന്നു്
ന പശ്യേത്	വിചാരിക്കരുതു്
ഇഹ	ഈലോകത്തിൽ
അമുത്ര	പരലോകത്തിലും
അസക്ത ചിത്തഃ ചികീർഷി താത്	ബന്ധരഹിതമായ ചിത്തത്തോടെ അതിനു വേണ്ടി പ്രവർത്തിക്കുവാനാഗ്രഹിച്ച കാര്യത്തിൽ നിന്നും
വിരമേത്	വിരമിക്കണം

27. **യദേതദാത്മനി ജഗന്മനോവാക് പ്രാണസംഹതം**
സർവ്വം മായേതി തർക്കേണ സ്വസ്ഥസ്ത്യക്ത്വാ ന തത് സ്മരേത്

യത് ഏതത് ജഗത്	എന്റെതു് എന്ന വിചാരത്തിനു ഇരിപ്പിടമായ ഏതൊരു ഈ ലോകം
മനോവാക് പ്രാണ സംഹതം	മനസ്, വാക്ക്, പ്രാണൻ ഇവകളോടു കൂടിയതും 'ഞാൻ' എന്ന വിചാരത്തിനു് ആസ്പദമായ ശരീരവും ആയതിനാൽ ഉണ്ടാകുന്ന സുഖങ്ങളെല്ലാം ഇരിക്കുന്നുവോ
സർവ്വം	അവ എല്ലാം
ആത്മനി മായാ	പ്രത്യഗാത്മാവിങ്കൽ മായയാൽ അദ്ധ്യാസം ചെയ്യപ്പെട്ടതാണു്
ഇതി	എന്നു്
തർക്കേണ	സ്വപ്നാദിദൃഷ്ടാന്തയുക്തിയാൽ
സ്വസ്ഥഃ ത്യക്ത്വാ	ആത്മനിഷ്ഠനായി ഭവിച്ചു് ആ അദ്ധ്യാസം ത്യജിച്ചിട്ടു്
തത് ന	വീണ്ടും അതിനെ
സ്മരേത്	സ്മരിക്കരുതു്

28. **ജ്ഞാനനിഷ്ഠോ വിരക്തോ വാ മദ്ഭക്തോ വാനപേക്ഷകഃ**
സലിംഗാനാശ്രമാംസ്ത്യക്ത്വാ ചരേദവിധിഗോചരഃ

വിരക്തഃ	വൈരാഗ്യം കൈക്കൊണ്ടു്
ജ്ഞാനനിഷ്ഠഃ വാ	ജ്ഞാനനിഷ്ഠനായിട്ടോ
അനപേക്ഷകഃ	അഥവാ മോക്ഷത്തിലും കൂടി ആഗ്രഹമില്ലാത്ത
മത്ഭക്തഃ വാ	എന്റെ ഭക്തനായിട്ടോ ഇരുന്നും കൊണ്ടു്

അവിധിഗോചരഃ	വിധികളാൽ നിയന്ത്രിതനാകാതെ
സലിംഗാൻ	ലക്ഷണങ്ങളോടു കൂടിയ
ആശ്രമാൻ	ആശ്രമധർമ്മങ്ങളെ ആശ്രമധർമ്മങ്ങളിൽ രാഗം
ത്യക്ത്വാ	വിട്ട്
ചരേത്	സഞ്ചരിക്കണം.

29. ബുധോ ബാലകവത് ക്രീഡേത് കുശലോ ജഡവച്ചരേത്
വദേദുന്മത്തവദ്വിദ്വാൻ ഗോചര്യാം നൈഗമശ്ചരേത്

ബുധഃ	വിവേകിയായിരുന്നാലും
ബാലകവത്	ബാലൻ എന്നപോലെ മാനാപമാന രഹിതനായി
ക്രീഡേത്	കളിക്കേണ്ടതാണ്;
കുശലഃ	സമർത്ഥനായ് ഇരുന്നാലും
ജഡവത്	ജഡംപോൽ ഫലത്തിൽ ആഗ്രഹമില്ലാത്തവനായി
ചരേത്	അലയണം;
വിദ്വാൻ	പണ്ഡിതനായിരുന്നാലും
ഉന്മത്തവത്	ഭ്രാന്തൻ എന്നപോലെ
വദേത്	സംസാരിക്കണം;
നൈഗമഃ	വേദാർത്ഥങ്ങളെ അറിഞ്ഞിരുന്നാലും
ഗോചര്യം	നിയമമില്ലാത്ത അനുഷ്ഠാനം
ചരേത്	അനുഷ്ഠിക്കേണ്ടതാണ്

30. വേദവാദരതോ ന സ്യാന്ന പാഖണ്ഡീ ന ഹൈതുകഃ
ശുഷ്കവാദ വിവാദേ ന കഞ്ചിത് പക്ഷം സമാശ്രയേത്

വേദവാദരതഃ	കർമ്മകാണ്ഡവിഷയമായ വാദത്തിൽ വ്യാപൃതനായി
ന സ്യാത്	ഇരിക്കരുത്
പാഖണ്ഡീ ന	ശ്രുതി സ്മൃതികളിൽ വിധിക്കപ്പെട്ട ആചാരങ്ങൾക്ക് വിപരീതമായ ആചാരത്തോടുകൂടി ഇരിക്കുവാൻ പാടില്ല;
ഹൈതുകഃ ന	യുക്തിയെ മാത്രം അവലംബിച്ച് വാദം ചെയ്യുന്നവനായിരിക്കരുത്
ശുഷ്കവാദ വിവാദേ	പ്രയോജനമില്ലാത്ത വാദ വിവാദം നടക്കുന്ന ഗോഷ്ഠിയിൽ
കഞ്ചിത് പക്ഷം	ഏതൊരു പക്ഷത്തിലും
ന സമാശ്രയേത്	ചേരരുത്

31. നോദ്വിജേത ജനാദ് ധീരോ ജനം ചോദ്വേജയേന്നതു
അതിവാദാംസ്തിതിക്ഷേത നാവമന്യേത കഞ്ചന
ദേഹമുദ്ദിശ്യ പശുവത് വൈരം കുര്യാന്ന കേനചിത്

ധീരഃ	ധീരനായ് ഇരുന്നു്
ജനാത്	ജനങ്ങളെ
ന ഉദ്വിജേത്	ഭയപ്പെടരുത്
ച ജനം	അതു മാത്രമല്ല
ന ഉദ്വേജയേത് തു	ഭയപ്പെടുത്തുവാൻ പാടില്ല

അതിവാദാൻ	ചീത്തവാക്കുകളെ	ദേഹം ഉദ്ദിശ്യ	ഈ ശരീരത്തിനുവേണ്ടി
തിതിക്ഷേത	സഹിച്ചുകൊള്ളണം;	പശുവത്	മൃഗം എന്നപോലെ
കഞ്ചന	ആരേയും	കേനചിത്	ആരോടും
ന അവമന്യേത	അപമാനിക്കരുതു്	വൈരം ന കുര്യാത്	വിരോധിച്ചു കൊള്ളരുതു്

32. **ഏക ഏവ പരോ ഹ്യാത്മാ ഭൂതേഷ്വാത്മന്യവസ്ഥിതഃ**
യഥേന്ദുരുദപാത്രേഷു ഭൂതാന്യേകാത്മകാനി ച

ഹി	കാരണം എന്തെന്നാൽ	ഇന്ദുഃ യഥാ	ഒരേ ചന്ദ്രൻ പോലെ
പരം ആത്മാ	പരമാത്മാ	അവസ്ഥിതഃ	ഇരിക്കുന്നു;
ഏകഃ ഏവ	ഒരുത്തൻ മാത്രമേ	ച	മാത്രമല്ല
ഭൂതേഷു	ദേവൻ, മനുഷ്യൻ മുതലായ പ്രാണികളിലും	ഭൂതാനി	ശരീരങ്ങളും
ആത്മനി	തന്നിലും	ഏകാത്മകാനി	പാഞ്ചഭൗതികങ്ങളായതിനാൽ കാരണരൂപം കൊണ്ടു് ഒന്നുതന്നെ.
ഉദപാത്രേഷു	പല ജലപാത്രങ്ങളിൽ		

33. **അലബ്ധ്വാ ന വിഷീദേത കാലേ കാലേऽശനം ക്വചിത്**
ലബ്ധ്വാ ന ഹൃഷ്യേത് ധൃതിമാനുഭയം ദൈവതന്ത്രിതം

ധൃതിമാൻ	ധൈര്യവാനായി	ലബ്ധ്വാ	ആഹാരം ലഭിച്ചാൽ
കാലേ കാലേ	അതാതു കാലങ്ങളിൽ	ന ഹൃഷ്യേത്	സന്തോഷപ്പെടാനും പാടില്ല;
ക്വചിത്	ഒരുസ്ഥലത്തും	ഉഭയം	ലഭിച്ചതും ലഭിക്കാത്തതും (രണ്ടും)
അശനം	ആഹാരം	ദൈവതന്ത്രിതം	ഭാഗ്യം ആശ്രയിച്ചാകുന്നു.
അലബ്ധ്വാ	ലഭിച്ചില്ലെങ്കിൽ		
ന വിഷീദേത	ദുഃഖിക്കരുതു്		

34. **ആഹാരാർത്ഥം സമീഹേത യുക്തം തത് പ്രാണധാരണം**
തത്ത്വം വിമൃശ്യതേ തേന തദ് വിജ്ഞായ വിമുച്യതേ

തത് പ്രാണധാരണം	അവന്റെ പ്രാണനെ നിലനിറുത്തുന്നതു്	തത് വിജ്ഞായ	ആ തത്ത്വം അറിഞ്ഞു തന്നെയാണു്
യുക്തം	യുക്തംതന്നെ	വിമുച്യതേ	വിമുക്തനാകുന്നതു്.
തേന	ആ പ്രാണധാരണം കൊണ്ടു്	ആഹാരാർത്ഥം	ആയതുകൊണ്ടു് ആഹാരത്തിന്നു മാത്രമായിട്ടു്
തത്ത്വം വിമൃശ്യതേ	തത്ത്വം വിചാരിക്കപ്പെടുന്നു.	സമീഹേത	ഉദ്യമിക്കുക തന്നേ വേണം.

35. യദൃച്ഛയോപപന്നാന്നമദ്യാച്ഛ്രേഷ്ഠമുതാപരം
തഥാ വാസസ്തഥാ ശയ്യാം പ്രാപ്തം പ്രാപ്തം ഭജേന്മുനിഃ

ശ്രേഷ്ഠഃ ഉത	ശ്രേഷ്ഠമോ, അഥവാ	തഥാ	അതുപോലെതന്നെ
അപരം	നീചമോ ആയ	വാസഃ	വസ്ത്രവും
		തഥാ ശയ്യാം	ശയനവും
യദൃച്ഛയാ	യാദൃച്ഛികമായ് സ്വയം ശ്രമിക്കാതെ	പ്രാപ്തം പ്രാപ്തം	ലഭിച്ചതു് സകലവും
ഉപപന്നാന്നം	ലബ്ധമായ അന്നം	മുനിഃ	സന്ന്യാസിയായവൻ
അദ്യാത്	ഉണ്ണണം;	ഭജേത്	അനുഭവിച്ചു കൊള്ളണം.

36. ശൗചമാചമനം സ്നാനം ന തു ചോദനയാ ചരേത്
അന്യാംശ്ച നിയമാഞ്ജ്ഞാനീ യഥാഹം ലീലയേശ്വരഃ

ഈശ്വരഃ	ഈശ്വരനായ	ആചമനം	ആചമനം
		സ്നാനം	സ്നാനം
അഹം ലീലയാ	എന്റെ ഇഷ്ടംപോലെ ഞാൻ എങ്ങിനെ ചെയ്യുന്നുവോ അങ്ങിനെ തന്നെ	അന്യാൻ നിയമാൻ ച	മററു നിയമങ്ങളേയും
		ചരേത്	അനുഷ്ഠിക്കേണ്ടതാകുന്നു
ജ്ഞാനി	ജ്ഞാനി	ചോദനയാ	വിധിക്കധീനനായി
ശൗചം	ശൗചം	ന തു	അനുഷ്ഠിക്കരുതു്

37. ന ഹി തസ്യ വികല്പാഖ്യാ യാ ച മദ്വീക്ഷയാ ഹതാ
ആദേഹാന്താത് ക്വചിത് ഖ്യാതിസ്തതഃ സമ്പദ്യതേ മയാ

ഹി	എന്തുകൊണ്ടെന്നാൽ	ആദേഹാന്താത്	ഈ ദേഹം നശിക്കുന്നതുവരെ
തസ്യ	ആ ജ്ഞാനിക്കു്		
വികല്പാഖ്യാ ന	ഭേദബുദ്ധി ഇല്ല;	ക്വചിത്	ചിലപ്പോൾ
യാ ച	എതൊരു ഭേദബുദ്ധി ഉണ്ടായിരുന്നുവോ അതും	ഖ്യാതിഃ	ഭേദബുദ്ധിഉണ്ടായിരിക്കും
		തതഃ	ആ ശരീരം നശിച്ചതിനുശേഷം
മദ്വീക്ഷയാ	എന്റെ സാക്ഷാത്കാരം കൊണ്ടു്	മയാ	എന്നിൽ ഐക്യം
ഹതാ	നശിപ്പിക്കപ്പെട്ടു;	സംപദ്യതേ	പ്രാപിക്കുന്നു.

38. ദുഃഖോദർക്കേഷു കാമേഷു ജാതനിർവ്വേദ ആത്മവാൻ
അജിജ്ഞാസിതമദ്ധർമ്മോ ഗുരും മുനിമുപവ്രജേത്

ദുഃഖോദർക്കേഷു	ഭാവിയിൽ ദുഃഖപ്രദമായ
കാമേഷു	ആഗ്രഹങ്ങളിൽ
ജാതനിർവ്വേദഃ	നിർവ്വേദം പ്രാപിച്ചവനും (വെറുത്തുപോയവനും)
അജിജ്ഞാസിത മദ്ധർമ്മഃ	എന്റെ ധർമ്മങ്ങളെ വിചാരിച്ച് അറിയാത്തവനുമായ
ആത്മവാൻ	ബുദ്ധിമാനായവനും
മുനിഃ	മനനശീലനുമായ
ഗുരും	ഗുരുവിനെ
ഉപാവ്രജേത	ആശ്രയിക്കേണ്ടതാകുന്നു

39. **താവത് പരിചരേത് ഭക്തഃ ശ്രദ്ധാവാനനസൂയകഃ**
യാവത് ബ്രഹ്മ വിജാനീയാന്മാമേവ ഗുരുമാദൃതഃ

ഗുരും	ഗുരുവിനെ
മാം ഏവ	ഈശ്വരൻ എന്നു തന്നെ വിചാരിച്ച്
അനസൂയകഃ	അസൂയാരഹിതനായി
ശ്രദ്ധാവാൻ	ശ്രദ്ധയോടെ
ഭക്തഃ	ഭക്തിമാനായി
ബ്രഹ്മ	ബ്രഹ്മത്തിനെ
യാവത് വിജാനീയാത് താവത്	അറിയുന്നതുവരെ
ആദൃതഃ	വളരെ ആദരവോടെ
പരിചരേത്	ശുശ്രൂഷിക്കണം.

40. **യസ്ത്വസംയത ഷഡ്വർഗ്ഗഃ പ്രചണ്ഡേന്ദ്രിയ സാരഥിഃ**
ജ്ഞാന വൈരാഗ്യ രഹിതസ്ത്രിദണ്ഡമുപജീവതി

41. **സുരാനാത്മാനമാത്മസ്ഥം നിഹ്നുതേ മാം ച ധർമ്മഹാ**
അവിപക്വകഷായോഽസ്മാദമുഷ്മാച്ച വിഹീയതേ

അസംയത ഷഡ്വർഗ്ഗഃ	കാമം, ക്രോധം മുതലായ അരിഷഡ്വർഗ്ഗങ്ങളെ ജയിക്കാത്തവനും
പ്രചണ്ഡേന്ദ്രിയ സാരഥി	അധികമായ ആശയുള്ള ബുദ്ധിയോടു കൂടിയവനും
ജ്ഞാനവൈരാഗ്യ രഹിതഃ	ജ്ഞാനം, വൈരാഗ്യം ഇവ ഇല്ലാത്തവനുമായ
യഃ	യാതൊരുത്തൻ
ത്രിദണ്ഡം	സന്യാസത്തെ
ഉപജീവതി	ആശ്രയിക്കുന്നുവോ
ധർമ്മഹാ	ധർമ്മങ്ങളെ നശിപ്പിച്ച അവൻ
സുരാൻ	ദേവന്മാരേയും
ആത്മാനം	തന്നേയും
ആത്മസ്ഥം	തന്നിൽ ഇരിക്കുന്ന
മാം ച	എന്നേയും
നിഹ്നുതേ	വഞ്ചിക്കുന്നു
അവിപക്വകഷായഃ	ആശാപാശാദികളെ വിടാത്ത അവൻ
അസ്മാത്	ഈലോകത്തിങ്കലും
അമുഷ്മാത് ച	പരലോകത്തിങ്കലും
വിഹീയതേ	ഭ്രഷ്ടനായ് തീരുന്നു

നാല് ആശ്രമികളുടേയും പ്രധാന ധർമ്മങ്ങളെ പറയുന്നു:—

42. ഭിക്ഷോർധർമ്മഃ ശമോഽഹിംസാ തപ ഈക്ഷാ വനൌകസഃ
ഗൃഹിണോ ഭൂതരക്ഷേജ്യാ ദ്വിജസ്യാചാര്യ്യസേവനം

ഭിക്ഷോഃ	സന്യാസിക്ക്	ഗൃഹിണഃ	ഗൃഹസ്ഥന്ന്
ശമഃ	മനോനിയന്ത്രണവും	ഭൂതരക്ഷേജ്യാഃ	പ്രാണികളെ രക്ഷിക്കുന്നതും യാഗം ചെയ്യുന്നതും
അഹിംസാ	അഹിംസയും	ദ്വിജസ്യ	ബ്രഹ്മചാരിക്ക്
വനൌകസഃ	വാനപ്രസ്ഥന്ന്	ആചാര്യസേവനം	ഗുരുവിന്ന് ശുശ്രൂഷിക്കുന്നതും
തപഃ	തപസ്സും	ധർമ്മഃ	മുഖ്യമായ ധർമ്മങ്ങളാകുന്നു
ഈക്ഷാ	ആത്മവിചാരവും		

43. ബ്രഹ്മചര്യ്യം തപശ്ശൌചം സന്തോഷോ ഭൂതസൌഹൃദം
ഗൃഹസ്ഥസ്യാപി ഋതൌ ഗന്തുഃ സർവ്വേഷാം മദുപാസനം

ഋതൌ ഗന്തുഃ	ഋതുകാലത്തിൽ സ്വഭാര്യയോട് രമിക്കുന്ന	സന്തോഷഃ	സന്തോഷം
ഗൃഹസ്ഥസ്യ അപി	ഗൃഹസ്ഥന്നും	ഭൂതസൌഹൃദം	പ്രാണികളോട് സ്നേഹം ഇവ പ്രധാന ധർമ്മമാകുന്നു
ബ്രഹ്മചര്യം	ബ്രഹ്മചര്യം	സർവ്വേഷാം	എല്ലാവർക്കും
തപഃ	തപസ്സ്	മദുപാസനം	എന്നെ ഉപാസിക്കുന്നതു് പ്രധാന ധർമ്മമാകുന്നു
ശൌചം	ശൌചം		

44. ഇതി മാം യഃ സ്വധർമ്മേണ ഭജന്നിത്യമനന്യഭാക്
സർവ്വഭൂതേഷു മദ്ഭാവോ മദ്ഭക്തിം വിന്ദതേ ദൃഢാം

അനന്യഭാക്	അന്യദേവതകളെ വേറെ പ്രയോജനത്തിനു വേണ്ടി സേവിക്കാതെ	മാം ഭജേത്	എന്നെ സേവിക്കുന്നുവോ
		സർവ്വഭൂതേഷു	സകലപ്രാണികളിലും
		മദ്ഭാവഃ	എന്നെ ദർശിക്കുന്ന അവൻ
ഇതി	മുൻപറഞ്ഞ	മദ്ഭക്തിം	എന്നോട് ദൃഢമായ
യഃ നിത്യം	ആരു് എപ്പോഴും	ദൃഢാം	ഭക്തിയെ
സ്വധർമ്മേണ	തന്റെ ധർമ്മത്താൽ	വിന്ദതേ	പ്രാപിക്കുന്നു

45. ഭക്ത്യോദ്ധവാനപായിന്യാ സർവ്വലോകമഹേശ്വരം
സർവ്വോത്പത്ത്യപ്യയം ബ്രഹ്മ കാരണം മോപയാതി സഃ

ഉദ്ധവ	ഉദ്ധവ!	സര്വ്വോത് പത്യപ്യയം	സകലപ്രാണികളുടേയും ഉത്പത്തിക്കും, പ്രളയത്തിനും സ്ഥാനവും
അനപായിന്യാ	ദൃഢമായ		
ഭക്ത്യാ	ഭക്തിയാൽ	കാരണം	അതിന്നു കാരണഭൂതനും
സഃ	അവൻ	ബ്രഹ്മ	വൈകുണ്ഠ വാസിയുമായ
സര്വ്വലോക മഹേശ്വരം	സര്വ്വലോകമഹേശ്വരനും	മാം	എന്നെ
		ഉപയാതി	പ്രാപിക്കുന്നു

46. ഇതി സ്വധര്മ്മനിര്ണ്ണിക്ത സത്വോ നിർജ്ഞാതമത്ഗതിഃ
ജ്ഞാനവിജ്ഞാനസംപന്നോ ന ചിരാത് സമുപൈതി മാം

ഇതി	ഇപ്രകാരം	ജ്ഞാന വിജ്ഞാന സംപന്നഃ	ശാസ്ത്രീയമായ ജ്ഞാനം, ആത്മസാക്ഷാത്കാരം ഇവയോടുകൂടിയ അവൻ
സ്വധര്മ്മനിര്ണ്ണിക്ത സത്വഃ	സ്വധര്മ്മത്താൽ ശുദ്ധമായ മനസ്സോടുകൂടിയവനും	ന ചിരാത്	താമസിക്കാതെ (വേഗത്തിൽ)
നിർജ്ഞാത മത്ഗതിഃ	നല്ലപോലെ അറിയപ്പെട്ട എന്റെ ഐശ്വര്യങ്ങളോടുകൂടിയവനും	മാം സമുപൈതി	എന്നെ പ്രാപിക്കുന്നു

47. വര്ണ്ണാശ്രമവതാം ധര്മ്മഃ ഏഷ ആചാരലക്ഷണഃ
സ ഏവ മത്ഭക്തിയുതോ നിഃശ്രേയസകരഃ പരഃ

വര്ണ്ണാശ്രമ വതാം	വര്ണ്ണാശ്രമികൾക്ക്	സഃ ഏവ	ആ ധര്മ്മം തന്നെ
ആചാര	ആചാരം (അനുഷ്ഠാനം)	മത്ഭക്തിഃ യുതഃ	എന്റെ ഭക്തിസഹിതമായിരിക്കുമെങ്കിൽ
ലക്ഷണഃ	ലക്ഷണമായി	പരഃ	വളരെ ശ്രേഷ്ഠമായ
ധര്മ്മഃ	ധര്മ്മം	നിഃ ശ്രേയ സകരഃ	മോക്ഷപ്രദമായിട്ടും ഭവിക്കുന്നു
ഏഷഃ	പൂര്വ്വോക്തമായതു തന്നെ;		

48. ഏതത്തേഽഭിഹിതം സാധോ ഭവാൻ പൃച്ഛതി യച്ച മാം
യഥാ സ്വധർമ്മസംയുക്തോ ഭക്തോ മാം സമിയാത് പരം

സാധോ	ഹേ സാധോ!	യഥാ സമിയാത്	എങ്ങിനെ പ്രാപിക്കും
സ്വധര്മ്മ സംയുക്തഃ	തന്റെ ധര്മ്മങ്ങളെ അനുഷ്ഠിക്കുന്ന	യത്	എന്നതിനെപ്പററി
ഭക്തഃ	ഭക്തൻ	ഭവാൻ	നീ
പരം മാം	പരമപുരുഷനായ എന്നെ	മാം	എന്നോട്

പൃഷ്ടതി	ചോദിച്ചപ്പോൾ	തേ അഭിഹിതം	നിനക്ക് എന്നാൽ വിവരിക്കപ്പെട്ടു
ഏതത് ച	ഇതിനെപ്പററി		

ഇതി ശ്രീമദ്ഭാഗവതം മഹാപുരാണം പതിനൊന്നാംസ്കന്ധം
പതിനെട്ടാമദ്ധ്യായം സമാപ്തം,

ആദിതഃ ശ്ലോകാഃ 12960 ഏകാദശസ്കന്ധേ ആദിതഃ ശ്ലോകാഃ 794

* * *

ഏകോനവിംശോഽദ്ധ്യായഃ = അദ്ധ്യായം പത്തൊമ്പത്

ഭക്തേഃ സാധനസ്യ യമനിയമാദീനാം ച വർണ്ണനം

ഭക്തന്മാർ അനുഷ്ഠിക്കേണ്ടുന്ന യമനിയമങ്ങളെ വർണ്ണിക്കുന്നത്

ശ്രീഭഗവാനുവാച — ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു —

1. **യോ വിദ്യാശ്രുതസംപന്നഃ ആത്മവാൻ നാനുമാനികഃ**
മായാമാത്രമിദം ജ്ഞാത്വാ ജ്ഞാനം ച മയി സംന്യസേത്

യഃ	ഏതൊരുത്തൻ	ഇദം	അവൻ ഈ പ്രപഞ്ചത്തിനെയും
വിദ്യാശ്രുതസംപന്നഃ	ആത്മസാക്ഷാൽകാരം വരെ ശ്രവണം മുതലായവയോടുകൂടിയവനും	മായാമാത്രം	മായയാൽ കല്പിതമാണ് എന്ന്
		ജ്ഞാത്വാ	അറിഞ്ഞ്
ആത്മവാൻ	ആയത്തുകൊണ്ട് ആത്മതത്വം അറിഞ്ഞവനും,	ജ്ഞാനം ച	അതിനുസാധനമായ ജ്ഞാനത്തിനെയും
ന ആനുമാനികഃ	കേവലം പരോക്ഷജ്ഞാനത്തോടു കൂടിയവനായിട്ടുമില്ലയോ	മയി സംന്യസേത്	എന്നെ പ്രാപിക്കുവാനായി ത്യാഗം ചെയ്യേണ്ടതാകുന്നു

2. **ജ്ഞാനിനസ്ത്വഹമേവേഷ്ടഃ സ്വാർത്ഥോ ഹേതുശ്ച സമ്മതഃ**
സ്വർഗ്ഗശ്ചൈവാപവർഗ്ഗശ്ച നാന്യോഽർത്ഥോ മദൃതേ പ്രിയഃ

ഹി ജ്ഞാനിനഃ	എന്തുകൊണ്ടെന്നാൽ ജ്ഞാനിക്ക്
ഇഷ്ടഃ	ഇഷ്ടമായ
സ്വാർത്ഥഃ	ഫലവും
ഹേതുഃ	അതിൻെറ കാരണവും
അഹം ഏവ	ഞാൻ തന്നെ
സമ്മതഃ	എന്നതു് തീർച്ചയാണു്;
ച	മാത്രമല്ല
മദൃതേ	ഞാനല്ലാതെ
സ്വർഗ്ഗഃ	സ്വർഗ്ഗവും
അപവർഗ്ഗ:	മോക്ഷവും
അന്യഃ അർത്ഥ: ച	വേറെ പുരുഷാർത്ഥവും
ന പ്രിയഃ	പ്രിയമായതു് അല്ല

3. ജ്ഞാന വിജ്ഞാന സംസിദ്ധാഃ പദം ശ്രേഷ്ഠം വിദുർമ്മമ
ജ്ഞാനീ പ്രിയതമോഽതോ മേ ജ്ഞാനേനാസൌ ബിഭർത്തി മാം

ജ്ഞാന വിജ്ഞാന സംസിദ്ധാഃ	ശാസ്ത്രജ്ഞാനത്താലും ആത്മജ്ഞാനത്താലും സിദ്ധിനേടിയവർ
മമ ശ്രേഷ്ഠം	എൻെറ വളരേ ശ്രേഷ്ഠ
പദം	മായ സ്വരൂപം
വിദുഃ	അറിയുന്നു;
ജ്ഞാനി	ജ്ഞാനി
ജ്ഞാനേന	ജ്ഞാനം കൊണ്ടു്
മാം ബിഭർത്തി	എന്നെ ധരിക്കുന്നു
അതഃ	ആയതുകൊണ്ടു്
അസൌ	അവൻ
മേ പ്രിയതമഃ	എനിക്ക വളരേ പ്രിയമായവൻ

4. തപസ്തീർത്ഥം ജപോ ദാനം പവിത്രാണീതരാണി ച
നാലം കുർവ്വന്തി താം സിദ്ധിം യാ ജ്ഞാനകലയാ കൃതാ

തപ:	കൃച്ഛ്രാനുഷ്ഠാനം മുതലായ തപസ്സ്
തീർത്ഥം	കുരുക്ഷേത്രം മുതലായ തീർത്ഥം
ജപ:	അഷ്ടാക്ഷരം മുതലായ ജപം
ദാനം	പശു, ഗൃഹം മുതലായ ദാനം
ഇതരാണി പവിത്രാണി ച	പവിത്രമാകുന്ന മററവകളും
ജ്ഞാന	ജ്ഞാനത്തിൻെറ
കലയാ	ലവത്താൽ
കൃതാ	നിർമ്മിക്കപ്പെട്ട
യാ	ഏതൊരു സിദ്ധിയുണ്ടോ
താം സിദ്ധി	ആ സിദ്ധിയെ
ന അലം	ചെയ്യുവാൻ തീരെ ശക്തി
കുർവ്വന്തി	ഇല്ലാത്തവർ തന്നെയാകുന്നു.

5. തസ്മാത് ജ്ഞാനേന സഹിതം ജ്ഞാത്വാ സ്വാത്മാനമുദ്ധവ
ജ്ഞാന വിജ്ഞാന സംപന്നോ ഭജ മാം ഭക്തിഭാവിതഃ

തസ്മാത്	ശ്രേയസ്സിനെ പ്രാപിക്കുവാൻ ജ്ഞാനം ശ്രേഷ്ഠസാധനമായതിനാൽ	ജ്ഞാന വിജ്ഞാന സംപന്നഃ	ശാസ്ത്രജ്ഞാനം, ആത്മജ്ഞാനം ഇവയോടുകൂടിയവനായി
ഉദ്ധവ!	ഹേ ഉദ്ധവ!	മാം	എന്നെത്തന്നെ
ജ്ഞാനേന സഹിതം	ജ്ഞാനത്തോടുകൂടിയവനായി	ഭക്തിഭാവിതഃ	നിറഞ്ഞഭക്തിയോടെ
ആത്മാനം	പരമാത്മാവായ എന്നെ		
ജ്ഞാത്വാ	അറിഞ്ഞ്	ഭജ	ഭജിക്കുക

6. ജ്ഞാനവിജ്ഞാനയജ്ഞേന മാമിഷ്ട്വാഽഽത്മാനമാത്മനി
സർവ്വയജ്ഞപതിം മാം വൈ സംസിദ്ധിം മുനയോഽഗമൻ

ജ്ഞാന വിജ്ഞാന യജ്ഞേന	പരോക്ഷജ്ഞാനം, അപരോക്ഷജ്ഞാനം എന്ന യജ്ഞങ്ങളാൽ	ആത്മാനം	പരമാത്മാവായ എന്നെ
		മാം വൈ	തന്നെ
		ഇഷ്ട്വാ	ധ്യാനിച്ച്
ആത്മനി	അന്തഃകരണത്തിങ്കൽ	മുനയഃ	മുനികൾ
സർവ്വയജ്ഞ പതിം	സകലയജ്ഞങ്ങൾക്കും പതിയായ	സംസിദ്ധിം	മോക്ഷരൂപിയായ എന്നെ
		ആഗമൻ	പ്രാപിച്ചു

ആ ജ്ഞാനത്തിനെ ഭഗവാൻ ചുരുക്കി ഉപദേശിക്കുന്നു:—

7. ത്വയ്യുദ്ധവാശ്രയതി യസ്ത്രിവിധോ വികാരോ
മായാന്തരാഽഽപതതി നാദ്യപവർഗ്ഗയോര്യത്
ജന്മാദയോഽസ്യ യദമീ തവ തസ്യ
കിം സ്യുരാദ്യന്തയോര്യദസതോഽസ്തി തദേവ മധ്യേ

ഉദ്ധവ!	ഹേ ഉദ്ധവ!	അന്തരം	ഇടയിൽ
യഃ ത്രിവിധഃ	ആദ്ധ്യാത്മികം, ആധിദൈവികം, ആധിഭൗതികം, എന്ന ദേഹം ഇന്ദ്രിയം, ദേവതാ എന്ന മൂന്നുവിധങ്ങളായ ഏതൊരു	ആപതതി	ഉണ്ടായതാണ്
		ആദ്യപ വർഗ്ഗയോഃ	ആദിയിലും അന്ത്യത്തിലും
		ന	ഇല്ല;
		യത്	ആയതുകൊണ്ട് എപ്പോൾ
വികാരഃ	വികാരം	അസ്യ	ഈ വികാരത്തിന്റെ (ദേഹാദികളുടെ)
ത്വയി	നിന്നിൽ		
ആശ്രയതി	ഉദിക്കുന്നുവോ	അമീ ജന്മാദയഃ	ഈ ജന്മം മുതലായവ
മായാ	അതു മായതന്നെ;		
യത്	എന്തുകൊണ്ടെന്നാൽ	സ്യുഃ	ഉണ്ടാകുന്നുവോ അപ്പോൾ

തസ്യ തവ	അതിന്റെ അധിഷ്ഠാന ഭൂതനായ നിനക്ക്	ആദ്യന്തയോഃ	മുൻപും പിൻപും (ആദ്യവും അവസാനവും)
കിം	എങ്ങിനെയാണ് ഉണ്ടാകുവാൻ പോകുന്നത്	യത് അസ്തി	യാതൊന്നു സ്ഥിതിചെയ്യുന്നുവോ
അസതഃ	ഇല്ലാത്തതായ സർപ്പം മുതലായവക്ക്	തത് ഏവ മദ്ധ്യേ	അതു തന്നേയാണ് നടുവിലും ഇരിക്കുന്നത്

ഉദ്ധവ ഉവാച: — ഉദ്ധവർ പറഞ്ഞു.

8. ജ്ഞാനം വിശുദ്ധം വിപുലം യഥൈതദ്
വൈരാഗ്യവിജ്ഞാനയുതം പുരാണം
ആഖ്യാഹി വിശ്വേശ്വര വിശ്വമൂർത്തേ
ത്വദ്ഭക്തി യോഗഞ്ച മഹദ്വിമൃഗ്യം

വിശ്വേശ്വര വിശ്വമൂർത്തേ	എല്ലാറ്റിനുമധിപതിയും സർവ്വസ്വരൂപനുമായ ഹേ കൃഷ്ണ!	ഏതത് ജ്ഞാനം	ഈ ജ്ഞാനത്തിനേയും
		മഹദ്വിമൃഗ്യം	മഹാന്മാരായ ബ്രഹ്മാദികളാൽ മൃഗ്യവും ആയ
പുരാണം	അനാദിവേദസിദ്ധവും		
വിശുദ്ധം	ശുദ്ധിയാക്കുന്നതും	ത്വദ്ഭക്തി യോഗം ച	തങ്ങളുടെ ഭക്തിയോഗത്തേയും
വൈരാഗ്യ വിജ്ഞാന യുതം	വൈരാഗ്യത്തോടും വിജ്ഞാനത്തോടും കൂടിയതുമായ	വിപുലം യഥാ	വിസ്തരിച്ച്
		ആഖ്യാഹി	താങ്കൾ പറയണം

9. താപത്രയേണാഭിഹതസ്യ ഘോരേ
സന്തപ്യമാനസ്യ ഭവാധ്വനീശ
പശ്യാമി നാന്യച്ഛരണം തവാംഘ്രി
ദ്വന്ദ്വാതപത്രാദമൃതാഭിവർഷാത്

ഈശ	ഹേ ഈശ!	സന്തപ്യമാനസ്യ	വളരെ തപിക്കുന്നവന്ന്
താപത്രയേണ	ആദ്ധ്യാത്മികം, ആധിദൈവികം, ആധിഭൗതികം എന്ന താപത്രയത്താൽ	അമൃതാഭിവർഷാത്	അമൃതം പൊഴിയുന്ന
		തവ അംഘ്രി ദ്വന്ദ്വാതപത്രാത്	താങ്കളുടെ ചരണദ്വയങ്ങളാകുന്ന കുടയല്ലാതെ
അഭിഹതസ്യ	ഹിംസിക്കപ്പെട്ട	അന്യത്	വേറേ
ഘോരേ	ഭയങ്കരമായ സംസാര	ശരണം	ഒരു ആശ്രയസ്ഥലവും
ഭവാധ്വനി	മാകുന്ന വഴിയിൽ	ന പശ്യാമി	ഞാൻ കാണുന്നില്ല

10. ഭ്രഷ്ടം ജനം സംപതിതം ബിലേഽസ്മിൻ
കാലാഹിനാ ക്ഷുദ്രസുഖോരുതർഷം
സമുദ്ധരൈനം കൃപയാഽപവർഗ്ഗ്യൈ
ർവ്വചോഭിരാസിഞ്ച മഹാനുഭാവ

മഹാനുഭാവ	ഹേ മഹാനുഭാവ	ഏനം ജനം	ഈ മനുഷ്യനെ
അസ്മിൻ	ഈ സംസാരമാകുന്ന		
ബിലേ	കിണററിൽ	കൃപയാ	കരുണപൂണ്ട്
സംപതിതം	വീഴുന്നവനും	സമുദ്ധര	കരയേററുക;
കാലാഹിനാ	അവിടേയും കാലം എന്ന സർപ്പത്തിനാൽ	അപവർഗ്ഗ്യൈഃ	മോക്ഷദമായ
ഭ്രഷ്ടം	കടിക്കപ്പെട്ടവനും		
ക്ഷുദ്രസുഖോരുതർഷം	അങ്ങിനെ ഇരുന്നും അല്പസുഖങ്ങളിൽ ആശയുള്ളവനും ആയ	വചോഭിഃ	വാക്കുകളാൽ
		ആസിഞ്ച	അറിവുണ്ടാക്കുക

ശ്രീ ഭഗവാനുവാച: — ശ്രീ ഭഗവാൻ പറഞ്ഞു

11. ഇത്ഥമേതത് പുരാ രാജാ ഭീഷ്മം ധർമ്മഭൃതാം വരം
അജാതശത്രുഃ പപ്രച്ഛ സർവ്വേഷാം തോഽനുശൃണ്വതാം

പുരാ	മുമ്പ്	തഃ സർവ്വേഷാം	ഞങ്ങൾ എല്ലാവരും
ധർമ്മഭൃതാം വരം	ധർമ്മവാന്മാരിൽ ശ്രേഷ്ഠനായ	അനുശൃണ്വതാം	കേട്ടുകൊണ്ടിരിക്കുമ്പോൾ
ഭീഷ്മം	ഭീഷ്മനോട്	ഇത്ഥം	ഇപ്രകാരം ഇതിനെ
രാജാ അജാതശത്രു:	ധർമ്മപുത്രൻ	ഏതത്	പ്പററി
		പപ്രച്ഛ	ചോദിച്ചു

12. നിവൃത്തേ ഭാരതേയുദ്ധേ സുഹൃന്നിധനവിഹ്വലഃ
ശ്രുത്വാ ധർമ്മാൻ ബഹൂൻ പശ്ചാന്മോക്ഷധർമ്മാനപൃച്ഛത

ഭാരതേ യുദ്ധേ നിവൃത്തേ	ഭാരതയുദ്ധം അവസാനിച്ചപ്പോൾ	ബഹൂൻ ധർമ്മാൻ	അനേക ധർമ്മങ്ങളെ
		ശ്രുത്വാ	കേട്ട്
സുഹൃന്നിധനവിഹ്വലഃ	സ്നേഹിതന്മാരുടെ മരണത്താൽ ദുഃഖബാധിതനായ ധർമ്മപുത്രൻ	പശ്ചാത്	പിന്നീട്
		മോക്ഷധർമ്മാൻ അപൃച്ഛത	മോക്ഷധർമ്മങ്ങളെ ചോദിച്ചു

13. താനഹം തേऽഭിധാസ്യാമി ദേവവ്രതമുഖാച്ഛ്രുതാൻ
ജ്ഞാന വൈരാഗ്യ വിജ്ഞാന ശ്രദ്ധാഭക്ത്യുപബൃംഹിതാൻ

ദേവവ്രത മുഖാത്	ദേവവ്രതൻ എന്ന ഭീഷ്മരുടെ മുഖത്തിൽനിന്നും	ശ്രദ്ധാ ഭക്ത്യു പബൃംഹിതാൻ	ശ്രദ്ധാ ഭക്തി ഇവകളാൽ വൃദ്ധിയായവകളായ
ശ്രുതാൻ	കേൾക്കപ്പെട്ടവകളും	താൻ	ആ മോക്ഷധർമ്മങ്ങളെ
		അഹം	ഞാൻ
ജ്ഞാന വൈരാഗ്യ വിജ്ഞാന	ജ്ഞാനം, വൈരാഗ്യം, വിജ്ഞാനം	തേ	നിനക്ക്
		അഭിധാസ്യാമി	വിവരിക്കാം

ജ്ഞാനസ്വരൂപം എന്തെന്ന് ഇതുകൊണ്ടുപദേശിക്കുന്നു

14. നവൈകാദശപഞ്ചത്രീൻ ഭാവാൻ ഭൂതേഷു യേന വൈ
ഈക്ഷേതാഥൈകമപ്യേഷു തത്ജ്ഞാനം മമ നിശ്ചിതം

നവ	പ്രകൃതി, പുരുഷൻ, മഹത്ത്, അഹങ്കാരം, പഞ്ചതന്മാത്രകൾ എന്ന ഒമ്പതു പദാർത്ഥങ്ങളും	അഥ	അപ്രകാരം തന്നെ
		ഏഷു	ഈ കാരണങ്ങളിൽ കൂടി
ഏകാദശ	പഞ്ചകർമ്മേന്ദ്രിയങ്ങൾ, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ മനസ്, എന്ന പതിനൊന്നു പദാർത്ഥങ്ങളും	ഏകം അപി	പരമാത്മാ ഒന്നുതന്നെയാണ് പരമകാരണമായി വ്യാപിച്ചിരിക്കുന്നു എന്നതിനേയും
പഞ്ച	പഞ്ചമഹാഭൂതങ്ങളും	യേന	ഏതൊരു ജ്ഞാനത്താൽ
ത്രീൻ	സത്വം, രജസ്, തമസ് എന്ന ഗുണത്രയങ്ങളുമായ	ഈക്ഷേത	അറിയുന്നുവോ
ഭാവാൻ ഭൂതേഷു	ഇരുപത്തിഎട്ട് തത്വങ്ങളെ ബ്രഹ്മാദിസ്ഥാവരാന്തങ്ങളായ കാര്യങ്ങളിൽ കാരണരൂപമായി വ്യാപിച്ചിരിക്കുന്നതിനേയും	തത്	അതു തന്നേയാണ്
		ജ്ഞാനം	ജ്ഞാനം എന്ന്
		മമ നിശ്ചിതം	എന്റെ തീരുമാനം

വിജ്ഞാന സ്വരൂപം ഇതു കൊണ്ട് ഉപദേശിക്കുന്നു:—

15. ഏതദേവ ഹി വിജ്ഞാനം ന തഥൈകേന യേന യത്
സ്ഥിത്യുപത്യപ്യയാൻ പശ്യേദ് ഭാവാനാം ത്രിഗുണാത്മനാം

യത്	എങ്ങിനെ	ഹി	നിശ്ചയം
ഏകേന യേന	ഏകമായിരിക്കുന്ന യാതൊന്നാൽ ഉൽഭൂതമായിരിക്കുന്നതായി കാണുന്നുവോ	സ്ഥിത്യുൽപത്ത്യപ്യയാൻ	സൃഷ്ടി, സ്ഥിതി, സംഹാരം ഇവകളെ
തഥാ	അങ്ങിനെ	ത്രിഗുണാത്മനാം ഭാവാനാം	സത്വാദിഗുണ രൂപങ്ങളായ പദാർത്ഥങ്ങളുടേതാണ് എന്നു്
ന പശ്യത	നോക്കരുതു് (കാണരുതു്)		
ഏതത് ഏവ	ഇതു തന്നേയാകുന്നു		
വിജ്ഞാനം	ശാസ്ത്രജ്ഞാനം എന്നതു്	പശ്യേത്	അന്വേഷിച്ചറിയണം

16. ആദാവന്തേ ച മദ്ധ്യേ ച സൃജ്യാത് സൃജ്യം യദന്വിയാത്
പുനസ്തത്പ്രതിസംക്രാമേ യച്ഛിഷ്യേത തദേവ സത്

ആദൗ	സൃഷ്ടിയിങ്കലും (ആദിയിലും)	തത് പ്രതിസംക്രാമേ	അവകളുടെ നശിക്കുമ്പോഴ്
അന്തേ ച	അവസാനത്തിലും കാരണമായ	യത്	ഏതു് അവശിഷ്ടമാകുന്നുവോ
മദ്ധ്യേ ച	ഇടയിൽ ആശ്രയമായും	ശിഷ്യേത	
സൃജ്യാത്	ഒരു കാര്യത്തിൽനിന്നും	തത് ഏവ	അതു ഒന്നുതന്നേയാണു്
സൃജ്യം	മറ്റൊരുകാര്യത്തിൽ		
യത് അന്വിയാത്	ഏതു് തുടരുന്നുവോ	സത്	സത്യം എന്നു് അറിഞ്ഞുകൊള്ളണം

17. ശ്രുതിഃ പ്രത്യക്ഷമൈതിഹ്യമനുമാനം ചതുഷ്ടയം
പ്രമാണേഷ്വനവസ്ഥാനാത് വികല്പാത് സ വിരജ്യതേ

പ്രമാണേഷു	പ്രമാണങ്ങളിൽ	അനവസ്ഥാനാത്	ഈ പ്രമാണങ്ങളിൽ സ്ഥിരമാകാത്തതിനാൽ (നിലനില്ലാത്തതുകൊണ്ടു്)
ശ്രുതി:	ശ്രുതി		
പ്രത്യക്ഷം	പ്രത്യക്ഷം;		
ഐതിഹ്യം	മഹാജനങ്ങൾക്കിടയിൽ പ്രസിദ്ധി	വികല്പാത്	ഈ പ്രപഞ്ചത്തിൽ നിന്നു്
അനുമാനം	ശാസ്ത്രീയമായ യുക്തി എന്ന	സ:	ആ വിജ്ഞാനിക്കു്
ചതുഷ്ടയം	നാലു് മുഖ്യമായ	വിരജ്യതേ	വൈരാഗ്യം സിദ്ധിക്കുന്നു

18. കർമ്മണാം പരിണാമിത്വാദാവിരിഞ്ചാദമംഗലം
വിപശ്ചിന്നശ്വരം പശ്യേദദൃഷ്ടമപി ദൃഷ്ടവത്

കർമ്മണാം പരിണാമിത്വാത്	കർമ്മങ്ങൾ നശിക്കുന്നതുകൊണ്ട്	ദൃഷ്ടവത്	നേരിൽ കാണപ്പെട്ട സുഖം പോലെ
ആവിരിഞ്ചാത്	ബ്രഹ്മലോകം വരെ ഇരിക്കുന്ന	നശ്വരം	നശിക്കുന്ന എന്നും
അദൃഷ്ടം അപി	കാണപ്പെടുന്നില്ലെങ്കിലും	അമംഗളം	ദുഃഖരൂപി എന്നും
		വിപശ്ചിത്	ജ്ഞാനി
		പശ്യേത്	അറിഞ്ഞുകൊള്ളണം.

19. ഭക്തിയോഗഃ പുരൈവോക്തഃ പ്രീയമാണായ തേഽനഘ
പുനശ്ച കഥയിഷ്യാമി മദ്ഭക്തേഃ കാരണം പരം

അനഘ	പാപമില്ലാത്തവനേ	പ്രീയമാണായ	ഭക്തിയോഗത്തിൽ വളരേ പ്രിയമുള്ള നിനക്ക്
ഭക്തിയോഗഃ	ഭക്തിയോഗം എന്നതു്	മദ്ഭക്തേഃ	എന്റെ ഭക്തിക്ക്
തേ	നിനക്ക്	പരം കാരണം	പ്രധാനമായ കാരണത്തിനെ
പുരാ	മുമ്പ്		
ഉക്തഃ ഏവ	പറയപ്പെട്ടുവല്ലോ;	പുനഃ	വീണ്ടും
ച	എങ്കിലും	കഥയിഷ്യാമി	ഞാൻ വിവരിക്കാം

20. ശ്രദ്ധാമൃതകഥായാം മേ ശശ്വന്മദനുകീർത്തനം
പരിനിഷ്ഠാ ച പൂജായാം സ്തുതിഭിഃ സ്തവനം മമ

21. ആദരഃ പരിചര്യായാം സർവ്വാംഗൈരഭിവന്ദനം
മദ്ഭക്തപൂജാഭ്യധികാ സർവ്വഭൂതേഷു മന്മതിഃ

22. മദർത്ഥേഷ്വംഗചേഷ്ടാ ച വചസാ മദ്ഗുണേരണം
മയ്യർവണം ച മനസഃ സർവ്വകാമവിവർജ്ജനം

23. മദർത്ഥേഽർത്ഥപരിത്യാഗോ ഭോഗസ്യ ച സുഖസ്യ ച
ഇഷ്ടം ദത്തം ഹുതം ജപ്തം മദർത്ഥം യദ് വ്രതം തപഃ

24. ഏവം ധർമ്മൈർമ്മനുഷ്യാണാമുദ്ധവാത്മനിവേദിനാം
മയി സംജായതേ ഭക്തിഃ കോഽന്യോഽർത്ഥോഽസ്യവശിഷ്യതേ

ശശ്വത്	എപ്പോഴും	മദനുകീർത്തനം	എന്റെ കഥയെ പറയുന്നതും
മേ അമൃത	അമൃതതുല്യമായ എന്റെ		
കഥായാം	കഥയിൽ	പൂജായാം	എന്റെ പൂജയിൽ
ശ്രദ്ധാ	(ശ്രവണം) ശ്രദ്ധയും.	പരിനിഷ്ഠാ	ആഗ്രഹവും.

സ്തുതിഭി:	സ്തോത്രങ്ങളാൽ
മമ സ്തവനം	എന്നെ സ്തുതിക്കുന്നതും
പരിചര്യായാം	എനിക്ക് പരിചാരം ചെയ്യുന്നതിൽ
ആദര:	ആദരവും
സർവ്വാംഗൈ:	സകല അവയവങ്ങളാലും
അഭിവന്ദനം	നമസ്കരിക്കുന്നതും
അഭ്യധികാ മത്ഭക്ത പൂജാ	അധികമായ എൻെറ ഭക്തരെ പൂജിക്കുന്നതും
സർവ്വഭൂതേഷു മന്മതി:	സകല പ്രാണികളിലും ഭഗവാൻ ഉറയുന്ന എന്ന മനോഭാവവും
മദർത്ഥേഷു	എനിക്കുവേണ്ട പദാർത്ഥങ്ങളിൽ
അംഗചേഷ്ടാ ച	അംഗചേഷ്ടയും
വചസാ	സാധാരണമായ വാക്കുകൾ കൊണ്ടെങ്കിലും
മദ്ഗുണേരണം	എൻെറ ഗുണങ്ങളെ പറയുന്നതും
മനസ: മയി അർപ്പണം	മനസ്സിനെ എന്നിൽ അർപ്പിക്കുന്നതും
സർവ്വകാമ വിവർജ്ജനം	സമസ്തമായ ആശകളെയും ത്യജിക്കലും
മദർത്ഥേ	എന്നെ സേവിക്കുവാൻ വേണ്ടി
അർത്ഥപരിത്യാഗ:	അതിനു വിരോധിയായ വസ്തുവിനെ കളയുന്നതും
ഭോഗസ്യ	പുത്രലാളനം മുതലായവയേയും
സുഖസ്യ	സുഖഭോഗവസ്തുക്കളായ ചന്ദനം മുതലായവയേയും
ച	കളയുന്നതും
ഇഷ്ടം	യാഗം
ദത്തം	ദാനം
ഹുതം	ഹോമം
ജപ്തം	ജപം
വ്രതം	വ്രതം
തപ:	തപസ്സ്
യത്	എന്നിവയൊക്കെ
മദർത്ഥം	എൻെറ പ്രിയത്തിനു വേണ്ടിചെയ്യുക
ഏവം	എന്നീപ്രകാരമായ
ധർമ്മൈ:	ധർമ്മങ്ങളാൽ
ആത്മനിവേദിനാം	തന്നേയും തൻെറ ദ്രവ്യങ്ങളേയും അർപ്പണം ചെയ്യുന്ന
മനുഷ്യാണാം	മനുഷ്യന്മാർക്ക്
ഉദ്ധവ!	ഹേ ഉദ്ധവ!
മയി	എന്നിൽ
ഭക്തി	പ്രേമഭക്തി
സംജായതേ	ഉണ്ടാകുന്നു
അസ്യ	ആ ഭക്തന്
അന്യ: ക:	സാധന സാദ്ധ്യരൂപമായ
അർത്ഥ:	വേറെ ഏതു ദ്രവ്യമാണ്
അവശിഷ്യതേ	ലഭിക്കാതെ അവശേഷിക്കുന്നത്

25. യദാത്മന്യർപ്പിതം ചിത്തം ശാന്തം സത്വോപബൃംഹിതം
ധർമ്മം ജ്ഞാനം സവൈരാഗ്യമൈശ്വര്യം ചാഭിപദ്യതേ

സത്വോപ	സത്വഗുണത്തോട്
ബൃംഹിതം	കൂടിയതും
ശാന്തം	ആയതുകൊണ്ട് ശാന്തവുമായ
ചിത്തം	മനസ്സ്
യദാ	എപ്പോൾ
ആത്മനി	ആത്മാവായ എന്നിൽ
അർപ്പിതം	അർപ്പണം ചെയ്യപ്പെട്ടുവോ അപ്പോൾ
ധർമ്മം	ധർമ്മത്തിനേയും

സ വൈരാഗ്യം	വൈരാഗ്യത്തോടുകൂടിയ	ഐശ്വര്യം ച	ഐശ്വര്യത്തിനേയും
ജ്ഞാനം	ജ്ഞാനത്തിനേയും	അഭിപദ്യതേ	പ്രാപിക്കുന്നു

26. യദർപിതം തദ്വികല്പേ ഇന്ദ്രിയൈഃ പരിധാവതി
രജസ്വലം ചാസന്നിഷ്ഠം ചിത്തം വിദ്ധി വിപര്യയം

യത്	എപ്പോൾ	രജസ്വലം	മലിനമായിട്ടും
തത് ചിത്തം	ആ മനസ്സ്	അസന്നിഷ്ഠം	പരിഹരിക്കപ്പെട്ട ദ്രവ്യങ്ങളിൽ ആസക്തിയുള്ളതായി ഭവിക്കുന്നതും
വികല്പേ	ശരീരം, ഗൃഹം മുതലായവകളിൽ		
അർപിതം ച	അർപ്പിക്കപ്പെട്ടതായി ആയതുകൊണ്ട്	വിപര്യയം	ആയതുകൊണ്ട് വിപരീതമായ അധർമ്മം മുതലായവയെ പ്രാപിക്കുന്നു
ഇന്ദ്രിയൈഃ	ഇന്ദ്രിയങ്ങൾ വഴിയായി		
പരിധാവതി	വിഷയങ്ങളിൽ പ്രവേശിക്കുന്നുവോ അപ്പോൾ	വിദ്ധി	എന്ന് നീ അറിഞ്ഞുകൊള്ളുക

താൻ ഉദ്ദേശിച്ച ധർമ്മം മുതലായവയെ പറയുന്നു

27. ധർമ്മോ മദ്ഭക്തികൃത് പ്രോക്തോ ജ്ഞാനം ചൈകാത്മ്യദർശനം
ഗുണേഷ്വസംഗോ വൈരാഗ്യമൈശ്വര്യം ചാണിമാദയഃ

മത്ഭക്തികൃത്	എന്നിൽ ഭക്തിയെ ഉണ്ടാകുന്നതാണ്	ജ്ഞാനം ച	ജ്ഞാനം എന്നും
		ഗുണേഷു	വിഷയങ്ങളിൽ
ധർമ്മഃ	ധർമ്മം എന്ന്	അസംഗഃ	ബന്ധരാഹിത്യം
പ്രോക്തഃ	ശാസ്ത്രങ്ങളിൽ വ്യക്തമായി പറയപ്പെട്ടിരിക്കുന്നു	വൈരാഗ്യം	വൈരാഗ്യമെന്നും
		അണിമാദയഃ	അണിമാ മുതലായവ
ഐകാത്മ്യദർശനം	ആത്മാഒന്നുതന്നേയാണ് എന്ന് അറിയുന്നതാണ്	ഐശ്വര്യം ച	ഐശ്വര്യമെന്നും പറയപ്പെട്ടിരിക്കുന്നു

ഉദ്ധവ ഉവാചഃ — ഉദ്ധവർ ചോദിച്ചു:—

28. യമഃ കതിവിധഃ പ്രോക്തഃ നിയമോ വാരികർശന
കഃ ശമഃ കോ ദമഃ കൃഷ്ണ കാ തിതിക്ഷാ ധൃതിഃ പ്രഭോ

അരികർശന	ശത്രുക്കളെ ജയിച്ചവനെ	കതിവിധഃ	എത്രവിധമാണ് പറയ
യമഃ	യമം	പ്രോക്തഃ	പ്പെട്ടിരിക്കുന്നത്
നിയമഃ വാ	നിയമം	കൃഷ്ണ പ്രഭോ	ഹേ കൃഷ്ണ പ്രഭു!

ശമഃ കഃ	ശമം എന്നാൽ എന്ത്?	തിതിക്ഷാ	തിതിക്ഷാ എന്നാൽ എന്ത്?
ദമഃ കഃ	ദമം എന്നാൽ എന്ത്?	ധൃതിഃ കാ	ധൃതി എന്നാൽ എന്ത്?

29. കിം ദാനം കിം തപഃ ശൌര്യം കിം സത്യമുതമുച്യതേ
കസ്ത്യാഗഃ കിം ധനം ചേഷ്ടം കോ യജ്ഞഃ കാ ച ദക്ഷിണാ

ദാനം കിം	ദാനം എന്നാൽ എന്ത്?	ത്യാഗഃ കഃ	ത്യാഗം എന്നത് എന്ത്?
തപഃ കിം	തപസ് എന്നാൽ എന്ത്?	ഇഷ്ടം ധനം കിം	ഇഷ്ടമായ ദ്രവ്യം എന്ത്?
ശൌര്യം	ശൌര്യം		
സത്യം	സത്യം	യജ്ഞഃ കഃ	യജ്ഞം എന്നത് എന്ത്?
ഉതം	ഉതം എന്ന്	ദക്ഷിണാ ച കാ	ദക്ഷിണ എന്ത്?
കിം ഉച്യതേ	പറയപ്പെടുന്നു?		

30. പുംസഃ കിംസ്വിത് ബലം ശ്രീമൻ ഭഗോ ലാഭശ്ച കേശവ!
കാ വിദ്യാ ഹ്രീഃ പരാ കാ ശ്രീഃ കിം സുഖം ദുഃഖമേവ ച

ശ്രീമൻ കേശവ	ശ്രീമാനായ കേശവ!	ഭഗഃ ലാഭഃ ച	ഭഗവും, ലാഭവും, എന്ത്?
		ഹ്രീഃ ശ്രീഃ കാ	ഹ്രീയും, ശ്രീയും എന്ത്?
പുംസഃ ബലം	പുരുഷന്റെ ബലം	സുഖം ച	സുഖവും
		ദുഃഖം ഏവ കിം	ദുഃഖവും എന്ത്?
കിംസ്വിത്	എന്നത് എന്ത്?		

31. കഃ പണ്ഡിതഃ കശ്ച മൂർഖഃ കഃ പന്ഥാ ഉത്പഥശ്ച കഃ
കഃ സ്വർഗ്ഗഃ നരകഃ കഃ സ്വിത് കോ ബന്ധുരുത കിം ഗൃഹം

പണ്ഡിതഃ കഃ	പണ്ഡിതൻ ആര്?	കഃ സ്വർഗ്ഗഃ	ഏത് സ്വർഗ്ഗം?
മൂർഖഃ ച കഃ	മൂഢൻ ആര്?	നരകഃ കഃ സ്വിത്	നരകം എന്നത് ഏത്?
കഃ പന്ഥാ	ഏത് ശരിയായ വഴി?	ബന്ധുഃ കഃ	ബന്ധു ആര്?
ഉത്പഥഃ ച കഃ	ചീത്തവഴി ഏത്?	ഗൃഹം കിം ഉത	ഗൃഹം ഏത്?

32. കഃ ആഢ്യഃ കോ ദരിദ്രോ വാ കൃപണഃ കഃ ക ഈശ്വരഃ
ഏതാൻ പ്രശ്നാൻ മമ ബ്രൂഹി വിപരീതാംശ്ച സത്പതേ

ആഢ്യഃ കഃ	ധനികൻ ആര്?	ഈശ്വരഃ കഃ	പ്രഭു ആര്?
ദരിദ്രഃ വാ കഃ	ദരിദ്രൻ ആര്?	സത്പതേ	സജ്ജനസംരക്ഷക! ഹേ കൃഷ്ണ
കൃപണഃ കഃ	ലോഭി ആര്?		

മമ ഏതാൻ	എന്റെ ഈ		
പ്രശ്നാൻ	ചോദ്യങ്ങൾക്ക് ഉത്തരവും	ബ്രൂഹി	ഉപദേശിച്ച് അനുഗ്രഹിക്കുക
വിപരീതാൻ ച	ഇതിനു വിപരീതമായവയേയും		

ശ്രീ ഭഗവാനുവാച: — ശ്രീ ഭഗവാൻ പറഞ്ഞു:—

33. **അഹിംസാ സത്യമസ്തേയമസംഗോ ഹ്രീരസഞ്ചയഃ**
ആസ്തിക്യം ബ്രഹ്മചര്യഞ്ച മൌനം സ്ഥൈര്യം ക്ഷമാഭയം

അഹിംസാ	അന്യനെ ഹിംസിക്കാതിരിക്കുക	ആസ്തിക്യം	ധർമ്മത്തിങ്കൽ വിശ്വാസം
സത്യം	സത്യഭാഷണം	ബ്രഹ്മചര്യം ച	ബ്രഹ്മചര്യം
അസ്തേയം	മനസ്സിനാൽ പോലും അന്യരുടെ ദ്രവ്യങ്ങളെ ആഗ്രഹിക്കാതിരിക്കുക	മൌനം	മൌനമായിരിക്കുക
അസംഗഃ	രാഗരാഹിത്യം (ബന്ധമില്ലാതിരിക്കുക)	സ്ഥൈര്യം	ധർമ്മത്തിൽ സ്ഥിരബുദ്ധിയോടെ ഇരിക്കുക
ഹ്രീഃ	ലജ്ജ	ക്ഷമാ	ക്ഷമ
അസഞ്ചയഃ	ദ്രവ്യങ്ങളെ ശേഖരിച്ചു വെക്കാതെ ഇരിക്കുക	അഭയം	നിർഭയത്വം (ഇവ 12 യമങ്ങൾ)

നിയമങ്ങളെ പറയുന്നു:—

34. **ശൌചം ജപസ്തപോ ഹോമഃ ശ്രദ്ധാऽऽതിഥ്യം മദർച്ചനം**
തീർത്ഥാടനം പരാർത്ഥേഹാ തുഷ്ടിരാചാര്യസേവനം

ശൌചം	ബാഹ്യ ആന്തര ശുദ്ധി	തീർത്ഥാടനം	തീർത്ഥയാത്രാ
ജപഃ	ജപം	പരാർത്ഥേഹാ	പരോപകാരത്തിൽ പ്രവൃത്തി
തപഃ	തപസ്സ്		
ഹോമഃ	ഹോമം	തുഷ്ടി	ഏതു ലബ്ധമോ അതിൽ തൃപ്തിപ്പെടുക
ശ്രദ്ധാ	ശാസ്ത്രം പറഞ്ഞതിൽ ശ്രദ്ധാ		
ആതിഥ്യം	അതിഥി സൽക്കാരം	ആചാര്യ സേവനം	ഗുരുസേവാ (ഇവ നിയമങ്ങളാകുന്നു)
മദർച്ചനം	എന്നെ പൂജിക്കുന്നത്		

35. **ഏതേ യമാഃ സ നിയമാഃ ഉഭയോർദ്വാദശസ്മൃതാഃ**
പുംസാ മുപാസിതാസ്താത യഥാകാമം ദുഹന്തിഹി

ഏതേ ദ്വാദശ	ഈ പന്ത്രണ്ടു്
സ നിയമാഃ	നിയമങ്ങളോടു കൂടിയ
യമാഃ	യമങ്ങൾ
ഉഭയോഃ	പ്രവൃത്തി മാർഗ്ഗത്തിൽ ഇരിക്കുന്നവനും നിവൃത്തി മാർഗ്ഗത്തിൽ ഇരിക്കുന്നവനും
സ്മൃതാഃ	മുഖ്യമെന്നു കരുതപ്പെടുന്നു
താത	ഉദ്ധവ!
ഉപാസിതാഃ	ഇവ നല്ലവണ്ണം അനുഷ്ഠിക്കപ്പെട്ടവകളായി
പുംസാം	മനുഷ്യന്മാർക്കു്
യഥാകാമം ഹി	അവരവരുടെ ഇച്ഛാനുസാരം
ദുഹന്തി	(പ്രവൃത്തനു് ശ്രേയസ്സിനേയും നിവൃത്തനു് മോക്ഷവും) നല്കുന്നു

മുമുക്ഷു സ്വീകരിക്കേണ്ട ശമം മുതലായവയേയും പരിഹരിക്കേണ്ടുന്ന ദുഃഖം മുതലായവയേയും മഹാജനങ്ങൾക്കിടയിൽ പ്രസിദ്ധമായതിനേക്കാൾ അന്യമായി പറയുന്നു.

36. ശമോ മന്നിഷ്ഠതാ ബുദ്ധേർദമ ഇന്ദ്രിയസംയമഃ
തിതിക്ഷാ ദുഃഖ സമ്മർഷോ ജിഹ്വോപസ്ഥജയോ ധൃതിഃ

ബുദ്ധേഃ മന്നിഷ്ഠതാ	ബുദ്ധി എന്നിൽ സ്ഥിരമായിരിക്കുന്നതു തന്നേയാണു്
ശമഃ	ശമം; (ശാന്തിമാത്രമല്ല)
ഇന്ദ്രിയ സംയമഃ	ഇന്ദ്രിയങ്ങളെ അടക്കുന്നതു് തന്നേയാണു്
ദമഃ	ദമം; (കള്ളന്മാരേ ദണ്ഡിക്കുന്നതല്ല)
ദുഃഖസമ്മർഷഃ	തപസ്സ് മുതലായവയാൽ ഉണ്ടാകുന്ന ക്ലേശങ്ങളെ സഹിക്കുന്നതു തന്നേയാണു്
തിതിക്ഷാ	തിതിക്ഷാ; (ഭാരം വഹിക്കുന്നതല്ല)
ജിഹ്വോപസ്ഥ ജയഃ	നാവു് ജനനേന്ദ്രിയം ഇവകളുടെ ഉദ്വേഗത്തിനെ ജയിക്കുന്നതാണു്
ധൃതിഃ	ധൃതി; (നിർഭയതയല്ല)

37. ദണ്ഡന്യാസഃ പരം ദാനം കാമത്യാഗസ്തപഃ സ്മൃതം
സ്വഭാവ വിജയഃ ശൌര്യം സത്യം ച സമദർശനം

ദണ്ഡന്യാസഃ	പ്രാണികളെ ഹിംസിക്കാതിരിക്കുന്നതു് തന്നേ
പരം ദാനം	ഉത്തമമായ ദാനം; (ധനദാനം അല്ല)
കാമത്യാഗഃ	ഭോഗം ഉപേക്ഷിക്കുന്നതാണു്
തപഃ സ്മൃതം	തപസ്സ് എന്നു പറയപ്പെട്ടു (കൃച്ഛ്രാനുഷ്ഠാനം അല്ല)
സ്വഭാവ വിജയഃ	വാസനയെ തടുക്കുന്നതു്
ശൌര്യം	ശൌര്യം (പരാക്രമമല്ല)
സമദർശനം	ബ്രഹ്മത്തിനെ വിചാരിക്കുന്നതാണു്
സത്യം ച	സത്യം (സത്യഭാഷണം മാത്രമല്ല)

38. **ഋതം ച സൂനൃതാ വാണീ കവിഭിഃ പരികീർത്തിതാ**
കർമ്മസ്വസംഗമഃ ശൌചം ത്യാഗഃ സന്ന്യാസ ഉച്യതേ

സൂനൃതാ വാണീ	സത്യമായും പ്രിയമായും സംസാരിക്കുന്നതു തന്നേ	ശൌചം	ശൌചം; (സ്നാനം മുതലായവകളാൽ ശുദ്ധി ചെയ്യുന്നതല്ല)
ഋതം ച	ഋതം എന്നു്		
കവിഭിഃ പരികീർത്തിതാ	ജ്ഞാനികളാൽ പറയപ്പെട്ടിരിക്കുന്നു	സന്ന്യാസ:	ഇഹാമുത്രകർമ്മഫലത്യാഗമാണ്
കർമ്മസു അസംഗമഃ	കർമ്മങ്ങളിൽ കർത്താ എന്ന അഭിമാനമില്ലാതിരിക്കുകയാകുന്നു	ത്യാഗ ഉച്യതേ	ത്യാഗം എന്നു് പറയപ്പെടുന്നതു് (വീടു് മുതലായവയെ വെടിയുന്നതല്ല)

39. **ധർമ്മം ഇഷ്ടം ധനം നൃണാം യജ്ഞോഽഹം ഭഗവത്തമഃ**
ദക്ഷിണാ ജ്ഞാന സന്ദേശഃ പ്രാണായാമഃ പരം ബലം

നൃണാം ഇഷ്ടം ധനം	മനുഷ്യർക്കു് ഇഷ്ടമായ ധനം	ദക്ഷിണാ	യാഗത്തിന്നായി നൽകേണ്ടുന്ന ദാനം ദക്ഷിണാ
ധർമ്മഃ	ധർമ്മംതന്നേ; (പശുമുതലായവയല്ല)	ജ്ഞാന സന്ദേശഃ	അതും ജ്ഞാനം ഉപദേശിക്കുന്നതു തന്നെ; (ധനം നല്കുന്നതല്ല)
ഭഗവത്തമ:	പരമേശ്വരനായ	പരം ബലം	മനസ്സിനെ അടക്കുന്നതിനു വേണ്ട ബലം
*അഹം	ഞാൻ തന്നേയാണ്		
യജ്ഞഃ	യജ്ഞം;	പ്രാണായാമഃ	പ്രാണായാമം

*സർവ്വേശ്വരൻ തന്നേയാണ് യജ്ഞം എന്ന വിചാരത്തോടെ അനുഷ്ഠിക്കപ്പെടേണ്ടതല്ലാതേ ക്രിയാ എന്നല്ല

40. **ഭഗോ മ ഐശ്വരോ ഭാവോ ലാഭോ മദ്ഭക്തിരുത്തമഃ**
വിദ്യാऽഽത്മനി ഭിദാബാധോ ജുഗുപ്സാ ഹ്രീരകർമ്മസു

മേ ഐശ്വരഃ ഭാവഃ	എന്റെ ഈശ്വര ഭാവം തന്നേയാണ്	ആത്മനി ഭിദാബാധഃ	ആത്മാവിങ്കൽ ഉദിക്കുന്ന ഭേദം ഇല്ലാതാകുന്നതാണ്
ഭഗഃ	ഭാഗ്യം (ഈശ്വരാനുകൂലം മാത്രമല്ല)	വിദ്യാ	വിദ്യാ (അറിവുമാത്രമല്ല)
മത്ഭക്തി	എന്നിൽ ഭക്തിതന്നേ നിക്ഷിപ്തമായ	അകർമ്മസു	അകാര്യങ്ങളിൽ
		ജുഗുപ്സാ	വെറുപ്പതന്നേയാണ്
ഉത്തമഃ ലാഭഃ	ഉത്തമമായ ലാഭം (പുത്രാദിപ്രാപ്തികളല്ല)	ഹ്രീഃ	ലജ്ജാ (ലജ്ജമാത്രമല്ല)

41. **ശ്രീർഗുണാ നൈരപേക്ഷ്യാദ്യാഃ സുഖം ദുഃഖസുഖാത്യയഃ**
ദുഃഖം കാമസുഖാപേക്ഷാ പണ്ഡിതോ ബന്ധമോക്ഷവിത്

നൈരപേക്ഷ്യാദ്യാഃ ഗുണാഃ	ആഗ്രഹമില്ലാത്തഭാവം മുതലായഗുണങ്ങൾ
ശ്രീഃ	അലങ്കാരം (കിരീടാദികൾ അല്ല)
ദുഃഖസുഖാത്യയഃ	സുഖദുഃഖങ്ങളെ ചിന്തിക്കാതിരിക്കുന്നതാകുന്ന
സുഖം	സുഖം (ഭോഗമല്ല)
കാമസുഖാപേക്ഷാ	കാമസുഖേച്ഛയാണ്
ദുഃഖം	ദുഃഖം (അഗ്നി, ദാഹം മുതലായവകൊണ്ടുണ്ടായതല്ല
ബന്ധമോക്ഷവിത്	ബന്ധമോക്ഷങ്ങളെ അറിഞ്ഞവൻ തന്നേയാണ്
പണ്ഡിതഃ	പണ്ഡിതൻ (ശാസ്ത്രങ്ങളെ പഠിച്ചവനല്ല)

42. **മൂർഖോ ദേഹാദ്യഹം ബുദ്ധിഃ പന്ഥാ മന്നിഗമഃ സ്മൃതഃ**
ഉത്പഥശ്ചിത്തവിക്ഷേപഃ സ്വർഗ്ഗഃ സത്വഗുണോദയഃ

ദേഹാദ്യഹം ബുദ്ധിഃ	ശരീരാദികളിൽ 'ഞാൻ' 'എന്റെ' എന്ന് ഭാവം ഉള്ളവൻ തന്നേയാണ്
മൂർഖഃ	മൂഢൻ ((അറിവില്ലാത്തവനല്ല
മന്നിഗമഃ	എന്നെ പ്രാപിക്കുന്ന നിവൃത്തി മാർഗ്ഗമാണ്
പന്ഥാ സ്മൃതഃ	സന്മാർഗ്ഗം എന്നു പറയപ്പെട്ടു (മുള്ള് മുതലായവ ഇല്ലാത്തവഴിയല്ല)
ചിത്തവിക്ഷേപഃ	ചിത്തവിക്ഷേപം ഉണ്ടാക്കുന്ന പ്രവൃത്തിമാർഗ്ഗമാണ്
ഉത്പഥഃ	ദുർമാർഗ്ഗം (കള്ളന്മാർ നിറഞ്ഞതല്ല)
സത്വഗുണോദയഃ	സത്വഗുണവർദ്ധനമാണ്
സ്വർഗ്ഗഃ	സ്വർഗ്ഗം (ഇന്ദ്രലോകമല്ല)

43. **നരകസ്തമ ഉന്നാഹോ ബന്ധുർഗ്ഗുരുരഹം സഖേ**
ഗൃഹം ശരീരം മാനുഷ്യം ഗുണാഢ്യോ ഹ്യാഢ്യ ഉച്യതേ

തമഃ ഉന്നാഹഃ	തമോഗുണം വൃദ്ധിയാകുന്നതാണ്
നരകഃ	നരകം (താമിസ്രം മുതലായവ അല്ല)
സഖേ	സഖാവേ!
ഗുരുഃ	ഗുരുതന്നേയാണ്
ബന്ധുഃ	ബന്ധു; (ജ്യേഷ്ഠാനുജന്മാരല്ല)
അഹം	അഹം ഞാൻതന്നേയാണ് (വേറെ ആരുമല്ല)
ഗൃഹം	സാധനങ്ങളോട് സുഖദുഃഖങ്ങളെ അനുഭവിക്കേണ്ടുന്ന സ്ഥലമല്ലയോ ഗൃഹം?
മാനുഷ്യം ശരീരം	ആ ഗൃഹവും മനുഷ്യശരീരം തന്നേ (മാളിക മുതലായവയല്ല)
ഗുണാഢ്യഃ ഹി	ഗുണങ്ങൾ നിറഞ്ഞവനാണ്
ആഢ്യഃ ഉച്യതേ	ആഢ്യൻ എന്നു പറയപ്പെടുന്നത് (ധനവാനല്ല)

44. ദരിദ്രോ യസ്ത്വസന്തുഷ്ടഃ കൃപണോ യോƒജിതേന്ദ്രിയഃ
ഗുണേഷ്വസക്തധീരീശോ ഗുണസംഗോ വിപര്യയഃ

അസന്തുഷ്ടഃയ തു	സന്തോഷപ്പെടാത്തവൻ ആരോ	കൃപണം	ദുഃഖാർഹൻ (ദരിദ്രനല്ല)
ദരിദ്രഃ	അവനാണ് ദരിദ്രൻ (പൈസ ഇല്ലാത്തവനല്ല)	ഗുണേഷു	വിഷയങ്ങളിൽ
		അസക്തധീഃ	ബന്ധമില്ലാത്ത ബുദ്ധിയോട് കൂടിയവനാണ്
യഃ അജിതേന്ദ്രിയഃ	ഇന്ദ്രിയ ജയം ഇല്ലാത്തവൻ ആരോ	ഈശഃ	സ്വതന്ത്രൻ (രാജാമുതലായവർ അല്ല

45. ഏത ഉദ്ധവ തേ പ്രശ്നാഃ സർവ്വേ സാധു നിരൂപിതാഃ
കിം വർണ്ണിതേന ബഹുനാ ലക്ഷണം ഗുണദോഷയോഃ
ഗുണദോഷദൃശിർദോഷോ ഗുണസ്തൂഭയവർജ്ജിതഃ

ഉദ്ധവ	ഹേ ഉദ്ധവ!	ഗുണദോഷയോഃ ലക്ഷണം	ഗുണദോഷലക്ഷണം ഇത്രതന്നെയാകുന്നു
ഏതേ തേ	നിന്റെ ഈ ചോദ്യങ്ങൾ		
പ്രശ്നാഃ സർവ്വേ	എല്ലാം		
സാധു	മോക്ഷോപയോഗിയായി	ഗുണദോഷദൃശിഃ ദോഷഃ	ഗുണദോഷങ്ങളെ കാണുന്നതു് ദോഷം;
നിരൂപിതാഃ	നല്ല പോലെ വിവരിക്കപ്പെട്ടു		
കിം ബഹുനാ വർണ്ണിതേന	അധികമായി വർണ്ണിക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം?	ഉഭയവർജ്ജിതഃ	ഗുണദോഷങ്ങൾ രണ്ടിനേയും കാണാതിരിക്കുന്നതു്
		ഗുണഃ	ഗുണം

ഇതി ശ്രീമത് ഭാഗവതപുരാണം പതിനൊന്നാം സ്കന്ധം
പത്തൊമ്പതാമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകങ്ങൾ 13005 ഏകാദശസ്കന്ധആദിതഃശ്ലോകങ്ങൾ 839

വിംശോഽധ്യായഃ = ഇരുപതാംഅധ്യായം

ജ്ഞാന കർമ്മഭക്തിയോഗാനാം വർണ്ണനം

ജ്ഞാനയോഗം, കർമ്മയോഗം, ഭക്തിയോഗം ഇവകളെ വർണ്ണിക്കുന്നത്:—

ഉദ്ധവ ഉവാച:— ഉദ്ധവർ പറഞ്ഞു:—

1. വിധിശ്ച പ്രതിഷേധശ്ച നിഗമോ ഹീശ്വരസ്യ തേ
അവേക്ഷതേഽരവിന്ദാക്ഷ ഗുണം ദോഷം ച കർമ്മണാം

അരവിന്ദാക്ഷ	ഹേ അരവിന്ദാക്ഷ!	നിഗമഃ	ആജ്ഞാരൂപമായ വേദം
വിധിഃ ച	വിധിയും	കർമ്മണാം	അതും കർമ്മങ്ങളുടെ
പ്രതിഷേധഃ ച	നിഷേധവും	ഗുണം ദോഷം ച	ഗുണദോഷങ്ങളേയും (പുണ്യാപുണ്യങ്ങളേയും)
ഈശ്വരസ്യ തേ	സർവ്വേശ്വരനായ നിന്തിരുവടിയുടെ	അവേക്ഷതേ	വിവരിക്കുന്നു

2. വർണ്ണാശ്രമവികല്പം ച പ്രതിലോമാനുലോമജം
ദ്രവ്യദേശവയഃ കാലാൻ സ്വർഗ്ഗം നരകമേവ ച

വർണ്ണാശ്രമവികല്പം	ബ്രാഹ്മണൻ, ക്ഷത്രിയൻ മുതലായ വർണ്ണങ്ങളുടേയും, ബ്രഹ്മചര്യം മുതലായ ആശ്രമങ്ങളുടേയും ഗുണദോഷരൂപമായ ഭേദത്തിനേയും	ദ്രവ്യദേശവയഃ കാലാൻ	കർമ്മത്തിനു യോഗ്യമായ ദ്രവ്യം, ദേശം, വയസ്സ് കാലം ഇവയുടെ ഗുണത്തിനേയും ദോഷത്തിനേയും
പ്രതിലോമാനുലോമജം ച	പ്രതിലോമസങ്കരം, അനുലോമസങ്കരം ഇവവഴി ഉണ്ടായ ദോഷത്തിനേയും ഗുണത്തിനേയും	സ്വർഗ്ഗം നരകം ച	അവയുടെ ഫലമായ സ്വർഗ്ഗത്തിനു ഗുണത്തിനേയും നരകത്തിനു ദോഷത്തിനേയും അങ്ങിനെ തന്നെ പറയുന്നു

3. ഗുണദോഷഭിദാദൃഷ്ടിമന്തരേണ വചസ്തവ
നിശ്രേയസംകഥം നൄണാം നിഷേധ വിധിലക്ഷണം

4. പിതൃദേവമനുഷ്യാണാം വേദശ്ചക്ഷുസ്തവേശ്വര
ശ്രേയസ്ത്വനുപലബ്ധേഽർത്ഥേ സാധ്യസാധനയോരപി

നിഷേധ വിധി ലക്ഷണം	നിഷേധരൂപവും വിധിരൂപവുമായ
തവ വചഃ	തങ്ങളുടെ തിരുവാക്കായ വേദം
ഗുണദോഷ ഭിദാ ദൃഷ്ടിമ ന്തരേണ	വിധിക്കപ്പെട്ടതാൽ ഗുണം എന്നും പരിഹരിക്കപ്പെട്ടതാൽ ദോഷം എന്നും
നൃണാം	മനുഷ്യർക്ക്
നിഃശ്രേയസം	പുരുഷാർത്ഥസാധനമായി
കഥം	എങ്ങിനെ സംഭവിക്കും?
ഈശ്വര	ഹേ സർവ്വേശ്വര
അനുപലബ്ധേ	പ്രത്യക്ഷം കൊണ്ട് അറിയുവാൻ സാധ്യമല്ലാത്ത
അർത്ഥേ തു	സ്വർഗ്ഗം, മോക്ഷം ഇവയിലും
സാധ്യസാധ നയോഃ അപി	ഇതു് സാധ്യം (ഫലം) സാധനം ഇതു് എന്ന വിഷയത്തിലും
തവ വേദഃ	തങ്ങളുടെ വാഗ്രൂപമായ വേദം തന്നെ
പിതൃദേവ മനുഷ്യാണാം	പിതൃക്കൾക്കും, ദേവന്മാർക്കും മനുഷ്യർക്കും
ശ്രേയഃ	ശ്രേഷ്ഠമായ അറിവ് എന്ന
ചക്ഷുഃ	ചക്ഷുസ്സായിരിക്കുന്നു

5. ഗുണദോഷഭിദാദൃഷ്ടിർനിഗമാത്തേ ന ഹി സ്വതഃ
നിഗമേനാപവാദശ്ച ഭിദായാ ഇതി ഹ ഭ്രമഃ

തേ നിഗമാത്	തങ്ങളുടെ തിരുവാക്കായ വേദത്തിൽ നിന്നുതന്നേയാണ്
ഗുണദോഷ ഭിദാദൃഷ്ടിഃ	ഇതു് ഗുണം, ഇതു് ദോഷം എന്ന വ്യത്യാസം സംഭവിക്കുന്നു
ന ഹി സ്വതഃ	പ്രകൃത്യാ ഉണ്ടാകുന്നില്ല
ഭിദായാഃ അപവാദഃ ച	ആ ഭേദത്തിന്റെ നിഷേധവും
നിഗമേന ഇതി	ആ വേദം കൊണ്ടുതന്നേ ഉണ്ടാകുന്നു ആയതിനാൽ
മേ ഭ്രമഃ	തിച്ചയായും എനിക്ക് ഭ്രമം ഉണ്ടാകുന്നു
ശ്രീ ഭഗവാനുവാച	ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു

6. യോഗാസ്ത്രയോ മയാ പ്രോക്താ നൃണാം ശ്രേയോ വിധിത്സയാ
ജ്ഞാനം കർമ്മ ച ഭക്തിശ്ച നോപായോഽന്യോഽസ്തി കുത്രചിത്

നൃണാം	മനുഷ്യന്മാർക്ക്
ശ്രേയോ	നന്മചെയ്യുവാൻ
വിധിത്സയാ	ആഗ്രഹിച്ച
ജ്ഞാനം	ജ്ഞാനമെന്നും
കർമ്മ ച	നിഷ്കാമകർമ്മമെന്നും
ഭക്തിഃ ച	ഭക്തി എന്നും
ത്രയോ യോഗാഃ	മൂന്നുയോഗങ്ങളാം (സാധനങ്ങളാം
മയാ പ്രോക്താഃ	എന്നാൽ പറയപ്പെട്ടു
അന്യഃ	വേറെ ഉപായം
ഉപായഃ	(സാധനം)
കുത്രചിത്	എവിടെയും
ന അസ്തി	ഇല്ല

7. നിർവ്വിണ്ണാനാം ജ്ഞാനയോഗോ ന്യാസിനാമിഹ കർമ്മസു
തേഷ്വനിർവിണ്ണചിത്താനാം കർമ്മയോഗസ്തു കാമിനാം

8. യദൃച്ഛയാ മത്കഥാദൌ ജാതശ്രദ്ധസ്തു യഃ പുമാൻ
ന നിർവ്വിണ്ണോ നാതിസക്തോ ഭക്തിയോഗോƒസ്യ സിദ്ധിദഃ

ഇഹ	ഈ മൂന്നു് ഉപായങ്ങളിൽ
കർമ്മസു വിഷണ്ണാനാം സന്യാസിനാം	കർമ്മങ്ങളിൽ വെറുപ്പുതോന്നി ആയതിനാൽ കർമ്മങ്ങളെ ത്യാഗം ചെയ്ത സന്യാസികൾക്കു്
ജ്ഞാനയോഗഃ തേഷു	ജ്ഞാനയോഗവും, ആ കർമ്മങ്ങളിലും അവയുടെ ഫലങ്ങളിലും
അനിർവ്വിണ്ണചിത്താനാം	മനസ്സു് വെറുക്കാത്ത
കാമിനാം	കാമികൾക്കു്
കർമ്മയോഗഃ	കർമ്മയോഗവും
യഃ പുമാൻ	ഏതൊരു മനുഷ്യൻ
യദൃച്ഛയാ	ഏതോ ഒരു ഭാഗ്യം ഉദയമായതിനാൽ
മത് കഥാദൌ	എന്റെ കഥാ മുതലായവകളിൽ
ജാതശ്രദ്ധഃ	ശ്രദ്ധവന്നു്
നിർവ്വിണ്ണഃ ന അതിസക്തഃ	തീരെ വെറുക്കാതെ അധികം ബന്ധമില്ലാതേയും ഇരിക്കുന്നുവോ
അസ്യ	അവന്നു്
ഭക്തിയോഗഃ	ഭക്തിയോഗവും
സിദ്ധിദഃ	സിദ്ധിനല്കുന്നതായി ഭവിക്കുന്നു

9. താവത് കർമ്മാണി കുർവ്വീത ന നിർവ്വിദ്യേത യാവതാ
മത്കഥാശ്രവണാദൌ വാ ശ്രദ്ധാ യാവന്ന ജായതേ

യാവതാ	എത്രവരെ
ന നിർവ്വിദ്യേത	വൈരാഗ്യം സിദ്ധിക്കുന്നില്ലയോ
വാ	അഥവാ
യാവത്	എത്രവരെ
മത് കഥാശ്രവണാദൌ	എന്റെ കഥാശ്രവണം മുതലായവയിൽ
ശ്രദ്ധാ ന ജായതേ	ശ്രദ്ധ ഉണ്ടാവുന്നില്ലയോ
താവത്	അത്രവരെ
കർമ്മാണി	നിത്യ നൈമിത്തിക
കുർവ്വീത	കർമ്മങ്ങളെ ചെയ്യണം

10. സ്വധർമ്മസ്ഥോ യജൻ യജ്ഞൈരനാശീഃ കാമ ഉദ്ധവ
ന യാതി സ്വർഗ്ഗനരകൌ യദ്യന്യന്ന സമാചരേത്

ഉദ്ധവ	ഹേ ഉദ്ധവ!
അനാശീഃ കാമഃ	ഫലേച്ഛ ഇല്ലാത്തവനാൽ
സ്വധർമ്മസ്ഥഃ	തന്റെ ധർമ്മം അനുഷ്ഠിച്ചുകൊണ്ടു്
യജ്ഞൈഃ	യാഗങ്ങളാൽ എന്നെ
യജൻ	ആരാധിച്ചുംകൊണ്ടു്
അന്യത് ന	നിഷിദ്ധകർമ്മത്തിനേയോ
സമാചരേത് യദി	കാമ്യകർമ്മത്തേയോ ചെയ്യാതേ ഇരിക്കുമെങ്കിൽ
സ്വർഗ്ഗനരകൌ	ഫലകാമന ഇല്ലാത്തതിനാൽ സ്വർഗ്ഗവും നിഷിദ്ധത്തിനെ ചെയ്യാത്തതുകൊണ്ടു് നരകവും
ന യാതി	പ്രാപിക്കുന്നില്ല. സിദ്ധിക്കുക ഇല്ല.

11. **അസ്മിൻലോകേ വർത്തമാനഃ സ്വധർമ്മസ്ഥോഽനഘഃ ശുചിഃ**
ജ്ഞാനം വിശുദ്ധമാപ്നോതി മത്ഭക്തിം വാ യദൃച്ഛയാ

അസ്മിൻ ലോകേ	ഈ ശരീരത്തിൽ തന്നെ	സ്വധർമ്മസ്ഥഃ	സ്വധർമ്മനിഷ്ഠൻ
വർത്തമാനഃ	ഇരുന്നുംകൊണ്ട്	വിശുദ്ധം ജ്ഞാനം	കേവലജ്ഞാനമോ
അനഘഃ	നിഷിദ്ധകർമ്മത്തെ ത്യജിച്ചവനായതിനാൽ നിഷ്പാപനും	യദൃച്ഛയാ	ഭാഗവശത്താൽ
ശുചിഃ	ആയതിനാൽ രാഗം മുതലായ മാലിന്യം ഇല്ലാത്തവനും	മദ്ഭക്തിം വാ	എന്നിൽ ഭക്തിയേയോ
		ആപ്നോതി	പ്രാപിക്കുന്നു

12. **സ്വർഗ്ഗിണോഽപ്യേതമിച്ഛന്തി ലോകം നിരയിണസ്തഥാ**
സാധകം ജ്ഞാനഭക്തിഭ്യാമുഭയം തദസാധകം

നിരയിണഃ തഥാ	നരകത്തിൽ ഇരിക്കുന്നതു പോലെതന്നെ	ഉഭയം	സ്വർഗ്ഗശരീരവും, നരകശരീരവും
സ്വർഗ്ഗിണഃ അപി	സ്വർഗ്ഗത്തിൽ ഇരിക്കുന്നവരും	തദസാധകം	ജ്ഞാനം ഭക്തിഇവകൾക്ക് സാധകമല്ല എന്നതിനാലും
ഏതം ലോകം	ഈ മനുഷ്യശരീരത്തിനെ		
ജ്ഞാന ഭക്തിഭ്യാം സാധകം	ജ്ഞാനം, ഭക്തി ഇവകൾക്ക് സാധകം എന്നതിനാലും	ഇച്ഛന്തി	ആഗ്രഹിക്കുന്നു

13. **ന നരഃ സ്വർഗ്ഗതിം കാംക്ഷേന്നാരകീം വാ വിചക്ഷണഃ**
നേമം ലോകം ച കാംക്ഷേത ദേഹാവേശാത്പ്രമാദ്യതി

വിചക്ഷണഃ നരഃ	വിവേകിയായ മനുഷ്യൻ	ന കാംക്ഷേത	ആഗ്രഹിക്കരുത്
നാരകീം വാ	നരകത്തിലേക്കു പോകുന്നതിനെ ആഗ്രഹിക്കാത്തതുപോലെ	ദേഹാവേശാത്	എന്തെന്നാൽ ദേഹത്തിൽ 'അഹം' 'മമ' എന്ന ബന്ധം ഉണ്ടാകുന്നതിനാൽ
സ്വർഗ്ഗതിം ന കാംക്ഷേത്	സ്വർഗ്ഗം പോകുന്നതിനേയും ആഗ്രഹിക്കരുത്		
ഇമം ലോകം ച	വളരെ ശ്രേഷ്ഠമായ ഈ മനുഷ്യശരീരത്തിനേയും	പ്രമാദ്യതി	സ്വരൂപാനുസന്ധാനമില്ലാത്തവനായി ഭവിക്കുന്നു

14. ഏതദ്വിദ്വാൻ പുരാ മൃത്യോരഭവായ ഘടേത സഃ
അപ്രമത്ത ഇദം ജ്ഞാത്വാ മർത്യമപ്യർത്ഥസിദ്ധിദം

ഏതത്	ഇതറിഞ്ഞ വിവേകിയാ	ജ്ഞാത്വാ	അറിഞ്ഞു്
വിദ്വാൻ സഃ	വൻ	അപ്രമത്തഃ	ആലസ്യമില്ലാത്തവനായി
ഇദം	ഈ ശരീരം		
അർത്ഥസിദ്ധിദം അപി	പുരുഷാർത്ഥസിദ്ധിയെ നല്കുന്നതായിരുന്നാലും	മൃത്യോഃ പുരാ അഭവായ	മരണത്തിനുമുമ്പേ മോക്ഷം സിദ്ധിക്കുവാൻ
മർത്യം	മരണധർമ്മമുള്ളതെന്നു്	ഘടേത	പ്രയത്നിക്കണം.

15. ഛിദ്യമാനം യമൈരേതൈഃ കൃതനീഡം വനസ്പതിം
ഖഗഃ സ്വകേതമുത്സൃജ്യ ക്ഷേമം യാതി ഹ്യലംപടഃ

ഏതൈഃ യമൈഃ	ദയാ ഇല്ലാത്ത യമസദൃശന്മാരായ പുരുഷന്മാരാൽ	ഖഗഃ	പക്ഷി
		അലംപടഃ	ബന്ധമില്ലാ എന്നു്
ഛിദ്യമാനം	മുറിക്കപ്പെടുന്നതും	ഉത്സൃജ്യ	ത്യജിച്ചു്
കൃതനീഡം	സ്വയം കൂടുനിർമ്മിച്ചതും		
സ്വകേതം	തനിക്കു വാസസ്ഥലവു	ക്ഷേമം	ക്ഷേമം പ്രാപിക്കുന്നില്ല
വനസ്പതിം	മായ മരത്തിനെ	യാതി ഹി	യോ?

16. അഹോരാത്രൈശ്ഛിദ്യമാനം ബുദ്ധ്വാഽഽയുർഭയവേപഥുഃ
മുക്തസംഗഃ പരം ബുദ്ധ്വാ നിരീഹ ഉപശാമ്യതി

അഹോരാത്രൈഃ	അനേകം പകൽ രാത്രികളാൽ	മുക്തസംഗഃ	ആയതുകൊണ്ടു് ബന്ധം വെടിഞ്ഞവനായിട്ടും
ആയുഃ ഛിദ്യമാനം ബുദ്ധ്വാ	ആയുസ്സ് നശിപ്പിക്കപ്പെടുന്നതായി അറിഞ്ഞു്	നിരീഹഃ	ആയതിനാൽ നിശ്ചേഷ്ടനായിട്ടും
		പരം ബുദ്ധ്വാ	പരമാത്മസ്വരൂപം അറിഞ്ഞു്
ഭയവേപഥുഃ	ഭയത്താൽ കിടുകിടേ വിറക്കുന്നവനും	ഉപശാമ്യതി	മോക്ഷം പ്രാപിക്കുന്നു

17. നൃദേഹമാദ്യം സുലഭം സുദുർലഭം
പ്ലവം സുകല്പം ഗുരുകർണ്ണധാരം
മയാനുകൂലേന നഭസ്വതേരിതം
പുമാൻ ഭവാബ്ധിം ന തരേത് സ ആത്മഹാ

ആദ്യം	സകലവിധഫലങ്ങൾക്കും ആദ്യകാരണവും
സുദുർലഭം	വളരെ ദുർലഭവും
സുലഭം	യദൃച്ഛയായി ലബ്ധമായതും
സുകല്പം	വളരെ സാമർത്ഥ്യമുള്ളതും
ഗുരുകർണ്ണധാരം	ആശ്രയിച്ചതു കൊണ്ടു തന്നെ സന്മാർഗ്ഗത്തിൽ നയിക്കുന്ന ഗുരു എന്ന കപ്പിത്താനോടുകൂടിയതും
മയാ	സ്മരണമാത്രത്തിൽ അനുകൂലം ചെയ്യുന്ന 'ഞാൻ' എന്ന
അനുകൂലേന നഭസ്വതാ	അനുകൂലമായ കാററിനാൽ
ഈരിതം	ഒട്ടപ്പെട്ടതുമായ
നൃദേഹം	മനുഷ്യശരീരം എന്ന
പ്ലവം	മരഓടം ഏറിയിട്ടും
പുമാൻ	ഏതൊരു മനുഷ്യൻ
ഭവാബ്ധിം	സംസാരസാഗരത്തിനെ
ന തരേത്	തരണം ചെയ്യുന്നില്ലയോ
സ ആത്മഹാ	അവൻ ആത്മഹത്യയാണ് ചെയ്യുന്നതു്

18. യദാരംഭേഷു നിർവ്വിണ്ണോ വിരക്തഃ സംയതേന്ദ്രിയഃ
അഭ്യാസേനാത്മനോ യോഗീ ധാരയേദചലം മനഃ

യദ	എപ്പോൾ
ആരംഭേഷു	കർമ്മങ്ങളിൽ
നിർവ്വിണ്ണഃ	നിർവ്വിണ്ണനായും
വിരക്തഃ	ആയതുകൊണ്ടു് കർമ്മഫലങ്ങളിൽ വൈരാഗ്യമുള്ളവനായുമിരിക്കുന്നുവോ അപ്പോൾ
യോഗീ	യോഗിയായവൻ
സംയതേന്ദ്രിയഃ	ഇന്ദ്രിയങ്ങളെ അടക്കി കൊണ്ടു്
ആത്മനഃ	ആത്മവിഷയകമായി
അഭ്യാസേന	അനുസ്യൂതമായ ചിന്തനയാൽ
മന:	മനസ്സിനെ
അചലം	സ്ഥിരമായി അനങ്ങാതെ
ധാരയേത്	നിലനിർത്തണം

19. ധാര്യമാണം മനോ യർഹി ഭ്രാമ്യദാശ്വനവസ്ഥിതം
അതന്ദ്രിതോऽനുരോധേന മാർഗ്ഗേണാത്മവശം നയേത്

ധാര്യമാണം മന	അങ്ങിനെ നിലനിർത്തപ്പെട്ടമനസ്സ്
യർഹി	എപ്പോൾ
ആശുഭ്രാമ്യത്	വേഗം ചുററിഅലഞ്ഞു കൊണ്ടു്
അനവസ്ഥിതം	നിലനില്ക്കാതിരിക്കുന്നുവോ അപ്പോൾ
അതന്ദ്രിത:	മടിഇല്ലാത്തവനായി
അനുരോധേന മാർഗ്ഗേണ	അതിന്റെ ആഗ്രഹം തൃപ്തിപ്പെടുത്തുന്ന മാർഗ്ഗത്തിൽ അതിനെ അനുസരിച്ചു്
ആത്മവശം നയേത്	പിന്നീടു് തനിക്കു് അധീനമായി ആക്കിത്തീർക്കണം

20. മനോഗതിം ന വിസൃജേത് ജിതപ്രാണോ ജിതേന്ദ്രിയഃ
സത്വസമ്പന്നയാ ബുദ്ധ്യാ മന ആത്മവശം നയേത്

മനോഗതിം	മനസ്സിനെ ഇഷ്ടംപോലെ അലയുവാൻ
ന വിസൃജേത്	വിടരുത്
ജിത പ്രാണഃ	പ്രാണനെ ജയിച്ചവനായും
ജിതേന്ദ്രിയഃ	ജിതേന്ദ്രിയനായും ഭവിച്ച്
സത്വസം പന്നയാ	സത്വഗുണം നിറഞ്ഞ
ബുദ്ധ്യാ	ബുദ്ധിയാൽ
മനഃ	മനസ്സിനെ
ആത്മവശം	തനിക്ക് അധീനമായി
നയേത്	ചെയ്യണം

21. ഏഷ വൈ പരമോ യോഗോ മനസഃ സംഗ്രഹഃ സ്മൃതഃ
ഹൃദയജ്ഞത്വമന്വിച്ഛൻ ദമ്യസ്യേവാർവ്വതോ മുഹുഃ

ദമ്യസ്യ അർവ്വതഃ	അടക്കപ്പെടേണ്ട ചണ്ടിക്കുതിരയെ
ഹൃദയ ജ്ഞത്വം മുഹുഃ ഇവ	തന്റെ ഇഷ്ടംപോലെ സവാരി ചെയ്യാൻ ഇച്ഛിക്കുന്ന കുതിരക്കാരൻ പല പ്രാവിശ്യം കുതിരയുടെ ഇച്ഛപോലെ ഇണങ്ങി പിന്നീട് തന്റെ ഇച്ഛാനുസാരം സവാരി ചെയ്യുന്നപോലെ
മനസഃ സംഗ്രഹഃ ഏഷഃ	അതുപോലെ മനസ്സിനെ അനുസരിച്ച് അതിനെ അടക്കുക എന്നതു തന്നേയാണ്
പരമഃ യോഗഃ	വളരേ ശ്രേഷ്ഠമായ യോഗം എന്ന്
സ്മൃതഃ	കരുതപ്പെടുന്നത്

22. സാംഖ്യേന സർവ്വഭാവാനാം പ്രതിലോമാനുലോമതഃ
ഭവാപ്യയാവനുധ്യായേന്മനോ യാവത് പ്രസീദതി

മനഃ പ്രസീദതി യാവത്	മനസ്സ് നിശ്ചലമാകുന്നതുവരെ
സാംഖ്യേന	തത്ത്വവിവേകത്താൽ
സർവ്വഭാവാനാം	മഹത്തത്ത്വം തുടങ്ങി ദേഹാവസാനം വരേയുള്ള തത്ത്വങ്ങളുടെയും
ഭവാപ്യയൌ	ഉത്പത്തിയേയും നാശത്തിനേയും
പ്രതിലോമാനുലോമതഃ	അനുലോമ പ്രതിലോമ ക്രമത്തിൽ
അനുധ്യായേത്	ധ്യാനിക്കേണ്ടതാകുന്നു

23. നിർവ്വിണ്ണസ്യ വിരക്തസ്യ പുരുഷസ്യോക്തവേദിനഃ
മനസ്ത്യജതി ദൌരാത്മ്യം ചിന്തിതസ്യാനുചിന്തയാ

നിർവ്വിണ്ണസ്യ	സംസാരത്തിങ്കൽ വെറുപ്പോടും
വിരക്തസ്യ	ആയതിനാൽ വിരക്തനും
ഉക്തവേദിനഃ	ആയതിനാൽ ഗുരു ഉപദേശിച്ചതിനെ ചിന്തിക്കുന്നവനുമായ

പുരുഷസ്യ	പുരുഷൻെറ	അനുചിന്തയാ	വീണ്ടും വീണ്ടും ചിന്തിക്കുന്നതിനാൽ
ചിന്തിതസ്യ	ഗുരുവിനാൽ ഉപദേശിക്കപ്പെട്ട് പിന്നീട് ചിന്തിക്കപ്പെട്ടതിനേ	മന	മനസ്സ്
		ദൌരാത്മ്യം	ദേഹാദി അഭിമാനം
		ത്യജതി	വിട്ടുകളയുന്നു

24. യമാദിഭിർയ്യോഗപഥൈരാന്വീക്ഷികിക്യാ ച വിദ്യയാ
മമാർച്ചനോപാസിഭിർവ്വാ നാന്യൈർയ്യോഗ്യം സ്മരേന്മനഃ

യമാദിഭിഃ	യമം മുതലായ	മമ അർച്ചനോപാസിഭിർവ്വാ	എന്നെ അർച്ചിക്കുക, ഉപാസിക്കുക ഇവകളാലോ
യോഗ പഥൈ:	യോഗമാർഗ്ഗം കൊണ്ടോ	യോഗ്യം	ധ്യാനയോഗ്യനായ എന്നെ
ആന്വീക്ഷികിക്യാ വിദ്യയാ ച	ആത്മാനാത്മവിവേകത്തിനാലോ	മനഃ സ്മരേത്	മനസ് ധ്യാനിക്കും;
		അന്യൈഃ ന	അല്ലാതെ അന്യമാർഗ്ഗങ്ങളിൽ ധ്യാനിക്കില്ല

25. യദി കുര്യാത് പ്രമാദേന യോഗീ കർമ്മ വിഗർഹിതം
യോഗേനൈവ ദഹേദംഹോ നാന്യത്തത്ര കദാചന

യോഗീ	യോഗീ	യോഗേന	യോഗാഭ്യാസം കൊണ്ടു
പ്രമാദേന	പ്രമാദംകൊണ്ട് (തെററ്)	ഏവ	തന്നെ
വിഗർഹിതം കർമ്മ	നിന്ദ്യമായ കർമ്മത്തിനെ	ദഹേത്	നശിപ്പിക്കേണ്ടതാണ്
		തത്ര	ആ വിഷയത്തിൽ
കുര്യാത് യദി	ചെയ്യുമെങ്കിൽ	അന്യത്	വേറേ പ്രായശ്ചിത്തം
തത് അംഹഃ	ആ പാപത്തിനെ	കദാചന ന	ഒരിക്കലും ചെയ്യരുത്

26. സ്വേസ്വേƒധികാരേ യാ നിഷ്ഠാ സ ഗുണഃ പരികീർത്തിതഃ
കർമ്മണാം ജാത്യശുദ്ധാനാമനേന നിയമഃ കൃതഃ
ഗുണദോഷവിധാനേന സംഗാനാം ത്യാജനേച്ഛയാ

സ്വേസ്വേ അധികാരേ	അവരവരുടെ അധികാരത്തിൽ	സഃ ഗുണഃ	അതു തന്നെയാണ്
യാ നിഷ്ഠാ	സ്ഥിരമായി ഇരിക്കുക എന്ന ഏതൊന്നുണ്ടോ	പരികീർത്തിതഃ	ഗുണം എന്ന് പറയപ്പെട്ടിരിക്കുന്നതു്

ജാത്യശുദ്ധാനാം	ഉൽഭവത്തിൽ നിന്നുതൊട്ടെ അശുദ്ധങ്ങളായ
കർമ്മണാം	പ്രകൃത്യാ ഉണ്ടാകുന്ന പ്രവൃത്തി എന്ന കർമ്മങ്ങൾക്ക്

അനേന ഗുണദോഷവിധാനേന	ഈ ഗുണദോഷങ്ങളെ ഉപദേശിക്കുന്നതിനാൽ
സംഗാനാം	വിഷയരാഗങ്ങളെ
ത്യാജനേച്ഛയാ	വിട്ടുകളയിക്കണം എന്ന ചിന്തയാൽ (ഭാവത്താൽ)
കൃതഃ നിയമഃ	നിയമം ചെയ്യപ്പെട്ടിരിക്കുന്നു

ഭക്തിയോഗം ഉപദേശിക്കുന്നു

27. ജാതശ്രദ്ധോ മത്കഥാസു നിർവ്വിണ്ണഃ സർവ്വകർമ്മസു
വേദ ദുഃഖാത്മകാൻ കാമാൻ പരിത്യാഗേഽപ്യനീശഃ

28. തതോ ഭജേത മാം പ്രീതഃ ശ്രദ്ധാലുഃ ദൃഢനിശ്ചയഃ
ജുഷമാണശ്ച താൻ കാമാൻ ദുഃഖോദർക്കാംശ്ച ഗർഹയൻ

മത് കഥാസു ജാതശ്രദ്ധഃ	എന്റെ കഥയിൽ ഉള്ളവനും
സർവ്വകർമ്മസു	സകലലൌകിക വൈദികകർമ്മങ്ങളിലും
നിർവ്വിണ്ണഃ	ദുഃഖപൂർണ്ണം എന്ന വിചാരത്താൽ വെറുപ്പ് ഉണ്ടായവനും
കാമാൻ	കർമ്മഫലങ്ങൾ എന്ന്
ദുഃഖാത്മകാൻ വേദ അപി	അറിഞ്ഞിട്ടും കൂടി
പരിത്യാഗേ അനീശഃ	അവയെ വിടുന്നതിൽ ശക്തിഇല്ലാത്തവനായുമിരിക്കുന്നവൻ

തതഃ	അതു തുടങ്ങി
ദുഃഖോദർക്കാൻ	പിന്നീട് ദുഃഖം നല്കുന്ന
താൻ കാമാൻ	ആ കർമ്മഫലങ്ങളെ
ഗർഹയൻ ച	നിന്ദിച്ചും കൊണ്ടുതന്നെ
ജുഷമാണഃ ച	അനുഭവിച്ചും കൊണ്ടും
പ്രീതഃ	ആയതുകൊണ്ട് പ്രീതനും
ദൃഢനിശ്ചയഃ	ഭക്തികൊണ്ടുതന്നെ സകലതും സിദ്ധിക്കുമെന്ന് ദൃഢനിശ്ചയത്തോടു കൂടിയവനും
ശ്രദ്ധാലുഃ	ശ്രദ്ധയോടും
മാം ഭജേത	എന്നെ സേവിക്കണം

29. പ്രോക്തേന ഭക്തിയോഗേന ഭജതോ മാസകൃന്മുനേഃ
കാമാ ഹൃദയ്യാ നശ്യന്തി സർവ്വേ മയി ഹൃദി സ്ഥിതേ

പ്രോക്തേന	മുമ്പുപറയപ്പെട്ട
ഭക്തിയോഗേന	ഭക്തിയോഗത്താൽ

മാ	എന്നെ
അസകൃത്	എപ്പോഴും
ഭജതഃ മുനേഃ	ഭജിക്കുന്ന ഭക്തന്റെ

ഹൃദയ്യാഃ	മനസ്സിലിരിക്കുന്ന സർവ്വ	മയി ഹൃദി സ്ഥിതേ	ഞാൻ ഹൃദയത്തിൽ ഇരിക്കുന്നതിനാൽ
സർവ്വേ കാമാഃ	കാമങ്ങളും	നശ്യന്തി	നാശം പ്രാപിക്കുന്നു

30. **ഭിദ്യതേ ഹൃദയഗ്രന്ഥിശ്ഛിദ്യന്തേ സർവ്വസംശയാഃ**
ക്ഷീയന്തേ ചാസ്യ കർമ്മാണി മയി ദൃഷ്ടേഽഖിലാത്മനി

അഖിലാത്മനി മയി	എല്ലാവർക്കും ആത്മാവായ ഞാൻ	ഛിദ്യന്തേ	നശിച്ചുപോകുന്നു
ദൃഷ്ടേ	ദൃഷ്ടിഗോചരമായപ്പോൾ		
ഹൃദയഗ്രന്ഥിഃ	അഹങ്കാരം	കർമ്മാണി ച	സംസാരകാരണമായ ഫലം നല്കുവാൻ തുടങ്ങാത്ത കർമ്മങ്ങളും
ഭിദ്യതേ	നശിച്ചുപോകുന്നു		
സർവ്വസംശയാഃ	ആയതിനാൽ അസംഭാവനാ, വിപരീതഭാവനാ മുതലായ സകല സംശയങ്ങളും	ക്ഷീയന്തേ	ക്ഷയിക്കുന്നു

31. **തസ്മാന്മത്ഭക്തിയുക്തസ്യ യോഗിനോ വൈ മദാത്മനഃ**
ന ജ്ഞാനം ന ച വൈരാഗ്യം പ്രായഃ ശ്രേയോ ഭവേദിഹ

തസ്മാത്	ആയതുകൊണ്ട്	പ്രായഃ	മിക്കവാറും
ഇഹ	ഈ ലോകത്തിൽ	വൈരാഗ്യം	വൈരാഗ്യം
മത്ഭക്തിയുക്തസ്യ	എന്നിൽ ഭക്തിയുള്ളവനും	ശ്രേയഃ	ശ്രേയസ് നല്കുന്നതായി
മദാത്മനഃ	എന്നിൽ മനസ്സ് വെച്ച	ന ഭവേത്	ആകുന്നില്ല
യോഗിനഃ	ഭക്തന്ന്	ജ്ഞാനം ച ന	ജ്ഞാനവും ആകുന്നില്ല

32. **യത് കർമ്മഭിര്യത്തപസാ ജ്ഞാനവൈരാഗ്യതശ്ച യത്**
യോഗേന ദാനധർമ്മേണ ശ്രേയോഭിരിതരൈരപി

33. **സർവ്വം മത്ഭക്തിയോഗേന മത്ഭക്തോ ലഭതേഽഞ്ജസാ**
സ്വർഗ്ഗാപവർഗ്ഗം മദ്ധാമ കഥഞ്ചിത് യദി വാഞ്ഛതി

കർമ്മഭിഃ	കർമ്മങ്ങളിനാൽ
യത്	എന്തു് ഉണ്ടാകുന്നുവോ
തപസാ യത്	തപസ്സാൽ എന്തു ഉണ്ടാകുന്നുവോ
ജ്ഞാനവൈരാഗ്യതഃ ച	ജ്ഞാനത്താലും വൈരാഗ്യത്താലും
യോഗേന	യോഗാനുഷ്ഠാനത്തിനാലും
ദാനധർമ്മേണ	ദാനധർമ്മങ്ങളിനാലും
ഇതരൈഃ ശ്രേയോഭിഃ അപി	തീർത്ഥയാത്ര മുതലായ വേറെ ശ്രേയസ്സാധനങ്ങളിനാലും
യത്	എന്തൊരു സത്വശുദ്ധി മുതലായതു് ഉണ്ടാകുന്നുവോ

തത് സർവ്വം	അവയെ എല്ലാററിനേയും
സ്വർഗ്ഗാപവർഗ്ഗം	സ്വർഗ്ഗവും മോക്ഷവും
മദ്ഭക്തഃ	എന്റെ ഭക്തൻ
യദി വാഞ്ഛതി	ആഗ്രഹിച്ചുവെങ്കിൽ
മദ്ധാമ	എന്റെ സ്ഥലമായ വൈകുണ്ഠത്തിനേപോലും
മദ്ഭക്തിയോഗേന	എന്നോടുള്ള ഭക്തിയോഗത്താൽ
കഥഞ്ചിത്	എങ്ങിനെയെങ്കിലും
അഞ്ജസാ	എളുപ്പത്തിൽ
ലഭതേ	ലഭിക്കുന്നു (പ്രാപിക്കുന്നു)

34. **ന കിഞ്ചിത് സാധവോ ധീരാ ഭക്താ ഹ്യേകാന്തിനോ മമ**
വാഞ്ഛന്ത്യപി മയാ ദത്തം കൈവല്യമപുനർഭവം

സാധവഃ	സാധുക്കളും
ധീരാഃ	ബുദ്ധിമാന്മാരും
ഏകാന്തിനഃ	എന്നിൽ തന്നേ പ്രിയമുള്ളവരുമായ
ഭക്താഃ	ഭക്തന്മാർ

മയാ ദത്തം	എന്നാൽ നല്കപ്പെട്ട
അപുനർഭവം	ആത്യന്തികമായ
കൈവല്യം അപി	മോക്ഷവും
ന കിഞ്ചിത്	ലവലേശം പോലും
വാഞ്ഛന്തി	ആഗ്രഹിക്കുന്നില്ല

35. **നൈരപേക്ഷ്യം പരം പ്രാഹുഃ നിഃശ്രേയസമനല്പകം**
തസ്മാന്നിരാശിഷോ ഭക്തിർനിരപേക്ഷസ്യ മേ ഭവേത്

നൈരപേക്ഷ്യം	ഏതിലും അപേക്ഷ ഇല്ലാതിരിക്കുക എന്നതു്
പരം	വളരേ ഉത്തമമായതും
അനല്പകം	വളരേ ഉൽകൃഷ്ടമായതും ആയ

നിഃശ്രേയസം	മോക്ഷമെന്നും മോക്ഷസാധനമെന്നും
പ്രാഹുഃ	മഹാന്മാർ പറയുന്നു
തസ്മാത്	ആയതുകൊണ്ടു്
നിരപേക്ഷസ്യ	അപേക്ഷാരഹിതനായ

മേ ഭക്തിഃ	എന്നോടുള്ള ഭക്തി എന്നതു്
നിരാശിഷഃ	ആശ ഇല്ലാത്തവനു് മാത്രമേ
ഭവേത്	ഉണ്ടാകുന്നതാകുന്നു

36. ന മയ്യേകാന്തഭക്താനാം ഗുണദോഷോത്ഭവാ ഗുണാഃ
സാധൂനാം സമചിത്താനാം ബുദ്ധേഃ പരമുപേയുഷാം

മയി ഏകാന്ത ഭക്താനാം	എന്നിൽ ഏകാന്തഭക്തിയുള്ളവരും
സാധൂനാം	ആയതിനാൽ രാഗാദിദോഷരഹിതരും
സമചിത്താനാം	ആയതുകൊണ്ടു് സമചിത്തന്മാരും
ബുദ്ധേഃ പരം ഉപേയുഷാം	ആയതുകൊണ്ടു് ബുദ്ധ്യതീതനായിരിക്കുന്ന പരമാത്മാവിനെ സിദ്ധിച്ചവർക്കു്
ഗുണദോഷോത്ഭവാഃ	വിധിക്കപ്പെട്ടതിൽ നിന്നും നിഷേധിക്കപ്പെട്ടതിൽനിന്നും ഉണ്ടാകുന്ന
ഗുണാഃ ന	പുണ്യപാപങ്ങൾ ഇല്ല

37. ഏവമേതാൻ മയാഽഽദിഷ്ടാനനുതിഷ്ഠന്തി മേ പഥഃ
ക്ഷേമം വിന്ദന്തി മത്സ്ഥാനം യദ് ബ്രഹ്മ പരമം വിദുഃ

ഏവം	ഇപ്രകാരം
മയാ ആദിഷ്ടാൻ	എന്നാൽ ഉപദേശിക്കപ്പെട്ട
ഏതാൻ മേ പഥഃ	എന്നെ സിദ്ധിക്കുവാൻ സഹായിക്കുന്ന ഈ മാർഗ്ഗത്രയങ്ങളെ
അനുതിഷ്ഠന്തി	ആരു് അനുഷ്ഠിക്കുന്നുവോ അവർ
ക്ഷേമം	കാലം, മായാ ഇവ ഇല്ലാത്ത ക്ഷേമമായ
മത്സ്ഥാനം	എന്റെ സ്ഥാനത്തെ
വിന്ദന്തി	പ്രാപിക്കുന്നു
യത്	ഏതൊരു
പരമം ബ്രഹ്മ	പരബ്രഹ്മസ്വരൂപം ഉണ്ടോ അതിനേയും
വിദുഃ	അറിയുന്നു

ഇതി ശ്രീമൽ ഭാഗവതം മഹാപുരാണം പതിനൊന്നാം സ്കന്ധം
ഇരുപതാമദ്ധ്യായം സമാപ്തം.

ആദിതഃ ശ്ലോകങ്ങൾ 13042 ഏകാദശസ്കന്ധം ആദിതഃ ശ്ലോകങ്ങൾ 876

———★———

PART II

ഏകവിംശോƒദ്ധ്യായഃ = അദ്ധ്യായം ഇരുപത്തിഒന്നു്

ദ്രവ്യദേശാദിഗുണദോഷവർണ്ണനം!!

പദാർത്ഥങ്ങളുടേയും ദേശങ്ങളുടേയും ഗുണദോഷങ്ങളെ വർണ്ണിക്കുന്നതു്.
ശ്രീഭഗവാനുവാച — ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു:–

1. യ ഏതാൻ മത്പഥോ ഹിത്വാ ഭക്തിജ്ഞാന ക്രിയാത്മകാൻ!
ക്ഷുദ്രാൻ കാമാംശ്ചലൈഃ പ്രാണൈർജ്ജുഷന്തഃ സംസരന്തി തേ!!

2. സ്വേ സ്വേƒധികാരേ യാ നിഷ്ഠാ സ ഗുണഃ പരികീർത്തിതഃ!!
വിപര്യ്യയസ്തു ദോഷഃ സ്യാദുഭയോരേഷ നിശ്ചയഃ!!

യേ	ഏവർ
ഭക്തിജ്ഞാന ക്രിയാത്മകാൻ	ഭക്തി, ജ്ഞാനം, കർമ്മം എന്ന
ഏതാൻ മത് പഥഃ	എന്നാൽ ഉപദിഷ്ടമായ ഈ മാർഗ്ഗങ്ങളെ
ഹിത്വാ	വിട്ടു്
ചലൈഃ	അസ്ഥിരമായ
പ്രാണൈഃ	ഇന്ദ്രിയങ്ങളെകൊണ്ടു്
ക്ഷുദ്രാൻ കാമാൻ	അല്പങ്ങളായ കാമ സുഖങ്ങളെ
ജുഷന്തഃ	അനുഭവിക്കുന്നുവോ
തേ	അവർ
സംസരന്തി	പലയോനികളിൽ ജനിക്കുന്നു

സ്വേസ്വേ അധികാരേ	അവരവരുടെ അധികാരത്തിൽ
യാ നിഷ്ഠാ	സ്ഥിരമായിരിക്കുക എന്നതു് ഏതൊന്നുണ്ടോ
സഃ ഗുണഃ പരികീർത്തിതഃ	അതു് ഗുണമെന്നു് പറയപ്പെട്ടിട്ടുണ്ടു്;
തു	പക്ഷേ
വിപര്യ്യയ	അസ്ഥിരമായിരിക്കുക എന്നതു്
ദോഷഃ സ്യാത്	ദോഷമാണു്;
ഉഭയോഃ	ഗുണം ദോഷം ഈ രണ്ടിന്നും
ഏഷഃ	ഇതു തന്നേയാണു്
നിശ്ചയഃ	നിശ്ചയം

3. **ശുദ്ധ്യശുദ്ധീ വിധീയേതേ സമാനേഷ്വപി വസ്തുഷു।**
ദ്രവ്യസ്യ വിചികിത്സാർത്ഥം ഗുണദോഷൗ ശുഭാശുഭൗ॥

വസ്തുഷു	വസ്തുക്കൾ	ഗുണദോഷൗ	അതുകൊണ്ട് ഗുണവും (ഉപാദേയത്വവും) ദോഷവും (അനുപാദേയത്വവും)
സമാനേഷു	തുല്യങ്ങളായി		
അപി	ഇരുന്നാലു കൂടി		
ദ്രവ്യസ്യ വിചികിത്സാർത്ഥം	ദ്രവ്യത്തിന്റെ വിചികിത്സക്കുവേണ്ടി	ശുഭാശുഭൗ	ആയതുകൊണ്ട് ശുഭവും (നല്ലഫലവും) അശുഭവും (വിപരീതഫലവും)
ശുദ്ധ്യശുദ്ധി	ശുദ്ധിയും അശുദ്ധിയും	വിധീയേതേ	വിധിക്കപ്പെടുന്നു

4. **ധർമ്മാർത്ഥം വ്യവഹാരാർത്ഥം യാത്രാർത്ഥമിതി ചാനഘ।**
ദർശിതോഽയം മയാഽഽചാരോ ധർമ്മമുദ്വഹതാം ധുരം॥

അനഘ	കളങ്കമില്ലാത്തവനെ!	വ്യവഹാരാർത്ഥം	ഗുണവും, ദോഷവും, ലോക വ്യവഹാരം സിദ്ധിക്കുവാനായ് കൊണ്ടും
അയം ആചാരഃ	ഈ ആചാരം		
ധർമ്മം ധുരം	ധർമ്മം എന്ന ഭാരത്തിനെ		
ഉദ്വഹതാം	നിർവ്വഹിക്കുന്ന (കർമ്മാൽ) വർക്ക്	മയാ	എന്നാൽ മനുമുതലായവർ വഴിയായി
ധർമ്മാർത്ഥം	ശുദ്ധിയും അശുദ്ധിയും ധർമ്മത്തിന്നായിട്ടും	ദർശിതഃ	ഉപദേശിക്കപ്പെടുന്നു

5. **ഭൂമ്യപ്പ്യഗ്ന്യനിലാകാശ ഭൂതാനാം പഞ്ചധാതവഃ।**
ആബ്രഹ്മസ്ഥാവരാദീനാം ശാരീരാ ആത്മസംയുതാഃ॥

ആബ്രഹ്മ സ്ഥാവരാദീനം	ബ്രഹ്മദേവൻ മുതൽ സ്ഥാവരം മുതലായ	ഭൂമ്യപ്പ്യഗ്ന്യ നിലാകാശാഃ	ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്ന പഞ്ചമഹാഭൂതങ്ങളെ
ഭൂതാനാം	പ്രാണികൾക്ക്	ശാരീരാഃ	ശരീരാരംഭങ്ങളായ

ധാതവ:	ധാതുക്കൾ; (കാരണങ്ങൾ) (ആയതിനാൽ ശരീരത്താൽ ഐക്യം പറയപ്പെട്ടു)	ആത്മസംയുതാ:	(ശരീരമായതിനുശേഷം) ആത്മാവോടുകൂടിയവ (ആത്മാവിനാൽ ഐക്യം പറയപ്പെട്ടു)

6. **വേദേന നാമരൂപാണി വിഷമാണി സമേഷ്വപി।**
ധാതു ഷൂദ്ധവ കല്പ്യന്തേ ഏതേഷാം സ്വാർത്ഥസിദ്ധയേ

ഉദ്ധവ	ഉദ്ധവ	വിഷമാണി	വേറായ
ഏതേഷാം	ഈ പ്രാണികൾക്ക്		
സ്വാർത്ഥ സിദ്ധയേ	ധർമ്മം മുതലായ പുരുഷാർത്ഥങ്ങൾ സിദ്ധിക്കുവാൻ വേണ്ടി	നാമരൂപാണി	നാമങ്ങളും രൂപങ്ങളും
സമേഷു അപി ധാതുഷു	ദേഹങ്ങൾ സമാനമായ് (പാഞ്ചഭൌതികമായ്) ഇരുന്നാലുംകൂടി	വേദേന	വേദരൂപിയായ എന്നാൽ
		കല്പ്യന്തേ	കല്പിക്കപ്പെടുന്നു

7. **ദേശകാലാദിഭാവാനാം വസ്തൂനാം മമ സത്തമ!**
ഗുണദോഷൌ വിധീയേതേ നിയമാർത്ഥം ഹി കർമ്മണാം॥

സത്തമ	ഹേ സത്തമ!	കർമ്മണാം	പ്രവൃത്തികളിൽ
ദേശകാലാദി ഭാവാനാം	അനുപാധേയങ്ങളായ ദേശം, കാലം, നിമിത്തം, ഫലം, അധികാരി എന്നവയും	നിയമാർത്ഥം ഹി	സംകോചം ചെയ്യുവാൻ വേണ്ടി
		മമ	എന്നാൽ
വസ്തൂനാം	ഉപാധേയങ്ങളായ വ്രീഹി (നെല്ല്) മുതലായ വസ്തുക്കൾക്കും	ഗുണദോഷൌ	ഗുണദോഷങ്ങൾ
		വിധീയേതേ	വിധിക്കപ്പെടുന്നു

8. **അകൃഷ്ണസാരോ ദേശാനാമ ബ്രഹ്മണ്യോഽശുചിർഭവേത്।**
കൃഷ്ണസാരോഽപ്യസൌവീര കീകടാ സംസ്കൃതേരിണം॥

ദേശാനാം	ദേശങ്ങളിൽ
അകൃഷ്ണസാര:	കറുത്തമാൻ (കൃഷ്ണസാരം) ഇല്ലാത്ത ദേശവും
അബ്രഹ്മണ്യ:	അതിലും ബ്രാഹ്മണഭക്തി ഇല്ലാത്ത ദേശവും
അശുചി: ഭവേത്	അശുദ്ധമായ് ഭവിക്കും;
കൃഷ്ണസാര: അപി	കൃഷ്ണസാരത്താൽ ശ്രേഷ്ഠമായിരുന്നാലുംകൂടി
അസൌവീര കീകടാസം സ്കൃതേരിണം	സത്പുരുഷന്മാരില്ലാത്തതും, സത്പാത്രങ്ങൾ ഇല്ലാത്തതും, ശുദ്ധംചെയ്യപ്പെടാത്തതും (അഥവാ മ്ലേച്ഛന്മാർ അധികമായും) ഊഷരസ്ഥലവും അശുദ്ധം

9. കർമ്മണ്യോ ഗുണവാൻ കാലോ ദ്രവ്യത: സ്വത ഏവ വാ।
യതോ നിവർത്തതേകർമ്മ ദോഷോഽകർമ്മക: സ്മൃത:॥

ദ്രവ്യത:	ദ്രവ്യസംപത്തിനാലോ
കർമ്മണ്യ:	കർമ്മാനുഷ്ഠാനയോഗ്യമായ
കാല:	മുൻപകൽ മുതലായ കാലം
സ്വത: വാ ഏവ ഗുണവാൻ	അഥവ വ്രത സ്വഭാവമായിത്തന്നേ ഗുണത്തോടു കൂടിയതു് (ശുദ്ധമായതു്);
യത:	ഏതു കാലത്തിൽ ദ്രവ്യം ലഭിക്കാത്തതാലോ
കർമ്മ നിവർത്തതേ	കർമ്മങ്ങൾ അനുഷ്ഠിക്കാൻ സാധിക്കാതെ തടസ്ഥങ്ങൾ സംഭവിക്കുന്നുവോ
അകർമ്മക:	ആശൌചം മുതലായവയിൽ കർമ്മം അനുഷ്ഠിക്കാത്ത പത്തു ദിവസങ്ങൾ ഉണ്ടോ
സ: ദോഷ:	ആ കാലം ദോഷം എന്നു് (അശുദ്ധം)
സ്മൃത:	പറയപ്പെട്ടിരിക്കുന്നു

10. ദ്രവ്യസ്യശുദ്ധ്യശുദ്ധീച ദ്രവ്യേണ വചനേ ന ച।
സംസ്കാരേണാഥ കാലേന മഹത്വാല്പതയാ യഥ വാ॥

11. ശക്ത്യശക്ത്യാഥവാ ബുദ്ധ്യാ സമൃദ്ധ്യാ ച യദാത്മനേ।
അഘം കുർവ്വന്തി ഹി യഥാ ദേശാവസ്ഥാനു സാരതേ॥

ദ്രവ്യസ്യ	ഒരു ദ്രവ്യത്തിനു്
ദ്രവ്യേണ	ജലം മുതലായവയാലും, മൂത്രം മുതലായവയാലും

ശുദ്ധ്യ ശുദ്ധീച	ശുദ്ധിയും, അശുദ്ധിയും ഉണ്ടാകുന്നു;
വചനേന	അതുപോലെ ശുദ്ധമോ അശുദ്ധമോ എന്ന സംശയത്തിൽ 'ശുദ്ധം' എന്നു് ബ്രാഹ്മണവാക്കാൽ ശുദ്ധിയും അതില്ലെങ്കിൽ അശുദ്ധിയും;
അഥ സംസ്കാരേണ	അതുപോലെ പുഷ്പം മുതലായവക്കു് ജലത്താൽ പ്രോക്ഷണം ചെയ്യുന്നതിനാൽ ശുദ്ധിയും മണത്തു നോക്കുന്നതിനാൽ അശുദ്ധിയും;
കാലേന അഥ	പാകം ചെയ്ത അന്നം മുതലായവക്കു് ഒരു യാമം വരെ ശുദ്ധിയും പിന്നീടു് അശുദ്ധിയും;
മഹത്വല്പതയാ വാ	ചണ്ഡാളൻ തൊട്ട കുളം മുതലായവ വലിയതായിരുന്നാൽ ശുദ്ധവും ചെറിയതായാൽ അശുദ്ധവും;
ശക്ത്യാ അശക്ത്യ അഥ	അതുപോലെ ആശൌചാന്നത്തിനു് ശക്തിയനുസരിച്ചു് അശുദ്ധവും അശക്തിയനുസരിച്ചു് ശുദ്ധവും;
ബുദ്ധ്യാ വാ	പുത്രജനനാദി വിഷയങ്ങളിൽ 10 ദിവസങ്ങൾക്കുള്ളിൽ അറിഞ്ഞാൽ അശുദ്ധവും ശേഷമാണെങ്കിൽ ശുദ്ധവും;
സമൃദ്ധ്യാ ച	കീറിയ, അഴുക്കേറിയ വസ്ത്രങ്ങൾക്കു് ധനവാനായാൽ അവ അശുദ്ധവും ദരിദ്രന്റേതായാൽ ശുദ്ധവും പറയപ്പെട്ടിരിക്കുന്നു
ആത്മനെ	(ഏതു വാക്കുകൾ) തനിക്കു്
യത് അഘം കുർവ്വന്തി	ഏതു പാപത്തിനെ ചെയ്യുന്നുവോ ഇവ
ദേശാവസ്ഥാനുസാരത:	ദേശം, അവസ്ഥ അവകളെ അനുസരിച്ചേ ചെയ്യുന്നു
ഹി	എന്നതു് തീർച്ചതന്നെ

12. ധാന്യ ദാർവ്വസ്ഥിതന്തൂനാം രസ തൈജസ ചർമ്മണാം।
കാലവായ്വഗ്നിമൃത്തോയൈ: പാർത്ഥിവാനാം യുതായുതൈ:॥

ധാന്യദാർവ്വസ്ഥി തന്തൂനാം	ധാന്യം, ലൌകികമായ മരപാത്രം, യാഗത്തിലുള്ള ഗ്രഹം, ചമസം, ആനക്കൊമ്പു്, നൂലു് ഇവയ്ക്കും
രസതൈജസ ചർമ്മണാം	എണ്ണ, നെയ്യ്, സ്വർണ്ണം, വെള്ളി, തോലു്, ഇവയ്ക്കും
പാർത്ഥിവാനാം	വീഥി, ചേറു്, മൺകുടം, ചെങ്കല്ല് ഇവയ്ക്കും

യുതായുതൈ:	ഒന്നോ, രണ്ടോ, ചേർന്നോ പ്രത്യേകം പ്രത്യേകമായോ	കാലവായ്വഗ്നി മൃത്തോയൈ:	കാലം, കാററ്, അഗ്നി, മണ്ണ്, ജലം ഇവയാൽ ശുദ്ധി ഉണ്ടാകുന്നു

13. അമേദ്ധ്യലിപ്തം യത് യേന ഗന്ധം ലേപം വ്യപോഹതി।
ഭജതെ പ്രകൃതിം തസ്യ തച്ഛൌചം താവദിഷ്യതെ॥

അമേദ്ധ്യലിപ്തം	അശുദ്ധവസ്തുക്കളാൽ ലേപനം ചെയ്ത	വ്യപോഹതി	കഴകിവൃത്തിയാക്കുന്നുവോ
യത്	പീഠം, പാത്രം, വസ്ത്രം, മുതലായ ഏതു സാധനം	പ്രകൃതിം ഭജതെ	സ്വഭാവമായ രൂപത്തിനേയും പ്രാപിക്കുന്നുവോ
		തസ്യ	അതിന്
യേന	ക്ഷാരം, പുളി, ജലം മുതലായ ഏതു സാധനം കൊണ്ട്	തത് ശൌചം	ആ ശുദ്ധിയെ
		താവത്	ഒരു പ്രാവിശ്യമോ, പലപ്രാവിശ്യമോ ശുദ്ധമാകുന്നതുവരെ
ഗന്ധം ലേപം	ഗന്ധത്തിനേയും, ലേപത്തിനേയും	ഇഷ്യതെ	ആഗ്രഹിക്കപ്പെടുന്നു

ദ്രവ്യ ശുദ്ധിയെ പറഞ്ഞതിനുശേഷം ഇപ്പോൾ കർത്തൃ ശുദ്ധിയെ പറയുന്നു:—

14. സ്നാനദാനതപോഽവസ്ഥാവീര്യസംസ്കാര കർമ്മഭി:।
മത്സ്മൃത്യാ ചാത്മന: ശൌചം ശുദ്ധ: കർമ്മാചരേദ് ദ്വിജ:॥

സ്നാനദാന തപോവസ്ഥാ വീര്യസംസ്കാര കർമ്മഭി	സ്നാനം, ദാനം, കൃച്ഛ്രാനുഷ്ഠാനം മുതലായ തപസ്സ്, കൌമാരം മുതലായ അവസ്ഥാ, ശക്തി, ഉപനയനം മുതലായ സംസ്കാരം, സന്ധ്യവന്ദനം മുതലായ കർമ്മ ഇവകളാലും	ആത്മന:	കർത്താവിന്ന്
		ശൌചം	ശുദ്ധി ഉണ്ടാകുന്നു;
		ശുദ്ധ:	ശുദ്ധനായിട്ടുതന്നെയാണ്
		ദ്വിജ:	ബ്രാഹ്മണൻ മുതലായവർ
		കർമ്മ	കർമ്മാവിനെ
മത് സ്മൃത്യാ ച	എന്നെ സ്മരിക്കുന്നതു കൊണ്ടും	ആചരേത്	അനുഷ്ഠിക്കേണ്ടതു്:

15. മന്ത്രസ്യ ച പരിജ്ഞാനം കർമ്മശുദ്ധിർ മദർപ്പണം।
ധർമ്മ: സമ്പദ്യതെ ഷഡ്ഭിരധർമ്മസ്തു വിപര്യയ: ॥

മന്ത്രസ്യ	മന്ത്രത്തിന്
പരിജ്ഞാനം ച	ഗുരുവിൽ നിന്ന് യഥാക്രമം അറിഞ്ഞുകൊള്ളുന്നതു് ശുദ്ധി;
മദർപ്പണം	ഈശ്വരാർപ്പണം ചെയ്യുന്നതു്
കർമ്മശുദ്ധി:	കർമ്മത്തിന് ശുദ്ധിയാകും;
ഷഡ്ഭി:	ശുദ്ധമായ, ദേശം, കാലം, ദ്രവ്യം, കർത്താ, മന്ത്രം, കർമ്മ ഇവ ആറുകൊണ്ടും
ധർമ്മ: സംപദ്യതെ	ധർമ്മം ഉണ്ടാകുന്നു
വിപര്യയ: ഇ	ഇവ അശുദ്ധമായാൽ
അധർമ്മ:	അധർമ്മം ഉണ്ടാകുന്നു

16. കചിദ് ഗുണോഽപി ദോഷ: സ്യാദ് ദോഷോഽപി വിധിനാ ഗുണ:।
ഗുണദോഷാർത്ഥനിയമസ്തദ്ഭിദാ മേവ ബാധതെ ॥

കചിത്	ചിലപ്പോൾ (ആപത്തിൽ)
ഗുണ: അപി	പ്രതിഗ്രഹം ഗുണമായാലും
ദോഷ: സ്യാത്	ആപത്സമയ മല്ലാതിരിക്കുമ്പോൾ നിഷേധിക്കപ്പെട്ടിരിക്കുമ്പോൾ ദോഷമാകുന്ന പ്രതിഗ്രഹ;
ദോഷ: അപി	കുടുംബത്യാഗം ദോഷമാണെങ്കിലും
വിധിനാ	വിധിബലംകൊണ്ടു്
ഗുണ:	വിരക്തനു ഗുണവത്തായ് തീരുന്നു;
ഗുണദോഷാർത്ഥ നിയമ:	ഗുണദോഷങ്ങളെ ഒരു വിഷയത്തിൽ നിയമിക്കുക എന്നതു്
തദ് ഭിദാം ഏവ	ഗുണദോഷങ്ങളുടെ വ്യത്യാസത്തിനെ
ബാധതെ	ബാധിക്കുന്നു

ദോഷം ചിലസ്ഥലങ്ങളിൽ ദോഷമല്ല എന്നതിനും ഗുണം തന്നേയാണു് എന്നതിനും ഉദാഹരണം പറയുന്നു :—

17. സമാന കർമ്മാചരണം പതിതാനാം ന പാതകം।
ഔത്പത്തികൊ ഗുണ: സംഗോ ന ശയാന; പതനധ്യ: ॥

സമാനകർമ്മാചരണം	താങ്കൾ മുമ്പു് ചെയ്തു വന്നിരുന്ന കള്ളക്കടിക്കുക മുതലായവ പതിതരല്ലാത്തവർക്കു് പാതിത്യഹേതുവായാലും	സംഗ:	സ്ത്രീസംഗം സന്യാസിമാർക്കു് ദോഷമാണെങ്കിലും
		ഔത്പത്തിക:	പൂർവ്വമേവ സ്വീകൃതമായതിനാൽ
പതിതാനാം	ജാതികാരണമോ കർമ്മം കാരണമോ പതിതരായവർക്കു്	ഭ്രൂണ:	ഭ്രൂണമായു് ഭവിക്കുന്നു
		ശയാന:	ആദ്യതന്നെ ചുവട്ടിൽ കിടന്നവൻ
ന പാതകം	വീണ്ടും പതിത്യത്തിനു കാരണമായു് ഭവിക്കുക ഇല്ല;	അധ: ന പതതി	വീണ്ടും ചുവട്ടിൽ വീഴുന്നില്ല

പ്രവൃത്തിശാസ്ത്രത്തിനും നിവൃത്തിയെ പറയുന്നതിലാണു് താത്പര്യം എന്നു പറയുന്നു.

18. യതോ യതോ നിവർത്തേത വിമുച്യേത തതസ്തത:!!
ഏഷധർമ്മോ നൃണാം ക്ഷേമ: ശോകമോഹഭയാപഹ !!

യത: യത:	ഏതേതു് കർമ്മങ്ങളിനിന്നും വിഷയങ്ങളിൽ നിന്നും	ഏഷ: ധർമ്മ:	ഇപ്രകാരം നിവൃത്തിരൂപമായ ധർമ്മം
നിവർത്തേന	നിവൃത്തി ലഭിക്കുന്നുവോ	നൃണാം	മനുഷ്യന്മാർക്കു്
തത: തത:	അതാതു കർമ്മത്തിൽനിന്നും വിഷയത്തിൽ നിന്നും	ക്ഷേമ:	അതുവഴി ക്ഷേമം നൽകുന്നു.
വിമുച്യേത	ഇവൻ വിമുക്തനായു് ഭവിക്കുന്നു.	ശോകമോഹഭയാപഹ:	ശോകം, മോഹം, ഭയം ഇവയെ ഇല്ലാതാക്കുന്നു.

വേദം പ്രവൃത്തിമാർഗ്ഗത്തിനെ ഉപദേശിക്കുന്നു എന്നതിനെ നിഷേധിക്കുവാൻ പ്രവൃത്തിമാർഗ്ഗം അനർത്ഥത്തിനു കാരണം എന്നു് ഉപദേശിക്കുന്നു:—

19. വിഷയേഷു ഗുണാദ്ധ്യാസാത് പുംസ: സംഗസ്തതോ ഭവേത്!
സംഗാത്തത്ര ഭവേത് കാമ: കാമാദേവ കലിർ നൃണാം!!

വിഷയേഷു	വിഷയങ്ങളിൽ
ഗുണാദ്ധ്യാസാത്	ഗുണങ്ങൾ ഇരിക്കുന്നതായ് വിചാരിക്കുന്നതിനാൽ
പുംസ:	പുരുഷന്ന്
തത:	അവകളിൽ
സംഗ: ഭവേത്	ബന്ധം ഉണ്ടാകുന്നു
സംഗാത്	ആ ബന്ധംകൊണ്ട്
തത്ര	അവയിൽ
കാമ: ഭവേത്	ആശയുണ്ടാകുന്നു
കാമാത് ഏവ	ആ ആശ കാരണമായിട്ടു തന്നേ
നൃണാം	മനുഷ്യന്മാർക്ക്
കലി:	കലഹം ഉണ്ടാകുന്നു.

20. **കലേർദ്ദുർവിഷഹ: ക്രോധസ്തമസ്തമനുവർത്തതേ।**
തമസാ ഗ്രസ്യതേ പുംസശ്ചേതനാ വ്യാപിനീ ദ്രുതം॥

കലേ:	കലഹത്തിൽനിന്ന്
ദുർവിഷഹ: ക്രോധ:	സഹിക്കാൻ പാടില്ലാത്ത ദ്വേഷ്യം ഉണ്ടാകുന്നു.
തം	ആ ദ്വേഷ്യത്തിനെ
തമ: അനുവർത്തതേ	മോഹം (അജ്ഞാനം) പിൻതുടരുന്നു;
തമസാ	ആ മോഹത്താൽ
പുംസ:	മനുഷ്യന്റെ
വ്യാപിനീ ചേതനാ	വിശാലമായ വിവേകം
ദ്രുതം ഗ്രസ്യതേ	വേഗത്തിൽ ബാധിതമായ് ഭവിക്കുന്നു

21. **തയാ വിരഹിത: സാധോ ജന്തു: ശൂന്യായ കല്പതേ।**
തതോഽസ്യ സ്വാർത്ഥവിഭ്രംശോ മൂർച്ഛിതസ്യ മൃതസ്യ ച॥

സാധോ	ഹേ സാധുവേ!
തയാ വിരഹിത	ആ വിവേകം ഇല്ലാത്ത
ജന്തു:	മനുഷ്യൻ
ശൂന്യായ കല്പതേ	മരിച്ചുപോയവന്ന് സദൃശനായ് ഭവിക്കുന്നു;
തത:	ആയതിനാൽ
മൂർച്ഛിതസ്യ	മോഹം പ്രാപിച്ച
മൃതസ്യ അസ്യ	മരിച്ചവന്ന് സദൃശനായ ഇവന്ന്
സ്വാർത്ഥവിഭ്രംശ: ച	പുരുഷാർത്ഥങ്ങൾ ഇല്ലാതായിത്തീരുന്നു.

22. **വിഷയാഭിനിവേശേന താത്മാനം വേദനാപരം।**
വൃക്ഷ ജീവികയാ ജീവൻ വ്യർത്ഥം ഭസ്ത്രേവ യാ ശ്വസൻ॥

വിഷയാഭിനിവേശേന	വിഷയങ്ങളിൽ അധികമായ രാഗത്താൽ
യ:	എവൻ
ആത്മാനം	തന്നെ
ന വേദ	അറിയുന്നതില്ലയോ
അപരം ന	അന്യനേയും അറിയുന്നില്ലയോ
വ്യർത്ഥം വൃക്ഷ ജീവികയാ	സ്വാർത്ഥാനുസന്ധാനമില്ലാതെ ജലം മാത്രം സ്വീകരിച്ച് ജീവിക്കുന്ന മരം പോലെ
ജീവൻ	ജീവിക്കുന്നു(മൂർച്ഛിതനായവന്ന് തുല്യനായ് ഭവിക്കുന്നു;)
ഭസ്ത്രാ ഇവ	ഭസ്ത്രം പോലെ (ഇരുമ്പും തേക്കാൻ തീയിൽ കാററടിക്കുന്ന തോലുകൊണ്ട് ഉണ്ടാക്കിയ ഒരു വിധമായ സാധനം)
ശ്വസൻ	വൃഥാശ്വാസം വിടുന്നവൻ. (മൃതസമാനൻ)

പ്രവൃത്തിമാർഗ്ഗത്തിൽ ജീവിക്കുന്നവന്ന് സ്വർഗ്ഗാദിഫലങ്ങൾ പറയപ്പെട്ടപ്പോൾ പുരുഷാർത്ഥത്തിൽ എങ്ങിനെ ച്യുതനാകും? എന്ന ചോദ്യത്തിന് ഉത്തരം പറയുന്നു:—

23. **ഫലശ്രുതിരിയം നൃണാം ന ശ്രേയോ രോചനം പരം।**
ശ്രേയോ വിവക്ഷയാ പ്രോക്തം യഥാ ഭൈഷജ്യ രോചനം॥

ഇയം ഫലശ്രുതി:	ഈ സ്വർഗ്ഗാദിഫലശ്രുതി
നൃണാം	മനുഷ്യന്മാർക്ക്
ശ്രേയ: ന:	മുഖ്യമായ പുരുഷാർത്ഥങ്ങളെ പറയുന്നതായ് ഭവിക്കുകയില്ല;
ശ്രേയോ വിവക്ഷയാ	മോക്ഷത്തിനെ പറയുവാൻ വേണ്ടി
ഭൈഷജ്യരോചനം യഥാ	മരുന്നിൽ സ്വാദ് ഉണ്ടാക്കുവാൻ അതിനെ പ്രശംസിക്കുന്നതു പോലെ
പരം രോചനം	കർമ്മങ്ങളിൽ പ്രവൃത്തി ഉണ്ടാക്കുവാനായ് വളരേ പ്രശംസിച്ച്
പ്രോക്തം	പറയപ്പെട്ടിരിക്കുന്നു.

24. **ഉത്പത്യൈവ ഹി കാമേഷു പ്രാണേഷു സ്വജനേഷു ച।**
ആസക്ത മനസോ മർത്ത്യാ ആത്മനോ ഽനർത്ഥഹേതുഷു॥

കാമേഷു	ധനം പശുക്കറം മുതലായ കാമങ്ങളിലും	അനത്ഥഹേതുഷു ച	അനത്ഥകാരണങ്ങളായ അന്യ വസ്തുക്കളിലും
പ്രാണേഷു	പ്രാണങ്ങളിലും	ഉത്പത്യാ ഏവ	സ്വഭാവമായ്
സ്വജനേഷു	ഭാര്യാപുത്രാദികളിലും	ആസക്തമനസ:	മനസ്സ്ബന്ധപ്പെട്ടവരാകുന്നു.
ആത്മന:	തനിക്കു്	ഹി	ഇതു തീർച്ചയാണു്.

25. **ന താനവിദുഷ: സ്വാത്ഥം ഭ്രാമ്യതോ വൃജിനാധ്വനി!**
കഥം യുംജ്യാത് പുനസ്തേഷു താംസ്തമോ വിശതോ ബുധ: !!

സ്വാത്ഥം	പരമപുരുഷാത്ഥമായ മോക്ഷം	തമോവിശത:	അവിടേനിന്നു് വീണ്ടും വൃക്ഷാദിയോനികളെ പ്രാപിച്ചവരുമായ
അവിദുഷ:	അറിയാത്തവരും	ബുധ:	വേദം എന്നതു്
ന താൻ	വേദം പറഞ്ഞതേ ഉത്തമം എന്നു് വിശ്വസിച്ചവരും	തേഷു	പശു, ആയുസ്, ഇന്ദ്രിയം, പുത്രൻ മുതലായ കാമങ്ങളിൽ
വൃജിനാധ്വനി	പാപ (കർമ്മ) മാർഗ്ഗങ്ങളായ ദേവാദി യോനികളിൽ	പുന: കഥം	വീണ്ടും എങ്ങിനെ
ഭ്രാമ്യത:	ഭ്രമണം ചെയ്യുന്നവരും	യുംജ്യാത്	പ്രവൃത്തിപ്പിക്കുവാൻ സാധിക്കും?

26. **ഏവം വ്യവസിതം കേചിത് അവിജ്ഞായ കുബുദ്ധയ: !**
ഫലശ്രുതിം കുസുമിതാം ന വേദജ്ഞാ വദന്തി ഹി!!

കുബുദ്ധയ:	അറിവില്ലാത്ത		
കേചിത്	ചിലർ	ഫലശ്രുതിം	പരമഫലശ്രുതി എന്നു്
ഏവം വ്യവസിതം	ഇങ്ങനെ വേദത്തിന്റെ അഭിപ്രായത്തിനെ	വദന്തി	പറയുന്നു;
അവിജ്ഞായ	അറിഞ്ഞുകൊള്ളാതെ		
കുസുമിതാം	അനന്തരഫലമായ സ്വർഗ്ഗാദികളെ പ്രശംസിക്കുന്നതിനാൽ വളരെ രമണീയമായ	വേദജ്ഞാ: നഹി	വേദത്തിന്റെ സാരം അറിഞ്ഞ വ്യാസാദികറം അപ്രകാരം പറയുന്നതേ ഇല്ല

27. കാമിന: കൃപണാ ലുബ്ധാ: പുഷ്പേഷു ഫലബുദ്ധയ।
അഗ്നിമുഗ്ധാ ധൂമതാന്താ: സ്വം ലോകം ന വിദന്തി തേ॥

കാമിന:	കാമികളും	അഗ്നിമുഗ്ധാ:	ആയതുകൊണ്ടു് അഗ്നിസാധ്യങ്ങളായ കർമ്മങ്ങളിൽ ആസക്തരും ആയതിനാൽ വിവേകം നശിച്ചവരും
കൃപണാ:	ആയതുകൊണ്ടു് ദീനന്മാരും		
ലുബ്ധാ:	ആയതിനാൽ അത്യാഗ്രഹികളും	ധൂമതാന്താ:	ഒടുവിൽ ധൂമമാർഗ്ഗത്തിൽ പോകുന്നവരുമായ
പുഷ്പേഷുഫലബുദ്ധയ:	ആയതുകൊണ്ടു് പുഷ്പം പോലെ സ്വർഗ്ഗം മുതലായ അവാന്തരഫലങ്ങളിൽ പരമഫലമായ മോക്ഷം എന്നു് വിചാരിച്ചവരും	തേ	അവർ
		സ്വം ലോകം	ആത്മതത്ത്വത്തിനെ
		ന വിദന്തി	അറിയുന്നില്ല.

28. ന തേ മാമംഗ ജാനന്തി ഹൃദിസ്ഥം യ ഇദം യത:।
ഉക്ഥ ശസ്ത്രാ ഹ്യ സുതൃപോ യഥാ നീഹാര ചക്ഷുഷ: ॥

അംഗ	ഉദ്ധവ	ഉക്ഥശസ്ത്രാ:	കർമ്മാവിനെത്തന്നെ പ്രശംസിക്കുന്നവരും, അഥവാ പശുഹിംസാസാധനത്തോടുകൂടിയവരും
ഇദം	ഈ പ്രപഞ്ചം		
യത:	ആരിൽനിന്നുമുണ്ടായോ		
യ:	ഈ പ്രപഞ്ചം എന്നതാരോ (ആരേക്കാൾ പുണ്യം എന്നു് ഒന്നു് അന്യമായില്ലയോ)	അസുതൃപ:	ആയതിനാൽ പ്രാണനെ തൃപ്തിപ്പെടുത്തുന്നതിൽ വ്യാപൃതരുമായ അവർ
ഹൃദിസ്ഥം	അവരവരുടെ ഹൃദയത്തിങ്കൽ	നീഹാരചക്ഷുഷ: യഥാ	ഇരുണ്ടുപോയ കണ്ണുകളോടുകൂടിയവർ അരികിൽ ഇരിക്കുന്നതിനെ എങ്ങിനെ അറിയുന്നില്ലയോ അങ്ങിനെ
മാം	ഇരിക്കുന്ന		
തേ ന ജാനന്തി	അവർ അറിയുന്നില്ല		
ഹി	കാരണം	ന ജാനന്തി	അറിയുന്നില്ല.

29 തേ മേ മതമവിജ്ഞായ പരോക്ഷം വിഷയാത്മകാ: !
ഹിംസായാം യദി രാഗ: സ്യാത് യജ്ഞ ഏവ ന ചോദനാ!!

30. ഹിംസാ വിഹാരാ ഹ്യാലബ്ധൈ്ഃ പശുഭി: സ്വസുഖേച്ഛയാ!
യജന്തേ ദേവതാ യജ്ഞൈ: പിതൃഭൂതപതീൻ ഖലാ: !!

ഹിംസായാം	മാംസം കഴിക്കുവാനോ അതിന്നുവേണ്ടി ഹിംസയിൽ
രാഗ: യദിസ്യാത് യജ്ഞേ ഏവ	ആഗ്രഹം ഉണ്ടാകുന്നുവെങ്കിൽ യാഗത്തിൽ മാത്രമേ ചെയ്യുവാൻ പാടുള്ളു എന്നു് ഒരു വിധം അനുവദിക്കുന്നുണ്ടു്;
ചോദനാ ന	അഥവാ ചെയ്യേതീരണം എന്നു് വിധിയില്ല.
പരോക്ഷം	പരോക്ഷമായ (തെളിവില്ലാത്ത)
മേ മതം	എന്റെ ഈ അഭിപ്രായത്തിനെ
അവിജ്ഞായ	അറിഞ്ഞുകൊള്ളാതെ
വിഷയാത്മകാ	വിഷയസുഖങ്ങളിൽ വ്യാപൃതരും
ഹിംസാവിഹാരാ:	ഹിംസയെ കളിയായി കരുതുന്നവരുമായ
തേ ഖലാ:	ആ വഞ്ചകന്മാർ
സ്വ സുഖേച്ഛയാ ഹി	സ്വ സുഖത്തിങ്കൽഉള്ള ഇച്ഛകൊണ്ടുതന്നേ
അലബ്ധൈ്ഃ	ഹിംസക്കപ്പെട്ട
പശുഭി:	പശുക്കളെക്കൊണ്ടു ചെയ്യപ്പെടുന്ന
യജ്ഞൈ:	യാഗങ്ങളിനാൽ
ദേവതാ:	ഇന്ദ്രൻ മുതലായ അന്യദേവതകളേയും
പിതൃഭൂതപതീൻ	പിതൃക്കളേയും ഭൂതപതികളേയും
യജന്തേ	ആരാധിക്കുന്നു.

31. സ്വപ്നോപമമമും ലോകമസന്തം ശ്രവണ പ്രിയം!
ആശിഷോ ഹൃദി സംകല്പ്യ ത്യജന്ത്യർത്ഥാൻ യഥാ വണിക്!!

സ്വപ്നോപമം	സ്വപ്നതുല്യവും
ശ്രവണപ്രിയം	കേൾക്കുവാൻ മാത്രം പ്രിയമായതും
അസന്തം	ഇല്ലാത്തതുമായ
അമും ലോകം	പരലോകത്തിനേയും
ആശിഷ: ഹൃദി	കാമങ്ങളേ മനസ്സിൽ സംകല്പിച്ചുകൊണ്ടു്
വണിക് യഥാ	ഒരു കച്ചവടക്കാരൻ പോലെ
അർത്ഥാൻ	ധനം
ത്യജന്തി	ചിലവു ചെയ്യുന്നു.

32. രജഃ സത്വതമോനിഷ്ഠാ രജഃ സത്വതമോജുഷഃ।
ഉപാസത ഇന്ദ്രമുഖ്യാൻ ദേവാദീൻ ന തഥൈവ മാം॥

രജഃ സത്വതമോനിഷ്ഠാഃ	രജസ്സ്, തമസ്സ്, സത്വഗുണങ്ങൾ നിറഞ്ഞ ജനങ്ങൾ	ഇന്ദ്രമുഖ്യാൻ ദേവാദീൻ	ഇന്ദ്രാദി ദേവന്മാരെത്തന്നെയാണ്
		ഉപാസതെ	ഉപാസിക്കുന്നതു്;
രജസ്സത്വതമോജുഷഃ	രജസ്സ്, തമസ്സ് സത്വഗുണങ്ങൾ ലഭിച്ചവരായ	തഥാ മാം ന ഏവ	അതല്ലാതെ അപ്രകാരം ഗുണാതീതനായിരിക്കുന്ന എന്നെ ഉപാസിക്കുന്നതേ ഇല്ല.

33. ഇഷ്ട്വേവദേവതാ യജ്ഞൈർഗത്വാ രംസ്യാമഹേ ദിവി।
തസ്യാന്തേ ഇഹ ഭൂയാസ്മ മഹാശാലാ മഹാകുലാഃ॥

ഇഹ	ഈ ലോകത്തിൽ	ഇഹ	(വീണ്ടും) ഈ ലോകത്തിൽ
യജ്ഞൈഃ	യാഗങ്ങളെക്കൊണ്ടു്		
ദേവതാഃ ഇഷ്ട്വാ	ദേവതകളെ ആരാധിച്ചു്	മഹാകുലാഃ	വലിയ കുലത്തിൽ ജനിച്ചു്
ദിവി ഗത്വാ	ദേവലോകം പോയിട്ടു്	മഹാശാലഃ	വലിയ വീട്ടിൽ വസിക്കുന്നവരായി
രംസ്യാമഹേ	സുഖമനുഭവിക്കാം;		
തസ്യ അന്തേ	ആ സുഖാവസാനം	ഭൂയാസ്മ	ഭവിക്കാം

34. ഏവം പുഷ്പിതയാ വാചാ വ്യാക്ഷിപ്തമനസാം നൃണാം।
മാനിനാം ചാതി സ്തബ്ധാനാം മദ്വാർത്താപി നരോചതേ॥

പുഷ്പിതയാ	പുഷ്പസദൃശമായ	അതിസ്തബ്ധാനാം	ആയതിനാൽ ഗർവ്വിഷ്ഠരുമായ
വാചാ	വേദവാക്കാൽ		
ഏവം	ഇങ്ങനെ	നൃണാം	മനുഷ്യന്മാർക്കു്
വ്യാക്ഷിപ്താമനസാം	വ്യാക്ഷിപ്തമായ മനസ്സോടുകൂടിയവരും	മദ്വാർത്താ അപി	എന്നെ സംബന്ധിച്ചവാർത്തകൾകൂടി
മാനിനാം	ആയതുകൊണ്ടു് അഹംകാരികളും	നരോചതേ	ഇഷ്ടമാകുന്നില്ല.

35. **വേദാ ബ്രഹ്മാത്മവിഷയാസ്ത്രികാണ്ഡവിഷയാ ഇമേ।**
പരോക്ഷവാദാ ഋഷയഃ പരോക്ഷം മമ ച പ്രിയം॥

ത്രികാണ്ഡവിഷയാഃ	കർമ്മം ബ്രഹ്മം, ദേവതാ ഇവകളെ വിഷയമായി വെച്ച
ഇമേ വേദാഃ	ഈ വേദങ്ങൾ
ബ്രഹ്മാത്മവിഷയാഃ	ബ്രഹ്മം തന്നെയാണ് ആത്മാവ് സംസാരിയല്ല എന്നതിനേയും വിഷയമായി വെച്ചവയാകുന്നു.
ഋഷയഃ	മന്ത്രങ്ങൾ (അവയെ കണ്ട ഋഷികൾ)
പരോക്ഷവാദാഃ	ഗോപ്യമായ് പറയുന്ന സ്വഭാവമുള്ളവയാകുന്നു;
പരോക്ഷം	ഗോപ്യമായ് (അവ്യക്തമായ്) ഇരിക്കുന്നത്
മമ ച പ്രിയം	എനിക്കും പ്രിയമാകുന്നു.

അപ്രകാരമാണെങ്കിൽ വേദാഭിപ്രായം അറിഞ്ഞ ജൈമിനി മുതലായവർ അങ്ങിനെ എന്തുകൊണ്ട് പറഞ്ഞില്ല എന്നു ചോദിച്ചാൽ താൻ അല്ലാതെ അന്യന്മാർ ആരും വേദത്തിന്റെ അഭിപ്രായം അറിഞ്ഞവരല്ല എന്ന് പറയുന്നു :—

36 **ശബ്ദബ്രഹ്മ സുദുർബോധം പ്രാണേന്ദ്രിയ മനോമയം।**
അനന്തപാരം ഗംഭീരം ദുർവ്വിഗാഹ്യം സമുദ്രവത്॥

ശബ്ദബ്രഹ്മ	ശബ്ദബ്രഹ്മം എന്നതു്
സുദുർബോധം	സ്വരൂപം കൊണ്ടും അർത്ഥം കൊണ്ടും അറിയുവാൻ അസാധ്യമായും
പ്രാണേന്ദ്രിയ മനോമയം	പ്രാണമയം—'പരാ' എന്ന വാഗ്രൂപമായും, മനോമയം—'പശ്യന്തി' എന്ന വാഗ്രൂപമായും ഇന്ദ്രിയമയം—'മദ്ധ്യമാ' എന്ന വാഗ്രൂപമായും
അനന്തപാരം	ദേശകാലവരമ്പ് ഇല്ലാത്തതായും
ഗംഭീരം	രഹസ്യമായ അർത്ഥത്തോടുകൂടിയതായും
സമുദ്രവത്	സമുദ്രംപോലെ
ദുർവിഗാഹ്യം	(ബുദ്ധി) പ്രവേശിക്കുവാൻ സാധിക്കാത്തതു മായിരിക്കുന്നു.

37. മയോപ ബൃംഹിതം ഭൂമ്നാ ബ്രഹ്മണാനന്തശക്തിനാ।
ഭൂതേഷു ഘോഷ രൂപേണ ബിസേഷൂർണ്ണേവ ലക്ഷ്യതേ॥

ഭൂമ്നാ	സർവ്വവ്യാപിയും	ബിസേഷു	താമരത്തണ്ടുകളിൽ
അനന്ത ശക്തിനാ	അന്തമില്ലാത്ത ശക്തിയോടുകൂടിയവനും	ഊർണ്ണാ ഇവ	നൂലുപോലെ
ബ്രഹ്മണാ	ഏതു വിധമായ വികാരവുമില്ലാത്തവനും	ഭൂതേഷു	പ്രാണികളിൽ
മയാ ഉപ ബൃംഹിതം	അന്തര്യാമിയുമായ എന്നാൽ സ്ഥിരപ്പെട്ടത്തപ്പെട്ട "പരാ" എന്ന ശബ്ദരൂപമായതു്	ഘോഷരൂപേണ	നാദരൂപമായ്
		ലക്ഷ്യതേ	ബുദ്ധിമാന്മാരാൽ കാണപ്പെടുന്നു.

38. യഥോർണ്ണനാഭിർഹൃദയാദൂർണ്ണാം ഉദ്വമതേ മുഖാത്।
ആകാശാദ്ഘോഷവാൻ പ്രാണോ മനസാസ്പർശരൂപിണാ॥

39. ഛന്ദോമയോഽമൃതമയഃ സഹസ്രപദവീം പ്രഭുഃ॥
ഓംകാരാദ് വ്യഞ്ജിതസ്പർശ സ്വരോഷ്മാന്തഃസ്ഥഭൂഷിതാം॥

40. വിചിത്ര ഭാഷാവിതതാം ഛന്ദോഭിശ്ചതുരുത്തരൈഃ॥
അനന്തപാരം ബൃഹതീം സൃജത്യാക്ഷിപതേ സ്വയം॥

41. ഗായത്ര്യുഷ്ണിഗനുഷ്ടുപ്ച ബൃഹതീ പംക്തിരേവ ച।
ത്രിഷ്ടുപ്ജഗത്യതിച്ഛന്ദോ ഹ്യത്യഷ്ട്യതി ജഗദ്വിരാട്॥

ഊർണ്ണനാഭി	എട്ടുക്കാലിപ്പൂച്ചി (ചിലന്തി)	യഥാ ഉദ്വമതേ	എങ്ങിനെ ഛർദ്ദിക്കുന്നുവോ അങ്ങിനെ
സ്വഹൃദയാത്	തന്റെ ഹൃദയത്തിൽനിന്നും	പ്രാണഃ	പ്രാണൻ ഉപാധിയായിട്ടുള്ള ഹിരണ്യഗർഭരൂപിയും
മുഖാത്	വായ് വഴിയായിട്ട്		
ഊർണ്ണാം	നൂലിനെ	ഛന്ദോമയഃ	വേദസ്വരൂപിയും

അമൃതമയ:	പ്രകൃത്യാ അമൃതമയനും
പ്രഭു:	സർവ്വശക്തനുമായ ഭഗവാൻ
ഘോഷവാൻ	നാദം ഉപാദാനമായിട്ടുള്ള
സ്പർശരൂപിണാ	സ്പർശം 'ക' മുതൽ 'മ' വരേഉള്ള വർണ്ണങ്ങളേ നിരൂപണം ചെയ്യുന്ന
മനസാ	മനസ് എന്ന നിമിത്തം കൊണ്ട്
സഹസ്രപദവീം	അനേകവിഭാഗങ്ങളോട് കൂടിയതും
ഓംകാരാത്	ഹൃദയത്തിലിരിക്കുന്ന സൂക്ഷ്മധ്വനിരൂപമായ ഓംകാരത്തിൽ നിന്ന്
വ്യഞ്ജിതസ്പശസ്വരോഷ്മാന്ത: സ്ഥഭൂഷിതാം	വ്യക്തമാക്കപ്പെട്ട 'ക' വർഗ്ഗം മുതൽ 'പ' വർഗ്ഗാന്തം ഇരുപത്തിയഞ്ച് അക്ഷരരൂപമായ 'സ്പർശം' 'അ' മുതൽ 'അഃ' വരേയുള്ള പതിനാറ് സ്വരങ്ങളും 'യ, ര, ല, വ' എന്ന ഊഷ്മാക്കളും 'ശ, ഷ, സ, ഹ' എന്ന അന്തഃസ്ഥങ്ങളും ഇവകളാൽ അലംകൃതമായതും
വിചിത്രഭാഷാവിതതാം	വൈദിക, ലൌകിക ഭാഷയാൽ വിശദമായതും
ഗായത്രീ	ഗായത്രീ
ഉഷ്ണിക്	ഉഷ്ണിക്
അനുഷ്ടുപ് ച	അനുഷ്ടുപ്
ബൃഹതീ ച	ബൃഹതീ
പംക്തി: ഏവ	പംക്തി
ത്രിഷ്ടുപ്	ത്രിഷ്ടുപ്
ജഗതീ	ജഗതീ
അതിച്ഛന്ദ: ഹി	അതിച്ഛന്ദസ്
അത്യഷ്ട്യതി	അത്യഷ്ടി, അതിജഗതീ
ജഗദ്വിരാഡ്	വിരാഡ് എന്ന
ചതുരുത്തരൈ:	ക്രമത്തിൽ ഒന്നിനേക്കാൾ ഒന്നിന് നാല് അക്ഷരങ്ങൾ കൂടുതലായുമുള്ള
ഛന്ദോഭി:	ഛന്ദസ്സോടുകൂടിയത്
അനന്തപാരാം	അനന്തവുമായ
ബൃഹതീം	വേദത്തിനെ
സ്വയം ആകാശാത്	താനായിട്ടേ ഹൃദയാകാശത്തിൽ നിന്നും
സൃജതി	സൃഷ്ടിക്കുന്നു;
ആക്ഷിപതേ	(ഹൃദയാകാശത്തിൽതന്നെ) ഒതുക്കിയും വെക്കുന്നു

42. കിം വിധത്തേ കിമാചഷ്ടേ കിമനൂദ്യ വികല്പയേത്!
ഇത്യസ്യാ ഹൃദയം ലോകേ നാന്യോ മദ്‌വേദ കശ്ചന!!

കിം വിധത്തേ	കർമ്മകാണ്ഡത്തിൽ വിധിവാക്യങ്ങളാൽ ഏതിനെ വിധിക്കുന്നു?
കിം ആചഷ്ടേ	ദേവതാകാണ്ഡത്തിൽ മന്ത്രവാക്യങ്ങളാൽ ഏതിനെ പ്രകാശപ്പെടുത്തുന്നു.
കിം അനൂദ്യ	ജ്ഞാനകാണ്ഡത്തിൽ ഏതിനെ തർജ്ജമചെയ്ത്
വികല്പയേത്	വികല്പം ചെയ്യുന്നു
ഇതി	എന്ന്

അസ്യാ: — ഈ വൈഖരീരൂപമായ വേദവാക്കിന്റെ
ഹൃദയം — താത്പര്യത്തിനെ
ലോകേ — ലോകത്തിൽ
മത് അന്യ: — എന്നെ അല്ലാതെ വേറെ
കശ്ചന — അന്യൻ ഒരുത്തനും
നവേദ — അറിയുന്നില്ല

43. മാം വിധത്തേƒഭിധത്തേ മാം വികല്പ്യാപോഹ്യതേത്വഹം।
ഏതാവാൻ സർവ്വവേദാർത്ഥ: ശബ്ദ ആസ്ഥായ മാം ഭിദാം॥
മായാമാത്രമനൂദ്യാന്തേ പ്രതിഷിദ്ധ്യ പ്രസീദതി॥

മാം വിധത്തേ — (വേദ വാക്യം) കർമ്മക്കാണ്ഡത്തിങ്കൽ എന്നേത്തന്നേയാണ് യജ്ഞരൂപിയായി വിധിക്കുന്നതു്;
മാം — എന്നെ
അഭിധത്തേ — ദേവതാകാണ്ഡത്തിൽ അതാത് ദേവതാരൂപിയായി പറയുന്നു;
അഹം തു — അതും ഞാൻതന്നെ (എന്നെക്കാൾ പ്രപഞ്ചം അന്യമല്ല എന്നർത്ഥം)
വികല്പ്യ — ആകാശാദി പ്രപഞ്ചങ്ങളെ അദ്ധ്യാരോപണഞ്ചെയ്ത്
അപോഹ്യതേ — നിഷേധിക്കപ്പെടുന്നു എന്നു് ഏതൊന്നു് ഉണ്ടോ
ശബ്ദം — വേദം എന്നത്
മാം ആസ്ഥായ — പരമാത്മരൂപിയായ എന്നേ ആശ്രയിച്ച്
ഭിദാം — ഭേദത്തിനെ
മായാമാത്രം — മായാമാത്രമെന്നു്
അനൂദ്യ — അനുവാദം ചെയ്ത്
പ്രതിഷിദ്ധ്യ — അതിനെ നിഷേധിച്ച്
അന്തേ — ഒടുവിൽ
പ്രസീദതി — തന്റെ വ്യാപാരം അവസാനിപ്പിച്ചുകൊള്ളുന്നു;
ഏതാവാൻ ഏവ — ഇത്രതന്നേയാണ്
സർവ്വവേദാർത്ഥ: — സർവ്വവേദങ്ങളുടെയും താത്പര്യം (സാരം)

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം പതിനൊന്നാംസ്കന്ധം ഇരുപത്തിഒന്നാമദ്ധ്യായം സമാപ്തം

ആദിത: ശ്ലോകാ: 13085 ഏകാദശസ്കന്ധം ആദിത: ശ്ലോകങ്ങൾ 919

ദ്വാവിംശോഽധ്യായഃ = അധ്യായം ഇരുപത്തിരണ്ട്

തത്വാനാം സംഖ്യാ പുരുഷ പ്രകൃതി വിവേകശ്ച!

തത്വങ്ങളുടെ സംഖ്യയും പുരുഷ പ്രകൃതി വിവേകവും.

ദ്വാവിംശേ തത്ത്വസംഖ്യാനാമവിരോധവിധോച്യതേ!
പും പ്രകൃത്യോർവിവേകശ്ച ജന്മമൃത്യു വിധാദിച !!

ഉദ്ധവ ഉവാച — ഉദ്ധവർ ചോദിച്ചു :—

1. കതി തത്ത്വാനി വിശ്വേശ സംഖ്യാതാന്യൃഷിഭി: പ്രഭോ!
നവൈകാദശ പഞ്ച ത്രീണ്യാത്ഥ ത്വമിഹ ശുശ്രുമ!!

വിശ്വേശ പ്രഭോ	വിശ്വേശ്വര! ഹേ പ്രഭൂവെ!
ഋഷിഭി:	ഋഷികളാൽ
കതിതത്ത്വാനി സംഖ്യാതാനി	ആഗമങ്ങളിൽ എത്ര തത്വങ്ങളാണ് പറയപ്പെട്ടിട്ടുള്ളത്?
നവ ഏകാദശ പഞ്ച ത്രീണി	ഒമ്പതു്, പതിനൊന്നു്, അഞ്ചു്, മൂന്നു് എന്നു് ഇരു
ത്വം ആത്ഥ	പത്തിഎട്ടു് തത്ത്വങ്ങളെ താങ്കൾ പറഞ്ഞു
ഇഹ ശുശ്രുമ	ഞാനും അതു കേട്ടു.

2. കേചിത് ഷഡ്വിംശതിം പ്രാഹുരപരേ പഞ്ചവിംശതിം!
സപ്തൈകേ നവ ഷട് കേചിച്ചത്വാര്യേകാദശാപരേ!!

3. കേചിത്സപ്തദശ പ്രാഹു: ഷോഡശൈകേ ത്രയോദശ!
ഏതാവത്വം ഹി സംഖ്യാനാമൃഷയോ യദ്വിവക്ഷയാ!
ഗായന്തി പൃഥഗായുഷ്മന്നിദം നോ വക്തു മർഹതി!!

കേചിത്	ചിലർ
ഷഡ്വിംശതിം	ഇരുപത്തിയാറു് എന്നും
അപരേ പഞ്ചവിംശതിം	വേറെ ചിലർ ഇരുപത്തിയഞ്ചു് എന്നും
ഏകേ, സപ്ത നവഷട്	ചിലർ ഏഴ്, ഒമ്പത്, ആറ് എന്നും
കേചിത് ചത്വാരി	ചിലർ നാലു് എന്നും

അപരേ ഏകാദശ	വേറേ ചിലർ പതിനൊന്നു് എന്നും
കേചിത് സപ്തദശ	ചിലർ പതിനേഴ് എന്നും
ഏകേ ഷോഡശ	ചിലർ പതിനാറ് എന്നും
ത്രയോദശ	പതിമൂന്നു് എന്നും
പ്രാഹു:	പറയുന്നു.
ആയുഷ്മൻ	ഹേ നിത്യമൂർത്തിയേ!
സംഖ്യാനം ഏതാവത്യം	ഇപ്രകാരം തത്ത്വങ്ങളിൽ സംഖ്യയെ പലവിധമായ്
യദ്വിവക്ഷയാ ഹി	ഏതു ഫലം കരുതി
ഋഷയ:	ഋഷികൾ
ഗായന്തി	പറയുന്നു?
ഇദം ന: വക്തും അർഹസി	ഇതിനെ താങ്കൾ ഞങ്ങൾക്കു് ഉപദേശിക്കേണം

ശ്രീ ഭഗവാനുവാച :— ശ്രീ ഭഗവാൻ പറഞ്ഞു.

4. യുക്തം ച സന്തി സർവ്വത്ര ഭാഷന്തേ ബ്രാഹ്മണാ യഥാ!
മായാം മദീയാമുദ്ഗൃഹ്യ വദതാം കിം നു ദുർഘടം!!

ബ്രാഹ്മണാ:	ബ്രാഹ്മണർ (ഋഷികൾ)
യഥാ ഭാഷന്തേ	എങ്ങിനെയെല്ലാം പറയുന്നുവോ അവ എല്ലാം
യുക്തം	ഉചിതമായതേയാകുന്നു;
ച	എങ്കിലും
സർവ്വത്ര സന്തി	സർവ്വത്തിലും എല്ലാതത്ത്വങ്ങളിലും അടങ്ങിയിരിക്കുന്നു;
മദീയാം മായാം	അപ്രകാരമില്ലെങ്കിലും എൻെറ മായയെ
ഉദ്ഗൃഹ്യ	സ്വീകരിച്ചുകൊണ്ടു്
വദതാം	സംസാരിക്കുന്നവർക്കു്
കിം നു ദുർഘടം	ഏതാണു് ഉചിതമില്ലാതിരിക്കുക?

സർവ്വവും ഉചിതമായതാണെങ്കിൽ വിവാദത്തിനു് സന്ദർഭം ഏതു്? മായയാണു് കാരണമെങ്കിൽ ഹേതു സംബന്ധിച്ചു് വിവാദം എന്തിനു്? അതിനു ഉത്തരം പറയുന്നു :—

5. നൈതദേവം യദാ *ff* ത്ഥതം യദഹം വച്മിതത്തഥാ!
ഏവം വിവദതാം ഹേതും ശക്തയോ മേ ദുരത്യയാ:!!

ത്വം	നിങ്ങൾ	ഹേതു:	എന്നു് പാഠാന്തരം
യഥാ ആത്ഥ	എങ്ങിനെ ചോദിക്കുന്നുവോ (പറയുന്നുവോ)	ഏവം ഹേതു:	ഹേതുവിനെപററി
ഏതത്	ഇതു്	വിവദതാം	വിവദിക്കുന്നവക്കു്
ഏവം ന	ഈ വിധമല്ല;	ദുരത്യയം:	പരിഹരിക്കുവാൻ സാധിക്കാത്ത
തത്	അതു്	മേ ശക്തയ:	അന്ത: കരണവൃത്തി വിശേഷമായി പരിണമിച്ച സത്വം മുതലായ എൻെറ ശക്തികൾതന്നേയാണു് കാരണം.
അഹം യത് വച്മി	ഞാൻ എങ്ങിനെ പറയുന്നുവോ		
തഥാ	അങ്ങനെ തന്നേയാകുന്നു;		

6. യാസാം വ്യതികരാദാസീത് വികല്പോ വദതാം പദം!
പ്രാപ്തേ ശമദമേ ƒ പ്യേതി വാദസ്തമനു ശാമ്യതി!!

യാസാം	സത്വം, രജസ്, തമസ് എന്ന ശക്തികളുടെ	ശമ ദമെ	മനസ്സിൻേറയും ഇന്ദ്രിയങ്ങളുടേയും അടക്കൽ (നിയന്ത്രണം)
വ്യതികരാത്	ക്ഷോഭം കാരണം	പ്രാപ്തെ	സംഭവിച്ചപ്പോഴ്
വദതാം പദം	വിവദിക്കുന്നവക്കു് വിഷയമായ (കാരണമായ)	അപ്യേതി	ഭേദം നശിച്ചുപോകുന്ന
വികല്പ:	ഭേദം (അന്ത: കരണവൃത്തി ഭേദം)	തം അനു	അതനുസരിച്ചു്
		വാദ:	വാദവും
ആസീത്	ഉണ്ടായി; (സംഭവിച്ചു)	ശാമ്യതി	ശമിച്ചുപോകുന്നു.

7. പരസ്പരാനു പ്രവേശാത് തത്ത്വാനാം പുരുഷർഭ!!
പൌർവ്വാപര്യ പ്രസംഖ്യാനം യഥാ വക്തുർവിവക്ഷിതം!!

പുരുഷർഷഭ	ഹേ പുരുഷർഭ!	വിവക്ഷിതം യഥാ	പറയുന്നതിൽ ആഗ്രഹം സമ്പന്ധിച്ചേ
തത്ത്വാനാം പരസ്പരാനുപ്രവേശാത്	തത്ത്വങ്ങൾ ഒന്നിനുള്ളിൽ ഒന്നു് എന്നു് പ്രവേശിച്ചിരിക്കുന്നതിനാൽ	പൌർവ്വാപര്യ പ്രസംഖ്യാനം	പൂർവ്വത്തിലുള്ളതു കാരണം, പശ്ചാദ്ഉള്ളതു് കാര്യം എന്നു് കാര്യകാരണരൂപമായ് പറയപ്പെട്ടിരിക്കുന്നു.
വക്തു:	പറയുന്നവനു് (വക്താവിനു്)		

8. ഏകസ്മിന്നപി ദൃശ്യന്തേ പ്രവിഷ്ടാതിതരാണി ച।
പൂർവ്വസ്മിൻ വാ പരസ്മിൻ വാ തത്ത്വേ തത്ത്വാനി സർവ്വശഃ॥

പൂർവ്വസ്മിൻ	കാരണരൂപമായ
ഏകസ്മിൻ തത്ത്വേ	ഒരു തത്ത്വത്തിൽ
ഇതരാണി തത്ത്വാനി	അന്യകാര്യതത്ത്വങ്ങൾ
സർവ്വശഃ	മുഴുവനും
പ്രവിഷ്ടാനി ദൃശ്യന്തെ	'മണ്ണിൻ കുടം' പൊലെ മറഞ്ഞു് കാണപ്പെടുന്നു.
അപി വാ	അല്ലെങ്കിൽ
അപരസ്മിൻ ച	കാര്യതത്ത്വത്തിൽ കാരണങ്ങൾ ഏകവത്, കുടത്തിൽ മണ്ണുപോലെ അടങ്ങിയവയായി കാണപ്പെടുന്നു.

9. പൌർവ്വാപര്യമതോ ഽമീഷാം പ്രസംഖ്യാനമഭീപ്സിതാം।
യഥാ വിവിക്തം യദ്വക്തം ഗൃഹ്ണീമോയുക്തിസംഭവാത്॥

അതഃ	ആയതു കൊണ്ടു്
അമീഷാം	ഈ തത്ത്വങ്ങളുടെ
പൌർവ്വാപര്യം	കാര്യകാരണഭേദത്തിനേയും
പ്രസംഖ്യാനം	ഉയർച്ചയേയും താഴ്ചയേയും പററി
അഭീപ്സിതാം	വിവാദിക്കുവാൻ ആഗ്രഹിക്കുന്നവർക്കു്
യദ്വക്തം	ആരുടെ വായു്
യഥാ	എങ്ങിനെ പറയുവാൻ ഇച്ഛിക്കുന്നുവോ അങ്ങിനെ അവ എല്ലാം
യുക്തിസംഭവാത്	എല്ലാവററിനും യുക്തി ഇരിക്കുന്നതിനാൽ
വിവിക്തം ഗൃഹ്ണീമഃ	തീർച്ചയായും ഗ്രഹിക്കുന്നു.

10. അതാദ്യവിദ്യായുക്തസ്യ പുരുഷസ്യാത്മവേദനം।
സ്വതോ ന സംഭവാദന്യസ്തത്ത്വജ്ഞോ ജ്ഞാനദോ ഭവേത്॥

അനാദ്യവിദ്യായുക്തസ്യ	അനാദിയായ അവിദ്യയോടുകൂടിയ
പുരുഷസ്യ	ജീവന്നു്
ആത്മവേദനം	ആത്മജ്ഞാനം എന്നതു്
സ്വതഃ ന സംഭവാത്	സ്വയം സംഭവിക്കാത്തതാൽ
തത്ത്വജ്ഞഃ	തത്ത്വങ്ങൾ അറിഞ്ഞ
അന്യഃ	വേറേ ഒരുത്തൻ
ജ്ഞാനദഃ ഭവേത്	ജ്ഞാനം നല്കുന്ന ഈശ്വരൻ ഇരിക്കുകതന്നേ വേണം.

11. **പുരുഷേശ്വരയോരത്ര ന വൈലക്ഷണ്യമണ്വപി।**
തദന്യകല്പനാപാർത്ഥാ ജ്ഞാനം ച പ്രകൃതേർഗ്ഗുണഃ॥

- പുരുഷേശ്വരയോഃ — ജീവേശ്വരന്മാക്ക് (ചിത്സ്വരൂപികളായതിനാൽ)
- അത്ര — സ്വരൂപത്തിൽ
- അണു അപി — അണുമാത്രം പോലും
- വൈലക്ഷണ്യം ന — ഭേദമില്ല;
- തത് — ആയതിനാൽ
- അന്യകല്പനാ — അവക്ക് ഭേദം കല്പിക്കുന്നതു്
- അപാർത്ഥാ — നിഷ്പ്രയോജനമാകുന്നു;
- ജ്ഞാനം ച — ജ്ഞാനവും
- പ്രകൃതേഃ ഗുണഃ — പ്രകൃതിയുടെ ഗുണമാകുന്നു. സത്വഗുണവൃത്തിയായതിനാൽ അതിൽ അടങ്ങിയത് എന്നർത്ഥം.

12. **പ്രകൃതിർഗ്ഗുണസാമ്യം വൈ പ്രകൃതേർനാത്മനോ ഗുണാഃ।**
സത്വം രജസ്തമ ഇതി സ്ഥിത്യുൽപത്ത്യന്തഹേതവഃ॥

- ഗുണസാമ്യം — സത്വരജസ്തമോഗുണങ്ങൾ സമമായ് ഇരിക്കുന്നതേ
- പ്രകൃതിഃ — പ്രകൃതി എന്നു് പറയപ്പെടുന്നു;
- സ്ഥിത്യുൽപത്ത്യന്ത ഹേതവഃ — സൃഷ്ടി, സ്ഥിതി, സംഹാരം ഇവക്ക് കാരണങ്ങളായ
- സത്വം രജഃ തമഃ ഇതി — സത്വം രജസ് തമസ് എന്ന
- ഗുണാഃ പ്രകൃതേഃ വൈ — ഗുണങ്ങൾ പ്രകൃതിയുടേതു തന്നേയാണ്;
- ആത്മനഃ ന — ജീവന്റെ ഗുണങ്ങൾ അല്ല; ജീവൻ കർത്താവല്ലാത്തതുകൊണ്ടു് സ്ഥിതിമുതലായവയുടെ കാരണങ്ങൾക്ക് ആശ്രയമായിരിക്കുവാൻ സാധ്യമല്ല.

13. **സത്വം ജ്ഞാനം രജഃ കർമ്മ തമോ ƒ ജ്ഞാനമിഹോച്യതേ।**
ഗുണവ്യതികരഃ കാലഃ സ്വഭാവഃ സൂത്രമേവ ച॥

- സത്വം — സത്വഗുണമയം
- ജ്ഞാനം — ജ്ഞാനം;
- രജഃ കർമ്മ — രജസ്സിന്റെ വൃത്തികർമ്മം;
- തമഃ അജ്ഞാനം — തമസ്സിന്റെ വൃത്തി അജ്ഞാനം; (ഇവകൾ അതാതു ഗുണം വഴി പ്രകൃതിയിൽ അടങ്ങുന്നു.)
- ഇഹ ഉച്യതെ — എന്നു് ഇവിടെ പറയപ്പെടുന്നു.
- ഗുണവ്യതികരഃ — ഗുണവൈഷമ്യക്ക് കാരണമായ ഈശ്വരനാകുന്നു.
- കാലഃ — കാലം;
- സ്വഭാവഃ ച — സ്വഭാവം എന്നതു്
- സൂത്രം ഏവ — സൂത്രം എന്നു പറയപ്പെടുന്ന മഹത്തത്ത്വം തന്നേയാണ്

[ആയതുകൊണ്ട് ജ്ഞാനം മുതലായവ അതാതിന് ഏറ്റതായ് അതാതിൽ അടങ്ങി പ്പോകുന്നതിനാൽ തത്ത്വങ്ങളുടെ സംഖ്യ അധികമായില്ല]

14. പുരുഷഃ പ്രകൃതിർവ്യക്തമഹംകാരോ നഭോ ƒനിലഃ।
ജ്യോതിരാപഃ ക്ഷിതിരിതി തത്ത്വാന്യുക്താനി മേ നവ॥

പുരുഷഃ	പുരുഷൻ	അനിലഃ	വായുതത്ത്വം
പ്രകൃതിഃ	പ്രകൃതി	ജ്യോതിഃ	തേജസ്തത്ത്വം
വ്യക്തം	മഹത്തത്ത്വം	ആപഃ	ജലതത്ത്വം
അഹംകാരഃ	അഹംതത്ത്വം	ഇതി	എന്നവ
നഭഃ	ആകാശ സൂക്ഷ്മതത്ത്വം (തന്മാത്രാ)	മേ ഉക്താനി	വന്നാൽ പറയപ്പെട്ട
		നവ തത്ത്വാനി	ഒമ്പത് തത്ത്വങ്ങൾ

15. ശ്രോത്രം ത്വഗ്ദർശനം ഘ്രാണോ ജിഹ്വേതി ജ്ഞാനശക്തയഃ।
വാക്പാണ്യുപസ്ഥപായ്വംഘ്രി കർമ്മാണ്യംഗോഭയം മനഃ॥

അംഗ	ഹേ ഉദ്ധവ!	വാക്പാണ്യുപസ്ഥപായു	വക്ക്, കൈയ്യ്, ഉപസ്ഥം പായു
ശ്രോത്രം ത്വക് ദർശനം	കാതു, തോൽ, കണ്ണ്	അംഘ്രി:	കാല്യ് എന്ന്
ഘ്രാണഃ ജിഹ്വാ ഇതി	മൂക്ക, നാക്ക, എന്ന്	കർമ്മാണി	അഞ്ച് കർമ്മേന്ദ്രിയങ്ങൾ
ജ്ഞാനശക്തയഃ	അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ;	ഉഭയം	മനസ് ഇങ്ങനെ പതിനൊന്നു തത്ത്വങ്ങൾ

16. ശബ്ദഃ സ്പർശോ രസോ ഗന്ധോരൂപം ചേത്യർത്ഥജാതയഃ।
ഗത്യുക്ത്യുത്സർഗ്ഗശില്പാനി കർമ്മായതന സിദ്ധയഃ॥

ശബ്ദഃ	ശബ്ദവിഷയമായിട്ടുള്ള ആകാശം	ഗന്ധഃ ച ഇതി	(ഗന്ധം വിഷയമായിട്ടുള്ള) പൃഥിവി എന്ന്
സ്പർശഃ	(സ്പർശം വിഷയമായിട്ടുള്ള) വായു	അർത്ഥജാതയഃ	അഞ്ചു മഹാഭൂതങ്ങൾ
രൂപം	(രൂപം വിഷയമായിട്ടുള്ള) തേജസ്	ഗത്യുക്ത്യുത്സർഗ്ഗശില്പാനി	ഗമനം, ഭാഷണം മലമൂത്ര വിസർജ്ജനം, കൈത്തൊഴിൽ എന്ന ഇവ
രസഃ	(രസം വിഷയമായിട്ടുള്ള) ജലം	കർമ്മായതന സിദ്ധയഃ	കർമ്മേന്ദ്രിയങ്ങളുടെ ഫലങ്ങൾ (വേറെ തത്ത്വങ്ങൾ അല്ല.)

ഇപ്രകാരം തത്വങ്ങൾ 25, 26, 28, എന്ന മൂന്നുവിധ മതങ്ങളിലും (സിദ്ധാന്തങ്ങൾ) സംഖ്യകളുടെ ഭേദം പറഞ്ഞു് ഏതു അഭിപ്രായത്തിലാണ് ഋഷികൾ പറയുന്നതു് എന്ന ചോദ്യത്തിനു് അതാതിന്റെ താത്പര്യം കാണിക്കുന്നു.

17. സർഗ്ഗാദൌ പ്രകൃതിഹ്യസ്യ കാര്യകാരണ രൂപിണീ।
സത്വാദിഭിർഗ്ഗുണൈർധത്തേ പുരുഷോ ƒവ്യക്ത ഈക്ഷതേ ॥

കാര്യ്യകാരണ രൂപിണീ	കാര്യ്യങ്ങളായ പതിനാറു് വികാര രൂപിയും കാരണങ്ങളായ ഏഴ മഹദാദി രൂപിയുമായ	ധത്തേ	സൃജ്ജ്യത്വം (സൃഷ്ടിക്കപ്പെടേണ്ടുന്ന ധർമ്മം) മുതലായ അവസ്ഥകളെ ധരിക്കുന്നു.
പ്രകൃതി:	പ്രകൃതി	പുരുഷ:	പുരുഷനാണെങ്കിൽ
അസ്യ	ഈ പ്രപഞ്ചത്തിന്റെ	അവ്യക്ത: ഹി	പരിമ (മാററം) രഹിതനായിട്ടേ
സർഗ്ഗാദൌ	സൃഷ്ടിയുടെ ആരംഭത്തിൽ	ഈക്ഷതേ	നോക്കിക്കൊണ്ടിരിക്കുന്നു (ആയതുകൊണ്ടു് പരിണാമിയായ പ്രകൃതിയേക്കാൾ പുരുഷൻ അന്യൻ എന്നു സിദ്ധിക്കുന്നു.)
സത്വാദിഭി: ഗുണൈ:	സത്വം മുതലായ ഗുണങ്ങളാൽ		

18. വ്യക്താദയോ വികുർവ്വാണാ ധാതവ: പുരുഷേക്ഷയാ।
ലബ്ധവീര്യ്യാ: സൃജന്ത്യണ്ഡം സംഹതാഃ പ്രകൃതേർബലാത് ॥

വ്യക്താദയ:	പ്രകൃതിയിൽനിന്നുമുണ്ടായ മഹത്തത്വം മുതലായ	സംഹതാ:	ഒന്നുചേർന്നവയായി
		വികുർവ്വാണാ:	വികാരം പ്രാപിച്ചവകളായു്
ധാതവ:	ജഗത്തിനു് ഉപാദാന കാരണമായ യാതൊരുതത്വങ്ങൾ ഉണ്ടോ അവ	പ്രകൃതേ: ബലാത്	പ്രകൃതിയുടെ ബലംകൊണ്ടു്
പുരുഷേക്ഷയാ	പുരുഷന്റെ ദൃഷ്ടിയാൽ	അണ്ഡം	ബ്രഹ്മാണ്ഡത്തിനെ
ലബ്ധവീര്യ്യഃ:	വീര്യ്യം സിദ്ധിച്ച്	സൃജന്തി	സൃഷ്ടിക്കുന്നു.

19. സപ്തൈവ ധാതവ ഇതി തത്രാത്ഥാ: പഞ്ചഖാദയ:।
ജ്ഞാനമാത്മോഭയാധാരസ്തതോ ദേഹേന്ദ്രിയാസവ: ॥

ധാതവ:	തത്വങ്ങൾ	തത്ര	ആ മതത്തിങ്കൽ
സപ്ത ഏവ ഇതി	ഏഴതാൻതന്നെ എന്നു്	ഖാദയ:	ആകാശം മുതലായ

പഞ്ച അർത്ഥാ:	അഞ്ചു പദാർത്ഥങ്ങളും
ജ്ഞാനം	ദ്രഷ്ടാവായ ജീവനും
ഉഭയാധാര:	ദ്രഷ്ടാ, ദൃശ്യം, എന്നു രണ്ടിനും ആധാര ഭൂതനായ
ആത്മാ	ആത്മാവും ഏഴ് തത്വങ്ങൾ;
തത:	ആ ഏഴ് തത്വങ്ങളിൽ നിന്നും
ദേഹേന്ദ്രിയാസവ:	ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ ഇവ ഉണ്ടാകുന്നു.

20. **ഷഡിത്യത്രാപി ഭൂതാനി പഞ്ച ഷഷ്ഠ പര: പുമാൻ!**
തൈര്യുക്ത ആത്മസംഭൂതൈ: സൃഷ്ട്വേദം സമുപാവിശത്!!

ഷഡ് ഇതി അത്ര അപി	തത്വങ്ങൾ ആറ് എന്ന പക്ഷത്തിങ്കലും
ഭൂതാനി	മഹാഭൂതങ്ങൾ
പഞ്ച	അഞ്ചും
ഷഷ്ഠ:	ആറാമത്തേതായ
പര: പുമാൻ	പരമാത്മാവും
ആത്മസംഭൂതൈ:	തന്നിൽ നിന്നുമുണ്ടായ
തൈ: യുക്ത:	ആ ഭൂതങ്ങളോടുകൂടിയവരായിട്ട്
ഇദം സൃഷ്ട്വാ	ഈ പ്രപഞ്ചത്തിനെസൃഷ്ടിച്ച്
സമുപാവിശത്	അതിനുള്ളിൽ പ്രവിഷ്ടനായി

21. **ചത്വാര്യേവേതി തത്രാപി തേജ ആപോന്നമാത്മനാ!**
ജാതാനി തൈരിദം ജാതം ജന്മാവയവിന: ഖലു!!

ചത്വാരി ഏവ	തത്വങ്ങൾ നാലുമാത്രമേ
ഇതി തത്ര അപി	എന്ന ആ പക്ഷത്തിങ്കലും
തേജ:	തേജസ്സ്
ആപ:	ജലം
അന്നം	പ്രഥിവീ ഇവ
ആത്മന:	ആത്മാവിൽ നിന്നും
ജാതാനി	ഉണ്ടായി;
അവയവിന:	അവയവിയായ (കായികമായ) ഈ പ്രപഞ്ചത്തിന്റെ
ഇദം ജന്മ	ഈ ഉത്പത്തി
തൈ: ജാതം ഖലു	തേജസ് മുതലായ നാല് പദാർത്ഥങ്ങളാലാണ് ഉണ്ടായത്

22. **സംഖ്യാതേ സപ്തദശകേ ഭൂതമാത്രേന്ദ്രിയാണി ച!**
പഞ്ച പഞ്ചൈക മനസാ ആത്മാ സപ്തദശ: സ്മൃത: !!

സപ്തദശകേ സംഖ്യാതെ	തത്വങ്ങൾ പതിനേഴ് എന്ന പക്ഷത്തിൽ
ഭൂതമാത്രേന്ദ്രിയാണി ച	മഹാഭൂതങ്ങളും തന്മാത്രകളും ഇന്ദ്രിയങ്ങളും

പഞ്ച പഞ്ച	ഓരോന്നും അഞ്ചഞ്ച്
ഏകമനസാ	മനസ്സ് ഒന്നും ആയിട്ട്
ആത്മാ	ആത്മാ
സപ്തദശ:	പതിനേഴാമത്തേതായ്
സ്മൃത	പറയപ്പെട്ടിരിക്കുന്നു.

23. തദ്വത് ഷോഡശ സംഖ്യാതേ ആത്മൈവ മന ഉച്യതേ।
ഭൂതേന്ദ്രിയാണി പഞ്ചൈവ മന ആത്മാ ത്രയോദശ॥

തദ്വത്	അതുപോലെത്തന്നെ
ഷോഡശസംഖ്യാതേ	തത്വങ്ങൾ പതിനാറ് എന്ന പക്ഷത്തിൽ
ആത്മാ ഏവ	ആത്മാതന്നേയാണ്
മന: ഉച്യതേ	മനസ് എന്ന് പറയപ്പെടുന്നത്;
ഭൂതേന്ദ്രിയാണി	മഹാഭൂതങ്ങളും ഇന്ദ്രിയങ്ങളും
പഞ്ച ഏവ	പ്രത്യേകം അഞ്ചുതന്നേന്ന്
മന:	മനസ് ഒന്ന്
ആത്മാ	ജീവാത്മാ പരമാത്മാ എന്ന് രണ്ടുവിധമായ ആത്മാ
ത്രയോദശ	ആയതുകൊണ്ട് തത്വങ്ങൾ പതിമൂന്ന്

24. ഏകാദശത്വ ആത്മാസൗ മഹാഭൂതേന്ദ്രിയാണി ച।
അഷ്ടൌ പ്രകൃതയശ്ചൈവ പുരുഷശ്ച നവേത്യഥ॥

ഏകാദശത്വെ	തത്വങ്ങൾ പതിനൊന്ന് എന്ന പക്ഷത്തിൽ
അസൌ ആത്മാ	ഈ ആത്മാ
മഹാഭൂതേന്ദ്രിയാണി ച	അഞ്ച് മഹാഭൂതങ്ങൾ, അഞ്ച് ഇന്ദ്രിയങ്ങൾ (എന്ന് തത്വങ്ങൾ പതിനൊന്ന്)
അഥ	അതുപോലെ ഒമ്പത് എന്ന പക്ഷത്തിൽ
അഷ്ടൌ പ്രകൃതയ: ച	പ്രകൃതികൾ, അഞ്ചുഭൂതങ്ങൾ, മനസ് ബുദ്ധി, അഹംകാരം, എന്ന എട്ടും
പുരുഷ: ച	ഈശ്വരനും
ഇതി നവ	ആകെ ഒമ്പതു തത്വങ്ങൾ

25. ഇതി നാനാ പ്രസംഖ്യാനം തത്വാനാമൃഷിഭി കൃതം।
സർവ്വം ന്യായ്യം യുക്തിമത്വാത് വിദുഷാം കിമശോഭനം॥

ഇതി ഋഷിഭി:	ഇപ്രകാരം പ്രകൃതി പുരുഷഭേദം അറിവിപ്പാൻവേണ്ടി ഋഷികളാൽ
തത്വാനാം	തത്വങ്ങളുടെ
പ്രസംഖ്യാനം	കണക്ക്
നാനാകൃതം	പലവിധമായ് പറയപ്പെട്ടിരിക്കുന്നു;
സർവ്വം യുക്തിമത്വാത്	സർവ്വവും യുക്തിക്ക് യോജിക്കുന്നതിനാൽ
ന്യായ്യം	ന്യായമായതു തന്നേയാണ്;
വിദുഷാം	വിദ്വാന്മാർക്ക്
അശോഭനം കിം	പറയുവാൻ സാധിക്കാത്തത് എന്ത്?

ഉദ്ധവ ഉവാച :— ഉദ്ധവർ പറഞ്ഞു

26. പ്രകൃതിഃ പുരുഷശ്ചോഭൗ യദ്യ പ്യാത്മവിലക്ഷണൌ।
അന്യോന്യാപാശ്രയാത് കൃഷ്ണ ദൃശ്യതെ നഭിദാ തയോഃ ॥

27. പ്രകൃതൌ ലക്ഷ്യതേഹ്യാത്മാ പ്രകൃതിശ്ച തഥാ ƒ ത്മനി।
ഏവം മേ പുണ്ഡരീകാക്ഷ മഹാന്തം സംശയം ഹൃദി॥
ഛേത്തു മർഹസി സർവ്വജ്ഞ വചോഭിർനയനൈപുണൈ

28. ത്വത്തോജ്ഞാനം ഹി ജീവാനാം പ്രമോഷസ്തേƒത്രശക്തിതഃ।
ത്വമേവഹ്യാത്മമായായാ ഗതിം വേത്ഥ ന ചാ പരഃ॥

കൃഷ്ണ	ഹേ കൃഷ്ണ
പ്രകൃതിഃ പുരുഷഃ ഉഭൌ ച	പ്രകൃതി പുരുഷൻ എന്ന രണ്ടും
ആത്മവിലക്ഷണൌ	ജഡം, അജഡം, എന്ന സ്വഭാവം കൊണ്ട് ഒന്നോട് ഒന്ന് ഭേദപ്പെട്ടവകളാണതന്നേ
യദ്യപി	എങ്കിലും
പ്രകൃതൌ	പ്രകൃതികാര്യമായ ദേഹത്തിൽ
ആത്മാ ലക്ഷ്യതെ	ആത്മാ കാണപ്പെടുന്നു;
തഥാ	അപ്രകാരം തന്നെ
പ്രകൃതിഃ	പ്രകൃതി
ആത്മനി ച	ആത്മാവിങ്കലും കാണപ്പെടുന്നു;
ഹി	ആയതു കൊണ്ട്
അന്യോന്യാപാശ്രയാത്	ഒന്ന് വേറൊന്നിനെ ആശ്രയിച്ചിരിക്കുന്നതിനാൽ
തയോഃ	അവയുടെ
ഭിദാ ന ദൃശ്യതേ	ഭേദം അറിയപ്പെടുന്നില്ല.
പുണ്ഡരീകാക്ഷ	താമരക്കണ്ണാ!

ഏവം	ഇപ്രകാരം
മേഹൃദി	എന്റെ മനസ്സിൽ ഇരിക്കുന്ന
മഹാന്തം സംശയം	വലിയ സംശയത്തിനെ
സർവ്വജ്ഞ	എല്ലാമറിഞ്ഞ ഹേ കൃഷ്ണാ!
നയ നൈപുണൈഃ	യുക്തികളിൽ നിപുണതയുള്ള
വചോഭിഃ	വാക്കുകളാൽ
ഛേത്തും അർഹസി	നിവൃത്തിയാക്കണം
ഹി	കാരണം
ജീവാനാം	ജീവന്മാക്ക്
ജ്ഞാനം	ജ്ഞാനം
ത്വത്തഃ	തങ്ങളിൽനിന്നും ഉണ്ടാകുന്നു;
അത്ര പ്രമോഷഃ	ആ ജ്ഞാന നാശവും
തേ ശക്തിതഃ	തങ്ങളുടെ ശക്തിയായ അവിദ്യയിൽ നിന്നുമുണ്ടാകുന്നു;
ഹി	ആയതിനാൽ

ആത്മമായയാ: തങ്ങളുടെ ശക്തിയായ മായയുടെ

ഗതിം ച ഗതിയേയും

ത്വം ഏവ താങ്ങാംതന്നെ

വേത്ഥ അറിയുള്ളൂ:

അപര: ന അന്യർ അറിയുകഇല്ല.

ശ്രീ ഭഗവാനുവാച :— ശ്രീ ഭഗവാൻ പറഞ്ഞു :—

29. പ്രകൃതി: പുരുഷശ്ചേതി വികല്പ: പുരുഷർഷഭ!
ഏഷ വൈകാരിക: സർഗ്ഗോ ഗുണവ്യതികരാത്മക: ॥

പുരുഷർഷഭ ഹേ പുരുഷശ്രേഷ്ഠ

പ്രകൃതി: പ്രകൃതിയും

പുരുഷ: ച പുരുഷനും

ഇതി വികല്പ: എന്ന രണ്ടും ഭേദമുള്ളവ തന്നേ (എന്തുകൊണ്ടെന്നാൽ പ്രകൃതി ശബ്ദം കൊണ്ട് പറയപ്പെട്ട ദേഹാദി സംഘത്തിന്ന് വികാരത്തിനെ കാണിക്കുന്നു.)

ഗുണവ്യതികരാത്മക: ഗുണങ്ങളുടെ ക്ഷോഭത്താൽ ചെയ്യപ്പെട്ട

ഏഷ: സർഗ്ഗ: ഈ ദേഹാദിസംഘാതം

വൈകാരിക: വികാരമുള്ളതാണ്.

30. മമാംഗ മായാ ഗുണമയ്യനേകധാ വികല്പബുദ്ധീശ്ച ഗുണൈർവ്വിധത്തേ!
വൈകാരികസ്ത്രിവിധോഽധ്യാത്മമേകമഥാധിദൈവമധിഭൂതമന്യത്॥

അംഗ ഹേ ഉദ്ധവ!

ഗുണമയൌ സത്വാദി ഗുണ സ്വരൂപിണിയായ

മമ മായാ ച എന്റെ മായയും

അനേകധാ പലവിധമായ്

വികല്പബുദ്ധീ: ഭേദത്തിനേയും ഭേദജ്ഞാനങ്ങളേയും

ഗുണൈ: സത്വാദി ഗുണങ്ങളാൽ ആണ്

വിധത്തേ ഉണ്ടാകുന്നതു്;

വൈകാരിക: ജന്മം മുതലായ പല വികാരങ്ങളോടുകൂടിയ ദേഹാദി സംഘാത എന്നതു്

ത്രിവിധ: സ്ഥൂലമായ് മൂന്നു വിധം

ഏകം അദ്ധ്യാത്മം അവയിൽ ഒന്ന് അദ്ധ്യാത്മം

അഥ അധിദൈവതം രണ്ടാമത്തേതു് അധിദൈവം

അന്യത് അധിഭൂതം മൂന്നാമത് അധിഭൂതം

അതിനെ വിവരിച്ചു പറയുന്നു :—

31. ദൃഗ്‌രൂപമാർക്കം വപുരത്രരന്ധ്രേ പരസ്പരം സിദ്ധ്യതി യ: സ്വത: ഖേ।
ആത്മായദേഷാമപരോ യ ആദ്യ: സ്വയാനുഭൂത്യാഖിലസിദ്ധസിദ്ധി: ॥
ഏവം ത്വഗാദി ശ്രവണാദി ചക്ഷു ജിഹ്വാദി നാസാദിച ചിത്തയുക്തം॥

ദൃക്	കണ്ണ് അദ്ധ്യാത്മം
രൂപം	അധിഭൂതം
അത്രരന്ധ്രേ	ഈ കണ്ണ് ഗോളത്തിൽ പ്രവേശിച്ച്
അർക്കം വപു:	സൂര്യാംശം അധിദൈവം;
പരസ്പരം സിദ്ധ്യതി	ഒന്നിനാൽ ഒന്ന് സിദ്ധിക്കുന്നു.
യ:	ഏതൊരു സൂര്യൻ
ഖേ	ആകാശത്തിൽ മണ്ഡലരൂപിയായി ഇരിക്കുന്നുവോ
സ്വത:	അവർ സ്വയമായ് ചിന്തിക്കുന്നു.
യത് യ: ആത്മാ	ഏതൊരു കാരണത്താൽ ഏതൊരു ആത്മാവ്
ഏഷാം ആദ്യ:	ഈ അദ്ധ്യാത്മം മുതലായവക്ക് കാരണമായിരിക്കുന്നുവോ ആയതിനാൽ ഒരു രൂപത്തോടും അഭിന്നമായും ഇരിക്കുന്നു;
അപര:	ആയതുകൊണ്ട് ഇവയേക്കാൾ ഭിന്നനായ് ഭവിക്കുന്നു.
സ്വയാ അനുഭൂത്യാ	സ്വാഭാവികമായ് സിദ്ധിച്ച പ്രകാശത്തിനാൽ
അഖിലസിദ്ധസിദ്ധി:	ഒന്നോട് ഒന്ന് പ്രകാശങ്ങളായ അദ്ധ്യാത്മം മുതലായ എല്ലാററിനേയും പ്രകാശിപ്പിക്കുന്നവരായ് ഭവിക്കുന്നു.
ചക്ഷു: ഏവം	എങ്ങിനെ കണ്ണോ അങ്ങിനെ
ത്വഗാദി	ത്വക്ക് മുതലായവയും (ത്വക്ക് അദ്ധ്യാത്മം സ്പർശം അധിഭൂതം, വായു അധിദൈവം)
ശ്രവണാദി	ചെവിമുതലായതും (ചെവി അദ്ധ്യാത്മം, ശബ്ദം അധിഭൂതം വായു അധിദൈവം)
ജിഹ്വാദി	നാവ് മുതലായവയും (ജിഹ്വാ അദ്ധ്യാത്മം, രസം അധിഭൂതം വരുണൻ അധിദൈവം)
നാസാദി	മൂക്ക് മുതലായ വയും (മൂക്ക് അദ്ധ്യാത്മം, ഗന്ധം അധിഭൂതം അശ്വിനീദേവതകാം അധിദൈവം)
ചിത്തയുക്തം ച	ചിത്തത്തോടുകൂടിയ അന്യ അന്ത: കാരണങ്ങളും

കണ്ണുകളാൽ രൂപം മനസ്സിലാക്കപ്പെടുന്നു ആയതിനാൽ കണ്ണുകൾ സിദ്ധിക്കുന്നു. കണ്ണിന്റെ പ്രവൃത്തിയാൽ ദേവത സിദ്ധിക്കുന്നു. ആയതുകൊണ്ട് കണ്ണുകൾക്ക് പ്രവൃത്തിയുണ്ടാകുന്നു. ആയതുകൊണ്ട് രൂപജ്ഞാനം ഉണ്ടാകുന്നു.

ചിത്തം അദ്ധ്യാത്മം മനസ്സിനാൽ അറിപ്പെടേണ്ടുന്ന പദാർത്ഥം അധിഭൂതം, വാസുദേവൻ അധിദൈവം, മനസ് അദ്ധ്യാത്മം മനസ്സിനാൽ മനസ്സുകൊണ്ട് അറിയപ്പെടേണ്ട പദാർത്ഥം അധിഭൂതം ചന്ദ്രൻ അധിദൈവം ബുദ്ധി അദ്ധ്യാത്മം അതിനാൽ അറിയപ്പെടേണ്ടവസ്തു അധിഭൂതം ബ്രഹ്മാ അധിദൈവം അഹംകാരം അദ്ധ്യാത്മം അതുകൊണ്ടുണ്ടാകുന്ന ഗർവ്വം അധിഭൂതം രുദ്രൻ അധിദൈവം.

32. യോഽസൌ ഗുണക്ഷോഭകൃതോവികാരഃ പ്രധാനമൂലാന്മഹതഃ പ്രസൂതഃ
അഹം ത്രിവൃന്മോഹവികല്പഹേതുർ വൈകാരികസ്താമസ ഐന്ദ്രിയശ്ച॥

ഗുണക്ഷോഭകൃതഃ	ഗുണങ്ങളെ ക്ഷോഭിപ്പിക്കുന്ന ഈശ്വരൻ അഥവാ കാലമാകുന്ന നിമിത്തകാരണം കൊണ്ട്
പ്രധാനമൂലാത് പ്രസൂതഃ	പ്രധാനം ഉപാദാനകാരണമായിട്ടുള്ള മഹത്തത്ത്വത്തിൽനിന്നു് ഉണ്ടായതും
വൈകാരികഃ	സാത്വികം
ഐന്ദ്രിയഃ	രാജസം
താമസഃ	താമസം
ത്രിവൃത്	എന്നു് മൂന്നുവിധമായ
യഃ വികാരഃ	കാര്യമായ ഏതൊരു
അഹം അസൌ	അഹം തത്ത്വം ഉണ്ടോ അതു്
മോഹവികല്പഹേതുഃ	സ്വരൂപജ്ഞാനം കൊണ്ടുണ്ടായ വികല്പത്തിനു് (ഭേദത്തിനു്) കാരണമായ് ഭവിക്കുന്നു.

33. ആത്മാപരിജ്ഞാനമയോ വിവാദോ ഹ്യസ്തീതി നാസ്തീതി ഭിദാർത്ഥനിഷ്ഠഃ॥
വ്യർത്ഥോഽപി നൈവോപരമേത പുംസാം മത്തഃ
പരാവൃത്തധിയാം സ്വലോകാത്॥

ഭിദാർത്ഥ നിഷ്ഠഃ	ജീവാത്മഭേദം
അസ്തി ഇതി	ഉണ്ട് എന്നും
ന അസ്തി ഇതി	ഇല്ല എന്നുമുള്ള
വിവാദഃ	വിവാദവും
ആത്മാ പരിജ്ഞാനമയഃ	ആത്മജ്ഞാനം സംഭവിക്കാത്തതിനാൽ ഉണ്ടായതാകുന്നു;
വ്യർത്ഥഃ അപി	ആ വിവാദം നിഷ്പ്രയോജനമായിരുന്നാലുംകൂടി
സ്വലോകാത് മത്തഃ	സ്വസ്വരൂപഭൂതനായ എന്നിൽ നിന്നും
പരാവൃത്താധിയാം	പരാമുഖമായ ബുദ്ധിയോടുകൂടിയ
പുംസാം	മനുഷ്യർക്ക്
ന ഉപരമേത ഏവ	നിവൃത്തിയാകുന്നതേ ഇല്ല

ഉദ്ധവ ഉവാച :— ഉദ്ധവൻ പറഞ്ഞു :—

34. ത്വത്ത: പരാവൃത്തധിയ: സ്വകൃതൈ: കർമ്മഭി: പ്രഭോ!
ഉച്ചാവചാൻ യഥാ ദേഹാൻ ഗൃഹ്ണന്തി വിസൃജന്തി ച!!

പ്രഭോ	ഹേ പ്രഭോ	ഉച്ചാവചാൻ	പലവിധമായ
ത്വത്ത:	തങ്ങളിൽനിന്നു്	ദേഹാൻ	ദേഹങ്ങളേ
പരാവൃത്തധിയ:	പരാമുഖമായബുദ്ധിയോടുകൂടിയവർ	ഗൃഹ്ണന്തി	സ്വീകരിക്കുന്നു
യഥാ	എങ്ങിനെ	വിസൃജന്തി ച	ത്യജിക്കുന്നു.
സ്വകൃതൈ: കർമ്മഭി:	താൻ ചെയ്ത കർമ്മങ്ങളാൽ		

(ആത്മാ എല്ലാ സ്ഥലങ്ങളിലും വ്യാപിച്ചിരിക്കുന്നതിനാൽ അന്യദേഹത്തിങ്കൽ പ്രവേശിക്കുന്നതും അകർത്താവായതു കൊണ്ടു് കർമ്മങ്ങളും നിത്യനായതു കൊണ്ടു് ജനനം മരണം, മുതലായവകളും എങ്ങിനെ ഉണ്ടാകും എന്നു് സാരം)

35. തന്മമാഖ്യാഹി ഗോവിന്ദ ദുർവ്വിഭാവ്യമനാത്മഭി:!
ന ഹ്യേതത് പ്രായശോ ലോകേ വിദ്വാംസ: സന്തിവഞ്ചിതാ: !!

ഗോവിന്ദ	ഹേ ഗോവിന്ദ	ഏതത് വിദ്വാംസ:	ഇതറിയുന്നവർ
അനാത്മഭി:	അല്പ ബുദ്ധന്മാരാൽ	ലോകേ	ലോകത്തിൽ
ദുർവ്വിഭാവ്യം	ആലോചിച്ചു് മനസ്സിലാക്കുവാൻ സാധിക്കാത്തതായ	പ്രായശ:	മിക്കവാറും
		ന സന്തി	ഇല്ല.
		ഹി	എന്തുകൊണ്ടെന്നാൽ
തത്	അതിനെപ്പററി	വഞ്ചിതാ:	എല്ലാവരും മായയാൽ മുഗ്ധന്മാരായവർതന്നേയാകുന്നു.
മമആഖ്യാഹി	എനിക്കു പറയണം;		

ശ്രീഭഗവാനുവാച :— ശ്രീഭഗവാൻ പറഞ്ഞു :—

36. മന: കർമ്മമയം നൃണാമിന്ദ്രിയൈ: പഞ്ചഭിർയ്യുതം!
ലോകാല്ലോകം പ്രയാത്യന്യ ആത്മാ തദനുവർത്തതേ!!

പഞ്ചഭി ഇന്ദ്രിയൈ: യുതം	പ്രധാനമായി പഞ്ചേന്ദ്രിയങ്ങളോടുകൂടിയ	നൃണാം മന:	മനുഷ്യരുടെ മനസ്സു് എന്നതു്

കർമ്മമയം	കർമ്മാധീനമായ	അന്യ:	ആ മനസ്സിനേക്കാറം പോരായിരുന്നാലും
ലോകാത്	ഒരു ദേഹത്തിൽനിന്നും		
ലോകം	വേറൊരു ദേഹത്തിലേക്കു്	തത്മന:	ആ മനസ്സിനെ
പ്രയാതി	പ്രവേശിക്കുന്നു.		
ആത്മാ	ജീവൻ	അനുവർത്തതേ	പിൻതുടരുന്നു.

37. ധ്യായന്മനോ∫നു വിഷയാൻ ദൃഷ്ടാന്വാനുശ്രുതാനഥ!
ഉദ്യത് സീദത് കർമ്മതന്ത്രം സ്മൃതിസ്തദനു ശാമ്യതി!!

കർമ്മതന്ത്രം	കർമ്മത്തിന്നധീനമായ	അഥ ഉദ്യത്	പിന്നീട് ആ വിഷയങ്ങളിൽ ആവിർഭവിച്ച്
മന:	മനസ്സ് എന്നതു്		
ദൃഷ്ടാൻ വാ	പ്രത്യക്ഷത്തിൽ കാണപ്പെട്ടവയോ	സീദത്	അതിനുമുമ്പുള്ള വിഷയങ്ങളിൽ ലയിച്ചുകളയുന്നു.
അനുശ്രുതാൻ	വേദങ്ങളാൽ കേറംക്കപ്പെട്ടവയോ ആയ	തദനു	അതിനുശേഷം
		സ്മൃതി:	മുൻ പിൻ വിഷയങ്ങളെക്കുറിച്ചു സ്മരണം
വിഷയാൻ	വിഷയങ്ങളെ		
ധ്യയത്	ധ്യാനിക്കുന്നു;	ശാമ്യതി	നശിച്ചു പോകുന്നു.

38. വിഷയാഭിനിവേശേന നാത്മാനം യത് സ്മരേത് പുന:!
ജന്തോർവ്വൈ കസ്യചിദ്ധേതോർമൃത്യുരത്യന്ത വിസ്മൃതി:!!

വിഷയാഭിനിവേശേന	കർമ്മത്തിനാൽ സിദ്ധമായ ദേവാദി ശരീരങ്ങളിൽ അധികമായ അഭിനിവേശത്താൽ	കസ്യചിത് ഹേതോ:	ഏതോ ഒരു കാരണത്താൽ
		അത്യന്ത വിസ്മൃതി:	മുമ്പുണ്ടായ ശരീരത്തിലുണ്ടാകുന്ന അഹംകാരനാശം തന്നെ
ആത്മാനം	മുമ്പുള്ള ദേഹത്തിനെ	ജന്തോ:	ആ ദേഹാഭിമാനിയായ ജീവന്നു്
പുന: ന സ്മരേത്	വീണ്ടും സ്മരിക്കുന്നില്ല.		
		മൃത്യു: വൈ	മരണം എന്നു പറയപ്പെടുന്നു. (വേറേ ശരീരത്തിനു സംഭവിക്കുന്ന നാശമല്ല)
യത്	എന്നു് ഏതൊന്നുണ്ടോ അതു് തന്നേ		

യാതനാശരീരത്തിൽ അഭിമാനം കൊണ്ടുണ്ടായ ഭയം ദുഃഖം ഇവയാലോ ദേവാദി ശരീരത്തിൽ അഭിമാനത്താലുണ്ടായ സന്തോഷം, ആഗ്രഹം മുതലായ ഇതാണ് എന്നു പറയുവാൻ അസാദ്ധ്യമായ ഒരു കാരണം.

39. ജന്മത്വാത്മതയാ പുംസ: സർവ്വഭാവേന ഭൂരിദ!
വിഷയസ്വീകൃതിം പ്രാഹുര്യഥാ സ്വപ്നമനോരഥ:!!

ഭൂരിദ	കോടി കോടിയായ് ദാനം ചെയ്യു. ഹേ ഉദ്ധവ!
സ്വപ്നമനോരഥ: യഥാ	സ്വപ്നം മനോരഥ: ഇവയെപോലെ തന്നേ
സർവ്വഭാവേന	അഭേദമായ്
ആത്മതയാ	ആത്മാവ് എന്നുതന്നേ
വിഷയസ്വീകൃതിം	ശരീരത്തിൽ അഭിമാനം വെക്കുക എന്നതിനേയാകുന്നു
പുംസ:	ജീവന്റ്
ജന്മ പ്രാഹു:	ജന്മം എന്നു പറയുന്നതു്.

40. സ്വപ്നം മനോരഥം ചേത്ഥം പ്രാക്തനം നസ്മരത്യസൌ!
തത്ര പൂർവ്വമിവാത്മാനമപൂർവ്വം ചാനുപശ്യതി!!

അസൌ ച ഇത്ഥം	ഇപ്പോഴുള്ള ശരീരത്തിലിരിക്കുന്ന ഈ ജീവൻ ഇതിനു മുമ്പുള്ള ശരീരത്തിനെ എങ്ങിനെ സ്മരിക്കുന്നില്ലയോ അങ്ങിനെ തന്നേ
പ്രാക്തനം	മുമ്പുണ്ടായ സ്വപ്നത്തേയും
മനോരഥം ച	മനോരഥത്തിനേയും
നസ്മരതി	സ്മരിക്കുന്നില്ല;
തത്ര	അപ്പോഴുള്ള സ്വപ്നാദികളിൽ ഇരുന്നും കൊണ്ടു്
പൂർവ്വം ആത്മാനം	പൂർവ്വമേവ സിദ്ധനായ് ഇരുന്നാലുംകൂടി തന്നേ
അപൂർവ്വം ഇവ	അപ്പോഴം ജനിച്ചവനേപോലെ
അനുപശ്യതി	വിചാരിക്കുന്നു.

41. ഇന്ദ്രിയായനസൃഷ്ട്യേദം ത്രൈവിധ്യം ഭാതി വസ്തുനി!
ബഹിരന്തർഭിദാഹേതുർ ജനോസജ്ജനകൃദ്യഥാ!!

ഇന്ദ്രിയായന സൃഷ്ട്യാ	ഇന്ദ്രിയങ്ങൾക്ക് ആശ്രയമായ മനസ്സിന് വേറെ ശരീരത്തിൽ ഉണ്ടാകുന്ന അഭിനിവേശം മൂലമുണ്ടാകുന്ന ഉത്പത്തിയാൽ
വസ്തുനി	ആത്മാവിങ്കൽ അഭിമാനത്താൽ
അസത് ഇദം	സത്യമില്ലാത്ത, ഉത്തമൻ,
ത്രൈവിധ്യം	മദ്ധ്യമൻ, നീചൻ എന്നു മൂന്നുവിധമായ്
ഭാതി	ഭാസിക്കുന്നു. (തോന്നുന്നു.)
ജന:	ജീവാത്മാ

അസജ്ജ കൃതം യഥാ	സ്വപ്നത്തിൽ ഇല്ലാത്ത പല ശരീരത്തിനെക്കണ്ട് പലവിധ രൂപം ഉണ്ടായതായ് തോന്നുന്നതുപോലെ	ബഹിരന്തര ഭിദാ	ബാഹ്യവിഷയങ്ങളേയും
		ഹേതു:	ഉള്ളിൽ സുഖങ്ങളേയും കാണുന്നു.

ലോകനിയതിയാകുന്ന ജനന മരണങ്ങളേ പറഞ്ഞു് സൂക്ഷ്മങ്ങളായ അവയെപ്പററി ചോദിച്ചില്ലെങ്കിലും വൈരാഗ്യം ഉണ്ടാകുവാൻ വേണ്ടി പറയുന്നു :—

42. നിത്യദാ ഹ്യംഗ ഭൂതാനി ഭവന്തി ന ഭവന്തി ച।
കാലേനാലക്ഷ്യ വേഗേന സൂ സൂക്ഷ്മത്വാത്തന്ന ദൃശ്യതേ।

അംഗ	ഹേ ഉദ്ധവ!	ഭവന്തി	ഉണ്ടാകുന്നു;
ഭൂതാനി	ശരീരങ്ങൾ	ന ഭവന്തി ച	നശിക്കുകയും ചെയ്യുന്നു.
അലക്ഷ്യവേഗേന	വേഗത്തിനെ കാണുവാൻ സാധിക്കാത്ത	സൂക്ഷ്മത്വാത്	കാലം അതിസൂക്ഷ്മമായതിനാൽ
കാലേന	കാലത്തിനാൽ	തത് ന ദൃശ്യതെ	ഉൽപത്തി, നാശം അറിയപ്പെടുന്നില്ല.
നിത്യദാഹി	എപ്പോഴും		

43. യഥാർച്ചിഷാം സ്രോതസാം ച ഫലാനാം വാ വനസ്പതേഃ।
തഥൈവ സർവ്വഭൂതാനാം വയോഽവസ്ഥാദയ: കൃത:॥

അർചിഷാം	അർച്ചിസ്സുകൾക്ക് പരിണാമം മുതലായവയാലും	യഥാ തഥാ	അവസ്ഥാവിശേഷങ്ങൾ കാലത്താൽ ചെയ്യപ്പെട്ടിരിക്കുന്നതുപോലെ തന്നേ
സ്രോതസാം ച	പ്രവാഹങ്ങൾക്ക് ഗതി മുതലായവയാലും	സർവ്വ ഭൂതാനാം	ശരീരങ്ങൾക്കെല്ലാം
		വയോഽവസ്ഥാദയ:	വയസ് അവസ്ഥകൾ മുതലായവയും
വനസ്പതേ: ഫലാനം ച	വൃക്ഷത്തിന്റെ ഫലങ്ങൾക്ക് രൂപം മുതലായവയാലും	കൃതാ: ഏവ	കാലംകൊണ്ട് ചെയ്യപ്പെട്ടതു തന്നേ

44. സോഽയം ദീപോഽർച്ചിഷാം യദ്വത് സ്രോതസാം തദിദം ജലം।
സോഽയം പുമാനിതി നൃണാം മൃഷാ ഗീർധീർ മൃഷായുഷാം॥

അർച്ചിഷാം	ജ്വാലകൾ ഒന്നുപോലെ ഇരിക്കുന്നതിനാൽ
സ: ദീപ: അയം	ആ ദീപം തന്നേയാകുന്നു ഇത് എന്ന പ്രത്യഭിജ്ഞയും
സ്രോതസാം	പ്രവാഹങ്ങളും ഒരു പോലെ ഇരിക്കുന്നതിനാൽ
തത് ജലം ഇദം	ആ ജലം ആകുന്നു ഇത് എന്ന പ്രത്യഭിജ്ഞയും
യദ്വത്	ഉണ്ടാകുന്നതുപോലെ തന്നേ
മൃഷായുഷാം	വൃഥാ ആയുസ്സോടുകൂടിയ
നൃണാം	അവിവേകികളായ ജനങ്ങൾക്ക്
സ: പുമാൻ	അതേ മനുഷ്യന്മാർ തന്നേ
അയം	ഇവൻ
ഇതിധീ:	എന്ന ബുദ്ധിയും
ഗീ:	വാക്കും
മൃഷാ	കളവായ്ത്തന്നേ ഉണ്ടാകുന്നു.

45. മാ സ്വസ്യ കർമ്മബീജേന ജായതേ സോƒപ്യയം പുമാൻ।
മ്രിയതേ വാമരോ ഭ്രാന്ത്യാ യഥാഗ്നിർ ദാരു സംയുത:॥

അഗ്നി:	മഹാഭൂതങ്ങളിൽ ഒന്നായ തേജോരൂപിയായ അഗ്നി കല്പാന്തംവരേ ഇരുന്നിട്ടും
ദാരു സംയുത:	വിറകിന്റെ സംഗമത്താലും അതില്ലാഞ്ഞിട്ടും
യഥാ	ഉല്പത്തിവിനാശങ്ങളെ പ്രാപിക്കുന്നതുപോലെ
സ: അയം പുമാൻ അപി	അവിവേകിയായ ഈ പുരുഷനും
അമര:	ജനന മരണരഹിതനായ് ഇരുന്നാലും
സ്വസ്യ	തന്റെ
കർമ്മബീജേന	കർമ്മമാകുന്ന ബീജത്താൽ
മാ ജായതേ	ജനിക്കുന്നതുമില്ല;
മ്രിയതേ വാ	മരിക്കുന്നതുമില്ല.
ഭ്രാന്ത്യാ	ഭ്രമം കാരണം ജനിച്ചവൻ പോലെയും മരിച്ചവൻ പോലെയും വിചാരിക്കുന്നു.

46. നിഷേക ഗർഭജന്മാനി ബാല്യ കൌമാര യൌവനം।
വയോ മദ്ധ്യം ജരാ മൃത്യുരിത്യവസ്ഥാസ്തനോർ നവ॥

നിഷേകഗർഭജന്മാനി	മാതൃഗർഭപ്രവേശം, ഉദരമദ്ധ്യത്തിൽ വളരുക, പിന്നീട് ജനിക്കുക.
ബാല്യകൌമാര യൌവനം	അഞ്ചുവയസ്സുപ്രായമുള്ള ബാല്യം പിന്നീട് പതിനാറു വയസ്സ് പ്രായമായ കൌമാരം, പിന്നീട് നാൽപത്തിഅഞ്ചു വയസ്സ് പ്രായം വരെയുള്ള യൌവനം

വയോമദ്ധ്യം	പിന്നീട് അറുപതു വയസ്സുവരേയുള്ള മദ്ധ്യവയസ്സ്	ഇതി നവ	എന്ന ഈ ഒമ്പത്
ജരാ	അതിന്നു പരിവാർദ്ധക്യം	അവസ്ഥാ:	അവസ്ഥകൾ
മൃത്യു:	പിന്നീട് മരണം	തനോ:	ശരീരത്തിന്നു് സംഭവിക്കുന്നതാകുന്നു;

47. **ഏതാ മനോരഥ മയീർഹ്യന്യസ്യോച്ചാവചാസ്തനു:!**
ഗുണസംഗാദുപാദത്തേ ക്വചാത് കശ്ചിജ്ജഹാതി ച !!

ഹി	ആയതിനാൽ	കശ്ചിത്	അറിവില്ലാത്ത ഒരുത്തൻ
അന്യസ്യ	ആത്മാവിനേക്കാൾ വേറായ ശരീരത്തിന്റെ	ഗുണസംഗാത്	ശരീരാദ്ധ്യാസത്താൽ
മനോരഥ മയീ:	മനോരഥ (കല്പിത) മയങ്ങളായ	ഉപാദത്തേ	തന്റേതു് എന്നു് സ്വീകരിച്ചുകൊള്ളുന്നു.
ഏതാ:	ഈ	ക്വചിത്	ചിലപ്പോഴ് പരമേശ്വരാനുഗ്രഹത്താൽ
ഉച്ചാവചാ: തനു:	ഉയർന്നതും താണതുമായ അവസ്ഥാവിശേഷങ്ങൾ	ജഹാതി ച	വിട്ടുകളയുകയും ചെയ്യുന്നു.

48. **ആത്മന: പിതൃ പുത്രാഭ്യാമനുമേയൌ ഭവാപ്യയൌ!**
ന ഭവാപ്യയ വസ്തൂനാമഭിജ്ഞോ ദ്വയ ലക്ഷണ:!!

പിതൃപുത്രാഭ്യാ	പിതാവിനു് ഔർദ്ധ്വദൈഹികമായ കർമ്മാവിനേയും പുത്രന്നു് ജാതകർമ്മത്തിനേയും ചെയ്യുന്ന പുരുഷനാൽ	ഭവാപ്യയ വസ്തൂനാം	ഉത്പത്തിവിനാശങ്ങളുള്ള ദേഹങ്ങളെ
		അഭിജ്ഞ:	കണ്ടും കൊണ്ടിരിക്കുന്നവൻ -
ആത്മന:	തന്റെ ദേഹത്തിന്നും		
ഭവാപ്യയൌ	ഉത്പത്തി വിനാശങ്ങൾ	ദ്വയലക്ഷണ:	ഉത്പത്തി വിനാശധർമ്മങ്ങളോടുകൂടിയവനായ് ഭവിക്കുന്നില്ല.
അനുമേയൌ	അനുമാനിക്കുവാൻ യോഗ്യമായവയാകുന്നു;	ന	

49. **തയോർബീജവിപാകാഭ്യാം യോവിദ്വാൻ ജന്മസംയമൌ!**
തയോർവ്വിലക്ഷണോ ദ്രഷ്ടാ ഏവം ദ്രഷ്ടാ തനോ പൃഥക്!!

ബീജവിപാകാഭ്യാം	ബീജത്തിൽനിന്നും ഒട്ടവിലത്തെ പരിണാമത്തിൽനിന്നും
തരോഃ	മരത്തിന്റെ
ജന്മസംയമൌ	ഉത്പത്തിയേയും നാശത്തിനേയും
വിദ്വാൻ യഃ	മനസ്സിലാക്കിയവർ ആരോ
ദ്രഷ്ടാ	ആ ദ്രഷ്ടാവു്
തരോഃ വിലക്ഷണഃ	മരത്തിനേക്കാൾ ഭിന്നമായവൻ തന്നേ
ഏവം	ഇപ്രകാരം തന്നെ
തനോഃ ദ്രഷ്ടാ	ശരീരത്തിനെ നോക്കിക്കൊണ്ടിരിക്കുന്ന ജീവനും
പൃഥക്	ശരീരത്തേക്കാൾ പൃഥകാകുന്നു.

50. **പ്രകൃതേരേവമാത്മാനമവിവിച്യാബുധഃ പുമാൻ।**
തത്വേന സ്പർശസംമൂഢഃ സംസാരം പ്രതിപദ്യതേ॥

സ്വസ്വരൂപം	അറിയാത്ത
പുമാൻ	പുരുഷൻ
ഏവം	മുമ്പ് പറയപ്പെട്ടതു പോലെ
പ്രകൃതേഃ	പ്രകൃതിയിൽ നിന്നു്
ആത്മാനം	ആത്മാവിനെ (ദേഹത്തേക്കാൾ ആത്മാവിലക്ഷണൻ എന്നു്)
അവിവിച്യ	പിരിച്ചറിയാതെ
തത്വേന	സത്യം എന്ന ഉദ്ദേശത്തോടെ
സ്പർശസംമൂഢഃ	വിഷയങ്ങളിൽ വ്യാപൃതനായു്
സംസാരം	സംസാരം
പ്രതിപദ്യതേ	ലഭിക്കുന്നു.

51. **സത്വസംഗാ ദൃഷീൻ ദേവാൻ രാജസാസുര മാനുഷാൻ।**
തമസാ ഭൂതതിര്യക്ത്വം ഭ്രാമിതോ യാതി കർമ്മഭിഃ॥

കർമ്മഭിഃ	കർമ്മങ്ങളിനാൽ
ഭ്രാമിതഃ	ഭ്രമണം ചെയ്യപ്പെട്ട ജീവൻ
സത്വസംഗാത്	സത്വഗുണത്തിന്റെ സംഗമത്താൽ
ഋഷീൻ ദേവാൻ	ഋഷിയോനികളേയും ദേവയോനികളേയും
രജസാ	രജോഗുണത്താൽ
ആസുരമാനുഷാൻ	അസുരയോനിയേയും മനുഷ്യയോനിയേയും
തമസാ	തമോഗുണത്താൽ
ഭൂതതിര്യക്ത്വം	സ്ഥാവരയോനിയേയും തിര്യക്‌യോനിയേയും
യാതി	പ്രാപിക്കുന്നു.

52. നൃത്യതോ ഗായത: പശ്യൻ യഥൈവാനുകരോതി താൻ
ഏവം ബുദ്ധി ഗുണാൻ പശ്യൻ നീഹോഽപ്യനു കാര്യതേ!!

നൃത്യത:	നൃത്യം വെക്കുന്നവരേയും	ഏവം	അപ്രകാരം
ഗായത:	പാട്ടു പാടുന്നവരേയും	അനാഹ: അപി	ചേഷ്ട ഇല്ലാത്തവനായിരുന്നാലുംകൂടി
പശ്യൻ	നോക്കുന്നവൻ	ബുദ്ധിഗുണാൻ	ബുദ്ധിഗുണങ്ങളെ
യഥാ	എങ്ങിനെ	പശ്യൻ	നോക്കുന്ന ആത്മാ
താൻ	അവരെ	അനുകാര്യതേ	ബുദ്ധിഗുണങ്ങളാൽ അനുകരിക്കുവാൻ ഉത്തേജിതനായിത്തീരുന്നു.
അനുകരോതി	അനുകരിക്കുന്നുവോ		

ഉപാധി ധർമ്മങ്ങൾ ഉപഹിതത്തിലും, ഗ്രാഹിക ധർമ്മങ്ങൾ ഗ്രാഹ്യത്തിലും കാണുന്നു എന്നു പറയുന്നു :—

53. യഥാംഭസാ പ്രചലതാ തരവോഽപി ചലാ ഇവ!
ചക്ഷുഷാ ഭ്രാമ്യ മാണേന ദൃശ്യതേ ഭ്രമതീവ ഭൂഃ !!

പ്രചലതാ	ചലിക്കുന്ന	ഭൂ:	ഭൂമി
അംഭസാ	ജലത്താൽ	ഭ്രമതീ ഇവ	ചുററുന്നതുപോലേയും
തരവ: അപി	അതിൽ പ്രതിബിംബിക്കുന്ന മരങ്ങളും	ദൃശ്യതേ	കാണപ്പെടുന്നതു്
ചലാ: ഇവ	ചലിക്കുന്നതുപോലേയും	യഥാ	എപ്രകാരമോ അപ്രകാരം തന്നേ ശരീരത്തിലുള്ള ധർമ്മങ്ങൾ ആത്മാവിങ്കൽ കാണപ്പെടുന്നു.
ഭ്രാമ്യമാണേന	ചുററുന്ന		
ചക്ഷുഷാ	കണ്ണാൽ		

54. യഥാ മനോരഥധിയോ വിഷയാനുഭവോ മൃഷാ!
സ്വപ്നദൃഷ്ടാശ്ച ദാശാർഹ തഥാ സംസാര ആത്മന:!!

ദാശാർഹ	ഹേ ദശാർഹ!	സ്വപ്നദൃഷ്ടാ ച	സ്വപ്നത്തിൽ കാണപ്പെട്ട ബുദ്ധികളും
മനോരഥ ധിയ:	മനോരഥ ബുദ്ധികളും	യഥാ മൃഷാ	എങ്ങിനേ അസത്യമോ

തഥാ	അങ്ങിനെതന്നെ	വിഷയാനുഭവ:	വിഷയാനുഭവരൂപമായ
ആത്മന:	ആത്മാവിന്ന്	സംസാര:	സംസാരവും (സത്യമല്ല.)

55. അർത്ഥേ ഹ്യവിദ്യമാനേഽപി സംസൃതിർന്ന നിവർത്തതേ!
ധ്യായതോ വിഷയാനസ്യ സ്വപ്നേഽനർത്ഥാഗമോ യഥാ!!

സ്വപ്നേ	സ്വപ്നത്തിലുണ്ടായ	അർത്ഥേ അവിദ്യമാനേ അപി	ആത്മാവിങ്കൽ സുഖഭാവരൂപമായ അർത്ഥം ഇല്ലെങ്കിലുംകൂടി
അനർത്ഥാഗമ:	പാമ്പുകടിക്കുക മുതലായ അനിഷ്ട സംഭവം	വിഷയാൻ ധ്യായത:	വിഷയങ്ങൾ ഇരിക്കുന്നതായ് ധ്യാനിക്കുന്ന
യഥാ	എങ്ങിനെ	അസ്യ	ഈ പുരുഷന്ന്
ന നിവർത്തതേ	നിവൃത്തിയാകുന്നില്ലയോ അങ്ങിനെതന്നെ	ഹി	തീർച്ചയായും
		സംസൃതി: അപി	സംസാരവും നിവൃത്തിയാകുന്നില്ല.

56. തസ്മാദുദ്ധവ മാ ഭുംക്ഷ്വ വിഷയാനസദിന്ദ്രിയൈ:!
ആത്മാഗ്രഹണനിർഭാതം പശ്യ വൈകല്പികം ഭ്രമം!!

ഉദ്ധവ:	ഉദ്ധവ!	മാ ഭുംക്ഷ്വ	അനുഭവിക്കാതിരിക്കുക;
തസ്മാത്	ആയതു കൊണ്ട്	ആത്മാഗ്രഹണ നിർഭാതം	ആത്മസ്വരൂപം അറിയാഞ്ഞതിനാൽ ഉണ്ടായ
അസദിന്ദ്രിയൈ:	ബാഹ്യ ഉദ്ദേശമുള്ള അസദിന്ദ്രിയങ്ങളെക്കൊണ്ട്	വൈകല്പികം	സുഖദുഃഖങ്ങളെ
വിഷയാൻ	വിഷയസുഖങ്ങളെ	ഭ്രമം പശ്യ	ഭ്രമം കൊണ്ടുണ്ടായതാകുന്നു എന്ന് അറിയുക.

57. ക്ഷിപ്തോഽവമാനിതോഽസദ്ഭി: പ്രലബ്ധോഽസൂയിതോഽഥവാ!
താഡിത: സന്നിബദ്ധോ വാ വൃത്ത്യാ വാ പരിഹാപിത:!!

58. നിഷ്ഠ്യൂതോ മൂത്രിതോ വാജ്ഞൈർബഹുധൈവം പ്രകംപിത:!
ശ്രേയസ്കാമ: കൃച്ഛ്രഗത ആത്മനാഽഽത്മാനമുദ്ധരേത്!!

അസദ്ഭി:	ദുഷ്ടന്മാരാൽ	പ്രലബ്ധ:	വാക്കുകൊണ്ട് പരിഹസിക്കപ്പെട്ടവനായാലും
ക്ഷിപ്ത:	ആട്ടിപ്പുറത്തക്കപ്പെട്ടവനായാലും		
അവമാനിത:	അവമാനിക്കപ്പെട്ടവനായാലും	അഥവാ ആസൂയിത:	അഥവാ അസൂയക്ക് പാത്രമായാലും

താഡിതഃ	അടിക്കപ്പെട്ടവനായാലും
സന്നിബദ്ധഃ വാ	കെട്ടപ്പെട്ടവനായാലും
വൃത്യാപരിഹാപിതഃ വാ	ഉപജീവനമാർഗ്ഗത്തിൽനിന്ന ബഹിഷ്കൃതനായാലും
നിഷ്ഠിതഃ	കാറിഉമിഴ്ഞവനായാലും
മൂത്രിതഃ വാ	മൂത്രംകൊണ്ട് ഇദരമാക്കപ്പെട്ടവനായാലും
ഏവം	അങ്ങിനെയേ
അതജ്ഞഃ	മൂഢന്മാരാൽ
ബഹുധാ	പലവിധമായ്
പ്രകംപിതഃ	നിഷ്ഠയെകംപനം ചെയ്യപ്പെട്ടവനായാലും
കൃച്ഛ്രഗതഃ	ഏറ്റു വിധമായകഷ്ടങ്ങളെ പ്രാപിച്ചവനായാലും
ശ്രേയസ്കാമഃ	തനിക്ക് ശ്രേയസ്സിനെ ഇച്ഛിക്കുന്നവൻ
ആത്മനാ	തന്റെ ബുദ്ധികൊണ്ട്
ആത്മാനം	തന്നെ
ഉദ്ധരേത്	ഉദ്ധരിച്ചു കൊള്ളേണം

ഉദ്ധവ ഉവാച :— ഉദ്ധവർ പറഞ്ഞു :—

59. **യഥൈവമനുബുദ്ധ്യേയം വദ നോ വദതാം വര !**
സുദുസ്സഹമിമം മന്യേ ആത്മന്യസദതിക്രമം !!

വദതാം വര	സംസാരിക്കുന്നവരിൽ ശ്രേഷ്ഠനെ!
ഇമം	ഈ
അസദതിക്രമം	അസത്തുക്കളാൽ ചെയ്യപ്പെടുന്ന അതിക്രമത്തിനെ
ആത്മതി	മനസ്സിൽ
സുദുസ്സഹം മന്യേ	സഹിക്കുവാൻ അസാധ്യമായ് കരുതുന്നു;
അനുബുദ്ധ്യേയം യഥാ	ആ അതിക്രമത്തിനെ സഹിപ്പാൻ സ്വീകരിക്കേണ്ടു ഉപായത്തിനെ അറിഞ്ഞ് വിവേകം എനിക്ക് എങ്ങിനെ സിദ്ധിക്കുമോ
ഏവം നഃ വദ	അങ്ങിനെ ഞങ്ങൾക്ക് ഉപദേശിച്ച് അരുളേണം.

60. **വിദുഷാമപി വിശ്വാത്മൻ പ്രകൃതിർഹി ബലീയസീ !**
ഋതേ ത്വദ്ധർമ്മ നിരതാൻ ശാന്താംസ്തേ ചരണാലയാൻ !!

ഹി	എന്തുകൊണ്ടെന്നാൽ
വിശ്വാത്മൻ	ഹേ സർവ്വസ്വരൂപിയെ
ത്വദ്ധർമ്മനിരതാൻ	തങ്ങളുടെ സേവയിൽ വ്യാപൃതരും

തേ ചരണാലയാൽ	തങ്ങളുടെ ചരണങ്ങളെ ആശ്രയിച്ചവരും	വിദുഷാം അപി	വിദ്വാന്മാർക്കുപോലും
ശാന്താൻ ഋതേ	ആയതിനാൽ ശാന്തന്മാരുമായവർ ഒഴികെ	പ്രകൃതി:	സ്വഭാവം എന്നത്
		ബലീയസീ	വളരേ ബലമുള്ളതാണ്.

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം പതിനൊന്നാംസ്കന്ധം ഇരുപത്തിരണ്ടാമദ്ധ്യായം സമാപ്തം

ആദിത: ശ്ലോകാ: 13145 ഏകാദശസ്കന്ധം ആദിത: ശ്ലോകങ്ങൾ 979

ത്രയോവിംശോƒദ്ധ്യായഃ = അധ്യായം ഇരുപത്തിമൂന്ന്

തിതിക്ഷുദ്വിജോപാഖ്യാനം — ഭിക്ഷുഗീതം!

തിതിക്ഷുവായ (സഹനശക്തിയോടുകൂടിയ) ബ്രാഹ്മണൻെറ ചരിത്രം ത്രയോവിംശേ തിരസ്കാര സഹനോപായ ഈര്യതേ! ഭിക്ഷുഗിനാ! ഭിക്ഷുഗീത പ്രകാരേണ മനസ: സംയമോ ധിയാ !!

ഇരുപത്തി മൂന്നാമത്തെ അദ്ധ്യായത്തിൽ അന്യർ ചെയ്യുന്ന അപമാനം സഹിക്കുന്ന ഉപായം ബുദ്ധിയാൽ മനസ്സിനെ അടക്കുക എന്നത് ഭിക്ഷുവിനാൽ പറയപ്പെട്ടത് ക്രമത്തിൽ പറയപ്പെടുന്നു.

മഹാന്മാക്കും കൂടി ദുഷ്ടന്മാരുടെ ഉപദ്രവം തീർച്ചയായും അസഹ്യമായതുകൊണ്ട് അതിനെ സഹിക്കുവാൻ ഉള്ള ഉപായം നാലു അദ്ധ്യായങ്ങളിൽ പറയപ്പെടുന്നു.

അവയാൽ ഈ അദ്ധ്യായത്തിൽ ഭിക്ഷുഗീതയാൽ മനോവിജയവും, അടുത്ത അദ്ധ്യായത്തിൽ പ്രകൃതി പുരുഷ വിവേകവും, അതിനും അടുത്ത അദ്ധ്യായത്തിൽ ഗുണവൃത്തി ജയവും അതിനും അടുത്ത അദ്ധ്യായത്തിൽ ഐളഗീതയാൽ വിഷയത്തിൽ രാഗം നശിപ്പിക്കുന്നതുമൂലം സത്സംഗം എന്ന പദ്ധതിയാൽഉപായങ്ങൾ ഭഗവാനാൽ പറയപ്പെടുന്നു.

ബാദരായണിരുവാച :— ശ്രീകർ പറഞ്ഞു :—

1. സ ഏവമാശംസിത ഉദ്ധവേന ഭാഗവത മുഖ്യേന ദാശാർഹമുഖ്യഃ ।
സഭാജയൻ ഭൃത്യവചോ മുകുന്ദസ്തമാബഭാഷേ ശ്രവണീയ വീര്യഃ ॥

ശ്രവണീയ വീര്യഃ	ശ്രവണാർഹമായ വീര്യങ്ങളോടുകൂടിയവനും
മുകുന്ദഃ	മുക്തിനല്കുന്നവനും
സഃ ദാശാർഹ മുഖ്യഃ	ദാശാർഹന്മാരിൽ ശ്രേഷ്ഠനമായ ആ ഭഗവാൻ
ഭാഗവത മുഖ്യേന	ഭഗവത്ഭക്തന്മാരിൽ അഗ്രഗണ്യനമായ
ഉദ്ധവേന	ഉദ്ധവനാൽ
ഏവം	ഇപ്രകാരം
ആശംസിതഃ	പ്രാർത്ഥിക്കപ്പെട്ടവനായ്
ഭൃത്യവചഃ	തന്റെ ഭൃത്യന്റെ വാക്കിനെ
സഭാജയൻ	ബഹുമാനപ്പെടുത്തിക്കൊണ്ട്
തം	അവരോട്
ആബഭാഷേ	ഉത്തരം പറഞ്ഞു

ശ്രീ ഭഗവാനുവാച :— ശ്രീ ഭഗവാൻ പറഞ്ഞു :—

2. ബാർഹസ്പത്യ സ വൈ നാത്ര സാധുർവൈ ദുർജനേരിതൈഃ ।
ദുരുക്തൈർഭിന്നമാത്മാനം യഃ സമാധാതുമീശ്വരഃ ॥

ബാർഹസ്പത്യ	ബൃഹസ്പതിയുടെ ശിഷ്യ!
ദുർജനേരിതൈഃ	ദുഷ്ടന്മാരാൽ പറയപ്പെട്ട
ദുരുക്തൈഃ	ദുർവാക്കുകളാൽ
ഭിന്നം	ഭിന്നമാക്കപ്പെട്ട (ക്ഷോഭിച്ച)
ആത്മാനം	മനസ്സിനെ
സമാധാതും	സമാധാനം ചെയ്യുവാൻ
യഃ ഈശ്വരഃ വൈ	ആര് ശക്തനോ
സഃ സാധുഃ	അപ്രകാരനായ സാധു
അത്ര വൈ ന	ഈ ലോകത്തിൽ ഇല്ല

3. ന തഥാ തപ്യതേ വിദ്ധഃ പുമാൻ ബാണൈഃ സുമർമ്മഗൈഃ ।
യഥാ തുദന്തി മർമ്മസ്ഥാ ഹ്യസതാം പരുഷേഷവഃ ॥

അസതാം പരുഷേഷവഃ	അസത്തുക്കളുടെ പരുഷവാക്കുകളായ ബാണങ്ങൾ
മർമ്മസ്ഥാഃ	മർമ്മസ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട്
യഥാ തുദന്തി	എങ്ങിനെ ഹിംസിക്കുന്നുവോ
തഥാ	അങ്ങിനെ
സുമർമ്മഗൈഃ ബാണൈഃ	മർമ്മസ്ഥാനങ്ങളിൽ നല്ലപോലെ പായുന്ന ബാണങ്ങളാൽ
വിദ്ധഃ പുമാൻ	വിദ്ധനായ പുരുഷൻ
ന തപ്യതേ	ദുഃഖിക്കുന്നില്ല.

എങ്കിലും ഞാൻ പറയുന്ന ഉപായങ്ങളാൽ സകലതും സഹിക്കുവാൻ സാധിക്കുമെന്നു വിചാരിച്ചു് ഒരു കഥയെ പറയുന്നു :—

4. കഥയന്തി മഹത്പുണ്യമിതിഹാസ മിഹോദ്ധവ!
നമഹം വർണ്ണയിഷ്യാമി നിബോധ സുസമാഹിത:!!

5. കേനചിത് ഭിക്ഷുണാ ഗീതം പരിഭൂതേന ദുർജ്ജനൈ:!
സ്മരതാ ധൃതിയുക്തേന വിപാകം നിജകർമ്മണാം!!

ഉദ്ധവ	ഹേ ഉദ്ധവ!
ഇഹ	ഈ ലോകത്തിൽ
ദുർജ്ജനൈ:	ദുഷ്ടന്മാരാൽ
പരിഭൂതേന	അവമാനിക്കപ്പെട്ടു്
നിജകർമ്മണാം	അതു് തന്റെ പൂർവ്വകർമ്മ ഫലമെന്നു്
വിപാകം	
സ്മരതാ	വിചാരിച്ചു്
ധൃതിയുക്തേന	ധൈര്യത്തോടുകൂടിയ
കേനചിത്	ഒരു
ഭിക്ഷുണാ	ഭിക്ഷുവാൽ (സന്യാസിയാൽ)
ഗീതം	ഗാനം ചെയ്യപ്പെട്ടതും
മഹത് പുണ്യം	വളരേ പുണ്യവുമായ
ഇതിഹാസം	ഒരു ഇതിഹാസത്തെ
കഥയന്തി	പൂർവ്വീകന്മാർ പറയുന്നു;
അഹം	ഞാൻ
തം	അതിനെ
വർണ്ണയിഷ്യാമി	(നിണക്കു) പറയാം;
സുസമാഹിത:	മനശ്ശാന്തിയോടെ
നിബോധ	ശ്രവണം ചെയ്യുക.

6. അവന്തിഷു ദ്വിജ: കശ്ചിത് ആസീദാഢ്യതമ: ശ്രിയാ!
വാർത്താവൃത്തി: കദര്യസ്തു കാമീ ലുബ്ധോ£തികോപന:!!

അവന്തിഷു	അവന്തിദേശത്തിൽ
വാർത്താവൃത്തി	കൃഷി, വ്യാപാരം ഇവ ഉപജീവന മാർഗ്ഗമായിട്ടുള്ളവനും
ശ്രിയാ ആഢ്യതമ :	ആയതു കൊണ്ടു് ധനാഢ്യനും
തു	പക്ഷേ
കാമീ	സ്ത്രീലോലനും (കാമിയും)
ലുബ്ധനും	ധനലോലുപനും
കദര്യ:	തന്നേയും, ധർമ്മകാര്യത്തിനേയും ഭാര്യാമക്കളേയും, ദേവതകളേയും അതിഥികളേയും, സേവകന്മാരേയും ഉപദ്രവിക്കുന്നവനും
കശ്ചിത് ദ്വിജ:	ഒരു ബ്രാഹ്മണൻ
ആസീത്	ഉണ്ടായിരുന്നു.

7. ജ്ഞാതയോഽതിഥയസ്തസ്യ വാങ്മാത്രേണാപി നാർച്ചിതാ:।
ശൂന്യാവസഥ ആത്മാപി കാലേ കാമൈരനർച്ചിത:॥

തസ്യ	അവന്റെ
അതിഥയ: ജ്ഞാതയ: അപി	അതിഥികളും ജ്ഞാനികളും
വാങ്മാത്രേണ	വാക്കുകൊണ്ടുപോലും
ന അർച്ചിതാ:	അവനാൽ പൂജിക്കപ്പെട്ടില്ല;
ശൂന്യാവസഥെ	ധർമ്മ കർമ്മങ്ങളില്ലാത്ത ശൂന്യമായ ഗൃഹത്താൽ (ദേഹത്തിൽ)
ആത്മാ അപി	തന്റെ ശരീരവുംകൂടി (ജീവാത്മാപോലും)
കാലേ	വേണ്ടുന്ന കാലത്തിൽ
കാമൈഃ	ആഗ്രഹങ്ങളാൽ
അനർച്ചിത:	തൃപ്തിപ്പെടുത്തപ്പെട്ടില്ല.

8. ദു:ശീലസ്യ കദര്യസ്യ ദ്രുഹ്യന്തേ പുത്രബാന്ധവാ:।
ദാരാ ദുഹിതരോ ഭൃത്യാ വിഷണ്ണാ നാചരൻ പ്രിയം॥

ദു:ശീലസ്യ	ദു:ശീലനും
കദര്യസ്യ	ധനം നല്കാത്തവനുമായ മനുഷ്യന്ന്
പുത്രബാന്ധവാ:	പുത്രന്മാരും! ബന്ധുക്കളും
ദാരാ:	ഭാര്യയും
ദുഹിതര:	പുത്രികളും
ഭൃത്യാ:	വേലക്കാരും
ദ്രുഹ്യന്തെ	ദ്രോഹം ചെയ്യുന്നു.
വിഷണ്ണാം	ദുഃഖിച്ചവരായ്
പ്രിയം ന ആചരൻ	പ്രിയം വെക്കുന്നില്ല.

9. തസ്യൈവം യക്ഷവിത്തസ്യ ച്യുതസ്യോഭയ ലോകത:।
ധർമ്മകാമ വിഹീനസ്യ ചുക്രുധു: പഞ്ചഭാഗിന:॥

10. തദവധ്യാന വിസ്രസ്ത പുണ്യസ്കന്ധസ്യ ഭൂരിദ।
അർത്ഥോഽപ്യഗച്ഛന്നിധനം ബഹ്വായാസ പരിശ്രമ:॥

ഏവം യക്ഷവിത്തസ്യ	ഇങ്ങനെ യക്ഷന്റേതുപോലെ കാക്കുന്നതിനുമാത്രം ഉള്ള ധനത്തോടുകൂടിയവനും
ധർമ്മകാമവിഹീനസ്യ	പരലോകത്തിലേക്ക് ആവശ്യമായ ധർമ്മവും, ഇഹലോകത്തിന്നാവശ്യമായ സുഖമില്ലാത്തവനും
ഉഭയലോകത:	ആയതിനാൽ ഈ രണ്ടു ലോകങ്ങളിൽ നിന്നും
ച്യുതസ്യ	ഭ്രഷ്ടനുമായ
തസ്യ	അവന്റെ അടുക്കൽ
പഞ്ചഭാഗിത:	പഞ്ചയജ്ഞ ദേവതകളായ ദേവർഷി പിതൃമനുഷ്യഭൂതങ്ങൾ

ചുക്രുധു:	കോപിഷ്ഠന്മാരായ് ഭവിച്ചു.	ബഹ്വായാസ പരിശ്രമ:	കഠിനപരിശ്രമമുള്ള കൃഷ്യാദികളാൽ പരിശ്രമം മാത്രം ഫലമായ് ഭവിച്ച
ഭൂരിദ	കോടികോടിയായി ദാനം നല്കിയവനെ!		
തദവധ്യാന വിസൃഷ്ട പുണ്യസ്കന്ധസ്യ	അവരെ അനാദരിച്ചതുകൊണ്ട് ചിതറിപ്പോയ ധനലാഭത്തിന്നുമാത്രം കാരണമായ പുണ്യലേശത്തോടുകൂടിയ അവന്റെ	അർത്ഥ: അപി	ധനവും കൂടി
		നിധനം അഗച്ഛൻ	നശിച്ചുപോയി

11. ജ്ഞാതയോ ജഗൃഹു: കിഞ്ചിത് കിഞ്ചിദ് ദസ്യവ ഉദ്ധവ!
ദൈവത: കാലത: കിഞ്ചിത് ബ്രഹ്മബന്ധോർനൃപാത്ഥിവാൻ!!

ഉദ്ധവ:	ഹേ ഉദ്ധവ!	ദൈവത:	ഗൃഹത്തിൽ തീ പിടിച്ചതുകൊണ്ടും
ബ്രഹ്മബന്ധോ:	ആ ബ്രാഹ്മണന്റെതായ	കാലത:	ഭൂമിയിൽ കഴിച്ചിട്ട് അധികകാലം കഴിഞ്ഞുപോയതാലും
കിഞ്ചിത്	ചിലവതിനെ		
ജ്ഞാതയ: ജഗൃഹു:	ജ്ഞാനികൾ അപഹരിച്ചു	നൃർപാത്ഥവാത്	മനുഷ്യന്മാരാലും, രാജക്കന്മാരാലും
കിഞ്ചിത് ദസ്യവ:	ചിലതിനെ കള്ളന്മാർ മോഷ്ടിച്ചു	കിഞ്ചിത്	ചിലതു് നശിച്ചു.

12. സ ഏവം ദ്രവിണേ നഷ്ടേ ധർമ്മ കാമവിവർജിത: !
ഉപേക്ഷിതശ്ച സ്വ ജനൈശ്ചിന്താമാപ ദുരത്യയാം!!

ഏവം	ഇപ്രകാരം	സ:	അവൻ
ദ്രവിണേ നഷ്ടേ	ധനം നശിച്ചപ്പോഴ്	സ്വജനൈ:ച	തന്റെ ബന്ധുക്കളാലും
ധർമ്മകാമ വിവർജ്ജിത:	പരലോകത്തിന്നാവശ്യമായ ധർമ്മവും ഇഹലോകത്തിന്നാവശ്യമായ സുഖവുമില്ലാത്തവനായ്	ഉപേക്ഷിത:	ഉപേക്ഷിക്കപ്പെട്ട്
		ദുരത്യയാം	അന്തം ഇല്ലാത്ത
		ചിന്താം ആപ	ചിന്തയിൽ ആഴ്ന്നു.

13. തസ്യൈവം ധ്യായതോ ദീർഘം നഷ്ടരായസ്തപസ്വിന: !
ഖിദ്യതോ ബാഷ്പകണ്ഠസ്യ നിർവ്വേദ: സുമഹാനഭൂത്!!

നഷ്ടരായ:	സമ്പത്തു് നശിച്ചവനും	ഏവം ദീർഘം ധ്യായത:	ഇപ്രകാരം ദീർഘമായ് ആലോചിക്കുന്നവനുമായ
തപസ്വിന:	ആയതുകൊണ്ടു് തപിക്കുന്നവനും	തസ്യ	അവന്നു്
ഖിദ്യത:	ആയതുകൊണ്ടു് ദു:ഖിക്കുന്നവനും	സുമഹാൻ	വളരേയധികമായ
ബാഷ്പകണ്ഠസ്യ	അശ്രുക്കളാൽ ഗദ്ഗദമായ ഒച്ചയോടുകൂടിയവനും	നിർവ്വേദ: അഭൂത്	നിർവ്വേദം ഉണ്ടായി

14. സചാഹേദമഹോ കഷ്ടം വൃഥാത്മാ മേ f നുതാപിത: ।
ന ധർമ്മായ ന കാമായ യസ്യാർത്ഥായാസ ഈദൃശ:॥

സ: ഇദം ച ആഹ	അദ്ദേഹം താഴേ പറയുന്ന പ്രകാരം പറയുകയും ചെയ്തു;	യസ്യ	എന്റെ
		ഈദൃശ: അർത്ഥായാസം	പണത്തിന്നായ്ക്കൊണ്ടുള്ള ഈ ഉദ്യമം
അഹോ കഷ്ടം	അഹോ കഷ്ടം!	ധർമ്മായ ന	ധർമ്മത്തിന്നും ഉപകാരമായില്ല.
മേ ആത്മാ	എന്റെ ദേഹം		
വൃഥാ അനുതാപിത:	വൃഥാവായ് പീഡിപ്പിക്കപ്പെട്ടു.	കാമായ ന	സുഖത്തിന്നായ്ക്കൊണ്ടു ഉപകാരാമായ് ഭവിച്ചില്ല

15. പ്രായേണാർത്ഥാ: കദര്യാണാം ന സുഖായ കദാചന।
ഇഹ ചാത്മോപതാപായ മൃതസ്യ നരകായ ച॥

കദര്യാണാം	ദാനം നല്ലാത്തവരുടെ	ഇഹ ച	ഈ ലോകത്തിൽ
അർത്ഥാ:	ധനം	ആത്മോപതാപായ	ശരീരക്ലേശങ്ങൾക്കു.
പ്രായേണ	മിക്കവാറും		
കദാചന	ഒരിക്കലും	മൃതസ്യ	മരണാനന്തരം
സുഖായ ന	സുഖത്തിന്നു കാരണമായ് ഭവിക്കുന്നില്ല;	നരകായ ച	നരകത്തിന്നും കാരണമായ് ഭവിക്കുന്നു.

16. യശോയശസ്വിനാം ശുദ്ധം ശ്ലാഘ്യാ യേ ഗുണിനാം ഗുണാ:।
ലോഭ: സ്വല്പോ f പി താൻ ഹന്തി ശ്വിത്രോ രൂപമിവേപ്സിതം।

ശ്വിത്ര:	വെൺകുഷ്ഠം	ഈപ്സിതം രൂപം ഇവ	സുന്ദരമായ രൂപത്തിനെ കുരൂപമാക്കുന്നതു പോലെ

ലോഭ: സ്വല്പ: അപി	ചെറിയ ലോഭം പോലും	ഗുണിതാം	സത്ഗുണവാന്മാരുടെ
യശസ്വിനാം	വളരേ പ്രസിദ്ധിനേടിയവരുടെ	യേ ശ്ലാഘ്യാ: ഗുണാ: താൻ	ശ്ലാഘ്യ ഗുണങ്ങൾ ഏവ യുണ്ടോ അവയേയും
ശുദ്ധംയശ:	ശുദ്ധമായ കീത്തിയെ	ഹന്തി	നശിപ്പിക്കുന്നു. (ചീത്തയാക്കുന്നു)

17. **അത്ഥസ്യ സാധനേ സിദ്ധ ഉത്കഷേ രക്ഷണേ വ്യയേ।**
നാശോപഭോഗ ആയാസ സ്ത്രാസശ്ചിന്താ ഭ്രമോ നൃണാം॥

നൃണാം	മനുഷ്യക്കു്	ആയാസ:	ശരീരശ്രമവും
അത്ഥസ്യസാധനേ	പണം സമ്പാദിക്കുന്നതിലും	ത്രാസ:	ഭയവും
		ചിന്താ	വിചാരവും
സിദ്ധോത്കഷേ	സമ്പാദിച്ച ധനത്തെ വൃദ്ധിയാക്കുന്നതിലും	വ്യയേ	ചിലവു ചെയ്യുന്നതിൽ
		നാശോപഭോഗേ	നശിപ്പിക്കുന്നതിലും അനുഭവിക്കുന്നതിലും
രക്ഷണേ	അതിനെ രക്ഷിക്കുന്നതിലും	ഭ്രമ:	ഭ്രമവും ഉണ്ടാകുന്നു.

ദുഃഖങ്ങൾക്കു് കാരണങ്ങളായ ശരീരക്ലേശം മുതലായവ മാത്രമല്ല പാപകാരണങ്ങളായ കളവു് മുതലായവകളും ഉണ്ടാകുന്നു എന്നു പറയുന്നു.

18. **സ്തേയം ഹിംസാനൃതം ദംഭ: കാമ: ക്രോധഃ സ്മയോ മദ: ।**
ഭേദോ വൈരമവിശ്വാസഃ സംസ്പദ്ധാ വ്യസനാനി ച॥

19. **ഏതേ പഞ്ചദശാനർത്ഥാ ഹ്യർത്ഥമൂലാ മതാ നൃണാം।**
തസ്മാദനർത്ഥമർത്ഥാഖ്യം ശ്രേയോऽർത്ഥീ ദൂരതസ്ത്യജേത്॥

സ്തേയം	(ധനാർജന വിഷയത്തിൽ) കളവു്	ക്രോധ:	ക്രോധം (എന്നു ആറു)
ഹിംസാ	അന്യനെ ഹിംസിക്കുക	സ്മയ:	(ധനം ലഭിച്ചപ്പോൾ) താൻ മാന്യൻ എന്ന 'ഗർവ്വം'
അനൃതം	അസത്യഭാഷണം	മദ:	അവിവേകം
ദംഭ:	അന്യനെ ചതിക്കുവാനുള്ളവേഷം	ഭേദ:	താൻ വേറെ അന്യൻ വേറെ എന്ന വ്യത്യാസം
കാമ:	അന്യരുടെ സ്വത്തിനെ അപഹരിക്കുവാനായ ആഗ്രഹം	വൈരം	വിരോധം
		അവിശ്വാസ:	വിശ്വാസം ഇല്ലായ്മ

സംസ്പർദ്ധാ	അസൂയം	അനർത്ഥാ: മനാ	നരകത്തിന്നു കാരണങ്ങളായ അനർത്ഥങ്ങൾ എന്നു കരുതപ്പെടുന്നു.
വ്യസനാനി ച	സ്ത്രീ, ദ്യൂതം, കള്ള് (എന്ന ഒമ്പതും)	തസ്മാത്	ആയതു കൊണ്ട്
ഏതെ പഞ്ചദശ	ആകെ ഈ പതിനഞ്ചും.	അനർത്ഥം	നരകാദിഹേതുവായ അനർത്ഥത്തിനെ
		അർത്ഥാഖ്യം	അർത്ഥം എന്ന പേരുള്ള
നൃണാം	മനുഷ്യർക്ക്	ശ്രേയോ/ർത്ഥീ	ശ്രേയസ്സിനെ ആഗ്രഹിക്കുന്നവൻ
അർത്ഥമൂലാ: ഹി	ധനമാണ് കാരണമായ് ഭവിക്കുന്നതും	ദൂരത: ത്യജേത്	ദൂരേ ഉപേക്ഷിക്കേണ്ടതാണ്.

20. ഭിദ്യന്തേ ഭ്രാതരോ ദാരാ: പിതര: സുഹൃദസ്തഥാ।
ഏകാ സ്നിഗ്ധാ: കാകിണിനാ സദ്യ: സർവ്വേ/രയ: കൃതാ: ॥

ഏകാസ്നിഗ്ധാ:	ഒരേ പ്രാണസുഹൃത്തുക്കളായ	സുഹൃദ:	സുഹൃത്തുക്കളും
		സർവ്വേ	എല്ലാവരും തന്നെ
ഭ്രാതര:	ജ്യേഷ്ഠാനുജന്മാരും	കാകിണിനാ	ധനം മൂലം
ദാരാ:	ഭാര്യയും	അരയ: കൃതാ:	ശത്രുക്കളായ ഭവിച്ച്
പിതര:	മാതാപിതാക്കന്മാരും	സദ്യ:	ഉടൻ തന്നെ
തഥാ	അതുപോലെ	ഭിദ്യന്തെ	പിരിക്കപ്പെടുന്നു.

21. അർത്ഥേനാല്പീയസാ ഹ്യേതേ സംരബ്ധാ ദീപ്തമന്യവ: ।
ത്യജന്ത്യാശു സ്പൃധോ ഘ്നന്തി സഹോത്സൃജ്യ സൌഹൃദം॥

ഹി	എന്തുകൊണ്ടെന്നാൽ	സൌഹൃദം	സ്നേഹത്തിനെ
അല്പീയസാ അർത്ഥേന	ഒരു ചെറിയ വസ്തുവിന്നു വേണ്ടി	ആശുഉടനേയേ	വിട്ട്
ഏതെ	ഇവർ	ഉത്സൃജ്യ	തമ്മിൽ തമ്മിൽ തല്ലിക്കൊള്ളുന്നു;
സംരബ്ധാ:	മനസ്സ് ക്ഷോഭിച്ചവരായിട്ട്	ഘ്നന്തി	ഉടനെത്തന്നെ വീട്ടിൽ നിന്നും
ദീപ്തമന്യവ:	ആയതിനാൽ ക്രോധ വർദ്ധിച്ചവരായ്		
സ്പൃധ:	ആയതുകൊണ്ട് പരസ്പരം കലഹിച്ച്	സഹസാത്യജന്തി	ഉപേക്ഷിക്കപ്പെടുന്നു.

ധനലോലുപന്മാർക്ക് ഈ ലോകത്തിൽ ഈ അനത്ഥങ്ങൾ പരലോകത്തിലും അവക്ക് അനർത്ഥം തന്നെ എന്നു പറയുന്നു :—

22. ലബ്ധ്വാജന്മാമര പ്രാർത്ഥ്യം മാനുഷ്യം തദ് ദ്വിജാഗ്ര്യതാം!
തദനാദൃത്യയേ സ്വാർത്ഥം ഘ്നന്തിയാന്ത്യശുഭാം ഗതിം!!

അമര പ്രാർത്ഥ്യം	ദേവന്മാരാൽപോലും പ്രാർത്ഥനാർഹമായ
മാനുഷ്യം ജന്മ	മനുഷ്യജന്മത്തിനേയും
തത്ദ്വിജാഗ്ര്യതാം	അതിലും ശ്രേഷ്ഠമായ ബ്രാഹ്മണ ജന്മത്തിനേയും
ലബ്ധ്വാ	പ്രാപിച്ച്
തത് അനാദൃത്യ	അതിനെ ആദരിക്കാതെ
യെ സ്വാത്ഥം ഘ്നന്തി	ആരു് സ്വാർത്ഥത്തിനെ (മോക്ഷത്തിനെ) നശിപ്പിക്കുന്നുവോ, സമ്പാദിക്കുന്നില്ലയോ
അശുഭാം ഗതിം യാന്തി	അവർ നരകം പ്രാപിക്കുന്നു.

23. സ്വർഗ്ഗാപവർഗ്ഗയോർദ്വാരം പ്രാപ്യലോകമിമം പുമാൻ!
ദ്രവിണെ കോ ƒനുഷജ്ജേത മർത്ത്യോ ƒനത്ഥസ്യ ധാമനി !!

സ്വർഗ്ഗാപവർഗ്ഗയോ:	സ്വർഗ്ഗത്തിന്നും മോക്ഷത്തിന്നും
ദ്വാരം	വഴിയായ
ഇമം ലോകം പ്രാപ്യ	ഈ ലോകം പ്രാപിച്ച
മർത്ത്യ:	മരണധർമ്മത്തോടുകൂടിയ
ക: പുമാൻ	ഏതു പുരുഷനാണ്
അനർത്ഥസ്യ ധാമനി	അനത്ഥത്തിന്നു കാരണമായ
ദ്രവിണെ	ധനത്തിൽ
അനുഷജ്ജേത	ആഗ്രഹമുള്ളവനായ് ഭവിക്കും.

24. ദേവർഷി പിതൃഭൂതാനി ജ്ഞാതീൻ ബന്ധൂംശ്ച ഭാഗിന:!
അസം വിഭജ്യ ചാത്മാനം യക്ഷവിത്ത: പതത്യധ:!!

ദേവർഷി പിതൃഭൂതാനി	പഞ്ചമഹായജ്ഞ ദേവതകളായ ഋഷികളേയും പിതൃക്കളേയും അന്യ പ്രാണികളേയും
ജ്ഞാതീൻ	ജ്ഞാതികളേയും
ഭാഗിന: ച	ഭാഗികളായ മററവരേയും
ആത്മാനം ച	തന്നേയും
അസംവിഭജ്യ	അന്നം മുതലായവയാൽ തൃപ്തിപ്പെടുത്താതെ
യക്ഷവിത്ത:	യക്ഷനെപ്പോലെ ധനത്തിനെ കാക്കുന്നവൻ
അധ: പതതി	നരകത്തിൽ വീഴുന്നു.

25. വ്യർത്ഥയാർത്ഥേഹയാ വിത്തം പ്രമത്തസ്യ വയോ ബലം!
കുശലാ യേന സിദ്ധ്യന്തി ജരം: കി ന സാധയേ!!

കുശലാ:	വിവേകികൾ (ധർമ്മം മുതലായവ)	പ്രമത്തസ്യ	സ്വകാര്യങ്ങളിൽ പിഴച്ച എന്റെ
		വിത്തം	ആ ധനം
യേന	ധനം മുതലായ ഏവകളാൽ	വയ:	വയസ്സ്
		ബലം	ബലം ഇവ നഷ്ടമായേ് ഭവിച്ചു
സിദ്ധ്യന്തി	മോക്ഷം പ്രാപിക്കുന്നുവോ		
		ജരം	വൃദ്ധനായ ഞാൻ
വ്യർത്ഥയാ	നിഷ്പ്രയോജനമായ		
		കിം ന സാധയെ	എന്തുതന്നേയാണ് നേടുവാൻ പോകുന്നതു്.
അർത്ഥേഹയാ	ധനാജ്ജനോദ്യമത്താൽ		

26. കസ്മാത് സംക്ലിശ്യതേ വിദ്വാൻ വ്യർത്ഥയാർത്ഥേഹയാ സകൃത്!
കസ്യചിന്മായയാ നൂനം ലോകോഽയം സു വിമോഹിത: !!

വിദ്വാൻ	ഇപ്രകാരം അനർത്ഥം അറിഞ്ഞവൻ പോലും	അയം ലോക:	ഈ ലോകം
കസ്മാത്	എന്തുകൊണ്ടു്	കസ്യചിത് മായയാ	ആരോ ഒരുത്തന്റെ മായയാൽ
വ്യർത്ഥയാ	നിഷ്പ്രയോജനമായ		
അർത്ഥേഹയ	ധന സമ്പാദനത്തിന്നുള്ള ആഗ്രഹത്താൽ	സുവിമോഹിത:	നല്ലവണ്ണം മോഹം പ്രാപിക്കപ്പെട്ടിരിക്കുന്നു.
അസകൃത് സംക്ലിശ്യതെ	വീണ്ടും വീണ്ടും ക്ലേശം അനുഭവിക്കുന്നു.	നൂനം	എന്നതു് നിശ്ചയം.

27. കിം ധനൈർധനദൈർവ്വാ കിം കാമൈർവ്വാ കാമദൈരുത!
മൃത്യുനാ ഗ്രസ്യമാനസ്യ കർമ്മഭിർവ്വോത ജന്മദൈഃ !!

മൃത്യുനാ	മൃത്യുവാൽ	ധനൈ: വാ കിം	ധനം കൊണ്ടു് സാധ്യമാകുന്നതു് എന്തു പ്രയോജനമാകുന്നു?
ഗ്രസ്യമാനസ്യ	വിഴുങ്ങപ്പെടുന്ന മനുഷ്യന്നു്		
ധനദൈ:	ധനം നല്കുന്നതു കൊണ്ടെങ്കിലും	കാമൈ: വാ ഉത	അഥവാ കാമങ്ങൾ കൊണ്ടു് എന്താണ് പ്രയോജനം
കാമദൈ:	കാമം നല്കുന്നതു കൊണ്ടെങ്കിലും	ഉത	അഥവാ വീണ്ടും

ജന്മദൈ:	ജന്മം ദായകമായ	കർമ്മഭി: വാ	കർമ്മങ്ങൾകൊണ്ട് എന്താണ് ഉപയോഗം.

28. **നൂനം മേ ഭഗവാം സ്തുഷ്ട: സർവ്വദേവ മയോ ഹരി: ।**
യേന നീതോ ദശാമേതാം നിർവ്വേദശ്ചാത്മന: പ്ലവ: ॥

നൂനം	തീർച്ചയായിട്ടും	യേന	ആ ശ്രീഹരിയാൽ
മേ	എന്നിൽ	ഏതാം ദശാം	ഈ ദരിദ്രാവസ്ഥയിലേക്ക്
സർവ്വദേവ മയ:	സർവ്വദേവതാ രൂപിയും	നീത:	ഞാൻ നയിക്കപ്പെട്ടു;
ഭഗവാൻ	സർവ്വജ്ഞനും ആയ	ആത്മന:	എനിക്ക്
ഹരി:	ശ്രീഹരി	പ്ലവ:	സംസാരതാരണത്തിന് ഓടമായ്
തുഷ്ട:	സന്തുഷ്ടനായ് ഭവിച്ചിരിക്കുന്നു;	നിർവ്വേദ: ച	വൈരാഗ്യം ഉണ്ടായി.

29. **സോഽഹം കാലാവശേഷേണ ശോഷയിഷ്യേഽംഗമാത്മന: ।**
അപ്രമത്തോഽഖില സ്വാർത്ഥേ യദി സ്യാത് സിദ്ധ ആത്മനി॥

സ: അഹം	ആ ഞാൻ	അഖിലസ്വാർത്ഥേ	ധർമ്മാദി സാധനത്തിൽ
യദി സ്യാത്	കാലം അവശിഷ്ടമായിരിക്കുമെങ്കിൽ	അപ്രമത്ത:	ചതി പററാത്തവനായ്
കാലാവശേഷേണ	ആ അവശിഷ്ടമായ കാലം കൊണ്ട്	തപസാ	തപസ്സുകൊണ്ട്
ആത്മനി	എന്റെ മനസ്സിൽ തന്നെ	അംഗം	ശരീരം
സിദ്ധ:	സന്തോഷം പ്രാപിച്ചവനായ്	ശോഷയിഷ്യേ	ശോഷിപ്പിക്കുന്നു.

30. **തത്രമാമനു മോദേരൻ ദേവാസ്ത്രി ഭുവനേശ്വരാ: ।**
മുഹൂർത്തേന ബ്രഹ്മലോകം ഖട്വാംഗ: സമസാധയത്॥

തത്ര	ആ വിഷയത്തിൽ	മാം അനുമോദേരൻ	എന്നെ അനുഗ്രഹിക്കും;
ത്രിഭുവനേശ്വരാ:	ത്രിലോകങ്ങൾക്കും ഈശ്വരന്മാരായ	ഖട്വാംഗ:	ഖട്വാംഗൻ എന്ന രാജാവ്
ദേവാ:	ദേവന്മാർ		

മുഹൂർത്തേന	ഒരു മുഹൂർത്തത്തിൽ	സമസാധയത്	പ്രാപിച്ചു.
ബ്രഹ്മലോകം	ബ്രഹ്മലോകം		

ശ്രീ ഭഗവാനുവാച :— ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

31. ഹത്യഭിപ്രേത്യ മനസാ ഹ്യാവന്ത്യോ ദ്വിജസത്തമ: ।
ഉന്മുച്യ ഹൃദയഗ്രന്ഥീൻ ശാന്തോ ഭിക്ഷുരഭൂന്മുനി: ॥

ആവന്ത്യോ	അവന്തിദേശക്കാരനായ	ശാന്ത:	ശാന്തനായ്
ദ്വിജസത്തമ:	ആ ബ്രാഹ്മണൻ	ഭിക്ഷു: മുനി:	സന്ന്യാസിയായും മൌനവ്രതനിഷ്ഠനായും
ഹൃദയ ഗ്രന്ഥീൻ	അഹം കാരമമകാരങ്ങളെ		
ഉന്മുച്യ	വിട്ട്	അഭൂത്	ഭവിച്ചു.

32. സ ചചാര മഹീമേതാം സംയതാത്മേന്ദ്രിയാനില: ।
ഭിക്ഷാർത്ഥം നഗരഗ്രാമാനസംഗോഽനക്ഷിതോഽവിശത് ॥

സ:	അവർ	ഭിക്ഷാർത്ഥം	ഭിക്ഷക്കായ്ക്കൊണ്ട്
സംയതാത്മേന്ദ്രിയാനില:	മനസ്സിനേയും ഇന്ദ്രിയങ്ങളേയും ശ്വാസവും അടക്കി	നഗരഗ്രാമാൻ	നഗരങ്ങളിലും ഗ്രാമങ്ങളിലും
അസംഗ:	ഏതിലു രാഗമില്ലാതെ		
അലക്ഷിത:	താൻ ആരാകുന്നു എന്നറിയാതെ	അവിശത്	പ്രവേശിച്ചു.

33. തം വൈ പ്രവയസം ഭിക്ഷുമവധൂതമസജ്ജനാ: ।
ദൃഷ്ട്വാ പര്യഭവൻ ഭദ്ര ബഹ്വീഭി: പരിഭൂതിഭി: ॥

ഭദ്ര	ഉദ്ധവ!	അസജ്ജനാ:	ദുഷ്ടന്മാർ
പ്രവയസം	വയോവൃദ്ധനും		
അവധൂതം	അവധൂതനുമായ	ബഹ്വീഭി: പരിഭൂതിഭി:	പലവിധമായ അപമാനങ്ങളാൽ
തം ഭിക്ഷും	ആ ഭിക്ഷുവിനെ		
ദൃഷ്ട്വാവൈ	കണ്ടഉടൻതന്നെ	പര്യഭവൻ	അപമാനിച്ചു.

34. കേചിത്ത്രിവേണും ജഗൃഹുരേകേ പാത്രം കമണ്ഡലും ।
പീഠം ചൈകേഽക്ഷസൂത്രം ച കന്ഥാം ചീരാണി കേചന ॥

35. പ്രദായ ച പുനസ്താനി ദർശിതാന്യാദദുർമുനേ: ।
അന്നം ച ഭൈക്ഷ്യസംപന്നം ഭുംജാനസ്യ സരിത്തടേ॥

36. മൂത്രയന്തി ച പാപിഷ്ഠാ: ഷ്ഠീവന്ത്യസ്യ ച മൂർധ്നി।
യത വാചം വാചയന്തി താഡയന്തി ന വക്തി ചേത്॥

കേചിത് മുനേ:	ചിലർ മൌനവ്രതമനുഷ്ഠിക്കുന്നവരുടെ
ത്രിവേണം	ത്രിദണ്ഡത്തിനെ
ജഗൃഹു:	അപഹരിച്ചു;
ഏകേ	മററുചിലർ
പാത്രം	ഭിക്ഷാപാത്രത്തിനേയും
കമണ്ഡലും ച	ജലപാത്രത്തിനേയും
ഏകെ	അന്യർ ചിലർ
പീഠം	ആസനത്തിനേയും
അക്ഷസൂത്രം ച	ജപമാലയേയും
കേചന	വേറേയും ചിലർ
കന്ഥാം	മൂട്ടയേയും (മാററു വസ്ത്രം)
ചീരാണി ച	മരഉരികളേയും ഗ്രഹിച്ചു;
പുന:	വീണ്ടും
താനി	അവകളെ
പ്രദായ ച	നല്കി വീണ്ടും
ദർശിതാനി	വാങ്ങിക്കൊള്ളുക എന്നു് കാണിച്ചു്
ആദദു:	എടുത്തുകൊണ്ടുപോയി
ച	അതുമല്ലാതെ
സരിത്തടെ	നദീതീരത്തിൽ ഇരുന്നുകൊണ്ടു്
ഭൈക്ഷ്യസംപന്നം അന്നം	ഭിക്ഷയാചിച്ചിട്ടു് കിട്ടിയ ഭക്ഷണം
അസ്യ	അവർ
ഭുംജാനസ്യ	ഉണ്ണുമ്പോൾ
പാപിഷ്ഠാ:	ആ പാപികൾ
മൂത്രയന്തി ച	മൂത്രം വിസർജ്ജിച്ചു;
മൂർധ്നി	തലയിൽ
ഷ്ഠീവന്തി ച	കാറി ഉമിഴുകയും ചെയ്തു;
യതവാചം	സംസാരിക്കുന്നതു് നിറുത്തീട്ടുള്ള അവരേ (മൌനിയായ)
വാചയന്തി	സംസാരിക്കുമാറുചെയ്തു;
ന വക്തി ചേത്	സംസാരിക്കാത്ത പക്ഷം
താഡയന്തി	തല്ലി ഹിംസിച്ചു.

37. തർജ്ജയന്ത്യപരേ വാഗ്ഭി: സ്തേനോऽയമിതി വാദിന: ।
ബധ്നന്തി രജ്വാ തം കേചിത് ബധ്യതാം ബധ്യതാമിതി ॥

അപരേ	വേറേ ചിലർ
അയം സ്തേന:	'ഇവർ കള്ളൻ'
ഇതി വാദിന:	എന്നു പറഞ്ഞുകൊണ്ടു്
വാഗ്ഭി: തർജ്ജയന്തി	വാക്കുകൊണ്ടു് നിന്ദിച്ചു;

കേചിത്	മററുചിലർ	തം	അവരെ
ബദ്ധ്യതാം ബദ്ധ്യതാം	കെട്ടുക, കെട്ടുക	രജ്വാ	കയറുകൊണ്ട്
ഇതി	എന്നു പറഞ്ഞുകൊണ്ട്	ബധ്നന്തി	കെട്ടി

38. ക്ഷിപന്ത്യേകേ ഽവജാനന്ത: ഏഷധർമ്മധ്വജ: ശഠ: ।
ക്ഷീണ വൃത്ത ഇമാം വൃത്തിമഗ്രഹീത് സ്വജനോത്സ്ജിത: ॥

ഏഷ:	ഇവൻ	സ്വജനോത്സ് ജിത:	ആയതുകൊണ്ട് തന്റെ ബന്ധുക്കളാൽ ഉപേക്ഷി ക്കപ്പെട്ടവനായ്
ധർമ്മധ്വജ:	ധർമ്മം ചെയ്യുന്നവൻ പോലെ വെളിയിൽ തന്നെ പ്രകടിപ്പിക്കുന്നവൻ	ഇമാം വൃത്തിം	ഈ ഉപജീവനമാർഗ്ഗം
		അഗ്രഹീത്	സ്വീകരിച്ചിരിക്കുന്നു എന്ന്
ശഠ:	അകത്തു് കാപട്യമുള്ളവൻ (ചതിയൻ)	അവജാനന്ത:	പറഞ്ഞു അപമാനിച്ചും കൊണ്ട്
ക്ഷീണ വിത്ത	ധനം നശിച്ചവൻ;	ഏകേ	ചിലർ
		ക്ഷിപന്തി	നിന്ദിച്ചു.

39. അഹോ ഏഷ മഹാസാരോ ധൃതിമാൻ ഗിരിരാഡിവ:
മൌനേ ന സാധയത്യർത്ഥം ബകവദ് ദൃഢ നിശ്ചയ: ॥

40. ഇത്യേകേ വിഹസന്ത്യേനമേകേ ദുർവ്വാതയന്തി ച।
തം ബബന്ധുർനിരുരുധുർയ്യഥാ ക്രീഡനകം ദ്വിജം॥

അഹോ	അത്ഭുതം	അർത്ഥം	സ്വകാര്യത്തിനെ
ഏഷ:	ഇവൻ	മൌനേന	മൌനിയായി
മഹാസാര:	വളരേ ബലിഷ്ഠൻ;	സാധയതി	സാധിച്ചുകൊള്ളുന്നു.
ഗിരിരാട് ഇവ	മലകളുടെ രാജാവു് (നഗാധിപതി) എന്ന പോലെ	ഇതി ഏകേ	എന്നും ചിലർ
ധൃതിമാൻ	ധൈര്യ്യവാൻ	ഏനം വിഹസന്തി	ഇവരെ പരിഹസിച്ചു;
ദൃഢനിശ്ചയ:	ദൃഢമായ സംകല്പത്തോടു കൂടിയവൻ;	ഏകേ ദുർവാതയന്തി ച	അവനെ ചിലർ അപാന വായു വിസർജനം ചെയ്യിക്കുകയും ചെയ്തു
ബകവത്	നാരയേപോലെ		

ക്രീഡനകം	കളിക്കോപ്പുകളായ "തത്ത	തം	അവനെ
ദ്വിജം യഥാ	മ്മ" മുതലായ പക്ഷികളെ	ബബന്ധ	ബന്ധിച്ചു.
	കൂട്ടിൽ അടക്കുന്നതു പോലെ	നിരുരുധ്യം	അകത്തു അടച്ചുവെക്കുകയും ചെയ്തു:

41. ഏവം സ ഭൌതികം ദുഃഖം ദൈവികം ദൈഹികം യത് ।
ഭോക്തവ്യമാത്മനോദിഷ്ടം പ്രാപ്തം പ്രാപ്തമബുധ്യത ॥

ഏവം	ഇപ്രകാരം	പ്രാപ്തംപ്രാപ്തം	അപ്പപ്പോൾ സംഭവിച്ചതുമായ
ഭൌതികം	ദുഷ്ടന്മാരാൽ ഉപദ്രവിക്കപ്പെട്ടതും	യത് ദുഃഖം	ഏതൊരു ദുഃഖം ഉണ്ടോ
		ആത്മനഃദിഷ്ടം	തന്റെ പൂർവ്വജന്മ കർമ്മം കൊണ്ടുണ്ടായതെന്നും
ദൈവികം	കാലാവസ്ഥയാൽ സംഭവിച്ചതും	ഭോക്തവ്യം	നിശ്ചയമായ് അനുഭവിച്ചുതന്നെ തീരണമെന്നും
ദൈഹികം ച	ദേഹത്തിലുണ്ടായതും	അബുധ്യത	അറിഞ്ഞു.

42. പരിഭൂത ഇമാം ഗാഥാമഗായത നരാധമൈഃ ।
പാതയദ്ഭിഃ സ്വധർമ്മസ്ഥോ ധൃതിമാസ്ഥായ സാത്വികീം ।

പാതയദ്ഭിഃ	തന്റെ ധർമ്മത്തിൽനിന്നും ച്യുതരാകുന്ന	ധൃതിം	ധൈര്യമവലംബിച്ച്
		ആസ്ഥായ	കൊണ്ട്
നരാധമൈഃ	ദുഷ്ടന്മാരാൽ	സ്വധർമ്മസ്ഥഃ	തന്റെ ധർമ്മത്തിൽതന്നെ സ്ഥിരന്മാരായ്
പരിഭൂതഃ	അപമാനിക്കപ്പെട്ടവനും	ഇമാം ഗാഥാം	ഇനിമേൽ പ്രതിപാദിക്കപ്പെടുന്ന ഗീതയെ
സാത്വികീ	സത്വഗുണ പ്രധാനമായ	അഗായത	ഗാനം ചെയ്തു.

ദ്വിജ ഉവാച — ബ്രാഹ്മണൻ പറഞ്ഞു :—

43. നായം ജനോ മേ സുഖദുഃഖ ഹേതുർ ന ദേവതാത്മാ ഗ്രഹകർമ്മകാലാഃ ।
മനഃ പരം കാരണമാമനന്തി സംസാരചക്രം പരിവർത്തയേത് യദ് ॥

അയം ജനഃ	ഈ ജനങ്ങൾ	സുഖ ദുഃഖ	സുഖ ദുഃഖങ്ങൾക്ക് കാര
മേ	എന്റെ	ഹേതുഃ ന	ണമല്ല;

ദേവതാ	ദേവതയും
ആത്മാ	ആത്മാവും
ഗൃഹകർമ്മ	ഗൃഹങ്ങളും, കർമ്മവും,
കാലാഃ	കാലവും
ന	കാരണമല്ല;
യത്	ഏതൊന്ന്
സംസാര ചക്രം	ഈ സംസാരചക്രത്തിനെ
പരിവർത്തയേത്	ചുററുന്നവണ്ണം ചെയ്യുന്നുവോ
മനഃ	ആ മനസ്സുതന്നെയാണ്
പരം കാരണം	മേലായ കാരണം എന്ന്
ആ മനന്തി	വേദങ്ങൾ പറയുന്നു.

44. മനോഗുണാൻ വൈ സൃജതേ ബലീയസ്തതശ്ചകർമ്മാണി വിലക്ഷണാനി।
ശുക്ലാനി കൃഷ്ണാ ത്യഥലോഹിതാനി തേഭ്യഃ സവർണ്ണാഃ സൃതയോ ഭവന്തി॥

ബലീയഃ മനഃ	വളരേ ബലിഷ്ഠമായ മനസ് എന്നതു്
ഗുണാൻ	ഗുണവൃത്തികളെ (കാമം മുതലായവയെ)
സൃജതി വൈ	സൃഷ്ടിക്കുന്നു.
തതഃ	ആ കാമാദികളിൽ നിന്നും
ശുക്ലാനി	സാത്വികങ്ങളും
കൃഷ്ണാനി	താമസങ്ങളും
ലോഹിതാനി	രാജസങ്ങളുമായ
വിലക്ഷണാനി	പരസ്പരം വൃത്തങ്ങളായ
കർമ്മാണി ച	കർമ്മങ്ങളുണ്ടാകുന്നു;
തേഭ്യഃ	അവകളിൽ നിന്നും
സവർണ്ണാഃ	അതാത് കർമ്മങ്ങൾക്കതക്കവണ്ണം
സൃതയഃ	ദേവന്മാർ, മനുഷ്യർ, തിര്യക്ക് മുതലായ ജന്മങ്ങൾ
ഭവന്തി	ഉണ്ടാകുന്നു.

45. അനീഹ ആത്മാ മനസാ സമീഹതാ
ഹിരണ്മയോ മത്സഖ ഉദ്വിചഷ്ടേ।
മനഃസ്വലിംഗം പരിഗൃഹ്യകാമാൻ
ജുഷൻ നിബദ്ധോ ഗുണസംഗതോഽസൗ॥

സമീഹതാ	സങ്കല്പവികല്പങ്ങളെ ചെയ്യുന്ന
മനസാ	മനസ്സോടെ അതിന്റെ നിയന്തവായ് ഇരുന്നാലും കൂടി
അനീഹഃ	അതിന്റെ ചേഷ്ടകളിൽ ബന്ധമില്ലാത്തവനും
മത്സഖഃ	ജീവനായ എനിക്കു് ഹിതം ചെയ്യുന്ന സഖാവും
ഹിരണ്മയഃ	വിദ്യാശക്തി പ്രധാനനായ
ആത്മാ	പരമാത്മാ

ഉദാചഷ്ടേ	അനാച്ഛാദിതമായ ജ്ഞാനത്താൽ നോക്കമാത്രമാണ് ചെയ്യുന്നത്;
അസൌ	ഈ ജീവനോ എങ്കിൽ
സ്വലിംഗം	തന്നിൽ സംസാരത്തിനെ കാണിക്കുന്ന മനസ്സിനെ
പരിഗൃഹ്യ	ആത്മാ എന്ന് സ്വീകരിച്ചുകൊണ്ട്
ഗുണസംഗത:	കർമ്മങ്ങളോട് സംബന്ധപ്പെട്ടതു് കൊണ്ട്
കാമൻ ജുഷൻ	വിഷയങ്ങളെ അനുഭവിച്ച് കൊണ്ട്
നിബദ്ധ:	ബന്ധം പ്രാപിച്ചവനായ് ഭവിക്കുന്നു.

46. ദാനം സ്വധർമ്മോ നിയമോയമശ്ച
ശ്രുതശ്ച കർമ്മാണി ച സദ്വ്രതാനി।
സർവ്വേ മനോ നിഗ്രഹ ലക്ഷണാന്താ:
പരോഹി യോഗോ മനസ: സമാധി: ॥

ദാനം	ദാനം
സ്വധർമ്മ:	നിത്യ നൈമിത്തികങ്ങളായ തന്റെ ധർമ്മങ്ങളും
നിയമ: യമ: ച	നിയമം ഇന്ദ്രിയ നിഗ്രഹം
വ്രതാനി	വ്രതങ്ങളും
കർമ്മാണി	അന്യ കർമ്മങ്ങളും
സദ്വ്രതാനി ച	ഏകാദശി മുതലായ ശ്രേഷ്ഠവ്രതങ്ങളും
സർവ്വേ	എന്നിവ എല്ലാം
മനോ നിഗ്രഹ ലക്ഷണാന്താ:	മനോ നിഗ്രഹത്തിനേയേ ഫലവത്തായിട്ടുള്ളവ
ഹി	എന്തുകൊണ്ടെന്നാൽ
മനസ: സമാധി:	മനസ്സിനെ അടക്കുന്നതു കൊണ്ടുതന്നേയാണ്
പര:	പരമമായ
യോഗ:	ജ്ഞാനം

47. സമാഹിതം യസ്യ മന: പ്രശാന്തം ദാനാദിഭി: കിം വദ തസ്യ കൃത്യം।
അസംയതം യസ്യ മനോ വിനശ്യദ് ദാനാദിഭിശ്ചേദപരം കിമേഭി:॥

യസ്യ മന:	എവന്റെ മനസ്സ്
സമാഹിതം	അടങ്ങിയതായും
പ്രശാന്തം	ആയതിനാൽ വളരേ ശാന്തവുമായ് ഇരിക്കുന്നുവോ
തസ്യ	അവന്ന്
ദാനാദിഭി:	ദാനാദികളാൽ
കിം കൃത്യം വദ	നടക്കേണ്ടുന്ന കാര്യം ഏതു്? പറയുക.
യസ്യ മന:	എവന്റെ മനസ്സ്
ദാനാദിഭി:	ദാനം മുതലായവയാൽ
അസംയതം	അടങ്ങാത്തതായോ

വിനശ്യത്	ആലസ്യം മുതലായവയാൽ നാശം സംഭവിക്കുമെ	ഏഭി:	ഈ ദാനം മുതലായവയാൽ
ചേത്	ങ്കിൽ	അപരം കിം	വേറെ പ്രയോജനം എന്താണ്?

48. മനോവശേ£ന്യേ ഹ്യഭവൻ സ്മ ദേവാ മനശ്ച നാന്യസ്യ വശം സമേതി।
ഭീഷ്മോ ഹി ദേവ: സഹസ: സഹീയാൻ
യുംജ്യാദ് വശേ തം സ ഹി ദേവ ദേവ: ॥

അന്യേ ദേവാ: ഹി	വേറേ ഇന്ദ്രിയങ്ങളോ അവയുടെ അധിഷ്ഠാന ദേവതകളോ	സഹസ:	ബലവാനെക്കാൾ
മനോ വശേ	മനസ്സിന് അധീനമായ്	സഹീയാൻ	അധികബലം ഉള്ളവൻ
അഭവൻ സ്മ	ഇരിക്കുന്നു.	ഭീഷ്മ:	പലവിധമായ സംസാര ദുഃഖങ്ങൾക്ക് കാരണമായതിൽ യോഗിമാർക്കുപോലും ഭയം ഉണ്ടാക്കുന്നവൻ
മന: ച	മനസ്സാണെങ്കിൽ	ഹി	ആയതുകൊണ്ട്
അന്യസ്യ വശം	ദേവാദികൾക്കും കൂടി	തം വശെ യുംജ്യാത്	ആരു് അതിനെ സ്വാധീനമാക്കുന്നുവോ
ന സമേതി	അധീനമാകുന്നില്ല.	സ: ദേവ ദേവ:	അവനേ സകല ഇന്ദ്രിയങ്ങളേയും ജയിച്ചവനായ് ഭവിക്കുന്നു.
സ: ദേവ:	എന്തുകൊണ്ടെന്നാൽ ആ മനസ് എന്ന ദേവൻ		

49 തം ദുർജയം ശത്രു മസഹ്യവേഗ മരുന്തുദം തന്ന വിജിത്യ കേചിത്।
കുർവന്ത്യസദ്വിഗ്രഹമത്ര മർത്യെർ മിത്രാണ്യ ദാസീന രിപൂൻ വിമൂഢാ:॥

കേചിത്	ഏതു ചിലർ	തം ശത്രും	ശത്രുവുമായ ആ മനസ്സിനെ
അസഹ്യ വേഗം	സഹിക്കുവാൻ വയ്യാത്ത രാഗം മുതലായ ഭാവത്തോടു കൂടിയതും	ന വിജിത്യ	ജയിക്കാതെ
		തത്	അതുവഴിയായി
അരുന്തുദം	മർമ്മസ്ഥാനത്തിനെ ഛേദിക്കുന്നതും	അത്ര	ഈ ലോകത്തിൽ
ദുർജ്ജയം	ഈശ്വരാനുഗ്രഹമില്ലാതെ ജയിക്കുവാൻ സാധിക്കാത്തതും	മർത്യെ:	വേറേ മനുഷ്യരോടെ
		അസദ്വിഗ്രഹം	നരകത്തിനു കാരണമായ കലഹത്തിനേയും

മിത്രാണി	സ്നേഹിതന്മാരേയും	കർവ്വന്തി	ഉണ്ടാക്കിക്കൊള്ളുന്നുവോ
ഉദസീന രിപൂൻ	ഉദാസീനന്മാരേയും ശത്രുക്കളേയും	വിമൂഢാ:	അവർ മഹാമൂഢന്മാർ.

50. ദേഹോ മനോ മാത്രമിദം ഗൃഹീത്വാ മമാഹമിത്യന്ധ ധിയോ മനുഷ്യാഃ
ഏഷോ‌ഽഹമന്യോഽയ മിതിഭ്രമേണ ദുരന്തപാരേ തമസി ഭ്രമന്തി॥

അന്ധധിയ:	അറിവില്ലാത്ത	അഹം ഏഷ:	'ഇതു ഞാൻ'
മനുഷ്യ	മനുഷ്യന്മാർ	അയം അന്യാ ഇതി	'ഇവൻ വേറെ' എന്നു്
മനോമാത്രം	കല്പിക്കപ്പെട്ട	ഭ്രമേണ	ഭ്രമത്താൽ
ഇമം ദേഹം	ഈ ദേഹത്തിനെ	ദുരന്തപാരെ	നിസ്സീമമായ
അഹം	ഞാൻ എന്നും	തമസി	സംസാരത്തിങ്കൽ
മമ ഇതി	പുത്രാദിശരീരത്തിൽ എന്റേതു് എന്നും	ഭ്രമന്തി	ചുററി (അലയുന്നു) തിരിയുന്നു.
ഗൃഹീത്വാ	വിചാരിച്ചും കൊണ്ടു്		

ഇപ്രകാരം ദുഃഖങ്ങൾക്കു് മനസ്സാണു് കാരണം എന്നു പറഞ്ഞിട്ടു്, ജനനം മുതലായ ആറു വസ്തുക്കളും കാരണമല്ല എന്നു പറയുന്നു :—

51. ജനസ്തു ഹേതു: സുഖദുഃഖയോശ്ചേത്
കിമാത്മനശ്ചാത്ര ഹ ഭൗമയോസ്തത്।
ജിഹ്വാം ക്വചിത് സന്ദശതി സ്വദദ്ഭി
സ്തദ്വേദനായാം കതമായകുപ്യേത്॥

ജന:തു	മനുഷ്യതന്നേയാണു്	തത്	ആ കർത്തൃത്വവും കർമ്മത്വവും
സുഖദുഃഖയോ:	സുഖദുഃഖങ്ങൾക്കു്	ഭൗമയോ:	പാർത്ഥിവങ്ങളായ ശരീരങ്ങൾക്കുതന്നേയുള്ളു.
ഹേതു:	ഹേതുവായിട്ടു്		
ചേത്	ഭവിക്കുന്നുവെങ്കിൽ	ക്വചിത്	ചിലപ്പോഴു്
അത്ര ച	ഈ സ്ഥലത്തിലും	സ്വദദ്ഭി:	തന്റെ പല്ലുകളാൽ
ആത്മന: കിം	ആത്മാവിന്നു് അവയിൽ കർത്തൃത്വ കർമ്മത്വഭാവം ഉണ്ടോ, എന്നാൽ ഇല്ല.	ജിഹ്വാം സന്ദശതി	നാവിനെ കടിക്കുന്നു;
ഹ	നിശ്ചയമായ്	തദ്വേദനായാം	അതുകൊണ്ടു് വേദനിക്കുമ്പോൾ

കതമായ	ആരോട്
കുപ്യേത	ദ്വേഷ്യപ്പെടും?

52. ദുഃഖസ്യ ഹേതുര്യദി ദേവതാസ്തു കിമാത്മനസ്തത്ര വികാരയോസ്തത്
യദംഗമംഗേന നിഹന്യതേ ക്വചിത്
ക്രുദ്ധ്യേത കസ്മൈ പുരുഷഃ സ്വദേഹേ॥

ദുഃഖസ്യ	ദുരിതങ്ങൾക്ക്
ഹേതു	കാരണം
ദേവതായദി	ഇന്ദ്രിയങ്ങൾക്കധിഷ്ഠാനമായ ദേവതാ എന്നാലോ
അസ്തു	ഇരിക്കട്ടെ.
തത്ര	ആ പക്ഷത്തിലും
ആത്മനഃ കിം	ആത്മാവിന് കർതൃത്വം അഥവാ കർമ്മത്വം എന്നാണുള്ളത് ഒന്നുമില്ല.
തത്	ആ കർതൃത്വം അഥവാ കർമ്മത്വം
വികാരയോഃ	ആ ക്രിയയിങ്കൽ കർത്താവായിട്ടോ കർമ്മാവായിട്ടോ ഭവിക്കുന്ന ദേവതകൾക്കാണ് ഉള്ളത്.
ക്വചിത്	ചിലപ്പോൾ
സ്വദേഹേ	തന്റെ ശരീരത്തിൽ തന്നെ
അംഗം	ഒരു അവയവം
അംഗേന	മറ്റൊരു അവയവത്താൽ
നിഹന്യതെ യത്	തല്ലപ്പെടുമിങ്കിൽ
പുരുഷൻ	മനുഷ്യൻ
കസ്മൈ ക്രുദ്ധ്യേത	ആരോടാണ് ദ്വേഷ്യപ്പെടുക

53. ആത്മാ യദി സ്യാത് സുഖദുഃഖഹേതുഃ
കിമന്യതസ്തത്ര നിജസ്വഭാവഃ।
ന ഹ്യാത്മനോഽന്യദ് യദി തന്മൃഷാ സ്യാത്
ക്രുദ്ധ്യേത കസ്മാന്ന സുഖം ന ദുഃഖം॥

സുഖദുഃഖഹേതുഃ	സുഖദുഃഖങ്ങൾക്ക് കാരണമായ
ആത്മാ സ്യാത്യദി	ആത്മാവിനു തന്നെ സുഖദുഃഖാദി രൂപപരിണാമമുണ്ടാകുന്നതിനാൽ ആ ആത്മാവുതന്നെ കാരണമായ് ഭവിക്കുന്നു എന്നാൽ
തത്ര കിം അന്യതഃ	ആ പക്ഷത്തിൽ ദ്വേഷ്യപ്പെടത്തക്കതായ വേറെ വസ്തുവിൽ നിന്നും എന്തു സംഭവിക്കുന്നു, ഒന്നും തന്നെ ഇല്ല
നിജസ്യ ഭാവ	എന്തുകൊണ്ടെന്നാൽ ആ സുഖദുഃഖങ്ങൾ ആത്മാവിന്റെ പ്രകൃതിസിദ്ധമായ സ്വഭാവം തന്നെയാകുന്നു
ആത്മനഃ അന്യത് ന	ആത്മാവല്ലാതെ വേറെ ഒരു വസ്തു ഇല്ല;
യദി	അങ്ങിനെ ഒരു വസ്തു ഉണ്ട് എങ്കിൽ അതു് ജ്ഞാന വിഷയമായിരിക്കണം.

തത് മൃഷാ സ്യാത്	അങ്ങിനെയാണ് എങ്കിൽ അതു അസത്യം തന്നെയാണ്. അപ്പോൾ ആരോടാണ് ദ്വേഷ്യപ്പെടുക.
ഹി ദുഃഖം ന സുഖം ന	ആയതിനാൽ കാരണമില്ലാത്തതുകൊണ്ട് ദുഃഖവും ഇല്ല; സുഖവുമില്ല
കസ്മാത് ക്രുദ്ധ്യേത	ആയതുകൊണ്ട് ഏതു കാരണത്താലാണ് ദ്വേഷ്യപ്പെടുക

54 ഗ്രഹാ നിമിത്തം സുഖദുഃഖയോശ്ചേത്
കിമാത്മനോഽജസ്യ ജനസ്യ തേ വൈ ।
ഗ്രഹൈർ ഗ്രഹസ്യൈവ വദന്തി പീഡാം
ക്രുദ്ധ്യേത കസ്മൈ പുരുഷസ്തതോഽന്യഃ ॥

ഗ്രഹാഃ	സൂര്യൻ മതലായ ഗ്രഹങ്ങൾ
സുഖദുഃഖയോഃ	സുഖദുഃഖങ്ങൾക്ക്
നിമിത്തം ചേത്	കാരണമെങ്കിൽ
അജസ്യ	ജന്മാവില്ലാത്ത
ആത്മനഃ കിം	ആത്മാവിന്ന് എന്ത്?
തേ	ആ സൂര്യാദിഗ്രഹങ്ങൾ പന്ത്രണ്ടു കൂറുകളിൽ ഇരുന്നുംകൊണ്ട്
ജനസ്യ വൈ	ശരീരങ്ങൾക്ക് സുഖദുഃഖകാരണമായ് ഭവിക്കുന്നു;
ഗ്രഹൈഃ	ആകാശത്തിൽ ഇരിക്കുന്ന ഗ്രഹങ്ങളാൽ
ഗ്രഹസ്യ ഏവ	ആകാശത്തിൽ ഇരിക്കുന്ന ഗ്രഹങ്ങൾക്കേ
പീഡാം വദന്തി	പീഡയെ മഹാന്മാർ ഉപദേശിക്കുന്നു
പുരുഷഃ	ഈ ആത്മാവോ
തതഃ അന്യഃ	ആ ദേഹത്തിനേയും ഗ്രഹങ്ങളേയുംകാൾ അന്യനായ് ഭവിക്കുന്നു.
കസ്മൈ ക്രുദ്ധ്യേത	ആയതുകൊണ്ട് ആരോടാണ് ദ്വേഷ്യപ്പെടുക.

55 കർമ്മാസ്തു ഹേതുഃ സുഖദുഃഖയോശ്ചേത്
കിമാത്മനസ്തദ്ധി ജഡാജഡത്വേ ।
ദേഹസ്ത്വചിത് പുരുഷോഽയം സുപർണഃ
ക്രുദ്ധ്യേത കസ്മൈ ന ഹി കർമ്മ മൂലം ॥

കർമ്മാ	കർമ്മം എന്നത്
സുഖദുഃഖയോഃ	സുഖദുഃഖങ്ങൾക്ക്
ഹേതുഃ	കാരണം എന്ന പക്ഷമാണെങ്കിൽ
അസ്തു വൈ	അപ്രകാരംതന്നെ ആവട്ടെ
ആത്മനഃ കിം	ആയതിനാൽ ആത്മാവിന്ന് എന്ത്?
ഹി	എന്തുകൊണ്ടെന്നാൽ

തത്	ആ കർമ്മം എന്നതു്
ജഡാജഡതാ	ഒരു വസ്തുവിന്നു് ജഡതാവും അജഡതാവുമുണ്ടെങ്കിൽ ഉണ്ടാകുന്നു.
ദേഹ: അചിത്	ദേഹം ജഡം ആയതുകൊണ്ടു് പ്രവൃത്തിയുണ്ടാകുന്നില്ല.
അയം പുരുഷ: തു	ഈ ആത്മാവാണെങ്കിൽ ശുദ്ധജ്ഞാനസ്വരൂപി
കസ്മൈ ക്രുദ്ധ്യേത	ആയതിനാൽ ആരോടാണു് ദേഷ്യപ്പെടുക?
ഹി	ആയതുകൊണ്ടു്
കർമ്മ മൂലം	സുഖദുഃഖങ്ങൾക്കു കാരണമായ കർമ്മം സംഭവിക്കുന്നതേ ഇല്ല.

56. കാലസ്തു ഹേതു: സുഖദുഃഖയോശ്ചേത്
കിമാത്മനസ്തത്ര തദാത്മകോƒസൌ!
നാഗ്നേർഹി താപോ ന ഹിമസ്യ തത് സ്യാത്
ക്രുദ്ധ്യേത കസ്മൈ ന പരസ്യ ദ്വന്ദ്വം!!

സുഖദുഃഖയോ:	സുഖദുഃഖങ്ങൾക്കു്
ഹേതു:	കാരണം
കാല: ചേത്	കാലമാണെങ്കിൽ
തത്ര തു	അപ്പോഴും
ആത്മന:	ആത്മാവിന്നു് എന്താണു്?
അസൌ	ഈ ജീവാത്മാവു്
തദാത്മക:	ബ്രഹ്മത്തിന്റെ അംശമായതുകൊണ്ടു് കാലസ്വരൂപിയായെ ഭവിക്കുന്നു.
ഹി	എന്തുകൊണ്ടെന്നാൽ
അഗ്നേ:	അഗ്നിയിൽനിന്നും അതിന്റെ അംശമായ ജ്വാലകൾ
താപ: ന	താപം സംഭവിക്കുന്നില്ല
ഹിമസ്യ	മഞ്ഞിന്റെ
തത് ന സ്യാത്	ആ ശൈത്യം അതിന്റെ അംശങ്ങളായ ഹിമകണങ്ങൾക്കു് നാശം സംഭവിക്കുന്നില്ല.
പരസ്യ	(വാസ്തവത്തിൽ ജീവാത്മാ തന്നേയാണു് പരമാത്മാ) ആ പരമാത്മാവിന്നു്
ദ്വന്ദ്വം ന	സുഖദുഃഖങ്ങൾ ഇല്ല
കസ്മൈ ക്രുദ്ധ്യേത	ആയതിനാൽ ആരോടാണു് ദേഷ്യപ്പെടുക.

57. ന കേചിത് ക്വാപി കഥഞ്ചനാസ്യ
ദ്വന്ദ്വോപരാഗ: പരത: പരസ്യ!
യഥാഹമ: സംസൃതി രൂപിണ: സ്യാ
ദേവം പ്രബുദ്ധോ ന ബിഭേതി ഭൂതൈ: !!

സംസൃതി ശൂപിണ:	ഇല്ലാത്ത സംസാരത്തിനെ ഇരിക്കുന്നതായിതോന്നിക്കുന്ന	കേനചിത്	ഏതിനാലും
		ക്വാപി	എപ്പോഴും എവിടേയും
		കഥഞ്ചന	ഏതു വിധത്തിലും
അഹമ:	അഹങ്കാരത്തിൽ നിന്നും	ദ്വന്ദ്വോപരാശ: ന	സുഖദുഃഖങ്ങളോടു് സംബന്ധപ്പെടുന്നില്ല.
യഥാ സ്യാത്	ഉണ്ടാകുന്നതുപോലെ		
പരത:പരസ്യ	പ്രകൃതിക്കും അതിനെ അററം ഇരിക്കുന്ന	ഏവം പ്രബുദ്ധ:	ഇപ്രകാരം അറിവുള്ളവൻ
		ഭൂതൈ:	ഭൂതങ്ങളാൽ
അസ്യ	ഈ പരമാത്മാവിന്നു്	ന ബിഭേതി	ഭയപ്പെടുന്നില്ല.

58. ഏതാം സ ആസ്ഥായ പരമാത്മനിഷ്ഠാ
മദ്ധ്യാസിതാം പൂർവ്വതമൈർ മഹർഷിഭി: ।
അഹം തരിഷ്യാമി ദുരന്തപാരം
തമോ മുകുന്ദാംഘ്രി നിഷേവയൈവ ॥

അഹം	ഞാൻ	പരാത്മനിഷ്ഠാം	പരമാത്മദ്ധ്യാനത്തിനെ
പൂർവ്വതമൈഃ	പൂർവ്വികന്മാർക്കും പൂർവ്വികന്മാരായ	സമാസ്ഥായ	കൈക്കൊണ്ടു്
		മുകുന്ദാംഘ്രി	മോക്ഷം നല്കുന്ന ശ്രീകൃഷ്ണന്റെ തൃപ്പാദങ്ങളെ സേവിക്കുന്നതു വഴിയായി
മഹർഷിഭി:	മഹർഷികളാൽ	നിഷേവയാ ഏവ	
അദ്ധ്യാസിതാം	അനുഷ്ഠിക്കപ്പെട്ട	ദുരന്തപാരം തമ:	അക്കരെ ഇല്ലാത്ത സംസാരമാകുന്ന സാഗരത്തിനെ
ഏതാം	ഈ	തരിഷ്യാമി	തരണം ചെയ്യും.

ശ്രീ ഭഗവാനുവാച :— ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

59. നിർവ്വിദ്യ നഷ്ടദ്രവിണോ ഗതക്ലമ: പ്രവ്രജ്യ ഗാം പര്യടമാന ഇത്ഥം।
നിരാകൃതോഽസദ്ഭിരപി സ്വധർമ്മാദകംപിതോഽമും മുനിരാഹ ഗാഥാം॥

നഷ്ടദ്രവിണഃ	സമ്പത്തു നശിച്ചു്	ഗത ക്ലമ:	ക്ഷീണമില്ലാത്തവനായ്
അസദ്ഭി:	അസത്തുക്കളാൽ	നിർവ്വിദ്യ	വെറുത്തു്
നിരാകൃത: അപി	ഹിംസക്കപ്പെട്ടും	പ്രവ്രജ്യ	സന്യാസം സ്വീകരിച്ചു്
		സ്വധർമ്മാത്	തന്റെ ധർമ്മത്തിൽനിന്നും

അകംപിത:	പിഴക്കാത്തവനും	മുനി:	ആ മുനി
ഇത്ഥം	ഇപ്രകാരം	അമും ഗാഥാം	മുമ്പു പറഞ്ഞ ഗീതത്തിനെ
ഗാം പര്യട മാന:	ഭൂമിയിൽ സഞ്ചരിച്ചും കൊണ്ടിരിക്കുന്ന	ആഹ	ഗാനം ചെയ്തു

60 സുഖ ദുഃഖ പ്രദോ നാന്യ: പുരുഷസ്യാത്മവിഭ്രമ: ।
മിത്രോദാസീനരിപവ: സംസാരസ്തമസ: കൃത: ॥

പുരുഷസ്യ	പുരുഷന്ന്	സംസാര:	ഈ സംസാരം എന്നതു്
സുഖദുഃഖപ്രദ:	സുഖദുഃഖ പ്രദമായ	തമസ:	അജ്ഞാനത്താൽ
അന്യ: ന	(മനസ്സ് അല്ലാതെ) വേറെ ഒന്നില്ല.	ആത്മവിഭ്രമ:	മനസ്സിൻെറ ഭ്രമം മാത്രമായ്
മിത്രോദാസീനരിപവ:	സ്നേഹിതൻ, ഉദാസീനൻ, ശത്രു എന്ന	കൃത:	ചെയ്യപ്പെട്ടു എന്നതല്ലാതെ വാസ്തവത്തിൽ ഉള്ളതല്ല.

61. തസ്മാത് സർവ്വാത്മനാ താത നിഗൃഹാണ മനോ ധിയാ।
മയ്യാവേശിതയാ യുക്ത ഏതാവാൻ യോഗസംഗ്രഹ: ॥

താത	ഉദ്ധവ!	സർവ്വാത്മനാ	പരിപൂർണ്ണമായ ഉദ്യമത്തോടെ
തസ്മാത്	ആയതു കൊണ്ടു്	മന:	മനസ്സിനെ
മയി ആവേശിതയാ	എന്നിൽ ദൃഢമായ് നിക്ഷിപ്തമായ	നിഗൃഹാണ	നിഗ്രഹിക്കുക;
		യോഗസംഗ്രഹ:	യോഗത്തിൻ ചുരുക്കം
ധിയാ യുക്ത:	ബുദ്ധിയോടുകൂടി	ഏതാവാൻ	ഇത്ര തന്നേയാണു്

62. യ ഏതാം ഭിക്ഷുണാ ഗീതാം ബ്രഹ്മനിഷ്ഠാം സമാഹിത: ।
ധാരയൻ ശ്രാവയൻ ശൃണ്വൻ ദ്വന്ദ്വൈർ നൈവാഭിഭൂയതേ ॥

യ:	എവൻ	ഏതാം ബ്രഹ്മനിഷ്ഠാം	ഈ ബ്രഹ്മനിഷ്ഠയെ
ഭിക്ഷുണാ ഗീതം	ഭിക്ഷുവിനാൽ ഗാനം ചെയ്യപ്പെട്ട	സമാഹിത:	ശ്രദ്ധയോടെ

ധാരയൻ	മനസ്സിൽ ധരിച്ചുകൊണ്ട്	ദ്വന്ദ്വൈഃ	സുഖം ദുഃഖം, വിശപ്പ് ദാഹം മുതലായ ദ്വന്ദ്വങ്ങളാൽ
ശ്രാവയൻ	അന്യരെ കേൾക്കുമാറു ചെയ്തുകൊണ്ട്		
ശൃണ്വൻ	സ്വയം കേൾക്കുകയും ചെയ്യുന്നുവോ അവൻ	ന അഭിഭൂയതേ ഏവ	പീഡിതനാകുന്നതേ ഇല്ല.

ഇതി ശ്രീമദ് ഭാഗവതം പതിനൊന്നാംസ്കന്ധം ഇരുപത്തിമൂന്നാമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകാഃ 13207 ഏകാദശസ്കന്ധം ആദിതഃ ശ്ലോകാഃ 1041

ചതുർവ്വിംശോഽദ്ധ്യായഃ = അദ്ധ്യായം ഇരുപത്തിനാല്

സാംഖ്യയോഗ വർണ്ണനം
സാംഖ്യയോഗത്തിനെ വർണ്ണിക്കുന്നതു്

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

1. **അഥ തേ സംപ്രവക്ഷ്യാമി സാംഖ്യം പൂർവൈർവ്വിനിശ്ചിതം।**
യദ് വിജ്ഞായ പുമാൻ സദ്യോ ജഹ്യാദ് വൈകല്പികം ഭ്രമം॥

പുമാൻ	മനുഷ്യൻ	പൂർവൈഃ	പൂർവ്വികന്മാരായ കപിലർ മുതലായവരാൽ
യത് വിജ്ഞായ	എതു് അറിഞ്ഞുകൊണ്ട്	വിനിശ്ചിതം	നല്ലവണ്ണം നിശ്ചയമാക്കപ്പെട്ട
വൈകല്പികം ഭ്രമം	ഭേദജ്ഞാനം കൊണ്ട് ഉണ്ടായ സുഖ ദുഃഖാദി ഭ്രമത്തിനെ	സാംഖ്യം	ആ സാംഖ്യത്തിനെ
		അഥ	ഇപ്പോഴം
സദ്യഃ ജഹ്യാത്	ഉടനെ വിട്ടുകളയുന്നുവോ	തേ സംപ്രവക്ഷ്യാമി	നിണക്കു് ഉപദേശിക്കുവാൻ പോകുന്നു

2. ആസീത് ജ്ഞാനമഥോഹ്യർത്ഥ ഏകമേവാവികല്പിതം।
യദാ വിവേകനിപുണാ ആദൌ കൃതയുഗേ ഽയുഗേ॥

അയുഗേ	യുഗങ്ങളില്ലാത്ത പ്രളയ കാലത്തിലും	അർത്ഥ: അഥോ	ദ്രഷ്ടൃ ദൃശ്യ പ്രപഞ്ചങ്ങൾ മുഴുവനും
കൃതയുഗേ ആദൌ	ആദ്യമായ കൃതയുഗത്തിലും	അവികല്പിതം	ഭേദശൂന്യമായ്
യദാ വിവേക നിപുണാ:	എപ്പോൾ വിവേക നിപുണന്മാർ ജീവിച്ചിരുന്നുവോ അപ്പോഴും	ഏവം ജ്ഞാനം ഏവ ഹി	ഒരേ ബ്രഹ്മരൂപമായ് തന്നെ
		ആസീത്	ഇരുന്നു.

3. തന്മായാഫലരൂപേണ കേവലം നിർവ്വികല്പിതം।
വാങ്മനോഽഗോചരം സത്യം ദ്വിധാ സമഭവദ് ബൃഹത്॥

കേവലം	ഏതും	മായാ ഫല രൂപേണ	ദൃശ്യം ദ്രഷ്ടാ എന്ന രൂപത്താൽ
നിർവ്വികല്പിതം	ഏതു വിധമായ ഭേദം ഇല്ലാത്തതും	വാങ് മനോ ഗോചരം	വാക്കിനും മനസ്സിനും വിഷയ ഭൂതമായ്
സത്യം തത് ബൃഹത്	ത്രികാലങ്ങളിലും നാശരഹിതമായതുമായ ആ ബ്രഹ്മം	ദ്വിധാ സമഭവത്	രണ്ടായ് ഭവിച്ചു.

4. തയോരേകതരോ ഹ്യർത്ഥ: പ്രകൃതി: സോഭയാത്മികാ।
ജ്ഞാനം ത്വന്യതമോ ഭാവ: പുരുഷ: സോഽഭിധീയതേ॥

തയോ:	രണ്ടായ് ഭവിച്ച അവയിൽ	അന്യതമ: ഭാവ: ഇ	വേറെ വസ്തുവോ എങ്കിൽ
ഏകതര: അർഥ:	ഒരു വസ്തു	ജ്ഞാനം	ചൈതന്യം;
പ്രകൃതി:	പ്രകൃതി		
സാ ഹി	ആ പ്രകൃതിയാണെങ്കിൽ	സ: പുരുഷ:	അതു തന്നേയാണ് പുരുഷൻ എന്നും
ഉഭയാത്മികാ	കാര്യകാരണ രൂപമായിട്ടുള്ളത് എന്നു പറയപ്പെടുന്നു	അഭിധീയതേ	പറയപ്പെടുന്നു.

5. **തമോരജ: സത്വമിതി പ്രകൃതേരഭവൻ ഗുണാ:।**
മയാ പ്രക്ഷോഭ്യമാണായാ: പുരുഷാനുമതേന ച॥

ച	മേലും	പ്രക്ഷോഭ്യമാണായാ:	ചലിപ്പിക്കപ്പെടുന്ന
പുരുഷാനുമതേന ച	സൃഷ്ടി പുരുഷാഭീഷ്ടമായ് സംഭവിക്കേണ്ടതിനാൽ പുരുഷനാൽ പ്രേരിപ്പിക്കപ്പെട്ട്	പ്രകൃതേ:	പ്രകൃതിയിൽനിന്നു്
		തമ: രജ: സത്വം ഇതി	തമസ്സ്, രജസ്സ്, സത്വം എന്ന
മയാ	എന്നാൽ	ഗുണാ: അഭവൻ	ഗുണങ്ങൾ ഉത്ഭൂതമായി

6. **തേഭ്യ: സമഭവത്സൂത്രം മഹാൻ സൂത്രേണ സംയുത:।**
തതോ വികുർവ്വതോ ജാതോ ഽഹംകാരോ യോ വിമോഹന:॥

തേഭ്യ:	അവകളിൽനിന്നു്	വികുർവ്വത:	വികാരം സിദ്ധിച്ച
സൂത്രം	ക്രിയാശക്തിയോടുകൂടിയ സൂത്രവും	തത:	ആ മഹത്വത്തിൽനിന്നും
സൂത്രേണ സംയുത:	ആ സൂത്രത്തോടുകൂടിയ	വിമോഹന:	ജീവന്റെ ഭ്രമത്തിനു കാരണമായ
മഹാൻ	ജ്ഞാനശക്തിയോടുകൂടിയ മഹത്തത്വവും	യ: അഹംകാര:	ഏതൊരു അഹംകാരം ഉണ്ടോ
സമഭവത്	ഉണ്ടായി	ജാത:	അതും ഉണ്ടായി

7. **വൈകാരികസ്തൈജസശ്ച താമസശ്ചേത്യഹം ത്രിവൃത്।**
തന്മാത്രേന്ദ്രിയമനസാം കാരണം ചിദചിന്മയ: ॥

ചിദചിന്മയ:	ചേതന അചേതന രൂപമായ	താമസ: ച	താമസം എന്നു്
		ത്രിവൃത്	മൂന്നുവിധം
അഹം	അഹം തത്വം	തന്മാത്രേന്ദ്രിയമനസാം	തന്മാത്രകൾക്കും ഇന്ദ്രിയങ്ങൾക്കും മനസ്സിനും
വൈകാരിക:	സാത്വികം		
തൈജസ: ച	രാജസം	കാരണം	കാരണം

8. **അർത്ഥസ്തന്മാത്രികാജ്ജജ്ഞേ താമസാദിന്ദ്രിയാണി ച।**
തൈജസാദ്ദേവതാ ആസന്നേകാദശ ച വൈകൃതാത്॥

തന്മാത്രികാത്	ശബ്ദം മുതലായ തന്മാത്രകൾക്ക് കാരണമായ
താമസാത്	താമസാഹം കാരത്തിൽ നിന്ന്
അർത്ഥ:	പൃഥ്വി മുതലായ ഭൂതപ്രപഞ്ചം
ജജ്ഞേ	ഉണ്ടായി
തൈജസാത്	രാജസാഹംകാരത്തിൽ നിന്ന്
ഇന്ദ്രിയാണി ച	പത്ത് ഇന്ദ്രിയങ്ങളും
വൈകൃതാത്	സാത്വികാഹങ്കാരത്തിൽ നിന്ന്
ഏകാദശ ദേവതാ:	ദിക്ക്, വായു സൂര്യൻ, പ്രചേതസ്, അശ്വിനീദേവതകൾ, അഗ്നി, ഇന്ദ്രൻ, ഉപേന്ദ്രൻ, മിത്രൻ പ്രജാപതി, ചന്ദ്രൻ എന്ന പതിനൊന്നു ദേവതകളും
ച	മനസ്സും
ആസൻ	ഉണ്ടായി

9. മയാ സഞ്ചോദിതാ ഭാവാ: സർവ്വേ സംഹത്യകാരിണ:।
അണ്ഡമുൽപാദയാമാസുർമമായതനമുത്തമം॥

സർവ്വേ ഭാവാ:	മഹത്തത്വം മുതലായ സകല പദാർത്ഥങ്ങളും
മയാ	എന്നാൽ
സഞ്ചോദിതാ:	സാമർത്ഥ്യം നല്കപ്പെട്ടതായി
സംഹത്യകാരിണ:	ഒന്നുചേർന്ന് പ്രവർത്തിക്കുന്നവയായി
മമ ഉത്തമം	എന്റെ ശ്രേഷ്ഠമായ
ആയതനം	ക്രീഡാസ്ഥാനമായ
അണ്ഡം	ബ്രഹ്മാണ്ഡത്തിനെ
ഉത്പാദയാമസു:	സൃഷ്ടിച്ചു.

10. തസ്മിന്നഹം സമഭവമണ്ഡേ സലിലസംസ്ഥിതേ।
മമ നാഭ്യാമഭൂത്പദ്മം വിശ്വാഖ്യം തത്ര ചാത്മഭൂ:॥

സലിലസംസ്ഥിതേ	ജലത്തിൽ ഇരിക്കുന്ന
തസ്മിൻ അണ്ഡേ	ആ ബ്രഹ്മാണ്ഡത്തിൽ
അഹം സമഭവം	നാരായണനായ ഞാൻ ലീലാവിഗ്രഹത്തോടെ പ്രത്യക്ഷനായി
മമ നാഭ്യാം	എന്റെ നാഭിയിൽ
വിശ്വാഖ്യം പദ്മം	വിശ്വം എന്ന പേരോട് കൂടിയ താമര
അഭൂത്	ഉണ്ടായി;
തത്ര അതിൽ	ബ്രഹ്മദേവനും ഉൽഭവിച്ചു.

11. സോഽസൃജത്തപസായുക്തോ രജസാമദനുഗ്രഹാത്‌।
ലോകാൻ സപാലാൻ വിശ്വാത്മാ ഭൂർഭുവ: സ്വരിതി ത്രിധാ॥

സ: വിശ്വാത്മാ	വിശ്വരൂപിയായ ആ ബ്രഹ്മദേവൻ
രജസായുക്ത:	രജോഗുണത്തോടു കൂടിയവനായി
തപസാ	തപസ്സുകൊണ്ട്
മദനുഗ്രഹാത്‌	എന്റെ അനുഗ്രഹത്താൽ
ഭൂ:	അതലാദികളോടു കൂടിയ ഭൂലോകം
ഭുവ:	അന്തരീക്ഷം
സ്വഃ ഇതി	സ്വർഗ്ഗലോകം എന്നു്
ത്രിധാ	മൂന്നുവിധമായ
ലോകാൻ	ലോകങ്ങളെ
സപാലാൻ	അധിപതിയോടു കൂടിയവയായി
അസൃജത്‌	സൃഷ്ടിച്ചു.

12. ദേവാനാമോക ആസീത്‌ സ്വർഭൂതാനാം ച ഭുവ: പദം।
മർത്ത്യാദീനാം ച ഭൂർലോക: സിദ്ധാനാം ത്രിതയാത്‌ പരം॥

സ്വ:	സ്വർഗ്ഗലോകം
ദേവാനാം	ദേവന്മാർക്ക്
ലോക: ആസീത്‌	ഇരിപ്പിടമായി ഭവിച്ചു
ഭുവ:	ഭുവർലോകം
ഭൂതാനാം	ഭൂതങ്ങൾക്ക് (പ്രേതം പിശാച് ഇവകൾ)
പദം ച	സ്ഥലമായ് ഭവിച്ചു
മർത്ത്യാദീനാം	മനുഷ്യൻ മുതലായവർക്ക്
ഭൂ: ലോക: ച	ഭൂലോകം വാസസ്ഥലമായിത്തീർന്നു;
ത്രിതയാത്‌ പരം	ഈ മൂന്നുലോകങ്ങൾക്കും ഉപരിയായുള്ള മഹ:, ജന:, തപ:, സത്യം എന്നിവ
സിദ്ധാനാം	സിദ്ധന്മാർക്കും സ്ഥാനമായിത്തീർന്നു.

13. അധോഽസുരാണാം നാഗാനാം ഭൂമേരോകോഽസൃജത്‌ പ്രഭു: ।
ത്രിലോക്യാം ഗതയ: സർവ്വാ: കർമ്മണാം ത്രിഗുണാത്മനാം॥

അസുരാണാം	അസുരന്മാർക്കും
നാഗാനാം	നാഗന്മാർക്കും
ഭൂമേ: അധ:	ഭൂമിയുടെ ചുവടെയുള്ള അതലാദികളെ
ഓക:	വാസസ്ഥാനമായി
പ്രഭു:	പ്രഭു
അസൃജത്‌	സൃഷ്ടിച്ചു
ത്രിലോക്യാം	ഈ മൂന്നുലോകങ്ങളിലും
ത്രിഗുണാത്മനാം	സത്വം മുതലായ ഗുണങ്ങളാൽ ഉണ്ടായ

കർമ്മണാം ഗതയ:	കർമ്മഫലങ്ങൾ	ഭവന്തി	ഉണ്ടാകുന്നു.

14. യോഗസ്യ തപസശ്ചൈവ ന്യാസസ്യ ഗതയോƒമലാ: ।
മഹർജനസ്തപ: സത്യം ഭക്തിയോഗസ്യ മത് ഗതി: ॥

യോഗസ്യ	യോഗത്തിന്നും	അമലാ:	നിർമ്മലമായ (ലോഭാദി ദോഷ രഹിതമായ)
തപസ:	തപസ്സിന്നും	ഗതയ:	സ്ഥാനങ്ങൾ
ന്യാസസ്യ	സന്യാസത്തിന്നും	ഭവന്തി	ഫലമായ് ഭവിക്കുന്നു.
മഹ: ജന: തപ: സത്യം	മഹ:, ജന:, തപ:, സത്യം എന്ന	ഭക്തിയോഗസ്യ	ഭക്തിയോഗത്തിന്നു്
		മദ്ഗതി:	വൈകുണ്ഠലോകം ഫലം

15. മയാ കാലാത്മനാ ധാത്രാ കർമ്മയുക്തമിദം ജഗത് ।
ഗുണപ്രവാഹ ഏതസ്മിന്നുന്മജ്ജതി നിമജ്ജതി ॥

കർമ്മയുക്തം	കർമ്മത്തോടുകൂടിയ	ഏതസ്മിൻ ഗുണപ്രവാഹേ	ഈ സംസാരത്തിൽ
ഇദം ജഗത്	ഈ പ്രാണിസമൂഹം		
കാലാത്മനാ	കാലമാകുന്ന ശക്തിയോടു കൂടിയവനും	ഉന്മജ്ജതി	സത്യലോകംവരേയുള്ള ഉത്തമഗതിയെ പ്രാപിക്കുന്നു;
ധാത്രാ	കർമ്മങ്ങൾക്കു് ഫലം നല്കുന്നവനുമായ	നിമജ്ജതി	സ്ഥാവരംവരെയുള്ള നീചഗതിയേയും പ്രാപിക്കുന്നു.
മയാ	പരമേശ്വരനായ എന്നാൽ		

16. അണുർബൃഹത് കൃശസ്ഥൂലോ യോ യോ ഭാവ: പ്രസിദ്ധ്യതി ।
സർവ്വോപ്യുഭയ സംയുക്ത: പ്രകൃത്യാ പുരുഷേണ ച ॥

അണു:	ചെറിയതായും	പ്രസിദ്ധ്യതി	പ്രസിദ്ധമായിരിക്കുന്നുവോ
ബൃഹത്	വലിയതായും	സർവ്വ: അപി	അവയെല്ലാം
കൃശ:	മെലിഞ്ഞതായും	പ്രകൃത്യാ പുരുഷേണ ച	പ്രകൃതി പുരുഷൻ എന്ന
യ: യ: ഭാവഃ	ഏതേതു വസ്തു	ഉഭയസംയുക്ത	ഉഭയാത്മകമായിരിക്കുന്നു.

17. യസ്തു യസ്യാദിരന്തശ്ച സവൈ മദ്ധ്യം ച തസ്യ സൻ!
വികാരോ വ്യവഹാരാർത്ഥോ യഥാ തൈജസ പാർത്ഥിവാഃ !!

യസ്യ	ഏതു കാര്യത്തിന്ന്
യഃ തു	ഏതു വസ്തു
ആദിഃ	ആദിയായും (ആദികാരണം)
അന്തഃ ച	അവസാന (ലയസ്ഥാന മായും) മായും ഭവിക്കുന്നുവോ
തസ്യ മദ്ധ്യം ച	അതിന്റെ മദ്ധ്യവും അതേ വസ്തു തന്നെ;
സഃ വൈ സൻ	ആ വസ്തു തന്നേയാണ് 'സത്' സത്യം എന്നു പറയപ്പെടുന്നതു്
തൈജസ പാർത്ഥിവാഃ യഥാ	സ്വർണ്ണത്തിന്റെ വികാരമായ കടകകുണ്ഡല മുതലായവയും, മണ്ണിന്റെ വികാരങ്ങളായ കുടം, പാന മുതലായവ എന്നപോലെ
വികാരഃ	കാര്യവും
വ്യവഹാരാർത്ഥഃ	ലോകവ്യവഹാരത്തിന്നായ്ക്കൊണ്ട് സംഭവിച്ചു:

18. യദുപാദായ പൂർവ്വസ്തു ഭാവോ വികരുതേƒപരം!
ആദിരന്തോ യദാ യസ്യ തത്സത്യമഭിധീയതേ!!

19. പ്രകൃതിർഹ്യസ്യോപാദാന മാധാരഃ പുരുഷഃ പരഃ!
സതോƒഭിവ്യഞ്ജകഃ കാലോ ബ്രഹ്മതത്ത്രിതയം ത്വഹം!!

പൂർവ്വഃ ഭാവഃ	കാരണരൂപമായ മഹത്തത്വം മുതലായ വസ്തു
യത് ഉപാദായ	എതിനെ ഉപാദാനകാരണമായ് വെച്ച്
അപരം	കാര്യമായ അഹങ്കാരം മുതലായവയെ
വികരുതേ	സൃഷ്ടിക്കുന്നുവോ അതുതന്നേയാണ് 'സത്' എന്നറിയപ്പെടുന്നതു്
യത് യസ്യ യദാ	എത് എതിന്ന് എപ്പോഴ്
ആദിഃ അന്തഃ	ആദിയായും അവസാനമായുമിരിക്കുന്നുവോ
തത്	അതുതന്നേയാണ്
സത്യം അഭിധീയതേ	സത്യം എന്ന് വിളിക്കപ്പെടുന്നതു്
അസ്യ സതഃ	ഈ കാര്യപ്രപഞ്ചത്തിന്ന്
ഉപാദാനം	ഉപാദാനകാരണമായ
പ്രകൃതിഃ	പ്രകൃതിയും
ആധാരഃ	അതിന്ന് ആധാരമായ
പരഃ പുരുഷഃ	പരമ പുരുഷനും

അഭിവ്യംജക:	ഗുണക്ഷോഭം ചെയ്ത് അതുവഴി അവയെ പ്രകാശിപ്പിക്കുന്ന	തത്	ആ മൂന്നും
		ബ്രഹ്മ	ബ്രഹ്മരൂപിയായ
കാല: ഹി	കാലം എന്ന	അഹം തു	ഞാൻ തന്നെ

പ്രകൃതി എന്റെ ശക്തിയായതുകൊണ്ടും പുരുഷനും കാലവും എന്റെ അവസ്ഥാഭേദമായതുകൊണ്ടും എന്നേക്കാൾ വേറല്ല.

20. സർഗ്ഗ: പ്രവർത്തതേ താവത് പൗർവ്വാപര്യേണ നിത്യശ: ।
മഹാൻ ഗുണവിസർഗ്ഗാർത്ഥ: സ്ഥിത്യന്തോ യാവദീക്ഷണം ॥

ഗുണവിസർഗ്ഗാർത്ഥ:	ജീവന്റെ ഭോഗത്തിനു വേണ്ടി	യാവത്താവത്	ഇരിക്കുന്നതു വരെ
മഹാൻ സർഗ്ഗ:	ഈ മഹത്തായ സൃഷ്ടി	പൗർവ്വാപര്യേണ	പിതാപുത്രൻ എന്ന ക്രമത്തിൽ
സ്ഥിത്യന്ത:	സ്ഥിതി അവസാനിക്കുന്നതു വരെയും	നിത്യശ:	തുടർച്ചയായി
ഈക്ഷണം	പരമേശ്വരന്റെ ദൃഷ്ടി	പ്രവർത്തതേ	പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

21. വിരാൺമയാഽസാദ്യമാനോ ലോകകല്പവികല്പക: ।
പഞ്ചത്വായ വിശേഷായ കല്പതേ ഭുവനൈ: സഹ ॥

വിരാട്	ബ്രഹ്മാണ്ഡം	ഭുവനൈ: സഹ	ഭുവനങ്ങളോടെ
മയാ ആസാദ്യമാന:	കാലസ്വരൂപിയായ എന്നാൽ പ്രവേശിക്കപ്പെടുന്നതായി	പഞ്ചത്വായ	അഞ്ച് എന്ന മഹാഭൂതങ്ങളും അഞ്ചായി
ലോകകല്പവികല്പക:	ആയതുകൊണ്ട് ലോകങ്ങൾക്ക് പലവിധ സൃഷ്ടിപ്രളയങ്ങളെ ഉണ്ടാക്കുന്നതായി ഇരുന്നാലുംകൂടി	വിശേഷായ	പിരിയുവാൻ
		കല്പതേ	യോഗ്യമായി ഭവിക്കുന്നു.

22. അന്നേ പ്രലീയതേ മർത്ത്യമന്നം ധാനാസു ലീയതേ ।
ധാനാ ഭൂമൗ പ്രലീയന്തേ ഭൂമിർഗന്ധേ പ്രലീയതേ ॥

മർത്ത്യം	ദേഹം എന്നതു്	അന്നേ	(ഏതിനാൽ വളർന്നുവോ) ആ അന്നത്തിൽ

പ്രലീയതേ	ലയിക്കുന്നു;	ഭൂമി:	ഭൂമി
അന്നം	ആ അന്നം	ഗന്ധേ പ്രലീയതേ	സംവർത്തകസൂര്യനാൽ ഉലന്ന് മുഖാഗ്നിയാൽ ദഹിപ്പിക്കപ്പെട്ട് ഭൂതസൂക്ഷ്മമായ ഗന്ധത്തിൽ ലയിക്കുന്നു.
ധാനാസു	വിത്തുകളിൽ		
ലീയതേ	ലയിക്കുന്നു.		
ധാനാ:	വിത്തുകൾ		
ഭൂമൌ പ്രലീയന്തേ	ഭൂമിയിൽ ലയിക്കുന്നു;		

23. **അപ്സു പ്രലീയതേ ഗന്ധ: ആപശ്ച സ്വഗുണേ രസേ!**
ലീയതേ ജ്യോതിഷി രസോ ജ്യോതീ രൂപേ പ്രലീയതേ!!

ഗന്ധ:	(നൂറുകൊല്ലങ്ങളായ് വർഷിച്ച മഴയാൽ ഇദരമാക്കപ്പെടുന്ന) ഗന്ധം	രസ:	ആ രസം
അപ്സു പ്രലീയതേ	ജലത്തിൽ ലയിക്കുന്നു;	ജ്യോതിഷി ലീയതേ	ജ്യോതിസ്സിലും ലയിക്കുന്നു;
ആപ: ച	ജലവും	ജ്യോതി:	ജ്യോതിസ്സും
സ്വഗുണേ രസേ	തന്റെ ഗുണമായ രസത്തിലും	രൂപേ പ്രലീയതേ	ഭൂതസൂക്ഷ്മമായ രൂപത്തിൽ ലയിക്കുന്നു.

24. **രൂപം വായൌ സ ച സ്പർശേ ലീയതേ സോഽപി ചാംബരേ!**
അംബരം ശബ്ദ തന്മാത്ര ഇന്ദ്രിയാണി സ്വ യോനിഷു!!

രൂപം	ആ രൂപം	അംബരേ ച	ആകാശത്തിലും
വായൌ ച	വായുവിലും	അംബരം	ആകാശം
സ:	ആ വായു	ശബ്ദതന്മാത്രേ അപി	ഭൂതസൂക്ഷ്മമായ ശബ്ദത്തിലും
സ്പർശേ	സ്പർശത്തിലും	ഇന്ദ്രിയാണി	ഇന്ദ്രിയങ്ങൾ
ലീയതേ	ലയിക്കുന്നു;	സ്വ യോനിഷു	തങ്ങളെ പ്രവർത്തികം ചെയ്യുന്ന ദേവതകളിലും ലയിക്കുന്നു.
സ:	ആ സ്പർശം		

25. **യോനിർ വൈകാരികേ സൌമ്യ ലീയതേ മനസീശ്വരേ!**
ശബ്ദോ ഭൂതാദിമപ്യേതി ഭൂതാദിർമഹതി പ്രഭു: !!

സൌമ്യ	ഉദ്ധവ!	ഭൂതാദി:	താമസാഹങ്കാരത്തിൽ
യോനി:	ആ ദേവതകൾ;	അപ്യേതി	ലയം പ്രാപിക്കുന്നു;
ഈശ്വരേ	നിയാമകനായ	പ്രഭു:	സകലലോകങ്ങളേയും മോഹിപ്പിക്കുവാൻ ശക്തമായ
മനസി	മനസ്സിൽ		
ലീയതേ	ലയിക്കുന്നു;		
വൈകാരികേ	മനസ്സും ദേവതകളോടെ അഹംകാരത്തിൽ ലയിക്കുന്നു;	ഭൂതാദി:	മൂന്നുവിധമായ അഹംകാരവും
ശബ്ദ:	ശബ്ദം എന്നതു്	മഹതി	മഹത്തത്വത്തിൽ ലയിക്കുന്നു.

26. സ ലീയതേ മഹാൻ സ്വേഷു ഗുണേഷു ഗുണവത്തമ: ।
തേഽവ്യക്തേ സംപ്രലീയന്തേ തത് കാലേ ലീയതേഽവ്യയേ ॥

ഗുണവത്തമ:	ജ്ഞാന ക്രിയാശക്തികളോടെ ഇരിക്കുന്നതിനാൽ ശ്രേഷ്ഠമായ ഗുണങ്ങൾ ഉള്ള	അവ്യക്തേ	പ്രകൃതിയിൽ (അവ്യക്തത്തിൽ)
		സംപ്രലീയന്തേ	ലയം പ്രാപിക്കുന്നു;
സ: മഹാൻ	ആ മഹത്തത്വം	തത്	ആ അവ്യക്തം
സ്വേഷു ഗുണേഷു	തനിക്കുകാരണമായ ഗുണങ്ങളിൽ	അവ്യയേ	ഏതു വിധമായ ക്രിയയുമില്ലാത്ത
ലീയതേ	ലയം പ്രാപിക്കുന്നു.	കാലേ ലീയതേ	കാലത്തിങ്കൽ ലയം പ്രാപിക്കുന്നു.
തേ	ആ ഗുണങ്ങൾ		

27. കാലോ മായാമയേ ജീവേ ജീവ ആത്മനി മയ്യജേ ।
ആത്മാ കേവല ആത്മസ്ഥോ വികല്പാപായലക്ഷണ: ॥

കാല:	ആ കാലം	ആത്മനി	പരമാത്മാവായ
മായാമയേ	മായയെ പ്രവൃത്തിപ്പിക്കുന്ന (ജ്ഞാനമയമായ)	മയി	എന്നിൽ ലയിക്കുന്നു;
ജീവേ	ജീവനിൽ ലയിക്കുന്നു;	വികല്പാപായ ലക്ഷണ:	പ്രപഞ്ചത്തിന്റെ ഉത്പത്തി പ്രളയങ്ങളാൽ അതിന്നു് അധിഷ്ഠാതാവായും അവധിയായും അറിയപ്പെടുന്നവനും
ജീവ:	ജീവൻ		
അജേ	ജനനമില്ലാത്ത		

കേവലഃ	ആയതിനാൽ ഉപാധി കരം ഇല്ലാത്തവനുമായ
ആത്മാ	ആത്മാവും
ആത്മസ്ഥഃ	ആത്മാവിൽതന്നെ ഇരിക്കുന്നു. വേറെ ഒന്നിൽ ലയിക്കുന്നില്ല.

28. ഏവമന്വീക്ഷമാണസ്യ കഥം വൈകല്പികോ ഭ്രമഃ ।
മനസോ ഹൃദി തിഷ്ഠേത വ്യോമ്നീവാർക്കോദയേ തമഃ ॥

ഏവം അന്വീക്ഷമാണസ്യ	ഇപ്രകാരം ആത്മതത്ത്വം ആലോചിച്ച് അറിയുന്നവന്റെ
മനസഃ വൈകല്പിക	മനസ്സിന്നു ഭേദനിമിത്തമായ
ഭ്രമഃ കഥം	ഭ്രമം എങ്ങിനെ ഉണ്ടാകും?
അർക്കോദയേ	സൂര്യൻ ഉദിക്കുമ്പോഴ്
വ്യോമ്നി	ആകാശത്തിൽ
തമഃ ഇവ	ഇരുട്ട് ലയിക്കുന്നതു പോലെ
ഹൃദി	ഹൃദയത്തിൽ
കഥം തിഷ്ഠതി	എങ്ങിനെ നില്ക്കും.

29. ഏഷ സാംഖ്യ വിധിഃ പ്രോക്തഃ സംശയഗ്രന്ഥി ഭേദനഃ ।
പ്രതിലോമാനുലോമാഭ്യാം പരാവര ദൃശാ മയാ ॥

പരാവരദൃശാ	കാര്യകാരണങ്ങളുടെ വസ്തുത അറിഞ്ഞ
മയാ	എന്നാൽ
സംശയഗ്രന്ഥി ഭേദനഃ	സംശയത്തിനേയും അതാത്യ വിദ്യാസ്വരൂപമായ അഴിക്കാൻ സാധിക്കാത്ത കെട്ട് സദൃശമായ ഗ്രന്ഥിയേയും നാശം ചെയ്യുന്ന
ഏഷഃ സാംഖ്യ വിധിഃ	ഈ ആത്മാ അനാത്മാവിവേകത്തിന്റെ ക്രമം
പ്രതിലോമാനുലോമാഭ്യാം	സൃഷ്ടി പ്രളയങ്ങൾ വഴി
പ്രോക്തഃ	പ്രതിപാദിക്കപ്പെട്ടു

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം പതിനൊന്നാംസ്കന്ധം ഇരുപത്തിനാലാമദ്ധ്യായം സമാപ്തം

ആദിതഃ ശ്ലോകാഃ 13236 ഏകാദശസ്കന്ധം ആദിതഃ ശ്ലോകാഃ 1070

പഞ്ചവിംശോഽധ്യായഃ = അധ്യായം ഇരുപത്തിഅഞ്ച്

സത്വാദിഗുണത്രയവൃത്തിനിരൂപണം ।

സത്വം, രജസ്, തമസ് മുതലായ ഗുണത്രയങ്ങളുടെ വൃത്തിയെ (കാര്യങ്ങളെ) നിരൂപിക്കപ്പെടുന്നത്.

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

1. ഗുണാനാമസമിശ്രാണാം പുമാൻ യേന യഥാ ഭവേത് ।
തന്മേ പുരുഷവര്യേദമുപധാരയ ശംസതഃ ।

പുരുഷവര്യ	ഹേ പുരുഷോത്തമ	പുമാൻ	പുരുഷൻ
അസമിശ്രാണാം	ഒന്നോട് ഒന്ന് മിശ്രമാകാതെ തനിച്ചിരിക്കുന്ന	യഥാ ഭവേത്	എങ്ങിനെ ഭവിക്കുന്നുവോ
		തത് ഇദം	അതിനെപ്പററി
ഗുണാനാം	ഗുണങ്ങളിൽ	ശംസതഃ മേ	പറയുന്ന എന്നിൽനിന്ന്
യേന	ഏതു ഗുണത്താൽ	ഉപധാരയ	അറിഞ്ഞുകൊള്ളുക.

2. ശമോ ദമസ്തിതിക്ഷേക്ഷാ തപഃ സത്യം ദയാ സ്മൃതിഃ ।
തുഷ്ടിസ്ത്യാഗോഽസ്പൃഹാ ശ്രദ്ധാ ഹ്രീർദയാനി സ്വനിർവൃതിഃ ।।

3. കാമ ഈഹാ മദസ്തൃഷ്ണാ ഭംഭ ആശീർഭിദാ സുഖം ।
മദോത്സാഹോ യശഃ പ്രീതിർഹാസ്യം വീര്യം ബലോദ്യമഃ ।।

4. ക്രോധോ ലോഭോഽനൃതം ഹിംസാ യാച്ഞാ ദംഭഃ ക്ലമഃ കലിഃ ।
ശോകമോഹൌ വിഷാദാർത്തീ നിദ്രാഽശാ ഭീരനുദ്യമഃ ।।

5. സത്വസ്യ രജസശ്ചൈതാസ്തമസശ്ചാനുപൂർവ്വശഃ ।
വൃത്തയോ വർണ്ണിത പ്രായാഃ സന്നിപാതമഥോ ശൃണു ।।

ശമഃ	മനോനിയന്ത്രണം	തിതിക്ഷാ	സഹിക്കുക
ദമഃ	ബാഹ്യേന്ദ്രിയനിയന്ത്രണം	ഈക്ഷാ	വിവേകം
		തപഃ	സ്വധർമ്മാനുഷ്ഠാനം

സത്യം	സത്യസംഭാഷണം
ദയാ	ദയാ
സ്മൃതി:	ഓർമ്മ
തുഷ്ടി:	തൃപ്തി
ത്യാഗം	ദാനം
അസ്പൃഹാ	വിഷയവൈരാഗ്യം
ശ്രദ്ധാ	ശ്രദ്ധാ
ഹ്രീ:	ലജ്ജാ
ദയാദി	ദാനം മുതലായവ
സ്വാനിർവൃതി:	ആത്മരതി
കാമ:	അഭിലാഷം
ഈഹാ	പ്രവൃത്തി
മദഃ	മദം
തൃഷ്ണാ	അത്യാഗ്രഹം
ദംഭ:	ഗർവ്വം
ആശി:	ധനാദികളിൽ ആഗ്രഹം കാരണം ഈശ്വരനെ പ്രാർത്ഥിക്കൽ
ഭിദാ	ഭേദം
സുഖം	സുഖം
മദോത്സാഹ:	മദം കാരണം യുദ്ധത്തിൽ പ്രവൃത്തി
യശ: പ്രീതി	യശസ്സിൽ ആഗ്രഹം
ഹാസ്യം	ഹാസ്യം
വീര്യം	വീര്യം
ബലോദ്യമ:	ബലംകൊണ്ടു് പ്രവൃത്തി
ക്രോധ:	ദ്വേഷ്യം
ലോഭ:	ലോഭം
അനൃതം	അശാസ്ത്രീയമായതിനെ പ്രമാണമായി് പറയുക
ഹിംസാ	ദ്രോഹം
യാച്ഞാ	യാചിക്കുക
ദംഭ:	സ്വയം ധാർമ്മികൻ എന്നു് വെളിയിൽ പരസ്യപ്പെടുത്തുക
ക്ലമ:	ശ്രമം
കലി:	കലഹം
ശോകമോഹൌ	ദുഃഖം ഭ്രമം
വിഷാദാർത്തീ	ദുഃഖം ദൈന്യം
നിദ്രാ	ഉറക്കം
ആശാ	എനിക്കു് ഇതു് സംഭവിക്കുവാൻ പോകുന്നു എന്നു് പ്രതീക്ഷിക്കുക
ഭീ:	ഭയം
അനുദ്യമ:	ജഡത്വം എന്ന
സത്വസ്യ	സത്വഗുണത്തിന്റെയും
രജസ: ച	രജോഗുണത്തിന്റെയും
തമസ: ച	തമോഗുണത്തിന്റെയും
വൃത്തയ:	(മുമ്പു് ഉള്ള ശ്ലോകങ്ങളിൽ) പറയപ്പെട്ട ഈ വൃത്തികൾ
അനുപൂർവ്വശ:	ക്രമത്തിൽ
വർണ്ണിത പ്രായാ:	മിക്കവാറും വർണ്ണിക്കപ്പെട്ട
അഥോ സന്നിപാതം	ഇതിനും മേൽ അവയുടെ സംഗമത്താൽ ഉണ്ടാകുന്നതിനെ
ശൃണു	കേൾക്കുക.

6. സന്നിപാതസ്ത്വഹമിതി മമേത്യുദ്ധവ യാ മതിഃ ।
വ്യവഹാരഃ സന്നിപാതോ മനോ മാത്രേന്ദ്രിയാസുഭിഃ ।।

ഉദ്ധവ	ഉദ്ധവ!
അഹം ഇതി	ഞാൻ എന്നും
മമ ഇതി	എന്റേത് എന്നും
യാ മതി	ഏതൊരു ബുദ്ധി ഉണ്ടോ അത്
സന്നിപാത:	സത്വം മുതലായ ഗുണത്രയങ്ങളാൽ ഉണ്ടാകുന്നതാകുന്നു
മനോമാത്രേന്ദ്രിയാസുഭി:	മനസ്, തന്മാത്രകം, ഇന്ദ്രിയങ്ങൾ പ്രാണൻ ഇവകളാൽ ഉണ്ടാകുന്ന
വ്യവഹാര:	വ്യവഹാരവും
സന്നിപാത:	സത്വരജസ്തമോ ഗുണങ്ങളാലുണ്ടാകുന്നതു തന്നേ.

7. ധർമ്മേ ചാർത്ഥേ ച കാമേ ച യദാസൌ പരിനിഷ്ഠിതഃ ।
ഗുണാനാം സന്നികർഷോഽയം ശ്രദ്ധാ രതി ധനാവഹഃ ।।

ധർമ്മേ ച	ധർമ്മത്തിലും
അർത്ഥേ ച	അർത്ഥത്തിലും
കാമേ ച	കാമത്തിലും
അസൌ	ഈ പുരുഷൻ
യദാ പരിനിഷ്ഠിത:	എപ്പോഴും സ്ഥിരനായ് ഭവിക്കുന്നുവോ
അയം	അപ്പോഴ് ആ സ്ഥിരത എന്നതു്
ഗുണാനാം സന്നികഷ്:	സത്വരജസ്തമോ ഗുണങ്ങളുടെ സംഗമത്താലുണ്ടാകുന്നു;
ശ്രദ്ധാ രതി ധനാവഹ:	സത്വരജസ്തമോ ഗുണങ്ങളായ ശ്രദ്ധാ, രതി, ധനം ഇവയെ നല്കുന്നതായും ആയിത്തീരുന്നു.

8. പ്രവൃത്തിലക്ഷണേ നിഷ്ഠാ പുമാൻ യർഹി ഗൃഹാശ്രമേ ।
സ്വധർമ്മേ ചാനുതിഷ്ഠേത ഗുണാനാം സമിതിർഹി സാ ।।

പ്രവൃത്തി ലക്ഷണേ	കാമ്യകർമ്മത്തിങ്കൽ
നിഷ്ഠാ യർഹി	എപ്പോഴ് നിഷ്ഠ (ബന്ധം) സംഭവിക്കുന്നുവോ
പുമാൻ	പുരുഷൻ
ഗൃഹാശ്രമേ	ഗൃഹസ്ഥാശ്രമത്തിൽ തന്നെ ബന്ധമുള്ളവനായ് ഭവിക്കുന്നുവോ
അനുസ്വ ധർമ്മേ ച	പിന്നീട് നിത്യനൈമിത്തിക ധർമ്മത്തിലും
തിഷ്ഠേത	ബന്ധമുള്ളവനായ് ഭവിക്കുന്നുവോ
സാ	ആബന്ധവും

ഹി	എന്തുകൊണ്ടെന്നാൽ കാമ്യകർമ്മം, ഗൃഹാസക്തി സ്വധർമ്മാനുഷ്ഠാനം, ഇവ ക്രമത്തിൽ സത്വരസ്തമോ ഗുണകാർമ്മങ്ങളാം;
ഗുണാനാം സമിതി:	സത്വരജസ്തമോഗുണങ്ങളുടെ സംഗമത്താൽ സംഭവിച്ചതാകുന്നു.

9. പുരുഷം സത്വസംയുക്തമനുമീയാച്ഛമാദിഭിഃ।
കാമാദിഭീ രജോയുക്തം ക്രോധാദ്യൈസ്തമസാ യുതം॥

ശമാദിഭിഃ	ശമം മുതലായ ഗുണങ്ങളേക്കൊണ്ടു്
പുരുഷം	പുരുഷനെ
സത്വസംയുക്തം	സത്വഗുണത്തോടുകൂടിയവനായ്
അനുമീയാത്	ഊഹിക്കണം;
കാമാദിഭീ:	കാമം മുതലായവയാൽ
രജോയുക്തം	രജോഗുണത്തോടുകൂടിയവനായും
ക്രോധാദ്യൈ:	ദ്വേഷ്യം മുതലായവയാൽ
തമസായുക്തം	തമോഗുണസംപന്നനായും അറിയേണ്ടതാകുന്നു.

10. യദാ ഭജതി മാം ഭക്ത്യാ നിരപേക്ഷ: സ്വകർമ്മഭി:।
തം സത്വപ്രകൃതിം വിദ്യാത് പുരുഷം സ്ത്രീയമേവ വാ॥

നിരപേക്ഷ:	ഇച്ഛാരഹിതനായ്
സ്വകർമ്മഭി:	തന്റെ കർമ്മങ്ങളേക്കൊണ്ടു്
മാം	എന്നെ
ഭക്ത്യാ	ഭക്തിയോടെ
യദാ ഭജതി	എപ്പോഴ് ഭജിക്കുന്നുവോ
തം പുരുഷം	അപ്പോഴ് ആ പുരുഷനെ
സത്വ പ്രകൃതിം	സത്വഗുണമുള്ളവനായ്
വിദ്യാത്	അറിയേണ്ടതാകുന്നു;
സ്ത്രീയം ഏവ	ആ സ്ത്രീയേയും
വാ	അറിയേണ്ടതാണ്;

11. യദാ ആശിഷ ആശാസ്യ മാം ഭജതേ സ്വകർമ്മഭി:।
തം രജ: പ്രകൃതിം വിദ്യാദ്ധിംസാമാശാസ്യ താമസം॥

ആശിഷ:	ഫലങ്ങളെ
ആശാസ്യ	ആഗ്രഹിച്ചു്
സ്വകർമ്മഭി:	സ്വകർമ്മങ്ങളാൽ
മാം	എന്നെ
യദാ	എപ്പോഴ്
ഭജതേ	ഭജിക്കുന്നുവോ
തം രജ: പ്രകൃതിം	അപ്പോഴ് അവനെ രജോഗുണത്തോടുകൂടിയവനമായും

ഹിംസാം	ശത്രുവധം മുതലായവയെ	താമസം	തമോഗുണമുള്ളവനായും
ആശാസ്യ	ഇഷ്ടപ്പെട്ടു് ഭജിക്കുന്നവനെ	വിദ്യാത്	അറിയേണ്ടതാകുന്നു.

12. സത്വം രജസ്തമ ഇതി ഗുണാ ജീവസ്യ നൈവ മേ !
ചിത്തജാ യൈസ്തു ഭൂതാനാം സജ്ജമാനോ നിബദ്ധ്യതേ !!

സത്വം രജ: തമ: ഇതി ഗുണാ:	സത്വം, രജസ്, തമസ് എന്ന ഗുണങ്ങൾ	നമേ	എന്നോടു് ചേർന്നവ അല്ല
		യൈ:	ആ ഗുണങ്ങളാൽ
ചിത്തജാ	ജീവോപാധിയായ ചിത്തത്തിൽ ഉണ്ടാകുന്ന;	ഭൂതാനാം	ദേഹം ഇന്ദ്രിയങ്ങൾ മുതലായവയിൽ
ജീവസ്യ ഏവ	ആയതുകൊണ്ടു് അവ ജീവനോടു് ചേർന്നവ തന്നെയാണു്;	സജ്ജമാന:തു നിബദ്ധ്യതേ	ബന്ധം പ്രാപിക്കുന്നതിനാൽ ബന്ധിക്കപ്പെടുന്നു.

13. യദേതരൌ ജയേത്സത്വം ഭാസ്വരം വിശദം ശിവം !
തദാ സുഖേന യുജ്യേത ധർമ്മ ജ്ഞാനാദിഭി: പുമാൻ !!

യദാ	എപ്പോൾ	തദാ	അപ്പോൾ
ഭാസ്വരം	പ്രകാശവും	പുമാൻ	പുരുഷൻ
വിശദം	നിർമ്മലവും	സുഖേന	ശാന്തനായതുകൊണ്ടു് സുഖിയായും
ശിവം	ശാന്തവുമായ		
സത്വം	സത്വഗുണം	ധർമ്മജ്ഞാനാദിഭി:	നിർമ്മലനായതുകൊണ്ടു് ധർമ്മത്തോടും പ്രകാശകമായതിനാൽ ജ്ഞാനത്തോടും
ഇതരൌ	വേറെ രജസ്തമോ ഗുണങ്ങളെ		
ജയേത്	ജയിക്കുന്നുവോ	യുജ്യേത	ചേരുന്നു

14. യദാ ജയേത്തമ: സത്വം രജ: സംഗം ഭിദാ ചലം !
തദാ ദു:ഖേന യുജ്യേത കർമ്മണാ യശസാ ശ്രിയാ !!

യദാ	എപ്പോൾ	ഭിദാ	ഭേദബുദ്ധിക്കു കാരണമായതും
സംഗം	സംഗത്തിനു കാരണമായതും	ചലം	പ്രവൃത്തി സ്വഭാവത്തോടു കൂടിയതുമായ

രജഃ	രജോഗുണം	കർമ്മണാ	പ്രവൃത്തി സ്വഭാവമുള്ളതു കൊണ്ട് പ്രവൃത്തിയോടും
തമഃസത്വം ജയേത്	തമോഗുണത്തിനേയും സത്വഗുണത്തിനേയും ജയിക്കുന്നുവോ		
തദാ	അപ്പോൾ	ദുഃഖേന	ഭേദബുദ്ധിക്കു കാരണമായതിനാൽ ദുഃഖത്തോടും
യശസാ ശ്രിയാ	സംഗഹേതുവായതു കൊണ്ട് കീർത്തിയോടും ഐശ്വര്യത്തോടും	യുജ്യേത	ചേരുന്നു.

15. **യദാ ജയേദ് രജഃ സത്വം തമോ മൂഢം ലയം ജഡം ।**
യുജ്യേത ശോകമോഹാഭ്യാം നിദ്രയാ ഹിംസയാഽഽശയാ ॥

യദാ	എപ്പോൾ	ജയേത്	ജയിക്കുന്നുവോ അപ്പോൾ
മൂഢം	വിവേകം നശിപ്പിക്കുന്നതും	ശോകമോഹാഭ്യാം	മൂഢമായതിനാൽ ശോകമോഹത്തോടും
ലയം	ലയിക്കുന്നതും (മറഞ്ഞു പോകുന്നതും)	ഹിംസയാ	ഹിംസയോടും
		നിദ്രയാ	മറഞ്ഞു പോകുന്നതിനാൽ ദുഃഖത്തോടും
ജഡം	ഉദ്യമരഹിതവുമായ		
തമഃ	തമോഗുണം	ആശയാ	ഉദ്യമമില്ലാത്തതിനാൽ വെറും ആശയോടും
സത്വം രജഃ	സത്വഗുണത്തിനേയും രജോഗുണത്തിനേയും	യുജ്യേത	ചേരുന്നു

16. **യദാ ചിത്തം പ്രസീദേത ഇന്ദ്രിയാണാം ച നിർവൃതിഃ ।**
ദേഹേഽഭയം മനോഽസംഗം തത്സത്വം വിദ്ധി മത്പദം ॥

യദാ	എപ്പോൾ	അസംഗം	ബന്ധമില്ലാത്തതായുമായ്ത്തീരുന്നു
ചിത്തം പ്രസീദേത	ചിത്തം തെളിയുന്നുവോ അപ്പോൾ	തത്	അപ്പോൾ
ഇന്ദ്രിയാണാം നിർവൃതി	ഇന്ദ്രിയങ്ങൾക്ക് വിശ്രമവും	മത്പദം	എന്നെ അറിയുന്ന സ്ഥലമായ
ദേഹേ	ശരീരത്തിൽ		
അഭയം	ഭയരാഹിത്യവും	സത്വം വിദ്ധി	സത്വഗുണം വർദ്ധിച്ചിരിക്കുന്നതായ് അറിയുക
മനഃ	മനസ്		

**17. വികുർവ്വൻ ക്രിയയാ ചാധീര നിർവൃതിശ്ച ചേതസാം ।
ഗാത്രാസ്വാസ്ഥ്യം മനോഭ്രാന്തം രജ ഏതൈർനിശാമയ ॥**

ക്രിയയാ വികുർവ്വൻ	എപ്പോൾ പുരുഷൻ പ്രവൃത്തിയാൽ വികാരം പ്രാപിച്ച്	ഗാത്രാസ്വാസ്ഥ്യം	കർമ്മേന്ദ്രിയങ്ങൾക്ക് അധികം വികാരം ഉണ്ടാകുന്നുവോ
ആധീ:ച	നാലു ഭാഗങ്ങളിലും അലയുന്ന ബുദ്ധിയോടു കൂടിയവനായിട്ടും ഭവിക്കുന്നുവോ	മനഃഭ്രാന്തം	മനസ്സും ചലിക്കുന്നുവോ
		ഏതൈ:	അപ്പോഴുള്ള കാരണങ്ങളെക്കൊണ്ട്
ചേതസാം	ജ്ഞാനേന്ദ്രിയങ്ങൾക്ക്		
അനിവൃത്തി	വിശ്രാമം ഇല്ലാതാകുന്നുവോ	രജ:നിശായ	രജോഗുണം വൃദ്ധി പ്രാപിച്ചതായ് അറിയുക

**18. സീതചിത്തം വിലീയേത ചേതസോ ഗ്രഹണേഽക്ഷമം ।
മനോ നഷ്ടം തമോ ഗ്ലാനിസ്തമസ്തദുപധാരയാ ॥**

ചിത്തം	ചിത്തം എപ്പോൾ	നഷ്ടം	ലയം പ്രാപിക്കുന്നുവോ
സീദത	ക്ഷീണം പ്രാപിച്ച്	തമ:	അജ്ഞാനവും
ചേതസ: ഗ്രഹണേ	ചിതാകാരമായ് പരിണമിക്കുന്നതിൽ	ഗ്ലാനി:	ദുഃഖവും ഉണ്ടാകുന്നുവോ
അക്ഷമം	ശക്തി ഇല്ലാത്തതായ്	തത്	അപ്പോൾ
വിലീയേത	ലയം പ്രാപിക്കുന്നുവോ	തമ: ഉപധാരയ	തമോഗുണം വൃദ്ധിയായതായിട്ടറിയുക
മന:	സങ്കല്പാത്മകമായ മനസ്സും		

**19. ഏധമാനേ ഗുണേ സത്വേ ദേവാനാം ബലമേധതേ ।
അസുരാണാം ച രജസി തമസ്യുദ്ധവ രക്ഷസാം ॥**

ഉദ്ധവ!	ഉദ്ധവ!	ഏധതേ	വദ്ധിക്കുന്നു.
സാത്വേ ഗുണേ ഏധമാനേ	സത്വഗുണം വൃദ്ധിയാകുമ്പോൾ	രജസി ച	രജോഗുണം വൃദ്ധിയാകുമ്പോൾ
ദേവാനാം ബലം	ദേവന്മാർക്ക് (ഇന്ദ്രിയങ്ങൾക്ക്) ബലം (നിവൃത്തി സ്വഭാവമായതു്)	അസുരാണാം	അസുരന്മാർക്ക് (ഇന്ദ്രിയങ്ങൾക്ക്) ബലം പ്രവൃത്തി സ്വഭാവവും)

തമസി	തമോഗുണം വൃദ്ധിയാകുമ്പോൾ	രക്ഷസാം	രാക്ഷസന്മാർക്കു് (ഇന്ദ്രിയങ്ങൾക്കു്) ബലം (മോഹസ്വഭാവവും) വർദ്ധിക്കുന്നു

20. സത്വാജ്ജാഗരണം വിദ്യാത് രജസാ സ്വപ്നമാദിശേത് ।
പ്രസ്വാപം തമസാ ജന്തോസ്തുരീയം ത്രിഷു സന്തതം ॥

ജന്തോഃ	ജീവന്നു്	പ്രസ്വാപം	സുഷുപ്തിയേയും
സത്വാത്	സത്വഗുണത്താൽ	ആദിശേത്	അറിഞ്ഞുകൊള്ളണം
ജാഗരണം	ഉണർച്ച ഉണ്ടാകുന്നു എന്നു്	തുരീയം	നാലാമത്തെ അവസ്ഥ എന്നതു്
വിദ്യാത്	അറിയണം;		
രജസാ	രജോഗുണത്താൽ	ത്രിഷു സന്തതം	പൂർവ്വോക്തമായ അവസ്ഥാത്രയങ്ങളിലും അനുസ്യൂതമായിരിക്കുന്ന ആത്മതത്വമാണ് എന്നു് അറിയണം
സ്വപ്നം	സ്വപ്നത്തിനേയും		
തമസാ	തമോഗുണത്താൽ		

21. ഉപര്യുപരി ഗച്ഛന്തി സത്വേന ബ്രാഹ്മണാ ജനാഃ ।
തമസധോഽധ ആമുഖ്യാത് രജസാന്തരചാരിണഃ ॥

22. സത്വേ പ്രലീനഃ സ്വര്യാന്തി നരലോകം രജോലയാഃ ।
തമോലയാസ്തു നിരയം യാന്തി മാമേവ നിർഗ്ഗുണാഃ ॥

ബ്രാഹ്മണാഃ	വേദോക്തമായ ധർമ്മങ്ങളെ അനുഷ്ഠിക്കുന്ന	രജസാ	രജോഗുണത്താൽ
ജനാഃ	ജനങ്ങൾ	അന്തരചാരിണഃ	ഇവ രണ്ടിനും ഇടയിലുള്ള മനുഷ്യജന്മവും പ്രാപിക്കുന്നു
സത്വേന	സത്വഗുണത്താൽ		
ഉപരി ഉപരി ഗച്ഛന്തി	ഉപര്യുപരിസ്ഥിതമായ ലോകങ്ങളെ പ്രാപിക്കുന്നു	സത്വേ പ്രലീനഃ	സത്വാധിക്യം വർദ്ധിച്ചപ്പോൾ മരിച്ചവർ
		സ്വഃ യാന്തി	സ്വർഗ്ഗം പ്രാപിക്കുന്നു;
തമസാ	തമോഗുണത്താൽ	രജോലയാഃ	രജോഗുണം വൃദ്ധിയാകുമ്പോൾ മരിച്ചവർ
ആമുഖ്യാത്	മരം മുതലായ സ്ഥാവരം ഉള്ളടങ്ങിയ	നരലോകം	നരലോകത്തേയും,
അധഃ അധഃ	മനുഷ്യന്നു് നീചമായ ജന്മവും	തമോലയാഃ	തമോഗുണം വൃദ്ധിയാകുമ്പോൾ മരിച്ചവർ

നിരയം	നരകവും പ്രാപിക്കുന്നു		
നിർഗുണാ: തു	ഏതുവിധമായ ഗുണസംബന്ധവുമില്ലാത്തവരാണെങ്കിൽ ജീവിച്ചിരിക്കുമ്പോഴും തന്നെ	മാം ഏവ യാന്തി	എന്നെത്തന്നെ പ്രാപിക്കുന്നു

23. മദർപ്പണം നിഷ്ഫലം വാ സാത്വികം നിജകർമ്മ തത് ।
രാജസം ഫലസങ്കല്പം ഹിംസാ പ്രായാദി താമസം ॥

മദർപ്പണം	എന്റെ പ്രീതിക്കായ് എനിക്കർപ്പിക്കപ്പെട്ട	ഫല സങ്കല്പം	ഫലേച്ഛുവായ് അനുഷ്ഠിക്കപ്പെട്ടതു്
നിജകർമ്മ	തന്റെ ഏതൊരു നിത്യനൈമിത്തിക കർമ്മമുണ്ടോ	രാജസം	രാജസം;
നിഷ്ഫലം വാ	ഫലേച്ഛ ഇല്ലാതെ ദാസഭാവംകൊണ്ടുതന്നെ ചെയ്യപ്പെട്ട	ഹിംസാ പ്രായാദി	ഹിംസാപൂർണ്ണമായവകൾ
തത് സാത്വികം	അതു് സാത്വികം	താമസം	താമസം,

24. കൈവല്യം സാത്വികം ജ്ഞാനം രജോ വൈകല്പികം ച യത് ।
പ്രാകൃതം താമസം ജ്ഞാനം മന്നിഷ്ഠം നിർഗുണം സ്മൃതം ॥

കൈവല്യം	ആത്മദേഹാദികളിൽ നിന്നു് മുക്തൻ എന്ന	പ്രാകൃതം	ബാലന്മാരെപ്പോലെ ആഹാരാദി വിഷയമായ
ജ്ഞാനം സാത്വികം	ജ്ഞാനം സാത്വികം;	ജ്ഞാനം	ജ്ഞാനം
യത് വൈകല്പികം രജ: ച	വികല്പംകൊണ്ടു സംഭവിക്കുന്ന പ്രപഞ്ചം സത്യമോ അസത്യമോ, ജീവൻ നിത്യമോ എന്നു് ഏതൊരു ജ്ഞാനം ഉണ്ടോ ആയതു് രാജസം;	താമസം	താമസം
		മന്നിഷ്ഠം നിർഗുണം സ്മൃതം	പരമാത്മാസംബന്ധിച്ച ജ്ഞാനം നിർഗുണം എന്നറിയപ്പെടുന്നു

25. വനം തു സാത്വികോ വാസോ ഗ്രാമോ രാജസ ഉച്യതേ ।
താമസം ദ്യൂതസദനം മന്നികേതം തു നിർഗുണം ॥

വനം	വനം
സാത്വിക: വാസ:	സാത്വികമായ വാസസ്ഥലം;
ഗ്രാമ: തു	ഗ്രാമം ആയാൽ
രാജസ ഉച്യതേ	രാജസം എന്നു് പറയപ്പെടുന്നു
ദ്യൂതസദനം	ദ്യൂതക്രീഡാസ്ഥലം
താമസം	താമസം
മന്നികേതം	എന്റെ ആലയം
നിർഗ്ഗുണം തു	നിർഗ്ഗുണമായ വാസസ്ഥലം എന്നു് പറയപ്പെടുന്നു

26. സാത്വിക കാരകോഽസംഗീ രാഗാന്ധോ രാജസ: സ്മൃത ।
താമസഃ സ്മൃതി വിഭ്രഷ്ടോ നിർഗ്ഗുണോ മദപാശ്രയ: ॥

അസംഗീ കാരക:	കർമ്മഫലവിരക്തനായ കർത്താവ്
സാത്വിക:	സാത്വികൻ;
രാഗാന്ധ:	ഫലത്തിൽ ഇച്ഛയുള്ളവൻ
രാജസഃ സ്മൃത:	രാജസൻ എന്നു് പറയപ്പെടുന്നു;
സ്മൃതി വിഭ്രഷ്ട:	അറിവു് നഷ്ടപ്പെട്ടവൻ
താമസ:	താമസൻ;
മദപാശ്രയ:	എന്നെത്തന്നെ ശരണം
നിർഗുണ:	പ്രാപിച്ചവൻ നിർഗുണൻ

27. സാത്വിക്യാദ്ധ്യാത്മികീ ശ്രദ്ധാ കർമ്മശ്രദ്ധാ തു രാജസീ ।
താമസ്യധർമ്മേ യാ ശ്രദ്ധാ മത്സേവായാം തു നിർഗ്ഗുണാ ॥

ആദ്ധ്യാത്മികീ ശ്രദ്ധാ	അദ്ധ്യാത്മവിഷയകമായ ശ്രദ്ധാ
സാത്വികീ	സാത്വികം;
കർമ്മശ്രദ്ധാ തു	കർമ്മശ്രദ്ധയാണെങ്കിൽ
രാജസീ	രാജസം;
അധർമ്മേ	അധർമ്മത്തിൽ ധർമ്മം എന്ന
യാ ശ്രദ്ധാ	ഏതൊരു ശ്രദ്ധ ഉണ്ടോ
താമസീ	അതു് താമസം;
മത്സേവായാം തു	എന്നെ സേവിക്കുന്നതിൽ ഉള്ള ശ്രദ്ധാ എങ്കിൽ
നിർഗുണാ	അതു് നിർഗുണം

28. പഥ്യം പൂതമനായസ്തമാഹാര്യം സാത്വികം സ്മൃതം ।
രാജസം ചേന്ദ്രിയപ്രേഷ്ഠം താമസം ചാർത്തിദാശുചി ॥

പഥ്യം	ഹിതം ചെയ്യുന്നതും
പൂതം	വളരെ ശുദ്ധമായതും

അനായസ്തം	പരിശ്രമിക്കാതെ ലഭിച്ചതുമായ	രാജസം ച	രാജസം;
ആഹാര്യം	ആഹാരം	ആർതിദാശുചി	ദുഃഖപ്രദവും അശുദ്ധമായതും
സാത്വികം സ്മൃതം	സാത്വികം എന്ന് പറയപ്പെടുന്നു;		
ഇന്ദ്രിയപ്രേഷ്ഠം	ഇന്ദ്രിയങ്ങൾക്ക് സ്വാദ് നല്കുന്ന ഉപ്പ്, പുളി മുതലായത്	താമസം ച	താമസം എന്നും പറയപ്പെടുന്നു.

29. **സാത്വികം സുഖമാത്മോത്ഥം വിഷയോത്ഥം തു രാജസം ।**
താമസം മോഹ ദൈന്യോത്ഥം നിർഗ്ഗുണം മദപാശ്രയം ॥

ആത്മോത്ഥം സുഖം	ആത്മാനുഭവംകൊണ്ട് ഉണ്ടാകുന്ന സുഖം	താമസം	താമസം;
സാത്വികം	സാത്വികം;		
വിഷയോത്ഥം തു	വിഷയസുഖംകൊണ്ട് ഉണ്ടാകുന്ന സുഖം	മദപാശ്രയം	എന്നെ ധ്യാനിക്കുക, പൂജിക്കുക, നമസ്കരിക്കുക ഇവകളാലുണ്ടാകുന്നസുഖം
രാജസം	രാജസം;		
മോഹദൈന്യോത്ഥം	മോഹം, ദൈന്യം ഇവയാൽ ഉണ്ടാകുന്ന സുഖം	നിർഗുണം	നിർഗുണം

30. **ദ്രവ്യം ദേശഃഫലം കാലോ ജ്ഞാനം കർമ്മച കാരകഃ ।**
ശ്രദ്ധാവസ്ഥാ ƒƒകൃതിർനിഷ്ഠാ ത്രൈഗുണ്യഃ സർവ്വ ഏവ ഹി ॥

ദ്രവ്യം	പഥ്യവും ശുദ്ധവുമായ ദ്രവ്യം	കാരകഃച	ഫലേച്ഛ ഇല്ലാത്ത കർത്താ
		ശ്രദ്ധാ	സാത്വികമായ ശ്രദ്ധാ
ദേശഃ	വനം മുതലായ ദേശം	അവസ്ഥാ	സത്വഗുണാദികളാലുണ്ടാകുന്ന ജാഗരണം മുതലായ അവസ്ഥാ
ഫലം	സാത്വികമായ സുഖം മുതലായ ഫലം		
കാലഃ	എന്നെ ഭജിക്കുന്ന കാലം	ആകൃതിഃ	ദേവത്വം മുതലായ സ്വരൂപം
ജ്ഞാനം	കേവലാത്മവിഷയകമായ സാത്വിക ജ്ഞാനം	നിഷ്ഠാ സർവ്വഃ ഏവ	സ്വർഗ്ഗാദികളായ നിഷ്ഠാ ഇവ എല്ലാം
കർമ്മ	എനിക്ക് അർപ്പിക്കപ്പെട്ട കർമ്മം	ത്രൈഗുണ്യഃ	ത്രിഗുണാത്മകങ്ങളും തന്നെ

31. സർവ്വേ ഗുണമയാഭാവാ പുരുഷാ വ്യക്തധിഷ്ഠിതാ: ।
ദൃഷ്ടം ശ്രുതമനുദ്ധ്യാതം ബുദ്ധ്യാവാ പുരുർഷഭ ॥

പുരുർഷഭ	ഹേ പുരുശ്രേഷ്ഠ!
ദൃഷ്ടം	കണ്ണാൽ നോക്കപ്പെട്ടതും
ശ്രുതം	ചെവികളാൽ കേൾക്കപ്പെട്ടതും
ബുദ്ധ്യാ അനുദ്ധ്യാതം വാ	ബുദ്ധിയാൽ ആലോചിക്കപ്പെട്ടതും
പുരുഷാവ്യക്ത ധിഷ്ഠിതാ:	പുരുഷനാലും പ്രകൃതിയാലും അധിഷ്ഠിതങ്ങളായ
സർവ്വേ ഭാവാ:	സകല പദാർത്ഥങ്ങളും
ഗുണമയാ:	ഗുണകാര്യങ്ങൾ തന്നെയാകുന്നു

32. ഏതാ: സംസൃതയാ: പുംസോ ഗുണകർമ്മനിബന്ധനാ: ।
യേനേമേ നിർജ്ജിതാ സൌമ്യ ഗുണാ ജീവേന ചിത്തജാ: ॥
ഭക്തിയോഗേന മന്നിഷ്ഠോ മദ്ഭാവായ പ്രപദ്യതേ ।

സൌമ്യ	നല്ല ഗുണങ്ങളോടു കൂടിയവനെ
പുംസ:	പുരുഷന്
ഗുണകർമ്മ നിബന്ധനാ:	ഗുണങ്ങളേയും കർമ്മങ്ങളേയും കാരണമായിട്ടുള്ള
ഏതാ: സംസൃതയാ:	ദേവൻ, മനുഷ്യൻ മുതലായ ഈ യോനികൾ ഉണ്ടാകുന്നു;
ചിത്തജാ:	ചിത്തത്തിലുണ്ടാകുന്ന
ഇമേ ഗുണാ:	ഈ ഗുണങ്ങൾ
യേന ജീവേന	ഏതു ജീവനാൽ
നിർജിതാ:	ജയിക്കപ്പെടുന്നുവോ അവൻ
ഭക്തിയോഗേന	ഭക്തിയോഗത്താൽ
മന്നിഷ്ഠ:	എന്നിൽ വ്യാപൃതനായ്
മദ്ഭാവായ	എന്നെ പ്രാപിക്കുവാൻ (മോക്ഷത്തിന്ന്)
പ്രപദ്യതേ	അർഹനായ്ത്തീരുന്നു

33. തസ്മാദ്ദേഹമിമം ലബ്ധ്വാ ജ്ഞാനവിജ്ഞാന സംഭവം ।
ഗുണസംഗം വിനിർദ്ധൂയ മാം ഭജന്തു വിചക്ഷണാ: ॥

തസ്മാത്	ആയതുകൊണ്ട്
വിചക്ഷണാ:	വിവേകികൾ
ജ്ഞാന വിജ്ഞാന സംഭവം	ജ്ഞാനവും വിജ്ഞാനവും സിദ്ധിക്കുവാൻ കാരണമായ
ഇമം ദേഹം	ഈ മനുഷ്യശരീരം
ലബ്ധ്വാ	ലഭിച്ച്
ഗുണസംഗം	ഗുണസംഗത്തിനെ
വിനിർദ്ധൂയ	പരിഹരിച്ച്
മാം ഭജന്തു	എന്നെ സേവിച്ചാലും

34. നിസ്സംഗോ മാം ഭജേദ്വിദ്വാനപ്രമത്തോ ജിതേന്ദ്രിയ: ।
രജസ്തമശ്ചാഭിജയേത് സത്വസംസേവയാ മുനി: ॥

വിദ്വാൻ	വിവേകി
നി: സംഗ:	ഒന്നിലും രാഗമില്ലാത്തവനായി
ജിതേന്ദ്രിയ:	ഇന്ദ്രിയങ്ങളെ ജയിച്ച്
അപ്രമത്ത:	ബുദ്ധിഭ്രമം ഇല്ലാത്തവനായി
മാം ഭജേത്	എന്നെ ഭജിക്കേണം;
മുനി:	മൌനവ്രതനായി
സത്വസംസേവയാ	സാത്വികപദാർത്ഥങ്ങളേ സേവിക്കുന്നതിനാൽ
രജ: തമ: ച	രജോഗുണത്തിനേയും തമോഗുണത്തിനേയും
അഭിജയേത്	ജയിക്കേണം

35. സത്വം ചാഭിജയേദ്യുക്തോ നൈരപേക്ഷ്യേണ ശാന്തധീ: ।
സംപദ്യതേ ഗുണൈർമുക്തോ ജീവോ ജീവം വിഹായ മാം ॥

നൈരപേക്ഷ്യേണ	ഉപശമരൂപമായ സത്വഗുണം കൊണ്ടുതന്നെ
സത്വം ച	സത്വഗുണത്തിനേയും
അഭിജയേത്	ജയിക്കണം;
യുക്ത:	ആയതിനാൽ അവൻ യോഗിയായും
ശാന്തധീ:	ശാന്തമായ മനസ്സോടുകൂടിയവനായും ഭവിക്കുന്നു
ഗുണൈ:	ഇപ്രകാരം ഗുണങ്ങളാൽ
മുക്ത:	മോചിപ്പിക്കപ്പെട്ട
ജീവ:	ജീവൻ
ജീവം	ജീവത്വത്തിന് കാരണമായ ലിംഗശരീരത്തിനെ
വിഹായ	ഉപേക്ഷിച്ചിട്ട്
മാം സംപദ്യതേ	എന്നെ പ്രാപിക്കുന്നു.

36. ജീവോ ജീവ വിനിർമുക്തോ ഗുണൈശ്ചാശയ സംഭവൈ: ।
മയൈവ ബ്രഹ്മണാ പൂർണ്ണോ ന ബഹിർനാന്തരശ്ചരേത് ॥

ജീവവിനിർമുക്ത:	ജീവത്വത്തിന് കാരണമായ ലിംഗശരീരത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ടവനും
ആശയസംഭവൈ:	ചിത്തത്തിലുണ്ടാകുന്ന
ഗുണൈ ച	സത്വം മുതലായ ഗുണങ്ങളാലും മുക്തനുമായ
ജീവ:	ജീവൻ
ബ്രഹ്മണാ	പൂർണ്ണാനന്ദരൂപിയായ
മയാ	എന്നാൽ

പൂർണ്ണ: ഏവ	മുഴവനും വ്യാപ്തനായ്	ആന്തര: ച	അതിനെ സ്മരിക്കുന്നതിനാൽ ഉള്ളിലും
ബഹി:	വിഷയഭോഗംകൊണ്ടു് പുറത്തും	ന ചരേത്	സഞ്ചരിക്കുന്നില്ല.

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം പതിനൊന്നംസ്കന്ധം ഇരുപത്തിയഞ്ചാമദ്ധ്യായം സമാപ്തം

ആദിത: ശ്ലോകാ: 13272 ഏകാദശസ്കന്ധം ആദിത: ശ്ലോകാ: 1106

ഷഡ്വിംശോ ƒദ്ധ്യായഃ = അധ്യായം ഇരുപത്തിആറ്

ഐള ഗീതം

ശ്രീ ഭഗവാനുവാച :— ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

1. മല്ലക്ഷണമിമം കായം ലബ്ധ്വാ മദ്ധർമ്മ ആസ്ഥിത: !
ആനന്ദം പരമാത്മാനമാത്മസ്ഥം സമുപൈതി മാം !!

മല്ലക്ഷണം	എന്നെ അറിയുവാൻ ഹേതുവായ	ആനന്ദം	ആനന്ദസ്വരൂപിയും
		ആത്മസ്ഥം	ജീവാത്മാവിങ്കൽ നിയാമകനായിട്ടു് ഇരിക്കുന്നവനും
ഇമം കായം ലബ്ധ്വാ	ഈ മനുഷ്യശരീരംലഭിച്ച്		
		പരമാത്മാനം	പരമാത്മസ്വരൂപിയായ
മദ്ധർമ്മേ ആസ്ഥിത:	ഭക്തിരൂപമായ എന്റെ ധർമ്മ മനുഷ്ഠിക്കുന്നവനായി	മാം സമുപൈതി	നല്ലപോലെ എന്നെ പ്രാപിക്കുന്നു.

2. ഗുണമയ്യാ ജീവയോന്യാ വിമുക്തോജ്ഞാനനിഷ്ഠയാ !
ഗുണേഷു മായാ മാത്രേഷു ദൃശ്യമാനേഷ്വവസ്തുത: !!
വർത്തമാനോƒപി ന പുമാൻ യുജ്യതേƒവസ്തുഭിർഗുണൈ: !

പുമാൻ	പുരുഷൻ
ജ്ഞാനനിഷ്ഠയാ	ജ്ഞാനത്തിന്റെ സ്ഥിരതയാൽ
ഗുണമയ്യാ	ഗുണമയമായ
ജീവയോന്യാ	ജീവന്നു് ഉപാധിയായ മായയാൽ
വിമുക്തഃ	മോചിക്കപ്പെട്ടവനായി
മയാ മാത്രേഷു	മായാ മാത്രങ്ങളും
അവസ്തുതഃ ദൃശ്യമാനേഷു	അസ്ഥിരമായി ദൃഷ്ടിഗോചരമായവകളുമായ
ഗുണേഷു	ശരീരങ്ങളിൽ
വർത്തമാനഃ അപി	ഇരുന്നാലുംകൂടി
അവസ്തുഭിഃ ഗുണൈഃ	അസ്ഥിരങ്ങളായ ശരീരങ്ങളോടെ
ന യുജ്യതേ	സംബന്ധപ്പെടുന്നില്ല.

3. സംഗം ന കുര്യാദസതാം ശിശ്നോദര തൃപാം ക്വചിത് ।
തസ്യാനുഗസ്തമസ്യന്ധേ പതത്യന്ധാനുഗാന്ധവത് ॥

ശിശ്നോദര തൃപാം	ശിശ്നം, വയറു് ഇവകളെ മാത്രം തൃപ്തിചെയ്യുന്ന
അസതാം സംഗം	അസത്തുകളുടെ സംസർഗ്ഗത്തെ
ക്വചിത്	ഒരിക്കലും
ന കുര്യാത്	ചെയ്യരുത്;
തസ്യ അനുഗഃ	അവരിൽ ഒരുത്തനെയെങ്കിലും അനുഗമിക്കുന്നവൻ
അന്ധാനുഗാന്ധവത്	അന്ധനെ അനുഗമിക്കുന്ന അന്ധൻ എന്നപോലെ
അന്ധേ തമസി	അന്ധതാമിസ്രം എന്ന നരകത്തിൽ
പതതി	പതിക്കുന്നു.

4. ഐലഃ സമ്രാഡിമാം ഗാഥാമഗായത ബൃഹച്ഛ്രവാഃ ।
ഉർവ്വശീ വിരഹാന്മുഹ്യൻ നിർവ്വിണ്ണഃ ശോകസംയമേ ॥

ബൃഹച്ഛ്രവാഃ	മഹത്തായ കീർത്തിയോടു കൂടിയവനും
സമ്രാട്	ചക്രവർത്തിയുമായ
ഐലഃ	പുരൂരവസ്സ്
ഉർവ്വശീ വിരഹാത്	ഉർവ്വശിയുടെ വിരഹത്താൽ
മുഹ്യൻ	ആദ്യം മോഹിച്ചു്
ശോകസംയമേ നിർവ്വിണ്ണഃ	(അനന്തരം കുരുക്ഷേത്രത്തിൽ അവളെ പ്രാപിച്ചു് ഗന്ധർവ്വനാൽ നല്കപ്പെട്ട അഗ്നിയാൽ ദേവന്മാരെ പൂജിച്ചു് വീണ്ടും ഉർവ്വശി ലോകം ചെന്നു്) തന്റെ ശോകം പരിഹൃതമായപ്പോൾ വിരക്തനായി
ഇമാം ഗാഥാം അഗായത	ചുവടെ കാണുന്ന ശ്ലോകങ്ങളെ പറഞ്ഞു.

5. ത്യക്ത്വാത്മാനം വ്രജന്തീം താം നഗ്ന ഉന്മത്തവന്നൃപഃ !
വിലപന്നന്വഗാജ്ജായേഘോരേ തിഷ്ഠേതി വിക്ലവഃ !!

ആത്മാനം ത്യക്ത്വാ	തന്നെ ത്യജിച്ച്	ഉന്മത്തവത്	ഭ്രാന്തനെ പോലെ
വ്രജന്തീം താം	ഓടിപ്പോകുന്ന ആ ഉർവ്വശിയെക്കണ്ട്	നഗ്നഃ	ഉടുപ്പില്ലാതെ
		ഘോരേ ജായേ തിഷ്ഠ	ദുഷ്ടേ എന്റെ ഭാര്യേ; നില്ക്കുക എന്ന്
വിക്ലവഃ	കലങ്ങിയവനായി	വിലപൻ	വിലപിച്ചുകൊണ്ട്
നൃപഃ	ആ രാജാവ്	അന്വഗാത്	പിൻതുടർന്നുചെന്നു.

6. കാമാനതൃപ്തോഽനുജുഷൻ ക്ഷുല്ലകാൻ വർഷയാമിനീഃ !
ന വേദ യാന്തീർന്നായാന്തീരുർവ്വശ്യാകൃഷ്ടചേതനഃ !!

ഉർവ്വശ്യാ	ഉർവ്വശിയാൽ	അതൃപ്തഃ	തൃപ്തി ഇല്ലാതെ
ആകൃഷ്ടചേതനഃ	ആകൃഷ്ടമായ മനസ്സോടെ	വർഷയാമിനീഃ യന്തീഃ	കൊല്ലം കൊല്ലമായി രാത്രികൾ ചെന്നതും
ക്ഷുല്ലകാൻ കാമാൻ	തുച്ഛമായ സ്ത്രീഭോഗം	ന വേദ	അറിഞ്ഞില്ല;
അനുജുഷൻ	അനുഭവിച്ചും കൊണ്ട്	ആയാന്തീഃ ച	വരുന്നതും അറിഞ്ഞില്ല.

ഐല ഉവാച :— പുരൂരവസ് പറഞ്ഞു :—

7. അഹോ മേ മോഹ വിസ്താരഃ കാമ കശ്മല ചേതസഃ !
ദേവ്യാ ഗൃഹീതകണ്ഠസ്യ നായു ഖണ്ഡ ഇമേ സ്മൃതാഃ !!

കാമകശ്മല ചേതസഃ	കാമത്താൽ കലങ്ങിയ മനസ്സോട്	ദേവ്യാ	ഉർവ്വശിയാൽ
മേ	എന്റെ	ഗൃഹീത കണ്ഠസ്യ	കഴുത്തോടുകൂടി ആലിംഗനം ചെയ്യപ്പെട്ട എന്റെ
മോഹവിസ്താരഃ	മോഹത്തിന്റെ പ്രവാഹം ഈ വിധമാകുന്നു	ഇമേ ആയുഃ ഖണ്ഡാഃ	രാത്രി പകലായിട്ടുള്ള ഈ ഖണ്ഡങ്ങൾ
അഹോ	എന്നു് പറയുവാൻ വയ്യാതിരിക്കുന്നത് അത്ഭുതം!	ന സ്മൃതാഃ	എന്നാൽ സ്മരിക്കപ്പെട്ടില്ലല്ലോ.

8. നാഹം വേദാഭിനിമ്മുർക്ത: സൂര്യോ വാഭ്യുദിതോഽമുയാ ।
മുഷിതോ വർഷപൂഗാനാം ബതാഹാനി ഗതാന്യുത ॥

ഉത	അതും അല്ലാതെ
അമുയാ	ഇവളാൽ
മുഷിത:	ചതിക്കപ്പെട്ട
അഹം	ഞാൻ
വർഷപൂഗാനാം	പല കൊല്ലങ്ങളിൽ
ഗതാനി അഹാനി	ദിവസങ്ങൾ പോയതെങ്കിലും
സൂര്യ്യ അഭ്യുദിത	(ഞാൻ ഇവളോട് രമിക്കുമ്പോൾ) സൂര്യൻ ഉദിച്ചതിനേയോ
അഭിനി മുർക്ത: വാ	അസ്തമിച്ചതിനെയെങ്കിലും
ന വേദ	അറിഞ്ഞില്ലല്ലൊ
ബത	ഹാ കഷ്ടം

9. അഹോ മേ ആത്മസമ്മോഹോ യേനാത്മാ യോഷിതാം കൃത: ।
ക്രീഡാമൃഗശ്ചക്രവർത്തീ നരദേവ ശിഖാമണി: ॥

യേന	ഏതൊരു മോഹംകൊണ്ട്
നരദേവ ശിഖാമണി:	രാജാക്കന്മാരിൽ ഉത്തമനും
ചക്രവർത്തി	ചക്രവർത്തിയുമായ
ആത്മാ	ഞാൻ
യോഷിതാം	സ്ത്രീകൾക്ക്
ക്രീഡാമൃഗ: കൃത:	ക്രീഡോപകരണമായി ഭവിച്ചുവോ
മേ ആത്മ സമ്മോഹ:	എൻെറ മനസ്സിൽ ഉൽഭവിച്ച ആ മോഹം
അഹോ	അത്ഭുതം തന്നെ!

10. സപരിച്ഛദമാത്മാനം ഹിത്വാ തൃണമിവേശ്വരം ।
യാന്തീം സ്ത്രിയം ചാന്വഗമം നഗ്ന ഉന്മത്തവദ് രുദൻ ॥

സപരിച്ഛദം	രാജ്യം മുതലായവയോടു കൂടിയവനും
ഈശ്വരം	ചക്രവർത്തിയുമായ
ആത്മാനം	എന്നെ
തൃണം ഇവ ഹിത്വാ	പുല്ലുപോലെ ത്യജിച്ചിട്ട്
യാന്തീം സ്ത്രിയം	പോകുന്ന ഒരു പെണ്ണിനെ
ഉന്മത്തവത്	ഭ്രാന്തനെപോലെ
നഗ്ന:	ഇടുപ്പിൽ വസ്ത്രമില്ലാതെ
രുദൻ	കരഞ്ഞുംകൊണ്ട്
അന്വഗമം ച	അനുഗമിക്കുകയും ചെയ്തുവല്ലൊ.

11. കുതസ്തസ്യാനുഭാവ: സ്യാത് തേജ ഈശത്വമേവ വാ ।
യോഽന്വഗച്ഛം സ്ത്രിയം യാന്തീം ഖരവത് പാദതാഡിത: ॥

പാദതാഡിത:	പെൺകഴുതയാൽ പിൻകാലുകൾകൊണ്ട് തല്ലപ്പെട്ട
ഖരവത്	ആൺകഴുതപോലെ
യാന്തീം	ഓടിപ്പോകുന്ന
സ്ത്രീയം	ഒരു സ്ത്രീയെ
യ: അനുഗച്ഛം	ഏതൊരു ഞാൻ പിൻതുടന്നുവോ
തസ്യ	ആ എനിക്കു്
അനുഭാവ:	മഹത്വവും
തേജ: ഏവ	ബലവും
ഈശത്വം വാ	ഐശ്വര്യവും
കുത: സ്യാത്	എവിടെനിന്നു് (എങ്ങിനെ) ലഭിക്കും

12. **കിം വിദ്യയാ കിം തപസാ കിം ത്യാഗേന ശ്രുതേന വാ ।**
കിം വിവിക്തേന മൌനേന സ്ത്രീഭിര്യസ്യ മനോ ഹൃതം ॥

യസ്യ മന:	ആരുടെ മനസ്സ്
സ്ത്രീഭി: ഹൃതം	സ്ത്രീകളാൽ ആകൃഷ്ടമായോ അവന്നു്
വിദ്യയാ കിം	വിദ്യകൊണ്ടു് എന്തു പ്രയോജനം
തപസാ കിം	തപസ്സുകൊണ്ടു് എന്തു പ്രയോജനം
ത്യാഗേന കിം	സന്യാസത്താൽ എന്തു പ്രയോജനം?
ശ്രുതേന വാ	ശാസ്ത്രത്താൽ എന്തു പ്രയോജനം?
വിവിക്തേന	ഏകാന്തമായിരിക്കുന്നതിനാൽ എന്തു പ്രയോജനം
മൌനേന കിം	മൌനത്താൽ എന്തു പ്രയോജനം.

13. **സ്വാത്ഥസ്യാ കോവിദം ധിങ്ങ്മാം മൂർഖം പണ്ഡിതമാനിനം ।**
യോऽഹമീശ്വരതാം പ്രാപ്യ സ്ത്രീഭിർഗോഖര വജ്ജിത: ॥

യ: അഹം	ഏതൊരു ഞാൻ
ഈശ്വരതാം പ്രാപ്യ	ചക്രവത്തിയായിട്ടു് ഇരുന്നിട്ടുംകൂടി
ഗോഖരവത്	കാള മാടു്പോലേയും ആൺകഴുതയേപോലേയും
സ്ത്രീഭി: ജിത:	സ്ത്രീകളാൽ ജയിക്കപ്പെട്ടുവോ
സ്വാത്ഥസ്യ അകോവിദം	തന്റെ ആ പ്രയോജനം അറിയാത്തവനും
മൂർഖം	മൂഢനും
പണ്ഡിത മാനിനം	പക്ഷേ സ്വയം പണ്ഡിതം എന്നു് വിചാരിക്കുന്നവനുമായ
മാം ധിക്	എന്നെ നിന്ദിക്കണം

14. **സേവതോ വർഷപൂഗാന്മേ ഉർവ്വശ്യാ അധരാസവം ।**
ന തൃപ്യത്യാത്മഭൂഃ കാമോ വഹ്നിരാഹുതിഭിര്യഥാ ॥

ഉർവ്വശ്യാ:	ഉർവ്വശിയുടെ	ആത്മഭൂഃ കാമഃ	വീണ്ടും വീണ്ടും മനസ്സിൽ ഉദിച്ചുകൊണ്ടിരുന്ന കാമം
അധരാസവം	അധരാസവം എന്ന മദ്യത്തെ	വഹ്നിഃ ആഹുതിഭിഃ യഥാ	ആഹുതികളാൽ അഗ്നിയെ പോലെ
വർഷപൂഗാൻ	അനേകം കൊല്ലങ്ങൾ		
സേവതഃ മേ	ആസ്വദിച്ചുകൊണ്ടിരുന്ന എന്റെ	ന തൃപ്യതി	തൃപ്തിപ്പെടുന്നില്ല.

കർമ്മങ്ങളാൽ ദേവന്മാരെ ആരാധിച്ചിട്ടുംകൂടി ദുഃഖം തന്നെയാണ് ലഭിച്ചത്. ആയതിനാൽ പരമേശ്വരനെത്തന്നെ ആരാധിക്കണം എന്നു പറയുന്നു.

15. **പുംശ്ചല്യാപഹൃതം ചിത്തം കോന്വന്യോ മോചിതും പ്രഭുഃ ।**
ആത്മാരാമേശ്വരമൃതേ ഭഗവന്തമധോക്ഷജം ॥

ആത്മാരാമേശ്വരം	ആത്മാവിൽതന്നെ രമിക്കുന്ന യോഗിമാർക്കും ഈശ്വരനും	കഃ അന്യഃ നു	വേറെ ആർതന്നേയാണ്
		പുംശ്ചല്യാ അപഹൃതം	വ്യഭിചാരിയാൽ മോഹിപ്പിക്കപ്പെട്ട
അധോക്ഷജം	ഇന്ദ്രിയജ്ഞാനത്തിന് വിഷയമായി ഭവിക്കാത്തവനുമായ	ചിത്തം	ചിത്തത്തിനെ
		മോചിതും	വിടുവിക്കുവാൻ
ഭഗവന്തം ഋതേ	ഭഗവാനല്ലാതെ	പ്രഭുഃ	ശക്തൻ

16. **ബോധിതസ്യാപി ദേവ്യാ മേ സൂക്തവാക്യേന ദുർമ്മതേഃ ।**
മനോഗതോ മഹാമോഹോ നാപയാത്യജിതാത്മനഃ ॥

ദേവ്യാ	ഉർവ്വശിയാൽ	ദുർമ്മതേഃ മേ	ആയതിനാൽ ദുർബ്ബുദ്ധിയോടുകൂടിയവനുമായ എന്റെ
സൂക്തവാക്യേന	വേദവാക്യത്താൽ (സത്യവാക്കാൽ)		
ബോധിതസ്യ അപി	ബോധിക്കപ്പെട്ടവനായിരുന്നിട്ടുംകൂടി	മനോ ഗതഃ മഹാമോഹഃ	മനസ്സിലുള്ള വലിയ മോഹം
അജിതാത്മനഃ	മനോജയം ഇല്ലാത്തവനും	ന അപയാതി	നശിച്ചു പോകുന്നില്ല.

17. കിമേതയാ നോഽപകൃതം രജ്വാ വാ സർപ്പചേതസഃ ।
രജ്ജുസ്വരൂപാവിദുഷോ യോഽഹം യദജിതേന്ദ്രിയഃ ॥

രജ്ജുസ്വരൂപാവിദുഷഃ	കയറുടെ സ്വരൂപം അറിയാത്തവനും	നഃ	കാമിയായ നമുക്ക്
സർപ്പചേതസഃ	ആയതിനാൽ കയറിനെ പാമ്പ് എന്ന് വിചാരിച്ചവനുമായ ഒരു ആൾക്ക്	കിം അപകൃതം	എന്താണ് അപകാരം സംഭവിച്ചത്?
രജ്ജ്വാ വാ	കയറിനാൽ എന്ന പോലെ	യത്	എന്തുകൊണ്ടെന്നാൽ
ഏതയാ	ഇവളാൽ	യഃ അഹം	ഇപ്രകാരം ഇരിക്കുന്ന ഞാൻ തന്നെയാണ്
		അജിതേന്ദ്രിയഃ	ജിതേന്ദ്രിയനാകാത്തതുകൊണ്ട് അപരാധി

18. കായം മലീമസഃ കായോ ദൌർഗ്ഗന്ധ്യാത്മകോഽശുചിഃ ।
ക്വ ഗുണാഃ സൌമനസ്യാദ്യാ ഹ്യധ്യാസോഽവിദ്യയാ കൃതഃ ॥

മലീമസഃ	വളരെ ചെളിയായതും	സൌമനസ്യാദ്യാഃ	പുഷ്പങ്ങളേപ്പോലെ, സുഗന്ധം മാർദ്ദവം മുതലായ
ദൌർഗ്ഗന്ധ്യദ്യാത്മകഃ	ദുർഗ്ഗന്ധം മുതലായവയെ സ്വരൂപമായി വെച്ചിട്ടുള്ളതും	ഗുണാഃ ക്വ	ഗുണങ്ങൾ എവിടെ
അശുചിഃ	അശുദ്ധമായതുമായ	അവിദ്യയാ കൃതഃ	ഇത് അവിദ്യകൊണ്ടുണ്ടായ
അയം കായഃ ക്വ	ഈ ശരീരം എവിടെ?	അധ്യാസഃ ഹി	അദ്ധ്യാസമല്ലയോ

19. പിത്രോഃ കിം സ്വം ന ഭാര്യ്യായാഃ സ്വാമിനോഽഗ്നേഃ ശ്വഗൃധ്രയോഃ ।
കിമാത്മനഃ കിം സുഹൃദാമിതി യോ നാവസീയതേ ॥

20. തസ്മിൻ കളേബരേഽമേധ്യേ തുച്ഛനിഷ്ഠേ വിഷജ്ജതേ ।
അഹോ സുഭദ്രം സുനസം സുസ്മിതം ച മുഖം സ്ത്രിയഃ ॥

യഃ പിത്രോഃ സ്വം കിം	ഏതൊരു ശരീരം സൃഷ്ടിക്കപ്പെടുന്നതിനാൽ മാതാപിതാക്കൾക്ക് സ്വന്തം ആണോ?	ഭാര്യ്യായാഃ ന	അഥവാ സുഖം നല്കുന്നതിനാൽ ഭാര്യ്യക്ക് സ്വന്തമാണോ?

സ്വാമിന:	തനിക്ക് അധീനമായതിനാൽ യജമാനന്നു് സ്വന്തമായതാണോ?
അഗ്നേ:	അന്ത്യേഷ്ടിയിൽ ഹോമം ചെയ്യപ്പെടുന്നതിനാൽ അഗ്നിക്ക് സ്വന്തമായതാണോ?
ശ്വഗൃധ്രയോ:	ആഹാരമായ് ഭവിക്കുന്നതിനാൽ നായ്ക്കും, കഴുകനും സ്വന്തമായതാണോ?
ആത്മന: കിം	ശരീരം ചെയ്ത പുണ്യപാപഫലങ്ങളെ അനുഭവിക്കുന്നതിനാൽ ജീവാത്മാവിന്നു് സ്വന്തമായതാണോ?
ഇതി ന അവസീയതേ	എന്നു് നിശ്ചയിക്കപ്പെട്ടില്ലയോ
അമേധ്യ	വളരേ അശുദ്ധമായതും
തുച്ഛനിഷ്ഠ	ക്രിമിയായോ, അമേധ്യമായോ ചാരമായോ അന്തമായ് ഭവിക്കുന്നതും
തസ്മിൻ കളേബരെ	പ്രിയമായ് സ്വീകരിക്കപ്പെട്ടതുമായ ആ ശരീരത്തിൽ
സ്ത്രിയ: മുഖം	സ്ത്രീയുടെ മുഖം
സുഭദ്രം അഹോ	ആഹാ എത്ര സുന്ദരമായും
സുസ്മിതം ച	നല്ല പുഞ്ചിരിയോടും ഇരിക്കുന്നു
വിഷജ്ജതേ	എന്നു് അതിൽ രാഗം കൊള്ളുന്നു.

21. ത്വങ്മാംസ രുധിരസ്നായു മേദോ മജ്ജാസ്ഥിസംഹതൗ ।
വിണ്മൂത്രപൂയേ രമതാം ക്രിമീണാം കിയദന്തരം ॥

ത്വങ്മാംസ രുധിരസ്നായു മേദോ മജ്ജാസ്ഥിസംഹതി	തോൽ, മാംസം, രക്തം, ഞരമ്പുകൾ, മാംസകൊഴുപ്പ് ഇവയുടെ സമൂഹം ആകുന്ന ശരീരത്തിൽ
രമതാം	രമിക്കുന്ന മനുഷ്യന്മാർക്കും
വിൺമൂത്ര പൂയേ	മലം, മൂത്രം, രക്തം ഇവകളിൽ
രമതാം	രമിക്കുന്ന
ക്രിമീണാം	ക്രിമികൾക്കും
അന്തരം കിയത്	എന്താണ് ഭേദം

22. അഥാപി നോപസജ്ജേത സ്ത്രീഷു സ്ത്രൈണേഷു ചാർത്ഥവത് ।
വിഷയേന്ദ്രിയ സംയോഗാന്മന: ക്ഷുഭ്യതി നാന്യഥാ ॥

വിഷയേന്ദ്രിയസംയോഗാത്	വിഷയങ്ങളുടേയും ഇന്ദ്രിയങ്ങളുടേയും സംഗമത്താൽ തന്നേയാണു്
മന: ക്ഷുഭ്യതി	മനസ്സ് കലങ്ങുന്നു; (ക്ഷോഭിക്കുന്നു)
അന്യഥാ ന	ഇല്ലെങ്കിൽ കലങ്ങുന്നില്ല

അത്ഥചിത്	ആയതിനാൽ വിവേകിയാകുന്നവൻ
സ്ത്രീഷു	സ്ത്രീകളിലും
സ്ത്രൈണേഷു ച	സ്ത്രീകൾക്കു് അധീനന്മാരായവരിലും
അഥാപി	ഒരിക്കലും
ന ഉപസജ്ജേത	സമാഗമം പാടില്ല.

23. അദൃഷ്ടാദശ്രുതാദ് ഭാവാന്നഭാവ ഉപജായതേ !
അസംപ്രയുഞ്ജതഃ പ്രാണാൻ ശാമ്യതി സ്തിമിതം മനഃ !!

അദൃഷ്ടാത്	മുമ്പു് കാണപ്പെടാത്തതും
അശ്രുതാത്	കേൾക്കപ്പെടാത്തതുമായ
ഭാവാത്	പദാത്ഥത്തിൽനിന്നു്
ഭാവഃ	മനസ്സിന്റെ ക്ഷോഭം
ന ഉപജായത	ഉണ്ടാകുന്നില്ല.
പ്രാണാൻ	ഇന്ദ്രിയങ്ങളെ
അസംപ്രയുംജതഃ	വിഷയങ്ങളിൽ പ്രവൃത്തിപ്പിക്കാതിരിക്കുന്നവന്റെ
മനഃ	മനസ്സു്
സ്തിമിതം	സ്ഥിരമായതായിട്ടു്
ശാമ്യതി	അടങ്ങിക്കളയുന്നു.

24. തസ്മാത്സംഗോ ന കത്തവ്യഃ സ്ത്രീഷു സ്ത്രൈണേഷു ചേന്ദ്രിയൈഃ !
വിദുഷാം ചാപ്യവിശ്രബ്ധഃ ഷഡ്വഗ്ഗഃ കിമു മാദൃശാം !!

ഷഡ്വഗ്ഗഃ	കാമം, ക്രോധം മുതലായ അരിഷഡ്വഗ്ഗങ്ങൾ
വിദുഷാമപി	വിവേകികളും കൂടി
അവിശ്രബ്ധഃ	വിശ്വാസയോഗ്യങ്ങളല്ല.
മാദൃശാം ച	അപ്രകാരം ഇരിക്കുമ്പോൾ എന്നെപ്പോലെഉള്ളവരുടെ വിഷയങ്ങളെപ്പററി
കിമു	പറയുകയും വേണമോ?
തസ്മാത്	ആയതുകൊണ്ടു്
സ്ത്രീഷു	സ്ത്രീകളോടും
സ്ത്രൈണേഷു	സ്ത്രീകൾക്കു് അധീനന്മാരായവരുടെയും
ഇന്ദ്രിയൈ	ഇന്ദ്രിയങ്ങളെക്കൊണ്ടു്
സംഗഃ ന കത്തവ്യഃ	സംഗമിക്കരുത്.

ശ്രീ ഭഗവാനുവാച — ശ്രീ ഭഗവാൻ പറഞ്ഞു :—

25. ഏവം പ്രഗായൻ നൃപദേവദേവഃ സ ഉവ്വശീലോകമഥോ വിഹായ !
ആത്മാനമാത്മന്യവഗമ്യ മാം വൈ ഉപാരമജ്ജ്ഞാനവിധൂതമോഹഃ !!

നൃപദേവ ദേവ:	രാജക്കന്മാരിലും ദേവന്മാരിലും വെച്ച് ശ്രേഷ്ഠനായി പ്രകാശിക്കുന്ന ആ പുരൂരവസ്
ഏവം പ്രഗായൻ	ഇപ്രകാരം പാടിക്കൊണ്ട്
ഉർവ്വശീ ലോകം	ഊർവ്വശീലോകത്തെ
വിഹായ	വിട്ട്
അഥോ ആത്മനി	പിന്നീട് തന്നിൽതന്നെ
ആത്മാനം മാം	പരമാത്മാവായ എന്നെ
അവഗമ്യ	അറിഞ്ഞിട്ട്
ജ്ഞാനവിധൂത മോഹ: വൈ	ജ്ഞാനംകൊണ്ട് മോഹം പരിഹരിച്ച്
ഉപാരമത്	ഉപരതിയെ പ്രാപിച്ചു.

26. തതോ ദു:സംഗമുത്സൃജ്യ സത്സ്യസജ്ജേത ബുദ്ധിമാൻ ।
സന്ത ഏതസ്യ ച്ഛിന്ദന്തി മനോ വ്യാസംഗമുക്തിഭി: ॥

തത:	ആയതിനാൽ
ബുദ്ധിമാൻ	ബുദ്ധിമാനായവൻ
ദു: സംഗം ഉത്സൃജ്യ	ദുഷ്ടന്മാരുടെ സംഗം ത്യജിച്ച്
സത്സ്യസജ്ജേത	സാധുക്കളോടെ ചേരണം;
സന്ത:	എന്തുകൊണ്ടെന്നാൽ
ഉക്തിഭി:	ഹിതോപദേശങ്ങളാൽ
ഏതസ്യ	ഇവന്റെ
മനോവ്യാസംഗം	വിഷയങ്ങളിൽ മനസ്സിന്റെ സംഗത്തിനെ
ച്ഛിന്ദന്തി	ഇല്ലാതാക്കിത്തീർക്കുന്നു.

27. സന്തോഽനപേക്ഷാ മച്ചിത്താ: പ്രശാന്താ: സമദർശിത: ।
നിർമ്മമാ നിരഹംകാരാ നിർദ്വന്ദ്വാ നിഷ്പരിഗ്രഹാ: ॥

സന്ത:	സാധു ജനങ്ങൾ
അനപേക്ഷാ:	ഒന്നിലും അപേക്ഷ ഇല്ലാത്തവരായും
മച്ചിത്താ:	ആയതുകൊണ്ട് എന്നിൽ തന്നെ മനസ്സിനെവെച്ചവരായും
പ്രശാന്താ:	ആയതിനാൽ വളരേ ശാന്തന്മാരായും
നിർമ്മമാ:	ആയതുകൊണ്ട് മമത ഇല്ലാത്തവരായും
നിരഹംകാരാ:	അഹംകാരം ഇല്ലാത്തവരായും
നിഷ്പരിഗ്രഹാ:	ആയതിനാൽ ഏതിലും ബന്ധമില്ലാത്തവരായും
നിർദ്വന്ദ്വാ:	ആയതിനാൽ മാനം, അവമാനം മുതലായ ദ്വന്ദ്വ ദോഷരഹിതന്മാരായും
സമദർശിന:	ആയതുകൊണ്ട് എല്ലാവരേയും സമമായിത്തന്നേ (ഈശ്വരനായ്) കാണുന്നവരായും ഇരിക്കുന്നു.

28. തേഷു നിത്യം മഹാഭാഗ മഹാഭാഗേഷുമത്കഥാ: ।
സംഭവന്തി ഹി താ നൃണാം ജുഷതാം പ്രപുനന്ത്യഘം ॥

മഹാഭാഗ	ഹേ മഹാഭാഗ്യവാനെ!	താ: ഹി	ആ കഥകളാണെങ്കിൽ
മഹാഭാഗേഷു തേഷു	മഹാഭാഗ്യം സിദ്ധിച്ച അവരിൽ	ജുഷതാം	ആദരവോടെ ശ്രവണം ചെയ്യുന്ന
മത് കഥാ:	എൻെറ കഥകൾ	നൃണാം	ജനങ്ങളുടെ
നിത്യം സംഭവന്തി	എപ്പോഴും സംഭവിക്കും;	അഘം	പാപത്തിനെ
		പ്രപുനന്തി	നശിപ്പിക്കുന്നു.

29. താ യേ ശൃണ്വന്തി ഗായന്തി ഹ്യനുമോദന്തി ചാദൃതാ: ।
മത്പരാ: ശ്രദ്ദധാനാശ്ച ഭക്തിം വിന്ദന്തി തേ മയി ॥

യേ മത്പരാ:	എവർ എന്നിൽ വ്യാപൃതരായ്	അനുമോദന്തി	ശ്രവണം ചെയ്തതിനെ അനുമോദിക്കുകയും ചെയ്യുന്നുവോ
താ: ആദൃതാ:	ആ കഥകളിൽ വളരേ ആദരവോടുകൂടിയവരായും	ഗായന്തി ച	അപ്രകാരം ഗാനവും ചെയ്യുന്നുവോ
		തേ ഹി	അവർ നിശ്ചയമായും
ശ്രദ്ദധാനാ: ച	ശ്രദ്ധാവാന്മാരായും	മയി	എന്നിൽ
ശൃണ്വന്തി	ശ്രവണം ചെയ്യുന്നുവോ	ഭക്തിം വിന്ദന്തി	ഭക്തിയെ പ്രാപിക്കുന്നു.

30. ഭക്തിം ലബ്ധവത: സാധോ: കിമന്യദവശിഷ്യതേ ।
മയ്യനന്തഗുണേ ബ്രഹ്മണ്യാനന്ദാനുഭവാത്മനി ॥

അനന്തഗുണേ	അനന്തഗുണങ്ങളോടുകൂടിയവനും	ഭക്തിം ലബ്ധവത:	ഭക്തി ലഭിച്ച
ബ്രഹ്മണി	ബ്രഹ്മസ്വരൂപിയും	സാധോ:	സാധുവിന്ന്
ആനന്ദാനുഭവാത്മനി	ആനന്ദാനുഭവസ്വരൂപിയുമായ	അന്യത് കിം അവശിഷ്യതേ	സിദ്ധിക്കേണ്ടത് വേറെ എന്താണ് ഉള്ളത്
മയി	എന്നിൽ		

31. യഥോപശ്രയമാണസ്യ ഭഗവന്തം വിഭാവസും ।
ശീതം ഭയം തമോഽപ്യേതി സാധൂൻ സംസേവതസ്തഥാ ॥

ഭഗവന്തം വിഭാവസും	അഗ്നിഭഗവാനെ
ഉപശ്രയമാണസ്യ	അരികിൽ ചെന്നു് സേവിക്കുന്നവനു്
ശീതം	ശൈത്യം
തമഃ	ഇരുട്ടു്
ഭയം	ഭയം
യഥാ അപ്യേതി	എങ്ങിനെ ഇല്ലാതാകുന്നുവോ
തഥാ	അങ്ങിനെ
സാധൂൻ സംസേവതഃ	സാധുക്കളെ സേവിക്കുന്നവനു് കർമ്മജാഡ്യം സംസാരഭയം അതിന്റെ കാരണമായ അജ്ഞാനം എന്നതും ഇല്ലാതായിത്തീരുന്നു.

32. നിമജ്ജ്യോന്മജ്ജതാം ഘോരേ ഭവാബ്ധൌ പരമായനം ।
സന്തോ ബ്രഹ്മവിദഃ ശാന്താ നൌർദൃഢേവാപ്സു മജ്ജതാം ॥

അപ്സു മജ്ജതാം	വെള്ളത്തിൽ നിമഗ്നമാകുന്നവർക്കും
ദൃഢാ നൌഃ ഇവ	ദൃഢമായ ഓട്ടം പോലെ
ഘോരേ ഭവാബ്ധൌ	ഭയംകരമായ സംസാരസാഗരത്തിൽ
നിമജ്ജ ഉന്മജ്ജതാം	മുങ്ങിപ്പോയ് എഴുന്നുവരുന്നവർക്കു്
ബ്രഹ്മവിദഃ	ബ്രഹ്മജ്ഞാനികളും
ശാന്താഃ	ശാന്തന്മാരായ
സന്തഃ	സാധുജനങ്ങൾ തന്നേ
പരമായനം	ശ്രേഷ്ഠമായ ആശ്രയം

33. അന്നം ഹി പ്രാണിനാം പ്രാണഃ ആർത്താനാം ശരണം ത്വഹം ।
ധർമ്മോ വിത്തം നൃണാം പ്രേത്യ സന്തോഽർവ്വാഗ് ബിഭ്യതോഽരണം ॥

പ്രാണിനാം	പ്രാണികൾക്കു്
അന്നം ഹി	അന്നം തന്നേയാണു്
പ്രാണഃ	എങ്ങിനെ പ്രാണനോ
ആർത്താനാം	ആർത്തന്മാർക്കു്
അഹം തു	ഞാൻ താന്നെ
ശരണം	എങ്ങിനെ ശരണമോ
നൃണാം	മനുഷ്യന്മാർക്കു്
പ്രേത്യ വിത്തം	മരണാനന്തരം പരലോകത്തിൽ എങ്ങിനെ സ്വത്തു്
ധർമ്മഃ	ധർമ്മമോ
സന്തഃ	സാധുജനങ്ങൾ
അർവ്വാക്	സംസാരത്തിൽ
ബിഭ്യതഃ	പേടിക്കുന്നവർക്കു്
അരണം	ആശ്രയമായി ഭവിക്കുന്നു.

84. സന്തോ ദിശന്തി ചക്ഷൂംഷി ബഹിരർക്ക: സമുത്ഥിത: ।
ദേവതാ ബാന്ധവാ സന്ത: സന്ത ആത്മാഹ മേവച ॥

സന്ത:	സാധുക്കൾ	സന്ത:	സാധുക്കൾ തന്നെയാണു്
ചക്ഷൂംഷി	സഗ്ഗുണനിർഗ്ഗുണ ജ്ഞാന ങ്ങളാകുന്ന നേത്രങ്ങളെ	ദേവതാ:	ദേവതകളും
ദിശന്തി	നൽകുന്നു;	ബാന്ധവാ:	ബന്ധുക്കളും
സമുത്ഥിത: അർക്ക:	നല്ലപോലെ ഉദയമായ സൂര്യൻ	സാധവ:	സാധുക്കൾ തന്നെയാണു്
ബഹി: ഏവ	പുറത്തു് ഒരു നേത്രമാത്ര മെ നല്കുന്നു;	ആത്മാ	ആത്മാവും
		അഹം ച	ഞാനുമാകുന്നു.

35. വൈതസേനസ്തതോ ഽപ്യേവമുർവ്വശ്യാ ലോകനി: സ്പൃഹ: ।
മുക്തസംഗോ മഹീ മേതാമാത്മാരാമശ്ചചാര ഹ ॥

വൈതസേന:	പുരൂരവസ്സും	തത:	ആയതുകൊണ്ടു്
അപി		മുക്തസംഗ:	വിരക്തനായ്
ഏവം	ഈ വിധം	ആത്മാരാമ:	ആത്മസ്വരൂപത്തിൽ തന്നെ രമിക്കുന്നവനായ്
ഉർവ്വശ്യാം ലോകനിസ്പൃഹ:	ഊർവ്വശിയെ കാണുന്നതിൽ ആഗ്രഹരഹിതനായ്	ഏതാം മഹീം	ഈ ഭൂമിയിൽ
		ചചാര ഹ	ചുററിത്തിരിഞ്ഞു.

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം പതിനൊന്നാംസ്കന്ധം ഇരുപത്തിയാറാമദ്ധ്യായം സമാപ്തം

ആദിത: ശ്ലോകാ: 13307 ഏകാദശസ്കന്ധം ആദിത: ശ്ലോകാ: 1141

സപ്തവിംശോƒദ്ധ്യായഃ = അദ്ധ്യായം ഇരുപത്തിഏഴ്

സാംഗ ക്രിയാ യോഗവർണ്ണനം

പൂജാവിധാന കർമ്മയോഗത്തിനെ വർണ്ണിക്കുന്നത്

ഉദ്ധവ ഉവാച :— ഉദ്ധവൻ പറഞ്ഞു :—

1. **ക്രിയാ യോഗം സമാചക്ഷ്വ ഭവദാരാധനം പ്രഭോ !**
യസ്മാത്ത്വാം യഥാർച്ചന്തി സാത്വതാഃ സാത്വതർഷഭ !!

പ്രഭോ	ഹേ പ്രഭോ!	ത്വാം	താങ്കളെ
സാത്വതർഷഭ	സാത്വതന്മാരിൽവെച്ച് ശ്രേഷ്ഠനെ!	യഥാ അർച്ചന്തി	ഏതു ക്രമത്തിൽ പൂജിക്കുന്നുവോ!
യസ്മാത്	ഏതു കാരണത്താൽ ഏതു സ്ഥലത്തിൽ ഏതു് പൂജാ ക്രമം അവലംബിച്ച്	ഭവദാരാധനം	ആ തങ്ങളുടെ ആരാധന രൂപമായ
		ക്രിയാ യോഗം	ക്രിയാ യോഗത്തിനെ
യേ സാത്വതാഃ	ഏതു ഭക്തന്മാർ	സമാചക്ഷ്വ	ഉപദേശിക്കണം.

2. **ഏതദ്വദന്തി മുനയോ മുഹുർനിഃശ്രേയസം നൃണാം !**
നാരദോ ഭഗവാൻവ്യാസ ആചാര്യോƒംഗിരസഃ സുതഃ !!

ഭഗവാൻ	സർവ്വജ്ഞനായ	മുനയഃ	അന്യമുനികളും
നാരദഃ	നാരദനും	ഏതത്	താങ്ങളെ ആരാധിക്കുന്നതിനെ
വ്യാസഃ	വ്യാസനും	നൃണാം നിഃശ്രേയസം	മനുഷ്യന്മാരുടെ മോക്ഷ ഹേതുവായിട്ട്
ആചാര്യഃ	ദേവഗുരുവായ	മുഹുഃ	വീണ്ടും വീണ്ടും
അംഗിരസഃ സുതഃ	ബൃഹസ്പതിയും	വദന്തി	പറയുന്നു.

3. **നിഃസൃതം തേ മുഖാംഭോജാത് യദാഹ ഭഗവാനജഃ !**
പുത്രേഭ്യോ ഭൃഗുമുഖ്യേഭ്യോ ദേവ്യൈ ച ഭഗവാൻ ഭവഃ !!

തവ മുഖാംഭോജാത്	തങ്ങളുടെ താമര മുഖത്തിൽ നിന്നു്
നിസ്സൃതം	വെളിവന്ന
യത്	ആ ആരാധനാക്രമത്തിനെ
ഭഗവാൻ അജഃ	ബ്രഹ്മദേവൻ
ഭൃഗ്വ മുഖ്യേഭ്യഃ	ഭൃഗു മുതലായ
പുത്രേഭ്യഃ	തന്റെ പുത്രന്മാർക്കും
ഭഗവാൻ ഭവഃ	പരമേശ്വര ഭഗവാൻ
ദേവ്യൈ ച	പാർവ്വതീ ദേവിക്കും
ആഹ	പറഞ്ഞു.

4. **ഏതദ് വൈ സർവ്വവർണ്ണാനാമാശ്രമാണാം ച സമ്മതം ।**
ശ്രേയസാമുത്തമം മന്യേ സ്ത്രീ ശൂദ്രാണാം ച മാനദ ॥

മാനദ	മാനം നല്കുന്നവരെ!
ഏതത് വൈ	ഇതു തന്നെയാണു്
സർവ്വവർണ്ണാനാം	സകല വർണ്ണന്മാർക്കും
ആശ്രമാണാം ച	സകല ആശ്രമികൾക്കും
സ്ത്രീശൂദ്രാണാം ച	സ്ത്രീകൾക്കും ശൂദ്രന്മാർക്കും
ശ്രേയസാം	ധർമ്മം മുതലായ സാധനങ്ങളിൽ
ഉത്തമം മന്യേ	ശ്രേഷ്ഠമായ സാധനമായ് ഞാൻ വിചാരിക്കുന്നു.

5. **ഏതത് കമല പത്രാക്ഷ കർമ്മബന്ധവിമോചനം ।**
ഭക്തായ ചാനുരക്തായ ബ്രൂഹി വിശ്വേശ്വരേശ്വര ॥

കമലപത്രാക്ഷ	ഹേ അരവിന്ദാക്ഷനെ
വിശ്വേശ്വരേശ്വര	സർവ്വേശ്വരന്മാർക്കും ഈശ്വരനായ ഹേ കൃഷ്ണ!
കർമ്മബന്ധ വിമോചനം	കർമ്മബന്ധങ്ങളിൽനിന്നും മോചിപ്പിക്കുന്ന
ഏതത്	ഈ തങ്ങളുടെ ആരാധന വിധാനം
ഭക്തായ	ഭക്തനും
അനുരക്തായ ച	തങ്ങളിൽ അനുരക്തനായ എനിക്കു്
ബ്രൂഹി	ഉപദേശിക്കുക.

ശ്രീ ഭഗവാനുവാച :— ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

6. **ന ഹ്യന്തോഽനന്തപാരസ്യ കർമ്മകാണ്ഡസ്യ ചോദ്ധവ ।**
സംക്ഷിപ്തം വർണ്ണയിഷ്യാമി യഥാവദനുപൂർവ്വശഃ ॥

അനന്തപാരസ്യ	ഗ്രന്ഥത്താലും അനുഷ്ഠാനത്താലും അന്തമില്ലാത്ത
കർമ്മകാണ്ഡസ്യ	പൂജാവിധാന ശാസ്ത്രത്തിന്നു്

ന അന്ത:	അവസാനമില്ല	യഥാവത്	എങ്ങിനെ ഇരിക്കുന്നുവോ അങ്ങിനെ
ഹി	ആയതിനാൽ	അനുപൂർവ്വശ:	ക്രമമായ്
ഉദ്ധവ!	ഉദ്ധവ!	വർണ്ണയിഷ്യാമി	വിവരിക്കുന്നു
സംക്ഷിപ്തം	ചുരുക്കത്തിൽ		

**7. വൈദിക സ്താന്ത്രികോമിശ്ര ഇതിമേ ത്രിവിധോ മഖ: ।
ത്രയാണാമീപ്സിതേനൈവ വിധിനാ മാം സമർച്ചയേത് ॥**

മേ മഖ:	എന്റെ പൂജാ	ത്രിവിധ	എന്നു് മൂന്നുവിധം
വൈദിക:	(വേദോക്തമായ മന്ത്രങ്ങളോടും കൂടിയത്) വൈദികം	ത്രയാണം	ഈ മൂന്നിൽ
താന്ത്രിക:	(തന്ത്രപ്രധാനമായത്) താന്ത്രികം	ഈപ്സിതേന	തനിക്കിഷ്ടമായ
മിശ്ര: ഇതി	(രണ്ടും മിശ്രമായ അഷ്ടാക്ഷരം മുതലായതു്) മിശ്രം	വിധിനാ ഏവ	ക്രമത്തിൽതന്നെ
		മാം സമർച്ചയേത്	എന്നെ പൂജിക്കാം

**8. യദാ സ്വനിഗമേനോക്തം ദ്വിജത്വം പ്രാപ്യപൂരുഷ: ।
യഥാ യജേത മാം ഭക്ത്യാ ശ്രദ്ധയാ തന്നിബോധ മേ ॥**

പൂരുഷ:	മനുഷ്യൻ	ഭക്ത്യാ	ഭക്തിയോടും
സ്വനിഗമേന ഉക്തം	തൻ അധികാരത്തിനു തക്കതായ വേദപ്രോക്തമായ	യഥാമാം ഭജേഥാ	എപ്രകാരം എന്നെ ആരാധിക്കേണമോ
ദ്വിജത്വം പ്രാപ്യയദാ	ഉപനയനം പ്രാപ്തിയായപ്പോൾ	തത്	അതിനെ
ശ്രദ്ധയാ	ശ്രദ്ധയോടും	മാം	എന്നിൽനിന്നും
		നിബോധ	അറിയുക

**9. അർച്ചായാം സ്ഥണ്ഡിലേഽഗ്നൗ വാ സൂര്യേ വാപ്സു ഹൃദി ദ്വിജേ ।
ദ്രവ്യേണ ഭക്തിയുക്തോഽർച്ചേത് സ്വ ഗുരും മാമമായയാ ॥**

ഭക്തിയുക്ത:	ഭക്തിയോടുകൂടി	ദ്രവ്യേണ	പൂജാദ്രവ്യങ്ങളെക്കൊണ്ടു്
അമായയാ	കപടമില്ലാതെ	അർച്ചായാം	പ്രതിമയിലോ

സ്ഥണ്ഡിലേ	ഭൂമിയിലോ	ഹൃദി	ഹൃദയത്തിലോ
അഗ്നൌ	അഗ്നിയിലോ	ദ്വിജേ	ബ്രാഹ്മണനിങ്കലൊ
സൂര്യ്യേ	സൂര്യ്യനിലോ	സ്വഗുരും മാം	തന്റെ ഗുരുവാം എന്നെ
അപ്സുവാ	ജലത്തിലോ	അർച്ചേത്	പൂജിക്കേണം

**10. പൂർവ്വം സ്നാനം പ്രകുർവ്വീത ധൌതദന്തോഽംഗശുദ്ധയേ ।
ഉഭയൈയരപി ച സ്നാനം മന്ത്രൈർമൃത് ഗ്രഹണാദിനാ ॥**

പൂർവ്വം	ആദ്യം	മൃദ്ഗ്രഹണാദിനാ	മണ്ണുകൊണ്ട് ശരീരം തേച്ച് ശുദ്ധമാക്കി കൊണ്ട്
ധൌതദന്തഃ	പല്ലുതേച്ച്		
അംഗശുദ്ധയേ	ശരീര ശുദ്ധിക്കായ്		
സ്നാനം പ്രകുർവ്വീത	സ്നാനം ചെയ്യണം	ഉഭയൈഃ മന്ത്രൈഃ ച	വൈദികവും താന്ത്രികവുമായ മന്ത്രങ്ങൾ ഉച്ചരിച്ചു കൊണ്ട് ചെയ്യേണ്ടതാകുന്നു
സ്നാനം	ആ സ്നാനം		

**11. സന്ധ്യോപാസ്ത്യാദി കർമ്മാണി വേദനാ ചോദിതാനി മേ ।
പൂജാം തൈഃ കല്പയേത് സമ്യക് സംകല്പഃ കർമ്മപാവനീം ॥**

വേദേന	വേദത്താൽ	സമ്യക് സംകല്പ	പരമേശ്വരസംബന്ധമായ മനോദ്ദേശത്തോടുകൂടി
ആചോദിതാനി	വിധിക്കപ്പെട്ട		
സന്ധ്യോപാസ്ത്യാദി കർമ്മാണി	സന്ധ്യാവന്ദനം മുതലായ കർമ്മങ്ങൾ ഏവ ഉണ്ടോ	കർമ്മപാവനീം	കർമ്മബന്ധം നശിപ്പിക്കുന്ന
		മേപൂജാം	എന്റെ പൂജയെ
തൈഃ	അവയോടെ (അവയെ വിടാതെ എന്നർത്ഥം)	കല്പയേത്	ചെയ്യണം

**12. ശൈലീ ദാരുമയീ ലൌഹീ ലേപ്യാ ലേഖ്യാ ച സൈകതീ ।
മനോ മയീ മണിമയീ പ്രതിമാഷ്ടവിധാ സ്മൃതാ ॥**

ശൈലീ	കല്ലുകൊണ്ട നിർമ്മിക്കപ്പെട്ടത്	ലേപ്യാ	മണ്ണ് ചന്ദനം മുതലായവയാൽ നിർമ്മിക്കപ്പെട്ടത്
ദാരുമയീ	മരംകൊണ്ടുണ്ടാക്കിയ	ലേഖ്യാ	ചിത്രത്തിൽ വരഞ്ഞത്
ലൌഹീ	സ്വർണ്ണംമുതലായ ലോഹങ്ങളാൽ നിർമ്മിതമായ	സൈകതീ	മണലിനാൽ നിമിക്കപ്പെട്ടത്

മനോമയീ	ഹൃദയത്തിൽ പൂജിക്കു മ്പോഴം മനസ്സിൽ സംകല്പിക്കപ്പെട്ടത്	പ്രതിമ	പ്രതിമ എന്നും
മണിമയീ	രത്നംകൊണ്ടുണ്ടാക്കപ്പെ ട്ടതു്	അഷ്ടവിധാ സ്മൃതാ	എട്ടു വിധത്തിൽ പറയപ്പെട്ടിട്ടുണ്ട്

13. ചലാചലേതി ദ്വിവിധാ പ്രതിഷ്ഠാ ജീവമന്ദിരം ।
ഉദ്വാസാവാഹനേ ന സ്തഃ സ്ഥിരായാമുദ്ധവാർച്ചനേ ॥

ജീവമന്ദിരം	കലാന്യാസംകൊണ്ട് ഈശ്വരന്നു് ഇരിപ്പിട മായ് വെച്ച	ഉദ്ധവ!	ഉദ്ധവ!
പ്രതിഷ്ഠാ	പ്രതിമാ	സ്ഥിരായാം	പ്രതിഷ്ഠാപൂർവ്വമായ് സ്ഥാപിക്കപ്പെട്ട സ്ഥിര പ്രതിമയിൽ
ചലാ	ചലം എന്നും	ഉദ്വാസാവാഹനേ	വിസർജ്ജനവും ആവാഹ നവും
അചലാ ഇതി	അചലം എന്നും		
ദ്വിവിധാ	രണ്ടുവിധം	ന സ്താഃ	ഇല്ല

14. അസ്ഥിരായാം വികല്പഃ സ്യാത് സ്ഥണ്ഡിലേ തു ഭവേദ്വയം ।
സ്നപനം ത്വവിലേപ്യായാമന്യത്ര പരിമാർജ്ജനം ॥

അസ്ഥിരാ യാം	അസ്ഥിരമായ പ്രതിമയി കൽ	അവിലേ പ്യായാം	മണ്ണുകൊണ്ടു് നിർമ്മിതമാ യ പ്രതിമ ഒഴികെ വേറെ പ്രതിമയിൽ
വികല്പഃ സ്യാത്	അവകളെ നിർമ്മിക്കാം അഥവാ നിർമ്മിക്കാതേയു മിരിക്കാം	സ്നപനം	സ്നാനോപചാരം ഉണ്ട്
		അന്യത്ര	മൺ പ്രതിമ, ചിത്രം, മരപ്രതിമാ ഇവകളിൽ
സ്ഥണ്ഡിലേ ദ്വയം തു ഭവേത്	സ്ഥണ്ഡിലത്തിൽ രണ്ടും ഉണ്ടു്	പരിമാർജ്ജനം തു	പ്രോക്ഷണം മാത്രമെ ചെ യ്യുവാൻ പാടുള്ളു (വിധിച്ചിട്ടുള്ളു)

15. ദ്രവ്യൈഃ പ്രസിദ്ധൈർമദ്യാഗഃ പ്രതിമാദിഷ്വമായിനഃ ।
ഭക്തസ്യ ച യഥാ ലബ്ധൈർഹൃദി ഭാവേന ചൈവ ഹി ॥

പ്രസിദ്ധൈഃ	ശാസ്ത്രങ്ങളിൽ വിധിക്ക പ്പെട്ടവയും	യഥാല ബ്ധൈ	ദേശകാലങ്ങൾക്കു യോ ഗ്യമായ് ലഭിച്ചവകള മായ

ദ്രവൈ്യ:	ദ്രവ്യങ്ങളെക്കൊണ്ട്	മദ്യാശ:പ.	എന്റെ പൂജ പറയപ്പെട്ടിട്ടുണ്ട്
അമായിന	ഫലേച്ഛ ഇല്ലാതെ (കപടമില്ലാത്ത)	പൃദിഹി	ഹൃദയത്തിൽ പൂജചെയ്യുന്നവനോ എങ്കിൽ
ഭക്തസ്യ	ഭക്തന്ന്	ഭാവേന	മനോകല്പിതവസ്തുക്കൾ
പ്രതിമാദിഷു	പ്രതിമാ മുതലായവകളിൽ	ഏവച	കൊണ്ട് ചെയ്യാമെന്ന് വിധിക്കപ്പെട്ടിട്ടുണ്ട്

16. സ്നാനാലങ്കരണം പ്രേഷ്ഠമര്ച്ചായാമേവര്ത്തുദ്ധവ ।
സ്ഥണ്ഡിലേ തത്ത്വവിന്യാസോ വഹ്നാവാജ്യ പ്ലുതം ഹവി: ॥

ഉദ്ധവ	ഉദ്ധവ!	തത്ത്വവി ന്യാസ	അതാത് മന്ത്രങ്ങളാൽ അംഗദേവതകളെ പ്രധാന ദേവതകാളിയ സ്ഥാപിക്കുന്നതും
അര്ച്ചായാം ഏവ	പ്രതിമയിൽ പൂജ ചെയ്യുമ്പോഴാണ്		
സ്നാനാലങ്കരണം	സ്നാനവും അലംകാരവും ആണ്	വഹ്നൌ	അഗ്നിയിൽ പൂജിക്കുമ്പോൾ
പ്രേഷ്ഠം	എനിക്ക പ്രിയം		
സ്ഥണ്ഡിലേ തു	സ്ഥണ്ഡിലത്തിലാണെങ്കിൽ	ആജ്യപ്ലുതം ഹവി:	നെയ്യ് മിശ്രമായ ഹവിസ് എനിക്കിഷ്ടമായതായിത്തീരുന്നു

17. സൂര്യേചാഭ്യര്ഹണം പ്രേഷ്ഠം സലിലേ സലിലാദിഭി: ।
ശ്രദ്ധയോപാഹൃതം പ്രേഷ്ഠം ഭക്തേന മമ വാര്യപി ॥

സൂര്യേ	സൂര്യനെ (പൂജിക്കുമ്പോൾ)	സലിലാദിഭി:	തര്പ്പണം മുതലായവയാൽ പൂജിക്കുന്നത് വളരെ പ്രിയം
അഭ്യര്ഹണം പ്രേഷ്ഠം	ഉപസ്ഥാനം, അര്ഘ്യപ്രദാനം മുതലായവയാൽ പൂജിക്കുന്നത് വളരെ പ്രിയമാണ്	ഭക്തേന	ഭക്തനാൽ
		ശ്രദ്ധയാ ഉപാഹൃതം	വളരെ ശ്രദ്ധയോടെ നല്കപ്പെട്ട
		വാരി അപി	ജലവുംകൂടി
സലിലേ	ജലത്തിങ്കൽ പൂജിക്കുമ്പോൾ	മമ പ്രിയം	എനിക്ക് വളരെ പ്രിയമായതാണ്.

18. ഭൂര്യപ്യഭക്തോപഹൃതം ന മേ തോഷായ കല്പതേ ।
ഗന്ധോ ധൂപഃ സുമനസോ ദീപോഽന്നാദ്യ ച കിം പുനഃ ॥

അഭക്തോപഹൃതം	ഭക്തി ഇല്ലാത്തവനാൽ നല്കപ്പെടുന്നത്
ഭൂരി അപി	അധികമായ് ഇരുന്നാലും
മേ തോഷായ ന കല്പതേ	എനിക്ക് സന്തോഷത്തിന് ഹേതുവാകുന്നില്ല;
ഗന്ധഃ	ഭക്തൻ നല്കിയ ജലം തന്നെ തൃപ്തി നല്കുമ്പോൾ ഗന്ധം
ധൂപഃ	ധൂപം
സുമനസഃ	പുഷ്പം
ദീപഃ	ദീപം
അന്നാദ്യം ച	അന്നം മുതലായവയും
കിം പുനഃ	തൃപ്തി നല്കും എന്നതിനെപ്പറ്റി ചോദിക്കേണമോ?

19. ശുചിഃ സംഭൃതഃ സംഭാര പ്രാഗ്ദർഭൈഃ കല്പിതാസനഃ ।
ആസീനഃ പ്രാഗുദഗ്വാർചേദർചായാമഥ സമ്മുഖഃ ॥

ശുചിഃ	പരിശുദ്ധനായിട്ടും
പ്രാക്സംഭൃത സംഭാരഃ	പൂജ ചെയ്യുവാൻ ആരംഭിക്കുന്നതിനു മുമ്പുതന്നേ ആവശ്യമായ ദ്രവ്യങ്ങളെ ശേഖരിച്ച് വെച്ചുകൊണ്ടും
ദർഭൈഃ കല്പിതാസനഃ	ദർഭങ്ങളാൽ ആസനത്തിനെ കല്പിച്ചുകൊണ്ടും
പ്രാക്	കിഴക്ക മുഖമായിട്ടോ
ഉദക്	വടക്ക മുഖമായിട്ടോ
സംമുഖഃ വാ	അഥവാ എതിർ മുഖമായിട്ടോ
ആസീനഃ	ഇരുന്നുകൊണ്ട്
അഥ അർച്ചായാം അർച്ചേത്	പിന്നീട് പ്രതിമയിൽ പൂജ ചെയ്യണം

20. കൃതന്യാസഃ കൃതന്യാസാം മദർചാം പാണിനാഽമൃജേത് ।
കലശം പ്രോക്ഷണീയം ച യാവദുപസാധയേത് ॥

കൃതന്യാസ	ഗുരുവന്ദനം ചെയ്ത് ഉപദേശ വിധിയനുസരിച്ച് തന്നിൽ മന്ത്രന്യാസം ചെയ്തുകൊണ്ട്
കൃതന്യാസാം	അഷ്ടാക്ഷരം മുതലായ മന്ത്രന്യാസംചെയ്യപ്പെട്ട
മദർചാം	എന്റെ പ്രതിമയെ
പാണിനാ ആമൃജേത്	കരങ്ങളാൽ നിർമ്മാല്യം മുതലായവയെ കളഞ്ഞ് ശുദ്ധം ചെയ്യണം
കലശം	പൂർണ്ണകുംഭത്തിനേയും

പ്രോക്ഷണീയം ച	പ്രോക്ഷണത്തിനു ആവശ്യമായ ജലപാത്രത്തിനേയും
യഥാവത്	വിധിപ്രകാരം
ഉപസാധയേത്	ചന്ദനം പുഷ്പം മുതലായവകൊണ്ടു് സംസ്കാരം ചെയ്യണം

21. തദ്ഭിർദേവയജനം ദ്രവ്യാണ്യാത്മാ ന മേവച !
പ്രോക്ഷ്യ പാത്രാണി ത്രീണ്യദ്ഭിസ്തൈസ്തൈർദ്രവൈ്യശ്ച
സാധയേത് !

22. പാദ്യാർഘ്യാചമനീയാത്ഥം ത്രീണി പാത്രാണി ദേശികഃ !
ഹൃദാ ശീർഷ്ണാഥ ശിഖയാ ഗായത്ര്യാ ചാഭിമന്ത്രയേത് !!

തദദ്ഭി:	ആ പ്രോക്ഷണത്തിനു വേണ്ട ജലത്താൽ
ദേവയജനം	ദേവ പൂജാമണ്ഡപത്തിനേയും
ദ്രവ്യാണിച	പൂജാദ്രവ്യങ്ങളേയും
ആത്മാനം ഏവ	തന്നേയും
പ്രോക്ഷ്യ	പ്രോക്ഷിച്ചുകൊണ്ടു്
പാദ്യാർഘ്യാചമനീയാത്ഥം	പാദ്യം, അർഘ്യ, ആചമനീയം ഇവക്കായിക്കൊണ്ടു്
ത്രീണിപാത്രാണി	പ്രത്യേകം പ്രത്യേകം മൂന്നു പാത്രങ്ങളെ കലശജലംകൊണ്ടു് നിറച്ചു വെച്ചു്
തൈ: തൈ: ദ്രവൈ്യ:	അതിനു് ആവശ്യമായ ദ്രവ്യങ്ങളെക്കൊണ്ടു്
സാധയേത്	സംസ്കരിക്കേണം
അഥ ദേശിക:	പിന്നീടു് പൂജിക്കുന്നവൻ
ത്രീണി പാത്രാണി	ആ മൂന്നു പാത്രങ്ങളേയും ക്രമമായ്
ഹൃദാ ശീഷ്ണാ	'ഓം ഹൃദയായ നമഃ', ഓം ശിരസെ സ്വാഹാ'
ശിഖായ ച	ഓം ശിഖായൈ വഷട് എന്ന മന്ത്രത്താലും
ഗായത്ര്യാ	ഗായത്രിയാൽ എല്ലാററിനേയും
അഭിമന്ത്രയേത്	അഭിമന്ത്രണം ചെയ്യേണം

*1 പാദ്യേശ്യാമാക ദൂർവ്വാബ്ജ വിഷ്ണുക്രാന്താദിരിഷ്യതേ ചാമ, അർഹമ്പുല്ലു്, താമരപ്പൂ, വിഷ്ണുക്രാന്തി ഇവകളെ പാദ്യ പാത്രത്തിലും. 2 ഗന്ധപുഷ്പാക്ഷതയവ കുശാഗ്രതിലസർഷപാ: ദൂർവ്വാ ചേതി ക്രമാദർഘ്യദ്രവ്യാഷ്ടകമുദീരിതം — ചന്ദനം, പുഷ്പം, അക്ഷതം, യവം, ദർഭാഗ്രം, എള്ളു്, വെൺകടുക്, അർഹമ്പുല്ലു് എന്ന എട്ടു ദ്രവ്യങ്ങളെ അർഘ്യപാത്രത്തിലും. 3 ജാതീലവംഗ കക്കോലൈർമതമാചമനീയകം — ജാതീ പുഷ്പം, ഗ്രാമ്പു്, വാൽമിളക് ഇവയെ ആചമനീയ പാത്രത്തിലും ഇടണം.

23. പിണ്ഡേ വായ്വഗ്നി സംശുദ്ധേ ഹൃത്പദ്മസ്ഥാം പരാം മമ ।
അണ്വീം ജീവകലാം ധ്യായേന്നാദാന്തേ സിദ്ധ ഭാവി താം ॥

പിണ്ഡ	ശരീരം എന്നത്	പരാം	വളരെ ശ്രേഷ്ഠമായതും
വായ്വഗ്നി സംശുദ്ധേ	വയറ്റിലിരിക്കുന്ന വായുവിനാൽ ഉലത്തപ്പെട്ട് ആധാരചക്രത്തിൽ ഇരിക്കുന്ന അഗ്നിയാൽ ദഹിപ്പിക്കപ്പെട്ട് ലലാടത്തിൽ ഇരിക്കുന്ന ചന്ദ്രമണ്ഡലത്തിലുള്ള അമൃതത്താൽ നനക്കപ്പെട്ട് അമൃതമയമായ് ഭവിക്കുമ്പോൾ	നാദാന്തേ സിദ്ധഭാവിതാം	അകര ഉകാര മകാരബിന്ദു നാദമെന്ന പ്രണവത്തിന്റെ പഞ്ചാവയവങ്ങളുടെ നാദാവസാനത്തിൽ സിദ്ധന്മാരാൽ ധ്യാനിക്കപ്പെട്ടതും
		അണ്വീം	വളരേ സൂക്ഷ്മമായതുമായ
		മമ ജീവകലാം	എന്റെ ജീവനെ അംശമാക്കീട്ടുള്ള മൂർത്തിയെ
ഹൃദപത്മ സ്ഥാം	ഹൃദയകമലത്തിൽ സ്ഥിതവും	ധ്യായേത്	ധ്യാനിക്കേണ്ടതാകുന്നു

24. തയാത്മ ഭൂതയാ പിണ്ഡേ വ്യാപ്തേ സംപൂജ്യ തന്മയഃ ।
ആവാഹ്യാർച്ചാദിഷു സ്ഥാപ്യ ന്യസ്താംഗം മാം പ്രപൂജയേത് ॥

ആത്മഭൂതയാ	തൻ ആത്മാവായിട്ടുതന്നെ ചിന്തിക്കപ്പെട്ട	അർച്ചാദിഷു	അനന്തരം പ്രതിമാദികളിൽ
തയാ	എന്റെ മൂർത്തിയാൽ	ആവാഹ്യ	ആവാഹിച്ച്
പിണ്ഡേ വ്യാപ്തേ	സ്വശരീരം പൂർണ്ണമായും ഭവിക്കപ്പെട്ടപ്പോൾ	സ്ഥാപ്യ	സ്ഥാപന മുദ്രയാൽ പ്രതിഷ്ഠചെയ്ത്
സംപൂജ്യ	അതിൽതന്നെ ആദ്യം മാനസികമായ് ഉപചാരങ്ങളാൽ പൂജിച്ച്	ന്യസ്താംഗം	ഹൃദയാദി അംഗന്യാസം ചെയ്ത്
		മാം	എന്നെ
തന്മയഃ	തന്മയനായ് ഭവിച്ച്	പ്രപൂജയേത്	പൂജിക്കേണ്ടതാണ്

25. പാദ്യോപസ്പർശാർഹണാദീനുപചാരാൻ പ്രകല്പയേത് ।
ധർമ്മാദിഭിശ്ച നവഭിഃ കല്പയിത്വാഽഽസനം മമ ॥

26. പദ്മമഷ്ടദളം തത്ര കർണ്ണികാ കേസരോജ്ജ്വലം ।
ഉഭാഭ്യാം വേദ തന്ത്രാഭ്യാം മഹ്യം തൂഭയസിദ്ധയേ ॥

ധർമ്മാദിഭി	അഗ്നി, നിർവൃതി, വായു, ഈശാന ധർമ്മം, ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം എന്ന നാലു കാലുകളോടും കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് ദിക്കുകളിൽ പൂർവ്വോക്തമായ കാലുകളുടെ ഉപരിയായി, അധർമ്മം, അജ്ഞാനം, അനൈശ്വര്യം അവൈരാഗ്യം എന്ന കട്ടകളോടും അവയുടെ ഉപരി സത്യം, രജസ്, തമോഗുണമെന്ന ഉപവേശ സ്ഥാനങ്ങളോടും
നവഭി:	എട്ടു ദിക്കുകളിലും, നടുവിലും ക്രമത്തിൽ, വിമലാ, ഉത്കർഷിണി, ജ്ഞാനാ, ക്രിയാ, യോഗാ, ബ്രഹ്വീ, സത്യ, ഈശാനം അനുഗ്രഹാ എന്ന നവശക്തികളോടും
മമ ആസനം	എനിക്ക് ആസനത്തേയും
തത്ര	അതിൽ
കർണ്ണികാകേസരോജ്ജ്വലം	കർണ്ണികയാലും കേസരങ്ങളാലും അവയിൽ സൂര്യ ചന്ദ്രവഹ്നി മണ്ഡലങ്ങളാലും പ്രകാശിക്കുന്ന
അഷ്ടദളം	എട്ടു ദളങ്ങളുള്ള
പദ്മം	പദ്മത്തിനെ
കല്പയിത്വാ	ഭാവിച്ച്
ഉഭയസിദ്ധയേ	വേദതന്ത്രോക്തങ്ങളായ ഭക്തിയും മുക്തിയും ലഭിക്കുവാൻ വേണ്ടി
വേദതന്ത്രാഭ്യാം ഉഭാഭ്യാം	വേദം തന്ത്രം എന്ന രണ്ടിനാലും
മഹ്യം	എനിക്ക്
പാദ്യോപസ്പർശനാർഹണാദീൻ	പാദ്യം, ആചമനം, അർഘ്യം മുതലായ
ഉപചാരാൻ	ഉപചാരങ്ങളെ
പ്രകല്പയേത്	ചെയ്യേണ്ടതാണ്

27. സുദർശനം പാഞ്ചജന്യം ഗദാസീഷു ധനുർഹലാൻ ।
മുസലം കൌസ്തുഭം മാലാം ശ്രീവത്സം ചാനുപൂജയേത് ॥

സുദർശനം	സുദർശനത്തേയും
പഞ്ചജന്യം	പാഞ്ചജന്യത്തേയും
ഗദാസീഷു ധനുർഹലാൻ	ഗദാ, പരശാം കത്തി, ബാണം, വില്ല് കലപ്പ, ഇവകളേയും
മുസലം	ഉലക്കയേയും (എട്ടു ദിക്കുകളിലും)
കൌസ്തുഭം	കൌസ്തുഭത്തേയും
മാലാം	വനമാലയേയും
ശ്രീവത്സം ച	ശ്രീവത്സത്തേയും (ഭഗവാന്റെ മാറിലും)
അനുപൂജയേത്	പിന്നീട് പൂജിക്കേണ്ടതാകുന്നു

28. നന്ദം സുനന്ദം ഗരുഡം പ്രചണ്ഡം ചണ്ഡമേവ ച ।
മഹാബലം ബലം ചൈവ കുമുദം കുമുദേക്ഷണം ॥

29. ദുർഗ്ഗാം വിനായകം വ്യാസം വിഷ്വക്സേനം ഗുരൂൻ സുരാൻ ।
സ്വേ സ്വേ സ്ഥാനേ ത്വഭിമുഖാൻ പൂജയേത് പ്രോക്ഷണാദിഭി: ॥

നന്ദം	നന്ദൻ
സുനന്ദം	സുനന്ദൻ
പ്രചണ്ഡം ച	പ്രചണ്ഡൻ
ചണ്ഡം ഏവ	ചണ്ഡൻ
മഹാബലം ച	മഹാബലൻ
ബലം ഏവ	ബലൻ
കുമുദ:	കുമുദൻ
കുമുദേക്ഷണം	കുമുദേക്ഷണൻ ഇവരെ എട്ടു ദിക്കുകളിലും
ഗരുഡം	ഗരുഡനെ എതിരിലും

ദുർഗ്ഗാം	ദുർഗ്ഗയെ (അഗ്നികോണിലും)
വിനായകം	വിനായകനെ (നിർഋതികോണിലും
	വ്യാസനെ (വായുകോണിലും വിഷ്വക്സേനനെ (ഈശാന കോണിലും)
ഗുരൂൻ	ഗുരുക്കളെ (വാമഭാഗത്തിലും)
സുരാൻ	ഇന്ദ്രൻ മുതലായ ലോകപാലന്മാരെ
സ്വേ സ്വേ സ്ഥാനേ	അവരവരുടെ ദിക്കുകളിലും
അഭിമുഖാൻ ത്വം	ഭഗവാന്നു് അഭിമുഖമായിട്ടു്
പ്രോക്ഷണാദിഭി:	പാദ്യം അർഘ്യം മുതലായ ഉപചാരങ്ങളാൽ
പൂജയേത്	പൂജിക്കേണം

30. ചന്ദനോശീരകർപ്പൂരകുങ്കുമാഗരുവാസിതൈ: ।
സലിലൈ: സ്നാപയേന്മന്ത്രൈർ നിത്യദാ വിഭവേ സതി ॥

31. സ്വർണ്ണഘർമ്മാനുവാകേന മഹാപുരുഷവിദ്യയാ ।
പൌരുഷേണാപി സൂക്തേന സാമഭി രാജനാദിഭി: ॥

വിഭവെ സതി	ധനം ഇരിക്കുമെങ്കിൽ
നിത്യദാ	എന്നുംതന്നെ

ചന്ദനോശീര	ചന്ദനം വിളാമിച്ചവേരു്
കപ്പൂര	പച്ചക്കർപ്പൂരം, കുംകുമപ്പൂ
കുംകുമാഗരുവാസിതൈ:	അഗരു ഇവകളാൽ സുഗന്ധമാക്കപ്പെട്ട
സലിലൈ:	ജലംകൊണ്ടു്

സ്വർണ്ണഘർമ്മാനുവാകേന	സുവർണ്ണ ധർമ്മേ പരിവേവേനം എന്നു് ആരംഭിക്കുന്ന അനുവാകത്താലും,
മഹാപുരുഷവിദ്യയാ	'ജിതം തേ പുണ്ഡരീക്ഷ' എന്നു് തുടങ്ങുന്ന മഹാപുരുഷ വിദ്യയാലും
പൌരുഷേണ സൂക്തേന	സഹസ്രശീർഷാപുരുഷ: എന്ന പുരുഷസൂക്തത്താലും
രാജനാദിഭി: സാമഭി: കപി	ഇന്ദ്രം നരോനെ മധിത പിവന്തെ എന്നല്ലങ്കിൽ ഗാനംചെയ്യപ്പെട്ട സാമം മുതലായ
മന്ത്രേ:	മന്ത്രങ്ങളാലും
സ്നാപയേത്	അഭിഷേകം ചെയ്യേണ്ടതാകുന്നു

32. **വസ്ത്രോപവീതാഭരണ പത്രസ്രഗ്ഗന്ധലേപനൈ: ।**
അലംകുർവ്വീത സപ്രേമ മത്ഭക്തോ മാം യഥോചിതം ॥

വസ്ത്രോപവീതാഭരണപത്ര	വസ്ത്രം യജ്ഞോപവീതം,
സ്രഗ്ഗന്ധലേപനൈ:	ആഭരണം, കവിറംതടം, മാറു് മുതലായ സ്ഥലങ്ങളിൽ സുഗന്ധ ദ്രവ്യങ്ങളാൽ വരയപ്പെടുന്ന വരകം തുളസിമാല, ചന്ദനലേപന ഇവകളാൽ
മത്ഭക്ത:	എന്റെ ഭക്തൻ
സപ്രേമ	വളരേ പ്രേമയോടെ
യഥോചിതം	ഉചിതംപോലെ
മാം	എന്നെ (മൂർത്തിയേ)
അലംകുർവ്വീത	അലംകാരം ചെയ്യേണം

33. **പാദ്യമാചമനീയ ച ഗന്ധം സുമനസോഽക്ഷതാൻ ।**
ധൂപദീപോപഹാര്യാണി ദദ്യാന്മേ ശ്രദ്ധയാർച്ചക: ॥

പാദ്യം	പാദ്യത്തേയും
ആചമനീയം	ആചമനീയത്തേയും
ഗന്ധം	ചന്ദനത്തേയും
സുമനസ;	പുഷ്പങ്ങളേയും
അക്ഷതാൻ	അക്ഷതകളേയും
ധൂപദീപോപഹാര്യാണി ച	ധൂപം, ദീപം, നൈവേദ്യം ഇവകളേയും
അർച്ചക:	പൂജ ചെയ്യുന്നവൻ
ശ്രദ്ധയാ	ശ്രദ്ധയോടെ
മേ ദദ്യാത്	എനിക്കു് അർപ്പണം ചെയ്യേണം

34. **ഗുഡപായസസർപീംഷി ശഷ്കുല്യാപൂപമോദകാൻ ।**
സംയാവദധിസൂപാംശ്ച നൈവേദ്യം സതി കല്പയേത് ॥

സതി	വിഭവം ഉണ്ടായിരുന്നുവെങ്കിൽ
ഗുഡപായസ സർപീംഷി	ബെല്ലം, പായസം, നെയ്യ് ഇവയേയും
ശഷ്കല്യാ പൂപമോദ കാൻ	മുറുക്ക്, അപ്പങ്ങൾ, കൊഴക്കട്ട ഇവയേയും
സംയാവദധി	പാൽക്കഞ്ഞി, തയിരു്,
സൂപാൻ ച	പരിപ്പ് ഇവയേയും
നൈർവേദ്യം	നൈവേദ്യമായി
കല്പയേത്	കല്പിക്കേണം

35. **അഭ്യംഗോന്മർദനാദർശ ദന്തധാവാഭിഷേചനം ।**
അന്നാദ്യഗീതനൃത്യാദി പർവ്വണി സ്യുരുതാന്വഹം ॥

അന്വഹം ഉത	വിഭവം ഉണ്ടായിരുന്നാൽ ഓരോ ദിവസവും അഥവാ
പർവ്വണി	ഏകാദശി മുതലായ പർവ്വകാലത്തിലെങ്കിലും
അർഭ്യം ഗോന്മർദനാദർശ	എണ്ണ തേച്ച് മർദ്ദിക്കുക, കണ്ണാടി കാണുക,
ദന്തധാവാഭിഷേചനം	ദന്തധാവനം പഞ്ചാമൃതാഭിഷേകം
അന്നാർദ്യം	അന്നം ഭക്ഷ്യം
ഗീത നൃത്ത്യാദി	പാട്ട്, നൃത്തം, മുതലായവയും
സ്യു :	ഇരിക്കേണ്ടതാകുന്നു

36. **വിധിനാ വിഹിതേ കുണ്ഡേ മേഖലാഗർത്തവേദിഭി: ।**
അഗ്നിമാധായ പരിത: സമൂഹേത് പാണിനോദിതം ॥

വിധിനാ	അവർ അവരുടെ ഗൃഹ്യ സൂത്രത്തിൽ പറഞ്ഞിട്ടുള്ളതുപോലെ
മേഖലാഗർത്ത വേദിഭി :	മേഖലാ, കുഴി, വേദി ഇവകളോട്
വിഹിതേ	നിർമ്മിക്കപ്പെട്ട
കുണ്ഡേ	കുണ്ഡത്തിൽ
അഗ്നിം ആധായ	അഗ്നിയെ സ്ഥാപിച്ച്
ഉദിതം	ജ്വലിക്കുന്ന അഗ്നിയെ
പരിത :	നാലു ദിക്കുകളിൽനിന്നും
പാണിനാ	കരങ്ങളാൽ ഒന്നായ്
സമൂഹേത്	ചേർക്കണം

37. പരിസ്തീർയ്യ പര്യുക്ഷേദന്വാധായ യഥാ വിധി ।
പ്രോക്ഷണ്യാഽഽസാദ്യ ദ്രവ്യാണി പ്രോക്ഷ്യാഗ്നൌ ഭാവയേത മാം ॥

അഥ	അനന്തരം
പരിസ്തീർയ്യ	ദർഭങ്ങളാൽ പരിസ്തരണം ചെയ്തു്
പര്യുക്ഷേത്	പ്രോക്ഷിക്കേണ്ടതാകുന്നു.
യഥാവിധി	അനന്തരം വിധിപ്രകാരം
അന്വാധായ	(ദേവതാ നിർദ്ദേശം ചെയ്തു്) വ്യാഹൃതികളാൽ അഗ്നിയിൽ സമിത്തിനെ വെച്ചു് അന്വാധാനം ചെയ്തു്
ദ്രവ്യാണി ആസാദ്യ	ഹോമ ദ്രവ്യങ്ങളെ അഗ്നിക്കു് വടക്കിൽവെച്ചിട്ടു്
പ്രോക്ഷണ്യാ	പ്രോക്ഷണീ ജലത്താൽ
പ്രോക്ഷ്യ	പ്രോക്ഷിച്ചു്
അഗ്നൌ മാം	അഗ്നിയിൽ എന്നെ
ഭാവയേത്	ധ്യാനിക്കണം

38. തപ്തജാംബൂനദ പ്രഖ്യം ശംഖചക്രഗദാംബുജൈഃ ।
ലസച്ചതുർഭുജം ശാന്തം പദ്മ കിഞ്ജല്ക വാസസം ॥

39. സ്ഫുരത്കിരീട കടക കടിസൂത്രവരാംഗദം ।
ശ്രീവത്സവക്ഷസം ഭ്രാജത് കൌസ്തുഭം വനമാലിനം ॥

40. ധ്യായന്നഭ്യർച്യ ദാരൂണി ഹവിഷാഭി ഘൃതാനി ച ।
പ്രാസ്യാജ്യ ഭാഗാവാഘാരൌ ദത്വാ ചാജ്യ പ്ലുതം ഹവിഃ ॥

41. ജുഹുയാന്മൂലമന്ത്രേണ ഷോഡശർച്ചാവദാനതഃ ।
ധർമ്മാദിഭ്യോ യഥാന്യായം മന്ത്രൈഃ സ്വിഷ്ടകൃതം ബുധഃ ॥

തപ്തജാംബൂനദ പ്രഖ്യം	ഉരുക്കിയ സ്വർണ്ണസദൃശമായ നിറത്തോടും
ശംഖചക്ര ഗദാംബുജൈഃ ലസച്ചതുർഭുജം	ശംഖു്, ചക്രം, ഗദാ, താമരപ്പൂ ഇവകളാൽ പരിലസിക്കുക നാലു കൈകളോടും
ശാന്തം	ശാന്തവും
പദ്മകിഞ്ജല്കവാസസം	താമര അല്ലിപോലെ മഞ്ഞ വസ്ത്രത്തോടും
സ്ഫുരത് കിരീട കടകകടിസൂത്രവരാംഗദം	ശോഭിക്കുന്ന കിരീടം, വള, അരഞ്ഞാൺ, തോൾവള ഇവകളോടും
ശ്രീവത്സ വക്ഷസം	മാറിൽ ശ്രീവത്സത്തോടും

ഭ്രാജത് കൌസ്തുഭം	പ്രകാശിക്കുന്ന കൌസ്തുഭ മണിയോടും
വനമാലിനം	വനമാല ധരിച്ചവനമായ എന്നെ
ധ്യായൻ	ധ്യാനിച്ചുകൊണ്ടു്
അഭ്യർച്യ	പൂജിച്ച്
ഹവിഷാ	ആജ്യത്താൽ
അഭിഘൃതാനി	അഭിഘാര ചെയ്യപ്പെട്ട (നെയ്യാൽ നനക്കപ്പെട്ട)
ദാരുണി	സമിത്തുക്കളെ
പ്രാസ്യ	അഗ്നിയിൽ ഇട്ട്
ആഘാരൌ	ആഘാരങ്ങളേയും
ആജ്യഭാഗൌ ച	ആജ്യഭാഗങ്ങളേയും
ദത്വാ	ചെയ്ത്
ആജ്യപ്ലുതം	നെയ്യിൽ നനക്കപ്പെട്ട
ഹവി:	ഹവിസ്സിനെ
മൂലമന്ത്രേണ	മൂലമന്ത്രത്താലും
അവദാനത:	അവദാന ധർമ്മത്താൽ
ഷോഡശർച്ചാ	പതിനാറു ഋക്കുകൾ ഉള്ള പുരുഷസൂക്തസ്ഥിതമായ പൃതിലുകൾകൊണ്ടും
മന്ത്രൈ:	നാമമന്ത്രങ്ങളാൽ
യഥാന്യായം ധർമ്മാദിഭ്യ:	പൂജാക്രമാനുസാരം ധർമ്മം മുതലായ ദേവതകൾക്കും
സ്വിഷ്ടകൃതം	സ്വിഷ്ടകൃതത്തിനേയും
ബുധ: ഇഹ യാത്	ഹോമവിധിയറിഞ്ഞു കൊണ്ടു് അനുഷ്ഠിക്കണം

42. **അഭ്യർച്യാഥ നമസ്കൃത്യ പാർഷദേഭ്യോ ബലിം ഹരേത് !**
മൂലമന്ത്രം ജപേത് ബ്രഹ്മസ്മരൻ നാരായണാത്മകം !!

അഥ	പിന്നീട്
അഭ്യർച്യ	അഗ്നിയിൽ ഇരിക്കുന്ന അന്തര്യാമിയായ ഭഗവാനെ പൂജിച്ച്
നമസ്കൃത്യ	നമസ്കരിച്ച്
പാർഷദേഭ്യ:	നന്ദൻ മുതലായ പാർഷദന്മാർക്ക്
ബലിംഹരേത്	ബലി ഇടണം
നാരായണാത്മകം	(പിന്നീടു് പൂജാസ്ഥാനത്തിലേക്ക് വന്നു് ഭഗവാന്റെ മുമ്പിൽ നിന്നുകൊണ്ടു്) നാരായണ സ്വരൂപനായ
ബ്രഹ്മസ്മരൻ	പരബ്രഹ്മത്തിനെ ധ്യാനിച്ചുകൊണ്ടു്
മൂലമന്ത്രം ജപേത്	മൂലമന്ത്രം ജപിക്കേണം

43. **ദത്വാചമന മുച്ഛേഷം വിഷ്വക്സേനായ കല്പയേത് !**
മുഖവാസം സുരഭിമത് താംബൂലാദ്യമഥാർഹയേത് !!

ആചമനം ദത്വാ	(പ്രതിമയിലും അഗ്നിയിലും ഭഗവാൻെറ ഭോജനം കഴിഞ്ഞതായ് ഭാവിച്ച്) ആത്മനീയം നല്കി	കല്പയേത്	സമപ്പിക്കണം
		അഥ സുരഭി മത്	അതിനുശേഷം സുഗന്ധമായ
ഉച്ഛേഷം	ഭോജന ശേഷത്തിനെ	താമ്പൂലാദ്യം	വെററില, പാക്ക് മുതലായ
വിഷ്വക് സേനായ	വിഷ്വക് സേനൻ എന്ന പാർഷദ മുഖ്യന്ന്	മുഖവാർസം	മുഖവാസം നല്കി
		അച്ഛയേത്	അച്ഛിക്കേണം

44. **ഉപഗായൻ ഗൃണൻ നൃത്യൻ കമ്മാണ്യഭിനയൻ മമ !**
മത്കഥാ: ശ്രാവയൻ ശൃണ്വൻ മുഹൂത്തം ക്ഷണികോ ഭവേത് !!

മമ കമ്മാണി	എൻെറ ലീലകളെ	ശ്രാവയൻ	ശ്രവണംചെയ്യിപ്പിച്ചുകൊണ്ടും
ഉപഗായൻ	ഗാനംചെയ്തുകൊണ്ടും		
ഗൃണൻ	കീത്തനംചെയ്തുകൊണ്ടും	ശൃണ്വൻ	കേട്ടുകൊണ്ടും
അഭിനയൻ	അഭിനയിച്ചുകൊണ്ടും	മുഹൂത്തം	ഒരു മുഹൂത്ത കാലം
നൃത്യൻ	നൃത്തംവെച്ചുകൊണ്ടും	ക്ഷണിക: ഭവേത്	വിചാരങ്ങളം വിസ്മരിച്ച് ഉത്സാഹപൂരിതനായ് ഭവിക്കണം
മത്കഥാ:	എൻെറ കഥകളെ		

45. **സ്തവൈരുച്ചാവചൈ: സ്തോത്രൈ: പൌരാണൈ പ്രാകൃതൈരപി !**
സ്തുത്വാ പ്രസീത ഭഗവന്നിതി വന്ദേത ദണ്ഡവത് !!

46. **ശിരോ മത്പാദയോ കൃത്വാ ബാഹുഭ്യാം ച പരസ്പരം !**
പ്രപന്നം പാഹി മാമീശ ഭീതം മൃത്യു ഗ്രഹാർണ്ണവാത് !!

ഉച്ചാവചൈ:	പലവിധമായ	സ്തോത്രൈ: അപി	സ്തോത്രങ്ങളാലും
പൌരാണൈ:	പുരാണപ്രോക്തമായ	സ്തുത്വാ	സ്തുതിചെയ്ത്
സ്തവൈ:	ഋഷികളാൽ പറയപ്പെട്ട സ്തോത്രങ്ങളാലും	ഭഗവൽ പ്രസീദ	ഭഗവാനെ അനുഗ്രഹിച്ചാലും
		ഈശ	ഹേ ഈശ്വര
പ്രാകൃതൈ:	വത്തമാനത്തിൽ രചിക്കപ്പെട്ടവകളും ദേശഭാഷാമയങ്ങളുമായ	മൃത്യുഗ്രഹണാർണ്ണവാത്	മൃത്യുരൂപമായ മുതലകൾ നിറഞ്ഞ സംസാര സാഗരത്തിൽനിന്നും

ഭീതം	പേടിച്ചവനും
പ്രപന്നം	ആയതുകൊണ്ടു് നിന്തിരുവടിയെ ശരണംപ്രാപിച്ചവനുമായ
മാം	എന്നെ
പാഹി ഇതി	രക്ഷിക്കേണം (എന്നു് പ്രാർത്ഥിച്ചുംകൊണ്ടു്)
പരസ്പരം ബാഹുഭ്യാംച	രണ്ടു കൈകളാലും, എന്റെ രണ്ടു കാലുകളെ കെട്ടിക്കൊണ്ടു്
ശിര:	തലയെ
മത്പാദയോ: കൃത്വാ	എന്റെ കാലുകളിൽ തൊടുംവണ്ണം ചെയ്തുകൊണ്ടു്
ദണ്ഡവത് വന്ദേന	ദണ്ഡംപോലെ നമസ്കരിക്കണം

47. ഇതി ശേഷാം മയാദത്താം ശിരസ്യാധായ സാദരം ।
ഉദ്വാസയേച്ചേദുദ്വാസ്യം ജ്യോതിർ ജ്യോതിഷി തത് പുന: ॥

ഇതി	ഈ വിധം പ്രാർത്ഥിച്ചു്
ശേഷാം	പ്രസാദത്തിനെ
മയാ ദത്താം	എന്നാൽ നല്കപ്പെട്ടതായി ഭാവിച്ചു്
ശിരസി ആധായ	തലയിൽവെച്ചുകൊണ്ടു്
സത്വരം	താമസിക്കാതെ
ഉദ്വാസ്യം ചേത്	വർജ്ജിക്കേണ്ടതാണെങ്കിൽ
തത് ജ്യോതി:	മുമ്പു് ആവാഹനം ചെയ്ത ജ്യോതിസ്സിൽ
പുന:	വീണ്ടും
ഉദ്വാസയേത്	ഉദ്വാസനം ചെയ്യേണ്ടതാണു്

48. അർച്ചാദിഷു യദാ യത്ര ശ്രദ്ധാ മാം തത്ര ചാർച്ചയേത് ।
സർവ്വഭൂതേഷ്വാത്മനി ച സർവ്വാത്മാഹമവസ്ഥിത: ॥

അർച്ചാദിഷു	പ്രതിമ മുതലായവയിൽ
യദാ യത്ര ശ്രദ്ധ	എപ്പോഴും ഏതിൽശ്രദ്ധ ഉണ്ടാകുന്നുവോ
തത്ര ച	അപ്പോഴും അതിൽ
മാം അർച്ചയേത്	എന്നെ പൂജിക്കാം
സർവ്വാത്മ അഹം	എന്തുകൊണ്ടെന്നാൽ സർവ്വസ്വരൂപിയായ ഞാൻ സകല ആത്മാവിങ്കലും
സർവ്വഭൂതേഷു ആത്മനി ച	സമസ്തഭൂതങ്ങളിലും സകല ആത്മാവിങ്കലും
അവസ്ഥിത:	ഉറഞ്ഞിരിക്കുന്നു

49. ഏവം ക്രിയായോഗ പഥൈ: പുമാൻ വൈദിക താന്ത്രികൈ: ।
അർച്ചന്നുഭയത: സിദ്ധിം മത്തോ വിന്ദത്യഭീപ്സിതാം ॥

ഏവം	ഇപ്രകാരം	ഉഭയത:	ഇഹത്തിലും പരത്തിലും
വൈദിക താന്ത്രികൈ:	വേദോക്തമായവയും തന്ത്രോക്തമായവയുമായ	അഭിപ്സിതസിദ്ധിം	ഇച്ഛിക്കുന്ന ഫലം
ക്രിയായോഗപഥൈ:	പൂജാമാർഗ്ഗങ്ങളെക്കൊണ്ട്	മത്ത:	എന്നിൽനിന്നു്
അർച്ചൻപുമാൻ	പൂജചെയ്യുന്ന പുരുഷൻ	വിന്ദതി	സിദ്ധിക്കുന്നു

50. മദർച്ചാം സംപ്രതിഷ്ഠാപ്യ മന്ദിരം കാരയേദ്ദൃഢം ।
പുഷ്പോദ്യാനാനി രമ്യാണി പൂജായാത്രോത്സവാശ്രിതാൻ ॥

ദൃഢം മന്ദിരം	വളരേ ദൃഢമായ ഒരു അമ്പലം	പുഷ്പോദ്യാനാനി	പുഷ്പോദ്യാനങ്ങളേയും
കാരയേത്	നിർമ്മിക്കണം	പൂജായാത്രോത്സവാശ്രിതാം	നിത്യപൂജാ, പർവ്വതകാലങ്ങളിൽ നടക്കുന്ന യാത്രോത്സവങ്ങൾ വസന്തോത്സവങ്ങൾ ഇവക്കു് ആവശ്യമായ രഥം. ശിബികമുതലായവകളേയും പണിയേണം
മദർച്ചാം	അവിടെ എന്റെ വിഗ്രഹത്തെ		
സംപ്രതിഷ്ഠാപ്യ	നല്ലവണ്ണം പ്രതിഷ്ഠിച്ചിട്ട്		
രമ്യാണി	സുന്ദരമായ		

51. പൂജാദീനാം പ്രവാഹാർത്ഥം മഹാപർവ്വസ്വഥാന്വഹം ।
ക്ഷേത്രാപണപുരഗ്രാമാൻ ദത്വാ മത്സാർഷ്ടിതാമിയാത് ॥

അന്വഹം	പ്രതിദിനവും	ക്ഷേത്രാപണപുര ഗ്രാമാൻ	കൃഷി, ആപണം (പീടിക) നഗരം, ഗ്രാമങ്ങൾ ഇവകളെ
മഹാപർവ്വസു	ഏകാദശി മുതലായ മഹാപർവ്വങ്ങളിലും		
പൂജാദീനാം	പൂജാ മുതലായവ	ദത്വാ	നല്കി, അതുകൊണ്ട്
പ്രവാഹാർത്ഥം	മുടങ്ങാതെ നടക്കുന്നതിനായ്ക്കൊണ്ട്	മത്സാർഷ്ടിതാം ഇയാത്	എനിക്കു സമമായ ഐശ്വരം സിദ്ധിക്കുന്നു

52. പ്രതിഷ്ഠയാ സാർവ്വഭൌമം സദ്മനാ ഭുവനത്രയം ।
പൂജാദിനാ ബ്രഹ്മലോകം ത്രിഭിർമത്സാമ്യതാം ഇയാത് ॥

പ്രതിഷ്ഠയാ	വിഗ്രഹത്തെ പ്രതിഷ്ഠിക്കുന്നതാൽ	സാർവ്വഭൌമം	സാർവ്വഭൌമത്വവും

സദ്മനാ	അമ്പലം പണിയുന്നതിനാൽ	ത്രിഭി:	മൂന്നും ചെയ്യുന്നതിനാൽ
ഉപനത്രയം	ത്രിലോകാധിപത്യവും	മത്സാമ്യതാം	എനിക്കു സമമായ ആകൃതിയേയും
പൂജാദിനാ	പൂജാ മുതലായവയാൽ	ഇയാത്	പ്രാപിക്കും
ബ്രഹ്മലോകം	ബ്രഹ്മലോകവും		

53. **മാമേവ നൈരപേക്ഷ്യേണ ഭക്തിയോഗേന വിന്ദതി ।**
ഭക്തിയോഗം സ ലഭതേ ഏവം യ: പൂജയേത മാം ॥

നൈരപേക്ഷ്യേണ	ഫലാപേക്ഷ ഇല്ലാത്ത	യ: മാം ഏവം	ആരു് എന്നെ മുമ്പേ പറഞ്ഞപ്രകാരം
ഭക്തിയോഗേന	ഭക്തിയോഗത്താൽ	പൂജയേത	പൂജിക്കുന്നുവോ
		സ:	അവൻ
മാം ഏവ വിന്ദതി	എന്നെത്തന്നെ പ്രാപിക്കുന്നു	ഭക്തിയോഗം ലഭതേ	(സാധ്യ) ഭക്തിയോഗം പ്രാപിക്കുന്നു

54. **യ: സ്വദത്താം പരൈർദത്താം ഹരേത സുരവിപ്രയോ: ।**
വൃത്തിം സജായതേ വിഡ്ഭുഗ് വർഷാണാമയുതായുതം ॥

യ :	ആരു്	സ :	അവൻ
സ്വദത്താം	തന്നാൽ നല്കപ്പെട്ടതും	അയുതായുതം വർഷാണാം	പത്തുകോടി കൊല്ലങ്ങളോളം
പരൈ: ദത്താം	അന്യരാൽ നല്കപ്പെട്ടതുമായ		
സുരവിപ്രയോ: വൃത്തിം	ദേവബ്രാഹ്മണരുടെ സ്വത്തിനെ	വിഡ്ഭുക്	മലം ഭക്ഷിക്കുന്ന പുഴുവായു്
ഹരേത	അപഹരിക്കുന്നുവോ	ജായേത	ജനിക്കുന്നു

55. **കർത്തുശ്ച സാരഥേർഹേതോരനുമോദിതുരേവ ച ।**
കർമ്മണാം ഭാഗിന: പ്രേത്യ ഭൂയോ ഭൂയസി തത്ഫലം ॥

കർമ്മണാം	പ്രവൃത്തികൾക്കു് ഭാഗി	സാരഥേ: ച	സഹായം ചെയ്യുവർക്കും
ഭാഗിന:	കളായ	ഹേതോ:	പ്രേരിപ്പിച്ചവർക്കും
കർത്തു :	കർത്താവിനും	അനുമോദിത ഏവ	അനുമോദനം ചെയ്യുവനും

പ്രേത്യഫലം	മരണാനന്തരം ഇതേഫലംതന്നേയാണ് ഉണ്ടാകുന്നത്	ഭൂയസി	മുമ്പ് പറയപ്പെട്ട സഹായം വൃദ്ധിയാകുമ്പോൾ
തത്	ആ ഫലംതന്നെ	ഭൂയ:	വർദ്ധിക്കുന്നു

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം പതിനൊന്നാംസ്കന്ധം ഇരുപത്തിഏഴാമദ്ധ്യായം സമാപ്തം.

ആദിത: ശ്ലോകാ: 13362 ഏകാദശസ്കന്ധം ആദിത: ശ്ലോകാ: 1196

അഷ്ടാവിംശോ ƒദ്ധ്യായഃ = അദ്ധ്യായം ഇരുപത്തിഎട്ട്

പരമാർത്ഥ നിരൂപണം

പ്രപഞ്ചസത്യം നിരൂപിക്കുന്നത്.

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണ പരമാത്മാവ് പറഞ്ഞു :—

1. **പരസ്വഭാവകർമ്മാണി ന പ്രശംസേന്ന ഗർഹയേത് ।**
വിശ്വമേകാത്മകം പശ്യൻ പ്രകൃത്യാ പുരുഷേണ ച ॥

2. **പരസ്വഭാവകർമ്മാണി യ: പ്രശംസതി നിന്ദതി ।**
സ ആശു ഭ്രശ്യതെ സ്വാർത്ഥാദസത്യ ഭിനിവേശത: ॥

വിശ്വം	പ്രപഞ്ചത്തിനെ	ന പ്രശംസേത്	പ്രശംസിക്കരുത്
പുരുഷേണ	പുരുഷനോടും	ന ഗർഹയേത്	നിന്ദിക്കരുത്
പ്രകൃത്യാ ച	പ്രകൃതിയോടും	യ:	ആരു്
ഏകാത്മകം	ഒന്നുചേർന്നതായ് (അഭിന്നമായതായ്)	പരസ്വഭാവകർമ്മാണി	അന്യരുടെ സ്വഭാവത്തേയും പ്രവൃത്തികളേയും
പശ്യൻ	കണ്ട്	പ്രശംസതി	പ്രശംസിക്കുമ്പോ
പരസ്വഭാവകർമ്മാണി	അന്യരുടെ സ്വഭാവത്തിനേയും പ്രവൃത്തികളേയും	നിന്ദതി	അഥവാ നിന്ദിക്കുമ്പോ

സഃ	അവൻ
അസതി	മിഥ്യാഭൂതമായ വസ്തുവിൽ
അഭിനിവേശഃ	'അഹം' 'മമ' എന്ന അഭിമാനം വെക്കുന്നതിനാൽ
സ്വാത്മാത്	ജ്ഞാനനിഷ്ഠമാകുന്ന തന്റെ പുരുഷാർത്ഥത്തിൽ നിന്നും
ആശു ഭ്രശ്യതി	ഉടനെ ഭ്രഷ്ടനായ് ഭവിക്കുന്നു

3. തൈജസേ നിദ്രയാപന്നേ പിണ്ഡസ്ഥോ നഷ്ടചേതനഃ ।
മായാം പ്രാപ്നോതി മൃത്യും വാ തദ്വന്നാനാർത്ഥദൃക് പുമാൻ ॥

തൈജസേ	രാജസാഹങ്കാരകാര്യമായ ഇന്ദ്രിയ സമൂഹം
നിദ്രയാ	നിദ്രയാൽ
അപന്നേ	തൻ അധീനത്തിൽ വെക്കുമ്പോൾ
പിണ്ഡസ്ഥഃ	ശരീരത്തിൽ ഇരിക്കുന്ന ജീവൻ
മായാം	വെറും മനസ്സുമാത്രം മായക്ക് തുല്യമായ സ്വപ്നത്തേയും
നഷ്ടചേതനഃ	ചൈതന്യമില്ലാത്തവനായ്
മൃത്യും വാ	മനസ്സ് ലയിക്കുമ്പോൾ മരണത്തിനു തുല്യമായ സുഷുപ്തിയെ
പ്രാപ്നോതി	പ്രാപിക്കുന്നു
നാനാർത്ഥദൃക്	ദ്വൈതപ്രപഞ്ചിൽ അഭിനിവേശമുള്ള
പുമാൻ	പുരുഷനും
തദ്വത്	അതുപോലെ വിക്ഷേപവും ലയവും പ്രാപിക്കുന്നു

4. കിം ഭദ്രം കിമഭദ്രം വാ ദ്വൈതസ്യാവസ്തുതഃ കിയത് ।
വാചോദിതം തദനൃതം മനസാധ്യാനമേവച ॥

അവസ്തുതഃ	വാസ്തവത്തിൽ അവസ്തുവായ
ദ്വൈതസ്യ	ദ്വൈതപ്രപഞ്ചത്തിൻ ഉള്ളിൽ
ഭദ്രം കിം	നല്ലത് ഏതാണ്
അഭദ്രം വാ കിം	ചീത്ത ഏതാണ് ?
കിയത്	ഏതുവരെ നല്ലതു്, ഏതുവരെ ചീത്ത ?
വാചാ ഉദിതം	വാക്കാൽ പറയപ്പെട്ടതും (കണ്ണുകളാൽ കാണപ്പെട്ടതും)
മനസാ ധ്യാനം ച	മനസ്സിനാൽ ധ്യാനിക്കപ്പെട്ടതും ഏതോ
തത് അനൃതം ഏവ	അതെല്ലാം മിഥ്യഭൂതംതന്നെ

5. ഛായാ പ്രത്യാഹ്വയാഭാസാ ഹ്യസന്തോഽപ്യർത്ഥകാരിണഃ ।
ഏവം ദേഹാദയോ ഭാവാ യച്ഛന്ത്യാ മൃത്യുതോ ഭയം ॥

ഛായാ പ്രത്യാഹ്വയാ ഭാസഃ	പ്രതിബിംബം, പ്രതിധ്വനി, ശുക്തിയിൽ (കിളിഞ്ചൽ) ഭാസിക്കുന്ന രജതം (വെള്ളി) ഇവയിൽ
അസന്തഃ അപി	വാസ്തവത്തിൽ ഇല്ലാത്തവയായ് ഇരുന്നാലുംകൂടി
അർത്ഥകാരിണഃ ഹി	അതിന്റെ കാര്യങ്ങളെ ചെയ്യുന്നില്ലയോ
ഏവം	ഈവിധം തന്നെ
ദേഹാദയഃ ഭാവാഃ	ദേഹം മുതലായ വസ്തുക്കളും (വാസ്തവത്തിൽ ഇല്ലാത്തവകളായാലും കൂടി)
ആമൃത്യുതഃ	മരണംവരെ (അഥവാ അവക്ക് മരണം സംഭവിക്കുന്നതുവരെ)
ഭയം	ഭയത്തിനെ
യച്ഛന്തി	നല്കുന്നു

6. ആത്മൈവ തദിദം വിശ്വം സൃജ്യതേ സൃജതി പ്രഭുഃ ।
ത്രായതേ ത്രാതി വിശ്വാത്മാ ഹ്രിയതേ ഹരതീശ്വരഃ ॥

പ്രഭുഃ യത് സൃജതി	ബ്രഹ്മദേവൻ ഏതു് പ്രപഞ്ചത്തിനെ സൃഷ്ടിക്കുന്നുവോ
വിശ്വാത്മാ ത്രാതി	സർവ്വസ്വരൂപിയായ വിഷ്ണു രക്ഷിക്കുന്നുവോ
ഈശ്വരഃ ഹരതി	സർവ്വശക്തനായ രുദ്രൻ സംഹാരം ചെയ്യുന്നുവോ
സൃജ്യതേ	ഏതു പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നുവോ
ത്രായതേ	രക്ഷിക്കപ്പെടുന്നുവോ
ഹ്രിയതേ	നശിപ്പിക്കപ്പെടുന്നുവോ
തത് ഇദം വിശ്വം	അതെല്ലാം
ആത്മാ ഏവ	ഞാൻതന്നേ

7. തസ്മാന്നഹ്യാത്മനോഽന്യസ്മാദന്യോ ഭാവോ നിരൂപിതഃ ।
നിരൂപിതേയം ത്രിവിധാ നിർമ്മൂലാ ഭാതിരാത്മനി ॥
ഇദം ഗുണമയം വിദ്ധി ത്രിവിധം മായയാ കൃതം ॥

തസ്മാത്	ആത്മാവ് സർവ്വസ്വരൂപനായതുകൊണ്ടു്
അന്യസ്മാത്	സൃഷ്ടിക്കപ്പെടുന്ന വസ്തുവിനേക്കാൾ
ആത്മനഃ	അന്യമായ ആത്മാവിനേക്കാൾ
അന്യഭാവ	വേറേ ഒരു വസ്തു
നനിരൂപിതഃ ഹി	നിരൂപിക്കപ്പെട്ടിട്ടില്ല. അല്ലയോ?
ആത്മനി	ആത്മാവിങ്കൽ
നിരൂപിതാ	അവിവേകികളാൽ നിരൂപിക്കപ്പെട്ട

ത്രിവിധാ	ആദ്ധ്യാത്മികം, അദിദൈവികം ആദിഭൌതികം എന്ന മൂന്നുവിധമായ
ഇയം ഭാതി:	ഈ ഭാസം (തോന്നുക)
നിർമ്മൂലാ	ആധാരരഹിതമായതാണ്
ത്രിവിധം	മൂന്നുവിധമായതും
ഗുണമയം	ഗുണമയമായതുമായ
ഇദം	ഈ പ്രപഞ്ചം
മായയാ കൃതം	മായയാൽ ചെയ്യപ്പെട്ടതാകുന്നു എന്ന്
വിദ്ധി	അറിഞ്ഞാലും

8. ഏതദ് വിദ്വാൻ മദുദിതം ജ്ഞാന വിജ്ഞാന നൈപുണം ।
ന നിന്ദതി ന ച സ്തൌതി ലോകേ ചരതി സൂര്യവത് ॥

മദുദിതം	എന്നാൽ പറയപ്പെട്ട
ഏതദ് ജ്ഞാനവിജ്ഞാന നൈപുണം	ഈ ജ്ഞാനവിജ്ഞാനങ്ങളുടെ നിഷ്ഠയെ
വിദ്വാൻ	അറിഞ്ഞവൻ
ന നിന്ദതി	ഏതിനേയും നിന്ദിക്കുന്നില്ല;
ന സ്തൌതി ച	സ്തുതിക്കുകയും ഇല്ല
സൂര്യവത്	സൂര്യനെപോലെ സമനായി
ലോകേ ചരതി	ലോകത്തിൽ സഞ്ചരിക്കും

9. പ്രത്യക്ഷേണാനുമാനേന നിഗമേനാത്മസംവിദാ ।
ആദ്യന്തവദസത് ജ്ഞാത്വാ നിസ്സംഗോ വിചരേദിഹ ॥

പ്രത്യക്ഷേണ	പ്രത്യക്ഷ പ്രമാണംകൊണ്ടും
അനുമാനേന	അനുമാന പ്രമാണംകൊണ്ടും
നിഗമേന	ശബ്ദപ്രമാണംകൊണ്ടും
ആത്മസംവിദാ	സ്വാനുഭവംകൊണ്ടും
ആദ്യന്തവത്	ഈ പ്രപഞ്ചം ഉല്പത്തി വിനാശം ഉള്ളതാകുന്നു എന്നും
അസത് ഇതി	സത്യമില്ലാത്തത് എന്നും
ജ്ഞാത്വാ	അറിഞ്ഞ്
നി: സംഗ:	അവയിൽ ബന്ധമില്ലാത്തവനായി
ഇഹ വിചരേത്	ഈ ലോകത്തിൽ സഞ്ചരിക്കും
ഉദ്ധവ ഉവാച	ഉദ്ധവർ ചോദിച്ചു–

10. നൈവാ അതോ ന ദേഹസ്യ സംസൃതിർദ്രഷ്ടൃ ദൃശ്യയോ: ।
അനാത്മസ്വദൃശോരീശ കസ്യ സ്യാദുപലഭ്യതേ ॥

ദ്രഷ്ടൃദൃശ്യയോ:	ദ്രഷ്ടാവായും ദൃശ്യമായും ഇരിക്കുന്ന
അനാത്മസ്വദൃശോ:	ആത്മാ, അനാത്മാ (ജഡം) ഇവക്കിടയിൽ
സംസൃതി:	സംസാരം എന്നത്
കസ്യസ്യാത്	ആർക്കാണ് സ്വന്തം?
ദേഹസ്യത	ജഡമായതിനാൽ ശരീരത്തിനല്ല
ആത്മന: ഏവ ന	സ്വയം പ്രകാശനായതുകൊണ്ട് ആത്മാവിനുമല്ല;
ഉപലഭ്യതേ	ഇല്ല എന്ന് പറയുന്നതും ശരിയല്ല. കാരണം, അനുഭവിക്കപ്പെടുന്നതുകൊണ്ട്

11. ആത്മാവ്യയോ ഽഗുണ: ശുദ്ധ: സ്വയം ജ്യോതിരനാവൃത: ।
അഗ്നിവത് ദാരുവദചിത് ദേഹ: കസ്യേഹ. സംസൃതി: ॥

ആത്മാ	ആത്മാവ് എന്നത്
അവ്യയ	നാശം ഇല്ലാത്തതാകുന്നു
അഗുണ:	ആയതിനാൽ രാഗം മുതലായ ഗുണരഹിതനുമാണ്
ശുദ്ധ:	ആയതിനാൽ പുണ്യപാപങ്ങൾ ഇല്ലാത്തതും
സ്വയം ജ്യോതി	ആയതിനാൽ സ്വയം പ്രകാശരൂപി (അജ്ഞാനരഹിതമായത്)
ശ്രീഭഗവാനുവാച	ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു

12. യാവദ്ദേഹേന്ദ്രിയ പ്രാണൈരാത്മന: സന്നികർഷണം ।
സംസാര: ഫലവാംസ്താവദപാർത്ഥോ ഽപ്യവിവേകിത: ॥

ദേഹേന്ദ്രിയ പ്രാണൈ:	ദേഹം ഇന്ദ്രിയങ്ങൾ, പ്രാണൻ ഇവകളോട്
ആത്മന:	ആത്മാവിനു
യാവത് സന്നികർഷ: സ്യാത്	സംബന്ധം ഇരിക്കുന്നതു വരെ
അവിവേകിത:	വിവേകമില്ലാത്തവനു
സംസാര:	സംസാരം എന്നത്
അപാർത്ഥ: അപി	വാസ്തവത്തിൽ ഇല്ലെങ്കിലും
ഫലവാൻ	ഉള്ളതായിട്ട് പ്രകാശിക്കുന്നു

13. അർത്ഥേ ഹ്യവിദ്യമാനേ ഽപി സംസൃതിർന നിവർത്തതേ ।
ധ്യായതോ വിഷയാനസ്യ സ്വപ്നേ ഽനർത്ഥാഗമോ യഥാ ॥

അർത്ഥേ അവിദ്യമാനേ അപി ഹി	ദേഹം മുതലായ വസ്തു ഇല്ലാത്തതാണെങ്കിലും കൂടി
വിഷയാൻ	വിഷയങ്ങളെ
ധ്യായത:	ധ്യാനം ചെയ്യുന്ന

അസ്യ	ഈ ജീവാത്മാവിന്നു്	സംസൃതി	സംസാരം
സ്വപ്നേ	സ്വപ്നത്തിൽ	ന നിവർത്തതേ	നിവർത്തിയാകുന്നില്ല (ഇല്ലാതെ ആകുന്നില്ല ഇരിക്കുന്നതായിതന്നെ ഭവിക്കുന്നു)
അനർത്ഥാഗമ: യഥാ	അനർത്ഥങ്ങൾ (ദുഃഖം) ഉണ്ടാകുന്നതുപോലെ തന്നെ		

14. യഥാഹ്യപ്രതിബുദ്ധസ്യ പ്രസ്വാപോ ബഹ്വനർത്ഥഭൃത് ।
സ ഏവ പ്രതിബുദ്ധസ്യ ന വൈ മോഹായ കല്പതേ ॥

യഥാ	എങ്ങിനെ	സ: ഏവ	ആ സ്വപ്നംതന്നെ
അപ്രതിബദ്ധസ്യ	ഉറക്കത്തിൽനിന്നും ഉണരാനവന്നു്	പ്രതിബുദ്ധസ്യ	ഉണന്നു് എഴുന്നവന്നു്
പ്രസ്വാപ:	സ്വപ്നം എന്നതു്	മോഹായ	അനർത്ഥത്തിനെ നല്കുവാനുള്ള
ബഹ്വനർത്ഥഭൃത് ഹി	പലവിധ അനർത്ഥങ്ങളെ ചെയ്യുന്നതായി ഇരിക്കുന്നുവോ	ന കല്പതേ	ശക്തിയുള്ളതായി ഭവിക്കുന്നില്ല.

15. ശോകഹർഷ ഭയ ക്രോധലോഭ മോഹസ്പൃഹാദയ: ।
അഹംകാരസ്യ ദൃശ്യന്തേ ജന്മമൃത്യുശ്ചനാത്മന ॥

ശോകഹർഷഭയക്രോധലോഭമോഹസ്പൃഹാദയ:	ദു:ഖം, സന്തോഷം, ഭയം, ക്രോധം, ലോഭം, മോഹം, ആഗ്രഹം മുതലായവകളും	അഹംകാരസ്യ	അഹംകാരത്തിന്നു
		ദൃശ്യതേ	കാണപ്പെടുന്നു
ജന്മ മൃത്യു: ച	ജനനവും മരണവും	ആത്മന: ന	ആത്മാവിന്നു് ദൃശമാകുന്നില്ല

16. ദേഹേന്ദ്രിയ പ്രാണമനോഽഭിമാനോ
ജീവോഽന്തരാത്മാ ഗുണകർമ്മ മൂർത്തി: ।
സൂത്രം മഹാനിത്യുരുധേവ ഗീത:
സംസാര ആധാവതി കാലതന്ത്ര: ॥

ദേഹേന്ദ്രിയപ്രാണമനോഭിമാന:	ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ് ഇവകളിൽ അഭിമാനത്തോടുകൂടിയ	ആത്മാ	ആത്മാവ്
		അന്ത:	അവയുടെ ഉള്ളിൽ മറഞ്ഞു്

ജീവ:	ജീവാത്മാവായി	ഉരുധാ ഗീത:	പലവിധമായി പ്രതിപാദിക്കപ്പെട്ട്
ഗുണകർമ്മമൂർത്തി	ഗുണകർമ്മമയമായ ശരീരത്തോടുകൂടിയവനായിട്ട്	കാലതന്ത്ര:	പരമേശ്വരന്ന് അധീനനായിട്ട്
സൂത്രം മഹാൻ	സൂത്രം എന്നും മഹാൻ എന്നും	സംസാരേ ആധാവതി	സംസാരത്തിങ്കൽ ചുററി അലയുന്നു.

17. അമൂലമേതദ് ബഹുരൂപ രൂപിതം
മനോവച: പ്രാണശരീര കർമ്മ !
ജ്ഞാനാസിനോപാസനയാശിതേന
ഹരിത്വാ മുനിർഗാം വിചരത്യ തൃഷ്ണ: !!

അമൂലം	വസ്തുസ്ഥിതിയിൽ കാരണരഹിതനും	ഉപാസനയാ ശിതേന	ഗുരൂപാസനയാൽ മൂർച്ച്യാക്കപ്പെട്ട
ബഹുരൂപരൂപിതം	അജ്ഞാനത്താൽ പല രൂപത്തിൽ പ്രകാശിപ്പിക്കപ്പെട്ടതും	ജ്ഞാനാസിനാ	ജ്ഞാനം എന്ന പിശാംകത്തിയാൽ
മനോവച: പ്രാണ ശരീര കർമ്മ:	മനസ്, വാക്ക്, പ്രാണൻ, ശരീരം ഇവയിൽ സംബന്ധപ്പെട്ട	ഹരിത്വാ	അറിഞ്ഞു്
ഏതദ്	ഈ അഹംകാരത്തിനെ	മുനി:	മുനി
		അതൃഷ്ണ:	വിഷയങ്ങളിൽ ആശാരഹിതനായി
		ഗാം വിചരതി	ഭൂമിയിൽ സഞ്ചരിക്കുന്നു.

18. ജ്ഞാനം വിവേകോ നിഗമസ്തപശ്ച
പ്രത്യക്ഷ മൈതിഹ്യ മഥാനമാനം !
ആദ്യന്തയോരസ്യ യദേവ കേവലം
കാലശ്ച ഹേതുശ്ച തദേവ മദ്ധ്യേ !!

അസ്യ ആദ്യന്തയോ:	ഈ പ്രപഞ്ചത്തിന്റെ ആദിയിലും അവസാനത്തിലും	കാല: ച	പ്രാകാശകവുമായിരിക്കുന്നുവോ
യത്	ഏതൊന്ന് ഉപാദാന കാരണമായും	മദ്ധ്യേ	നടുവിലും
ഹേതു: ച	നിമിത്തകാരണമായും	കേവലം ഏവ	ആ അദ്വിതീയമായ ബ്രഹ്മംതന്നേയാണ് ഇരിക്കുന്നത്

വിവേകഃ	എന്ന വിവേകംതന്നേയാണ്
ജ്ഞാനം	ജ്ഞാനം എന്നറിയപ്പെടുന്നതു്
നിഗമഃ	വേദവും (ശ്രവണവും)
തപഃ	സ്വധർമ്മവും (നിദിധ്യാസനവും)
പ്രത്യക്ഷം	സ്വാനുഭവവും (മനനവും)
ഐതിഹ്യം	അറിവാളികളുടെ ഉപദേശവും
അനുമാനം ച	അനുകൂല തർക്കവും അതിന്നു കാരണങ്ങളാകുന്നു.

19. **യഥാ ഹിരണ്യം സ്വകൃതം പുരസ്താത്**
പശ്ചാച്ച സർവ്വസ്യ ഹിരണ്മയസ്യ!
തദേവ മദ്ധ്യേ വ്യവഹാര്യമാണം
നാനാപദേശൈരഹമസ്യ തദ്വത് ‖

സ്വകൃതം	കടക കുണ്ഡലാദി രൂപമായി ചെയ്യപ്പെടാത്ത
ഹിരണ്യം	സ്വർണ്ണം
സർവ്വസ്യ	കടകം, കുണ്ഡലം മുതലായവ എല്ലാം
പുരസ്താത്	ഉണ്ടാകുന്നതിനു മുമ്പും
പശ്ചാത് ച	നശിച്ചതിനു ശേഷവും
മദ്ധ്യേ	നടുവിലും (കടകാദിരൂപമായി ഇരിക്കുമ്പോഴും)
നാനാപദേശൈഃ	പല പേരുകളാൽ
വ്യവഹാര്യമാണം	വ്യവഹരിക്കപ്പെട്ടിരുന്നാലും
യഥാ തത് ഏവ	എങ്ങിനെ സ്വർണ്ണമായി തന്നേ ഇരിക്കുന്നുവോ
തദ്വത്	അതുപോലെത്തന്നെ
അസ്യ	ഈ പ്രപഞ്ചത്തിനു കാരണഭൂതനായ
അഹം	ഞാനും പല പേരുകൾക്ക് ആശ്രയമായി ഇരിക്കുന്നു.

20. **വിജ്ഞാനമേതത് ത്രിയവസ്ഥമംഗ**
ഗുണത്രയം കാരണ കാര്യ കർത്തൃ!
സമന്വയേന വ്യതിരേകതശ്ച
യേനൈവ തുര്യേണ തദേവ സത്യം ‖

അംഗ	പ്രിയമായുള്ളവനെ!
ത്രിയവസ്ഥം	ജഗ്രത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നു അവസ്ഥകളോടുകൂടിയതും
കാരണകാര്യകർത്തൃ	കാരണം, കാര്യകർത്താ എന്നു് മൂന്നുവിധമായിരിക്കുന്നതും

ഏതത് വിജ്ഞാനം	ഈ ജ്ഞാനംതന്നെ
തുര്യേണ	നാലാമത്തേതായ (തുരീയാവസ്ഥാ)
യേന സമന്വയേന ഏവ	ഏതോ അടൽ ചേരുന്നതുകൊണ്ടും
വ്യതിരേകഃ ച	പിരിയുന്നതുകൊണ്ടും പ്രകാശിക്കപ്പെടുന്നുവോ
തത് ഏവ സത്യം	അതുതന്നെയാണ് സത്യം എന്നതു്

21. **ന യത് പുരസ്താദുത യന്ന പശ്ചാന്മദ്ധ്യേ**
ച തന്ന വ്യപദേശമാത്രം ।
ഭൂതം പ്രസിദ്ധം ച പരേണ യദ് യദ്
തദേവ തത് സ്യാദിതി മേ മനീഷാ ॥

യത്	ഏതൊരു വസ്തു
പുരസ്താത് ന	ഉണ്ടാകുന്നതിനു് മുമ്പു് ഇല്ലയോ
യത്	ഏതൊരു വസ്തു
പശ്ചാത് ഉത ന	നാശത്തിനു ശേഷവും ഇല്ലയോ
തത് ന	അത് തനിച്ചും ഇല്ല;
വ്യപദേശമാത്രം ച	ഇടയിൽ ശബ്ദംകൊണ്ടു് വ്യവഹരിക്കപ്പെടുന്ന എന്ന മാത്രം
യദ് യദ്	ഏതേതു് വസ്തു
പരേണ	(താൻ ഒഴികെ) വേറൊന്നുകൊണ്ടു്
ഭൂതം	ഉണ്ടായതോ
പ്രസിദ്ധം ച	പ്രകാശപ്പെടുത്തപ്പെട്ടിട്ടും ഉണ്ടോ
തത്	ആ വസ്തു
തത് ഏവ സ്യാത്	കാരണവും പ്രകാശകമായ വസ്തുവായിട്ടുംതന്നെ ഇരിക്കും
ഇതി മേ മനീഷാ	എന്നു് എന്റെ അഭിപ്രായം.

22. **അവിദ്യമാനോഽപ്യവഭാസതേ യോ**
വൈകാരികോ രാജസസർഗ്ഗ ഏഷഃ ।
ബ്രഹ്മ സ്വയം ജ്യോതിരതോ വിഭാതി
ബ്രഹ്മേന്ദ്രിയാർത്ഥാത്മ വികാരചിത്രം ॥

യഃ	ഏതൊരു
വൈകാരികഃ	വികാര സമൂഹം ഉണ്ടോ
ഏഷഃ അവിദ്യമാനഃ	അത് മുമ്പു് ഇല്ലെങ്കിലും കൂടി
രാജസസർഗ്ഗഃ	രജോഗുണം കാരണമായി ബ്രഹ്മത്തിന്റെ കാര്യമായി

അവഭാസതേ അപി	പ്രകാശിക്കുന്നു; ബ്രഹ്മത്താൽ പ്രകാശിക്കുകയും ചെയ്യുന്നു
ബ്രഹ്മ	ആ ബ്രഹ്മമാണെങ്കിൽ
സ്വയം	കാര്യമല്ലാതെ സ്വതസ്സിദ്ധവും
ജ്യോതി:	പ്രകാശമായിട്ടും ഇരിക്കുന്നു
അത:	ആയതുകൊണ്ട്
ഇന്ദ്രിയാർത്ഥാത്മ വികാരചിത്രം	ഇന്ദ്രിയങ്ങൾ, അതിന്റെ വിഷയങ്ങൾ, മനസ്സ്, പഞ്ചമഹാഭൂതങ്ങൾ ഇവകളാൽ വിചിത്രമായി
ബ്രഹ്മവിഭാതി	ബ്രഹ്മംതന്നെ പ്രകാശിക്കുന്നു.

23. ഏവം സ്ഫുടം ബ്രഹ്മവിവേകഹേതുഭി:
പരാപവാദേന വിശാരദേന: ।
ഛിത്വാത്മ സന്ദേഹമുപാരമേത
സ്വാനന്ദതുഷ്ടോഽഖില കാമുകേഭ്യ: ॥

ഏവം	ഇപ്രകാരം
സ്ഫുടം	തെളിവായി
ബ്രഹ്മവിവേക ഹേതുഭി:	ദേഹാദികളേക്കാൾ ബ്രഹ്മം വേറെ എന്ന് അറിയുവാൻ കാരണങ്ങളാകുന്ന ശാസ്ത്രം നപസ്, പ്രത്യക്ഷം, അനുമാനം മുതലായവയാലും
വിശാരദേന പരാപവാദേന	സമർത്ഥനായ ഗുരുവാലും ശരീരം ആത്മാവാകുന്നു എന്നതിനെ നിഷേധിക്കുന്നതിനാലും
ആത്മ സന്ദേഹം	ആത്മവിഷയകമായ സംശയത്തിനെ
ഛിത്വാ	പരിഹരിച്ച്
സ്വാനന്ദതുഷ്ട	ആത്മാനന്ദത്താൽ സന്തോഷം സിദ്ധിച്ചവനായി
അഖില കാമുകേഭ്യ:	വിഷയസുഖങ്ങൾ എല്ലാററിൽനിന്നും
ഉപാരമേത	വിരമിക്കുന്നു.

24. നാത്മാ വപു: പാർത്ഥിവമിന്ദ്രിയാണി
ദേവാ ഹ്യസുർവ്വായുർ ജലം ഹുതാശ: ।
മനോന്നമാത്രം ധിഷണാ ച സത്വ-
മഹംകൃതി: ഖം ക്ഷിതിരർത്ഥ സാമ്യം ॥

പാർത്ഥിവം വപു	പാർത്ഥിവ (മൺസംബന്ധിച്ചു) മായ താൻ ശരീരവും
അന്നമാത്രം	അന്നമയമായ താൻ
മന:	മനസ്സും
ധിഷണാ	ബുദ്ധിയും

വിവേക:	എന്ന വിവേകംതന്നേയാണ്
ജ്ഞാനം	ജ്ഞാനം എന്നറിയപ്പെടുന്നതു്
നിഗമ:	വേദവും (ശ്രവണവും)
തപ:	സ്വധർമ്മവും (നിദിധ്യാസനവും
പ്രത്യക്ഷം	സ്വാനുഭവവും (മനനവും)
ഐതിഹ്യം	അറിവാളികളുടെ ഉപദേശവും
അനുമാനം ച	അനുകൂല തർക്കവും അതിന്നു കാരണങ്ങളാകുന്നു.

19. **യഥാ ഹിരണ്യം സ്വകൃതം പുരസ്താത്**
പശ്ചാച്ച സർവ്വസ്യ ഹിരണ്മയസ്യ ।
തദേവ മദ്ധ്യേ വ്യവഹാര്യ്യമാണം
നാനാപദേശൈ രഹമസ്യ തദ്വത് ॥

സ്വകൃതം	കടക കുണ്ഡലാദി രൂപമായി ചെയ്യപ്പെടാത്ത
ഹിരണ്യം	സ്വർണ്ണം
സർവ്വസ്യ	കടകം, കുണ്ഡലം മുതലായവ എല്ലാം
പുരസ്താത്	ഉണ്ടാകുന്നതിന്നു മുമ്പും
പശ്ചാത്ച	നശിച്ചതിന്നു ശേഷവും
മദ്ധ്യേ	നടുവിലും (കടകാദിരൂപമായി ഇരിക്കുമ്പോഴും)
നാനാപദേശൈ:	പല പേരുകളാൽ
വ്യവഹാര്യ്യമാണം	വ്യവഹരിക്കപ്പെട്ടിരുന്നാലും
യഥാ തത് ഏവ	എങ്ങിനെ സ്വർണ്ണമായി തന്നേ ഇരിക്കുന്നുവോ
തദ്വത്	അതുപോലെത്തന്നെ
അസ്യ	ഈ പ്രപഞ്ചത്തിന്നു കാരണഭൂതനായ
അഹം	ഞാനും പല പേരുകൾക്കു് ആശ്രയമായി ഇരിക്കുന്നു.

20. **വിജ്ഞാനമേതത് ത്രിയവസ്ഥ മംഗ**
ഗുണത്രയം കാരണ കാര്യ്യ കർത്തൃ ।
സമന്വയേന വ്യതിരേക തശ്ച
യേനൈവ തുര്യ്യേണ തദേവ സത്യം ॥

അംഗ	പ്രിയമായവനെ!
ത്രിയവസ്ഥം	ജഗ്രത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നു അവസ്ഥകളോടുകൂടിയതും
കാരണകാര്യ്യ കർത്തൃ	കാരണം, കാര്യ്യകർത്താ എന്നു് മൂന്നുവിധമായിരിക്കുന്നതും

വായ്വനലാംബു ഭൂ ഗുണൈഃ	ശുഷ്കമാകുക എന്ന വായു ഗുണത്തോടും, ദഹിക്കുക എന്ന അഗ്നി ഗുണത്തോടും, ഇദരമാക്കുക എന്ന ജലഗുണത്തോടും പുഴതിപടിഞ്ഞ് അഴുക്ക് ഉണ്ടാക്കുക എന്ന ഭൂഗുണത്തോടും
ഗതാഗതൈഃ	ഉണ്ടായിട്ട് നശിക്കുന്ന
ഋതു ഗുണൈഃ വാ	ഋതു ഗുണത്തോടേയും
നഭഃ യഥാ ന സജ്ജതേ	ആകാശം എങ്ങിനെ സംബന്ധപ്പെടുന്നില്ലയോ
അഹംമതേഃ സംസൃതി ഹേതുഭിഃ	അഹംകാരത്തിന്റെ സംസാരത്തിന്ന് കാരണങ്ങളായ
സത്വരജസ്തമോമലൈഃ	സത്വം, രജസ്, തമസ്, എന്ന മലങ്ങളോട്
പരം അക്ഷരം	പരബ്രഹ്മവും
തഥാ	അതുപോലെതന്നെ സംബന്ധപ്പെടുന്നില്ല.

27. തഥാപി സംഗഃ പരിവർജ്ജനീയോ
ഗുണേഷു മായാ രചിതേഷു താവത് ।
മത്ഭക്തിയോഗേന ദൃഢേന യാവത്
രജോ നിരസ്യേത മനഃ കഷായഃ ॥

തഥാപി	എങ്കിലും
ദൃഢേന	ദൃഢമായ
മത്ഭക്തി യോഗേന	എന്നോടുള്ള ഭക്തിയോഗത്താൽ
മനസഃ കഷായ	മനോമലമായ
രജഃ	രാഗം
യാവത് നിരസ്യേത താവത്	ഉപേക്ഷിക്കപ്പെടുന്നതുവരെ
മായാരചിതേഷു ഗുണേഷു	മായാകാര്യങ്ങളായ ഗുണങ്ങളുടെ
സംഗഃ പരിവർജ്ജനീയഃ	ബന്ധം ഉപേക്ഷാർഹം തന്നെ.

28. യഥാഽഽമയോഽസാധു ചികിത്സിതോ നൃണാം
പുനഃ പുനഃ സംതുദതി പ്രരോഹൻ ।
ഏവം മനോഽപക്വ കഷായ കർമ്മ
കുയോഗിനം വിധ്യതി സർവ്വസംഗം ॥

നൃണാം	മനുഷ്യന്മാരുടെ
ആമയഃ	വ്യാധി എന്നത്
അസാധു ചികിത്സിതഃ	അബദ്ധമായി വൈദ്യം ചെയ്യപ്പെട്ടമെങ്കിൽ
പുനഃ പുനഃ പ്രരോഹൻ	വീണ്ടുവീണ്ടും വദ്ധിച്ച്

യഥാ സംത്ത ദതി	എങ്ങിനെ കഷ്ടപ്പെടുന്നവോ	സർവ്വസംഗം	പുത്രൻ, മിത്രൻ, ധധം മുതലായവ സകലത്തിലും ബന്ധപ്പെട്ടതുമായ
ഏവം	അപ്രകാരംതന്നെ	മന:	മനസ്സ്
അപകപക ഷായ കമ്മ	രാഗാദികളേയോ അവ മൂലമായ കമ്മങ്ങളേയോ പരിഹരിക്കാത്തതും	കുയോഗിതം വിദധതി	നല്ല ജ്ഞാനം സിദ്ധിക്കാത്തവനെ ഭ്രഷ്ടനാക്കിക്കളയുന്നു.

29. കുയോഗിനോ യേ വിഹിതാന്തരായൈ
മനുഷ്യഭൂതൈ സ്ത്രിദശോപസൃഷ്ടൈ: ।
തേ പ്രാക്തനാഭ്യാസ ബലേന ഭൂയോ
യുഞ്ജന്തി യോഗം ന തു കമ്മ തന്ത്രം ॥

മനുഷ്യ ഭൂതൈ:	ബന്ധു ശിഷ്യാദി രൂപങ്ങളും	തേ	അവർ
ത്രിദശോപ സൃഷ്ടൈ:	ദേവന്മാരാൽ സൃഷ്ടിക്കപ്പെട്ടവകളുമായ	പ്രാക്തനാഭ്യാസ ബലേന	പൂർവ്വജന്മ ബാലാഭ്യാസം കൊണ്ട്
അന്തരായൈ	തടസ്ഥങ്ങളിനാൽ	ഭൂയ:	വീണ്ടും പുനർജന്മത്തിലും
യേ കുയോ ഗിത:	നല്ല ജ്ഞാനം സിദ്ധിക്കാത്തവർ	യോഗം യുഞ്ജതി	യോഗം അഭ്യസിക്കുന്നു എന്നത് അല്ലാതെ
വിഹിതാ:	കുത്സിതരായി ചെയ്യപ്പെട്ടവോ (നിന്ദ്യന്മാരാക്കപ്പെട്ടവോ)	ന തു കമ്മ തന്ത്രം	കമ്മങ്ങളെ അനുഷ്ഠിക്കുന്നില്ല.

30. കരോതി കമ്മ ക്രിയതേ ച ജന്തു:
കേനാപ്യസൌ ചോദിത ആനിപാതാത് ।
ന തത്ര വിദ്വാൻ പ്രകൃതൌ സ്ഥിതോഽപി
നിവൃത്ത തൃഷ്ണ: സ്വസുഖാനുഭൂത്യാ ॥

അസൌ ജന്തു:	ഈ ശരീരം എന്നത്	ആനിപാതാത്	മരണംവരെ
കേന അപി	ഇദം ഇത്ഥം എന്ന് പറയുവാൻവയ്യാത്ത ഏതോ ഒരു സംസ്കാരത്താൽ	കമ്മ കരോതി	ഭോജനം മുതലായ ജോലി ചെയ്യുന്നു:
ചോദിത:	പ്രേരിപ്പിക്കപ്പെട്ടതായി	ക്രിയതേ ച	ആയത്തുകൊണ്ട് പരിണാമത്തേയും പ്രാപിക്കുന്നു

വിദ്വാൻ	ജ്ഞാനി
പ്രകൃതൗ	ശരീരത്തിൽ
സ്ഥിതഃ അപി	സ്ഥിതനാണെങ്കിലും
സ്വസുഖാനുഭൂത്യാ	ആത്മസുഖം അനുഭവിക്കുന്നതിനാൽ
നിവൃത്തതൃഷ്ണഃ	ഇതര ആഗ്രഹരഹിതനായി
തത്ര ച	ആ പ്രവൃത്തിയിലും വികാരം പ്രാപിക്കുന്നില്ല.

31. **തിഷ്ഠന്തമാസീനമുത വ്രജന്തം ശയാന മുക്ഷന്തമദന്ത മന്നം !**
സ്വഭാവമന്യത് കിമപീഹമാന മാത്മാനമാത്മസ്ഥ മതിർന വേദ !!

ആത്മസ്ഥമതിഃ	പരമാത്മാവിൽ മനസ്സ് ലയിച്ചവൻ
ആത്മാനം	ദേഹത്തിനെതന്നെ
തിഷ്ഠന്തം	നില്ക്കുന്നതായോ
ആസീനം	അഥവാ ഇരിക്കുന്നതായോ
വ്രജന്തം ഉത	അഥവാ നടക്കുന്നതായോ
ശയാനം	അഥവാ കിടക്കുന്നതായോ
ഉക്ഷന്തം	അഥവാ മൂത്രവിസർജ്ജനം ചെയ്യുന്നതായോ
അന്നം അദന്തം	അന്നം ഉണ്ണുന്നതായോ
അന്യത് കിമപി സ്വഭാവം	അഥവാ നോക്കുക, തൊടുക മുതലായ സ്വാഭാവികമായ വേറെ പ്രവൃത്തിയെ
ഈഹമാനം	ചെയ്യുന്നതായോ
ന വേദ	അറിയുന്നില്ല.

32. **യദി സ്മ പശ്യത്യസദിന്ദ്രിയാർത്ഥം**
നാനാനുമാനേന വിരുദ്ധ മന്യത് !
ന മന്യതേ വസ്തുതയാ മനീഷീ
സ്വാപ്നം യഥോത്ഥായ തിരോദധാനം !!

മനീഷീ	ജ്ഞാനിയായവൻ
അസദിന്ദ്രിയാർത്ഥേ	ബാഹ്യദൃഷ്ടിയുള്ള ഇന്ദ്രിയങ്ങളുടെ വിഷയത്തെ
യദി നാനാ പശ്യതി സ്മ	പലവിധമായി നോക്കുന്ന എങ്കിലും
ഉത്ഥായ	സ്വപ്നത്തിൽനിന്നും ഉണർന്നതിനു ശേഷം
തിരോദധാനം	സംസ്കാരംകൊണ്ടു മാത്രം ഉൽപത്തിയായി നശിക്കുന്നതിനാൽ
സ്വാപ്നം	സ്വപ്ന പദാർത്ഥം
യഥാ	പോലെതന്നെ

അനുമാനേന	ഇവ പലവിധമായതി നാൽ മിഥ്യാ സ്വാപ്നപ ദാർത്ഥപോലെ എന്ന അ നുമാനംകൊണ്ട്
വിരുദ്ധം	ബാധിക്കപ്പെട്ടതും
അന്യത്	ആത്മാവിനേക്കാൾ വേ രായ വസ്തുവിനെ
വസ്തുതയാ	സത്യം എന്ന്
നമന്യതേ	വിചാരിക്കുന്നില്ല.

33.

പൂർവ്വം ഗൃഹീതം ഗുണകർമ്മ ചിത്ര
മജ്ഞാന മാത്മന്യ വിവിക്തമംഗ !
നിവർത്തതേ തത് പുനരീക്ഷയൈവ
ന ഗൃഹ്യതേ നാപി വിസൃജ്യ ആത്മാ !!

അംഗ	ഉദ്ധവ
പൂർവ്വം	പൂർവ്വം ബന്ധം എന്ന അ വസ്ഥയിൽ (സംസാര ബന്ധത്തിൽ)
ഗുണകർമ്മ	സത്വാദിഗുണങ്ങളാലും
ചിത്രം	കർമ്മങ്ങളാലും വിചിത്ര മായതും
അജ്ഞാനം	അജ്ഞാനകാര്യവുമായ ദേഹം, ഇന്ദ്രിയം മുതലാ യവ
ആത്മനി അവിവിക്തം	ആത്മാവിങ്കൽ അധ്യാ സംകൊണ്ട് ഒന്നായി (ഏകമായി)
ഗൃഹീതം	ഗൃഹിക്ക (അറിയ) പ്പെട്ടി രുന്നു
ഈക്ഷയാ ഏവ പുന:	അതുതന്നെ ജ്ഞാന ത്താൽ വീണ്ടും
നിവർത്തതേ	നിവൃത്തിപ്രാപിക്കുന്നു
ആത്മാ	ആത്മാവാണെങ്കിൽ
ന ഗൃഹ്യതേ	രൂപംകൊണ്ട് ഗ്രഹിക്ക പ്പെടുന്നുമില്ല
ന വിസൃജ്യ: അപി	വിസർജ്ജിക്കപ്പെടുന്നുമില്ല

34.

യഥാ ഹി ഭാനോരുദയോ നൃചക്ഷുഷാം
തമോ നിഹന്യാന്ന തു സദ് വിധത്തേ !
ഏവം സമീക്ഷാ നിപുണാ സതീമേ
ഹന്യാത്തമിസ്രം പുരുഷസ്യ ബുദ്ധേ: !!

ഭാനോ: ഉദ യ:	സൂര്യോദയം
യഥാ	എങ്ങിനെ
നൃചക്ഷുഷാം	മനുഷ്യന്റെ കണ്ണുകൾക്ക്
തമ:	ഇരുട്ടിനെ
നിഹന്യാത്	ഇല്ലാതാക്കുന്നു എന്നതല്ലാ തെ
ന സത് വി ധത്തേ	മുമ്പുതന്നെ അവിടെ ഇരി ക്കുന്ന ഘടപടാദികളെ ഉ ണ്ടാക്കുന്നില്ലയോ

ഏവം ഹി	അപ്രകാരംതന്നെ	പുരുഷസ്യ ബുദ്ധേ:	പുരുഷ ബുദ്ധിയുടെ
മേ സമീക്ഷാ	ആത്മസാക്ഷാത്കാരം	തമിസ്രം	അജ്ഞാനത്തിനെ
നിപുണാ	നിശ്ചയത്തോടുകൂടിയതും	ഹന്യാത്	ഇല്ലാതാക്കിത്തീക്കുന്നു.
സതീ	സത്യമായതുമായ		

35. ഏഷ സ്വയം ജ്യോതിരജോഽപ്രമേയോ
മഹാനുഭൂതി: സകലാനുഭൂതി: ।
ഏകോഽദ്വിതീയോ വചസാം വിരാമേ
യേനേഷിതാ വാഗസവശ്ചരന്തി ॥

യേന ഈഷിതാ:	ഏതൊരു ആത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ടവയായി	അജ:	ജനനം മുതലായ വികാര രഹിതൻ
വാക് അസ്വ: ചരന്തി.	വാക്കും, ഇന്ദ്രിയങ്ങളും അതാതിന്റെ വിഷയങ്ങളിൽ പ്രവൃത്തിക്കുന്നുവോ	അപ്രമേയ:	പ്രത്യക്ഷം മുതലായ പ്രമാണങ്ങളാൽ അറിവാൻ സാധിക്കാത്തവൻ
ഏഷ:	ആ ആത്മാ	മഹാനുഭൂതി	നിസ്സീമമായ ജ്ഞാനം, ഐശ്വര്യം മുതലായവയോടുകൂടിയവൻ
വചസാം വിരാമേ	വാക്കുകൾ അറിയുവാൻ സാധിക്കാതെ നിവൃത്തിയാകുമ്പോൾ	ഏക:	സർവ്വസ്വരൂപി
സ്വയം ജ്യോതി	സ്വയം പ്രകാശരൂപി	അദ്വിതീയ:	അദ്വിതീയൻ (രണ്ടാമതു ഇല്ലാത്ത)

36. ഏതാവാനാത്മ സംമോഹോ യദ് വികല്പസ്തു കേവലേ ।
ആത്മന്നൃതേ സ്വമാത്മാനമവലംബോ ന യസ്യ ഹി ॥

കേവലേ ആത്മൻ	അഭിന്നനായ ആത്മാവിങ്കൽ	ഹി	എന്തുകൊണ്ടെന്നാൽ
യത് വികല്പ:	ഏതൊരു ഭേദംതോന്നുന്നുവോ	സ്വം ആത്മാനം ഋതേ	തന്റെ ആത്മാവ് ഒഴികെ
ഏതാവാൻ	അത് മുഴുവനും	യസ്യ	ആ ഭ്രമത്തിന്ന്
ആത്മസംമോഹ:	മനോഭ്രമംതന്നെ	അവലംബ: ന	വേറെ ആശ്രയമില്ല.

37. യന്നാമാ കൃതിഭിർഗ്രാഹ്യം പഞ്ചവർണ്ണമബാധിതം ।
വ്യർത്ഥേനാപ്യർത്ഥവാദോഽയം ദ്വയം പണ്ഡിതമാനിനാം ॥

നാമാകൃതി ഭി:	നാമരൂപാദികളോട് കൂടിയതായി
ഗ്രാഹ്യം	ഇന്ദ്രിയങ്ങളാൽ അറിയുവാൻ സാദ്ധ്യമായതും
പഞ്ചവർണ്ണം	പഞ്ചഭൂതാത്മകവുമായ
യത്ദേഹം	ഏതൊരു ദേഹാദികളിൽ ജഗത്പ്രപഞ്ചം ഇരിക്കുന്നുവോ
അബാധിതം	അത് സത്യം എന്നും
അയം അർത്ഥവാദ: അപി	ഉപനിഷത്തുകളിൽ ആത്മഭേദത്തിനെ പറയുന്നതു് അർത്ഥവാദം എന്നും
പണ്ഡിത മാനിനാം വ്യർത്ഥന	സ്വയം പണ്ഡിതന്മാർ എന്ന അഭിമാനമുള്ള മീമാംസകന്മാരുടെ വൃഥാഭാവം എന്നല്ലാതെ വേറെ അല്ല.

38. യോഗിനോഽപക്വയോഗസ്യ യുഞ്ജത: കായ ഉത്ഥിതൈ: ।
ഉപസർഗ്ഗൈർവിഹന്യേത തത്രായം വിഹിതോ വിധി: ॥

അപക്വയോഗസ്യ	യോഗം ശരിയായിട്ട് പക്വമാകാത്തവനും
യുഞ്ജത:	പക്ഷേ യോഗാഭ്യാസം ചെയ്യുന്നവനും ആയ
യോഗിന:	യോഗിയുടെ
കായ:	ശരീരം
ഉത്ഥിതൈ: ഉപസർഗ്ഗൈ:	അതിന്നിടയിൽ ഉണ്ടാകുന്ന രോഗം മുതലായ തടസ്ഥങ്ങളാൽ
വിഹന്യേത	നശിപ്പിക്കപ്പെടുന്നുവെങ്കിൽ
തത്ര	അപ്പോൾ
അയം വിധി: വിഹിത:	പറയുവാൻപോകുന്ന പരിഹാരം ചെയ്യപ്പെടണം എന്നു് പറയപ്പെട്ടിരിക്കുന്നു.

39. യോഗധാരണയാ കാംശ്ചിദാസനൈർധാരണാന്വിതൈ: ।
തപോമന്ത്രൗഷധൈ: കാംശ്ചിദുപസർഗ്ഗാൻ വിനിർദ്ദഹേത് ॥

യോഗധാരണയാ	ചന്ദ്രൻ, സൂര്യൻ ഇവരുടെ ധാരണയാൽ
കാംശ്ചിത്	ക്രമത്തിൽ ശൈത്യത്തിനേയും, സന്താപത്തിനേയും
ധാരണാന്വിതൈ:	വായുധാരണയോടുകൂടിയ
ആസനൈ:	ആസനങ്ങളാൽ
കാംശ്ചിത്	വാതം മുതലായ രോഗങ്ങളേയും
തപോ മന്ത്രൗഷധൈ:	തപസ്സുകൊണ്ടും, മന്ത്രംകൊണ്ടും മരുന്നുകൊണ്ടും

ഉപസർഗ്ഗാൻ	പാപം, ഗ്രഹങ്ങൾ, സർപ്പം മുതലായവയാൽ സംഭവിക്കുന്ന ഉപദ്രവങ്ങളേയും	വിനിർഹരേത്	നശിപ്പിക്കേണ്ടതാകുന്നു.

40. **കാംശ്ചിന്മമാനുധ്യാനേന നാമ സംകീർത്തനാദിഭി: ।**
യോഗേശ്വരാനുവൃത്ത്യാ വാ ഹന്യാദശുഭദാം ശനൈ: ॥

മമ അനുധ്യാനേന	എന്നെ ധ്യാനിക്കുന്നതിനാലും	അശുഭദാൻ	ദു:ഖദായകമായ ദംഭം, അഭിമാനം മുതലായവയെ
നാമ സംകീർത്തനാദിഭി:	നാമ സംകീർത്തനം മുതലായവയാലും	യോഗേശ്വരാനുവൃത്ത്യാ വാ	യോഗേശ്വരന്മാർക്ക് ശുശ്രൂഷകൾ ചെയ്യുകിലും
കാംശ്ചിത്	കാമം ക്രോധം മുതലായവയേയും	ശനൈ:	പതുക്കെ പതുക്കെ
		ഹന്യാത്	നശിപ്പിക്കേണ്ടതാകുന്നു.

41. **കേചിദ്ദേഹമിമം ധീരാ: സുകല്പം വയസി സ്ഥിരം ।**
വിധായ വിവിധോപായൈരഥ യുഞ്ജന്തി സിദ്ധയേ ॥

കേചിത് ധീരാ:	ചില ധീരന്മാർ	വയസി സ്ഥിരം	യൌവനദശയിൽ വളരെ ദൃഢമായും
വിവിധോപായൈ:	പലവിധ ഉപായങ്ങളാൽ	വിധായ	ചെയ്ത്
		അഥ	അതിനു ശേഷം
ഇമം ദേഹം	ഈ ശരീരം	സിദ്ധയേ	പരകായ പ്രവേശം മുതലായവ സിദ്ധിക്കുവാനായും
സുകല്പം	ജരാ, രോഗം മുതലായവ ഇല്ലാതെ ശക്തിയോടു കൂടിയതായി	യുഞ്ജന്തി	യോഗാഭ്യാസം ചെയ്യുന്നു.

42. **ന ഹി തത് കുശലാദൃത്യം തദായാസോ ഹ്യപാർത്ഥക: ।**
അന്തവത്വാച്ഛരീരസ്യ ഫലസ്യേവ വനസ്പതേ: ॥

തത്	അത്	വനസ്പതേ: ഫലസ്യ ഇവ	മരത്തിന്റെ പഴത്തിന് നാശം സംഭവിക്കുന്നതു പോലെ
കുശലാദൃത്യം	വിവേകികളാൽ ആദരിക്കപ്പെടുന്നതല്ല.		
ഹി	എന്തുകൊണ്ടെന്നാൽ	ശരീരസ്യ അന്തവത്വാത്	ശരീരത്തിന്നും നാശം സംഭവിക്കുന്നതിനാൽ

തദായാസ:	ആ സിദ്ധിക്കായികൊണ്ട് ചെയ്യപ്പെടുന്ന പരിശ്രമം	അപാത്ഥക:ഹി	വ്യത്ഥംതന്നേയാണ്.

43. **യോഗം നിഷേവതോ നിത്യം കായശ്ചേത് കല്പതാമിയാത് !**
തച്ഛ്രദ്ദദ്ധ്യാന്ന മതിമാൻ യോഗ മുത്സൃജ്യ മത്പര: !!

നിത്യം യോഗം നിഷേവത:	ദിവസം യോഗാഭ്യാസം അഭ്യസിക്കുന്നവന്റെ	മത്പരഃ	എന്നേത്തന്നേ ആരാധിച്ചുകൊണ്ട്
		യോഗം	സമാധിയെ
കായ: കല്പതാം ഇയാത് ചേത്	ശരീരം ദൃഢമായിത്തീരുന്നവെങ്കിലും	ഉത്സൃജ്യ	വിട്ട്
മതിമാൻ	ബുദ്ധിമാനായവൻ	തത് ന ശ്രദ്ദദ്ധ്യാത്	ആ ദേഹ സിദ്ധികയിൽ വിശ്വാസംവെക്കരുത്.

44. **യോഗചര്യാമിമാം യോഗീ വിചരൻ മദപാശ്രയ: !**
നാന്തരായൈർവ്വിഹന്യേത നിസ്പൃഹ: സ്വസുഖാനുഭൂ: !!

നിസ്പൃഹ:	എതിലും ഇച്ഛ ഇല്ലാത്തവനം	വിചരൻ	അനുഷ്ഠിക്കുമ്പോരം
മദപാശ്രയ:	എന്നേത്തന്നേ ആശ്രയിച്ചവനുമായ	സ്വ സുഖാനുഭൂ:	ആത്മസുഖം അനുഭവിക്കുന്നവനായി
യോഗീ	യോഗിയായവൻ	അന്തരായൈ:	തടസ്ഥങ്ങളാൽ
ഇമാം യോഗചര്യാം	ഇ യോഗ മാർഗ്ഗം	ന വിഹന്യേത	നശിപ്പിക്കപ്പെടുന്നില്ല.

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം പതിനൊന്നംസ്കന്ധം ഇരുപത്തിഎട്ടാമദ്ധ്യായം സമാപ്തം "28"

ആദിത: ശ്ലോകാ: 13406 ഏകാദശസ്കന്ധം ആദിത: ശ്ലോകാ: 1240

ഏകോനത്രിംശോƒദ്ധ്യായഃ = അധ്യായം ഇരുപത്തിഒമ്പത്

ഭാഗവത ധർമ്മ നിരൂപണം ഉദ്ധവസ്യ ബദരികാശ്രമഗമനം ച.

ഭാഗവതൻ (ഭഗവത് ഭക്തന്മാർ) അനുസരിക്കേണ്ടുന്ന ധർമ്മങ്ങളെ വർണ്ണിക്കുന്നതും,
ഉദ്ധവർ ബദരികാശ്രമം പോകുന്നതും

ഉദ്ധവ ഉവാച :— ഉദ്ധവർ പറഞ്ഞു :—

1. **സുദുശ്ചരാമിമാം മന്യേ യോഗചര്യാമനാത്മനഃ ।**
യഥാഞ്ജസാ പുമാൻ സിദ്ധ്യേത് തന്മേ
ബ്രൂഹ്യഞ്ജസാച്യുത ।

2. **പ്രായശഃ പുണ്ഡരീകാക്ഷ യുഞ്ജന്തോ യോഗിനോ മനഃ ।**
വിഷീദന്ത്യസമാധാനാന്മനോ നിഗ്രഹകർശിതാഃ ॥

അച്യുത	ഹേ അച്യുത
അനാത്മനഃ	മനസ്സിനെ ജയിക്കാത്തവന്നു്
ഇമാം യോഗചര്യാം	ഈ യോഗാനുഷ്ഠാനം
സുദുഷ്കരാം	ശരിയായിട്ടും അഭ്യസിക്കുവാൻ അസാധ്യം എന്നു്
മന്യേ	ഞാൻ വിചാരിക്കുന്നു
പുമാൻ	(ആയതിനാൽ) പുരുഷൻ
യഥാ	എങ്ങിനെ
അഞ്ജസാ	എളുപ്പത്തിൽ
സിദ്ധ്യേത്	യോഗസിദ്ധിയെ പ്രാപിക്കുമോ
തത്	അതിനെ
മേ	എനിക്കു്
അഞ്ജസാ	എളുപ്പത്തിൽ മനസ്സിലാകുമാറു്
ബ്രൂഹി	ഉപദേശിക്കേണം
പുണ്ഡരീകാക്ഷ	ഹേ അരവിന്ദാക്ഷ
മനഃയുഞ്ജന്തഃ	മനസ്സിനെ അടക്കുവാൻ പ്രയത്നിക്കുന്നവരും
മനോനിഗ്രഹകർശിതാഃ	പക്ഷേ അതിനെ അടക്കുന്നതിനാൽ വളരേ ദുഃഖിക്കുന്നവരുമായ
യോഗിനഃ	യോഗികൾ
അസമാധാനാത്	മനസ്സിനെ അടക്കുവാൻ സാധിക്കാത്തതിനാൽ
പ്രായശഃ വിഷീദന്തി	അധികപക്ഷവും ദുഃഖിക്കുന്നു.

3. **അഥാത ആനന്ദ ദുഘം പദാംബുജം**
ഹംസാശ്രയേരന്നരവിന്ദലോചന !
സുഖം നു വിശ്വേശ്വര യോഗ കർമ്മഭിസ്ത്വന്മായയാമീ
വിഹതാ ന മാനിന: !!

വിശ്വേശ്വര	ഹേ വിശ്വേശ്വര	അരവിന്ദലോചന	ഹേ അരവിന്ദാക്ഷ!
അഥ അത:	അതുകൊണ്ടു തന്നേയാണു്	അമീ:	ഭവത് ഭക്തന്മാരായ ഇവർ
ഹംസാ:	ചരാചരങ്ങളെ വിവേകത്താൽ അറിയുവാൻ സമർത്ഥരായവർ	ത്വന്മായയാ ന വിഹതാ	തങ്ങളുടെ മായയാൽ ധ്വംസിപ്പിക്കപ്പെടുന്നില്ല
ആനന്ദ ദുഘം	ആനന്ദം പെരുക്കുന്ന (സ്രവിക്കുന്ന)	* യോഗകർമ്മഭി:	യോഗംകൊണ്ടോ കർമ്മംകൊണ്ടോ
പദാംബുജം	തങ്ങളുടെ തൃപ്പാദകമലങ്ങളെ	മാനിന: ന	തങ്ങളെ അവയിൽ സമർത്ഥന്മാർ എന്നു് വൃഥാ അഭിമാനികളായി ഭവിക്കുന്നില്ല
സുഖം ശ്രയേരൻ നു	എളുപ്പത്തിൽ സേവിക്കുന്നു ഇതിൽ സംശയമില്ല		

യേ_ആരു് യോഗ കർമ്മഭി_യോഗ കർമ്മങ്ങളാൽ മാനിന: സ്വയം സമർത്ഥന്മാർ എന്നു് വൃഥാ അഭിമാനത്തോടുകൂടിയവരായി ന ശ്രയന്തേ_താങ്കളുടെ തൃപ്പാദങ്ങളെ സേവിക്കുന്നില്ലയോ അമീ_അവർ ത്വന്മായയാ വിഹതാ:_തങ്ങളുടെ മായയാൽ നശിപ്പിക്കപ്പെടുന്നു.

4. **കിം ചിത്രമച്യുത തവൈതദശേഷബന്ധോ**
ദാസേഷ്വനന്യ ശരണേഷു യദാത്മസാത്വം !
യോഽരോചയത് സഹ മൃഗൈ: സ്വയമീശ്വരാണാം
ശ്രീമത് കിരീടതടപീഡിത പാദപീഠ: !!

അച്യുത	തന്നേ ആശ്രയിച്ചവരെ കൈവെടിയാത്തവനും	ശ്രീമത് കിരീട തട പീഡിത പാദ പീഠ:	ജ്വലിക്കുന്ന കിരീടതടങ്ങളാൽ പീഡിക്കപ്പെടാത്ത പാദ പീഠത്തോടുകൂടിയിരുന്നാലുംകൂടി
അശേഷ ബന്ധോ	എല്ലാവർക്കും ബന്ധുവുമായ ഹേ ശ്രീ കൃഷ്ണ!	യ:	ഭവാൻ
ഈശ്വരാണാം	ബ്രഹ്മദേവൻ മുതലായ ഈശ്വരന്മാരുടെ	സ്വയ:	ശ്രീരാമാവതാരത്തിൽ സ്വയംതന്നെ

മൃഗൈഃ സഹ അരോചയത്	വാനരങ്ങളോടുള്ള സ്നേഹത്തിനെ വളരേ പ്രിയമായി ആഗ്രഹിച്ചപ്പോ	ദാസേഷു	നന്ദഗോപൻ, ഗോപികമാർ, ബലി, മുതലായ ദാസന്മാർക്ക്
തവ	ഭവാന്റെ	യദ് ആത്മസാത്വം	അധീനനായി ഇരിക്കുക എന്നതിൽ
അനന്യ ശരണേഷു	ഭവാനല്ലാതെ വേറേ ശരണമില്ലാത്തവരായ	കിം ചിത്രം	എന്താണ് അത്ഭുതം

5. തം ത്വാഖിലാത്മദയിതേശ്വരമാശ്രിതാനാം
സർവ്വാർത്ഥദം സ്വകൃതവിദ് വിസൃജേത കോ നു ।
കോ വാ ഭജേത് കമപി വിസ്മൃതയേഽനു ഭൂത്യൈ
കിം വാ ഭവേന്ന തവ പാദാരജോജ്ജുഷാം നഃ ॥

അഖിലാത്മദയിതേശ്വരം	സർവ്വലോകങ്ങൾക്ക് ചൈതന്യദായകനും, വളരേ പ്രിയമായവനും ആയതുകൊണ്ട് ദൃഢമായി സേവിക്കപ്പെടേണ്ടുന്നവനും	വിസൃജേത	സേവിക്കാതെ വിട്ടുകളയും
		ഭൂത്യൈ	ഇന്ദ്രിയസുഖത്തിന്നോ
		അനുവിസ്മൃതയേ	അടുത്ത ക്ഷണം തങ്ങളെ വിസ്മരിക്കുവാൻ ഹേതുവായിരിക്കുന്ന
സർവ്വാർത്ഥദം	അതുവുമല്ലാതേ തന്നേ ആശ്രയിച്ചവർക്ക് സകല പുരുഷാർത്ഥങ്ങളേയും നല്കുന്നവനുമായ	കിമപി	ഭവാനല്ലാത്ത സ്വർഗ്ഗാദികളെ ഭവാൻ നല്കിയാലും കൂടി
		ക: വാ	ആരുതന്നേയാണ്
		ഭജേത്	സേവിക്കും
തം ത്വാ	ആ തങ്ങളെ	തവ പാദാരജോജുഷാം	തങ്ങളുടെ പാദധൂളികളെ സേവിക്കുന്ന
സ്വകൃതവിത്	അന്തര്യാമിയായിരുന്നും കൊണ്ട് ഭവാൻ ചെയ്യുന്ന ഉപകാരത്തിനെ അറിഞ്ഞ	ന:	ഞങ്ങൾക്ക്
		കിംവാ	എതുതന്നേയാണ്
ക: നു	ആരുതന്നേയാണ്	ഭവേത്	സംഭവിക്കുകയില്ല

കിമപി_താങ്കളല്ലാതെ വേറെ ഒരു ദേവതയെ അഥവാ ധർമ്മം ജ്ഞാനം മുതലായ സാധനത്തേയോ ഭൂത്യൈ ഐശ്വര്യത്തിന്നായികൊണ്ടോ, വിസ്മൃതയേ-മോക്ഷത്തിന്നായികൊണ്ടോ ക: വാ ഭജേത്_ആരുതന്നേ ഭജിക്കും.

6\.

നൈവോപയന്ത്യപചിതിം കവയസ്തവേശ
ബ്രഹ്മായുഷാപി കൃതമൃദ്ധമുദഃ സ്മരന്തഃ ।
യോന്തർബഹിസ്തനുഭൃതാമശുഭം വിധുന്വ
ന്നാചാര്യചൈത്യവപുഷാ സ്വഗതിം വ്യനക്തി ॥

ഈശ	ഹേ ഈശ
ബഹി: അന്ത: ആചാര്യ ചൈത്യവപുഷാ	പുറത്തു് ആചാര്യ രൂപത്തോടും അകത്തു് ചൈതന്യ രൂപത്തോടും
തനുഭൃതാം	മനുഷ്യരിൽ
അശുഭം വിധുന്വൻ	വിഷയവാസനയേ ഇല്ലാതാക്കിക്കൊണ്ടു്
യ: സ്വഗതിം വ്യനക്തി	ഏതൊരു ഭവാൻ സ്വസ്വരൂപത്തിനെ പ്രകാശപ്പെടുത്തുന്നുവോ
തവ	ആ ഭവാന്നു്
അപചിതിം	പ്രത്യുപകാരത്തിനെ (കടംവീട്ടുന്നതിനെ)
കവയ:	ജ്ഞാനികളും കൂടി
കൃതം സ്മരന്ത:	ഭവാൻ ചെയ്ത ഉപകാരത്തിനെ സ്മരിച്ചുകൊണ്ടു്
ഋദ്ധമുദ:	ആനന്ദപൂർണ്ണന്മാരായി
ബ്രഹ്മായുഷാ അപി	ബ്രഹ്മായുസ്സിനാലുംകൂടി
ന ഉപയാന്തി ഏവ	ചെയ്തു്തീർക്കാൻ സാധിച്ചതേ ഇല്ല
ശ്രീ ശുക ഉവാച	ശ്രീ ശുകൻ പറഞ്ഞു.

7\.

ഇത്യുദ്ധവേനാത്യനുരക്തചേതസാ
പൃഷ്ടോജഗത് ക്രീഡനകഃ സ്വശക്തിഭിഃ ।
ഗൃഹീത മൂർത്തിത്രയ ഈശ്വരേശ്വരോ
ജഗാദ സപ്രേമമനോഹരസ്മിതഃ ॥

ഇതി	ഇപ്രകാരം
അത്യനുരക്ത ചേതസാ	ഭക്തിയുള്ള മനസ്സോടുകൂടിയ
ഉദ്ധവേന	ഉദ്ധവരാൽ
പൃഷ്ട:	ചോദിക്കപ്പെട്ടവരും
ജഗത് ക്രീഡനക:	ജഗത്തിനെ കളിക്കോപ്പായായി വെച്ചിട്ടുള്ളവനും
സ്വശക്തിഭി:	തന്റെ ശക്തികളായ സത്വരജസ്തമോ ഗുണങ്ങളാൽ
ഗൃഹീത മൂർത്തിത്രയ:	രൂപത്രയങ്ങളെ ധരിച്ചവനും
ഈശ്വരേശ്വര:	ഈശ്വരന്മാർക്കും ഈശ്വരനായ ഭഗവാൻ
സപ്രേമമനോഹരസ്മിത:	പ്രേമയോടുകൂടിയതും മനോഹരവുമായ പുഞ്ചിരിയോടുകൂടിയവനായി
ജഗാദ	ഉത്തരം പറഞ്ഞു
ശ്രീ ഭഗവാനുവാച	ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു.

8. ഹന്ത തേ കഥയിഷ്യാമി മമ ധർമ്മാൻ സുമംഗലാൻ
യാൻ ശ്രദ്ധയാƒചരൻ മർത്യോമൃത്യും ജയതി ദുർജയം ॥

ഹന്ത	ആശ്ചര്യം	ശ്രദ്ധയാ	വളരേ ശ്രദ്ധയോടെ
സുമംഗലാൻ	വളരേ മംഗളങ്ങളായ	ചരൻ മർത്യ:	അനുഷ്ഠിക്കുന്ന മനുഷ്യൻ
മമ ധർമ്മാൻ	എന്റെ ധർമ്മങ്ങളെ	ദുർജയം മൃത്യും	ഉപായാന്തരങ്ങളാൽ ജയിക്കുവാൻ സാധിക്കാത്ത സംസാരത്തിനെ
തേ കഥയിഷ്യാമി	നിനക്ക് ഉപദേശിക്കാം		
യാൻ	ഏവയെ	ജയതി	ജയിക്കുന്നു.

9. കുര്യാത്സർവ്വാണി കർമ്മാണി മദർത്ഥം ശനകൈ: സ്മരൻ!
മയ്യർപ്പിതമനശ്ചിത്തോ മദ്ധർമ്മാത്മമനോരതി: ॥

മയ്യർപ്പിത മനശ്ചിത്ത:	എന്നിൽ അർപ്പിക്കപ്പെട്ട മനസ്സ് ചിത്തം ഇവകളോടുകൂടിയവനും	സർവ്വാണി കർമ്മാണി	സകല കർമ്മങ്ങളേയും
		മദർത്ഥം സ്മരൻ	എനിക്കായിക്കൊണ്ട് എന്നെ സ്തോത്രംചെയ്തുകൊണ്ട്
മദ്ധർമ്മാത്മ മനോരതി:	എന്റെ ധർമ്മങ്ങളിൽതന്നേ മനസ്സന്തുഷ്ടിയോടുകൂടിയവനായും	ശനകൈ:	അവസരപ്പെടാതെ
		കുര്യാത്	ചെയ്യേണ്ടതാണു്

10. ദേശാൻ പുണ്യാൻ ആശ്രയേത മ ദ്ഭക്തൈ: സാധുഭി:
ശ്രിതാൻ !
ദേവാസുര മനുഷ്യേഷു മദ്ഭക്താചരിതാനി ച ॥

സാധുഭി:	സദാചാരസമ്പന്നന്മാരായ	ദേവാസുരമനുഷ്യേഷു	ദേവന്മാർ, മനുഷ്യന്മാർ, അസുരന്മാർ ഇവരിൽ
മദ്ഭക്തൈ:	എന്റെ ഭക്തന്മാരാൽ		
ശ്രിതാൻ	സേവിക്കപ്പെട്ട	മദ്ഭക്താചരിതാനി	എന്റെ ഭക്തന്മാരായ, നാരദൻ, പ്രഹ്ളാദൻ, അംബരീഷൻ മുതലായവരുടെ പ്രവൃത്തികളേയും
പുണ്യാൻ ദേശാൻ	ദ്വാരകാ മുതലായ പുണ്യദേശങ്ങളേയും		
ച	അതുപോലെ	ആശ്രയേത	സേവിക്കേണം

11. **പ്രഥക് സത്രേണ വാ മഹ്യം പർവ്വയാത്രാമഹോത്സവാൻ ।**
കാരയേത് ഗീത നൃത്താദ്യൈർ മഹാരാജവിഭൂതിഭി: ॥

പൃഥക്	തനിച്ചോ (അന്യരുടെ സഹായമില്ലാതെ) അഥവാ
സത്രേണ വാ	അന്യരുടെ സഹായത്തോടേയോ
ഗീത നൃത്യാദ്യൈ:	ഗീതം, നൃത്തം മുതലായ
മഹാരാജവിഭൂതിഭി:	മഹാരാജോപചാരത്തോടെ
പർവ്വയാത്രാമഹോത്സവാൻ	ഉത്സവം, യാത്രോത്സവം മുതലായവയെ
മഹ്യം	എനിക്കായികൊണ്ടു്
കാരയേത്	ചെയ്യിപ്പിക്കേണ്ടതാകുന്നു

12. **മാമേവ സർവ്വഭൂതേഷു ബഹിരന്തരപാവൃതം ।**
ഈക്ഷേതാത്മനി ചാത്മാനം യഥാ ഖമമലാശയ: ॥

അമലാശയ:	നിർമ്മലമായ മനസ്സോടുകൂടി
ഖം യഥാ	ആകാശംപോലെ
ബഹി: അന്ത:	പുറത്തും, അകത്തും പരിപൂർണ്ണമായിരിക്കുന്നവനും
അപാവൃതം	ആവരണരഹിതനും
ആത്മാനം	ഈശ്വരനമായ
മാം ഏവ	എന്നേതന്നേ
സർവ്വഭൂതേഷു	സകല പ്രാണികളിലും
ആത്മനി ച	തന്നിലും
ഈക്ഷേത	കാണണം

13. **ഇതി സർവ്വാണി ഭൂതാനി മത്ഭാവേന മഹാദ്യുതേ ।**
സഭാജയൻ മന്യമാനോ ജ്ഞാനം കേവലമാശ്രിത: ॥

14. **ബ്രാഹ്മണേ പുല്ക്കസേ സ്തേനേ ബ്രഹ്മണ്യേൎക്കേ സ്ഫുലിംഗകേ**
അക്രൂരേ ക്രൂരകേ ചൈവ സമദൃക് പണ്ഡിതോ മത: ॥

മഹാദ്യുതേ	ഹേ മഹാബുദ്ധിമാനെ
ഇതി	ഇപ്രകാരം
കേവലം	കേവലം
ജ്ഞാനം ആശ്രിത:	ജ്ഞാനദൃഷ്ടി സിദ്ധിച്ചവനായിക്കൊണ്ടു്
സർവ്വാണി ഭൂതാനി	സമസ്ത പ്രാണികളേയും
മത്ഭാവേന	ഞാനായിട്ടുതന്നെ
മന്യമാന:	വിചാരിച്ചുകൊണ്ടു്
സഭാജയൻ	പൂജിച്ചുകൊണ്ടു്
ബ്രാഹ്മണേ	ബ്രാഹ്മണനിലും

പുൽക്കസേ	ചണ്ഡാളനിലും
ബ്രഹ്മണ്യ	(തൊഴിലിൽ വ്യത്യാസപ്പെട്ട) ബ്രാഹ്മണ ഭക്തനിലും
സ്തേനേ	ബ്രാഹ്മണ സ്വത്തിനെ അപഹരിക്കുന്നവനിലും
അർക്കേ	(ഗുണത്തിൽ വ്യത്യാസമുള്ള) സൂര്യനിലും
സ്ഫുലിംഗകേ ച	തീപ്പൊരിയിലും
അക്രൂരേ	(സ്വഭാവ വ്യത്യാസമുള്ള) ശാന്തനിങ്കലും
ക്രൂരേ ഏവ	ക്രൂരനിലും
സമദൃക്	സമാനായിരിക്കുന്ന എന്നെ നോക്കുന്നവൻ
പണ്ഡിതഃ മതഃ	പണ്ഡിതൻ എന്നു കരുതപ്പെടുന്നു.

15. **നരേഷ്വഭീക്ഷ്ണം മദ്ഭാവം പുംസോ ഭാവയതോഽചിരാത് ।**
സ്പർദ്ധാസൂയാ തിരസ്കാരാഃ സാഹംകാരാ വിയന്തി ഹി ॥

നരേഷു	മനുഷ്യന്മാരിൽ
അഭീക്ഷ്ണം	പലപ്പോഴും
മത്ഭാവം ഭാവയതഃ	ഈശ്വരഭാവനയേ ചെയ്യുന്ന
പുംസഃ	പുരുഷന്റെ
സ്പർദ്ധാസൂയാ തിരസ്കാരാഃ	(വിരോധ മനോഭാവം) അസൂയാ സ്പർദ്ധാ, അവമാനിക്കുക ഇവ
അഹംകാരാഃ	അഹംകാരത്തോടുകൂടിയെ
ഹി വിയന്തി	നിശ്ചയമായും നശിക്കുന്നു.

16. **വിസൃജ്യ സ്മയമാനാൻ സ്വാൻ ദൃശം വ്രീഡാം ച ദൈഹികീം ।**
പ്രണമേത് ദണ്ഡവത് ഭൂമാവാശ്വചാണ്ഡാളഗോഖരം ॥

സ്മയമാനാൻ	തന്നെ നോക്കി പരിഹസിക്കുന്ന
സ്വാൻ	തന്റെ സഖാക്കളേയും
ദൈഹികീം ദൃശം	ഞാൻ ഉത്തമൻ, അന്യർ നീചന്മാർ എന്നു് ശരീരം ഹേതുവായി ഉണ്ടായ വിചാരവും
വ്രീഡാം ച	ലജ്ജയേയും
വിസൃജ്യ	വിട്ടു്
ആശ്വചാണ്ഡാള ഗോഖരം	നായ, ചണ്ഡാളൻ കോവേരു കഴുത തുടങ്ങി എല്ലാററിനേയും
ഭൂമൌ ദണ്ഡവത് പ്രണമേത്	ഭൂമിയിൽ ദണ്ഡംപോലെ വീണു് നമസ്കരിക്കണം.

17. **യാവത് സർവ്വേഷു ഭൂതേഷു മദ്ഭാവോ നോപജായതേ ।**
താവദേവമുപാസീത വാങ്മന: കായ വൃത്തിഭി: ॥

സർവ്വേഷു ഭൂതേഷു	എല്ലാ പ്രാണികളിലും	ഏവം	ഈവിധം
മത്ഭാവ:	ഈശ്വരഭാവം	വാങ്മന: കായ വൃത്തിഭി:	വാക്ക്, മനസ്സ്, ശരീരം ഇവയുടെ പ്രവൃത്തികളാൽ
യാവത് ന ഉപജായതേ	എതുവരേ ഉണ്ടാകുന്നില്ലയോ അതുവരെ		
താവത്		ഉപാസീത	ഉപാസിക്കേണ്ടതാകുന്നു.

18. **സർവ്വം ബ്രഹ്മാത്മകം തസ്യ വിദ്യയാത്മമനീഷയാ ।**
പരിപശ്യന്നുപരമേത് സർവ്വതോമുക്തസംശയ: ॥

തസ്യ	ഇപ്രകാരം ഉപാസിക്കുന്ന പുരുഷന്ന്	പരിപശ്യൻ	നാലു ഭാഗങ്ങളിലും പരബ്രഹ്മത്തേയും നോക്കുന്നവനായി
സർവ്വം ബ്രഹ്മാത്മകം	എല്ലാം ബ്രഹ്മസ്വരൂപമായി ഭവിച്ചുപോകുന്നു	മുക്തസംശയ:	സംശയം നിവൃത്തിയായവനായി
ആത്മമനീഷയാ	ആ സകല സ്ഥലത്തിലും ബ്രഹ്മദൃഷ്ടിയാലുണ്ടായ	സർവ്വത: ഉപരമേത്	സകല പ്രവൃത്തികളിൽ നിന്നും വിരമിച്ചുപോകുന്നു.
വിദ്യയാ	ജ്ഞാനത്താൽ		

19. **അയം ഹി സർവ്വകല്പാനാം സധ്രീചീനോ മതോ മമ ।**
മത്ഭാവ: സർവ്വഭൂതേഷു മനോവാക്കായ വൃത്തിഭി ॥

മനോവാക്കായ വൃത്തിഭി:	മനസ്സ്, വാക്ക്, ശരീരം ഇവകളുടെ വ്യാപാരങ്ങളാൽ	അയം ഹി	ഇതുതന്നേയാണ്
		സർവ്വകല്പാനാം	മററെല്ലാ ഉപായങ്ങളിലും
സർവ്വഭൂതേഷു മത്ഭാവ:	എല്ലാ വസ്തുക്കളിലും പരമാത്മ ദർശനം എന്ന് ഏതൊന്ന് ഉണ്ടോ	സധ്രീചീന:	വളരേ ശ്രേഷ്ഠമെന്ന്
		മമ മത:	എന്റെ അഭിപ്രായ:

20. **ന ഹ്യംഗോപക്രമേ ധ്വംസോ മദ്ധർമ്മസ്യോദ്ധവാണ്വപി ।**
മയാ വ്യവസിത: സമ്യങ് നിർഗ്ഗുണത്വാദനാശിഷ: ॥

ഉദ്ധവ	ഹേ ഉദ്ധവാ	അനാശിഷ:	നിഷ്കാമമായ

മദ്ധർമ്മസ്യ	ഭഗവദുപാസനാരൂപമായ എന്റെ ധർമ്മത്തിനെ
അംഗോപക്രമേ	അംഗത്തിനെ ആരംഭിച്ചതുകൊണ്ടുതന്നെ (അസാധ്യമായാലും)
അണു അപി	വൈഗുണ്യം മുതലായവയാൽ അൽപംപോലും
ധ്വംസഃ ന	നശിക്കുന്നില്ല
നിർഗ്ഗുണത്വാത്	ഗുണസംബന്ധമില്ലാതിരിക്കുന്നതിനാൽ
മയാ സമ്യക് വ്യവസിതഃ	എന്നാൽതന്നെ ശ്രേഷ്ഠമായത് എന്ന് തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

21. **യോ യോ മയി പരേ ധർമ്മഃ കല്പ്യതേ നിഷ്ഫലായ ചേത് ।**
തദായാസോ നിരർത്ഥഃ സ്യാത് ഭയാദേരിവ സത്തമ ॥

ഉത്തമ	ഹേ സജ്ജനങ്ങളിൽ ശ്രേഷ്ഠനെ
ഭയാദേഃ ഇവ	ഭയം ഉണ്ടാകുമ്പോൾ നിഷ്ഫലമായി ഓടുന്നതുപോലേയും, ശോകംവരുമ്പോൾ നിഷ്ഫലമായി കത്തികരയുന്നതുപോലേയും
നിരർത്ഥഃ	നിഷ്ഫലമായ
യഃ യഃ	ഏതേത്
ആയാസഃ	ലൗകിക വ്യാപാരങ്ങൾ ഉണ്ടോ അതെല്ലാം
പരേ	പരമാത്മാവായ
മയി	എന്നിൽ
നിഷ്ഫലായ	ഫലം ഇച്ഛിക്കാതെ
കല്പ്യതേ ചേത്	അർപ്പിക്കപെടുമെങ്കിൽ
തദാ ധർമ്മഃ സ്യാത്	അപ്പോൾ ധർമ്മമായി ഭവിക്കുന്നു.

22. **ഏഷാ ബുദ്ധിമതാം ബുദ്ധിർമനീഷാ ച മനീഷിണാം ।**
യത്സത്യമനൃതേനേഹ മർത്യേനാപ്നോതി മാമൃതം ॥

അനൃതേന	അസത്യമായതും
മർത്യേന	മരണധർമ്മത്തോടുകൂടിയതുമായ ശരീരത്താൽ
ഇഹ	ഈ ജന്മത്തിൽതന്നെ
സത്യം അമൃതം മാ	സത്യനും മരണധർമ്മമില്ലാത്തവനുമായ എന്നെ
ആപ്നോതി	പ്രാപിക്കുന്നു
യത്	എന്നത് ഏതൊന്നുണ്ടോ
ഏഷാ	ഇതുതന്നേ
ബുദ്ധിമതാം	ബുദ്ധിമാന്മാരുടെ
ബുദ്ധിഃ	വിവേകം
മനീഷിണാം	സമർത്ഥന്മാരുടെ
മനീഷാ ച	സാമർത്ഥ്യവും ഇതുതന്നേ.

23. **ഏഷ തേƒഭിഹിതഃ കൃത്സ്നോ ബ്രഹ്മവാദസ്യ സംഗ്രഹഃ ।**
സമാസ വ്യാസ വിധിനാ ദേവാനാമപി ദുർഗ്ഗമഃ ॥

ദേവാനാം അപി	ദേവന്മാർക്കുപോലും	ഏഷഃ	ഇതാ
ദുർഗ്ഗമഃ	അറിയുവാൻ അസാദ്ധ്യമായ	സമാസവ്യാസവിധിനാ	വിസ്താരമായിട്ടും, വീണ്ടും ചുരുക്കമായിട്ടും
ബ്രഹ്മവാദസ്യ	വേദാന്തസിദ്ധാന്തത്തിന്റെ	തേ	നിനക്കു്
സംഗ്രഹഃ കൃത്സ്നഃ	ചുരുക്കം മുഴുവനും	അഭിഹിതഃ	എന്നാൽ ഉപദേശിക്കപ്പെട്ടു.

24. **അഭീക്ഷ്ണശസ്തേ ഗദിതം ജ്ഞാനം വിസ്പഷ്ടയുക്തിമത് ।**
ഏതദ് വിജ്ഞായ മുച്യേത പുരുഷോ നഷ്ടസംശയഃ ॥

ജ്ഞാനം	തത്ത്വജ്ഞാനവും	ഏതത്	ഇതു്
വിസ്പഷ്ടയുക്തിമത്	വളരെ വ്യക്തമായ യുക്തികളോടുകൂടിയതായി	വിജ്ഞായ	അറിഞ്ഞു്
		പുരുഷഃ	പുരുഷൻ
തേ	നിനക്കു്	നഷ്ടസംശയഃ	സംശയം തീർന്നവനായിട്ടു്
അഭീക്ഷ്ണശഃ	ക്ഷണംതോറും	മുച്യേത	മോക്ഷംപ്രാപിക്കുന്നു (മുക്തനായി ഭവിക്കുന്നു)
ഗദിതം	ഉപദേശിക്കപ്പെട്ടിട്ടുണ്ടു്		

25. **സുവിവിക്തം തവ പ്രശ്നം മയൈതദപി ധാരയേത് ।**
സനാതനം ബ്രഹ്മ ഗുഹ്യം പരം ബ്രഹ്മാധിഗച്ഛതി ॥

മയാ സുവിവിക്തം	നല്ലവണ്ണം എന്നാൽ ഉത്തരംപറയപ്പെട്ട	ധാരയേത്	ആരു് അനുസന്ധാനം ചെയ്യുന്നുവോ അവൻ
		സനാതനം	അനാദിയും
തവ	നിന്റെ	ബ്രഹ്മഗുഹ്യം	വേദങ്ങളിലും വളരെ രഹസ്യമായതുമായ
പ്രശ്നം	ചോദ്യം	പരംബ്രഹ്മ	പരബ്രഹ്മത്തിനെ ആത്മാ എന്നു്
ഏതത് അപി	ഈ ഉപാഖ്യാനത്തിനേയും	അധിഗച്ഛതി	അറിയുന്നു

26. **യ ഏതന്മമ ഭക്തേഷു സംപ്രദദ്യാത് സുപുഷ്കലം ।**
തസ്യാഹം ബ്രഹ്മദായസ്യ ദദാമ്യാത്മാനമാത്മനാ ॥

യ: ഏതത്	ആരു് ഇതിനെ	തസ്യ ബ്രഹ്മദായസ്യ	ആ ബ്രഹ്മജ്ഞാനം ഉപദേശിക്കുന്നവന്നു്
സുപുഷ്കലം	ദൃഢവനം	അഹം	ഞാൻ
മമ ഭക്തേഷു	എന്റെ ഭക്തന്മാർക്കു്	ആത്മനാ	സ്വയമായി
സംപ്രദദ്യാത്	ഉപദേശിക്കുന്നുവോ	ആത്മാനം	ആത്മാവിനെ
		ദദാമി	നല്കുന്നു.

27. **യ ഏതത് സമധീയീത പവിത്രം പരമം ശുചി ।**
സ പൂയേതാഹരഹർമാം ജ്ഞാനദീപേന ദർശയൻ ॥

പരമം ശുചി	എല്ലാററിലുംവെച്ചു് ഉത്തമവും വളരെ പരിശുദ്ധവുമായതും	സ: അഹരഹ:	അവൻ ഒരോദിവസവും
പവിത്രം	അന്യരെ ശുദ്ധമാക്കുന്നതുമായ	ജ്ഞാനദീപേന	ജ്ഞാനമാകുന്ന വിളക്കാൽ
ഏതത്	ഈ ഉപാഖ്യാനത്തിനെ	മാം ദർശയൻ	എന്നെ, അന്യർക്കും കാണിച്ചുകൊണ്ടു
യ: സമധീയീത	ആരു് ഒച്ചയിൽ വായിക്കുന്നുവോ	പൂയേത	വളരെ പരിശുദ്ധനായി ഭവിക്കുന്നു.

28. **യ ഏതച്ഛ്രദ്ധയാ നിത്യമവ്യഗ്രഃ ശൃണുയാന്നരഃ ।**
മയി ഭക്തിം പരാം കുർവ്വൻ കർമ്മഭിർന സ ബദ്ധ്യതേ ॥

യ: നര: ഏതത്	ഏതൊരു മനുഷ്യൻ ഇതിനെ	കുർവ്വൻ	വെച്ചു്
ശ്രദ്ധയാ അവ്യഗ്ര:	വളരെ ശ്രദ്ധയോടേ മനോവിചാരരഹിതനായി	നിത്യം ശൃണുയാത്	പ്രതിദിനവും ശ്രവണം ചെയ്യുമോ
		സ:	അവൻ
മയി	എന്നിൽ	കർമ്മഭി:	കർമ്മങ്ങളാൽ
പരാം ഭക്തിം	ഉത്തമ ഭക്തിയെ	ന ബദ്ധ്യതേ	ബന്ധിക്കപ്പെടുന്നില്ല.

29. **അപ്യുദ്ധവ ത്വയാ ബ്രഹ്മ സഖേ സമവധാരിതം ।**
അപി തേ വിഗതോ മോഹ: ശോകശ്ചാസൌ മനോഭവ: ॥

സഖേ	സഖാവെ
ഉദ്ധവ	ഉദ്ധവ
ബ്രഹ്മ	ബ്രഹ്മത്തിനെ
ത്വയാ സമവധാരിതം അപി	നീ നല്ലപോലെ ഗ്രഹിച്ചുവോ

തേ	നിന്റെ
മോഹഃ	അജ്ഞാനവും
അസൌ മനോഭവഃ ശോകഃ ച	മനസ്സിലുള്ള ഈ ശോകവും
അപി വിഗതഃ	വിട്ടുപോയോ

30. **നൈതത്ത്വയാ ദാംഭികായ നാസ്തികായ ശഠായ ച ।**
അശുശ്രൂഷോരഭക്തായ ദുർവ്വിനീതായ ദീയതാം ॥

ദാംഭികായ	ഡംഭം ഉള്ളവനും
നാസ്തികായ	നാസ്തികനും
ശഠായ	ചതിക്കുന്നവനും
അശുശ്രൂഷോഃ	കേൾക്കുവാൻ ആഗ്രഹമില്ലാത്തവനും

അഭക്തായ	ഭക്തനല്ലാത്തവനും
ദുർവ്വിനീതായ ച	വിനയമില്ലാത്തവനും
ത്വയാ ഏതത്	ഉപര്യുക്തമായതിനെ നീ
ന ദീയതാം	ഉപദേശിക്കരുതു്.

31. **ഏതൈർദോഷൈർവ്വിഹീനായ ബ്രഹ്മണ്യായ പ്രിയായ ച ।**
സാധവേ ശുചയേ ബ്രൂയാത് ഭക്തിഃ സ്യാച്ഛൂദ്രയോഷിതാം ॥

ഏതൈഃ ദോഷൈ വിഹീനായ	പൂർവ്വോക്തമായ ദോഷങ്ങൾ ഇല്ലാത്തവനും
ബ്രഹ്മണ്യായ	ബ്രാഹ്മണ ഭക്തനും
പ്രിയായ	പ്രിയമുള്ളവനും
ശുചയേ	വളരേ പരിശുദ്ധനും
സാധവേ	സാധുവുമായ മനുഷ്യനു തന്നെ

ബ്രൂയാത്	ഉപദേശിക്കേണം
ഭക്തിഃ സ്യാത്	ഭക്തിയുണ്ടെങ്കിൽ
ശൂദ്രയോഷിതാം ച	ശൂദ്രന്മാൎക്കും, സ്ത്രീകൾക്കും അപ്രകാരം ഉപദേശിക്കാം

32. **നൈതദ്വിജ്ഞായ ജിജ്ഞാസോർജ്ഞാതവ്യമവശിഷ്യതേ ।**
പീത്വാപീയൂഷമമൃതം പാതവ്യം നാവശിഷ്യതേ ॥

ജിജ്ഞാസോഃ	ജ്ഞാനത്തിൽ ആഗ്രഹമുള്ള ഒരുത്തന്ന്
ഏതത് വിജ്ഞായ	ഇതറിഞ്ഞതിന്ന ശേഷം
ജ്ഞാതവ്യം	അറിയപ്പെടേണ്ടത് വേറൊന്നും
ന അവശിഷ്യതേ	അവശേഷിക്കുന്നില്ല
പീയൂഷം അമൃതം പീത്വാ	മധുരമായ അമൃതപാനം ചെയ്ത ശേഷം
പാനവ്യം	പാനം ചെയ്യേണ്ടുന്ന
ന അവശിഷ്യതേ	വേറെ ഒന്നും അവശേഷിക്കുന്നില്ല.

33. **ജ്ഞാനേ കർമ്മണി യോഗേ ച വാർത്തായാം ദണ്ഡധാരണേ ।**
യാവാനർത്ഥോ നൃണാം താത താവാംസ്തേഽഹം ചതുർവ്വിധഃ ॥

ജ്ഞാനേ	ജ്ഞാനത്തിങ്കലും
കർമ്മണി	കർമ്മത്തിങ്കലും
യോഗേ	യോഗത്തിങ്കലും
വാർത്തായാം	കൃഷി മുതലായവയിലും
ദണ്ഡധാരണേ ച	ദണ്ഡനീതിയിലും
നൃണാം	മനുഷ്യന്മാർക്ക്
യാവാൻ ചതുർവ്വിധഃ അർത്ഥഃ	ധർമ്മാർത്ഥകാമമോക്ഷം എന്ന ചതുർവ്വിധ പുരുഷാർത്ഥങ്ങൾ ഏവ ഉണ്ടോ
താവാൻ	അവയെല്ലാം ആയിട്ട്
താത	ഹേ ഉദ്ധവ
തേ അഹം	നിനക്ക് ഞാനായിരിക്കുന്നു.

34. **മർത്ത്യോ യദാ ത്യക്തസമസ്തകർമ്മാ**
നിവേദിതാത്മാ വിചികീർഷിതോ മേ ।
തദാമൃതത്വം പ്രതിപദ്യമാനോ
മയാഽഽത്മഭൂയായ ച കല്പതേ വൈ ॥

മർത്ത്യഃ	മനുഷ്യൻ
യദാ	എപ്പോൾ
ത്യക്തസമസ്തകർമ്മാ	സമസ്തകർമ്മങ്ങളേയും ത്യജിച്ച്
നിവേദിതാത്മാ	ആത്മാവിനെ എനിക്കർപ്പണം ചെയ്യുന്നുവോ
തദാ	അപ്പോൾ
മേ വിചികീർഷിതഃ	അവൻ എനിക്ക് വളരേ ഇഷ്ടപ്പെട്ടവനായി ഭവിക്കുന്നു
അമൃതത്വം പ്രതിപദ്യമാനഃ ച	ആയതുകൊണ്ട് മോക്ഷം സിദ്ധിച്ച്

മയാ ആത്മഭൂയായ	എന്നോടു് ഐക്യം പ്രാപിക്കുവാൻ
കല്പതേ വൈ	അർഹനായി ഭവിക്കുന്നു

ശ്രീ ശുക ഉവാച :— ശ്രീ ശുകൻ പറഞ്ഞു :—

35. സ ഏവമാദർശിതയോഗമാർഗ്ഗ-
സ്തദോത്തമശ്ലോകവചോ നിശമ്യ ।
ബദ്ധാംജലി: പ്രീത്യുപരുദ്ധകണ്ഠോ
ന കിഞ്ചിദൂചേ ഽശ്രുപരിപ്ലുതാക്ഷ: ॥

ഏവം	ഇപ്രകാരം
ആദർശിത യോഗമാർഗ്ഗ:	യോഗമാർഗ്ഗം ഉപദേശിക്കപ്പെട്ട
സ:	ആ ഉദ്ധവൻ
തദാ	അപ്പോൾ
ഉത്തമ ശ്ലോക വച: നിശമ്യ	അജ്ഞാനം പരിഹാര്യമാക്കുന്നതിൽ പ്രസിദ്ധനായ ഭഗവാന്റെ ഉപദേശം കേട്ടു്
പ്രീത്യുപരുദ്ധകണ്ഠ:	പ്രീതിയിനാൽ ശബ്ദം തടസ്ഥമായിട്ടും
അശ്രുപരിപ്ലുതാക്ഷ:	കണ്ണുകളിൽ കൺനീരു് നിറഞ്ഞവനായും
ബദ്ധാംജലി:	അഞ്ജലിബന്ധത്തോടെ
ന കിഞ്ചിത് ഊചേ	ഒന്നുംതന്നെ ഉത്തരമായി പറഞ്ഞില്ല.

36. വിഷ്ടഭ്യ ചിത്തം പ്രണയാവഘൂർണ്ണം
ധൈര്യേണ രാജൻ ബഹുമന്യമാന: ।
കൃതാംജലി: പ്രാഹ യദുപ്രവീരം
ശീർഷ്ണാ സ്പൃശംസ്തച്ചരണാരവിന്ദം ॥

രാജൻ	ഹേ രാജൻ!
പ്രണയാവഘൂർണ്ണം	പ്രേമയാൽ ഭ്രമിച്ച
ചിത്തം ധൈര്യേണ വിഷ്ടഭ്യ	മനസ്സിനെ ധൈര്യംകൊണ്ടു് ദൃഢമാക്കി
ആത്മാനം	തന്നെ
ബഹു (കൃതാർത്ഥം) മന്യമാന:	വളരേ കൃതാർത്ഥനായി വിചാരിച്ചുകൊണ്ടു്
ശീർഷ്ണാതച്ചരണാരവിന്ദം	ശിരസ്സാൽ അവരുടെ തൃപ്പാദകമലങ്ങളെ
സ്പൃശൻ	തൊട്ടുവണങ്ങി
കൃതാംജലി:	കരം കൂപ്പി
യദുപ്രവീരം	ശ്രീകൃഷ്ണനെ നോക്കി
പ്രാഹ	ചുവടെ കാണുംപ്രകാരം പറഞ്ഞു

ഉദ്ധവ ഉവാച — ഉദ്ധവൻ പറഞ്ഞു —

37. **വിദ്രാവിതോ മോഹ മഹാന്ധകാരോ**
യ ആശ്രിതോ മേ തവ സന്നിധാനാത് !
വിഭാവസോഃ കിം നു സമീപഗസ്യ
ശീതം തമോ ഭീഃ പ്രഭവന്ത്യജാദ്യ !!

അജാദ്യ	ബ്രഹ്മദേവനും ആദിയായ ഹേ കൃഷ്ണാ!	വിദ്രാവിത:	ഇല്ലാതാക്കപ്പെട്ട (ആട്ടിയയക്കപ്പെട്ട)
യ: മോഹ മഹാന്ധകാര;	ഏതൊരു മോഹം എന്ന മഹാന്ധകാരം	വിഭാവസോ: സമീപഗസ്യ	അഗ്നിയുടെ സമീപം പോയവന്ന്
മേ ആശ്രിത:	എന്നാൽ ആശ്രയിക്കപ്പെട്ടിരുന്നുവോ അത്	ശീതം തമ: ഭീ:	തണുപ്പ്, ഇരുട്ട്, ഭയം ഇവ
തവ സന്നിധാനാത്	ഭവത്സാന്നിദ്ധ്യംകൊണ്ടുതന്നെ	കിം ന പ്രഭവന്തി	ദൂഷ്യം ഉണ്ടാക്കുവാൻ കഴിയുമോ

38. **പ്രത്യർപ്പിതോ മേ ഭവതാനുകമ്പിനാ**
ഭൃത്യായ വിജ്ഞാനമയ: പ്രദീപ: !
ഹിത്വാ കൃതജ്ഞസ്തവ പാദമൂലം
കോഽന്യത് സമീയാച്ഛരണം ത്വദീയം !!

അനുകംപിനാ	കരുണാശാലിയായ	തവ കൃതജ്ഞ:	ഭവാൻ ചെയ്ത ഉപകാരത്തിൽ നന്ദിയുള്ള
ഭവതാ	ഭവാനാൽ	ക:	ആരുതന്നേയാണ്
ഭൃത്യായ	തങ്ങളുടെ ദാസനായ	ത്വദീയം പാദമൂലം	തങ്ങളുടെ പാദമൂലങ്ങളെ
മേ	എനിക്ക്		
വിജ്ഞാനമയ:	വിജ്ഞാനമയമായ	ഹിത്വാ	വിട്ട്
പ്രദീപ:	ദീപം	അന്യത് ശരണം	വേറൊന്നിനെ ശരണം
പ്രത്യർപ്പിത:	തിരിച്ചു നല്കപ്പെട്ട	സമീയാത്	പ്രാപിക്കും.

39. **വൃക്ണശ്ച മേ സുദൃഢഃ സ്നേഹപാശോ**
ദാശാർഹ വൃഷ്ണ്യന്ധകസാത്വതേഷു !
പ്രസാരിത: സൃഷ്ടി വിവൃദ്ധയേ ത്വയാ
സ്വമായയാ ഹ്യാത്മസുബോധഹേതിനാ !!

ദാശാർഹ വൃഷ്ണ്യന്ധക സാത്വതേഷു	ദാശാർഹർ, വൃഷ്ണികൾ, അന്ധകർ, സാത്വകർ ഇവരിൽ	പ്രസാരിത:	എറിയപ്പെട്ട
		സുദൃഢ	വളരെ ദൃഢമായ
		സ്നേഹപാശ:	സ്നേഹം എന്ന വല
സൃഷ്ടി വിവൃദ്ധയേ	സൃഷ്ടി വൃദ്ധിയാകുവാനായിട്ട്	ആത്മസുബോധഹേതിനാ	ആത്മ തത്ത്വജ്ഞാനമാകുന്ന പരിശാങ്കത്തിയാൽ
ത്വയാ സ്വമായയാ	ഭവാനാൽ സ്വമായയാൽ	ഛിന്നി വൃക്ണ: ച	മുഴുവനും മുറിക്കപ്പെടുകയും ചെയ്തു

40. നമോസ്തു തേ മഹാ യോഗിൻ പ്രപന്നമനുശാധി മാം !
യഥാത്വച്ചരണാംഭോജേ രതി: സ്യാദനപായിനീ !!

മഹാ യോഗിൻ	ഹേ യോഗീശ്വര	രതി:	ഭക്തി
		യഥാസ്യാത്	എങ്ങിനെ ഉണ്ടാകുമോ അങ്ങിനെ
തേ നമ: അസ്തു	ഭവാന്ന് നമസ്കാരം		
ത്വച്ചരണാംഭോജേ	ഭവാന്റെ തൃപ്പാദ കമലങ്ങളിൽ	പ്രപന്നം	താങ്കളെ ശരണംപ്രാപിച്ച
		മാം	എനിക്ക്
അനപായിനീ	എന്നും നശിക്കാത്ത	അനുശാധി	അഭ്യസിപ്പിക്കേണം.

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു —

41. ഗച്ഛോദ്ധവ മയാ ദിഷ്ടോ ബദര്യാഖ്യം മമാശ്രമം !
തത്ര മത്പാദ തീർത്ഥോദേ സ്നാനോപസ്പർശനൈ: ശുചി:

42. ഈക്ഷയാളകനന്ദായ വിധൂതാശേഷ കല്മഷ: !
വസാനോ വല്കലാന്യംഗ വന്യഭുക് സുഖ നിസ്പൃഹ: !!

43. തിതിക്ഷുർദ്വന്ദ്വമാത്രാണാം സുശീല: സംയതേന്ദ്രിയ: !
ശാന്ത: സമാഹിതധിയാ ജ്ഞാനവിജ്ഞാന സംയുത: !!
മത്തോനുശിക്ഷിതം യത്തേ വിവിക്തമനുഭാവയൻ:

44. മയ്യാവേശിത വാക്ക്ചിത്തോ മദ്ധർമ്മനിരതോ ഭവ !
അതിവ്രജ്യ ഗതീസ്തിസ്രോ മാമേഷ്യതി തത: പരം !!

ഉദ്ധവ	ഉദ്ധവ!
മയാ ആദിഷ്ടാ	എന്നാൽ ആദേശിക്കപ്പെട്ടവനായി
ബദര്യ്യാഖ്യം	ബദരി എന്ന പേരോടുകൂടിയ
മമ ആശ്രമം ഗച്ഛ	എന്റെ ആശ്രമം ചെല്ലുക
തത്ര	അവിടെ
അളകനന്ദായാ	ആദ്യം അലകനന്ദനയെ
ഈക്ഷയാ	നോക്കുന്നതുകൊണ്ടുതന്നെ
വിധൂതാശേഷകല്മഷ:	സകല പാപങ്ങളേയും നശിപ്പിച്ചും
മത്പാദതീർത്ഥോദേ	പിന്നീട് പാദതീർത്ഥമാകുന്ന ഗംഗയിൽ
സ്നാനോപസ്പർശനൈ	സ്നാനം ആചമനം ഇവകളാൽ
ശുചി:	ശുദ്ധനായി ഭവിച്ച്
വല്ക്കലാനി വസാനോ	മരവുരിവികളെ ധരിച്ചുകൊണ്ടും
വന്യഭുക്	വനപ്രദേശത്തിൽ കിട്ടുന്ന പഴങ്ങളെ ഭുജിച്ചും
സുഖനിസ്പൃഹ:	സുഖത്തിൽ നിസ്പൃഹനായും
ദ്വന്ദ്വമാത്രാണാം തിതിക്ഷു:	ശീതോഷ്ണാദി വിഷയങ്ങളെ സഹിച്ചുകൊണ്ടും
സുശീല:	നല്ല ശീലത്തോടുകൂടിയവനും

സംയതേന്ദ്രിയ:	ഇന്ദ്രിയനിഗ്രഹം ചെയ്തവനായും
ശാന്ത:	ആയതിനാൽ വളരേ ശാന്തനും
സമാഹിതധിയാ	ഏകാഗ്രചിത്തത്തോടെ
ജ്ഞാന വിജ്ഞാനസംയുത:	ജ്ഞാന വിജ്ഞാനങ്ങളോടുകൂടിയവനായും
യത് തേ	ഏതൊന്ന് നിന്നാൽ
മത്ത: അനുശിക്ഷിതം	എന്നിൽനിന്നും അഭ്യസിക്കപ്പെട്ടതോ
വിവിക്തം	അതിനെ നല്ലവണ്ണം വിവേചനം ചെയ്ത്
അനുഭാവയൻ	അനുഭവിച്ചുകൊണ്ടും
മയി ആവേശിത വാക് ചിത്ത:	എന്നിൽ വാക്കിനേയും മനസ്സിനേയും അർപ്പിച്ചവനും
മദ്ധർമ്മനിരത:	എന്റെ ധർമ്മങ്ങളിൽ നല്ലപോലെ നിരതനമായിട്ട്
ഭവ	ഭവിക്കുക
തത: പരം	അതിനു ശേഷം
തിസ്രോഗതീ:	ത്രിഗുണങ്ങളാൽ ഉണ്ടാകുന്ന ദേവമനുഷ്യ തിര്യ്യക് യോനികളെ
അതിവ്രജ	കടന്ന്
മാം ഏഷ്യസി	എന്നെയേ പ്രാപിക്കുക

ശ്രീ ശുക ഉവാച — ശ്രീ ശുകൻ പറഞ്ഞു —

45. സ ഏവമുക്തോ ഹരിമേധസോദ്ധവഃ
പ്രദക്ഷിണം തം പരിസൃത്യ പാദയോഃ ।
ശിരോ നിധായാശ്രു കലാഭിരാർദ്രധീ–
ന്നിഷിഞ്ച ദദ്വന്ദ്വ പരോപ്യപക്രമേ ॥

ഹരിമേധസാ	ശ്രീകൃഷ്ണ ഭഗവാനാൽ	പാദയോഃ ശിരോനിധായ	തൃപ്പാദങ്ങളിൽ ശിരം താഴ്ത്തി നമസ്കരിച്ചു്
ഏവം ഉക്തഃ	ഇപ്രകാരം പറയപ്പെട്ട	അദ്വന്ദ്വ പരഃ അപി	സുഖദുഃഖങ്ങളിൽ ബന്ധപ്പെടാതിരുന്നിട്ടുംകൂടി
സഃ ഉദ്ധവഃ	ആ ഉദ്ധവർ	അപക്രമേ	പുറത്തു പുറപ്പെടുംനേരം
തം പ്രദക്ഷിണം പരിസൃത്യ	അവരെ പ്രദക്ഷിണം ചെയ്തു്	ആർദ്രധീഃ	മനമുരുകി
		അശ്രുകലാഭിഃ	കണ്ണീർത്തുള്ളികളാൽ
		ന്യഷിഞ്ചത്	കാലടികളെ നനച്ചു.

46. സുദുസ്ത്യജസ്നേഹ വിയോഗ കാതരോ
ന ശക്നുവംസ്തം പരിഹാതു മാതുരഃ ।
കൃച്ഛ്രം യയൌ മൂർദ്ധ്നി ഭർത്തൃപാദുകേ
ബിഭ്ര ന്നമസ്കൃത്യ യയൌ പുനഃ പുനഃ ॥

സുദുസ്ത്യജ സ്നേഹ വിയോഗ കാതരഃ	ത്യജിക്കുവാൻ സാധിക്കാത്ത സ്നേഹത്തോടുകൂടിയ ശ്രീകൃഷ്ണ ഭഗവാന്റെ പിരിവിനാൽ ഭയന്നവരും	കൃച്ഛ്രം യയൌ	വളരെ കഷ്ടദശയെ പ്രാപിച്ചു
ആതുരഃ	ആതുരനുമായ അവർ	ഭർത്തൃ പാദുകേ	ഭഗവാന്റെ പാദുകകളെ
തം പരിഹാതും	ആ ഭഗവാനെ വിട്ടു് പിരിയുവാൻ	മൂർദ്ധ്നി	തലയിൽ താങ്ങിക്കൊണ്ടു്
ന അശക്നുവൻ	സാധിക്കാത്തവനായി	പുനഃ പുനഃ നമസ്കൃത്യ	വീണ്ടും വീണ്ടും നമസ്കരിച്ചുകൊണ്ടു്
		യയൌ	ബദരിക്കു പോയി.

47. തതസ്തമന്തർഹൃദി സന്നിവേശ്യ
ഗതോ മഹാഭാഗവതോ വിശാലം ।
യഥോപദിഷ്ടാം ജഗദേകബന്ധുനാ
തപഃ സമാസ്ഥായ ഹരേരഗാത് ഗതിം ॥

തതഃ	പിന്നീട്
തം	ആ ശ്രീ ഹരിയെ
അന്തർഹൃദി	മനസ്സിന്റെ ഉള്ളിൽ
സന്നിവേശ്യ	പതിച്ച്
മഹാഭാഗവതഃ	മഹാഭക്തനായ ഉദ്ധവർ
വിശാലാം ഗതഃ	ബദരിയിൽ ചെന്നിട്ട്
ജഗദേക ബന്ധുനാ	ലോകത്തിനു ഒരേബന്ധുവായ ഭഗവാനാൽ
ഉപദിഷ്ടാം യഥാ	ഉപദേശിക്കപ്പെട്ടതനുസരിച്ച്
തപഃ സമാസ്ഥായ	തപസ്സു ചെയ്ത്
ഹരേഃ ഗതിം	ഹരിയെ
അഗാത്	പ്രാപിച്ചു.

48. **യ ഏതദാനന്ദ സമുദ്ര സംഭൃതം**
ജ്ഞാനാമൃതം ഭാഗവതായ ഭാഷിതം !
കൃഷ്ണേന യോഗേശ്വര സേവിതാംഘ്രിണാ
സച്ഛ്രദ്ധയ ff സേവ്യ ജഗത് വിമുച്യതേ ॥

ആനന്ദ സമുദ്രസംഭൃതം	ഭക്തിമാർഗ്ഗമായ ആനന്ദ സാഗരത്തിൽനിന്ന് ഒന്നായിതിരഞ്ഞ് എടുക്കപ്പെട്ടതും
യോഗേശ്വര സേവിതാംഘ്രിണാ	യോഗീശ്വരന്മാരാൽ സേവിക്കപ്പെട്ട തിരുവടികളോടുകൂടിയ
കൃഷ്ണേന	ശ്രീകൃഷ്ണനാൽ
ഭാഗവതായ	ഭക്തനായ ഉദ്ധവന്ന്
ഭാഷിതം	ഉപദേശിക്കപ്പെട്ടതായ
ഏതത് ജ്ഞാനാമൃതം	ഈ ജ്ഞാനാമൃതത്തിനെ
യഃ സച്ഛ്രദ്ധയാ	ആരു് ഭക്തിശ്രദ്ധയോടെ
ആസേവ്യ	സേവിക്കുന്നുവോ അവൻ മുക്തനാകുന്നു എന്നു് പറയേണമോ
ജഗത്	എന്തെന്നാൽ അവന്റെ സംബന്ധംകൊണ്ടു് ജഗത്ത് മുഴുവനും
വിമുച്യതേ	മുക്തിപ്രാപിക്കുന്നു.

49. **ഭവഭയമപഹന്തും ജ്ഞാനവിജ്ഞാനസാരം**
നിഗമകൃദുപജഹ്രേ ഭൃംഗവദ് വേദസാരം
അമൃതമുദധിതശ്ചാപായയദ് ഭൃത്യവർഗ്ഗാൻ
പുരുഷമൃഷഭമാദ്യം കൃഷ്ണസംജ്ഞം നതോഽസ്മി ॥

ഭവഭയം	നിവൃത്തന്മാർക്ക് സംസാരത്തിനേയും പ്രവൃത്തന്മാർക്ക് ജരാമരണരോഗോത്ഭവമായ ഭയത്തിനേയും
അപഹന്തും	ഇല്ലാതാക്കുവാൻ
നിഗമകൃത്	വേദകർത്താവായ ഭഗവാൻ
ഭൃംഗവത്	വണ്ടുപോലെ

ജ്ഞാന വിജ്ഞാന രൂപം	ജ്ഞാന വിജ്ഞാന രൂപമായ	അപായയത് പ	പാനം ചെയ്യിപ്പിക്കുകയും ചെയ്തു
വേദസാരം	വേദസാരത്തിനേയും	ആദ്യം	ആദിയിൽ ഇരിക്കുന്നവരും
ഉദധിത:	സമുദ്രത്തിൽനിന്നും	കൃഷ്ണസംജ്ഞം	ശ്രീകൃഷ്ണൻ എന്ന പേരോടുകൂടിയവനുമായ
അമൃതം	അമൃതത്തിനേയും		
ഉപജഹ്രേ	എടുത്തു	പുരുഷം ഋഷഭം	ആ പുരുഷോത്തമനേ
ഭൃത്യവർഗ്ഗാൻ	തന്റെ ഭക്തകോടികളെ	നത: അസ്മി	ഞാൻ നമസ്കരിക്കുന്നു.

ഇതി പതിനൊന്നംസ്കന്ധം ഇരുപത്തിഒമ്പതാം അദ്ധ്യായം സമാപ്തം "49"

ആദിത: ശ്ലോകാ: 13455 ഏകാദശസ്കന്ധേ ആദിത: ശ്ലോകാ: 1289

ത്രിംശോƒദ്ധ്യായഃ = മുപ്പതാം അദ്ധ്യായം

യദുകല സംഹാര വർണ്ണനം

യാദവകുലം നശിപ്പിക്കുന്നതു് വർണ്ണിക്കുന്നു.

രാജോവാച — പരീക്ഷിത് മഹാരാജാവു് ചോദിച്ചു.

1. തതോ മഹാഭാഗവത ഉദ്ധവേ നിർഗ്ഗതേ വനം !
ദ്വാരവത്യാം കിമകരോത് ഭഗവാൻ ഭൂതഭാവന: !!

മഹാഭാഗവതേ	ഉത്തമ ഭക്തനായ	ഭൂതഭാവന:	സകല പ്രാണികളേയും സൃഷ്ടിച്ച
ഉദ്ധവേ	ഉദ്ധവൻ	ഭഗവാൻ	ശ്രീകൃഷ്ണ ഭഗവാൻ
തത:	അവിടെനിന്നു്	ദ്വാരവത്യാം	ദ്വാരകാപുരിയിൽ
വനംനിർഗ്ഗതേ	കാട്ടിലേക്കു് പോയതിനു ശേഷം	കിം അകരോത്	എന്തു ചെയ്തു?

2. ബ്രഹ്മശാപോപസംസൃഷ്ടേ സ്വകുലേ യാദവര്‍ഷഭ: ।
പ്രേയസീം സര്‍വ്വനേത്രാണാം തനും സ കഥമത്യജത് ॥

സ്വകുലേ	തന്‍റെ കുലം
ബ്രഹ്മശാപേന	ബ്രാഹ്മണ ശാപത്താല്‍
ഉപസംസൃഷ്ടേ	പീഡിക്കപ്പെട്ടപ്പോള്‍
സ: യാദവര്‍ഷഭ:	ആ യാദവശ്രേഷ്ഠന്‍
സര്‍വ്വനേത്രാണാം	സകല ഇന്ദ്രിയങ്ങള്‍ക്കും
പ്രേയസീ	വളരേ പ്രിയമായ
തനും	ശരീരത്തിനെ
കഥം	എങ്ങിനെ
അത്യജത്	ത്യാഗംചെയ്തു.

3. പ്രത്യാകൃഷ്ടും നയനമബലാ യത്രലഗ്നം ന ശേകു:
കണ്ണാവിഷ്ടം ന സരതി തതോ യത് സതാമാത്മലഗ്നം ।
യച്ഛ്രീര്‍വാചാം ജനയതി രതിം കിം നു മാനം കവീനാം
ദൃഷ്ട്വാ ജിഷ്ണോര്‍യ്യുധി രഥഗതം യച്ച തത്സാമ്യമീയു: ॥

യത്ര ലഗ്നം	ഏതു തിരുമേനിയില്‍ പതിഞ്ഞ
നയനം	കണ്ണിനെ
പ്രത്യാകൃഷ്ടും	അതില്‍നിന്നും തിരിച്ചെടുപ്പാന്‍
അബലാ: ന ശേകു:	സ്ത്രീകള്‍ ശക്തി ഇല്ലാത്തവരോ
സതാം	സാധു ജനങ്ങളുടെ
കണ്ണാവിഷ്ടം	ചെവിവഴി അകത്തു ചേന്നു്
ആത്മലഗ്നം യത്	മനസ്സില്‍ പതിഞ്ഞതു പോലേ ഏതൊരു രൂപം
തത: ന സരതി	അവിടെനിന്നു് പുറത്തു വരുന്നില്ലയോ
യച്ഛ്രീ:	ഏതൊരു തിരുമേനിയുടെ സൌന്ദര്യം
കവീനാം	കവികളുടെ
വാചാം	വാക്കുകള്‍ക്കു്
രതിം	ഉല്ലാസത്തിനെ
ജനയതി	ഉണ്ടാക്കുന്നുവോ
കിം നു മാനം	ലോകത്തില്‍ അവരേ ഗൌരവിക്കുന്നതിനേപ്പററി ചോദിക്കേണമോ
യത് ച	ഏതൊരു രൂപത്തിനേ
വിഷ്ണോ: രഥ ഗതം ദൃഷ്ട്വാ	അര്‍ജ്ജുനന്‍റെ രഥത്തില്‍ ഇരിക്കുന്നതിനേക്കണ്ടിട്ടു്
യുധി തത്സാമ്യം ഈയു: ച	യുദ്ധ ക്ഷേത്രത്തില്‍ മരിച്ചവര്‍ അവരുടെ സ്വരൂപം പ്രാപിച്ചുവോ ആ ശരീരത്തിനെ എങ്ങിനേ ത്യാഗംചെയ്തു.

ഋഷിരുവാച — ശുക ബ്രഹ്മർഷി പറഞ്ഞു —

4. ദിവി ഭുവ്യന്തരിക്ഷേ ച മഹോത്പാതാൻ സമുത്ഥിതാൻ ।
ദൃഷ്ട്വാ ƒƒസീനാൻ സുധർമ്മായാം കൃഷ്ണഃ പ്രാഹ യദൂനിദം ॥

ദിവി	ആകാശത്തിലും (സൂര്യപരിവേഷം)	സമുത്ഥിതാൻ ദൃഷ്ട്വാ	ഉത്ഭവിച്ചതിനെക്കണ്ടു്
ഭുവി	ഭൂമിയിലും (ഭൂകമ്പം)	കൃഷ്ണഃ	ശ്രീകൃഷ്ണ ഭഗവാൻ
അന്തരീക്ഷേ	അന്തരീക്ഷത്തിലും (ദിഗ്ദാഹം)	സുധർമ്മായാം ആസീനാൻ	സുധർമ്മാ എന്ന സഭയിൽ ഇരിക്കുന്ന
		യദൂൻ	യാദവരേ നോക്കി
മഹോത്പാതാൻ	സ്വയം സംഭവിച്ച ദുർനിമിത്തങ്ങളും	ഇദം പ്രാഹ	ഇപ്രകാരം പറഞ്ഞു

ശ്രീ ഭഗവാനുവാച — ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു —

5. ഏതേ ഘോരാ മഹോത്പാതാ ദ്വാർവത്യാം യമകേതവഃ ।
മുഹൂർത്തമപി ന സ്ഥേയമത്ര നോ യദുപുംഗവാഃ ॥

യദുപുംഗവാഃ	യാദവോത്തമന്മാരേ	നഃ	ആയതുകൊണ്ടു് നാം
യമകേതവഃ	മരണഭയം സൂചിപ്പിക്കുന്ന	അത്ര	ഈ സ്ഥലത്തിൽ
ഏതേ മഹോത്പാതാഃ	ഈ വലിയ ദുർനിമിത്തങ്ങൾ	മുഹൂർത്തം അപി	ഒരു മുഹൂർത്തംപോലും
ഘോരാഃ	വളരേ ക്രൂരമായിരിക്കുന്നു	ന സ്ഥേയം	ഇരിക്കുവാൻ പാടില്ല.

6. സ്ത്രിയോ ബാലാശ്ച വൃദ്ധാശ്ച ശംഖോദ്ധാരം വ്രജന്ത്വിതഃ ।
വയം പ്രഭാസം യാസ്യാമോ യത്ര പ്രത്യക് സരസ്വതീ ॥

സ്ത്രിയഃ ബാലാഃ ച	സ്ത്രീകളും ബാലന്മാരും	വ്രജന്തു	പോകേണം
		വയം	നാം
വൃദ്ധാഃ ച	വൃദ്ധന്മാരും		
ഇതഃ	ഇവിടെനിന്നു്	യത്ര സരസ്വതീ പ്രത്യക്	ഏതു സ്ഥലത്തിൽ സരസ്വതീ നദി പടിഞ്ഞാറു നോക്കി പ്രവഹിക്കുന്നുവോ
ശംഖോദ്ധാരം	ശംഖോദ്ധാരം എന്ന സ്ഥലത്തിലേക്കു്		

പ്രഭാസം	ആ പ്രഭാസ തീർത്ഥത്തിന്ന്	യാസ്യാമ	പോകാം

7. **തത്രാഭിഷിച്യ ശുചയ: ഉപോഷ്യ സുസമാഹിതാ: ।**
ദേവതാ: പൂജയിഷ്യാമ: സ്നാനാലേപനാർഹണൈ: ॥

തത്ര	ആ സ്ഥലത്തിൽ	ഉപോഷ്യ	ഉപവാസമിരുന്ന്
അഭിഷിച്യ	സ്നാനംചെയ്ത്	സ്നാനാലേപനാർഹണൈ:	അഭിഷേകം, ചന്ദനം തേക്കുക, അച്ചന ഇവകളാൽ
ശുചയ:	ശുദ്ധന്മാരായി ഭവിച്ച്		
സുസമാഹിതാ:	ഏകാഗ്ര ചിത്തന്മാരായി	ദേവതാ: പൂജയിഷ്യാമ:	ദേവതകളെ പൂജിക്കാം.

8. **ബ്രാഹ്മണാംസ്തു മഹാഭാഗാൻ കൃതസ്വസ്ത്യയനാ വയം ।**
ഗോഭൂഹിരണ്യവാസോഭിർഗജാശ്വരഥ വേശ്മഭി: ॥

മഹാഭാഗാൻ	മഹാ ഭാഗ്യവാന്മാരായ	ഗോഭൂഹിരണ്യവാസോഭി	പശുക്കൾ, ഭൂമി, സ്വർണ്ണം, വസ്ത്രങ്ങൾ ഇവകളാലും
ബ്രാഹ്മണാൻ	ബ്രാഹ്മണന്മാരെ		
വയം	നാം	ഗജാശ്വരഥ വേശ്മഭി:	ആന, കുതിര, തേര്, വീട് ഇവകളാലും
കൃത സ്വസ്ത്യയനാ:	അവരാൽ ആശീർവ്വദിക്കപ്പെട്ടവരായി	തു	പൂജിക്കാം

9. **വിധിരേഷ ഹ്യരിഷ്ടഘ്നോ മംഗളായനമുത്തമം ।**
ദേവദ്വിജഗവാം പൂജാ ഭൂതേഷു പരമോ ഭവ: ॥

ഏഷ: വിധി:	പൂർവ്വം പറയപ്പെട്ട അഭിഷേകം മുതലായ വിധി	ദേവദ്വിജ ഗവാം പൂജാ	ദേവന്മാർ, ബ്രാഹ്മണന്മാർ, പശുക്കൾ പൂജാ
അരിഷ്ടഘ്ന:	സകല അരിഷ്ടങ്ങളേയും ഇല്ലാതാക്കിത്തീർക്കുന്ന	ഭൂതേഷു	ഇവരെ ആരാധിക്കുന്നവക്ക്
ഉത്തമം മംഗളായനം	മംഗളങ്ങളെ ഉണ്ടാക്കുവാൻ ശ്രേഷ്ഠമായ മാർഗ്ഗം	പരമ: ഭവ:	ദേവലോകത്തിൽ ഉത്തമമായ പദവിക്ക് കാരണമായി ഭവിക്കുന്നു.

ശ്രീ ശുക ഉവാച — ശ്രീ ശുക ഋഷി പറഞ്ഞു —

10. **ഇതി സർവ്വേ സമാകർണ്ണ്യ യദുവൃദ്ധാ മധുദ്വിഷഃ ।**
തഥേതി നൌഭിരുത്തീര്യ്യ പ്രഭാസം പ്രയയൂ രഥൈഃ ॥

സർവ്വേ യദു വൃദ്ധാഃ	യാദവ വൃദ്ധന്മാർ എല്ലാവരും	തഥാ ഇതി	അപ്രകാരംതന്നേ ചെയ്യാമെന്ന്
ഇതി	ഉപരി യുക്തപ്രകാരം	നൌഭിഃ	മരക്കലങ്ങളിൽ കയറി
മധുദ്വിഷഃ	ശ്രീകൃഷ്ണൻെറ	ഉത്തീര്യ്യ	സമുദ്രതരണംചെയ്ത്
സമാകർണ്ണ്യ	വാക്കുകേട്ട്	രഥൈഃ	രഥങ്ങളിൽ കയറി
		പ്രഭാസം യയുഃ	പ്രഭാസതീർത്ഥം ചെന്നു.

11. **തസ്മിൻ ഭഗവതാऽऽദിഷ്ടം യദുദേവേന യാദവാഃ ।**
ചക്രുഃ പരമയാ ഭക്ത്യാ സർവ്വശ്രേയോപബൃംഹിതം ॥

തസ്മിൻ	ആ സ്ഥലത്തിൽ	പരമയാ ഭക്ത്യാ	വളരേ ഭക്തിയോടേ
യാദവാഃ	യാദവന്മാർ	സർവ്വശ്രേയോപബൃംഹിതം	നല്ലതിനെ ഉണ്ടാക്കുന്ന മററ് ധർമ്മങ്ങളോടുകൂടിയതായിത്തന്നെ
ഭഗവതാ യദുദേവേന	ശ്രീകൃഷ്ണ ഭഗവാനാൽ	ചക്രുഃ	ചെയ്തു
ആദിഷ്ടം	ഉപദേശിക്കപ്പെട്ട ധർമ്മത്തിനെ		

12. **തതസ്തസ്മിൻ മഹാപാനം പപുർമ്മൈരേയകം മധു ।**
ദിഷ്ടവിഭ്രംശിതധിയോ യദ്ദ്രവൈർഭ്രശ്യതേ മതിഃ ॥

തതഃ	അപ്പോൾ		
തസ്മിൻ	ആ സ്ഥലത്തിൽ	മധു	മധുരമായ
ദിഷ്ടാവിഭ്രംശിതധീയഃ	ദൈവത്താൽ ഭ്രഷ്ടിപ്പിക്കപ്പെട്ട ബുദ്ധിയോടുകൂടിയവരായി	മൈരേയകം	മൈരേയകം എന്ന
		മഹാപാനം	മദം ഉണ്ടാക്കുന്ന പാനത്തെ
യദ്ദ്രവൈഃ	ഏതിൻെറ രസത്താൽ		
മതിഃ ഭ്രശ്യതേ	ബുദ്ധി നശിക്കുമോ	പപുഃ	പാനംചെയ്തു.

13. **മഹാപാനാഭിമത്താനാം വീരാണാം ദൃപ്തചേതസാം ।**
കൃഷ്ണമായാവിമൂഢാനാം സംഘർഷഃ സുമഹാനഭൂത് ॥

വീരാണാം	വീരന്മാരും
കൃഷ്ണമായാ വിമൂഢാനാം	ശ്രീകൃഷ്ണന്റെ മായയാൽ മതിമയങ്ങിയവരും
മഹാപാനാഭി മത്താനാം	കള്ള കുടിച്ചതിനാൽ മദം പിടിച്ചവരും
ദൃപ്തചേതസാം	ആയതിനാൽ ഗർവ്വിഷ്ഠന്മാരായ അവകളുടെ ഇടയിൽ
സുമഹാൻ	വളരേവലിയ ക്ഷോഭം
സംഘർഷഃ അഭൂത്	സംഭവിച്ചു.

14. യുയുധുഃ ക്രോധസംരബ്ധാ വേലായാമാതതായിനഃ ।
ധനുർഭിരസിഭിർഭല്ലൈർഗദാഭിസ്തോമരർഷ്ടിഭിഃ ॥

ക്രോധസംരബ്ധാഃ	കോപംകൊണ്ടു് ക്ഷോഭിച്ചവരും
ആതതായിനഃ	കൈയ്യിൽ ആയുധം ധരിച്ചവരുമായ അവർ
ധനുർഭിഃ	വില്ലുകളാലും
അസിഭിഃ	കത്തികളാലും
ഭല്ലൈഃ	ഭല്ലബാണങ്ങളാലും
ഗദാഭിഃ	ഗദകളാലും
തോമരർഷ്ടിഭിഃ	ഇരുമ്പു് ഒലക്കകൊണ്ടും, വലിയ വാളുകൾകൊണ്ടും
വേലായാം	സമുദ്രക്കരയിൽ
യുയുധുഃ	യുദ്ധംചെയ്തു.

15. പതത്പതാകൈരഥകുഞ്ജരാദിഭിഃ ഖരോഷ്ട്ര
ഗോഭിർമ്മഹിഷൈർന്നരൈരപി ।
മിഥഃ സമേത്യാശ്വതരൈഃ സുദുർമ്മദാ ന്യഹൻശരൈർദദ്ഭിരിവ
ദ്വിപാ വനേ ॥

സുദുർമ്മദാഃ	വളരേ മദോന്മത്തന്മാരായ അവർ
പതത് പതാകൈഃ	കൊടിമരങ്ങൾ വീണ
രഥ കുഞ്ജരാദിഭിഃ	രഥം, ആന, കുതിര ഇവകളോടുകൂടിയവരും
ഖരോഷ്ട്ര ഗോഭിഃ	കഴുത, ഒട്ടകം, കാള ഇവകളോടും
മഹിഷൈഃ	എരുമകളോടും
നരൈഃ	മനുഷ്യന്മാരോടും
അശ്വതരൈഃ	കാവേരി കഴുതകളോടും
സമേത്യ	തമ്മിൽ തമ്മിൽ ചേർന്നു്
വനേ	കാട്ടിൽ
ദ്വിപാഃ	ആനകൾ
ദദ്ഭിഃ ഇവ	കൊമ്പുകളാൽ തല്ലുന്നതുപോലെ
മിഥഃ	തമ്മിൽതമ്മിൽ
ശരൈഃ ന്യഹനൻ	ബാണങ്ങൾ തല്ലിക്കൊണ്ടിരുന്നു.

16. പ്രദ്യുമ്നസാം ബൌയുധി ക്രുദ്ധമത്സരാ
വക്രൂരഭോജാവനിരുദ്ധ സാത്യകീ ।
സുഭദ്രസംഗ്രാമജിതൌ സുദാരുണൌ
ഗദൌ സുമിത്രാസുരഥൌ സമീയതു: ॥

പ്രദ്യുമ്ന സാംബൌ	പ്രദ്യുമ്നനും സാംബനും	സുമിത്രാ സുരഥൌ	സുമിത്രനും, സുരഥനും
അക്രൂര ഭോജൌ	അക്രൂരനും ഭോജനും	ക്രുദ്ധമത്സരൌ	മത്സരം വർദ്ധിച്ച്
അനിരുദ്ധ സാത്യകീ	അനിരുദ്ധനും സാത്യകിയും	സുദാരുണൌ	വളരേ ഭയങ്കരമായി
സുഭദ്രസം ഗ്രാമജിതൌ	സുഭദ്രനും, സംഗ്രാമജിത്തും	സമീയതും	പരസ്പരം യുദ്ധംചെയ്തു.

17. അന്യേ ച യേ വൈ നിശഠോല്മുകാദയഃ
സഹസ്രജിത് ശതജിദ് ഭാനുമുഖ്യാ: ।
അന്യോന്യമാസാദ്യ മദാന്ധകാരിതാ
ജഘ്നുർമുകുന്ദേന വിമോഹിതാ ഭൃശം ॥

നിശഠോൽ മുകാദയ:	നിശഠൻ, ഉൽമുഖൻ മുതലായവരും	മുകുന്ദേന വൈ	ശ്രീകൃഷ്ണ ഭഗവാനാൽ തന്നെ
സഹസ്രജിത് ശതജിത് ഭാനുമുഖ്യാ	സഹസ്രജിത്, ഭാനുജിത് ശതജിത് മുതലായവരും	വിമോഹിതാ:	മോഹിപ്പിക്കപ്പെട്ടവരായി
അന്യേ യേ ച	വേറേ അന്യന്മാരും	അന്യോന്യം	തമ്മിൽതമ്മിൽ
		ആസാദ്യ	അരുകെ വന്ന്
മദാന്ധകാരിതാ:	മദത്താൽ ബുദ്ധിഭ്രമിച്ചവരായി	ഭൃശം ജഘ്നു:	നല്ലപ്പോലെ തല്ലിത്തീർത്തു.

18. ദാശാർഹവൃഷ്ണ്യന്ധകഭോജസാത്വതാ
മധ്വർബുദാ മാഥുര ശൂരസേനാ: ।
വിസർജ്ജനാ: കുകുരാ: കുന്തയശ്ച
മിഥസ്തത സ്തേഽഥ വിസൃജ്യ സൌഹൃദം ।

ദാശാർഹ വൃഷ്ണ്യന്ധക ഭോജസാത്വതാഃ	ദാശാർഹന്മാർ, വൃഷ്ണികൾ, അന്ധകന്മാർ, ഭോജന്മാർ, സാത്വതന്മാർ
മധ്വർബുദാഃ	മധുക്കൾ, അർബുദന്മാർ
മാഥുരശൂരസേനാഃ	മാഥുരന്മാർ, ശൂരസേനന്മാർ
വിസർജ്ജനാഃ	വിസർജ്ജനന്മാർ
കുകുരാഃ കുന്തയഃ	കുകുരന്മാർ, കുന്തികൾ
തേ അഥ	എന്ന അവരെല്ലാവരും
മിഥഃ സൌഹൃദം വിസൃജ്യ	പരസ്പരം സ്നേഹംവെടിഞ്ഞ്
തന്നുഃ ച	അപ്പോഴും അപ്രകാരംതന്നെ തമ്മിൽത്തല്ലുകയായി.

19. പുത്രാ അയുദ്ധ്യൻ പിതൃഭിഃ ഭ്രാതൃഭിശ്ച
സ്വസ്രീയ ദൌഹിത്ര പിതൃവ്യമാതുലൈഃ ।
മിത്രാണി മിത്രൈഃ സുഹൃദഃ സുഹൃദ്ഭിഃ
ജ്ഞാതീം സ്ത്വഹം ജ്ഞാതയ ഏവ മൂഢാഃ ॥

പുത്രാഃ	പുത്രന്മാർ
പിതൃഭിഃ	പിതൃക്കളോടും
മാതൃഭിഃ ച	സഹോദര സഹോദരികളോടും
സ്വസ്രീയ ദൌഹിത്ര പിതൃവ്യമാതുലൈഃ	സഹോദരിയുടെ പുത്രന്മാരും പുത്രിയുടെ പുത്രന്മാരും, ചെറിയച്ഛൻ അമ്മാവന്മാർ മുത്തച്ഛന്മാരും ജ്യേഷ്ഠന്മാരും, അനുജന്മാരും മരുമക്കളും
മിത്രാണി മിത്രൈഃ	സ്നേഹിതന്മാർ സ്നേഹിതന്മാരോടും
സുഹൃദഃ സുഹൃദ്ഭിഃ	സഖാക്കൾ സഖാക്കളോടും
അയുദ്ധ്യൻ	യുദ്ധംചെയ്തു
തു	അതുമല്ലാതെ
ജ്ഞാതയഃ ഏവ	ജ്ഞാനികൾതന്നെ
മൂഢാഃ	അറിവ് നഷ്ടപ്പെട്ടവരായി
ജ്ഞാതീൻ	ജ്ഞാനികളെ
അഹൻ	തല്ലി.

20. ശരേഷു ക്ഷീയമാണേഷു ഭജ്യമാനേഷു ധന്വൻ ।
ശസ്ത്രേഷു ക്ഷീയമാണേഷു മുഷ്ടിഭിർജഹ്രുരേരകാഃ ॥

ശരേഷു ക്ഷീയമാണേഷു	ബാണങ്ങൾ കുറഞ്ഞ്
ഭജ്യമാനേഷു ധന്വൻ	വില്ലുകളും മുറിഞ്ഞ്

		എരകാ	കോരകളെ
ശസ്ത്രേഷു ക്ഷീയമാണേഷു	ആയുധങ്ങളും കുറഞ്ഞപ്പോൾ	മുഷ്ടിഭിഃ	കൈകളിൽ
		ജഹ്രുഃ	എടുത്തു

21. **താ വജ്രകല്പാഹ്യഭവൻ പരിഘാമുഷ്ടിനാ ഭൃതാഃ ।**
ജഘ്നർ ദ്വിഷസ്തൈഃ കൃഷ്ണേന വാര്യ്യമാണാസ്തു തം ച തേ ॥

		അഭവൻ	ഭവിച്ചു
താഃ	ആ കോരപ്പുല്ലുകൾ	തേ	അവർ
മുഷ്ടിനാ ഭൃതാഃ	കൈയിൽ എടുക്കപ്പെട്ടപ്പോൾ	തൈഃ	ആ ഉലക്കകളാൽ
		ദ്വിഷഃ ജഘ്നുഃ	ശത്രുക്കളെ അടിച്ചു തല്ലി
വജ്രകല്പാഃ പരിഘാഃ ഹി	വജ്രായുധംപോലെ ഇരുമ്പ് ഉലക്കകളായി	കൃഷ്ണേ വാര്യ്യമാണാഃ ഇ	ശ്രീകൃഷ്ണനാൽ തടുക്കപ്പെട്ടപ്പോഴ്
		തം ച	അവരെയും തല്ലി.

22. **പ്രത്യനീകം മന്യമാനാ ബലഭദ്രം ച മോഹിതാഃ ।**
ഹന്തുംകൃത ധിയോ രാജന്നാപന്നാ ആതതയിനഃ ॥

രാജൻ	ഹേ രാജൻ	ഹന്തും കൃത ധിയഃ	കൊല്ലുവാൻ നിശ്ചയിച്ചുകൊണ്ടു്
മോഹിതാഃ	മയങ്ങിപ്പോയ അവർ	ആതതായിനഃ	അതിന്നായി ആയുധങ്ങളെ കൈയ്യിൽ ധരിച്ചുകൊണ്ടു്
ബലഭദ്രം ച	ബലരാമനേയും		
പ്രത്യനീകം മന്യമാനാഃ	ശത്രു എന്നു് വിചാരിച്ചുകൊണ്ടു്	ആപന്നാഃ	യുദ്ധം ചെയ്യുവാൻ അരികിൽ വന്നു.

23. **അഥ താവപി സംക്രുദ്ധാവുദ്യമ്യ കുരുനന്ദന ।**
ഏരകാ മുഷ്ടി പരിഘൌ ചരന്തൌ ജഘ്നതുര്യ്യുധി ।

കുരുനന്ദന	ഹേ കുരുനന്ദന	എരകാ മുഷ്ടി പരിഘൌ	കോര എന്ന പുല്ലു് മുഷ്ടിയിൽ പിടിച്ചു് ഇരുമ്പു് ഉലക്ക എന്നപോലെ
അഥ	അപ്പോൾ		
തൌ അപി	ആ രണ്ടുപേരുംകൂടി	ഉദ്യമ്യ	ഉയരത്തിൽ തൂക്കിക്കൊണ്ടു്
സംക്രുദ്ധൌ	വളരെ ദേഷ്യത്തോടെ		

യുധി ചരന്തൌ	യുദ്ധത്തിൽ ചുററിഅലഞ്ഞു്	ജഘ്നതു:	തല്ലി.

24. **ബ്രഹ്മശാപോപസൃഷ്ടാനാം കൃഷ്ണമായാവൃതാത്മനാം ।**
സ്പദ്ധാക്രോധ: ക്ഷയം നിന്യേ വൈഷ്ണവോ ഽഗ്നിര്യഥാ വനം ॥

ബ്രഹ്മശാപോപ സൃഷ്ടാനാം	ബ്രാഹ്മണ ശാപത്താൽ ഹിംസിക്കപ്പെട്ടവരും	സ്പദ്ധാ ക്രോധ:	സ്പദ്ധയാൽ ഉണ്ടായ ദ്വേഷ്യം
കൃഷ്ണമായാ വൃതാത്മനാം	ശ്രീകൃഷ്ണ മായയാൽ ആച്ഛാദിതമായ മനസ്സോടുകൂടിയവരുമായ അവരുടെ	വൈഷ്ണവ: അഗ്നി:	മൊളയിൽനിന്നുമുണ്ടായ അഗ്നി
		വനം യഥാ	വനം നശിപ്പിക്കുന്നതു പോലെ
		ക്ഷയം നിന്യേ	നശിപ്പിച്ചു.

25. **ഏവം നഷ്ടേഷു സർവ്വേഷു കുലേഷു സ്വേഷു കേശവ: ।**
അവതാരിതോ ഭുവോ ഭാര ഇതി മേനേ ഽവശേഷിത: ॥

ഏവം	ഇപ്രകാരം	അവശേഷിത:	അവശിഷ്ടനായി
സ്വേഷു കുലേഷു	തന്റെ കുലങ്ങൾ	ഭുവ: ഭാര:	ഭൂഭാരം
സർവ്വേഷു നഷ്ടേഷു	മുഴുവനും നശിച്ചപ്പോൾ	അവതാരിത:	കുറഞ്ഞതായി
കേശവ:	ശ്രീകൃഷ്ണ ഭഗവാൻ	മേനേ	വിചാരിച്ചു

26. **രാമ: സമുദ്രവേലായാം യോഗമാസ്ഥായ പൌരുഷം ।**
തത്യാജ ലോകം മാനുഷ്യം സംയോജ്യാത്മാനമാത്മനി ॥

രാമ:	ബലരാമൻ	ആത്മനി	പരമാത്മാവിങ്കൽ
സമുദ്രവേലായാം	സമുദ്ര തീരത്തിൽ	ആത്മാനം	തന്റെ ആത്മാവിനെ
പൌരുഷം	പരമപുരുഷധ്യാനം ചെയ്യുക എന്ന	സംയോജ്യ	ഒന്നായ് ചേത്ത്
യോഗം ആസ്ഥായ	യോഗം അവലംബിച്ച്	മാനുഷ്യം ലോകം	മനുഷ്യ (രൂപം) ലോകം
		തത്യാജ	ത്യജിച്ചു.

27. രാമനിർവ്വാണമാലോക്യ ഭഗവാൻ ദേവകീസുതഃ ।
നിഷസാദ ധരോപസ്ഥേ തൂഷ്ണീമാസാദ്യ പിപ്പലം ॥

28. ബിഭ്രച്ചതുർഭുജം രൂപം ഭ്രാജിഷ്ണു പ്രഭയാ സ്വയാ ।
ദിശോ വിതിമിരാഃ കർവ്വൻ വിധൂമ ഇവ പാവകഃ ॥

29. ശ്രീവത്സാംകം ഘനശ്യാമം തപ്തഹാടക വർച്ചസം ।
കൌശേയാംബരയുഗ്മേന പരിവീതം സുമംഗളം ॥

30. സുന്ദരസ്മിത വക്ത്രാബ്ജം നീലകുന്തള മണ്ഡിതം ।
പുണ്ഡരീകാഭിരാമാക്ഷം സ്ഫുരന്മകരകുണ്ഡലം ॥

31. കടിസൂത്ര ബ്രഹ്മസൂത്ര കിരീടകടകാംഗദൈഃ ।
ഹാരനൂപുരമുദ്രാഭിഃ കൌസ്തുഭേനവിരാജിതം ॥

32. വനമാലാപരീതാംഗം മൂർത്തിമത്ഭിർനിജായുധൈഃ ।
കൃത്വോരൌ ദക്ഷിണേപാദമാസീനം പംകജാരുണം ॥

ദേവകീസുതഃ	ദേവകിയുടെ പുത്രനായ
ഭഗവാൻ	ശ്രീകൃഷ്ണ ഭഗവാൻ
രാമനിർവ്വാണം	രാമൻ തന്റെ ലോകത്തിലേക്ക് പോയതിനെ
അവലോക്യ	കണ്ട്
വിധൂമഃ	പുകയില്ലാത്ത
പാവകഃ ഇവ	അഗ്നിയെപോലെ
സ്വയാപ്രഭയാ	തന്റെ പ്രഭയാൽ
ദിശഃ വിതിമിരാഃ കർവ്വൽ ഭ്രാജിഷ്ണുഃ	ദിക്കുകളെ ഇരുട്ടില്ലാത്ത വണ്ണം ചെയ്തുകൊണ്ട്
ശ്രീവത്സാംകം	ശ്രീവത്സം എന്ന മറുവോടുകൂടിയും
ഘനശ്യാമം	മേഘംപോലെ ശ്യാമവും

തപ്തഹാടക വർച്ചസാ	ഉരുക്കി തങ്കനിറത്തോടുകൂടിയ
കൌശേയാംബരയുഗ്മേന	രണ്ടു പട്ടുവസ്ത്രങ്ങളാൽ
പരിവീതം	ചുററപ്പെട്ടതും
സുമംഗളം	വളരേ മംഗളമായതും
സുന്ദരസ്മിത വക്ത്രാബ്ജം	സുന്ദരമായ പുഞ്ചിരിയോടുകൂടിയ മുഖാരവിന്ദത്തോടുകൂടിയതും
നീലകുന്തള മണ്ഡിതം	കറുത്തു വളഞ്ഞ മുടികളാൽ അലംകരിക്കപ്പെട്ടതും
പുണ്ഡരീകാഭിരാമാക്ഷം	വെൺതാമരപോലെ സുന്ദരമായ നേത്രദ്വയങ്ങളോടുകൂടിയതും
സ്ഫുരന്മകരകുണ്ഡലം	പ്രകാശിക്കുന്ന മകരകുണ്ഡലങ്ങളോടുകൂടിയതും

കടിസൂത്ര ബ്രഹ്മസൂത്ര കിരീടകടകാംഗദൈ:	അരഞ്ഞാൺ, ബ്രഹ്മസൂത്രം, കിരീടം വളകൾ, തോൾവളകൾ ഇവകളാലും
ഹാരനൂപുര മുദ്രാഭി:	മുത്തുമാല, കാൽചിലങ്ക, മോതിരങ്ങൾ ഇവകളാലും
കൌസ്തുഭേന	കൌസ്തുഭമണിയാലും
മൂർത്തിമത്ഭി:	രൂപത്തോടുകൂടിയ
നിജായുധൈ:	തന്റെ ആയുധങ്ങളാലും
വിരാജിതം	ശോഭിപ്പിക്കപ്പെട്ടതും
വനമാലാപരീതാംഗം	വനമാലയാൽ ചുററപ്പെട്ട അവയവങ്ങളോടുകൂടിയതും
ചതുർഭുജം	നാലു കൈകളോടുകൂടിയതും
ദക്ഷിണേ ഊരൌ	തന്റെ വലത്തു തുടയിൽ
പങ്കജാരുണം	താമരപോലെ ചുവന്ന
പദം കൃത്വാ	കാലുവെച്ചുകൊണ്ട്
ആസീനം	ചാരി ഇരിക്കുന്നതുമായ
ബിഭ്രത്	രൂപം ധരിച്ചുകൊണ്ട്
പിപ്പലം ആസാദ്യ	അരശ് മരത്തിനടിയിൽ ചെന്ന്
തൂഷ്ണീം	മൌനമവലംബിച്ച്
ധരോപസ്ഥേ നിഷസാദ	തറയിൽ ഇരുന്നു.

33. **മുസലാവശേഷായ: ഖണ്ഡകൃതേഷുർല്ലുബ്ധകോ ജരാ: ।**
മൃഗാസ്യാകാരം തച്ചരണം വിവ്യാധ മൃഗശങ്കയാ ॥

മുസലാവശേഷായ: ഖണ്ഡകൃതേഷു:	ഇരുമ്പ് ഉലക്കയിൽ അവശിഷ്ടമായ ഇരുമ്പുകഷ്ണത്താൽ ഉണ്ടാക്കിയ ബാണത്തോടുകൂടിയ
ജരാലുബ്ധക:	ജരാ എന്ന വേടൻ
മൃഗാസ്യാകാരം	മാനിന്റെ മുഖംപോലെ ഉള്ള രൂപത്തോടുകൂടിയ
തച്ചരണം	ആ ഭഗവാന്റെ തൃപ്പാദത്തിനെ
മൃഗശങ്കയാ	മാൻ എന്ന ശങ്കയാൽ
വിവ്യാധ	അമ്പിനാൽ അടിച്ചു

34. **ചതുർഭുജം തം പുരുഷം ദൃഷ്ട്വാ സ കൃതകില്ബിഷ: ।**
ഭീത: പപാത ശിരസാ പാദയോരസുരദ്വിഷ: ।

ചതുർഭുജ:	ചതുർഭുജങ്ങളോടുകൂടിയ
തംപുരുഷം ദൃഷ്ട്വാ	ആ പരമ പുരുഷനെ കണ്ട്
കൃതകില്ബിഷ:	തെററു പററിയവനും
ഭീത: സ:	ആയതിനാൽ ഭീതനുമായ ആ വേടൻ
അസുരദ്വിഷ:	അസുര ശത്രുവായ ഭഗവാന്റെ
പാദയോ:	തിരുവടികളിൽ
ശിരസാ പപാത	ശിരം താഴ്ത്തി വണങ്ങി

35. **അജാനതാ കൃതമിദം പാപേന മധുസൂദന !**
ക്ഷന്തുമർഹസി പാപസ്യ ഉത്തമശ്ലോക മേ ഽനഘ !!

മധുസൂദന	ഹേ മധുസൂദന
പാപേന	പാപിയും
അജാനതാ	അറിയാത്തവനുമായ എന്നാൽ
ഇദം കൃതം	ഈ അബദ്ധം ചെയ്യപ്പെട്ട
അനഘ:	കളങ്കമില്ലാത്തവനെ!
ഉത്തമശ്ലോക	നിർമ്മലമായ പ്രസിദ്ധിയോടുകൂടിയവനെ
പാപസ്യ മേ	പാപിയായ എന്റെ കുറ്റം
ക്ഷന്തുമർഹസി	ക്ഷമിച്ചരുളേണം.

36. **യസ്യാനുസ്മരണം നൃണാമജ്ഞാനധ്വാന്തനാശനം !**
വദന്തി തസ്യ തേ വിഷ്ണോ മയാസാധുകൃതം പ്രഭോ !!

വിഷ്ണോ	സർവ്വവ്യാപിയായ
പ്രഭോ	ഹേ പ്രഭുവേ
യസ്യ	ആരു് ഒരുത്തന്റെ
അനുസ്മരണം	സതതസ്മരണം
നൃണാം	മനുഷ്യന്മാരുടെ
അജ്ഞാനധ്വാന്തനാശനം	അജ്ഞാനാന്ധകാരത്തിനെ നാശംചെയ്യുന്നതായി
വദന്തി	പറയുന്നുവോ
തസ്യ തേ	അപ്രകാരനായ തങ്ങൾക്കു്
മയാ അസാധു കൃതം	എന്നാൽ അപരാധം ചെയ്യപ്പെട്ടു.

37. **തന്മാഽഽശു ജഹി വൈകുണ്ഠ പാപ്മാനം മൃഗലുബ്ധകം !**
യഥാ പുനരഹം ത്വേവം ന കുര്യാം സദതിക്രമം !!

തത്	ആയതുകൊണ്ടു്
വൈകുണ്ഠ	ഹേ കൃഷ്ണ!
മൃഗലുബ്ധകം	മൃഗങ്ങളെ കൊന്നു ജീവിക്കുന്നവനും
പാപ്മാനം മാ	പാപിയുമായ എന്നെ
ആശു	വേഗം
ജഹി	കൊല്ലുക
യഥാ	അപ്രകാരമായാൽ
അഹം	ഞാൻ
പുന:	വീണ്ടും
ഏവം	ഇപ്രകാരം
സദതിക്രമം	സാധു ജനങ്ങളെ ഉപദ്രവിക്കുക എന്നതിനെ
ന കുര്യാം തു	ചെയ്യാതിരിക്കുമല്ലോ.

38. യസ്യാത്മയോഗരചിതം ന വിദുർവ്വിരിഞ്ചോ
രുദ്രാദയോഽസ്യ തനയാഃ പതയോ ഗിരാം യേ
ത്വന്മായയാ വിഹിതദൃഷ്ടയ ഏതദഞ്ജഃ
കിം തസ്യ തേ വയമസദ് ഗതയോ ഗൃണീമഃ ॥

യസ്യ	ആരുടെ	വിഹിത ദൃഷ്ടയഃ	കണ്ണുകൾ മറക്കപ്പെട്ടവരായി
ആത്മയോഗരചിതം	തന്റെ മായയാൽ സൃഷ്ടിക്കപ്പെട്ടതിനെ	നവിദുഃ	അറിഞ്ഞില്ലയോ
വിരിഞ്ചഃ	ബ്രഹ്മദേവനും	തസ്യ തേ	അപ്രകാരനായ തങ്ങളുടെ
അസ്യ തനയ	അവരുടെ മക്കളായ	ഏതത്	ഈ ബ്രാഹ്മണ ശാപത്തിനേ
രുദ്രാദയഃ	രുദ്രൻ മുതലായവരും	അസദ്ഗതയഃ വയം	പാപയോനികളായ ഞങ്ങൾ
യേ ഗിരാം പതയഃ	വേദദ്രഷ്ടാക്കന്മാരായ ഏതു ഋഷികൾ ഉണ്ടോ അവരും	അഞ്ജഃ	നേരിൽ
ത്വന്മായയാ	തങ്ങളുടെ മായയാൽ	കിം ഗൃണീമഃ	എങ്ങിനെ വർണ്ണിക്കും.

ശ്രീഭഗവാനുവാച — ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു —

39. മാ ഭൈർജരേ ത്വമുത്തിഷ്ഠ കാമ ഏഷ കൃതോ ഹി മേ
യാഹി ത്വം മദനുജ്ഞാതഃ സ്വർഗ്ഗം സുകൃതിനാം പദം ॥

ജരേ	ഹേ ജരയേ	ഹി	ആകയാൽ
ത്വം മാ ഭൈഃ	നീ പേടിക്കേണ്ട	മദനുജ്ഞാതഃ	എന്നാൽ അനുവദിക്കപ്പെട്ടവനായി
ഉത്തിഷ്ഠ	എണീക്കുക	സുകൃതിനാം പദം	പുണ്യവാന്മാരുടെ സ്ഥാനമായ
മേ കാമഃ	എന്റെ ആഗ്രഹം		
ഏഷഃ കൃതഃ	ഇതാ നിന്നാൽ നിറവേറ്റപ്പെട്ടു	സ്വർഗ്ഗം യാഹി	സ്വർഗ്ഗം ചെല്ലുക.

ശ്രീ ശുക ഉവാച — ശ്രീ ശുകമഹർഷി പറഞ്ഞു —

40. ഇത്യാദിഷ്ടോ ഭഗവതാ കൃഷ്ണേനേച്ഛാശരീരിണാ ।
ത്രിഃ പരിക്രമ്യ തം നത്വാ വിമാനേന ദിവം യയൌ ॥

ഇച്ഛാ ശരീരിണാ	ഇഷ്ടംപോലെ ശരീരം ധരിച്ചുകൊള്ളുന്ന	തം ത്രി: പരിക്രമ്യ	ആ ഭഗവാനെ മൂന്നുപ്രാവശ്യം പ്രദക്ഷിണംചെയ്തു്
ഭഗവതാ കൃഷ്ണേന	ശ്രീകൃഷ്ണ ഭഗവാനാൽ	തത്വാ	നമസ്കരിച്ചു്
		വിമാനേന	വിമാനത്തിൽ കയറിക്കൊണ്ടു്
ഇതി ആദിഷ്ട:	ഇപ്രകാരം അഭ്യസിപ്പിക്കപ്പെട്ട അവൻ	ദിവം യയൌ	സ്വർഗ്ഗലോകം പോയി.

41. ദാരുക: കൃഷ്ണപദവീമന്വിച്ഛന്നധിഗമ്യ താം ।
വായും തുളസികാമോദമാഘ്രായാഭിമുഖം യയൌ ॥

ദാരുക:	ദാരുകൻ	വായു ആഘ്രായ	കാററിനെ മുകന്നു്
കൃഷ്ണപദവീം	ശ്രീകൃഷ്ണൻെറ പദത്തെ	താം അധിഗമ്യ	ആ സ്ഥലം അറിഞ്ഞു്
തുളസികാമോദം	തുളസിയുടെ സുഗന്ധമുള്ള	അഭിമുഖം യയൌ	അതിനും എതിരായിത്തന്നെ പോയി

42. തം തത്ര തിഗ്മദ്യുഭിരായുധൈർവൃതം
ഹ്യശ്വത്ഥമൂലേ കൃതകേതനം പതിം ।
സ്നേഹപ്ലുതാത്മാ നിപപാത പാദയോ
രഥാദവപ്ലുത്യ സ ബാഷ്പലോചന: ॥

തത്ര	ആ സ്ഥലത്തിൽ	സ്നേഹപ്ലുതാത്മാ സ:	സ്നേഹത്താൽ നനഞ്ഞ ശരീരത്തോടുകൂടിയ ആ ദാരുകൻ
തിഗ്മദ്യുഭി:	കഠോരമായ കത്തിയോടുകൂടിയ		
ആയുധൈ: വൃതം	ആയുധങ്ങളാൽ ചുഴപ്പെട്ടവരും	ബാഷ്പലോചന:	ബാഷ്പപൂരിത നേത്രങ്ങളോടെ
അശ്വത്ഥമൂലേ	അരശമരത്തിനടിയിൽ	രഥാത് അവപ്ലുത്യ	തേരിൽനിന്നും ഇറങ്ങി
കൃതകേതനം	കുടികൊണ്ടിരിക്കുന്നവരുമായ	പാദയോ:	ഭഗവാൻെറ തിരുവടികളിൽ
പതിം	തൻെറ യജമാനനെക്കണ്ടു്	നിപപാത	വീണു.

43. അപശ്യതസ്ത്വച്ചരണാംബുജം പ്രഭോ
ദൃഷ്ടി: പ്രണഷ്ടാ തമസി പ്രവിഷ്ടാ।
ദിശോ ന ജാനേ ന ലഭേ ച ശാന്തിം
യഥാ നിശായാമുഡുപേ പ്രണഷ്ടേ ॥

പ്രഭോ	ഹേ പ്രഭുവേ	പ്രണഷ്ടാ	ശക്തി ക്ഷയിച്ചുപോയി
ത്വച്ചരണാംബുജം	താങ്കളുടെ തൃപ്പാദ കമലങ്ങളെ	നിശായാം	രാത്രിയിൽ
അപശ്യത:	കാണാത്ത എൻെറ	ഉഡുപേ പ്രണഷ്ടേ യഥാ	ചന്ദ്രൻ മറയുമ്പോഠം എങ്ങിനേയോ
ദൃഷ്ടി:	കണ്ണുകഠം	ദിശ: ന ജാനേ	അപ്രകാരംതന്നെ ദിക്കുകളെ ഞാൻ അറിയുന്നില്ല
തമസി പ്രവിഷ്ടാ	ഇരുട്ടിൽ പ്രവേശിച്ചതായി	ശാന്തിം ച ന ലഭേ	ശാന്തിയും കിട്ടിയില്ല.

ശ്രീ ശുക ഉവാച:— ശ്രീ ശുക മഹർഷി പറഞ്ഞു.

44. ഇതിബ്രുവതി സൂതേ വൈ രഥോ ഗരുഡ ലാംഛന:।
ഖമുത്പപാത രാജേന്ദ്ര സാശ്വധ്വജ ഉദീക്ഷിത: ॥

രാജേന്ദ്ര	ഹേ രാജേന്ദ്ര	സാശ്വധ്വജ:	കുതിരയോടും കൊടിയോടും
സൂതേ	സാരഥിയായ ദാരുകൻ	ഉദീക്ഷിത:	അദ്ദേഹം നോക്കിക്കൊണ്ടിരിക്കുമ്പോഠംതന്നെ
ഇതിബ്രുവതി വൈ	ഇപ്രകാരം പറഞ്ഞുകൊണ്ടു ഇരിക്കുമ്പോഠംതന്നെ		
ഗരുഡ ലാംഛന: രഥ	ഗരുഡൻ ചിഹ്നമായ രഥത്തോടുകൂടിയ	ഖം ഉത്പപാത	ആകാശത്തിൽ പുറപ്പെട്ടു.

45. തമന്വഗച്ഛൻ ദിവ്യാനി വിഷ്ണുപ്രഹരണാനി ച।
തേനാതി വിസ്മിതാത്മാനം സൂതമാഹ ജനാർദ്ദന: ॥

ദിവ്യാനി	ദിവ്യങ്ങളായ	അതിവിസ്മിതാത്മാനം	വളരെ അത്ഭുതപ്പെട്ട
വിഷ്ണുപ്രഹരണാനി ച	വൈഷ്ണവാസ്ത്രങ്ങളും	സൂതം	ആ ദാരുകനെ നോക്കി
തം	ആ രഥത്തിനെ	ജനാർദ്ദന:	ശ്രീകൃഷ്ണ ഭഗവാൻ
അന്വഗച്ഛൻ	അനുഗമിച്ചു		
തേന	ആയതിനാൽ	ആഹ	ഇപ്രകാരം പറഞ്ഞു.

ശ്രീഭഗവാനുവാച — ശ്രീകൃഷ്ണ ഭഗവാൻ പറഞ്ഞു.

46. **ഗച്ഛദ്വാരവതീം സൂത ജ്ഞാതീനാം നിധനം മിഥഃ ।**
സങ്കർഷണസ്യ നിർയ്യാണം ബന്ധുഭ്യോ ബ്രൂഹി മദ്ദശാം ॥

സൂത	ഹേ ദാരുക
ദ്വാരവതീം	ദ്വാരകക്ക്
ഗച്ഛ	ചെല്ലുക
ജ്ഞാതീനാം മിഥഃ നിധനം	ജ്ഞാനികൾ തമ്മിതല്ലി മരിച്ചതിനേയും
സങ്കർഷണസ്യ നിർയ്യാണം	ബലരാമൻ യോഗമാർഗ്ഗത്തിൽ ഈ ലോകം വെടിഞ്ഞതിനേയും
മദ്ദശാം	എൻെറ സ്ഥിതിയേയും
ബന്ധുഭ്യഃ	ബന്ധുക്കൾക്ക്
ബ്രൂഹി	പറഞ്ഞാലും.

47. **ദ്വാരകായാം ച ന സ്ഥേയം ഭവദ്ഭിശ്ച സ്വ ബന്ധുഭിഃ**
മയാ ത്യക്താം യദുപുരീം സമുദ്രഃ പ്ലാവയിഷ്യതി ॥

ഭവദ്ഭിഃ	നിങ്ങൾ
സ്വബന്ധുഭിഃ	അവരവരുടെ ബന്ധുക്കൾ സഹിതം
ദ്വാരകായാം	ദ്വാരകയിൽ
ന സ്ഥേയം ച	താമസിക്കുവാൻ പാടില്ല
മയാ ത്യക്താം	എന്നാൽ ഉപേക്ഷിക്കപ്പെട്ട
യദുപുരീം	ദ്വാരകയെ
സമുദ്രഃ പ്ലാവയിഷ്യതി	സമുദ്രം വ്യാപിക്കുവാൻ പോകുന്നു.

48. **സ്വം സ്വം പരിഗ്രഹം സർവ്വേ ആദായ പിതരൌ ച നഃ ।**
അർജ്ജുനേനാവിതാഃ സർവ്വ ഇന്ദ്രപ്രസ്ഥം ഗമിഷ്യഥ ॥

സർവ്വേ	എല്ലാവരും
സ്വം സ്വം പരിഗ്രഹം	അവരവരുടെ സ്വന്തമായ പത്നികളേയും
നഃ പിതരൌ ച	ഞങ്ങളുടെ മാതാപിതാക്കളേയും
ആദായ	കൂട്ടിക്കൊണ്ട്
അർജ്ജുനേന	അർജ്ജുനനാൽ
അവിതാഃ	രക്ഷിക്കപ്പെട്ടവരായി
സർവ്വെ	എല്ലാവരും
ഇന്ദ്രപ്രസ്ഥം	ഇന്ദ്രപ്രസ്ഥത്തിലേക്ക്
ഗമിഷ്യഥ	പോകുവിൻ

49. **ത്വം തു മദ്ധർമ്മമാസ്ഥായ ജ്ഞാനനിഷ്ഠ ഉപേക്ഷകഃ**
മന്മായാരചനാമേതാം വിജ്ഞായോപശമം വ്രജ ॥

ത്വം തു	നീയോ എങ്കിൽ
മദ്ധർമ്മ	എൻെറ ധർമ്മം

ആസ്ഥായ	അനുഷ്ഠിച്ച്	മന്മായാരചനാം	എന്റെ മായയുടെ പ്രഭാവം എന്നു്
ഉപേക്ഷ്യ	സർവ്വവും ഉപേക്ഷിച്ച്	വിജ്ഞായ	അറിഞ്ഞു്
ജ്ഞാനനിഷ്ഠ:	ജ്ഞാനനിഷ്ഠനായി	ഉപശമംവ്രജ	ശാന്തി പ്രാപിക്കുക.
ഏതാം	ഇതിനെ		

ശ്രീ ശുക ഉവാച — ശ്രീ ശുകൻ പറഞ്ഞു —

50. **ഇത്യുക്തസ്തം പരീക്രമ്യ നമസ്കൃത്യ പുന: പുന: ।**
തത്പാദൗ ശീഷ്ണ്യുപാധായ ദുർമനാ: പ്രയയൗ പുരീം ॥

ഇതി ഉക്ത:	ഇപ്രകാരം ഉപദേശിക്കപ്പെട്ട ദാരുകൻ	തത്പാദൗ	അവരുടെ തിരുവടികളെ
തം	അവരെ	ശീർഷ്ണി	ശിരസ്സിൽ
പരിക്രമ്യ	പ്രദക്ഷിണംചെയ്തു്	ഉപാധായ	താങ്ങി
പുന: പുന:	വീണ്ടും വീണ്ടും	ദുർമനാ:	ദു:ഖത്തോടെ
നമസ്കൃത്യ	നമസ്കരിച്ച്	പുരീം	ദ്വാരകക്കു്
		പ്രയയൗ	ചെന്നു.

ഇതി ശ്രീമദ് ഭാഗവതം മഹാപുരാണം പതിനൊന്നാംസ്കന്ധം
മുപ്പതാമദ്ധ്യായം സമാപ്തം "30"

ആദിത: ശ്ലോകങ്ങൾ: 13505 ഏകാദശസ്കന്ധം ആദിത: ശ്ലോകങ്ങൾ: 1339

ഏകത്രിംശോऽധ്യായ — അദ്ധ്യായം മുപ്പത്തിഒന്നു്

ഭഗവത — പരമധാമഗമനം

ഭഗവാന്റെ സ്വർഗ്ഗാരോഹണം

ശ്രീശുക ഉവാച — ശ്രീ ശുക മഹർഷി പറഞ്ഞു:—

1. **അഥ തത്രാഗമദ്ബ്രഹ്മാ ഭവാന്യാ ച സമം ഭവ: ।**
മഹേന്ദ്ര പ്രമുഖാ ദേവാ: മുനയ: സപ്രജേശ്വരാ: ॥

2. **പിതര: സിദ്ധഗന്ധർവ്വാ വിദ്യാധരമഹോരഗാ: ।**
ചാരണാ യക്ഷരക്ഷാംസി കിന്നരാപ്സരസോ ദ്വിജാ: ॥

3. **ദ്രഷ്ടുകാമാ ഭഗവതോ നിർയ്യാണം പരമോത്സുകാ: ।**
ഗായന്തശ്ച ഗൃണന്തശ്ച ശൌരേ: കർമ്മാണി ജന്മ ച ॥

4. **വവൃഷു: പുഷ്പവർഷാണി വിമാനാവലിഭിർനഭ: ।**
കുർവ്വന്ത: സംകുലം രാജൻ ഭക്ത്യാ പരമയായുതാ: ॥

അഥ	അപ്പോൾ
തത്ര	അവിടെ
ബ്രഹ്മാ ആഗമത്	ബ്രഹ്മദേവൻ വന്നു
ഭവാന്യാ സമം	പാർവ്വതിയോടുകൂടി
ഭവ: ച	പരമേശ്വരനും വന്നു
ഭഗവത:	ഭഗവാന്റെ
നിർയ്യാണം	നിർയ്യാണത്തെ
ദ്രഷ്ടുകാമാ:	കാണുവാൻ കൌതുകരായ
മഹേന്ദ്ര പ്രമുഖാ: ദേവാ:	മഹേന്ദ്രൻ മുതലായ ദേവന്മാരും
സപ്രജേശ്വരാ: മുനയ:	പ്രജാപതികളോടുകൂടിയ മുനിമാരും
പിതര:	പിതൃക്കളും
സിദ്ധഗന്ധർവ്വാ:	സിദ്ധന്മാരും, ഗന്ധർവ്വന്മാരും
വിദ്യാധര മഹോരഗാ:	വിദ്യാധരന്മാരും, ഉരഗന്മാരും (നാഗന്മാരും)
ചാരണാ:	ചാരണന്മാരും
യക്ഷ രക്ഷാംസി	യക്ഷന്മാരും, രാക്ഷസന്മാരും
കിന്നരാപ്സരസ:	കിന്നരന്മാരും അപ്സരസ്സുകളും
ദ്വിജാ:	ബ്രാഹ്മണന്മാരും
പരമോത്സുകാ:	വളരെ കൌതുകത്തോടെ വന്നു
രാജൻ	ഹേ രാജൻ!
പരമയാ ഭക്ത്യായുതാ:	പരമ ഭക്തിയോടുകൂടിയവരായി
ശൌരേ:	ശ്രീകൃഷ്ണ ഭഗവാന്റെ
ജന്മ	തിരു അവതാരവും
കർമ്മാണി ച	ലീലകളേയും
ഗായന്ത:	പാടിക്കൊണ്ടും
ഗൃണന്ത: ച	തമ്മിൽത്തമ്മിൽ പറഞ്ഞുകൊണ്ടും
നഭ:	ആകാശത്തിനെ
വിമാനാവലിഭി: സംകുലം കുർവ്വന്ത:	വിമാനങ്ങളാൽ നിറഞ്ഞതായി ചെയ്തുകൊണ്ടും
പുഷ്പവർഷാണി	പുഷ്പവർഷങ്ങളേ
വവൃഷു:	ചൊരിഞ്ഞു.

5. ഭഗവാൻ പിതാമഹം വീക്ഷ്യ വിഭൂതീരാത്മനോ വിഭുഃ ।
സംയോജ്യാത്മനി ചാത്മാനം പദ്മനേത്രേ ന്യമീലയത് ॥

വിഭുഃ ഭഗവാൻ	സർവ്വശക്തനും സർവ്വജ്ഞനുമായ ശ്രീകൃഷ്ണ ഭഗവാൻ	ആത്മനി	മനസ്സിൽ
പിതാമഹം	ബ്രഹ്മദേവനേയും	ആത്മാനം സംയോജ്യ	ആത്മാവിനെ ധ്യാനിച്ചുംകൊണ്ട്
ആത്മനഃ വിഭൂതിഃ ച	തന്റെ അംശഭൂതന്മാരായ ഇന്ദ്ര മുതൽ പേരേയും	പദ്മ നേത്രേ	താമരപോലുള്ള നേത്രങ്ങളെ
വീക്ഷ്യ	കണ്ടിട്ട്	ന്യ മീലയത്	അടച്ചു.

6. ലോകാഭിരാമം സ്വതനും ധാരണാധ്യാനമംഗളം ।
യോഗധാരണയാഗ്നേയ്യാദഗ്ധ്വാ ധാമാവിശത് സ്വകം ॥

ധാരണാ ധ്യാന മംഗളം ലോകാഭിരാമം	ധാരണാ ധ്യാനങ്ങൾക്ക് വിഷയമായതും സകല ലോക മനോഹരവും ആശ്രയവുമായ	ആഗ്നേയ്യാ	അഗ്നിമയമായി
		യോഗധാരണയാ അദഗ്ധ്വാ	യോഗധാരണയാൽ എരിക്കാതെ
സ്വ തനും	തൻ ശരീരത്തിനെ	സ്വകം ധാമ ആവിശത്	തൻ ലോകം എകി.

7. ദിവി ദുന്ദുഭയോ നേദുഃ പേതുഃ സുമനസശ്ച ഖാത് ।
സത്യം ധർമ്മോ ധൃതിർഭൂമേഃ കീർത്തിഃ ശ്രീശ്ചാനു തം യയുഃ ॥

8. ദേവാദയോ ബ്രഹ്മമുഖ്യാ ന വിശന്തം സ്വധാമനി ।
അവിജ്ഞാതഗതിം കൃഷ്ണം ദദൃശുശ്ചാതിവിസ്മിതാഃ ॥

ദിവി	ആകാശത്തിൽ	കീർത്തിഃ ശ്രീഃ ച	കീർത്തി ശ്രീ ഇവയും
ദുന്ദു ഭയഃ നേദുഃ	ദുന്ദുഭിവാദ്യങ്ങൾ മുഴങ്ങി	ഭൂമേഃ	ഭൂമിയിൽനിന്നും
ഖാത്	ആകാശത്തിൽനിന്നും	തം അനു യയുഃ	ആ ഭഗവാനെ പിൻതുടർന്നു ചെന്നു
സുമനസഃ പേതുഃ ച	പുഷ്പങ്ങൾ വീണു	ബ്രഹ്മ മുഖ്യാഃ ദേവാദയഃ	ബ്രഹ്മാദി ദേവന്മാരും
സത്യം ധർമ്മഃ ധൃതിഃ	സത്യം, ധർമ്മം, ധൈര്യം	സ്വ ധാമനി	തന്റെ ലോകമായ വൈകുണ്ഠത്തിൽ

വിശന്തം	പ്രവേശിക്കുന്നവനും
അവിജ്ഞാത ഗതിം	അറിയുവാൻ അസാദ്ധ്യമായ ഗതിയോടുകൂടിയവനുമായ
കൃഷ്ണം	ശ്രീകൃഷ്ണ ഭഗവാനെ
ന ദദൃശുഃ	കണ്ടില്ല
ച	ആയതിനാൽ
അതിവിസ്മിതാഃ	വളരേ അത്ഭുതപ്പെട്ടു.

9. **സൌദാമന്യോ യഥാff കാശേ യാന്ത്യാ ഹിത്വാഭ്രമണ്ഡലം ।**
ഗതിർ ന ലക്ഷ്യതേ മർത്ത്യൈസ്തഥാ കൃഷ്ണസ്യ ദൈവതൈഃ ॥

അഭ്രമണ്ഡലം ഹിത്വാ	മേഘമണ്ഡലം വിട്ട്
ആകാശെയന്ത്യാഃ	ആകാശത്തിൽ ചെല്ലുന്ന
സൌദാമന്യാഃ ഗതി	വിദ്യുല്ലതയുടെ ഗതി
മർത്ത്യൈഃ	മനുഷ്യന്മാരാൽ
യഥാ ന ലക്ഷ്യതേ	എങ്ങിനെ കാണുവാൻ സാധിക്കുന്നില്ലയോ
ദേവതൈഃ	ദേവതകളാൽ
കൃഷ്ണസ്യ തഥാ	അതുപോലെ ശ്രീകൃഷ്ണ ഭഗവാന്റെ ഗതിയേയും കാണുവാൻ സാധിച്ചില്ല.

10. **ബ്രഹ്മരുദ്രാദയസ്തേ തു ദൃഷ്ട്വാ യോഗ ഗതിം ഹരേഃ ।**
വിസ്മിതാസ്താം പ്രശംസന്തഃ സ്വം സ്വം ലോകം യയുസ്തദാ ॥

തു തദാ	പക്ഷേ ആ സന്ദർഭത്തിൽ
തേ ബ്രഹ്മരുദ്രാദയഃ	ആ ബ്രഹ്മാവ്, രുദ്രൻ മുതലായവർ
ഹരേഃ യോഗ ഗതിം ദൃഷ്ട്വാ	ശ്രീകൃഷ്ണ ഭഗവാന്റെ യോഗ ഗതിയേക്കണ്ട്
വിസ്മിതാഃ	അത്ഭുതപ്പെട്ടവരായി
താം പ്രശംസന്തഃ	ആ യോഗഗതിയേ പ്രശംസിച്ചുകൊണ്ട്
സ്വം സ്വം ലോകം	അവരവരുടേ ലോകത്തിലേക്ക്
യയുഃ	ചെന്നു.

11. **രാജൻ പരസ്യ തനുഭൃജ്ജനനാപ്യയേഹാ**
മായാ വിഡംബനമവേഹി യഥാ നടസ്യ
സൃഷ്ട്വാത്മനേദമനുവിശ്യ വിഹൃത്യ ചാന്തേ
സംഹൃത്യ ചാത്മമഹിമ്നോപരതഃ സ ആസ്തേ ॥

രാജൻ	ഹേ രാജാവേ!
പരസ്യ	സകല കാരണഭൂതനായ ശ്രീകൃഷ്ണ ഭഗവാന്റെ
തനുഭൃജ്ജനനാപ്യയേഹാ	യാദവരുടേ ജനനമരണ ചേഷ്ടകളെ
നടസ്യ യഥാ	നടന്റേതുപോലേ

മായാവിഡംബനം	മായയുടെ അനുകരണം മാത്രം	അന്തേ	അവസാനം
അവേഹി	എന്നു് അറിഞ്ഞുകൊള്ളുക	സംഹൃത്യ ച	അതിനെ ഉപസംഹാരം ചെയ്തു്
സ: ആത്മനാ	ആ പരമാത്മാ സ്വയം	ഉപരത:	വ്യാപാരങ്ങളിൽനിന്നും വിരമിച്ചു്
ഇദംസൃഷ്ട്വാ	ഈ ലോകത്തിനെ സൃഷ്ടിച്ചു്		
അനുവിശ്യ	അന്തര്യാമിയായി അതിനുള്ളിൽ പ്രവേശിച്ചു്	ആത്മമഹിമ്നാ	ആത്മാനന്ദാനുഭവത്തോടു കൂടി
വിഹൃത്യ	വിഹരിച്ചു്	ആസ്തേ	ഇരിക്കുന്നു.

12. മർത്ത്യേന യോ ഗുരുസുതം യമലോകനീതം
ത്വാം ചാനയച്ഛരണദ: പരമാസ്ത്രദഗ്ധം: ।
ജിഗ്യേ ƒന്തകാന്തകമപീശമസാവനീശ:
കിം സ്വാവനേ സ്വരനയന്മൃഗയും സദേഹം ।

യ:	ഏതൊരു ഭഗവാൻ	ത്വാം ച	നിന്നെ രക്ഷിച്ചുവോ
യമലോകനീതം	യമനാൽ തന്റെ ലോകത്തിലേക്കു് കൊണ്ടുചെല്ലപ്പെട്ട	അന്തകാന്തകം	കാലകാലനായ
		ഈശം അപി	പരമേശ്വരനേയുംകൂടി
		ജിഗ്യേ	ബാണാസുര യുദ്ധത്തിൽ ആരു് ജയിച്ചുവോ
ഗുരുസുതം	ഗുരു പുത്രനേ		
മർത്ത്യേന	ആ മനുഷ്യ ശരീരത്തോടു തന്നെ	മൃഗയും	ജരാ എന്ന വേടനേ
		സദേഹം	ദേഹത്തോടുകൂടി
ആനയത്തു്	തിരിച്ചു കൊണ്ടുവന്നുവോ	സ്വ: അനയത്	സ്വർഗ്ഗത്തിലേക്കു് അയച്ചുവോ
ശരണദ:	ശരണംപ്രാപിച്ചവരെ രക്ഷിക്കുന്ന ഏതൊരു വ്യക്തി	അസൌ	ആ ഭഗവാൻ
		സ്വാവനേ	തന്നത്താൻ രക്ഷക്കുന്നതിൽ
പരമാസ്ത്രദഗ്ധം	അശ്വത്ഥാമന്റെ ബ്രഹ്മാസ്ത്രത്താൽ എരിക്കപ്പെട്ട	അനീശ: കിം	അശക്തനാകുമോ?

13. തഥാപ്യശേഷസ്ഥിതിസംഭവാപ്യയേ-
ഷ്വനന്യ ഹേതുര്യദശേഷ ശക്തിധൃക് ।
നൈച്ഛത് പ്രണേതും വപുരത്ര ശേഷിതം
മർത്ത്യേന കിം സ്വസ്ഥഗതിം പ്രദർശയൻ ॥

അശേഷ സ്ഥിതി സംഭവാപ്യയേഷു	സമസ്ത പ്രപഞ്ചങ്ങളുടെ സൃഷ്ടി, സ്ഥിതി, സംഹാരങ്ങളിൽതന്നെയാണ്	മർത്ത്യേന കിം	ഈ മനുഷ്യ ശരീരംകൊണ്ട് എന്തുപയോഗം എന്ന്
അനന്യഹേതു	അന്യപേക്ഷിത രഹിതമായ സ്വാതന്ത്ര്യ കാരണം	സ്വസ്ഥഗതിം പ്രദർശയൻ	ആത്മനിഷ്ഠന്മാർക്ക് ദിവ്യഗതിയാണ് ഉത്തമം എന്നുകാണിച്ചുകൊണ്ട്
യത് അശേഷ ശക്തി ധൃക്	എന്തുകൊണ്ടെന്നാൽ സകല ശക്തികളേയും ധരിക്കുന്നവൻ	വപു:	തൻ ശരീരത്തിനെ
തഥാപി	എങ്കിലും	അത്ര	ഈ ലോകത്തിൽ
		ശേഷിതും പ്രണേതും	ബാക്കി വെക്കുവാൻ
		ന ഐച്ഛത്	ഇച്ഛിച്ചില്ല.

14. **യ ഏതാം പ്രാതരുത്ഥായ കൃഷ്ണസ്യ പദവീം പരാം !**
പ്രയത: കീർത്തയേത് ഭക്ത്യാ താമേവാപ്നോത്യനുത്തമാം !

യ:	ഏതൊരുത്തൻ	ഏതാം പരാം പദവീം	ഈ വൈകുണ്ഠഗമനത്തിനെ
പ്രാത: ഉത്ഥായ	രാവിലെ എഴുന്നേററ്	കീർത്തയേത്	കീർത്തനം ചെയ്യുന്നുവോ
പ്രയത:	പരിശുദ്ധനായി	അനുത്തമാം	വളരേ ശ്രേഷ്ഠമായ
ഭക്ത്യാ	ഭക്തിയോടെ	താം ഏവ	അതേ വൈകുണ്ഠം
കൃഷ്ണസ്യ	ശ്രീകൃഷ്ണ ഭഗവാൻെറ	ആപ്നോതി	പ്രാപിക്കുന്നു.

15. **ദാരുകോ ദ്വാരകാമേത്യ വസുദേവോഗ്രസേനയോ: !**
പതിത്വാ ചരണാവസ്രൈർന്യഷിഞ്ചത് കൃഷ്ണവിച്യുത: !!

നൃപ	ഹേ രാജാവേ!	വസുദേവോഗ്രസേനയോ:	വസുദേവരുടേയും ഉഗ്രസേനൻെറയും
കൃഷ്ണവിച്യുത: ദാരുക:	ശ്രീകൃഷ്ണനേ വിട്ടുപിരിഞ്ഞ ദാരുകൻ	ചരണൌ	പാദങ്ങളിൽ
		പതിത്വാ	വീണു നമസ്കരിച്ച്
ദ്വാരകാം ഏത്യ	ദ്വാരകക്ക് ചെന്ന്	അസ്രൈ:	കണ്ണീരാൽ
		ന്യഷിഞ്ചത്	നനച്ചു.

16. **കഥയാമാസ നിധനം വൃഷ്ണീനാം കൃത്സ്നശോ നൃപ !**
തച്ഛ്രുത്വോദ്വിഗ്നഹൃദയാ ജനാ: ശോക വിമൂർച്ഛിതാ !!

17. തത്ര സ്മ ത്വരിതാ ജഗ്മുഃ കൃഷ്ണവിശ്ലേഷവിഹ്വലാഃ ।
വ്യസവഃ ശേരതേ യത്ര ജ്ഞാതയോ ഘ്നന്ത ആനനം ॥

വൃഷ്ണീനാം	വൃഷ്ണികളുടെ	ജനാഃ	ജനങ്ങൾ
നിധനം	മരണം	ആനനം ഘ്നന്തഃ	മുഖത്തിൽ തല്ലിക്കൊണ്ട്
കൃത്സ്നശഃ	ഒന്നുവിടാതെ		
കഥായാമാസ	പറഞ്ഞു	വ്യസവഃ	മരിച്ചുപോയ
തത് ശ്രുത്വാ	അതു കേട്ട്	ജ്ഞാതയഃ	ബന്ധുക്കൾ
ഉദ്വിഗ്ന ഏവ യാഃ	മനം ക്ഷോഭിതമായവരും	യത്ര ശേരതേ സ്മ	ഏതു സ്ഥലത്തിൽ കിടന്നുവോ
ശോക വിമൂർച്ഛിതാഃ	ശോകംകൊണ്ട് മയങ്ങിപ്പോയവരും	തത്ര	ആ സ്ഥലത്തിലേക്ക്
കൃഷ്ണവിശ്ലേഷ വിഹ്വലാഃ	ശ്രീകൃഷ്ണന്റെ വിയോഗത്താൽ ദുഃഖിതരുമായ	ത്വരിതാ ജഗ്മുഃ	വളരെ വേഗമായി ചെന്നു

18. ദേവകീ രോഹിണീ ചൈവ വസുദേവസ്തഥാ സുതൌ ।
കൃഷ്ണരാമാവപശ്യന്തഃ ശോകാർത്താ വിജഹുഃ സ്മൃതിം ॥

ദേവകീ ച	ദേവകിയും	സുതൌ കൃഷ്ണ രാമൌ	തങ്ങളുടെ പുത്രന്മാരായ ശ്രീകൃഷ്ണനേയും ബലരാമനേയും
രോഹിണീ ഏവ	രോഹിണിയും	അപശ്യന്തഃ	കാണാതെ
വസുദേവഃ തഥാ	അതുപോലെ വസുദേവരും	ശോകാർത്താഃ	ശോകാർത്തരായി
		സ്മൃതിം വിജഹുഃ	സ്മരണ ഇല്ലാത്തവരായിത്തീർന്നു.

19. പ്രാണാംശ്ച വിജഹുസ്തത്ര ഭഗവദ്വിരഹാതുരാഃ ।
ഉപഗുഹ്യ പതീംസ്താത ചിതാമാരുരുഹുഃ സ്ത്രിയഃ ॥

20. രാമപത്ന്യശ്ച തദ്ദേഹമുപഗുഹ്യാഗ്നിമാവിശൻ ।
വസുദേവപത്ന്യസ്തദ്ഗാത്രം പ്രദ്യുമ്നാദീൻ ഹരേഃ സ്നുഷാഃ ॥
കൃഷ്ണപത്ന്യോ ƒവിശന്നഗ്നിം രുഗ്മിണ്യാദ്യാസ്തദാത്മികാഃ ।

ഭഗവദ്വിരഹാതുരാഃ	ഭഗവാന്റെ വിയോഗത്താൽ ദുഃഖിതരായി	തത്ര	അവിടെത്തന്നെ

പ്രാണാൻ ച	പ്രാണനേയും
വിജഹു:	വിട്ടു
സ്ത്രീയ:	സ്ത്രീകൾ
താൻ താൻ പതീൻ	അവരവരുടേ പതികളേ
ഉപഗൂഹ്യ	ആലിംഗനം ചെയ്തുകൊണ്ടു്
ചിതാം ആരുരുഹു:	ചിതയിൽ പ്രവേശിച്ചു
രാമപത്ന്യ: ച	ബലരാമന്റെ പത്നികളും
തദ്ദേഹം	അവരുടേ ദേഹത്തേയും
വസുദേവപത്ന്യ:	വാസുദേവരുടേ പത്നികൾ
തദ്ഗാത്രം	അവരുടെദേഹത്തിനേയും
ഹരേഃ സ്നുഷാ:	ശ്രീകൃഷ്ണന്റെ [redacted] (മാർ) സ്നു[redacted]
പ്രദ്യുമ്നൻ	പ്രദ്യുമ്നൻമുതലാ[redacted]
ഉപഗൂഹ്യ	കെട്ടിപ്പിണ[redacted]
അഗ്നിം ആവിശൻ	അഗ്നിയിൽ പ്ര[redacted]
രുഗ്മിണ്യാദ്യാ:	രുഗ്മിണീ മു[redacted]
കൃഷ്ണപത്നയ:	ശ്രീകൃഷ്ണ പത്നി[redacted]
തദാത്മികാ:	ശ്രീകൃഷ്ണനെ[redacted] സ്സിൽ ധ്യാനിച്ചു
അഗ്നിം ആവിശൻ	അഗ്നിയിൽ പ്ര

21. **അർജ്ജുന: പ്രേയസ: സഖ്യു: കൃഷ്ണസ്യ വിരഹാതുര: ।**
ആത്മാനം സാന്ത്വയാമാസ കൃഷ്ണഗീതൈ: സദുക്തിഭി:

പ്രേയസ:	വളരേ ഇഷ്ടനും
സഖ്യു:	സഖാവുമായ
കൃഷ്ണസ്യ	ശ്രീകൃഷ്ണന്റെ
വിരഹാതുര:	പിരിവിനാൽ ദുഃഖിതനായ
അർജ്ജുന:	അർജ്ജുനൻ
സദുക്തിഭി:	സത്യമായ വ കൂടിയ
കൃഷ്ണഗീതൈ:	ശ്രീകൃഷ്ണന്റെ ഉ ത്താൽ
ആത്മാനം	മനസ്സിനെ
സാന്ത്വയാമാസ	സമാധാനിപ്പിച്ചു

22. **ബന്ധൂനാം നഷ്ടഗോത്രാണാമർജ്ജുന: സാംപരായികം ।**
ഹതാനാം കാരയാമാസ യഥാവദനുപൂർവ്വശ: ।

നഷ്ടഗോത്രാണാം	സന്തതി ഇല്ലാത്തവരും
ഹതാനാം	കൊല്ലപ്പെട്ടവരുമായ
ബന്ധൂനാം	ബന്ധുക്കൾക്കു്
സാംപരായികം	പിണ്ഡം, ഉദകം വയെ